

# ബി. വെല്ലിംഗ്ടൺ

## ഒരു സഹനസമരഗാഥ

ജോൺ കച്ചിറമറ്റം

malankaralibrary.com

# ബി. വെല്ലിംഗ്ടൺ

## (ഒരു സഹനസമരഗാഥ)

**ജോൺ കച്ചിറമറ്റം**

പ്രസിദ്ധീകരണം

**ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ**
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102
Mob: 9447662076

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

(Malayalam)
**B. WELLINGTON**
**(ORU SAHANASAMARA GADHA)**
**By**
**JOHN KACHIRAMATTAM**
First Edition
28-12-2010
(11th Birthday of Maria Kachiramattam
the grand daughter of the author)
Copy right
Dr. Kachiramattam foundation
Published by
Dr. Kachiramattam foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta Offset Press
Price Rs. 300/-
Distributor
Dr. Kachiramattam Foundation
Pizhaku P.O.
686655

malankaralibrary.com

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. ബി. വെല്ലിംഗ്ടൺ - ജോൺ കച്ചിറമറ്റം
2. കേരളം ചുവന്നതെങ്ങനെ? - ജോൺ കച്ചിറമറ്റം
2. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജോൺ കച്ചിറമറ്റം
4. ആവശ്യമുണ്ട് - പ്രതിഫലം: മരണം-രക്തസാക്ഷിത്വം - ജോൺ കച്ചിറമറ്റം
5. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
6. തടവറയിലെ വടക്കനച്ചൻ - ജോൺ കച്ചിറമറ്റം
7. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
8. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
9. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും
(ക്രൈസ്തവരുടെ ദേശീയരംഗത്തെ സംഭാവനകളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം) - ജോൺ കച്ചിറമറ്റം
10. ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
11. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) - ജോൺ കച്ചിറമറ്റം
12. കാത്തലിക് ഗ്രിവൻസസ് - ജോൺ കച്ചിറമറ്റം
13. ജാതൈക്യസംഘം - ജോൺ കച്ചിറമറ്റം
14. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജോൺ കച്ചിറമറ്റം
15. പ്രസിഡന്റിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
16. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
17. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
18. പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - ജോൺ കച്ചിറമറ്റം
19. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
20. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജോൺ കച്ചിറമറ്റം
21. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
22. യേശുക്രിസ്തുമോസ്കോവിലോ? - ജോൺ കച്ചിറമറ്റം
23. അൽമായരും കാലികപ്രശ്നങ്ങളും - ജോൺ കച്ചിറമറ്റം
24. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ജോൺ കച്ചിറമറ്റം
25. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജോൺ കച്ചിറമറ്റം
26. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
27. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
28. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
29. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
30. Why American youth Turn to Budha Rev.Dr.A.Kachiramattam
31. Evolution in the human concept of God Rev.Dr.A.Kachiramattam
32. Re-discovery of India Rev.Dr.A.Kachiramattam
33. Catholic Eastern Churches Rev.Dr.A.Kachiramattam
34. Prepare the way of the Lord Rev.Dr.A.Kachiramattam

### കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

1. ദീപിക സുഹൃത്തുക്കളെ ഉണരുക (1966) - 70000 കോപ്പികൾ
2. നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) - 2000 കോപ്പികൾ
3. വിമോചനസമരം - കനകജൂബിലി (2008) - 1500 കോപ്പികൾ
4. ന്യൂമാൻ കോളേജ് പ്രശ്നം - 4 ലേഖനങ്ങൾ (2010) - 1000 കോപ്പികൾ

malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കുളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യുണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡാ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും 2007-ലും 2009-ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പ്രസംഗ പര്യടനം നടത്തി.

1988-ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യുണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതുർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). ചങ്ങനാശ്ശേരി അതിരൂപതയുടെ കനകജൂബിലി അവാർഡ് 2006-ൽ ലഭിച്ചു. കെ.സി.വൈ.എം.ന്റെ അൽമയ രത്നം അവാർഡും തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പ്രത്യേക പുരസ്കാരവും 2007-ൽ ലഭിച്ചു. 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാഅവാർഡും, കേരളാ കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൺ സാംസ്കാരിക സമിതി ഏർപ്പെടുത്തിയ 'എന്റെ ഗ്രാമം എന്റെ ജനത' എന്ന പുരസ്കാരവും ഉൾപ്പെടെ പത്തൊൻപത് അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിച്ചിട്ടുണ്ട്.

നാലുദശാബ്ദക്കാലമായി എ.കെ.സി.സിയുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ച കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതിയുടെ ജനറൽ സെക്രട്ടറിയുമായിരുന്നു. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

malankaralibrary.com

# ഉള്ളടക്കം


പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

ആമുഖം 21

മാനവികതയുടെ ഉച്ചഭാഷിണി: മോൺ. ഫെർഡിനാന്റ് കായാവിൽ ............ 27

നന്മ നിറഞ്ഞ വെല്ലിംഗ്ടൺ : പി. ഗോവിന്ദപിള്ള ............ 31

1. ബി. വെല്ലിംഗ്ടൺ ............ 34
2. വടക്കനച്ചന്റെ കൂട്ടത്തിൽ ............ 37
3. വിമോചനസമരം ............ 40
4. ഐക്യമുന്നണി മന്ത്രിസഭയും കുടിയിറക്കുകളും ............ 43
5. ചരിത്ര പ്രസിദ്ധമായ കൊട്ടിയൂർ ജാഥ ............ 52

പിരിച്ചുവിടപ്പെട്ട ഒരു ജനതയുടെ കഥ- പി. എം. ജോസഫ് ............ 53

തലശ്ശേരി രൂപത പ്രസിദ്ധീകരിച്ച ചിത്രകഥയിൽ നിന്ന് ............ 61

6. മലനാട് കർഷകയൂണിയൻ ............ 63
7. എന്റെ ഉപവാസ സ്മരണകൾ ............ 70

ബി. വെല്ലിംഗ്ടൺ രചിച്ച ഉപവാസ സ്മരണകൾ
30 അദ്ധ്യായം പൂർണ്ണരൂപത്തിൽ ............ 73

8. കർഷകത്തൊഴിലാളി പാർട്ടി രൂപീകരണവും ലോക്കപ്പ് മർദ്ദനവും ............ 154
9. ചുരുളികീരിത്തോട് കുടിയിറക്ക്-എബ്രഹാം ജോസഫിന്റെ പോരാട്ടം ............ 161
10. നിയമസഭാ തിരഞ്ഞെടുപ്പുകൾ ............ 176
11 ഭരണസ്മരണകൾ: ബി. വെല്ലിംഗ്ടൺ ............ 179
12. തിരുവനന്തപുരത്തെ മാളിക ............ 285
13. ജനസംഖ്യാ നിയന്ത്രണവും വെല്ലിംഗ്ടണും ............ 289
14. കുറുമുന്നണിയും അഴിമതി ആരോപണങ്ങളും ............ 294
15. മുഖ്യമന്ത്രിയുടെ കത്ത് ............ 298
16. ഫാ. വടക്കന്റെ മറുപടി ............ 302
17. 1970-ലെ തിരഞ്ഞെടുപ്പ് ............ 314
18. മിച്ചഭൂമി സമരവും കെ.ടി.പിയും ............ 317

ജനറൽ സെക്രട്ടറി സ്ഥാനം ............ 318

അടിയന്തരാവസ്ഥയും വെല്ലിംഗ്ടണും ............ 319

നടക്കാതെ പോയ സിനിമാമോഹം ............ 320

19. മൗനവാല്മീകം ഭേദിച്ചിതാ വെല്ലിംഗ്ടൺ - ആർ രാജീവ് ............ 321
20. ജന്മദിനാഘോഷം ............ 323
21. വിതുമ്പുന്ന മനസ്സുമായി വടക്കനച്ചനരികെ ............ 325
22. ഗോവിന്ദപിള്ളയുടെ കാഴ്ചപ്പാടിനെപ്പറ്റി ............ 327
23. വെല്ലിംഗ്ടണും സമുദായ പ്രവർത്തനവും ............ 330

മറിയക്കുട്ടി കൊലക്കേസ് ............ 332


malankaralibrary.com

ശ്രീ നാരായണ ദർശനാചാര്യൻ ..... 333
സത്യസായി ബാബ ..... 334
24. എലിസബത്ത് വെല്ലിംഗ്ടൺ ..... 336
പരിഭവമോ പരാതിയോ ഇല്ലാതെ ..... 337
25. വെല്ലിംഗ്ടൺ രോഗി ..... 339
എന്നും കുട്ടിനു കറുത്ത കാർ ..... 340
വികാരഭരിതനായി വി. എസ്സ് അച്യുതാനന്ദൻ ..... 340
വെല്ലിംഗ്ടൺ നിര്യതയിലേക്ക് ..... 341
സർക്കാർ ആനുകൂല്യത്തിന് കാത്തു നിൽക്കാതെ ..... 342
26. വെല്ലിംഗ്ടൺ - മരണാനന്തരം ..... 343
മാതൃഭൂമി മുഖപസംഗം ..... 343
എന്നും സാഹസികൻ- അനിൽ മംഗലത്ത് ..... 344
ഈ നുറ്റാണ്ടിലെ കുതിര സവാരിക്കാരനായ മന്ത്രി - വീക്ഷണം ..... 345
വിസ്മയിപ്പിച്ച ജീവിതം : വീക്ഷണം ..... 346
വടക്കനച്ചന്റെ ഇഷ്ടതോഴൻ : വർഗീസ് മേച്ചേരി ..... 347
ആദർശത്തിന്റെ ആൾ രൂപം: കെ. ഭാസ്കരൻ ..... 348
വിവാദങ്ങൾ നെഞ്ചിലേറ്റിയ അപൂർവ്വ പ്രതിഭാസം: ജന്മഭൂമി ..... 349
വെല്ലിംഗ്ടണെ പറ്റി. എ. ജെ. ബെൻസ് ..... 349
സമരങ്ങളിൽ മുന്നണിപ്പോരാളി - ജോയി ശാസ്താംപടിയ്ക്കൽ ..... 351
അനുശോചനങ്ങൾ ..... 352
മികച്ച സമാജികനും മന്ത്രിയും- വി. ആർ. കൃഷ്ണയ്യർ ..... 353
മികച്ച ഭരണാധികാരി - വി. എസ്സ് ..... 353
മികച്ച സംഘാടകൻ- തേറമ്പിൽ രാമകൃഷ്ണൻ ..... 353
ശ്രദ്ധേയ വ്യക്തിത്വം - പിണറായി ..... 354
പ്രഗത്ഭനായ വാഗ്മി, സംഘാടകൻ പി. പി. ജോർജ്ജ് ..... 354
കേരള രാഷ്ട്രീയത്തിന് നഷ്ടം - ബാലാനന്ദൻ ..... 354
തൊഴിലാളികളുടെ സുഹൃത്ത് - പി. കെ. ഗുരുദാസൻ ..... 355
പന്ത്രണ്ടാം കേരള നിയമ സഭ ..... 356
27. ഫാ. വടക്കൻ - ബി. വെല്ലിംഗ്ടൺ ഫൗണ്ടേഷൻ ..... 357
ഫാ. വടക്കൻ - ബി. വെല്ലിംഗ്ടൺ സംസ്കാരിക സമിതി ..... 359
28. കൊട്ടിയൂർ കർഷക സമര കനക ജൂബിലി ..... 361
കനക ജൂബിലിക്ക് തുടക്കമായി ..... 362
29. ഉപസംഹാരം ..... 364
അനുബന്ധം:
1. ബി. വെല്ലിംഗ്ടൺ :- പവനൻ ..... 369
2. ലാൻഡ് ട്രൈബ്യൂണിലിന്റെ രണ്ടു വിധികൾ ..... 375
3. മലനാട് കർഷക യൂണിയൻ കുടുംബസമ്മേളനം ..... 378
4. എം.കെ.യു. - കെ.ടി.പി. ജൂബിലി സമ്മേളനങ്ങൾ ..... 380

malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

malankaralibrary.com

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം മൂപ്പത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. കേരളം ചുവന്നതെങ്ങനെ, അണികളെ ആവശ്യമുണ്ട്, വേലുത്തമ്പിയും കുണ്ടറവിളംബരവും, ബി. വെല്ലിംഗ്ടൺ എന്നീ നാലുഗ്രന്ഥങ്ങൾ ഡിസംബർ 28-ന് പ്രസിദ്ധീകരിക്കുകയാണ്. കച്ചിറമറ്റത്തിന്റെ 25-ാമത്തെ ഗ്രന്ഥമാണിത്.

malankaralibrary.com

# ആമുഖം

അവഗണിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത ജനവിഭാഗത്തിന്റെ നന്മയ്ക്കു വേണ്ടി ജീവിതം ഹോമിച്ചവർ നിരവധിയുണ്ട്. അവരിൽ പലരും ജനങ്ങളുടെയോ അധികരാശക്തിയുടെയോ അബദ്ധധാരണകളും അവഹേളനങ്ങളും നിമിത്തം എല്ലാവരാലും വെറുക്കപ്പെട്ട് ഇഹലോകവാസം വെടിയേണ്ടി വന്നു എന്നുള്ളതിന് ലോക ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണുവാൻ സാധിക്കും. മഹാത്മാക്കളിൽ പലരുടെയും മഹിമാവിശേഷം അവരുടെ ജീവിതകാലത്ത് വേണ്ടതു പോലെ അറിയപ്പെടുന്നതിനിടയായിട്ടില്ല.

ശ്രീ വെങ്കുളം പരമേശ്വരൻ പിള്ള വേലുത്തമ്പിദളവ എന്ന ഗ്രന്ഥത്തിൽ (പേജ് 14,16) ഇപ്രകാരം എഴുതിയിരിക്കുന്നു. "ലോകോദ്ധാരണത്തിനായി അവതരണം ചെയ്ത കാരുണ്യ വാരാന്നിധി ക്രിസ്തു ദേവൻ കുത്സിതമാനസരുടെ തന്ത്രപ്രയോഗങ്ങൾ നിമിത്തം കുരിശിൽ തറച്ച് കൊല്ലപ്പെട്ടു. ജനസാമാന്യത്തിന്റെ സന്മാർഗ നിഷ്ഠാവർദ്ധന ലക്ഷ്യമാക്കി പ്രവർത്തിച്ചു കൊണ്ടിരുന്ന സോക്രട്ടീസ് മതദ്രോഹിയും ദൈവവിശ്വാസരഹിതനുമാണെന്ന് ഗണിക്കപ്പെട്ടതിനാൽ ആ വിശിഷ്ട പുരുഷൻ വിഷപാനം ചെയ്ത് ദിവംഗതനാകേണ്ടി വന്നു ചേർന്നു. ആംഗലേയരുടെ ആക്രമണത്തിൽ നിന്ന് മാതൃഭൂമിയെ രക്ഷിച്ച ജോവാൻ എന്ന തരുണി മണിക്ക് ഒരു ദുർമ്മന്ത്രവാദിനിയാണെന്നുള്ള ഇംഗ്ലീഷുകാരുടെ വിധി പ്രഖ്യാപനം നിമിത്തം തീയിലെരിഞ്ഞ് ചാകേണ്ടതായി വന്നു. യൂറോപ്പു ഭൂഖണ്ഡം മുഴുവൻ ക്ഷേമം വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ പരിശ്രമം ചെയ്തു കൊണ്ടിരുന്ന വീര ശിഖാമണി നെപ്പോളിയൻ ബോണാപ്പാർട്ട് ഇംഗ്ലീഷുകാരുടെ തടവുകാരനായി അകപ്പെട്ടു കാലലയം പ്രാപിച്ചു. ഇങ്ങനെ നോക്കിയാൽ സദുദ്ദേശത്തോടു കൂടി ജനക്ഷേമാർത്ഥം പ്രവർത്തിച്ചിട്ടുള്ള എത്ര മഹതീമഹാന്മാരാണ് തങ്ങളുടെ ഉദ്ദേശ്യങ്ങൾ സാധിച്ചും പലരും സാധിക്കാതെയും മരണം പ്രാപിച്ചു പോയതായി കാണ്മാനിടവരുന്നത്."

ചരിത്രം ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. എം. ഒ ജോസഫ് നെടുങ്കുന്നം എഴുതിയിരിക്കുന്നതുപോലെ" നീലനദിയിലെയും കാഡിസിലെയും ട്രാഫൽ ഗറിലെയും പ്രശസ്തമായ നാവിക വിജയങ്ങൾക്ക് നിദാനമായ കപ്പലുകൾ നിർമ്മിക്കുന്നതിനാവശ്യമായ തടി, ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് അയച്ചു കൊടുക്കുകയും ആ ഇനത്തിൽ അനേക ലക്ഷം രൂപാ കമ്പനിക്കാരിൽ നിന്ന് കിട്ടാനുണ്ടായിരിക്കുകയും ചെയ്ത മാത്തൂതരകൻ.

കാഞ്ഞൂരിന് കിഴക്കു ഭാഗത്ത് 40 കാതം നീളത്തിലുള്ള ഭൂമി തന്റെ കുടുംബത്തിലേയ്ക്ക് ഒതുക്കിയത് തിരുവിതാംകൂർ സർക്കാരിന് അടിയറ വച്ച മാത്തുതരകൻ,

malankaralibrary.com

കടം വീട്ടുന്നതിനും പുണ്യകർമ്മൾക്കും മറ്റുമായി കടം കൊടുത്ത 14 ലക്ഷം രൂപായ്ക്കു പുറമേ പിഴയെന്ന പേരിൽ ഈടാക്കിയ വകയിലും ആഭരണങ്ങളും ചരക്കുകളും കപ്പലുകളും തടികളും മറ്റും കൈയ്യടക്കിയ വകയിലുമായി 4 ലക്ഷത്തിൽ പരം രൂപാ ഉൾപ്പെടെ 18 ലക്ഷത്തിലധികം രൂപാ തിരുവിതാംകൂറിൽ നിന്നും കിട്ടാനുണ്ടായിരുന്ന മാത്തൂതരകൻ

വേലുത്തമ്പിദളവായുടെ ക്രൂരതയ്ക്ക് വിധേയനായി ചെവി രണ്ടും ഛേദിച്ച് കാരാഗ്രഹവാസം അനുഭവിച്ചു ദരിദ്രനായി, ആരുംസഹായമില്ലാത്തവനായി ഈ ലോകത്തെ വിട്ടുപിരിയേണ്ടി വന്നു.

ചിത്രമെഴുത്ത് കെ. എം. വർഗീസ് എഴുതിയിരിക്കുന്നതുപോലെ "തിരുവിതാംകൂറിലെ അവർണ്ണ സമുദായങ്ങളിൽ പെട്ട ഹിന്ദുക്കളും അഹിന്ദുക്കളുമായ അവശസമുദായങ്ങൾക്ക് രാജ്യത്തെ റവന്യൂവകുപ്പിലും പട്ടാളവകുപ്പിലും പ്രവേശം സിദ്ധിപ്പാൻ അടക്കപ്പെട്ടിരുന്ന ആ ഉരുക്കു വാതിൽ തകർത്തു പൊളിപ്പാൻ- രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ സിംഹനാദം മുഴക്കിയ ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ.

കത്തോലിക്കാ സമുദായം എന്നൊന്ന് ഇവിടെയുണ്ടന്ന് ഈ രാജ്യത്തെ പൗരമണ്ഡലത്തെയും ഭരണാധികാരികളെയും ശരിക്കു ഗ്രഹിപ്പിച്ച കുഞ്ഞിതൊമ്മൻ, വെൺകളിയിട്ടു പള്ളിക്കു പുറമേ കത്തോലിക്കന്റെ ശബ്ദം ഉയർത്തിയ കുഞ്ഞിത്തൊമ്മൻ, കത്തോലിക്കാസമുദായം മണൽ പൊടിയിൽ നിന്ന് ചിറക് കുടഞ്ഞെഴുന്നേൽക്കുവാൻ അതിന്റെ ചങ്കിൽ ആശയും ആവേശവും, ആണത്തവും കുത്തിവച്ച കർമ്മ ധീരനായ കുഞ്ഞിത്തൊമ്മൻ, മരണം മാടി വിളിക്കുന്നതിന് നാലു ദശാബ്ദങ്ങൾക്കു മുൻപുള്ള കാലഘട്ടത്തിൽ കേരളാ കത്തോലിക്കാ സമുദായത്തിലുണ്ടായിട്ടുള്ള രാഷ്ട്രീയവും മതപരവും സാമൂഹ്യവുമായ എല്ലാ പ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകിയ കുഞ്ഞിത്തൊമ്മൻ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിൽ നാല്പതു വർഷക്കാലം നിയമസഭയെ സമര വേദിയാക്കിയ കുഞ്ഞിത്തൊമ്മൻ, വേണ്ടത്ര അംഗീകാരം ലഭിക്കാതെ മരണമടയേണ്ടി വന്നു.

രാജഭരണ കാലത്ത് നടന്ന ഉത്തരവാദിത്വഭരണപ്രക്ഷോഭണത്തിലും സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും നടുനായകത്വം വഹിച്ച വെല്ലിംഗ്ടൺ, ഫാ. വടക്കനോടൊപ്പം നിന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ നേതൃത്വം വഹിച്ച വെല്ലിംഗ്ടൺ, കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് ഒരു ലക്ഷം വരുന്ന ക്രിസ്റ്റഫർ സേനയെ നയിച്ചു കൊണ്ട് തിരുവന്തപുരത്ത് സെക്രട്ടറിയേറ്റിലേക്ക് മാർച്ച് ചെയ്ത വെല്ലിംഗ്ടൺ, വിമോചന സമര കാലത്ത് കമ്മ്യൂണിസ്റ്റുകാരുടെ കുത്തേറ്റ് തിരുവനന്തപുരത്ത് പിടഞ്ഞു വീണ വെല്ലിംഗ്ടൺ, വിമോചന സമരത്തിനു ശേഷം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെ അധികാരത്തിലേറ്റാൻ മുഖ്യനേതൃത്വം നൽകിയ വെല്ലിംഗ്ടൺ, ഐക്യമുന്നണി ഗവൺമെന്റിന്റെ ഭരണകകാലത്ത് നടന്ന കുടി

malankaralibrary.com

യിറക്കുകളെ എതിർക്കുകയും മലനാട് കർഷക യൂണിയനും കെ. ടി. പിയും രൂപീകരിച്ചു കൊണ്ട് ഫാ. വടക്കന്റെ പിൻപിൽ ഉറച്ചു നിന്ന് പ്രവർത്തിച്ച ബി. വെല്ലിംഗ്ടൺ, കൊട്ടിയൂർ മേൽച്ചാർത്തിനും മലയോരകർഷകരുടെ അവ കാശ സംരക്ഷണത്തിനു വേണ്ടി ബഹുജനാഭിപ്രായം രൂപീകരിക്കുവാൻ കൊട്ടിയൂർ നിന്നും 46 ദിവസം കൊണ്ട് 450 കിലോമീറ്റർ കാൽ നടയായി സഞ്ചരിച്ച് കൊട്ടിയൂർ ജാഥായ്ക്ക് നേതൃത്വം നൽകിയ വെല്ലിംഗ്ടൺ, കുടി യിറക്ക് വിരുദ്ധ സമരത്തിന്റെ ഭാഗമായി 21 ദിവസം കൊട്ടിയൂരിൽ ഉപവാസം അനുഷ്ഠിച്ച വെല്ലിംഗ്ടൺ, എം. എൽ.എ, ആരോഗ്യമന്ത്രി എന്ന നിലയിൽ പ്രവർത്തിച്ച വെല്ലിംഗ്ടൺ, ആരോഗ്യവകുപ്പിൽ ഒട്ടേറെ പരിഷ്ക്കാരങ്ങൾ നടത്തി. ആരോഗ്യവകുപ്പിനെ ശുദ്ധീകരിച്ച വെല്ലിംഗ്ടൺ, രാഷ്ട്രീയ പ്രതി യോഗികളുടെയും പത്രങ്ങളുടെയും സംഘടിത ആക്രമണത്തിന്റെ ഫലമായി ലോകം കണ്ട ഏറ്റം വലിയ അഴിമതിക്കാരനായി ചിത്രീകരിക്കപ്പെട്ട വെല്ലിം ഗ്ടൺ, രാഷ്ട്രീയം വിട്ടപ്പോൾ ഒരു സാധാരണക്കാരനായ മനുഷ്യന് പ്രാപ്യ മായ ജീവിത സൗകര്യങ്ങൾ പോലും ഇല്ലാതെ ജീവിക്കേണ്ടി വന്ന വെല്ലിം ഗ്ടൺ, ഒരു സമ്പാദ്യവുമില്ലാതെ രോഗിയായി പാലക്കാട്ടെ സ്നേഹം ചാരി റ്റബിൾ ട്രസ്റ്റ് ആശുപത്രി അധികൃതരുടെ ഔദാര്യത്തെ ആശ്രയിച്ച് കിടന്ന് മരണമടയേണ്ടി വന്നു.

വെല്ലിംഗ്ടൺ തിരുവനന്തപുരത്ത് മൂന്നു നില കെട്ടിടം നിർമ്മിച്ചുവെന്ന് അസംബ്ലിയിൽ ഒരു എം. എൽ. എ പറഞ്ഞത് അതേപടി സകല പത്ര ങ്ങളും വലിയ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചതും അത് തെറ്റായ ആരോ പണമാണെന്ന് അറിഞ്ഞിട്ടും സത്യം പുറത്തു പറയാൻ ശ്രമിക്കാതിരുന്നതും ഒരു വൻ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. ഇങ്ങനെ അറിയപ്പെടു ന്നവരും അറിയപ്പെടാത്തവരുമായ നിരവധിയാളുകളുടെ ചരിത്രം നമുക്ക് മുൻപിലുണ്ട്.

യേശുദേവൻ മരണത്തിനു ശേഷം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു. ലോകത്തിന്റെ മുഴുവൻ ആരാദ്ധ്യ പുരുഷനായി മാറിയ സോക്രട്ടീസിനെയും ജോവാൻ ഓഫ് ആർക്കിനെയും ലോകം മുഴുവൻ അവരുടെ മരണശേഷം ബഹുമാനിച്ചു ഇംഗ്ലീഷുകാരുടെ തടവുകാരനായി തീർന്ന നെപ്പോളിയന്റെ മഹത്വം ഫ്രഞ്ചു ജനത പിൽക്കാലത്ത് മനസ്സിലാക്കുകയും അദ്ദേഹത്തിന് ദേശീയ ബഹുമാനം നൽകുകയും ചെയ്തു.

സഭയേയും സമുദായത്തേയും രാജ്യത്തെയും വിശ്വസ്തപൂർവ്വം സേവിച്ച തച്ചിൽ മാത്തൂതരകന്റെയും ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞി ത്തൊമ്മന്റെയും കാര്യത്തിൽ മാത്രം അതുണ്ടായില്ല. ഏതാനും വർഷ ങ്ങൾക്കു മുൻപ് ദിവംഗതനായ വെല്ലിംഗ്ടന്റെ കാര്യത്തിലും അതു തന്നെ സംഭവിച്ചു.

തച്ചിൽ മാത്തൂതരകന്റെ വിവിധ സേവനങ്ങളെ തമസ്ക്കരിച്ചു കൊണ്ട് അദ്ദേഹത്തെ ഒരു മന്ത്രിയായും വിവരക്കേടിന്റെയും ദുർന്നടത്തത്തിന്റെയും

malankaralibrary.com

ദുരാഗ്രഹത്തിന്റെയും പ്രതീകമായി ഇവിടുത്തെ സവർണ്ണ ചരിത്രകാരന്മാർ ചിത്രീകരിച്ചു. പാഠപുസ്തകങ്ങളിൽവരെ മാത്തൂത്തരകനെ ആക്ഷേപിച്ചു കൊണ്ടുള്ള പാഠഭാഗങ്ങൾ ചേർത്തു. മാത്തൂതരകന്റെ സ്വദേശിയരും സ്വജാതീയരും ഇതു വരെ ഉണർന്നിട്ടില്ല. മാത്തൂത്തരകന്റെ മഹത്വം ലോകസമക്ഷം അവതരിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളും അവരുടെ നേതൃത്വവും കുറ്റകരമായ അനാസ്ഥ കാട്ടിയിരിക്കുന്നു.

അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിനു വേണ്ടി ജീവിതം ഹോമിച്ച ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിതൊമ്മന്റെ കാര്യത്തിലും ഇവിടത്തെ ക്രൈസ്തവരോ പിന്നോക്ക വിഭാഗങ്ങളോ വേണ്ടതു ചെയ്തില്ല. കുഞ്ഞിതൊമ്മനെ വർഗീയവാദിയും അവസരവാദിയും ആയി ചിത്രീകരിച്ചു കൊണ്ടുള്ള ലേഖനങ്ങൾ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽവരെ വന്നു കൊണ്ടിരിക്കുന്നു. താൻ വിശ്വസിക്കുന്ന കാര്യങ്ങൾക്കു വേണ്ടി ഉറച്ച നിലപാട് എന്നും സ്വീകരിച്ച കുഞ്ഞിത്തൊമ്മനെ തേജോവധം ചെയ്യാൻ ക്രൈസ്തവരായ ചില രാഷ്ട്രീയ പ്രവർത്തകർ ഇന്നും ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുകയാണ്. പനമ്പള്ളി ഗോവിന്ദമേനോൻ  കൊണ്ടു വന്ന വിദ്യാഭ്യാസ പദ്ധതിയെ കോൺഗ്രസ് പാർട്ടിയുടെ വിപ്പ് ലംഘിച്ചു കൊണ്ട് നിയമ സഭയിൽ എതിർത്തതാണ് കുഞ്ഞിത്തൊമ്മന് എതിരായി പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ച ഒരു കാരണം. ജനനനിയന്ത്രണം സംബന്ധിച്ച് കോൺഗ്രസ്സ് പാർട്ടിയിലെ ഒരു നേതാവ് അവതരിപ്പിച്ച ബില്ലിനെ ശക്തിയുക്തം നിയമ സഭയിൽ കുഞ്ഞിത്തൊമ്മൻ എതിർക്കുകയുണ്ടായി. ചർച്ച നടന്നപ്പോൾ പല ക്രൈസ്തവ എം. എൽ. എമാരും നിയമസഭയിൽ ഹാജരാകാതെ മാറി നിന്ന അവസരത്തിൽ കൗശലക്കാരായ എം. എൽ. എ മാരെ ശാസിക്കാൻ കുഞ്ഞിത്തൊമ്മൻ തയ്യാറായി. ഇക്കാരണങ്ങളാൽ കുഞ്ഞിത്തൊമ്മനെ ഇന്നും ആക്ഷേപിക്കുവാൻ ചില കോൺഗ്രസ്സുകാർ ശ്രമിക്കുന്നുണ്ട്. സത്യം ഗ്രഹിക്കാതെയും എന്താണ് സത്യമെന്ന് അന്വേഷിക്കാതെയും കുഞ്ഞിത്തൊമ്മനെ തേജോവധം ചെയ്യുവാൻ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ തയ്യാറാകുന്നുവെന്നുള്ളതാണ് ഏറെ ദുഃഖകരം.

ഒരു പൊതു പ്രവർത്തകനെന്ന നിലയിൽ ഏറെ ത്യാഗം അനുഭവിച്ച ഒരു വ്യക്തിയാണ് ശ്രീ. ബി. വെല്ലിംഗ്ടൺ. അദ്ദേഹത്തിന്റെ പേരിൽ എന്തെന്ത് അഴിമതിയാരോപണങ്ങളാണ് ഉന്നയിച്ചത്. രണ്ടാമത്തെ ഇ.എം. എസ് മന്ത്രിസഭയെ തകർക്കാൻ വെല്ലിംഗ്ടനെ കരുവാക്കുകയായിരുന്നു. ആരോപണങ്ങൾ തുടരെ തുടരെ ഉന്നയിച്ച് വെല്ലിംഗ്ടനെ വ്യക്തിപരമായി തേജോവധം ചെയ്യാനാണ് ശ്രമിച്ചത്. അതിന് മുൻപിൽ നിന്നത് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും.  വെല്ലിംഗ്ടൺ ഭരണത്തിലേറി ഏതാനും നാളുകൾക്കകം മൂന്നു നില കെട്ടിടം തിരുവന്തപുരത്ത് നിർമ്മിച്ചു എന്ന് എഴുതി പിടിപ്പിച്ച പത്രങ്ങൾ സത്യം ഗ്രഹിച്ചിട്ടും സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ തയ്യാ

malankaralibrary.com

റായില്ല. വെല്ലിംഗ്ടൺ അഴിമതി കാണിച്ചില്ലെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുവാൻ സാധിക്കാത്തവിധം വെല്ലിംഗ്ടന്റെ മേൽ അഴിമതിയാരോപണം നിലനിൽക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ശ്രീ. ബി. വെല്ലിംഗ്ടന്റെ സമ്പൂർണ്ണമായ ഒരു ജീവചരിത്രം രചിക്കുവാൻ ഞാൻ തയ്യാറായത്. തച്ചിൽ മാത്തൂതരകന്റെയും ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റെയും ജീവചരിത്രം രചിച്ചതിന്റെ പിന്നിലെ ചേതോവികാരം സത്യം ജനങ്ങളെ ഗ്രഹിപ്പിക്കുകയെന്നതു മാത്രമായിരുന്നു. ആറു മാസത്തെ മന്ത്രിസ്ഥാനം കൊണ്ട് കോടിശ്വരന്മാരായി വിരാജിക്കുന്നവർ നിവസിക്കുന്ന ഈ നാട്ടിൽ ഭാര്യക്ക് മരുന്നിനും അത്താഴത്തിന് കഞ്ഞിക്കും വകയില്ലാതെ കഴിഞ്ഞു കൂടിയ മുൻമന്ത്രി വെല്ലിംഗ്ടൺ ആലത്തൂരെ സ്നേഹം ചാരിറ്റബിൾ ട്രസ്റ്റിന്റെ ആശുപത്രിയിൽ അനാഥനായി ആശുപത്രി അധികൃതരുടെ ഔദാര്യത്തെ ആശ്രയിച്ച് കിടന്നാണ് മരണമടഞ്ഞത്. ആ നല്ല മനുഷ്യന്റെ ഹൃദയസ്പർശിയായ കഥയാണ് ഈ ഗ്രന്ഥത്തിൽ വരച്ചു കാട്ടിയിരിക്കുന്നത്. ഈ സത്യം ഗ്രഹിക്കാൻ സാധിക്കാത്ത മട്ടിൽ ജനങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഗ്രന്ഥം ഒരാളുടെയെങ്കിലും ധാരണമാറ്റുവാൻ ഇടയായെങ്കിൽ ഞാൻ സംതൃപ്തനാണ്.

കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലെയും മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിലെയും കുടിയേറ്റക്കാരുടെ മണ്ണിലുള്ള അവകാശം നേടിയെടുക്കുവാൻ ഫാ. വടക്കനോടൊത്ത് ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ച വെല്ലിംഗ്ടൺ രാഷ്ട്രീയക്കാരും പത്രക്കാരും ധരിപ്പിച്ച മൂടുപടത്തിനുള്ളിൽ കുടുങ്ങിക്കിടക്കുകയാണ്. ആ മൂടുപടം എടുത്തുമാറ്റേണ്ടത് ചരിത്രപരമായ ഒരാവശ്യമാണ്. ബി. വെല്ലിംഗ്ടണോടൊത്ത് പ്രവർത്തിച്ചവരിൽ ഒരാളെന്ന നിലയിൽ ആ കൃത്യം നിർവഹിക്കുവാൻ ഞാൻ തയ്യാറാവുകയാണ്. അത് പൂർണ്ണ വിജയത്തിലെത്തിക്കുവാൻ സാധിച്ചുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. 50 വർഷം മുൻപ് നടന്ന ആ മഹാസംഭവങ്ങളിൽ വെല്ലിംഗ്ടണോടൊത്ത് പ്രവർത്തിച്ചവരിൽ ബഹുഭൂരിപക്ഷം ആളുകളും മൺമറഞ്ഞു കഴിഞ്ഞിരിക്കുന്നു. വെല്ലിംഗ്ടണെപ്പറ്റിയുള്ള വാർത്തകൾ അറിയുവാൻ സഹായിക്കുമായിരുന്ന തൊഴിലാളി പത്രം ആകെ നശിച്ചുകഴിഞ്ഞിരിക്കുന്നു. വെല്ലിംഗ്ടൺ രചിച്ച ഉപവാസസ്മരണകളും ഭരണസ്മരണകളും മാത്രമാണ് ഒരു രേഖയായി അവശേഷിച്ചിരിക്കുന്നത്. അത് പുർണ്ണമായും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

വെല്ലിംഗ്ടണെപ്പറ്റിയുള്ള പത്രവാർത്തകൾ ശേഖരിച്ച് സൂക്ഷിച്ചുവച്ചിരിക്കുന്ന ചരിത്രകാരനായ എ.ജെ. ബെൻസ് ആളുക്കാരൻ ഈ ഗ്രന്ഥരചനയ്ക്ക് വളരെയേറെ സഹായം നൽകിയിട്ടുണ്ട്. കൊട്ടിയൂർ സമരത്തിലെ അതികായകനായ ശ്രീ ജോർജുകുട്ടി മുക്കാടനും കൊട്ടിയൂരിലെ ആദ്യകാല കുടിയേറ്റക്കാരനും കർഷക പ്രക്ഷോഭണത്തിലെ മുന്നണി പോരാളി

malankaralibrary.com

കളിൽ ഒരാളുമായിരുന്ന പി. എം. ജോസഫ് പൂക്കോടിയിലും ഈ ഗ്രന്ഥരചനയിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്.

ചുരുളി കീരിത്തോട്ടിലെ കുടിയിറക്കുസമയത്ത് അവിടെ ഓടിയെത്തി അവരെ സഹായിച്ച ഒരു കർഷക നേതാവാണ് എബ്രാഹം ജോസഫ് വാളികുളത്ത്. കിഴക്കൻ മലയോരങ്ങളിലെ കുടിയേറ്റ ചരിത്രവും ചുരുളികീരിത്തോട് സമരവും എല്ലാം ചേർത്ത് പോരാട്ടം എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. ആ പുസ്തകത്തിലെ ഏതാനും ഭാഗങ്ങളും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

ഫാ. വടക്കന്റെയും വെല്ലിംഗ്ടന്റെയും സഹപ്രവർത്തകനായ റ്റി. ഐ ആന്റോ തലക്കോട്ടൂർ, ശ്രീമാത്യു എം. കണ്ടം, അലക്സ് താമരശേരി, വർക്കി വടക്കന്റെ മക്കൾ, പ്രൊഫ. മാത്യു ഉലകംതറ, ടോം ജോസ് എല്ലാം ഈ ഗ്രന്ഥരചനയിൽ സഹകരിച്ചിട്ടുണ്ട്. അവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥരചനയിൽ മോൺ ഫെർഡിനാൻസ് കായാവിൽ നൽകിയ പ്രചോദനം വാക്കുകൾകൊണ്ട് വിവരിക്കാവതല്ല. മോൺ അച്ചന് പ്രത്യേകം നന്ദി. ഈ ഗ്രന്ഥത്തിന് പ്രത്യേക അവതാരികയില്ല മോൺ. ഫെർഡിനാന്റ് കായാവിലിന്റെയും പി.ഗോവിന്ദപ്പിള്ളയുടെയും ലേഖനങ്ങളാണ് പുസ്തകത്തിന്റെ ആദ്യം ചേർത്തിരിക്കുന്നത്. ആ രണ്ടു ലേഖനങ്ങളും അവതാരികയായി ഗണിക്കാവുന്നതാണ്.

വെല്ലിംഗ്ടന്റെ മേൽ മനഃപൂർവ്വം ചില സംഘടിത ശക്തികൾ പുരട്ടിയ ചെളി കഴുകി കളയാനുള്ള ഈ സംരംഭത്തോട് സഹകരിച്ച എല്ലാവർക്കും നന്ദി.

**ജോൺ കച്ചിറമറ്റം**

രാമപുരം, പിഴക്
28/12/2010

## സ്മരണാഞ്ജലി

കുടിയേറ്റ കർഷകരുടെ അവകാശ സംരക്ഷണ പോരാട്ടത്തിൽ ഫാ. വടക്കനോടും ബി. വെല്ലിംഗ്ടണോടും ഒപ്പം നിന്ന് പ്രവർത്തിച്ച് കഠിനയാതനകളും പോലീസ് മർദ്ദനങ്ങളും ഏൽക്കുകയും നിത്യരോഗികളായി തീർന്ന് മരണം വരിക്കേണ്ടി വരികയും ചെയ്ത അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ പതിനായിരങ്ങൾക്ക് കൊട്ടിയൂർ സമരത്തിന്റെ കനകജൂബിലി വർഷത്തിൽ സാദരസ്മരണാഞ്ജലി അർപ്പിക്കുന്നു.

malankaralibrary.com



# ബി. വെല്ലിംഗ്ടൺ
## മാനവികതയുടെ ഉച്ചഭാഷിണി

### മോൺ ഫെർഡിനാന്റ് കായാവിൽ

ചരിത്രത്തോടൊപ്പം നടക്കുകയും പലകാര്യങ്ങളിലും ചരിത്രം സൃഷ്ടിക്കുകയും ചെയ്ത അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു താമരശ്ശേരി ബാസ്റ്റ്യൻ വെല്ലിംഗ്ടൺ എന്ന ബി. വെല്ലിംഗടൺ.

ഒരു കാലഘട്ടത്തിൽ കേരളത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട രാഷ്ട്രീയ സാമൂഹിക നേതാക്കളിൽ മുൻനിരയിലായിരുന്നു അദ്ദേഹം. പാവപ്പെട്ടവരുടെ പടനായകൻ, ഉജ്ജ്വലനായ വാഗ്മി, സമർത്ഥനായ സംഘാടകൻ, കർഷകരുടെ സംരക്ഷകൻ, പത്രാധിപർ, പ്രാപ്തനായ മന്ത്രി, ആരോഗ്യവകുപ്പിൽ ഒട്ടനവധി നല്ലാ മാറ്റങ്ങൾക്കു തുടക്കമിട്ട ഭാവനാസമ്പന്നൻ, ആരെ എതിർത്തുവോ അവരുടെ സഹയാത്രികൻ ഇതൊക്കെ ഭാഗികമായേ ആ വ്യക്തിത്വത്തിന്റെ വിശദീകരണമാകുന്നുള്ളൂ.



*ലേഖകൻ*

നാൽപത്തിയഞ്ചുവർഷം വെല്ലിംഗ്ടണുമായി അടുത്തു പെരുമാറാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിരുന്നു. സംസാരിച്ചു മടങ്ങുമ്പോഴെല്ലാം അനുഭവ സമ്പന്നനായ, വിവിധ വിഷയങ്ങളിൽ അഗാധ വിജ്ഞാനമുള്ള, പണ്ഡിതനായ ഒരു ഗുരുവിന്റെ മുമ്പിൽനിന്നു മടങ്ങുന്ന അനുഭൂതിയാണ് എനിക്കുണ്ടായിട്ടുള്ളത്.

വെല്ലിംഗ്ടന്റെ പ്രഭാഷണം ഒരിക്കൽ കേട്ടാൽ പിന്നെയും കേൾക്കാൻ ആഗ്രഹിക്കാത്തവർ ഉണ്ടാവില്ല. ആശയധന്യത, പ്രസംഗ കല, ഭാഷാ സ്വാധീനം, ശബ്ദ ഭംഗി, ആരെയും പിടിച്ചു നിർത്തുന്ന വാഗ്ധോരണി എന്നീ ഗുണ



malankaralibrary.com

വിശേഷങ്ങൾ അദ്ദേഹത്തെ നാട്ടിലെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട പ്രഭാഷകരിൽ ഒരാളായി മാറ്റി.

ഈ സാമൂഹിക വിപ്ലവകാരിക്ക് രാഷട്രീയം പ്രതിബദ്ധതയും സേവനവും ആദർശവുമായിരുന്നതുകൊണ്ട് രാഷ്ട്രീയം വിട്ടപ്പോൾ സാധാരണക്കാരനായ ഒരു മനുഷ്യന് പ്രാപ്യമായ ജീവിത സൗകര്യങ്ങൾ പോലുമില്ലാതെ ജീവിക്കേണ്ടി വന്നു. ഒരു സാമ്പാദ്യവുമില്ലാതെ രോഗിയായ ഭാര്യയുമായി ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന വീട്ടിൽ, പുസ്തകങ്ങളുടെയും പത്രക്കെട്ടുകളുടെയും മധ്യേ ഒരു മണ്ണെണ്ണ സ്റ്റൗ ചൂടാക്കുന്ന കഞ്ഞി കുടിച്ച് ജീവിച്ചപ്പോഴും വെല്ലിംഗടൺ സന്തുഷ്ടനായിരുന്നു.

ഒരു കാലത്ത് നാട്ടിൽ വ്യപകമായ തോതിൽ ജനങ്ങളെ സ്വാധീനിച്ചുകൊണ്ടിരുന്ന ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ സൈദ്ധാന്തിക പഠനങ്ങൾ, അത്യന്തികമായി സമൂഹനന്മയ്ക്ക് എതിരാണെന്നു വിശ്വസിച്ചുകൊണ്ട്, ആ പ്രത്യയശാസ്ത്രത്തിനെതിരായി വിരുദ്ധ മുന്നണി രൂപീകരിച്ച് നാട്ടിൽ ഉടനീളം ഓടിനടന്ന് ജനങ്ങളെ ഇളക്കിമറിച്ച വെല്ലിംഗ്ടൺ, അതേ പ്രത്യയശാസ്ത്രത്തിന്റെ തന്നെ സമുന്നത നേതാക്കൾ സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ടവർക്കു വേണ്ടി വിവിധ മേഖലകളിൽ ആഞ്ഞടിക്കാൻ സന്നദ്ധരായപ്പോൾ പ്രായോഗിക തലത്തിൽ അവരോടൊത്തു പാവപ്പെട്ടവർക്കു വേണ്ടി പോരാടാൻ നേതൃത്വം നൽകി.

വെല്ലിംഗ്ടൺ ഒരു ക്രൈസ്തവ മതവിശ്വാസിയായിരുന്നു. യേശു, നാഥനും കർത്താവുമാണെന്ന് അടിയുറച്ച് വിശ്വസിച്ചയാൾ. ക്രൈസ്തവ വിശ്വാസ പ്രമാണങ്ങളെ പൊതുവേദികളിൽ, യാഥാസ്ഥിതികനായ ഒരു ദൈവശാസ്ത്ര പണ്ഡിതനുപോലും ഭിന്നാഭിപ്രായം പറയാൻ സാധിക്കാത്ത വിധം അദ്ദേഹം വിശദീകരിക്കുന്നതും പഠിപ്പിക്കുന്നതും കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. അങ്ങനെ ക്രൈസ്തവ വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ച് വിശ്വസിക്കുമ്പോൾ തന്നെ മറ്റു മതങ്ങളിലെ നന്മ ഉൾക്കൊള്ളുവാനും വിവിധ മതങ്ങളിലെ ആചാര്യന്മാരെ ഗുരുക്കന്മാരായി അംഗീകരിക്കാനും അവരുടെ പഠനങ്ങൾ പ്രചരിപ്പിക്കാനും തന്റെ ക്രൈസ്തവ വിശ്വാസത്തിൽ ഉറച്ചുനിന്നു കൊണ്ടു തന്നെ അവരോടൊപ്പം പൊതുവായ ആധ്യാത്മിക മാനവിക-നവോത്ഥാനത്തിനായി പ്രവർത്തിക്കാനും താല്പരനായിരുന്ന ഒരു മനുഷ്യ സ്നേഹിയായിരുന്നു അദ്ദേഹം.

വിവിധ മതങ്ങളുടെ മതാചാര്യൻമാരും വിവിധ മതാചാരങ്ങളും ജനലക്ഷങ്ങളെ സ്വാധീനിക്കുന്ന ഈ നാട്ടിൽ ആ വിധമുള്ള കാഴ്ചപ്പാട് മാനവികതയും സമുദായ സൗഹാർദ്ദവും പ്രബുദ്ധമായ സാമൂഹിക ജീവതിവും വളർത്തിയെടുക്കാൻ സഹായിച്ചിട്ടുണ്ടെന്ന് സമ്മതിക്കേണ്ടതാണ്.

പരേതയായ ഭാര്യ എലിസബത്ത് ടീച്ചറുമായി ഒത്തൊരുമിച്ച് വീടിന്റെ പരിമിത സൗകര്യങ്ങൾക്കു മധ്യേയിരുന്നു കൊന്ത ചൊല്ലുന്നത് പലപ്പോഴും




malankaralibrary.com

കണ്ടിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ അവരോടൊപ്പം ഞാനും കൊന്ത നമസ്കാരത്തിൽ പങ്കെടുത്തിട്ടുണ്ട്.

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന എത്രയോ ലക്ഷം തവണ ചൊല്ലിയിട്ടുണ്ടെന്ന് അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. അതേ സമയം സഭയിൽ നിലനിൽക്കുന്ന എല്ലാ ആചാരാനുഷ്ഠാനങ്ങളോടും പൊരുത്തപ്പെടാൻ അദ്ദേഹം വൈമനസ്യം കാണിച്ചിട്ടുണ്ട്. സഭ നേതൃത്വത്തിന്റെ ചില നീക്കങ്ങളെ അദ്ദേഹം ഉൾക്കൊണ്ടില്ലെന്നു മാത്രമല്ല അവയെ വിമർശിക്കാനും ശങ്കിച്ചിട്ടില്ല.

രോഗിയായി തുടർന്നു, ഒരു പക്ഷേ ഓർമ്മ ശക്തി കാര്യമായി അവശേഷിച്ചിട്ടില്ലെന്നു തോന്നത്തക്കവിധം കിടക്കുമ്പോഴും അടുത്തു ചെന്നു ചെവിയിൽ ഇതു കായാവിലച്ചനാണ് എന്നു ഞാൻ പറഞ്ഞിട്ടുള്ളപ്പോഴെല്ലാം- ഓർമ്മകളും കാഴ്ചകളും മാറിമറയുന്ന ഉപബോധ മനസ്സിലെവിടെയോ ഒരു തിരയിളക്കം തോന്നിയിട്ടാകാം- കണ്ണു ചെറുതായി തുറന്നു എന്നെ നോക്കി പുഞ്ചിരിക്കാൻ ശ്രമിക്കത്തക്കവിധം വലിയ ആത്മബന്ധം ഈ മനുഷ്യസ്നേഹിയുമായി സ്ഥാപിച്ചെടുക്കാൻ സാധിച്ച സംതൃപ്തിയോടെ ബി. വെല്ലിംഗ്ടണിന്റെ ഓർമ്മയുടെ മുമ്പിൽ ഞാൻ തലകുനിക്കുന്നു; ആത്മാവിനു നിത്യശാന്തി നേരുന്നു. ('കാഴ്ചപ്പാടുകൾ' എന്ന ഗ്രന്ഥത്തിലെ ലേഖനം)



പഴയ പത്രങ്ങളുടെയും ഗ്രന്ഥങ്ങളുടെയും മുൻപിൽ വെല്ലിംഗ്ടൺ അവസാനകാലത്ത്



malankaralibrary.com

# വെല്ലിംഗ്ടനെ അഴിമതിക്കാരനായി മുദ്രകുത്തിയ കഥ

**മുൻ മുഖ്യമന്ത്രി അച്ചുതമേനോൻതന്നെ വിശദീകരിക്കുന്നു.**

# അച്ചുതമേനോന്റെ കത്തും ഫാദർ വടക്കന്റെ മറുപടിയും

അച്ചുതമേനോൻ എഴുതുന്നു:
പ്രിയപ്പെട്ട ഫാദർ വടക്കൻ,

..........................................................................................................................................

"..... എന്റെ പാർട്ടിയും നിങ്ങളുടെ ഉപദേശത്തിനനുസൃതമായി പ്രവൃത്തിക്കുന്ന കർഷകതൊഴിലാളി പാർട്ടിയും തമ്മിൽ നിർഭാഗ്യവശാൽ ഉണ്ടായിത്തീർന്നിട്ടുള്ള അകൽച്ച അവസാനിപ്പിക്കുന്നതിനു സാധ്യമാവില്ലേ എന്നു നമ്മൾ ഇരുകൂട്ടരും ആലോചിക്കേണ്ടതുണ്ട് എന്ന് എനിക്കു തോന്നുന്നു. ഈ അകൽച്ചക്ക് ഇടയായിട്ടുള്ള കാരണം ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് ഞങ്ങൾ അവലംബിക്കാൻ നിർബന്ധിതമായിത്തീർന്ന നിലപാടിനെക്കുറിച്ചു നിങ്ങൾക്കു പരാതി ഉണ്ടായത് മനസ്സിലാക്കുവാൻ സാധിക്കുന്നതേയുള്ളു. എന്നാൽ ശ്രീ. വെല്ലിംഗ്ടൻ ഇത്രമാത്രം മാർകിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാളയത്തിൽ ദൃഢമായി നിലയുറപ്പിച്ചു കൊണ്ട് അവർ ചെയ്തിരുന്ന എല്ലാ താന്തോന്നിത്തത്തിനും ഹീനകൃത്യത്തിനും അരുനിന്നുകൊണ്ടു കേവലം അവരുടെ ഒരു ദാസൻ എന്നപോലെ പെരുമാറിയതുകൊണ്ട് ഞങ്ങൾക്കു അവസാനം മറ്റൊരു പോംവഴിയുമില്ലാതെവന്നുപോയി എന്നു പറഞ്ഞാൽ നിങ്ങൾ അതു വിശ്വസിക്കുമോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ അതു സത്യമാണ്.

(പൂർണ്ണരൂപം അന്യത്ര)



malankaralibrary.com





# നന്മനിറഞ്ഞ വെല്ലിംഗ്ടൺ

**പി. ഗോവിന്ദപിള്ള**

പ്രതാപിയും പടയാളിയും കുതിരസവാരിക്കാരനും ചുരുട്ടുവലിക്കാരനും എം.എൽ.എ. യും ആരോഗ്യമന്ത്രിയുമൊക്കെയായിരുന്ന ബി. വെല്ലിംഗ്ടൺ ആലത്തൂരിൽ സ്വന്തക്കാരായി ആരോരുമില്ലാതെ ഒരാശുപത്രിയിൽ ചില ദീന ദയാലുക്കളുടെ ശുശ്രൂഷയിൽ കഴിയവെ 78-ാം വയസ്സിൽ അന്തരിച്ചു.

വെല്ലിംഗ്ടനെപോലെ കുഞ്ഞുങ്ങളെ ജീവനുതുല്യം സ്നേഹിക്കുകയും അവരോടൊപ്പം ആടിയും പാടിയും കളിക്കുകയും ചെയ്തിരുന്ന സതീരത്നമായിരുന്ന ഭാര്യ എലിസബത്ത് ടീച്ചർ ഒരുണ്ണിക്കാൽ കാണാൻ ഭാഗ്യമില്ലാതെ മരിച്ചിട്ട് രണ്ടുമൂന്നു വർഷം കഴിഞ്ഞു. കുർബാനയും കുമ്പസാരവും മുടക്കാത്ത ഒരുറച്ച കത്തോലിക്കനായിരുന്നെങ്കിലും ശ്രീനാരായണഭക്തിയിൽ ആരുടെയയും പിന്നിലല്ലായിരുന്നു വെല്ലിംഗ്ടൺ. ഭാര്യ എലിസബത്തിന്റെ മരണത്തോടെ കൊല്ലത്ത് മുണ്ടയ്ക്കൽ പഴയ കുടുംബത്തറവാടിന്റെ പൊടിയും ചിലന്തിവലയും നിറഞ്ഞ ഒരു കുടുസ്സായ മുറിനിറയെ പഴയ പത്രങ്ങളും പുസ്തകങ്ങളും അസുഖകരമായ ശബ്ദമുണ്ടാക്കുന്ന ഒരു ഫാനും ഊന്നുവടിയും പ്രാചീനാവശിഷ്ടമായ ഒരു ചാരുകസേരയും മാത്രമായിരുന്നു വെല്ലിംഗ്ടണ് ആശ്രയം.

കുടുംബവീടിന്റെ സൗകര്യം കൂടുതലുള്ള മറ്റു മുറികൾ നിസ്സാരകാരണങ്ങളാൽ വെല്ലിംഗ്ടനോട് വിരോധം പുലർത്തിയിരുന്ന ചില ബന്ധുക്കളുടെ ആവാസസ്ഥലമായിരുന്നു. അവർ തമ്മിൽ മിണ്ടാട്ടം പോലും ഇല്ലായിരുന്നു. എലിസബത്തിന്റെ അദ്ധ്യാപിക പെൻഷനും വെല്ലിംഗ്ടന്റെ എം. എൽ. എ പെൻഷനും എലിസബത്തിന് മരുന്നു വാങ്ങാൻ പോലും തികയില്ലായിരുന്നു. അടുത്ത ബേക്കറിയിൽ നിന്ന് റൊട്ടിയൊ എന്തെങ്കിലും വാങ്ങി കിടപ്പുമുറിയിൽ വച്ചിരിക്കുന്ന ഒരു സ്റ്റൗവിൽ വെള്ളം കാച്ചി എന്തെങ്കിലും കഴിച്ചു എന്നു വരുത്തി ഒരു വിധം തള്ളിനീക്കിപ്പോന്ന ആ ജീവിതം കണ്ടപ്പോൾ പല പഴയ



malankaralibrary.com

സ്മരണകളും എന്റെ മനസ്സിൽ തിക്കിതിരക്കിക്കയറി വരുമായിരുന്നു.

ഞാൻ വെല്ലിംഗ്ടനെ ആദ്യം കാണുന്നത് 1959-ൽ നീലക്കുപ്പായമണിഞ്ഞ് അടിവച്ചടിവച്ച് സെക്രട്ടേറിയറ്റ് നടയിലൂടെ നടന്നു നീങ്ങുന്ന "ക്രിസ്റ്റഫർപട'യുടെ പടത്തലവനായിട്ടാണ്. നീണ്ട ദണ്ഡും നീണ്ട നീല ക്കൊടിയുമായി മുഴങ്ങുന്ന ശബ്ദത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രി സഭയ്ക്കെതിരായി മുദ്രാവാക്യം വിളിച്ചു നീങ്ങിയ ആ വെല്ലിംഗ്ടൺ, മുസോളിനിയുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ തവിട്ടുകുപ്പായക്കാരെ ഓർമ്മിപ്പിച്ച് അടക്കാനാവാത്ത അരിശത്തെയാണ് എന്നിൽ ഉണർത്തിയത്.

വിമോചന സമരം വിജയിച്ചു. വെല്ലിംഗ്ടനും അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി നേതാവ് ഫാദർ ജോസഫ് വടക്കനും പട്ടവും ശങ്കറും ചാക്കോയും പള്ളിക്കാരും പട്ടക്കാരും വിജയഭേരി മുഴക്കി. ഒരു "ഗോസ്റ്റ് കമ്മ്യൂണിസ്റ്റ്" യുഗം കേരളത്തിൽ പ്രോൽഘാടനം ചെയ്യപ്പെട്ടതായി അവർ വ്യാമോഹിച്ചു. പക്ഷേ, ആദ്യം പട്ടവും ശങ്കറും പിന്നെ ചാക്കോയും ശങ്കറും പിണങ്ങി വിമോചനസമരത്തിന്റെ ദുർദശ സന്തതിയായ "കോലിപ്ര" (കോൺഗ്രസ്-ലീഗ്-പ്രജാ സോഷ്യലിസ്റ്റ്) സഖ്യം താറുമാറായി. അതിനു മുമ്പു തന്നെ വടക്കനും വെല്ലിംഗടനും അമരാവതിയിൽ അരങ്ങേറിയ എ. കെ.ജിയുടെ മലയോര കർഷകർക്കു വേണ്ടിയുള്ള ഐതിഹാസിക നിരാഹാരവ്രതത്തിൽ മാനസാന്തരപ്പെട്ടു. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി കർഷകതൊഴിലാളി പാർട്ടിയായി, കമ്മ്യൂണിസ്റ്റ് സഹയാത്രികരായി. എ. കെ. ജിയുടെ രാഷ്ട്രീയ രാസവിദ്യാചരിത്രത്തിന്റെ ഗതിവിഗതികൾ!

മലയോര കൃഷിക്കാർക്കു വേണ്ടി തൃശൂരിൽ വച്ച് മുഖ്യമന്ത്രി പട്ടത്തെ കരിങ്കൊടി കാണിച്ച 'കേസിൽ ശിക്ഷിക്കപ്പെട്ട് വെല്ലിംഗ്ടൺ വിയ്യൂർ സെൻട്രൽ ജയിലിലെത്തിയപ്പോൾ വി.വി രാഘവനും എ.വി ആര്യനും ടി.കെ രാമകൃഷ്ണനും കെ.പി.കെ വാര്യരും ഉൾപ്പെടെ ഞാനും മറ്റൊരു കർഷക സമരത്തിൽ ശിക്ഷിക്കപ്പെട്ട് (1961) അവിടെ പാർപ്പുണ്ടായിരുന്നു. അതിനകം വെല്ലിംഗ്ടനും വടക്കനും കമ്മ്യൂണിസ്റ്റ് സഹയാത്രികരായി എങ്കിലും വെല്ലിംഗ്ടനെ കമ്മ്യൂണിസ്റ്റുകാർക്കൊപ്പം പാർപ്പിക്കാൻ അധികൃതർക്ക് ഭയം. വല്ലതും സംഭവിച്ചാലോ! "അവരെ ഞാൻ അനർഹമായവിധം ദ്രോഹിച്ചിട്ടുണ്ട്, അതുകൊണ്ടവർ എന്തെങ്കിലും ചെയ്താൽ ഞാൻ സഹിച്ചു കൊള്ളാം. അവർക്ക് സമ്മതമെങ്കിൽ അവരോടൊപ്പം മതി എനിക്ക് മുറി"- വെല്ലിംഗ്ടൻ അറിയിച്ചു.

ഒടുവിൽ ജയിലിലെ തടവുകാരുടെ പാർട്ടിക്കമ്മിറ്റി വെല്ലിംഗ്ടനെ എന്റെ 'സഹമുറിയനായി'ട്ടാണ് തീരുമാനിച്ചത്. അതിനെത്തുടർന്ന് ഇരുവരും തങ്ങളിലും വെല്ലിംഗ്ടൺ-വടക്കൻ പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലും വളർന്നു വന്ന സൗഹൃദവും സമര സഹകരണങ്ങളും ഉദ്വേഗജനകമായ വാസ്തവ കഥയാണ്.



malankaralibrary.com



ഇ.എം. എസിന്റെ 1967-ലെ സപ്തകക്ഷി മുന്നണിയിലെ ഘടകകക്ഷി എന്ന നിലയിൽ വെല്ലിംഗ്ടൺ കല്പറ്റയിൽ നിന്ന് നിയമസഭയിലെത്തി ആരോഗ്യമന്ത്രിയായി. 130-ൽ 117 സീറ്റ് നേടിയ സപ്തകക്ഷിമുന്നണിക്കെതിരെ 1957-59 ലെ അടവുകൾ വിജയിക്കില്ലെന്ന് മനസ്സിലാക്കിയ മാർക്സിസ്റ്റ് വിരുദ്ധർ 'വിമോചന സമരം' മുന്നണിക്കകത്ത് ആരംഭിച്ചപ്പോൾ ഒരു ബലിയാടായത് നിർഭാഗ്യവാനായ വെല്ലിംഗ്ടനായിരുന്നു. ഒരിക്കലും തെളിയിച്ചിട്ടില്ലാത്തതും തെളിയിക്കാനാവാത്തതുമായ അഴിമതി ആരോപണങ്ങൾ വെല്ലിംഗ്ടനെതിരെ അവർ ഉയർത്തി. പത്രങ്ങൾ ഏറ്റു പിടിച്ചു. അവസാന കാലത്ത് മുണ്ടയ്ക്കലെ പൊളിഞ്ഞു വീഴാറായ ചായ്പിൽ ഓടാത്ത ക്ളോക്കിനെയും കർണശൂലയായ ഫാനിനെയും നോക്കി അന്നത്തെ പത്രങ്ങളിൽ വന്ന വെണ്ടക്കാവലിപ്പത്തിലുള്ള അഴിമതിയാരോപണങ്ങൾ വലിച്ചിളക്കി. കാണിക്കുമ്പോൾ അദ്ദേഹത്തിന്റെ നരച്ച താടിമീശകൾക്കിടയിലെ വലിയ പല്ലുകാട്ടിയുള്ള ചിരിയോടൊപ്പം കണ്ണിൽ നിന്ന് നീരൊഴുകുന്നുണ്ടായിരുന്നു. ആറുമാസത്തെ മന്ത്രിസ്ഥാനം കൊണ്ട് കോടീശ്വരന്മാരായി വിരാജിക്കുന്നവർ വാഴുന്ന ഈ നാട്ടിൽ ഭാര്യയ്ക്ക് മരുന്നിനും അത്താഴത്തിന് കഞ്ഞിക്കും സുരക്ഷിതമല്ലാത്ത ഒരു മുൻമന്ത്രി. വല്ലപ്പോഴും വല്ലവരും ഒരു ചുരുട്ടോ ഒരു മീൻ പൊരിച്ചതും ചോറുമോ കൊടുത്താൽ കഴിക്കുന്നതിനപ്പുറം ഒരു പത്തുരൂപാ നോട്ടുപോലും അവിഹിതമായി വാങ്ങാൻ കഴിവില്ലാതിരുന്ന ശുദ്ധഹൃദയനും ദൈവഭയക്കാരനുമായ വെല്ലിംഗ്ടനെ പറ്റി അപവാദം പറഞ്ഞവരെ ശിക്ഷിക്കാൻ ദൈവം ഉണ്ടോ എന്തോ?

അവസാനം കണ്ടനാളുകളിൽ അദ്ദേഹം ഓർക്കാറുള്ളത് ഈ അപവാദങ്ങളായിരുന്നു. 'അദ്ദേഹം ഒരിക്കൽ പറഞ്ഞു: ഞാൻ എന്റെ അച്ഛനെയും അമ്മച്ചിയെയും സ്നേഹിക്കും പോലെ ആദരിക്കുന്നവരൊക്കെ തരിമ്പും സത്യമില്ലെന്നറിഞ്ഞു കൊണ്ട് ഈ പെരുങ്കള്ളങ്ങൾ എനിക്കെതിരെ പറയാൻ എങ്ങനെ ധൈര്യപ്പെട്ടു എന്റെ പി.ജി?" ഞാൻ പ്രതിവചിച്ചു: "സപ്തകക്ഷി സർക്കാരിനെ താഴെയിറക്കാൻ കോൺഗ്രസിനു വേണ്ടി അവരുന്നയിച്ച ആരോപണങ്ങൾ ആധുനിക കേരളത്തിന്റെ സ്രഷ്ടാക്കളിൽ പ്രമുഖനായ ഇ. എം. എസിനെതിരായിരുന്നു.

അത് ഇ.എം.എസിനറിയാം. അതുകൊണ്ടല്ലേ സർക്കാർ പോയാൽ പോകട്ടെ, ദുരാരോപണവിധേയനായ വെല്ലിംഗ്ടനെ കൈവിടില്ല" എന്ന് ആ മഹാൻ തീരുമാനിച്ചത്. അതിൽ കൂടുതൽ എന്തുവേണം നിങ്ങൾക്ക്.

പഴഞ്ചൻ ചാരുകസേരയിൽ അല്പം കൂടി അമർന്നിരുന്ന് കീറിത്തുടങ്ങിയ ഖദർ ഷാൾ കൊണ്ട് വെല്ലിംഗ്ടൺ കണ്ണു തുടച്ചപ്പോൾ പിന്നെ അവിടെ നിൽക്കാനുള്ള കരുത്ത് എനിക്കുണ്ടായില്ല. നന്മ നിറഞ്ഞവനായ വെല്ലിംഗ്ടന് സ്തുതി.

(2006 മേയ് 11-ന് കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച ലേഖനം)



malankaralibrary.com

# 1. ബി. വെല്ലിംഗ്ടൺ

## ജനനവും ബാല്യവും

കേരളം കണ്ട വിപ്ലവകാരികളിൽ അഗ്രഗണ്യനായ ശ്രീ. ബി. വെല്ലിംഗ്ടൺ 1928 ആഗസ്റ്റ് 28-ാം തീയതി കൊല്ലം ജില്ലയിൽ കാവനാട് താമരശ്ശേരി കുടുംബത്തിൽ സെബാസ്റ്റ്യൻ - എലിസബത്ത് ദമ്പതികളുടെ പുത്രനായി ജനിച്ചു. ബേബി താമരശ്ശേരി, മൈക്കിൾ താമരശ്ശേരി, അലക്സ് താമരശ്ശേരി എന്നിവർ സഹോദരങ്ങളാണ്.

നാട്ടിലെ പ്രൈമറി സ്ക്കൂളിലും ശക്തികുളങ്ങര സെന്റ് ജോസഫ് മിഡിൽ സ്ക്കൂളിലും ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂളിലായിരുന്നു തുടർന്ന് പഠിച്ചത്. ബോർഡിംഗിൽ നിന്നായിരുന്നു പഠനം. ബോർഡിംഗിലെ ജീവിതം തന്റെ സ്വഭാവ രൂപീകരണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് വെല്ലിംഗ്ടൺ തുറന്നു പറയുമായിരുന്നു. തന്റെ സുഖസൗകര്യങ്ങൾ ത്യജിച്ചും മറ്റുള്ളവരെ സഹായിക്കുവാനുള്ള സന്നദ്ധത അദ്ദേഹത്തിൽ വളർന്നതും ബോർഡിംഗ് ജീവിതത്തിന്റെ ഫലമായിട്ടാണ്. പഠനത്തിലും പാഠ്യേതരപ്രവർത്തനത്തിലും മികച്ച പ്രകടനം കാഴ്ചവെച്ച വെല്ലിംഗ്ടൺ ദേശീയ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായതും അക്കാലത്താണ്. തന്റെ ജീവിതത്തിൽ സാമൂഹ്യനീതിക്കു വേണ്ടി പോരാടാനുള്ള ശക്തി ലഭിച്ചതും മന്നാനത്തെ ബോർഡിംഗ് ജീവിതകാലത്താണ്. ഇടവക തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ വെല്ലിംഗ്ടൺ ഭക്തസംഘടനകളിലെ സജീവപ്രവർത്തകനായിരുന്നു. പ്രസംഗ-നാടക മത്സരങ്ങളിൽ സമ്മാനങ്ങളും നേടിയിട്ടുണ്ട്.

## തേവര കോളേജിൽ

വെല്ലിംഗ്ടന്റെ കോളേജ് വിദ്യാഭ്യാസം തേവര കോളേജിലാണ് ആരംഭിച്ചത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തിയത് കോട്ടയം ജില്ലയിലെ മാന്നാനം ഹൈസ്ക്കൂളിലും. അവിടുത്തെ ബോർഡിംഗിലായിരുന്നു താമസം. അതു നടത്തുന്ന സന്യാസസമൂഹത്തിലെ വൈദിക ശ്രേഷ്ഠൻമാരായിരുന്നു സ്ക്കൂളിന്റേയും ബോഡിംഗിന്റേയും ചുമതല വഹിച്ചിരുന്നത്. സി.എം.ഐ. സന്യാസ സമൂഹത്തിന്റെ ഒരു ശാഖയായ തേവര ആശ്രമത്തിന്റെ ഉടമസ്ഥതയിലായിരുന്നു തേവര കോളേജ്. കോളേജ് തുടങ്ങിയ വർഷം ഇന്റർമീഡിയേറ്റിന് വെല്ലിംഗ്ടൺ ചേർന്നു. കോളേജിലെ അഡ്മിഷൻ നമ്പർ



malankaralibrary.com



200. മാന്നാനത്തെ വിദ്യാർത്ഥി എന്ന പരിഗണന അഡ്മിഷൻ കിട്ടുന്നതിന് സഹായകരമായി. കൂട്ടിലടച്ച കിളിയെ തുറന്നു വിട്ടതു പോലെ, ബോഡിംഗ് , ജീവിതത്തിലെ കർശന നിയന്ത്രണമില്ലാത്ത കോളേജ് ഹോസ്റ്റൽ ജീവിതം, വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് പ്രേരകമായി. വിദ്യാർത്ഥി കോൺഗ്രസ്സിന്റെ നേതൃത്വനിരയിലേക്ക് അദ്ദേഹം പെട്ടെന്നുയർന്നു. സ്വാതന്ത്ര്യസമര പ്രക്ഷോഭണം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലം. പ്രകടനവും സമരവും കാരണം ക്ലാസ്സിൽ പോക്ക് കുറഞ്ഞു. ഇടയ്ക്കൊക്കെ അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ വ്യാജപ്പേരുകളാണ് കൊടുത്തിരുന്നത്. ആ പേരുകളിൽ ജയിൽ വാസം അനുഭവിക്കേണ്ടി വന്നതിനാൽ കോളേജിൽ നിന്ന് പേര് വെട്ടി. അത് പ്രക്ഷോഭണത്തിന് കൂടുതൽ സൗകര്യപ്രദമായി. ഇടയ്ക്കിടയ്ക്കുള്ള അറസ്റ്റ് കാരണം അക്കൊല്ലത്തെ പഠിത്തം മുടങ്ങി. പഠിത്തം മുടങ്ങിയ കാരണം അറിഞ്ഞ് പിതാവ് വന്ന് വൈദിക ശ്രേഷ്ഠൻമാരെ കണ്ടു. അടുത്ത കൊല്ലം കോളേജ് തുറക്കുമ്പോൾ വീണ്ടും പ്രവേശനം തരാം എന്നവർ സമ്മതിച്ചു. അങ്ങനെ കോളേജിൽ രണ്ടാം വർഷം വീണ്ടും വെല്ലിംഗ്ടൺ വിദ്യാർത്ഥിയായി. നമ്പർ 22. അക്കൊല്ലം സർ സി.പി. രാമസ്വാമി അയ്യർ എറണാകുളത്തൊരു പരിപാടിക്ക് വന്നപ്പോൾ തേവര കോളേജ് വിദ്യാർത്ഥികൾ സർ സി.പി.-യ്ക്ക് എതിരായി കരിങ്കൊടി പ്രകടനം നടത്തി. സി.പി.യെ കല്ലെറിഞ്ഞു. ഭീകരമായ മർദ്ദനം വിദ്യാർത്ഥികൾക്കു നേരെ നടന്നു. വെല്ലിംഗ്ടണെ അടിച്ച ഒരു ലാത്തി ഒടിഞ്ഞ് അദ്ദേഹത്തിന്റെ മുണ്ടിൽ ചുറ്റി. അത് പോലീസിന്റെ ഭീകരതയ്ക്ക് തെളിവായി ദിവാന് (ഡിക്സൺ എന്ന സായിപ്പ്) വിദ്യാർത്ഥികൾ കാണിച്ചു കൊടുത്തു.

അങ്ങനെ സംഭവബഹുലമായ വിദ്യാർത്ഥി ജീവിതത്തിൽ ബി.എ-യ്ക്ക് അഡ്മിഷൻ തേവര കോളേജിലും തന്നില്ല. തുടർന്നു തൃശൂർക്ക് പോയി. വെല്ലിംഗ്ടന്റെ പ്രവർത്തന മേഖല വിപുലമായി. രാഷ്ട്രീയ രംഗത്തും സാമൂഹിക രംഗത്തും ചെറുപ്പക്കാരനായ ബി. വെല്ലിംഗ്ടൺ ശ്രദ്ധ പിടിച്ചു പറ്റി.

## കേരളവർമ്മ കോളേജിൽ



എം.ജി.എസ്. നാരായണൻ

തേവര കോളേജിൽ തുടർപഠനം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ തൃശ്ശൂർ കേരളവർമ്മാ കോളേജിലാണ് ബി. വെല്ലിംഗ്ടൺ പഠിച്ചത്. കേരളവർമ്മ കോളേജിലെ പ്രവർത്തനകാലഘട്ടവും പൊതു പ്രവർത്തനത്തിൽ വെല്ലിംഗ്ടനെ ശ്രദ്ധേയനാക്കി. ക്ലാസിലെ പിൻബെഞ്ചിലായിരുന്നു വെല്ലിംഗ്ടന്റെ സ്ഥാനം. പ്രമുഖ ചരിത്രകാരനായ ഡോ. എം. ജി.എസ്സ് നാരായണനും എൻ. എൻ. കക്കാട്ടും ഒരേ ബഞ്ചിലിരുന്നാണ് പഠിച്ചത്. ഒരേ ബഞ്ചിലിരുന്ന് പഠിച്ച മൂന്നു പേരും പിന്നീട് കേരളം മുഴു



malankaralibrary.com

വൻ അറിയുന്നവരായി തീർന്നു. ചരിത്രകാരനെന്ന നിലയിൽ എം.ജി.എസ് നാരായണനും, മഹാകവി എന്ന നിലയിൽ എൻ.എൻ. കക്കാട്ടും മന്ത്രിയെന്ന നിലയിൽ വെല്ലിംഗ്ടണും. ടി.കെ.സി. വടുതലയും, എ.പി.പി. നമ്പൂതിരിയുമൊക്കെ കേരളവർമ്മ കോളേജിലെ അക്കാലത്തെ വിദ്യാർത്ഥികളായിരുന്നു.

## വെല്ലിംഗ്ടണിന്റെ ഇൻഷ്യലിന് പിന്നിൽ

സ്വന്തം പേരിന്റെ കാര്യത്തിലും വെല്ലിംഗ്ടൺ അല്പം വ്യത്യസ്ഥനാകുന്നുണ്ട്. ബി. വെല്ലിംഗ്ടൺ എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. 'ബി' എന്നത് ഇനിഷ്യലാകണമെങ്കിൽ പിതാവിന്റെ പേര് 'ബി'യിൽ തുടങ്ങണം.

അദ്ദേഹത്തിന്റെ അച്ഛന്റെ പേര് സെബാസ്റ്റ്യൻ എന്നാണ്. എല്ലാവരും അദ്ദേഹത്തെ ബാസ്റ്റ്യൻ എന്നാണ് വിളിച്ചിരുന്നത്. ഈ വിളിപ്പേര് കേട്ടിട്ട് സ്ക്കൂളിൽ ചേർത്തപ്പോൾ വെല്ലിംഗ്ടന്റെ ഇനിഷ്യൽ 'ബി' എന്ന് സ്ക്കൂൾ അധികൃതർ എഴുതി വച്ചു. കോളേജിലെത്തിയപ്പോഴാണ് സംഗതിയുടെ ഗൗരവം വെല്ലിംഗ്ടണറിയുന്നത്. അപ്പോഴേക്കും വൈകി. ഒരു പേരിലെന്തിരിക്കുന്നു. തിരിച്ചറിഞ്ഞാൽ പോരെ എന്നു ചോദിച്ചു കൊണ്ട് 'ബി' അദ്ദേഹം സ്വീകരിച്ചു.

## കോൺഗ്രസ്സിൽ

കേരളവർമ്മ കോളേജിൽ നിന്നു ബി.എ. പാസ്സായി. വെല്ലിംഗ്ടന്റെ പിതാവിന് മകനെ എഞ്ചിനീയറാക്കാനായിരുന്നു മോഹം. പിതാവ് മെക്കാനിക്കൽ സുപ്പർവൈസറായിരുന്നു. ബി.എ. പാസ്സായതിനു ശേഷം കൊല്ലത്തെ സെന്റ്. അലോഷ്യസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി ചേർന്നു. അദ്ധ്യാപകനായി കഴിഞ്ഞു കൂടുവാൻ വെല്ലിംഗ്ടണ് സാധിച്ചില്ല. സമകാലീന രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടാനും നേതൃത്വം നല്കാനും അദ്ദേഹം ശ്രമിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനാകാനും അതിൽ ഔദ്യോഗിക സ്ഥാനങ്ങൾ നേടിയെടുക്കാനും വെല്ലിംഗ്ടണ് സാധിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അരൂർ മുതൽ ചേർത്തല വരെയുള്ള ജില്ലയുടെ കോർഡിനേറ്ററായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. 1954-ൽ കൊല്ലത്തു നടന്ന തിരു-കൊച്ചി കോൺഗ്രസ്സ് മഹാസമ്മേളനത്തിന്റെ ജനറൽ വോളണ്ടിയർ ക്യാപ്റ്റനും വെല്ലിംഗ്ടണായിരുന്നു.

കൊല്ലത്ത് കശുവണ്ടി തൊഴിലാളി യൂണിയൻ സ്ഥാപിച്ച് രജിസ്റ്റർ ചെയ്തു. പിന്നീട് കൊല്ലത്ത് നിരവധി തൊഴിലാളി യൂണിയനുകൾ ഐ.എൻ.ടി.യു.സി.യുടെ കീഴിൽ കെട്ടിപ്പടുക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തത് ബി. വെല്ലിംഗ്ടൺ ആണ്.




malankaralibrary.com



# 2. വടക്കനച്ചന്റെ കൂട്ടത്തിൽ

ഫാ. വടക്കൻ 'എന്റെ കുതിപ്പും കിതപ്പും' എന്ന ആത്മകഥയിൽ (പേജ് 101) ഇപ്രകാരം എഴുതിയിരിക്കുന്നു. "വെല്ലിംഗ്ടണുമായി 1955 വരെ ഞാൻ പരിചയപ്പെട്ടിരുന്നില്ല. കൊട്ടിയത്ത് ഒരു യോഗത്തിൽ ഞാൻ പ്രസംഗിക്കുകയായിരുന്നു. ഖാദിധരിച്ച രണ്ടു ചെറുപ്പക്കാർ എന്റെ പ്രസംഗം ശ്രദ്ധയോടെ കേട്ടുനിൽക്കുന്നു. പ്രസംഗത്തിനു ശേഷം അവർ എന്നെ വന്ന് അഭിനന്ദിച്ചു. വെല്ലിംഗ്ടണും അബുമുഹമ്മദുമായിരുന്നു അവർ. അവർ അന്ന് കൊല്ലത്തെ പ്രമുഖരായ ഐ.എൻ.ടി.യു.സി. പ്രവർത്തകരാണ്. സ്റ്റീഫൻ അന്ന് ശരിയായി തൊഴിലാളി രംഗത്തേക്ക് എത്തിയിട്ടില്ല. അദ്ദേഹം നല്ലൊരു വാഗ്മിയായി ഉട നീളം പ്രസംഗിച്ചു നടക്കുകയായിരുന്നു. വിരുദ്ധമുന്നണിയുടെ പലയോഗങ്ങളിലും സ്റ്റീഫൻ പ്രസംഗിക്കാറുണ്ട്. നേരുപറഞ്ഞാൽ സ്റ്റീഫനെ ഐ. എൻ. ടി. യു. സി. രംഗത്തേക്ക് വലിച്ചുകൊണ്ടു വന്നവർ വെല്ലിംഗ്ടണും അബുമുഹമ്മദുമാണ്.



സി.എം. സ്റ്റീഫൻ

എ.സി.എഫിൽ പ്രവർത്തിക്കാനുള്ള താല്പര്യം രണ്ടു പേരും അറിയിച്ചു. ഞാനവരെ രണ്ടുകൈയ്യും നീട്ടി സ്വാഗതം ചെയ്തു. വെല്ലിംഗ്ടണിൽ ആദ്യവീക്ഷണത്തിൽ തന്നെ ചില പ്രത്യേകതകൾ ഞാൻ കണ്ടെത്തി. ആദർശദാർഢ്യത്തിന്റെയും നട്ടെല്ല് നിവർന്നു നിന്ന് പടപൊരുതാനുള്ള തയ്യാറെടുപ്പിന്റെയും ലക്ഷണങ്ങൾ ആ ചെറുപ്പക്കാരന്റെ മുഖത്ത് തെളിഞ്ഞു നിന്നിരുന്നു. തന്മൂലം വെല്ലിംഗ്ടണെ പ്രത്യേക ലക്ഷ്യത്തോടെ ഞാൻ കണ്ടു വയ്ക്കുകയും ചെയ്തു. പിറ്റെകൊല്ലം എ.സി.എഫിന്റെ സംസ്ഥാന പ്രതിനിധി സമ്മേളനം എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഹാളിൽ കൂടി. വെല്ലിംഗ്ടനെ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. വെട്ടിക്കാടനെ സംഘടനയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അങ്ങനെയാണ് വെല്ലിംഗ്ടണും ഞാനുമായി കൂടുതൽ ബന്ധപ്പെട്ടത്. കൊല്ലം മുപ്പതു കഴിഞ്ഞു. ഇക്കാലമത്രയും എന്റെ എല്ലാ പൊതുപ്രവർത്തനങ്ങളിലും അദ്ദേഹം എന്റെ വലം കൈയായി നിൽക്കുന്നു.

വിദ്യാഭ്യാസ പ്രക്ഷോഭണ കാലത്ത് അദ്ദേഹത്തിന് വെട്ടു കൊണ്ടു. കൊട്ടിയൂരിൽ അദ്ദേഹം 21 ദിവസം നിരാഹാരവ്രതം കിടന്നു. 46 ദിവസം കൊണ്ട് 400 നാഴിക പിന്നിട്ട് കൊട്ടിയൂർ ജാഥയുടെ ക്യാപ്റ്റനായി നടന്നു. ചുരുളികിരിത്തോട് ജാഥ നടത്തി അറസ്റ്റു വരിച്ചു. പലപ്പോഴും ജയിലിൽ



malankaralibrary.com

പോയി. എ.സി.എഫിന്റെ പ്രസിഡന്റ്, വിമോചന സമരസേനാനി, മലനാട് കർഷക യൂണിയൻ ജനറൽ സെക്രട്ടറി, കെ.ടി.പി. ജനറൽ സെക്രട്ടറി, കെ.ടി.പി. എം.എൽ.എ. മന്ത്രി, തൊഴിലാളിയുടെ ചീഫ് എഡിറ്റർ, ധനപരിധി സമതിയുടെ ഉപാദ്ധ്യക്ഷൻ, രക്തദാന-നേത്രദാന പ്രസ്ഥാനമായ ബി.ഇ.ഡി.യുടെ ഡെപ്യൂട്ടി ഡയറക്ടർ എന്നു വേണ്ട ഏതെല്ലാം പ്രസ്ഥാനങ്ങൾക്കും സംരംഭങ്ങൾക്കും ഞാൻ രൂപം കൊടുത്തുവോ അവയുടെ എല്ലാം സാരഥിയായി വെല്ലിംഗ്ടനെയാണ് കണ്ടെത്താറ്."

1956 ഏപ്രിൽ 25-ന് വെല്ലിംഗ്ടൺ കൊല്ലത്ത് അമൃതകുളം വീട്ടിൽ എലിസബത്തിനെ വിവാഹം ചെയ്തു. വെല്ലിംഗ്ടന്റെ പൊതുപ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി അവസാനനിമിഷം വരെ എലിസബത്ത് നിലകൊണ്ടു. വെല്ലിംഗ്ടൺ കമ്മ്യൂണിസ്റ്റുകളുടെ വെട്ടും കുത്തുമേറ്റ്, നടുറോഡിൽ കിടന്നപ്പോഴും കാരാഗ്രഹത്തിൽ കിടന്നപ്പോഴും നിരാഹാരവ്രതം അനുഷ്ഠിച്ചപ്പോഴും നിരന്തരസമരങ്ങളിൽ ഏർപ്പെട്ടപ്പോഴും എലിസബത്ത് യാതൊരു പരാതിയുമില്ലാതെ വെല്ലിംഗ്ടണോടൊപ്പം നിന്നു.



വെല്ലിംഗ്ടണും എലിസബത്തും

1955-മുതൽ എ.സി.എഫ്. പ്രവർത്തനം സജീവമായി തന്നെ വെല്ലിംഗ്ടൺ നടത്തി. 1956-ൽ എ.സി. എഫ്. പ്രസിഡന്റായതോടെ സംസ്ഥാനവ്യാപകമായി പ്രചരണവുമായി വെല്ലിംഗ്ടൺ ഓടി നടന്നു. 1956 നവംബറിൽ ആണല്ലോ കേരളാ സംസ്ഥാനം രൂപം കൊണ്ടത്. 1957-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അമ്പെ പരാജയപ്പെടുത്താനുള്ള പദ്ധതിയായിരുന്നു വടക്കനച്ചൻ ആസൂത്രണം ചെയ്തത്. 1951-ൽ ആരംഭിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്ക് 1956 ആയപ്പോഴേക്കും 2000-ൽപരം ശാഖകൾ ഉണ്ടായി.

ഇവയിൽ ഭൂരിപക്ഷവും ഒന്നോ രണ്ടോ പൊതുയോഗവും രണ്ടോ മൂന്നോ സ്റ്റഡിക്ലാസുകളും കഴിയുമ്പോൾ കോൺഗ്രസ്സ് കമ്മിറ്റികളായി മാറി. കേരളത്തിലെ കോൺഗ്രസ്സ് നേതാക്കളിൽ ഒട്ടു മിക്കവരും എ.സി.എഫിൽ പ്രവർത്തിച്ച് ആവേശം കൊണ്ടവരാണ്.




malankaralibrary.com




കൊച്ചി കോർപ്പറേഷൻ മേയർ, സ്പീക്കർ, എം.പി. എന്നീ നിലകളിൽ പ്രവർത്തിച്ച എ.സി.ജോസ്, കോൺഗ്രസ്സ് നേതാവ് ശങ്കര നാരായണൻ, കെ.പി.സി.സി. സെക്രട്ടറിയായിരുന്ന ബാലൻ, കുട്ടനാട് എം.എൽ.എ. ആയിരുന്ന തോമസ് ജോൺ മുതലായവർ എ.സി.എഫി.ൽ കൂടി വളർന്നു വന്നവരാണ്.



എ.സി. ജോസ്



തോമസ് ജോൺ



ശങ്കര നാരായണൻ

സേവാദൾ, ഐ.എൻ.ടി.യു.സി., യൂത്ത് കോൺഗ്രസ്സ് എന്നീ സംഘടനകളിലെ ആദ്യകാല പ്രവർത്തകരിൽ പലരും എ.സി.എഫി.ന്റെ പഠനക്കളരികളിലൂടെയും ലഘുലേഖകളിലൂടെയും ആശയസമ്പന്നരും ആവേശഭരിതരുമായവരാണ്.

## മട്ടാഞ്ചേരി തീസിസ്

കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ പ്രവർത്തനം ശക്തിപ്പെട്ടുകൊണ്ടിരുന്ന കാലത്താണ് കേരളസംസ്ഥാനം രൂപീകൃതമാകുന്നത്. കോൺഗ്രസ്സിന് സ്വാധീനക്കുറവുള്ള മലബാർ പ്രദേശം കേരളത്തിന്റെ ഭാഗമായിതീർന്നതിനാൽ അടുത്ത തെരഞ്ഞെടുപ്പിൽ ജനാധിപത്യകക്ഷികളുടെ വിജയം സംശയാസ്പദമായിരുന്നു. കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിൽ ഏറുന്നതു തടയാൻ ജനാധിപത്യകക്ഷികളുടെ ഒരു മുന്നണിയുണ്ടാക്കി തെരഞ്ഞെടുപ്പിനെ നേരിടണമെന്ന് എ.എസി.എഫ്. അഭ്യർത്ഥിച്ചു. കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികളെ തോല്പിക്കാൻ കോൺഗ്രസും പി.എസ്.പി.യും ലീഗും തമ്മിൽ ചില ധാരണകൾ ഉണ്ടാക്കണമെന്ന നിർദ്ദേശത്തെ കോൺഗ്രസ്സ് പുച്ഛരിച്ച് തള്ളുകയാണ് ചെയ്തത്. ഒറ്റക്കുനിന്നാലും ജയിക്കാമെന്ന തോന്നലായിരുന്നു കോൺഗ്രസ്സിനെ നയിച്ചത്. തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകൾക്ക് നിർണ്ണായക ഭൂരിപക്ഷം കിട്ടി അധികാരത്തിലേറി. ജനാധിപത്യകക്ഷികളുടെ ഐക്യനിര പടുത്തുയുർത്താൻ ഫാ. വടക്കനും ബി. വെല്ലിംഗ്ടണും നടത്തിയ ശ്രമങ്ങൾ വിജയം വരിച്ചില്ല.

ജനങ്ങളുടെ നന്മയായിരിക്കണം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടത്തുന്ന സഖ്യങ്ങളുടെയും ധാരണകളുടെയും നീക്കുപോക്കുകളുടെയും അടിസ്ഥാനലക്ഷ്യം. സ്വന്തം പാർട്ടിയുടെ അഭിമാനപ്രശ്നത്തിനും വികസനപ്രശ്നത്തിനും രണ്ടാം സ്ഥാനമേ കൊടുക്കാവൂ. ആ രീതിയിൽ ചിന്തിക്കാൻ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ കേരളാനേതൃത്വത്തിന് സാധിച്ചില്ല. തന്മൂലം കേരളം കമ്മ്യൂണിസ്റ്റ് പിടിയിലമർന്നു.




malankaralibrary.com

# 3. വിമോചനസമരം

1957 ഏപ്രിൽ 5-നാണ് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നത്. അതിന്റെ സന്തോഷസൂചകമായി 2052 ക്രിമിനൽ പുള്ളികളെ ജയിൽ തുറന്നുവിട്ടു. രാജ്യത്തെമ്പാടും ഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ക്രമസമാധാനം തകരുന്നതിനും ഈ നടപടി ഇടനൽകി. തുടർന്ന് ഏപ്രിൽ 11-ാം തീയതി ഒരു വിദ്യാഭ്യാസബിൽ- മാനേജുമെന്റിന് -മൂക്കുകയറിടാൻ കൊണ്ടുവരുമെന്ന് വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. അത് ജനങ്ങളുടെ ഒട്ടേറെ എതിർപ്പിന് കളമൊരുക്കി.


അതേ സമയം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കിഴ്ഘടകങ്ങൾ ഭരണം കൈയ്യാളി. പരാതി കൊടുക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലോക്കൽ കമ്മറ്റിയിൽ. വിസ്താരം നടത്തുന്നതും പറയുന്നതും ലോക്കൽ കമ്മറ്റി. കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ കാലികവും ഭരണപരവുമായ ഗുണചിന്തനത്തിനപ്പുറം പാർലമെന്ററി ഭരണസംവിധാനത്തെ ഉള്ളിൽ നിന്നും തകർക്കുമെന്ന ഒരു ഭീതി തന്നെ ഉണ്ടായി. ജനങ്ങൾ കമ്മ്യുണിസ്റ്റ്ഭരണകൂടത്തെ സംശയദൃഷ്ടിയോടുകൂടിയായിരുന്നു വീക്ഷിച്ചത്. ഈ ഭരണകൂടത്തിനെതിരെ ബഹുജനാഭിപ്രായം സംഘടിപ്പിക്കുന്നതിൽ മുൻനിന്ന് പ്രവർത്തിച്ചത് എ. സി.എഫും., ഫാ. വടക്കനും, ബി. വെല്ലിംഗ്ടണും ദീപിക പത്രവും തൊഴിലാളി പത്രവുമായിരുന്നു. ദീപികയുടെ മാനേജിംഗ് എഡിറ്ററായിരുന്ന ബഹു. ആന്റണി നരിതൂക്കിലച്ചനും പത്രാധിപരായിരുന്ന കെ.എം. ജോസഫും മാനേജേഴ്സ് അസോസിയേഷൻ സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണ്ണനാലും അനുഷ്ഠിച്ച സേവനങ്ങൾ വിസ്മരിക്കാവതല്ല.

1957 ജൂലൈയിൽ വിദ്യാഭ്യാസബില്ല് നിയമസഭയിൽ അവതരിപ്പിച്ചതോടുകൂടി ആ നിയമത്തിനെതിരായി വലിയ പ്രക്ഷോഭം നടന്നു. വിദ്യാ


ഫാ. ആന്റണി നരിതൂക്കിൽ


കെ.എം. ജോസഫ് (ദീപിക)


ഫാ. ജേക്കബ് മണ്ണനാൽ


ചെറിയാൻ കാപ്പൻ



malankaralibrary.com



ഭ്യാസനയത്തിനെതിരായി ആഗസ്റ്റ് 26-ന് വമ്പിച്ച ഒരു പ്രകടനും പൊതുയോഗവും നടത്താൻ തീരുമാനിച്ചു. പാലാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്രിസ്റ്റഫർ സേനയുടെ ഒരു ലക്ഷം അംഗങ്ങളെ തിരുവനന്തപുരം പ്രകടനത്തിൽ അണിനിരത്താനും നിശ്ചയിച്ചു. പ്രകടനത്തിന്റെ നേതാക്കളായി ചെറിയാൻ കാപ്പൻ, ബി.വെല്ലിംഗ്ടൺ, ചന്ദ്രോത്ത് കുമാരൻ എന്നിവരെയും തിരഞ്ഞെടുത്തു. ഫാ. വടക്കൻ, കുമ്പളത്തു ശങ്കുപ്പിള്ള, പൊന്നറ ശ്രീധർ തുടങ്ങിയവർ പ്രകടനത്തിന്റെ മുൻനിരയിൽ അണിനിരന്നു. ജാഥയെ പലസ്ഥലത്തും വച്ച് കമ്മ്യൂണിസ്റ്റുകൾ ആക്രമിച്ചു. പോലീസ് നിഷ്ക്രിയരായിനോക്കിനിന്നു. ഗുണ്ടകളുടെ തള്ളിക്കയറ്റവും അക്രമവും മുഖാന്തരം പഴവങ്ങാടിയിൽ ചേരാൻ നിശ്ചയിച്ച യോഗം പിരിച്ചുവിട്ടു. യോഗാനന്തരം സെന്റ് ജോസഫ് കോളേജിലേക്കു പോയ ബി.വെല്ലിംഗ്ടണെ നടുറോഡിൽ വച്ചു കമ്മ്യൂണിസ്റ്റുകൾ വെട്ടി.

പ്രക്ഷോഭങ്ങളെ അതിജീവിച്ച് ബിൽ പാസ്സാക്കി. സമരം കൂടുതൽ ശക്തമാക്കി. പാഠപുസ്തകകമ്മറ്റിയും സിലബസ് കമ്മറ്റിയും രൂപീകരിച്ചപ്പോൾ കമ്മ്യൂണിസ്റ്റുകൾക്ക് മുൻതൂക്കം നൽകി. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുട്ടികളിൽ കുത്തിവയ്ക്കാനുതകുംവിധമായിരുന്നു പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരുന്നത്. പാഠപുസ്തകങ്ങളിൽ ഗാന്ധിജിക്കും നെഹ്റുവിനും നൽകിയിതിനേക്കാൾ പ്രാധാന്യം മാവോസേതുങ്ങിനും ലെനിനും നൽകി. ചൈനീസ് വിപ്ലവത്തിനും റഷ്യൻ വിപ്ലത്തിനും നൽകിയ പ്രാധാന്യം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നൽകിയിരുന്നില്ല.

വിദ്യാർത്ഥികൾ നടത്തിയ ഒരണാസമരം ഗവണ്മെന്റിനെ അലോസരപ്പെടുത്തിയിരുന്നു. വിദ്യാർത്ഥിമർദ്ദനം നാടൊട്ടുക്ക് പ്രതിഷേധത്തിന് ഇടനൽകി. വിദ്യാഭ്യാസബില്ലിനെ ആദ്യം അനുകൂലിച്ച മന്നത്ത് പത്മനാഭൻ കാർഷികബന്ധ ബില്ല് പാസായതിനെ തുടർന്ന് സർക്കാരിനെ അട്ടിമറിക്കാൻ തയ്യാറായി. നാട്ടിൽ നടന്ന അക്രമങ്ങളെ എതിർക്കാൻ ആദ്യം രാഷ്ട്രീയകക്ഷികൾ ഒന്നും മുന്നോട്ടു വന്നില്ല. ഫാ. വടക്കൻ ശാന്തിസേന രൂപീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് അക്രമങ്ങളെ എതിർക്കാൻ തയ്യാറായി. കേരളത്തിലെ സമാധാനപ്രേമികൾ ചേർന്ന് അഞ്ചുലക്ഷം അംഗങ്ങളുള്ള ഒരു ശാന്തി സേന ഉണ്ടാകണമെന്ന ആശയത്തിന് ജനഹൃദയങ്ങളിൽ സ്വാധീനം ഉണ്ടാക്കുന്നതിനായി വടക്കനച്ചൻ അനിശ്ചിതകാല ഉപവാസം ആരംഭിച്ചു. നാടിന്റെ നാനാഭാഗത്തുനിന്നും നൂറുകണക്കിന് യുവജനങ്ങൾ ശാന്തിസേനയിൽ അംഗങ്ങളായി ചേർന്നു.

ഈ സംഭവങ്ങളുടെയെല്ലാം പിൻപിൽനിന്ന് ശക്തിപകർന്നത് വെല്ലിംഗ്ടണായിരുന്നു. പതിനായിരങ്ങളെ ആവേശം കൊള്ളിക്കുന്ന വെല്ലിംഗ്ടന്റെ പ്രസംഗം കേൾക്കാൻ ജനം തടിച്ചു കൂടിയിരുന്നു.

വിമോചന സമരവിജയത്തിനുശേഷം അക്രമം തുടർക്കഥയായി. തൃശൂരിൽ പൂമലകുര്യനെന്ന വോളണ്ടിയറെ കമ്മ്യൂണിസ്റ്റ് പ്രവർത്തകർ




malankaralibrary.com

കുത്തിക്കൊന്നു. അടുത്ത ദിവസം പൈലപ്പനെന്ന കമ്മ്യൂണിസ്റ്റുകാരൻ കുത്തേറ്റു മരിച്ചു. പൈലപ്പന്റെ മരണത്തെ തുടർന്ന് ഏറെ ക്ലേശിക്കേണ്ടിവന്നത് വെല്ലിംഗ്ടനാണ്. അദ്ദേഹത്തെ ഒന്നാം പ്രതിയാക്കാനാണ് പോലീസ് ശ്രമിച്ചത്. അറസ്റ്റിൽ പെടാതെ പ്രവർത്തനം തുടരാനായി വെല്ലിംഗ്ടനെ വടക്കനച്ചൻ സ്ഥലംമാറ്റി. മതിലകത്തിന് പടിഞ്ഞാറ് കടലോരത്തെ വേലാണ്ടിയുടെ വീട്ടിൽ മുടിയും താടിയും കളഞ്ഞ് വെല്ലിംഗ്ടൺ ഒളിച്ചിരുന്നു.



കെ. കരുണാകരൻ



പി.പി. ജോർജ്ജ്

പോലീസ് ഐ.ജി. കൃഷ്ണമേനോനെ കണ്ട് കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടു. ഐ.ജി. അതു സമ്മതിച്ചു. ക്രൈംബ്രാഞ്ചുകാർ സത്യം കണ്ടെത്തി. വെല്ലിംഗ്ടനെ കൊലക്കേസിൽ നിന്നും ഒഴിവാക്കി. മതിലകത്തുനിന്നും ഫാ. വടക്കൻ വെല്ലിംഗ്ടനെ കൊണ്ടുവന്നു. കെ. കരുണകരനും പി.പി. ജോർജ്ജും ഫാ. വടക്കന്റെ കൂടെയുണ്ടായിരുന്നു. വിമോചനസമരത്തിൽ പങ്കെടുത്ത് ഏറ്റം കൂടുതൽ ത്യാഗം സഹിച്ച നേതാക്കന്മാരിൽ ഒരാളായിരുന്നു വെല്ലിംഗ്ടൺ.

വിമോചന സമരത്തിന്റെ സർവ്വസൈന്യാധിപനായി തിരഞ്ഞെടുത്തത് ശ്രീ. മന്നത്തുപദ്മനാഭപിള്ളയെ ആയിരുന്നു. സമരസമിതിയുടെ സെക്രട്ടറി പ്രൊഫ. കെ.എം. ചാണ്ടി. 59 ദിവസം നീണ്ടുനിന്ന വിമോചന സമരത്തിൽ പതിനായിരക്കണക്കിന് ആൾക്കാർ സ്ത്രീപുരുഷ ഭേദമെന്യേ അറസ്റ്റു വരിച്ചു. വെടിവയ്പുകളും ലാത്തിച്ചാർജുകളും ടിയർഗ്യാസ് പ്രയോഗങ്ങളും പോലീസ് മർദ്ദനങ്ങളും ജനങ്ങളെ അവേശഭരിതരാക്കി. 1959 ജൂലൈ 31-ന് കേരളസർക്കാരിനെ കേന്ദ്രഗവണ്മെന്റ് ഡിസ്മിസ് ചെയ്തു. അതോടെ വിമോചന സമരം വിജയിച്ചു.



മന്നത്തു പത്മനാഭ പിള്ള



പ്രൊഫ. കെ.എം. ചാണ്ടി



കുമ്പളത്തു ശങ്കുപിള്ള



പൊന്നറ ശ്രീധരൻ




malankaralibrary.com




# 4. ഐക്യമുന്നണി മന്ത്രിസഭയും കുടിയിറക്കുകളും

1959-ലെ വിമോചനസമരം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അധികാരത്തിൽ നിന്നും താഴെയിറക്കി. എ.സി.എഫി.ന്റെ മട്ടാഞ്ചേരി തീസസ്സിന്റെ ചൈതന്യത്തിൽ വളർന്നുവന്ന മുന്നണിയാണ്-കോൺഗ്രസ്സ് പി.എസ്.പി. ലീഗ് സഖ്യമാണ് - പിന്നീട് നടന്നതെരഞ്ഞെടുപ്പിൽ മത്സരിച്ചത്. വമ്പിച്ച ഭൂരിപക്ഷത്തോടെ മുന്നണി അധികാരത്തിലേറി. സീനിയർ നേതാവ് പി.എസ്.പി.ക്കാരനായ പട്ടം താണുപിള്ളയെ മുഖ്യമന്ത്രിയാക്കി. ആർ. ശങ്കർ ഡെപ്യൂട്ടി മുഖ്യമന്ത്രിയും പി.ടി. ചാക്കോ ആഭ്യന്തരമന്ത്രിയുമായി. ലീഗിന്റെ മേൽ വർഗ്ഗീയത ആരോപിച്ച് ഭരണത്തിൽനിന്നു മാറ്റിനിറുത്തി. ലീഗിന് സ്പീക്കർ പദവി നൽകി.



പട്ടം താണുപിള്ള

ഐക്യമുന്നണി സർക്കാരിന്റെ ഭരണകാലത്താണ് ഭീകരമായ കുടിയിറക്ക് ഹൈറേഞ്ചിൽ നടന്നത്. 1940 കളിൽ തിരുവിതാംകൂറിൽ വ്യാപകമായ ഭക്ഷ്യക്ഷാമം കൊടുംപിരികൊണ്ടപ്പോൾ സർക്കാരിന്റെ പ്രോത്സാഹനഫലമായി ആയിരക്കണക്കിന് കർഷകർ ഹൈറേഞ്ചിലേക്ക് കുടിയേറി. 1957-ഏപ്രിൽ 27-ന് മുമ്പ് ഭൂമിയിൽ നിന്ന് കൈവശക്കാരെ ഒഴിപ്പിക്കില്ലെന്നും ഭൂരഹിതർക്ക് എവിടെയെങ്കിലും ഭൂമി നൽകുമെന്നും പുതിയ കയ്യേറ്റം തടയുമെന്നും കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പ്രഖ്യാപിച്ചിരുന്നു. നടപടികൾക്ക് കാലതാമസം ഉണ്ടായപ്പോൾ ഹൈറേഞ്ചിലേക്ക് വ്യാപകമായ കുടിയേറ്റമുണ്ടായി. അവർക്ക് പട്ടയം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വ്യാപകമായ പ്രക്ഷോഭണം നടന്നു. അതേ സമയം സർക്കാർ മലയോര കർഷകരെ കുടയിറക്കി വിടാനുള്ള ശ്രമങ്ങളും നടന്നു.



പി.റ്റി. ചാക്കോ



ആർ. ശങ്കർ

## അമരാവതി കുടിയിറക്ക്

കേരള സാഹിത്യ അക്കാഡമി പ്രസിദ്ധീകരിച്ചതും കെ.ടി രാജീവ്



malankaralibrary.com

എഴുതിയതുമായ ഇടുക്കി മണ്ണും മനുഷ്യരും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു (11 പേജ് 124-125) 1961 മെയ് 2 രാവിലെ 8 മണി. ചിന്നം പിന്നം തോരാതെ പെയ്യുന്ന മഴയും കൊടും തണുപ്പും. യുദ്ധ-കലാപസമാനമായ അന്തരീക്ഷത്തെ അനുസ്മരിപ്പിക്കും വിധം അയ്യപ്പൻകോവിൽ ഗ്രാമമാകെ സായുധപോലീസ് സന്നാഹം. കുടിയിറക്കൽ കഥ വളരെ നേരത്തെ തന്നെ കേട്ടു തുടങ്ങിയ ഗ്രാമവാസികൾ ഉറങ്ങിയിട്ട് നാളുകളേറെയായി. അയ്യപ്പൻ കോവിൽ മേഖലയിലെ കുടിയിറക്കിന്റെ പരിധിയിൽപ്പെട്ട 1700-ൽ പരം കുടുംബാംഗങ്ങളും പൂർണ്ണമായും തലേദിവസവും ഉറങ്ങിയിരുന്നില്ല. മുതിർന്നവർ ഭക്ഷണവും കഴിച്ചിരുന്നില്ല.

തങ്ങളെ കുടിയിറക്കുമോ ഇനി എന്താശ്രയം എന്നൊക്കെയുള്ള പിഞ്ചുകുട്ടികളുടെ പോലും രാത്രിയിലെ ചോദ്യങ്ങൾക്കു മുൻപിൽ മാതാപിതാക്കൾക്ക് മറുപടിയില്ലായിരുന്നു.

പ്രദേശം മുഴുവൻ 600 സായുധപോലീസ് വലയത്തിലായിരുന്നു. സ്വരാജിന് സമീപമുള്ള മറ്റപ്പള്ളി കവലയിലെ കുടിലുകളിൽ നിന്നും രാവിലെ തന്നെ കൂട്ടനിലവിളിയും അലമുറയും. മുലകുടി മാറാത്ത പിഞ്ചുകുട്ടികളുൾപ്പെടെയുള്ളവർ അമ്മയെകെട്ടിപ്പിടിച്ച് നിലവിളിക്കുന്നു. വളരെകഷ്ടപ്പെട്ട് കെട്ടി ഉയർത്തിയ കുടിലുകൾ തീയിട്ടു. ചെറുത്ത കുടുംബാംഗങ്ങളെ മറ്റത്തേക്ക് വലിച്ചെറിഞ്ഞു. അദ്ധ്വാനിച്ച് വളർത്തിവന്ന കൃഷിദേഹണ്ഡങ്ങൾ മറ്റൊരു സംഘം പോലീസുകാർ വെട്ടുന്നു. കുലച്ച വാഴകളും കൊയ്യാറായ പാടങ്ങളും വെട്ടിനശിപ്പിക്കുന്നു. കുടിലുകളിൽ നിന്ന് തീയും പുകയും ഉയർന്നു. എങ്ങും കൂട്ടനിലവിളി, പുരുഷന്മാരെ മർദ്ദിക്കാൻ പോലീസുകാർ പാഞ്ഞടത്തു. രംഗം കണ്ടനിരവധിപേർ ബോധം കെട്ടു നിലത്തുവീണു, കലിയും ഭ്രാന്തും പിടിച്ച സായുധപോലീസോ ഇവർ. മനുഷ്യരോ മൃഗങ്ങളോ എന്ന് വിളിച്ച് ചിലർ ഭയന്നോടി. തങ്ങളുടെ പിഞ്ചോമനകളെയും വളർത്തു മൃഗങ്ങളെയും എങ്ങോട്ടു കൊണ്ടു പോകുമെന്ന് ഒരു ലക്ഷ്യവുമില്ലാതെ കുടുംബങ്ങൾ കൂട്ടത്തോടെ നിലവിളിച്ചു. സിനിമാരംഗങ്ങളോ കിനാവോ ആയിരുന്നില്ല അപരിഷ്കൃത സമൂഹത്തെപ്പോലും ഞെട്ടിപ്പിക്കും വിധം പൈശാചികമായി കർഷക കുടുംബങ്ങളെ തെരുവിലേക്ക് വലിച്ചെറിഞ്ഞ അധികാരികൾക്കെതിരെ രോഷാഗ്നി നുരഞ്ഞുപൊങ്ങി. ഇനി ജീവിതമില്ലെന്ന് ബോദ്ധ്യമായ ഞങ്ങൾ ജീവച്ഛവമായതായും എന്തിനും തയ്യാറായതായും അയ്യപ്പൻ കോവിൽ കുടിയിറക്കലിന് ഇരയായ കർഷകർ ഇന്നും അനുസ്മരിക്കുന്നു."

കുടിയിറക്കിനെതിരായി യാതൊരു സംഘടിത നീക്കവും അന്നുണ്ടായില്ല. പത്രങ്ങൾ പോലും സർക്കാരിനെ കുറ്റപ്പെടുത്താൻ തയ്യാറായില്ല. കുടിയേറ്റ കർഷകരെ കയ്യേറ്റക്കാരെന്ന് മുദ്രയടിക്കാൻ സംഘടിതശ്രമം തന്നെ നടന്നു. ദീപികമാത്രമായിരുന്നു അന്ന് കുടിയേറ്റ കർഷകർക്ക് ആശ്രയം ഈ ലേഖകൻ അമരാവതിയിലും അയ്യപ്പൻ കോവിലിലുമെല്ലാം വിവരങ്ങൾ ശേഖ



malankaralibrary.com





ഫാ. ജയിംസ് വെട്ടിക്കാട്ട്

തിക്കാനായി പോയി. ഫാ. ജെയിംസ് വെട്ടിക്കാടനെ മാത്രം അവിടെ കണ്ടു. ഒറ്റക്ക് എന്തു ചെയ്യാൻ സാധിക്കും. ഞങ്ങൾ തമ്മിൽ സംസാരിച്ചെങ്കിലും ഒരു സംഘടിത നീക്കത്തിന് കളമൊരുക്കുവാൻ സാധിച്ചില്ല. കുടിയിറക്കപ്പെട്ട കർഷകരോടൊപ്പം നിന്ന് കരയാനല്ലാതെ മറ്റെന്തുചെയ്യാനാണ്? അമരാവതിയിൽ എത്തിയപ്പോൾ ജോസ് തുണിയംപ്രാൽ എന്ന സാമൂഹ്യ പ്രവർത്തകനെകണ്ടു. ഒരു നല്ല നേതൃത്വം അമരാവതിയിലും അയ്യപ്പൻ കോവിലിലും ഒക്കെ ഉണ്ടാകുന്നതിനെപ്പറ്റി ചിന്തിച്ചു. അതിന് നേതൃത്വം കൊടുക്കാൻ ഞങ്ങൾ പ്രാപ്തരല്ലെന്നറിയാമായിരുന്നു. ജോസ് തുണിയംപ്രാൽ ഒരു നിരാഹാര സത്യാഗ്രഹം ഇരിക്കുന്നതിനെപ്പറ്റി ആലോചിച്ചു.

വിമോചന സമരത്തിനുശേഷം അധികാരമേറ്റെടുത്ത ഐക്യമുന്നണി സർക്കാരിനെതിരെ ഒരു സമരവും പാടില്ലന്നായിരുന്നു വൈദിക മേലദ്ധ്യക്ഷന്മാർ പലരുടെയും അഭിപ്രായം. അവർക്കെതിരെ ശക്തമായ ഒരു നിലപാട് എടുക്കുവാൻ കഴിവുള്ളവർ ആരും രംഗത്തുവന്നില്ല. അമരാവതിയിലെ സ്ഥിതികൾ വിശദീകരിച്ചുകൊണ്ടും ആ പ്രദേശം ഒന്ന് സന്ദർശിച്ച് സത്യാവസ്ഥമനസ്സിലാക്കണമെന്നും കാണിച്ച് അന്നത്തെ സീറോ-മലബാർ സഭയിലെ എല്ലാ മെത്രാന്മാർക്കും ഞാൻ കത്തയച്ചു. എന്നെപ്പോലെ അപ്രശസ്തനായ - ആരിലും  അറിയപ്പെടാത്തവനായ ഒരു സാധാരണക്കാരന്റെ കത്തിന് യാതൊരു ചലനവും സൃഷ്ടിക്കാൻ സാധിക്കുകയില്ലെന്ന് എനിക്കറിയാമായിരുന്നു. കുടിയിറക്കിനെതിരായി നടത്തുന്ന സമരമെല്ലാം കമ്മ്യൂണിസ്റ്റുകളുടെ തിരിച്ചു വരവിന് കളമൊരുക്കുമെന്നും അതിനാൽ കോൺഗ്രസ്സിനെതിരായി ഒരുനിലപാടെടുക്കരുതെന്നും ഉള്ള നിലപാട് ആണ് മെത്രന്മാർ സ്വീകരിച്ചത്. എന്റെ അമരാവതി സന്ദർശനം കൊണ്ടും പിതാക്കന്മാർക്ക് കത്തയച്ചതുകൊണ്ടും യാതൊരു പ്രയോജനവും ഉണ്ടാവുകയില്ലെന്ന് എനിക്കറിയായമായിരുന്നു. എങ്കിലും അമരാവതിക്കാരോട് ഒരു ഐക്യദാർഢ്യം പ്രകടിപ്പിക്കുകയെന്നതു മാത്രമായിരുന്നു എന്റെ ലക്ഷ്യം.

കുടിയൊഴിപ്പിക്കലിന് ഇരയാകുന്നവർക്ക് കൃഷിചെയ്യാൻ ഒരേക്കർ സ്ഥലത്തിനു പുറമേ 25 രൂപയും 10 കിലോ അരിയും കുടിൽ കെട്ടാൻ 25 മുളയും കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും അതൊന്നും നൽകാതെയാണ് കുടിയിറക്കിയത്.

ഐക്യമുന്നണി ഗവണ്മെന്റിനെ അധികാരത്തിലേറ്റിയത് പ്രധാനമായും മലയോര കർഷകരാണ്. കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെതിരായ വിമോചനസമരത്തിന് മുഖ്യ നേതൃത്വം നൽകിയത് കർഷകരാണ്. മലയോര കർഷകർ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെതിരായി സമരം നടത്തിയവരാണെങ്കിലും ഒരു പ്രതിസന്ധിഘട്ടത്തിൽ അവരെ സഹായിക്കാൻ എത്തിയത് എ.കെ.ജിയും കമ്മ്യൂണിസ്റ്റ്



malankaralibrary.com

പാർട്ടിയുമാണ്. ഐക്യമുന്നണി സർക്കാരിനെ അധികാരത്തിലേറ്റിയത് മലയോരകർഷകരാണെങ്കിലും അവരോട് കൊടും ക്രൂരത കാട്ടിയത് ഐക്യമുന്നണി സർക്കാരായിരുന്നു.

അമരാവതിയിലെ കുടിയിറക്കു നടക്കുമ്പോൾ എ.കെ.ജി. കിസാൻ സഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട് വടക്കേ ഇന്ത്യൻ പര്യടനത്തിലായിരുന്നു. അയ്യപ്പൻ കോവിലിലെ കർഷകരുടെ ദുരവസ്ഥയറിഞ്ഞ് വടക്കേ ഇന്ത്യൻ പരിപാടി വെട്ടിച്ചുരുക്കി എ.കെ.ജി കേരളത്തിലെത്തി. 1961 മെയ് 30-ന് എ.കെ.ജി കോട്ടയത്തു വന്നു. പിറ്റേന്ന് കെ.ടി.ജേക്കബ്ബിനെയുംകൂട്ടി അമരാവതിയിൽ എത്തി. അവിടെ കർഷകർ സംഘടിപ്പിച്ച യോഗത്തിൽ എ.കെ.ജി പ്രസംഗിച്ചു. എ.കെ.ജിക്ക് അമരാവതിയിൽ ഉഗ്രൻ വരവേൽപ്പാണ് നൽകിയത്. അവിടെ നിന്ന് എ.കെ.ജി അയ്യപ്പൻ കോവിലിലേക്കു പോയി.


എ.കെ. ഗോപാലൻ

കുടിയിറക്കു ഭീഷണി ഉയർന്നു വന്നപ്പോൾ ചില കോൺഗ്രസ്സ് പ്രവർത്തകർ സ്വീകരിച്ച നിലപാടുകൾ കർഷകർക്ക് അപകടമായി തീർന്നു. കോൺഗ്രസ്സ് നേതാക്കൾ കർഷകരെ കുടിയിറക്കില്ലെന്നും അവരുടെ സഹായത്തിന് തങ്ങൾ ഉണ്ടാകുമന്നും പറഞ്ഞു പ്രചരിപ്പിച്ചു. നിങ്ങളെ കുടിയിറക്കണമെങ്കിൽ മച്ചിപ്പശു പ്രസവിക്കണമെന്ന് വീമ്പിളക്കി നടന്ന പി.സി. ചെറിയാനും ലൂക്കോസും കുറെ പണപ്പിരിവും നടത്തിനടന്നു. അയ്യപ്പൻകോവിലിൽ നിന്നും കുടിയിറക്കിയവർക്ക് ഒന്നും ചെയ്തില്ല. ഒരു പോലീസ് സ്റ്റേഷനും മജിസ്ട്രേറ്റ് കോടതിയും അയ്യപ്പൻ കോവിലിൽ സ്ഥാപിച്ചുകൊണ്ട് മെയ് 2 മുതൽ ദിവസം 100 വീട്ടുകാരെ വീതം കുടിയിറക്കി അവരുടെ ദേഹണ്ഡങ്ങളും വീടുകളും അഗ്നിക്കിരയാക്കി. എന്നാൽ സർക്കാർ കുടിയൊഴിപ്പിക്കൽ നടപടികളുമായി നീങ്ങിയപ്പോൾ സ്ഥിതിഗതിൾ വഷളായി എന്ന് ബോദ്ധ്യപ്പെട്ടവർ പണപ്പിരിവ് നടത്തിയ നേതാക്കൾക്കെതിരെ തിരിഞ്ഞു. ജാതിമത രാഷ്ട്രീയ ചിന്തകൾക്കതീതമായി കുടിയിറക്കിനെ ഒറ്റക്കെട്ടായി നേരിടാൻ തീരുമാനിച്ചു.

കെ.ടി. രാജീവിന്റെ പുസ്തകത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കാം. (പേജ് 125) " കോരിച്ചൊരിയുന്ന മഴ. 1961 ജൂൺ ആറിലെ കുമളിയിലെ സായാഹ്നം. സ്ത്രീകളും കുട്ടികളും പുരുഷന്മാരും ഉൾപ്പെടുന്ന വലിയ ജനക്കൂട്ടം തിമർത്തു പെയ്യുന്ന മഴയെ വകവയ്ക്കാതെ കാത്തുനിൽക്കുകയാണ്. അയ്യപ്പൻ കോവിലിൽ നിന്നും കുടിയിറക്കി അമരാവതിയിൽ തള്ളിയ കർഷകരാണ് എ.കെ. ജിയേയും ഇ.എം.എസ്സിനെയും കാത്ത് രാവിലെ മുതൽ മഴനനയുന്നത്. അനാരോഗ്യം ഉണ്ടെങ്കിലും നിരാഹാരസമരത്തിനായി ഉറച്ച് കുമിളിയിൽ എത്തിയ നേതാക്കളെ സ്നേഹോഷ്മളമായി വരവേറ്റു. ഞങ്ങൾ രാവിലെ മുതൽ മഴ



malankaralibrary.com



നനഞ്ഞു നിൽക്കുകയാണെന്നും ഇനിയും എത്രനേരം വരെയും നിൽക്കാൻ തയ്യാറാണെന്നും അവർ ഉറക്കെ വിളിച്ചു പറഞ്ഞു.

കുമളിക്കടുത്ത് അമരാവതിയിൽ താൽക്കാലിക സമരപന്തലിൽ എ.കെ.ജി. നിരാഹാരം ആരംഭിച്ചു ദിവസങ്ങൾ പിന്നിട്ടപ്പോൾ എ.കെ.ജിയുടെ ആരോഗ്യനിലവഷളായി. സമര പന്തലിലേക്ക് നാനാ തുറകളിലുള്ളവരുടെ പ്രവാഹം തന്നെയുണ്ടായി. പള്ളിയിൽ പോകാൻ വന്ന ക്രിസ്ത്യാനികൾ ബൈബിളുമായി നിന്ന് സമരപന്തലിൽ എ.കെ.ജി.യുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുകയും സർവ്വ മതപ്രാർത്ഥന നടത്തുകയും ചെയ്തു. നാടാകെ പ്രതിഷേധ പ്രകടനങ്ങളും യോഗങ്ങളും. രാജ്യ വ്യാപകമായി അലയടിച്ച പ്രതിഷേധത്തിനൊടുവിൽ ഭരണാധികാരികൾ ഒത്തു തീർപ്പിന് തയ്യാറായി.

ഇന്ത്യയുടെ ചരിത്രത്തിൽ ശ്രദ്ധേയമായ കർഷകസമരങ്ങളിലൊന്നാണ് അമരാവതി സമരം. ഇത് പിന്നീട് സംസ്ഥാനത്തെയും രാജ്യത്തെയും ശ്രദ്ധ പിടിച്ചുപറ്റുന്നതായി. ഐതിഹാസികമായ ഈ കർഷക സമരംകൊണ്ട് അമരാവതി രാജ്യമെമ്പാടും അറിയപ്പെട്ടു"

സർക്കാർ കർഷകർക്ക് നേരത്തെ പ്രഖ്യാപിച്ച സാമ്പത്തിക സഹായവും വീടുവയ്ക്കാനുള്ള ഉപകരണങ്ങളും നൽകിയില്ല അമരാവതിയിലെ സംഭവങ്ങളെപ്പറ്റി എ.കെ.ജി തന്നെ എന്റെ ജീവിതകഥയിൽ വിവരിക്കുന്നതിങ്ങനെ "ഷെഡും പരിസരവും മുഴുവൻ ചെളിയായിരുന്നു. അങ്ങോട്ടു കടക്കാൻ പോലും പ്രയാസം. ശക്തിയായ കാറ്റ് വീശുന്നുണ്ടായിരുന്നു. നനഞ്ഞ് കുതിർന്ന് തറയിൽ കീറപ്പായ് വിരിച്ച് കുട്ടികൾ കിടക്കുന്നു. പുരുഷന്മാരും വൃദ്ധരും സ്ത്രീകളും നിറകണ്ണുകളോടെ തങ്ങളുടെ ദുഃഖത്തിന്റെ കഥ വിവരിച്ചു. ഹൃദയമുള്ള ഒരാൾക്കും കരയാതെ അവിടെ നിന്നും പോകുവാൻ സാദ്ധ്യമല്ല. ഷെഡിന് പുറത്ത് ചില വീടുകളുടെ തൊഴുത്തിൽ കന്നുകാലികളോടൊത്ത് ചില കുടുംബങ്ങൾ താമസിക്കുന്നു. ഇത് മനുഷ്യത്വത്തോടുള്ള വെല്ലുവിളിയായാണ് ഞാൻ കണക്കാക്കിയത് അധികാരലഹരി തലക്കു പിടിച്ച ഗവണ്മന്റും മന്ത്രിമാരും ഈ പാവങ്ങളെപ്പറ്റി ചിന്തിച്ചില്ല"

എ.കെ.ജിയുടെ ഉപവാസം ഇന്ത്യയൊട്ടാകെ ചലനം സൃഷ്ടിച്ചു. തങ്ങളെ അധികാരത്തിലേറ്റിയവരോട് ഐക്യമുന്നണി സർക്കാർ സ്വീകരിച്ച നടപടിയിൽ ജനങ്ങളെല്ലാം അസംതൃപ്തരയായിരുന്നു. ആ അസംതൃപ്തിയുടെ ആഴം മനസ്സിലാക്കാൻ കോൺഗ്രസ്സുകാർക്കു സാധിച്ചില്ല.

ഫാ. വടക്കൻ വിദേശപര്യടനത്തിൽ മുഴുകിയിരിക്കുമ്പോൾ ആണ് കിഴക്കൻ മലയോരത്ത് ലോക ചരിത്രത്തിൽ കേട്ടുകേൾവി പോലുമില്ലാത്ത ഒരു കുടിയിറക്ക് നടത്തിയത്. ഈ വിവരം ബോംബെയിൽ എത്തിയപ്പോഴാണ് ഫാ. വടക്കൻ അറിയുന്നത്. ഫാ.വടക്കന്റെ ആത്മകഥയായ എന്റെ കുതിപ്പും കിതപ്പും എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം. (പേജ് 151)

" മിഥുന കർക്കിടകമമാസം. കാറ്റും മഴയും കൂടുതലുള്ള കൊല്ലം. അമ



malankaralibrary.com

രാവതിയിൽ നൂറുകണക്കിനാളുകൾ വിശപ്പും തണുപ്പും കാരണം രോഗികളായി. കുടിയിറയ്ക്കപ്പെട്ടവർക്ക് തല ചായ്ക്കാൻ അഞ്ച് സെന്റ് സ്ഥലം പോലും സർക്കാർ കൊടുത്തില്ല.

എന്നെപ്പോലുള്ള പതിനായിരകണക്കിന് മനുഷ്യർ പടപൊരുതി രൂപം കൊടുത്ത മന്ത്രിസഭ ഈ ക്രൂരകൃത്യം ചെയ്യുകയോ? ആദ്യം എനിക്കത് വിശ്വസിക്കുവാൻ സാധിച്ചില്ല. പഴയമലയാളപത്രങ്ങൾ പലതും മറിച്ചും തിരിച്ചും നോക്കി. കുടിയിറക്ക് നടന്നിരിക്കുന്ന സാധുക്കളായ ആ ജനസഹസ്രങ്ങളെ രക്ഷിക്കാൻ എ.കെ.ജി രംഗത്തെത്തി. അദ്ദേഹം അമരാവതിയിൽ നിരാഹാരവ്രതം തുടങ്ങിയിരിക്കുന്നു. മലയോരമാകെ ഇളകി വശായിരിക്കുന്നു.

ഞാൻ ക്ഷോഭാകുലനായി. ബോംബെയിലെ സ്വീകരണപരിപാടി ഉപേക്ഷിച്ച് കൊച്ചിയിൽ പറന്നെത്തി. അപ്പോൾ നേരിയ പനിയുണ്ടായിരുന്നു. തൃശൂർ എത്തിയപ്പോൾ 103 ഡിഗ്രിയായി. നാലു ദിവസത്തെ പൂർണ്ണ വിശ്രമം ഡോക്ടർമാർ ആവശ്യപ്പെട്ടു. പക്ഷെ എന്റെ ആത്മാവ് അമരാവതിയിലായിരുന്നു. അതിനാൽ പനിയും ക്ഷീണവും പരിഗണിക്കാതെ വെല്ലിംഗ്ടണെയും കൂട്ടി ജൂൺ 10-ന് അമരാവതിയിൽ എത്തി.

മരിക്കുമെന്നായപ്പോൾ എ.കെ.ജിയെ അറസ്റ്റു ചെയ്ത് കോട്ടയം ആശുപത്രിയിലേക്ക് കൊണ്ടുപോയിരിക്കുന്നു. മലയോരമാകെ ചെങ്കൊടികളാൽ നിറഞ്ഞിരിക്കുന്നു. ആയിരങ്ങളുടെ ഒരുഗ്രൻ പ്രകടനം നടക്കുകയാണ്. ഞങ്ങൾ ഒരു ഭാഗത്തേക്ക് മാറി നിന്നു. അപ്പോഴതാ മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ എന്റെ പക്കലേക്ക് ഓടി വരുന്നു നെഞ്ചത്ത് ഒരിടിയിടിച്ചുകൊണ്ട് ഇടറിയ സ്വരത്തിൽ അലറിപ്പറഞ്ഞു. വടക്കനച്ചോ അച്ചൻ ഇവിടെയുണ്ടായിരുന്നുവെങ്കിൽ ഈ കുടിയിറക്കു നടക്കുകയില്ലായിരുന്നു. മീനച്ചിൽ താലൂക്കിലെ ഒരു വിരുദ്ധമുന്നണി പ്രവർത്തകനായിരുന്നു ആ യുവാവ്. അപ്പോഴേക്കും ജാഥയിലെ ആളുകൾ എന്നെ വളഞ്ഞു ചട്ടയും ഞൊറിയുമുള്ള സ്ത്രീകളായിരുന്നു അധികവും. എല്ലാവരും കൂടി ഒരു കൂട്ടനിലവിളി. അച്ചോ അച്ചൻ ഞങ്ങളെ രക്ഷിക്കണം. എന്റെ ഹൃദയം ദ്രവിച്ചു. ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാനും കരഞ്ഞു. കണ്ണീർ തുടച്ചുകൊണ്ട് തൊണ്ടയിടറിപ്പറഞ്ഞു. ഞാൻ നിങ്ങൾക്കുവേണ്ടി മരിക്കാം എ.കെ.ജിയും ഞാനും, കമ്മ്യൂണിസ്റ്റുകളും ആന്റി കമ്മ്യൂണിസ്റ്റുകളും ഒറ്റക്കെട്ടായി നിന്ന് ഈ കുടിയിറക്കിനെ നേരിടും. ജനസഹസ്രം ജയാരവം മുഴക്കി. ഒരു പുതിയ രക്ഷകനെ കണ്ടെത്തിയ പോലെ ആ അമ്മപെങ്ങന്മാർ നെടുവീർപ്പെട്ടു.

പതിനായിരത്തിലധികം മനുഷ്യമക്കളാണ് അമരാവതിയിൽ അടിഞ്ഞുകൂടിയിരുന്നത്. ചാകരപോലെ സർക്കാർ ഷെഡ് കെട്ടി കൊടുത്തിരുന്നു. നാല്പതു വീട്ടുകാർക്ക് തലചായ്ക്കേനേ അതിൽ ഇടമുണ്ടായിരുന്നുള്ളൂ. മറ്റുള്ളവരെല്ലാം വെറും മരച്ചുവട്ടിൽ. ഞങ്ങൾ ചെന്ന ദിവസം മൂന്നു



malankaralibrary.com



റിലധികം കുഞ്ഞുങ്ങൾ പനിയും അതിസാരവുമായി മരണത്തോട് മല്ലിടുകയായിരുന്നു. മനുഷ്യത്വം വെല്ലുവിളിക്കപ്പെട്ട മലയോരം!

ഒരു മന്ത്രി പോലും ആ രംഗത്തേക്ക് ചെന്നില്ല. ഒരു വൈദികനെയും കന്യാസ്ത്രീയേയും ഞാനവിടെ കണ്ടില്ല. ഒന്നോ രണ്ടോ യുവവൈദികർ കുടിയിറക്കിനെ പ്രതിഷേധിച്ച് രംഗത്തേക്ക് ചാടിവീണതായിരുന്നു. അച്ചന്മാർ അമരാവതിയിലേക്ക് പോകരുത്, ഗവണ്മെന്റിനെ എതിർക്കരുത്. രാഷ്ട്രീയം വൈദീകർക്കു ചേർന്നതല്ല. കമ്മ്യൂണിസ്റ്റുകാർ തന്നെ ആ പ്രശ്നം കൈകാര്യം ചെയ്യട്ടെ ഇതായിരുന്നു മെത്രാന്മാരുടെ നിലപാട്. 25 കൊല്ലം കഴിഞ്ഞ് തങ്കമണിയിലെ അച്ചനും ഈ വിലക്ക് ഉണ്ടായല്ലോ.

നമ്മുടെ മന്ത്രിസഭയെ നാം എതിർക്കുകയോ? കോൺഗ്രസ്സ് മന്ത്രിയായ ചാക്കോയുടെ കീഴിലല്ലേ പോലീസ് മുഴുവൻ. ആ സ്ഥിതിക്ക് പോലീസ് ക്രൂരതകാട്ടിയെന്ന് പറയാമോ? ഇതായിരുന്നു കോൺഗ്രസ് പ്രവർത്തകരുടെ നില. മുഖ്യമന്ത്രിപട്ടം ആയിരുന്നതിനാൽ സോഷ്യലിസ്റ്റുകാരും അനങ്ങിയില്ല. മുസ്ലീംലീഗുകാർക്ക് ഇത്തരം പ്രശ്നങ്ങൾ അന്നും ഇന്നും ബാധകമാല്ലതാനും.

ഞാൻ കൂസിയില്ല. ഉഗ്രൻ കമ്മ്യൂണിസ്റ്റ് വിരുദ്ധനായ ഞാൻ അത്യുഗ്രൻ കമ്മ്യൂണിസ്റ്റ് നേതാവായ എ.കെ.ജിയെ ആശ്ലേഷിച്ചതോടെ കമ്മ്യൂണിസ്റ്റിതര വൃത്തങ്ങളിൽ വലിയ ഭൂകമ്പമായി.

ഞങ്ങൾ പിറ്റേന്ന് തൃശൂർക്ക് കോട്ടയം വഴിയാണ് പോയത്. അമരാവതി രംഗങ്ങൾ വിശദീകരിച്ചുകൊണ്ട് ആവേശോജ്ജ്വലമായ ഒരു പ്രസ്താവന മനോരമയിൽ വച്ച് എഴുതി തയ്യാറാക്കി. അമരാവതിയിലെ ദയനീയ രംഗങ്ങൾ മനോരമ കെ.എം. മാത്യുവിന് ഞാൻ വിശദീകരിച്ചുകൊടുത്തു പാവങ്ങളോട് കൂറും സ്നേഹവുമുള്ള മാത്യു എന്റെ വിശദീകരണം കേട്ട് വികാരഭരിതനായി. അദ്ദേഹം ബഹ.പത്രാധിപന്മാരെ വിളിച്ചുകൂട്ടി അമരാവതി പ്രശ്നത്തിൽ സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് ഒരു മുഖപ്രസംഗം തയ്യാറാക്കാൻ പറഞ്ഞു. എന്റെ പ്രസ്താവന പരിപൂർണ്ണമായി പ്രസിദ്ധീകരിക്കാമെന്നുമേറ്റു. പക്ഷെ അതു രണ്ടും നടന്നില്ല.... മാത്യുവിനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ആ കുടിയിറക്കിന്റെ പിന്നിൽ വമ്പന്മാരുടെ ഗൂഡാലോചനകളും ചരടുവലികളും ഉണ്ടായിരുന്നു.

അമരാവതിയിൽ നിന്നും പിറ്റേന്ന് തൃശൂർക്ക് പോന്നത് അനങ്ങാതെ ഇരിക്കാനായിരുന്നില്ല. സഹപ്രവർത്തകരെയും സുഹൃത്തുക്കളെയും വിളിച്ച് കരളലിയിക്കുന്ന അമരാവതിക്കാട്ടിലെ അനുഭവങ്ങൾ വിവരിച്ചു. നാളെ 2000 ബ്ലാങ്കറ്റുകളെങ്കിലും കൊണ്ടുപോകണം അല്ലെങ്കിൽ അവിടെ നൂറുകണക്കിന് മരണമുണ്ടാകും. ഞാൻ വികാരഭരിതനായി പറഞ്ഞു. എ.സി.എഫ് പ്രവർത്തകരും ഉദാരമതികളായ ചില ചെറുകിട ധനികരും ഇതു കേട്ടു മനസ്സലിഞ്ഞു. സംഭാവനകൾ തരാൻ തുടങ്ങി. 400 ബ്ലാങ്കറ്റുകളേ തൃശൂർ മാർക്ക




malankaralibrary.com

റ്റിൽ ഉണ്ടായിരുന്നുള്ളു. ഉടനെ ഒരു ജീപ്പ് മധുരയ്ക്കോടിച്ച് ബാക്കി ബ്ലാങ്കറ്റ് അവിടെ നിന്നും വാങ്ങി രണ്ടു ജീപ്പിൽ 2000 ബ്ലാങ്കറ്റുകളും കുറച്ചു ഭക്ഷണ സാധനങ്ങളുമായി വീണ്ടും അമരാവതിയിലേക്കോടി. ചങ്ങനാശ്ശേരിയിൽ നിന്നും ആർച്ച് ബിഷപ്പിന്റെ സെക്രട്ടറിയച്ചനേയും കൂട്ടി അരമനയിൽ നിന്നു തന്ന ഒരു ലോറി പാൽപ്പൊടിയും കൊണ്ടുപോയി.


അമരാവതിയിൽ ഞങ്ങളെത്തിയപ്പോൾ ആ പാവങ്ങൾക്കുണ്ടായ ആനന്ദം പറഞ്ഞറിയിക്കാൻ പ്രയാസം. ഓരോ കുടുംബത്തിനും ഓരോ ബ്ലാങ്കറ്റ് വീതം കൊടുത്തു. ഭക്ഷണ സാധനങ്ങളും വിതരണം ചെയ്തു. കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ് വിരുദ്ധരും ഒറ്റക്കെട്ടായി നിന്ന് ജനതക്ക് സാമ്പത്തിക ക്ഷേമം പകരാൻ രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടുന്ന യുഗത്തിന്റെ പൊൻപുലരിയായി ആ രംഗം."

അമരാവതി പ്രശ്നത്തിൽ ഫാ.വടക്കനോടൊപ്പം അടി പതറാതെ നിന്ന് പ്രവർത്തിക്കുവാൻ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ പ്രസിഡന്റ് ശ്രീ, വെല്ലിംഗ്ടണനുണ്ടായിരന്നു. ഫാ. വടക്കന്റെ വലംകൈയ്യായിരുന്നു വെല്ലിംഗ്ടൺ.

1961-ൽ കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ് വിരുദ്ധരും ഒന്നിച്ചുകൂടി കുടിയിറക്കിനെയും മേൽച്ചാർത്തിനെയും നേരിടണമെന്നും പാവപ്പെട്ട കർഷക ലക്ഷങ്ങളെ രക്ഷിക്കണമെന്നും വടക്കനച്ചൻ പറഞ്ഞപ്പോൾ എന്തൊരു ഇടിവെട്ടലും മിന്നലുമാണിവിടെയുണ്ടായത്. മെത്രന്മാർ തൊണ്ണൂറു ശതമാനവും വടക്കനച്ചനെതിരായി. കോൺഗ്രസ്സ് നേതാക്കൾ വടക്കനച്ചന്റെ പ്രസംഗം കേൾക്കരുതെന്ന് സർക്കുലറിറക്കി. 14 കത്തോലിക്കാ എം.എൽ. എമാർ ചേർന്ന് ഫാ. വടക്കനെതിരെ പ്രസ്താവനയിറക്കി. വടക്കനെ ഉടുപ്പൂരിച്ച് വിടുമെന്ന് മന്നത്തു പത്മനാഭൻ അലറി, ഇന്റർ നൂൺഷ്യോ കർദ്ദിനാൾ ട്രാഫ്യസും ഓടിയെത്തി സർക്കാരിനെ എതിർത്തുകൊണ്ടുള്ള പ്രക്ഷോഭണത്തിൽ വൈദികർ പങ്കെടുക്കരുതെന്ന് കല്പിച്ചു. തൃശൂർ ബിഷപ്പ് ആലപ്പാട് തിരുമേനിക്കും ചങ്ങനാശ്ശേരി, തിരുവല്ല, കോതമംഗലം, തിരുവനന്തപുരം പിതാക്കന്മാർക്കും വടക്കന്റെ പ്രവർത്തനത്തിനോട് ആന്തരികമായ അനുഭാവമുണ്ടായിരുന്നു. തലശ്ശേരി ബിഷപ്പ്മാർ വള്ളോപ്പിള്ളി


ആർച്ച് ബിഷപ്പ്
മാർ മാത്യു കാവുകാട്ട്


ബിഷപ്പ് മാർ
ജോർജ്ജ് ആലപ്പാട്ട്


സഖറിയാസ്
മാർ അത്തനാഷ്യസ്


മാർ. മാത്യു
പോത്തനാംകുഴി



malankaralibrary.com



തിരുമേനി എന്തും വരട്ടെയെന്നു കരുതി വടക്കനോടൊപ്പം ഉറച്ചു നിന്നു. മന്നത്തെയും സർക്കാരിനെയും പ്രീണിപ്പിക്കാൻ ശ്രമിച്ചവരുമുണ്ടായിരുന്നു.

മന്നത്തു പത്മനാഭനും സഹചരവൃന്ദവും വലിയ പദ്ധതിയുമായിട്ടാണ് രംഗത്തെത്തിയത്. കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യ വന പ്രദേശങ്ങളിലും പുതിയ എസ്റ്റേറ്റ് ഉണ്ടാക്കാനായിരുന്നു മന്നം പ്ലാനിട്ടത്. പട്ടവും ചാക്കോയും അതിന് കൂട്ടുനിന്നു.30,000 ഏക്കറുള്ള കൊട്ടിയൂർ വന പ്രദേശം മന്നം മേൽച്ചാർത്തെടുത്ത്, രേഖയും പട്ടയവുമില്ലാതെ സ്വകാര്യ വനങ്ങളിലും സർക്കാർ വനങ്ങളിലും കൃഷി ചെയ്തു ജീവിക്കുന്ന ലക്ഷക്ക ണക്കിന് കർഷക കുടുംബങ്ങളെ ഇറക്കിവിട്ടാൽ ആ മേഖലയിൽ പുതിയ എസ്റ്റേറ്റുകൾ ഉണ്ടാക്കാമെന്ന് സ്ഥാപിത താല്പര്യക്കാർ കണ്ടു. ഫാ. വട ക്കന്റെ കുതിപ്പും കിതപ്പും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 155)

“കൊട്ടിയൂർ വനത്തിൽ 50,000 കുടുംബങ്ങൾ! ഉടുമ്പൻചോല മേഖല യിൽ 36,000 കുടുംബങ്ങൾ! പുൽപ്പള്ളി, ചുരുളി, കീരിത്തോട് മുതലായ വിവിധ മേഖലകളിലായി മൂന്നു ലക്ഷം കുടുംബങ്ങൾ ഇവരിൽ രണ്ടരലക്ഷം കുടുംബ ങ്ങൾക്ക് ഇനിയും പട്ടയം കിട്ടിയിട്ടില്ല.

സ്വകാര്യവനമായ കൊട്ടിയൂരിലെ കർഷകരെ ആദ്യം കുടിയിറക്കി യാൽ കുഴപ്പം കൂടും. അതിനാൽ ഇടുക്കി പദ്ധതിക്കെന്നും പറഞ്ഞ് ഉടു മ്പൻചോല പ്രദേശത്തു നിന്ന് കുടിയിറക്ക് ആരംഭിക്കുകയാണ് ബുദ്ധിപൂർവ്വ മെന്ന് തല്പരകക്ഷികൾ മനസ്സിലാക്കി. പട്ടവും ചാക്കോയും മന്നം പ്രഭൃതി കളുടെ വലയിൽപ്പെട്ടു. ഇടുക്കി അണക്കെട്ട് പണിതീരാറായി വെള്ളം ഇപ്പോൾ പൊന്തിവരും എന്ന് പ്രചരിപ്പിച്ച് 1961-ൽ ഉടുമ്പൻചോല മേഖല യിലെ 36,000 കുടുംബങ്ങൾക്ക് കേരള സർക്കാർ കുടിയിറക്കു നോട്ടീസ് നൽകി. 2000-ത്തിലധികം സായുധ പോലീസുകാരെ അയ്യപ്പൻ കോവിൽ മേഖലയിൽ കൂടാരമടിപ്പിച്ചു. കുടിയിറക്കിന്റെ ആദ്യഘട്ടമായി 2000-ത്തില ധികം കുടിലുകൾ പോലീസുകാർ കത്തിച്ചു. അവരുടെ കുരുമുളകും വാഴയും റബ്ബറുമെല്ലാം നിഷ്കരുണം വെട്ടി നശിപ്പിച്ചു. എല്ലാവരെയും അടി ച്ചിറക്കി ട്രാൻസ്പോർട്ട് ബസിൽ കയറ്റി 40 നാഴിക അകലെയുള്ള അമരാവ തികാട്ടിൽ കൊണ്ടു തള്ളി. 36,000 കുടിലുകൾക്ക് തീ കൊടുക്കനായിരുന്നു പ്ലാൻ എ.കെ.ജിയും ഫാ. വടക്കനും ബി. വെല്ലിംഗ്ടണും ജോൺ മാഞ്ഞൂ രാനും എല്ലാം എത്തി പ്രക്ഷോഭണം നടത്തിയതിനാലാണ് കൂടുതൽ കുടി യിറക്ക് നടത്താതിരുന്നത്.

ജലസംഭരണി മേഖലയെന്ന് പറഞ്ഞ് ജനങ്ങളെ കുടിയിറക്കിയ സ്ഥലത്ത് ഇന്ന് ഒരു ജലമേഖലയും കാണാനില്ല. വൻതോട്ടങ്ങൾ കെട്ടിപ്പെടു ക്കാനുള്ള ചില സ്ഥാപിത താല്പര്യക്കാരുടെ ശ്രമത്തിന്റെ ബലിയാടായവ രാണ് അമരാവതിയിൽ കുടിയിരുത്തപ്പെട്ടവർ.”



malankaralibrary.com

# 5. ചരിത്രപ്രസിദ്ധമായ കൊട്ടിയൂർ ജാഥ

വിമോചനസമരത്തിനുശേഷം അധികാരമേറ്റെടുത്ത സർക്കാർ തങ്ങളുടെ താളത്തിനൊപ്പിച്ച് തുള്ളണമെന്നായിരുന്നു മന്നത്തിന്റെയും മറ്റും ആഗ്രഹം. ആ ആഗ്രഹത്തിനൊപ്പിച്ച് പട്ടം താണുപിള്ളയും പി.ടി.ചാക്കോയും പ്രവർത്തിച്ചു. 30.000 ഏക്കറുള്ള കൊട്ടിയൂർ വനപ്രദേശം മന്നം മേൽച്ചാർത്തെടുത്തു. വിമോചനസമരത്തിന്റെ പ്രതിഫലം പറ്റാനുള്ള ഒരു നീക്കമായിരുന്നു മേൽച്ചാർത്തെടുക്കൽ. ഇതിനെതിരായി മേൽച്ചാർത്തിനെതിരായി കൊട്ടിയൂരിൽ മാത്രമല്ല കേരളം മുഴുവൻ പ്രക്ഷോഭണം ഉയർന്നു.

## കൊട്ടിയൂർ കുടിയേറ്റം

മണത്തണ ഊരാളന്മാരുടെ ജന്മഭൂമിയാണ് മണത്തണ, കണിച്ചാർ, കേളകം, അടയ്ക്കാത്തോട്, ചുങ്കകുന്ന് കൊട്ടിയൂർ പ്രദേശങ്ങൾ. ഈയവസരത്തിൽ, കൊട്ടിയൂർ കുടിയേറ്റത്തെപ്പറ്റിയും മേൽച്ചാർത്തിനെപ്പറ്റിയും ചില വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ദേവസ്വത്തിനുവേണ്ടി ഊരാളന്മാർ ഭൂമി ഭരിച്ചിരുന്നു. കേരള സർക്കാർ സ്വകാര്യ വനങ്ങൾ നിക്ഷിപ്ത വനങ്ങളാക്കാൻ പോകുന്നു എന്ന് കേട്ട ഭൂവുടമകൾ വനഭൂമി വിൽക്കാൻ അനുവാദമില്ലാതിരുന്നിട്ടും കുടിയേറ്റക്കാരോട് കിട്ടിയ പണം വാങ്ങിക്കൊണ്ട് ഭൂമി കയ്യേറാൻ സമ്മതം കൊടുക്കുകയാണ് ചെയ്തത്. കുടിയേറ്റത്തിന്റെ ഇതിഹാസം എന്ന ഗ്രന്ഥത്തിൽ കുടിയേറ്റങ്ങളും കുടിയിറക്കുകളും എന്ന റവ. ഡോ. തോമസ് മേൽവെട്ടം എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "രേഖാമൂലമുള്ള സ്ഥലം വാങ്ങിയവരും "ചാർത്താ" യും വാക്കാൽ ചാർത്തായും സ്ഥലം വാങ്ങിയവരുമായ കുടിയേറ്റ ജനതയുടെ ആദ്യ കടമ്പയായിരുന്നു കൊട്ടിയൂർ. പേരാവൂർ നിന്നും 15 കി.മീറ്റർ കിഴക്കുള്ള പ്രസിദ്ധമായ ഒരു ഹൈന്ദവ തീർത്ഥാടന കേന്ദ്രമാണിത്. ഊരാളന്മാർക്കായിരുന്നു, 30, 000 ഏക്കറോളം വരുന്ന അവിടുത്തെ ദേവസ്വം വക ഭൂമിയുടെ മേൽ നോട്ടമത്രയും. മലബാറിലെത്തിയ കുടിയേറ്റക്കാർ കൃഷി ചെയ്യാതെ വെറുതെ കിടന്നിരുന്ന ആ ഭൂമി വിലകൊടുത്തു വാങ്ങി. 1948-ൽ ആയിരുന്നു കുടിയേറ്റത്തിന്റെ തുടക്കം. 1956-ൽ കേരള സംസ്ഥാനം രൂപീകരിച്ചതോടെ കുടിയേറ്റം വർദ്ധിച്ചു.

കൃഷി ചെയ്ത് മലബാറിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കുടിയേറ്റക്കാർക്ക് കഴിഞ്ഞു. ഒപ്പം സാമ്പത്തിക പുരോഗതി കൈവരുത്തുവാനും. തദ്ദേ




malankaralibrary.com



ശിയരുടെ ജീവിത നിലവാരവും വീക്ഷണഗതികളും മെച്ചപ്പെടുത്താനും. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ ദേവസ്വം ഭൂമി മുഴുവൻ കുടിയേറ്റക്കാരുടെ കൈവശമായത് എൻ. എസ്സ്. എസ്സ്. നേതാവ് മന്നത്തു പത്മനാഭനെപ്പോലു ള്ളവർക്ക് രുചിച്ചില്ല. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് കുടിയിറക്കാനുള്ള ശ്രമമാരംഭിച്ചത് അങ്ങനെയാണ്."

## പുറപ്പെട്ടവരുടെ പുസ്തകം - പറിച്ചു നടപ്പെട്ട ഒരു ജനതയുടെ കഥ



പി.എം. ജോസഫ്

അടയ്ക്കാത്തോട്ടിലെ ആദ്യകാല കുടിയേറ്റക്കാരനും പൊതു പ്രവർത്തകനും കോൺഗ്രസ്സ്(എ) നേതാവും മുൻ കേളകം പഞ്ചായത്തു പ്രസിഡന്റുമായ പി. എം. ജോസഫ്. പൂക്കോടിയിൽ രചിച്ച പുറപ്പെട്ടവരുടെ പുസ്തകം എന്ന ചരിത്ര ഗ്രന്ഥത്തിൽ (പേജ് 45 മുതൽ 50) എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു.

## മാർ വള്ളോപ്പിള്ളിയുടെ നേതൃത്വം

"തൃച്ചെറുമന്ന" എന്ന കൊട്ടിയൂർ ദേവസ്വത്തിന്റെ 27,000 ഏക്കർ സ്ഥലം, ഏക്കറിന് ഒരു രൂപാ പ്രതിഫലം നിശ്ചയിച്ച് നായർ സർവ്വീസ് സൊസൈറ്റിക്ക് ദീർഘകാലത്തേയ്ക്ക് ചാർത്തികൊടുക്കുന്നു. ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ മുപ്പതു ദിവസത്തിനകമായി പരാതി സമർപ്പിക്കാവുന്നതാണ്." 1961-ൽ മാതൃഭൂമി പത്രത്തിൽ ഹിന്ദുമത ധർമ്മ സ്ഥാപന കമ്മീഷണർ നൽകിയ പരസ്യമാണിത്. കൊട്ടിയൂർ ദേവസ്വത്തിന്റേതാണെന്നറിയപ്പെടുന്ന ബാവലിപ്പുഴയുടെ വടക്കു ഭാഗത്തെ മലകളിലും പാലുകാച്ചിപ്പാറയോട് ചേർന്ന് കിഴക്കാംതൂക്കായുള്ള മലകളിലും കുടിയേറ്റക്കാർ ഭൂമി കൈവശം വച്ച് കൃഷി ചെയ്തു താമസിക്കുന്നുണ്ട്. കൊട്ടിയൂർ ദേവസ്വം നായർ സർവ്വീസ് സൊസൈറ്റിക്ക് ചാർത്തി നൽകാൻ വേണ്ടി പരസ്യം ചെയ്ത സ്ഥലം ഏതൊക്കെയാണെന്ന് പരസ്യത്തിൽ ഇല്ലാത്തതുകൊണ്ട് വ്യക്തമായി ആർക്കും മനസ്സിലാക്കാനിടയില്ല. ബാവാലിപ്പുഴയുടെ വടക്കുഭാഗത്തെ പന്നിയാംമലയും, ഒറ്റപ്ലാവുമലയും പൊയ്യമലയും, കൊട്ടിയൂർ ദേവസ്വം വകയാണെന്നാണ് പറയപ്പെടുന്നത്. പൊയ്യമലയുടെ വടക്കു കിഴക്കു ഭാഗത്തുള്ള വലിയ കൊടുങ്ങാട്ടു മലയിൽപെട്ട 3500 ഏക്കർ സ്ഥലത്തിന്റെ ജന്മിമാർ മണത്തണ കരിമ്പയ്ക്കൽ ചാത്തോന്തു തറവാട്ടുകാരാണ്. തലശ്ശേരി സബ്ബ്കോടതിയിലെ ഭാഗവിധിപ്രകാരം വീതിച്ചു കിട്ടിയ വലിയ കൊടുങ്ങാട്ടു മലയിലെ സ്ഥലം, ജന്മിമാർ തന്നെ കുടിയാന്മാർക്ക് രജിസ്റ്റർ മറുപാട്ടപ്രകാരം നൽകിയിട്ടുണ്ട്. കൊട്ടിയൂർ മേഖലയിൽ ചാർത്താധാര പ്രകാരവും വാക്കാൽ ചാർത്തു പ്രകാരവും കൃഷി നടത്തി കുടിയേറ്റക്കാർ താമസിച്ചു. ഈ സ്ഥലങ്ങൾ നായർ സർവ്വീസ് സൊസൈറ്റി വിലയ്ക്കു



malankaralibrary.com

വാങ്ങുമെന്നുള്ള വിശ്വാസം കുടിയേറ്റക്കാർക്കില്ലായിരുന്നു.

കുടിയേറ്റക്കാരിൽ ചിലർ പത്ര പരസ്യവുമായി നിയമജ്ഞരെ സമീപിച്ചു. ഇതോടെ ഒളിഞ്ഞിരിക്കുന്ന അപകടം മനസ്സിലായി കൊട്ടിയൂർ മലകളിൽ ഭൂമി കൈവശം വച്ച് താമസിച്ചു വരുന്നു രേഖയുള്ളവരും ഇല്ലാത്തവരുമെല്ലാം പരാതി നൽകിയിരുക്കണമെന്നാണ് വക്കീലന്മാർ ഉപദേശിച്ചത്. പരസ്യത്തിന്റെ കാലാവധി തീരാറായതിനാൽ എല്ലാവർക്കും വ്യക്തമായ പരാതി നൽകുവാനായില്ല. കൊട്ടിയൂർ മേഖലയിലെ കുടിയേറ്റക്കാരിൽ കൊട്ടിയൂർ ദേവസ്വം വക 27000 ഏക്കർ സ്ഥലം നായർ സർവ്വീസ് സൊസൈറ്റി വാങ്ങിക്കുന്നു എന്ന പത്രപരസ്യം അങ്കലാപ്പുണ്ടാക്കി. ഇതിലൂടെ കൊട്ടിയൂർ മേഖലയിൽ കുടിയേറി താമസിക്കുന്ന രേഖയുള്ളവരും ഇല്ലാത്തവരുമായ ആയിരക്കണക്കായ കർഷകരെ കടിയിറക്കി വിടാനാവും. കൊട്ടിയൂരിലെ മുഴുവൻ കുടിയേറ്റക്കാരും, സംഘടിക്കുക, സമരപരിപാടികളുമായി മുന്നോട്ടു നീങ്ങുക, എൻ. എസ്സ്. എസ്സ് കാർ വാങ്ങാൻ ഉദ്ദേശിക്കുന്ന 27,000 ഏക്കർ സ്ഥലത്ത് വർഷങ്ങൾക്കു മുൻപ് മുതൽ കുടിയേറ്റക്കാർ താമസിച്ചു വരുന്നവരാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുക എന്നിവ ചെയ്യാൻ കർഷകർ തീരുമാനിച്ചു................

വിമോചനസമരത്തിനുശേഷം 1960-ൽ അധികാരമേറ്റെടുത്ത പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ് കൊട്ടിയൂരിലെ 27,000 ഏക്കർ ഭൂമിയുടെ കൈമാറ്റം സംബന്ധച്ച പത്രപരസ്യമുണ്ടായ കാലത്ത് കേരളം ഭരിച്ചിരുന്നത്.

ആയിരക്കണക്കിന് കുടിയേറ്റ കർഷക കുടുംബങ്ങൾ കൈവശം വച്ചു കൃഷിചെയ്തുവരുന്ന കൊട്ടിയൂരിലെ ഭൂമി കൈയ്യേറ്റത്തിനെതിരെ പ്രതികരിക്കുവാൻ ചീരംവേലിൽ വർഗീസ് പ്രസിഡന്റായി കൊട്ടിയൂർ സ്വതന്ത്ര കർഷക സംഘം എന്ന സംഘടനയാണ് ആദ്യം പ്രവർത്തനം തുടങ്ങിയത്. സംഘത്തിന്റെ ഭാരവാഹികളിലധികം പേരും കമ്മ്യൂണിസ്റ്റ് പാർട്ടി അനുഭാവികളായിരുന്നു. നേതാക്കളുമായി അവർ ബന്ധപ്പെട്ടു. കണ്ണൂർ ജില്ലയിലെ കമ്മ്യൂണിസ്റ്റ് നേതാവായ എൻ ഇ. ബലറാം ആണ് കൊട്ടിയൂർ ഭൂമിയുടെ കൈമാറ്റത്തിനെതിരെ പ്രതിഷേധിക്കാൻ ആദ്യം കൊട്ടിയൂരിലെത്തിയത്. അമരാവതിയിൽ സത്യാഗ്രഹമനുഷ്ഠിച്ച എ. കെ. ഗോപാലനെയും കൊട്ടിയൂരിലേക്ക് ക്ഷണിച്ചു. എ.കെ. ജി കൊട്ടിയൂരിലെത്തുമെന്നറിയിച്ച ദിവസം അടയ്ക്കാത്തോട്ടിൽ നിന്നു എ.റ്റി. സ്കറിയായും ചെട്ടിയാപറമ്പിൽ നിന്നും കെ. ആർ അയ്യപ്പൻ കുഞ്ഞും കൊട്ടിയൂരിൽ നിന്നും ജോർജ് നമ്പൂടാകവും കാപ്പാട് ദേശത്തിന്റെ അതിർത്തിയായ ആയോത്തുംചാലിൽ പോയി അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ടുവന്നു. വർഷങ്ങൾക്കു മുൻപുതന്നെ കൊട്ടിയൂർ പ്രദേശങ്ങളിൽ കുടിയേറി കുഴിക്കൂറു ചമയങ്ങളുണ്ടാക്കി കുടുംബതാമസം നടത്തി വരുന്നവരുടെ കൈവശ ഭൂമി നായർ സൊസൈറ്റി വാങ്ങുന്നതിനെതിരെ നടത്തിയ വമ്പിച്ച പ്രതിഷേധ യോഗങ്ങളിൽ എ. കെ. ജി. പ്രസംഗി



malankaralibrary.com

ച്ചു. കൊട്ടിയൂരിലെ പി. എസ്.പി. അനുഭാവികൾ ചിലർ പാർട്ടിയുടെ നേതാവായ പി. ആർ. കുറുപ്പിനെയും ക്ഷണിച്ചു വരുത്തി. കൊട്ടിയൂരിൽ പ്രതിഷേധയോഗങ്ങൾ നടത്തി കൊട്ടിയൂരിലെ കുടിയേറ്റ കർഷകരെ സഹായിക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ എത്തിയത് ഇഷ്ടപ്പെടാതിരുന്നവർ യോഗം കൂടി, കൊട്ടിയൂർ കുടിയാൻ സംഘം എന്ന പേരിൽ കണിച്ചർക്കാരനായ തയ്യിൽ ചാക്കോ, പ്രസിഡന്റായുള്ള സംഘടനയും രൂപീകരിച്ചു. അക്കാലത്ത് കെ.പി. സി.സി മെമ്പറായിരുന്ന പേരാവൂരിലെ സത്യാനന്ദൻ വൈദ്യരായിരുന്നു കൊട്ടിയൂർ കുടിയാൻ സംഘത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത്. കൊട്ടിയൂർ കുടിയാൻ സംഘത്തിന്റെ അഭിമുഖ്യത്തിൽ കൊട്ടിയൂരിലും അയ്ക്കാത്തോട്ടിലും കൂടിയ കർഷക യോഗങ്ങളിൽ കണ്ണൂർ ഡി.സി.സി. പ്രസിഡന്റായിരുന്ന പി. ഗോപാലൻ പ്രസംഗിച്ചു. കൊട്ടിയൂർ ഭൂമിയുടെ കൈമാറ്റത്തിനെതിരെ കർഷകരുടെ നേതാക്കളും പ്രതിഷേധയോഗങ്ങൾ നടത്തിയെങ്കിലും ബന്ധപ്പെട്ടവരിൽ നിന്നും യാതൊരു പ്രതികരണവുമുണ്ടായില്ല. എൻ. എസ്സ്. എസ്സിന് കൈമാറ്റം ഉണ്ടായാലുടനെ കുടിയിറക്കുണ്ടാകുമെന്ന പ്രചരണം ശക്തിപ്പെട്ടുകൊണ്ടിരുന്നു......

കൊട്ടിയൂരിലെ കുടിയേറ്റക്കാരിൽ ചിലർ തലശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയെ കണ്ട് വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫാ. ജേക്കബ്ബ് ചിറയത്തിനെ അടയ്ക്കാത്തോട്ട് പള്ളിയിലേക്കയച്ചു. കൊട്ടിയൂർ ദേവസ്വം ഭൂമിയിൽ ക്യാമ്പ് ചെയ്യുന്നതിന് വേണ്ടി ചങ്ങനാശ്ശേരിയിൽ നിന്നുള്ള കുറച്ച് ആൾക്കാരെയും കൂട്ടി നായർ സർവ്വീസ് സൊസൈറ്റിയുടെ ഭാരവാഹി എം. ആർ.ജി. പണിക്കർ കൊട്ടിയൂരിലെത്തി. ഇതോടെ ഭൂമി കൈയ്യേറ്റം നടന്നിട്ടുണ്ടാകുമെന്ന വിശ്വാസം പ്രബലപ്പെട്ടു. കൊട്ടിയൂർ പ്രശ്നം ഗുരുതരമാണെന്നും കുടിയിറക്കുവരെയുണ്ടാകാനിടയുണ്ടെന്നും ഫാ. ചിറയത്ത് തലശ്ശേരി ബിഷപ്പിന് റിപ്പോർട്ടു സമർപ്പിച്ചു.


മാർ സെബാസ്റ്റ്യൻ
വള്ളോപ്പിള്ളി

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ നേതാവും ഉജ്ജ്വല വാഗ്മിയുമായ ഫാ. വടക്കനെ തലശ്ശേരി ബിഷപ്പ് കൊട്ടിയൂരിലേക്ക് ക്ഷണിച്ചു വരുത്തി. വളരെ പെട്ടന്നുതന്നെ വടക്കനെച്ചനും ബി,വെല്ലിംഗ്ടണും കൊട്ടിയൂരിൽ എത്തി. കൊട്ടിയൂർ കർഷക സംഘത്തിന്റെയും കൊട്ടിയൂർ കുടിയാൻ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ശക്തമായ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് വടക്കനച്ചൻ കൊട്ടിയൂരിലെത്തുന്നത്.

കൊട്ടിയൂരിലും ചുങ്കക്കുന്നിലും കേളകത്തും വടക്കനച്ചൻ കൊട്ടിയൂർ മേൽച്ചാർത്തിനെതിരെ നടത്തിയ ഉജ്ജ്വല പ്രസംഗങ്ങൾ കുടിയേറ്റ കർഷകരെ ആവേശഭരിതരാക്കി. ബഹുഭൂരിപക്ഷം കർഷകരും വടക്കനച്ചന്റെ നേതൃത്വം അംഗീകരിച്ചു. കൊട്ടിയൂർ മേഖലയുടെ പ്രധാന കേന്ദ്രങ്ങളിലെല്ലാം മേൽ



malankaralibrary.com

ചാർത്തിനെതിരെ നടത്തിയ പ്രതിഷേധ യോഗങ്ങളിൽ വടക്കനെച്ചനം വെല്ലിംഗ്ടണും പ്രസംഗിച്ചു. കടിയേറ്റ കർഷകരെ സമര പാതയിലേക്കു നയിച്ചു. കൊട്ടിയൂരിന്റെ മലമടക്കുകളിലെല്ലാം പ്രതിഷേധ മുദ്രാവാക്യങ്ങൾ മുഴങ്ങി. കൊട്ടിയൂരിലെ കുടിയേറ്റ പ്രദേശങ്ങളിലേക്ക് സമരപ്രചരണ ജാഥകൾ നടത്തി. എൻ. എസ്സ്. എസ്സ്കാർ കൊട്ടിയൂർ മേഖലയിൽ ക്യാമ്പ് ചെയ്യാൻ തുടങ്ങിയതോടുകൂടി ഭയവവിഹ്വലരായ കുടിയേറ്റ കർഷകർ തങ്ങളുടെ ചോരയും നീരും വിയർപ്പും ഒഴുക്കിയ മണ്ണിൽ മരിച്ചു വീണാലും പിന്മാറില്ലെന്നുറച്ചു. പൊട്ടിത്തെറിക്കുവാനൊരുങ്ങുന്ന അഗ്നി പർവ്വതം പോലെ മലമടക്കുകളെല്ലാം പുകഞ്ഞുകൊണ്ടിരുന്നു. നാടുനീളെ പന്തം കൊളുത്തി പ്രകടനം നടന്നു. കൊളുത്തിയ പന്തങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടവർ അലറി വിളിച്ചു പറഞ്ഞു. 'ഇറക്കി വിടാൻ നോക്കണ്ട. ഞങ്ങളീ മണ്ണിൽ മരിച്ചു വീഴും. അതൊരു മുഴക്കമായിരുന്നു. ആ ശബ്ദം മലമടക്കുകളിലെങ്ങും പ്രതിധ്വനിച്ചു. എന്നാൽ എൻ. എസ്സ്.എസ്സിന്റെ ഭാഗത്തുനിന്നോ സർക്കാരിന്റെ ഭാഗത്തു നിന്നോ കുടിയേറ്റ കർഷകനനുകൂലമായ പ്രതികരണമുണ്ടായില്ല. പ്രതിഷേധം പരിഗണിച്ച് ഭൂമിയുടെ കൈമാറ്റം നിറുത്തി വയ്ക്കാൻ ഗവൺമെന്റിന് ഉത്തരവിറക്കാമായിരുന്നു. ഇതിനൊന്നും അക്കാലത്തെ കേരള സർക്കാർ തയ്യാറായില്ല. കൊട്ടിയൂരിൽ 27000 ഏക്കർ ഭൂമിയുടെ മേൽച്ചാർത്തും കൈമാറ്റവുമെല്ലാം സർക്കാരിന്റെ അറിവോടു കൂടിയാണോ എന്ന സംശയവും ബലപ്പെട്ടുകൊണ്ടിരുന്നു. കൊട്ടിയൂർ മേൽച്ചാർത്തിനെതിരെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളും സമരപരിപാടികളുമായി മുന്നോട്ടു നിങ്ങി. കൊട്ടിയൂർ ഭൂമി കൈമാറ്റം സർക്കാർ തടയണമെന്നാവശ്യപ്പെട്ട് എ.കെ.ജിയുടെ നേതൃത്വത്തിലുള്ള ഒരു ജീപ്പുജാഥ തലസ്ഥാന നഗരിയിലേക്ക് പുറപ്പെട്ടു. കുടിയേറ്റ കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് സ്ഥിരാവകാശം നൽകുക, എൻ. എസ്സ. എസ്സ്. മേൽച്ചാർത്ത് വേണ്ടെന്ന് വയ്ക്കുക എന്നിവയായിരുന്നു സമരത്തിന് നേതൃത്വം നൽകിയ എല്ലാവരുടെയും മുദ്രാവാക്യം. കൊട്ടിയൂർ പ്രശ്നം പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ കെ.പി.സി.സി. സെക്രട്ടറി സി.എം. സ്റ്റീഫൻ, കെ.എം. ജോർജ്ജ്, എൻ. എസ്സ്. കൃഷ്ണപിള്ള, ടി ഒ. ബാവ, കെ,കെ വിശ്വനാഥൻ, ടി.എ. തൊമ്മൻ, പി ഗോപാലൻ എന്നിവരെ കെ. പി. സി.സി ചുമതലപ്പെടുത്തി.

കെ. പി. സി.സി നിയമിച്ച ഈ കമ്മറ്റി നൽകിയ റിപ്പോർട്ട് എന്താണെന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. സി.എം. സ്റ്റീഫനും, പി ഗോപാലനും സ്ഥലം സന്ദർശിച്ചു പോലുമില്ല. കൊട്ടിയൂർ പ്രശ്നം ഒരു മാനുഷിക പ്രശ്നമാണെന്ന് കമ്മറ്റി അഭിപ്രായപ്പെട്ടുവെന്നായിരുന്നു കേട്ടു കേൾവി. നേതാക്കൾ കൊട്ടിയൂരിൽ വന്നതുകൊണ്ടൊന്നും കർഷകരുടെ ഭയാശങ്കകൾ നീങ്ങിയില്ല. ഭരണകക്ഷികളിൽ നിന്നും സർക്കാരിൽ നിന്നും കൊട്ടിയൂരിലെ കർഷകർക്ക് നീതിലഭിക്കുകയില്ല എന്ന് ജനങ്ങൾക്ക് ബോദ്ധ്യം വന്നു. വടക്കനച്ചനും വെല്ലിംഗ്ടണും നേതൃത്വം നൽകുന്ന സമരപരിപാടികളിൽ വിശ്വാസമർപ്പിക്കുവാനാണ് ബഹുഭൂരിപക്ഷം കർഷകരും തീരുമാനിച്ചത്.




malankaralibrary.com



# കൊട്ടിയൂർ സമരത്തിന്റെ ആരംഭം ജോർജുകുട്ടി മുക്കാടൻ വിവരിക്കുന്നു

"കൊട്ടിയൂർ ദേവസ്വം മണത്തണയിലുള്ള നാല് പുരാതന നായർ കുടുംബക്കാരുടെ വകയാണ്. കൊളങ്ങരേത്ത്, ആക്കൽ, തിട്ടയിൽ, ചാത്തോത്ത് എന്നിവകളാണ് ഈ നാല് കുടുംബക്കാർ. ഇവരുടെ കാരണവന്മാരാണ് കൊട്ടിയൂർ ദേവസ്വത്തിന്റെ ഭരണം നടത്തിയിരുന്നത്. അവർ "ഊരാ ഇച്ചാർ" എന്നാണ് അറിയപ്പെടുന്നത്. കൊട്ടിയൂർ മേഖലയിലുള്ള ഭൂരിഭാഗം ഭൂമികളും ഈ നാല് തറവാട്ടുകാരുടെ ജന്മ സ്വത്തായിരുന്നു. പിന്നീട് ഉണ്ടായ പ്രത്യേക സാഹചര്യങ്ങൾ ഈ ഭൂമി കൊട്ടിയൂർ ദേവസ്വത്തിന്റെ ഭരണത്തിൻ കീഴിൽ എത്തിപ്പെടുകയായിരുന്നു. ധാരാളം കൃഷിക്കാർ ദേവസ്വത്തിൽ നിന്നും മറുപാട്ടത്തിന് ഏറ്റുവാങ്ങി കൃഷികൾ നടത്തിപ്പോന്നു. ആയതിനു വ്യവസ്ഥകൾ പ്രകാരമുള്ള "ഭോഗം" കൈവശക്കാർ ദേവസ്വത്തിനു കൊടുത്തുകൊണ്ടിരുന്നു. ദേവസ്വം ഭരണവും ശിഥിലമായപ്പോൾ ബന്ധപ്പെട്ടവരിൽനിന്നും വാക്കാൽ ചാർത്തായും ധാരാളം പേർ ഭൂമി കൈവശപ്പെടുത്തി കൃഷി ചെയ്തു തുടങ്ങി. അപൂർവ്വം ചിലർ കൈവശപ്പെടുത്തിയും കൃഷി ചെയ്തുകൊണ്ടിരുന്നു.


ജോർജ്ജുകുട്ടി മുക്കാടൻ

ദേവസ്വത്തിന് 30,000 ഏക്കർ ഭൂമി ഉണ്ടായിരുന്നു എന്നാണ് സുമാർ കണക്കാക്കിയിരുന്നത്. ഇതിൽ 27,000 ഏക്കർ സ്ഥലം കൈവശക്കാരുടെ അധീനതയിൽ എത്തി. 3,000 ഏക്കർ വനഭൂമിയായി നിലനിന്നു. ഈ സന്ദർഭത്തിലാണ് ദേവസ്വത്തോട് ഈ ഭൂമി എൻ.എസ്.എസ്.മേൽ ചാർത്തായി വാങ്ങിയത്. എൻ.എസ്.എസ് ന്റെ ഉദ്യോഗസ്ഥന്മാർ ധാരാളമായി ഇവിടെ എത്തിച്ചേർന്നു. എൻ.എസ്.എസിന് വഴിപ്പെടാത്തവരെ കുടിയൊഴുപ്പിക്കും എന്നുള്ള ഭീതി കൈവശക്കാരായ കൃഷിക്കാരിൽ ഉണ്ടായി. ഇതിനെതിരെ ഇവിടുത്തെ കുടിയേറ്റം ഒരു മാനുഷിക പ്രശ്നമായി കണക്കിലെടുത്ത് കൃഷിക്കാർക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സ്ഥാപിച്ചു കിട്ടണമെന്നുള്ള ആവശ്യം ഉയർന്നു. അവർ സംഘടിച്ചു. ഇതാണ് ഐതിഹാസികമായ കൊട്ടിയൂർ സമരത്തിന്റെ ആരംഭം.

അറിയപ്പെടുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും ഞങ്ങളെ സഹായിക്കാൻ രംഗത്ത് വന്നു. അവർക്കാർക്കും കൃഷിക്കാരെ ഒരുമിപ്പിച്ചു സമരം നടത്താൻ സാധിച്ചില്ല. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയത്തിന് അതീതിമായി കൃഷിക്കാരെ ഒന്നിപ്പിച്ച് സമരം നടത്തുന്നതിനുവേണ്ടി കുടിയേറ്റക്കാരുടെ പിതാവായ ഡോ. സെബാസ്റ്റ്യൻ വെള്ളോപ്പള്ളിയുടെ സഹായത്തോടെ ഫാ. വടക്കനെയും ശ്രീ. ബി. വെല്ലിംഗ്ടനെയും ഇവിടേയ്ക്കു ക്ഷണിച്ചു വരുത്തിയത്. അവർ ഇവിടെ എത്തി ഞങ്ങളുടെ സമരത്തിന്



malankaralibrary.com

നേതൃത്വം നല്കി. കുരുമുളകു കൊടി ഞങ്ങളുടെ കൊടി എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടുള്ള ഐതിഹാസികമായ തിരുവനന്തപുരത്തേയ്ക്കുള്ള കാൽനടജാഥ, മലനാട് കർഷക യൂണിയന്റെ ജനനം. ഉപവാസയജ്ഞം, കെ.റ്റി.പി. എന്ന രാഷ്ട്രീയ പാർട്ടിയുടെ രൂപീകരണം എന്നിങ്ങനെ ധാരാളം സമര നടപടികൾ സ്വീകരിച്ച് ഈ സമരത്തെ മുന്നോട്ടു നയിച്ചു. 1967-ൽ കെ.റ്റി. പി. കൂടി പങ്കാളിയായ മന്ത്രി സഭയാണ് കൊട്ടിയൂർ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

ഈ സമരത്തിൽ ഞങ്ങളെ സഹായിച്ച എല്ലാ നല്ലവരായ സാമൂഹിക പ്രവർത്തകരെയും രാഷ്ട്രീയ പാർട്ടികളേയും സ്നേഹത്തോടെ സ്മരിക്കുന്നു."

ഫാ. വടക്കന്റെ കുതിപ്പും കിതപ്പും എന്ന ആത്മകഥയിൽ (പേജ് 158-159) ഇപ്രകാരം എഴുതിയിരിക്കുന്നു." തലശ്ശേരി മെത്രാൻ എന്നെ പിന്താങ്ങുവാൻ അനേക കാരണമുണ്ട്. കൊട്ടിയുർ പ്രദേശം തലശ്ശേരി രൂപതയിലായിരുന്നു. അവിടെയുള്ള അയ്യായിരം കുടുംബങ്ങളിൽ മഹാഭൂരിപക്ഷവും കത്തോലിക്കരായിരുന്നു. ആറേഴ് ഇടവകപള്ളികളും അവിടെയുണ്ടായിരുന്നു. ജനങ്ങളുടെ വികാരങ്ങളും വേദനകളുമായി അലിഞ്ഞുചേരുന്ന പ്രകൃതക്കാരനാണ് ബിഷപ്പ് വള്ളോപ്പിള്ളി. തൻമൂലം മറ്റു പല ബിഷപ്പുമാരും എനിക്കെതിരായി തിരിഞ്ഞിട്ടും അദ്ദേഹം ഉറച്ചു നിന്നു. ദീപിക പത്രാധിപർ ഫാ. ആന്റണി അമരാവതിക്കു പോകുമ്പോൾ എന്റെ കൂടെ പോന്നു. ദീപിക സഹപത്രാധിപരായിരുന്ന കെ. എം.ജോസഫും എന്റെ ആശയക്കാരനായിരുന്നു. തന്നെയല്ല സന്യാസികളിൽ മഹാ ഭൂരിപക്ഷവും എന്റെ നിലപാടിനെ ശരിവച്ചു. ഫാ. മലാക്കിയൂസ്, ഫാ ഹൊർമീസ്, ഫാ.ആൻഡ്രൂസ് , ഫാ. റോമുളൂസ് എന്നിവരുടെ പേരുകൾ എടുത്തു പറയാതെ വയ്യ. തന്മുലം ദീപികപത്രം മുഖപ്രസംഗങ്ങൾ കൊണ്ടും റിപ്പോർട്ടുകൾ കൊണ്ടും ആ അവസരത്തിൽ എന്നെ വളരെ സഹായിക്കുകയുണ്ടായി.

കേരള രാഷ്ട്രീയം ആകെ ഇളകി മറിഞ്ഞ സമയമായിരുന്നു അത്. കൊട്ടിയൂരിൽ രണ്ടായിരത്തോളം പോലീസുകാർ തോക്കും ബയനറ്റുമായി നിലയുറപ്പിച്ചിരുന്നു. മേൽച്ചാർത്ത് റദ്ദാക്കാതെ അടങ്ങുകയില്ലെന്ന് പറഞ്ഞ് ഞാനും വെല്ലിംഗ്ടണും കർഷകർക്ക് നേതൃത്വം കൊടുത്തുനിന്നു. 1961 ആഗസ്റ്റ് 9-നാണ് ചരിത്രപ്രസിദ്ധമായ കൊട്ടിയൂർ ജാഥ പുറപ്പെട്ടത്. കൊട്ടിയൂരിലെ കമ്മ്യൂണിസ്റ്റുകാരെയും കോൺഗ്രസ്സുകാരെയും മറ്റെല്ലാവരെയും അണിനിരത്തിയതും കൊടിപിടിക്കാത്തതുമായ ഒരു കാൽനടജാഥയായിരുന്നു അത്. കർഷകരുടെ കൊടി കുരുമുളകിൻ കൊടിയാണെന്ന് ഞാൻ പറഞ്ഞു. വെല്ലിംഗ്ടണായിരുന്നു ജാഥാ ക്യാപ്റ്റൻ. നാല്പത്തിയാറു ദിവസംകൊണ്ട് നാനൂറ് നാഴിക ചവിട്ടികൂട്ടിയ ആ കാൽനട ജാഥക്ക് തിരുവനന്തപുരത്ത് എത്തുന്നതിന് മുമ്പ് വഴിനീളെ സ്വീകരണയോഗങ്ങൾ നടന്നു. അമ്പലവയലിലും കുടിയിറക്ക് ഭീഷണി ഉണ്ടായിരുന്നു. അതുകൊണ്ട് ഒരു ചെറിയ ജാഥ അവിടെ നിന്നും ആരംഭിച്ചു അത് കോഴിക്കോട്ടു വച്ചു കൊട്ടിയൂർ ജാഥയുമായി സന്ധിച്ചു. അമരാവതിയിൽ നിന്ന് ജെ.സി. പെരുമനയുടെ നേതൃത്വത്തിൽ വന്ന ജാഥ കോട്ടയത്ത് വച്ച് സന്ധിച്ചു.



malankaralibrary.com



കോട്ടയത്തും ചങ്ങനാശ്ശേരിയിലും നൽകിയ സ്വീകരണയോഗങ്ങളിൽ പതിനാ യിരക്കണക്കിന് ജനങ്ങൾ പങ്കെടുത്തിരുന്നു. കൊട്ടിയൂർ ജാഥയുടെ യോഗങ്ങ ളിൽ കോൺഗ്രസ്സുകാരാരും പങ്കെടുക്കരുതെന്ന് കെ.പി.സി.സി. വിലക്കു കല്പന പുറപ്പെടുവിച്ചു. എന്നിട്ടും ആയിരക്കണക്കിന് കോൺഗ്രസ്സുകാർ സംബന്ധിച്ചി രുന്നു. അമരാവതിയിൽ നിന്നുള്ള ജാഥാ പാലാ വഴിക്കാണ് വന്നത്. കൊട്ടിയൂർ ജാഥാ എന്റെ രൂപതയിൽ കടക്കരുതെന്ന് പാലാ മെത്രാൻ കല്പിച്ചു. എന്റെ പ്രസംഗം ആ രൂപതയിൽ നിരോധിക്കുകയും ചെയ്തു. പാലായ്ക്കു പോകണ്ട മറ്റുസ്ഥലങ്ങളിൽ പ്രസംഗിച്ചോ ബിഷപ്പ് ആലപ്പാട്ട് എന്നോടു പറഞ്ഞു.

കൊട്ടിയൂർ ജാഥയിൽ ഞാൻ നിരന്തരം പങ്കെടുത്തിരുന്നില്ല. ആയതിന് തൃശൂർ മെത്രാൻ സമ്മതിച്ചില്ല. ഇടയ്ക്കിടെ സ്വീകരണയോഗങ്ങളിൽ ചെന്നു ഞാൻ പ്രസംഗിച്ചു. കൊട്ടിയൂർ പ്രക്ഷോഭണത്തിൽ വളരെ കഷ്ടപ്പാടുകൾ സഹിച്ച ഫാ.ചിറയത്തും ഫാ. വെട്ടിക്കാടും എന്റെ അഭാവത്തിൽ വെല്ലിം ഗ്ടണെ സഹായിച്ചുകൊണ്ടിരുന്നു. മണ്ണാശ്ശേരിയും ഒപ്പമുണ്ടായിരുന്നു.

പഴവങ്ങാടി മൈതാനത്തായിരുന്നു സമാപനയോഗം. എന്നോടൊപ്പം എ.കെ.ജി., ബി.സി. വർഗീസ്, ബി.വെല്ലിംഗ്ടൺ മുതലായവർ പ്രസംഗിച്ചു. ഹാരാർപ്പണങ്ങൾകൊണ്ട് ഞങ്ങൾ മൂടിപ്പോയി. കുടിയിറക്കിനും മേൽച്ചാർത്തിനും എതിരായി പൊതുജനാഭിപ്രായം രൂപികരിക്കാൻ പ്രധാ നമായും സഹായിച്ചത് ആ ജാഥയാണ്. ജാഥയുടെ നിവേദനം സ്വീകരിക്കു വാൻ പട്ടം വിസമ്മതിച്ചു. രണ്ടു ദിവസം കഴിഞ്ഞേ സൗകര്യമുണ്ടാകൂ എന്നു പറഞ്ഞു. ഉടനെ ആ നിവേദനപത്രിക പോസ്റ്റ്ചെയ്ത് എല്ലാവരും മടങ്ങി."

കെ.പി.സി.സിയുടെ വിലക്കുവരുന്നതുവരെ കോൺഗ്രസ്സിലെ ചാക്കോ ഗ്രൂപ്പുകാർ ജാഥക്ക് നല്ല സഹകരണം നൽകിയിരുന്നു. ചാക്കോയുടെ വലം കൈയ്യായിരുന്ന പൊടിപാറയായിരുന്നു ഏറ്റുമാനൂരിലെ യോഗത്തിന്റെ അദ്ധ്യ ക്ഷൻ. ലൂക്കോസ് കോട്ടയം യോഗത്തിന്റെ അദ്ധ്യക്ഷനുമായിരുന്നു. എന്നാൽ കെ.പി.സി.സിയുടെ വിലക്ക് അവരെയെല്ലാം അതിൽനിന്നും പിന്മാറ്റി.

കൊട്ടിയൂർ പ്രശ്നം പറഞ്ഞവസാനിപ്പിക്കുവാൻ തൃശൂർ അരമനയിൽ ഒരു സൗഹൃദസമ്മേളനം നടന്നു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവു കാട്ടും തലശ്ശേരി പിതാവ് സെബാസ്റ്റ്യൻ വള്ളോപ്പള്ളിയും തൃശൂർ ബിഷപ്പ് ആല പ്പാട്ടും ചാക്കോയും ഫാ. വടക്കനും ഒരു മേശക്ക് ചുറ്റിലുമിരുന്ന് സംസാരിച്ച് എല്ലാം പറഞ്ഞു തീർത്തു. പി.ടി.ചാക്കോ തൊഴിലാളി പത്രം ഓഫീസിൽ വന്ന് വടക്കനച്ചനുമായി സ്നേഹപൂർവ്വം വന്ന് യാത്രപറഞ്ഞ് പിരിയുകയും ചെയ്തു.

ആ ഒത്തുതീർപ്പുകളെല്ലാം മന്നം-പട്ടം അച്ചുതണ്ട് തകർത്തുകളഞ്ഞു.

കെ.എസ്.പിയുടെ നേതാവ് ജോൺ മാഞ്ഞൂരാൻ കൊട്ടിയൂർ ജാഥ യിൽ തൃശൂർ വച്ച് ആണ് പങ്കുചേരുന്നത്. പിന്നീട് അദ്ദേഹം ആ ജാഥയുടെ കൂടെ സഞ്ചരിക്കുകയും ചെയ്തു. കൊട്ടിയൂർ ജാഥയുടെ പങ്കാളിത്തമാണ് മാഞ്ഞൂരാനെ പിന്നീട് വടക്കനച്ചന്റെയും വെല്ലിംഗ്ടന്റെയും കർഷക സമരങ്ങ ളിൽ പങ്കെടുക്കാനിടയാക്കിയത്.



malankaralibrary.com

## ജാഥാഗംങ്ങൾ

1. ബി.വെല്ലിംഗ്ടൺ (ജാഥാ ക്യാപ്റ്റൻ)
2. സ്കറിയാ തുരുത്തിയിൽ (വൈസ് ക്യാപ്റ്റൻ)
3. തോമസ്സ് ജെ. കല്ലുങ്കൽ (സെക്രട്ടറി ട്രഷറർ)
4. അബ്ദുൾ റഹിമാൻ - റാവുത്തർ
5. പി.കെ വാസു (കോട്ടയം വാസു)
6. താമര കേളപ്പൻ
7. വി.കെ ബാലൻ -മലയാംമ്പടി
8. ചാക്കോ പുതനപ്ര
9. പോൾ മുണ്ടാട്ടുചുണ്ടയിൽ
10. കുര്യൻ വയലിൽ
11. ഫ്രാൻസിസ് വടക്കേടത്ത്
12. ജോസഫ് മണിപ്പുഴ തുണ്ടിയിൽ
13. ആന്റണി ചീരംവേലിൽ
14. ജോസഫ് പൊന്മലകുന്നേൽ
15. മാത്യു കൊട്ടാരം.


കെ.ജെ. ജേക്കബ്ബ്

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് കേരളത്തിലെ മലയോരകർഷകർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു. 1961-ൽ ആലങ്ങാട് ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് വാർഷികം മലയോര കർഷകപ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞൻ ശ്രീ. കെ.ജെ. ജേക്കബ്ബ് എം.എ.എം. ലിറ്റ് കൺവീനറായി ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. ആ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് ഫാ. വടക്കന്റെയും ബി. വെല്ലിംഗ്ടന്റെയും ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നല്കി.

## ഉദയഭാനു കമ്മീഷൻ


ഉദയഭാനു


കൊട്ടിയൂർ ജാഥകൊണ്ടുണ്ടായ നേട്ടം ആത്മവിശ്വാസം പകർന്ന് ഉറപ്പിച്ചു നിറുത്താൻ കഴിഞ്ഞതാണ്. വിഷയം സർക്കാരിനെക്കൊണ്ട് എടുപ്പിക്കാനും കഴിഞ്ഞു. അങ്ങനെയാണ് ഉദയഭാനു കമ്മീഷനെ നിയമിച്ചത്. വളരെ നീതിപൂർവ്വമായാണ് ഉദയഭാനു വിഷയം പഠിച്ചത്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞത്. These entitles have no legal in the property but they have got a moral right. പത്തിരുപതു വർഷം കഠിനാദ്ധ്വാനം ചെയ്ത് വിലഭൂമിയാക്കിയതിൽ നിന്നു കർഷകരെ ഇറക്കി വിടുന്നതിൽ ന്യായീകരണമില്ലെന്ന് റിപ്പോർട്ടു നൽകിയതോടെ സർക്കാർ അയഞ്ഞു.

*തലശ്ശേരി രൂപത പ്രസിദ്ധീകരിച്ച പുറപ്പാടിന്റെ കഥ എന്ന ചിത്രകഥയിൽ നിന്ന് കൊട്ടിയൂർ സമരത്തെ സംബന്ധിച്ച് ചേർത്തഭാഗം അടുത്ത താളുകളിൽ —>*



malankaralibrary.com








malankaralibrary.com






malankaralibrary.com




# 6. മലനാട് കർഷക യൂണിയൻ

കുടിയിറക്കിന്റെയും മേൽച്ചാർത്തിന്റെയും ഭീഷണി ശക്തിപ്പെട്ടുകൊണ്ടിരുന്നു. പട്ട–മന്നം പ്രഭുതികൾ കുടിയിറക്ക് കൂടുതൽ കരുത്തോടെ നടത്താനും മേൽച്ചാർത്ത് സമ്പ്രദായം നടപ്പിൽ വരുത്തുവാനും ഉള്ള ശ്രമങ്ങൾക്ക് വേഗതകൂട്ടി. സുശക്തമായ ഒരു കർഷകസംഘടന കെട്ടിപ്പെടുക്കാതെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുയില്ലെന്ന അഭിപ്രായത്തിന് ശക്തികൂടി. അങ്ങനെയാണ് ഒക്ടോബർ മാസത്തിൽ പേരാവൂർ ചേർന്ന യോഗം മലനാട് കർഷകയൂണിയന് രൂപം കൊടുത്തത്. സംഘടനയുടെ നിയമാവലി പാസാക്കാനും ഭാരവാഹികളെ തെരഞ്ഞെടുക്കാനുമായി സംഘടനയുടെ വിപുലമായ ഒരു സമ്മേളനം വിളിച്ചു കൂട്ടാൻ എം.ഒ. ജോസഫ് നെടുങ്കുന്നം കൺവീനറായി ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. ആ കമ്മറ്റി 1961 ഡിസംബർ 10–ാംതീയതി കോട്ടയത്ത് മാമൻ മാപ്പിളഹാളിൽ മലയോര കർഷകപ്രതിനിധികളുടെ ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടി. കോൺഗ്രസ്സുകാർ ആ യോഗം അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചു. അത് ഫലിച്ചില്ല. മലംപാമ്പിനോടും കരിമ്പാറയോടും കാട്ടുമൃഗങ്ങളോടും പൊരുതി ജയിച്ച മലയോര കർഷകർ ആ സാമൂഹ്യ ദ്രോഹികളെ പുറംതള്ളി. മലനാട് കർഷക യൂണിയന്റെ ഭാരവാഹികളെ പിന്നീട് തെരഞ്ഞെടുത്തു. അന്ന് ഫാ. വടക്കൻ നടത്തിയ പ്രസംഗം ആവേശോജ്ജ്വലവും വികാരഭരിതവുമായിരുന്നു. ഫാ.വടക്കന്റെ പ്രസംഗ സ്വാതന്ത്ര്യം നിഷേധിച്ചപ്പോൾ അന്നത്തെ പ്രസംഗം ടേപ്പ് ചെയത് എല്ലാ യോഗങ്ങളിലും അവതരിപ്പിച്ചു കൊണ്ടിരുന്നു.

കോട്ടയം സമ്മേളനം സമരരംഗങ്ങളിൽ പഴക്കവും പാരമ്പര്യവുമുള്ള ജോൺ മാഞ്ഞാരാനെ പ്രസിഡന്റായി തെരഞ്ഞെടുത്തു വരകപ്പള്ളിൽ നാരായണൻ നായരെ വൈസ് പ്രസിഡന്റായും ബി.വെല്ലിംഗ്ടണെ ജനറൽ സെക്ര




എം.ഒ. ജോസഫ് നെടുങ്കുന്നം



ജോൺ മാഞ്ഞൂരാൻ



ബി. വെല്ലിംഗ്ടൺ



സ്കറിയാ പറയരുതോട്ടം



malankaralibrary.com

ട്ടറിയായും പി.വി. സ്കറിയ പറയരുതോട്ടത്തിനെ ട്രഷററായും ബേബൻ വെട്ടിക്കാടനെ ജോ. സെക്രട്ടറിയായും തെരഞ്ഞെടുത്തു. മലനാട് കർഷക യൂണിയന്റെ ശാഖകൾ മലയോര മേഖലകളിൽ പടർന്നു. സർക്കാരിന്റെ കർഷകരോടുള്ള സമീപനത്തിൽ പ്രതിഷേധിച്ച് നാടാകെ യോഗങ്ങൾ നടന്നു. 1962-ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുപ്പിന് മുൻപ് ഭരണകക്ഷികളിൽ സമ്മർദ്ദം ചെലുത്തി കർഷക പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണമെന്ന് മലനാട് കർഷക യൂണിയൻ തീരുമാനിച്ചു. പക്ഷെ സർക്കാർ അതിന് തയ്യാറായില്ല. തുടർന്ന് കർഷകപ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മലനാടു കർഷക യൂണിയൻ പ്രവർത്തകർ കെ.പി.സി.സി ഓഫീശിന്റെ മുൻപിൽ ഒരു സത്യാഗ്രഹം നടത്തി. മലനാട് കർഷക യൂണിയൻ പ്രവർത്തകരിൽ 95 ശതമാനവും കോൺഗ്രസ്സുകാരായിരുന്നു. വിമോചന സമരകാലത്ത് അടിയും വെടിയും ഏറ്റ് കമ്മ്യൂണിസ്റ്റ് സർക്കാരിനെ താഴെയിറക്കി കോൺഗ്രസ്സ് പാർട്ടിയെ അധികാരത്തിലേറ്റിയത് ഈ കർഷക വർഗ്ഗമാണ്. അവരുടെ അവകാശങ്ങൾ കേൾക്കാൻ പോലും തയ്യാറാകാതെ പട്ടം-മന്നം പ്രഭുതികളുടെ താളത്തിനൊപ്പിച്ചു സർക്കാർ നീങ്ങി. ആനപ്പുറത്ത് ഇരിക്കുന്നവന് പട്ടിയെ പേടിക്കേണ്ട എന്ന നിലയിലായിരുന്നു കോൺഗ്രസ്സുകാരുടെ നിലപാട്. കെ.പി.സി.സി ഓഫീസിന്റെ മുൻപിൽ സത്യാഗ്രഹമിരുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടായില്ല. ഉടനെ നിരാഹാരസത്യാഗ്രഹ പരിപാടി ആസൂത്രണം ചെയ്തു. ബി.വെല്ലിംഗ്ടൺ കൊട്ടിയൂരിലും കുട്ടിശങ്കരൻ നായർ എറണാകുളത്തും ജെസി. പെരുമന അയ്യപ്പൻ കോവിലിലും നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭാവ സത്യാഗ്രഹങ്ങൾ നടന്നു. തൃശൂരിൽ കെ.ആർ ചുമ്മാർ, കൊടുങ്ങല്ലൂരിൽ മഹമ്മദാലി ചാലക്കുടിയിൽ ലാസർ തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ നേതാക്കൾ ഉപവാസമനുഷ്ഠിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാരിന്റെ കർഷകനയത്തിൽ പ്രതിഷേധിച്ചുകൊണ്ടും സത്യാഗ്രഹികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു. ഈ പ്രതിഷേധങ്ങളൊന്നും ഗൗരവമായി എടുക്കാൻ കോൺഗ്രസ്സ് നേതൃത്വത്തിന് സാധിച്ചില്ല. ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താനുള്ള ശ്രമം പരാജയപ്പെടുകയാണുണ്ടായത്. ഭരണകക്ഷികൾക്ക് ഒരു ഷോക്ക് ഏല്പിക്കാതെ രക്ഷിയില്ലെന്ന് മലനാട് കർഷക യൂണിയൻ തീരുമാനിച്ചു. തന്മൂലം പാർലമന്റ് തെരഞ്ഞെടുപ്പിൽ ചില തിരിച്ചടികൾ ഏല്പിക്കാൻ കാലാകാലം കോൺഗ്രസ്സിന് വോട്ടു ചെയ്തു പോന്നിരുന്ന മലനാട് കർഷക യൂണിയൻ പ്രവർത്തകർ തീരുമാനിച്ചു. സുകുമാർ അഴിക്കോടിനെപ്പോലുള്ള സമുന്നതരായ കോൺഗ്രസ് സ്ഥാനാർത്ഥികൾ പോലും ഈ തെരഞ്ഞെടുപ്പിൽ തോറ്റു. മലനാട് കർഷക യൂണിയനോട് കോൺഗ്രസ്സ് കാണിച്ച അവഗണനയുടെ ഫലം കോൺഗ്രസ്സ് അനുഭവിച്ചു.



malankaralibrary.com



മലനാട് കർഷക യൂണിയൻ അതിശക്തമായ പ്രവർത്തനം നടത്തി. സംസ്ഥാനത്തുടനീളം നൂറുകണക്കിന് യൂണിറ്റുകൾ സംഘടനയ്ക്കുണ്ടായി. കേരളത്തെ മൂന്നു മേഖലകളായി തിരിച്ചാണ് പ്രവർത്തനം നടത്തിയത്. മലനാട് കർഷക യൂണിയൻ മദ്ധ്യമേഖലാ കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. കെ. ജെ. ചാണ്ടിയും സെക്രട്ടറി കെ.ടി. മാത്യു കണ്ടംപറമ്പിലുമായിരുന്നു. മലയോരങ്ങളിലെ കുടിയേറ്റക്കാരിൽ അധികവും മീനച്ചിൽ താലൂക്കിൽ നിന്നുള്ളവരായിരുന്നു. അക്കാരണത്താൽ തന്നെ മീനച്ചിൽ താലൂക്ക് മലനാട് കർഷക യൂണിയന്റെ കേന്ദ്ര ബിന്ദുവായി മാറി. മലനാടു കർഷക യൂണിയന്റെ മീനച്ചിൽ താലൂക്ക് കമ്മറ്റി പ്രസിഡന്റ് അഡ്വ. സി. ജോസഫ് തെള്ളിയും സെക്രട്ടറി ഈ ലേഖകനുമായിരുന്നു.

## പി.സി. ജോസഫിന്റെ ആത്മകഥ


മലയോര കർഷക പ്രക്ഷോഭണത്തിൽ കടപ്ലാമറ്റം സ്വദേശി പൂവത്തുങ്കൽ പി.സി. ജോസഫ് ചെയ്ത സേവനങ്ങൾ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്. പി.സി.യുടെ ആത്മകഥയായ എന്റെ ജീവിതസ്മരണകൾ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. (173 പേജ്)

"മലനാട് കർഷകയൂണിയന്റെ ശാഖകൾ മലയോര നിവാസികളെ സംരക്ഷിക്കുവാനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപം കൊണ്ടിരുന്നു. പാലായിൽ നിന്ന് കെ.ജെ. ചാണ്ടിയും സ്കറിയ പറയരുതോട്ടവും ജോൺ കച്ചിറമറ്റവും ഞാനും മറ്റേതാനും പേരും ആ പ്രസ്ഥാനത്തിന്റെ മുന്നണി പ്രവർത്തകരായി രംഗത്തു വരുകയുണ്ടായി."

അമരാവതി കുടിയിരുത്തലിനുശേഷം വീണ്ടും കർഷക ദ്രോഹനടപടികൾ തുടർന്നു. ചുരുളികീരിത്തോട്ടെ കർഷകരെ കുടിയിറക്കാനുള്ള ശ്രമമാണ് പിന്നെ നടന്നത്. ഇടുക്കി പദ്ധതിയുടെ പേരിലായിരുന്നു കുടിയിറക്ക്. ശ്രീ.പി.സി. ജോസഫിന്റെ ആത്മകഥയിൽ തുടരുന്നു. "കുടിയിറക്ക് ഉത്തരവിനെതിരെ മലനാട് കർഷക യൂണിയൻ ധാർമ്മിക സമരവും ആരംഭിച്ചു. ഇതിനോടകം കീരിത്തോട്ടിൽകർഷക യൂണിയന്റെ ഒരു സമരകേന്ദ്രവും തുറന്നു. മലയോരങ്ങളിലെല്ലാം പ്രതിഷേധറാലികളും വമ്പിച്ച പൊതുയോ




ജെ.സി. പെരുമന



കെ.ആർ. ചുമ്മാർ



ബേബൻ വെട്ടിക്കാട്




ജോസഫ് മൂഞ്ഞേലി




malankaralibrary.com

ഗങ്ങളും നടന്നു. കേന്ദ്ര സമര സമിതിയുടെ തീരുമാനമനുസരിച്ച് 30-ൽപരം തിരഞ്ഞെടുക്കപ്പെട്ട വാളന്റിയർമാരോടുകൂടി ഒരു സമരപ്രചരണജാഥ എന്റെ ചുമതലയിൽ മലയോരങ്ങളിലെ വലുതം ചെറുതുമായ 60-ൽ പരം കർഷക കേന്ദ്രങ്ങളിൽകൂടി സഞ്ചരിച്ചു. ചുരുളിയിൽ നിന്നും ആരംഭിച്ച ഈ കർഷകജാഥ വിജയകരമായി അയ്യപ്പൻ കോവിലിൽ എത്തിച്ചേർന്നു. അവിടെ ചേർന്ന സമാപന സമ്മേളനത്തിൽ മലനാട് കർഷക യൂണിയൻ പ്രസിഡന്റ് ജോൺ മാഞ്ഞൂരാൻ 12 ദിവസം നീണ്ടുനിന്ന ആ സമര പ്രചരണജാഥയെ വിജയപൂർവ്വം നയിച്ചുകൊണ്ട് ഞാൻ നടത്തിയ ശ്രമങ്ങളെ മുക്തകണ്ഠം പ്രശംസിച്ചു. 5000-ൽ പരം ആളുകൾ പങ്കെടുത്ത ആ യോഗത്തിൽ ഞാനും പ്രസംഗിക്കുകയുണ്ടായി. ഈ പ്രക്ഷോഭണ പരിപാടികൾ കൊണ്ടൊന്നും സർക്കാർ കുലുങ്ങിയില്ല..... 1964-ൽ ചുരുളികീരിത്തോട്ടിൽ അതി ഭീകരമായ കുടിയിറക്കു നടന്നു. പ്രസിഡന്റ് ജോൺ മാഞ്ഞൂരാനെ അറസ്റ്റ് ചെയ്തപ്പോൾ അഡ്വ. സി.ജോസഫ് തെള്ളി ഡിക്ടേറ്റർ ആയി ചാർജെടുത്തു.


കെ.ജെ.ചാണ്ടി


കെ.റ്റി മാത്യു
കണ്ടംപറമ്പിൽ


പി.സി. ജോസഫ്
പൂവത്തിങ്കൽ


ജോസഫ് തെള്ളി

## തെള്ളിയുടെ സത്യാഗ്രഹം

കുടിയിറക്കപ്പെട്ട കർഷക കുടുംബങ്ങളോട് സർക്കാർ നീതി പുലർത്താത്തതിൽ പ്രതിഷേധിച്ച് ശ്രീ. ജോസഫ് തെള്ളി കേന്ദ്ര സമതിയുടെ നിർദ്ദേശാനുസരണം വാഴത്തോപ്പിൽ ഒരു നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയുണ്ടായി. ചുരുളികീരിത്തോട്ടിൽ നിന്നും ഇറക്കിവിട്ട കർഷകരെ വാഴത്തോപ്പ്, മണിയാറംകുടി എന്ന പ്രദേശങ്ങളിലാണ് കുടിയിരുത്തിയത്. ആ കർഷകരോട് മനുഷ്യത്വപരമായ സമീപനമല്ലായിരുന്നു സർക്കാർ സ്വീകരിച്ചത്. സർക്കാരിന്റെ അനുഭാവവും പോതുജനങ്ങളുടെ സഹകരണവുമുണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് ശ്രീമാൻ. തെള്ളി നിരാഹാര സമരം ആരംഭിച്ചത്. നിരാഹാര ക്യാമ്പിന്റെ ചുമതല എന്നെയാണ് കേന്ദ്രസമിതി ഏല്പിച്ചത്. ഞങ്ങൾ അവിടെയെത്തി ആദ്യമായി ഒരു വമ്പിച്ച പൊതുസമ്മേളനം നടത്തി. സമ്മേളനം ഉദ്ഘാടനം ചെയ്തത് ഫാ.ജോസഫ് വടക്കനായിരുന്നു. നിരാഹാര സത്യാഗ്രഹം തുടങ്ങി 5-ാം ദിവസം സർക്കാർ പ്രതിനിധികളും ഏതാനും ഉദ്യോഗസ്ഥന്മാരും കോൺഗ്രസ്സ് നേതാക്കളും സ്ഥല




malankaralibrary.com



ത്തെത്തി ജോൺ മാഞ്ഞൂരാനുമായി നടത്തിയ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സത്യാഗ്രഹം പിൻവലിച്ചു.

## ജയിൽവാസവും പിതാവിന്റെ മരണവും

കൊട്ടിയൂർ ജാഥ തിരുവനന്തപുരത്ത് എത്തിച്ചേർന്നപ്പോൾ അവർ തയ്യാറാക്കിയ മെമ്മോറാണ്ടം വാങ്ങിക്കുവാൻ മുഖ്യമന്ത്രി പട്ടം തയ്യാറാകാത്തതിനെ തുടർന്ന് പോസ്റ്റലിൽ അയച്ചിട്ട് തിരിച്ചു പോരുകയാണല്ലോ ചെയ്തത്. തൃശൂർ രാമനിലയത്തിൽ എത്തിച്ചേരുന്ന പട്ടത്തെ മലനാട് കർഷക യൂണിയൻ ഒരു ഉശിരൻ കരിങ്കൊടി പ്രകടനം നടത്തിക്കൊണ്ട് പട്ടം കൊട്ടിയൂർ ജാഥയെ അവഹേളിച്ചതിൽ പ്രതിഷേധിക്കാൻ നിശ്ചയിച്ചു. 1961 ഡിസംബർ 29-ന് നിരവധി പ്രവർത്തകർ കരിങ്കൊടിയുമായി തൊഴിലാളി കെട്ടിടത്തിന്റെ മുൻപിൽ എത്തി. ഇതിറിഞ്ഞ് ക്ഷുഭിതനായ ഡി.വൈ.എസ്.പി. സായുധപോലീസോടുകൂടി വടക്കനെച്ചന്റെ ഓഫീസ് മുറിയിലേക്ക് വന്നു. ധിക്കാരപൂർവ്വം സംസാരിച്ച ഡി.വൈ.എസ്.പിയോട് തന്റെ മുറിയിൽ നിന്നും ഇറങ്ങിപോകാൻ വടക്കനെച്ചൻ രോഷാകുലനായി പറഞ്ഞു. അദ്ദേഹം മുറിയിൽ നിന്നും ഇറങ്ങിപോയി. കരിങ്കൊടി ജാഥാ വെല്ലിംഗ്ടന്റെ നേതൃത്വത്തിൽ രാമനിലയം ലക്ഷ്യംവച്ച് നീങ്ങി. ഹൈവേ റോഡിൽ വച്ച് പോലീസ് വെല്ലിംഗ്ടണെയും 160 പേരെയും അറസ്റ്റ് ചെയ്ത് ആനപ്പാറയ്ക്കു കൊണ്ടുപോയി. പോലീസിന്റെ എണ്ണം കണ്ട് ഭയന്ന ചിലർ ഓടിരക്ഷപ്പെട്ടു. ഇതറിഞ്ഞ വടക്കനെച്ചൻ തൊഴിലാളി ഓഫിസിന്റെ മുൻപിൽ നിന്ന് ഒരു പുത്തൻ ജാഥാ നയിച്ചു. വടക്കനെച്ചൻ ഏകനായി നടത്തിയ ആ ജാഥയിൽ തൊഴിലാളി ഓഫീസിലെ ജോലിക്കാർ ചേർന്നു. ജാഥ നീങ്ങുന്നതോടെ കൂടുതൽ കൂടുതൽ ആളുകൾ ജാഥയിൽ അണിനിരന്നു. രാമനിലയത്തിന്റെ പടിക്കൽ എത്തി വടക്കനെച്ചൻ പ്രസംഗം ആരംഭിച്ചപ്പോൾ രണ്ടായിരത്തിൽ പരമായി ജാഥാംഗങ്ങളുടെ എണ്ണം. പ്രസംഗത്തിനിടയിൽ വടക്കനെച്ചനെ അറസ്റ്റ് ചെയ്തു, പോലീസ് വണ്ടിയിൽകയറ്റി. മുഖ്യമന്ത്രിയുടെ പാർട്ടിക്കാരനായ സി.ജി. ജനാർദ്ദനൻ, രാമനിലയത്തിന്റെ മുൻപിൻ വച്ചു പട്ടത്തിന്റെ നയങ്ങളെ വിമർശിച്ചുകൊണ്ട് ദീർഘനേരം സംസാരിച്ചു. ജോൺ മാഞ്ഞൂരാനും പ്രസംഗിച്ചു. ജനക്കൂട്ടം വർദ്ധിച്ചുകൊണ്ടിരുന്നു. ഏതായാലും പട്ടം രാമനിലയത്തിൽ കയറാതെ സ്ഥലം വിട്ടു. തന്റെ കൂട്ടത്തിൽ ഉള്ളവരെയും വിടാതെ താൻ പോകുകയില്ലെന്ന നിലപാട് വടക്കനെടുത്തു. അതോടെ എല്ലാവരെയും വിടാൻ പോലീസ് തയ്യാറായി.



സി.ജി. ജനാർദ്ദനൻ
എം.എൽ.എ.

വെല്ലിംഗ്ടൺ ജാമ്യത്തിൽ ഇറങ്ങുന്നില്ലെന്ന നിലപാടെടുത്തതിനാൽ വെല്ലിംഗ്ടണെ പത്തു ദിവസത്തേക്ക് റിമാൻഡിൽ വിട്ടു പിന്നീട് വെല്ലിംഗ്ടണെ ജാമ്യ



malankaralibrary.com

മില്ലാതെ വിട്ടു. ഇതറിഞ്ഞ് വീട്ടിലായിരുന്ന ഭാര്യ എലിസബത്ത് കരഞ്ഞു പോയി.

വെല്ലിംഗ്ടന്റെ പിതാവ് മകൻ ജയിലിലായ വിവരം അറിഞ്ഞ് ദുഃഖിതനായിട്ടാണ് മരണമടഞ്ഞത്. ഒരു എൻജിനീയറായി കാണാൻ ആഗ്രഹിച്ച പിതാവ്, മകൻ ജയിലിൽ ആണെന്നറിഞ്ഞപ്പോൾ ഉണ്ടായ പ്രയാസം ഊഹിക്കാവുന്നതേയുള്ളൂ. ജയിലിലായിരുന്നതിനാൽ പിതാവിന്റെ മരണസമയത്ത് പിതാവിന്റെയടുക്കൽ ഉണ്ടാകാൻ സാധിച്ചില്ല. ബി. വെല്ലിംഗ്ടൺ അതിൽ ദുഃഖിതനായിരുന്നു.

ജയിൽ വിമുക്തനായ വെല്ലിംഗ്ടന് പിറ്റേ ദിവസം പീച്ചിയിൽ ഒരു സ്വീകരണം വച്ചിരുന്നു. ആ യോഗസ്ഥലത്ത് വടക്കനച്ചനും സന്നിഹിതനായിരുന്നു. അപ്പോഴാണ് പിതാവിന്റെ മരണവാർത്ത അറിയുന്നത്.

## തൊഴിലാളി പത്രം

കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ സന്ദേശം തൊഴിലാളികളിലേക്കും സാധാരണ ജനങ്ങളിലേക്കും എത്തിക്കാൻ ഒരു ചെറിയ പ്രസിദ്ധീകരണം ആവശ്യമാണെന്ന ചിന്ത തൽപ്രവർത്തകർക്കുണ്ടായി. അങ്ങനെയാരംഭിച്ചതാണ് തൊഴിലാളി. 1952 മാർച്ചിലാണ് വാരികയുടെ പ്രഥമലക്കം ഇറക്കിയത്. ആദ്യം മറ്റു പ്രസുകളിലായിരുന്ന അച്ചടിച്ചുകൊണ്ടിരുന്നത്. പിന്നീട് സ്വന്തമായി പ്രസ് വാങ്ങി അച്ചടിച്ചു. - 1954 ജനുവരി 1-ന് ദിനപത്രമായി ഉയർത്തി. ഫാ. ചെമ്മണ്ണാർ തെഴിലാളിയുടെ പത്രാധിപരായിരുന്നു. അഡ്വ. സെയ്തുമുഹമ്മദ്, ഫാ. സഖറിയാസ് വാഴപ്പള്ളി, ഫാ.വടക്കൻ തുടങ്ങിയവർ പത്രാധിപസ്ഥാനം വഹിച്ചിട്ടുണ്ട്. തൊഴിലാളിയുടെ സഹുപത്രാധിപരായിരുന്ന കെ. ജെ.ജേക്കബ്, ജോയി ശാസ്താപടിക്കൽ, എം.എ.വർഗീസ്, ഭാസ്കരൻ (പി. ടി.ഐ അഡ്വ. ജോസഫ് മാവേലി തുടങ്ങിയവരിൽ പലരും പിന്നീട് ഉന്നത ശീർഷരായ പത്ര പ്രവർത്തകരായും മറ്റും വർത്തിച്ചു.


മോൺ. സഖറിയാസ് വാഴപ്പള്ളി

തൊഴിലാളി 1961 ഒക്ടോബർ 2-ന് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി. ബിഷപ്പ് ആലപ്പാട്ടാണ് കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചത്. ഉദ്ഘാടനം എ.സി. എഫ്. പ്രസിഡന്റ് ബി.വെല്ലിംഗ്ടണും നിർവ്വഹിച്ചു. ടെലിപ്രിന്റർ സ്വിച്ച് ഓൺ ചെയ്തത് കാൽഡിയൽ ആർച്ച് ബിഷപ്പ് ആയിരുന്നു.

പിന്നീട് ദീർഘകാലം ബി.വെല്ലിംഗ്ടൺ തൊഴിലാളിയുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. വെല്ലിംഗ്ടൺ, മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ വർഗീസ് മേച്ചേരിയാണ് എഡിറ്റർ സ്ഥാനം വഹിച്ചത്. മന്ത്രി സ്ഥാനം കഴിഞ്ഞു വന്നപ്പോൾ വീണ്ടും വെല്ലിംഗ്ടൺ പത്രാധിപസ്ഥാനം ഏറ്റെടുത്തു.



malankaralibrary.com



# ഉപവാസ സമരം

കൊട്ടിയൂർ ജാഥക്കുശേഷം മലനാടു കർഷക യൂണിയൻ രൂപീകരിച്ചു. മലനാട് കർഷക യൂണിയനോട് യാതൊരു ചർച്ചയുമില്ലെന്ന് പി.ടി. ചാക്കോ നിയമസഭയിൽ പ്രസ്താവിക്കുകയും ചെയ്തു. ഭരണകക്ഷികളിൽ സമ്മർദ്ദം ചെലുത്തി കർഷക പ്രശ്നം പരിഹരിക്കാൻ നടത്തിയ ശ്രമങ്ങളും പരാജയപ്പെട്ടു. ആങ്ങള ചത്താണെങ്കിലും നാത്തൂന്റെ കണ്ണീർകാണണമെന്ന മനോഭാവക്കാരായിരുന്നു കോൺഗ്രസ്സുകാർ. ബി. വെല്ലിംഗ്ടന്റെയും കുട്ടിശങ്കരൻ നായരുടെയും ജ.സി. പെരുമനയുടെയും സത്യാഗ്രഹസമരം 22 ദിവസം നീണ്ടു. അക്കാലത്തെ ഉപവാസസമരത്തെപ്പറ്റി കൊട്ടിയൂരിൽ ഉപവാസം നടത്തിയ മലനാട് കർഷക യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ.ബി. വെല്ലിംഗ്ടൺ എന്റെ ഉപവാസസ്മരണകൾ എന്ന പേരിൽ ഓർമ്മക്കുറിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. ആ ഓർമ്മക്കുറിപ്പുകൾ -ഉപവാസസ്മരണകൾ പൂർണ്ണമായും ഈ ഗ്രന്ഥത്തിൽ ചേർക്കുകയാണ്. ഉപവാസം നടത്തിയാളിന്റെ വാക്കുകളായിരിക്കുമല്ലോ വായനക്കാർ കൂടുതൽ ഇഷ്ടപ്പെടുന്നത്. വെല്ലിംഗ്ടന്റെ ഉപവാസ സ്മരണകളിൽ എറണാകുളത്തെ കുട്ടിശങ്കരൻ നായരുടെയും അയ്യപ്പൻ കോവിലിലെ ജെ.സി.പെരുമനയുടെയും ഉപവാസ കാര്യങ്ങളും വിസ്തരിച്ചു ചേർത്തിട്ടുണ്ട്. നാടിന്റെ നാനാഭാഗങ്ങളിലും നടന്ന അനുഭാവ സത്യാഗ്രഹങ്ങളും അതിൽ ചേർത്തിട്ടുണ്ട്.

കൊട്ടിയൂരിന് ശേഷം പുൽപ്പള്ളിയിലും ചരിത്രം ആവർത്തിച്ചു. അവിടെ 15000 ഏക്കർ ഭൂമിയുണ്ടായിരുന്നു. അവിടെ വിളയെല്ലാം നശിപ്പിച്ചു കുടിയെല്ലാം തീവച്ചും ഇറക്കി വിടാൻ നീക്കമുണ്ടായി. എന്നാൽ കുടിയേറ്റക്കാർ ചെറുത്തു നിന്നു.

അടുത്തത് ഗൂഡല്ലൂരായിരുന്നു. തമിഴ്നാട് സർക്കാർ വനം ഭൂമി ഒഴിപ്പിക്കുന്നതിന്റെ പേരിൽ ഗൂഡല്ലൂരിലെ കർഷകരെയും ഇറക്കി വിടാൻ തുടങ്ങി. കർഷകരുടെ വിളകൾ നശിപ്പിച്ച് തമിഴ്നാട്ടിൽ യൂക്കാലിപ്റ്റ്സ് നടുന്നതിനിടെ വടക്കനച്ചൻ എത്തി. കൈവശഭൂമിയിലെ യൂക്കാലിപ്റ്റ്സ് വെട്ടിക്കളയാൻ വടക്കൻ കർഷകരോടു പറഞ്ഞു. പോലീസ് കർഷകരെ തല്ലിയിറക്കി. ആ പ്രതിസന്ധിയിൽ കർഷകരോടൊപ്പം ഫാ. വടക്കനും, ബി. വെല്ലിംഗ്ടണും നൽകിയ നേതൃത്വം ആർക്കും വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

ഫാ. ജേക്കബ് ചിറയത്ത്, റ്റി. പി. സ്കറിയ (അഡ്വക്കേറ്റ്) ജോൺ കച്ചിറമറ്റം, കത്തോലിക്കാകോൺഗ്രസ്സ് നേതാക്കൾ തുടങ്ങിയവരും ഗൂഡല്ലൂർ പ്രക്ഷോഭണങ്ങളിൽ ഫാ. വടക്കനോടൊപ്പം അണിനിരന്നിരുന്നു.

*വെല്ലിംഗ്ടൺ തയ്യാറാക്കിയ ഉപവാസസ്മരണകൾ*
*അടുത്ത താളുകളിൽ......*



malankaralibrary.com

# 7. എന്റെ ഉപവാസ സ്മരണകൾ

## മുഖവുര

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിരണ്ട് ഫെബ്രുവരി പന്ത്രണ്ട്!!

"21" ദിവസം നീണ്ടുനിന്ന ഉപവാസത്തിന് തുടക്കമിട്ട ദിവസമാണന്ന്. എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത സംഭവത്തിന് അന്നാണ് നാന്ദി കുറിച്ചത്. അന്നു ഞാൻ മലനാടു കർഷക യൂണിയന്റെ ജനറൽ സെക്രട്ടറിയായിരുന്നു.

ഉപവാസത്തിന്റെ പതിനാറാം ദിവസം എന്നെ അറസ്റ്റു ചെയ്ത് തലശ്ശേരി ആശുപത്രിയിലാക്കി. 21-ാം ദിവസം -1962 മാർച്ച് നാലാംതീയതി ഉപവാസം നിറുത്തി. അന്ന് വൈകുന്നേരം കർഷകനേതാക്കളും കൃഷിക്കാരും തൃശ്ശൂർ ടൗൺ ഹാളിൽ സമ്മേളിച്ച് കർഷക തൊഴിലാളി പാർട്ടിക്ക് രൂപം കൊടുത്തു. അത് എന്റെയും കേരളത്തിലെ കർഷക പ്രസ്ഥാനത്തിന്റെയും ചരിത്രത്തിൽ പുതിയൊരു വഴി തുറന്നു.

അന്നേദിവസം-1962 മാർച്ച് 4-ാം തീയതി ഭീകരമായ ഒരു സംഭവത്തിന് തൃശൂർ പട്ടണം സാക്ഷി നില്ക്കേണ്ടി വന്നു. അന്നവിടെ എത്തിയ മുഖ്യമന്ത്രി ശ്രീ.പട്ടംതാണുപിള്ളയെ, ആരോ കല്ലെറിഞ്ഞുവെന്ന് ആരോപിച്ച് കെ.റ്റി.പി.യുടേയും "തൊഴിലാളി"യുടേയും പ്രവർത്തകരെ, മുഖ്യമന്ത്രി പട്ടത്തിന്റെ നിർദ്ദേശ പ്രകാരം, ആഭ്യന്തര മന്ത്രി ശ്രീ. പി.ടി ചാക്കോയുടെ പോലീസ് വേട്ടയാടി. നിരപരാധികളായ നിരവധി കർഷകസുഹൃത്തുക്കളെ പോലീസ് തൂത്തുവാരി ജയിലിലിട്ട് തല്ലിച്ചതച്ചു. അതാണ് കിരാതമായ-തൃശ്ശൂർ ലോക്കപ്പ് മർദ്ദനം.

ii

1963 ഫെബ്രുവരി പതിനൊന്നാംതീയതി എന്റെ ഏതാനും സുഹൃത്തുക്കൾ "തൊഴിലാളി"യിൽ വന്ന് ഉപവാസകാലഘട്ടത്തിലെ ഓർമ്മകളെക്കുറിച്ച് പത്രദ്വാര എഴുതി പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട വടക്കനച്ചൻ ബാങ്കോങ്ങിലായിരുന്നു. സെമിനാറിൽ സംബന്ധിക്കുവാൻ പോയതായിരുന്നു അദ്ദേഹം. ഞങ്ങളെ ഏതാനും പേരെയാണ് അന്ന് "തൊഴിലാളി" പത്രത്തിന്റെ ചുമതല ഏല്പിച്ചിരുന്നത്. തന്മൂലം എനിക്ക് ധാരളം ജോലിയുണ്ടായിരുന്നു. ഉപവാസ കാലത്തെക്കുറിച്ച് വിശദമായി ആലോചിക്കുവാനും വേണ്ടത്ര



malankaralibrary.com



വസ്തുതകൾ ശേഖരിച്ച് ഓർമ്മകുറിപ്പുകൾ തയ്യാറാക്കുവാനും എനിക്ക് അന്ന് സമയം ഇല്ലായിരുന്നു. ഇക്കാര്യം സ്നേഹിതന്മാരോട് ഞാൻ സൂചിപ്പിച്ചപ്പോൾ, "തൊഴിലാളി"യിലെ സഹപ്രവർത്തകർ പുതിയൊരു പോംവഴി ചൂണ്ടിക്കാണിച്ചു: " ഇന്നുമുതൽ ഓരോ ചെറിയ ലേഖനം എഴുതുക; ഓരോ ഭാഗവും ദിനപ്പത്രത്തിലൂടെ പ്രസിദ്ധപ്പെടുത്തുക. പിറ്റേദിവസം ഉപവാസാരംഭത്തിന്റെ വാർഷികദിനവുമാണല്ലോ." കൂട്ടുകാരുടെ നിർബന്ധം കൂടിവരുകയും ചെയ്തു. അന്നു മുതൽ ഞാൻ സ്മരണകൾ കുറിച്ചു. ആദ്യത്തെ ലേഖനം അന്നു തന്നെ ശരിയാക്കി. പിറ്റേദിവസത്തെ-1963 ഫെബ്രുവരി 12-ാം തീയതിയിലെ പത്രത്തിൽ അതു പ്രസിദ്ധീകരിച്ചു. ഓരോ ദിവസത്തേയും അനുഭവങ്ങളെ കേന്ദ്രീകരിച്ച് ഓരോ ലേഖനം തയ്യാറാക്കി. അവയെല്ലാം പത്രത്തിൽ വന്നു.

ഇങ്ങനെയൊരു ഓർമ്മകുറിപ്പ് എഴുതേണ്ടിവരുമെന്ന് ചിന്തിച്ചിരുന്നില്ല. അതുകൊണ്ട് ഉപവാസത്തെക്കുറിച്ച് യാതൊരുവക കുറിപ്പുകളും എഴുതി സൂക്ഷിച്ചിരുന്നുമില്ല. തന്മൂലം ഉപവാസകാലഘട്ടത്തിലെ പത്രങ്ങളുടെ പേജുകൾ മറിച്ചുനോക്കി, ഓർമ്മച്ചുരുൾ നിവർത്തി, ചിലതെല്ലാം ഞാൻ കുത്തിക്കുറിച്ചു. പല കാര്യങ്ങളും തന്മൂലം വിട്ടുപോയിട്ടുമുണ്ട്. വ്യക്തിഗതമായ പരാമർശനങ്ങൾ കഴിവതും ഒഴിവാക്കുവാൻ ഞാൻ ശ്രമിച്ചിട്ടുമുണ്ട്.

സ്മരണകൾ എഴുതിതുടങ്ങിയപ്പോൾ മാത്രമാണ്, ഉപവാസത്തിന്റെ മുഴുചിത്രം മനസ്സിൽ ആഞ്ഞുതറച്ചത്. ചില സമയത്ത് ഉപവാസത്തെപ്പറ്റി വികാരഭരിതനാകാതെ ഓർമ്മിക്കുവാൻകൂടി കഴിയാതായി. ചില രംഗങ്ങൾ എഴുതിയപ്പോൾ പഴയകാലാനുഭവങ്ങൾ സജീവമായി ഉള്ളിൽ പ്രതിഫലിച്ചു.

പക്ഷേ ഉപവാസത്തിന്റെ ഫലമായി കൊട്ടിയൂരിലെ അയ്യായിരത്തോളം കൃഷിക്കാരുടെ കുടുംബങ്ങളെ എനിക്കു രക്ഷിക്കുവാൻ സാധിച്ചു എന്ന പരമാർത്ഥം എപ്പോഴും എന്നെ കർമ്മനിരതനാക്കിക്കൊണ്ടിരുന്നു. അവരുടെ ജീവിതത്തിന്റെനേരെ കൊടുങ്കാറ്റുപോലെ പാഞ്ഞുചെന്ന " കുടിയിറക്കുഭീഷണി"യെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കുവാനും കഴിഞ്ഞു.

എഴുതുന്നതിനിടയ്ക്ക് മറ്റു ചില സംഭവങ്ങൾ കൂടി ഉണ്ടായി. മലയോരകർഷകരുടെ മറ്റു ചില പ്രശ്നങ്ങൾ ഈ കാലയളവിൽ രൂക്ഷതരമായി. സ്ഫോടകാത്മകമായ ഒരന്തരീക്ഷം മലമടക്കുകളിൽ പതിയിരുന്നു. തന്മൂലം "മല"കളിൽ പാഞ്ഞെത്തേണ്ടി വന്നു. എനിക്ക്; "തൊഴിലാളി"യിൽ ഇരിക്കുവാൻ കഴിയാതായി. അതു കൊണ്ട് സ്മരണകൾ എഴുതി പൂർത്തിയാക്കുവാൻ കഴിഞ്ഞുമില്ല.

iii

എന്റെ ഉറ്റ ചില സുഹൃത്തുക്കൾ സ്മരണകൾ പുസ്തക രൂപത്തിലാക്കണമെന്ന് സൂചിപ്പിച്ചു. എഴുതി പൂർത്തിയാക്കാതെ ഗ്രന്ഥരൂപത്തിലാക്കുന്നതിനോട് എനിക്കു യോജിക്കുവാൻ കഴിഞ്ഞില്ല. എഴുതി പൂർത്തിയാ


malankaralibrary.com

ക്കുവാനുള്ള സാഹചര്യവും ഇല്ലാതായി. കൂട്ടുകാർ നിർബന്ധം പിടിച്ചപ്പോൾ പത്രത്തിൽ വന്ന ഭാഗങ്ങൾ , വെട്ടിയെടുത്ത് , എഡിറ്റ് ചെയ്ത് , 1963 അവസാനത്തിൽ അച്ചടിക്കുവാനായി പരിഷത്ത് പ്രസ്സിൽ കൊടുത്തു. അവർ എട്ടു ഫോറം അച്ചടിച്ചു. പിന്നെ തുടർന്നില്ല. അക്കാലത്തുണ്ടായ രാഷ്ട്രീയസംഭവവികാസങ്ങളും സാമൂഹ്യസാമ്പത്തികരംഗങ്ങളിലുണ്ടായ പ്രശ്നങ്ങളും കാരണം എനിക്ക് പുസ്തകത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുവാൻ കഴിയാതെയും വന്നു.

ഗ്രന്ഥത്തിന്റെ അവസാനഭാഗങ്ങൾ അന്ന് എഴുതിക്കൊടുത്തിരുന്നെങ്കിൽ ചിലപ്പോൾ "ഉപവാസസ്മരണകൾ" അക്കാലത്തു തന്നെ പുസ്തകമായി പുറത്തുവരുമായിരുന്നു.

1965-ൽ അസംബ്ളി തിരഞ്ഞെടുപ്പടുത്തപ്പോൾ കല്പറ്റയിലും മണലൂരും കെ.റ്റി.പി യുടെ സ്ഥാനാർത്ഥിയായി നിന്നു മത്സരിക്കേണ്ട പ്രത്യേക സാഹചര്യമുളവായി, തിരഞ്ഞെടുപ്പ് കാലത്ത് പുസ്തകം അപൂർണ്ണമായ വിധത്തിലാണെങ്കിലും അച്ചടിച്ചുകിട്ടിയാൽ പ്രയോജനമുണ്ടെന്നു സ്നേഹിതന്മാർ വാശിപിടിച്ചു പറഞ്ഞു. ഞാൻ അതിനായി ഉറ്റു ശ്രമിച്ചു. വേണ്ടപ്പെട്ടവരെ കണ്ടു, സംസാരിച്ചു. പക്ഷേ അച്ചടിച്ചുകിട്ടിയില്ല.

തിരഞ്ഞെടുപ്പിൽ "കല്പറ്റ'യിൽ മാത്രം ജയിച്ചു. പക്ഷേ നിയമസഭയിൽ കാലുകുത്തുവാൻ "നന്ദ" സമ്മതിച്ചില്ല. വീണ്ടും 1967-ൽ തിരഞ്ഞെടുപ്പു വന്നു. പുസ്തകം അച്ചടിച്ചുകിട്ടണമെന്ന് കല്പറ്റയിലെ സുഹൃത്തുക്കൾ നിർബന്ധിച്ചു. പല കാരണങ്ങൾ കൊണ്ടും ശരിയായില്ല. കല്പറ്റയിൽ നിന്ന് ഞാൻ ജയിച്ച് ; വീണ്ടും എം. എൽ. എ ആയി ; 1967 മാർച്ച് ആറാം തീയതി കേരളത്തിൽ പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നു. ഞാൻ മന്ത്രിസഭയിൽ ഒരംഗവുമായി.

ഈ കാലയളവിൽ ഗ്രന്ഥത്തിന്റെ ബാക്കിഭാഗവും അച്ചടിച്ചുകഴിഞ്ഞു. അതിന്റെ അവസാനഭാഗം എഴുതിക്കൊടുക്കുവാൻ പ്രസ്സുകാർ നിർബന്ധിച്ചു. എഴുതിക്കൊടുക്കാമെന്ന് ഞാനേറ്റു. അതിനുവേണ്ടി പല പ്രാവശ്യം ശ്രമിച്ചു. നടന്നില്ല. സമയം കിട്ടുന്നില്ല, എന്നതു തന്നെ ഇപ്പോഴത്തെ കാരണം. ഇനി ഉടനെ സമയവും സാവകാശവും കിട്ടുമെന്ന ചിന്തയും ഇല്ല. അതുകൊണ്ട് അപൂർണ്ണമായ ഈ ഗ്രന്ഥം അച്ചടിച്ചടത്തോളം ഭാഗം പ്രസിദ്ധീകരിക്കാമെന്നു തീർച്ചപ്പെടുത്തി.

ആദ്യഫോറങ്ങൾ അച്ചടിച്ചിട്ട് വർഷങ്ങൾ പലതായി. അവസാനഭാഗങ്ങൾ അച്ചടിച്ചിട്ട് രണ്ടുവർഷവും. അച്ചടിച്ച ഭാഗങ്ങൾ പ്രസ്സിലിരുന്നു നശിച്ചുപോകരുതെന്ന ചിന്തകൊണ്ടാണ് ഇപ്പോൾ അപൂർണ്ണമായ ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. പിന്നീട് ഇതിന്റെ രണ്ടാംഭാഗം എഴുതി പ്രസിദ്ധീകരിക്കാമെന്നാണെന്റെ ഇപ്പോഴത്തെ ആശ. പ്രധാനമായും രാഷ്ട്രീയകാര്യങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയ ലേഖനങ്ങളാണല്ലോ ഇതിലുള്ളത്.



malankaralibrary.com



1963 ലാണ് എഴുതിയത്. ഇപ്പോൾ ഈ കൃതിയിൽ പലതരത്തിലുള്ള അപാകതകൾ ആളുകൾ കണ്ടെത്തും. 1963-ൽ എഴുതുക, മാറ്റം വരുത്താതെ '68 -ൽ പ്രസിദ്ധീകരിക്കുക- ഇതിൽ തന്നെ ഒരു വൈരുദ്ധ്യം ഉണ്ടല്ലോ. ഒരു പഞ്ചവത്സര പദ്ധതിക്കുശേഷം പുറത്തു വരുന്ന "ഉപവാസസ്മരണകൾ"ക്ക് ബലം നൽകുന്നത് ലേഖകന്റെ ആത്മാർത്ഥത ഒന്നു മാത്രമാണ്. മറ്റൊന്നും ഞാൻ അവകാശപ്പെടുന്നുമില്ല.

"കല്പന"
തിരുവനന്തപുരം
9-8-1968

**ബി.വെല്ലിംഗ്ടൺ**

# I.
# ജ്വലിച്ചുയർന്ന തീപ്പൊരികൾ

ഒരു കൊല്ലത്തിനുമുമ്പ് ഇന്നേദിവസമാണ് ഞങ്ങളുടെ നിരാഹാരസത്യാഗ്രഹം ആരംഭിച്ചത്. ഇരുപത്തി ഒന്നു ദീവസം ആ നിരാഹാരം നീണ്ടു നിന്നു. ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തതരത്തിൽ രാജ്യമാസകലം അനുഭാവസത്യാഗ്രഹ കേന്ദ്രങ്ങളായി മാറി. ആയിരക്കണക്കിനു മനുഷ്യസ്നേഹികൾ ഈ ത്യാഗവേദിയിൽ സ്വയം അർപ്പിക്കാൻ തയ്യാറായി. പിഞ്ചു കുഞ്ഞുങ്ങൾ മുതൽ പടുവൃദ്ധർവരെയുള്ളവർ നിറഞ്ഞ കണ്ണുകളുമായി പർണ്ണശാലയിൽ ഇരുന്നിരുന്ന രംഗം ഞാനിപ്പോഴും ഓർക്കുന്നു. ഇഞ്ചിഞ്ചായി മരണം സമീപിക്കുന്നതും നോക്കി ഞാൻ കിടന്നിരുന്നതും, രണ്ടുമൂന്നു പ്രാവശ്യം, ബോധക്ഷയമുണ്ടായപ്പോൾ അതു മരണമാണെന്നു കരുതി സമീപത്തുണ്ടായിരുന്നവരാസകലം പൊട്ടിക്കരഞ്ഞതും, ആയിരക്കണക്കിനു നാവുകളിൽ നിന്നും ഒരേ സ്വരത്തിൽ ആത്മശാന്തിക്കു വേണ്ടിയുള്ള പ്രാർത്ഥന ഉയർന്നതും, എല്ലാമെല്ലാം ഇന്നലെ നടന്നതുപോലെ തോന്നുകയാണ്. ഒരു വർഷം പോയതറിഞ്ഞില്ല. ഇരുപത്തി ഒന്നു ദിവസം നീണ്ടുനിന്ന നിരാഹാരത്തിൽ , പത്തു ദിവസത്തെക്കാര്യങ്ങൾ മാത്രമേ ശരിക്കും ഓർക്കാനെനിക്കു കഴിയുന്നുള്ളൂ. അതിനുശേഷം ഇടക്കിടെ ബോധക്ഷയവും മറ്റുമുണ്ടാകാറുണ്ടായിരുന്നു. എങ്കിലും ആ സംഭവങ്ങളിലേക്കും, അതുമൂലം ഉണ്ടായ സംഭവവികാസങ്ങളിലേക്കും ഒന്നു തിരിഞ്ഞുനോക്കുകയാണ്.

## മൂന്നുപേർ

ഞങ്ങൾ മൂന്നുപേരാണ് കഴിഞ്ഞ ഫെബ്രുവരി മാസം പന്ത്രണ്ടാം തീയതി ഉപവാസം തുടങ്ങിയത്. മലനാടു കർഷകയൂണിയന്റെ വൈസ്പ്ര



malankaralibrary.com

സിഡന്റായിരുന്ന ശ്രീ. ഇ.പി. കുട്ടിശങ്കരൻ നായരും, കേന്ദ്രക്കമ്മറ്റി മെമ്പറായിരുന്ന ശ്രീ.ജെ.സി. പെരുമനയും, ഞാനും. ഞാൻ മാത്രം ഉപവാസം തുടങ്ങണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ കേന്ദ്രകമ്മറ്റി സമ്മേളിച്ചപ്പോൾ ഉപവാസം തുടങ്ങാൻ തയ്യാറായിട്ടുള്ളവരുടെ എണ്ണം വളരെ കൂടുതലായി. എത്ര തന്നെ ഞങ്ങൾ ശ്രമിച്ചിട്ടും എല്ലാവരേയും പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. കണ്ണീരും കയ്യുമായി കഴിഞ്ഞുകൂടുന്ന കർഷകകുടുംബങ്ങളിൽ ആശ്വാസത്തിന്റെ ദീപനാളം ജ്വലിപ്പിക്കുന്നതിനുവേണ്ടി എന്തു ത്യാഗത്തിനും തയ്യാറായ അനേകമനേകം യുവാക്കളെ ആകമാനം അതിനനുവദിക്കുക സാദ്ധ്യമായിരുന്നില്ല. മാറിമാറി അനുഷ്ഠിക്കാവുന്ന ഒരു പരിപാടിയുമല്ലല്ലോ ഉപവാസം. ഒടുവിൽ, എല്ലാവരേയും പിന്തിരിപ്പിച്ച് എനിക്കു തന്നെ ഉപവാസം തുടങ്ങാമെന്നുള്ള പ്രതീക്ഷയിൽ , നിശ്ശബ്ദനായിരുന്നു കമ്മറ്റിയുടെ നടപടിക്കുറിപ്പെഴുതിക്കൊണ്ടിരിക്കുമ്പോൾ 'സമരസംഘടനയുടെ സെക്രട്ടറി ഉപവാസം തുടങ്ങിയാൽ സംഘടനാ പ്രവർത്തനം പ്രതിസന്ധിഘട്ടത്തിലാവും' എന്ന് ഒരു സ്നേഹിതൻ പറഞ്ഞത് ഭൂരിപക്ഷം ആളുകളും ശരിയാണെന്നഭിപ്രായപ്പെടുകയുണ്ടായി. കുട്ടിശങ്കരൻനായരുടെ പിടിവാശി മൂത്തു. അതുപോലെ മറ്റു പലരും. ജോസ് തുണിയമ്പ്രാൽ, ജെ.സി. പെരുമന, ജോൺ ചമ്പക്കര മുതലായവർ അവകാശവാദവും തുടങ്ങി. ഒടുവിൽ വളരെ നേരത്തെ ചർച്ചയ്ക്കുശേഷം ഞങ്ങൾ മൂന്നുപേരു മതിയെന്നു തീരുമാനിച്ചു. ഐക്യകണ്ഠ്യേന ആയിരുന്നു ആ തീരുമാനം.

ഉപവാസത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കേണ്ടതും പ്രശ്നമായി. തലസ്ഥാനത്ത് സെക്രട്ടറിയേറ്റിന്റെ മുമ്പിൽ ജനറൽ സെക്രട്ടറിയും, പ്രശ്നം ഉഗ്രമായിട്ടുള്ള ജില്ലാ തലസ്ഥാനങ്ങളിൽ മറ്റു രണ്ടുപേരും എന്ന ഒരു നിർദ്ദേശം ഒരാളുന്നയിച്ചു. അതേതുടർന്ന് ഓരോരുത്തരും ഓരോരോ നിർദ്ദേശങ്ങളുയർത്തി. 'കർഷകലക്ഷങ്ങളെ കണ്ണീരിലാഴ്ത്തുന്നതു മാത്രമാണ് പരിപാടി' എന്ന നിലയിൽ പ്രവർത്തിക്കുന്ന സർക്കാരിനെ സ്തംഭിപ്പിക്കുന്ന തരത്തിലായിരിക്കണം സമരം ആസൂത്രണം ചെയ്യേണ്ടതെന്നായിരുന്നു അഭിപ്രായഗതി.

## ഫാദർ വടക്കന്റെ നേതൃത്വം

ഒരു പകരംവീട്ടൽ മനസ്ഥിതി ഞങ്ങളിൽ കടന്നുകൂടിയിരുന്നു. കമ്മറ്റിയിലുടനീളം സംബന്ധിച്ചിരുന്ന റവ. ഫാദർ. വടക്കനാണ് ഞങ്ങളുടെ ചിന്തയെ തിരിച്ചുവിട്ടത്.

"സമരം ഒരിക്കലും വിദ്വേഷത്തിൽ നിന്നാവരുത്." അദ്ദേഹം പറഞ്ഞു. "നേരേമറിച്ച് പരിഹരിക്കുന്നതിനുള്ളതു മാത്രമായിരിക്കണം." തുടർന്നുള്ള അദ്ദേഹത്തിന്റെ വിശദീകരണത്തിനുശേഷം ഞങ്ങളുടെ മാനസികനില തന്നെ മാറി. സർക്കാരാഫീസുകളെ സ്തംഭിപ്പിക്കുന്ന രീതിയിലുള്ള സമരപരിപാടികൊണ്ടുണ്ടാകാവുന്ന ഭവിഷ്യത്തുകളെയും മറ്റും പറ്റി അദ്ദേഹം പ്രതിപാദിച്ചു.



malankaralibrary.com



രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, ഇന്ത്യയുടെ സ്വാതന്ത്ര്യം നേടുന്നതിന് അനുഷ്ഠിച്ച അതേ കർമ്മസരണിതന്നെ നമുക്കും പിന്തുടാരമെന്ന ദ്ദേഹം പറഞ്ഞു. ഉപ്പുസത്യാഗ്രഹത്തിനു പോയ മഹാത്മാവിനെ പലരും വിമർശിച്ചെങ്കിലും, ലക്ഷ്യത്തിലെത്തുന്നതിന് ഇന്ത്യയ്ക്കു കഴിഞ്ഞതുപോലെ, നമ്മുടെ സമരത്തിന് ചൂടും വീര്യവും പോരെന്നു പലരും അവഹേളിച്ചേക്കാമെങ്കിലും വിജയത്തിലെത്താൻ നമുക്കു കഴിയുമെന്നദ്ദേഹം ഉൽബോധിപ്പിച്ചു."

"ജനാധിപത്യവ്യവസ്ഥിതിയിൽ പ്രശ്നങ്ങളുടെ രൂക്ഷതയെപ്പറ്റി ബഹുജനങ്ങളെ ബോധവാന്മാരാക്കുകയാണ് ഏറ്റവും അത്യാവശ്യം. ഭൂരിപക്ഷം ആളുകളും പ്രശ്നം പരിഹരിക്കേണ്ടതാണെന്ന നിഗമനത്തിലെത്തിയാൽ പിന്നെ സർക്കാരിന് അതവഗണിക്കാൻ വയ്യാതെയാവും. അതിനാൽ നിരാഹാരസത്യാഗ്രഹം ശരിയായ രീതിയിൽ കൈകാര്യം ചെയ്താൽ യാതൊരു വിദ്വേഷ മനസ്ഥിതിയും ആരിലുമുളവാക്കാതെ ലക്ഷ്യത്തിലെത്താൻ നമുക്കു കഴിയും." വടക്കനച്ചന്റെ ഈ ഉപദേശം അനുസരിച്ചു സർക്കാരാപ്പീസുകളുടെ മുമ്പിലുള്ള പരിപാടി ഞങ്ങളുപേക്ഷിച്ചു.

## സ്ഥലനിർണ്ണയം

മലയോരകൃഷിക്കാരെ സംബന്ധിച്ചടത്തോളം രണ്ടു തരത്തിലുള്ളതായിരുന്നു പ്രശ്നം- മലബാറിന്റെ സ്വകാര്യവനങ്ങളിലെ കൃഷിക്കാരെ മേൽച്ചാർത്തുഭൂതം ആക്രമിക്കുന്നതിൽ നിന്നുളവായതും, സർക്കാർഭൂമിയിലെ കൃഷിക്കാരെ കുടിയിറക്കുന്നതിൽ നിന്നുളവായതും. മേൽചാർത്തു കൊട്ടിയൂരിലെ കൃഷിക്കാരെ വിഴുങ്ങിത്തുടങ്ങിയിരുന്നതിനാൽ മലബാറിലെ പ്രശ്നങ്ങളുടെ പ്രതീകമായ കൊട്ടിയൂരിൽ ഞാനും; സർക്കാർ വനങ്ങളിലെ പ്രശ്നങ്ങളിൽ ഏറ്റവും രൂക്ഷതരമായി വന്ന പ്രദേശം അയ്യപ്പൻ കോവിലായിരുന്നതിനാൽ അയ്യപ്പൻകോവിലിൽ ശ്രീ പെരുമനയും; കർഷക പ്രശ്നങ്ങളെ ആകമാനം പ്രതിനിധീകരിച്ചുകൊണ്ടു കേരളത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന എറണാകുളത്ത് വൈസ് പ്രസിഡന്റ് കുട്ടിശങ്കരൻനായരും ഉപവാസം അനുഷ്ഠിക്കുന്നത് ഉചിതമായിരിക്കുമെന്ന നിഗമനത്തിൽ ഞങ്ങളെത്തിച്ചേർന്നു.

1961 ജനുവരിമാസം 24-ാം തീയതിയായിരുന്നു കമ്മറ്റി സമ്മേളിച്ചത്. ഉപവാസം തുടങ്ങാൻ അധികദിവസമുണ്ടായിരുന്നില്ല. നാട്ടിലാകെ സമ്മേളനങ്ങളും പ്രകടങ്ങളും നടക്കുന്ന അവസരവുമായിരുന്നു. നിരാഹാരം അനുഷ്ഠിക്കേണ്ടവർ വിശ്രമമെടുക്കണമെന്നും മറ്റും നിർദ്ദേശിക്കപ്പെട്ടെങ്കിലും ഒരു ഡോക്ടരുടെ ഉപദേശം നേടാൻ പോലും നേരത്തെ കഴിഞ്ഞില്ല. ഓരോ ദിവസവും രണ്ടും മൂന്നും യോഗങ്ങളിൽ സംബന്ധിക്കേണ്ടിയിരിക്കുന്നു. നിരന്തരമായ യാത്രയും. ആഹാരം പോലും പലപ്പോഴും കഴിക്കാൻ സാധിക്കുമായിരുന്നില്ല.



malankaralibrary.com

# II
# ഉപവാസത്തിന്റെ ഉമിത്തീയിൽ

നിരാഹാരം ആരംഭിക്കേണ്ട ദിവസം വെളുപ്പിനുള്ള തീവണ്ടിക്കു ഞാൻ തലശ്ശേരിയിലെത്തി. തലേദിവസം രണ്ടു പൊതുയോഗങ്ങളിൽ പ്രസംഗിച്ചതിനു ശേഷമാണ് തൃശ്ശൂരിൽ നിന്നും തിരിച്ചത്. അശേഷം ഉറങ്ങാൻ കഴിഞ്ഞില്ല. തലശ്ശേരിയിൽ നിന്നും ഏകദേശം നാല്പതു നാഴികയോളം പിന്നെയും പോകണമായിരുന്നു കൊട്ടിയൂരിലെത്തുന്നതിന്. കൊട്ടിയൂരിലെ കർഷകരുടെ കണ്ണിലുണ്ണിയായ ബ. ചിറയത്തച്ചനോടും, തലശ്ശേരിയിലെ ഒരു ട്യൂട്ടോറിയൽ കോളേജിന്റെ ഉടമസ്ഥനും എന്റെ സുഹൃത്തുമായ ശ്രീ. ജോസ് ആക്കനോടും കൂടി ഞാൻ കൊട്ടിയൂർക്കു തിരിച്ചു.

ഒരു കാറിലാണ് ഞങ്ങൾ തലശ്ശേരിയിൽ നിന്നും തിരിച്ചത്. "മെഡിക്കൽ പരിശോദന നടത്താതിരുന്നതെന്ത്?" ജോസിന്റെ ചോദ്യം എന്നെ ചിന്തയിൽനിന്നുണർത്തി. ചിന്തിക്കാനെനിക്കു വേണ്ടുവോളമുണ്ടായിരുന്നു.

"പുഴയിൽച്ചാടിച്ചാവാൻ പോകുന്നവൻ മഴയത്ത് മുറവും ചൂടിപ്പോകുമോ?" ഞങ്ങളുടെ നാട്ടിൽ അമ്മൂമ്മമാർ പറയാറുള്ള വാചകം ഞാനറിയാതെ പറഞ്ഞുപോയി. എന്റെ ചിന്തയെന്താണെന്നു മനസ്സിലാക്കിയ സുഹൃത്തുക്കൾ എന്നെതിരുത്താൻ ശ്രമിച്ചു. ഞാനവരെ എതിർത്തില്ല. അവരുടെ നിർദ്ദേശപ്രകാരം പേരാവൂരുള്ള ഡോക്ടർ ശ്രീമതി തങ്കം പാന്നൂസിന്റെ ഹോസ്പിറ്റലിൽ ചെന്നു പരിശോധന നടത്തിച്ചു. ഡോക്ടർ ചില നിർദ്ദേശങ്ങളെല്ലാം തന്നു. ഏകദേശം പതിനൊന്നു മണിയോടു കൂടി ഞങ്ങൾ കേളകത്തെത്തിച്ചേർന്നു.

## ജനങ്ങളുടെ ആവേശം

വമ്പിച്ചൊരു ജനസമൂഹം - ആ നാട്ടിലുള്ള എല്ലാവരും തന്നെ- അവിടെ സമ്മേളിച്ചിട്ടുണ്ടായിരുന്നു. വികാരഭരിതമായ അന്തരീക്ഷം. സമ്മേളന സ്ഥലങ്ങളിലെങ്ങും കണ്ടിട്ടില്ലാത്ത ഒരു നിശ്ശബ്ദത. ഒരു ഈച്ച പറന്നുവന്നാൽപ്പോലും കേൾക്കാൻ കഴിയുന്നത്ര നിശ്ശബ്ദത !!

അവിടെ ഒരു സമ്മേളനത്തിനുള്ള സജ്ജീകരണം പ്രവർത്തകർ ചെയ്തിരുന്നു. കാറിൽ ഇരുന്നു ഞാൻ ഒരാത്മപരിശോധന നടത്തി. ചില കാര്യങ്ങൾ പരസ്യമായിപ്പറയണമെന്നെനിക്കു തോന്നി. എന്റെ അതുവരെയുള്ള ജീവിത്തിൽ പലരേയും ഞാൻ വേദനിപ്പിച്ചിരിക്കാം. അങ്ങനെയുള്ളവരോടെല്ലാം പിന്നീടൊരവസരത്തിൽ ക്ഷമായാചനം നടത്താനും പരിഹാരം



malankaralibrary.com



ചെയ്യാനും സാധിക്കാതെ വന്നെങ്കിലോ? കഴുകി ശുദ്ധിചെയ്ത മനസ്സോടേ വേണം ഉപവാസം ആരംഭിക്കേണ്ടത്. എന്റെ അന്തഃകരണം ഉദ്ബോധിപ്പിച്ചു.

പതിവിനു വിപരീതമായി വളരെ ചെറിയ ഒരു പ്രസംഗം മാത്രമേ ഞാനന്നവിടെ നടത്തിയുള്ളൂ. സകല ആളുകളോടും എന്റെ തെറ്റുകൾ ക്ഷമിക്കണമെന്നു പരസ്യമായി ഞാനഭ്യർത്ഥിച്ചു. ആത്മശാന്തി ഒന്നു കൊണ്ടുമാത്രം കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഒന്നാണ് ഉപവാസം. ഈശ്വരാനുഗ്രഹം അതിനു കൂടിയേ കഴിയൂ. "പ്രാർത്ഥിക്കണേ!" എന്നു ഞാനഭ്യർത്ഥിച്ചപ്പോൾ പല കണ്ണുകളും നിറയുന്നതു കാണാമായിരുന്നു.

ആരോ കൊണ്ടുവന്നുതന്ന ഒരു ഗ്ലാസ് ഉപ്പുചേർത്ത കഞ്ഞി വെള്ളം കുടിച്ചു കൊണ്ടാണ് ഞാൻ പർണ്ണശാലയിൽ പ്രവേശിച്ചത്. അങ്ങനെ ഇരുപത്തൊന്നു ദിവസം നീണ്ടുനിന്ന നിരാഹാരം ഞാനാരംഭിച്ചു. ആരംഭിക്കുമ്പോൾ എങ്ങനെയിരിക്കുമെന്നു യാതൊരു പിടിയുമുണ്ടായിരുന്നില്ല. അനന്തമായ ആഴിപ്പരപ്പിലേക്കു ഞാനെന്റെ കൊച്ചു കൊതുമ്പുതോണി ഇറക്കുകയായിരുന്നു. അലമാലകൾക്കിടയിലതങ്ങാണ്ടുപോകുമോ, അതോ ലക്ഷ്യസ്ഥാനത്തെത്തുമോ? മറുപടി കിട്ടാത്ത ചോദ്യമായിരുന്നു അന്ന് അത്.

## എറണാകുളത്ത്

ശ്രീ കുട്ടിശങ്കരൻ നായരുടെ ഉപവാസം എറണാകുളത്തുള്ള മലനാടു കർഷകയൂണിയൻ കേന്ദ്ര ഓഫീസിനു സമീപം സജ്ജമാക്കിയ പർണ്ണശാലയിലാണാരംഭിച്ചത്. റവ. ഫാദർ വടക്കൻ നേരത്തെ തന്നെ അവിടെ എത്തിയിരുന്നു.

"തന്റെ ഉപവാസം , കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ മാത്രമല്ല, സാമുദായിക അനൈക്യത്തേയും പരിഹരിക്കാൻ പര്യാപ്തമായിത്തീരും." എന്നു പറഞ്ഞു കൊണ്ടാണ് ശ്രീ. ഇ.പി കുട്ടിശങ്കരൻനായർ ഉപവാസം ആരംഭിച്ചത്. ഉപവാസം ആരംഭിക്കുന്നതിനുമുമ്പ് അദ്ദേഹം തന്നെ രചിച്ച ഒരു കവിത സ്വയം പാരായണം ചെയ്തു. അമ്പലത്തിൽ പോയി പ്രാർത്ഥന കഴിഞ്ഞു വന്ന കുട്ടിശങ്കരൻനായർ, ഉപവാസം ആരംഭിക്കുന്നതിനു മുമ്പ് വീണ്ടും പ്രാർത്ഥിക്കുകയുണ്ടായി.

അനേകം ആളുകൾ അവിടെ സമ്മേളിച്ചിരുന്നു. വികാര ഭരിതമായ ആ അന്തരീക്ഷത്തിൽ വടക്കനച്ചൻ ആ മഹത്തായ യജ്ഞം ഉദ്ഘാടനം ചെയ്തു. മലനാടു കർഷക യൂണിയൻ പ്രസിഡന്റ് ശ്രീ മാഞ്ഞൂരാനും തദവസരത്തിൽ അവിടെ എത്തിച്ചേർന്നു. സന്ദർഭത്തിന്റെ ഗൗരവത്തെയും പ്രവർത്തകരുടെ ചുമതലയേയും വിശദീകരിച്ചു കൊണ്ട് അദ്ദേഹവും ഒരു ചെറു പ്രസംഗം ചെയ്യുകയുണ്ടായി. ക്രിസ്തുദേവന്റെയും ഗാന്ധിജിയുടെയും ബുദ്ധന്റെയും ശ്രീകൃഷ്ണന്റെയും ചിത്രങ്ങൾ പന്തലിൽ അലങ്കരിച്ചുവച്ചിരുന്നു. ഭക്തിനിർഭരമായ ആ അന്തരീക്ഷത്തിൽ വിവിധ വിഭാഗക്കാർ മാറിമാറി പ്രാർത്ഥന നടത്തിയിരുന്നു.



malankaralibrary.com

## അയ്യപ്പൻകോവിലിൽ

മലനാടു കർഷക യൂണിയൻ കേന്ദ്രകമ്മറ്റി മെമ്പറായ ശ്രീ. ജെ.സി പെരുമന ആവേശവും വികാരവും മുറ്റിനില്ക്കുന്ന അന്തരീക്ഷത്തിൽ, ആയിരക്കണക്കിനു മണ്ണിന്റെ മക്കളുടെ സാന്നിദ്ധ്യത്തിൽ, അയ്യപ്പൻകോവിലിൽ ഉപവാസം തുടങ്ങി. അവിടെ വിശാലമായ ഒരു സ്ഥലത്തു കെട്ടിയുണ്ടാക്കിയ ഒരു പന്തലിലാണ് ഉപവാസം തുടങ്ങിയത്. കട്ടപ്പന, കാഞ്ചിയാർ, ഇരട്ടയാർ, തോവാള,തങ്കമണി, വെള്ളക്കടവ്, മേരികുളം മുതലായ സ്ഥലങ്ങളിൽ നിന്നും വന്നിരുന്ന ജാഥകളുടെ ക്യാപ്റ്റന്മാർ അദ്ദേഹത്തിന് ഹാരാർപ്പണം നടത്തി അഭിവാദനങ്ങളർപ്പിച്ചു.


ജെ.സി. പെരുമന

ശ്രീ പെരുമനയുടെ വികാരഭരിതമായ പ്രസംഗം ജനാവലിയെ ഇളക്കാൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കണ്ണീരോടെയാണാ രംഗം നോക്കിനിന്നിരുന്നത്. തന്റെ സംരംഭത്തിന് എല്ലാ സഹായങ്ങളും പ്രത്യേകിച്ച് പ്രാർത്ഥനയും അദ്ദേഹം അഭ്യർത്ഥിച്ചു. നമ്മുടെ നാടിന്റെ ചരിത്രത്തിലാദ്യമായി ഒരു പ്രശ്നപരിഹാരാർത്ഥം മൂന്നു കേന്ദ്രങ്ങളിൽ ഒരേ സമയത്ത് മൂന്നുപേർ നിരാഹാരം തുടങ്ങി.

# III

# സമരാഗ്നി ആളിപ്പടരുന്നു

## കൊട്ടിയൂരിൽ

ഉപവാസപന്തലിലേയ്ക്ക് ആളുകൾ തള്ളിക്കയറാൻ തുടങ്ങി. പന്ത്രണ്ടടി നീളവും പത്തടി വീതിയുമുള്ള ഒരു ചെറിയ കുടിൽ. മുകളിൽ പുല്ലു കൊണ്ടു മേഞ്ഞതും, ചുറ്റും രണ്ടടി ഉയരത്തിൽ മാത്രം മറച്ചിട്ടുള്ളതുമായിരുന്നു അത്. ഒരു വശത്തുകൂടി ആളുകൾക്കു കയറി, മറുവശത്തു കൂടി ഇറങ്ങിപ്പോകാൻ വേണ്ടി രണ്ടു വഴികളും ഇട്ടിരുന്നു. കുടിലിന്റെ ബാക്കിഭാഗം മറയ്ക്കരുതെന്നു പ്രത്യേകം നിർദ്ദേശിക്കുകയാണുണ്ടായത്; വെളിയിൽ എവിടെ നിൽക്കുന്നവർക്കും യാതൊരു തടസ്സവും കൂടാതെ സത്യാഗ്രഹിയെ കാണുന്നതിന് അതാവശ്യമായിരുന്നു.

അടുത്തുവരുന്ന ഓരോരുത്തർക്കും നൂറുകൂട്ടം കാര്യങ്ങൾ ചോദിക്കാനുണ്ടായിരുന്നു. എല്ലാവർക്കും അറിയേണ്ട കാര്യങ്ങൾ മിക്കവാറും ഒന്നു തന്നെ.

തിളപ്പിച്ചു തണുപ്പിച്ച വെള്ളത്തിൽ ശുദ്ധിചെയ്ത ഉപ്പു ചേർത്തു സത്യാഗ്രഹി ആവശ്യം പോലെ കുടിച്ചു കൊണ്ടിരിക്കുമെന്നു എല്ലാവ



malankaralibrary.com



രോടുമായിപ്പറഞ്ഞപ്പോൾ സരസനായ ഒരു സുഹൃത്തു "നിരാഹാരം" എന്നു വിശേഷിപ്പിക്കുകയുണ്ടായി.

ആ പരിസരത്തു പരിപൂർണ്ണ നിശ്ശബ്ദത പാലിക്കുന്നതിനു സമീപ ത്തുള്ള കച്ചവടക്കാർ പോലും പരമാവധി ശ്രമിക്കുന്നുണ്ടായിരുന്നു. ഇട യ്ക്കിടെ ഭക്തിനിർഭരമായ ഗാനാലാപവും കൂട്ടപ്രാർത്ഥനയും മഹദ്ഗ്രന്ഥ പാരായണവും പരിപാടികളിലുൾപ്പെടുത്തപ്പെട്ടു.

സർക്കാരിലേയ്ക്കു റിപ്പോർട്ടു സമർപ്പിക്കുന്നതിനു വേണ്ടി കുറെ വിവ രങ്ങളറിയാൻ, ഒരു പോലീസുദ്യോഗസ്ഥൻ സ്വകാര്യ സംസാരത്തിനു സൗകര്യം ആവശ്യപ്പെട്ടതനുസരിച്ചു മറ്റുള്ളവരെയെല്ലാം അകറ്റി അദ്ദേഹ ത്തോടു സംസാരിച്ചു. ഉപവാസത്തിനുള്ള മുഖ്യകാരണങ്ങൾ അദ്ദേഹം കുറി ച്ചെടുത്തു.

## അഞ്ചുലക്ഷ്യങ്ങൾ

1. മേൽച്ചാർത്തു സമ്പ്രദായം അവസാനിപ്പിക്കണം.
2. സർക്കാർ വനങ്ങളിലെ കൃഷിക്കാർക്ക് സ്ഥിരം പട്ടയം കൊടുക്കണം
3. രേഖയില്ലാത്ത കൃഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നട പടി എടുക്കണം.
4. എല്ലാ കുടിയിറക്കുകളും അവസാനിപ്പിക്കണം. എന്നാൽ പൊതു ആവ ശ്യത്തിനു വേണ്ടി എവിടെയെങ്കിലും കുടി ഒഴിപ്പിക്കേണ്ടി വന്നാൽ ന്യായമായ നഷ്ടപരിഹാരവും, പകരം സ്ഥലവും, പുനരധിവാസസൗ കര്യങ്ങളും ചെയ്തുകൊടുക്കണം.
5. നികുതി പിരിവ് ഉദ്യോഗസ്ഥന്മാരുടെ ക്രമക്കേടുകൾ അവസാനിപ്പി ക്കണം.

നേരത്തെ തന്നെ ഈ വസ്തുതകളെല്ലാം ഗവൺമെന്റിനെയും മറ്റു ബന്ധപ്പെട്ടവരെയും ഞങ്ങൾ അറിയിച്ചിരുന്നെങ്കിലും ആ ഉദ്യോഗസ്ഥനു വേണ്ടി ഞാൻ വിശദീകരിച്ചു.

മേൽച്ചാർത്തു സമ്പ്രദായം അവസാനിപ്പിക്കുന്ന നടപടി കൊണ്ടു 'സ്വകാര്യ വനപ്രദേശ്'ങ്ങളിൽ താമസിക്കുന്ന പത്തു ലക്ഷത്തോളം വരുന്ന ജനങ്ങളുടെ കണ്ണീരവസാനിപ്പിക്കാവുന്നതാണ്. അതുപോലെ തന്നെ സർക്കാർ വന'ങ്ങളിലെ കൃഷിക്കാർക്കു സ്ഥിരം പട്ടയം കൊടുക്കുന്നതിനുള്ള തീരുമാനത്തിൽ വെറൊരു പതിനഞ്ചുലക്ഷം മനുഷ്യരെ ആശ്വസിപ്പിക്കാ വുന്നതാണ്.

ഇരുപത്തഞ്ചുലക്ഷം മനുഷ്യരുടെ പ്രശ്നം ശമിപ്പിക്കുന്നതിനു സർക്കാർ ഒരു നഷ്ടവും സഹിക്കേണ്ടി വരുമായിരുന്നില്ല. തലപ്പത്തിരിക്കു ന്നവർ സന്മനസ്സ് കാണിച്ചാൽ മതിയായിരുന്നു. അതിനവർ തയ്യാറായില്ല. ഒരു വശത്ത് മനുഷ്യ സമൂഹത്തിന്റെ വേദനയും അതിനു കാരണമായ ഉഗ്ര പ്രശ്നവും- മറുവശത്ത് അതു പരിഹരിക്കേണ്ടവരുടെ ഉദാസീനതയും



malankaralibrary.com

സ്വകാര്യ ലാഭമോഹവും നിഷ്ക്രിയത്വവും. ഇതിനെതിരായി പല തരത്തിലും ശ്രമിച്ചിട്ടും ഫലിക്കായ്കയാലാണ് ഈ ബലിവേദി സജ്ജമാക്കപ്പെട്ടത്. മുമ്പുണ്ടായിരുന്ന ധാരണയ്ക്കു കുറെ മാറ്റം വന്നതായി, അയാളുടെ മുഖഭാവത്തിൽ നിന്നും എനിക്കു മനസ്സിലായി.

കേന്ദ്രത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു അതെന്ന് പിന്നീടാണ് മനസ്സിലായത്.

## എറണാകുളത്ത്

കുട്ടിശങ്കരൻ നായരുടെ ഉപവാസരംഗം വൈകുന്നേരമായപ്പോൾ വളരെ തിരക്കുള്ളതായി മാറി. കോളേജ് വിദ്യാർത്ഥികൾ കൂട്ടംകൂട്ടം വന്നുകൊണ്ടിരുന്നു. മറ്റു രാഷ്ട്രീയപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർക്കു പുറമെ അവിടെ വന്നിരിക്കുന്നവരിൽ, മുഖഭാവത്തിൽ നിന്നും കോൺഗ്രസ്സുകാരെ പ്രത്യേകം തിരിച്ചറിയാൻ കഴിഞ്ഞിരുന്നു എന്നാണ് പ്രവർത്തകർ പറഞ്ഞിരുന്നത്. അവിടത്തെ അന്തരീക്ഷം കാണുകയും കർഷകരുടെ ആവശ്യങ്ങളെന്തെല്ലാമെന്നു ബോർഡിൽ നിന്നും മനസ്സിലാക്കുകയും ചെയ്തപ്പോൾ ഇത്രമാത്രം ന്യായയുക്തമായ അഭ്യർത്ഥനയുടെ നേരേ കണ്ണടച്ചിരുട്ടാക്കുന്ന ചിന്താശൂന്യരായവരാണല്ലോ തങ്ങളുടെ സംഘടനയുടെ തലപ്പത്തിരിക്കുന്നവരെന്ന ബോധം നല്ല കോൺഗ്രസ്സുകാരെ വേദനിപ്പിച്ചിരിക്കണം. ചുരുക്കം ചിലർ മാത്രം അതു പരസ്യമായിപ്പറയാൻ ധൈര്യപ്പെട്ടു.

ഒരു കർഷകകേന്ദ്രമല്ലാത്ത എറണാകുളം പട്ടണത്തിൽ ഞങ്ങളുടെ പ്രതീക്ഷയ്ക്കതീതമായ ഒരു ചലനം തന്നെ സൃഷ്ടിക്കപ്പെട്ടു.

## അയ്യപ്പൻ കോവിലിൽ

മറ്റു രണ്ടു കേന്ദ്രങ്ങളെയപേക്ഷിച്ചു വികാരപരമായിരുന്ന അയ്യപ്പൻ കോവിലിലെ പെരുമനയുടെ ഉപവാസ കേന്ദ്രം . "അമരാവതി" സൃഷ്ടിക്കപ്പെട്ടത്, അയ്യപ്പൻ കോവിലിന്റെ പരിസര പ്രദേശത്തു നിന്നും രണ്ടായിരത്തി ഇരുനൂറു കുടുംബങ്ങൾ ഇറക്കപ്പെട്ടതിനേതുടർന്നായിരുന്നു. ആ രംഗം കണ്ടു വികാരവിജ്രംഭിതരായിരുന്നവർക്കും, നാളെ കുടിലുകൾ നഷ്ടപ്പെടുമെന്നു ഭയപ്പെട്ടിരുന്നവർക്കും, എത്ര തന്നെ നിയന്ത്രിച്ചിട്ടും അവരുടെ വികാരങ്ങളെ സംയമനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. കുടിലു കത്തിക്കൽ "വീര"നായിരുന്ന ആർ.ഡി.ഒ. താമസിച്ചിരുന്നതും അവിടെയായിരുന്നു. വൈകുന്നേരമായപ്പോഴേക്കും പല സ്ഥലങ്ങളിൽ നിന്നും ഉശിരൻ ജാഥകൾ വന്നു കൊണ്ടിരുന്നു. സന്ധ്യയ്ക്ക് എല്ലാവരും കൂടി ഒരു പന്തംകൊളുത്തി പ്രകടനം നടത്തുകയുണ്ടായി.

## മറ്റു സ്ഥലങ്ങളിൽ

കേരളത്തിന്റെ മറ്റു കേന്ദ്രങ്ങളിലും ഉപവാസത്തോടനുഭാവം രേഖ



malankaralibrary.com



പ്പെടുത്തുന്നതിനു വേണ്ടി പലതരത്തിലുള്ള പരിപാടികളും നടത്തപ്പെട്ടു. മട്ടാഞ്ചേരിയിൽ നടന്ന ഉശിരൻ പന്തും കൊളുത്തി ജാഥാ അന്നത്തെ ഉപമുഖ്യമന്ത്രിയേവരെ പിടിച്ചു കുലുക്കുകയുണ്ടായി.

മലനാടു കർഷകയൂണിയന്റെ സമരത്തോടും നേതാക്കളുടെ ഉപവാസത്തോടും അനുഭാവം രേഖപ്പെടുത്തുന്നതിനു വേണ്ടി സുൽത്താൻബത്തേരിയിൽ (വയനാട്) അൻപത്തൊന്നു ആളുകൾ ഒരു ദിവസത്തെ അനുഭാവ ഉപവാസം നടത്തി.

കേരളത്തിലെ പത്രങ്ങളിൽ ഭൂരിപക്ഷവും സമ്പന്ന വിഭാഗത്തിന്റെയും സർക്കാർ പിന്താങ്ങികളുടേയും കയ്യിലായിരുന്നതിനാൽ ഞങ്ങളുടെ ഈ സംരഭത്തെ ബഹുജനശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ വേണ്ടി ബോധപൂർവ്വം അവർ ഞങ്ങളുടെ വാർത്തകൾ അവഗണിക്കുകയാണുണ്ടായത്.

# IV

# പർണ്ണശാല ഒരു തീർത്ഥാടന കേന്ദ്രം

രാത്രി നല്ല തണുപ്പുള്ളതായിരുന്നതിനാലും, കഴിഞ്ഞ ഒരാഴ്ചയോളം നിരന്തരം ഉറങ്ങാൻ പോലും സാധിക്കാതെ യാത്രയാലിയിരുന്നതുകൊണ്ടുണ്ടായ കുടിശിഖ ഉറക്കം മുഴുവനും ഉറങ്ങിത്തീർത്തതിനാലും, ഏകദേശം ഏഴുമണിയോടെയാണ് ഞാനുണർന്നത്. പരിസരമെല്ലാം ജനങ്ങളെക്കൊണ്ടു നിറഞ്ഞു കഴിഞ്ഞു. വോളണ്ടിയറന്മാർ പന്തലിനകത്തു കുട്ടികളെയും, അതിനു തൊട്ടടുത്തു സ്ത്രീകളെയും, അതിനു പുറകിലായി പുരുഷന്മാരെയും നിയന്ത്രിച്ചു നിറുത്തുന്നതിൽ വ്യാപൃതരായിരുന്നു. എത്ര തന്നെ ശ്രമിച്ചിട്ടും പർണ്ണശാലയ്ക്കകത്തേക്കുള്ള തള്ളിക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

## എന്റെ ബഡ്കോഫി

ആളുകളെ തള്ളിമാറ്റിക്കൊണ്ടു കൊച്ചേട്ടൻ ഒരു ഗ്ലാസ് ചൂടുവെള്ളവുമായി വന്ന്, മേശപ്പുറത്തു വച്ചിരുന്ന ഉപ്പു ചേർത്തു എനിക്കു തന്നു. വളരെക്കൊല്ലങ്ങളായി രാവിലെ ഉണർന്നാൽ കുറച്ചു ചൂടും മധുരവുമുള്ള ചായ കുടിക്കുകയാണ് പതിവ്. ചായയ്ക്കു പകരം കിട്ടിയത് ഉപ്പു ചേർത്ത ചൂടുവെള്ളമായിരുന്നു. ചായയ്ക്കു പകരം ഉപ്പു വെള്ളം കുടിച്ചു എന്നുള്ളതല്ലാതെ എനിക്കു യാതൊരു പ്രത്യേകതയും തോന്നിയിരുന്നില്ല. ആളുകളുടെ അമിതമായ താല്പര്യ പ്രകടനത്തിലും, ഉൽകണ്ഠയിലും ഒരു തരം ശ്വാസംമുട്ടൽ അനുഭവപ്പെടുന്നതായിത്തോന്നി എനിക്ക്.



malankaralibrary.com

കട്ടിലിൽ നിന്നെഴുന്നേറ്റ് എല്ലാവരോടുമായി ഒന്നും സംഭവിച്ചിട്ടില്ലെന്നും യാതൊരു ഉൽകണ്ഠയ്ക്കും ആവശ്യമില്ലെന്നും പറഞ്ഞപ്പോഴാണ് പരിസരം ശാന്തമായത്. ഞാനങ്ങനെ പറഞ്ഞത് എന്റെ സുഹൃത്തുക്കളായ കൃഷ്ണൻ കുട്ടി, ജോബ്, വക്കച്ചൻ മുതലായവർക്കു പിടിച്ചില്ല. സത്യാഗ്രഹി ആ രീതിയിൽ നിസ്സാരമായി കാര്യങ്ങളെ വിശദീകരിക്കരുതെന്നായിരുന്നു അവരുടെ അഭിപ്രായം.

ആഹാരം കഴിക്കാതിരിക്കുന്നതിലുള്ള പ്രയാസം അനുഭവപ്പെട്ടു തുടങ്ങിയിതു കുളി കഴിഞ്ഞപ്പോഴാണ്. വിശപ്പു തോന്നുമ്പോഴെല്ലാം ഉപ്പുചേർത്തു വെള്ളം കുടിക്കണമെന്ന ഡോക്ടറിന്റെ നിർദ്ദേശം ഓർമ്മ വന്നു. നാം കഴിക്കുന്ന ആഹാരം ദഹിക്കുന്നതിനുവേണ്ടി നമ്മുടെ ഉദരത്തിൽ ചിലതരം ദ്രാവകങ്ങൾ ക്രമീകരിക്കപ്പെടുന്നുണ്ട്. അങ്ങനെ ഉണ്ടാകുന്ന ദ്രാവകങ്ങൾ ആഹാരസാധനങ്ങൾ കുടലിനകത്തില്ലാത്ത അവസരത്തിൽ ഉദരഭിത്തികളെ നശിപ്പിക്കുമെന്നും, അതു സംഭവിക്കാതിരിക്കണമെങ്കിൽ ദ്രാവകങ്ങളുടെ വീര്യം കുറയ്ക്കാൻ ഉപ്പുപയോഗിക്കണമെന്നും ഡോക്ടർ ഉപദേശിച്ചിരുന്നു. അതനുസരിച്ച് ഉപ്പുചേർത്തു വെള്ളം തരുന്നതിൽ കൊച്ചേട്ടൻ യാതൊരു ഉപേക്ഷയും കാണിച്ചിരുന്നില്ല.

ഏകദേശം ഉച്ചയാകുമ്പോഴാണ് പത്രങ്ങൾ കിട്ടുക. പത്രം ഓരോന്നായി ഉറക്കെ വായിക്കാൻ ഏർപ്പാടു ചെയ്തു. നാടിന്റെ നാനാഭാഗങ്ങളിലും കർഷക സമരത്തിന്റെ അലകളടിച്ചുയരുന്നതിൽ പ്രവർത്തകർക്കുന്മേഷം വർദ്ധിച്ചു.

## കണ്ണീരിൽ കുതിർന്ന കത്തുകൾ

സൂര്യന്റെ ചൂടു വർദ്ധിച്ചു വരുന്നതിനനുസരിച്ചു വിശപ്പും കൂടി വന്നു. തളർന്നു ഞാനുറങ്ങിപ്പോയി. നാലുമണിയോടെയാണ് ഉണർന്നത്. വിശപ്പിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ അന്നു വന്ന കത്തുകൾ കുറെ സഹായിച്ചു. പെരുമ്പാവൂർ ഗോവിന്ദപ്പിള്ള മുതലായ കമ്മ്യൂണിസ്റ്റു സുഹൃത്തുക്കൾ മുതൽ പലരുടേയും കത്തുകളുണ്ടായിരുന്നു. അവയിലൊന്നു കണ്ണുനീരിൽ കുതിർന്നതായിരുന്നു. അതിൽ അധികം ചോദ്യങ്ങളും, ഒടുവിൽ നിരാഹാരരംഗത്തു വരാനനുവദിക്കണമെന്ന അഭ്യർത്ഥനയും. എല്ലാ കത്തുകൾക്കും മറുപടി ഞാൻ തന്നെ എഴുതി. വിശപ്പ് കലശലായി അനുഭവപ്പെട്ടു എന്നല്ലാതെ വേറെ പറയത്തക്ക വിശേഷമൊന്നും രണ്ടാംദിവസമുണ്ടായില്ല.

കുട്ടിശങ്കരൻനായരുടെ ഉപവാസകേന്ദ്രത്തിൽ രാവിലെ അധികം ആൾത്തിരക്കുണ്ടായിരുന്നില്ല. അദ്ദേഹത്തെ പരിശോധിക്കുന്നതിനു രാവിലെയും വൈകുന്നേരവും ഡോക്ടർ വരുമായിരുന്നു. പട്ടണമായിരുന്നതിനാൽ അത്തരത്തിലുള്ള സൗകര്യം അവിടെയുണ്ടായിരുന്നു. വൈകുന്നേരമായപ്പോഴേക്കും സന്ദർശകരുടെ തെരക്കും വർദ്ധിച്ചു. കുട്ടിശങ്കരൻനായരുടെ അധികസമയവും ഗീതാപാരായണത്തിലാണ് ചെലവഴിച്ചത്.



malankaralibrary.com



## അനുഭാവ പ്രകടനങ്ങൾ

നാനാപ്രദേശങ്ങളിൽ നിന്നുമുള്ള അനുഭാവപ്രകടനങ്ങളുടെയും മറ്റും വിവരം എറണാകുളത്തുള്ള ഓഫീസിലാണ് കിട്ടിക്കൊണ്ടിരിക്കുന്നത്.

എറണാകുളത്തെ അപേക്ഷിച്ച്, അയ്യപ്പൻ കോവിലിൽ പെരുമനയുടെ ഉപവാസപന്തൽ, ഒരു തീർത്ഥാടന കേന്ദ്രം പോലെയായി. രാവിലെ മുതൽ അവിടേക്ക് ഒരു ജനപ്രവാഹം കാണാമായിരുന്നു. പത്തും പതിനഞ്ചും നാഴിക ദൂരമുള്ള സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ കാൽനടയായി വന്നു ചേർന്നു. വരുന്ന ആളുകളെ പറഞ്ഞയയ്ക്കുക പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഒരു പ്രയാസമേറിയ ജോലിയായിരുന്നു. ക്ഷീണിച്ചു കിടക്കുന്ന പെരുമനയുടെ സമീപം മാറാതെ സദാസമയവും കഴിഞ്ഞുകൂടിയ അദ്ദേഹത്തിന്റെ പുത്രൻ അമ്മമാരുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു.

# V

# നീതിക്കു വേണ്ടിയുള്ള ദാഹം

അടുത്തു തന്നെ നടക്കാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പിനെ, കർഷകനേതാക്കളുടെ ഉപവാസം എങ്ങനെ ബാധിക്കുമെന്നുള്ളത് ഒരു സുപ്രധാന ചർച്ചാവിഷയമായിരുന്നു നാട്ടിൽ. കോൺഗ്രസ്സിന്റെ തലപ്പത്തിരിക്കുന്ന ചിലരുടെ ധിക്കാരപരവും ചിന്താശൂന്യവുമായ പ്രവർത്തനങ്ങൾ കമ്മ്യൂണിസ്റ്റു പാർട്ടിക്കുണ്ടാകാവുന്ന താല്കാലിക വിജയത്തിൽ ഞങ്ങൾ വളരെയധികം വേദനിക്കുന്നുണ്ടായിരുന്നു.

തെരഞ്ഞെടുപ്പിൽ ഐക്യചേരിയെ പരാജയപ്പെടുത്താൻ ബോധപൂർവ്വം ഞങ്ങൾ സമരം ആസൂത്രണം ചെയ്തതാണെന്നാണ് ഞങ്ങളുടെ ശത്രുക്കൾ പ്രചരണം നടത്തിയത്. ഇരുപത്തിനാലാം തീയതി വോട്ടിംഗ് നടക്കുമെന്നുള്ളതു കണ്ടു കൊണ്ടാണ് പന്ത്രണ്ടാം തീയതി നിരാഹാരം ആരംഭിച്ചതെന്ന് അവർ ആരോപണങ്ങളുന്നയിച്ചു. കുറെ അധികം ആളുകളെ തെറ്റിദ്ധരിപ്പിക്കാനും അവർക്കു കഴിഞ്ഞു. അവരുടെ പ്രചരണം ദുരുപദിഷ്ടവും, യാഥാർത്ഥ്യത്തിനു നിരക്കാത്തതുമായിരുന്നു.

ജനാധിപത്യചേരിക്കു ശക്തി കൂട്ടണമെന്നു തന്നെയാണ് ഞങ്ങളാഗ്രഹിച്ചിരുന്നത്. ആ ചിന്ത മനസ്സിൽ വെച്ചുകൊണ്ടായിരുന്നു ഞങ്ങൾ ഓരോ പരിപാടിയും ആസൂത്രണം ചെയ്തത്. പക്ഷെ, കാര്യങ്ങൾ ശരിക്കു മനസ്സിലാക്കാൻ കഴിവില്ലാത്ത -സ്വാർത്ഥത കൊണ്ടു തലതിരിഞ്ഞുപോയ - നേതാക്കന്മാർ അത്തരം സംഘടനകളുടെ കാര്യങ്ങൾ തീരുമാനിക്കുന്നവരായരുന്നതിനാൽ അവിടെ സമീപന രീതിയിൽ വന്ന പാകപ്പിഴ കൊണ്ടു ജനാധി



malankaralibrary.com

പത്യ ചേരിക്ക് ഉപകാരപ്രദമാകേണ്ട സാഹചര്യങ്ങൾ , പ്രതികൂലമായി ത്തീർന്നു. ആത്മപരിശോധന നടത്തി കാരണങ്ങൾ കണ്ടുപിടിച്ചാൽ സ്വയം തെറ്റു സമ്മതിക്കേണ്ടി വരുമെന്നറിയാമായിരുന്ന ആ നേതാക്കൾ വടക്കനെ ച്ചന്റെയും സഹപ്രവർത്തകരുടെയും പുറത്ത് അതു വെച്ചുകെട്ടാനാണ് ശ്രമി ച്ചത്.

## ദ്വിമുഖലക്ഷ്യങ്ങൾ

കർഷകരംഗത്തു പ്രവർത്തിക്കാൻ ഞങ്ങളിറങ്ങിയതു വ്യക്തമായും രണ്ടു ലക്ഷ്യത്തോടു കൂടി ആയിരുന്നു. ഒന്ന്, സാമൂഹികവും, മറ്റൊന്നു രാഷ്ട്രീയവും. അവശലക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നുള്ള തായിരുന്നു സാമൂഹികമായ ഞങ്ങളുടെ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള പ്രയാണത്തിൽ വർഗ്ഗീയമോ പ്രാദേശികമോ ആയ യാതൊന്നും ഞങ്ങൾ പരിഗണിച്ചിരുന്നില്ല. ദുരിതാശ്വാസപ്രവർത്തനരംഗങ്ങളിൽ രാഷ്ട്രീ യാഭിപ്രായഭിന്നതയുടെ പേരിൽപ്പോലും ഞങ്ങളാരേയും ഒഴിച്ചു നിറുത്തി യിരുന്നില്ല.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചടത്തോളം ഏറ്റവും കൂടുതലാ ളുകൾ ഏകപ്രശ്നത്തിന്റെ പേരിൽ വേദനിക്കുന്നവരായിട്ടുള്ളത്, കർഷകരം ഗത്താണെന്നു ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞു. ആ രംഗത്തു പ്രവർത്തിർക്കുന്നവരും പ്രവർത്തിക്കുന്നെന്ന് അവകാശപ്പെടുന്നവരും വേണ്ട തുപോലെ പ്രവർത്തിക്കില്ലെന്നു പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

## ആ പ്രേരണയുടെ പിന്നിലെ ലക്ഷ്യം

ഞങ്ങൾ കർഷകരംഗത്തു കേന്ദ്രീകരിക്കണമെന്നു പല ഭാഗത്തു നിന്നും സ്നേഹപുരസ്സരമുള്ള നിർബന്ധങ്ങളുണ്ടായിരുന്നു. ഇന്നും ഞങ്ങളെ എതിർത്തുകൊണ്ടിരിക്കുന്ന ആഭ്യന്തരമന്ത്രി പി.ടി ചാക്കോപോലും കാർഷി കരംഗത്ത് ഇറങ്ങി പ്രവർത്തിക്കണമെന്നു ഞങ്ങളെ നിർബന്ധിക്കണമെങ്കിൽ, അന്നത്തെ കർഷകസംഘടനകളുടെ പ്രവർത്തന രീതി ഊഹിക്കാവുന്നതാ ണല്ലോ. സ: എ.കെ ഗോപാലന്റെ നിരാഹാരം നടക്കുന്ന അവസരത്തിൽ അത് അവസാനിപ്പിക്കുന്നതിനു വേണ്ടി കോട്ടയത്തു വന്നിരുന്ന വേളയി ലാണ് അദ്ദേഹം ഞങ്ങളോടങ്ങനെ ആവശ്യപ്പെട്ടത്.

രാഷ്ട്രീയമായി സ:എ.കെ ജി ക്കും കൂട്ടർക്കും മലയോര പ്രദേശങ്ങ ളിൽ സ്വാധീനം വളരുന്നതു കണ്ട് അതിനെ ചെറുക്കുന്നതിനു വേണ്ടി മാത്ര മായിരുന്നിരിക്കണം ശ്രീ ചാക്കോ ഞങ്ങളൊടങ്ങനെ പറഞ്ഞത്. പ്രത്യുത, സാധുകർഷകരുടെ അവശത പരിഹരിച്ചു കാണാനുള്ള സാമൂഹികദാഹം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ , ഇടയ്ക്കുവെച്ച് അദ്ദേഹത്തിന്റെ അഭി പ്രായം മാറ്റുമായിരുന്നില്ല. രാഷ്ട്രീയ നേതാവായ അദ്ദേഹത്തിനു രാഷ്ട്രീ യലക്ഷ്യമായിരുന്നു മുഖ്യപ്രശ്നം..



malankaralibrary.com



## ഞങ്ങൾ വന്നതെന്തിന്?

ഞങ്ങളെ സംബന്ധിച്ചേടത്തോളം സമീപന രീതി വ്യത്യസ്തമായിരുന്നു. സ: എ.കെ ഗോപാലനെപ്പോലുള്ള സമുന്നതനായ ഒരു കമ്മ്യൂണിസ്റ്റു നേതാവ് മരണം വരിക്കാൻ തയ്യാറായിട്ടുപോലും കേരളത്തിൽ വേണ്ടത്ര ചലനം സൃഷ്ടിക്കാൻ കഴിഞ്ഞില്ലെന്നുള്ളതു യാഥാർത്ഥ്യത്തിന്റെ നേരെ വെളിച്ചം വീശി. കേരളത്തിലെ ഭൂരിപക്ഷം കൃഷിക്കാരും കമ്മ്യൂണിസ്റ്റു നേതൃത്വം സ്വീകരിക്കാൻ വിസമ്മതിക്കുന്നവരാണെന്നു തെളിഞ്ഞു. അതോടൊപ്പം, അവശതയുടെ അഗാധതയിൽ കിടന്നവരെ സംരക്ഷിക്കാൻ രംഗത്തുണ്ടെന്നു പറയപ്പെടുന്ന കമ്മ്യൂണിസ്റ്റിതരസംഘടനകളിൽ ജനങ്ങൾക്കു വിശ്വാസം ഉണ്ടായിരുന്നില്ല. പ്രശ്നങ്ങളിൽ നിന്നും ഓടി ഒളിക്കുകയെന്നുള്ളതായിരുന്നു അത്തരം സംഘടനകളുടെ നേതാക്കളുടെ പരിപാടി. ഈ പ്രത്യേക പരിതസ്ഥിതിയിൽ രൂക്ഷതരമായ ആ സാമൂഹിക പ്രശ്നത്തിന്റെ നേരേ കണ്ണടയ്ക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല; അതിനാലാണ് ഞങ്ങളിറങ്ങിയത്.

# VI

# ജനാധിപത്യ പരിത്രാണം

ഈ സാമൂഹികകർത്തവ്യം നിറവേറ്റാൻ വേണ്ടിയുള്ള ഞങ്ങളുടെ പ്രവർത്തനരംഗത്തു ഞങ്ങൾക്ക് ഒരു രാഷ്ട്രീയലക്ഷ്യവുമുണ്ടായിരുന്നു. അതു വ്യക്തമായും ഒരു രാഷ്ട്രീയപാർട്ടിയെ വളർത്തണമെന്നുള്ളതായിരുന്നില്ല. ജനാധിപത്യചേരിക്കു ശക്തി കൂട്ടണമെന്നും, കമ്മ്യൂണിസ്റ്റാധിപത്യം വളരാതിരിക്കണമെന്നും മാത്രമായിരുന്നു അത്.

### വളർന്നുവന്ന വെറുപ്പ്

ജനാധിപത്യവ്യവസ്ഥിതിയിൽ, മനുഷ്യരുടെ സാമൂഹികാവശതകളുടെ നേരേ ജനാധിപത്യ രാഷ്ട്രീയ പാർട്ടികളും നേതാക്കാളും വിരസത കാണിച്ചാൽ, സ്വാഭാവികമായും ജനങ്ങൾക്ക് അത്തരം സംഘടനകളോടു വെറുപ്പു വളരാനിടയാകും. അങ്ങനെ വർദ്ധിച്ചു വരുന്ന വെറുപ്പ് മുതലെടുത്തു വളരുകയാണല്ലോ നമ്മുടെ നാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്തുകൊണ്ടിരുന്നത്. അതിന്റെ ഫലമായി, ജനാധിപത്യക്രമത്തോടുപോലും ഒരു തരം വെറുപ്പ് ജനഹൃദയങ്ങളിൽ വളർന്നു വന്നു കൊണ്ടിരുന്നതായി ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

1947-നു ശേഷമുള്ള കാലഘട്ടത്തിൽ ജനാധിപത്യകേന്ദ്രത്തിലുള്ള സേവനസന്നദ്ധതക്കുറവുകൊണ്ടും, അതിൽ നിന്നുളവായ മറ്റു ദോഷങ്ങളാലും, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റവും വലിയ പാർട്ടി



malankaralibrary.com

യായി വളർന്നു കഴിഞ്ഞിരുന്നു. ഈ പരിതഃസ്ഥിതിയിൽ, ജനാധിപത്യക്രമത്തിന് ഒരു പരിത്രാണനം അത്യന്താപേക്ഷിതമായിത്തോന്നി. ആ പരിത്രാണപ്രക്രിയയുടെ പ്രമുഖപങ്കും അവശർക്കു വേണ്ടി, വാദിക്കുന്നതിലും, അനീതിക്കെതിരായി അടരാടുന്നതിലുമാണ് സ്ഥിതിചെയ്യുന്നതെന്നും ഞങ്ങൾക്കു മനസ്സിലായി. ആ ഭാരിച്ച കർത്തവ്യം നിറവേറ്റാൻ പരിമിതമായ ഞങ്ങളുടെ കഴിവുകൾ പോരെന്നും ഞങ്ങൾക്കു ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ, "ഒരു ചെറുതിരി കൊളുത്തുന്നതാണല്ലോ, ഇരുട്ടിനെ പഴിക്കുന്നതിനെക്കാൾ ഭേദം."

ജനാധിപത്യഭരണം പുനസ്ഥാപിക്കപ്പെടാൻ അഹോരാത്രം പാടുപെട്ടു നേതൃത്വം കൊടുത്ത വടക്കനച്ചൻ തന്നെ ആ ഭരണകൂടത്തിന്റെ ദുഷ്ചെയ്തികളെ വിമർശിച്ചു കൊണ്ടു സമരരംഗത്തു വന്നത് ഒരു വിരോധാഭാസമായി തല്പര കക്ഷികൾ ചിത്രീകരിച്ചു. ദുഷിച്ച ഭരണകൂടത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനും തൽസ്ഥാനത്തു പുതിയൊരു ഭരണകൂടം പ്രതിഷ്ഠിക്കുന്നതിനും വേണ്ടി പ്രയത്നിക്കുന്നവർക്ക്, അവരുടെ പ്രയത്നഫലമായിക്കൂടെ രൂപം കൊണ്ട ഭരണകൂടത്തെ തെറ്റിൽ നിന്നും പിന്തിരിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തിക്കാനുള്ള ചുമതലയും ഉണ്ടെന്നുള്ള കാര്യം ആ ഉപരിപ്ലവബുദ്ധികൾ ഓർമ്മിച്ചില്ല.

## കാട്ടാമ്പള്ളി കുടിയിറക്ക്

കാട്ടാമ്പള്ളിയിലെ എട്ടു ഹരിജനകുടുംബങ്ങൾ കുടിയിറക്കപ്പെട്ടപ്പോൾ നടന്ന സമരത്തിൽ സജീവമായി ഞങ്ങൾ പങ്കെടുത്തിരുന്നു. അന്നു ഞങ്ങളെ നയിച്ചിരുന്നതും അനീതിക്കെതിരായി ശബ്ദമുയർത്താനുള്ള പ്രവണതായായിരുന്നു. ആ എട്ടു കുടുംബങ്ങളുടെ സ്ഥാനത്ത് ആയിരക്കണക്കിനു കുടുംബങ്ങൾ തെരുവുതെണ്ടികളാകാതിരിക്കാൻ വേണ്ടി ഞങ്ങൾ ശബ്ദമുയർത്തുമ്പോൾ, സമരം സംഘടിപ്പിക്കുമ്പോൾ, ഞങ്ങൾ കൊള്ളരുതാത്തവരായി.

ഞങ്ങളുടെ പ്രവർത്തനങ്ങളുടെ സാമൂഹികലാഭമെടുക്കുന്നവരും ദീർഘദൃഷ്ടിയില്ലാത്തവരും ഞങ്ങളെ എത്ര തന്നെ എതിർത്തിട്ടും ഞങ്ങളുടെ പ്രവർത്തന ഫലമായി കൂട്ടത്തോടെ കമ്മ്യൂണിസ്റ്റ് പാളയത്തിലേക്കുള്ള കൃഷിക്കാരുടെ പ്രവാഹം തടയപ്പെട്ടു. ആദ്യമൊക്കെ ഞങ്ങളെ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്നവരും പിന്നീടു രംഗത്തേക്കു വന്നു. അവശതകൾ പരിഹരിച്ചു കിട്ടാൻ വേറെ മാർഗ്ഗങ്ങളൊന്നുമില്ലാത്തതിനാൽ മനസ്സില്ലാമനസ്സോടെ കമ്മ്യൂണിസ്റ്റു സംഘടനകളെ ശരണം പ്രാപിക്കേണ്ടിവന്നവരും, നശിച്ചാലും കമ്യൂണിസ്റ്റുസഹായം തേടുകയില്ലെന്നു ശഠിച്ചിരുന്നവരും കൂട്ടത്തോടെ രംഗത്തു വന്നു തുടങ്ങി. അങ്ങനെ ഭാഗീകമായ ജനാധിപത്യപരിത്രാണകർമ്മം ഒരു വസ്തുതയായിത്തീർന്നു.

കർഷകസംഘടനകൾ ഇല്ലാതിരുന്ന അനേകമനേകം സ്ഥലങ്ങളിൽ സംഘടനകൾ രൂപംകൊണ്ടു. ഇന്നലെവരെ കരുണയ്ക്കുവേണ്ടി കേണി



malankaralibrary.com



രുന്ന കർഷകനെ, അവകാശങ്ങൾക്കു വേണ്ടി അടരാടുന്നവനാക്കി ഞങ്ങൾ മാറ്റി. ജനങ്ങളെ, അവരുടെ അവകാശങ്ങളേയും, കടമകളേയും പറ്റി ബോധവാന്മാരാക്കുകയാണല്ലോ ജനാധിപത്യക്രമം വളർത്തിയെടുക്കുന്നതിനു വേണ്ടി ചെയ്യേണ്ടത്. ഇന്നലെ വരെ, പാടുപെട്ടു പണിയെടുക്കുന്ന കൃഷിക്കാർ അടിമകളെപ്പോലെ, ഉദ്യോഗസ്ഥന്മാരുടേയും, വലിയ ജന്മികളുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു ജീവിച്ചിരുന്നു. ആ 'വലിയവ'രുടെ അനിഷ്ടത്തിനു പാത്രമായവരുടെ ദുരന്തകഥകൾ ഞങ്ങളെ വേദനിപ്പിച്ചിട്ടുണ്ട്. ആ അവസ്ഥയ്ക്ക് അറുതിവരുത്താൻ സംഘടിതശ്രമത്തിനു സാധിച്ചു.

ഞങ്ങളുടെ സമരത്തിന്റെ പിന്നിലുള്ള ലക്ഷ്യവും, ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയും മനസ്സിലാക്കി തുടങ്ങിയതോടെ, ഞങ്ങളെ എതിർത്തിരുന്ന പല പല കേന്ദ്രങ്ങളും, രംഗത്തേയ്ക്കു വന്നു തുടങ്ങി. തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നവർപോലും, പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയപ്പോൾ, കേരളത്തെ സംബന്ധിച്ചിടത്തോളം കർഷക പ്രശ്നം പരിഹരിക്കലാണ് പാർലമെന്റ് തെരഞ്ഞെടുപ്പിനു ഗുണകരമായിട്ടുള്ളതെന്നു ബോദ്ധ്യം വന്നപ്പോൾ, സമരരംഗത്തേക്കു വന്നത് എതിരാളികളെ ചൊടിപ്പിച്ചു. കർഷക പ്രശ്നങ്ങൾ രൂക്ഷതരമായിരിക്കുന്ന പ്രദേശങ്ങളിൽ പൊതുവെ തെരഞ്ഞെടുപ്പു പ്രവർത്തനം ശാന്തമായിരുന്നു.

## ഫാദർ വടക്കന്റെ പ്രസ്താവന

നിരാഹാരം തുടങ്ങിയതിന്റെ മൂന്നാമത്തെയും നാലാമത്തെയും ദിവസങ്ങൾ പ്രത്യേകിച്ചു സംഭവവികാസങ്ങളൊന്നും കൂടാതെ കടന്നു പോയി. സത്യാഗ്രഹികളെ സംബന്ധിച്ചടത്തോളം ക്ഷീണം കൂടിവരുന്നുണ്ടായിരുന്നു. നാലാം ദിവസം ഫാദർ വടക്കൻ ഒരു പ്രസ്താവന * പുറപ്പെടുവിക്കുകയുണ്ടായി. "ഉപവാസസത്യാഗ്രഹത്തിന്റെ നേരെയുള്ള അധികാരിവർഗ്ഗത്തിന്റെ വികാരശൂന്യമായ നിലപാടു മാറ്റുവാൻ" അഭ്യർത്ഥിച്ചും, "ഉണർന്ന് ഊർജ്ജസ്വലമായണിനിരക്കുവാൻ" ജനങ്ങളെ ആഹ്വാനം ചെയ്തുമുള്ള ആ പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരുന്നു:

"മലനാടു കർഷകയൂണിയന്റെ ധർമ്മഭടന്മാർ കേരളസർക്കാരിന്റെയും ഭരണകക്ഷി നേതാക്കളുടെയും മന: പരിവർത്തനത്തിനായി ഒരു ഉപവാസസത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. ആ ധാർമ്മികയത്നത്തിന്റെ നാലാംദിവസമാണിന്ന്. സദാ പ്രസന്നവദനരായി കർഷകർക്കിടയിൽ പ്രവർത്തിച്ചിരുന്ന വെല്ലിംഗ്ടണും, കുട്ടിശങ്കരൻനായരും , പെരുമനയും കൂടുതൽ കൂടുതൽ ക്ഷീണഗാത്രരായിത്തീർന്നിരിക്കുന്നു. അപ്രായോഗികങ്ങളൊ, അതിർക്കടന്നവയൊ ആയ ഒരാവശ്യവും മലനാടുകർഷകയൂണിയൻ മുന്നോട്ടു വച്ചിട്ടില്ല.

"കൊട്ടിയൂരിലും, അതു പോലെ ഇതരസ്വകാര്യവനപ്രദേശങ്ങളിലുമുള്ള കർഷകർക്ക്, കോൺഗ്രസ്സിന്റെ കൊട്ടിയൂർ സബ് കമ്മറ്റി നിർദ്ദേശിച്ച



malankaralibrary.com

വിധത്തിൽ കുടിയയ്മാവകാശം സ്ഥാപിച്ചു കൊടക്കാൻ സർക്കാർ തുനിഞ്ഞാൽ പ്രശ്നത്തിന്റെ പകുതിയും തീർന്നു. പക്ഷെ, കൊട്ടിയൂർ റിപ്പോർട്ടു പ്രസിദ്ധീകരിച്ചിട്ട് ആഴ്ചകൾ പലതു കഴിഞ്ഞു. എന്നിട്ടും ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മന്ത്രിസഭ എന്തു നടപടികളാണ് എടുക്കാൻ പോകുന്നതെന്ന് ഇനിയും വ്യക്തമായിട്ടില്ല. മന്ത്രിസഭയെക്കൊണ്ട് അതു ചെയ്യിക്കാൻ ഭരണ കക്ഷികൾ തയ്യാറാകുന്നുമില്ല. അങ്ങനെ നമ്മുടെ ജനാധിപത്യസമ്പ്രദായം മുമ്പൊരിടത്തും ഉണ്ടാകാത്ത വിധത്തിൽ, മേൽച്ചാർത്തുകാരുടെയും നിക്ഷിപ്തതാല്പര്യക്കാരുടെയും മുഷ്ടിച്ചുരുളിൽ വിറങ്ങലിച്ചു കഴിഞ്ഞിരിക്കയാണ്.

"കൊട്ടിയൂർപ്രശ്നം കർഷകരും എൻ.എസ്. എസ് കാരുമായി സൗഹാർദ്ദപരമായിത്തീരുന്ന പക്ഷം കർഷകബന്ധ നിയമം ഭേദഗതിചെയ്തുകൊണ്ടോ, അഥവാ വനദേശസാൽക്കാരണം നടപ്പിൽ വരുത്തിക്കൊണ്ടോ, കൊട്ടിയൂർ കർഷകർക്കു കുടിയായ്മാവകാശം സ്ഥാപിച്ചു കൊടുക്കാൻ സർക്കാർ മുന്നോട്ടു വരണമെന്നു കൊട്ടിയൂർ കമ്മറ്റി ഏകകണ്ഠമായി ശുപാർശചെയ്തിരുന്നതാണല്ലോ. എൻ. എസ്. എസു മായി പ്രശ്നം സൗഹാർദ്ദതയിൽ തീരാനുള്ള സമയം കഴിഞ്ഞിരിക്കുന്നുവെന്നാണ് സംഭവവികാസങ്ങൾ സ്പഷ്ടമാക്കുന്നത്. മലനാടു കർഷകയൂണിയൻ നേതാക്കളുമായി മദ്ധ്യസ്ഥസംസാരം നടത്താൻ തയ്യാറില്ലെന്ന് എൻ. എസ്. എസ്. ന്റെ ജനറൽ സെക്രട്ടറി പ്രസ്താവിച്ചാരിക്കുകയാണല്ലോ. ആ സ്ഥിതിക്കു സർക്കാരിന്റെ ഭാഗത്തു നിന്നെടുക്കാനുള്ള നടപടികൾ നീട്ടിക്കൊണ്ടുപോകുന്നതിൽ എന്തർത്ഥമാണുള്ളത്?

"സർക്കാർവനങ്ങളെ സംബന്ധിച്ചും യൂണിയൻ വച്ചിട്ടുള്ള നിവേദനം തികച്ചും നീതിപൂർവ്വകമാണ്. കുടിയിറക്ക്, നഷ്ടപരിഹാരം, പുനരധിവാസം, വനസംരക്ഷണം, പ്ലാൻ പ്രോജക്റ്റ് മുതലായ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുവാൻ, മുഴുവൻ സർക്കാർവനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട്, ഒരു ഉന്നതാധികാര കമ്മറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റിയുടെ ശുപാർശകൾ സമർപ്പിതമാക്കുന്നതുവരെ സർക്കാർ വനങ്ങളിലെ സകലവിധ കുടിയിറക്കുകളും നിർത്തി വെയ്ക്കുകയും ചെയ്യുകയെന്നതാണത്.

"കേരളസർക്കാർ ഈയിടെ ഒരു ഉന്നതാധികരാകമ്മിറ്റിയെ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും, ആ കമ്മിറ്റിക്കാർക്കു സർക്കാർ വനങ്ങളിലെ പദ്ധതിപ്രദേശങ്ങളിലേക്കും റവന്യൂ പ്രദേശങ്ങളിലേക്കും പദമൂന്നാൻ അധികാരം നൽകിയിട്ടില്ല. കമ്മിറ്റി അതിന്റെ റിപ്പോർട്ടുവെക്കുന്നതുവരെ കുടിയിറക്കു നടപടികൾ നിർത്തിവെക്കാമെന്നു സമ്മതിച്ചിട്ടുമില്ല. കൂട്ടംകൂട്ടമായിട്ടല്ലെങ്കിലും, ഒറ്റതിരിഞ്ഞവിധത്തിൽ, വീടുകൾക്കു തീവെക്കലും, കൃഷി നശിപ്പിക്കലും ഇന്നും സർക്കാർ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.



malankaralibrary.com



"ഉടുമ്പഞ്ചോലയിൽ നിന്നും 20,000 വീടുകൾ കത്തിക്കാനുള്ള കല്പന ഇന്നുവരെ ദുർബ്ബലപ്പെടുത്തിയിട്ടുമില്ല. മൗലിക സ്വഭാവമുള്ളതും, 25 ലക്ഷം കർഷകരെ പരിഭ്രാന്തചിത്തരാക്കിയിട്ടുള്ളതുമായ ഈ ഭൂപ്രശ്നത്തെപ്പറ്റി മലനാടുകർഷകയൂണിയനുമായി കൂടിയാലോചന നടത്താൻ പോലും മന്ത്രിമാർ സമ്മതിക്കുന്നുമില്ല. ഈ പരിതസ്ഥിതിയിലാണ് 41 ദിവസത്തെ സത്യാഗ്രഹത്തിനു ശേഷം മലനാടുകർഷക യൂണിയൻ ഉപവാസഹോമത്തിലേക്കു നീങ്ങാൻ നിർബന്ധിതമായിട്ടുള്ളത്.

"ഈ ഉപവാസ സത്യാഗ്രഹത്തിന്റെ നേർക്കും വികാരശൂന്യരായി നിൽക്കാനാണ് മന്ത്രിമാരുടെയും ഭരണകക്ഷി നേതാക്കളുടേയും ഭാവമെന്നു തോന്നിപ്പോകുന്നു. ആയതിനാൽ നാടൊട്ടുക്ക് ഉടനെ ഉണരുകയും, ഊർജ്ജസ്വലതയോടെ അണിനിരക്കുകയും ചെയ്യണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. പാർലമെന്റു തെരഞ്ഞെടുപ്പിനേക്കാൾ പതിന്മടങ്ങു പ്രാധാന്യമുള്ളതാണ് 25 ലക്ഷം കർഷകരുടെ ഈ നീറുന്ന പ്രശ്നം. ന്യൂ ഡൽഹിയിലേക്ക് ഏതാനും എം.പി മാരെ തിരഞ്ഞെടുക്കുന്നതിനേക്കാൾ വലിയ ധാർമ്മികകർത്ത്യവമാണ്, കേരളത്തിലെ ജനാധിപത്യകൂടാരത്തെ നിക്ഷിപ്തതാല്പര്യക്കാരിൽ നിന്നും രക്ഷിച്ചെടുക്കുകയെന്നതും, ഭരണകക്ഷികളേയും മന്ത്രിമാരെയും നേർവഴിക്കു നയിക്കുകയെന്നതും.

"കിഴക്കൻ മലയോരങ്ങളെ മാത്രമല്ല, ഇന്നത്തെ ഈ ആപത്തു ഗ്രസിക്കുന്നത്. ഇമ്മാത്രം കഠിന ഹൃദയവും വഞ്ചനയുമുള്ള ഈ അധികാര വർഗ്ഗത്തെ ഈ ഘട്ടത്തിൽപ്പോലും കർത്തവ്യ ബോധമുള്ളവരാക്കുവാൻ നമുക്കു സാധിച്ചില്ലെങ്കിൽ, കേരളത്തിലെ കർഷകരുടെയും പാവങ്ങളുടെയും നല്ല മനുഷ്യരുടെയും ഭാവി തികച്ചും ഇരുളടഞ്ഞതായിത്തീരും.

"ആയതിനാൽ കുഞ്ഞുകുട്ടികൾ തൊട്ടു വന്ദ്യവയോധികർ വരെയുള്ള സകല നല്ല മനുഷ്യരും പുറത്തേക്കു വരണം. മന്ത്രിമാർക്കും, കോൺഗ്രസ്- പി. എസ്. പി നേതാക്കൾക്കുമെതിരായി ധർമ്മരോഷം നാടെങ്ങും ഓളം വെട്ടണം. ജനാധിപത്യപരവും, അക്രമരഹിതവുമായ സകല മാർഗ്ഗങ്ങിലൂടെയും നമ്മുടെ പ്രതിഷേധസ്വരമുയരണം.

"കർഷകലക്ഷങ്ങൾക്കു വേണ്ടി ഇഞ്ചിഞ്ചായി മരിക്കുന്ന ആ ധർമ്മഭടന്മാരെ ഓർക്കുമ്പോൾ എല്ലാവരുടെയും കണ്ണുകൾ നനയണം. ആ വീര നേതാക്കന്മാരുടെ ജീവൻകൊണ്ടു പന്താടുന്ന ഇന്നത്തെ മന്ത്രിമാർക്കും ഭരണകക്ഷി പ്രമുഖന്മാർക്കും എതിരായി ഗംഭിര പ്രകടനങ്ങൾ നാം സംഘടിപ്പിക്കണം. കേരളജനതയിൽ ബഹുഭൂരിപക്ഷം വരുന്ന കർഷക ലക്ഷങ്ങളുടെ നെഞ്ചിൽ കഠാരി ഇറക്കുന്ന ആ വഞ്ചകവർഗ്ഗം വോട്ടു ചോദിച്ചു വരുമ്പോൾ അവരർഹിക്കുന്ന പ്രതികരണം നാട്ടിലുടനീളം ഉണ്ടാകട്ടെ!

"കേരളത്തിലെ പാർലമെന്റു തെരഞ്ഞെടുപ്പിൽ ജനാധിപത്യകക്ഷിക്കു പരാജയം നേരിട്ടാൽ, അതിനു തികച്ചും ഉത്തരവാദികൾ കർഷകരോ,



malankaralibrary.com

കർഷക പ്രേമികളോ ആയിരിക്കയില്ല. പിന്നെയൊ, ഹൃദയവും നീതിബോധവുമില്ലാത്ത മർക്കട മുഷ്ടിക്കാരായ, ഇന്നത്തെ മന്ത്രിമാരും, അവർക്കു ശിങ്കിടിപാടുന്ന സ്ഥാനാർത്ഥികളും , നേതാക്കളും ആയിരിക്കും. കമ്മ്യൂണിസത്തെ കട്ടായമായി എതിർക്കുന്നവരും, എന്നാൽ അനീതി നടത്തുന്ന അധികാരിവർഗ്ഗത്തെ വാഴിക്കാൻ മനസ്സുവരാത്തവരുമായ ലക്ഷക്കണക്കിനു കർഷകർക്ക് ഈ തെരഞ്ഞെടുപ്പിൽ യാതൊരു താല്പര്യവുമില്ലാതായിത്തീരത്തക്ക ഒരു സാഹചര്യമാണ് ഇവിടെ ഉണ്ടായിവരുന്നത്."

# VII

# പ്രമാണിമാരുടെ ഗൂഢാലോചന

കൊട്ടിയൂർ ദേശത്തുള്ള എല്ലാ സ്ക്കൂളുകളിലെയും കുട്ടികൾ പഠിത്തമുപേക്ഷിക്കാൻ തലേദിവസം തന്നെ തീരുമാനമെടുത്തിരുന്നു. വിദ്യാർത്ഥിനേതാക്കളുടെ നേതൃത്ത്വത്തിൽ 101 കുട്ടികൾ അന്ന് ഉപവാസപന്തലിൽ ഏകദിന അനുഭാവ ഉപവാസം നടത്തി. അമ്പതു പെൺകുട്ടികളും അമ്പത്തൊന്ന് ആൺകുട്ടികളുമുണ്ടായിരുന്നു.

പ്രൈമറി സ്ക്കൂളിലും അപ്പർപ്രൈമറിസ്ക്കൂളിലും പഠിക്കുന്ന കുട്ടികളായിരുന്നു എല്ലാവരും. (കൊട്ടിയൂർ പ്രദേശത്തു ഹൈസ്ക്കൂൾ ഇല്ല). അഞ്ചു വയസ്സുള്ള പിഞ്ചു കുഞ്ഞുങ്ങൾ വരെ അതിലുണ്ടായിരുന്നെന്നാണെന്റെ ഓർമ്മ. ഏകദേശം നാലുമണിയായപ്പോഴേക്കും കുട്ടികളെല്ലാവരും വാടിത്തളർന്നു കിടപ്പായി. രാവിലെ എട്ടുമണിക്ക് അവർ വന്നപ്പോൾ ഒരു തേനീച്ചക്കൂടിന്റെ പ്രതീതി ഉണ്ടായിരുന്ന സ്ഥലം, ഉച്ചയായപ്പോഴേക്കും മൂകമായിക്കഴിഞ്ഞിരുന്നു. "നിഷ്കളങ്കാർദ്രസ്മിത'വുമായി എത്തിയ പിഞ്ചു കുഞ്ഞുങ്ങൾ, വിശപ്പുമായുള്ള മൽപ്പിടുത്തത്തിന് എന്നെ വളരെ സഹായിച്ചു.

## വിശപ്പിന്റെ കടന്നാക്രമണം

നാലാം ദിവസം വിശപ്പിന്റെ കടന്നാക്രമണം ആരംഭിച്ചുകഴിഞ്ഞിരുന്നു. സ്വതവേ മുൻകോപിയായിരുന്ന എന്റെ ശുണ്ഠി വളരെ കൂടിയിരുന്നതായി വക്കച്ചനും ജോബും പറയുകയുണ്ടായി. നിസ്സാരമായ കാര്യങ്ങൾക്കു വരെ ഞാനവരെ കുറ്റപ്പെടുത്തിയിരുന്നെന്നാണ് പറയുന്നത്. എത്രതന്നെ ശ്രമിച്ചാലും ചിലപ്പോൾ സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ലെന്നുവരും. ശരീരവും മനസ്സും ഒരുപോലെ ആരോഗ്യകരമായിരിക്കുമ്പോഴാണല്ലൊ നാം വിവേകപൂർവ്വം പ്രവർത്തിക്കുക. മനസ്സിനുണ്ടാകുന്ന വേദന ശരീരത്തെയും, അതുപോലെ തന്നെ ശരീരത്തിനുണ്ടാകുന്ന ക്ഷീണം മനസ്സിനേയും ബാധിക്കുന്നു. ചില സംഭവങ്ങളിൽനിന്നുളവായ മാനസികവിഭ്രാന്തി കാരണം രോഗി



malankaralibrary.com



കളായി മാറിയവരുണ്ട്. ശരീരത്തിനു സംഭവിച്ച ക്ഷതം മനസ്സിനെ ബാധിച്ചു തകരാറുവന്നവരുടേയും അനേകം ഉദാഹരണങ്ങൾ കാണാൻ കഴിയും. ആ സ്ഥിതിക്കു ശരീരം ക്ഷീണിച്ചപ്പോൾ, ഞങ്ങളുടെ മനസ്സും അല്പം ക്ഷോഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഞങ്ങൾ വലിയ തെറ്റുകാരാകില്ലല്ലോ.

## എറണാകുളത്ത്

ശ്രീ. കുട്ടിശങ്കരൻനായർക്കു ക്ഷീണം കൂടിവന്നതോടെ എറണാകുളത്തും പരിസരപ്രദേശത്തും കർഷകസമരംതന്നെ പ്രധാന ചർച്ചാവിഷയമായി. നാലുപേർ കൂടുന്നിടത്തെല്ലാം, കുട്ടിശങ്കരൻനായരുടെ ഉപവാസവും, സർക്കാരിന്റെ അനാസ്ഥയും, വാദപ്രതിവാദങ്ങൾക്കു കാരണമായിരുന്നു. ഇത്രമാത്രം ഉഗ്രതരമായ ഒരു പ്രശ്നത്തിന്റെ പരിഹാരാർത്ഥം ന്യായമായ സമരം നടത്തിയിട്ടും., അതു പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനംപോലും നടത്താതിരിക്കുന്ന സർക്കാരിന്റെ 'തന്റേടത്തെ' പ്രശംസിക്കാൻ ചില 'മഹാ'ന്മാരും തയ്യാറായി. സാധരണരീതിയിൽ, സർക്കാരിന്റെ അനുകൂലികളുടെ കേന്ദ്രമായ എറണാകുളത്തുപോലും അതിയായ അമർഷം പ്രകടമായിക്കാണാമായിരുന്നു. പല സംഘടനകളുടേയും നേതാക്കൾ സത്യാഗ്രഹിയെ സന്ദർശിച്ചു.

## അയ്യപ്പൻ കോവിലിൽ

ശ്രി പെരുമനയ്ക്കു ക്ഷീണം കൂടുതലായിരുന്നു. അഞ്ചു കർഷകർ അവിടെ അനുഭാവ ഉപവാസം നടത്തി പെരുമനയുടെ ക്ഷീണം വർദ്ധിക്കുന്തോറും ജനങ്ങൾക്ക് ഉൽക്കണ്ഠയുംകൂടി വരുന്നുണ്ടായിരുന്നു.

## വടക്കനെച്ചനെ ഷെഡ്ഡിലാക്കാനുള്ള ശ്രമം

കർഷകസമരത്തോട് അനുഭാവം രേഖപ്പെടുത്താനും, അതിന്റെ നാനാവശങ്ങളെപ്പറ്റി വിശദീകരിക്കാനും, സർക്കാരിന്റെ മര്യാദരഹിതമായ നടപടികളെ തുറന്നുകാട്ടാനും വേണ്ടി നാട്ടിലുടനീളം പൊതുയോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിക്കപ്പെടുന്നുണ്ടായിരുന്നു. അങ്ങനെയുള്ള യോഗങ്ങളിൽ വടക്കനച്ചൻ വരുന്നുണ്ടെന്നു കേട്ടാൽ അവിടമെല്ലാം മനുഷ്യമഹാസമുദ്രത്താൽ നിറയുക ഒരു സാധാരണസംഭവമായി. ഓരോ ദിവസവും രണ്ടും മൂന്നും യോഗങ്ങളിൽ അദ്ദേഹം സംബന്ധിക്കുന്നുമുണ്ടായിരുന്നു.

കർഷകസമരത്തെ എതിർത്തവർപോലും അച്ചന്റെ പ്രസംഗംകേട്ട് അനുകൂലികളായി മാറിയിരുന്നു എന്ന സംഭവം അധികാരികളെ വിഷമിപ്പിച്ചു. സമരം പരാജയപ്പെടുത്തണമെങ്കിൽ, ജനങ്ങളുടെ വികാരാവേശം കുറയ്ക്കണമെങ്കിൽ, ആളുകളെ ഇളക്കുന്ന രീതിയിലുള്ള വടക്കനച്ചന്റെ പ്രസംഗം നടത്താതിരിക്കേണ്ടത് കർഷകശത്രുക്കളുടെ ഒരാവശ്യമായിത്തീർന്നു. അതിനുവേണ്ടിയുള്ള പരിപാടിയുമായി അവർ പരക്കം പാഞ്ഞു



malankaralibrary.com

തുടങ്ങി, മതാധികാരികൾക്ക് ഇരിക്കപ്പൊറുതിയില്ലെന്നുവന്നു. വടക്കനെച്ചനിങ്ങനെ കൃഷിക്കാരെ ഉദ്ധരിക്കാൻ നടന്നാൽ കത്തോലിക്കാസഭ ഭാരതത്തിൽ ഇല്ലാതായിപ്പോകുമെന്നുവരെ അവർ പറഞ്ഞുപരത്തി. കർഷകവിരുദ്ധന്മാരുടെ കത്തോലിക്കാപ്രേമം! 'വടക്കനച്ചനെ ഞങ്ങൾ ഷെഡ്ഡിലാക്കും.' അവരിൽ ചിലർ വീരവാദം മുഴക്കി......

# VIII
# രാഷ്ട്രീയക്കാരും രംഗത്ത്

സമ്പന്നന്മാർ ഒരു വശത്തുകൂടി കർഷകർക്കും വടക്കനച്ചനും എതിരായി പണിയെടുത്തുകൊണ്ടിരുന്നപ്പോൾ, മറുവശത്തുകൂടി കോൺഗ്രസ് പ്രമാണിമാരും, അവരുടെ 'പതിനെട്ടടവും' പയറ്റി നോക്കുകയായിരുന്നു. മുമ്പൊരിക്കൽ പരസ്യപ്രസ്താവനയുമായി വന്ന 'പതിനാലുപേർ' നാട്ടിലുടനീളം പരക്കം പാഞ്ഞു. പക്ഷെ പൊതുജനങ്ങളെ സമീപിക്കാൻ അവർക്കു കഴിഞ്ഞില്ല. കർഷകസമരത്തിനെതിരായി പ്രസംഗിക്കാൻ മുതിർന്ന പല കോൺഗ്രസു നേതാക്കൾക്കും അവരുടെ പ്രസംഗങ്ങൾ മുഴമിക്കാൻ കഴിയാതെവന്നു. 'വമ്പിച്ച' കോൺഗ്രസു തെരഞ്ഞെടുപ്പു പ്രചരണയോഗങ്ങളിലെ അവസ്ഥ അങ്ങനെയാണെന്നു ബോദ്ധ്യം വന്നതോടെ അവർ പലേടത്തും തെരഞ്ഞെടുപ്പു പ്രചരണയോഗങ്ങൾ വേണ്ടെന്നുവച്ചു.

## ശാസ്ത്രീയസമീപനം

രാഷ്ട്രീയ നേതാക്കൾ രംഗത്തിറങ്ങി സമരത്തെ എതിർക്കാൻ തുടങ്ങിയപ്പോൾ, സാധാരണരീതിയിൽ കൈകാര്യം ചെയ്യാവുന്ന ഒന്നല്ല കർഷകസമരമെന്ന് അവർക്കു മനസ്സിലായി. അതിനാൽ, ശാസ്ത്രീയമായ രീതിയിലായി പിന്നത്തെ എതിർപ്പ്. അതിന് അവർ ഒരു ദ്വിമുഖപരിപാടിയിട്ടു. ഒന്ന്, കർഷകസമരം അവഗണിക്കുക; മറ്റൊന്ന്, പ്രശ്നങ്ങളെല്ലാം അവസാനിച്ചു എന്നു പ്രചരണം നടത്തുക.

ഇതിനുമുമ്പു കേരളത്തിൽ നടന്നിട്ടുള്ള നിരാഹാരസത്യാഗ്രഹങ്ങളിൽ സർക്കാരിന്റെ ആളുകൾ ചെന്ന് നിരാഹാരസത്യാഗ്രഹികളെ പരിശോധിക്കുക പതിവുണ്ടായിരുന്നു. ഇത്തവണ പോലീസുകാർപോലും പോവണ്ട എന്ന പ്രത്യേകനിർദ്ദേശം ഉണ്ടായിരുന്നെന്നു കേട്ടു ഗവണ്മെന്റു നടപടികൾക്കു പുറമേ, അവർക്കു സ്വാധീനിക്കാൻ കഴിയുന്ന പത്രങ്ങളിലും സമരത്തിന്റെ വാർത്ത വരാതിരിക്കുന്നത് അവഗണനാ നടപടിക്കു ഗുണകരമാണെന്നവർ മനസ്സിലാക്കിയിരുന്നു.

പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു എന്നും ഔപചാരികമായ ഒത്തുതീർപ്പ് ഉടനെതന്നെ ഉണ്ടാകുമെന്നും, കർഷക നേതാക്കളുടെ ദുരഭിമാനമാണിങ്ങനെ



malankaralibrary.com



താമസിക്കാനുള്ള കാരണമെന്നും ശക്തിയായി പ്രചരണം നടത്തപ്പെട്ടു.
അതൊടൊപ്പം വടക്കനച്ചനെ രംഗത്തുനിന്നും മാറ്റാനുള്ള രാഷ്ട്രീയ
സമ്മർദ്ദവും വളരെയധികം ചിന്താക്കുഴപ്പം വളർത്താനവർക്കു കഴിഞ്ഞു.

## കോൺഗ്രസ്സിൽ അവിശ്വാസം

കർഷകപ്രശ്നത്തിനെതിരായി കോൺഗ്രസ്സ് നേതൃത്വം കൈക്കൊ
ള്ളുന്ന കർഷകവിരുദ്ധനടപടികൾ രാഷ്ട്രീയമായി ചിന്തിക്കാൻ ആളുകളെ
പ്രേരിപ്പിച്ചു കർഷകരുടെ ആവശ്യം ഒരു തരത്തിലും അമിതമായ രീതിയി
ലായിരുന്നില്ല. കോൺഗ്രസ്സ് പ്രകടനപത്രികകളിൽ ഇതിനുമുമ്പ് അവർ പറ
ഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമായിരുന്നു അവ. അങ്ങനെയൊക്കെയായിരു
ന്നിട്ടും കോൺഗ്രസ്സുനേതൃത്വം കർഷകനെ അവഗണിക്കാനും അവന്റെ സമ
രത്തെ പരാജയപ്പെടുത്താനും നിരന്തരം പ്രയത്നിക്കുന്നതു കണ്ടപ്പോൾ
കൃഷിക്കാർക്കു കോൺഗ്രസ്സിലുണ്ടായിരുന്ന വിശ്വാസത്തിനു കോട്ടം തട്ടി
ത്തുടങ്ങി.

താത്വികമായും നയപരമായും ജനലക്ഷങ്ങളുടെ ജീവന്മരണ പ്രശ്ന
ങ്ങളുടെ നേരെ കോൺഗ്രസ്സ് കൈക്കൊണ്ട നടപടി കോൺഗ്രസ്സിനെ
എതിർക്കാൻ കൃഷിക്കാരെ പ്രേരിപ്പിച്ചു. അങ്ങനെ കർഷകരിൽ വളർന്നുവന്ന
എതിർപ്പ് തെരഞ്ഞെടുപ്പു രംഗത്താണ് പ്രകടമായത്. ഇന്നലെവരെ കോൺഗ്ര
സ്സിന്റെ കൂടെ നിന്നിരുന്നവരിൽ വളരെയധികം പേർ പൊടുന്നനവെ കോൺഗ്ര
സ്സിനെ തെരഞ്ഞെടുപ്പുരംഗത്ത് എതിർക്കുന്നതു കണ്ടപ്പോൾ അതിനുള്ള
കാരണം കണ്ടുപിടിച്ചു പരിഹാരമാർഗ്ഗം തേടുന്നതിനു പകരം ചില കുറു
ക്കുവഴികൾ തേടുകയായിരുന്നു നേതാക്കന്മാർ. നയപരമായും ശാസ്ത്രീയ
മായും ചെയ്യേണ്ട രീതിയിൽ പ്രവർത്തിച്ചാൽ കേരളത്തിലെ പതിനെട്ടു
സീറ്റിൽ പതിനെട്ടും ജനാധിപത്യചേരിക്കുതന്നെ നേടാവുന്നതാണെന്നു വ
ളരെ നാളുകൾക്ക് മുമ്പു തന്നെ വടക്കനച്ചൻ "തൊഴിലാളി"പത്രത്തിലെഴു
തിയിരുന്നത് ഞാനോർത്തുപോയി. നേതൃത്വത്തിന്റെ സമീപനരീതി ' എല്ലാ
സീറ്റും നഷ്ടപ്പെട്ടാലും ഞങ്ങൾക്കൊന്നും വരാനില്ലെ' ന്നുള്ള തരത്തിലാ
യിരുന്നു.

## വടക്കനെച്ചൻ പറയുന്നതു കേട്ടാൽ

"വടക്കനച്ചൻ പറയുന്നത് ഞങ്ങൾ കേൾക്കണോ? എന്ന വ്യക്തിപ
രവും സങ്കുചിതവുമായ കാഴ്ചപ്പാട് മാത്രമാണ് കോൺഗ്രസ്സ് നേതൃത്വത്തി
നുണ്ടായിരുന്നത്. രാഷ്ട്രീയവും സാമൂഹ്യവുമായ കാര്യങ്ങളെ അതതിന്റെ
ശരിയായ കാഴ്ചപ്പാടിൽ കാണാൻ കഴിഞ്ഞതിനാലാണ് വടക്കനച്ചൻ
അങ്ങനെ പറഞ്ഞത്. ഇതിൽ വ്യക്തികളുടെ കാര്യമില്ലെന്നും പ്രശ്ന
ങ്ങൾക്കാണ് പ്രാധാന്യമെന്നും അവർ മനസ്സിലാക്കിയില്ല. " ഇന്നു വടക്കനെ
ച്ചൻ കർഷകപ്രശ്നം പരിഹരിക്കണമെന്നു പറയുന്നതു ഞങ്ങളനുസരിച്ചാൽ,



malankaralibrary.com

നാളെയും അദ്ദേഹം പറയുന്നതു ഞങ്ങളനുസരിക്കേണ്ടിവരില്ലേ?" പ്രമുഖ നായ ഒരു നേതാവിന്റെ ഭീതി അതായിരുന്നു. ന്യായമായ കാര്യങ്ങൾ ആരു പറഞ്ഞാലും സ്വീകരിക്കാനും, അന്യായമായ കാര്യങ്ങൾ ആരു പറഞ്ഞാലും സ്വീകരിക്കാതിരിക്കാനുമുള്ള ധൈര്യം നമ്മുടെ പൊതുരംഗത്തെ നേതാക്കൾക്ക് എന്നാണുണ്ടാവുക!

## പഴയകാര്യങ്ങൾ

ആയിരത്തിതൊള്ളായിരത്തി അമ്പത്തിയേഴിലെ പൊതുതെരഞ്ഞെടുപ്പുരംഗത്തും ദുരഭിമാനം കേരളാ കോൺഗ്രസ്സ് നേതൃത്വത്തെ വിഴുങ്ങിയിരുന്നു. അന്നും വടക്കനച്ചൻ തെരഞ്ഞെടുപ്പിൽ ജനാധിപത്യച്ചേരി വിജയിക്കാൻ, കമ്മ്യൂണിസ്റ്റ ഭരണം വരാതിരിക്കാൻ, ഒരു പോംവഴി നിർദ്ദേശിച്ചിരുന്നു. കമ്മ്യാണിസ്റ്റുകൾക്കെതിരെ തെരഞ്ഞെടുപ്പുരംഗത്ത് കോൺഗ്രസ്സും, പി. എസ്.പിയും, ലീഗും തമ്മിൽ ഒരു ധാരണയിലെത്തണമെന്നു മാത്രമായിരുന്നു അത്. അപ്പോഴും ചിലർ ചോദിച്ചു."വടക്കൻ പറയുന്നത് ഞങ്ങൾ കേൾക്കണോ?" ദുരഭിമാനംകൊണ്ട് അന്ന് എതിർത്തവർ, കഠാരിക്കുത്തേറ്റു മനുഷ്യർ മരിച്ചപ്പോൾ ശവമഞ്ചം ചുമക്കാൻവേണ്ടി മൂന്നു കൊടികളും ഒന്നിച്ചുകൊണ്ടു നടന്ന രംഗം കേരളം കണ്ടതാണ്. വടക്കനച്ചൻ രാഷ്ട്രീയമായ നിർദ്ദേശമാണന്നുന്നയിച്ചിരുന്നതെങ്കിൽ, ഇന്ന് അദ്ദേഹം സാമൂഹിക പ്രശ്നപരിഹാരമാണ് ചൂണ്ടിക്കാട്ടിയത്. ഇതും അവർക്കു മനസ്സിലായില്ല.

# IX

# തൃശൂരിലെ ഉപവാസയജ്ഞം

കേരളത്തിന്റെ സംസ്കാരകേന്ദ്രമാണ് തൃശൂർ, ഒരു ജില്ലയുടെ തലസ്ഥാനവുമാണ്, പുരാതനമായ ഒരു പട്ടണം. പട്ടണമദ്ധ്യത്തിലുള്ള വിശാലമായ തേക്കിൻകാടുമൈതാനവും അതിന്റെ നടുവിൽ ഉയർന്നു നില്ക്കുന്ന വടക്കുംനാഥൻ ക്ഷേത്രവും ആരെയും ആകർഷിക്കും. ഇന്നത്തെ പ്ലാനിംഗ് തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ ആസൂത്രിത പരിപാടിയനുസരിച്ച് റോഡുകളും മറ്റും നിർമ്മിച്ചിരുന്നതിന്റെ തെളിവ് നമുക്കിവിടെ കാണാൻ കഴിയും.

കേരളത്തിലെ ഏറ്റവും വലിയ കത്തോലിക്കാ ദേവാലയം സ്ഥിതി ചെയ്യുന്നതും തൃശൂരിലാണ്. ക്രിസ്തീയ പൗരസ്ത്യ സഭകളിൽ ഒന്നായ കൽദായ സുറിയാനി സഭയുടെ കേന്ദ്രവും തൃശൂരിലാണ്. മുസ്ലീം സംസ്കാരത്തിന്റേയും ആരാധനാകേന്ദ്രങ്ങളുടേയും ഒട്ടും അപ്രധാനമല്ലാത്ത ഒരു കേന്ദ്രമാണ് തൃശൂർ. ഇങ്ങനെ, പരിഷ്കാരത്തിന്റേയും, പുരോഗതിയുടേയും, ഈശ്വരവിശ്വാസത്തിന്റേയും, ആരാധനാകേന്ദ്രങ്ങളുടേയും, സമ്പത്തിന്റേയും, സംസ്കാരത്തിന്റെയും, രാഷ്ട്രീയത്തിന്റേയും എല്ലാമെല്ലാം സുപ്രധാന



malankaralibrary.com



കേന്ദ്രമാണ് തൃശൂരെങ്കിലും, കർഷകരെ സംബന്ധിച്ചിടത്തോളം മറ്റൊരു വസ്തുതയായിരുന്നു ഈ സ്ഥലത്തിനു പ്രാധാന്യം നൽകിയത്.

പുതിയ കർഷകപ്രസ്ഥാനത്തിന്റെ ജനയിതാവ്, അതിന്റെ എല്ലാമെല്ലാമായ, വടക്കനച്ചനും, അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രവും തൃശൂരിലാണെന്നതായിരുന്നു, കർഷകസമരസമയത്ത് തൃശൂരിനു പ്രാധാന്യം കല്പിക്കാനുള്ള കാരണം ആ ഒരൊറ്റക്കാരണം കൊണ്ടുതന്നെ കർഷകശത്രുക്കളും തൃശൂരിലേക്ക് ഉറ്റുനോക്കുന്നുണ്ടായിരുന്നു. തൃശൂർ പട്ടണത്തിലാകട്ടെ കൃഷിക്കാർ ഒട്ടുംതന്നെ ഉണ്ടായിരുന്നുമില്ല.

തേക്കുമരം ഒന്നുപോലും ഇല്ലാത്ത മൈതാനമാണല്ലോ തേക്കിൻകാടുമൈതാനമെന്ന് പ്രഖ്യാതമായിരിക്കുന്നത്. അതേവിധം, കർഷകർ അധികമില്ലാത്ത സ്ഥലത്തുനിന്നു കർഷക നേതൃത്വമുണ്ടായി എന്ന വസ്തുത പലരിലും അത്ഭുതമുളവാക്കി. തൃശൂർ പട്ടണം ഒരു വാണിജ്യകേന്ദ്രമായിരുന്നതിനാൽ, സമരാന്തരീക്ഷം ക്രമേണ ചൂടുപിടിച്ചു വരുന്നതേയുണ്ടായിരുന്നുള്ളു.

ഞങ്ങളുടെ ഉപവാസം ആരംഭിച്ച് അഞ്ചാം ദിവസമായിരുന്നു അത്. ശ്രീ. കെ.ആർ. ചുമ്മാറും, എൻ.സി. തോമസ്, സ്റ്റീഫൻ അവിര, കെ.വി. തോമസ്, വി.പി. ചാക്കുണ്ണി എന്നീ കർഷകവോളന്റിയർമാരും നിരാഹാരമാരംഭിച്ചു എന്ന വാർത്ത തൃശൂരിൽ ഒരു പുതിയ ചലനം സൃഷ്ടിച്ചു.

കിഴക്കേ അങ്ങാടിയിൽ കെട്ടിയുണ്ടാക്കിയ ഒരു പന്തലിലാണ് അവർ അഞ്ചുപേരും ഒരുമിച്ച് നിരാഹാരമാരംഭിച്ചത്. സമരസഹായ സമിതി കൺവീനർ ശ്രീ. ടി.എൻ. ജോസ് സത്യാഗ്രഹികളെ ഹാരമണിയിച്ചു. പൂമലയിലെ ഒരു കർഷക കാരണവരായ ശ്രീ മുട്ടക്കുളം നൈനാൻ ജോസഫ് നൽകിയ നാരങ്ങാനീരു കുടിച്ചുകൊണ്ടാണവർ ഉപവാസമാരംഭിച്ചത്.

ഉപവാസം ആരംഭിക്കുന്നതിനു മുമ്പു ശ്രീ ചുമ്മാർ ചെയ്ത വികാരഭരിതവും ആവേശസമ്മിശ്രവുമായ പ്രസംഗത്തിൽ, സർക്കാരിന്റെ കർഷകവിരുദ്ധനടപടിയെ നിശിതമായ ഭാഷയിൽ വിമർശിച്ചു. കോൺഗ്രസ്സ് സംഘടനയും അതിലെ പ്രമാണിമാരും കർഷകനെതിരെ നീങ്ങുന്നതിന്റെ തിക്തഫലം അവർ അനുഭവിക്കേണ്ടിവരുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.



കെ.ആർ. ചുമ്മാർ



പോൾ വളപ്പില



പി.എൽ. ജോസ് മാസ്റ്റർ



കെ.എസ്. ജോബ്



malankaralibrary.com

തൃശൂരിലെ സമ്പന്നന്മാർ കർഷകസമരത്തിനെതിരെ നീങ്ങുന്നതിന്റെ പിന്നിലുള്ള നിഗൂഢരഹസ്യം ശ്രീ ചുമ്മാർ വിശദീകരിച്ചു.

സർക്കാരിന്റെ കർഷക വിരുദ്ധ നടപടിക്കെതിരായി അനിശ്ചിത കാലത്തിലേക്ക് ഉപവാസം ആരംഭിച്ചു എന്ന വാർത്ത പരന്നതോടെ പട്ടണത്തിന്റെ ശ്രദ്ധ നിരാഹാരപ്പന്തലിലേക്കു തിരിഞ്ഞു. ജനങ്ങൾ കൂട്ടംകൂട്ടമായി സത്യാഗ്രഹികളെ സന്ദർശിച്ചുകൊണ്ടിരുന്നു.

## ജില്ലാസമിതിയുടെ പ്രസ്താവന

മലനാടു കർഷക യൂണിയൻ തൃശൂർ ജില്ലാസമിതി താഴെക്കാണുന്ന പ്രസ്താവന* പുറപ്പെടുവിക്കുകയുണ്ടായി:-

"കൃഷിക്കാരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ഗവർമ്മെന്റിന്റെ മർക്കടമുഷ്ടി അവസാനിപ്പിക്കുന്നതിനും കേരളത്തിന്റെ വിവിധകേന്ദ്രങ്ങളിൽ നിരാഹാരവ്രതം ആരംഭിച്ചിരിക്കുന്ന മലനാടുകർഷക യൂണിയൻ നേതാക്കളുടെ നില നിമിഷംതോറും ഗുരുതരമായിക്കൊണ്ടിരിക്കുന്നു.

"നമ്മുടെ നാട് ഇന്ന് എവിടെ ചെന്നെത്തിയിരിക്കുന്നുവെന്ന് ഈ അവസരത്തിൽ നാം ചിന്തിച്ചുനോക്കുക. രാജ്യത്തെ വൻപിച്ച ഒരു ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഈ നാടിന്റെ മക്കൾ ജീവാഹുതി ചെയ്തേ മതിയാകൂ എന്ന പരിതസ്ഥിതി സംജാതമാകുന്നതിനുവേണ്ടിയാണോ നാം ചോരയും നീരും നൽകി ഒരു ജനാധിപത്യഗവർമെന്റിനെ ഇവിടെ പ്രതിഷ്ഠിച്ചത്? കർഷകന്റെ വിയർപ്പിൽനിന്നും തൊഴിലാളികളുടെ രക്തത്തിൽനിന്നും, അനേകായിരങ്ങളുടെ വേദനയിൽ നിന്നുമാണ് കേരളത്തെ ഇന്നു ഭരിക്കുന്ന ഗവർമെന്റു രൂപം കൊണ്ടത്. പക്ഷെ നീതിയുടെ ശബ്ദം ആ ഗവർമെന്റു മൂടിക്കെട്ടുന്നു. ജനാധിപത്യമര്യാദകളുടെ ചട്ടങ്ങൾ അവർ മാറിയെഴുതുന്നു. മനുഷ്യരെ മരണത്തിന്റെ മടിത്തട്ടിലേക്ക് അയയ്ക്കുന്നതിന് അവർക്ക് യാതൊരു മടിയുമില്ല. ഈ അവഗണന ഇനിയും എത്രനാൾ സഹിച്ചുകൊണ്ടിരിക്കും?

"കൃഷിക്കാർ ഇന്നു കഷ്ടപ്പെടുന്നു. അവകാശങ്ങൾ ചോദിക്കുന്ന അവരോടു സംസാരിക്കാൻപോലും ഗവർമ്മെന്റിന്റെ മന്ത്രിമാർക്കു സന്മനസ്സില്ല. സമരം ചെയ്യുന്നവരുടെ നേരേ തിരിഞ്ഞുനിന്ന് അധികാരദുഷ്പ്രഭുത്വം അട്ടഹാസം മുഴക്കുന്നു. നീതിക്കുവേണ്ടി ഉഴറുന്ന കൃഷിക്കാരന്റെ നേരേ മരണത്തിന്റെ കല്ലറയും തുറന്നുകാട്ടിക്കൊണ്ടാണ് ഭരണാധികാരത്തിന്റെ നില്പ്. കേരളത്തിന്റെ പത്തു വിലപ്പെട്ട ജീവിതങ്ങൾ ഇന്ന് ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരിക്കുകയാണ്. കൃഷിക്കാരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയാണ് അവരുടെ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ച സംഘടനയുടെ നേരെ എല്ലാ ജനാധിപത്യസങ്കല്പങ്ങളെയും ധിക്കരിച്ചു കൊണ്ട് ഗവണ്മെന്റു കാണിച്ച അവജ്ഞാപൂർവ്വമായ അവഗണന അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ്, കേരളത്തിന്റെ ഈ പത്തു ജീവിതങ്ങൾ പിട



malankaralibrary.com



ഞ്ഞുപിടഞ്ഞു മരിച്ചുകൊണ്ടിരിക്കുന്നത്.

വിമോചനസമരത്തിന്റെ ബലിവേദിയിലേക്കു ഈ രാജ്യത്തിലെ ജന വിഭാഗങ്ങളെ നയിച്ചവരാണ് അവർ. ഈ സർക്കാരുണ്ടാകുന്നതിനുവേണ്ടി രാവും പകലും ഒരുപോലെ കഷ്ടപ്പെട്ടവരാണവർ. മണ്ണിനോടു മല്ലടിക്കുന്ന കൃഷിക്കാരുടെ കണ്ണിലുണ്ണികളാണവർ. മലയാളക്കരയെ മുഴുവനും പ്രക മ്പനം കൊള്ളിച്ച പ്രഗത്ഭ നേതാക്കളുമാണവർ. അവരാണിന്നു മരണത്തിന്റെ വായിൽ കിടന്നു പിടയുന്നത്. അവർ ഒരു കുറ്റവും ചെയ്തിട്ടില്ല. അവരൊരു തെറ്റും പറഞ്ഞില്ല. അദ്ധ്വാനിക്കുന്നവന്റെ അവകാശങ്ങളിയർത്തിപ്പിടിക്കു കയും, ധാർമ്മികസ്വരം ഉയർത്തുകയും മാത്രമാണ് അവർ ചെയ്തിട്ടുള്ളത്.

മലയാളത്തിന്റെ മണ്ണ് ഇന്നു പുളകം കൊള്ളുന്നു. ജനാധിപത്യത്തിന്റെ പേരിൽ കൊല്ലാക്കൊല നടത്തുന്നവരുടെ മുമ്പിൽ ജനാധിപത്യവാദി കൾതന്നെ അവരുടെ ജീവൻ സമർപ്പിച്ചിരിക്കുന്നു. കരുണയില്ലാത്ത അധി കാരവർഗ്ഗത്തിന് അവർ മരിക്കുന്നതിൽ സങ്കടമില്ലായിരിക്കാം. കസേരയുടെ ഉറപ്പുനോക്കി കാര്യം നടത്തുന്ന മന്ത്രിമാർക്കു ത്യാഗത്തിന്റെ മുദ്രാവാക്യം മുഴക്കുന്ന ഈ ജനനേതാക്കളുടെ ജീവനിൽ മതിപ്പില്ലായിരിക്കാം. പക്ഷെ കേരളത്തിൽ ആ ജീവിതങ്ങൾ വിലപിടിച്ചതാണ്. കേരളത്തിലെ കൃഷി ക്കാർക്ക് ആ ജീവിതങ്ങൾ അവരുടെ സർവ്വസ്വവുമാണ്.

"കിഴക്കൻ മലയോരങ്ങളിൽ ഏലവും കുരുമുളകും പരിമളം പരത്തുകയും, നെൽപ്പാടങ്ങളും കപ്പത്തടങ്ങളും വിളഞ്ഞു നിൽക്കുകയും ചെയ്യുമ്പോൾ അവ ഉണ്ടാക്കുന്നതിനുവേണ്ടി കഷ്ടപ്പെട്ട കൃഷിക്കാർ കണ്ണീ രു കുടിക്കുകയും അവരുടെ നേതാക്കൾ നിമിഷംതോറും മരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ ഭക്ഷ്യോല്പാദനം ത്വരിത പ്പെടുത്തുകയും, ഭാരതത്തിന്റെ വിദേശനാണ്യവരുമാനം വർദ്ധിപ്പിക്കുകയും ചെയ്ത കൃഷിക്കാരാണ് ഇന്ന് അവരുടെ പാർപ്പിടങ്ങളിൽ നിന്ന് അടിച്ചിറക്കപ്പെടുകയും, അവരുടെ വിയർപ്പുപൊടിച്ചുണ്ടാക്കിയ വിളവുകൾ പോലീസും മറ്റു ഉദ്യോഗസ്ഥരും ചേർന്നു തീ കൊടുത്തു നശിപ്പിക്കുന്നതു കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നത്. എന്നിട്ടും വേദനയോടുകൂടി അവരതു സഹിച്ചു.

"അവഗണിക്കപ്പെടുന്ന ഹൃദയവുമായി, കേരളത്തിലെ ജനാധിപത്യ ഗവർമ്മെണ്ടു ചെയ്യുന്ന ഘോരകൃത്യങ്ങൾ അവർ നോക്കി നിന്നു. അമരാ വതികൾ ഉണ്ടായി. അമ്മ പെങ്ങന്മാർപോലും കന്നുകാലികളെപ്പോലെ ജീവിക്കേണ്ടിവന്നു. ബഹുജനനേതാക്കൾ ഓടിനടന്നു സമരം നടത്തിയിട്ടും ഗവർമ്മേണ്ടിന്റെ കരളലിയിക്കാൻ കഴിഞ്ഞില്ല. ഇന്നിതാ കുടിയിറക്കുഭീഷണി ഡെമോക്ലീസിന്റെ വാളുപോലെ കൃഷിക്കാരുടെമേൽ തൂങ്ങുന്നു. ഇന്നലെവരെ അവരുടെ മണ്ണിൽ അവർക്കുണ്ടായിരുന്ന അവകാശങ്ങളെല്ലാം ഇന്നേയ്ക്കു നിർദ്ദയം നിരസിക്കപ്പെട്ടിരിക്കുന്നു.



malankaralibrary.com

“നാടിന്റെ നട്ടെല്ലായ കൃഷിക്കാരൻ, അവന്റെ കന്നുകാലികളേക്കാളും അധഃപതിക്കേണ്ട ഒരു അവസ്ഥ വന്നുചേരുന്നു. കോൺഗ്രസിന്റെ ‘കാള’കൾ അവന്റെ മുമ്പിൽ ജീവനില്ലാത്ത കാളകളായി അനുഭവപ്പെടുന്നു.

ഭരണകൂടത്തിന്റെ കിരാതമർദ്ദനം ഇനിയും പൊറുപ്പിക്കാൻ കൃഷിക്കാർ തീരുമാനിച്ചിട്ടില്ല. അവരെല്ലാം ഒരുമിച്ച് ഉയർത്തെഴുന്നേറ്റു പാവനമായ ഒരു ധർമ്മസമരത്തിനാണ് ഇന്നു മുന്നോട്ടുവന്നിരിക്കുന്നത്. അവകാശങ്ങളുടെ മുമ്പിൽ ജീവാർപ്പണം ചെയ്യുവാൻപോലും അവർ തയ്യാറായിരിക്കുന്നു. കേരളത്തിന്റെ മനസ്സാക്ഷിയോടുള്ള ഒരു ചോദ്യചിഹ്നമാണ് ഈ ധർമ്മസമരം.

“തോക്കിന്റെയും ലാത്തിയുടേയും ലോകത്തിൽ ജീവിക്കുന്ന സർക്കാരിനു പത്തു മനുഷ്യജീവിതങ്ങൾ വിലപ്പെട്ടതല്ലായിരിക്കാം. അധികാരത്തിന്റേയും അഹങ്കാരത്തിന്റേയും ഭാഷയിൽ സംസാരിക്കുന്ന മന്ത്രിമാർക്ക് ആ പത്തു ജീവിതങ്ങൾ അഗണ്യമായിരിക്കാം. പക്ഷെ, കേരളത്തിലെ ജനങ്ങൾക്ക് അവ വിലപ്പെട്ടതാണ്. അവരുടെ പ്രിയപ്പെട്ടവരുടെ ജീവിതമാണ് ഇന്നു മരണത്തിന്റെ വായിൽക്കിടന്നു പിടഞ്ഞുകൊണ്ടിരിക്കുന്നത്.

“കേരള രാഷ്ട്രീയമണ്ഡലത്തിലും പൊതുവേദിയിലും ഇന്നുവരെ തലയുയർത്തിപ്പിടിച്ചിട്ടുള്ള, ആരുടെ മുമ്പിലും ശിരസ്സു നമിച്ചിട്ടില്ലാത്ത, ആ ബഹുജനനേതാക്കളുടെ ഓരോ ദിവസത്തെ യജ്ഞത്തിനും ഈ സർക്കാരിനെക്കൊണ്ടു കണക്കു പറയിക്കണം. അവരുടെ ഹൃദയസ്പന്ദനം ഇന്നു കുറഞ്ഞുവരികയും, അവരുടെ സംസാരശേഷി ഇന്നു നശിച്ചുവരികയും ചെയ്യുന്നു. കേരളത്തിന്റെ പൊതുജീവിതത്തിന്റെ ഹൃദയസ്പന്ദനവും, കേരളത്തിലെ ജനലക്ഷങ്ങളുടെ പ്രതീക്ഷകളുമാണ് ഈ വിധം തകർന്നുകൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കാനുള്ള കഴിവ് ഈ രാജ്യത്തെ അഹങ്കാരികളായ മന്ത്രിമാർക്കില്ല.

“നമ്മുടെ പ്രിയപ്പെട്ട നേതാക്കളുടെ ജീവൻ ഈ സർക്കാരിന്റെ അധികാരത്തിനു ബലികൊടുക്കാൻ നമ്മുടെ ജനങ്ങൾ അനുവദിക്കില്ല. നമുക്കു കൈവരുന്ന ഏതവസരവും ഉപയോഗിച്ച് ഈ ധിക്കാരികളെ നിലയ്ക്കു നിർത്തുമെന്ന് നമുക്കു പ്രതിജ്ഞ ചെയ്യാം.”

# X

# ആളിപ്പടർന്ന ആവേശം

നാടിന്റെ നാനാഭാഗങ്ങളിലും സമരത്തിന്റെ അലകൾ ആഞ്ഞടിച്ചു തുടങ്ങി. സന്ധ്യകഴിഞ്ഞാൽ പന്തംകൊളുത്തി പ്രകടനം മിക്ക സ്ഥലങ്ങളിലും ഒരു സാധാരണ സംഭവമായിരുന്നു. ആയിരവും രണ്ടായിരവും ആളുകൾ കത്തിച്ച പന്തവുമായി കർഷകമുദ്രാവാക്യങ്ങളും മുഴക്കി ആവേശഭരി



malankaralibrary.com



തരായി നീങ്ങുന്ന കാഴ്ച ജനങ്ങളെ സമരോന്മുഖരാക്കുന്നുണ്ടായിരുന്നു. കേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശങ്ങൾക്കും മറ്റും കാത്തുനില്ക്കാതെതന്നെ ഓരോ പ്രദേശത്തും അനുഭാവസത്യാഗ്രഹങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. രാജ്യവ്യാപകമായ സമരത്തിന്റെ ശരിക്കുള്ള വിവരം ശേഖരിക്കുക വളരെ പ്രയാസമുളവാക്കി.

അഞ്ചാം ദിവസമായപ്പോഴേക്കും എനിക്ക് ക്ഷീണം കൂടിക്കൂടിവന്നു. രാവിലെ കുളിക്കുന്നതിനായി താനേ എഴുന്നേറ്റ് അവസരത്തിൽ തല ചുറ്റൽ വന്നു വീഴേണ്ടതായിരുന്നു.

അടുത്തുണ്ടായിരുന്നവർ ഉടനെതന്നെ താങ്ങിപ്പിടിച്ചതിനാൽ താഴെ വീണില്ല. മറ്റൊരാളുടെ സഹായത്തോടെ എഴുന്നേറ്റുനിന്നപ്പോൾ ശരീരത്തിന്റെ ഭാരം താങ്ങാനുള്ള ശക്തി കാലുകൾക്കില്ലെന്നെനിക്കു ബോദ്ധ്യമായി. ഈ വിവരം അറിഞ്ഞതോടെ ജനങ്ങളിൽ ഉൽക്കണ്ഠ വർദ്ധിച്ചു. ചിലർ ഡോക്ടറെ കൊണ്ടുവരാൻ പോയി. ആകെ സംഭ്രമവും പരിഭ്രമവുമായി.

എനിക്കു വളരെ പണിപ്പെടേണ്ടിവന്നു, അവരെ സാന്ത്വനിപ്പിക്കാൻ, കൂട്ടപ്രാർത്ഥന സദാനേരവും നടത്താൻ പ്രവർത്തകർ ഏർപ്പാടുചെയ്തു. എപ്പോഴും ഈശ്വരസ്തോത്രങ്ങൾ കേട്ടുകൊണ്ടു കിടക്കുക ഒരുതരം നിർവൃതിതന്നെയാണ്. അദ്ധ്യാത്മിക ചിന്തയും ഉയർന്നുകേൾക്കുന്ന പ്രാർത്ഥനയും വിശപ്പിന്റെ കരാളദംഷ്ട്രങ്ങളിൽനിന്നു മോചനം നേടാൻ എന്നെ വളരെയധികം സഹായിച്ചു. വടക്കനച്ചനും മാഞ്ഞൂരാനും അടുത്ത ദിവസം വരുന്നു എന്നു കേട്ടതോടെ ആളുകളിൽ ഒരു പുതിയ ഉണർവ്വു കാണാമായിരുന്നു.

കുട്ടിശങ്കരൻനായർക്കും പെരുമനയ്ക്കും ക്ഷീണം വർദ്ധിച്ചുവരുന്നുണ്ടായിരുന്നു. കുട്ടിശങ്കരൻനായരുടെ ഭാരം മൂന്നു റാത്തൽ കുറഞ്ഞു. പെരുമനയുടേതു നാലുറാത്തലും. എന്നെ പരിശോധിക്കുന്നതിനു ഡോക്ടർ വന്നിരുന്നില്ല.

ഞങ്ങളുടെ ക്ഷീണം വർദ്ധിക്കുന്തോറും ജനങ്ങൾക്കു ഗവണ്മന്റിനോടുള്ള വിദ്വേഷം ആളിക്കത്തിവരികയായിരുന്നു.

## ആവേശം ആളിപ്പടരുന്നു

ചീരൻവേലിൽ മാത്തച്ചൻ, ഡോക്ടറെ കൊണ്ടുവരുന്നതിനായി പോയി. നിർബ്ബന്ധമായും ഡോക്ടറിനേയും കൊണ്ടേ അദ്ദേഹം വരു എന്നെനിക്കു മനസ്സിലായി. ഡോക്ടർ പരിശോധിക്കുന്ന ദിവസംതന്നെ വടക്കനച്ചനും, മാഞ്ഞൂരാനും വരുന്നുമുണ്ട്. ഡോക്ടറുടെ അഭിപ്രായം, "അപകടനിലയിലാണ്" എന്നായാൽ അത് അച്ചനെയും മറ്റും വേദനിപ്പിക്കുമെന്ന ചിന്ത എന്നെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു.

സമരത്തിനു നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നവർ, സമരരംഗത്തുള്ള ഏതാനും വ്യക്തികളുടെ കാര്യത്തിൽ അതീവതല്പരരാകുന്നതു ലക്ഷ്യപ്രാപ്തിക്കു തടസ്സമാകുമല്ലോ. സമൂഹത്തിന്റെ ആവശ്യങ്ങളും, മനു



malankaralibrary.com

ഷ്യരുടെ അവശതകളും കണ്ട് അതിനറുതി വരുത്തുന്നതിനുവേണ്ടി എന്തു ത്യാഗത്തിനും തയ്യാറാകുന്നവർ, സഹപ്രവർത്തകരുടെ ദയനീയ നിലയിൽ ചഞ്ചലചിത്തരായെന്നു വന്നേക്കാം. എനിക്കെന്തു സംഭവിച്ചാലും, വ്യക്തിപരമായ എന്റെ കാര്യങ്ങൾ കർഷകസമരത്തിന് ഒരു തടസ്സമാവരുതെന്നു നിർബ്ബന്ധമുണ്ടായിരുന്നു.

രണ്ടുപേരുടെ സഹായത്തോടെയാണ് ഞാൻ കുളിച്ചത്. കുളിച്ചു കഴിയുമ്പോൾ ഒരു സംഭ്രമവും തളർച്ചയും അനുഭവപ്പെടാറുണ്ട്. ഞാനങ്ങനെ തളർന്നു കിടക്കുമ്പോഴാണ് ഡോക്ടർ വന്നത്. കൊട്ടിയൂരിനെ സംബന്ധിച്ചിടത്തോളം ഒരു ഡോക്ടർ രോഗിയെ പരിശോധിക്കാൻ സ്ഥലത്തുവരിക വളരെ വിരളമാണ്. എട്ടുമൈൽ ദൂരം നടന്നേ വരാൻ കഴിയുമായിരുന്നുള്ളൂ.

സ്വതസിദ്ധമായ പുഞ്ചിരിയോടെയാണ് ഡോക്ടർ പർണ്ണശാലയിലേക്കു പ്രവേശിച്ചത്. കൂടെ ഭർത്താവ് അഡ്വക്കേറ്റ് ശ്രീ. പാനൂസും, ഡോക്ടറുടെ പിതാവ് ശ്രീ. കുര്യാക്കോസ് ബി.എ.ബി. എലും, അമ്മയും ഉണ്ടായിരുന്നു. രക്തസമ്മർദ്ദം, ശ്വാസോച്ഛ്വാസഗതി മുതലായതെല്ലാം പരിശോധിച്ചു. നിരാഹാരം ആരംഭിക്കുന്നതിനുമുമ്പ് എന്നെ പരിശോധിച്ചിരുന്ന ഡോക്ടറായതിനാൽ എന്നിൽ വന്നിരുന്ന വ്യത്യാസം വേഗം മനസ്സിലാക്കാൻ കഴിഞ്ഞു. ഭാരം നോക്കി. 127 റാത്തൽ

## പത്തു പൗണ്ട് കുറവ്

"പത്തു പൗണ്ട് കുറവുണ്ട്, സാരമില്ല. ഉപ്പുവെള്ളം ധാരാളം കുടിക്കണം." സാധാരണ ഡോക്ടർമാർ പറയാറുള്ള രീതിയിൽപ്പറഞ്ഞവസാനിപ്പിച്ചു. കുറെ നേരത്തെ കുശലപ്രശ്നങ്ങൾക്കുശേഷം അവർ പോയി. പോകുന്നതിനുമുമ്പ് ചിറയത്തച്ചനേയും, മറ്റു പ്രധാന പ്രവർത്തകരെയും വിളിച്ചു ഡോക്ടർ എന്തൊക്കെയോ പറഞ്ഞു. എന്നിൽനിന്നും കുറെ അകന്നു നിന്നാണവർ സംസാരിച്ചിരുന്നതെങ്കിലും, സൂര്യപ്രകാശത്തിൽ എനിക്കഭിമുഖമായി നിന്നിരുന്ന ജോബിന്റെ മുഖത്തെ ഭാവവ്യത്യാസംകൊണ്ട് ഡോക്ടർ ഗൗരവമുള്ള കാര്യമാണ് പറഞ്ഞതെന്നെനിക്കു മനസ്സിലായി. അവിടെവച്ച്, അവരോട്, ഗൗരവമുള്ള കാര്യം ഡോക്ടർ പറയണമെങ്കിൽ, അത് എന്റെ ആരോഗ്യനിലയെപ്പറ്റി ആയിരിക്കണമെന്നു മനസ്സിലാക്കാൻ വലിയ പ്രയാസമൊന്നുമുണ്ടായിരുന്നില്ല.


## കൊട്ടിയൂരിലച്ചൻ

ഡോക്ടറെ യാത്രയാക്കിയശേഷം ബ. ചിറയത്തച്ചൻ എന്റെ അടുക്കൽ വന്നു. കൊട്ടിയൂരിലച്ചൻ എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. ആ പ്രദേശത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, ജാതിമതഭേദമെന്യെ എല്ലാവരുടേയും ആശ്വാസകേന്ദ്രമായിരുന്നു അദ്ദേഹം. എത്ര അഭിപ്രായവ്യത്യാസമുള്ള കാര്യവും അദ്ദേഹം പറഞ്ഞവസാനിപ്പിക്കുമായിരുന്നു. കോൺഗ്രസ്സു



malankaralibrary.com





ഫാ. ജേക്കബ് ചിറയത്ത്

കാരും, കമ്യൂണിസ്റ്റുകാരും, പി.എസ്.പി.ക്കാരും, ലീഗുകാരും, ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും എന്നിങ്ങനെ വ്യത്യസ്തതാല്പര്യങ്ങളുള്ളവർ ഒരേസമയത്ത് ഒരു വ്യക്തിയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ ചിറയത്തച്ചന്റെ കാര്യത്തിലാണ് അത് എനിക്കു നേരിട്ടനുഭവപ്പെട്ടത്.

ചിന്താദ്യോതകമായിരുന്നു അദ്ദേഹത്തിന്റെ മുഖഭാവം. ഞാനും അദ്ദേഹത്തെ സൂക്ഷിച്ചു പരിശോധിച്ചത് അപ്പോഴായിരുന്നു. നിരാഹാരംകൊണ്ടാണ് ഞാൻ ക്ഷീണിച്ചിരുന്നതെങ്കിൽ, വിശ്രമരഹിതമായ പ്രവർത്തനംകൊണ്ട് അദ്ദേഹം ആകെ തകർന്നുകഴിഞ്ഞിരുന്നു. കുറച്ചു വിശ്രമിക്കാൻ ഞാനദ്ദേഹത്തോടഭ്യർത്ഥിച്ചു. വല്ല സുഖക്കേടും പിടിച്ച് അദ്ദേഹം കിടപ്പായാൽ ആ പ്രദേശത്തെ പ്രവർത്തനം സ്തംഭിച്ചുപോകമെന്നെനിക്കു ഭയമുണ്ടായിരുന്നതിനാലാണ് ഞാനങ്ങനെ അഭ്യർത്ഥിച്ചത്.

എന്നെ ഉന്മേഷവാനായിത്തന്നെ കണ്ടതിനാൽ, എന്റെ അടുക്കൽ സമയം ചെലവഴിക്കേണ്ട ആവശ്യമില്ലെന്നു മനസ്സിലാക്കി, അദ്ദഹം ഡോക്ടർ പരിശോധിച്ച വിവരവും എന്റെ ശരീരനിലയും മറ്റും വിശദീകരിച്ചു. ഒരു ഉച്ചഭാഷിണി അവിടെ സ്ഥിരമായി ക്രമീകരിച്ചിട്ടുണ്ടായിരുന്നു. അച്ചന്റെ പ്രസംഗം നടന്നുകൊണ്ടിരിക്കവെ, പർണ്ണശാലയ്ക്കരുകിൽനിന്നു വിങ്ങിക്കരയുന്നുണ്ടായിരുന്നു, ഒരു കൊച്ചുകുട്ടി. (അടുത്തുള്ള സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും നിരാഹാരപ്പന്തലിൽ വരിക അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഒരു പതിവായിരുന്നു. മിക്ക കുട്ടികളുടേയും കയ്യിൽ റോസാപ്പൂക്കൾ ഉണ്ടായിരിക്കും. അവരുടെ കയ്യിൽനിന്നും ഞാൻതന്നെ ആ പുഷ്പങ്ങൾ വാങ്ങണമെന്നുള്ളത് അവർക്കു നിർബന്ധമായിരുന്നു. റീത്താമ്മയും ഗ്രേസിയും അമ്മിണിയും മേരിയും ലീലയും ഞാൻ മയങ്ങിക്കിടന്നിരുന്ന വേളകളിൽ പലപ്പോഴും നിറഞ്ഞ കണ്ണുകളോടെ നിന്നിരുന്ന രംഗം ഇപ്പോഴും ഞാനോർക്കുന്നു.)

## ആ റോസപ്പൂവ്

ഞാൻ ആ കരഞ്ഞ കൊച്ചുകുട്ടിയെ അടുത്തേക്കു കൊണ്ടുവരാൻ പറഞ്ഞു. അകത്തേക്കു കടന്നുവരാൻവേണ്ടി വളരെ നേരമായി അവളവിടെ നിൽക്കുകയായിരുന്നെന്നും, കയ്യിലിരുന്ന റോസപ്പൂവ് എനിക്കു നീട്ടിക്കൊണ്ട്, അതു തരാൻ സാധിക്കാഞ്ഞതിനാലുണ്ടായ സങ്കടം കൊണ്ടാണ് കരഞ്ഞതെന്നും, വിക്കിവിക്കിപ്പറയുമ്പോഴും അവൾ കരയുന്നുണ്ടായിരുന്നു. വേദനയുടെ മദ്ധ്യത്തിലും ആശ്വാസത്തിന്റെ കിരണങ്ങൾ. ഞാൻതന്നെ അവളുടെ കണ്ണുനീർതുടച്ച്, അവിടെക്കിടന്ന ഒരു കസവുമാലയും കൊടുത്തു സ്കൂളിലേക്ക് യാത്രയാക്കി. കഷ്ടിച്ച് ഏഴുവയസ്സുമാത്രം പ്രായം വരുന്ന




malankaralibrary.com

ആ കുട്ടി എന്നെ അത്ഭുതപ്പെടുത്തി. അതിനുശേഷം പർണ്ണശാലയ്ക്കക ത്തേക്കു കടക്കരുതെന്നു കുട്ടികളെ ആരും വിലക്കിയിരുന്നില്ല.

സൂര്യന്റെ ചൂടു വർദ്ധിക്കുന്തോറും തലവേദന കൂടുതലായിക്കൊണ്ടിരു ന്നു. ചന്ദനം അരച്ച് നെറ്റിയുൽ പുരട്ടുന്നതുകൊണ്ട് അല്പം ആശ്വാസം ലഭിച്ചു.

വൈകുന്നേരത്തു വടക്കനച്ചനും മറ്റും വരുന്നെന്നു കേട്ടതിനാൽ തിരക്കു വർദ്ധിച്ചുകൊണ്ടിരുന്നു. വളരെ വൈകിയിട്ടും നേതാക്കളെ കാണാ യ്കയാൽ എല്ലാവർക്കും ഉൽക്കണ്ഠ കൂടിക്കൂടി വന്നു.

ഇതര സമ്മേളനസ്ഥലങ്ങളിൽ, നേതാക്കൾ വരാൻ വൈകുമ്പോൾ



ഉപവാസ സമരപ്പന്തലിൽ എന്നും പൂക്കളുമായി വരുമായിരുന്ന അന്ന് 9 വയസ്സുണ്ടായി രുന്ന സി. ആൻസി, ദിവംഗതയായ എലിസബത്തിന്റെ ചിത്രത്തിനു മുൻപിൽ. കൊട്ടി യൂർ കെ.വി. ജോസഫിന്റെ മകളാണ് സി.ആൻസി.

അടങ്ങാത്ത അമർഷമാണ് ജനങ്ങളിൽ പ്രകടമാകുക. പണ്ഡിറ്റ് ജവഹ രിലാൽ നെഹ്റു വൈകിയ ചില സമ്മേളനസ്ഥലങ്ങളിൽപ്പോലും ജനങ്ങളെ ശാന്തരാക്കി ഇരുത്തുന്നതിനുവേണ്ടി പ്രയാസപ്പെടേണ്ടി വന്നിട്ടുള്ളത് ഞാനോർത്തുപോയി. എന്നാൽ കൊട്ടിയൂരിൽ, പത്തും പതിനഞ്ചും നാഴിക നടന്നെത്തിയിട്ടുള്ളവർ (അതിരാവിലെമുതൽ വന്നിട്ടുള്ളവരുൾപ്പടെ) വട ക്കനച്ചൻ വരാഞ്ഞതിൽ ഒരസുഖവും പ്രകടിപ്പിച്ചില്ലെന്നുള്ളത്, നേതൃത്വവും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടമായ തെളിവായിരുന്നു. വട ക്കനച്ചൻ വരാൻ വൈകുന്നെങ്കിൽ തക്കതായ കാരണംകൊണ്ടാണത് എന്ന് അവിടെ കൂടിയിരുന്നവർക്കെല്ലാം ദൃഢമായ വിശ്വാസമുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ പൊതുജനജീവിതരംഗത്തു വളരെ വിരളമായിക്കാണാവുന്ന ഒരവസ്ഥ.



malankaralibrary.com



# XI

# ഉപവാസവും തെരഞ്ഞെടുപ്പും

സന്ധ്യയായതോടെ നാനാദിക്കിൽനിന്നും പന്തംകൊളുത്തിയ ചെറിയ ചെറിയ ജാഥകൾ വന്നുചേർന്നുകൊണ്ടിരുന്നു. വെടിക്കെട്ട് അവസാനിക്കുമ്പോൾ, "എലിവാണം" അന്തരീക്ഷത്തിൽ പരക്കം പായുന്നമാതിരി. തീപ്പൊരി ചൊരിഞ്ഞുകൊണ്ട് നാലുപാടും ഓടിനടക്കുന്ന വാണം ഒരുതരം സീൽക്കാരശബ്ദം പുറപ്പെടുവിക്കാറുണ്ട്. അത്തരം വാണങ്ങൾ എങ്ങോട്ടാണ് പോവുകയെന്നില്ല.

അതുപോലെതന്നെ ജ്വലിക്കുന്ന പന്തവും പിടിച്ച് ഉശിരൻ മുദ്രാവാക്യവും മുഴക്കിവരുന്ന ജാഥ ഏതെല്ലാം പ്രദേശത്തുനിന്നാണ് വരുന്നതെന്ന് ആർക്കും ഒരു നിശ്ചയവും ഉണ്ടായിരുന്നില്ല. ആളുകളുള്ള പ്രദേശങ്ങളിൽ നിന്നെല്ലാം പന്തംകൊളുത്തിയ ജാഥകളാണ് വന്നുകൊണ്ടിരുന്നത്.

## ഉശിരൻ ജാഥ

കോഴിക്കോട്ടു ജില്ലയിലെ ഒരു സജീവ കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന സി. എച്ച്. ഭാസ്കരന്റെ നേതൃത്വത്തിൽ മാനന്തവാടിയിൽനിന്നും അഞ്ഞൂറോളം പേർവരുന്ന ഒരു ജാഥ കൊട്ടിയൂരിലെത്തുകയുണ്ടായി. ഇരുപതു നാഴികയിലധികം അവർ നടന്നിരുന്നു. ഉഗ്രമായ വനത്തിനകത്തുകൂടെ അവർ വരുമ്പോൾ, കാട്ടാന നടന്നുപോയിരുന്ന പാടുകൾ കണ്ടതായി പറഞ്ഞു. വന്നവഴിക്കുതന്നെ പോകാൻ അവരെ ഞങ്ങൾ അനുവദിച്ചില്ല.

വയനാട്ടിലെ കോൺഗ്രസിന്റെ സജീവ പ്രവർത്തകരായിരുന്നു അവരിലധികവും. അവർ മുഴക്കിയ ജീവനുള്ള മുദ്രാവാക്യങ്ങൾ ജനങ്ങളെ ആവേശംകൊള്ളിക്കാൻ പര്യാപ്തമായിരുന്നു. തളർന്നുകിടന്നിരുന്ന എന്നേയും ഉന്മേഷവാനാക്കാൻ ആ ജനങ്ങളുടെ ആവേശത്തള്ളലിനു കഴിഞ്ഞു. ഭാസ്കരന്റെ സ്ഫുടമായ ശബ്ദത്തിൽ ഓരോ മുദ്രാവാക്യവും മുഴങ്ങുമ്പോൾ, ചുവടുവയ്ക്കുന്നതനുസരിച്ച് അഞ്ഞൂറോളം കണ്ഠങ്ങൾ അതാവർത്തിച്ചിരുന്നു. യോഗസ്ഥലത്തുള്ളവരും അതേ ക്രമത്തിൽ അതേറ്റുവിളിച്ചു.

പടക്കളത്തിൽ പ്രജ്ഞയറ്റു കിടക്കുന്നവരെയും, പടഹധ്വനി കർമ്മോത്സുകരാക്കുമെന്നു പറഞ്ഞു കേട്ടിട്ടുള്ളത് എനിക്കു നേരിട്ടനുഭവിക്കാൻ കഴിഞ്ഞു. എഴുന്നേറ്റിരിക്കാൻപോലും കഴിവില്ലാതെ കിടന്നിരുന്ന ഞാൻ പ്രസംഗിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചത് അടുത്തുണ്ടായിരുന്നവരെ അത്ഭുതപ്പെടുത്തി.

## ഞാൻ പ്രസംഗിച്ചു

മനസ്സില്ലാമനസ്സോടെയാണവർ ഉച്ചഭാഷിണി ക്രമീകരിച്ചുതന്നത്. അഞ്ചുമിനിട്ടുനേരം ഞാൻ സംസാരിച്ചു എന്നാണെന്റെ ഓർമ്മ. വളരെ നിറുത്തിനി



malankaralibrary.com

റുത്തി, അടുത്തിരിക്കുന്നവരോട് പറയുന്ന രീതിയിലായിരുന്നു ഞാൻ സംസാരിച്ചിരുന്നതെങ്കിലും പരിപൂർണ്ണ നിശ്ശബ്ദതയായിരുന്നതിനാൽ എല്ലാവർക്കും കേൾക്കാൻ കഴിഞ്ഞു. വികാരങ്ങളുടെ വേലിയേറ്റത്തിൽ വാക്കുകൾക്കുവേണ്ടി ശ്വാസം മുട്ടലനുഭവിച്ചു.

ഉദ്ദേശിച്ചിരുന്നതു മുഴുവൻ പറയാൻ സാധിക്കാതെ ഇടയ്ക്കുവച്ചു നിറുത്തേണ്ടിവന്നു. സമരരംഗത്തെക്കാര്യങ്ങളായിരുന്നു ഞാനധികവും പറഞ്ഞത്. എന്റെ യഥാർത്ഥനില മറച്ചുവെച്ചുകൊണ്ട്, ഞാൻ ആരോഗ്യവാനാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. അതേത്തുടർന്നു ചിറയത്തച്ചനും ഭാസ്കരനും മറ്റും പ്രസംഗിച്ചുകൊണ്ടിരുന്നു. യോഗം നടന്നുകൊണ്ടിരിക്കവേ ശ്രീ ജോൺ മാഞ്ഞൂരാൻ എത്തി. ആവേശകരമായ മുദ്രാവാക്യത്തോടെയാണദ്ദേഹത്തെ സ്വീകരിച്ചത്. പർണ്ണശാലയിൽവന്ന് ഏതാനും നിമിഷം വികാരഭരിതനായി അദ്ദേഹം നിന്ന രംഗം ഞാനിന്നുമോർമ്മിക്കുന്നു.

ഞാൻ ആ നിലയിലും പ്രസംഗിച്ചു എന്നു പറഞ്ഞത് അദ്ദേഹത്തെ ചൊടിപ്പിച്ചു. ക്ഷീണിച്ചു കിടന്നിരുന്നതിനാൽ എനിക്കു സംസാരിക്കാനും കഴിഞ്ഞിരുന്നില്ല. ആവേശകരമായ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രാജ്യമാസകലമുള്ള സമരത്തിന്റെ നിലയും തെരഞ്ഞെടുപ്പിന്റെ മൂടുപടമിട്ട് കർഷകസമരം പരാജയപ്പെടുത്താനുള്ള നിഗൂഢ ശ്രമങ്ങളും അദ്ദേഹം വിശദീകരിച്ചു.

അതൊടൊപ്പം വടക്കനച്ചനെ ഷെഡ്ഡിലാക്കാനുള്ള പ്രമാണിമാരുടെ നീക്കങ്ങളും വിശദീകരിക്കപ്പെട്ടു. അന്ന് വടക്കനച്ചന് വരാൻ സാധിക്കാതെ പോയത് അത്തരം തടസ്സങ്ങളാലൊന്നുമല്ലെന്നും, കർഷകപ്രശ്നം സംബന്ധിച്ചുള്ള കാര്യങ്ങളിൽത്തന്നെ വ്യാപൃതനായതിനാലാണെന്നും ശ്രീ. മാഞ്ഞൂരാൻ പറഞ്ഞിട്ടും ആളുകൾക്കു വിശ്വാസമായില്ല. അടുത്ത ദിവസം തന്നെ എത്തുമെന്നു പറഞ്ഞിട്ടേ അവർക്കു തൃപ്തിയായുള്ളൂ.

## പോലീസ് ഞങ്ങടെ കയ്യിൽ

കുട്ടിശങ്കരൻനായരുടെ ക്ഷീണം കൂടിവരുന്തോറും നിരാഹാരരംഗത്ത് തെരക്കും വർദ്ധിച്ചു വന്നു. കോൺഗ്രസുകാർ കർഷകർക്കെതിരായി പ്രവർത്തിക്കുന്നതിൽ നിന്നും സമരരംഗത്തുള്ളവർക്ക് കോൺഗ്രസ്സിനോട് തോന്നിയ വിദ്വേഷം തെരഞ്ഞെടുപ്പ് സമയമായതിനാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിക്കനുകൂലമാകാതിരിക്കാൻ വേണ്ടി, സ്വതന്ത്ര്യസ്ഥാനാർത്ഥിക്കനുകൂലമായി തിരിച്ചു വിട്ടു. സ്വതന്ത്രസ്ഥാനാർത്ഥിയായ ശ്രീ. എസ്.പി. ലൂയിസ് കർഷകപ്രശ്നത്തിൽ താല്പര്യമുള്ള ആളുമായിരുന്നു.

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും തമ്മിൽ നേരിട്ടുള്ള മത്സരമായിരുന്നു. സമരരംഗത്തുണ്ടായിരുന്നവർ തൃശൂരിലെ പരിതസ്ഥിതിയിൽ നിഷ്പക്ഷത പാലിക്കുകയാണുണ്ടായത്. വളരെ



malankaralibrary.com



സമ്മർദ്ദങ്ങളുണ്ടായിട്ടും ഇതിന് മുമ്പുള്ള തെരഞ്ഞെടുപ്പുരംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നവർ രംഗത്തില്ലാതിരുന്നതിനാൽ കോൺഗ്രസ്സുകാർക്ക് വളരെ പ്രയാസങ്ങൾ നേരിട്ടു. പ്രലോഭനങ്ങളും സമ്മർദ്ദവും വിലപ്പോകുന്നില്ലെന്നു കണ്ടപ്പോൾ ഭീഷണിപ്പെടുത്തിതുടങ്ങി. സമരസഹായസമിതി കൺവീനർ ശ്രീ. ടി. എൻ. ജോസിനെ പലപ്പോഴും ഭീഷിണിപ്പെടുത്താറുണ്ടായിരുന്നു. "പോലീസ് ഞങ്ങളുടെ കയ്യിലാണ്, കണ്ടോളാം" ആ സമയങ്ങളിലൊന്നും പ്രമാണിമാരുടെ താക്കീതിന്റെ അർത്ഥം ശരിക്കും മനസ്സിലായിരുന്നില്ല. ശ്രീ. ചുമ്മാരിന്റേയും സഹപ്രവർത്തകരുടെയും നിരാഹാരകേന്ദ്രം കോൺഗ്രസ്സ് തെരഞ്ഞെടുപ്പു കേന്ദ്ര ഓഫീസിനു സമീപമായിരുന്നു. തെരഞ്ഞെടുപ്പ് കേന്ദ്ര ഓഫീസിലെ ജനരാഹിത്യവും, നിരാഹാരരംഗത്തിലെ ബഹുജനത്തിരക്കും പട്ടണത്തിലുടനീളം സംസാരവിഷയമായി.

പെരുമനയുടെ ക്ഷീണം വർദ്ധിച്ചുവരുന്തോറും ബഹുജന വികാരം വെടിമരുന്നിന്റെ നിലയിലെത്തിയിരുന്നു. ഒരു ചെറിയ തീപ്പൊരി മതിയായിരുന്നു, ആളിക്കത്താനും പൊട്ടിത്തെറിക്കാനും.

# XII
# സ്ത്രീകളും സമരരംഗത്ത്

നമ്മുടെ അമ്മമാരും സഹോദരികളും ശാന്തശീലരും സൗമ്യവതികളുമാണ്. ത്യാഗമാണവരുടെ മുദ്രാവാക്യം. സ്നേഹം അവരുടെ കൂടപ്പിറപ്പാണ്. സാമൂഹിക രാഷ്ട്രീയ കാര്യങ്ങളിൽ, സാധാരണ ഗതിയിൽ, അവർ വലിയ താല്പര്യം പ്രകടിപ്പിക്കാറില്ല. കുടുംബമോ, സമുദായമോ, രാജ്യമോ വമ്പിച്ച അപകടത്തിൽ പെടുമ്പോൾ മാത്രമേ അവർ ഇളകി പ്രവർത്തിക്കാറുള്ളൂ.

സ്വാതന്ത്ര്യസമരക്കാലത്താണ് സ്ത്രീകൾ കൂട്ടംകൂട്ടമായി രംഗത്തിറങ്ങി പ്രവർത്തിക്കാൻ തുടങ്ങിയത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആ ആവേശത്തള്ളലൊക്കെ ആറിത്തണുത്തു തുടങ്ങി.

നമ്മെ സംബന്ധിടേത്തോളം സ്ത്രീകളുടെ സമരാവേശവും, ദേശസ്നേഹവും ഏറ്റവും പ്രകടമായിക്കാണ്ടത് വിമോചനസമരക്കാലത്തായിരുന്നു. രാജ്യവ്യാപകമായി നടന്ന സ്വാതന്ത്ര്യ പുനഃസ്ഥാപനാർത്ഥമുള്ള ആ സമരത്തിൽ, അറസ്റ്റു ചെയ്യപ്പെട്ടവരിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു എന്നതിൽനിന്നും തന്നെ നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും ധീരതയും ത്യാഗസന്നദ്ധതയും പ്രകടമാകുന്നതാണ്.

മുകളിൽപ്പറഞ്ഞ രണ്ടു സമരങ്ങളും രാഷ്ട്രീയമായ ലക്ഷ്യപ്രാപ്തിക്കുള്ളവയായിരുന്നു. രാഷ്ട്രീയമായ സ്വാതന്ത്ര്യലബ്ധി സാമൂഹ്യമായും സാമ്പത്തികമായുള്ള സ്വാതന്ത്ര്യത്തിനും ഉയർച്ചയ്ക്കും വേണ്ടിയുള്ളതാണല്ലോ.



malankaralibrary.com

കർഷകസമരം നടന്നുകൊണ്ടിരുന്നത് അനേകലക്ഷം കർഷകരെ, അവരുടെ അവശതകളിൽ നിന്നും സാമ്പത്തികമായുള്ള അടിമത്വത്തിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ഈ മഹത്തായ ലക്ഷ്യം മനസ്സിലാക്കിയ നമ്മുടെ അമ്മമാരും സഹോദരിമാരും ഈ രംഗത്തും അവരുടെ പങ്കുവഹിക്കാൻ പൂർവ്വോപരി ഉഷാറായി മുമ്പോട്ടുവന്നു. സാമൂഹികമായ ലക്ഷ്യത്തിനുവേണ്ടി കൂട്ടമായി സ്ത്രീകൾ സമരരംഗത്തിറങ്ങിയത് നമ്മുടെ നാടിന്റെ ചരിത്രത്തിൽ എന്നെന്നും സ്മരിക്കപ്പെടുന്നതായിരിക്കും.

നാടിന്റെ നാനാഭാഗങ്ങളിലും സ്ത്രീകളുടെ മാത്രം പ്രകടനങ്ങൾ നീങ്ങുന്നത് ജനങ്ങളെ അത്ഭുതപ്പെടുത്തി. ചോരക്കുഞ്ഞുങ്ങളെ കൈകളിലേന്തിയ അമ്മമാരും, വടിയുടെ സഹായത്താൽ മാത്രം നടക്കാൻ കഴിയുന്ന അമ്മൂമ്മമാരും ഉൾപ്പെടെ, ആയിരവും രണ്ടായിരവുമടങ്ങുന്ന സ്ത്രീകളുടെ പ്രകടനങ്ങൾ നാടിനെ വികാരം കൊള്ളിച്ചു. പ്രകടനങ്ങളും പൊതുയോഗവുംകൊണ്ടുമാത്രം അവർ തൃപ്തരായിരുന്നില്ല. ആക്ഷൻ കൗൺസിൽ അനുവദിക്കുമെങ്കിൽ, നിയമ നിഷേധവും ജയിൽവാസവും ഉൾപ്പെടെയുള്ള എല്ലാ സമരപരിപാടികൾക്കും അവർ സന്നദ്ധത പ്രകടിപ്പിച്ചു. നിരാഹാര രംഗത്തു നിന്നും സ്ത്രീകളെ പിന്തിരിപ്പിക്കാൻ, ആക്ഷൻ കൗൺസിലനും പ്രവർത്തകർക്കും വളരെ പണിപ്പെടേണ്ടിവന്നു.

നൂറും ഇരുന്നൂറും സ്ത്രീകൾ വീതം അനുഭാവസത്യാഗ്രഹങ്ങൾ മിക്കവാറും എല്ലാ സ്ഥലങ്ങളിലും നടത്തിവന്നിരുന്നു. സന്ധ്യയ്ക്കുമുമ്പ് സ്ത്രീകളെ എല്ലാ സമരരംഗത്തുനിന്നും പറഞ്ഞയയ്ക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നതിനാൽ ഒരു ദിവസത്തിൽ കൂടുതൽ നിരാഹാരം തുടങ്ങാൻ സാധിക്കാതെ അമ്മമാർ പല സ്ഥലങ്ങളിലും പ്രതിഷേധം പ്രകടിപ്പിക്കുകയുണ്ടായി.

എമ്പത്തേഴുവയസ്സുള്ള ഒരമ്മൂമ്മയെ പർണ്ണശാലയിൽനിന്നും വിളിച്ചുകൊണ്ടുപോകാനായി മക്കളും മറ്റും വന്നു നിർബ്ബന്ധിച്ചപ്പോൾ, " എന്റെ മോനെ വിട്ടേച്ചു ഞാൻ പോവില്ല" എന്നു പറഞ്ഞു എന്റെ കട്ടിലിൽത്തന്നെ ഇരുന്നതും, ഒടുവിൽ ഞാനും കൂടി നിർബ്ബന്ധിച്ചു പറഞ്ഞപ്പോൾ വിമ്മിഷ്ടപ്പെട്ടുകൊണ്ട് വേച്ചുവേച്ചു നടന്നുപോയതും, ഞാനിപ്പോഴുമോർക്കുന്നു. (അമ്മൂമ്മ എന്നു മാത്രം വിളിച്ചിരുന്നതിനാൽ പേരു അറിയാൻ കഴിഞ്ഞിരുന്നില്ല.)

ഇന്നലെവരെ പാടത്തു പണിയെടുത്തു മാത്രം കഴിഞ്ഞിരുന്നവർ, ജോലി കഴിഞ്ഞുള്ള സമയം അടുക്കളയിൽമാത്രം ചെലവാക്കിയിരുന്നവർ, അസ്സലായി പ്രസംഗിക്കുന്നതും, സന്ദർഭത്തിനനുസരിച്ചു മറ്റുള്ളവർക്കു നേതൃത്വം കൊടുക്കുന്നതും അത്ഭുതാവഹമായിരുന്നു. സമരരംഗത്ത് സ്ത്രീകളെ സ്ത്രീകൾതന്നെ നിയന്ത്രിക്കുണമെന്നു ഞങ്ങൾ നിർബന്ധിച്ചിരുന്നു. നേതൃത്വം നൽകാൻ പരിശീലനം നേടിയിട്ടുള്ള സ്ത്രീകൾ പൊതുവേ കുറവായിരുന്നതിനാൽ ഓരോ സ്ഥലത്തുമുള്ളവർതന്നെ ആ ചുമതല ഏറ്റെടുത്തു. ആ അവസരത്തിലാണ്, അവരിൽ അന്തർലീനമായി കിടന്ന



malankaralibrary.com



സ്വതസ്സിദ്ധമായ കഴിവുകൾ പ്രകടമായത്. "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വച്ചിടും രത്നങ്ങൾ" എത്രയോ നമ്മുടെ സഹോദരിമാരുടെ കൂട്ടത്തിലുണ്ട്. സന്ദർഭവും പ്രചോദനവും ലഭിച്ചാൽ, ഈ രാജ്യത്തെത്തന്നെ നയിക്കാൻ കഴിവുറ്റവരാണവർ.

ഞങ്ങൾക്കു മൂന്നു പേർക്കും ക്ഷീണം വളരെ വർദ്ധിച്ചിരുന്നു. സഹപ്രവർത്തകരിൽ ഉൽക്കണ്ഠയും വർദ്ധിച്ചു. കാലുകളിലും കൈകളിലും ചിലപ്പോൾ തണുപ്പുകയറിത്തുടങ്ങി. ശരീരത്തിനാവശ്യമുള്ള ശക്തി ലഭിക്കുന്നത് നാം കഴിക്കുന്ന ആഹാരത്തിൽ നിന്നാണല്ലോ. അങ്ങനെ കിട്ടിക്കൊണ്ടിരിക്കുന്ന ജീവശക്തി തുടർന്നു കിട്ടാതാവുമ്പോൾ രക്തസംക്രമണം ക്രമേണ കുറഞ്ഞുവരുന്നു.

ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്ത് രക്തം കിട്ടാതെ വരുമ്പോൾ ആ ഭാഗം ക്രമേണ തണുത്തുതുടങ്ങും. കാലുകളിലും കൈകളിലുമാണ് ആദ്യമായി തണുപ്പ് ബാധിച്ചു തുടങ്ങുക, നിരാഹാരം സത്യാഗ്രഹികളെ സംബന്ധിച്ചിടത്തോളം അപകട സൂചനയാണിത്.

ഏലിയാസു വൈദ്യർ പലപ്പോഴും എന്റെ കയ്യും കാലും പരിശോധിക്കാറുണ്ടായിരുന്നു. ഒരിക്കൽ, ഞാൻ മയങ്ങിക്കിടക്കവേ, വൈദ്യർ എന്നെ വിളിച്ചുണർത്തി. അദ്ദേഹം എന്റെ കാലിന്റെ പാദത്തിൽ പിടിച്ചുഞെക്കി. ആ പ്രവർത്തി എനിക്കു കാണാമായിരുന്നു. പക്ഷെ എന്റെ കാലിൽ തൊട്ടതായിപ്പോലും എനിക്കു തോന്നിയില്ല. ഉടനെതന്നെ അദ്ദേഹം കൈകളിൽ പിടിച്ചു സ്പർശനശക്തി കൈകൾക്കും നഷ്ടപ്പെട്ടിരുന്നു. ചെറുതായി നുള്ളിനോക്കിയെങ്കിലും വേദനയറിഞ്ഞില്ല.

വൈദ്യർക്കാകെ സംഭ്രമമായി പലരേയും വിളിച്ചു ഏതാനും നിമിഷങ്ങൾക്കകം തവിട് ആവിയിൽ ചൂടാക്കിക്കൊണ്ടുവന്ന് കാലിലും കൈകളിലും മാറിമാറി തിരുമ്മിത്തുടങ്ങി. തവിടുകൊണ്ടു വന്നവരുടെ കൈപൊള്ളുന്നതല്ലാതെ എനിക്കു യാതൊരനുഭവവുമുണ്ടായിരുന്നില്ല. ഏകദേശം പതിനഞ്ചു മിനിട്ട് ചൂടുവച്ചപ്പോഴാണ് കാലിൽ സ്പർശിക്കുന്നത് മനസ്സിലായിത്തുടങ്ങിയത്. ഞാനെന്റെ വിരലുകൾ അനക്കിയപ്പോൾ വൈദ്യർ ദീർഘശ്വാസം വിട്ടു. അതിനുശേഷം വുള്ളൻ സോക്സ്കൊണ്ട് കൈകാലുകൾ പൊതിഞ്ഞുവച്ചു.

# XIII

# അവരുടെ അനുഭാവപ്രകടനങ്ങൾ

അന്നുവരെ വീട്ടിലേക്കുള്ള കത്തുകൾ ഞാൻ തന്നെയാണെഴുതിയിരുന്നത്. കൈയ്യക്ഷരത്തിൽ വന്നിരുന്ന വ്യത്യാസത്തിൽ നിന്നും ശരീരത്തിനു സംഭവിക്കുന്ന ക്ഷീണം വീട്ടിലുള്ളവർ മനസ്സിലാക്കിത്തുടങ്ങി. ദിവസവും ഓരോ കത്ത് ഞാനെഴുതുമായിരുന്നു. തീരെ നിവൃത്തിയില്ലാതായപ്പോൾ വീട്ടിലേക്കും



malankaralibrary.com

അനുജനെക്കൊണ്ടു തന്നെ എഴുതിച്ചു. ആ കത്തു വീട്ടിൽ ചെല്ലുമ്പോഴുണ്ടാകാവുന്ന സംഭവവികാസങ്ങൾ എനിക്കൂഹിക്കാൻ കഴിഞ്ഞിരുന്നു.

കൈകാലുകളിലെ തണുപ്പ് ആവർത്തിച്ചാവർത്തിച്ച് ഉണ്ടാകുമെന്നും, അതുകഴിഞ്ഞ് ബോധക്ഷയമായി മാറുമെന്നും, ആ അബോധാവസ്ഥ ദീർഘിച്ച് നിത്യമായ ഉറക്കമാകാമെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. അതു സംഭവിക്കുന്നതിനു മുമ്പ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു തീരുമാനിക്കുക കുറെ ദുഷ്കരമാണ്. എങ്കിലും എനിക്കതു ചെയ്യാൻ കഴിഞ്ഞു. ഞാൻ ഓരോ കാര്യങ്ങൾ പറയുമ്പോഴും എന്റെ ഉള്ളിലുള്ള ഉദ്ദേശം അനുജനേയും സഹപ്രവർത്തകരേയും അറിയിക്കാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.

രാവിലെതന്നെ അനുഭാവ ഉപവാസം നടത്താനുള്ള ആളുകൾ വന്ന് പന്തലിൽ ഇരുന്നു തുടങ്ങി. അഞ്ഞൂറ്റി ഒന്നു പേരായിരുന്നു തയ്യാറായി വന്നത് എന്റെ നിർബന്ധംകൊണ്ടു നൂറ്റൊന്നായി കുറച്ചു. ഉപവാസം അനുഷ്ഠിക്കാൻ തയ്യാറായി വന്നവരെ പിന്തിരിപ്പിക്കാൻ പ്രവർത്തകർ വളരെ സമ്മർദ്ദം ചെലുത്തേണ്ടിവന്നു. പർണ്ണശാലയുടെ വേറൊരു വശത്ത് അമ്മമാർ പ്രാർത്ഥനാനിരതരായി പകൽ സമയം മുഴുവനും ഉണ്ടാവുക സാധാരണയാണ്. ചില ആളുകളെ (കുടുംബത്തിലുള്ളവരെയെല്ലാം) പതിവായിക്കണ്ടു തുടങ്ങിയപ്പോൾ ഞാൻ അവരുടെ വീടുകളിലെ കാര്യങ്ങൾ അന്വേഷിച്ചു. കൊട്ടിയൂരുള്ള കർഷക കുടുംബങ്ങളിൽ മിക്കവയിലും ആഹാരം പാചകം ചെയ്യുന്നത് വളരെക്കുറവായിരുന്നെന്നും വീടുകളിൽപ്പോലും അനുഭാവ ഉപവാസങ്ങൾ നടക്കുന്നുണ്ടെന്നുമുള്ള വസ്തുത എനിക്കപ്പോൾ മാത്രമേ മനസ്സിലായുള്ളൂ.

വടക്കനെച്ചനെക്കാണണമല്ലോ എന്ന ചിന്ത ഒരു നവചൈതന്യം തന്നെ പ്രദാനം ചെയ്തു. ആ ചിന്തയിൽ ഞാനങ്ങനെ മുഴുകിക്കിടക്കവേ, പ്രവർത്തകർ തമ്മിലാലോചിച്ചതിനുശേഷമാണെന്നു തോന്നുന്നു, ഓരോരുത്തരായി എന്നെ സമീപിച്ചു. വടക്കനെച്ചൻ വരുമ്പോൾ, നിരാഹാരം അവസാനിപ്പിക്കണമെന്ന് ഞാൻ നിർബന്ധമായി പറയണമെന്നായിരുന്നു പലരുടെയും സംസാരത്തിന്റെ ഉള്ളടക്കം. അതിൽ ഒരാൾ ഒരു ചെറിയ ന്യായവാദത്തിനുതന്നെ തയ്യാറായി.

" ഈ നിരാഹാരം എത്ര നാളിങ്ങനെ തുടരണം" ഗംഭീരമായ ഒരു പ്രശ്നം ഉന്നയിച്ച ഭാവത്തിലായിരുന്നു .

"പ്രശ്നം പരിഹരിക്കുന്നതുവരെ" സാധാരണഗതിയിൽ ഞാൻ മറുപടി പറഞ്ഞു. അയാൾ ചുറ്റുംനോക്കി അനുജൻ അലക്സ് മാത്രമേ അടുത്തുണ്ടായിരുന്നുള്ളൂ.

'പ്രശ്നം പരിഹരിക്കാൻ ഗവണ്മെന്റു തയ്യാറായില്ലെങ്കിലോ" വികാരഭരിതനായിട്ടാണ് ഇങ്ങനെ ചോദിച്ചത്.



malankaralibrary.com

"പരിഹരിക്കുന്നതുവരെ നിരാഹാരം തുടരും" എന്റെ മറുപടി അയാളെ തൃപ്തനാക്കിയില്ല.

"ഇനിയും അധികദിവസം നീണ്ടുനിന്നാൽ....." അയാൾ മുഴമിച്ചില്ല.

"ഒരു പക്ഷെ സത്യാഗ്രഹി മരിച്ചെന്നുവരാം" മറ്റാരുടെയോ കാര്യം ചർച്ച ചെയ്യുന്നതുപോലെയാണ് ഞാൻ മറുപടി പറഞ്ഞത്. അടുത്തിരുന്ന അനുജൻ കണ്ണുതുടയ്ക്കുന്നതു കണ്ടപ്പോഴാണ് പറയേണ്ടതില്ലായിരുന്നു എന്നെനിക്കു തോന്നിയത്.

ക്ഷീണംകൊണ്ട് കുറെ നേരത്തേക്കു ഞാൻ കണ്ണടച്ചു കിടന്നു. കണ്ണു തുറന്നു നോക്കുമ്പോൾ കൈപ്പത്തികളിൽ മുഖംതാങ്ങിയിരുന്ന് അയാളും വിങ്ങിപ്പൊട്ടുകയാണ്. വിഷയം മാറ്റാൻ വേണ്ടി അയാളോട് കുറച്ചു വെള്ളം തരാൻ പറഞ്ഞു. ഉപ്പു ചേർത്തു തന്ന വെള്ളം അയാളോടുതന്നെ കുടിക്കാനാവശ്യപ്പെട്ടു. ആ ഉപ്പുചേർത്ത വെള്ളം കുടിക്കുമ്പോൾ മുഖത്തെ ഭാവവ്യത്യാസം കാണേണ്ടതുതന്നെയായിരുന്നു. വീണ്ടും ഉപ്പുകലക്കി വെള്ളം എടുത്ത് അനുജൻ കുറേശ്ശയായി വായിൽ ഒഴിച്ചുതന്നു

അയാൾ എന്തോ ആലോചിച്ചു തീരുമാനിക്കുകയായിരുന്നു ആ സമയത്ത്.

"അങ്ങനെ സംഭവിച്ചാൽ..." അതൊരുഗ്ര പ്രതിജ്ഞയായിരുന്നു. വിദ്വേഷം അയാളിൽ ആളിക്കത്താൻ തുടങ്ങി പ്രതികാര വാഞ്ചയിൽ നിന്നയാളെ പിന്തിരിപ്പിക്കാനെനിക്കു കഴിഞ്ഞില്ല. കർഷകസമരം അവസാനിപ്പിക്കാതിരിക്കാൻ കാരണക്കാരനായ ഒരു വ്യക്തിയോടുള്ള അടങ്ങാത്ത പ്രതികാരവാഞ്ഛയാണ് ആ പ്രതിജ്ഞയിൽ തിങ്ങിനിന്നിരുന്നത്. ആ സംഭാഷണത്തിനുശേഷം രണ്ടു പ്രവർത്തകരും വിളിച്ചു എന്നോട് സംസാരിച്ചിരുന്ന സ്നേഹിതനെ സ്ഥലം വിട്ടു പോകാനനുവദിക്കരുതെന്നു ഞാൻ നിർദ്ദേശിച്ചു.

# XIV
# വടക്കനെച്ചൻ കൊട്ടിയൂരിൽ

വടക്കനെച്ചൻ വരുന്നു എന്നിറിഞ്ഞതോടെ തെരക്ക് ക്രമാതീതമായി "അച്ചനെപ്പൊഴാ വരിക" സകലരുടേയും ചോദ്യം അതുമാത്രമായിരുന്നു.

ക്ഷീണം തോന്നാതിരിക്കാൻ വേണ്ടി ഞാൻ വെള്ളം പതിവിൽ കൂടുതൽ കുടിച്ചുകൊണ്ടിരുന്നു.

സന്ധ്യയോടുകൂടിയാണ് വടക്കനെച്ചനെത്തിയത്. ഒരു നോട്ടീസു പോലും അച്ചടിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും പതിനായിരത്തോളം ആളുകളവിടെ സംബന്ധിച്ചിരുന്നു.

അദ്ദേഹം നേരേ പർണ്ണശാലയിലേക്കാണു വന്നത്. പുഞ്ചിരിയുമായി പർണ്ണശാലയിലേക്കു കടന്ന അദ്ദേഹത്തിന്റെ മുഖം മ്ലാനമാകുന്നതു ഞാൻ



malankaralibrary.com

കണ്ടു. എത്ര ശ്രമിച്ചിട്ടും എഴുന്നേറ്റിരുക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല. എന്നിൽ വന്നിരുന്ന വ്യത്യാസം അദ്ദേഹത്തെ വേദനിപ്പിക്കുന്നുണ്ടായിരുന്നു.

കഠാരമുനകളുടേയും കുറുവടികളുടേയും മദ്ധ്യേകൂടി ഞങ്ങൾ ഒരുമിച്ചു നീങ്ങിയ രംഗങ്ങൾ അദ്ദേഹം ഓർമ്മിച്ചതാവാം. വെട്ടേറ്റു ചോരയിൽക്കുളിച്ച് തിരുവനന്തപുരത്തുള്ള റോഡിൽക്കിടന്ന എന്നെ താങ്ങിയെടുത്തു ആശുപത്രിയിലാക്കിയ രംഗമായിരിക്കാം അദ്ദേഹമോർത്തത്.

അതുമല്ലെങ്കിൽ വിമോചനസമരത്തിന്റെ ആരംഭത്തിൽ തൃശൂർ ലൂർദ്ദ് പള്ളിയങ്കണത്തിൽ നിന്നും കമ്മ്യൂണിസ്റ്റ് ഗുണ്ടകളാലാക്രമിക്കപ്പെട്ടു അരിയങ്ങാടിയിലുള്ള ശ്രീ. സി.ഡി. ഫ്രാൻസിസിന്റെ കടയിലേക്ക് ആ പൊരിവെയിലത്ത് നടുറോഡിലൂടെ ഞങ്ങൾ ഓടിയ രംഗമായിരിക്കുമദ്ദേഹത്തിന്റെ സ്മൃതിമണ്ഡലത്തിൽ പൊന്തിവന്നത്.

കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അഗ്നിപരീക്ഷണങ്ങളിലെല്ലാം തന്നോടൊപ്പമുണ്ടായിരുന്ന ഒരു സഹപ്രർത്തകനെ ഒരു പക്ഷെ അവസാനമായിട്ടായിരിക്കാം സന്ധിക്കുന്നതെന്ന ചിന്ത ആ മനുഷ്യസ്നേഹിയെ വല്ലാതെ വേദനിപ്പിച്ചിരിക്കാം. മൂകമായി നീങ്ങിയ നിമിഷങ്ങൾക്ക് യുഗങ്ങളുടെ ദൈർഘ്യം ഉണ്ടായിരുന്നപോലെ തോന്നി.

"പെരുമനയ്ക്കും കുട്ടിശങ്കരൻനായർക്കും എങ്ങനെയിരിക്കുന്നു?" മൂകതയക്കു വിരാമമിടാൻ വേണ്ടി ഞാൻ തന്നെ ചോദിച്ചു. "ക്ഷീണമുണ്ട്.." അഗാധമായ ചിന്തയിൽനിന്ന് അദ്ദേഹം മറുപടി പറഞ്ഞു.

"എനിക്കൊന്നുമില്ല." ഞാൻ വളരെ പണിപ്പെട്ട് ഒന്നു ചിരിച്ചു. അദ്ദേഹത്തിൽ നിന്നും ഒരു ദീർഘനിശ്വാസമുതിരുന്നതെനിക്കു കാണാൻ കഴിഞ്ഞു. ആ രംഗം ദീർഘിക്കാതിരിക്കുന്നതാണു നല്ലതെന്നെനിക്കു തോന്നി. യോഗത്തിനു നേരമായെന്നും അതു കഴിഞ്ഞ് സംസാരിക്കാമെന്നും ഞാൻ പറഞ്ഞതനുസരിച്ച് അദ്ദേഹം യോഗസ്ഥലത്തേക്കു പോയി.

# XV

# സമരം സന്നിഗ്ദ്ധഘട്ടത്തിൽ

## തൃശൂരിൽ

നിരാഹാരസത്യാഗ്രഹത്തോട് അനുഭാവം രേഖപ്പെടുത്താനായി തൃശൂർ ടൗൺ സോഷ്യലിസ്റ്റ് പാർട്ടി (ലോഹ്യ) സെക്രട്ടറി ശ്രീ. വി.ബി. മേനോൻ (പൂങ്കുന്നം) ഒരു ദിവസത്തേക്ക് ഉപവസിക്കുകയുണ്ടായി. കൊട്ടിയൂർക്കു പോകുന്നവഴിക്ക് വടക്കനച്ചൻ അദ്ദേഹത്തെ സന്ദർശിച്ച് ഹാരമണിയിച്ചു.

തൃശൂരിലെ സത്യാഗ്രഹികൾക്ക് ക്ഷീണം ബാധിച്ചുതുടങ്ങിയതോടെ



malankaralibrary.com



അന്തരീക്ഷവും ചൂടുപിടിച്ചുതുടങ്ങി. കോൺഗ്രസ്സിന്റേയും കമ്യൂണിസ്റ്റ് പാർട്ടിയുടേയും തെരഞ്ഞെടുപ്പു സമാപനസമ്മേളനങ്ങൾ ഒരു ദിവസംതന്നെയാണു നടത്തിയത്. രണ്ടു സമ്മേളനങ്ങളിലും ആളുകൾ കുറവായിരുന്നു. കോൺഗ്രസ്സുകാർക്ക് ഒരു പ്രകടനംപോലും നടത്താൻ കഴിഞ്ഞില്ല.

എന്നാൽ കർഷകയൂണിയന് അതിഗംഭീരമായ ഒരു പന്തംകൊളുത്തി പ്രകടനം നടത്താൻ കഴിഞ്ഞു. തൃശൂരിലെ ഒരു സാമൂഹ്യപ്രവർത്തകനായ അഡ്വക്കേറ്റ് ശ്രീ. എം.എ ജോസഫിന്റെ നേതൃത്വത്തിൽ ആയിരത്തിലേറെ ധർമ്മഭടന്മാർ ഉപവാസപ്പന്തലിൽനിന്നും ഉശിരൻ മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ടു പട്ടണത്തിന്റെ പ്രധാന വീഥികളിൽക്കൂടി നടത്തിയ പ്രകടനം, തൃശൂരിലെ സാധാരണ ജനങ്ങളുടെ വികാരം ഏതു രംഗത്താണെന്നു പ്രതിബിംബിപ്പിക്കാൻ കഴിഞ്ഞു.

## ആലുവായിൽ

ശ്രീ.യു.ജെ. പോളിന്റെ നേതൃത്വത്തിൽ ഇരുപത്തിയേഴു സന്നദ്ധഭടന്മാർ ആലുവായിൽ സമരത്തോട് അനുഭാവം രേഖപ്പെടുത്തുന്നതിനായി ഉപവസിക്കുകയുണ്ടായി. വൈകുന്നേരം ഒരു വമ്പിച്ച പൊതുയോഗവും നടത്തപ്പെട്ടു. സർവ്വശ്രീ മാത്യു ഇടമറ്റം, അബുമുഹമ്മദ്, പോൾ മാൻവെട്ടം മുതലായവരുടെ വികാരഭരിതമായ പ്രസംഗങ്ങൾ ജനങ്ങളെ ആവേശം കൊള്ളിച്ചു.

കർഷക സമരത്തിന്റെ നേരെ കോൺഗ്രസ്സ് നേതൃത്വം അനുവർത്തിക്കുന്ന തത്വദീക്ഷയില്ലാത്ത നിലപാടിൽ ആലുവാ കോൺഗ്രസ്സ് മണ്ഡലം കമ്മറ്റി ഉൽക്കണ്ഠ പ്രകടിപ്പിക്കുകയും കെ. പി.സി.സി. പ്രശ്നം പരിഹരിക്കുന്നതിന് മുൻകൈ എടുക്കണമെന്നു പ്രമേയം പാസ്സാക്കുകയും ചെയ്തു.

## അയ്യപ്പൻ കോവിലിൽ

ശ്രീ പെരുമനയുടെ ക്ഷീണം വർദ്ധിച്ചുവരികായായിരുന്നു. വമ്പിച്ച ഒരു പ്രകടനം കഴിഞ്ഞ് നടന്ന പൊതുയോഗത്തിൽ ശ്രീ പെരുമനയുടെ ഒരു സന്ദേശം വായിക്കുകയുണ്ടായി.

"ഞാൻ അറസ്റ്റ് ചെയ്യപ്പെട്ടാൽ, ജയിലിലും നിരാഹാര വ്രതം തുടരും, അവകാശങ്ങൾ നേടുംവരെ, മരണംവരെ അതു തുടരും, നമ്മുടെ അടിയന്തിരാവകാശങ്ങൾ പരിഹൃതങ്ങളാകുവാൻ, അഭിമാനത്തോടുകൂടി ജീവിക്കുവാനുള്ള അവകാശം നേടിയെടുക്കാൻ, പ്രതിലോമശക്തികളെ പരാജയപ്പെടുത്തുവാൻ, നിങ്ങൾ ഒത്തൊരുമിച്ചു നില്ക്കണമെന്ന് ക്ഷീണിതനും, സംസാരശക്തി നശിച്ചവനുമായിത്തീർന്ന ഞാൻ ഈ അവസരത്തിൽ, നിങ്ങളോട് അഭ്യർത്ഥിക്കുന്നു."

നിറഞ്ഞ കണ്ണുകളോടെയാണ് ശ്രോതാക്കൾ പെരുമനയുടെ സന്ദേശം കേട്ടുകൊണ്ടുനിന്നത്. ഒരു യഥാർത്ഥ കർഷകനും, കർഷകരുടെ കണ്ണിലുണ്ണിയുമായ പെരുമന, തന്റെ സ്നേഹിതരുടെയും ബന്ധുക്കളുടെയും മദ്ധ്യ



malankaralibrary.com

ത്തിൽ, ഒരു പൊതുപ്രശ്ന പരിഹാരാർത്ഥം, അടിവെച്ചടിവെച്ചടുത്തുവരുന്ന മരണത്തെയും നോക്കി കിടക്കവേ, തന്റെ ഉള്ളിൽ പൊന്തിവന്ന ചിന്തകൾ അന്യരെ അറിയിക്കാൻ എത്രമാത്രം വെമ്പൽ കൊണ്ടിരിക്കാം. കരങ്ങൾ മിക്കവാറും തളർന്നിരുന്നു. ദീർഘമായി എഴുതാനും കഴിഞ്ഞിരുന്നില്ല. ആ ഏതാനും വാചകങ്ങളിൽ നിന്നും യഥാർത്ഥനില മനസ്സിലാക്കാൻ കഴിഞ്ഞവർ പൊട്ടിക്കരഞ്ഞു പോയി. പെരുമനയുടെ മകൻ സിറിയക്ക്, തന്റെ പിതാവിനെ കണ്ട രംഗം മർമ്മഭേദകമായിരുന്നു. തളർന്നു കിടന്ന പിതാവിനെ കെട്ടിപ്പിടിച്ച് ആ കുട്ടി പൊട്ടിക്കരഞ്ഞു സമീപത്തുണ്ടായിരുന്നവരെയെല്ലാം കരയിപ്പിച്ചു.

## എറണാകുളത്ത്

ക്ഷീണിച്ചു തളർന്നു കിടക്കുന്ന കുട്ടിശങ്കരൻനായരുടെ സമീപം തോരാത്ത കണ്ണീരുമായിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും സന്ദർശകരെ വേദനിപ്പിച്ചിരുന്നു. ശ്രീ കുട്ടിശങ്കരൻ നായരുടെ പല ബന്ധുക്കളും നിരാഹാരത്തിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ധീരതയോടെ അദ്ദേഹം പിടിച്ചു നിന്നു.

## എവിടെയും ആവേശം തന്നെ

കൊട്ടിയൂരിൽ സമ്മേളന സ്ഥലത്ത് ഓരോ വിഷയവും പ്രതിപാദിച്ചപ്പോഴുണ്ടായ വികാരപ്രകടങ്ങളിൽ നിന്നും ജനങ്ങളുടെ മാനസികനിലവാരം ശരിക്കും മനസ്സിലാക്കാൻ വടക്കനച്ചനു കഴിഞ്ഞു. ഏതു നിമിഷത്തിലും പൊട്ടിത്തെറിക്കാവുന്ന ഒരഗ്നിപർവ്വതത്തിന്റെ നിലയിലായിട്ടുണ്ടായിരുന്നു ജനങ്ങൾ. കർഷകസമരം ആരംഭിക്കുന്നതിനുമുമ്പുവരെ വ്യത്യസ്തമായ താല്പര്യങ്ങളിലും ചിന്തകളിലും വ്യാപിച്ചിരുന്നവർ ഒരേ ലക്ഷ്യത്തെപ്പറ്റി ചിന്തിക്കുകയും, ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള കർമ്മസരണികളിൽ വ്യാപൃതരാവുകയും ചെയ്തതിന്റെ ഫലമായി എല്ലാകാര്യങ്ങൾക്കും ഒരു ചിട്ടയും ക്രമീകരണവുമുണ്ടായി വന്നു.

അങ്ങനെ, ഏകമതീഭാവത്തോടെ ആയിരക്കണക്കിനു കർഷക കുടുംബങ്ങൾ അവരുടെ അവകാശസംരക്ഷണത്തിനു വേണ്ടി വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ സമരം നടത്തി വന്ന അവസരത്തിൽ ന്യായമായും നീതിയായും പ്രശ്നം പരിഹരിക്കുന്നതിനു പകരം, പ്രകോപന പരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടി കരുതി കൂട്ടി ഗവൺമെന്റ് ഭാഗത്തുനിന്നുള്ള കരുനീക്കങ്ങളാൽ, കർഷകർ അങ്ങേയറ്റം വികാരഭരിതരായിക്കഴിഞ്ഞിരുന്നു. ഏതു സാഹസകൃത്യത്തിനും അവർ തയ്യാറായേക്കാമെന്ന അവസ്ഥയിലെത്തിയിട്ടുള്ള വിവരം അച്ചൻ മനസ്സിലാക്കി.

വളരെ ശാസ്ത്രീയമായി കൈകാര്യം ചെയ്തെങ്കിലേ കർഷകരുടെ വികാരം ശമിപ്പിക്കാൻ കഴിയൂ എന്നറിയാമായിരുന്നതിനാൽ തിരികെപ്പോ



malankaralibrary.com



കാനുള്ള അദ്ദേഹത്തിന്റെ പരിപാടി മാറ്റി വച്ച്, രണ്ടുദിവസം അവിടെ താമസിക്കാമെന്നറിയിച്ചു. അദ്ദേഹത്തെ സാധാരണ ഒരു മീറ്റിംഗിനു പ്രസംഗിക്കാൻ കിട്ടാൻതന്നെ വളരെ പ്രയാസപ്പെടാറുള്ളവർക്ക് അദ്ദേഹം രണ്ടുദിവസം അവിടെ താമസിക്കുന്നെന്ന വാർത്ത വളരെ സന്തോഷകരമായി. ആ പ്രദേശങ്ങളിലെല്ലാം പ്രവർത്തക സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. സമരരംഗങ്ങളിൽ സമചിത്തത വെടിയാതിരിക്കേണ്ടതിന്റെ ആവശ്യകതയും, വെറും വികാരത്തിനു വിധേയമായിമാത്രം പ്രവർത്തിച്ചാലുണ്ടാകാവുന്ന അപകടവും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹത്തിന്റെ നിരന്തരമായ പ്രവർത്തനഫലമായി പൊട്ടിത്തെറിയുടെ വക്കത്തെത്തിയിരുന്ന ഒരു അഗ്നിപർവ്വതം ശാന്തനിലയിലെത്തി. പക്ഷെ, എത്ര നാളത്തേക്ക് ഈ നില തുടർന്നു കൊണ്ടുപൊകാനൊക്കുമെന്നുള്ളതിൽ അദ്ദേഹവും സംശയാലുവായിരുന്നു.

അദ്ദേഹത്തിന്റെ കൊട്ടിയൂരിലെ സാന്നിദ്ധ്യം എന്നേയും ഉന്മേഷവാനാക്കി. വളരെദുരം താങ്ങാനാവാത്ത ഭാരവുമായി നടന്നു ക്ഷീണിക്കുമ്പോൾ ഒരു 'അത്താണി' കാണുന്ന ചുമട്ടുകാരനെപ്പോലെ ഒരുതരം ആനന്ദനിർവൃതിയിൽ ലയിച്ചു ഞാനാദിവസം കഴിച്ചു കൂട്ടി.

പെരുമനയുടെ നില ഗുരുതരമായെന്നും വടക്കനെച്ചൻ ഉടനെ അവിടെ എത്തണമെന്നുമുള്ള വിവരം അറിഞ്ഞതിനാൽ ഉടനെതന്നെ യാത്രയായി. അദ്ദേഹത്തോടു യാത്രാസമയത്തു പലതും പറയണമെന്നു കരുതിയിരുന്നു. അന്നത്തെ നിലയിൽ അന്തിമസന്ദർശനമാണെന്നായിരുന്നു ധാരണ. ഉള്ളിലുള്ളതു മുഴുവൻ പറയാനെനിക്കു കഴിഞ്ഞില്ല.

## പെരുമനയ്ക്കു ബോധക്ഷയം

അയ്യപ്പൻകോവിലിൽ ശ്രീ പെരുമനയ്ക്ക് ബോധക്ഷയമുണ്ടായതിനെത്തുടർന്ന് അന്തരീക്ഷം നിയന്ത്രണാതീതമായി. വികാരഭരിതരായ ഒരു കൂട്ടം ആളുകൾ സ്ഥലത്തുള്ള ഗവൺമെന്റിന്റെ പ്രതിനിധിയായ ആർ . ഡി . ഒ യുടെ വീടു വളയാൻ ശ്രമിച്ചു. മുമ്പ് കൂട്ടത്തോടെ കുടിയിറക്കു നടത്തിയ ആൾതന്നെയായിരുന്നു അപ്പോഴും അവിടെയുണ്ടായിരുന്നത്. മലയോരരംഗത്തെ കൃഷിക്കാരോട് അടങ്ങാത്ത അമർഷമുള്ള ആളുമായിരുന്നു അദ്ദേഹം. കൃഷിക്കാരെ പലവിധത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്നതിനാൽ അവർക്ക് അദ്ദേഹത്തോട് അടങ്ങാത്ത അമർഷവുമുണ്ടായിരുന്നു.

അവരിൽ ചിലർ പെരുമനയ്ക്കു ബോധക്ഷയമുണ്ടായപ്പോൾ ആർ. ഡി. ഒ യോട് പകരം ചെയ്യണമെന്നു കരുതി അവിടേക്ക് തിരിച്ചു. കർഷക വോളണ്ടിയറന്മാർക്കു വളരെ ശ്രമിച്ചതിനു ശേഷം മാത്രമേ അവരെ പിന്തിരിപ്പിച്ച് സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞുള്ളു. വടക്കനെച്ചൻ അവിടെ എത്തിയതിനാൽ അത്തരം സംഭവങ്ങൾ അവിടെ പിന്നീട് ആവർത്തിച്ചില്ല. രാജ്യമാസകലം ഇളകിമറിഞ്ഞിരുന്ന ആ സമയത്ത് വടക്ക


malankaralibrary.com

നച്ചൻ പറന്നെത്തി ഓരോ സ്ഥലത്തും നേതൃത്വം നൽകിയിരുന്നില്ലായിരുന്നെങ്കിൽ, സമാധാനപരമായി ആ സമരം അവസാനിപ്പിക്കുകയില്ലായിരുന്നു.

## എം.ടി.ലാസർ ഉപവാസം ആരംഭിച്ചു

കർഷകസമരത്തിൽ അനുഭാവം പ്രകടിപ്പിക്കുന്നതിന് ഒട്ടും പിമ്പിലല്ലാതിരുന്ന ചാലക്കുടി, ശ്രീ എം. ടി. ലാസറിന്റെ ഉപവാസാരംഭത്തോടെ, ഒരു സമരരംഗമായി മാറി.

അയ്യായിരത്തിലേറെ ജനങ്ങൾ സംബന്ധിച്ച ഒരു പൊതുയോഗത്തിൽ വച്ചാണ് ശ്രീ ലസർ ഉപവാസം തുടങ്ങിയത്. മലനാട് കർഷകയൂണിയൻ ജോയിന്റ് സെക്രട്ടറി ശ്രീ ജോസ് മുഞ്ഞേലി കൊടുത്ത ഒരു ഗ്ലാസ് നാരങ്ങാനീര് കുടിച്ചു കൊണ്ടാണദ്ദേഹം നിരാഹാരം ആരംഭിച്ചത്. ശ്രീ. എം. ഒ . ജോസഫ്, ജി.ടി ആന്റണി, എൽ.സി. കുഞ്ഞിപ്പാലു, എം. പി. കുഞ്ഞുവറീത്, സി.കെ.ജോർജ്ജ്, കെ.പുഷ്പഗിരി, അനിയൻ പയങ്കൻ മുതലായി അനേകം ആളുകൾ സത്യാഗ്രഹിയെ ഹാരമണിയിച്ചു സ്വീകരിച്ചു.

കൊച്ചിരാജ്യത്തെ രാഷ്ട്രീയരംഗത്ത് വളരെ പാരമ്പര്യമുള്ള ശ്രീ. ലാസറിന്റെ ഉപവാസം കോൺഗ്രസ് തിരഞ്ഞെടുപ്പുപ്രവർത്തനത്തിന് വലിയ വിഘാതമായിരുന്നു.

## തൃശൂരിൽ സ്ത്രീകളുടെ ഉപവാസം

വിമോചനസമരരംഗത്ത് കാരാഗ്രഹവാസമനുഭവിച്ചിരുന്ന ധീരസഹോദരികളിൽ ഇരുപത്തിനാലുപേർ കർഷക സരത്തോട് അനുഭാവം രേഖപ്പെടുത്തുന്നതിനു വേണ്ടി ഒരു ദിവസത്തേക്ക് ഉപവസിച്ചു.

# XVI

# കോൺഗ്രസ്സുകാരുടെ തന്ത്രങ്ങൾ

ഇതേവരെ സമരരംഗത്തു വരാതിരുന്ന പലരും കൂട്ടംകൂട്ടമായി രംഗത്തിറങ്ങി തിരഞ്ഞെടുപ്പിനുമുമ്പ് പ്രശ്നം ഒത്തുതീർപ്പിലെത്തിച്ച് കർഷകന്റെ വോട്ടു ജനാധിപത്യ ചേരിക്കുതന്നെ കിട്ടത്തക്ക ഒരു നിലപാട് ജനാധിപത്യ രാഷ്ട്രീയനേതൃത്വം കൈക്കൊള്ളുമെന്നുതന്നെ എല്ലാവരും പ്രതീക്ഷിച്ചിരുന്നു. അങ്ങനെ ചെയ്യില്ല. എന്നു ചിന്തിക്കാൻ സാധാരണക്കാരായ ജനങ്ങൾക്കും ആത്മാർത്ഥതയുള്ള രാഷ്ട്രീയപ്രവർത്തകർക്കും കഴിഞ്ഞില്ല.

ജനാധിപത്യഗവൺമെന്റ് കൃഷിക്കാരന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ , സമരംനടത്താൻ, ആരും വന്നില്ലെങ്കിൽ പോലും, തയ്യാറാകേണ്ടതാണ്. സ്വയം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ ചില പ്രതികൂല സാഹചര്യ



malankaralibrary.com



ങ്ങളാൽ അവർക്കു കഴിയാതെപോയ അവസരത്തിൽ സ്വന്തം ചേരിയിൽ നിന്നു തന്നെയുള്ള സമ്മർദ്ദം കൊണ്ട് അതു ചെയ്യാനുള്ള അവസരമുണ്ടാകുമ്പോൾ ഉള്ളിലെങ്കിലും നിറഞ്ഞ സന്തോഷത്തോടെ അതു നിർവഹിക്കുകയാണു വേണ്ടത്. തിരഞ്ഞെടുപ്പിനു പിന്നെയും നാലുദിവസമുണ്ടായിരുന്നതിനാൽ അതു സംഭവിക്കുമെന്നു തന്നെ എല്ലാവരും പ്രതീക്ഷിച്ചു കോൺഗ്രസ്സിന്റെ ഭാഗത്തു നിന്നും അങ്ങനെയുള്ള സമീപനം നടക്കുന്നുണ്ടെന്ന ചില പ്രചാരണവും നടത്താതിരുന്നില്ല.

ഞങ്ങളുടെ നിരാഹാരം തുടങ്ങിയിട്ട് പത്താമത്തെ ദിവസമായിരുന്നു. ചില പ്രാദേശിക കോൺഗ്രസ് പ്രവർത്തകർ എന്റെയടുക്കൽ വന്നു കണ്ണൂർ ഡി. സി. സി പ്രസിഡന്റും മറ്റ് ഏതാനും നേതാക്കളും എന്നേ കണ്ടു സംസാരിക്കാനാഗ്രഹിക്കുന്നെന്നും ഞാനതിന് അനുവാദം കൊടുക്കണമെന്നും ആവശ്യപ്പെട്ടു.

"എന്റെ അനുവാദമെന്തിനാണ്," ഞാൻ അത്ഭുതപ്പെട്ടു ചോദിച്ചുപോയി. കർഷകജാഥ തിരുവനന്തപുരത്തേക്കു പോയ സന്ദർഭം മുതൽ, കൃഷിക്കാർക്കെതിരായി പ്രവർത്തിക്കുകയും പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള ശ്രീ . പി. ഗോപാലനെപ്പോലെയുള്ളവരെ വികാരധീനരായി നില്ക്കുന്ന കർഷകർ കണ്ടാൽ, പഴയ കാര്യങ്ങളുടെ ഓർമ്മ ഒരു പക്ഷേ അവരെ നിയന്ത്രണാതീതരാക്കിയേക്കാമെന്നു പ്രാദേശിക പ്രവർത്തകർ ഭയന്നതിനാലാണ് എന്റെ അനുവാദം ചോദിക്കുന്നതെന്ന് അവർ വിശദീകരിച്ചു. സ്നേഹപുരസ്സരം അവരെ സ്വീകരിക്കാൻ സഹപ്രവർത്തകർക്കു നിർദ്ദേശം കൊടുത്തു.

രണ്ടുമൂന്നു ദിവസമായി ഡോക്ടറെ കൊണ്ടുവരാൻ അവിടുത്തെ പ്രവർത്തകർ ശ്രമിക്കുന്നുണ്ടായിരുന്നു. ഏതായാലും അന്ന് ഡോക്ടർ വന്നു പിരശോധിച്ചതിൽ എന്റെ നില വളരെ മോശമായിരിക്കുകയാണെന്നു പറഞ്ഞു. ഭാരം വീണ്ടും നാലുറാത്തൽ കുറഞ്ഞിരുന്നു. പത്തു ദിവസം കൊണ്ട് പതിനാലുറാത്തൽ ഭാരം കുറഞ്ഞു.

"എങ്ങനെയിരിക്കുന്നു," ഡോക്ടറുടെ അഭിപ്രായം ഞാനാരാഞ്ഞു.

"ഞാൻ പറഞ്ഞാൽ നിങ്ങൾ കേൾക്കില്ലല്ലോ പിന്നെ ഞാനെന്തിനാ എന്റെ അഭിപ്രായം പറയുന്നത്," നിരാശാദ്യോതകമായ മട്ടിലായിരുന്നു ഡോക്ടറുടെ മറുപടി ഒട്ടും സംസാരിക്കരുതെന്ന നിർദ്ദേശവും തന്നിട്ടാണ് ഡോക്ടർ പോയത്. നാഡീമിടിപ്പും വളരെ മോശമായ നിലയിലെത്തിയിരുന്നു.

അന്നത്തെ തപാലിൽ വീട്ടിലുള്ള അനുജന്റെ ഒരു കത്തുണ്ടായിരുന്നു എന്റെ കൈയ്യക്ഷരത്തിലുള്ള കത്തു കാണാതായപ്പോൾ, എഴുതാനുള്ള ശക്തി നശിച്ചതിനാലാണെഴുതാത്തതെന്ന് അവർ മനസ്സിലാക്കിയെന്നും അന്നുമുതൽ (9-ാം ദിവസം മുതൽ) മമ്മായും തങ്കമ്മയും വീട്ടിൽ ഉപവാസത്തിലാണെന്നും കഴിയുമെങ്കിൽ ഞാൻതന്നെ ഒരെഴുത്ത് എഴുതി അയയ്ക്കണമെന്നും ആ കത്തിൽ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് കിടന്നുകൊ



malankaralibrary.com

ണ്ടുതന്നെ ഞാൻ ഒരു കത്തെഴുതി വളരെ പണിപ്പെടേണ്ടിവന്നു എഴുതാൻ. കത്തെഴുതുമ്പോൾ കൈവിറയ്ക്കുന്നുണ്ടായിരുന്നു.

ഉച്ചകഴിഞ്ഞ് ശ്രീ.പി. ഗോപാലൻ, എം. എൽ. എയും കൂട്ടരും വന്നു. കോഴിക്കോട്ടുനിന്നും ചില കോൺഗ്രസ് നേതാക്കളുമുണ്ടായിരുന്നു. നേരത്തെ നിർദ്ദേശം കൊടുത്തിരുന്നതിനാൽ അസുഖകരമായ സംഭവമൊന്നുമുണ്ടായില്ല.

കുറെ നേരത്തെ മൗനത്തിനുശേഷം, " നമുക്കിത് അവസാനിപ്പിക്കേണ്ടേ," ആരാണിതു പറഞ്ഞതെന്നനിക്കിപ്പോൾ ഓർമ്മയില്ല.

"സന്തോഷമേയുള്ളൂ" ഒറ്റവാക്കിൽ ഞാൻ മറുപടി പറഞ്ഞു.

"എന്നാൽ നമുക്ക് അവസാനിപ്പിക്കാം," ശ്രീ ഗോപാലാനാണത് പറഞ്ഞത്.

"എങ്ങനെ," എന്നു ചോദിക്കാതിരിക്കാനെനിക്കു കഴിഞ്ഞില്ല. ചുറ്റും നിന്നിരുന്ന പ്രവർത്തകർ അമർഷം കൊള്ളുന്നുണ്ടായിരുന്നു. കർഷകപ്രശ്നങ്ങളെപ്പറ്റി യാതൊരു നിർദ്ദേശവും അവർക്കുണ്ടായിരുന്നില്ല.

"ഉപവാസം കോൺഗ്രസ്സിനെ നശിപ്പിക്കും," വളരെ വികാരഭരിതനായിട്ടാണ് ശ്രീ ഗോപാലൻ പറഞ്ഞത്.

ഞങ്ങൾ വളരെ നേരത്തെ പറഞ്ഞിരുന്ന കാര്യങ്ങൾ കുറെ വൈകിയവേളയിലെങ്കിലും അവർ മനസ്സിലാക്കിയല്ലോ. 'കാക്ക കണ്ടറിയും കൊക്ക് കൊണ്ടറിയും' എന്ന ഞങ്ങളുടെ നാട്ടിലെ ചൊല്ലാണ് എന്റെ ഓർമ്മയിൽ വന്നത്.

കോൺഗ്രസ്സിനു പരാജയമുണ്ടാകണമെന്നെനിക്കാഗ്രഹമില്ലെന്നും അതേ അവസരത്തിൽത്തന്നെ കർഷക താല്പര്യം അപകടത്തിലാക്കാൻ ഞാൻ അനുവദിക്കുകയില്ലെന്നും അവരോടു പറഞ്ഞു. വ്യക്തിപരമായ എന്റെ അവശതയിൽ സഹതാപം പ്രകടിപ്പിച്ചുകൊണ്ട് എന്നെ സ്വാധീനപ്പെടുത്താനുള്ള ശ്രമവും അവർ നടത്തി. ക്ഷീണംകൊണ്ടു ഇടയ്ക്കിടെ ഉപ്പുവെള്ളം കുടിച്ചുകൊണ്ടാണ് ഞാൻ സംസാരിച്ചിരുന്നത്. എന്നെ കൂടുതൽ സംസാരിപ്പിക്കുന്നതിൽ അലക്സ് എതിർപ്പു പ്രകടിപ്പിച്ചു.

സർക്കാരിനു യാതൊരു പ്രയാസമില്ലാത്തതും കർഷകന്റെ അവകാശങ്ങളെ സംരക്ഷിക്കാൻ പര്യാപ്തമായതമായ മാർഗ്ഗം ഞാനവർക്കു പറഞ്ഞുകൊടുത്തു. അങ്ങനെ ചെയ്താൽ കർഷകരുടെ പിന്തുണ ജനാധിപത്യചേരിക്കു ലഭിക്കുകയും ചെയ്യും. ശ്രീ, ഗോപാലനൊഴികെ മറ്റെല്ലാവർക്കും അതിൽ സന്തോഷം തോന്നി.

"ഉടനടി അതു സാധിക്കാവുന്നതാണ്. തിരുവനന്തപുരത്തേക്ക് ഒന്നു ഫോണിൽ സംസാരിക്കേണ്ട താമസമേയുള്ളൂ. എത്ര എളുപ്പത്തിൽ നമുക്കതവസാനിപ്പിക്കാം," കോഴിക്കോട്ടുനിന്നു വന്നവർ ആഹ്ലാദം പ്രകടിപ്പിച്ചു. ഞങ്ങളുടെ സംഭാഷണ വിവരം ഞാനുടനെ തൃശൂർക്കറിയിക്കാമെന്നും തിരുവനന്തപുരത്തുനിന്നും അനുകൂലമായ മറുപടിയാണു കിട്ടുന്നതെങ്കിൽ,



malankaralibrary.com



എന്നെ അറിയിക്കുന്നതിനു മുമ്പുതന്നെ ആ വിവരം തൃശൂർക്ക് അറിയിക്കണമെന്നും ഞാനവരോടു പറഞ്ഞു.

അവർ വളരെ സന്തോഷത്തോടെയാണു പോയത്. ആ സാധു മനുഷ്യർ ഈ കർഷകപ്രശ്നത്തിന്റെ പിന്നിൽ കിടന്നിരുന്ന ദുർഗ്ഗന്ധം വമിക്കുന്ന ദുരുദ്ദേശങ്ങളറിഞ്ഞിരുന്നില്ല രാത്രി തന്നെ മടങ്ങിവരുമെന്നും അവർ പറഞ്ഞിരുന്നു. വന്നില്ലെങ്കിൽ രാവിലെയെങ്കിലും വിവരമറിയിക്കണേ എന്നു ഞാനും പറഞ്ഞു.പിന്നീടവർ വന്നില്ല.

# XVII

# കോൺഗ്രസ് ഗൂണ്ടായിസത്തിലേക്ക് നീങ്ങുന്നു

സമരരംഗത്ത് സംഘർഷാവസ്ഥയുണ്ടാക്കാനും സമരക്കർ അക്രമം തുടങ്ങുന്നെന്ന് പ്രചരണം നടത്താനുംവേണ്ടി കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും വളരെ പണിപ്പെടുന്നുണ്ടായിരുന്നു. സന്നദ്ധഭടന്മാരുടെ സമചിത്തതകൊണ്ട്, എല്ലാം അവർ ക്ഷമിച്ചും സഹിച്ചും മുമ്പോട്ടു പോയി. വടക്കനച്ചനെ വ്യക്തിപരമായി ആക്ഷേപിച്ചു സംസാരിച്ചു. ഞങ്ങളത് ക്ഷമിച്ചു.

മരണവക്ത്രത്തിലെത്തിയ സത്യാഗ്രഹികൾ ആഹാരം കഴിച്ചുകൊണ്ടാണ് കിടക്കുന്നതെന്ന് മന്ത്രിവരെ പരസ്യമായി പറഞ്ഞു. വേദനയോടെ ഞങ്ങളതും സഹിച്ചു പ്രകടനങ്ങൾ പോകുമ്പോൾ കൂട്ടംകൂട്ടമായി നിന്നു അസഭ്യങ്ങൾ വിളിച്ചു പറഞ്ഞു. ഇത്രയുമായിട്ടും സംഘർഷമുണ്ടാക്കാൻ കഴിയാതെ കോൺഗ്രസ് നേതൃത്വത്തിനു നിരാശപ്പെടേണ്ടി വന്നു. സംഘടിതമായ രീതിയിലായിരുന്നു ഇത്തരം നടപടികൾ തുടർന്നു കൊണ്ടിരുന്നത്.

പേരാവൂരിൽ കോൺഗ്രസ് പ്രചാരണയോഗത്തിന് ഒരു മന്ത്രി വരുന്നുണ്ടെന്നുകേട്ട് കൃഷിക്കാർ അവിടെ ഒരു പ്രകടനം നടത്തി. പ്രകടനക്കാർ യോഗസ്ഥലത്തിനടുത്തുകൂടി (മെയിൻ റോഡ്) കടന്നുപോകവേ ഒരു കെ.പി.സി.സി. മെമ്പർ ജാഥയ്ക്കു തടസ്സമുണ്ടാക്കാനായി റോഡിൽവന്നു കുറുകെ കമഴ്ന്നു കിടന്നു. അയ്യായിരത്തോളം വരുന്ന ജാഥാ ആ മനുഷ്യനെ കടന്നുപോയാൽ അയാളുടെ അവസ്ഥ എന്തായിരിക്കും.

അയാളുടെ ജീവൻ രക്ഷിക്കാൻവേണ്ടി ഞങ്ങളുടെ ചില പ്രവർത്തകർ, അയാളുടെ ചുറ്റിലും കിടന്നു. അങ്ങനെ ജാഥ കുറേനേരം അവിടെ നില്കേണ്ടിവന്നു. കോൺഗ്രസ് പൊതുയോഗത്തിനു തടസ്സമുണ്ടാവാതിരിക്കാൻ വേണ്ടി യോഗസ്ഥലത്തുവന്നപ്പോൾ മുദ്രാവാക്യംപോലും നിറുത്തി കടന്നുപോയിരുന്ന ജാഥയെ ഒരു കെ.പി.സി.സി. മെമ്പർ പിക്കറ്റുചെയ്തു അവിടെ നിറുത്തി.



malankaralibrary.com

അയ്യായിരത്തോളമാളുകൾ പന്തം കൊളുത്തി പ്രകടനം നടത്തുമ്പോൾ, അവരെ (പ്രകടനക്കാരെ) പിക്കറ്റുചെയ്യുന്ന രംഗം സമാധാനപരമായി കൈകാര്യം ചെയ്യണമെങ്കിൽ പ്രവർത്തകർ എന്തുമാത്രം സാഹസപ്പെട്ടിരിക്കണം. യാതൊരു സംഘട്ടനവുമുണ്ടാകാതെ ക്ഷമയോടുകൂടി പ്രകടനക്കാർ മടങ്ങിപ്പോന്നു. യോഗസ്ഥലത്ത് അഞ്ഞൂറ് ആളുകൾപോലുമുണ്ടായിരുന്നില്ലെന്നാണറിഞ്ഞത്. പക്ഷേ അടുത്തദിവസത്തെ പത്രങ്ങളിൽവന്ന വാർത്ത വളരെ രസാവഹമായിരുന്നു. "വെല്ലിംഗ്ടന്റെ അലങ്കരിച്ച ഒരു ചിത്രവും വഹിച്ചുകൊണ്ടുവന്ന അക്രമാസക്തമായ ഒരു ജനക്കൂട്ടം കോൺഗ്രസ്സു പ്രചാരണമഹായോഗം അലങ്കോലപ്പെടുത്തി...." കോൺഗ്രസ്കാരുടെ അന്നത്തെ പ്രചാരണവും യഥാർത്ഥ്യവും തമ്മിലുള്ള ബന്ധം!!

## അതിരമ്പുഴയിൽ ഭീകരമർദ്ദനം

പേരാവൂരിൽ സംഘർഷാവസ്ഥ സൃഷ്ടിക്കാൻ കഴിഞ്ഞതല്ലാതെ കൃഷിക്കാരെ മർദ്ദിക്കാനവർക്ക് കഴിഞ്ഞിരുന്നില്ല. പക്ഷേ, അതിരമ്പുഴയിൽ സംഭവിച്ചതതല്ലായിരുന്നു. മാന്നാനത്ത് ശ്രീ.പി.ടി. ചാക്കോ വരുന്നുണ്ടെന്നുകേട്ടു സ്ഥാനത്തും അസ്ഥാനത്തും വടക്കനെച്ചനെ ആക്ഷേപിച്ചും കർഷകസമരത്തെ പരാജയപ്പെടുത്താനുള്ള ഉപായങ്ങൾ ആസൂത്രണം ചെയ്തും നടക്കുകയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ വകുപ്പിലില്ലാത്ത കാര്യത്തിൽ ഇത്ര താല്പര്യം കാണിച്ച് അദ്ദേഹം കൃഷിക്കാരെ എതിർത്തതിനാലാണ് ജനങ്ങൾക്ക് അദ്ദേഹത്തോട് അമർഷം മൂത്തത്. അദ്ദേഹത്തിന് എവിടെച്ചെന്നാലും കരിങ്കൊടി കാട്ടുക സാധാരണ സംഭവമായി. ചങ്ങനാശ്ശേരിയിൽ, അദ്ദേഹം പ്രസംഗിച്ചിരുന്ന ഒരു യോഗത്തിൽ, പ്രസംഗമണ്ഡപത്തിനു നേരെ മുകളിൽപ്പോലും വലിയ കറുത്ത കൊടികൾ പാറിപ്പറന്നിരുന്നല്ലോ.

അങ്ങനെയുള്ള ആ കർഷകവിരോധിയായ മന്ത്രി മാന്നാനത്തു വരുന്നുണ്ടെന്നറിഞ്ഞ് കുറെ കർഷകവോളണ്ടിയർമാർ കരിങ്കൊടിയുമായി റോഡരുകിലെത്തി. സമ്മേളനസ്ഥലത്തു പോലും അവർ പോയില്ല. റോഡിൽ നിന്നിരുന്ന അവരെ കോൺഗ്രസ്സിന്റെ ഗുണ്ടകളാണെന്ന് പറയപ്പെടുന്ന കുറെ ആളുകൾ മൃഗീയമായി മർദ്ദിക്കുകയുണ്ടായി. അതിനും പുറമെ, പോലീസ് കർഷകയൂണിയൻ പ്രവർത്തകരെ അറസ്റ്റ് ചെയ്യുകും ഗുണ്ടകളെ ചൂണ്ടിക്കാണിച്ചപ്പോൾ അവർക്കു വേണ്ട സംരക്ഷണം കൊടുക്കുകയും ചെയ്തുവെന്നാണിറഞ്ഞത്. ജനാധിപത്യത്തിന്റെ പോക്ക്.

പിന്നീടാണ് ഞങ്ങളറിഞ്ഞത്, കോൺഗ്രസ് സംഘടതിമായി ആസൂത്രണം ചെയ്ത പരിപാടിയുടെ ഭാഗങ്ങളായിരുന്നു അതെല്ലാമെന്ന്. തുടർന്നുള്ള ദിവസങ്ങളിൽ കോൺഗ്രസ് ഗുണ്ടകൾ നാടിന്റെ നാനാഭാഗത്തും അവരുടെ തേർവാഴ്ച നടത്തുകയായിരുന്നു. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പോലീസ് അവരെ സഹായിക്കയും!



malankaralibrary.com



# XVIII

## ആത്മപരിശോധന

തിരഞ്ഞെടുപ്പ് അടുത്തുവരുന്തോറും, ശാരീരികമായ വേദനയേക്കാൾ മാനസികമായ വേദനയ്ക്ക് വ്യഗ്രതകൂടിവന്നു. പലപ്പോഴും ഉള്ളിൽ ഉഗ്രസംഘട്ടനം തന്നെ നടക്കുന്നുണ്ടായിരുന്നു. വളരെ കൊല്ലങ്ങളായി കോൺഗ്രസ്സിനു മാത്രം വോട്ടുചെയ്തു ശീലിച്ചിട്ടുള്ള എന്നെപ്പോലെയുള്ളവർക്ക് കോൺഗ്രസ്സിനുണ്ടാകുന്ന പരാജയം കാണുമ്പോൾ വേദനതോന്നുക സ്വാഭാവികമാണ്. കോൺഗ്രസ്സിനുണ്ടാകുന്ന പരാജയത്തിന് പരോക്ഷമായിട്ടാണെങ്കിലും ഞാനും കാരണക്കാരനാണല്ലോ എന്നോർത്തപ്പോൾ മനപ്രയാസം കൂടുകയാണുണ്ടായത്.

കൊട്ടിയൂർ ഉൾപ്പെടെയുള്ള തലശ്ശേരി നിയോജകമണ്ഡലത്തിൽ പരാജയപ്പെടാൻ പോകുന്ന കോൺഗ്രസ് സ്ഥാനാർത്ഥി എന്റെ ഒരു സുഹൃത്തും കൂടിയായിരുന്നു. തലശ്ശേരി നിയോജകമണ്ഡലത്തിൽ പതിനായിരക്കണക്കിനു കൃഷിക്കരുണ്ട്. കർഷകസമരം നടക്കുന്നതിനാൽ, തിരഞ്ഞെടുപ്പുകാര്യത്തിൽ അവർ അത്ര താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല.

ഈ നിലവാരം മനസ്സിലാക്കിയ ചില കോൺഗ്രസ് സുഹൃത്തുക്കൾ കോൺഗ്രസ്സിന്റെ പരാജയത്തിൽ അവർക്കുള്ള വേദനയെപ്പറ്റി എന്നോടു പറഞ്ഞു. കോൺഗ്രസ്സിന് അനുകൂലമായ രീതിയിൽ ഞാനെന്തിങ്കിലും ചെയ്യണമെന്നു പറയാനുള്ള ധൈര്യമവർക്കില്ലായിരുന്നു. അവർ വ്യക്തമായി പറഞ്ഞില്ലെങ്കിലും, അവരുടെ ഇംഗിതം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു; ഞാൻ ആ വൈകിയവേളയിൽ, എല്ലാവരും കോൺഗ്രസ്സിനെ ജയിപ്പിക്കണമെന്ന് ഒരു പ്രസ്താവനയെങ്കിലും ചെയ്താൽ , ആ നിയോജക മണ്ഡലത്തെ സംബന്ധിച്ചിടത്തോളം വിജയം തീർച്ചയാണ് എന്ന്.

ഞാനറിയാതെ തന്നെ ഒരാത്മപരിശോധന നടന്നു. കോൺഗ്രസ്സിന്റെ പരാജയത്തോടൊപ്പം, കമ്മ്യൂണിസ്റ്റിനു വിജയമുണ്ടാവുമെന്നറിഞ്ഞിട്ടും ഞങ്ങളുടെ ചിന്താഗതിക്കെന്തുകൊണ്ടു മാറ്റം വന്നില്ല?. ഞങ്ങളിൽ ആരുടെയെങ്കിലും വ്യക്തിപരമായ പ്രശ്നങ്ങൾ വല്ലതുമാണോ ഈ 'വിദ്വേഷ'ത്തിനു കാരണമായതെന്നു ചികഞ്ഞുനോക്കി. അങ്ങനെ യാതൊന്നുമുണ്ടായിരുന്നില്ല. ഞങ്ങളുടെ ബദ്ധശത്രുക്കൾപോലും അത്തരത്തിലുള്ള ആരോപണമുന്നയിച്ചിരുന്നില്ല.

മാനസികാമയ വേദനയ്ക്ക് തെല്ലാശ്വാസമായി പൊതുവായ പ്രശ്നത്തിന്റെ പേരിലായാലും ഞങ്ങളുടെ സമീപനത്തിൽ, പ്രശ്നം കൈകാര്യം ചെയ്ത രീതിയിൽ, വല്ലതെറ്റുമുണ്ടോ എന്നും പരിശോധിക്കുകയുണ്ടായി. മറ്റുള്ളവരെ കുറ്റം പറയുന്നതിനു മുമ്പ്, നമ്മുടെ തെറ്റാവണമല്ലോ നാം കണ്ടുപിടിക്കേണ്ടത്. നമ്മുടെ തെറ്റു തിരുത്താൻ നാം തയ്യാറായില്ലെങ്കിൽ, മറ്റു



malankaralibrary.com

ള്ളവരുടെ തെറ്റുകളെപ്പറ്റി കുറ്റംപറയാനും, അതു തിരുത്തണമെന്ന് ആവശ്യപ്പെടാനും നമുക്കെന്തധികാരമാണുള്ളത്.?

ശാരീരികമായി ഞാൻ വളരെ ക്ഷീണിച്ചിരുന്ന അവസ്ഥയിലാണ് ഉള്ളിൽ ഉഗ്രമായ സംഘട്ടനം നടന്നു കൊണ്ടിരുന്നത്. പതിവിലേറെ ഉപ്പുവെള്ളം ഞാൻ കുടിച്ചു കൊണ്ടിരുന്നു. ശരീരത്തിൽ ചൂട് ക്രമാതീതമായി വർദ്ധിച്ചു നാഡീമിടിപ്പ് കൂടി വന്നു. ചിന്തയുടെ പരമ്യതിയൽ ഞാനെന്റെ ശാരീരിക നില മറന്നുപോയി. ചുണ്ടു വരണ്ടുതുടങ്ങുമ്പോൾ, ഞാനറിയാതെ തന്നെ വായ് തുറക്കുമായിരുന്നെന്നും, സമീപത്ത് തന്നെയിരിക്കുന്ന അനുജൻ അലക്സോ, കൊച്ചേട്ടനോ, ആരെങ്കിലും സ്പൂൺകൊണ്ട് ഉപ്പുവെള്ളം ഒഴിച്ചു തന്നിരുന്നെന്നുമാണ് പിന്നീടു പറഞ്ഞത്.

1961 ആഗസ്റ്റു മാസം ഒമ്പതാം തീയതി കൊട്ടിയൂർ നിന്നും കർഷക ജാഥ തിരിച്ചു , തിരുവനന്തപുരത്തേക്ക് . കർഷകർ മന്ത്രിമന്ദിരങ്ങളിലും ബന്ധപ്പെട്ട മറ്റു കേന്ദ്രങ്ങളിലും, മാറാതെ കാവൽ കിടന്നിട്ടും യാതൊരു ഫലവും കിട്ടാഞ്ഞിട്ടാണ് ഒടുവിൽ ജാഥയായിപ്പോയി നിവേദനം കൊടുക്കാമെന്നു കരുതിയത്. നാല്പത്തിആറുദിവസം നിരന്തരം നടന്ന് അഞ്ഞൂറോളം നാഴിക പിന്നിട്ടുചെന്ന ഞങ്ങളുടെ പക്കൽ നിന്നും മെമ്മോറാണ്ഡം വാങ്ങി, ഒരാശ്വാസവചനം പോലും പറയാൻ മുഖ്യമന്ത്രി കൂട്ടാക്കിയില്ല. വേഴാമ്പൽ വെള്ളത്തിനു കാത്തിരിക്കുന്നതുപോലെ ഞങ്ങൾ കാത്തിരുന്നു.

## സ. ഏ.കെ. ജി യുമായുള്ള ചർച്ച

കമ്യൂണിസ്റ്റുകാരുടെ നേതൃത്ത്വത്തിലുള്ള കർഷകസംഘം സമരം പ്രഖ്യാപിച്ചു. ആ വിവരം ഞങ്ങളെ അറിയിക്കുകയും ചെയ്തു. ഒരുദിവസം സമരത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന് വടക്കനച്ചനെക്കാണണമെന്ന് സ. എ. കെ.ഗോപാലൻ അറിയിച്ചു അങ്ങനെ, അദ്ദേഹം തൊഴിലാളി ആഫീസിൽ വന്നു. ഒരു രാത്രിയിലായിരുന്നുന്നെന്നാണെന്റെ ഓർമ്മ. വളരെ നേരം കർഷകപ്രശ്നം ചർച്ചചെയ്തു.

കർഷകസമരം കക്ഷിരാഷ്ട്രീയത്തിനതീതമായി തന്നെ കൈകാര്യം ചെയ്യണമെന്ന് വടക്കനച്ചൻ ഖണ്ഡിതമായിപ്പറഞ്ഞു. കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്ത്വത്തിലുള്ള സമരമാണെങ്കിൽ ഞങ്ങളതിൽ സഹകരിക്കില്ലെന്നും അച്ചൻ വ്യക്തമായിപ്പറഞ്ഞിരുന്നു. ഞങ്ങളുടെ അഭിപ്രായം ഏറ്റവും യുക്തമായിട്ടുള്ളതാണെന്നും, അത്തരത്തിൽ തന്നെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ വ്യക്തിപരമായുള്ള അദ്ദേഹത്തിന്റെ കഴിവുകൾ പരമാവധി വിനിയോഗിക്കാമെന്നും പറഞ്ഞാണ് സ. ഏ . കെ . ജി. പിരിഞ്ഞത്.

സംയുക്തസമരം കൊണ്ട് കമ്മ്യൂണിസ്റ്റുപാർട്ടിക്കു സംഘടനാപരമായി ലാഭം കിട്ടുകയില്ലെന്നു മനസ്സിലായതിനാൽ സ. എ. കെ. ജി. യെപ്പോലുള്ളവരുടെ അഭിപ്രായത്തെ അവഗണിച്ച്, അവർ തന്നെ സമരം പ്രഖ്യാപിച്ചു



malankaralibrary.com



എന്നാണ് പിന്നീട് ഞങ്ങൾക്കറിയാൻ കഴിഞ്ഞത്. വിഭാഗീയമായി നടത്തപ്പെടുന്ന സമരത്തിനുണ്ടാകാവുന്ന പരാജയമോർത്തു വേദനിക്കുന്ന മനസ്സുമായി ഞങ്ങൾ മൗനം ഭജിച്ചു. കുറെ ആളുകൾ അറസ്റ്റു ചെയ്യപ്പെട്ടു. മലയോര കർഷകരുടെ പ്രശ്നം ഒന്നും തീരുമാനിക്കാതെ തന്നെ അവർ സമരം പിൻവലിക്കുകയും ചെയ്തു. തിരഞ്ഞെടുപ്പായിരുന്നു കമ്മ്യൂണിസ്റ്റുകാർക്ക് കർഷക പ്രശ്നത്തേക്കാൾ വലുത്.

# XIX
# കോൺഗ്രസ് പരാജയപ്പെട്ടാൽ

ഈ പരിതസ്ഥിതിയിലാണ് ഞങ്ങൾ സമരം തുടങ്ങിയത്. സമരത്തിന്റെ രണ്ടാംഘട്ടം, ഉപവാസമായി. തിരഞ്ഞെടുപ്പിലുണ്ടാകാവുന്ന പരാജയമൊഴിവാക്കാനെങ്കിലും കർഷക പ്രശ്നം പരിഹരിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. ഈ പരിതസ്ഥിതിയിൽ, തിരഞ്ഞെടുപ്പുകാലത്തുപോലും കർഷക ലക്ഷങ്ങളെ അവഹേളിക്കുന്ന നടപടി തുടർന്നുകൊണ്ടിരിക്കവേ കോൺഗ്രസ് വിജയിച്ചാൽ കർഷകന്റെ ഭാവി എന്തായിരിക്കും?

വിമോചനസമരത്തിനുശേഷം ഐക്യകക്ഷി ജയിച്ചതിന്റെ പേരിൽ 2,200 വീടുകൾ കത്തിച്ചവർ, പാർലമെന്റു തിരഞ്ഞെടുപ്പിൽ ലീഗിനെ മാറ്റി നിറുത്തി നടത്തുന്ന തിരഞ്ഞെടുപ്പിൽ വിജയിച്ചാൽ, 20,000 വീടുകൾ കത്തിക്കില്ലെന്നാരു കണ്ടു?

കോൺഗ്രസ്സിന്റെ പരാജയം, കമ്മ്യൂണിസത്തിന്റെ വിജയമാവില്ലേ? ചിന്ത ആ വഴിക്കു തിരിഞ്ഞു. കേരളത്തിലെ ചില മണ്ഡലങ്ങളിൽ അങ്ങനെ സംഭവിച്ചെന്നുവരാം. അങ്ങനെയുള്ള വിജയം ഇന്ത്യയുടെ ഭരണമണ്ഡലത്തിൽ യാതോരു വ്യതിയാനവും വരുത്തുകയില്ലെന്നു അറിയാമായിരുന്നു. പാർലമെന്റിലേക്ക് കമ്മ്യൂണിസ്റ്റുകാർ നിർത്തിയിട്ടുള്ളവർ എല്ലാം ജയിച്ചാൽപോലും ഭരിക്കാനുള്ള എണ്ണം അവർക്കു തികയുകയില്ലായിരുന്നു. ആ നിലയിൽ, കേരളത്തിലെ ഏതാനും മണ്ഡലങ്ങളിലുണ്ടാകാവുന്ന പരാജയം രാഷ്ട്രീയനിലയെ യാതൊരുതരത്തിലും ബാധിക്കുകയില്ലെന്നു ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

അതിനും പുറമെ, കോൺഗ്രസിന്റെ വഴിപിഴച്ച പോക്കു മൂലം ജനാധിപത്യത്തിനുണ്ടാകാവുന്ന ഭയങ്കരമായ അപകടത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാനും ഒരുപക്ഷേ താൽക്കാലികമായി ഉണ്ടാകുന്ന പരാജയം പ്രയോജനപ്പെടുമെന്ന് പലരും അഭിപ്രായപ്പെട്ടിരുന്നു.

കർഷക പ്രശ്നത്തിലെന്നപോലെതന്നെ രാഷ്ട്രീയരംഗത്തും കോൺഗ്രസിന്റെ തലപ്പത്തിരുന്ന് നേതാക്കളുടെ ചിന്താശൂന്യമായ നടപടികൾ അപകടം സൃഷ്ടിച്ചിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും


malankaralibrary.com

വലിയ സംഘടന എന്ന നിലയിലേക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി വളർന്നു കഴി ഞ്ഞിരുന്ന നിലക്ക് എന്തെല്ലാം വിട്ടുവീഴ്ചകൾ ചെയ്താലും വേണ്ടില്ല, ജനാ ധിപത്യ ചിന്തകരെല്ലാം ഒന്നിച്ചു നിൽക്കേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത താണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ, നിഴൽയുദ്ധം നടത്തി മുസ്ലീം ലീഗിനെ പിണക്കി ഓടിച്ചു.

കേരളത്തിലെ വേറൊരു പ്രബലന്യൂനപക്ഷമായ ലത്തീൻ കത്തോ ലിക്കരെ ക്ഷണിച്ചുവരുത്തി കളിയാക്കി വിട്ടു. വിമോചന സമരത്തിൽ വീര ചരമമടഞ്ഞ ഫ്ളോറിയുടെ സമുദായം " ഉമിത്തീ"പോലെ നീറിക്കൊണ്ടിരി ക്കുകയായിരുന്നു. അതിനുംപുറമെ, കോൺഗ്രസ്സിനുവേണ്ടി എന്തു ത്യാഗ ത്തിനും തയ്യാറുള്ള കത്തോലിക്കാ സമുദായത്തിലെ അഭിവന്ദ്യതിരുമേനിമാർ എല്ലാവരും കൂടെ പുറപ്പെടുവിച്ച ഇടയലേഖനത്തെ അവഹേളിച്ചു സംസാരി ക്കുന്നത് കോൺഗ്രസ് നേതാക്കളുടെ ഒരു പരിപാടിയുമായിരുന്നു.

ഈ പരിതസ്ഥിതിയിൽ, കോൺഗ്രസ്സിനു വമ്പിച്ച വിജയം കൈവരുത്തുക എന്നുവച്ചാൽ, നേതാക്കളുടെ വഴിപിഴച്ച പോക്കു ശരിയാണെന്നംഗീകരിക്കലാ വും. അത്, ആ വഴിക്കുള്ള അവരുടെ പോക്കിന് കൂടുതൽ പ്രേരണയും ശക്തിയും നൽകും. ജനാധിപത്യത്തിന്റെ അന്തിമമായ വിനാശമായിരിക്കും ഫലം. അത്ത രത്തിലുള്ള അപകടമൊഴിവാക്കണമെങ്കിൽ, ആസൂത്രിതമായ രീതിയിൽ, ഒരു പരിധിവരെ കോൺഗ്രസ് പരാജയപ്പെടേണ്ടത് ആവശ്യമായിരുന്നു.

ഈ നിഗമനത്തിലായപ്പോൾ, എനിക്കാശ്വാസമായി. ചോലമരം കണ്ട പാന്ഥനെപ്പോലെ ആ ചിന്തയുടെ തണലിൽ ഞാൻ കിടന്നു മയങ്ങി. വിശ പ്പിന്റെ കടന്നാക്രമണത്താൽ രാത്രി സമയങ്ങളിൽപ്പോലും ഉറങ്ങാതിരുന്ന എന്നെ മയക്കത്തിൽനിന്നും വിളിച്ചുണർത്താൻ ആരും ഇഷ്ടപ്പെട്ടില്ല.



എസ്.കെ. പൊറ്റക്കാട്

ഞാൻ കണ്ണു തുറന്നപ്പോൾ, കയ്യിൽ ഒരു പൂമാല യുമായി നില്ക്കുന്ന ശ്രീ പൊറ്റെക്കാട്ടിനെയാണ് കണ്ട ത്. അദ്ദേഹവും സ്നേഹിതന്മാരും വന്നിട്ടു കുറെ നേര മായെന്നും, എന്റെ ക്ഷീണിച്ച നില കണ്ടതിനാൽ വിളി ച്ചുണർത്താനവർ അനുവദിച്ചില്ലെന്നും മറ്റും അനുജൻ പറഞ്ഞു. കുശലപ്രശ്നങ്ങൾക്കുശേഷം അവർ പോകാ നൊരുങ്ങിയപ്പോൾ "ആശയപരമായി, നിങ്ങളുടെ പരാ ജയമാണ് ഞാൻ ആഗ്രഹിക്കുന്നതെങ്കിലും, ഇത്തവണ നിങ്ങൾ ജയിക്കും; എന്റെ അനുമോദനങ്ങൾ," എന്ന് ഞാനറിയാതെ പറഞ്ഞുപോയി.



malankaralibrary.com



# XX

# ഉപവാസവും ആത്മഹത്യയും

അത്യുഗ്രമായ മാനസികവേദനയും പതിവിലേറെയുള്ള സംസാരവും എന്നെ കൂടുതൽ ക്ഷീണിതനാക്കിയിരുന്നു. ഞാനെത്രതന്നെ മറയ്ക്കാൻ ശ്രമിച്ചിട്ടും, അതു മുഖത്തു പ്രകടമാകാതിരുന്നില്ല. ചിറയത്തച്ചനും കൃഷ്ണൻകുട്ടിയും വക്കച്ചനും ജോബും ഏലിയാസുവൈദ്യരും ജോർജ്ജുകുട്ടിയും മറ്റും ശോകമൂകരായി കാണപ്പെട്ടു. ശരീരത്തിൽ തോന്നിത്തുടങ്ങിയ തളർച്ച ക്രമേണ വളർന്നു ഒരു പരിഭ്രമമായി. കൈകളിലും കാലുകളിലും തണുപ്പു കയറിവരുന്നതായി തോന്നിയതല്ലാതെ മറ്റൊന്നും ഞാനറിഞ്ഞിരുന്നില്ല.

ഗദ്ഗദത്തോടിടകലർന്ന പ്രാർത്ഥന കേട്ടിട്ടാണ് ഞാൻ കണ്ണുതുറന്നത്. രണ്ടുമൂന്നാളുകൾ തവിടു ചൂടാക്കിയതു എന്റെ കാലുകളിലും കൈകളിലും നെഞ്ചത്തും മാറിമാറിവെയ്ക്കുന്നുണ്ടായിരുന്നു. കട്ടിലിൽ തലചേർത്ത് കുനിഞ്ഞിരുന്ന് ഏങ്ങിയേങ്ങി വിങ്ങിപ്പൊട്ടുന്ന അനുജനും, നിറഞ്ഞ കണ്ണുകളുമായി നില്ക്കുന്ന സഹപ്രവർത്തകരും.......

ഭീകരമായിരുന്നു ആ രംഗം. ചുറ്റുപാടുകളിൽനിന്നും ഞാനെന്റെ നില മനസ്സിലാക്കി. 'ഏതാനും മണിക്കൂറുകൾക്കകം മരിക്കും' എന്നു ഒരു ഡോക്ടർ വിധിച്ചു ഒരു രോഗിയെ സന്ദർശിച്ചു മടങ്ങുന്ന ബന്ധുജനങ്ങളുടേതുപോലെയായിരുന്നു പർണ്ണശാലയിൽ നിന്നിരുന്നവരുടെ മുഖഭാവം.

എന്റെ ശരീരമാകെ തണുത്തിരുന്നെന്നും ഞാൻ അരമണിക്കൂറിലേറെ അബോധാവസ്ഥയിലായിരുന്നെന്നും മറ്റും അവർ പറഞ്ഞാണ് ഞാനറിഞ്ഞത്. തണുപ്പു ബാധിക്കുന്നതു രണ്ടാമത്തെ പ്രാവശ്യമാണ്.ബോധക്കേട് ആദ്യത്തേതും.

അവസാനമായി ചെയ്തുതീർക്കേണ്ട കാര്യങ്ങൾക്കുള്ള സമയമായി എന്നെനിക്കു തോന്നി. ഒരു കത്തോലിക്കനായ എനിക്ക്, മതപരമായ ചില ചടങ്ങുകൾ അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. പല "പുരോഗമന"ക്കാർക്കും ഈശ്വരചിന്തയും മതവിശ്വാസവും " പഴഞ്ചൻ സമ്പ്രദായങ്ങൾ" ആണെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം, അത്രത്തോളം പുരോഗമനാത്മകവും അത്യന്താപേക്ഷിതവുമായി മറ്റൊന്നുള്ളതായി എനിക്കു തോന്നിയിട്ടില്ല.

പൊതുരംഗത്തെ പല അഗ്നിപരീക്ഷണങ്ങളേയും ധീരതയോടെ നേരിടാനുള്ള ശക്തി എനിക്കു കിട്ടിയിട്ടുള്ളത് ഈശ്വരചിന്തയിൽ നിന്നാണ്. പല പ്രകോപനങ്ങളിലും പെട്ടുപോകാതിരിക്കാനെനിക്കു കഴിഞ്ഞിട്ടുള്ളതും ഈശ്വരവിശ്വാസം മൂലമാണ്. അനീതിക്കെതിരായ പോരാട്ടത്തിലും നീതിക്കുവേണ്ടിയുള്ള ദുർഘടപ്രയാണത്തിലും ഈശ്വരചിന്തയാണെന്നെ നേരെ നിറുത്തിയിട്ടുള്ളത്. പല പ്രതിസന്ധിഘട്ടങ്ങളിലും വഴികാണാതെ തപ്പിത്തിരഞ്ഞിട്ടുള്ളപ്പോൾ, ആ 'അനന്തമായ പ്രകാശം' എന്നെ നേരെ നയി



malankaralibrary.com

ച്ചിട്ടുണ്ട്. ശവക്കല്ലറയ്ക്കപ്പുറത്ത് ഒരു ജീവിതമുണ്ടെന്ന വിശ്വാസമില്ലെങ്കിൽ, ഈ ലോകത്തെ സുഖസൗകര്യങ്ങൾ മറ്റുള്ളവർക്കുവേണ്ടി ഉപേക്ഷിക്കാൻ നമുക്കെങ്ങനെ കഴിയും?

## പാപസങ്കീർത്തനം

പാപസങ്കീർത്തനത്തിനുള്ള ആശ ഞാൻ പ്രകടിപ്പിച്ചു. ഒരു കത്തോലിക്കാ മതവിശ്വാസി, അവൻ ചെയ്തുപോയ തെറ്റുകളെപ്പറ്റി ചിന്തിച്ച്, പശ്ചാത്തപിച്ച്, മേലാൽ അത് ആവർത്തിക്കയില്ലെന്ന ദൃഢപ്രതിജ്ഞയോടുകൂടി ദൈവത്തിന്റെ പ്രതിപുരുഷനോട് ഏറ്റുപറയുന്ന ഒരു കർമ്മമാണത്. അതിന്റെ താത്വീകമായ വശത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ ഞാനൊരുങ്ങുന്നില്ല. പക്ഷേ, അതിൽനിന്നുളവാകുന്ന ആശ്വാസവും ആനന്ദാനുഭൂതിയും വർണ്ണനാതീതമാണ്.

എനിക്കു തീരെ പരിചയമില്ലാത്ത ഒരു വൈദികനായിരുന്നു. അദ്ദേഹം എന്റടുത്തിരുന്ന വളരെ സൗമ്യനായി ഓരോ കാര്യങ്ങളെപ്പറ്റിയും സംസാരിക്കാൻ തുടങ്ങി. അക്ഷമനായി ഞാൻ 'എനിക്കു കുമ്പസ്സാരിക്കണ'മെന്നു പറഞ്ഞു.

ഒരു നിരാഹാരസത്യാഗ്രഹി ഉപവസിച്ചുതന്നെ മരിക്കുകയാണെങ്കിൽ, അത് ആത്മഹത്യയാകില്ലേയെന്ന് അദ്ദേഹത്തിന്റെ ഒരു സംശയം ആത്മഹത്യയാണെങ്കിൽ, കുമ്പസാരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നദ്ദേഹം പറഞ്ഞു. ആ ദുർഘടസന്ധിയിൽ എന്നെ ആശ്വസിപ്പിക്കേണ്ടതിനു പകരം വേദനാജനകമായ കാര്യങ്ങളെക്കുറിച്ചു പറയേണ്ടിവന്നതിൽ അദ്ദേഹം വളരെ പ്രയാസപ്പെടുന്നുണ്ടായിരുന്നു. ഒടുവിൽ പാപസങ്കീർത്തനം നടത്താതെതന്നെ അദ്ദേഹം മടങ്ങി.

## ആത്മഹത്യയാണോ?

ഉപവാസത്തിൽ മരിച്ചാൽ ആത്മഹത്യയാവുമോ? ഞാൻ ചിന്താക്കുഴപ്പത്തിലായി. അടുത്തുള്ളവരോടുപോലും ചോദിക്കാൻ പറ്റിയ വിഷയമായിരുന്നില്ല. എന്റെ ഭീരുത്വംകൊണ്ടാണെന്നു പലരും തെറ്റിദ്ധരിക്കും. സർവ്വസ്വവും നഷ്ടപ്പെട്ടാലുംവേണ്ടില്ല, എന്റെ നിരാഹാരം അവസാനിപ്പിക്കണമെന്നു പറഞ്ഞു എന്നെ നിർബന്ധിക്കാറുള്ളവരോട് ഞാൻ ചഞ്ചലമാനസനാണെന്നും പറയാമോ?

ഈശ്വരനിൽത്തന്നെ ഞാൻ ശരണംപ്രാപിച്ചു. ഞാനങ്ങനെ പ്രാർത്ഥനാനിരതനായിരിക്കുവേ, ഒരു നദീതിരത്തു നില്ക്കുന്നതുപോലെ തോന്നി എനിക്ക്. പെട്ടെന്നൊരു ദീനരോദനം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ, നദിയുടെ നടുക്ക് ഒരു വഞ്ചി മുങ്ങുന്നതും അതിലുള്ളവർ വെള്ളത്തിൽ കിടന്നു നിലവിളിക്കുന്നതുമാണ് ഞാൻ കണ്ടത്. ഞാനധികം ആലോചിച്ചുനന്നില്ല. വെള്ളത്തിൽ ചാടി വഞ്ചി മുങ്ങിയ സ്ഥലത്തേക്ക് നീന്തി!!! അതോടെ



malankaralibrary.com



ഞാൻ ചിന്തയിൽ നിന്നും ഉണർന്നു എന്റെ ചിന്താകുഴപ്പം തീർന്നതായി തോന്നി.

അപകടത്തിൽ നിന്നു മറ്റുള്ളവരെ രക്ഷിക്കാനുള്ള സംരംഭത്തിൽ മരിക്കാനിടയായാൽ, അത് ആത്മഹത്യയാകുമോ? ഒരാളുടെ മരണം ആത്മഹത്യ ആകുണമെങ്കിൽ, സ്വയം മരിക്കണമെന്ന ചിന്തയോടുകൂടി ജീവൻ അവസാനിപ്പിക്കുന്നതിനുവേണ്ടി അയാൾ പ്രവർത്തിക്കണം. അയാളുടെ പ്രവൃത്തിയുടെ ലക്ഷ്യം മരിക്കുക എന്നുള്ളതു മാത്രമാണെങ്കിലല്ലേ അത് ആത്മഹത്യയാവൂ.

ഈ മാനദണ്ഡം വച്ചുനോക്കുമ്പോൾ അപകടത്തിൽ നിന്നു മറ്റുള്ളവരെ രക്ഷിക്കാനുള്ള സംരംഭത്തിൽ അപകടത്തിൽപെട്ട് മരിക്കാനിടയായാൽ അത് ആത്മഹത്യയാവില്ലെന്ന് എനിക്കു തോന്നി.

അങ്ങനെയെങ്കിൽ, എന്റെ ഉപവാസവും അത്തരത്തിലുള്ളതാണല്ലോ. സർക്കാരിന്റെ വഴിപിഴച്ച നയം മൂലം അനേകായിരം കുടുംബങ്ങളെ വഴിയാധാരമാക്കുന്ന നടപടിയിൽ, അനേകമാളുകൾ മരിക്കാനിടയാകുന്ന രംഗം ഒഴിവാക്കാനണല്ലോ ഞങ്ങൾ ഉപവസിക്കുന്നത്. "അമരാവതി" സംഭവത്തിൽ അമ്പതിലേറെ ആളുകൾ തണുപ്പത്ത്, തണുത്തുവിറച്ചും പനിപിടിച്ചും മരിച്ചു. ആ നടപടി തന്നെ തുടരാനാഗ്രഹിക്കുന്ന സർക്കാരിനെ പിന്തിരിപ്പിച്ച് മരണവക്ത്രത്തിൽനിന്നും സാധു കൃഷിക്കാരെ രക്ഷിക്കാൻ മറ്റെല്ലാമാർഗ്ഗങ്ങളും പരാജയപ്പെട്ടു കണ്ടതിനാലാണ് ഞങ്ങൾ ഉപവാസം ആരംഭിച്ചത്. ഈ പരിതസ്ഥിതിയിൽ എന്റെ ഉപവാസം മൂലം ഞാൻ മരിക്കാനിടയായാൽ അത് ആത്മഹത്യയാവില്ലെന്ന് എന്റെ അന്തഃകരണം എന്നോടു പറയുന്നതായി എനിക്കു തോന്നി.

എന്റെ ഭാഗ്യമെന്നു പറയട്ടെ, എന്റെ പാപസങ്കീർത്തനത്തിനു സന്നദ്ധനായി ഒരു വൈദികൻ ഇതിനകം അവിടെ എത്തിക്കഴിഞ്ഞിരുന്നു. സന്തോഷത്തോടെ അദ്ദേഹം ആ കർമ്മം നടത്തി. ആനന്ദാനുഭൂതിയിൽ ആ രാത്രി ഞാൻ സുഖമായി ഉറങ്ങി.

മറ്റുള്ള സ്ഥലങ്ങളിലും നിരാഹാരരംഗം ചൂടുപിടിച്ചു കഴിഞ്ഞിരുന്നു. പെരുമനയും കുട്ടിശങ്കരൻനായരും അവശനിലയിലെത്തിയിരുന്നു. തൃശൂരിൽ ചുമ്മാരും സഹപ്രവർത്തകരും ക്ഷീണിതരായി കാണപ്പെട്ടു. ചാലക്കുടിയിൽ ലാസറിനും ക്ഷീണം ബാധിച്ചു തുടങ്ങിയിരുന്നു.

## മുഹമ്മദാലിയുടെ ഉപവാസം

വിദ്യാർത്ഥി നേതാവും ഇന്ത്യൻ ലേബർ പാർട്ടിയുടെ സംഘാടകനുമായ ശ്രീ പി.എം. മുഹമ്മദാലി കർഷകസമരത്തോടനുഭാവം രേഖപ്പെടുത്തുന്നതിനായി അനിശ്ചിതകാലത്തേക്ക് ഉപവാസം ആരംഭിച്ചു.

കൊടുങ്ങല്ലൂരിനടുത്ത് സ്വദേശമായ എറിയാട് എന്ന സ്ഥലത്ത് പ്രത്യേകം തയ്യാർചെയ്ത പന്തലിൽവച്ചു കൊച്ചിയിലെ പഴയ കർഷകപ്രസ്ഥാനത്തിന്റെ


malankaralibrary.com


പി.എം. മുഹമ്മദാലി

അനിഷേധ്യ നേതാക്കളിലൊരാളായ ശ്രീ. ചെറിയാൻ മാഞ്ഞൂരാൻ കൊടുത്ത നാരങ്ങനീരു കുടിച്ചുകൊണ്ടാണ് അദ്ദേഹം ഉപവാസം ആരംഭിച്ചത്. അന്ന് ശ്രീ മുഹമ്മദാലി, എറണാകുളത്തും ചാലക്കുടിയിലും തൃശ്ശൂരിലും ഉപവാസ മനുഷ്ഠിക്കുന്നവരെ സന്ദർശിക്കുകയുണ്ടായി.

## അമ്പലവയലിൽ

മറ്റൊരു പ്രശ്നപ്രദേശമായ, വയനാട്ടിലുള്ള അമ്പ ലവയലിൽ ശ്രീ.പി. ജെ. ജോസഫ് അനിശ്ചിത കാല ത്തേക്ക് ഉപവാസം ആരംഭിച്ചു. ഉപവാസം ഉൽഘാടനം ചെയ്തുകൊണ്ട് സി.എച്ച്. ഭാസ്കരൻ ചെയ്ത വികാരഭരിതമായ പ്രസംഗത്തിൽ കർഷകപ്ര ശ്നത്തിന്റെ നാനാവശങ്ങളെപ്പറ്റിയും വിശദീകരിച്ചിരുന്നു.

# XXI

# ദിവ്യമായ ആനന്ദാനുഭൂതി

പന്ത്രണ്ടാം ദിവസമായിരുന്നു അന്ന്. ഞാൻ അതിരാവിലെ ഉണർന്നു പരിശുദ്ധ കുർബാന കൈകൊള്ളുന്നതിനുള്ള ഒരുക്കത്തിലായി ഒരു ക്ലിപ്ത സമയം മുതലുള്ള ഉപവാസവും കറകളഞ്ഞ മനസ്സുമാണ് പരിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിനുണ്ടായിരിക്കേണ്ടത്. എന്നെ സംബന്ധിച്ചിട ത്തോളം ഞാൻ ഉപവാസത്തിൽ തന്നെയായിരുന്നല്ലോ. തലേദിവസത്തെ പാപസങ്കീർത്തനത്തോടെ എന്റെ ഒരുക്കങ്ങൾ പൂർത്തിയായി. പ്രാർത്ഥന യിലും ധ്യാനത്തിലും ബാക്കിസമയം ചെലവഴിച്ചു.

അകലെയുള്ള പള്ളിയിൽനിന്നുവേണം വിശുദ്ധ കുർബ്ബാനയുമായി വൈദികൻ വരാൻ. കത്തിച്ച മെഴുകുതിരികളുടെ അകമ്പടിയോടുകൂടി ബ. ജേക്കബ് ആയന്തി അച്ചൻ പരിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചുകൊണ്ടുവ ന്നു. നാനാജാതി മതസ്ഥരും ആചാരപൂർവ്വം വഴിയുടെ രണ്ടുവശത്തും മുട്ടു മടക്കിനിന്നു. വിശുദ്ധ കുർബ്ബാനയുമായി അച്ചൻ പർണ്ണശാലയിൽ പ്രവേ ശിച്ചതോടെ അവിടം തികച്ചും ഒരു കത്തോലിക്കാ അന്തരീക്ഷമായി മാറി.

അതിനു മുമ്പുവരെ എല്ലാതരത്തിലുള്ള പ്രാർത്ഥനകളും അവിടെ നടക്കുന്നുണ്ടായിരുന്നു. കുറച്ചുസമയത്തേക്ക് അങ്ങനെ ക്രമീകരണം ചെയ്യു ന്നതിൽ മറ്റു മതസ്ഥർക്കും സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. എറണാകു ളത്ത് ഹൈന്ദവരീതിയിലുള്ള ചടങ്ങുകൾ നിർവ്വഹിക്കുന്നതിൽ അവിടെയു ണ്ടായിരുന്ന മറ്റാളുകൾക്കും സന്തോഷമായിരുന്നു. യഥാർത്ഥ ഈശ്വരഭക്ത ന്മാർക്കും വിശ്വാസികൾക്കും വിവിധരീതിയിലുള്ള ഈശ്വരാരാധന ക്രമ ങ്ങളോട് അപ്രിയം തോന്നാറില്ല.



malankaralibrary.com



ആ സന്ദർഭത്തിനനുസരണമായ ഗാനങ്ങൾ ആലപിക്കപ്പെട്ടു. വെറൊരു വശത്ത് കൂട്ടപ്രാർത്ഥനയും നടക്കുന്നുണ്ടായിരുന്നു. തികച്ചും ഭക്തിനിർഭരമായ ഒരന്തരീക്ഷത്തിൽ എന്റെ അവസാനത്തേതെന്നു അപ്പോൾ ഞാൻ കരുതിയിരുന്ന വിശുദ്ധ കുർബ്ബാന സ്വീകരണം നടന്നു. ഒരു പ്രത്യേക പ്രക്രിയയാൽ മനുഷ്യന് ഈശ്വരനെ സ്വീകരിക്കാൻ കഴിയുന്ന അസുലഭമായ അവസരം.

അനന്തമായ ആഴിപ്പരപ്പു മുഴുവനും കൈക്കുമ്പിളിലൊതുക്കുന്നതിനേക്കാൾ എത്രയോ എളുപ്പമാണ് സ്വയം ആഴിയിൽ നിമഗ്നനാകുക!! ഞാനും അതുതന്നെ ചെയ്തു ഒന്നരമണിക്കൂറോളം എന്റെ ശരീരം ചലനമറ്റു കിടന്നരുന്നെന്നാണ് അവർ പറഞ്ഞത്. നിർവൃതി എന്ന വാക്ക് പലപ്പോഴും കേട്ടിട്ടുണ്ട്. ചിലപ്പോഴൊക്കെ ഞാനും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ, അത് എനിക്കനുഭവിക്കാൻ കഴിഞ്ഞത് അന്നുമാത്രമായിരുന്നു. ഭൗതീകമായ യാതൊന്നിനും അത്തരത്തിലുള്ള ഒരാനന്ദാനുഭൂതി പ്രദാനം ചെയ്യാൻ സാദ്ധ്യമല്ല തന്നെ.

എന്റെ ചലനമറ്റ കുടപ്പുകണ്ട് പ്രവർത്തകർ അന്ധാളിച്ചു. കത്തിച്ചുവെച്ച മെഴുകുതിരികളും കുരിശുരൂപവും വൈദികന്റെ സാന്നിദ്ധ്യവും സ്ത്രീകളുടെ ദീനരോദനം കലർന്ന കൂട്ടപ്രാർത്ഥനയും പ്രജ്ഞയറ്റ നിലയിലുള്ള എന്റെ സ്ഥിതിയും ഒത്തുചേർന്ന് ശോകമയമായ ഒരു രംഗം സൃഷ്ടിച്ചു ഇതൊന്നുമറിയാതെ ആനന്ദത്തിന്റെ പാരമ്യതയിൽ ഞാനും.

അന്ന് ആ പ്രദേശത്തെല്ലാം ഹർത്താലാചരിക്കുകയായിരുന്നു. പള്ളികളിലും അമ്പലങ്ങളിലും മോസ്ക്കുകളിലും ഉപവസിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ബലിയും നടത്തപ്പെട്ടു. ദേവാലയങ്ങളിൽനിന്നും മടങ്ങിവന്നിരുന്നവർ അവരവരുടെ ആചാരക്രമമനുസരിച്ചുള്ള അവസാനനിമിഷത്തിലെ പ്രാർത്ഥനകളിൽ വ്യാപൃതരായി.

"ഈശോ, മറിയമേ, ഔസേപ്പേ, ഈ ആത്മാവിനു കൂട്ടായിരിക്കേണമേ" എന്ന പ്രാർത്ഥന എന്റെ കാതുകളിൽ മാറ്റൊലിക്കൊള്ളുന്നുണ്ടായിരുന്നു. രാത്രികാലങ്ങളിൽ ഏകാഗ്രമായിരുന്നു നാം വല്ലതും വായിക്കുകയോ, എഴുതുകയോ ചെയ്യുമ്പോൾ, വിദൂരതയിൽനിന്നുമെത്തുന്ന റേഡിയോ ഗാനവീചിപോലെ.

ഞാൻ വിദൂരത്തിൽക്കണ്ടിരുന്ന അന്തിമനിമിഷങ്ങൾ അടുത്തെത്തിയതായിത്തോന്നി. പെട്ടെന്നൊരു വേദന. "മമ്മായെയും, തങ്കമ്മയെയും ഒന്നു കാണാൻപോലും കഴിഞ്ഞില്ലല്ലോ. എന്റെ മരണവാർത്ത അറിയുമ്പോൾ അവരെന്തുമാത്രം വേദനിക്കും. അവർക്കുവേണ്ടി ഒരു കത്തുപോലും എഴുതാൻ കഴിയാഞ്ഞതിൽ അതിയായ ഖേദം തോന്നി.

പലതരം ചിന്തകൾ തലയിൽ തീ പാറിക്കുന്ന നിമിഷങ്ങളാണ് ഒരു മനുഷ്യജീവിതത്തിന്റെ അവസാനഘട്ടം. ജീവിതകാലത്ത് ചെയ്തുപോയിട്ടുള്ള സകല തെറ്റുകളും ഒന്നിച്ചുകൂടി ഭീകരാകാരം പൂണ്ടുനില്ക്കുന്നതായിത്തോന്നി. അതിനെല്ലാം പരിഹാരം ചെയ്യാനുള്ള സമയം ഇനി കിട്ടി



malankaralibrary.com

ല്ലല്ലോ എന്നോർത്തുള്ള വേദനയും ഇടയ്ക്കിടെ കേൾക്കുന്ന പ്രാർത്ഥന മാത്രമാണ് ആശ്വാസപ്രദമായിട്ടുള്ളത്. പല മരണരംഗങ്ങളിലും അത്യാസന്നനായിക്കിടക്കുന്ന ആളിന്റെ സമീപമിരുന്ന് മന്ത്രിക്കും പോലെ പ്രാർത്ഥനാ ഉറക്കെ ഉരുവിടുന്നതുകണ്ട് ഞാൻ അസുഖം പ്രകടിപ്പിച്ചിട്ടുണ്ട്. അന്നൊന്നും അതിന്റെ ആവശ്യകത എനിക്കു മനസ്സിലായിരുന്നില്ല.

ഈ ലോകത്തുള്ള സകലതിനെയും പിരിയേണ്ടതിലുള്ള സങ്കടവും ചെയ്തുപോയ തെറ്റുകൾ തിരുത്താനോ, പരിഹാരം ചെയ്യാനോ സാധിക്കാത്തതിലുള്ള വേദനയും ഒക്കെക്കൂട്ടി ഇട്ടു വട്ടംകറക്കുമ്പോൾ, ഉയർന്നു കേൾക്കുന്ന പ്രാർത്ഥന മാത്രമേ ആശ്വാസപ്രദമായിത്തോന്നൂ.

കർഡിനൽ ന്യൂമാന്റെ "സാന്ത്വനപ്രകാശമേ, എന്നെ നേരെ നയിച്ചാലും.... എന്ന പ്രാർത്ഥന ആരെങ്കിലും ഉറക്കെ പറഞ്ഞുതന്നിരുന്നെങ്കിൽ എന്നു ഞാനാശിച്ചു. പക്ഷേ, പറയാനെനിക്കു ശക്തിയുണ്ടായിരുന്നില്ല. നാം കൂടുതൽ ഇഷ്ടപ്പെടുന്ന പ്രാർത്ഥനകളാണ് അപ്പോൾ ആവശ്യമായിട്ടുള്ളത്. " ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ" എന്ന ശ്രേഷ്ഠമായ പ്രാർത്ഥന എന്റെ അടുത്തുതന്നെയിരുന്ന് ഉറക്കെ ഉരുവിടുന്നുണ്ടായിരുന്നു. ആ പ്രാർത്ഥനയിൽ മുഴുകാൻ കഴിഞ്ഞതോടെ മനോവ്യഥയ്ക്കു തെല്ലാശ്വാസമായി. ഒരു ദുർഘടഘട്ടം തരണം ചെയ്തതുപോലെ തോന്നി. വിദൂരമായ ലക്ഷ്യസ്ഥാനത്തെത്താനുള്ള തിടുക്കമായി എനിക്ക്, എങ്ങോ ഉള്ള ലക്ഷ്യസ്ഥാനത്തെത്താൻ ആത്മാവ് വെമ്പൽകൊണ്ടു തുടങ്ങി. പക്ഷേ, ശരീരം ഒരു തടസ്സമായിത്തോന്നി. പ്രാർത്ഥനാവീചികളിൽ വിലയം പ്രാപിച്ച്, എന്റെ ആത്മാവ് ശൂന്യതയിലൂടെ വളരെ ദൂരം സഞ്ചരിച്ചു ഞാനങ്ങനെ സഞ്ചരിക്കുന്നതും തിരിച്ചുവരുന്നതുമൊന്നും അവിടെയുള്ളവരറിഞ്ഞിരുന്നില്ല.

സാധാരണ ഞാൻ മയങ്ങിക്കിടക്കുമ്പോഴും ഉപ്പുവെള്ളം സ്പൂൺ കോണ്ട് കുറെശ്ശെയായി വായിൽ ഒഴിച്ചുതരാറുണ്ട് ഞാനത് ഇറക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇപ്രാവശ്യം സ്പൂൺകൊണ്ട് വായിലൊഴിച്ചുതന്ന ഉപ്പുവെള്ളം ഇറങ്ങുന്നില്ലെന്നു വന്നപ്പോൾ പ്രവർത്തകർ ആകെക്കുഴങ്ങി പല പല പ്രശ്നങ്ങളിലൂടെയും അവരുമായി ഒന്നായിക്കഴിഞ്ഞ ഒരു മനുഷ്യൻ ഒരു പൊതുപ്രശ്നത്തിനുവേണ്ടി ഉപവസിക്കവേ, അന്ത്യശ്വാസം വലിക്കുന്നതു നോക്കി നിൽക്കേണ്ടിവരുന്നവർ പൊട്ടിക്കരഞ്ഞു പോകുക സ്വാഭാവികമാണ്. പർണ്ണശാല കരച്ചിലിന്റെ കേന്ദ്രമായി മാറി. ജോർജ്ജുകുട്ടിയും ജോബും കൃഷ്ണൻകുട്ടിയും മറ്റും ആ രംഗം നോക്കിനില്ക്കാൻ കെല്പില്ലാതെ പുറത്തുപോയിരുന്നു കരഞ്ഞിരുന്നെന്നാണ് പറഞ്ഞുകേട്ടത്........

## യാഗവേദിയിൽ - ദീപികയും മുഖപ്രസംഗം

കോട്ടയത്തുനിന്നു പുറപ്പെടുന്ന "ദീപിക" ഫെബ്രുവരി 23-ാം തീയതിയിലെ ലക്കത്തിൽ ഇങ്ങനെയൊരു മുഖപ്രസംഗം *എഴുതിയിരുന്നു:

"കേരളത്തിലെ കർഷകജനതയെ കമ്യൂണിസ്റ്റ് കെണിയിൽനിന്ന്



malankaralibrary.com



വിടർത്തിയെടുത്ത നിസ്വാർത്ഥരും ധീരോദാത്തരുമായ മലനാടു കർഷകയൂണിയൻ നേതാക്കൾ, ജനങ്ങളുടെയും ഗവണ്മെന്റിന്റെയും നീതിയേയും കരണയേയും പ്രതീക്ഷിച്ചു നിരാഹാരയജ്ഞം നടത്തിക്കൊണ്ടിരിക്കുന്നു. ജനാധിപത്യ കക്ഷികളെ അധികാരത്തിലേറ്റാൻ പണിയെടുത്തിട്ടുള്ള ആ ജന നേതാക്കളുടെ വിലയേറിയ ജീവൻ ആശങ്കാജനകമായ നിലയിലേക്കു നീങ്ങുന്നു എന്ന വാർത്ത എല്ലാ നല്ല ആളുകളേയും വേദനിപ്പിക്കുന്ന ഒന്നാണ്.

മലനാടുകർഷകർക്ക് രാഷ്ട്രീയാധികാരമോഹമില്ല അവരുടെ രാഷ്ട്രീയം മണ്ണും വിയർപ്പും മാത്രമാണ്. കേരളത്തിന്റെ നട്ടെല്ലായ അവർ ജനകീയ സർക്കാരിന്റെ മുൻപിൽ മൗലികമായ നീതിക്കുവേണ്ടി കൈക്കുമ്പിൾ നീട്ടി. എന്നാൽ ഗവണ്മെന്റിന്റെ കാരുണ്യത്തിന്റെ കവാടം അവരുടെ മുമ്പിൽ ധാർഷ്ട്യപൂർവ്വം അടയ്ക്കപ്പെടുകയാണുണ്ടായത്.

ജനാധിപത്യത്തിന്റെ ബദ്ധവിരോധികളും കർഷകരുമായി പുലബന്ധം പോലുമില്ലാത്തവരുമായ കമ്യൂണിസ്റ്റുകളുടെ നേതാവു കർഷകരെച്ചൊല്ലി മുതലക്കണ്ണീർ തൂവി സത്യാഗ്രഹമിരുന്നപ്പോൾ അവരുടെ പക്കൽ ഓടിയെത്തിയ ഗവണ്മെന്റ് സാക്ഷാൽ കർഷകരുടെ ദീനരോദനം കേട്ടിട്ടും കേൾക്കാത്ത ഭാവം നടിക്കുന്നതു സാധാരണക്കാർക്കു പിടികിട്ടാത്ത ഒരു വിരോധാഭാസമായി പരിണമിച്ചിരിക്കുന്നു.

കർഷകർക്കുവേണ്ടി ജീവാർപ്പണം ചെയ്തിരിക്കുന്ന നേതാക്കളുടെ ജീവനെ പന്താടിയാൽ അതിന്റെ ഭവിഷ്യത്തുകൾ അത്ര ആശാവഹങ്ങളായിരിക്കയില്ല. ഗവണ്മെന്റിന്റെ ഹൃദയശൂന്യത ജനങ്ങളിൽ ഊതിക്കത്തിച്ചിരിക്കുന്ന ധാർമ്മികരോഷാഗ്നി ആളിപ്പടരുന്നതിനുമുൻപ്, ജനങ്ങളുടെ വോട്ടുകൾക്കു വിലയുള്ള വിധിനിർണ്ണായകമായ ഈ സന്ധിയിലെങ്കിലും, ജനകീയഗവണ്മെന്റ് ജനങ്ങളുടെ പക്ഷത്താണെന്നു ബോദ്ധ്യപ്പെടുത്താൻ അമാന്തിക്കുകയില്ലെന്നുതന്നെ ഈ വൈകിയവേളയിലും ഞങ്ങൾ വിശ്വസിക്കുകയാണ്.

കേരളത്തിലെ കർഷകലക്ഷങ്ങൾക്കുവേണ്ടി നിരാഹാരവ്രതം അനുഷ്ഠിക്കുന്ന ധീരരായ നേതാക്കളുടെ യാഗവേദിയിൽ ഞങ്ങൾ പുഷ്പാഞ്ജലികൾ അർപ്പിച്ചുകൊള്ളട്ടെ."

# XXI1

# തിരഞ്ഞെടുപ്പു ദിനം

നമ്മുടെ നാട്ടിൽ തിരഞ്ഞെടുപ്പു നടന്നിട്ടുള്ള എല്ലാ അവസരങ്ങളിലും ഞാൻ അതിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. ജനാധിപത്യചേരിക്കുവേണ്ടിത്തന്നെയാണ് അന്നെല്ലാം പ്രവർത്തിച്ചുട്ടുള്ളത്. പതിവിന്ന് വിപരീതമായി ഇത്തവണ ഒഴിഞ്ഞുമാറി നിൽക്കേണ്ടിവന്നു. "ആടാൻ പഠിച്ച കാലും, പാടാൻ



malankaralibrary.com

പഠിച്ച നാവും വെറുതേയിരിക്കില്ല" എന്ന ചൊല്ല് ഓർമ്മവന്നു.

കർഷകപ്രശ്നം ഒത്തുതീർപ്പിലായി എന്നൊരു സംസാരം അവിടെയാകെപ്പരന്നിരുന്നു. കർഷകരംഗത്തെ പ്രധാന പ്രവർത്തകരാരും അതറിഞ്ഞിരുന്നില്ല. തിരഞ്ഞെടുപ്പുദിവസത്തിനുമുമ്പ് സമരം അവസാനിച്ചു കാണാൻ എല്ലാവർക്കും ആകാംക്ഷയുമുണ്ടായിരുന്നു. ആ പശ്ചാത്തലത്തിൽ, സമരം അവസാനിച്ചു എന്ന " കുശുകുശുപ്പ് പ്രചാരണം" ചിലരെ വഴിതെറ്റിച്ചു സന്തോഷത്തോടെ ചെന്ന് വോട്ടുരേഖപ്പെടുത്തിയശേഷം, ഉപവാസം അവസാനിപ്പിച്ച എന്നെക്കണ്ടു വിശദ വിവരമറിയാനായി പർണ്ണശാലയിൽ വന്നപ്പോഴാണ് ഒരാൾക്ക് പറ്റിയ അബദ്ധം മനസ്സിലായത്. ഉടനെതന്നെ പ്രവർത്തകർ യഥാർത്ഥനിലവാരം ആളുകളെ മനസ്സിലാക്കി.

മറ്റു പല സ്ഥലങ്ങളിലും ഇത്തരം ടെക്നിക്കുകൾക്കു കളമൊരുക്കുന്നത് നേരത്തെ മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ പ്രതിവിധിയും നിർദ്ദേശിച്ചിരുന്ന വിവരം ഞങ്ങളിറിഞ്ഞിരുന്നില്ല. തിരഞ്ഞെടുപ്പിൽ നിഷ്പക്ഷത പാലിക്കുകയാണെന്നു പറഞ്ഞു നിന്നിരുന്ന പലരേയും, കബളിപ്പിക്കുന്ന തരത്തിലുള്ള കോൺഗ്രസ് പ്രവർത്തകരുടെ കരു നീക്കങ്ങൾ, കമ്യൂണിസ്റ്റുകാർക്കനുകൂലമായ തരത്തിൽ രംഗത്തിറക്കി. അത് കമ്യൂണിസത്തോടുള്ള മമത കൊണ്ടായിരുന്നില്ല, നേരെമറിച്ച്, കോൺഗ്രസുപ്രവർത്തകരുടെ വക്രത വെളിവായപ്പോഴുള്ള വിദ്വേഷം കൊണ്ടായിരുന്നു.

തൊഴിലാളിപ്പത്രം കൊട്ടിയൂരിൽ കിട്ടുന്നത് ഉച്ചയ്ക്കാണ്. പത്രംവന്നു ശരിക്കുള്ള വിവരമറിയുന്നതിനായി എല്ലാവരും അവിടെത്തന്നെ കഴിച്ചുകൂട്ടി. സമരം അവസാനിപ്പിക്കാമെന്നു കരുതിയിരുന്നവർ നിരാശപ്പെടുകയാണുണ്ടായത്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഒരു സമീപനം പോലും നടത്തിയില്ല. കർഷക സമരം തിരഞ്ഞെടുപ്പിനെ ബാധിക്കുമെന്ന ഒരു ചിന്തപോലും ഭരണയന്ത്രം നയിക്കുന്നവർക്കില്ലെന്നു തോന്നി, രാജ്യമാസകലം പ്രക്ഷുബ്ധമായ ഒരു സമരരംഗമായി മാറിയിട്ടും, യാതൊരനിഷ്ടസംഭവവും കൂടാതെ തിരഞ്ഞെടുപ്പിനുള്ള സജ്ജീകരണങ്ങളെല്ലാം നടത്താൻ കഴിഞ്ഞതുകൊണ്ട് കർഷകർക്ക് ശക്തിയില്ല എന്ന് ബന്ധപ്പെട്ടവർ തെറ്റിദ്ധരിച്ചു.

പക്ഷേ, കർഷകരുടെ ബലഹീനതയോ, സർക്കാരിന്റെ ശക്തിയോ ആയിരുന്നില്ല ഇവിടുത്തെ പ്രധാന ഘടകം. അനിതരസാധാരണമായ സംഘടനാശേഷിയും ദീർഘവീക്ഷണ പാടവമുള്ള വടക്കനച്ചന്റെ സന്ദർഭോചിതമായ നിർദ്ദേശങ്ങളും ആഹ്വാനങ്ങളുമായിരുന്നു കർഷകരുടെ ചിന്തയെയും വികാരത്തെയും പ്രവർത്തനശേഷിയെയും നേർവഴിക്കു നയിച്ചത്. ലോകത്തിലൊരിടത്തും ഇത്രമാത്രം ചൂടുപിടിച്ച ഒരന്തരീക്ഷവും പ്രശ്നവും ഇതുപോലെ ശാന്തമായ രീതിയിൽ ആരും കൈകാര്യം ചെയ്തു കാണുകയില്ലെന്നാണെന്റെ വിശ്വാസം.

സ.എ.കെ. ഗോപാലൻ "അമരാവതി പ്രശ്ന" ത്തിന്റെ പേരിൽ ഉപ



malankaralibrary.com



വാസമാരംഭിച്ചു. 2,200 കുടുംബങ്ങളുടെ മാത്രം പ്രശ്നമായിരുന്നു അത്. അന്ന് തിരഞ്ഞെടുപ്പുകാലവുമൊന്നുമായിരുന്നില്ല. ആഭ്യന്തരമന്ത്രി ശ്രീ. ചാക്കോ കോട്ടയത്തു വന്നു മൂന്നു ദിവസം താമസിച്ചു. അതവസാനിപ്പിക്കാൻ വേണ്ടി. കമ്യൂണിസ്റ്റുകാരുടെ യോഗത്തിൽചെന്ന് സമാധാനമായിരിക്കണമെന്നും നാട്ടിൽ കുഴപ്പം സൃഷ്ടിക്കരുതെന്നും അദ്ദേഹം പ്രസംഗിച്ചു എന്നാണ് കേട്ടത്.

ഈ രണ്ടു സമരങ്ങളും, അതിന്റെ ഓരോന്നിന്റെയും പിന്നിലുള്ള പ്രശ്നങ്ങളുടെ ഉഗ്രതയും നാട്ടിലുടനീളം സൃഷ്ടിച്ച ചലനവും കേരളത്തിലെ എല്ലാവരും കണ്ടതാണ്. അന്നത്തെ പ്രശ്നം സർക്കാർ വനത്തെ മാത്രം ബാധിക്കുന്നതായിരുന്നു. ഇന്നത്തേതു സ്വകാര്യവ്യക്തികളെയും സ്ഥാപനങ്ങളെയും ബാധിക്കുന്നത് കൂടിയാണ്.

കർഷകരുടെ ആവശ്യം സാധിച്ചു കൊടുക്കുകയെന്നുവന്നാൽ, സമ്പന്നന്മാരുടെയും മേൽച്ചാർത്തുകാരുടെയും പക്കലുള്ള, അവിഹിതമായ മാർഗ്ഗങ്ങളിലൂടെ സംഭരിച്ചതും, ന്യായമായും നീതിയായും പെരുമാറുകയാണെങ്കിൽ, സാധുക്കൾക്കു കൊടുക്കേണ്ടതുമായ പലതും, സമ്പന്നവിഭാഗത്തിന് നഷ്ടമാകും. ആ ഒരു സാഹചര്യമുണ്ടാകാതിരിക്കാൻ 'മേലേക്കിട' യിലുള്ള അവർ ഭരണാധികാരികളെയും സംഘടനാ നേതൃത്വത്തെയും 'ചാക്കിലാക്കി'. സർക്കാർ വനത്തിന്റെ കാര്യത്തിൽ ബലമുള്ള 'ചാക്കു' മായി ആരും ചെല്ലാതിരുന്നതിനാൽ ആ പ്രശ്നം അന്ന് ഏറെക്കുറെ പരിഹരിച്ചു.

ഇത്തവണ സമ്പന്നവിഭാഗവും മേൽച്ചാർത്തുകാരും അധികാര ദുർമ്മോഹികളും കൂടി സൃഷ്ടിച്ച വലയത്തിലായിപ്പോയതിനാൽ രൂക്ഷമായ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പോലും അവർക്ക് കഴിഞ്ഞില്ല.

കൊട്ടിയൂരിൽ ഞാനും, അയ്യപ്പൻ കോവിലിൽ പെരുമനയും, ഏറണാകുളത്ത് കുട്ടിശങ്കരൻ നായരും, ചാലക്കുടിയിൽ ലാസറും, തൃശ്ശൂരിൽ ചുമ്മാർ, സ്റ്റീഫൻ, എൻ.സി. തോമസ്, വി.വി.ചാക്കുണ്ണി. കെ.വി. തോമസ് എന്നിവരും കൊടുങ്ങല്ലൂരിൽ പി.എം. മുഹമ്മദാലിയും, അമ്പലവയലിൽ പി. ജെ. ജോസഫും, ചെങ്ങമനാട് എം.പി. കൊച്ചു ദേവസ്സിയും, കൊടകരയിൽ ലോനപ്പനും സേവ്യറും, തലശ്ശേരിയിൽ സഖറിയാസു പുതനപ്പാറയും മറ്റനേകം സ്ഥലങ്ങളിൽ അനേകായിരങ്ങളും, ഉപവാസവും അനുഭാവഉപവാസങ്ങളും നടത്തിക്കൊണ്ടിരിക്കവേ, കേരളത്തിൽ വോട്ടിംഗ് ശാന്തമായി നടന്നു. പോളിംഗ് ശതമാനം വളരെക്കുറവായിരുന്നു.

കർഷകരെ പരാജയപ്പെടുത്താൻ കഴിഞ്ഞു എന്നൊരു ഭാവം കോൺഗ്രസ് പി. എസ്. പി. നേതൃത്വത്തിൽ കളിയാടി. കേരളത്തിലെ പതിനെട്ടു സീറ്റിൽ, തൃശ്ശൂരൊഴികെയുള്ളതെല്ലാം തങ്ങൾക്കു കിട്ടുമെന്നു കെ.പി. സി.സി പ്രസിഡണ്ട് ശ്രീ. സി.കെ. പറഞ്ഞതായി കേട്ടു. കർഷക പ്രവർത്തകർ നമ്രശിരസ്കരായും, ഭരണകക്ഷി പ്രവർത്തകർ ഉന്നത ശീർഷരായും കാണപ്പെട്ടു പ്രവർത്തകരിൽ വേദനയും നിരാശയും വിദ്വേഷവും ഉൽക്കണ്ഠയും തിങ്ങിനിന്നിരുന്നു.



malankaralibrary.com

പ്രവർത്തകരെ ആശ്വസിപ്പിച്ചും, പ്രശ്നങ്ങൾ വിശദീകരിച്ചും വെള്ളത്തിൽ മത്സ്യങ്ങളെപ്പോലെ ജനങ്ങൾക്കിടയിൽ നീങ്ങേണ്ട പ്രവർത്തകരായ ഞങ്ങൾ അവശരായ നിലയിലും നിമിഷങ്ങൾ തള്ളിനീക്കാൻ വളരെപ്പണിപ്പെടേണ്ടിവന്നു. "ചിറകറ്റ മിന്നാമിനുങ്ങുപോലെ" മാത്രമെ സമയം നീങ്ങിയുള്ളു. ഇരവും പകലും തമ്മിലുള്ള വ്യത്യാസംപോലും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. സന്ദർശകരുടെ തിരക്കിന്നു യാതൊരു കുറവുമുണ്ടായിരുന്നില്ല. അടുത്ത ദിവസത്തെ പത്രം വന്നതിൽനിന്നും ചില വിവരങ്ങൾ എന്നോടു പറഞ്ഞപ്പോഴാണ്, ഒരു ദിവസം കടന്നുപോയതു ഞാനറിഞ്ഞത്.

വൈകുന്നേരത്തുള്ള റേഡിയോ വാർത്ത കേൾക്കാൻ ആളുകൾ കൂടുതലുണ്ടായിരുന്നു. റേഡിയോ വാർത്ത കേൾക്കുന്നതിനു മുമ്പു 'രാത്രിയിൽ എന്നെ അറസ്റ്റു ചെയ്യും' എന്ന ഒരു സംസാരം ജനങ്ങൾക്കിടയിൽ പരന്നിരുന്നു. ഈ വിവരം പലരും വന്ന് എന്നോടു പറഞ്ഞു. എല്ലാം നിശ്ശബ്ദനായി കേട്ടുകൊണ്ടുകിടക്കാനല്ലാതെ ഒന്നും അവരോടു പറയാനെനിക്ക് കഴിഞ്ഞില്ല.

# XXIII

# അറസ്റ്റ് ചെയ്യാനുള്ള പ്ലാൻ

എന്നെ അറസ്റ്റ് ചെയ്യുമെന്ന് ആളുകൾ പറഞ്ഞതിൽ അസാധാരണമായി എന്തെങ്കിലുമുള്ളതായി അപ്പോഴെനിക്കു തോന്നിയില്ല. നിരാഹാരം അനുഷ്ഠിച്ചിട്ടുള്ളവരെ, അവർ ക്ഷീണിതരാകുന്ന അവസരങ്ങളിൽ അറസ്റ്റ് ചെയ്ത് ആശുപത്രിയിലേയ്ക്കു മാറ്റുക സാധാരണമാണ്. മറ്റുള്ളവരുടെ സമ്മർദ്ദത്തിനു വിധേയമായോ, ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയോ നിരാഹാരം ആരംഭിച്ചിട്ടുള്ളവർ, അറസ്റ്റ് ചെയ്യാൻ പോലീസു വരുന്നതും പ്രതീക്ഷിച്ചായിരിക്കും കിടക്കുന്നത്.

നേരേമറിച്ച്, അതിരൂക്ഷതരമായ സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിലുള്ള അപകടം കണ്ട്, ആന്തരികാപ്രേരണയിൽ സ്വയം ഉപവാസത്തിനു തയ്യാറാകുന്നവർക്ക് പോലീസിന്റെ വരവിലും അറസ്റ്റിലും വലിയ താല്പര്യം തോന്നാറില്ല. നേരേമറിച്ച് ജനങ്ങളുടെ ഇടയിൽത്തന്നെ കഴിയാനാണവർ ആഗ്രഹിക്കുന്നത്. രണ്ടാമതു പറഞ്ഞ തരത്തിലുള്ളവരായിരുന്നു കർഷകസമരത്തിൽ ഉപവസിച്ചിരുന്നത്. ഒരൊറ്റ ആളിനെപ്പോലും ഉപവസിക്കണമെന്ന് ആരും നിർബന്ധിക്കുകയുണ്ടായില്ല.

ഒരു സർക്കാർ ഓഫീസിന്റെ പ്രവർത്തനംപോലും തടസ്സപ്പെടുത്തേണ്ടെന്നു കരുതി, കർഷക കേന്ദ്രത്തിൽ ഉപവസിച്ചിരുന്ന എന്നെ, എന്തുവന്നാലും ശരി, കൊടുത്തയക്കില്ലെന്നുശഠിച്ചു വികാരഭരിതരായി നില്ക്കുന്ന ഒരു ജനക്കൂട്ടത്തിൽ നിന്നും അറസ്റ്റ് ചെയ്തു കൊണ്ടുപോകണമെന്നുള്ള



malankaralibrary.com



താണ് അവരുടെ ലക്ഷ്യമെങ്കിൽ, അതെന്തിനാണ് നേരത്തേ പ്രചരിപ്പിക്കുന്നത്? ആ കരുനീക്കങ്ങളുടെ പിന്നിലുള്ള ഗൂഢമായ ലക്ഷ്യങ്ങൾ, അനന്തര സംഭവങ്ങൾ കണ്ടപ്പോഴാണ് മനസ്സിലായത്. രാത്രിയിൽ എന്നെ അറസ്റ്റ് ചെയ്യാനാണുദ്ദേശിക്കുന്നതെങ്കിൽ, ആരെയും അറിയിക്കാതെ അതു നടത്തുകയാണ് കരണീയമായിട്ടുള്ളത്. നേരമേറിച്ച് കൂടുതൽ ആളുകൾ അറിയാനിടയായാൽ പ്രതിബന്ധമുണ്ടാകും. യാത്രാസൗകര്യംപോലും വിരളമായ കൊട്ടിയൂരിൽ വികാരഭരിതമായി ഓടിക്കൂടുന്ന ജനക്കൂട്ടത്തെ ബലം പ്രയോഗിച്ചു നിയന്ത്രിക്കാൻ പോലീസ് നിർബന്ധിതമായാലുണ്ടാകാവുന്ന പരിതസ്ഥിതി ആർക്കും ഊഹിക്കാവുന്നതാണ്.

സന്ധ്യയായതോടുകൂടി ഓരോ പ്രദേശത്തുനിന്നുംചെറു ചെറു ജാഥകളായി ആളുകൾ വന്നുചേർന്നുതുടങ്ങി. പലരും ഒരുവിധം സജ്ജീകരണങ്ങളോടുകൂടിത്തന്നെയായിരുന്നു വന്നിരുന്നതെന്ന് പോലീസുകാർ പിന്നീട് പറഞ്ഞു. സാധാരണ രീതിയിൽ അത്തരത്തിൽ ഒരു വാർത്ത പ്രചരിപ്പിച്ചതിനുശേഷം അറസ്റ്റുണ്ടാവില്ലെന്നാണ് ഞാൻ പ്രവർത്തകരോട് പറഞ്ഞത്. ആളുകളുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവന്നു. അന്നു രാത്രി പോലീസു വന്നാലുണ്ടാകാവുന്ന സംഭവവികാസങ്ങളെപ്പറ്റി ചിന്തിക്കാൻപോലും എനിക്ക് ശക്തിയുണ്ടായിരുന്നില്ല. എന്തും സംഭവിക്കാവുന്ന പരിതസ്ഥിതിയായിരിക്കും. സമചിത്തത വെടിയാതെ വളരെ തന്മയത്വത്തോടെ കൈകാര്യം ചെയ്യപ്പെടേണ്ട രംഗമാണ്. അതിനുള്ള ശേഷിയുമെനിക്കില്ലായിരുന്നു.

സന്ധ്യയ്ക്ക് റേഡിയോ വാർത്ത കേട്ടവർ പറഞ്ഞു തലശ്ശേരി നിയോജകമണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥി പരാജയപ്പെടുമെന്ന്. അന്ന് എണ്ണിയ നിയോജകമണ്ഡലങ്ങൾ കോൺഗ്രസിന് ഭൂരിപക്ഷമുള്ളവയായിരുന്നു. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പി.എസ്. പി. കോൺഗ്രസ്സിനെ എതിർക്കുകയായിരുന്നു. എന്നിട്ടുപോലും വമ്പിച്ച ഭൂരിപക്ഷത്തോടെ കോൺഗ്രസ് ജയിക്കുകയാണുണ്ടായത്. ഇത്തവണ പി.എസ്.പി. സഹായിച്ചിട്ടുപോലും എണ്ണിയ അസംബ്ലി നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ കോൺഗ്രസിന്റെ പരാജയം തീർച്ചപ്പെട്ടുകഴിഞ്ഞു. എന്നെ അറസ്റ്റ് ചെയ്യണമെന്ന ആജ്ഞ ബന്ധപ്പെട്ടവർക്കു നല്കിയത്, തലശ്ശേരിയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ പരാജയവിവരം അറിഞ്ഞതിനുശേഷമായിരുന്നു.

പ്രധാന ഉപവാസകേന്ദ്രങ്ങൾ കൊട്ടിയൂരിലും എറണാകുളത്തും അയ്യപ്പൻ കോവിലുമായിരുന്നല്ലോ! തലശ്ശേരി, എറണാകുളം, മൂവാറ്റുപുഴ എന്നീ പാർലമെന്റ് നിയോജകമണ്ഡലങ്ങളിൽ. അതിൽ എറണാകുളത്ത് ശ്രീ. എ.എം. തോമസും മൂവാറ്റുപുഴ ശ്രീ. കാപ്പനും വിജയിച്ചുനില്ക്കുകയാണ്. തലശ്ശേരിയിലെ പരാജയത്തിനു കാരണം കൊട്ടിയൂരിലെ കൃഷിക്കാരും എന്റെ ഉപവാസവുമാണെന്നവർ അനുമാനിച്ചിരിക്കാം. അതിൽനിന്നുണ്ടായ വൈര്യനിര്യാതേന തൃഷ്ണയിലായിരിക്കും മനഃപ്പൂർവ്വം സംഘർഷാവസ്ഥസൃഷ്ടിക്കാൻ വേണ്ടി കാലേക്കൂട്ടി പ്രചാരണം നടത്തിയതിനുശേഷം



malankaralibrary.com

അറസ്റ്റ് ചെയ്യാൻ പോലീസുകാരെ വിട്ടത്. വയർലസ് സെറ്റുൾപ്പെടെയുള്ള എല്ലാവിധ സജ്ജീകരണങ്ങളുമായിട്ടാണ് വമ്പിച്ച ഒരു പോലീസു സേന അവിടെ വന്നത്.

പാതിരകഴിഞ്ഞിരിക്കുമപ്പോൾ. വളരെ അധികം പെട്രോമാക്സ് വിളക്കുകളും അവിടെയെല്ലാം കത്തുന്നുണ്ടായിരുന്നു. വമ്പിച്ച ഒരു സമൂഹം പല സ്ഥലങ്ങളിലായി ഓരോ സംസാരത്തിലേർപ്പെട്ട് ഉറങ്ങാതെ, കള്ളനെപ്പിടിക്കാൻ കാത്തിരിക്കുന്നവരെപ്പോലെ അവിടെ കഴിച്ചുകൂട്ടി. പടിഞ്ഞാറു നിന്ന് ഒരുവാൻ വന്നു. പോലീസുവാൻ കണ്ടപ്പോൾ ആളുകൾ മുദ്രാവാക്യം വിളിച്ചു പലസ്ഥലങ്ങളിലും വിശ്രമിച്ചിരുന്നവരും ചാടിയെഴുന്നേറ്റു ഓടിക്കൂടി.

ഇതു കണ്ട് പോലീസുവാൻ അവിടെ നിറുത്താതെ കുറേക്കൂടെ കിഴക്കോട്ടുപോയി നിറുത്തി. ആയുധധാരികളായ പോലീസുകാർ അവിടെ ഇറങ്ങി സാവധാനം നടന്ന് ആളുകൾ കൂടിയിരുന്ന സ്ഥലത്തേക്കു വന്നു. അതേ അവസരത്തിൽ, അതുപോലെതന്നെ വേറെ ഒരു വാൻ കുറെ പടിഞ്ഞാറ് നിറുത്തി അതിലുള്ള പോലീസുകാരെ താഴെ ഇറക്കി. അവർ രംഗനിരീക്ഷണം നടത്തി കിഴക്കോട്ടും നീങ്ങി. രണ്ടു ഭാഗത്തുനിന്നുമുള്ള തോക്കുധാരികളായ പോലീസുകാർ ലക്ഷ്യസ്ഥാനത്തെത്താറായപ്പോൾ, ഉയർന്ന ഉദ്യോഗസ്ഥന്മാർ വേറെ ഒരു വാഹനത്തിൽ അവിടെ എത്തി.

മുദ്രാവാക്യം വിളി എട്ടുദിക്കും പൊട്ടുമാറു മുഴങ്ങി. അടുത്തുള്ള വീടുകളിൽ വിശ്രമിച്ചിരുന്നവർ കത്തിച്ച പന്തങ്ങളുമായി സംഭവസ്ഥലത്തേക്കോടുന്നുണ്ടായിരുന്നു.

വാഹനങ്ങളുടെ ശബ്ദവും ജനങ്ങളുടെ മുദ്രാവാക്യം വിളിയും കേട്ട് ഇതികർത്തവ്യതാമൂഢനായിക്കിടക്കാനല്ലാതെ എനിക്കൊന്നും കഴിഞ്ഞില്ല.

ഞാൻ അലക്സിനെ വിളിച്ച്, ആളുകളോട് ശാന്തമായിരിക്കാൻ പറയാനാവശ്യപ്പെട്ടു. അലക്സ് എത്രതന്നെ ശ്രമിച്ചിട്ടും ആളുകളെ ശാന്തരാക്കാൻ കഴിഞ്ഞില്ല.

അവിടെ വന്നിറങ്ങിയ പോലീസുദ്യോഗസ്ഥന്മാർ അമ്പരന്നുപോയി. ആ "വനത്തി" ന്റെ നടുക്ക് പാതിരയ്ക്കുശേഷം അത്ര വമ്പിച്ച ഒരു ജനക്കൂട്ടത്തെ ഒരിക്കലും അവർ പ്രതീക്ഷിച്ചില്ല. പോലീസിന്റെ സ്വതസ്സിദ്ധമായ രൂപത്തിൽ വണ്ടിയിൽനിന്നും ഇറങ്ങുന്ന വേളയിൽ ആരോ സംസാരിച്ചു. എന്നാൽ, രംഗം മനസ്സിലാക്കിയ ഡി.വൈ.എസ്.പി. അയാളെ തിരുത്തിയെന്നാണ് പിന്നീടറിഞ്ഞത്. ആ പരിതസ്ഥിതിയിൽ, ഒരു ബലപരീക്ഷണത്തിനു മുതിർന്നാൽ പരാജയപ്പെടുകയേ ഉള്ളൂ എന്നു മനസ്സിലായതോടെ അവർ അടവൊന്നു മാറ്റി.

അവിടെ എന്തോ ബഹളം നടക്കുന്നു എന്ന് വിവരം കിട്ടയതുകൊണ്ടാണ് തങ്ങൾ വന്നതെന്നും അങ്ങനെയൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ ഉടനെ തന്നെ മടങ്ങിപ്പോകുകയാണെന്നും തന്ത്രശാലികളായ അവർ ആളുകളോടു പറഞ്ഞു. തോക്കും ധരിച്ചു നില്ക്കുന്നവരെക്കൊണ്ടു വലിയ പ്രയോജനം ഉണ്ടാ



malankaralibrary.com



കില്ലെന്നു ബോദ്ധ്യം വന്നപ്പോൾ ജനങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി, അവരോട് (റിസർവ്വ് പോലീസിനോട്) ദൂരെ മാറി നില്ക്കാൻ ആജ്ഞാപിച്ചു.

ഉദ്യോഗസ്ഥന്മാർ പ്രധാന പ്രവർത്തകരെ തിരക്കിയതിന് "ഞങ്ങളെല്ലാം പ്രവർത്തകർ തന്നെ" യെന്നു പറഞ്ഞത് ഒരു മുദ്രാവാക്യം പോലെയായി.

മറ്റൊന്നിനുമല്ലെന്നും, അവിടംവരെ വന്ന സ്ഥിതിക്ക് സത്യാഗ്രഹിയെ ഒന്നു കാണുന്നതിനുള്ള സൗകര്യം ചെയ്തു തരാൻ വേണ്ടിയാണ് പ്രവർത്തകരെ അന്വേഷിക്കുന്നതെന്നും വിശദീകരിച്ചു തന്ത്രശാലികളായ ഉദ്യോഗസ്ഥന്മാർ.

പലതരത്തിലുള്ള വിമർശനങ്ങളും കൃഷിക്കാർ നടത്തുന്നുണ്ടായിരുന്നെന്നു പോലീസുകാർ പറഞ്ഞു. ചിലർ ആഭ്യന്തരമന്ത്രിയെ ശകാരിച്ചിരുന്നു. അദ്ദേഹവുമായി നേരിട്ടു പരിചയമുള്ളവരായിരുന്നു അവർ. മറ്റു ചിലർ മേൽചാർത്തു വാങ്ങിയ മന്നത്തെ വിമർശിച്ചിരുന്നു. വേറൊരു കൂട്ടർ പോലീസിനെയും.

# XXIV
# ആയുധധാരികളായ പോലീസ്

പോലീസുകാർ നാലഞ്ചായി തിരിഞ്ഞു ഓരോ സ്ഥലങ്ങളിൽ നിലയുറപ്പിച്ചു. സി.ഐ.ഡി. വിഭാഗത്തിലുള്ളവർ ആ സ്ഥലത്തെപ്പറ്റി വിശദമായ വിവരം നേരത്തെ നല്കിയിരുന്നതിനാൽ പോലീസുകാർ താവളമുറപ്പിച്ചത് മർമ്മപ്രധാനമായ കേന്ദ്രങ്ങളിലായിരുന്നു. അതു മനസ്സിലാക്കിയ കൃഷിക്കാരും ചെറിയ ചെറിയ ഗ്രൂപ്പുകളായി അവരുടെ ചുറ്റും കൂടി നയപരമായ രീതിയിൽ രണ്ടുകൂട്ടർക്കും അവരവരുടെ കാര്യം നോക്കുകയായിരുന്നു ഉദ്ദേശം. മേലുദ്യോഗസ്ഥന്റെ ആജ്ഞ കിട്ടിയാൽ ജനങ്ങളെ മർദ്ദിക്കാനുള്ള രംഗസംവിധാനമൊരുക്കുന്നതിൽ പോലീസുകാരും, അങ്ങനെ ഒരു പ്രതിസന്ധിയുണ്ടാകുന്നതിനുമുമ്പ് പോലീസുകാരെ നിയന്ത്രിക്കാനുള്ള പരിപാടി സജ്ജീകരിക്കുന്നതിൽ ജനങ്ങളും വ്യാപൃതരായിരുന്നു.

ഉഗ്രമായ കൊടുങ്കാറ്റിനുമുമ്പുള്ള ശാന്തമായ അന്തരീക്ഷം പോലെ അവിടം കാണപ്പെട്ടു. ജനങ്ങളാകമാനം, ചിട്ടയായും നിയന്ത്രണത്തിനു വിധേയരായും സമചിത്തത വെടിയാതെയുമാണ് പെരുമാറിയിരുന്നത്. പാതിരാവേളയിൽ, ഏറ്റവും പ്രകോപനപരമായ അന്തരീക്ഷത്തിൽപ്പോലും നിർദ്ദേശങ്ങൾ ശിരസ്സാ വഹിക്കുന്നവരായി കർഷകരെ വാർത്തെടുത്ത നേതൃത്വത്തെ പോലീസ് ഉദ്യോഗസ്ഥന്മാർ പ്രശംസിക്കുന്നത് എനിക്കു കേൾക്കാൻ കഴിഞ്ഞിരുന്നു. വെളിയിൽ നടക്കുന്ന സകല സംഭവവും അതേ നിമിഷം തന്നെ എന്റെ ചെവിയിൽ എത്തിക്കാൻ പ്രവർത്തകർ മറന്നിരുന്നില്ല.



malankaralibrary.com

ഉദ്യോഗസ്ഥന്മാർ എന്നെക്കാണാനാഗ്രഹിക്കുന്നെന്ന വിവരം, തന്ത്രപരമായി കുറെ താമസിച്ചതിനുശേഷമാണ് എന്നെ അറിയിച്ചത്. ഞാനവരോടു വരാൻ പറഞ്ഞു. ഞാൻ സകല ശക്തിയും കേന്ദ്രീകരിച്ച് അവരോടു സംസാരിക്കാൻ തയ്യാറായി. എത്ര തളർന്ന അവസരത്തിലും, ശ്വാസോച്ഛ്വാസം നിയന്ത്രിച്ചാൽ കുറച്ചു സംസാരിക്കാനുള്ള കഴിവുണ്ടാകുമെന്ന് സർദാർ ചന്ത്രോത്ത് കുഞ്ഞുരാമൻനായർ, ആലുവായിൽവച്ചു 1954-ൽ കോൺഗ്രസ് നേതൃത്വപരിശീലനക്കളരി നടത്തിയപ്പോൾ പറഞ്ഞിരുന്നു. അതനുസരിച്ച് ഞാനൊരു ശ്രമം നടത്തി.

കർഷകജാഥ നയിച്ചിരുന്ന അവസരത്തിൽ, ചിലദിവസങ്ങളിൽ ഇരുപതു നാഴികയിലേറെ നടക്കേണ്ടിവന്നിട്ടുണ്ട്. വഴിനീളെ ചെറിയചെറിയ പ്രസംഗങ്ങളും നടത്തേണ്ടിവന്നു. ഒരു നാഴികയ്ക്കകത്തുതന്നെ മൂന്നും നാലും സ്ഥലത്തു പ്രസംഗിക്കേണ്ടതായും വന്നിട്ടുണ്ട്. പത്തു മിനിട്ടു മുതൽ അരമണിക്കുറുവരെ മാത്രമേ അത്തരം പ്രസംഗങ്ങൾ നീണ്ടുനിന്നുള്ളു. എങ്കിലും ഇരുപതുനാഴികദൂരം നടക്കുന്നതിനിടയിൽ അത്തരം പ്രസംഗങ്ങൾ മുപ്പതോളം നടത്തേണ്ടി വന്നാലുണ്ടാകാവുന്ന ക്ഷീണം ഊഹിക്കാവുന്നതാണല്ലോ. ഓരോ ദിവസവുമുണ്ടാകാറുള്ള സമാപനയോഗത്തിൽ കുറഞ്ഞത് ഞാൻ ഒരു മണിക്കൂറെങ്കിലും പ്രസംഗിക്കേണ്ടിയിരുന്നു. നടന്നും പ്രസംഗിച്ചും തളർന്നു പ്രസംഗമണ്ഡപങ്ങളിൽ കയറാറുള്ളപ്പോൾ, വീണ്ടും സംസാരിക്കാനുള്ള ശക്തി സംഭരിച്ചിട്ടുള്ളത് സർദാറിന്റെ ഉപദേശമനുസരിച്ചുള്ള വ്യായാമത്തിൽനിന്നാണ്.

നിരപ്പായ തറയിൽ മലർന്നുകിടന്ന്, അടിവയറു വികസിക്കത്തക്കവിധത്തിൽ ക്രമീകരിച്ച് ശ്വാസം പരമാവധി അകത്തേക്കു വലിക്കുക. എത്ര സമയം കൊണ്ടാണോ ശ്വാസം ഉള്ളിലേക്കു കടക്കുന്നത്, അത്രയും സമയം അകത്തു നിറുത്തുക. അതു കഴിഞ്ഞ്, ശ്വസിച്ചതുപോലെതന്നെ ക്രമീകരിച്ച്, അത്രയും സമയംകൊണ്ടു ഉച്ഛ്വസിക്കുക.

ആരോഗ്യമുള്ള അവസരത്തിലാണെങ്കിൽ, ഇടയ്ക്കിടെ, കാലുകൾ രണ്ടും ചേർത്ത് ബലമായി, തറയിൽ നിന്നും മൂന്നു ഇഞ്ച് ഉയർത്തിപ്പിടിക്കുന്നതും നന്നായിരിക്കും. എന്നെ സംബന്ധിച്ചിടത്തോളം കാലുകൾ സ്വയം അനക്കാൻ പോലും എനിക്കു കഴിഞ്ഞിരുന്നില്ല. അന്ന് ശ്വാസോച്ഛ്വാസം ക്രമീകരിച്ചു നടത്തിയതുതന്നെ വളരെ പണിപ്പെട്ടിട്ടായിരുന്നു.

ഞാൻ ചിന്തയും ശ്വാസവും ക്രമീകരിച്ചുകൊണ്ടിരിക്കവേ 'ഉപദ്രവിക്കേണ്ടിവന്നതിൽ ക്ഷമിക്കണം" എന്ന മുഖവുരയോടുകൂടി പോലീസുദ്യോഗസ്ഥന്മാർ എന്റെ അരികിൽ വന്നു. മൂന്നു നാലാളുകളുണ്ടായിരുന്നു. ഡി.വൈ.എസ്.പി.യാണ് എന്റെ അടുത്തു വന്നത്. നീളമൂള്ള ആ ശരീരം നന്നെ വളച്ചപ്പോൾ മാത്രമേ ഞാൻ പറയുന്ന മറുപടി കേൾക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ.



malankaralibrary.com



അദ്ദേഹത്തിന്റെ പ്രയാസംകണ്ട് ഞാൻ അലക്സിന്റെ നേരേതിരിഞ്ഞു. സംസാരശക്തി ക്ഷയിച്ചുതുടങ്ങിയതുമുതൽ അടുത്തുള്ള പ്രവർത്തകർക്കു കണ്ണുകളുടെ ചലനത്തിൽനിന്നും കാര്യം മനസ്സിലായിത്തുടങ്ങി. അലക്സ് ഒരു സ്റ്റൂളെടുത്ത് അദ്ദേഹത്തിന്റെ സമീപം ഇട്ടുകൊടുത്തു.

കട്ടിലിന് എതിരുവശത്തുനിന്ന അലക്സ് മറുവശത്തുവന്ന് സ്റ്റൂളെടുത്തിടുന്നതുവരെയുള്ള ഏതാനും നിമിഷങ്ങൾ ഉദ്യോഗസ്ഥന്മാരിൽ സംശയമുളവാക്കുകയായിരുന്നു എന്ന് അവരുടെ മുഖഭാവം വെളിപ്പെടുത്തി. എന്റെ കണ്ണുകൊണ്ടുള്ള നിർദ്ദേശം മറ്റുവല്ലതിനുമുള്ളതായിരിക്കുമോ എന്ന സംശയമായിരിക്കും അവരിലാശങ്ക വളർത്തിയത്.

ആ ഉദ്യോഗസ്ഥന്മാരെല്ലാവരും പർണ്ണശാലയോടും സത്യാഗ്രഹിയോടും വളരെ ആദരപൂർവ്വമാണ് പെരുമാറിയിരുന്നത്. ഭൂതക്കണ്ണാടിവച്ച് പരിശോധിക്കുന്നതുപോലെ സൂക്ഷിച്ചു വീക്ഷിച്ചിരുന്നവർക്കുപോലും അവരുടെ പെരുമാറ്റത്തിൽ യാതൊന്നും ആരോപിക്കാൻ കഴിഞ്ഞില്ല. പർണ്ണശാലയ്ക്കകത്തു പ്രവേശിക്കുന്നതിനുമുമ്പ് പകുതിയായ സിഗരറ്റ് അവരിൽ ചിലർ ദൂരെക്കളഞ്ഞതും ആദരപൂർവ്വമുള്ള അവരുടെ പെരുമാറ്റവും കർഷകരുടെ പ്രശംസയ്ക്കു പാത്രമായി. തന്ത്രശാലികളായ ഉദ്യോഗസ്ഥന്മാർ!!

“ഞാൻ ഡി.വൈ.എസ്.പി.യാണ്”, സ്വയം പരിചയപ്പെടുത്തിക്കൊണ്ടദ്ദേഹം തുടർന്നു: “സംസാരിക്കാൻ കഴിവില്ലാത്തതിനാൽ ഞാൻ പറയുന്നതെല്ലാം കേട്ടതിനുശേഷം മറുപടി പറഞ്ഞാൽ മതി.” ഈ പോലീസുദ്യോഗസ്ഥന്റെ സംസാരം വളരെ ശാന്തവും എന്നാൽ സ്ഫുടവുമായിരുന്നു.

ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും കിട്ടിയ നിർദ്ദേശപ്രകാരമാണ് അവർ വന്നിരിക്കുന്നതെന്നും, എന്നെ കൊണ്ടുപോകാതിരുന്നാൽ ചുമതല നിർവ്വഹിച്ചില്ല എന്ന കുറ്റത്തിന് അദ്ദേഹം വിധേയനാകുമെന്നും ആ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. അതിനിടയിൽ, അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ഒരാൾ എന്റെ നാഡിമിടിപ്പ് പരിശോധിച്ചിട്ട് അപകടനിലയിലാണെന്നദ്ദേഹത്തോടു പറഞ്ഞു. വയർലെസ് സെറ്റുസഹിതമാണ് പോലീസുപാർട്ടി വന്നിരിക്കുന്നതെന്നും ഉൽക്കണ്ഠയോടുകൂടി വിവരവും കാത്ത് ഉയർന്ന ഉദ്യോഗസ്ഥന്മാരും, പോരാതെവരുന്നെങ്കിൽ അയയ്ക്കാനുള്ള പോഷകസേനയും പേരാവൂരുണ്ടെന്നും ഡി. വൈ.എസ്.പി പറഞ്ഞു.

ആ അർദ്ധരാത്രിയിൽ അത്രമാത്രം ആളുകൾ അവിടെ കൂടുമെന്ന് ഒരിക്കലും അവർ പ്രതീക്ഷിച്ചിരുന്നില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. നിറുത്തി, നിറുത്തി കൊച്ചുകുട്ടികളോട് സംസാരിക്കുന്നതുപോലെയുള്ള അദ്ദേഹത്തിന്റെ വിവരണം നിശ്ശബ്ദമായി ഞാൻ കേട്ടുകൊണ്ട് കിടന്നു.

അലക്സ് ഇടയ്ക്കിടെ സ്പൂൺകൊണ്ട് വെള്ളം ഒഴിച്ചുതന്നുകൊണ്ടിരുന്നു. എന്താണ് ഞാൻ കുടിക്കുന്നതെന്ന് ഒരാളിനു സംശയം തോന്നി. സംശയനിവൃത്തിക്കുവേണ്ടി രണ്ടു മൂന്നു തുള്ളി അദ്ദേഹത്തിന്റെ കൈയ്യിൽ ഒഴി



malankaralibrary.com

ച്ചുകൊടുത്തു. രുചിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിന്റെ നെറ്റിയിലെ ചുളിവുകൾ വ്യക്തമായിക്കാണാമായിരുന്നെന്നാണ് അടുത്തു നിന്നിരുന്നവർ പറഞ്ഞത്.

# XXV
# വികാരാധീനരായ ജനങ്ങൾ

ഉദ്യോഗസ്ഥന്മാർ പർണ്ണശാലയിൽ സമയം ചെലവഴിക്കുന്നതിൽ പോലീസുകാരിൽ ചിലർക്ക് അരിശം തോന്നിത്തുടങ്ങി. ഒരു പോലീസുകാരന്റെ സംസാരം അല്പം സംഘർഷാവസ്ഥ സൃഷ്ടിച്ചു. ആദ്യത്തെ വാനിൽ വന്നവർ രണ്ടു സ്ഥലത്തായിട്ടാണ് നിന്നിരുന്നത്. അതിൽ ഒരു കൂട്ടത്തിൽനിന്ന പോലീസുകാരാണ് ആ രംഗം സൃഷ്ടിച്ചത്. അവർ ഒരു പെട്രോമാക്സ ലൈറ്റിന്റെ സമീപമാണ് നിന്നിരുന്നത്. ചുറ്റും കൃഷിക്കാരും.

വിളക്കിന്റെ സമീപം ആളുകളാൽ ചുറ്റപ്പെട്ടു നിന്നിരുന്നതിനാൽ അവിടെയുള്ള ജനബാഹുല്യമെന്താണെന്ന് അവർ ശരിക്ക് മനസ്സിലാക്കിയിരുന്നില്ല. പോരെങ്കിൽ കയ്യിലിരിക്കുന്ന ആയുധത്തിന്റെ ധൈര്യവും! മേലുദ്യോഗസ്ഥന്മാർ നയപരമായി പെരുമാറുന്നത് കഴിവുകേടുകൊണ്ടാണെന്നായിരുന്നു അയാളുടെ അഭിപ്രായം. തന്റെ ഉറക്കം നഷ്ടപ്പെടുത്തിയ സത്യാഗ്രഹിയുടെ നേരെയായി പോലീസുകാരന്റെ പിന്നീടുള്ള വിമർശനം. ഒരു കർഷകൻ അതിനെതിരായി സംസാരിച്ചു. അത് വാദപ്രതിവാദമായി.

പോലീസുകാരോട് ഒരു സാധാരണ കൃഷിക്കാരൻ എതിർത്തു സംസാരിക്കുന്നതിൽ മറ്റു പോലീസുകാർക്കും അമർഷം തോന്നിത്തുടങ്ങി. സംസാരം ഉയർന്നപ്പോൾ കൂടുതൽ ആളുകൾ അടുത്തുകൂടി. പോലീസുകാരുടെ ചുറ്റും പ്രവർത്തകർ കൈകോർത്തു ഒരു വലയംതന്നെ സൃഷ്ടിച്ചു. രണ്ടുദ്ദേശമുണ്ടായിരുന്നു ആ പ്രവൃത്തിയിലെന്നാണവർ പിന്നീടു പറഞ്ഞത്. ഒന്ന്, ആളുകൾ പോലീസിനെ കടന്നാക്രമിച്ചു; അതിനാൽ ഞങ്ങൾ ബലം പ്രയോഗിച്ചു" എന്ന പ്രചാരണം ഒഴിവാക്കാനും, മറ്റൊന്ന് ആവശ്യമില്ലാതെ ബലപ്രയോഗത്തിനൊരുങ്ങിയാൽ അതിൽനിന്ന് പോലീസുകാരെ പിന്തിരിപ്പിക്കാനും.

ഞാൻ വെള്ളം കുടിച്ചുകൊണ്ടിരിക്കവേ ഒരു പ്രവർത്തകൻ വന്നു. അയാളുടെ മുഖഭാവത്തിൽനിന്നും അടിയന്തിരമായി വിവരം പറയാനുണ്ടെന്നു മനസ്സിലായതിനാൽ കുറച്ചു കഴിഞ്ഞു ബാക്കി കാര്യങ്ങൾ സംസാരിക്കാമെന്നു ഞാനുദ്യോഗസ്ഥന്മാരോട് പറഞ്ഞു. അതനുസരിച്ച് അവർ പുറത്തേക്കിറങ്ങി. അവരിൽ ഒരാൾ സംസാരം മൂത്തുവന്ന സ്ഥലത്തുചെന്ന് ഉറക്കെ സംസാരിച്ചുകൊണ്ടു നിന്ന പോലീസുകാരനെ ശകാരിച്ചു.

ഉദ്യോഗസ്ഥന്മാർ വെളിയിലേക്കു നീങ്ങിയപ്പോൾ പ്രധാന പ്രവർത്തകർ



malankaralibrary.com



എന്റെ ചുറ്റിലും വന്നു. ഞാനവരുടെ അഭിപ്രായമാരാഞ്ഞു. "സാറു ഞങ്ങളോടൊന്നും പറയേണ്ട; ഞങ്ങൾ വിടില്ല." ഞാൻ എന്തോ അവരുടെ ഇഷ്ടത്തിനെതിരായി പറയുമെന്നു ശങ്കിച്ച്, നേരത്തെതന്നെ അവർ പ്രഖ്യാപിച്ചു. "രാത്രി കട്ടോണ്ടുപോവാൻ ഞങ്ങളനുവദിക്കില്ല," വേറൊരാൾ ഉറക്കെ പറഞ്ഞു.

കൊട്ടിയൂരിലേക്കുള്ള റോഡിൽ മർമ്മപ്രധാനമായ ചില ചെറിയ പാലങ്ങളുണ്ട്. കൃഷിക്കാർതന്നെ തടികളിട്ടു നിർമ്മിക്കുന്നതാണവ. അത്തരം സ്ഥലങ്ങളിലേക്കു രണ്ടുമൂന്നു സംഘം നിയോഗിക്കപ്പെട്ടിരുന്നു. അവരിലൊരാളാണ് അടിയന്തിരവാർത്തയുമായി വന്നത്. ആ പാലങ്ങളുടെയെല്ലാം സംരക്ഷണത്തിന് സായുധപോലീസ് എത്തിയിട്ടുണ്ടെന്നും കൃഷിക്കാരും പോലീസുകാരും പരസ്പരവിരുദ്ധമായ ലക്ഷ്യത്തോടുകൂടി നില്ക്കുകയാണെന്നുമായിരുന്നു വാർത്ത.

ജനങ്ങളുടെ പ്രതിഷേധത്തെ വകവയ്ക്കാതെ സത്യാഗ്രഹിയെ അറസ്റ്റു ചെയ്തുകൊണ്ടു പോകുകയാണെങ്കിൽ അവസാനത്തെ പരിപാടിയായ മാർഗ്ഗതടസ്സം സൃഷ്ടിക്കലിൽ ഒരുപായമായിരുന്നു പാലംപൊളിക്കൽ. അങ്ങനെ സംഭവിക്കാതിരിക്കാനാണ് അവിടെയെല്ലാം പോലീസിനെ നിയോഗിച്ചിരുന്നത്. സഹപ്രവർത്തകർ അറസ്റ്റിനനുവദിക്കില്ലെന്നു തീരുമാനിച്ചു. എല്ലാം കേട്ടതല്ലാതെ അവരോടു ഞാനധികം സംസാരിച്ചില്ല.

വീണ്ടും ഉദ്യോഗസ്ഥന്മാരോടു വരാൻ പറഞ്ഞു. നിയന്ത്രണാതീതമായ ഒരു ജനക്കൂട്ടമുണ്ടെന്നും ആ പരിതസ്ഥിതിയിൽ അധികാരമുപയോഗിച്ചു അറസ്റ്റ് ചെയ്താൽ അപകടമായിരിക്കുമെന്നും അവർതന്നെ സമ്മതിച്ചു.

# XXVI

# നേതൃത്വത്തിന്റെ വേദന

എന്റെ പേരിൽ ആത്മഹത്യാശ്രമത്തിനു കേസെടുക്കാനാണ് നിർദ്ദേശമെന്നു ഡി.വൈ.എസ്.പി. എന്നോടു പറഞ്ഞു. നേരം കടന്നുപോകുന്തോറും ജനബാഹുല്യം കൂടി വരുന്നതു കൂടതൽ കുഴപ്പത്തിനിടയാക്കുമെന്നും, അതിനാൽ ഉടനെതന്നെ പോകാനൊരുങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്റെ സ്വന്ത ഇഷ്ടപ്രകാരം ഞാൻ ചെല്ലുകയില്ലെന്നവരോടു തീർത്തുപറഞ്ഞു. എന്നെ പോലീസ് ബലംപ്രയോഗിച്ചാണ് കൊണ്ടുപോകുന്നതെങ്കിൽ അതേപ്പറ്റി ഞാനൊന്നും പറയുന്നില്ലെന്നായിരുന്നു എന്റെ മറുപടി.

ഉദ്യോഗസ്ഥന്മാർ പരുങ്ങലിലായി. അധികാരമുപയോഗിച്ച് എന്നെ കോണ്ടുപോകണമെങ്കിൽ എടുത്തുകൊണ്ടുപോകേണ്ടിവരും. ജനക്കൂട്ടം അതിനെതിരായിനില്ക്കുന്ന പരിതസ്ഥിതിയിൽ അതു സാദ്ധ്യമാകുമായിരുന്നില്ല. ഒരു സി.ഐ.ഡി. വിഭാഗത്തിൽപ്പെട്ട ആളുവന്ന്, ആളുകൾ റോഡിൽ നിരയായി നിൽക്കുകയാണെന്നും, സത്യാഗ്രഹിയെ അറസ്റ്റ് ചെയ്തു കൊണ്ടു



malankaralibrary.com

പോകാനാണുദ്ദേശമെങ്കിൽ, വണ്ടിപോകേണ്ട വഴിയിൽ നിരന്നുകിടക്കാനാണ വരുടെ പദ്ധതിയെന്നും ഉദ്യോഗസ്ഥന്മാരിലൊരാളോടു പറഞ്ഞു. വെടിമരുന്നും തീയും വളരെ അടുത്തെത്തിയ ഒരവസ്ഥയായിരുന്നു. ഒരു ചെറിയ വ്യതി യാനം എവിടെയെങ്കിലും സംഭവിച്ചാൽ പൊട്ടിത്തെറിക്കുകയായി.

"ഞങ്ങൾക്കു വെറുതെ ഇങ്ങനെ സമയംകളയാൻ സാദ്ധ്യമല്ല," ആ ഉദ്യോഗസ്ഥന്മാർ തുടർന്നു; "നിങ്ങൾ ഞങ്ങളെ സഹായിക്കണം," അദ്ദേഹം തന്ത്രപരമായി പറഞ്ഞു. "എന്നെപോലും സഹായിക്കാൻ കഴിവില്ലാത്ത ഞാൻ നിങ്ങളെ എങ്ങനെ സഹായിക്കും," ഞാൻ കൈകഴുകി ഒഴിയാൻ ശ്രമിച്ചു. എ ന്നോടു കൂടുതൽ സംസാരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നുകണ്ട് അല ക്സ്, ജോർജ്ജുകുട്ടി, കൃഷ്ണൻകുട്ടി, ജോബ് മുതലായവരേയും വിളിച്ച് ആ ഉദ്യോഗസ്ഥന്മാർ പുറത്തേക്കുപോയി.

കൂടുതൽ പോലീസിനെ വരുത്താൻപോകുകയാണെന്നും ബലപ്ര യോഗം നടത്തേണ്ടിവരുകയാണെങ്കിൽ അതു രണ്ടു കൂട്ടർക്കും ദോഷമേ ചെയ്യു എന്നും പറഞ്ഞുകൊണ്ടാണവർ പുറത്തേക്കു പോയത്. ഉടനെതന്നെ വയർലസ് ഓപ്പറേറ്റർക്ക് അതിനുള്ള നിർദ്ദേശവും അദ്ദേഹം കൊടുത്തു.

ആലോചിച്ചു തീരുമാനമെടുക്കാൻ, എന്നെ തനിയെ വിട്ടിരിക്കുകയാ ണ്. ഏതാനും നിമിഷങ്ങൾക്കകം ഞാൻ തീരുമാനമെടുക്കണം. ഞാൻ ഒന്നും പറയാതെ തളർച്ചകൊണ്ടു നിശ്ശബ്ദനായിക്കിടന്നാൽ, പോലീസ് എന്നെ കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ, സ്നേഹസമ്പന്നരും വികാരധീനരുമായ കർഷകർ എതിർക്കും. അപ്പോൾ ബലപ്രയോഗമുണ്ടാകും. തിരഞ്ഞെടുപ്പിലെ പരാജയത്തിലുണ്ടായ വൈരാനിര്യാതന പ്രവണതയാൽ അയയ്ക്കപ്പെട്ടിരി ക്കുന്ന പോലീസ് ഏതുതരത്തിലുള്ള ആയുധവും ഉപയോഗിച്ചെന്നുവരും.

അത്രത്തോളമെത്തിയപ്പോൾ വ്യക്തമായും രണ്ടുതരത്തിലുള്ള സമ രതന്ത്രങ്ങൾ പ്രകടമായി എന്റെ മുന്നിൽ തെളിഞ്ഞു വന്നു. കൂടുതൽ കൂടു തൽ സംഘർഷാവസ്ഥ സൃഷ്ടിച്ച് പൊട്ടിത്തെറിയിലൂടെ വേഗം പ്രശ്നം പരിഹരിക്കുന്ന മാർക്സിസ്റ്റ് സമരരീതിയും, മറ്റൊന്ന് കുറച്ചു സമയമെടു ത്താലും പടിപടിയായുള്ള കഷ്ടപ്പാടുകൾ സഹിച്ചാലും ശാന്തമായും സൗമ്യ മായും പ്രശ്നം പരിഹരിക്കുന്നതിനുള്ള ജനാധിപത്യമാർഗ്ഗവും. രണ്ടാമ ത്തേത് വിജയിക്കാൻ വളരെ വൈകിയെന്നുവരാം.

വിമർശനബുദ്ധിയോടെയാണെങ്കിലും, ഞാൻ പഠിച്ചിട്ടുള്ള മാർക്സിസ്റ്റ് സമരതന്ത്രശാസ്ത്രം ആദ്യത്തെ മാർഗ്ഗം സ്വീകരിക്കാൻ എന്നെ പ്രേരിപ്പി ച്ചു. ഞാനൊന്നും ചെയ്യേണ്ടതായിട്ടുണ്ടായിരുന്നില്ല. ആദ്യത്തെ മാർഗ്ഗത്തി ന്. എന്റെ മൗനംമാത്രംകൊണ്ടു പെട്ടിത്തെറിയുണ്ടാകും. രണ്ടുകൂട്ടത്തിലും ജീവാപായംവരെ സംഭവിക്കാമെങ്കിലും, കർഷകപ്രശ്നം പരിഹരിക്കാൻ അത് പ്രേരകമായെന്നുംവരാം. നേരെമറിച്ച് എന്നെ അറസ്റ്റ് ചെയ്തുകൊണ്ടുപോ കട്ടെ എന്നു ഞാൻ പറഞ്ഞാൽ, നിരാഹാരമവസാനിപ്പിക്കാനുള്ള ആഗ്രഹം കൊണ്ടാണങ്ങനെ പറഞ്ഞതെന്ന് ശത്രുക്കൾ ഒരു പക്ഷേ വിമർശിച്ചേക്കു



malankaralibrary.com



മെന്നും എനിക്കു തോന്നി.

അതിലെല്ലാറ്റിലുമുപരി, പോലീസുകാരാവശ്യപ്പെട്ടപ്പോൾ, അതനുസരിച്ചു എന്നു പറയുന്നത് സമരവീര്യം കെടുത്തിക്കളയുമെന്നും എനിക്കു ഭീതി തോന്നാതിരുന്നില്ല. ഇതിനെല്ലാം പരിഹാരം കാണാൻ, ഞാൻ മൗനവലംബിച്ച് സംഘർഷം സൃഷ്ടിക്കുകയാണു വേണ്ടത്. പക്ഷേ, അതിന്റെ ഫലം അനേകം ജീവൻ അപകടത്തിലാക്കുന്നതായിരിക്കും.

നേതൃത്വം പലപ്പോഴും ആനന്ദകരമാണെങ്കിലും ഇത്തരം സന്ദർഭങ്ങളിൽ മർമ്മഭേദകമാണ്. എന്റെ തീരുമാനം തെറ്റായതായാൽ അനേകം ആളുകളുടെ ജീവൻവരെ അപകടത്തിലാവും. "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നൊഴുവാക്കേണമേ" വേദനകൊണ്ടു ഞാൻ അറിയാതെ പറഞ്ഞുപോയി. ആ പ്രതിസന്ധിഘട്ടത്തിൽ ആരുടെ ഉപദേശം തേടാനാണ്. ഞാൻ തന്നെ തീരുമാനമെടുക്കണം ഞാൻ തന്നെ അനുഭവിക്കുകയും വേണം

വെളിയിൽ ഡി.വൈ.എസ്.പി. പ്രവർത്തകരെ ഉപദേശിക്കുകയായിരുന്നു. എന്നെ വളരെ പ്രശംസിച്ചും. ഞാൻ ജീവനോടിരുന്ന് കൂടുതൽകാലം പൊതുരംഗത്തു പ്രവർത്തിക്കേണ്ടതാവശ്യമാണെന്നു സമർത്ഥിച്ചുമാണ് അദ്ദേഹം തന്ത്രപരമായി അവരോട് സംസാരിച്ചത്. എന്റെ ജീവൻ സംരക്ഷിക്കാനുള്ള ഒരു നടപടി എന്ന നിലയ്ക്ക് എന്നെ സ്നേഹിക്കുന്നവരായ അവർ പോലീസിനെ സഹായിക്കേണ്ടത് അവരുടെ കടമയാണെന്നദ്ദേഹം പറഞ്ഞു. അറസ്റ്റു ചെയ്യാനനുവദിക്കില്ലെന്ന് ജോബ് തീർത്തുപറഞ്ഞു. അലക്സിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു സാഹോദര്യത്തിന്റെ ബലഹീനത. ഉദ്യോഗസ്ഥൻ അതുകണ്ട് അലക്സിനെ ഒറ്റയ്ക്ക് വിളിച്ചു ഉപദേശം തുടങ്ങി.

സമരത്തിന്റെ ഒരു വഴിത്തിരിവായിരുന്നു ആ നിമിഷങ്ങൾ. കൊട്ടിയൂരിൽനിന്നും യാതൊരു ബലപ്രയോഗവും കൂടാതെ എന്നെ അറസ്റ്റു ചെയ്യാൻ കഴിഞ്ഞാൽ, അത് സമരത്തിന്റെ ഒത്തുതീർപ്പുസാദ്ധ്യത വളരെ പ്രയാസത്തിലാക്കുമെന്ന് ഞാൻ കണ്ടു.

# XXVII

## "മോനേ നീ പറഞ്ഞിട്ടാണോ?"

എന്നിട്ടും വേദനയോടെ ഞാൻ തീരുമാനമെടുത്തു, സംഘർഷമൊഴിവാക്കാനായി ആരെല്ലാം വിമർശിച്ചാലും, ആളുകളെ അപകടത്താലാക്കുന്ന രംഗം ഒഴിവാക്കാൻതന്നെ ഞാൻ തീരുമാനിച്ചു. സഹപ്രവർത്തകരെ വിളിച്ചു. സംസാരം മുഴുവനാക്കാതെയാണ് അലക്സ് ഓടിയെത്തിയത്. ഞാനെല്ലാവരുടേയും മുഖത്ത് മാറിമാറി നോക്കി. എന്റെ കൈകൾ പുതപ്പിനുള്ളിൽ നിന്നും പുറത്തെടുക്കാൻ അലക്സിനോടു പറഞ്ഞു. വരണ്ട ചുണ്ടുകളിൽ



malankaralibrary.com

കുറച്ചു വെള്ളം ഒഴിച്ചുതന്നു. എല്ലാവരോടും വലത്തുവശത്തു വരാൻ ആവശ്യപ്പെട്ടു. എന്നെ ആ വശത്തേക്കു ചരിച്ചു കിടത്തി. നാല്പതുമൈൽ ദൂരം കുന്നും കുഴിയും നിറഞ്ഞ റോഡിലൂടെ പോലീസ് വാനിലുള്ള യാത്രയെ അതിജീവിക്കാനുള്ള കരുത്തുണ്ടെന്നുള്ള വിശ്വാസമില്ലാതിരുന്നതിനാൽ ആ യാത്രപറയൽ വളരെ പ്രയാസമേറിയതാണ്. ചിലരുടെയൊക്കെ കരങ്ങൾ എന്റെ കയ്യിൽ കിട്ടി.

"ഇ...ത്ര..യും നാൾ.... പറ...ഞ്ഞ....തെ..... ല്ലാം നി.... ങ്ങ....ൾകേട്ടു." വളരെ പണിപ്പെടേണ്ടിവന്നു എനിക്കു സംസാരിക്കാൻ. മരിക്കാറായ പിതാവിന്റെ അടുക്കൽ അവസാന വാചകങ്ങൾ കേൾക്കാനിരിക്കുന്ന സ്നേഹസമ്പന്നരായ മക്കളെപ്പോലെയായിരുന്നു അവരിരുന്നത്. " അവ.. സാനമായി... ഇതും... പോലീ.... സിനെ.... തടയരുത്... അറസ്റ്റു ചെയ്തോട്ടെ!.. നിക്കു.... വേണ്ടി.... പ്രാർത്ഥിക്ക..... ണേ!"

എന്നെ നേരെകിടത്താൻ ഞാൻ കണ്ണുകൊണ്ടാവശ്യപ്പെട്ടു. കൈകൾ പുതപ്പിനുള്ളിൽ ശരിപ്പെടുത്തിവെച്ചു. പോലീസ് ഉദ്യോഗസ്ഥന്മാർ വീണ്ടും വന്നു. അവരോട് ആ വിവരം പറയാൻ അലക്സിനോട് ഞാൻ പറയുമ്പോഴും ഇതികർത്തവ്യതാമൂഢരായി സഹപ്രവർത്തകർ ഇരുന്ന സ്ഥലത്തുതന്നെ ഇരിക്കുകയാണ്. ഉടനെതന്നെ വെളിയിൽചെന്ന് എല്ലാവരോടും എന്റെ നിർദ്ദേശം അറിയിക്കാനാവശ്യപ്പെട്ടു.

ഏതാനും നിമിഷങ്ങൾക്കകം ആറു പോലീസുകാർ അവരുടെ തോക്കും തോളത്തു തൂക്കിയിട്ടുക്കൊണ്ട് എന്റെ കട്ടിലിനു ചുറ്റും എത്തി, മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം കട്ടിലോടെ എന്നെ കൈകളിൽ താങ്ങിയെടുത്ത് അവർ പുറത്തേക്കു നീക്കി. പർണ്ണശാലയ്ക്കു വെളിയിലെത്തിയപ്പോൾ കുറെ അധികം സ്ത്രീകൾ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ പോലീസുകാരെ തടഞ്ഞുനിറുത്തി. "ഞങ്ങൾക്കൊന്നു കാണണം," അതായിരുന്നു അവരുടെ ആവശ്യം. കട്ടിൽ താഴെവെച്ച് പോലീസുകാർ അല്പം മാറിനിന്നു.

"മോനേ നീ പറഞ്ഞിട്ടാണോ," കൂട്ടത്തിൽനിന്ന് ഒരു ചോദ്യം പലപ്പോഴും പർണ്ണശാലയിൽ എന്റെ കട്ടിലിന്റെ തലക്കിലിരുന്ന് നെറ്റിയിൽ തലോടാറുള്ള ഒരു അമ്മയായിരുന്നു അങ്ങനെ ചോദിച്ചത്. അലക്സിന്റെ മറുപടി ആ അമ്മയെ തൃപ്തയാക്കിയില്ല. തിക്കിത്തിരക്കി അവർ അടുത്തെത്തി. വളരെ പണിപ്പെട്ട് ഞാൻതന്നെ വിവരം പറഞ്ഞു. "സമയമാകുന്നു," പോലീസുകാർ തിരക്കുകൂട്ടി. ജോബ് പോലീസുകാരെ അതിന് ശകാരിച്ചു. കട്ടിൽ പോലീസുകാർ പൊക്കിയെടുത്തപ്പോൾ, എന്റെ നിറുകയിൽ ചുംബിച്ച ആ അമ്മയെ വേറെ ആരോ പിടിച്ചു മാറ്റുകയാണുണ്ടായത്. വരണ്ട എന്റെ ചുണ്ടുകളിൽ വീണ കണ്ണുനീരിന് ഉപ്പുരസമുണ്ടായിരുന്നു. കട്ടിലോടുകൂടി തന്നെ എന്നെ വാനിനകത്തുകയറ്റി. പോലീസുകാർ ചാടിക്കയറി. അലക്സും കുര്യനും കൂടെക്കയറി കുടിക്കാനുള്ള വെള്ളവും, വിശറിയും അവരെടുത്തി




malankaralibrary.com




ട്ടുണ്ടായിരുന്നു. വണ്ടി അടച്ചു പിറകിൽ ഒരു ജീപ്പിന്റെ ലൈറ്റ് പ്രകാശിച്ചു.


ഞങ്ങളുടെ വണ്ടി മുമ്പോട്ടു നീങ്ങിയപ്പോൾ കുലുക്കം അനുഭവപ്പെടാതിരിക്കാൻവേണ്ടി പോലീസുകാർ കട്ടിൽ കൈകളിൽ ഉയർത്തിപ്പിടിച്ചിരുന്നു. മുദ്ര്യാവാക്യങ്ങൾ ആകാശം ഭേദിച്ചുയർന്നു. പിറകേവന്ന വണ്ടിയുടെ വെളിച്ചത്തിൽ കാണാൻകഴിഞ്ഞ, തിങ്ങിഞെരങ്ങിനിന്ന്, കരങ്ങളുയർത്തി അഭിവാദനമർപ്പിച്ചുനിൽക്കുന്ന ജനങ്ങളുടെ നിലയേപ്പറ്റി അലക്സ് വിവരിച്ചിരുന്നു. എനിക്ക് അവരെയെല്ലാം ഒന്നു കാണാൻപോലും കഴിഞ്ഞില്ല.

വണ്ടി വളരെ സാവധാനത്തിലാണ് നീങ്ങിക്കൊണ്ടിരുന്നത്. വിദൂരതയിൽ എനിക്കു കാണാൻ കഴിഞ്ഞ കർഷകന്റെ വിജയംപോലെ, അങ്ങു കിഴക്കൻ മലയുടെ മുകളിൽ വെള്ളിയുദിച്ചുയർന്നുനിന്നിരുന്നു.


അലക്സ് താമരശ്ശേരി


ജോർജ്ജുകുട്ടി മുക്കാടൻ


സി.ജെ. ജോൺ


കെ.വി. ജോസഫ്

## നേതാക്കളുടെ പ്രസ്താവനകൾ

മലനാടു കർഷകയൂണിയൻ പ്രസിഡന്റ് ശ്രീ. ജോൺ മാഞ്ഞൂരാൻ ഫെബ്രുവരി 26-ാം തീയതി ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിച്ചു.

“ഇന്നു വെളുപ്പിന് അഞ്ചുമണിക്ക്, കൊട്ടിയൂർ കേളകത്തു നിരാഹാര വ്രതം അനുഷ്ഠിച്ചിരുന്ന യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. ബി വെല്ലിംഗ്ടനെ പോലീസ് അറസ്റ്റു ചെയ്തിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു. ഇനിയും അറസ്റ്റുകൾ തുടരാനും ഇടയുണ്ടെന്നാണ് സൂചന.

യൂണിയൻ മുന്നോട്ടുവച്ചിട്ടുള്ള ഡിമാണ്ടുകൾ അംഗീകരിക്കാതെ, യൂണിയൻ നേതാക്കളെയും മുന്നണിപ്പടയാളികളെയും ജയിലിലടച്ച് യൂണിയന്റെ നേരെ ആക്രമണം നടത്തി വിജയിക്കാനാണ് ഐക്യകക്ഷി സർക്കാരിന്റെ ഭാവമെന്നു തോന്നുന്നു. എന്തുതന്നെ പ്രകോപന നടപടികൾ ഗവണ്മെന്റ് പക്ഷത്തുനിന്നുണ്ടായാലും ക്രമമായും അച്ചടക്കത്തോടും നാം കൊളുത്തിയ ദീപശിഖ അണയാതിരിക്കാൻ മലനാടു കർഷക യൂണിയൻ പ്രവർത്തകർ പ്രത്യേകം മനസ്സിരുത്തണമെന്നു ഞാനഭ്യർത്ഥിക്കുന്നു.

“മലനാടു കർഷക യൂണിയൻ നൽകിയ ആഹ്വാനമനുസരിച്ച് ഉപവാസസത്യാഗ്രഹം നടത്തി കർഷകസമരത്തെ വിജയിപ്പിക്കുവാൻ മുന്നോട്ടു



malankaralibrary.com

വന്ന എല്ലാവരേയും ഞാനഭിവാദനം ചെയ്യുന്നു. ഈ സമരത്തിന്റെ പിന്നിൽ അടിയുറച്ചുനിന്ന ലക്ഷോപലക്ഷം ജനതയ്ക്ക് എന്റെ കൂപ്പുകൈ. അടിപതറാതെയും മനമിടറാതെയും ഈ ധാർമ്മികസമരം വിജയിപ്പിക്കാൻ എല്ലാവരും കൂടുതൽ ഉഷാറായി പ്രവർത്തിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

"ശ്രീ.വെല്ലിംഗ്ടനെയും മറ്റു നേതാക്കളെയും അറസ്റ്റു ചെയ്ത് ഈ സമരത്തെ പരാജയപ്പെടുത്താമെന്നു വ്യാമോഹിക്കുന്ന ഐക്യകക്ഷി ഗവണ്മെന്റു മൂഢസ്വർഗ്ഗത്തിലാണ് ചരിക്കുന്നതെന്നുള്ളതു തീർച്ചയാണ്. ഗവണ്മെന്റിന്റെ ദുരുപദിഷ്ടവും കർഷകവിരുദ്ധവുമായ നയങ്ങൾക്കെതിരെ ശബ്ദമുയർത്താൻ എല്ലാ ദേശാഭിമാനികളോടും ജനനേതാക്കന്മാരോടും ഞാനഭ്യർത്ഥിക്കുന്നു."

## ശ്രീ.എ.കെ. ഗോപാലന്റെ പ്രസ്താവന

"തിരഞ്ഞെടുപ്പിന്റെ ബഹളത്തിനിടയിൽ, കർഷകപ്രസ്ഥാനത്തിന്റെ നേരെ ഗവണ്മെന്റ് എടുക്കുന്ന ക്രൂരമായ നയത്തിൽ പ്രതിഷേധിച്ചുകൊണ്ടു ശ്രീ വെല്ലിംഗ്ടനും മലനാടു കർഷകയൂണിയനും ആരംഭിച്ച പ്രക്ഷോഭണത്തിനു വേണ്ടത്ര ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുവാൻ കഴിഞ്ഞില്ല. കൂട്ടായി ശബ്ദമുയർത്തുന്നതിന് ഇനി ഒട്ടും താമസിച്ചുകൂടാ.

" ഇപ്പോൾ ശ്രീ. വെല്ലിംഗ്ടൺ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുകയാണ്. ആത്മഹത്യാകുറ്റം ചുമത്തി പൊതു പ്രവർത്തകരെ അറസ്റ്റു ചെയ്യുകയെന്ന നീചമായ നിലപാടു ഇതിനുമുൻപും ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതാണ്. അതു പൊതു പ്രവർത്തകരോടുള്ള ഒരു വെല്ലുവിളിയാണ്.

" കേരള കർഷക സംഘം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളിൽ പ്രഥമമായതും, തീരുമാനിക്കാതിരുന്നതുമായ രണ്ടു പ്രശ്നങ്ങളാണ്. കൊട്ടിയൂർ പ്രശ്നവും മലയോര കൃഷിക്കാരുടെ പ്രശ്നവും. ശ്രീ മന്നത്തു പ്ത്മനാഭനെ പ്രീണിപ്പിക്കുന്നതിനുള്ള വ്യഗ്രതകൊണ്ട് മാത്രമാണു ലക്ഷക്കണക്കിനുള്ള മലയോര കൃഷിക്കാരുടെ പ്രശ്നത്തിൽനിന്നും ഗവണ്മെന്റ് ഒഴിഞ്ഞുമാറുന്നത് അല്ലെങ്കിൽ എളുപ്പം പരിഹാരം കാണാൻ സാധിക്കുമായിരുന്നു.

"പ്രസ്തുത പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി ശ്രീ വെല്ലിഗ്ടനും മറ്റു രണ്ടുപേരും നിരാഹാരവ്രതമനുഷ്ഠിക്കുകയാണ്. എന്നിട്ടും ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ഗവണ്മെന്റ് ശ്രദ്ധിച്ചില്ല.

"കൃഷിക്കാരുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള സമരമാണിതെന്നു കർഷകസംഘം പ്രവർത്തകർ മനസ്സിലാക്കുമെന്നു ഞാൻ ആശിക്കുന്നു. ഉടനെ പൊതുയോഗങ്ങൾ ചേർന്നും പ്രമേയങ്ങൾ പാസാക്കിയും കമ്പികൾ അടിച്ചും ഗവണ്മെന്റിനെ നിർബ്ബന്ധിക്കണം.

"എല്ലാ കർഷകസംഘടനകളുടെയും പ്രതിനിധികൾ ഒന്നായി യോഗം ചേർന്ന് ചർച്ച ചെയ്തു ഇക്കാര്യത്തിൽ ആവശ്യമായ ഒരു പ്രക്ഷോഭണപരിപാടി ആവിഷ്ക്കരിക്കണം. ഇതിനു ഫാദർ വടക്കനോ, കേരള കർഷക സംഘമോ മുൻകൈയെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ



malankaralibrary.com



യോജിച്ച ഒരു പരിപാടി കൊണ്ടല്ലാതെ പ്രശ്നത്തിനു പരിഹാരം കാണാൻ സാധിക്കുന്നതല്ല ശ്രീ. വെല്ലിംഗ്ടന്റെയും മറ്റും ജീവൻ രക്ഷിക്കുകയും പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതിൽ ഇനി ഒട്ടും കാലവിളംബം ഉണ്ടായിക്കൂടാതന്നെ.

# XXVIII
## സർക്കാരിന്റെ പ്ലാൻ പൊളിഞ്ഞു

വണ്ടി ഓടുമ്പോൾ എനിക്കു പ്രയാസം ഉണ്ടാവാതിരിക്കാൻ പോലീസുകാരും ഡ്രൈവറും പരമാവധി ശ്രമിക്കുന്നുണ്ടായിരുന്നെങ്കിലും ദുസ്സഹമായ വേദന എനിക്കു സഹിക്കേണ്ടിവന്നു. വണ്ടിചക്രങ്ങൾ വല്ല കല്ലിൽക്കയറുകയോ കുണ്ടിൽ വീഴുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന ഉലച്ചിലിൽ, ശരീരത്തിന്റെ അവയവങ്ങൾ വേറിട്ടു പോകുമോ എന്നുവരെ എനിക്ക് ആശങ്ക തോന്നി. ദേഹത്തിന്റെ വിവിധ ഭാഗങ്ങളെ പരസ്പരം ബന്ധിക്കുന്ന മാംസപേശികൾക്ക് പ്രവർത്തനശക്തി നശിച്ചുകഴിഞ്ഞിരുന്നു. ദേഹമാസകലം ചുറ്റികകൊണ്ട് തല്ലിച്ചതയ്ക്കുന്നതുപോലുള്ള വേദന!

"എന്തൊരനുസരണയുള്ള മനുഷ്യർ," ഒരു പോലീസുകാരനാണ് ആദ്യമായി സംസാരിച്ചത്. "എന്റെ നാരായണ! കുഞ്ഞുങ്ങളെ കാണാനൊക്കുമെന്നു കരുതിയില്ല", അയാൾ നെടുതായൊന്നു നിശ്വസിച്ചു. എനിക്കു ആളിനെക്കാണാൻ കഴിഞ്ഞില്ലെങ്കിലും, പെൻഷൻ പറ്റാറായ ഒരാളാണെന്നു തോന്നി അങ്ങനെ പറഞ്ഞത്.

"ഓന്റെ ഒരു നാരായണ" വീര്യമുള്ള പോലീസുകാരൻ ഒന്നു കളിയാക്കി.

"ഞാനെന്റെ കണ്ണുകൊണ്ടു കണ്ടതാ," വയസ്സനായ പോലീസുകാരൻ വർണ്ണിക്കാൻ തുടങ്ങി. "അവരുടെ കയ്യിലുള്ള സാധനങ്ങൾ, ഒരുത്തൻ എന്നെത്തന്നെ സൂക്ഷിച്ചുനിൽക്കുന്നുണ്ടായിരുന്നു. അവന്റെ കയ്യിൽ ഒരു മൺവെട്ടിക്കയ്യും."

"അവർ വാനിന്റെ മുമ്പിൽക്കിടക്കാനാണ് ഒരുങ്ങിയിരുന്നത്," വേറൊരാൾ ഇടയ്ക്കുകയറിപ്പറഞ്ഞു.

"അവർക്ക് എല്ലാ പരിപാടിയുമുണ്ടായിരുന്നു," സി.ഐ.ഡി. തന്റെ അറിവു പ്രഖ്യാപിച്ചു.

"പോലീസുകാരെ തടയേണ്ട എന്ന് അദ്ദേഹം പറഞ്ഞതായി ഒരു 'ചേട്ടൻ' വന്ന് ഉറക്കെപ്പറഞ്ഞപ്പോൾ, ഒരു ചീത്തപറഞ്ഞുകൊണ്ട്, ആ വടി കാട്ടിലേക്കെറിയുന്നത് ഞാനെന്റെ കണ്ണുകൊണ്ടു കണ്ടതാ," വയസ്സൻ ഉറപ്പിച്ചു പറഞ്ഞു.

അങ്ങനെ അവരുടെ സംഭാഷണം നീണ്ടുപോയിരുന്നു. പല കാര്യ



malankaralibrary.com

ങ്ങളും അതിനിടയിലൂടെ കടന്നുകൂടി. കൃഷിക്കാരെപ്പറ്റി അവർ കേട്ടിരുന്നത് അധികവും കള്ളക്കഥകളാണെന്നും ചിലർ പറയാതിരുന്നില്ല. ആ കർഷകരെ ഇത്ര ചിട്ടയുള്ളവരാക്കിയതിന് എന്നെ പ്രശംസിക്കയും ചെയ്തിരുന്നു. ഒരു പോലീസുകാരന് അടക്കാനാവാത്ത അമർഷമുള്ളതായി സംസാരത്തിൽ ധ്വനിക്കുന്നുണ്ടായിരുന്നു. കട്ടിലോടുകൂടി പ്രതിയെ എടുത്തുകൊണ്ടുപോകാനാജ്ഞാപിച്ച മേലുദ്യോഗസ്ഥനെയാണയാൾ അധികവും പഴിപറഞ്ഞിരുന്നത്. അവരുടെ സംസാരം വേദന അനുഭവിച്ചിരുന്ന എനിക്കു അല്പം ആശ്വാസപ്രദമായിരുന്നു.

രാവിലെ 7 മണിക്ക് തലശ്ശേരി ആശുപത്രിയിലെത്തി. കട്ടിലോടുകൂടിത്തന്നെ എന്നെ എടുത്ത് ഒരു മുറിയിൽ കൊണ്ടുപോയികിടത്തി. അവിടെക്കിടന്നിരുന്ന രോഗികളെ വേറെ എവിടേക്കോ മാറ്റിയതിനു ശേഷമാണ് എന്നെ അവിടെ കിടത്തിയത്. വണ്ടിയുടെ കുലുക്കം നിന്നപ്പോൾ ഞാൻ കുറച്ചു മയങ്ങി.

ഡോക്ടർ വന്നു പരിശോധിച്ചു. അവരുടെ ചോദ്യങ്ങൾക്കെല്ലാം അലക്സാണ് മറുപടി പറഞ്ഞിരുന്നത്. ഞാൻ വളരെ അവശനിലയിലായിരുന്നു. അലക്സ് അനുജനാണെന്നറിഞ്ഞപ്പോൾ, എന്റെ അപകടനിലയെപ്പറ്റി വിശദമായി പറഞ്ഞുകേൾപ്പിച്ചു. അവർ തരുന്ന സാധനങ്ങൾ ഉപയോഗിക്കാനെന്നെ ഉപദേശിക്കാൻ ഡോക്ടർ അലക്സിനെ ചുമതലപ്പെടുത്തി. ഡോക്ടർതന്നെ പറയുന്നതായിരിക്കും നല്ലതെന്നു പറഞ്ഞതല്ലാതെ എന്നോട് ഒന്നുംതന്നെ അലക്സ് പറഞ്ഞില്ല.

തോക്കുധാരികളായ നാലു പോലീസുകാർ അവിടെ ഡ്യൂട്ടിക്കു നിയോഗിക്കപ്പെട്ടു. ആരെയും അകത്തേക്ക് കടത്തിവിടരുതെന്നു ഡോക്ടർ പ്രത്യേകം നിർദ്ദേശിച്ചു. "രോഗി അപകടനിലയിൽ" എന്ന ബോർഡും കതകിൽ കെട്ടിയിട്ടു.

ഒരു ഗ്ലാസിൽ ഓറഞ്ചുനീരുമായി ഡോക്ടർ വന്നു. എന്നെ വളരെ നിർബന്ധിച്ചുതുടങ്ങി. സ്നേഹപൂർവ്വമുള്ള നിർബന്ധം. ഞാൻ കണ്ണടച്ചു നിഷേധരൂപത്തിൽ കിടന്നുകളഞ്ഞു. ഡോക്ടർമാരും നേഴ്സുകളും മാറിമാറി ഉപദേശിക്കാൻ തുടങ്ങി. ഉപദേശംകൊണ്ടു ശ്വാസംമുട്ടൽ അനുഭവപ്പെട്ടു. തലശ്ശേരിയിലെ ശീതോഷ്ണാവസ്ഥ വളരെ അനുകൂലമായിരുന്നു. കൊട്ടിയൂരിൽ രാത്രിസമയങ്ങളിൽ അതിശീതവും പകൽ അത്യുഷ്ണവുമായിരുന്നെങ്കിൽ, തലശ്ശേരിയിൽ അതു ക്രമീകരിക്കപ്പെട്ട നിലയിലാണ് അനുഭവപ്പെട്ടത്.

എന്നെ അറസ്റ്റു ചെയ്തു തലശ്ശേരിയിൽ കൊണ്ടുവന്നു എന്ന വാർത്ത പരന്നതോടെ ആശുപത്രി ജനനിബിഡമായി. പോലീസുകാർ എത്ര ശ്രമിച്ചിട്ടും ജനങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല.

എന്നെ അറസ്റ്റു ചെയ്തവിവരം ഉടനെതന്നെ ബഹു. വടക്കനെച്ചനെ അറിയിച്ചു. തിരുവനന്തപുരത്തെ കരുനീക്കങ്ങളും അച്ചൻ അറിഞ്ഞുകൊണ്ടാണിരുന്നത്. സർക്കാരിന്റെ സമീപനരീതി മാറുന്നു എന്നു മനസ്സിലാക്കിയ അച്ചൻ സന്ദർഭത്തിനനുസരിച്ച ഒരു ആഹ്വാനം പുറപ്പെടുവിച്ചു.



malankaralibrary.com



"മി.വെല്ലിംഗ്ടനെ ഇന്ന് അറസ്റ്റു ചെയ്തിരിക്കുന്നു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ വേറെ പലരേയും കാരാഗ്രഹത്തിലാക്കുമത്രെ! എന്നെ ജയിലിലടയ്ക്കാനും ഐക്യകക്ഷി സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടെന്നാണറിയുന്നത്.

"ഞങ്ങളുടെ അഭാവത്തിൽ മലനാടു കർഷകസമരം നൂറിരട്ടി ശക്തിയാർജ്ജിക്കുമെന്ന് എനിക്കുറപ്പുണ്ട്. കർഷകലക്ഷങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതുവരെ സകലരും ധീരോദാത്തരായി മുന്നേറാൻ ഞാനഭ്യർത്ഥിക്കുന്നു. അനുഭാവോപവാസങ്ങൾ എല്ലാ സ്ഥലങ്ങളിലും ആരംഭിക്കണം. സർക്കാരിന്റെ ഭീകരനടപടികൾക്കെതിരെ, മുഴുവൻ ജനാധിപത്യസ്നേഹികളും പിടിഞ്ഞെഴുന്നേല്ക്കുക.

വടക്കനച്ചന്റെ മേലുദ്ധരിച്ച പ്രസ്താവന സർക്കാരിന്റെ ഒരു 'പദ്ധതി' പൊളിച്ചുകളഞ്ഞു. കുറെ നേതാക്കളെ അറസ്ററു ചെയ്തതിനുശേഷം മറ്റുള്ളവരെ മർദ്ദിച്ചൊതുക്കാമെന്നായിരുന്നു പ്ലാൻ. കൊട്ടിയൂരിൽ അതിനുള്ള എല്ലാ സജ്ജീകരണങ്ങളും ചെയ്തെങ്കിലും, ഈശ്വരാധീനം കൊണ്ട് അതൊഴിവാക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. പാർലമെന്റ് തിരഞ്ഞെടുപ്പിലുണ്ടായ പരാജയം, അവരെ നേർവഴിക്കു തിരിക്കുന്നതിനുപകരം വീണ്ടും അപകടങ്ങൾ ചാടിക്കുകയാണുണ്ടായത്. കർഷക സമരം ഒത്തുതീർപ്പിലെത്തിക്കാതെ തല്ലിപ്പൊളിക്കാൻ പരിപാടിയുമായി സർക്കാർ നീങ്ങുന്നു എന്നതിനു പ്രകടമായ തെളിവുകൾ വേണ്ടുവോളം അന്നു കിട്ടിയിരുന്നു.

# XXIX

# പ്രമാണിമാരുടെ വിരോധം

"ഉഗ്രപ്രതാപവാനായ" അഭ്യന്തര മന്ത്രിയും സർക്കാരും വടക്കനച്ചനെയും അദ്ദേഹത്തിന്റെ സംരംഭങ്ങളെയും തല്ലിയൊതുക്കാൻ പരിപാടി ഇടുന്നു എന്നു മണത്തറിഞ്ഞ തൃശ്ശൂരിലെ ചില പ്രാമാണിമാർ, അവരുടെ വിരോധം തീർക്കാൻ ഇതുതന്നെ അവസരമെന്നു കണ്ടു പരക്കംപാഞ്ഞു തുടങ്ങി.

പോലീസുകാർ തൃശ്ശൂരിലെ ഉപവാസസ്ഥലത്തു ചെന്ന് പ്രധാന പ്രവർത്തകരുടെ പേരു തിരക്കി! ചില പ്രമാണിമാർ പോലീസുകാരെ വീട്ടിൽ വരുത്തി അവർക്ക് സ്റ്റഡിക്ലാസ് നടത്തിയതായും കേട്ടു.

തൃശ്ശൂർ പ്രമാണിമാരിൽ ചിലർക്ക് വടക്കനച്ചനോട് വിരോധം തോന്നാനുണ്ടായ കാരണങ്ങൾ വിചിത്രതരമാണ്. ഒരു ചെറു സംഘം പ്രമാണിമാർ, തൃശൂരിന്റെ സർവ്വാധിപതിമാരാണെന്നാണ് ഭാവിക്കുന്നത്. മറ്റുള്ളവരെ ഉപദ്രവിക്കാതിരുന്നെങ്കിൽ അവർ അങ്ങനെ ഭാവിക്കുന്നതിൽ ആർക്കും എതിരുണ്ടാകുമായിരുന്നില്ല. അവർ ഈ നാട്യത്തിൽ സർക്കാരിൽനിന്നു "കോൺട്രാക്ട്" എടുക്കാനും 'കോട്ടാ' അനുവദിപ്പിക്കാനും 'ലോൺ" എടുക്കാനും നടക്കുകയാണ്.



malankaralibrary.com

സർക്കാരിനെ നയിക്കുന്ന പാർട്ടിയുടെ അധിപന്മാർ ഇത്തരം പ്രമാണിമാരിൽനിന്നും ചിലതൊക്കെ പ്രതീക്ഷിക്കുന്നുമുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് ആവശ്യംപോലെ പണം കൊടുക്കുമെന്നാണവർ പറയുന്നത്. 20,000ക വരെ തിരഞ്ഞെടുപ്പു ഫണ്ടിലേക്കു കൊടുത്തവർ തൃശൂരിലുണ്ട്. പണം കൊടുക്കുന്നതോടൊപ്പം, തൃശ്ശൂർ മുഴുവനും തങ്ങളുടെ കയ്യിലാണെന്ന് അവർക്കു തെളിയിക്കുകയും വേണം.

പാർലമെന്റു തിരഞ്ഞെടുപ്പിനു മുമ്പ് ശ്രീ. ധേബാർ കേരളത്തിൽ വന്നു. ശ്രീ മന്നത്തിനെക്കണ്ടതിനുശേഷം അദ്ദേഹം വടക്കനച്ചനെ കാണാനായി തൃശ്ശൂരിലെത്തി. കർഷകപ്രശ്നത്തിന്റെ രൂക്ഷതയും, തിരഞ്ഞെടുപ്പിൽ അതുമൂലമുണ്ടാകാവുന്ന അപകടങ്ങളും അദ്ദേഹം മനസ്സിലാക്കി. വടക്കനച്ചനെക്കണ്ട് അതു പറഞ്ഞവസാനിപ്പിക്കാനാണദ്ദേഹം തൃശൂരിൽ വന്നത്. ഈ വിവരമറിഞ്ഞ ചില പ്രമാണിമാർ, വടക്കനെ അത്ര കാര്യമാക്കേണ്ടതൊന്നുമില്ലെന്നും അതെല്ലാം തങ്ങളവസാനിപ്പിച്ചുകൊള്ളാമെന്നും ധേബാർജി ഉൾപ്പെടെയുള്ള ഒരു ചർച്ചയിൽ കേറിപ്പറഞ്ഞു. അതല്ല വടക്കനച്ചനുമായി സംസാരിക്കണമെന്ന് നിർബന്ധമുണ്ടെങ്കിൽ, അവർ വടക്കനച്ചനെ പറഞ്ഞയ്ക്കാമെന്നു ഏറ്റു. കേരളത്തിലെ 'പ്രശ്നമനുഷ്യനായ' വടക്കനച്ചൻ തങ്ങളുടെ ചൊല്പടിക്കു നിൽക്കുന്ന ആളാണെന്നു വരുത്തുന്നതിലുള്ള ആനന്ദം!!

## ഫോണിലൂടെയുള്ള നിർദ്ദേശം

പ്രമാണിമാരിലൊരാൾ, ടെലഫോണിൽ വടക്കനച്ചനെ വിളിച്ച്, തന്റെ ശമ്പളക്കാരോട് ഓരോ കാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്നതുപോലെ, ശ്രീ ധേബാറിനെച്ചെന്നു കാണണമെന്നാജ്ഞാപിച്ചു. അച്ചൻ അതിനുള്ള മറുപടിയും പറഞ്ഞു. വടക്കനച്ചനെ പറഞ്ഞയയ്ക്കാമെന്നേറ്റതനുസരിച്ച് അച്ചൻ ചെന്നില്ലെങ്കിൽ ക്ഷീണമാണല്ലോ എന്നോർത്തു രണ്ടുമൂന്നുപേർ തന്ത്രപരമായി അച്ചന്റ പക്കൽചെന്നു. അച്ചനും വളരെ തന്ത്രപരമായി ആ അവസരത്തിൽ ശ്രീ. ധേബാറിനെ കാണണമെങ്കിൽ അവരുടെ ശുപാർശയില്ലാതെ കണ്ടുകൊള്ളാമെന്നു പറഞ്ഞൊഴിഞ്ഞു.

ഈ പ്രമാണിമാർ ഇടയിൽക്കടന്ന് കുഴപ്പം സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ ശ്രീ. ധേബാർ അതിനുമുമ്പു തൃശൂർ വന്നിട്ടുള്ളപ്പോൾ വടക്കനച്ചനുമായിക്കണ്ടു സംസാരിച്ചിട്ടുള്ളപോലെ കാര്യങ്ങൾ ചർച്ച ചെയ്തു പ്രശ്നം അവസാനിപ്പിക്കാമായിരുന്നു, വടക്കനച്ചനെ കാത്തിരുന്നിട്ടും കാണാതെ ധേബാർജി പോയി. പിന്നീടാണ് ഈ അന്തർനാടകം വെളിച്ചത്തു വന്നത്. "ഞങ്ങൾ പറഞ്ഞാൽ കേൾക്കാത്ത ഒരു വൈദികൻ തൃശൂരിലോ?... വിദ്വേഷം തോന്നാൻ ഇതിലപ്പുറം വല്ലതും വേണോ?

വേറൊരു മുതലാളിയുടെ ഒരു ഫാക്ടറിയിൽ കുറേക്കൊല്ലങ്ങൾക്കു മുമ്പ് ഐ.എൻ.റ്റി. യു.സി ക്കാർ ഒരു യൂണിയൻ സംഘടിപ്പിച്ചു ആ വിവരം പ്രവർത്തകർ എല്ലാ പത്രങ്ങൾക്കും കൊടുത്തു. പ്രസ്തുത കമ്പനി മാനേ



malankaralibrary.com



ജർ 'തൊഴിലാളി' ഓഫീസിൽ ഫോണിൽ വിളിച്ച് ആ വാർത്ത് പത്രത്തിൽ ചേർക്കരുതെന്നു പറഞ്ഞു. അന്ന് അച്ചൻ സെമിനാരിയിൽ പഠിക്കുകയായിരുന്നു. ഓഫീസിലുണ്ടായിരുന്നവർ ഫോൺ നിർദ്ദേശം അത്ര കാര്യമാക്കാതെ വാർത്ത പത്രത്തിൽ ചേർത്തു. അന്നുമുതൽ തൊഴിലാളി പത്രവും വടക്കനും കൊള്ളരുതാത്തതായി......

പഴയ കാര്യങ്ങൾ ഞാനിപ്പോൾ അനുസ്മരിക്കുന്നത്, വടക്കനച്ചനും അദ്ദേഹത്തിന്റെ പ്രസ്താവനകളും തെറ്റിനതീതമാണെന്നു സമർത്ഥിക്കാൻ വേണ്ടിയല്ല തെറ്റുകൾ ഞങ്ങൾക്കും വന്നു എന്നു വരാം. എന്നാലും പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മുമ്പോട്ടു പോകുമ്പോൾ സ്വാർത്ഥമതികളായവർ ഇടയിൽക്കടന്നു വരുത്തിക്കൂട്ടുന്ന പ്രയാസങ്ങളോർത്തുപോയതാണ്.

# XXX

# കോൺഗ്രസ്സുകാരുടെ ദ്വിമുഖപരിപാടി

പാർലമെന്റ് തിരഞ്ഞെടുപ്പിലുണ്ടായ പരാജയത്തിനു ശേഷം കോൺഗ്രസിന്റെ നിലപാടിൽ സാരമായ വ്യതിയാനം വരുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. മറിച്ചാണ് സംഭവിച്ചത്. ഉത്സവസ്ഥലങ്ങളിൽ ആന വെരളുന്നതിന്റെ പേരിൽ പലരും പലതും നടത്തുന്നതുപോലെ കോൺഗ്രസ് ഒരു ദ്വിമുഖമപരിപാടി തയ്യാറാക്കിത്തുടങ്ങി.

പി.എസ്.പി.ക്ക് ഒരു സീറ്റുപോലും തിരഞ്ഞെടുപ്പിൽ കിട്ടാതിരുന്ന സ്ഥിതിക്ക് ആ ഭാരം ഇനി ചുമക്കേണ്ട ആവശ്യമില്ലെന്ന നിലയിലായി കേരളാ കോൺഗ്രസ്. അടുത്തുതന്നെ പട്ടംതാണുപിള്ളയെ മുഖ്യമന്ത്രിപദത്തിൽ നിന്നും വലിച്ചെറായാമെന്നും അവർ കരുതി. മന്ത്രിസഭ, തുടരെത്തുടരെ കൂടാനിടയായി. കോൺഗ്രസ് പാർലമന്ററി പാർട്ടിയിൽ പി.എസ്.പി.യെ ആട്ടിപ്പുറത്താക്കാമെന്ന അഭിപ്രായം തന്നെ പ്രകടമായിരുന്നു.

ശ്രീ. പട്ടത്തേയും പി.എസ്.പി.യെയും പുറംതള്ളുന്നതോടുകൂടി ത്തന്നെ കോൺഗ്രസ്സിനെ വളരെയേറെ പ്രതിബന്ധം ഉണ്ടാക്കുന്ന മലനാട് കർഷകയൂണിയനേയും തല്ലിപ്പൊളിക്കാമെന്നവർ കരുതി. "പി.എസ്. പി.ക്കാരും മുഖ്യമന്ത്രിയുമാണ് കർഷകരെ തോല്പിച്ചത്. അതിനാൽ യഥാർത്ഥ കർഷകപ്രേമികളായ ഞങ്ങൾ, കോൺഗ്രസ്സുകാർ, ഇതാ കർഷകർക്കുവേണ്ടി പി.എസി.പിയേയും മുഖ്യമന്ത്രിയേയും പുറത്താക്കുന്നു" എന്നു പറഞ്ഞ് രക്ഷപെടാമെന്നാണവർ വ്യാമേഹിച്ചത്.

ഈ പരിപാടി നടപ്പിലാക്കാൻവേണ്ടി നേതൃത്വം താഴെക്കിടയിലുള്ളവർക്കു നിർദ്ദേശം കൊടുത്തുതുടങ്ങി. കർഷക യൂണിയൻ പ്രവർത്തകരെ തല്ലിത്തകർക്കുന്നത് കാണാനാഗ്രഹമുണ്ടായിരുന്ന ചുരുക്കം ചിലർക്ക്



malankaralibrary.com

അതിൽനിന്നും രാഷ്ട്രീയമായ ഒരു ലാഭവുംകൂടെ (പി.എസ്.പി. "ബാധ" ഒഴിവാക്കൽ) ഉണ്ടാകുമെന്നു കണ്ടപ്പോൾ വളരെ സന്തോഷമായി. തിരഞ്ഞെടുപ്പിൽ, കർഷകപ്രശ്നങ്ങളോട് അനുകമ്പയും അതു പരിഹരിച്ചുകാണാനാഗ്രഹവും ഉള്ളവരും കോൺഗ്രസ്സിനുവേണ്ടി വീറോടെ പ്രവർത്തിച്ചിരുന്നു. തിരഞ്ഞെടുപ്പുരംഗത്ത് ഉഷാറായി പ്രവർത്തിച്ചിരുന്നവരോടായിരുന്നു പുതിയ പരിപാടി ചർച്ചചെയ്തത്.

അത്തരത്തിലുള്ളവർ, കമ്മ്യൂണിസ്റ്റ് പാർട്ടി ജയിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിരുന്നതെന്ന വസ്തുത കോൺഗ്രസ് നേതാക്കന്മാരാറിഞ്ഞിരുന്നില്ല. ഇത്രയും ഹീനമായ ചിന്തയും പരിപാടിയുമാണ് കോൺഗ്രസ് നേതൃത്വത്തിലുള്ളതെന്നറിഞ്ഞപ്പോൾ ആ നല്ല മനുഷ്യർ, കോൺഗ്രസ്സിനോട് എന്നന്നേയ്ക്കുമായി യാത്രപറഞ്ഞു. ഇത് വെളിയിലാരും അറിഞ്ഞിരുന്നില്ല. ഓരേസമയത്ത് കേരളത്തിൽ പല സ്ഥലത്തും നടന്ന ഒരു സംഭവമാണത്.

തലയെടുപ്പുള്ള പല നേതാക്കൾക്കും ഈ ചിന്താഗതിയുണ്ടായി എങ്കിലും അവരുടെ ചുറ്റുപാടുകൾ, മനസ്സാക്ഷിയുടെ പ്രേരണ അനുസരിച്ചു പ്രവർത്തിക്കുന്നതിനു പ്രതിബന്ധമായിരുന്നു. പിന്നീടുള്ള സ്വകാര്യ സംസാരങ്ങളിൽ ആ വസ്തുത അവരിൽ ചിലർ തുറന്നു സമ്മതിച്ചിട്ടുമുണ്ട്. അവരുടെ ഉന്നതമായി പദവി, രാഷ്ട്രീയമായ സ്ഥാനം, സാമ്പത്തികമായി കിട്ടിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ, അതിലെല്ലാറ്റിലും ഉപരിയായി, കോൺഗ്രസ്സിനെ എതിർത്താൽ, വ്യക്തി രാഷ്ട്രീയ സ്വാധീനത്തിന്റെ കൂമ്പടഞ്ഞുപോകുമെന്ന ഭീതി മുതലായ കാരണങ്ങളാൽ നേരയാക്കാനാവാത്തതരത്തിൽ കോൺഗ്രസ് ദുഷിച്ചു എന്നു നല്ലതുപോലെ മനസ്സിലായിതിനുശേഷവും, ആ സംഘടനയിൽത്തന്നെ കഴിഞ്ഞുകൂടാനവരെ പ്രേരിപ്പിച്ചു ഇന്നും പലരെ സംബന്ധിച്ചും, കോൺഗ്രസ്സിന്റെ തെറ്റുകളെ പരസ്യമായി എതിർക്കാതിരിക്കുകയെന്നുള്ളതു മാത്രമാണ് കോൺഗ്രസ്സിനുവേണ്ടി അവർ ചെയ്യുന്ന സേവനം.

സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിക്കുന്നവരായ കുറെ ആളുകൾ കേരളത്തിലെ പ്രത്യേക പരിതസ്ഥിതികളും കർഷക പ്രശ്നത്തോട് ഗവണ്മെന്റ് കൈക്കൊള്ളുന്ന നടപടികളും കണ്ട് അമ്പരന്നു. അതുമൂലം രാജ്യത്തിനുണ്ടാകാവുന്ന അപകടങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനും അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി കോട്ടയത്ത് ഒരു സമ്മേളനം വിളിച്ചുകൂട്ടാനുള്ള പ്രാരംഭ നടപടികളാരംഭിച്ചു. ആ സമ്മേളനം കോൺഗ്രസ്സിനു ദോഷംചെയ്യുമെന്നു മനസ്സിലാക്കിയ ചിലർ അതു നടത്തിക്കാതിരിക്കാനും പ്രവർത്തനം തുടങ്ങി.

എറണാകുളത്തും അത്തരത്തിലുള്ള ഒരു ശ്രമം നടക്കുന്നുണ്ടായിരുന്നു. കർഷകപ്രശ്നത്തിനു പുറമെ, ലത്തീൻ കത്തോലിക്കാസമുദായത്തെ കോൺഗ്രസ് നേതൃത്വം അവഹേളിച്ചതിലുള്ള അടങ്ങാത്ത അമർഷവും അതിനു കാരണമായി.



malankaralibrary.com



ഈ അവസരത്തിലാണ് തൃശൂരിൽവച്ച് വ്യാപകമായ തോതിൽ ഒരു സമ്മേളനം നടത്തുന്നു എന്ന വാർത്ത പുറത്തുവന്നത്. ഇതറിഞ്ഞതോടെ എറണാകുളത്തും കോട്ടയത്തും നടത്തിയിരുന്ന ശ്രമങ്ങൾ അവർ അവസാനിപ്പിച്ചിട്ട് തൃശൂർ സമ്മേളനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

ഡോക്ടർ വക്കൻസൺ, ആന്റണി തോട്ടാൻ, സി.ജെ. ജോൺ, വർക്കി വടക്കൻ, ശ്രീനിവാസൻ, പോൾ വളപ്പില, ആലി അക്ബർ, ജോസ് മൂഞ്ഞേലി, സി. തെക്കേക്കര, ടി.എൽ. ജോസ്, സി.പി. തിരൂർ മുതലായവർ ചേർന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചു.

കേരളത്തിലെ കോൺഗ്രസ് - പി.എസ്.പി. നേതാക്കളുടെ ധാർഷ്ട്യത്തെ കൊമ്പുകുത്തിക്കാനും, അതുവഴി സാധുക്കൾക്കും സാധാരണക്കാർക്കും വളരത്തക്ക ഒരു സാഹചര്യം സൃഷ്ടിക്കാനും സമർത്ഥമായ ഒരു പാശ്ചാത്തലം കേരളത്തിലുണ്ടാക്കാനുള്ള പോംവഴികളാരായാനും വേണ്ടി ഇന്നാട്ടിലെ ഈശ്വരവിശ്വാസികളും, കർഷക- തോഴിലാളി- സമൂഹ്യ- രാഷ്ട്രീയ പ്രവർത്തകരുമായവരുടെ ഒരു സമ്മേളനം തൃശൂർ ടൗൺഹാളിൽ മാർച്ചുമാസം നാലാം തീയതി കൂടണമെന്നവർ അഭ്യർത്ഥിച്ചു.

കേരളത്തിൽ ഒരു ചലനംതന്നെ സൃഷ്ടിക്കാൻ ആ പ്രസ്താവനക്കു കഴിഞ്ഞു. വെടിമരുന്നിൽ വീണ തീപ്പൊരുപോലെയായിരുന്നു അത്. പ്രസ്താവനയെപ്പറ്റിയുള്ള ചർച്ചകൾ നാട്ടിലുടനീളം നടക്കുന്നുണ്ടായിരുന്നു. സമ്മേളനത്തിൽ സംബന്ധിക്കാനുള്ള തയ്യാറെടുപ്പും.

കർഷകസമരത്തെപ്പറ്റി വീശദീകരിക്കാനും എന്റെ അറസ്റ്റിൽ പ്രതിഷേധിക്കാനുമായി തൃശൂരിൽ നടന്ന യോഗത്തിൽ ഒരു ലക്ഷത്തിലേറെ ജനങ്ങൾ പങ്കെടുത്തത് കോൺഗ്രസ്സ് നേതൃത്വത്തെ വെറളി പിടിപ്പിച്ചു. ഏതാനും മണിക്കൂറു മാത്രം കൊണ്ടാണ് ആ യോഗം സംഘടിപ്പിക്കപ്പെട്ടത്. എന്നിട്ടും അത്രമാത്രം വമ്പിച്ച ഒരു ജനക്കൂട്ടമുണ്ടായതിൽ നിന്നും ബഹുജനങ്ങൾക്ക് കർഷകപ്രശ്നത്തിലുള്ള താല്പര്യം പ്രകടമായിരുന്നു.

## ആദ്യകാല സഹപ്രവർത്തകർ



അഡ്വ. കെ.പി. ദേവസ്സി



ചുമ്മാർ ചൂണ്ടൽ



പി. ജനാർദ്ദനൻ



എ.സി. റഷായി



malankaralibrary.com

## അനുബന്ധം 1:

# നിരാഹാരവ്രതം നിർത്തിവെക്കുക

## ജനനേതാക്കളുടെ അഭ്യർത്ഥന

(തിരു: മാർച്ച് 1962)

## ലീഗുനേതാക്കളുടെ ആഹ്വാനം

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് പ്രസിഡന്റ് ജ: മുഹമ്മദ് ഇസ്മായേൽ സാഹിബ്ബ്, കേരളാസ്റ്റേറ്റ് മുസ്ലിംലീഗ് പ്രസിഡന്റ് ജ: സെയ്യിദ് അബ്ദുറഹിമാൻ ബാഫക്കിതങ്ങൾ, മുൻമന്ത്രി പി.കെ. കുഞ്ഞ്, മുൻ സ്പീക്കർ മി. മുഹമ്മദുകേയ എന്നിവർ താഴെക്കാണുന്ന ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

മലനാട് കർഷകയൂണിയൻ നേതാക്കളായ ശ്രീ: വെല്ലിംഗ്ടൻ, ശ്രീ: കുട്ടിശങ്കരൻനായർ, ശ്രീ. പെരുമന എന്നിവർ ഫെബ്രുവരി 12-ാം തീയതി മുതൽ ആരംഭിച്ചിട്ടുള്ള ഉപവാസം രാജ്യത്താകമാനം വലിയ ഉല്ക്കണ്ഠയാണുളവാക്കിയിട്ടുള്ളത്. ഇതിനെത്തുടർന്ന് ശ്രീ. മുഹമ്മദാലി, ശ്രീ: ചുമ്മാർ, ശ്രീ: ലാസർ തുടങ്ങിയ അനേകം സാമൂഹ്യപ്രവർത്തകർ അനുഭാവ ഉപവാസങ്ങൾ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലെ കർഷകരുടെ നീതിപൂർവ്വമായ അവകാശങ്ങൾ നേടിയെടുക്കുവാൻവേണ്ടി ആരംഭിച്ചിട്ടുള്ള ഉപവാസയജ്ഞത്തോട് അവജ്ഞയും മർക്കടമുഷ്ടിയുമാണ് ഗവണ്മെന്റ് കാണിക്കുന്നത്. സർക്കാരിന്റെ ഈ നയത്തോട് കേരളത്തിലെ ജനങ്ങൾക്ക് അതിയായി അമർഷമുണ്ട്. ഈ കഴിഞ്ഞ പാർലമെന്റു തിരഞ്ഞെടുപ്പിലും ഈ ജനരോഷത്തിന്റെ പ്രകടനം ഉണ്ടായിട്ടുണ്ട്. സർക്കാരിന്റെ ഇന്നത്തെ നയത്തിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ ജനങ്ങൾ സന്നദ്ധരാണെന്ന് കർഷകരെയും തൊഴിലാളികളേയും മറ്റു പിന്നോക്കവിഭാഗക്കാരേയും അണിനിരത്തിവരുന്ന ഈശ്വരവിശ്വാസികളുടെയും ജനാധിപത്യപ്രേമികളുടേയും ഒരു പ്രത്യുത്ഥാനമാണ് ഇന്ന് കാണുന്നത്. അത് മരണാസന്നരായ സന്നദ്ധ ഭടന്മാർക്കു പുളകവും, പുതുജീവനും നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ മലനാട് കർഷകയൂണിയൻ ഭടന്മാർ തങ്ങളുടെ ഉപവാസത്തിൽനിന്നും പിൻവാങ്ങണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മലനാട് കർഷകയൂണിയന്റെ ആവശ്യങ്ങൾ സാധിച്ചുകിട്ടാൻ ജനങ്ങളുടെ പിൻബലം ലഭിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. ജനങ്ങളുടെ ഉയർത്തെഴുന്നേല്പിനുവേണ്ടി പ്രവർത്തിക്കേണ്ട നിങ്ങളുടെ ആരോഗ്യവും ജീവനും വിലപ്പെട്ടതാണ്. ആയതിനാൽ സഹൃദയകേരളത്തിന്റെ നാമത്തിൽ ഉപവാസം അവസാനിപ്പിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

(4-3-1962 'തൊഴിലാളി')



malankaralibrary.com



# നടരാജപിള്ളയുടെ അഭ്യർത്ഥന

തിരു: മാർച്ച് 2. (1962)

മുൻ ധനകാര്യമന്ത്രിയും കേരളത്തിന്റെ തലസ്ഥാന നഗരിയിൽവെച്ച്, സങ്കരശക്തിയെ നിലംപരിശാക്കി പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ട ധീരദേശാഭിമാനിയുമായ ശ്രീ: പി.എസ്. നടരാജപിള്ള എഴുതുന്നു:-

കർഷകരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി മലനാട് കർഷകയൂണിയൻ നടത്തുന്ന സമരം ഗവണ്മെണ്ടിന്റേയും ജനങ്ങളുടേയും ഗൗരവപൂർണ്ണമായ പരിഗണനയ്ക്ക് ഒരുപോലെ വിഷമമാകേണ്ടിയിരിക്കുന്നു. അനുകമ്പാസമന്വിതവും നീതിപൂർവ്വവുമായ ഒരു സമീപനമാണ് കാർഷികപ്രശ്നങ്ങൾക്കാവശ്യം.

യൂണിയൻ നടത്തുന്ന ഈ സമരത്തെ അനേകംപേരുടെ നിരാഹാരസത്യാഗ്രഹത്തിലും മറ്റനവധി മാനുഷികദുരിതങ്ങളിലും കൊണ്ടെത്തിച്ചത് ഏറ്റവും നിർഭാഗ്യകരമായിരിക്കുന്നു. കേരളത്തിലെ കാർഷികപ്രശ്നങ്ങൾക്കു നീതിയുക്തവും സഹതാപപൂർവ്വവുമായ ഒരു പരിഹാരം കാണുന്നതിന് എന്റെ പുതിയ പ്രവർത്തിമണ്ഡലം കഴിവതും വിനിയോഗിക്കപ്പെടുമെന്ന് ഉറപ്പുതന്നാൽ അതൊരു സാഹസമായി കണക്കാക്കുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. നിരാഹാരവ്രതം ഇനി നീട്ടിക്കൊണ്ടുപോകരുതെന്ന് ഞാനഭ്യർത്ഥിക്കുന്നു.

(4-3-1962 'തൊഴിലാളി')

# പൊന്നറ ശ്രീധറിന്റെ പ്രസ്താവന (തിരു. മാർച്ച് 1)

ശ്രീ. വെല്ലിംഗ്ടനും മറ്റു ചില സ്നേഹിതന്മാരും ആരംഭിച്ചതായ നിരാഹാരസത്യാഗ്രഹം ഇന്നും തുടർന്നുകൊണ്ടുപോകുകയാണെന്ന് കാണുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എല്ലാവർക്കും മാന്യമായ ഒരു ഒത്തുതീർപ്പിൽ എത്താവുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ഈവിധ യാതന നിങ്ങൾ അനുഭവിക്കുന്നതെന്ന് കാണുന്നതാണ് കൂടുതൽ വേദനാജനകം. ഇനിയെങ്കിലും നിങ്ങളുടെ സത്യാഗ്രഹം അവസാനിപ്പിക്കണമെന്ന് എന്റെ താഴ്മയായ അപേക്ഷ ന്യായമായ എല്ലാ അവകാശങ്ങളും നേടുന്നതിന് സമാധാനപരമായതും, ജനാധിപത്യസമ്പ്രദായത്തിന് അനുയോജ്യമായതും ആയ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിന് നിങ്ങളെപ്പോലുള്ള സ്നേഹിതരെ ആവുംവിധം സഹായിക്കുന്നതിന് ഞാനും എന്റെ ചില സ്നേഹിതന്മാരും ഉണ്ടായിരിക്കുമെന്ന് നിങ്ങൾക്ക് വിശ്വസിക്കാം. നിങ്ങൾ സത്യാഗ്രഹനടപടി ഉടൻ അവസാനിപ്പിച്ച് അനന്തര നടപടികളെപ്പറ്റി ആലോചിക്കണമെന്ന് ഒന്നുകൂടി അപേക്ഷിക്കുന്നു.

ബഹുജന നേതാക്കളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും മാർച്ച് 4-ന് തൃശൂർ ചേർന്ന സമ്മേളനത്തിന്റെ അടിസ്ഥാനത്തിലും ഉപവാസസമരം അവസാനിപ്പിച്ചു.



malankaralibrary.com

# 8. കർഷക തൊഴിലാളി പാർട്ടി രൂപീകരണവും ലോക്കപ്പ് മർദ്ദനവും

മലനാട് കർഷക യൂണിയൻ നേതാക്കൾ രാജ്യവ്യാപകമായി ഉപവാസത്തിൽ ഏർപ്പെട്ടങ്കിലും സർക്കാർ അതിനോട് യാതൊരു അനുകൂല മനോഭാവവും കാണിച്ചില്ല. കർഷക ദ്രോഹികളുടെ രാഷ്ട്രീയ ശക്തിയെ കർഷകരുടെ രാഷ്ട്രീയ ശക്തി കൊണ്ട് നേരിടുകയാണ് ശരിയായ മാർഗ്ഗമെന്ന് ഫാ. വടക്കൻ അഭിപ്രായപ്പെട്ടു. മലനാട് കർഷക യൂണിയന് രാഷ്ട്രീയ പരിപാടി ഉണ്ടായിരുന്നില്ല. പ്രത്യേക കക്ഷിയോട് ചായ്വില്ലാതെ തനി അരാഷ്ട്രീയ സംഘടനയായിരുന്നു മലനാട് കർഷക യൂണിയൻ. അതിനാൽ കർഷക താല്പര്യങ്ങൾ സംരക്ഷിക്കാൻ പാർലമെന്റ് രാഷട്രീയമുള്ള ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുക ആവശ്യമായി. സാധാരണ രാഷ്ട്രീയ സംഘടനകൾ അതിന്റെ പോഷക സംഘടനകളായി കർഷക-തൊഴിലാളി -അദ്ധ്യാപക-സാംസ്കാരിക സംഘടനകൾ കെട്ടിപ്പെടുക്കുകയാണ് പതിവ്. എന്നാൽ രാഷ്ട്രീയമില്ലാത്ത മലനാട് കർഷക യൂണിയൻ അതിന്റെ ഒരു പോഷക സംഘടനയായി ഒരു രാഷ്ട്രീയ പാർട്ടി കെട്ടിപ്പെടുക്കാനാണ് തീരുമാനിച്ചത്. ഇതിനെപ്പറ്റി ചർച്ച ചെയ്യുവാൻ തൃശ്ശൂർ ടൗൺ ഹാളിൽ 1962 മാർച്ച് 4-ന് ഒരു സമ്മേളനം വിളിച്ചു കൂട്ടി. പ്രസ്തുത സമ്മേളനത്തിൽ സ്വാതന്ത്ര്യ സമരസേനാനിയും പ്രമുഖ സാമൂഹ്യപ്രവർത്തകനും ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭവിച്ചയാളുമായ ഡോ. വക്കൻസൺ അദ്ധ്യക്ഷ്യം വഹിച്ചു. (അദ്ദേഹം പിന്നീട് രാഷ്ട്രീയം ഉപേക്ഷിച്ച് സുവിശേഷപ്രഘോഷകനായി മാറി. 86-ാം വയസ്സിൽ 28.06.2009-ൽ നിര്യാതനായി) പ്രധാന കേന്ദ്രങ്ങളിൽ ഉപവാസം അനുഷ്ടിച്ചവരെ ആശുപത്രിയിലാക്കിയിരിക്കുകയാണ്. അവർ അവിടെയും ഉപവാസം തുടർന്നു. ഈ സന്ദർഭത്തിലാണ് തൃശ്ശൂർ സമ്മേളനം. അതറിഞ്ഞതോടെ ഭരണ കക്ഷിയിൽ വെപ്രാളമായി. ഡൽഹിയിലും മറ്റും സംഘർഷങ്ങളായി. കോൺഗ്രസ്സുകാർ സകല സ്വാധീനവും ഉപയോഗിച്ച് ഫാ. വടക്കന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ശ്രമിച്ചു. കേന്ദ്രം തുടങ്ങി കേരളം വരെയുള്ള കോൺഗ്രസ്സ് നേതാക്കൾ കത്തോലിക്കാ സഭയുടെ ഉന്നതതലത്തിലൂടെ ചെലുത്തിയ സ്വാധീനം കൊണ്ട് പല രൂപതകളിലും വടക്കനച്ചന് പ്രവർത്തനാനുമതി നിഷേധിച്ചു. ഫാ. വടക്കന്റെ 'എന്റെ കുതിപ്പും കിതപ്പും' എന്ന ആത്മകഥയിൽ (Page 164-166) ഇപ്രകാരം എഴുതിയിരിക്കുന്നു. "മെത്രാന്റെ വിലക്കു കാരണം ടൗൺഹാളിൽ കൂടിയ സമ്മേളനത്തിൽ ഞാൻ സംബന്ധിച്ചില്ല. കേരളത്തിന്റെ




malankaralibrary.com



നാനാഭാഗത്തു നിന്നുമായി 600-ഓളം പ്രവർത്തകർ ആവേശ പൂർവ്വം സംബന്ധിച്ച ആ സമ്മേളനമാണ് കർഷക തൊഴിലാളി പാർട്ടിക്ക് രൂപം കൊടുത്തത്.

പ്രവർത്തകർ സ്വന്തം വിരലിലെ രക്തം കൊണ്ട് ഒപ്പു വച്ചാണ് കെ.ടി.പിയിൽ ചേർന്നത്. സംഘടനയുടെ ജനറൽ സെക്രട്ടറിയായി വെല്ലിംഗ്ടണെ തിരഞ്ഞെടുത്തു".

ആ ഉദ്ഘാടന ദിവസം മാർച്ച് 4-ന് മുഖ്യമന്ത്രി പട്ടം രാമനിലയത്തിലേക്കു വരുന്നുണ്ടായിരുന്നു. അവിടെ ഒരു കരിങ്കൊടി പ്രകടനം നടത്താൻ പ്രവർത്തകർ നിശ്ചയിച്ചു. മുഖ്യമന്ത്രിയുടെ കാർ വരുന്നുവെന്നറിഞ്ഞപ്പോൾ ടൗൺഹാളിൽ നിന്നും പുറത്തു കടന്നവർ റോഡിലേക്ക് ഓടിച്ചെന്നു. കാറിലേക്ക് ആരോ ഒരാൾ കല്ലെറിഞ്ഞുവെന്നാണു പറയുന്നത്. പോലീസ് കണ്ണിൽ പെട്ടവരെയാകെ വാനിൽ കയറ്റി സ്റ്റേഷനിലേക്കു കൊണ്ടു പോയി. എന്റെ അറിവിൽ ആരും കല്ലെറിഞ്ഞിട്ടില്ല. ഞങ്ങളറിയാതെ ഒരു വികൃതി എറിഞ്ഞതാവാം. അല്ലെങ്കിൽ ഞങ്ങളുടെ ശത്രുക്കൾ കല്ലേറഭിനയം നടത്തിയതാവാം. ഏതായാലും ഒരു കല്ല് പട്ടത്തിന്റെ ശരീരത്തിൽ തട്ടിയെന്നത് ശരിയാണ്, എന്തെന്നാൽ മുൻശുണ്ഠിയും ദുർവാശിയും ഉണ്ടെങ്കിലും ഇല്ലാത്തത് ഉണ്ടെന്നു പറയുന്ന അസത്യവാദിയായിരുന്നില്ല പട്ടം. തല്പര കക്ഷികളുടെ ഗൂഢാലോചനയാവാം ആ കല്ലേറ്. പോലീസ് ലോക്കപ്പിൽ അന്നു നടന്ന മർദ്ദനത്തിന്റെ ഭീകരതതന്നെ ഈ അനുമാനത്തിനടിസ്ഥാനം.


ഡോ. വക്കൻസൺ

പോലീസ് നിരപരാധികളായ നാല്പതോളം യുവാക്കളെ ലോക്കപ്പിലിട്ടു നേരം പുലരും വരെ കഠിനമായി മർദ്ദിച്ചു. ചിലരുടെ ദേഹം നീരു കൊണ്ടു നിറഞ്ഞു നിന്നിരുന്നു. ഇത്ര ക്രൂരമായ ഒരു ലോക്കപ്പു മർദ്ദനം കേരളത്തിന്റെ ചരിത്രത്തിൽ അന്നു വരെ ഉണ്ടായിട്ടില്ല. പ്രത്യേകം ഇറക്കുമതി ചെയ്ത ക്രൂരന്മാരായ പോലീസുകാർ എന്റെ സഹപ്രവർത്തകരെ ഇടിച്ചും ചവിട്ടിയും രോഗികളാക്കി. തൊഴിലാളി മാനേജരായിരുന്ന ഡേവിഡ് ആവോക്കാരന് കഠിന മർദ്ദനങ്ങളാണ് അനുഭവിക്കേണ്ടി വന്നത്. അന്നു മർദ്ദനമേറ്റവരിൽ ചിലർ ഇന്നും രോഗികളായി നടക്കുന്നു. എത്ര ചികിത്സിച്ചിട്ടും ആരോഗ്യം വീണ്ടുകിട്ടിയിട്ടില്ല.

മർദ്ദിതർക്ക് ജാമ്യം നിഷേധിച്ചു. എല്ലാവരെയും റിമാണ്ടിലാക്കി. ഞങ്ങൾ സുപ്രീംകോടതിവരെ പോയി, കേസ് മറ്റൊരു സംസ്ഥാനത്തിലേക്കു മാറ്റിക്കിട്ടാൻ. ഗുജറാത്തിൽ ജസ്റ്റീസായിരുന്ന ഒരു ദേശീയിയായിരുന്നു ഞങ്ങളുടെ വക്കീൽ. 3000 രൂപാ ഓരോ പ്രാവശ്യവും ചാർജ്. സുപ്രീം കോടതി ഞങ്ങളുടെ ഹർജി ഫയലിൽ സ്വീകരിച്ചു. രണ്ടു തവണ നീട്ടി. മൂന്നാം തവണ തള്ളപ്പെടുകയും ചെയ്തു. 12000 രൂപ വക്കീൽ ഫീസ്! വേറെ 2000 രൂപാ പലവക ചെലവ്. ഈ സംഖ്യ കേരളത്തിലെ സാധുക്കളും സാധാരണക്കാ



malankaralibrary.com

രുമായ ജനങ്ങൾ ഒരു രൂപ, രണ്ടു രൂപ തോതിൽ എനിക്ക് അയച്ചുതരികയാണുണ്ടായത്. കോടതികളോട് എനിക്കൊരു ബഹുമാനക്കുറവുമില്ല.

പക്ഷേ ജസ്റ്റീസുമാർക്കു തെറ്റാവരമുണ്ടെന്ന് എനിക്കു വിശ്വാസമില്ല.


സുപ്രീം കോടതി പെറ്റീഷൻ തള്ളിയെന്നു കേട്ടപ്പോൾ ഞാൻ ഇടിവെട്ടേറ്റ പോലെയായി. ഇനി എന്തു ചെയ്യും. എന്നായി ആലോചന. അടുത്ത ദിവസം പത്രത്തിൽ വായിച്ചു പട്ടത്തെ ഗവർണറാക്കിയെന്ന്. അപ്പോൾ ആശങ്ക പത്തിരട്ടിയായി. രാത്രി തിരുവനന്തപുരം ആർച്ചു ബിഷപ്പിന്റെ ഒരു ഫോൺ വന്നു. നിയുക്ത ഗവർണർ പട്ടം താണുപിള്ള തൃശ്ശൂർ കല്ലേറുകേസ് പിൻവലിക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരിക്കുന്നു എന്നായിരുന്നു ആ സന്ദേശത്തിന്റെ രത്നചുരുക്കം. എന്റെ ഹൃദയം സന്തോഷത്താൽ തുടിച്ചു. നല്ലവനായ ദൈവത്തോടു ഞാൻ നന്ദി പറഞ്ഞു. അടുത്ത ദിവസം കേരളസർക്കാർ കേസ് പിൻവലിക്കുകയും ചെയ്തു. അങ്ങനെ നിരപരാധികൾ നിരപരാധികളായി.

തൃശ്ശൂർ ലോക്കപ്പു മർദ്ദനം കേരളത്തിലെ ഒരു കറുത്ത അദ്ധ്യായമായി നില കൊള്ളും. ആ മർദ്ദനമേറ്റവരിൽ പലരും ഇന്ന് ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും എന്ന നിലയിൽ കഴിയുന്നു. കെ.ടി.പി പ്രവർത്തകർ മാർച്ച് നാലിന് ഇന്നും ഒത്തു കൂടി ലോക്കപ്പ് മർദ്ദനത്തിന്റെ സ്മരണ നിലനിർത്താറുണ്ട്.

പിന്നീട് ലോക്കപ്പ് മർദ്ദനമേറ്റവർക്ക് ജാമ്യം അനുവദിച്ചു. അപ്പോൾ സി.ജെ. ജോണിന്റെ നേതൃത്വത്തിൽ തൃശൂർ റൗണ്ടിൽ ഗംഭീരമായ ഒരു പ്രകടനം നടത്തി.

## ലോക്കപ്പ് മർദ്ദനത്തെപ്പറ്റി അശോകനും പീറ്ററും

കെ.ടി.പി രൂപീകരിച്ചതിനുശേഷം ടൗൺഹാളിൽ നിന്നും ഉച്ചതിരിഞ്ഞ് ആളുകൾ പുറത്തേക്കിറങ്ങി. അപ്പോഴാണ് മുഖ്യമന്ത്രി പട്ടംതാണുപിള്ള രാമനിലയത്തിലേക്ക് വരുന്നുണ്ടെന്നറിഞ്ഞത്. അപ്പോൾ ഒരു കരിങ്കൊടു കാണിക്കാൻ തയ്യാറായി. പട്ടം വന്നപ്പോൾ പട്ടം ഗോ ബാക്ക് എന്ന് വിളിച്ച് കരിങ്കൊടി കാണിച്ചു.



അശോകൻ

ഇതിനിടയിൽ ഏതാനുംപേരെ പോലീസ് കസ്റ്റഡിയിലെടുത്ത് ടൗൺ സ്റ്റേഷനിലേക്കു കൊണ്ടുപോയി. അവർ അവിടെ താമാശ പറഞ്ഞ് സമയം ചിലവഴിച്ചു കൊണ്ടിരുന്നു. 6 മണിയായപ്പോൾ അവരെ ലോക്കപ്പിലേക്കു കൊണ്ടുപോയി. രാത്രി 10 മണി കഴിഞ്ഞ് ഓരോരുത്തരെയായി പോലീസ് ലോക്കപ്പിൽ നിന്നും കൊണ്ടുപോയി. പിന്നെ നടന്നത് കിരാതത്വത്തിന്റെ കഥയാണ്. തൃശൂർ ലോക്കപ്പ് മർദ്ദനത്തിന് വിധേയനായ ചെത്തു തൊഴിലാളി യൂണിയൻ സെക്രട്ടറിയായിരുന്ന പി.കെ.അശോകൻ ഫാ. വടക്കൻ ഒരു സ്മൃതി




malankaralibrary.com



ഗാഥ എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 286) "അടിമരാജ്യങ്ങളിൽ പോലും കേൾക്കാത്ത ക്രൂരമായ മർദ്ദനത്തിന്റെ കഥ. ഈറ്റപ്പുലികളെപ്പോലെ പോലീസ് ഞങ്ങളുടെ മേൽ ചാടിവീണു. ബൂട്ട്സിട്ട കാലുകൊണ്ട് അവർ നെഞ്ചത്തും കുടവയററിലും നാഭിയിലും ചവുട്ടി. ലാത്തികൊണ്ടും റൂൾവടികൊണ്ടും കാൽ വെള്ള മുതൽ ശരീരമാസകലം ഇഞ്ചചതയ്ക്കുന്നപോലെ ചതച്ചു. ചെവിയിലും മൂക്കിനും മുഷ്ടി ചുരുട്ടി ഇടിച്ചും കൈകൾ പിരിച്ചു. പിറകിലേക്കു പിടിച്ചു തലങ്ങും വിലങ്ങും മർദ്ദിച്ചു. പലരും നിലവിളിക്കാൻ ശ്രമിച്ചപ്പോൾ വായിൽ തുണി തിരികിക്കയറ്റി. മുഖ്യമന്ത്രിയെ കല്ലെറിയുമോടാ റാസ്ക്കൽ എന്ന് അലറിക്കൊണ്ടായിരുന്നു ചിലരുടെ മർദ്ദനം. അപ്പോഴാണ് ഈ കല്ലേറുകഥ ഞങ്ങൾ ആദ്യമായി കേൾക്കുന്നത്."

ലോക്കപ്പ് മർദ്ദനത്തിന് വിധേയനായ ഇ.ഒ.പീറ്റർ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക.(പേജ് 259,260) രാത്രി രണ്ടുമണിയായപ്പോൾ ലോക്കപ്പു മുറിയിലുള്ള ഞങ്ങളെ രണ്ടും മൂന്നും പേർ വീതമുള്ള സംഘങ്ങളായികൊണ്ടു പോയി..... അവസാനത്തെ സംഘത്തിലാണ് എന്നെ ഇറക്കികൊണ്ടുപോയത്. രണ്ടു നിരയായി നിന്നിരുന്ന മുപ്പതോളം പോലീസുകാരുടെ ഇടയിലുടെയായിരുന്നു എനിക്കു പോകേണ്ടിയിരുന്നത്. ഞാൻ അവരുടെ മദ്ധ്യത്തിലൂടെ നടന്നു. പെട്ടെന്നാണ് ഒരു ഇടി എന്റെ പുറത്തു വീണത്. ഞാൻ തെറിച്ചു വീണത് അടുത്തു നിൽക്കുന്ന പോലീസുകാരന്റെ മുൻപിലേക്കാണ്. ആ പോലീസുകാരൻ എന്നെ ആഞ്ഞു ചവിട്ടി. അങ്ങനെ മുപ്പതോളം പോലിസുകാർ ചേർന്ന് പന്തുകണക്കെ എന്നെ തട്ടിക്കളിച്ചു. അപ്പോഴേക്കും സമയം അഞ്ചുമണിയായിക്കഴിഞ്ഞിരുന്നു. എന്നെ മർദ്ദിച്ചിരുന്ന ആ പോലീസുകാരൻ അപ്പോൾ വിയർത്തൊലിക്കുകയായിരുന്നു. എന്റെ എല്ലുകൾ നുറുങ്ങുന്നതു പോലെ തോന്നി. മംസപേശികളിൽ അസഹ്യമായ വേദന. അവർ എന്നെ ഇൻസ്പെക്ടർ ഇരിക്കുന്ന മുറിയിലേക്ക് തള്ളിവിട്ടു. ഞാൻ വേച്ചു വേച്ചു മുറിയിലേക്കു പ്രവേശിച്ചു പെട്ടെന്നാണ് എന്റെ വയറ്റിൽ ലാത്തിവടികൊണ്ട് ആഞ്ഞൊരു കുത്ത് കിട്ടിയത്. അത് ഇൻസ്പെക്ടർ മാധവമേനോനായിരുന്നു. തുടർന്ന് അവിടെയുണ്ടായിരുന്ന പോലീസുകാരും അവരുടെ കൈവിരുത് എന്നിൽ പ്രയോഗിച്ചു. എന്റെ തല കറങ്ങി. ആകെ ഒരു മൂടൽപോലെ."



ഇ.ഒ. പീറ്റർ

ഇരിക്കെടാ അവിടെ മാധവമേനോൻ ഗർജ്ജിച്ചു. ഒരു പോലീസുകാരൻ ചൂരലുമായി എന്റെ അടുക്കലേക്കുവന്നു. കാൽ നീട്ടുവാൻ പോലീസുകാരൻ ആജ്ഞാപിച്ചു. കാൽ നീട്ടിയിരുന്നു. തുടർന്ന് അയാൾ കാൽവെള്ളയിൽ നിറുത്താതെ ആഞ്ഞടിക്കുവാൻ തുടങ്ങി. ഞാൻ വേദനകൊണ്ടു പുളഞ്ഞു. എഴുന്നേൽപിച്ചു നിറുത്തി അവിടെ നിന്ന് ചാടാൻ എന്നോട്



malankaralibrary.com

ആജ്ഞാപിച്ചു. ചാടാൻ ഞാൻ അശക്തനായിരുന്നു. കാപ്പി വേണോയെന്ന് പോലീസുകാരൻ ചോദിച്ചു. വേണമെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഒരു പോലീസുകാരൻ ലാത്തികൊണ്ട് എന്റെ പള്ളക്കു കുത്തി. മറ്റൊരു പോലീസുകാരൻ കരണത്തടിച്ചു. ഇതാടാ ഇവിടുത്തെ കാപ്പി എന്നു പറഞ്ഞു. പീറ്റർ പിന്നീട് തൃശൂർ മുൻസിപ്പൽ ആക്ടിംഗ് ചെയർമാനായി.

## ഈ രക്തത്തിൽ തീയുണ്ട്

കേരളത്തിന്റെ മനസാക്ഷിയെ പിടിച്ചു കുലുക്കിയ ഒരു സംഭവമായിരുന്നല്ലോ തൃശൂർ ലോക്കപ്പ് മർദ്ദനം. മർദ്ദനമേറ്റ രണ്ടുപേരുടെ കഥ മുൻപ് വിവരിച്ചിട്ടുണ്ടല്ലോ. നാടകകൃത്തും പ്രമുഖ സാഹിത്യകാരനുമായ സി.എൻ, ജോസ് ലോക്കപ്പ് മർദ്ദനത്തിന്റെ പാശ്ചാത്തലത്തിൽ ഒരു നാടകമെഴുതി. ഈ നാടകത്തിന്റെ പേര് " ഈ രക്തത്തിൽ തീയുണ്ട്" ലോക്കപ്പ് മർദ്ദനത്തെപ്പറ്റി ശ്രീ. സി.എൽ. ജോസിന്റെ വാക്കുകൾ താഴെ ചേർക്കുന്നു. " ഏതായാലും പട്ടം കല്ലേറു കേസിന്റെ പേരിൽ ഫാ. വടക്കന്റെ അനുയായികളും അനുഭാവികളുമായ നിരവധി നിരപരാധികളെ അന്ന് അറസ്റ്റു ചെയ്തു. അവിടുന്നങ്ങോട്ടു പിന്നെ പോലീസിന്റെ തേർവാഴ്ചയായിരുന്നു. അന്ന് രാത്രി തൃശൂർ ലോക്കപ്പിലിട്ട് അവരെ അതിനിഷ്ഠൂരമായി മർദ്ദിച്ചു. എന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു ഡേവിഡ് ആവോക്കാരനും ഇ.ഒ. പീറ്ററും നെഞ്ചത്തും മുതുകിലും ബൂട്ടിസിട്ട കാലുകൊണ്ടു ചവിട്ടേറ്റവർ, ചുമരോട് ചേർന്ന് നിൽക്കേ കുടവയറ്റിൽ ഇടിയേറ്റവർ, കണ്ണും മുഖവും അടിയേറ്റ് നീലച്ചു നീരു വന്നവർ, ചുണ്ടിൽ നിന്നും വായിൽ നിന്നും നീരൊഴുകിയവർ, കാൽവെള്ളകളിൽ കഠിനമായ പ്രഹരമേറ്റ് നടക്കാൻ വയ്യാതായവർ, ലാത്തിയടിയേറ്റ് തല പൊട്ടിയവർ, എല്ലൊടിഞ്ഞവർ, ബോധമറ്റവർ, അങ്ങനെ എത്രയോ ഭീകരചിത്രങ്ങൾ. അന്നത്തെ തൃശൂർ ലോക്കപ്പിൽ നിന്നും പാതിരാവിന്റെ നിശബ്ദതയിൽ നിരപരാധികളുടെ നിലവിളികൾ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു.

നിന്ദ്യവും ദയനീയവുമായ ലോക്കപ്പ് മർദ്ദനത്തിന്റെ റിപ്പോർട്ടുകൾ ഒന്നൊന്നായി പുറത്തു വന്നു. ഓരോരുത്തർ അവരവരുടെ കരളലിയിക്കുന്ന അനുഭവങ്ങൾ സത്യസന്ധമായി എഴുതി. കേട്ടവരും വായിച്ചവരും വേദനിച്ചു. ആ വേദന ഒരു തരം അമർഷവും പ്രതിഷേധവുമായി മാറി. ആ അമർഷ പ്രതിഷേധങ്ങൾ അക്ഷരങ്ങളുടെ രൂപത്തിൽ ഉരുണ്ടുകൂടി. ആ അക്ഷരങ്ങൾ ഒരു നാടകമായി രൂപം കൊണ്ടു. ആ നാടകത്തിന്റെ പേരാണ് " ഈ രക്തത്തിൽ തീയുണ്ട്."

ഒരു പാവപ്പെട്ട മലയോര കർഷക കുടുംബം. മലനാട് കർഷക യൂണിയൻ പ്രവർത്തകനും അനീതിയോട് പോരാടുന്നവനും കുടുംബത്തിന്റെ നെടുംതൂണുമായ കുഞ്ഞപ്പൻ എന്ന യുവാവ് പോലീസിന്റെ പൈശാചിക മർദ്ദനമേറ്റ് മൃതിയടഞ്ഞ കദനകഥയാണ് അതിന്റെ ഉള്ളടക്കം. പോലീസി



malankaralibrary.com




ന്റെ— മൂൻ ചെയ്തികളെ നഖശിഖാന്തം വിമർശിക്കുകയും അവരുടെ മനുഷ്യത്വമില്ലായ്മയെ തൊലിയുരിയിച്ചു കാണിക്കുകയും ചെയ്യുന്ന പല സന്ദർഭങ്ങളും മുഹൂർത്തങ്ങളുമുണ്ട്. പ്രമേയത്തിന് ഇണങ്ങുന്ന വിധം ധാരാളം ചിരിക്കാനുമുള്ള വകയും ഇതിൽ ഉൾക്കൊള്ളിച്ചിരുന്നു.

നാടക കൃത്തിന്റെ പേര് ലളിതൻ എന്നായിരുന്നു അച്ചടിച്ചിരുന്നത്. ഈ നാടകകൃത്ത് സി.എൽ. ജോസാണെന്നത് അനേക വർഷം കഴിഞ്ഞാണ് ജോസ് പുറത്തുവിടുന്നത്.

തോമസ് പാറന്നൂരായിരുന്നു നാടകത്തിന്റെ സംവിധായകൻ. അദ്ദേഹം തന്നെയാണ് ഗാനങ്ങൾ രചിച്ചതും. നൂറുകണക്കിന് സ്റ്റേജുകളിൽ പ്രസ്തുത നാടകം അഭിനയ്ച്ചു എവിടെയും വമ്പിച്ച ജനക്കൂട്ടമായിരുന്നു. പോലീസു മർദ്ദനമേറ്റ് അവശനായ കുഞ്ഞപ്പന്റെ ഭാഗം മികച്ച ഭാവാഭിനയും കൊണ്ട്സി. എ.പോൾ ഗംഭീരമാക്കി. പോളിന്റെ ആദ്യ നാടകമായിരുന്നു അത്. ലോക്കപ്പ് മർദ്ദനത്തിന് വിധേയരായ് ഇ.ഒ.പീറ്ററും ഡേവിഡ് അവോക്കാരനും ഈ നാടകത്തിൽ നല്ല അഭിനയം കാഴ്ചവച്ചു.


നാടകാഭിനയത്തിലൂടെ രംഗത്തുവന്ന സി.ഐ.പോൾ ഫാ.വടക്കന്റെയും ബി.വെല്ലിംഗ്ടന്റെയും നേതൃത്വത്തിൽ നടന്ന എല്ലാ പ്രക്ഷോഭണങ്ങളിലും പങ്കെടുത്തിരുന്നു. സ്കൂൾ വിദ്യാർത്ഥിയായിരുന്ന പോളിന്റെ ഇളയ സഹോദരൻ 14 വയസുകാരനും ലോക്കപ്പ് മർദ്ദനത്തിന് വിധേയമായിരുന്നു. ബാല്യത്തോടുള്ള ആദരവുപോലും അന്നത്തെ പോലീസ് മൃഗങ്ങൾ അവനോട് കാണിച്ചില്ല. പിന്നീട് പോൾ കലാനിലയത്തിൽ ചേർന്നു. നാടകത്തിലും സിനിമയിലും നല്ല നേതൃത്വം അദ്ദേഹം വഹിച്ചു.




സി.എൽ. ജോസ്



തോമസ് പാറന്നൂർ



സി.ഐ. പോൾ



തോട്ട്യാൻ അന്തോണി

# നാല്പതു പ്രതികൾ ഇവർ

കർഷക-തൊഴിലാളി പാർട്ടിയുടെ ആരംഭം അന്നാണ്-1962 മാർച്ച് നാല്. അന്നത്തെ മുഖ്യമന്ത്രി പട്ടത്തെ കല്ലെറിഞ്ഞുവെന്നൊരു കല്പിതകഥയുണ്ടാക്കി 40 ധീരയോദ്ധാക്കളുടെ പേരിൽ പ്രമാണികളും പോലീസും ചേർന്ന് ഒരു കള്ള ക്കേസ് കെട്ടിച്ചമച്ചു. അതിൽ 34 പേരെ തൃശൂർ ലോക്കപ്പിലിട്ട് അതിഭീകരമായ വിധം മർദ്ദിച്ച് അവശരാക്കി. “കല്ലേറു കേസ്സി”ലെ നാല്പത് പ്രതികളുടെയും



malankaralibrary.com

പേര് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ലോനപ്പൻ മഞ്ഞളി | വെട്ടുകാട് |
| 2. | അഞ്ഞൂർ പാപ്പച്ചൻ | അഞ്ഞൂർ |
| 3. | സി.പി. കുഞ്ഞുവറീത് | തൃശൂർ |
| 4. | ജോർജ്ജ് തരകൻ | തൃശൂർ |
| 5. | ഡേവിഡ് ആവോക്കാരൻ | തൃശൂർ |
| 6. | ജോസ് കാട്ടൂക്കാരൻ | തൃശൂർ |
| 7. | കെ.കെ. ദേവസ്സി | കുരിയച്ചിറ |
| 8. | സി.ഐ. ഇയ്യപ്പൻ | തൃശൂർ |
| 9. | പി.കെ. മാത്യു | കണ്ണാറ |
| 10. | മാത്യു തലച്ചിറ | ചേരുങ്കുഴി |
| 11. | പാവു ചേറ്റുപുഴ | പുത്തൂർ |
| 12. | എ.എം. കുര്യാക്കോസ് | പൂമല |
| 13. | ടി.എൽ.ജോസ് | തൃശൂർ |
| 14. | ജോസ് മണ്ണുകാടൻ | തൃശൂർ |
| 15. | കെ.ആർ അന്തോണി | ഒല്ലൂക്കര |
| 16. | എ.ഒ. തോമസ് | തൃശൂർ |
| 17. | എൻ.പി. റപ്പായി | കുരിയച്ചിറ |
| 18. | പി.കെ. അശോകൻ | മാള |
| 19. | ചാമക്കാലയിൽ തോമസ് | ചേരുകുഴി |
| 20. | എൻ.സി. അന്തോണി | തൃശൂർ |
| 21. | ചാക്കു ജോസഫ് | മുല്ലശ്ശേരി |
| 22. | തോമസ് എലുവത്തിങ്കൽ | തൊയക്കാവ് |
| 23. | ഇ.ഒ. പീറ്റർ | തൃശൂർ |
| 24. | കാക്കാശ്ശേരി കൊച്ചപ്പൻ | ചിറ്റാട്ടുകര |
| 25. | ആഗസ്തി കുര്യാക്കോ | പൂമല |
| 26. | മാത്തു അന്തോണി | മുല്ലശ്ശേരി |
| 27. | ജനാശു ആഗസ്തി | പുത്തൂർ |
| 28. | ഇമ്മാനുവേൽ | പൂമല |
| 29. | പി.ജെ. വർക്കി | ചോറ്റുപാറ |
| 30. | വർഗ്ഗീസ് മേച്ചേരി | തൃശൂർ |
| 31. | സി.ജെ. ജോൺ | അരിമ്പൂർ |
| 32. | തോട്ട്യാൻ അന്തോണി | വരന്തരപ്പിള്ളി |
| 33. | ജോസഫ് അധികാരം | വെട്ടുകാട് |
| 34. | വി.എം. ആന്റണി | തൃശൂർ |
| 35. | കാമശ്ശേരിൽ ചാക്കോ | പൂമല |
| 36. | ഡോ. ഫിലിപ്പ് പൗലോസ് | കണ്ടുകാട് |
| 37. | ഡോ. വക്കൻസൺ | തൃശൂർ |
| 38. | സി.പി. തിരൂർ | തിരൂർ |
| 39. | പോൾ വളപ്പില | തൃശൂർ |
| 40. | ടി.എ. ആന്റണി | തൃശൂർ |



malankaralibrary.com



# 9. ചുരുളികീരിത്തോട് കുടിയിറക്ക്

കേരളം കണ്ടതിൽ വച്ചേറ്റവും വലിയ രക്ത രൂക്ഷിതമായ സമരമായിരുന്നു 1963-ലും 1964-ലും പന്ന്യാർ-ചുരുളികീരിത്തോട്ടിലെ മേഖലകളിൽ നടന്നത്. മുഖ്യമന്ത്രി ആർ. ശങ്കർ പോലീസിനെ ഉപയോഗിച്ച് കർഷക പ്രക്ഷോഭണത്തെ അടിച്ചമർത്തി. പിൽക്കാലത്ത് കർഷകർക്ക് അവകാശവും കുടികിടപ്പും തിരികെ ലഭിക്കാൻ ഈ സമരം പ്രേരകമായി. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മറ്റിയെ നിയമിക്കുകയും ചെയ്തു. ആ കമ്മറ്റിയുടെ ചെയർമാൻ കെ.പി.രാധാകൃഷ്ണ മേനോൻ ആയിരുന്നു. പ്രൊഫ.കെ.എം. ചാണ്ടി, മക്കപ്പുഴ വാസുദേവൻ പിള്ള, എം.എം. ഇസ്മയൽ, കെ.ഐ. വേലായുധൻ എന്നിവരായിരുന്നു കമ്മറ്റിയംഗങ്ങൾ. ആ കമ്മറ്റിയുടെ സമീപം മലനാട് കർഷക യൂണിയൻ ഉൾപ്പെടെ നിരവധി സംഘടനകൾ നിവേധനം നൽകി. വനം കൂടുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടിക്കാട്ടി 1962-ൽ കമ്മറ്റി സർക്കാരിന് നൽകിയത്. വ്യാപകമായ പ്രതിഷേധം ഉയർന്നു. കെ.എം.ചാണ്ടിയെ കോൺഗ്രസ്സിലെ ഒരു ഗ്രൂപ്പ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശിതമായി വിമർശിച്ചു. ആ വിമർശിച്ചവർ കുടിയിറക്കിന് എല്ലാ കാലവും കൂട്ടു നിന്നവരായിരുന്നു. റിപ്പോർട്ടിന്റെ പൂർണ്ണരൂപം പുറത്തു വന്നപ്പോഴാണ് ആളുകൾ സത്യം ഗ്രഹിക്കുന്നത്. ആ റിപ്പോർട്ടിലെ പല ഭാഗങ്ങളോടും കെ.എം.ചാണ്ടി വിയോജിച്ചിരുന്നു. വിയോജന കുറിപ്പെഴുതിയ ചാണ്ടി മറ്റു നേതാക്കളെപ്പോലെ വിയോജനക്കുറിപ്പുകൾ രഹസ്യമായി പത്രങ്ങൾക്കു കൊടുത്ത് കൈയ്യടി വാങ്ങാൻ ശ്രമിച്ചില്ല. ചാണ്ടിയെ വിമർശിച്ച കോൺഗ്രസ്സ് പ്രവർത്തകർ ഇളിഭ്യരായി എന്നു പറഞ്ഞാൽ മതിയല്ലോ.

ഈ കാലഘട്ടത്തിൽ കുടിയേറ്റം വ്യാപകമായി നടന്നിരുന്നു. കുടിയേറ്റക്കാരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിലും മറ്റും തിരിമറികൾ നടന്നു. പഴയ കുടിയേറ്റക്കാരുടെ സ്ഥാനത്ത് കൈയ്യേറ്റക്കാരെയാണ് ഉൾപ്പെടുത്തിയിരുന്നത്. കുടിയേറ്റ കർഷകരിൽ ഭൂരിപക്ഷം ആളുകളും പകരം ഭൂമിയ്ക്കും മറ്റാനുകൂല്യങ്ങൾക്കും അർഹരല്ലെന്ന് പ്രഖ്യാപിച്ചു. 1963-ൽ പന്നിയാർ പ്രദേശത്തെ 198 കുടുംബങ്ങളെ ബലമായി ഒഴിപ്പിച്ചു.

മലയോരമാകെ ക്ഷോഭം കൊണ്ട് ഇളകി മറിയുകയായിരുന്നു. കുടിയിറക്കു മേഖലകളിൽ നിരന്തരം യോഗവും പ്രകടനങ്ങളും സംഘടിപ്പിച്ചു കൊണ്ട് ഫാ. വടക്കനും വെല്ലിംഗ്ടണും മലയോരത്തു തന്നെ തങ്ങിയെന്നു പറയാം. പനംകൂട്ടിക്കൽ വലിയ ഒരു പ്രതിഷേധ യോഗം സംഘടിപ്പിച്ചിരുന്നു. ബി.വെല്ലിംഗ്ടന്റെ പ്രസംഗം തുടർന്നു.



malankaralibrary.com

ഫാ. വടക്കൻ രാത്രിയായിട്ടും എത്തിയില്ല. വടക്കനച്ചൻ ചെല്ലുമെന്ന് ഉത്തമ ബോദ്ധ്യമുള്ള കുടിയേറ്റക്കാർ അച്ചനെ പ്രതീക്ഷിച്ച് കിടന്നുറങ്ങി. നേരം വെളുക്കാറായപ്പോഴാണ് അച്ചൻ അവിടെയെത്തുന്നത്. നൂറുകണക്കിനാളുകൾ വടക്കനച്ചൻ ചെന്ന വിവരം അറിഞ്ഞ് ഉറക്കമുണർന്നു. കുടിയിറക്കിനെ ശക്തമായി നേരിടുമെന്ന് വടക്കനച്ചൻ പ്രസ്താവിച്ചു. എന്റെ ആ പ്രസംഗം കൊണ്ട് ഉഴക്കുപ്പിന്റെ പ്രയോജനമുണ്ടായില്ലന്നാണ് വടക്കനച്ചൻ പിന്നീട് പ്രസ്താവിച്ചത്.

ചുരുളികീരിത്തോടിലെ കുടിയിറക്കിനെപ്പറ്റി കെ.ടി.രാജീവ് എഴുതിയ ഇടുക്കി മണ്ണും മനുഷ്യരും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"1964 ഫെബ്രുവരി 26 ബുധനാഴ്ചയായിരുന്നു. 500 ലധികം മലബാർ സ്പെഷ്യൽ പോലീസ് കീരിത്തോട്ടിലെ മുക്കിലും മൂലയിലും നിലയുറപ്പിച്ച് നടത്തിയ നരനായാട്ടിനെക്കുറിച്ച് വാളികുളം എബ്രഹാം ജോസഫ് ഭയത്തോടെയാണ് വിവരിച്ചത്. സായുധരായ ഒരു സംഘം പോലീസുകാരും ഫോറസ്റ്റുകാരും ചേർന്ന് രാവിലെ തന്നെ കീരിത്തോട്ടിൽ കുരുവിള അപ്പാപ്പനെന്ന കർഷകന്റെ കൃഷിദേഹണ്ഡങ്ങൾ വെട്ടി നശിപ്പിക്കാൻ തുടങ്ങി. വർഷങ്ങളായി പരിപാലിച്ചു പോന്ന കൃഷികൾ അപ്പാടെ ഒരു പ്രകോപനമോ മുന്നറിയിപ്പോ കൂടാതെ വെട്ടിനശിപ്പിക്കുന്നതു കണ്ട് കുരുവിള അപ്പാപ്പനും കുടുംബാംഗങ്ങൾക്കും നിലവിളിക്കാനേ കഴിഞ്ഞുള്ളൂ. പോലീസ് ഔട്ട്പോസ്റ്റിന് ഷെഡ് നിർമ്മിക്കാനെന്ന കാരണം പറഞ്ഞാണ് ഇദ്ദേഹത്തെ ആദ്യം കുടിയൊഴിപ്പിച്ചത്.

ചോദ്യം ചെയ്യാൻ ചെന്ന കർഷകനേതാക്കളായ ജോൺ മാഞ്ഞൂരാൻ, പി.വി. സ്കറിയ, എൻ.എം. വർഗീസ് എന്നിവർ ഉൾപ്പെടെയുള്ള 25 പേരെ അതിക്രൂരമായി മർദ്ദിച്ച് നിലത്തിട്ടു. കലിതീരാത്ത പോലീസ് ചവിട്ടിയരച്ചു. തലയെല്ലാം പൊട്ടിക്കീറി. ഇവരെ എടുത്തു കൊണ്ടു പോയി പൊലീസ് ക്യാമ്പിലടച്ചു. വാർത്ത പരന്നതോടെ മലയോര മേഖലയിലെ എല്ലാ രാഷ്ട്രീയ കക്ഷികളിലും പെട്ട കർഷകർ ഒത്തു കൂടാൻ തുടങ്ങി. എബ്രഹാം ജോസഫും അക്കൂട്ടത്തിലുണ്ടായിരുന്നു. വിവിധ പ്രദേശങ്ങളിലെ കർഷകർ നടന്ന് നാലുമണിക്ക് കീരിത്തോട്ടിലെത്തി. അതിന് മുൻപേ അവിടെ കർഷകർ പ്രതിഷേധയോഗം തുടങ്ങിയിരുന്നു. പി.എച്ച് ഇസ്മയിലെന്ന കർഷക യൂണിയൻ പ്രവർത്തകൻ പ്രസംഗിച്ചു കൊണ്ട് നിൽക്കുമ്പോൾ വളരെ പെട്ടെന്ന് നാലുഭാഗങ്ങളിൽ നിന്നും പോലീസ് ലാത്തിയടി തുടങ്ങി. ചിലർ ജീവനും കൊണ്ടോടി. മറ്റ് ചിലർ കിട്ടിയ കമ്പുമായി പോലീസിനെ നേരിട്ടു. തുടർന്ന് ഗ്രനേഡ് ഷെൽ പ്രയോഗം നടത്തി. നൂറോളം ഹാൻഡ് ഗ്രനേഡ് പ്രയോഗിച്ചു. ലാത്തിയടിയും ഗ്രനേഡ് പ്രയോഗവും കീരിത്തോട് യുദ്ധക്കളമാക്കി. പരിക്കേറ്റവർ ബോധം കെട്ട് വഴികളിൽ ചിതറിക്കിടക്കുന്നു. അവിടെ തടിച്ചു കൂടിയ കർഷകരെ രണ്ടിരട്ടി വരുന്ന പോലീസ് സന്നാഹം ക്രൂരമായി നേരിട്ടു. 2000ൽപരം പോലീസിനെ കുടിയറക്ക് നടപടികൾക്ക് അവിടെ എത്തിച്ചിട്ടുണ്ടായിരുന്നു.



malankaralibrary.com




മർദനത്തോടൊപ്പം ചെറുകടകളും വീടുകളും തീയിട്ട് നശിപ്പിച്ചു. കൃഷി ദേഹണ്ഡങ്ങൾ വെട്ടി നശിപ്പിച്ചു. ബോധം നശിക്കാത്ത 40ൽ പരം കർഷകരെ കീരിത്തോട് പോലീസ് ക്യാമ്പ് മുറ്റത്ത് കൊണ്ടിട്ടു. ക്യാമ്പിലെത്തിയവരോട് വരിവരിയായി നിലത്തിരിക്കാൻ പോലീസ് ആജ്ഞ വന്നു. തുടർന്ന് 50 തോക്കുധാരികളായ പോലീസുകാർ 40 പേരുടെ സമീപത്തും നിലയുറപ്പിച്ചു. അവരെല്ലാവരും നന്നായി മദ്യപിച്ചിട്ടുണ്ട്. മേലുദ്യോഗസ്ഥൻ പറയേണ്ട താമസം പോലീസ് ക്രൂരമായ മർദ്ദനമുറകൾ തുടങ്ങി. ചീത്ത വിളിച്ച് അലറിയ പോലീസ് കർഷകരുടെ തലകൾ തമ്മിലിടിപ്പിച്ചും ചവിട്ടിയും തല ഭിത്തിയിലിടിച്ചും നാഭിയിൽ തൊഴിച്ചും മർദ്ദനമുറകളുടെ പരീക്ഷണം തന്നെ നടത്തി.

കൂട്ടനിലവിളിയും അലർച്ചയും ക്രമേണ തേങ്ങലും ഞരക്കവുമായി മാറി. ക്യാമ്പിൽ നിന്നും രക്തം ചാലായി ഒഴുകി. പലരുടെയും ബോധം നശിച്ചു. വെള്ളത്തിനായി യാചിച്ചവർക്ക് ഓടവെള്ളവും മൂത്രവും ഒഴിച്ചു കൊടുത്തു. ആരെയും അന്ന് ആശുപത്രിയിൽ കൊണ്ടുപോയില്ല. സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് പട്ടാളം പഞ്ചാബിലെ ചൗരിചൗരയിൽ ചെയ്ത കൊടുംക്രൂരതയ്ക്ക് സമാനമായുള്ള മർദ്ദനമുറകളും ആക്രോശവുമായിരുന്നുവെന്ന് പഴമക്കാർ ഓർമ്മിക്കുന്നു. മൂവാറ്റുപുഴ എസ്ഐ ഒ.ടി.ജോസഫിന്റെയും ആർ.ഡി.ഒ ജോണിന്റെയും നേതൃത്വത്തിലായിരുന്നു മർദ്ദന പരമ്പര.


കർഷക നേതാവായിരുന്ന എൻ.എം. വർഗീസിന്റെ കൈകൾ പിന്നോട്ട് കെട്ടിയശേഷം പരസ്യമായിട്ടാണ് ഇടിക്കുകയും തൊഴിക്കുകയും ചെയ്തത്. വർഗീസിന്റെ നീണ്ട മീശയുടെ ഒരു ഭാഗം പിഴുതെടുത്ത് സമരക്കാരുടെ മുന്നിലിട്ട് പോലീസ് വിജയാട്ടഹാസം മുഴക്കി.

കുടിയൊഴിപ്പിക്കലിന്റെ പേരിലെത്തിയ പോലീസ് പെരുമാറിയത് തികച്ചും മനുഷ്യത്വരഹിതമായിട്ടായിരുന്നു. സായുധ പോലീസിന് നിരായുധരായ കർഷകരോട് എത്രമാത്രം ക്രൂരതകാട്ടാമെന്ന പരീക്ഷണമാണ് അരങ്ങേറിയതെന്ന് ഇപ്പോഴും കർഷകർ ഓർമ്മിക്കുന്നു.

കെടുതികൾക്കിരയായവരിൽ തോമസ് തെക്കേക്കണ്ടം, ആഗസ്തി നെല്ലിവേലി, കുര്യൻ പെരുമാലി, ജോസഫ് ആടുകുഴി തുടയങ്ങിയ കർഷകരും ഭീതിയോടെയാണ് അന്നത്തെ സംഭവം പറഞ്ഞത്.



എൻ.എം. വർഗീസ്



എൻ. എം. മാണി

മൂവാറ്റുപുഴ അർഡിഒ ജോണിന്റെയും എറണാകുളം കലക്ടർ ഗോപാലൻനായരുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘമായിരുന്നു ചുരുളി-കീരിത്തോട്-കഞ്ഞിക്കുഴി കുടിയൊഴിപ്പിക്കലിന് ചുക്കാൻ പിടിച്ചത്. വിവിധ ഘട്ടങ്ങളിൽ ഒരു മാസത്തിനകം കുടിയൊഴിപ്പിക്കൽ നടപടി നീണ്ടു



malankaralibrary.com

നിന്നു. എന്നാലിതേ സമയം തന്നെ കർഷകരിൽ നിന്നും ചെറുത്തു നിൽപും ഉണ്ടായി. കർഷകസംഘം മലനാട് കർഷക യൂണിയൻ പിന്നീട് രൂപീക രിച്ച കെ.ടി.പി എന്നീ സംഘടനകളും അതിന്റെ നേതാക്കന്മാരും കർഷക സമരത്തിന് നേതൃത്വം നൽകി. ഫാ. വടക്കന്റെ നേതൃത്വത്തിലും പിന്തുണ യിലും പ്രവർത്തിച്ചിരുന്ന സംഘടനയാണ് 1961 ഡിസംബറിൽ രൂപീകരിച്ച മലനാട് കർഷക യൂണിയനും (എം.കെ.യു.) 1962 മാർച്ചിൽ രൂപീകരിച്ച കെടി പിയും ജോൺ മാഞ്ഞൂരാൻ പ്രസിഡണ്ടും പി.വി. സ്കറിയ പറയരുത്തോട്ടം ട്രഷററും എൻ.എം. വർഗീസ് ഓർഗനൈസറും ബി. വെല്ലിംഗ്ടൺ ജനറൽ സെക്രട്ടറിയും ഭാരവാഹികളായി രൂപീകൃതമായ സംഘടനയായിരുന്നു മല നാട് കർഷക യൂണിയൻ. 1962 മാർച്ചിൽ രൂപീകൃതമായ കെ.ടി.പി.യുടെ ജനറൽ സെക്രട്ടറി ബി. വെല്ലിംഗ്ടണും ജോയിന്റ് സെക്രട്ടറി ജോസഫ് മൂഞ്ഞേലിയും ആയിരുന്നു.

ചുരുളി-കീരിത്തോട് കുടിയിറക്കിന്റെ പിന്നിൽ അന്നത്തെ ഭരണ രാഷ്ട്രീയ വടംവലിയും പടലപ്പിണക്കങ്ങളും ഉണ്ടായിരുന്നതായി വിമോചന സമരത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന ഫാ. വടക്കൻ വ്യക്തമാക്കിയിട്ടു ണ്ട്. ശങ്കർ മന്ത്രിസഭയിൽ നിന്ന് പി.ടി ചാക്കോയ്ക്ക് രാജിവയ്ക്കേണ്ടി വന്ന തോടെ ബന്ധം ഉലഞ്ഞു. ശങ്കർ മന്ത്രിസഭയെ മറിച്ചിടാൻ ഗൂഢാലോചന കൾ ഉണ്ടായി. തുടർന്ന് കുടിയിറക്കിന് സാഹചര്യം ഒരുക്കി. മുഖ്യമന്ത്രി പ്രശ്നം പഠിച്ചിരുന്നില്ല. ചാക്കോയ്ക്ക് അനുകൂലമായി നിന്ന റവന്യൂ ഉദ്യോ ഗസ്ഥരും പോലീസുകാരും കുടിയൊഴിപ്പിക്കൽ സംബന്ധിച്ച വിപത്തുകൾ മുഖ്യമന്ത്രിയെ ധരിപ്പിച്ചില്ല. കുടിയിറക്ക് കെടുതികൾ ഉണ്ടായതിനെത്തുടർന്ന് ക്രിസ്ത്യാനികളായ കോൺഗ്രസ് എം.എൽഎമാർ മുഖ്യമന്ത്രിക്കെതിരെ തിരി ഞ്ഞു. തുടർന്ന് ശങ്കർ മന്ത്രിസഭ നിലം പതിച്ചു.

വനസംരക്ഷണ കമ്മിറ്റി നിർദ്ദേശാനുസരണമാണ് കുടിയൊഴിപ്പിക്കാൻ തുടങ്ങിയതെങ്കിലും അതിലെ വ്യവസ്ഥകൾ ഉദ്യോഗസ്ഥർ പാലിച്ചില്ല.

യഥാർത്ഥ കർഷകരെ തെരഞ്ഞെടുത്തതിലും അർഹത നിശ്ചയിച്ച തിലും അഴിമതിയുണ്ടായി. കൈക്കൂലി നൽകിയതനുസരിച്ച് ചില ഫോറസ്റ്റ് ഉദ്യോഗസ്ഥരും പോലീസുകാരും കുറെ കർഷകരെ അർഹരായി നിശ്ചയി ച്ചു. വർഷങ്ങളായി താമസമാക്കി കൃഷി ചെയ്തു പോന്ന 4000ലേറെ കർഷ കരെ ഒരാനുകൂല്യവും നൽകാതെ മർദ്ദിച്ച് ഓടിച്ചശേഷം കുടിലിന് തീയിട്ട നടപടിയെ പരക്കെ ചോദ്യം ചെയ്യപ്പെട്ടു.

കുടിയിറക്കിന് നിയോഗിച്ച പോലീസ് സേന ഒരു മാനുഷിക പരിഗണ നയും നൽകിയില്ല. മർദനവും കേസും ഭയന്ന് ചില വീടുകളിലെ പുരുഷന്മാർ നാടുവിട്ടിരുന്നു. കുടിലുകളിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന സ്ത്രീകളോടും കുട്ടി കളോടും പോലീസ് പരുഷമായും അപമര്യാദയായും പെരുമാറി. വാറ്റുചാരായ ലഹരിയിൽ പോലീസ് നിയമം വിട്ട് പെരുമാറിയ സംഭവം പോലും ഉണ്ടായി.



malankaralibrary.com



കുടിയിറക്ക് ഭീകരത സർക്കാരും ഉദ്യോഗസ്ഥരും മൂടിവെച്ചു. പത്ര ലേഖകരെപോലും അങ്ങോട്ടേക്ക് പ്രവേശിപ്പിച്ചില്ല. ചില പത്രങ്ങൾ കർഷ കർക്കെതിരെ മുഖപ്രസംഗങ്ങളെഴുതി.

കൊടിയ മർദനത്തിനിരയായവരെ പിറ്റേന്നാണ് മൂവാറ്റുപുഴ ആശുപ ത്രിയിലെത്തിച്ചത്. 75 പേരുടെ പേരിൽ കേസെടുത്തു. അതിൽ 55 കർഷക രുടെ പേരിൽ തീവെപ്പ് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി. ആദ്യം തൊടുപുഴ പോലീസ് സ്റ്റേഷനിലാണ് കൊണ്ടു പോയത്. അവിടെ വച്ചും വർഗീസിനെ ക്രൂരമായി മർദിച്ചു. 28 ന് തൊടുപുഴ മജിസ്ട്രേറ്റ് കോടതി യിൽ ഹാജരാക്കിയ കർഷകരെ മൂവാറ്റുപുഴ സബ്ജയിലിലേക്ക് റിമാൻഡ് ചെയ്തു. മജിസ്ട്രേറ്റ് കോടതി ജാമ്യം നിഷേധിച്ചു. പിന്നീട് നിബന്ധനക ളോടെ ഹൈക്കോടതി ജാമ്യം നൽകി. തൊടുപുഴ ടൗണിന് ഒരു കിലോമീ റ്റർ ചുറ്റളവിനപ്പുറം പോകരുതെന്ന വ്യവസ്ഥയിലായിരുന്നു ജാമ്യം. എൻ എം വർഗീസ് ഒന്നാംപ്രതിയായി. 1965 ജൂൺ 1 മുതൽ തുടർച്ചയായി 105 ദിവസം എറണാകുളം സെഷൻസ് കോടതിയിൽ കേസ് വിസ്തരിച്ചു. വെറുതെ വിട്ടു കൊണ്ടുള്ള ഉത്തരവിനെതിരെ പ്രസിഡന്റ് ഭരണത്തിൻകീ ഴിലായിരുന്ന ഗവർണർ ഹൈക്കോടതിയിൽ അപ്പീൽ നൽകി. 1967ൽ അധി കാരത്തിൽ വന്ന ഇം.എം.എസ് സർക്കാർ കേസ് പിൻവലിക്കുകയായിരുന്നു.

പൊലീസിന്റെ ക്രൂരമർദനങ്ങൾക്കിരയായ ചില കർഷകർ പിന്നീട് രോഗം കൊണ്ടും അല്ലാതെയും ക്ലേശിച്ചാണ് മരിച്ചത്. സമരത്തിന് മുൻകൈ യെടുത്ത എൻ എം വർഗീസിന്റെ ശരീരഭാഗങ്ങൾ ചതഞ്ഞിരുന്നതിനാൽ നിരവധി രോഗങ്ങൾ പിടിപ്പെട്ടത് ഉദാഹരണം മാത്രം. കൂടാതെ മുരിക്കാ ശ്ശേരി പൂമാംകണ്ടം കടപ്പൂര് മാണിവർക്കിയുടെ നാല് വാരിയെല്ല് മർദ്ദനം മൂലം ഒടിഞ്ഞു. എറണാകുളത്ത് ദീർഘനാളത്തെ ചികിത്സ നടത്തിയെങ്കിലും മരിക്കുകയായിരുന്നു. ഭരണത്തിൽ ഭിന്നിപ്പ് മൂർഛിച്ച കാലമായിരുന്നു.

കർഷകത്തൊളിലാളി പാർട്ടി ജനറൽ സെക്രട്ടറി വെല്ലിങ്ടന്റെ നേതൃ ത്വത്തിൽ കർഷകജാഥയും പൊതുസമ്മേളനവും കീരിത്തോട്ടിൽ സംഘടി പ്പിക്കുകയുണ്ടായി. ആ യോഗത്തിൽ എ.കെ.ജിയും പ്രസംഗിച്ചു. കെ.ടി.ജേ ക്കബ്, പന്തളം പി.ആർ എന്നിവരും ഒപ്പമുണ്ടായിരുന്നു.

കിഴക്കാംതൂക്കായതും ചെങ്കുത്തായതുമായ കുടിയേറ്റ പ്രദേശങ്ങൾ മൂന്നു ദിവസം സഞ്ചരിച്ച് കർഷകരുടെ ദയനീയാവസ്ഥ എ.കെ.ജി മനസിലാ ക്കി. ഒരു ദിവസം പത്ത് കിലോമീറ്റർ വീതം സഞ്ചരിച്ചു. കുടിയൊഴിപ്പിക്കലി നുശേഷവും പോലീസ് പ്രദേശം ഉപേക്ഷിച്ചുപോയിരുന്നില്ല. വീടും സ്ഥലവും ദേഹണ്ഡങ്ങളും എല്ലാം നശിപ്പിക്കപ്പെട്ട കർഷകർ തങ്ങളുടെ ഭാവി ഇനിയെ ന്തെന്ന ചോദ്യവുമായി ദുഃഖകരമായ അവസ്ഥ എകെജിയോട് വിവരിച്ചു. പോലീസ് പുരുഷന്മാരെ വേട്ടയാടിക്കൊണ്ടിരുന്നതിനാൽ പല വീടുകളിലും സ്ത്രീകളും കുട്ടികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രദേശം സന്ദർശിച്ച് കാര്യ



malankaralibrary.com

ങ്ങൾ ബോധ്യപ്പെട്ട എകെജി വിവരിക്കുന്നതിങ്ങനെ. 'എന്ത് ചെയ്യണം എങ്ങോട്ടുപോകണം എവിടെ ഭൂമി കിട്ടും കൊടുക്കുന്ന ഭൂമി കൃഷി യോഗ്യമാണോ? ഇതായിരുന്നു അവരുടെ ചിന്തകൾ. ജീവിതത്തിൽ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട കുറെ ജനങ്ങൾ, സ്ത്രീകൾ കരഞ്ഞുകൊണ്ടിരിക്കുന്നു. ചിന്തയിൽ മുഴുകിയ പുരുഷന്മാർ അങ്ങുമിങ്ങും കുത്തിയിരിക്കുന്നു.

വിളവ് നശിപ്പിച്ചും ശേഖരിച്ച് വെച്ചിരുന്ന ധാന്യങ്ങൾ തീയിട്ട് ഇല്ലാതാക്കുകയും ചെയ്തിരുന്നതിനാൽ മേഖലയാകെ പട്ടിണിയായി. വീടുകളിൽ നിന്നും ഒന്നും എടുക്കാൻ അനുവദിക്കാതെ സാധന-സാമഗ്രികൾ ഉൾപ്പെടെ കുടിലിന് പൊലീസ് തീവെക്കുകയായിരുന്നു.

കുടിയിറക്കിയ കുറച്ചു പേരെ വാഴത്തോപ്പിലാണ് പുനരധിവസിപ്പിച്ചത്. അവിടെ ചേർന്ന യോഗത്തിൽ എകെജി നിരാഹാര സമരം പ്രഖ്യാപിച്ചു.നിരാഹാര സമരം ആരംഭിച്ച പിറ്റേന്ന് ഒരു സംഘം പൊലീസെത്തി എകെജിയെ അറസ്റ്റ് ചെയ്ത് മൂവാറ്റുപുഴ സബ്ജയിലിലടച്ചു. ഈ സമയം വെല്ലിങ്ങ്ടനെ അറസ്റ്റ് ചെയ്ത് പാലാ ജയിലിലും അടച്ചു. വിവിധ മേഖലകളിൽ പ്രതിഷേധങ്ങൾ ഉണ്ടയി. ജയിലിലും എകെജി നിരാഹാര സമരം തുടർന്നതിനാൽ മൂവാറ്റുപുഴയിൽ ദിവസേന പ്രതിഷേധങ്ങൾ നടന്നു. പിന്നീട് ഇഎംഎസ് ബന്ധപ്പെട്ട് നിരാഹാര സമരം അവസാനിപ്പിച്ചു. 1967-ൽ അധികാരത്തിൽ വന്ന ഇഎംഎസ് സർക്കാർ കുടിയിറക്കിയ കർഷകർക്കായി പദ്ധതി തയ്യാറാക്കി പുനരധിവസിപ്പിച്ചു. അരബിൾ ലാന്റ് പദ്ധതിയിൽപ്പെടുത്തി മാറ്റിപാർപ്പിക്കുന്നവർക്കൊപ്പം ഇടുക്കി പദ്ധതിപ്രദേശങ്ങളിലുള്ളവരെ ഉൾപ്പെടുത്തി ഭൂമി നൽകുകയും ചെയ്തു. ആ മേഖലയിൽ തേക്കും യൂക്കാലിപ്സും വെച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പായില്ല.

## പോരാട്ടം - എബ്രഹാം ജോസഫ്

മലനാട് കർഷകയൂണിയൻ നേതാവും ചുരുളികീരിത്തോട് പ്രക്ഷോഭത്തിലെ മുന്നണി പോരാളിയുമായ എബ്രഹാം ജോസഫ് വാളികുളത്ത് "പോരാട്ടം" എന്ന പേരിൽ തന്റെ കുടിയേറ്റ സ്മരണകൾ ഉൾപ്പെടുത്തി ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രന്ഥത്തിൽ ചുരുളികീരിത്തോട് കുടിയിറക്കിനെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.



"അങ്ങനെയിരിക്കെ 1964 ഫെബ്രുവരി മാസം 26-ാം തീയതി കീരിത്തോട് ടൗണിന്റെ സമീപത്തുള്ള ഒരു കർഷകന്റെ സ്ഥലം ഫോറസ്റ്റുദ്യോഗസ്ഥരും പോലീസും കൂടി കയ്യേറി. ദേഹണ്ഡങ്ങൾ വെട്ടി നശിപ്പിച്ചു. മലബാർ സ്പെഷ്യൽ പോലീസിനു വേണ്ടി ഒരു ക്യാമ്പ് ഷെഡ് പണിയാനാണെന്നാണ് അധികാരികൾ വിശദീകരിച്ചത്.


എബ്രഹാം ജോസഫ്



malankaralibrary.com



സ്വാഭാവികമായും സ്ഥലത്തുണ്ടായിരുന്ന കർഷക നേതാക്കന്മാരും കൃഷിക്കാരും ഈ ആക്രമണത്തെ എതിർത്തു. പോലീസു അതിരൂക്ഷമായി ലാത്തി ചാർജ് നടത്തി. വളരെ അധികം ആളുകൾക്ക് പരിക്കേറ്റു. ജോൺ മാഞ്ഞൂരാൻ, സ്കറിയ പറയരുതോട്ടം. എൻ. എം. വർഗ്ഗീസ് തുടങ്ങിയ 25 ഓളം പേരെ അറസ്റ്റു ചെയ്തു പോലീസ് ക്യാമ്പിലടച്ചു. വാർത്ത കാട്ടുതീ പോലെ കുടിയേറ്റ മേഖലകളിലേക്ക് പടർന്നു.



തോമസ്
തെക്കേക്കണ്ടം

മങ്കുവ പള്ളിയിലെ അച്ഛനാണ് എന്നോട് വിവരങ്ങൾ പറഞ്ഞത്. കീരിത്തോട്ടിൽ കുടിയിറക്ക് തുടങ്ങി. വെടി വെയ്പ്പും ലാത്തി ചാർജ്ജും നടന്നു.

ഞാൻ പൂമാംകണ്ടത്തിലേക്ക് ഓടി. കണ്ടവരോടെല്ലാം വിവരങ്ങൾ പറഞ്ഞു. പൂമാംകണ്ടത്തിലെ മലനാട് കർഷക യൂണിയന്റെ സെക്രട്ടറിയാണ് ഞാൻ. എവിടെ കുടിയറക്ക് ഉണ്ടായാലും കഴിയുന്നിടത്തോളം ആളുകളെ കൂട്ടി അവിടെ എത്തേണ്ടത് എന്റെ ചുമതലയാണ്. പൂമാംകണ്ടത്തു നിന്നും ഞങ്ങൾ ഒരു പറ്റം ആളുകൾ കീരിത്തോടിന് തിരിച്ചു. കീരിത്തോട് പ്രദേശം ഞങ്ങൾക്ക് പരിചയമില്ല. പെരിയാർ കടന്ന് അക്കരെ എത്തണമെന്ന് അറിയാം. മലയിറങ്ങി ഞങ്ങൾ പെരിയാറ്റിലേക്ക് നടന്നു. ചങ്ങാടം കടന്നു ഞങ്ങൾ അക്കരെ കയറി. അപ്പോഴേക്കും ഉച്ചകഴിഞ്ഞിരുന്നു. കീരിത്തോടിനു സമീപം ഇല്ലിമുക്ക് എന്ന സ്ഥലത്ത് ഞങ്ങൾ എത്തി. അവിടെ നിന്നാൽ കീരിത്തോട് പ്രദേശം കാണാം. അവിടെ നിന്നും ഭയങ്കര ബഹളം ഞങ്ങൾക്ക് കേൾക്കാം, വെടിയുടെ ശബ്ദം, തീയ്, പുക, ആളുകളുടെ കൂട്ട നിലവിളി.

നെല്ലുവേലിൽ മത്തച്ചൻ ഉൾപ്പെടെ ഏതാനും പേർക്ക് കീരിത്തോട്ടിലേക്ക് ചെല്ലാനും കർഷകരെ സഹായിക്കാനും ആവേശമായി. വൈകുന്നേരം 4 മണിയോടെ ഞങ്ങൾ കീരിത്തോട്ടിലെത്തി. അപ്പോൾ അവിടെ പ്രതിഷേധയോഗം നടക്കുകയാണ്. തൊടുപുഴ സ്വദേശി പി. എച്ച്. ഇസ്മയിൽ എന്ന യൂണിയൻ പ്രവർത്തകൻ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പോലീസ് ലാത്തിയടി തുടങ്ങി.

അന്ന് അടിക്കും, മർദ്ദനത്തിനും പേരുകേട്ടവരായിരുന്നു എം. എസ്. പി ക്കാർ എന്നറിയപ്പെടുന്ന മലബാർ സ്പെഷ്യൽ പോലീസ്. അവരെ ധാരാളമായി കീരിത്തോട് മേഖലയിൽ വിന്യസിച്ചിരുന്നു.

യൂണിഫോമിലും മഫ്ത്തിയിലും അനേകം പോലീസുകാർ ജനങ്ങളുടെ ഇടയിൽ സ്ഥാനം ഉറപ്പിച്ചിരുന്നു. അടികൊണ്ടവർ കുറേപ്പേർ ഓടി. കുറേപ്പേർ എതിർത്തു. കൈയ്യിൽ കിട്ടിയതെല്ലാം എടുത്തു പോലീസിനെ നേരിട്ടു. ലാത്തിച്ചാർജ് ഫലിക്കാതെ വന്നപ്പോൾ കണ്ണീർ വാതക ഷെല്ലുകൾ ജനങ്ങളുടെ നേരെ പൊട്ടിച്ചു. അതിന്റെ പിന്നാലെ ജനങ്ങളുടെ ഇടയി



malankaralibrary.com

ലേക്കു ഹാൻഡു ഗ്രാനേഡുകളുമെറിഞ്ഞു. ഈ സമയം ഞങ്ങൾ അല്പമകലെ ഒരു കുന്നിൽ കാഴ്ചക്കാരായി നില്ക്കുകയാണ്. ഗ്രാനേഡുകൾ പൊട്ടുന്ന ശബ്ദം കേട്ടപ്പോൾ വെടി വയ്ക്കന്നതാണെന്നാണ് ഞങ്ങൾ ധരിച്ചത്. എങ്ങും തീയും പുകയും. കണ്ണീർ വാതകഷെല്ലിന്റെ പുകയേറ്റവർ കണ്ണുകാണാതെ, പോലീസിന്റെ അടിയേറ്റു വീഴുന്നു. സർവ്വത്ര ഭീകരാവസ്ഥ. കൂട്ട നിലവിളി.

എന്തിനും സജ്ജരായി നിൽക്കുന്ന പോലീസിനെ നേരിടാൻ പട്ടിണിക്കോലങ്ങളായ പാവം കുടിയേറ്റക്കാർക്കു സാധിക്കില്ലെന്നു എനിക്കു മനസ്സിലായി. ആളുകൾ ജീവനും കൊണ്ടു ഓടുകയാണ്. അവരോടൊപ്പം ഞങ്ങളും പിൻവാങ്ങി. അപ്പോൾ തലപൊട്ടി രക്തം വാർന്നു ബോധമില്ലാതെ ഒരാൾ വഴിയിൽ കിടക്കുന്നു.മൈലാടൂർ തൊമ്മച്ചനെന്ന ഞങ്ങളുടെ പരിചയക്കാരനായിരുന്നു അയാൾ. കൊച്ചുകരോട്ടു ജോണും എന്നോടൊപ്പമുണ്ടായിരുന്നു. ആ നിലയിൽ അയാളെ ഉപേക്ഷിച്ചു പോകുവാൻ ഞങ്ങൾക്കു മനസ്സു വന്നില്ല.

ഞങ്ങൾ അയാളെ തോളിലേറ്റി നടന്നു. ഏറ്റവും അടുത്ത ആശുപത്രി അടിമാലിയിലാണ്. പനംകൂട്ടിയിലെത്തി പെരിയാർ മുറിച്ചു ചങ്ങാടം കടന്നു കയറിയാൽ ചിലപ്പോൾ ജീപ്പുകിട്ടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ പനംകുട്ടിയിലേക്ക് നടന്നു. ഇന്നത്തെ പകുതിപ്പാലം കഴിഞ്ഞപ്പോൾ, ഒരു വലിയ സംഘം പോലീസുകാർ അകമ്പടിയോടെ, അന്നത്തെ എറണാകുളം കലക്ടർ ഗോപാലൻ നായർ നടന്നുവരുന്നു. പനംകുട്ടിയിൽ നിന്നും ഒരു നടപ്പു വഴിയാണ് കീരിത്തോടിനുള്ളത്.

പോലീസുകാരുടെ വലയത്തിനുള്ളിലായി ഞങ്ങൾ. കലക്ടർ ഞങ്ങളെ സമീപിച്ചു. ഇയാൾക്കു എന്തു സംഭവിച്ചെന്നു ചോദിച്ചു. കലക്ടർ രക്ഷിക്കുമെന്നു ഒരു പ്രതീക്ഷ ഞങ്ങളിലുണ്ടായി. പോലീസിന്റെ അക്രമത്തെപ്പറ്റി ഞങ്ങൾ പറഞ്ഞു. ഇപ്പോൾ ഇയാളെ എങ്ങോട്ടു കൊണ്ടുപോകുന്നു എന്നായി കലക്ടർ. ആശുപത്രിയിലേക്ക് എന്നു ഞങ്ങൾ ഉത്തരം നല്കി.

പോലീസ് തല്ലിയ ആളെ അവർ തന്നെ ആശുപത്രിയിൽ കൊണ്ടു പോകും. തിരിച്ചുകൊണ്ടുപോയി പോലീസിനെ ഏല്പിക്ക് എന്ന് കലക്ടർ ആജ്ഞാപിച്ചു. തിരിച്ചു നടക്കിനെടാ എന്നായി പോലീസുകാർ. ഗത്യന്തരമില്ലാതെ ഞങ്ങൾ അയാളെ ചുമന്നുകൊണ്ടു തിരിച്ചു നടന്നു. ഏതാണ്ട് സന്ധ്യയോടെ ഞങ്ങൾ കീരിത്തോട്ടിലെത്തി. അപ്പോഴെക്കും കീരിത്തോട്ടിലെ കച്ചവടസ്ഥാപനങ്ങളെല്ലാം അഗ്നിക്കിരിയായി കഴിഞ്ഞിരുന്നു. ഫോറസ്റ്റുകാരുടെ ഓഫീസും കത്തിച്ചിരുന്നു. ഇത് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ആസൂത്രിത പദ്ധതിയായിരുന്നു.

ഫോറസ്റ്റ് ഷെഡിന്റെ ചുറ്റും ട്രഞ്ച് കുഴിച്ചിരുന്നു. ട്രഞ്ചുകടക്കുവാൻ ഒരു പലകപ്പാലവും ഇട്ടിരുന്നു. ഞങ്ങൾ ക്യാമ്പിന്റെ മുറ്റത്തു തോളിലെ



malankaralibrary.com



ആളെ ഇറക്കി. ചുറ്റും നോക്കിയപ്പോൾ ഒരു ഭാഗത്തുമുഴുവനും പരുക്കേറ്റ മനുഷ്യരാണ്. ദീനരോദനങ്ങൾ ഉയരുന്നുണ്ട് അങ്ങുമിങ്ങും. കത്തുന്ന പെട്രോൾ മാക്സ് വിളക്കുകളാണ് അവിടെ വെളിച്ചം നൽകുന്നത്. ഞങ്ങൾ ഏതാണ്ട് 40 ഓളം പേർ തിരിച്ചു കൊണ്ടുവരപ്പെട്ട സംഘത്തിൽ ഉണ്ടായിരുന്നു. തോക്കുധാരികളായ പോലീസുകാർ ഞങ്ങളുടെ ചുറ്റും വലയം തീർത്തു. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നിശ്ചയമില്ലാതെ ഞങ്ങളിരിക്കുമ്പോൾ ഏകദേശം മുപ്പതോളം ആജാനുബാഹുക്കൾ ഞങ്ങളുടെ അടുത്തേക്കു വന്നു. മദ്യത്തിന്റെ ഗന്ധം അവിടെ വ്യാപിച്ചു അതുവരെ രക്തത്തിന്റെ ഗന്ധമായിരുന്നു അവിടെ നിറഞ്ഞു നിന്നിരുന്നത്.

അവർ ഞങ്ങളെ പരിശോധിച്ചു തീപ്പെട്ടിയും, ചിലരുടെ കൈയ്യിലുണ്ടായിരുന്ന കൊച്ചു പിച്ചാത്തിയും പിടിച്ചെടുത്തു.

പിന്നെയാണ് മേളം തുടങ്ങിയത്. മനുഷ്യന് മനുഷ്യോനോട് എത്ര മാത്രം ക്രൂരത കാണിക്കാം അതൊക്കെ അവിടെ നടന്നു. അക്കാര്യം ഓർമ്മിക്കുമ്പോഴൊക്കെ ഞാൻ നടുങ്ങാറുണ്ട്. എന്നാൽ അത് എഴുതി ഫലിപ്പിക്കാൻ ഞാൻ അശക്തനാണ്. നിസ്സഹായാരായ മനുഷ്യരെ വെറുതെ മർദ്ദിക്കുക. കൂട്ട നിലവിളികൾ അവിടെ നിന്നു ഉയർന്നു. ആദ്യം നാലഞ്ച് ചവിട്ടും കുറെ ഇടിയും എനിക്ക് കിട്ടി. ദൈവമേ എന്ന് ഞാൻ നിലവിളിച്ചു. എന്റെ കൂട്ടുകാരിൽ പലരും അർദ്ധബോധാവസ്ഥയിൽ ആയിക്കഴിഞ്ഞിരുന്നു.. രണ്ടും മൂന്നും പേർ ഒരാൾക്ക് ചുറ്റും നിന്നും തൊഴിക്കുകയും ഇടിക്കുകയും കരണത്തടിക്കുകയും ചെയ്യുകയാണ്. മരണവെപ്രാളം കാണിക്കുന്നവന്റെ വായിലേക്ക് ഏമാന്മാർ മൂത്രവും അഴുക്ക് വെള്ളവും ഒഴിച്ചുകൊടുത്തു.

മർദ്ദനമേറ്റ് അവശനായ എന്നെ രണ്ടുപേർ കൈകളിൽ പിടിച്ചുവലിച്ചുയർത്തി. ആ സമയം പിന്നിൽ നിന്നൊരുവൻ ലാത്തികൊണ്ട് എന്റെ പുറത്ത് ആഞ്ഞ് കുത്തി. മരണവേദനയോടെ ഞാൻ നിലവിളിച്ചു. അവസാനം എന്റെ ബോധം നശിച്ചു.

എനിക്ക് ബോധം വീണ്ടു കിട്ടുമ്പോൾ ഞങ്ങളുടെ മുമ്പിൽ ഞങ്ങളുടെ നേതാവ് എൻ. എം. വർഗ്ഗീസിനെ കൊണ്ടുവന്നു ഇരുത്തിയിട്ടുണ്ട്. അയാളുടെ കൈകൾ ബന്ധിച്ചിരിക്കുകയാണ്. അന്നത്തെ മൂവാറ്റുപുഴ സർക്കിൾ ഇൻസ്പെക്ടർ ഒ.റ്റി. ജോസഫ് വർഗ്ഗീസിനെ അടിയ്ക്കുകയും തെഴിക്കുകയും ചെയ്യുന്നുണ്ട്. ധീരനായ വർഗ്ഗീസ് കൂസലില്ലാതെ സഹിക്കുകയാണ്. സഹികെടുമ്പോൾ ഒന്നലറും. എന്നെ തിന്നിനെടാ പട്ടികളെ, എന്ന് ഒരിക്കൽ അയാൾ ആക്രോശിച്ചു. ധീരതയുടെ അവതാരമായിരുന്നു വർഗ്ഗീസ്. വർഗ്ഗീസിന്റെ നീണ്ടമീശയുടെ ഒരു ഭാഗം ഒ.റ്റി. ജോസഫ് വലിച്ചു പറിച്ചു. ഞങ്ങളുടെ മുമ്പിലേക്ക് എറിഞ്ഞു. എന്നിട്ടയാൾ പരിഹാസത്തോടെ പറഞ്ഞു.........മോന്മാരെ നിങ്ങളുടെ ആഭ്യന്തര മന്ത്രിയുടെ മീശയാണ്. എടുത്തു സൂക്ഷിച്ചോടാ.



malankaralibrary.com

മണിക്കൂറുകൾ നീണ്ടു നിന്ന മർദ്ദന നടപടികൾക്കു ശേഷം ഇഞ്ചപ്പരുവമായ ഞങ്ങളുടെ കൈകൾ വിലങ്ങുവച്ചു. രണ്ടാളുകളുടെ കൈകൾ കൂട്ടിക്കെട്ടിയാണ് വിലങ്ങിട്ടത്. ഞങ്ങളുടെ കൈയ്യിൽ ഉണ്ടായിരുന്ന എല്ലാ വസ്തുക്കളും അവർ കൈവശപ്പെടുത്തി. വാച്ചുകൾ, മാലകൾ, പേന, പോക്കറ്റിൽ ഉണ്ടായിരുന്ന പണം. നല്ല മുണ്ടും ഷർട്ടും അവർ വലിച്ചുകീറി. എനിക്ക് ഒരു പവൻ തൂക്കം വരുന്ന ഒരു സ്വർണ്ണമാല ഉണ്ടായിരുന്നു. അന്ന് അതൊരു രീതിയാണ് നിവൃത്തിയുള്ള ചെറുപ്പക്കാർ കനംകുറഞ്ഞ ചെയിൻ കഴുത്തിലിടും. ആ മാലയും, ഒരു എനിക്കർ വാച്ചും, ഒരു പൈലറ്റു പേനയും പോക്കറ്റിൽ ഉണ്ടായിരുന്ന ഏഴു രൂപയും അവരെടുത്തു.

രാത്രി 12 മണിയോടെ ഞങ്ങളെ പനംകുട്ടിയിലേക്കു നടത്തിക്കൊണ്ടുപോയി. രാത്രി ചങ്ങാടം കടത്തി, പനംകുട്ടിയിലെത്തിച്ചു. പോലീസ് വാനിൽ കയറ്റി ഞങ്ങളെ തൊടുപുഴ പോലീസ് സ്റ്റേഷനിലെത്തിച്ചു. അവിടെവച്ചും എൻ. എം. വർഗ്ഗീസിനെ കഠിനമായി മർദ്ദിച്ചു. 27-ാം തീയതി മുഴുവൻ സമയവും ഞങ്ങളെ അവിടെ ലോക്കപ്പിലിട്ടു. ഗുരുതരമായി പരുക്കേറ്റവരെ ഞങ്ങളുടെ കൂടെ കൊണ്ടുവന്നിരുന്നില്ല. അവരെ മൂവാറ്റുപുഴ സർക്കാർ ആശുപത്രിയിലാക്കിയിരുന്നു.

28-ാം തീയതി ഉച്ചകഴിഞ്ഞു ഞങ്ങളെ തൊടുപുഴ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. അപ്പോൾ ഞങ്ങളിൽ പലർക്കും അടിവസ്ത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോടതി ഞങ്ങളെ ഒരാഴ്ചത്തേക്കു റിമാൻഡു ചെയ്തു മൂവാറ്റുപുഴ സബ്ജയിലിലേക്ക് അയച്ചു.

അവിടെ വച്ച് കോതമംഗലം ബിഷപ്പായിരുന്ന മാർപോത്തനാംമൂഴി പിതാവ് കൊടുത്തയച്ച മുണ്ടുകളാണ് ഞങ്ങളുടെ നാണം മറയ്ക്കാൻ ഉപകരിച്ചത്.

തൊടുപുഴ മജിസ്ട്രേട്ട് കോടതിയിൽ നിന്നും ഞങ്ങൾക്ക് ജാമ്യം നിഷേധിച്ചു. അവസാനം ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. തൊടുപുഴ പട്ടണത്തിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ പുറത്തു പോകരുതെന്ന ഉപാധിയോടെയാണ് ജാമ്യം കിട്ടിയത്. അപ്പോഴേക്കും 23 ദിവസം കഴിഞ്ഞിരുന്നു.

അന്നു ഇൻഡ്യയിലെ പ്രതിപക്ഷ നേതാവും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രമുഖനും കർഷകരുടെ പ്രിയങ്കരനുമായിരുന്ന സഖാവ് എ.കെ. ഗോപാലൻ മൂവാറ്റുപുഴ സബ്ജയിലിൽ 5 ദിവസത്തോളം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ചുരുളി-കീരിത്തോട്ടിലെ നരവേട്ടയിൽ പ്രതിക്ഷേധിച്ച് അദ്ദേഹം നിരാഹാര വ്രതം അനുഷ്ഠിക്കുകയായിരുന്നു. ഞങ്ങൾ ഒരു ദിവസം അദ്ദേഹത്തോടൊപ്പം നിരാഹാരം സമരത്തിൽ പങ്കെടുത്തു. മുവാറ്റുപുഴ ആർ.ഡി. ഒ. ജോണിന്റെയും എറണാകുളം കളക്ടർ ഗോപാലൻ നായരുടേയും നേതൃത്വത്തിലുള്ള സംഘമായിരുന്നു ചുരുളി-കീരിത്തോട് കുടിയൊഴിപ്പിക്കൽ നടത്തിയത്. ഒരു മാസക്കാലംകൊണ്ടാണ് കുടിയൊഴിപ്പിക്കൽ പൂർത്തീകരിച്ചത്.



malankaralibrary.com



ഞങ്ങൾ 55 പേരുടെ പേരിൽ തീ വയ്പ്, വധോദ്യമം എന്നിങ്ങനെ നിരവധി വകുപ്പികളിലാണ് കേസ് എടുത്തിരുന്നത്. വൈകുന്നേരം നടന്നതെന്നു ആരോപിക്കപ്പെട്ട കുറ്റത്തിനു, രാവിലെ അറസ്റ്റു ചെയ്ത എൻ. എം. വർഗ്ഗീസായിരുന്നു ഒന്നാം പ്രതി. തൊടുപുഴയിൽ 31 അവധിയ്ക്കു ഞങ്ങൾ ഹാജരായി. അതിനുശേഷം എറണാകുളം സെഷ്യൻസ് കോടതിയിൽ 1965 ജൂൺ 1 മുതൽ നൂറ്റിയഞ്ച് ദിവസം തുടർച്ചയായി കേസ്സ് വിസ്താരം നടത്തി.

മൂവാറ്റുപുഴ ശ്രീ. കെ. എം. ജോസഫ് കുറുപ്പാമഠം, സൈമൺ മാഞ്ഞൂരാൻ, എം. എം. തോമസ് മൂങ്ങാമാക്കൽ എന്നീ വക്കീലന്മാരും ഞങ്ങൾക്കു വേണ്ടി കഠിനാധ്വാനം ചെയ്തവരാണ്. അഡ്വ. ഇ.കെ. ജോസഫ്, മുൻ എം. എൽ.എ. അഡ്വ.എ.സി. കുര്യാക്കോസ്, അഡ്വ.കെ.ജെ.ജോസഫ് കുന്നംകോട്ട്, ദേവസ്യാ സി. കാപ്പൻ എന്നിവർ കേസിൽ സജീവമായി നേതൃത്വം നല്കിയിരുന്നു.

കേസ്സിൽ ഞങ്ങളെ വെറുതെ വിട്ടു. ഞങ്ങളെ വെറുതെ വിട്ടുകൊണ്ടുള്ള വിധിക്കെതിരെ അന്നത്തെ ഗവർണ്ണർ ഭരണകൂടം ഹൈക്കോടതിയിൽ അപ്പീലുകൊടുത്തു. 1967-ൽ ഇ.എം. എസ് ഗവണ്മെന്റ് അധികാരത്തിൽ വരുന്നതുവരെ കേസ്സ് തുടർന്നു. ബോംബെ കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസും കേരളത്തിലെ മെത്രാന്മാരും കേസ്സിന്റെ ചിലവുകൾക്കു സാമ്പത്തിക സഹായം ചെയ്തു.

ഇ.എം.എസ് മന്ത്രി സഭയിൽ മലനാട് കർഷക യൂണിയന്റെ രാഷ്ട്രീയ പാർട്ടിയായ കർഷക തൊഴിലാളി പാർട്ടിയും ചേർന്നിരുന്നു. ബി. വെല്ലിംഗ്ടൺ മന്ത്രിയായി. ആ മന്ത്രിസഭ കേസ് പിൻവലിച്ചു. അങ്ങനെ ഞങ്ങൾ രക്ഷപ്പെട്ടു.

ചുരുളി-കീരിത്തോട് സംഭവം മലയോര പ്രദേശങ്ങളിലെ കൃഷിക്കാരുടെ പ്രശ്നങ്ങളിലേക്കു അധികാര വർഗ്ഗത്തിന്റെ ശ്രദ്ധപിടിച്ചു പറ്റുന്നതിനു സഹായിച്ചു.

കുടിയേറ്റകർഷകർക്കു കൈവശഭൂമിയ്ക്കു പട്ടയം കൊടുക്കുവാനുള്ള നടപടികൾ ആരംഭിച്ചു. അന്നത്തെ റവന്യു വകുപ്പ് മന്ത്രി കെ.റ്റി. ജേക്കബ് ഈ കാര്യത്തിൽ ഏറെ താല്പര്യം കാണിച്ചു. ചുരുളി-കീരിത്തോട്ടിൽ കുടിയിറക്കപ്പെട്ടവർക്ക് അവിടെത്തന്നെ മുന്നേക്കർ സ്ഥലംവീതം നൽകി കുടിയിരുത്തി. ഇതൊക്കെ കുടിയിറക്ക് വരുദ്ധ സമരത്തിന്റെയും ഞങ്ങളേറ്റ കൊടിയ പീഡനങ്ങളുടെയും ഫലമായി സംഭവിച്ചതാണ്.

ആ കുടിയിരുത്തൽ ഉത്ഘാടന യോഗത്തിൽ അന്നത്തെ റവന്യുമന്ത്രിയും, ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടണും, കർഷക നേതാക്കളും, ഫാദർ വടക്കനും സംബന്ധിച്ചിരുന്നു. അന്ന് സഭാധികാരികൾ പൊതുസ്ഥലത്ത് പ്രസംഗിക്കുന്നതിൽ നിന്നും ഫാദർ വടക്കനെ വിലക്കിയിരുന്ന നാളുകളായിരുന്നു. അദ്ദേഹം ആംഗ്യത്തിലാണ് ഞങ്ങളോട് ആശയവിനമയം നടത്തിയത്."


malankaralibrary.com

തീവയ്പുകേസിൽ 55 പ്രതികൾ ആയിരുന്നു ഉണ്ടായിരുന്നത്. അന്ന് കേസ് വാദിച്ചത് അഡ്വ. രവീന്ദ്രൻപിള്ള, അഡ്വ. കെ.എം. ജോസഫ്, ചെറിയാൻ മാഞ്ഞൂരാൻ, അഡ്വ.എം. എം. തോമസ്, അഡ്വ. ഇ.കെ. ജോസഫ് തുടങ്ങിയവരായിരുന്നു. ജോൺ മാഞ്ഞൂരാൻ, സ്കറിയ പറയരുതോട്ടം എൻ. എം. വർഗ്ഗീസ് എന്നിവർ നിരവധി മർദ്ദനങ്ങൾ ഏൽക്കേണ്ടിവന്നു. അന്നത്തെ കേസിലെ പ്രതികളുടെയും അഭിഭാഷകരുടെയും ഒരു ഗ്രൂപ്പ്ഫോട്ടായാണ് മുകളിൽ അന്യത്ര ചേർത്തിരിക്കുന്നത്.

പ്രതികളിൽ 11 പേർ ഈ ഗ്രൂപ്പ്ഫോട്ടോയിൽ ഉൾപ്പെട്ടിട്ടില്ല. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

എബ്രാഹം ജോസഫ് വാളികുളത്ത് പൂമാലകണ്ടം
അഗസ്തി നെല്ലുവേലിൽ പൂമാംകണ്ടം
തോമസ് തെക്കേക്കണ്ടം പൂമാംകണ്ടം
കുര്യൻ പെരുമാലിൽ പൂമാംകണ്ടം
മിഖായേൽ വറവുങ്കൽ പൂമാംകണ്ടം
ഇബ്രാഹിം തെയ്‌ലാനാൻ മങ്കുവ
X തോമസ് വേട്ടകുന്നേൽ മങ്കുവ
X വെങ്കാളി മണിയൻ കീരിത്തോട്
X ഉലഹന്നൻ ഗണപതിപ്ലാക്കൽ പാറത്തോട്
X മാണിവർക്കി കടപ്പൂര് പൂമാംകണ്ടം
X മാത്യു പെരുമാലിൽ പൂമാംകണ്ടം

ഫോട്ടോയിൽ കാണുന്ന എല്ലാവരെയും ഇന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല. തിരിച്ചറിയാൻ സാധിക്കുന്ന 21 പേരുടെ പേരു വിവരം താഴെ ചേർക്കുന്നു.

X മാണി മക്കുത്തേൽ പൂമാംകണ്ടം
X ദേവസ്യാ മുരിക്കനാംകുഴിയിൽ പൂമാംകണ്ടം
X കാന്താരി പൗലോസ് പനംകുട്ടി
X തോമസ് മൈലാടൂർ കീരിത്തോട്
X ദേവസ്യാ പാട്യാലിൽ കമ്പളികണ്ടം.
X കണ്ടവൈദ്യർ കീരിത്തോട്
X ശോശാമ്മ കീരിത്തോട്
X ജോൺ കൊച്ചുകരോട്ട്
X നെയ്കുഴിയിൽ മാത്യു പനംകുട്ടി
X സെബാസ്റ്റ്യൻ പൂളിക്കൽ മൂലമറ്റം.
X മാത്യു ചെങ്ങനാംതടത്തിൽ കമ്പിളികണ്ടം
X മാത്യു നെല്ലിവേലിൽ പൂമാംകണ്ടം



malankaralibrary.com



X ആടവെട്ടിയിൽ വർഗ്ഗീസ് കീരിത്തോട്
ജോസഫ് വെട്ടുകല്ലേൽ ഉപ്പുതോട്
തോമസ് നരിപ്പാറയിൽ പൂമാംകണ്ടം
ജോസഫ് ആടുകുഴിയിൽ രാജമുടി
ജോസഫ് വൈദ്യൻ ഇടയാൽ കമ്പളികണ്ടം.
മാത്യു ആടുകുഴിയിൽ പൂമാംകണ്ടം
ജോർജ് മങ്കുവ
സ്കറിയാച്ചൻ മങ്കുവ
ജോണി കക്കെല്ലിൽ

(ഫോട്ടോയിലെ ഇത്രയും പേരെ മാത്രമേ തിരിച്ചറിയാൻ പറ്റുന്നുള്ളൂ. ബാക്കിയുള്ള 23 പേരുടെ വിവരം ഓർമ്മിക്കുന്നില്ല. ഈ ലിസ്റ്റ് തന്നത് എബ്രാഹം ജോസഫ് അവറുകളാണ്. X ചിഹ്നം ഇട്ടിട്ടുള്ളവർ മരണമടഞ്ഞു.)

1964ൽ പ്രസിഡണ്ടു ഭരണകാലത്ത് കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. കൺസൽട്ടേറ്റീവ് കമ്മിറ്റിയിൽ കേരളത്തിൽ നിന്നുള്ള എം.പിമാർ കുടിയിറക്ക് പ്രശ്നം ഉയർത്തിക്കൊണ്ടു വന്നു. 1965 ആഗസ്തിൽ ചേർന്ന കൺസൽട്ടേറ്റീവ് യോഗം ചില സുപ്രധാന തീരുമാനങ്ങളെടുത്തു.

വനം കയ്യേറ്റവും കുടിയിറക്കും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് പരിഹരിക്കുന്നതിന് ഈ കമ്മിറ്റിയിലെ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സബ് കമ്മിറ്റിയെ നിയമിക്കണമെന്നും എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാൻ കേരളത്തിന് പുറത്തുള്ള ഒരാൾ ചെയർമാനായി ഉന്നതാധികാര കമീഷനെ നിയമിക്കണം എന്നതിനെ സംബന്ധിച്ചും സബ് കമ്മിറ്റി പരിഗണിക്കണം.

ഇതനുസരിച്ച് മാത്യു മണിയങ്ങാടൻ എം.പി ചെയർമാനായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.


മാത്യു മണിയങ്ങാടൻ

പാർലമെന്റംഗങ്ങളായ ജി. രാമചന്ദ്രൻ, പി.കെ വാസുദേവൻനായർ, ജോസഫ് മാത്തൻ, പി.കെ. കോയ, ബി.കെ സിൻഹ, ചെറിയാൻ. ജെ.കാപ്പൻ എന്നിവരായിരുന്നു അംഗങ്ങൾ. ചുരുളികീരിത്തോട് കുടിയിറക്കു നടക്കുമ്പോൾ ബി.വെല്ലിംഗ്ടൺ കൊട്ടിയൂരിൽ ആയിരുന്നു. കുടിയിറക്കു സംഭവത്തെപ്പറ്റി ബി.വെല്ലിംഗ്ടൺ തന്റെ ഭരണ സ്മരണകളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"..........വനം സംരക്ഷിക്കേണ്ട ആവശ്യത്തെ ചോദ്യം ചെയ്യാതെയും തള്ളിപ്പറയാതെയും തയ്യാറാക്കി നൽകിയ ശുപാർശകൾ കർഷകർക്ക് ഏറെ അനുകൂലമായിരുന്നു. സർക്കാർ ആദ്യകാലങ്ങളിൽ കുടിയേറ്റത്തെയും പാട്ട വ്യവസ്ഥകളെയും പ്രോത്സാഹിപ്പിച്ചിരുന്നതായും കേരളത്തിൽ വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയുടെ പശ്ചാത്തലത്തിൽ



malankaralibrary.com

ആളുകൾ കുടിയേറിയതിൽ തെറ്റില്ലെന്നു കമ്മറ്റി വ്യക്തമാക്കി............."

സർക്കാർ നിയോഗിച്ച രാധാകൃഷ്ണമേനോൻ വനസംരക്ഷണ കമ്മറ്റി കർഷകരെ കുടിയൊഴിപ്പിക്കാനാണ് റിപ്പോർട്ട് നൽകിയതെങ്കിൽ പിന്നീട് നിയമിച്ച മാത്യു മണിയങ്ങാടൻ കമ്മിറ്റി കുടിയേറ്റകർഷകരെ അവിടെ ഉറപ്പിച്ചു നിർത്താനും കൂടുതൽ സംരക്ഷണം നൽകാനും പര്യാപ്തമായ ശുപാർശയാണ് നൽകിയത്.

## ഏതാനും സഹപ്രവർത്തകർ



ജോൺ പുളിക്കീൽ



ദേവസി
മണിമലത്തറപ്പേൽ



സിറിയക്
കുട്ടംപേരൂർ



പൈക ജോസ്



എ.കെ. തോമസ്



പി.പി. ജേക്കബ്ബ്



ആന്റണി
നെടുംപറമ്പിൽ




പി.എക്സ്
ചാക്കുണ്ണി



റ്റി.ഡി. പാപ്പച്ചൻ



സി.ഡി. കുഞ്ഞിപ്പാവു



ജോർജ്ജ്
ആലപ്പാട്ട്




വി.സി. ചാക്കോ
വലിയപറമ്പിൽ



malankaralibrary.com





ചുരുളി കീരിത്തോട് കേസിലെ പ്രതികൾ അഭിഭാഷകരോടൊപ്പം



malankaralibrary.com

# 10. നിയമസഭാ തിരഞ്ഞെടുപ്പുകൾ

## 1965-ലെ തെരഞ്ഞെടുപ്പ്

1960-ലെ ഐക്യമുന്നണി സർക്കാരിന്റെ കർഷക ദ്രോഹനടപടികൾ കേരള രാഷ്ട്രീയത്തിലെ ഒരു വഴിത്തിരിവായി. ഐക്യമുന്നണി ഗവ ണ്മെന്റിനെ അധികാരത്തിലേറ്റിയ ജനവിഭാഗത്തെയാണ് ഐക്യമുന്നണി സർക്കാർ ദ്രോഹിച്ചത്. ഉടുമ്പൻചോല- അമരാവതി കർഷക പ്രശ്നത്തിലും ചുരുളികീരിത്തോട് കുടിയിറക്കു പ്രശ്നത്തിലും കർഷകർക്ക് അനുകൂല മായ ഒരു നിലപാട് സ്വീകരിക്കാത്ത കോൺഗ്രസ്സിലെ നേതാക്കൾ അടുത്ത തിരഞ്ഞെടുപ്പിനുവേണ്ടി കരുക്കൾ നീക്കികൊണ്ടിരുന്നു. ഇലക്ഷൻ കമ്മറ്റി യിൽ പോലും അവർക്ക് കയറിപ്പറ്റാനുള്ള സാദ്ധ്യതയില്ലാതായി. ഈ സാഹ ചര്യത്തിൽ കർഷകദ്രോഹികളായ ജനപ്രതിനിധികൾ മലയോര കർഷക രുടെ പേരിൽ മുതലക്കണ്ണീർ പൊഴിച്ചു. കൊട്ടിയൂരിലെ മേൽച്ചാർത്തിനെയും ഉടുമ്പൻചോല കുടിയിറക്കിനെയും അനുകൂലിച്ചവരായിരുന്നു അവർ. അമ രാവതിയിൽ കുടിയിരുത്തപ്പെട്ട കർഷകരുടെ ദുരിതങ്ങളുടെ നേരെ കണ്ണ ടച്ചവരായിരുന്നു അവർ. കോൺഗ്രസ്സിലെ ഗ്രൂപ്പുകളികളിൽ തോറ്റ അവർ മലയോര കർഷകരോട് സർക്കാർ നീതിപുലർത്തിയില്ലെന്ന് പറഞ്ഞ് സർക്കാ രിനെ എതിർത്തു. കോൺഗ്രസ് സർക്കാരിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷത്തിന്റെ പിന്താങ്ങോടെ സർക്കാരിനെതിരെ അവ തരിപ്പിച്ച പ്രമേയം പാസ്സാക്കി.

അവിടംകൊണ്ടു തീർന്നില്ല മലയോര കർഷകരെ എന്നും ദ്രോഹിച്ച അവർ മലയോര കർഷകരുടെ വക്താക്കളായി പ്രചരണം നടത്തി. അവസാനം പുതിയ ഒരു പാർട്ടി- കേരളാ കോൺഗ്രസ്സ് രൂപീകരിച്ചു. അവരാണ് കർഷക സംരക്ഷകർ എന്ന രീതിയിലുള്ള പ്രചരണം ആരംഭിക്കുകയും ചെയ്തു. കർഷ കദ്രോഹനടപടികൾക്കെതിരെ സകലതും ത്യജിച്ച് പോരാടിയവർ വിസ്മരിക്ക പ്പെട്ടു.

ഈ സാഹചര്യത്തിലാണ് 1965-ലെ നിയമസഭാ തെരഞ്ഞെടുപ്പു നട ക്കുന്നത്. കേരളാ കോൺഗ്രസ്സ് മലയോര കർഷകരുടെ സംരക്ഷകരായി അഭി നയിച്ചു. സത്യം തുറന്നു പറയാനോ സത്യത്തിന് സാക്ഷ്യം വഹിക്കാനോ പത്രമാധ്യമങ്ങൾ തയ്യാറായില്ല.

1965-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, ഇടതുപക്ഷം, കേരളാ കോൺഗ്രസ്സ് എന്ന കക്ഷികൾ തമ്മിലുള്ള ഒരു ത്രികോണ മത്സരം നടന്നു. കോൺഗ്രസ്സ് അതിദയനീയമായി തോറ്റു. കേരളാ കോൺഗ്രസ്സിന് 20-ലധികം



malankaralibrary.com

സീറ്റുകൾ ലഭിച്ചു. ആർക്കും ഭൂരിപക്ഷമില്ലാത്ത നിലവന്നു. ഈ തെരഞ്ഞെടുപ്പിൽ കെ.ടി. പിയുടെ സ്ഥാനാർത്ഥിയായി ബി..വെല്ലിംഗ്ടൺ കൽപ്പറ്റിയിലും മണലൂരിലും മത്സരിച്ചു. ഒരു മുന്നണിയിലും ചേരാതെ സ്വതന്ത്രനായിട്ടാണ് കെ.ടി. പി നിലകൊണ്ടത്. ആർക്കും കെ.ടി. പി സ്ഥാനാർത്ഥിയെ പിന്താങ്ങാം. പക്ഷെ തിരിച്ച് ഒന്നും പ്രതീക്ഷിക്കേണ്ട എന്ന നിലപാട് ആണ് കെ.ടി. പി സ്വീകരിച്ചത്. രാഷ്ട്രീയത്തിനതീതമായി ജനങ്ങൾ വോട്ടു ചെയ്തു വെല്ലിംഗ്ടൺ കൽപറ്റ മണ്ഡലത്തിൽ നിന്നും ജയിച്ചു. മണലൂർ വിജയിക്കാൻ സാധിച്ചില്ല.

ഒരു പാർട്ടിക്കും മന്ത്രിസഭ രൂപീകരിക്കാൻ സാധിച്ചില്ല. മുന്നണി സംവിധാനത്തിലൂടെ ഭരണം കൈയ്യേറാനുള്ള സാഹചര്യം ഉണ്ടായിരുന്നു. പക്ഷെ അത് വിജയിച്ചില്ല. കേന്ദ്രം നിയമസഭ പിരിച്ചുവിട്ടു. കോൺഗ്രസ്സ് അതിദയനീയമായി പരാജയപ്പെട്ടതിന്റെ പ്രതിഷേധമായിട്ടായിരുന്നു ആ നടപടി.

തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികളും നിയമസഭ കാണാതെ വീടുകളിലേക്ക് മടങ്ങി.

## 1967-ലെ തിരഞ്ഞെടുപ്പ് കെ.ടി.പി.ക്ക് രണ്ട് എം.എൽ.എ.മാർ

1965-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ജയിച്ചവരെ നിയമസഭയിൽ പ്രവേശിപ്പിക്കാതെ പറഞ്ഞയക്കുകയുണ്ടായല്ലോ. ബി. വെല്ലിംഗ്ടണും ജയിച്ചിരുന്നു. പിന്നീട് പ്രസിഡന്റു ഭരണമാണ് നിലവിൽ വന്നത്. 1967-ലെ



പൊതു തിരഞ്ഞെടുപ്പിൽ സപ്തകക്ഷി മുന്നണിയിൽ നിന്നുകൊണ്ടാണ് കെ.ടി. പി. മത്സരിച്ചത്. സപ്തകക്ഷി മുന്നണി കെട്ടിപ്പൊക്കുന്നതിൽ നിർണ്ണായകപങ്കുവഹിച്ചത് ഫാ. വടക്കനും ബി. വെല്ലിംഗ്ടണും, ഇ.എം.എസ് നമ്പൂതിരിപ്പാടും, സി.എച്ച്. മുഹമ്മദു കോയയുമായിരുന്നു. ബി വെല്ലിംഗ്ടൺ കൽപറ്റയിൽ നിന്നും ശ്രീ.എം.എം. തോമസ് കരിമണ്ണൂർ നിന്നും വർഗീസ് മേച്ചേരി മണലൂരിൽ നിന്നും നിയമസഭയിലേക്ക് കെ.ടി.പി. ടിക്കറ്റിൽ മത്സരിച്ചു. ശ്രീ വെല്ലിംഗ്ടണും എം.എം. തോമസും വൻഭൂരിപക്ഷത്തോടെ ജയിച്ചു. വർഗീസ് മേച്ചേരി 100-ൽത്താഴെ വോട്ടിന് പരാജയപ്പെട്ടു. സപ്തകക്ഷി മുന്നണിക്ക് വൻഭൂരിപക്ഷമാണ് ലഭിച്ചത്. ഇ.എം.എസ്. മുഖ്യമന്ത്രിയായുള്ള മന്ത്രിസഭയിൽ ബി. വെല്ലിംഗ്ടൺ ആരോഗ്യവകുപ്പു മന്ത്രിയായി ചാർജ്ജെടുത്തു.




malankaralibrary.com

ചുരുളി കീരിത്തോട്ടിലെ കുടിയിറക്കുകാലത്ത് കർഷകർക്കുവേണ്ടി വാദിച്ച ഒരു പ്രമുഖ അഭിഭാഷകനായിരുന്നു അഡ്വ. എം.എം. തോമസ്. മലനാട് കർഷക യൂണിയൻ പ്രസിഡന്റുമായിരുന്നു അദ്ദേഹം. നിയമസഭയെ കർഷകസമരത്തിന്റെ പോരാട്ടക്കളമായി മാറ്റുവാൻ അദ്ദേഹത്തിന് സാധിച്ചു. ചുരുളി കീരിത്തോട്ടെ കുടിയിറക്കിന് വിധേയരായവരെ അവിടെത്തന്നെ കുടിയിരുത്തുമെന്ന് മലനാട് കർഷക യൂണിയനും കെ.ടി.പി.യും പ്രഖ്യാപിച്ചിരുന്നുവല്ലോ. 1967-ലെ മന്ത്രിസഭ അധികാരമേറ്റതിന്റെ ഒന്നാംവാർഷികം ആഘോഷിച്ചത് ചുരുളി കീരിത്തോട്ടായിരുന്നു. ചുരുളി കീരിത്തോട്ടിൽ നിന്നും കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തി. ഈ സംരംഭത്തിന് ഫാ. വടക്കനോടും ബി. വെല്ലിംഗ്ടണോടുമൊത്ത് ശ്രീ. തോമസ് സജീവമായി പ്രവർത്തിച്ചു. ക്രമേണ വെല്ലിംഗ്ടണുമായി ശ്രീ. എം.എം. തോമസ് അഭിപ്രായവ്യത്യാസത്തിലായി. തോമസ്, കേരളാ കർഷക പാർട്ടി രൂപീകരിച്ച് പ്രവർത്തിച്ചു. 1967-ലെ മന്ത്രിസഭയുടെ പതനത്തിനുശേഷം 1970-ൽ നടന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിയിൽ എം.എം. തോമസിനെ ഉൾപ്പെടുത്തിയില്ല എങ്കിലും സ്വതന്ത്രസ്ഥാനാർത്ഥിയായി എം.എം. തോമസ് കരിമണ്ണൂർ മണ്ഡലത്തിൽ നിന്നു മത്സരിച്ചു പരാജയപ്പെട്ടു.

വെല്ലിംഗ്ടൺ എഴുതിയതും പ്രസിദ്ധീകരിക്കാത്തതുമായ ഭരണസ്മരണകൾ പൂർണ്ണമായും ഈ പുസ്തകത്തിൽ ചേർക്കുകയാണ്. മന്ത്രിയുടെ തന്നെ വാക്കുകൾ വായനക്കാർക്ക് കൂടുതൽ രസകരമായിരിക്കുമല്ലോ.


എ.ജെ. ബെൻസ്

ബി. വെല്ലിംഗ്ടന്റെ ജീവചരിത്രം തയ്യാറാക്കുന്നതിൽ വളരെയധികം സഹായം ചെയ്ത ഒരു ചരിത്രകാരനാണ് എ.ജെ. ബെൻസ് ആളുക്കാരൻ. ചരിത്രഗ്രന്ഥങ്ങളും ചരിത്രപരമായ ലേഖനങ്ങളും ശേഖരിച്ച് സൂക്ഷിച്ചുവയ്ക്കുന്നതിൽ തല്പരനുമാണദ്ദേഹം. ബി. വെല്ലിംഗ്ടണെപ്പറ്റി കാലാകാലങ്ങളിൽ വന്ന പത്രറിപ്പോർട്ടുകൾ ബെൻസ് സൂക്ഷിച്ചുവച്ചിരുന്നു. ഈ ഗ്രന്ഥം തയ്യാറാക്കുന്നതിൽ അദ്ദേഹം നല്കിയ സഹകരണം നന്ദിയോടെ സ്മരിക്കുന്നു.


റ്റി.ഐ. ആന്റോ

ഫാ. വടക്കന്റെയും ബി.വെല്ലിംഗ്ടന്റെയും വിശ്വസ്ത സഹകാരിയും ഫാ. വടക്കൻ ആരംഭിച്ച ചർച്ച് സപ്ലിമെന്റിന്റെ കോർഡിനേറ്ററുമായിരുന്നു റ്റി. ഐ.ആന്റോ തലക്കോട്ടൂർ. ഫാ. വടക്കന്റെ ആത്മകഥ പകർത്തിയെഴുതുന്നതിൽ പ്രധാന പങ്കു വഹിച്ചതും ആന്റോ ആയിരുന്നു. ബി.വെല്ലിംഗ്ടന്റെ അന്ത്യകാലത്ത് സാമ്പത്തികമായി പ്രയാസപ്പെട്ടപ്പോൾ സാഹചര്യം മനസ്സിലാക്കി വെല്ലിംഗ്ടനെ ആരും അറിയാതെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരുന്നവരിൽ പ്രമുഖനായിരുന്നു ആന്റോ.



malankaralibrary.com



# 11. ഭരണസ്മരണകൾ

1967 മാർച്ച് മാസം 6-ാം തീയതിയായിരുന്നു ഇ.എം. എസ്-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. തെരഞ്ഞെടുപ്പ് വിജയത്തെത്തുടർന്ന് സപ്തകക്ഷി മുന്നണി നേതാക്കന്മാരായ ഇ. എം.എസ്, സി.എച്ച്. കണാരൻ, അഴിക്കോടൻ രാഘവൻ, വടക്കനച്ചൻ, ബി, വെല്ലിംഗ്ടൺ, സി.അച്യുതമേനോൻ, എസ്. കുമാരൻ, എം.എൻ. ഗോവിന്ദൻനായർ, കെ. ചന്ദ്രശേഖരൻ, പി.ആർ.കുറിപ്പ്, സി.എച്ച്.മുഹമ്മദ്കോയ, പി.വി.അബ്ദുള്ള കോയ, റ്റി.കെ. ദിവാകരൻ, ബേബി ജോൺ, മത്തായി മാഞ്ഞൂരാൻ, ജോൺ മാഞ്ഞൂരാൻ മുതലായവരൊക്കെ ഒരുമിച്ച് കൂടി മന്ത്രിസഭാരൂപീകരണത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു. സത്യപ്രതിജ്ഞയ്ക്ക് ശേഷം തിരുവനന്തപുരം പഴവങ്ങാടി മൈതാനത്ത് ബഹുജനങ്ങളെ അഭിസംബോധന ചെയ്യാൻ ഒരു പൊതുയോഗം സംഘടിപ്പിക്കണമെന്നും മന്ത്രിമാരും കക്ഷിനേതാക്കളും പ്രസംഗിക്കണമെന്നും തീരുമാനിച്ചു.

തലേന്ന് ഉച്ച കഴിഞ്ഞാണ് ഞാൻ തിരുവനന്തപുരത്ത് എത്തിയത്. എം.എൽ.എ ക്വാർട്ടേഴ്സിൽ (മെയിൻ ബ്ലോക്കിൽ) 11-ാം നമ്പർ മുറി ആണ് അവർ എനിക്കായി നീക്കിവച്ചിരുന്നത്. താക്കോൽ വാങ്ങി മുറി തുറന്ന് ബ്രീഫ്കേസും സാധനങ്ങളും വച്ചു. കുളി കഴിഞ്ഞ് ചായയും കുടിച്ച് പ്രാർത്ഥനയ്ക്കായി പള്ളിയിലേക്ക് പോയി. തുറന്നു കിടന്ന വാതിലിലൂടെ അകത്തേക്ക് കയറാൻ തുടങ്ങിയപ്പോൾ പള്ളിയിൽനിന്ന് ഇറങ്ങിവന്ന ഒരാൾ ചിരിച്ചുകൊണ്ട് അഭിവാദനം ചെയ്തു. രണ്ടുപേരും പരസ്പരം നോക്കി നിൽക്കെ മിസ്റ്റർ സ്.റ്റി. ജോസഫ് അല്ലേ എന്നു ഞാൻ സംശയത്തോടെ ചോദിച്ചു. അതെ സാർ എന്റെ പേരും, ഇൻഷ്യലും പോലും ഓർത്തിരിക്കുന്നല്ലോ? അയാൾ അദ്ഭുതം പ്രകടിപ്പിച്ചു. ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത്. എന്റെ ചോദ്യം? സെക്രട്ടറിയേറ്റിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ് ഞാൻ അയാൾ മറുപടി പറഞ്ഞു. ഞാൻ പ്രാർത്ഥന കഴിഞ്ഞു വരുന്നതു വരെ ഇവിടെ നിൽക്കാമോ എന്നു ഞാൻ ചോദിച്ചു. അദ്ദേഹം തലകുലുക്കി. ഞാൻ അകത്തേക്കു പോയി. വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ തിരഞ്ഞെടുപ്പിനെ നേരിടാനും വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിക്കാനും ഉള്ള അനുഗ്രഹം തന്നതിന് ഞാൻ ദൈവത്തിന് നന്ദി പ്രകടിപ്പിച്ചു. പ്രാർത്ഥനയിൽ മുഴുകിയതിനാൽ സമയം പോയതറിഞ്ഞില്ല. കാത്തുനിന്നിരുന്ന ആളുമായി എം.എൽ.എ ക്വാർട്ടേഴ്സിലേക്ക് നടന്നു. വിശേഷങ്ങൾ പറഞ്ഞ കൂട്ടത്തിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കൊച്ചു പാർട്ടികളെ വലിയ പാർട്ടികൾ



malankaralibrary.com

അവഗണിക്കുമെന്നും അങ്ങനെ വന്നാൽ കെ.റ്റി.പി, കെ.എസ്.പി. മുതലായ കക്ഷികൾക്ക് മന്ത്രിസഭയിൽ പ്രാതിനിധ്യം ഉണ്ടാവില്ലെന്നുമാണ് കേൾക്കുന്നതെന്നയാൾ പറഞ്ഞു. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും സപ്തകക്ഷി മുന്നണിയിലെ എല്ലാ കക്ഷികൾക്കും മന്ത്രിസഭാ രൂപീകരണത്തിൽ പ്രാതിനിധ്യം ഉണ്ടായിരിക്കും. കെ.റ്റി.പി.യുടെ പ്രതിനിധിയായി ബി.വെല്ലിംഗ്ടൺ നാളെ സത്യപ്രതിജ്ഞ ചെയ്യും. ഞാൻ തറപ്പിച്ചു പറഞ്ഞു. അപ്പോഴേക്കും ഞങ്ങൾ എം.എൽ.എ. ക്വാർട്ടേഴ്സിൽ എത്തി. നാം തമ്മിൽ പരിചയപ്പെട്ടത് എന്നാണെന്നോർക്കുന്നുണ്ടോ?

'ഓർമ്മയില്ല സർ' : മറുപടി

ഞാൻ പറയാം എ.ജെ. ജോൺസാർ വ്യവസായ മന്ത്രിയായിരുന്ന കാലത്ത് പഴയ പരിചയം പുതുക്കാനും ചില കാര്യങ്ങൾ ചർച്ച ചെയ്യാനും വേണ്ടി സെക്രട്ടറിയേറ്റിൽ അദ്ദേഹത്തിന്റെ ഓഫീസിൽ വന്നപ്പോൾ നിങ്ങളെ അവിടെ കാണാനിടയായി. ഞങ്ങൾ വളരെയധികം സംസാരിച്ചിരുന്ന കൂട്ടത്തിൽ നിങ്ങളെപ്പറ്റി അദ്ദേഹം പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽ ഇപ്പോഴും ഓർമ്മയുണ്ട്. "മിടുക്കനായ ചെറുപ്പക്കാരൻ. ഏൽപ്പിക്കുന്ന കാര്യങ്ങൾ കൃത്യമായും നിർവഹിക്കും വിശ്വസ്തനും സത്യസന്ധനുമാണ്." ആ ഓർമ്മകൾ അയവിറക്കിക്കൊണ്ട് ഞാനൊന്നു ചോദിക്കട്ടെ. നിങ്ങൾക്ക് എന്റെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്യാമോ?

സാറിന്റെ ഓർമ്മ അപാരം തന്നെ. അന്നവിടെ സാർ വന്ന കാര്യം ഞാൻ ഓർക്കുന്നേയില്ല. സാർ എന്നോടിപ്പോൾ ചോദിച്ചത് ഗൗരവമുള്ള കാര്യമാണ്. പ്രൈവറ്റ് സെക്രട്ടറിയെ തീരുമാനിക്കുന്നത് മന്ത്രിയുടെ കക്ഷിയും ഭരിക്കുന്ന മുന്നണി നേതാക്കളും അഭിപ്രായം പ്രകടിപ്പിച്ചെന്നുവരാം. ആ സ്ഥിതിക്ക് സാർ പെട്ടെന്നിങ്ങനെയൊരു തീരുമാനമെടുക്കണമോ? ഭരണരംഗത്തെ അനുഭവം വച്ചാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. വളരെയധികം ആളുകൾ കാണാനും പരിചയം പുതുക്കാനും കതകിൽ മുട്ടി തുടങ്ങി. നാളെ രാവിലെ 8 മണിക്ക് വരണം എന്നു പറഞ്ഞ് ജോസഫിനെ യാത്രയാക്കി. കാത്തുനിന്നവരുടെ അഭിനന്ദനങ്ങളിലും സന്തോഷപ്രകടനങ്ങളിലും ഞാനും പങ്കു ചേർന്നു. അന്ന് ഞാൻ സ്വസ്ഥമായി ഉറങ്ങി. പിറ്റേന്നു രാവിലെ അഭിനന്ദന സന്ദേശങ്ങൾ. മറ്റ് ജയിച്ചു വന്ന എം.എൽ.എ മാർ, സപ്തകക്ഷിമുന്നണിയിലെ നേതാക്കന്മാർ വളരെ തിരക്കും ബഹളവുമായിരുന്നു. അപ്പോഴേക്കും ജോസഫ് എത്തി. സാറിന് താൽപര്യമാണെങ്കിൽ ഞാൻ കൂടെ ജോലി ചെയ്യാം. ഞാൻ ബാഗ് തുറന്ന് ഒരു കടലാസ് എടുത്ത് Sri. C.T. Joseph under secretary, secretariate is appointed as my private secretary എന്ന് എഴുതി ഒപ്പിട്ട് അയാളുടെ കൈയ്യിൽ കൊടുത്തു. ഇതിന്റെ ഒരു കോപ്പി എഴുതി സൂക്ഷിക്കാനും ചീഫ് സെക്രട്ടറിയെ കണ്ട് അനന്തര നടപടികൾ ചെയ്യാനും നിർദ്ദേശിച്ചു.



malankaralibrary.com



# സത്യപ്രതിജ്ഞ

സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് ആയിരുന്നു സത്യപ്രതിജ്ഞ. പല നിയുക്ത മന്ത്രിമാരുടെയും ബന്ധുക്കളും സുഹൃത്തുക്കളും ആഹ്ലാദത്തോടെ അവിടെ എത്തിയിരുന്നു. എനിക്കാണെങ്കിൽ ആരും കൂടെ ഉണ്ടായിരുന്നില്ല. ഗവർണർ സത്യവാചകം ചൊല്ലിത്തന്നു. ഞാൻ ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. ചിലർ ദൃഢപ്രതിജ്ഞയും ചെയ്തിരുന്നു. ഒരു പ്രത്യേകത കണ്ടത് സി.എച്ച്.മുഹമ്മദ് കോയയും അഹമ്മദ് കുരുക്കളും തൊപ്പിവച്ചു കൊണ്ടാണ് സത്യപ്രതിജ്ഞ ചെയ്തത്. പഴയ ഒരു കാര്യം ഞാൻ ഓർത്തു. തെരഞ്ഞെടുപ്പ് യോഗങ്ങളിൽ തൊപ്പിവച്ചുകൊണ്ടു തന്നെ സത്യപ്രതിജ്ഞ ചെയ്യണമെന്ന് ഞാൻ അവരോട് പറഞ്ഞിരുന്നു. കാരണം സി.എച്ച്.മുഹമ്മദ് കോയ സ്പീക്കറാകേണ്ടി വന്നപ്പോൾ അദ്ദേഹത്തിന്റെ തൊപ്പി ഊരി വയ്പിച്ചിട്ടാണ്. (ലീഗിൽ നിന്നും രാജി വയ്പിച്ചിട്ട്) സത്യപ്രതിജ്ഞ ചെയ്തത്.

സത്യപ്രതിജ്ഞയ്ക്ക് ശേഷം മന്ത്രിമാർ നേരെ പൊതുയോഗസ്ഥലത്തെത്തണം എന്നറിയിച്ചു. അങ്ങനെ കാറിൽ കയറാൻ ചെന്നപ്പോൾ ഒന്നാം നമ്പർ കാർ മുഖ്യമന്ത്രിയ്ക്കായി എത്തി. നേരത്തെ സെക്രട്ടറിയേറ്റുമായി പരിചയമുള്ള മന്ത്രിമാർ അവർക്ക് വേണ്ട കാർ തെരഞ്ഞെടുത്തിരുന്നു. ആറോ ഏഴോ മന്ത്രിമാർ പൊയ്ക്കഴിഞ്ഞപ്പോൾ വന്നുനിന്ന ഒരു വലിയ കാറിൽ കയറാൻ ചെന്ന ഒരു മന്ത്രി ഈ കാർ എനിക്കുവേണ്ട മാറ്റൂ എന്നു പറഞ്ഞു. മ്ലാനവദനനായ ആ ഡ്രൈവർ വണ്ടി എടുത്ത് മാറ്റി ദൂരെ കൊണ്ടിട്ടു മാറി ഒഴിഞ്ഞു നിന്നു. ഞാൻ അവസാനമാണ് കാറിൽ കയറാൻ തയ്യാറായത്. ഈ മാറി നിന്ന ഡ്രൈവറെ ഞാൻ വിളിച്ചു. അയാൾ ഓടിപ്പോയി കാറെടുത്ത് കൊണ്ടുവന്നു ഞാനും യോഗസ്ഥലത്തെത്തി. ആൾത്തിരക്കു കാരണം സ്റ്റേജിലെത്താൻ വളരെ പ്രയാസപ്പെടേണ്ടി വന്നു. എല്ലാവരും ആവേശത്തോടെയാണ് പ്രസംഗിച്ചത്. ഓരോരുത്തരേയും ജനങ്ങൾ ആവേശത്തോടെ അഭിവാദനം ചെയ്തു. മുഖ്യമന്ത്രി ഇ.എം.എസ് പറഞ്ഞ ഒരു വാചകം "ആരെല്ലാം എന്തെല്ലാം പ്രകോപനങ്ങളും പ്രതിബന്ധങ്ങളും സൃഷ്ടിച്ചാലും ഞങ്ങൾ ഈ ഐക്യം കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കും." പരിപാടികളെല്ലാം കഴിഞ്ഞ് കൊല്ലത്തേക്ക് തിരിച്ചു. ഡ്രൈവറുടെ പേര് കരുണാകരൻനായർ എന്നാണെന്നും കൂടെ നിൽക്കാൻ തയ്യാറാണെന്നും അയാൾ പറഞ്ഞപ്പോൾ ഞാൻ എന്റെ ചില വ്യവസ്ഥകൾ അയാളോടു പറഞ്ഞു. എനിക്ക് ചില പ്രത്യേക സ്വഭാവങ്ങൾ ഉണ്ട്. ഞാൻ ഉപയോഗിക്കുന്ന കാർ ഞാനില്ലാതെ ഓടിക്കേണ്ടി വന്നാൽ വഴിയിൽ കാണുന്ന ആളുകളെ കയറ്റരുത്. ഈ കാർ മദ്യഷാപ്പിനുമുന്നിൽ ഒരിക്കലും കാണാനിടയാക്കരുത്. എന്റെ കൂടെ ജോലിക്ക് വന്നാൽ ഒരിക്കലും മദ്യപിക്കരുത്. ഞാൻ എവിടെയെങ്കിലും പോകാൻ തയ്യാറായാൽ ഡ്രൈവറെ



malankaralibrary.com

കാത്ത് നിൽക്കാനിടയാകരുത്.

കരുണാകരൻ നായർക്ക് വളരെ സന്തോഷമായി. ഒരു കുറ്റവും കാണാനിടയാക്കാതെ ഞാൻ ജോലി ചെയ്തുകൊള്ളാം എന്നയാൾ ഉറക്കെ പറഞ്ഞു. നേരെ ഞങ്ങൾ കൊല്ലത്തുള്ള എലിസബത്തിന്റെ വീട്ടിലെത്തി. മമ്മയെ കണ്ട് വിശേഷങ്ങൾ പറഞ്ഞു. താമരശ്ശേരിയിലെത്തി ഒരു വലിയ ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു. അമ്മയെ കണ്ട് കാൽ തൊട്ടു വന്ദിച്ചു. എന്നെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചപ്പോൾ സന്തോഷാശ്രുക്കൾ അടർന്നുവീഴുന്നു ണ്ടായിരുന്നു. മുറ്റത്തേക്കിറങ്ങി, ആവേശകരമായ മുദ്രാവാക്യം വിളികളും സന്തോഷപ്രകടനങ്ങളും ആയിരുന്നു. ഹസ്തദാനത്തിനപ്പുറത്ത് അനുമോ ദിക്കാൻ ആളിനെപ്പൊക്കിയെടുക്കാൻ ശ്രമിച്ചപ്പോൾ അരുത് എന്നു പറയേ ണ്ടിവന്നു. ഗ്രിഗറിയങ്കിൾ എന്നു ഞങ്ങളെല്ലാം വിളിക്കുന്ന ഒരാളിനെ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. നമ്മുടെ നാട്ടിൽ ഒരു മന്ത്രിയുണ്ടായല്ലോ... ദൈവത്തിനു സ്തുതി. എല്ലാവരും സന്തോഷം കൊണ്ടു തുള്ളിച്ചാടി. ഏതാനും ചിലർ അകലെ മാറി നിൽക്കുന്നത് ഞാൻ കണ്ടു. അവരെയെനിക്ക് നല്ലപോലെ അറിയാം. നാട്ടിൽ എന്തു കുഴുപ്പമുണ്ടായാലും അവരാണ് പിന്നിൽ പ്രവർത്തി ക്കുന്നത്. ഇതൊന്നും അറിയാത്ത മട്ടിൽ ഞാൻ അവരുടെ അടുത്തേക്ക് ചെന്നു. അവർ എന്നെ കണ്ടു കൈകൂപ്പി, ഞാനും "എന്താ നിങ്ങളിങ്ങനെ ദൂരെ"അർദ്ധോക്തിയിൽ നിർത്തി.ബഹളം കഴിയട്ടെ എന്നു കരുതി മാറി നിന്നതാണ്. നമ്മുടെ ഈ കൊച്ചു നാട്ടിൽ ഒരു മന്ത്രിയുണ്ടായല്ലോ. അവരും ഒരേ സ്വരത്തിൽ പറഞ്ഞു. എല്ലാവരോടും യാത്ര പറഞ്ഞ് കൊല്ലം ഗവ ണ്മെന്റ് ഗസ്റ്റ് ഹൗസിൽ താമസിച്ചു. വീട്ടിൽ എല്ലാവരേയും താമസിപ്പിക്കാൻ സ്ഥലമില്ലല്ലോ (സ്റ്റാഫിനേയും, കാറിടാനും) രാവിലെ ആഹാരം കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് പോയി. പോകുന്ന വഴിക്ക് ഏതെങ്കിലും ഒരു ആശു പത്രിയിൽ കയറണമെന്ന ആഗ്രഹം തോന്നി. പണ്ട് ആരോഗ്യമന്ത്രിയായി രുന്ന ശ്രീ. വേലപ്പൻ നായരോടൊപ്പം ജോലി ചെയ്ത ആളായിരുന്നു ഡ്രൈവർ കരുണാകരൻ നായർ. അയാൾക്ക് തിരു-കൊച്ചിയിലെ എല്ലാ ഗവണ്മന്റ് ആശുപത്രികളും അറിയാം. അയാളോട് ചോദിച്ചപ്പോൾ ആറ്റി ങ്ങൽ ഗവ: ആശുപത്രിയിൽ കയറുന്നത് സൗകര്യപ്രദമാണെന്ന് പറഞ്ഞു. അവിടെ പോകാൻ നിർദ്ദേശം കൊടുത്തു. ഞങ്ങൾ ആശുപത്രിയിൽ എത്തി യപ്പോൾ മണി 10.30 കഴിഞ്ഞിരുന്നു. ഇന്നലെ സത്യപ്രതിജ്ഞ ചെയ്ത മന്ത്രി ഇന്നു രാവിലെ അവിടെയുത്തുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ജീവന ക്കാർക്കെല്ലാം സംഭ്രമവും വിസ്മയവും.

ഡോക്ടർ എവിടെ? ഞാൻ ചോദിച്ചു.

വീട് അറിയാവുന്ന ഒരാളെ കൂട്ടി സ്റ്റേറ്റു കാറിൽ കയറ്റി ഡേക്ടറെ പോയി കൊണ്ടുവരാൻ ഡ്രൈവറെ ഏർപ്പാട് ചെയ്തിട്ട് ഞാൻ അവിടെയെല്ലാം നടന്നു കണ്ടു. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ



malankaralibrary.com



സന്തോഷം തോന്നി. ഡോക്ടർ എത്തി ക്ഷമാപണത്തോടെ കാര്യങ്ങൾ വിശദീകരിച്ചു. വളരെ കുഴപ്പം പിടിച്ച ഒരു പ്രസവകേസ് കൈകാര്യം ചെയ്ത് അമ്മയേയും കുഞ്ഞിനേയും രക്ഷിച്ചപ്പോൾ വെളുപ്പിന് നാലുമണിയായി ലേഡി ഡോക്ടർ ഇല്ലെന്നും വിശദീകരിച്ചു.

ഇനി ഞാൻ വരുമ്പോൾ ഡ്യൂട്ടി ഡോക്ടർ ഇല്ലാതെ വന്നാൽ കർശനമായ നടപടി എടുക്കും എന്ന താക്കീതോടെ ഞാൻ തിരുവനന്തപുരത്തേക്ക് തിരിച്ചു. സെക്രട്ടറിയേറ്റിലെ കെട്ടിട സമുച്ചയങ്ങളിൽ ഏറ്റവും തെക്കേ അറ്റത്തുള്ള ബഹുനില മന്ദിരത്തിന്റെ ഏറ്റവും മുകളിലത്തെ തെക്കു പടിഞ്ഞാറേ മുറിയാണ് എനിക്കായി നിശ്ചയിച്ചിരുന്നത്. ഞങ്ങൾ 2 പേരും കൂടി ഓഫീസ് മുറിയുടെ മുമ്പിൽ ചെന്നപ്പോൾ വാതിൽക്കൽ തന്നെ നിൽക്കുന്ന ഒരു ചെറുപ്പക്കാരനെ കണ്ടു. എന്താ ഇവിടെ നിൽക്കുന്നത്? ചോദ്യം പുതിയ മന്ത്രിയെ കണ്ട് പരാതി പറയാനാണ്.

ഞാൻ അകത്തേക്ക് കയറിപ്പോയി.

അപ്പോഴേക്കും പ്രൈവറ്റ് സെക്രട്ടറി ഓടിയെത്തി.

സർ, ചില കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്, വീട്, കൂടെ പ്രവർത്തി ചെയ്യാനുള്ള സ്റ്റാഫ് മുതലായവ. അതൊക്കെ പിന്നീടാകാം. മന്ത്രിയെക്കണ്ട് പരാതി പറയാൻ ഒരാൾ പുറത്തു നിൽപ്പുണ്ട്. അയാളെ അകത്തേക്ക് വിളിക്കു. അയാൾ സംഭ്രമത്തോടെ അകത്തേക്ക് കയറി വന്നു. നേരത്തെ അയാളോട് സംസാരിച്ചത് മന്ത്രിയാണെന്ന് അയാൾ അറിഞ്ഞിരുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളജിലെ ഒരു വിദ്യാർത്ഥിയാണ് അയാളെന്നും, കേന്ദ്രഗഗവണ്മെന്റ് ഉദ്യോഗസ്ഥനായ ഒരു ബന്ധുവിന്റെ വീട്ടിൽ താമസിച്ചാണ് പഠിച്ചിരുന്നതെന്നും, ആ ഉദ്യോഗസ്ഥന് തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റം കിട്ടിയപ്പോൾ, അയാളുടെ സാധനങ്ങളുമായി 2 ദിവസം മുമ്പാണിവിടെയെത്തിയതെന്നും, കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ കിട്ടാൻ യാതൊരു സാധ്യതയുമില്ലെന്നും അറിഞ്ഞ് വിഷമിച്ച് പുതിയ മന്ത്രിയെക്കണ്ട് സങ്കട നിവർത്തിക്ക് വന്നതാണെന്ന് അയാൾ വിശദീകരിച്ചു. പ്രൈവറ്റ് സെക്രട്ടറിയോട് ചോദിച്ചപ്പോൾ കാര്യം അത്ര എളുപ്പമുള്ളതല്ല എന്നാണ് പറഞ്ഞത്. ഉടൻ തന്നെ ഹെൽത്ത് സെക്രട്ടറിയുമായി ഞാൻ ഫോണിൽ ബന്ധപ്പെട്ടു. അയാളുടെ ഒരു അപേക്ഷ വാങ്ങി സത്വരനടപടിയ്ക്കായി താഴേയക്കയച്ചാൽ ബാക്കി കാര്യങ്ങൾ സെക്രട്ടറി ചെയ്തുകൊള്ളാമെന്ന് അറിയിച്ചു. ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ എത്ര സമയം വേണ്ടിവരുമെന്ന എന്റെ ചോദ്യത്തിന് 3 മാസമെങ്കിലും വേണ്ടി വരും എന്നായിരുന്നു മറുപടി. അപ്പോൾ അയാൾ എങ്ങനെ പഠിക്കും? Can't help sir.

അയാളുടെ അപേക്ഷ വാങ്ങി അതിൽ ഞാൻ എഴുതിയ വാചകങ്ങൾ എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. "Secretary (Health) will contact Prin-



malankaralibrary.com

cipal Medical College Calicut, through phone and ascertain whether he has got any objection to relieve the boy. If he agrees contact principal Medical College Trivandrum and ascertain whether he has got any objection to admit the boy in the college. It he also agrees put for orders before 3 p.m today. അപേക്ഷകനോട് 3 മണിക്ക് വരാൻ പറഞ്ഞു വിട്ടു. എന്നിട്ട് മന്ത്രിയുടെ ആദ്യത്തെ ഉത്തരവും നടപടികളും കണ്ട് എലിസബത്ത് ടീച്ചർ അരികെയുണ്ടായിരുന്നു. അപ്പോഴേക്കും സെക്രട്ടറി, കൽപ്പനാ ഹൗസ് എനിയ്ക്കായി ഒരുക്കിയിട്ടുണ്ടെന്നറിയിച്ചു. ഉടൻ തന്നെ ഗസ്റ്റ് ഹൗസിൽ നിന്നും കൽപ്പനാ ഹൗസിലേക്ക് പോയി. ഊണു കഴിഞ്ഞ് ഞങ്ങൾ 2 പേരും തിരികെ സെക്രട്ടറിയേറ്റിൽ എത്തി. ഒരു ഉദ്യോഗസ്ഥയായ സ്ത്രീയെ വിളിച്ച് ടീച്ചറിനെ സെക്രട്ടറിയേറ്റെല്ലാം കാണിക്കാൻ പറഞ്ഞുവിട്ടു. മന്ത്രി കാണേണ്ട അത്യാവശ്യമായ ഫയലുകൾ എന്ന നോട്ടോടെ മേശപ്പുറത്തു നിരന്നു. 2.30 മണിക്ക് മെഡിക്കൽ കോളേജ് വിദ്യാർത്ഥിയുടെ ഫയൽ ഫൈനൽ ഓർഡറിന് എന്റെ മുമ്പിലെത്തി. ഉത്തരവിൽ ഒപ്പിട്ടതിനു ശേഷം താഴെ പറയും പ്രകാരം ഒരു കുറിപ്പെഴുതി.

1. Give a copy to the applicant
2. Entrust to the order to the boy to be delivered to the Principal by the applicant.
3. Send a copy of the order to the principal by post.
4. Contact the principal through phone and instruct him to deliver the TC after receiving the order from the boy on the same.
5. If the Principal raises any doubt or objection ask him to contact the Minister.

പ്രൈവറ്റ് സെക്രട്ടറി ഈ ഫയൽ വായിച്ച് നോക്കിയിട്ട് ഇതുപോലൊരു സംഭവം സെക്രട്ടറിയേറ്റിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നു പറഞ്ഞു. അപേക്ഷകനെ ഒരാളിനെ കൂട്ടി സെക്ഷനിലേക്ക് പറഞ്ഞയച്ചിട്ട് ഓർഡർ കൈപ്പറ്റി പോകുന്നതിന് മുൻപ് എന്നെ വന്നു കാണണമെന്ന് നിർദ്ദേശിച്ചു.

ഓർഡറുമായി വിദ്യാർത്ഥി എന്റെ മുന്നിൽ വന്നപ്പോൾ പ്രൈവറ്റ് സെക്രട്ടറിക്ക് താഴെ പറയുന്ന നിർദ്ദേശം നൽകി.

വൈകുന്നേരത്ത് കണ്ണൂർ എക്സ്പ്രസ്സിന് ഒരു സീറ്റ് ഈ വിദ്യാർത്ഥിയ്ക്കു വേണ്ടി റിസർവ് ചെയ്യാനും പിറ്റേ ദിവസം ആ വണ്ടി മടങ്ങി വരുമ്പോൾ അയാൾക്ക് ആ വണ്ടിയിൽത്തന്നെ വരത്തക്കവിധത്തിൽ ഏർപ്പാട് ചെയ്യാൻ ട്രാൻസ്പോർട്ട് വകുപ്പിന് നിർദ്ദേശം കൊടുക്കാനും പ്രൈവറ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അപ്പോഴേക്കും ഓർഡറുമായി വന്ന വിദ്യാർത്ഥിയോട് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനും കോഴിക്കോട്



malankaralibrary.com

മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ ഫോണിൽ വിളിച്ച് താമസം കൂടാതെ കുട്ടിക്ക് ടി.സി. കൊടുത്ത് മടക്കി അയക്കാൻ നിർദ്ദേശം കൊടുക്കുവാനും പ്രൈവറ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. യാത്രയ്ക്ക് പൈസ കൈയ്യിൽ ഉണ്ടോ? എന്റെ ചോദ്യം. അയാൾ ഉണ്ടെന്നർത്ഥത്തിൽ തലകുലുക്കി. യാത്ര പറഞ്ഞിറങ്ങുമ്പോൾ അയാളുടെ മുഖപ്രസാദം ഞാൻ ശ്രദ്ധിച്ചു. അത്യാവശ്യം ഫയൽ നോക്കി കഴിഞ്ഞ് ഞങ്ങൾ കൽപ്പനാ ഹൗസിലേക്ക് പോയി. മൂന്നാം ദിവസം വിദ്യാർത്ഥി ടി.സിയുമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചേർന്നു.

## സെക്രട്ടറിയേറ്റിലെ കമന്റ്

നമ്മുടെ മന്ത്രിക്ക് എഴുതാനും വായിക്കാനും വശമില്ല എന്ന കമന്റാണ് സെക്രട്ടറിയേറ്റിനകത്ത് പ്രചരിച്ചത്. സാധാരണനടപടി ക്രമങ്ങൾക്ക് വിപരീതമായി ഫോണിലൂടെ കാര്യങ്ങൾ കൈകാര്യം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത്, സെക്രട്ടറിയും ഡെ.സെക്രട്ടറിയുമല്ലാതെ മറ്റാരുമറിഞ്ഞിരുന്നില്ല. ഇതാണ് മേൽപ്പറഞ്ഞ അഭിപ്രായത്തിന് കാരണമായത്. മന്ത്രിയായതിനു ശേഷം ഞാൻ ആദ്യമായി പുറപ്പെടുവിച്ച ഓർഡർ ഒരു മെഡിക്കൽ വിദ്യാർത്ഥിയുടെ മുടങ്ങിപ്പോയ പഠനം തുടരാൻ ഇടയാക്കിയതിൽ എനിക്കതിയായ സന്തോഷം തോന്നി.

## സ്റ്റെനോഗ്രാഫറെ മാറ്റാൻ സമ്മർദ്ദം


എനിക്ക് നല്ല ഒരു സ്റ്റെനോ ഗ്രാഫറെ വേണം. ഒരുപാടുപേരെ പരിചയമുണ്ടെങ്കിലും വ്യക്തിപരമായ പരിചയമോ ശുപാർശയോ പരിഗണിച്ച് ആളിനെ നിയമിച്ചാൽ ജോലി ശരിയാംവണ്ണം നടന്നുവെന്നു വരില്ല. അതിനാൽ ഞാൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ ജോർജ് തോമസ്. ഐ.എ.എസ്-നോട് വിശ്വസ്തനും മിടുക്കനുമായ ഒരു സ്റ്റെനോഗ്രാഫറെ ഏറ്റവും വേഗം കണ്ടെത്തിത്തരണം എന്നാവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ മറുപടി ഏറ്റവും പറ്റിയ ഒരാളിനെ ഞാൻ നിർദ്ദേശിക്കാം. പക്ഷേ ആ ആളിനെ എടുക്കുന്നതിനെ എൻ.ജി.ഒ യൂണിയൻ എതിർക്കും. അദ്ദേഹം മുന്നറിയിപ്പ് നൽകി. അടുത്ത ദിവസം സ്റ്റെനോഗ്രാഫർ എന്നെ വന്നു കാണാൻ നിർദ്ദേശിച്ചു. കെ.പരമേശ്വരൻ നായർ എന്ന സ്റ്റെനോഗ്രാഫർ എന്നെ വന്നു കണ്ടു. വിദ്യാഭ്യാസ യോഗ്യത, ജോലി പരിചയം മുതലായവയെക്കുറിച്ച് സംസാരിച്ചശേഷം ഞാനൊരു ടെസ്റ്റ് നടത്തി. ഒരു കത്ത് ഷോർട്ട് ഹാൻഡിൽ എഴുതാൻ പറഞ്ഞു. കുറച്ചു കടുപ്പമുള്ള വാക്കുകൾ മനഃപൂർവ്വം അതിൽ ഉൾപ്പെടുത്തിയിരുന്നു. അയാൾ ഉടനെ തന്നെ ഭംഗിയായി ടൈപ്പ്ചെയ്തുകൊണ്ടുവന്നു ഏറ്റവും ഒടുവിൽ ആരുടെ കൂടെയാണ് ജോലി ചെയ്തത് എന്ന ചോദ്യത്തിന് ഗവർണർ ഭരണകാലത്ത് അഡ്വൈസർ ശ്രീ. പി.എസ്. റാവുവിന്റെ സ്റ്റെനോഗ്രാഫർ ആയിരുന്നു എന്നു പറഞ്ഞു. എൻ.ജി.ഒ യൂണിയൻ സമരം



malankaralibrary.com

നടത്തിയപ്പോൾ അതിൽ പങ്കെടുക്കാതെ അഡ്വൈസറിന്റെ കൂടെ ജോലി ചെയ്തതിന് എൻ.ജി.ഒ യൂണിയൻകാർ അയാളെ എതിർത്തിരുന്നു. കരിങ്കാലി എന്നും വിളിച്ചിരുന്നു. എന്നെ സാറിന്റെ സ്റ്റെനോ ആയി നിയമിച്ചാൽ സാറിനെന്തെങ്കിലും പ്രയാസമുണ്ടാകുമെങ്കിൽ അതൊഴിവാക്കുന്നതല്ലേ നല്ലത് എന്നു കൂടി അയാൾ കൂട്ടിച്ചേർത്തു.

ഒരാഴ്ച കഴിഞ്ഞ് എന്നെ വന്നു കാണാൻ നിർദ്ദേശിച്ചു. അടുത്ത ദിവസം ഞാൻ ഓഫീസിലിരിക്കുമ്പോൾ എൻ.ജി.ഒ യൂണിയൻ നേതാക്കൾ മന്ത്രിയെ കാണാൻ അനുവാദം ചോദിക്കുന്നു എന്ന് പ്രൈവറ്റ് സെക്രട്ടറി അറിയിച്ചപ്പോൾ 11 എ.എം. ന് അവർ വരട്ടെ എന്നു മറുപടി നൽകി. എൻ.ജി.ഒ യൂണിയൻ നേതാവ് പ്രസിഡന്റ് പത്മനാഭനും സഹപ്രവർത്തകരുമാണ് കാണാൻ വന്നത്. എൻ.ജി.ഒ പണിമുടക്കുകാലത്ത് അവരുടെ പ്രധാന സമ്മേളനങ്ങളിൽ മുഖ്യ പ്രഭാഷകനായിരുന്ന എനിക്ക് അവരെയെല്ലാം നല്ല പരിചയമുണ്ടായിരുന്നു. കുശല പ്രശ്നങ്ങൾക്ക്ശേഷം ഞങ്ങൾ വിഷയത്തിലേക്ക് കടന്നു. വളരെ ഗൗരവമേറിയ ഒരു വിഷയം ചർച്ച ചെയ്യാനാണ് ഞങ്ങൾ വന്നത്.


ബി. വെല്ലിംഗ്ടണും, അഴീക്കോടൻ രാഘവനും

പത്മനാഭൻ തുടക്കമിട്ടു. കരിങ്കാലിയായ ഒരാളിനെ സാറിന്റെ പേഴ്സണൽ സ്റ്റാഫിൽ എടുക്കുന്നുവെന്നു കേട്ടു. അതിനെതിരായി ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്താനാണ് വന്നത്. സംസാരം കേട്ടുകൊണ്ടിരുന്ന പ്രൈവറ്റ് സെക്രട്ടറി ശ്രീ. ജോസഫിന്റെ മുഖം മ്ലാനമാകുന്നത് ഞാൻ കണ്ടു. പരമേശ്വരൻ നായരെ ഞാൻ സ്റ്റെനോ ആയി നിയമിച്ചാൽ ശക്തമായ പ്രതിഷേധമുണ്ടാകുമെന്ന് വ്യക്തമായി, രമ്യമായി പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗത്തെപ്പറ്റിയാണ് ഞാൻ സംസാരത്തിനിടയിലും ചിന്തിച്ചുകൊണ്ടിരുന്നത്. എൻ.ജി.ഒ സമരനേതാക്കന്മാരായിരുന്ന അവർ ചിലപ്പോഴെല്ലാം വികാരത്തോടെ അഭിപ്രായം പ്രകടിപ്പിച്ചു. പുത്തരിയിൽ കല്ലുകടിക്കും പോലെ ആദ്യമേ തന്നെ ഭരണകക്ഷിയിലെ വലിയ ഘടക കക്ഷിയായ സി.പി. എമ്മിൽ വളരെ സ്വാധീനമുള്ളവരാണ് എൻ.ജി.ഒ നേതാക്കൾ. തുടക്കത്തിലേ അവരെ പിണക്കുന്നത് ബുദ്ധിപൂർവ്വമല്ലല്ലോ എന്നുള്ളതുകൊണ്ട് സൗമ്യഭാവത്തിൽ അവരെ പറഞ്ഞയക്കാൻ ഒരുപായം കണ്ടുപിടിച്ചു. ഭരണരംഗത്ത്



malankaralibrary.com



ഇത്തരം പ്രശ്നങ്ങൾ ഉണ്ടായാൽ അതു ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാണല്ലോ സപ്തകക്ഷി ഏകോപനസമിതി രൂപീകരിച്ചിട്ടുള്ളത്. നിങ്ങൾ ഈ വിവരം ഏകോപനസമിതി കൺവീനർ അഴീക്കോടൻ രാഘവന്റെ ശ്രദ്ധയിൽപെടുത്തണം. അദ്ദേഹം അത് സമിതി യോഗത്തിൽ അവതരിപ്പിക്കുമ്പോൾ എന്റെ അഭിപ്രായം ഞാനും പറയാം. ഏകോപനസമിതി കൈക്കൊള്ളുന്ന തീരുമാനം നമുക്ക് നടപ്പിലാക്കാം. അവർ സന്തോഷത്തോടെ പിരിഞ്ഞു. ഭരണമുന്നണിയിലെ ചില നേതാക്കൾ എന്നെ ഫോണിൽ വിളിച്ച് ഒരിക്കലും സമ്മർദ്ദത്തിന് വഴങ്ങരുതെന്ന ഉപദേശം നൽകി. ഏകോപനസമിതി കൺവീനറായിരുന്ന സഖാവ് അഴീക്കോടൻ രാഘവനെ ഫോണിൽ ഞാൻ ഈ വിവരം അറിയിച്ചു. ചർച്ചയ്ക്കുവേണ്ടി രാത്രി വീട്ടിൽ വരാമെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മന്ത്രിമാരുടെ ഇടയിൽ ഇതൊരു സജീവ ചർച്ചാവിഷയവുമായി. സഖാവ് അഴീക്കോടൻ രാഘവൻ രാത്രി വീട്ടിലെത്തി. അവരുടെ ആവശ്യം അതിരുകടന്നതാണെന്നും അഴീക്കോടൻ സമ്മതിച്ചു. ഇതര കക്ഷി നേതാക്കളുമായും ആലോചിച്ച് ആർക്കും പ്രയാസം ഉണ്ടാവാത്ത ഒരു തീരുമാനത്തിലെത്താം എന്നു പറഞ്ഞ് അഴീക്കോടൻ പോയി. സഖാവ് മത്തായി മാഞ്ഞൂരാനെ (ലേബർ മിനിസ്റ്റർ) ഞാൻ ബന്ധപ്പെട്ടപ്പോൾ സഖാവ് അഴീക്കോടൻ രാഘവൻ ഈ കാര്യം അദ്ദേഹവുമായി ചർച്ച ചെയ്തുവെന്നും ആരോഗ്യമ ന്ത്രിക്ക് വിഷമമില്ലാത്ത വിധത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നും മാഞ്ഞൂരാന് അഴീക്കോടൻ ഉറപ്പുകൊടുത്തിരുന്നു. പിറ്റേദിവസം തിരക്കിട്ട ചർച്ചകളായിരുന്നു. ഏറ്റവും വലിയ കക്ഷിയായ സി.പി.എം.-ന്റെ ഭാഗത്തുനിന്ന് പ്രകടമാകുന്ന 'വല്യേട്ടൻ' മനോഭാവം മുളയിലേ നുള്ളിയില്ലെങ്കിൽ ഉണ്ടാകാവുന്ന അപകടത്തെപ്പറ്റി ചിലർ മുന്നറിയിപ്പ് നൽകിയിരുന്നു. ഏതാനും ദിവസം കഴിഞ്ഞ് അഴീക്കോടൻ രാഘവൻ മുഖ്യമന്ത്രി ഇ.എം.എസുമായി ഈ പ്രശ്നം ചർച്ച ചെയ്തു. പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ ആരായിരിക്കണമെന്നത് തീരുമാനിക്കേണ്ടത് ഓരോ മന്ത്രിയുമാണെന്ന നിലപാടായിരുന്നു മുഖ്യമന്ത്രിയ്ക്കുള്ളത്. എൻ.ജി.ഒ യൂണിയൻ നേതാക്കളെ ഈ കാര്യം പറഞ്ഞ് ബോധ്യപ്പെടുത്താൻ സമയം ആവശ്യമുള്ളതുകൊണ്ട് ഉടനടി നിയമനം കൊടുക്കരുതെന്ന അഴീക്കോടന്റെ അഭ്യർത്ഥന ഞാൻ സ്വീകരിച്ചു. അടുത്ത ഭരണകക്ഷി ഏകോപനസമിതി കൂടിയപ്പോൾ ഈ പ്രശ്നം രമ്യമായി തീർന്നതായി അഴീക്കോടൻ റിപ്പോർട്ട് ചെയ്തു. ഒരു മാസം കഴിഞ്ഞ് പരമേശ്വരൻ നായരെ ഞാൻ എന്റെ സ്റ്റെനോഗ്രാഫറായി നിയമിച്ചു. അയാൾ വിശ്വസ്തനായ ഒരു സ്റ്റെനോ ഗ്രാഫറായിരുന്നു.

## വളപട്ടണം

മന്ത്രിയായി ചാർജ്ജെടുത്തതിന് ശേഷം കണ്ണൂർ ഗസ്റ്റ് ഹൗസിൽ



malankaralibrary.com

എത്തിയപ്പോൾ വ്യവസായ പ്രമുഖനായ ഖാദർ കുട്ടി ഹാജിയും (വളപട്ടണം പ്ലൈവുഡ് ഫാക്ടറി) ഏതാനും പ്രമാണിമാരും എന്നെ വന്നു കണ്ടു. പരിചയപ്പെടുത്തലിനും കുശലപ്രശ്നങ്ങൾക്കും ശേഷം അവർ വന്ന കാര്യം അവതരിപ്പിച്ചു. വ്യവസായ കേന്ദ്രമായ വളപട്ടണത്ത് ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടപോലെ ഇല്ലാത്തതിനാൽ ആളുകൾ ബുദ്ധിമുട്ടുന്നു. വളരെക്കാലമായി അവർ നൽകുന്ന നിവേദനങ്ങൾക്ക് ഒരു ഫലവും ഉണ്ടായിട്ടില്ല. ഗവണ്മെന്റിൽ നിന്ന് ആശുപത്രി സ്ഥാപിച്ചു കൊടുക്കില്ല എന്നറിഞ്ഞപ്പോൾ ആവശ്യക്കാരായ പൗരപ്രമുഖർ പല കൂടിയാലോചനകളും നടത്തിയതിന്റെ ഫലമായി ഗവണ്മെന്റ് നിർദ്ദേശിക്കുന്ന വലുപ്പത്തിലും ആ വലുപ്പത്തിന് ആവശ്യമായ സജ്ജീകരണങ്ങളോടും കൂടി ആശുപത്രി പണിതു കൊടുക്കാൻ അവർ തയ്യാറാണെന്ന് എന്നെ അറിയിച്ചു. പുതിയ ആരോഗ്യമന്ത്രിക്ക് അവരുടെ ഈ ആവശ്യത്തിൽ അവരെ സഹായിക്കാൻ കഴിയുമോ എന്നായിരുന്നു അവരുടെ ചോദ്യം. ഞാൻ അവരോട് മറുപടി ആയി പറഞ്ഞത് കാര്യങ്ങൾ പഠിച്ചുവരുന്നതേ ഉള്ളൂ ഒരു മാസം കഴിഞ്ഞ് തിരുവനന്തപുരത്ത് വരാമെങ്കിൽ വ്യക്തമായ മറുപടി നൽകാം. അപ്പോൾ അവർ പറഞ്ഞത് വെറും മറുപടി കൊണ്ട് തൃപ്തരാവില്ല. ഞങ്ങൾക്ക് ആശുപത്രി നിർമ്മിക്കാൻ അനുവാദം തരണം. ശ്രമിക്കാം എന്നു മാത്രമേ എനിക്ക് അവരോട് പറയാൻ കഴിഞ്ഞുള്ളൂ. അവർ വരുന്ന സമയം പ്രൈവറ്റ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് നിശ്ചയിക്കണമെന്ന് പറഞ്ഞാണ് ഞങ്ങൾ പിരിഞ്ഞത്. ഒരു മാസം കഴിഞ്ഞ് അവർ വന്നപ്പോൾ ആരോഗ്യവകുപ്പിലെ സെക്രട്ടറി, ഡയറക്ടർ മുതലായ ഉദ്യോഗസ്ഥപ്രമുഖരുമായി ഈ കാര്യം ചർച്ച ചെയ്യുകയായിരുന്നു. അവർക്ക് അനുവദിച്ച സമയം ആയപ്പോൾ അവരേയും കൂടി ചർച്ചയിൽ ഉൾപ്പെടുത്തി. അവർ പുതിയതായി കൊണ്ടുവന്നിരുന്ന നിവേദനം വായിക്കാൻ നേതാവിനോട് ആവശ്യപ്പെട്ടു. നിവേദനം ഞാൻ വാങ്ങിയിട്ട് ഹെൽത്ത് സെക്രട്ടറിയോട് ഈ നിവേദനത്തിൽ പറഞ്ഞിരിക്കുന്ന കാര്യത്തിൽ എന്തു ചെയ്യാൻ കഴിയും എന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ദീർഘമായ വിശദീകരണത്തിൽ തടസ്സമായി നിൽക്കുന്നതായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് 5 മൈൽ ചുറ്റളവിനകത്ത് ഒരു ഗവണ്മെന്റ് ആശുപത്രിയെ പാടുള്ള എന്ന വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ട്, അവരുടെ അഭ്യർത്ഥന അംഗീകരിക്കാൻ പറ്റില്ല എന്നാണ്. തുടർന്ന് രസകരമായിരുന്നു ചർച്ച. ഞാൻ എല്ലാം കേട്ടുകൊണ്ടിരുന്നു. എല്ലാ പ്രദേശത്തോടും നീതി ചെയ്യാൻ വേണ്ടിയാണ് ഗവണ്മെന്റ് ആശുപത്രി സ്ഥാപിക്കുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുള്ളത്. ഗവണ്മെന്റിന്റെ സാമ്പത്തീക ഭാരം കുറയ്ക്കാൻ, ഗവണ്മെന്റ് നിർദ്ദേശിക്കുന്ന രീതിയിലുള്ള ഒരു ആശുപത്രി നിർമ്മിച്ചു തരാനുള്ള ഒരു സന്നദ്ധതയാണ് അവർ പ്രകടിപ്പിച്ചിട്ടുള്ളത് "ആരോഗ്യസംരക്ഷണപ്രവർത്തനം ജനപങ്കാളിത്തത്തോടെ വേണം" എന്ന



malankaralibrary.com



പുതിയ ആരോഗ്യമന്ത്രിയുടെ വിപ്ലവകരവും നൂതനവുമായ നടപടി നമുക്കിവിടെ തുടങ്ങാം. അതിനാവശ്യമായ നിയമഭേദഗതികൾ വേണ്ടിവന്നാൽ കൈക്കൊള്ളും. മന്ത്രിസഭാതീരുമാനവും നേടാം. എന്റെ മറുപടി നിവേദകരെ വളരെ സന്തോഷിപ്പിച്ചു. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ അപ്പോഴും തടസ്സങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഇത് നടപ്പില്ല എന്നുവരെ ചിലർ അഭിപ്രായപ്രകടനം നടത്തി. ഹെൽത്ത് സെക്രട്ടറിയോട് ആ കോൺഫറൻസിന്റെ വിശദമായി റിപ്പോർട്ടും ഒടുവിൽ മന്ത്രി പ്രകടിപ്പിച്ച അഭിപ്രായവും ഉൾപ്പെടെ മിനിട്ടിസ് തയ്യാറാക്കാൻ നിർദ്ദേശിച്ചു.

സെക്രട്ടറി തയ്യാ റാക്കിയ മിനിട്ട്സുമായി ഞാൻ മുഖ്യമന്ത്രി ഇ.എം. എസ് -നെ കണ്ടു. ജനപങ്കാളിത്തത്തോടെയുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഈ വിഷയവും ചർച്ച ചെയ്യാമെന്നുള്ള ഉറപ്പിലാണ് പിരിഞ്ഞത്. മന്ത്രിസഭാ തീരുമാനം അനുകൂലമായി വന്നു. മെമ്മോറാണ്ടത്തിന് അനുകൂലമായി ആശുപത്രി നിർമ്മിക്കാൻ അനുവാദം കൊടുക്കാൻ ഞാൻ നിർദ്ദേശിച്ചു. ഗവണ്മെന്റ് തന്നെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി. പ്രമോട്ടർമാർ തന്നെ അതിന്റെ എല്ലാ ചുമതലയും വഹിക്കുമെന്നതിനാൽ Finance Department, Law Department മുതലായ കടമ്പകളിൽ ഫയൽ കെട്ടിക്കിടക്കാതെ ഓർഡർ കിട്ടിയപ്പോൾ അവർ സന്തോഷിച്ചു. മന്ത്രിയെ അഭിനന്ദിച്ചു. ഏതാണ്ട് 25 ലക്ഷം രൂപ ചെലവു വരുന്ന ആശുപത്രിക്കാണ് കല്ലിട്ടത്. ഇടയ്ക്ക് ഞാൻ പോയി പണി നിരീക്ഷിക്കുമായിരുന്നു. നിർഭാഗ്യവശാൽ പൂർത്തിയാക്കുന്നതിനു മുൻപ് ഞങ്ങളുടെ മന്ത്രിസഭ പോയി. എങ്കിലും അനുവാദം കൊടുത്ത മുഖ്യമന്ത്രി ഇ.എം.എസ് നെയും ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടണേയും ഉദ്ഘാടനത്തിനു ക്ഷണിക്കാൻ അവർ പ്രത്യേക താൽപ്പര്യവും കാണിച്ചു. വലിയ ആഘോഷത്തോടെയാണ് ഉദ്ഘാടനം നടന്നത്. സ്വാഗതപ്രസംഗത്തിൽ അന്നത്തെ ആരോഗ്യമന്ത്രിയുടെ 'ആരോഗ്യ സംരക്ഷണം ജനകീയ പങ്കാളിത്തത്തോടെ' എന്ന പുതിയ പദ്ധതി വളരെയധികം പ്രശംസനീയമായി. ഇന്ത്യയ്ക്ക് തന്നെ മാതൃകയാകുന്ന ഈ പുതിയ പദ്ധതി അംഗീകരിച്ചതിൽ അന്നത്തെ ആരോഗ്യമന്ത്രിയുടെ നടപടി പ്രശംസിച്ചപ്പോൾ നീണ്ട കരഘോഷമുയർന്നു. ഇ.എം.എസ്-ന്റെ പ്രസംഗത്തിൽ, ആരോഗ്യസംരക്ഷണ പ്രവർത്തനത്തിൽ ആരോഗ്യമന്ത്രി നടപ്പാക്കിയ നൂതന പ്രവർത്തനത്തെ മുക്തകണ്ഠം പ്രശംസിച്ചു. ആരോഗ്യവകുപ്പിന്റെ പരാതികൾ ഉൾക്കൊള്ളുന്ന ഒരു നിവേദനം പോലും അദ്ദേഹത്തിനു കിട്ടാതിരുന്നതിലുള്ള സന്തോഷവും പ്രകടിപ്പിച്ചു. ഇപ്പോൾ അതോർക്കുമ്പോൾ സന്തോഷം തോന്നുന്നു.



malankaralibrary.com

## ദേവസിക്കുട്ടി എം.എൽ.എ.യുടെ പരാതിയും അതിനുള്ള മറുപടിയും

ഒരു അസംബ്ലി നടന്നുകൊണ്ടിരിക്കുന്ന വേളയിൽ, ദേവസിക്കുട്ടി എം.എൽ.എ ആരോഗ്യമന്ത്രിക്ക് എതിരായി നിശിത വിമർശനം നടത്താൻ തയ്യാറെടുക്കുന്നുവെന്നും അയാൾ ഉന്നയിക്കുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനമായത് മണലൂർ മണ്ഡലത്തിൽ, അരിമ്പൂർ പഞ്ചായത്തിൽ ലക്ഷക്കണക്കിന് രൂപ ചെലവാക്കി വാട്ടർടാങ്ക് നിർമ്മിക്കുകയും ആവശ്യമായ പൈപ്പുകൾ ഇടുകയും ചെയ്തിട്ടും ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്തത് ആരോഗ്യമന്ത്രിയുടെ (അന്ന് കുടിവെള്ളം വിതരണം നടത്തുന്ന PHED-Public health Engineering Department ആരോഗ്യമന്ത്രിയുടെ കീഴിലായിരുന്നു.) അശ്രദ്ധയും കഴിവുകേടും കൊണ്ടാണെന്നായിരുന്നു ആരോപണം. അടുത്ത തിങ്കളാഴ്ച അസംബ്ലിയിൽ ഈ വിഷയം ഉന്നയിക്കാൻ ഉള്ള നോട്ടീസ് ദേവസ്സിക്കുട്ടി കൊടുത്തിട്ടുണ്ടെന്ന് വ്യാഴാഴ്ച എനിക്കറിവ് കിട്ടി. വെള്ളിയാഴ്ച ഞാൻ മണലൂർ മണ്ഡലത്തിൽ എത്തി. മന്ത്രിയുടെ കൂടെ വന്ന PHED Engineers- ടെ ജീപ്പ് പോലും പോകാൻ കഴിയാത്തത്ര തകരാറിലാണ് വാട്ടർ ടാങ്കിലേക്കുള്ള വഴി (1965-ൽ ഞാൻ മത്സരിച്ചത് 2 മണ്ഡലങ്ങളിൽ ഒന്ന് മണലൂരായിരുന്നു. മറ്റേത് കൽപ്പറ്റയും. തെരഞ്ഞെടുപ്പ് കാലത്ത് മണലൂർ 2-ാം സ്ഥാനം നേടുകയും കൽപ്പറ്റയിൽ ജയിക്കുകയുമാണ് ഉണ്ടായത്.) അരിമ്പൂർ പഞ്ചായത്ത് എന്റെ സുഹൃത്ത് സി.ജെ.ജോണിന്റെ സ്ഥലമായിരുന്നതിനാൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ എനിക്കറിയാമായിരുന്നു. മന്ത്രി അവിടെ എത്തിയപ്പോൾ തടിച്ചു കൂടിയ ആളുകൾ അവരുടെ പരാതികളും പ്രശ്നങ്ങളും മന്ത്രിയുടെ മുമ്പിൽ നിരത്തിവച്ചു. വാട്ടർ ടാങ്ക് കാണണമെന്ന് പറഞ്ഞപ്പോൾ നടന്നു പോവുകയല്ലാതെ വേറെ വഴിയില്ല. നമുക്കു വേണമെങ്കിൽ മന്ത്രിയുടെ നേതൃത്വത്തിൽ ജാഥയായി പോകാം. അങ്ങനെ സംസാരിച്ചു നിൽക്കവേ പരിചയമുള്ള ഒരാൾ സൈക്കിളിൽ വന്നിറങ്ങി. ആകർഷണീയങ്ങളായ അനേകം ഘടകങ്ങൾ ഘടിപ്പിച്ച സുന്ദരമായ ഒരു സൈക്കിൾ. എവിടെ നിന്ന് കിട്ടി എന്ന് ചോദിച്ചപ്പോൾ സിങ്കപ്പൂരിൽ നിന്ന് ജ്യേഷ്ഠൻ കൊണ്ടുവന്ന് തന്നത് എന്നായിരുന്നു മറുപടി. എന്നാൽ ഞാനൊന്ന് ചവിട്ടി നോക്കട്ടെ. സൈക്കിൾ വാങ്ങി അതിവേഗം വാട്ടർ ടാങ്കിന്റെ അടുത്തേക്ക് നീങ്ങി. ആളുകൾ അത്ഭുതസ്തബ്ധരായി നോക്കി നിന്നു. രണ്ടു കിലോമീറ്റർ ദൂരം സൈക്കിൾ ചവിട്ടി ടാങ്കിന്റെ അടുത്ത് എത്തിയപ്പോൾ ഞാനാകെ തളർന്നു വിയർത്തു. ആരോ ഒരാൾ ഇരിക്കാൻ ഒരു കസേര നൽകി. ദാഹിച്ച എനിക്ക് കുടിക്കാൻ അപ്പോഴേക്കും ഒരു കരിക്ക് കിട്ടി. ഈ വാട്ടർ ടാങ്കിലെ വെള്ളം നിറയ്ക്കാനും പൈപ്പിലൂടെ അത് നിങ്ങൾക്ക് എത്തിക്കാനും വേണ്ടിയാണ് ഞാൻ പാടുപെടുന്നത് എന്ന് പറഞ്ഞപ്പോൾ അവിടെ


malankaralibrary.com



തടിച്ചുകൂടിയവർ ബി.വെല്ലിംഗ്ടൺ സിന്ദാബാദ് വിളിച്ചു. ആളുകളുടെ ആവേശവും സ്നേഹപ്രകടനങ്ങളും എന്റെ ക്ഷീണം മാറ്റി. സൈക്കിളിൽ ഞാൻ തിരിച്ചു പോയി. രാമനിലയത്തിൽ എത്തിയുടൻ തന്നെ PHED ചീഫ് എൻജിനീയറെ വിളിച്ചു. അദ്ദേഹം  പുറത്തുപോയിരുന്നതു കൊണ്ട് വന്നാലുടൻ എന്നെ വിളിക്കണം എന്ന് പറഞ്ഞിട്ട് വിദ്യുത്ച്ഛക്തി വകുപ്പു മന്ത്രി എം. എൻ. ഗോവിന്ദൻ നായരുമായി ബന്ധപ്പെട്ടു. മണലൂരിലെ അരിമ്പൂർ പഞ്ചായത്തിലേക്ക് ഉടനെ രണ്ടു കിലോ മീറ്റർ ദൂരത്തിൽ ലൈൻ വലിച്ച് കറണ്ട് തരാൻ സാധ്യമല്ല എന്നായിരുന്നു മറുപടി. അപ്പോഴേക്കും ചീഫ് എൻജിനീയറുടെ ഫോൺ വന്നു. അരിമ്പൂർ പഞ്ചായത്തിലെ വാട്ടർ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യാൻ ഇലക്ട്രിസിറ്റി അടുത്തെങ്ങും കിട്ടില്ല എന്ന് മന്ത്രി പറഞ്ഞ വിവരം അറിയിച്ചിട്ട് ഓയിൽ എൻജിൻ വച്ച് വെള്ളം പമ്പ് ചെയ്യുകയേ മാർഗ്ഗമുള്ളൂ എന്നും ആവശ്യമെങ്കിൽ പുതിയ ഒരു ഓയിൽ എഞ്ചിൻ വിലയ്ക്കു വാങ്ങി എങ്കിലും ഉടനെ ടാങ്കിൽ വെള്ളം നിറയ്ക്കണം എന്ന നിർദ്ദേശം കേട്ട ചീഫ്  എൻജിനീയർ ഡിപ്പാർട്ട്മെന്റിന്റെ കയ്യിൽ ഒരു ഓയിൽ എൻജിൻ ഉണ്ടെന്നും അത് മലബാറിലാണെന്നും മറുപടി പറഞ്ഞു. ഉടനെതന്നെ എൻജിൻ വരുത്തി (ശനിയാഴ്ച) ടാങ്കിൽ വെള്ളം നിറയ്ക്കണമെന്നും ഞായറാഴ്ച മടങ്ങി തൃശൂരെത്തുമ്പോൾ ടാങ്കിൽ വെള്ളം നിറഞ്ഞു എന്ന വിവരം എനിക്കറിയണമെന്നും  പറഞ്ഞു.

ശനിയാഴ്ചത്തെ പരിപാടികൾ കഴിഞ്ഞ് ഞായറാഴ്ച തൃശൂർ രാമനിലയത്തിൽ എത്തിയപ്പോൾ എക്സിക്യൂട്ടീവ് എൻജിനീയർ ടാങ്കിൽ വെള്ളം നിറച്ചിട്ടുണ്ടെന്ന് പറഞ്ഞു കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. അന്ന് രാത്രി തന്നെ തിരുവനന്തപുരത്ത് എത്തി. തിങ്കളാഴ്ച രാവിലെ അസംബ്ലിയിൽ ദേവസ്സിക്കുട്ടി സഭയുടെ ശ്രദ്ധയിൽ പെടുത്താൻ സ്പീക്കർ  അനുവദിച്ചതുകൊണ്ട് വികാരഭരിതനായി പ്രസംഗിച്ചു. ആരോഗ്യമന്ത്രി എന്നും സഞ്ചാരത്തിലാണെന്നും ഭരണകാര്യങ്ങൾ നോക്കാൻ അദ്ദേഹത്തിന് സമയമില്ലെന്നും തന്റെ മണ്ഡലത്തിലെ ലക്ഷക്കണിക്കിന് രൂപ വിലവരുന്ന വാട്ടർ ടാങ്കും പൈപ്പുകളും വെറുതെ കിടന്നിട്ട് അതുപോലും അദ്ദേഹം പരിഗണിക്കുന്നില്ലെന്നും പറഞ്ഞപ്പോൾ പ്രതിപക്ഷ ബഞ്ചുകളിൽ  ആഹ്ലാദപ്രകടനവും കയ്യടിയും. വേറെ ചില എം.എൽ.എമാരും ദേവസ്സിക്കുട്ടിയുടെ സഹായത്തിനെത്തി. ഞാൻ ചിരിച്ചുകൊണ്ട് എല്ലാം കേട്ടിരുന്നു.  ബഹളം കഴിഞ്ഞപ്പോൾ ആരോഗ്യമന്ത്രിയുടെ വിശദീകരണം കേൾക്കട്ടെ എന്നായി സ്പീക്കർ. ഞാൻ എഴുന്നേറ്റ് ശാന്തനായി, അരിമ്പൂർ പഞ്ചായത്തിലെ ടാങ്കിന്റേയും പൈപ്പിന്റേയും കാര്യം അദ്ദേഹം പറഞ്ഞത് ശരിയായിരുന്നു എന്ന് ഞാൻ സമ്മതിച്ചപ്പോൾ ഡസ്ക്കിലിടിയും ആഹ്ലാദപ്രകടനവും -കഴിവില്ലാത്ത ആരോഗ്യമന്ത്രി സ്ഥാനമൊഴിയണമെന്നുവരെ ദേവസ്സിക്കുട്ടി ഉറക്കെ ആവശ്യപ്പെട്ടു. എന്റെ വിശദീകരണം തീർന്നിട്ടില്ല ബാക്കി കൂടി കേൾക്കൂ എന്നായി ഞാൻ. സ്പീക്കർ:



malankaralibrary.com

ഓർഡർ, ഓർഡർ ആരോഗ്യമന്ത്രി പ്രസംഗം പൂർത്തിയാക്കട്ടെ.

ശ്രീമാൻ ദേവസ്സിക്കുട്ടി ഇപ്പോൾ പറഞ്ഞത് അരിമ്പൂർ പഞ്ചായത്തിലെ ഇന്നത്തെ അവസ്ഥ അല്ല. ഇതു കേട്ട് ദേവസ്സിക്കുട്ടി ചാടിഎഴുന്നേറ്റു. ക്ഷമിക്കൂ ദേവസ്സിക്കുട്ടി, ഞാൻ പറയുന്നത് കേൾക്കൂ. അരിമ്പുർ പഞ്ചായത്തിലെ ടാങ്കിൽ നിന്നും വെള്ളം നാട്ടുകാർക്ക് കിട്ടുന്നുണ്ട്. പച്ചക്കള്ളം, പച്ചക്കള്ളം എന്ന് ദേവസ്സിക്കുട്ടി അലറി. ആരോഗ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കാൻ കള്ളം പറയുന്നു എന്നായിരുന്നു പലരുടേയും ആരോപണം. ഡസ്കിലിടിയും ബഹളം വെയ്ക്കലും ശാന്തമായപ്പോൾ ഞാൻ എഴുന്നേറ്റ് സ്പീക്കറോടായി, " വ്യത്യസ്തമായ രണ്ട് വെല്ലുവിളികൾ ഉയർന്ന ഈ പശ്ചാത്തലത്തിൽ എനിക്ക് സ്പീക്കറോട് അഭ്യർത്ഥിക്കാനുള്ളത് അങ്ങ് മണലൂർ മണ്ഡലം സന്ദർശിക്കണം. വരുമെങ്കിൽ ചില എം.എൽ.എ മാരെ കൂടെ കൊണ്ടുപോകുന്നത് നന്നായിരിക്കും. എന്റെ പ്രസ്താവന തെറ്റാണെങ്കിൽ ഞാൻ മന്ത്രി സ്ഥാനം രാജിവെയ്ക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി എനിക്കെതിരായി പറഞ്ഞത് കളവാണെന്ന് തെളിഞ്ഞാൽ (ടാങ്കിൽ നിന്നുംപൈപ്പിലൂടെ നാട്ടുകാർക്ക് വെള്ളം കിട്ടുന്നു എങ്കിൽ) എം.എൽ.എ സ്ഥാനം രാജി വെയ്ക്കാൻ തയ്യാറാണോ? എന്ന് ഞാൻ വെല്ലുവിളിച്ചു.


സ്പീക്കർ : വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ് സഭയുടെ മുമ്പിൽ വന്നിരിക്കുന്നത്. ഒരു മന്ത്രിയും ഒരു എം.എൽ.എയും വെല്ലുവിളിക്കുന്നു. മന്ത്രിയുടെ പ്രസ്താവന തെറ്റാണെങ്കിൽ അദ്ദേഹം മന്ത്രിസ്ഥാനം രാജി വെയ്ക്കുമെന്നും എം.എൽ,.എ പറയുന്നത് ശരിയല്ലെങ്കിൽ മന്ത്രി പറയുന്നതുപോലെ എം.എൽ.എ സ്ഥാനം രാജി വെച്ച് പരസ്യമായി മാപ്പു പറയണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ എനിക്ക് പറയാനുള്ളത് ആരോഗ്യമന്ത്രി തറപ്പിച്ചു പ്രഖ്യാപിക്കുമ്പോൾ അത് വെറുതെ ആയിരിക്കില്ല. അതുകൊണ്ട് അത് മുഖവിലക്ക് എടുത്ത് ആരും രാജി വെയ്ക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. രണ്ടുപേരും പ്രഗത്ഭരാണ്. രണ്ടുപേരുടേയും സേവനം നാടിന് ആവശ്യമാണ്. അദ്ദേഹത്തിന്റെ പ്രഖ്യാപനത്തോടെ സഭാതലം ശാന്തമായി. എനിക്ക് തൃപ്തിയായില്ല. ഏതാനും എം.എൽ.എ-മാരെ അരിമ്പൂരിൽ കൊണ്ടുപോയി കാണിച്ചു കൊടുത്തു. ഇതിനു പുറമേ ചീഫ് എൻജിനിയരുടെ റിപ്പോർട്ട് സ്പീക്കർക്ക് കൊടുത്തു. ആരേയും വിമർശിക്കുന്ന ദേവസ്സിക്കുട്ടി ഇളിഭ്യനായി. പിന്നീട് അയാൾ എന്നോട് വളരെ സൂക്ഷിച്ചു മാത്രമേ സംസാരിക്കുമായിരുന്നുള്ളു.

## സെമിത്തേരി പ്രശ്നം

കൊച്ചിൻ ബൈപാസിന്റെ കിഴക്കുവശത്തുള്ള കുമ്പളം പഞ്ചായത്തിൽ ഒരു സെമിത്തേരി പ്രശ്നം ഗുരുതരമായ പ്രതിസന്ധിയിലെത്തി. അനുകൂലികളും പ്രതികൂലികളും തമ്മിൽ സംഘട്ടനം വരെ ഉണ്ടാകാൻ സാധ്യതയുണ്ടായി. ഇതിന്റെ പിന്നിൽ കേരളത്തിലെ കത്തോലിക്ക സഭയിലെ 2



malankaralibrary.com



വിഭാഗങ്ങൾ തമ്മിലുള്ള ചേരിപ്പോരും പ്രശ്നം ഗുരുതരമാകുന്നതിന് കാരണമായി. സെമിത്തേരി സ്ഥിതി ചെയ്യുന്നത് ലത്തീൻ വിഭാഗത്തിൽപ്പെട്ട ഒരു ഇടവകയിലാണ്. ഒരു ഹരിജൻ കുടുംബം തൊട്ടടുത്ത പറമ്പിൽ കുടികിടപ്പുണ്ട്. അയാളെ അവിടെ നിന്നും മാറ്റി താമസിപ്പിക്കാൻ സിറിയൻ വിഭാഗത്തിൽപെട്ട ഉടമസ്ഥനായ ഒരു ജന്മി തയ്യാറാകുന്നില്ല എന്നു തന്നെയല്ല. സെമിത്തേരി അവിടെ സ്ഥാപിക്കാതിരിക്കാൻ വേണ്ട കുതന്ത്രങ്ങൾ നടപ്പിലാക്കുന്നുമുണ്ട്. എറണാകുളത്ത് ലത്തീൻ ആർച്ച് ബിഷപ്പിന്റേയും സിറിയൻ ആർച്ച് ബിഷപ്പിന്റേയും അരമനകൾ ഒരു റോഡിന്റെ ഇരുവശത്തുമായി നേർക്കുനേരെയാണ് സ്ഥിതി ചെയ്യുന്നുത്.

സെമിത്തേരി കുടികിടപ്പിന്റെ ഇത്ര മീറ്റർ ദൂരത്തിലേ സ്ഥിതി ചെയ്യാവു എന്ന നിയമം ഉണ്ട് ആ ദൂരപരിധിയ്ക്കകത്ത് സെമിത്തേരി സ്ഥിതി ചെയ്യുന്നതിനാൽ അവിടെ ശവമടക്കുന്നത് കോടതി നിരോധിച്ചിരിക്കുകയായിരുന്നു. ആ ഇടവകയിലെ ആരെങ്കിലും മരിച്ചാൽ മൃതശരീരം വഞ്ചിയിൽ കയറ്റി വളരെ ദൂരം കൊണ്ടുപോയാലേ സംസ്ക്കരിക്കാനാകൂ. ഈ പ്രശ്നങ്ങളെല്ലാം അവിടുത്തെ എം.എൽ.എ സഖാവ് പി.ഗംഗാധരൻ എന്റെ ശ്രദ്ധ്യിൽപ്പെടുത്തി. ഒരു ദിവസം ഇടവകവികാരിയേയും പൗരമുഖ്യരേയും കൊണ്ട് എന്റെ ഓഫീസിൽ വന്ന് നിവേദനം തരുകയും വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ചർച്ചയുടെ അവസാനം എം.എൽ.എയും വികാരിയ്ച്ചനും സ്ഥലം സന്ദർശിക്കാൻ എന്നെ നിർബന്ധിച്ചു. ചെല്ലാമെന്നു സമ്മതിച്ചെങ്കിലും തീയതി എം.എൽ.എയുമായി ആലോചിച്ച് പിന്നീട് നിശ്ചയിക്കാം എന്ന ധാരണയിൽ അവർ മടങ്ങി. സഖാവ് ഗംഗാധരൻ എം.എൽ.എ കുമ്പളം സന്ദർശനത്തെപ്പറ്റി എന്നെ ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. അധികം താമസിയാതെ ഒരു ദിവസം നിശ്ചയിച്ചു. ജില്ലയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും വിവരം കൊടുത്തു. ഡിസിട്രിക്ട് കളക്ടർ അവിടെ പോകാൻ ഒരു ബോട്ടും ഏർപ്പാട് ചെയ്തു. അവിടെ എത്തി കരിക്കിൻ വെള്ളം കുടിച്ചതിന് ശേഷം സ്ഥലമെല്ലാം ഞങ്ങൾ നടന്നുകണ്ടു. സെമിത്തേരി ആ കുടിലിന്റെ ദൂരപരിധിയ്ക്കകത്താണ്. ഈ നിലയിൽ സെമിത്തേരി അവിടെ അനുവദിക്കാൻ സാധ്യമല്ല. സെമിത്തേരി വിരോധികൾ ഒന്നടങ്കം ശക്തമായ ഭാഷയിൽ മുദ്രാവാക്യം വിളികളോടെ അവരുടെ വിദ്വേഷം പ്രകടിപ്പിച്ചു. എല്ലാവരും കൂടി അവിടെ ചുറ്റിനടന്നു കണ്ടപ്പോൾ ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. സെമിത്തേരിക്കും കുടികിടപ്പുകാരന്റെ കിണറിനും ഇടയിൽ ഒരു തോടുണ്ട്. വികാരി അച്ചനോട് ആ തോട് വീതി കൂട്ടി ആഴവും വർദ്ധിപ്പിക്കാൻ രഹസ്യമായി നർദ്ദേശം കൊടുത്തു. എന്തിനാണിതു ചെയ്യുന്നതെന്ന് വികാരിക്കറിയണം. ഉദ്ദേശം പറഞ്ഞാൽ അപകടമാവവും. പറയുന്നതനുസരിച്ചാൽ മതി എന്നായിരുന്നു എന്റെ താക്കീത്.

എറണാകുളം ഡിസ്ട്രിക്ട് ഓഫീസറായിരുന്ന ശ്രീ. ഡോ.സി.എം. ജോസഫിനെ വിളിച്ചുവരുത്തി ചില നിർദ്ദേശങ്ങൾ കൊടുത്തു. എറണാകു



malankaralibrary.com

ളത്തെ വേലിയേറ്റവും വേലിയിറക്കവും തമ്മിൽ 4 അടി വ്യത്യാസമുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ വേലിയേറ്റ സമയത്തെ ആ കനാലിലെ ജലനിരപ്പിന്റെ വീതിയും കനാലിലെ താഴ്ചയും മറ്റും ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ അളന്ന് റിപ്പോർട്ട് ചെയ്യാൻ ഉത്തരവു കൊടുത്തു. രണ്ടാഴ്ച കഴിഞ്ഞ് വിശദമായ റിപ്പോർട്ട് ലഭിച്ചപ്പോൾ കനാലിന് 12 വേലിയേറ്റ സമയത്ത് 8 അടി താഴ്ചയിൽ വെള്ളമുണ്ടെന്നും ചരക്ക് കയറ്റിയ വള്ളങ്ങൾ കനാലിൽകൂടി പോകുന്നുണ്ടെന്നും അറിഞ്ഞു. ഇതെങ്ങനെ പ്രശ്നം രൂക്ഷമാവാതെ അവസാനിപ്പിക്കണമെന്നായിരുന്നു എന്റെ ചിന്ത. ഹൈക്കോടതി നേരത്തേ സ്റ്റേ ചെയ്ത പ്രശ്നവുമാണ്. കുമ്പളം ഇടവകയിലെ ആളുകളുടെ ജീവൽ പ്രശ്നം, അത് അനുവദിക്കണമെന്ന എം.എൽ.എയുടെ സമ്മർദ്ദം ഇതേപ്പറ്റി ആലോചിച്ച് ഉറങ്ങാതെ കിടന്നപ്പോൾ ഒരു ആശയം തോന്നി (പ്രാർത്ഥന) കിടക്കയിൽ നിന്നെഴുന്നേറ്റ് ലൈറ്റിട്ട് കടലാസെടുത്ത് തോട് ആദ്യം അടയാളപ്പെടുത്തി. ഒരു വശത്ത് സെമിത്തേരിയും മറുവശത്ത് കുടിലും കിണറും വരച്ചു. ഒരു നീലപെൻസിലെടുത്ത് സെമിത്തേരിയിൽ നിന്ന് മലിനജലം കിണറ്റിലേക്ക് പോകാനുള്ള മാർഗ്ഗം രേഖപ്പെടുത്തി. 6 അടി താഴ്ചയുള്ള സെമിത്തേരിയിൽ നിന്നും മലിനജലം ഊറിവന്നാൽ 8 അടി വെള്ളമുള്ള തോട്ടിൽ ചേരുകയേയുള്ളൂ. നീലപെൻസിൽകൊണ്ട് രേഖപ്പെടുത്തിയ മലിനജലത്തിന്റെ പ്രയാണം തോട്ടിൽ ലയിച്ചുചേരുന്നു. വേറൊരു കടലാസ് എടുത്ത് വീണ്ടും സെമിത്തേരിയും കിണറും വരച്ചു. സെമിത്തേരിയിലെ മലിനജലം കിണറ്റിലേക്ക് പോകണമെങ്കിൽ തോടിന്റെ അരികിലെത്തിയിട്ട് വെള്ളത്തിലേക്ക് 1 അടി വീതി ഉണ്ടെന്നും ലയിച്ചു ചേരാതെ നേരേ താഴേക്ക് പോയി കനാലിന്റെ താഴെകൂടി എതിർവശത്തേക്ക് കടന്ന് വീണ്ടും മുകളിലേക്ക് വന്ന് കിണറ്റിലേക്ക് പോകണം. ഈ 2 ചിത്രങ്ങളും മുമ്പിൽ വച്ചിട്ട് ചിന്തിച്ചപ്പോൾ പ്രശ്നം പരിഹരിക്കാൻ കഴിയും എന്ന വിശ്വാസമായി. പിറ്റേദിവസം ജലസേചന ഡിപ്പാർട്ട്മെന്റിലെ ഒരു ഉദ്യോഗസ്ഥനെ എന്റെ ഓഫീസിൽ വിളിച്ച് വരുത്തി പ്രശ്നം സൃഷ്ടിക്കുന്ന സാധ്യത ഇല്ല എന്ന അദ്ദേഹത്തിന്റെ ഉറച്ച മറുപടി ഓർഡർ ഇടുന്നതിന് എനിക്ക് സഹായകരമായി. അദ്ദേഹം പോകുന്നതിനു മുൻപ്. ഇതിന്റെ ഓർഡർ എഴുതി കഴിഞ്ഞാൽ അതൊന്നു വായിച്ചു നോക്കാൻ വരാമെന്ന ദ്ദേഹം സമ്മതിച്ചു. സെമിത്തേരി അനുവദിച്ചുകൊണ്ടുള്ള തീരുമാനമാണ് മന്ത്രിയുടേതെങ്കിൽ തീർച്ചയായും എതിർകക്ഷികൾ കോടതിയിൽ പോകും. അതിനാൽ ഹൈക്കോടതി ഒരു തരത്തിലും കുറ്റം പറയാൻ പറ്റാത്ത രീതിയിലുള്ള ഓർഡറായിരിക്കണം മന്ത്രി ഇടേണ്ടത്. ഒരു ആർട്ടിസ്റ്റിനെ വരുത്തി രണ്ടു ചിത്രങ്ങളും നന്നായി വരപ്പിച്ച് തോട്ടത്തിലെ ജലത്തിന് നീലനിറവും സെമിത്തേരിയിൽ നിന്നൊഴുകുന്ന മലിനജലം ചുവന്ന മഷിയിലും അടയാളപ്പെടുത്താൻ നിർദ്ദേശിച്ചു. ആദ്യത്തെ ചിത്രത്തിൽ സെമിത്തേരിയിലെ മലിനജലം തോട്ടിൽ വന്നു ചേരുന്നതായി അടയാളപ്പെടുത്തി. രണ്ടാമത്തെ ചിത്ര



malankaralibrary.com



ത്തിൽ സെമിത്തേരിയിലെ മലിനജലത്തിന്റെ യാത്ര ചിത്രകാരൻ അടയാള പ്പെടുത്തി കണ്ടപ്പോൾ ദ്രാവകത്തിന്റെ ചലനസ്വഭാവമനുസരിച്ച് അത് അസാ ധ്യമാണെന്ന എഞ്ചിനീയറുടെ വിശദീകരണം എനിക്ക് കൂടുതൽ ബോദ്ധ്യ മായി എറണാകുളത്ത് നിന്ന് സെമിത്തേരി പ്രശ്നത്തിന്റെ എല്ലാ രേഖകളും എന്റെ ഓഫീസിലെത്തിക്കാൻ ഏർപ്പാട് ചെയ്തു. ആദ്യമായി ഞാൻ ഹൈക്കോടതിയുടെ ഉത്തരവാണ് പരിശോധിച്ചത്. അതിൽ ഒരു കാര്യം മാത്ര മാണ് ഉള്ളത്. നിശ്ചിതപരിധിയ്ക്കകത്ത് സെമിത്തേരി വരുന്നതിനാൽ അവിടെ ശവം മറവുചെയ്യാൻ പാടില്ല. അടുത്തതായി ഞാൻ ചെയ്തത് സെമി ത്തേരി വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന ആക്ട് ലാ സെക്രട്ടറിയുടെ സഹാ യത്തോടെ ഞാൻ പഠിച്ചു. നിയമത്തിനകത്ത് പല കാര്യങ്ങൾ പറയുന്നു ണ്ടെങ്കിലും സെമിത്തേരിയിലെ മലിനജലം കിണറ്റിലേക്ക് ചെന്നാലുണ്ടാ കാവുന്ന ദൂഷ്യഫലങ്ങൾ ആണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഞങ്ങളുടെ ചർച്ച യ്ക്കുശേഷം മലിനജലം ഒഴുകി പരിസരപ്രദേശത്തേക്ക് പോകാതിരിക്കത്ത ക്കരീതിയിൽ സെമിത്തേരിയുടെ ചുറ്റും 12 അടി താഴ്ചയിൽ കോൺക്രീറ്റ് ഭിത്തികൾ കെട്ടിയാൽ ആ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മലിന ജലം ആർക്കും ഉപദ്രവമായി വരില്ല എന്നതിന്റെ അടിസ്ഥാനത്തിൽ സെമി ത്തേരിക്ക് അനുവാദം കൊടുക്കാവുന്നതാണ്. അന്ന് ഫയൽ ഞാൻ വീട്ടിൽ കൊണ്ടുപോയി നോട്ടു തയ്യാറാക്കി. വ്യക്തമായ നിഗമനങ്ങളുടേയും വാദഗ തികളുടേയും അടിസ്ഥാനത്തിൽ ഈ പ്രത്യേക സാഹചര്യത്തിൽ സെമി ത്തേരിക്ക് അനുവാദം നൽകാവുന്നതാണ്.

ഈ തീരുമാനം അറിഞ്ഞപ്പോൾ സെമിത്തേരി വിരുദ്ധർ പരാതിയു മായി ഹൈക്കോടതിയിൽ എത്തി ഒരു വലിയ വക്കീലിനെ ഏർപ്പാടു ചെയ്തു. സെമിത്തേരി പക്ഷക്കാരും പ്രഗത്ഭനായ വക്കീലിനെ ഏർപ്പാടു ചെയ്തു. എറണാകുളം ഹൈക്കോടതിയിൽ ഈ കേസ് വളരെയധികം വാദ പ്രതിവാദങ്ങൾക്ക് ഇടയാക്കി. ഓർഡർ സ്റ്റേ ചെയ്യണമെന്നായിരുന്നു അപേക്ഷ എങ്കിലും അത് അനുവദിക്കാതെ ഏറ്റവും വേഗത്തിൽ കേസ് തീർക്കാമെന്ന് കോടതി സമ്മതിച്ചു. നേരത്തെ ഹൈക്കോടതി സ്റ്റേ ചെയ്തിരുന്ന കേസിൽ നിയമബിരുദധാരി പോലുമല്ലാത്ത മന്ത്രി കൽപ്പന പുറപ്പെടുവിച്ചത് ചില പത്രങ്ങളിലും വിമർശന വിധേയമായി. കേസിന്റെ വാദം നടന്ന ദിവസം കോടതി മുറിയും പരിസരവും ജനങ്ങളെ കൊണ്ട് നിറഞ്ഞു. രണ്ടു പക്ഷ ത്തേയും പ്രമുഖരായ അഭിഭാഷകർ വളരെ ശക്തമായി കേസ് വാദിച്ചു. രണ്ടു കൂട്ടരുടേയും വാദം കേട്ടുകഴിഞ്ഞപ്പോൾ സരസനായ ജഡ്ജി എന്റെ ഓർഡ റിലെ രണ്ടു ചിത്രങ്ങളും എടുത്ത് സെമിത്തേരി വിരുദ്ധപക്ഷക്കാരനായ അഭി ഭാഷകനോട് മന്ത്രിയുടെ ഈ നിഗമനത്തിന് എതിരായി നിങ്ങൾക്കെന്താണ് പറയാനുള്ളതെന്നു ചോദിച്ചു. അദ്ദേഹം എന്തൊക്കെയോ പറഞ്ഞു എന്ന ല്ലാതെ യുക്തിസഹമായി ഒന്നും ചൂണ്ടിക്കാട്ടിയിരുന്നില്ല. നിയമങ്ങൾ ജനങ്ങ



malankaralibrary.com

ളുടെ നന്മയ്ക്കുവേണ്ടി ആയിരിക്കണമെന്നും ജനങ്ങൾക്ക് പ്രയാസമുണ്ടാകുന്ന രീതിയിൽ നിയമങ്ങളെ വ്യാഖ്യാനിക്കരുതെന്നും ഉപദേശിച്ചുകൊണ്ട്, സെമിത്തേരിക്കെതിരായി ഉന്നയിച്ച വാദങ്ങളെ ഖണ്ഡിച്ച് സെമിത്തേരി അനുവദിച്ച മന്ത്രിയുടെ ഓർഡർ ശരിവച്ചുകൊണ്ട് ജഡ്ജി വിധി പ്രഖ്യാപിച്ചു.

## ഭ്രാന്താശുപത്രി സന്ദർശനം

കേരളത്തിൽ 3 ഭ്രാന്താശുപത്രികളാണുള്ളത്. തിരുവനന്തപുരത്തെ ഊളമ്പാറ, തൃശൂരിലെ പടിഞ്ഞാറേക്കോട്ട, കോഴിക്കോട്ടെ കുതിരവട്ടം എന്നിവയാണ്. അവിടുത്തെ കാര്യങ്ങളെപ്പറ്റി വളരെയധികം പരാതികൾ ലഭിച്ചിരുന്നു. ഒരു ദിവസം രാത്രി ഫയൽ നോക്കിയതിനുശേഷം ഉറങ്ങാൻ കിടന്നപ്പോൾ ഊളമ്പാറ മെന്റൽ ആശുപത്രിയെപ്പറ്റിയുള്ള അന്നു കിട്ടിയ ഒരു നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യങ്ങൾ ആശുപത്രിയിലെ സ്ഥലപരിമിതിയും രോഗികളുടെ വർദ്ധനവും കണക്കിലെടുത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നായിരുന്നു ആ നിവേദനത്തിന്റെ അഭ്യർത്ഥന. ഏതായാലും ഏറ്റവും വേഗം ആശുപത്രി സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചു. പിറ്റേന്ന് രാവിലെ പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് അതിനു പറ്റിയ സമയം നിശ്ചയിക്കാൻ പറഞ്ഞു.

മെന്റൽ ആശുപത്രിയിൽ ആരോഗ്യമന്ത്രി എത്തുന്നുവെന്ന വാർത്ത പലരേയും അത്ഭുതപ്പെടുത്തി. ആരോഗ്യമന്ത്രിമാരാരും മെന്റൽ ആശുപത്രിയിൽ പോയിട്ടേയില്ല എന്നായിരുന്ന എനിക്കു ലഭിച്ച വിവരം. മന്ത്രിയുടെ സന്ദർശനം ചില പ്രശ്നങ്ങൾ എങ്കിലും പരിഹരിക്കാൻ സഹായകകരമാകുമെന്ന് ജീവനക്കാരും പ്രതീക്ഷിച്ചു. വളരെ ആഹ്ലാദത്തോടുകൂടിയാണ് മന്ത്രിയേയും മറ്റും ആശുപത്രിയിൽ സ്വീകരിച്ചത്. ഹെൽത്ത് ഡയറക്ടർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരെല്ലാം മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. ആശുപത്രിയിലെ എല്ലാ ഭാഗങ്ങളും ഞങ്ങൾ നടന്നു കണ്ടു. രോഗികളോടും ഞാൻ ചിലതൊക്കെ ചോദിച്ചു.

ചിലർ ചില പരാതികൾ പറഞ്ഞു. സ്വതന്ത്രരായി നടന്നിരുന്ന രോഗികൾ മന്ത്രിയെ ഹാർദ്ദവമായി സ്വീകരിച്ചു. ഞങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണേ എന്ന് കൂട്ടത്തോടെയുള്ള അപേക്ഷയും കേൾക്കാൻ ഇടയായി. സെല്ലിൽ അടച്ചിട്ടിരുന്ന ആളുകൾ ഒഴികെയുള്ള രോഗികൾ സാധാരണആളുകളെ പോലെ തന്നെയാണ് പെരുമാറിയിരുന്നത്. വരിവരിയായി നിൽക്കുന്ന രോഗികളോട് തമാശ പറഞ്ഞും ചോദ്യങ്ങൾ ചോദിച്ചും മുന്നോട്ട് നീങ്ങവേ ഒരു സ്ത്രീ ശബ്ദം എന്നെ ആകർഷിച്ചു. “സാർ എനിക്ക് ഭ്രാന്തില്ല” എന്നെ വിടണേ. ഞാൻ നടത്തം നിർത്തി. തിരിഞ്ഞ് സൂപ്രണ്ടിന്റെ മുഖത്തേക്ക് നോക്കി. എന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ സൂപ്രണ്ട്. സാർ അവർ പറഞ്ഞത് ശരിയാണ്. അവർക്ക് രോഗം ഭേദമായി. ഇവിടുത്തെ നിയമങ്ങളാണ് അവരെ വിടാൻ തടസ്സമായി നിൽക്കുന്നത്. അവരെ ഓഫീസ് റൂമി



malankaralibrary.com



ലേക്ക് കൊണ്ടുവരാൻ ഞാൻ നിർദ്ദേശം കൊടുത്തു. കുറച്ചു കൂടി മുന്നോട്ട് നീങ്ങിയപ്പോൾ "സാർ ഞാനൊരു കായികാഭ്യാസിയാണ്" എന്റെ പ്രകടനം അങ്ങ് കാണണം വളരെ ഉറച്ച ശബ്ദത്തിൽ ഒരാൾ പറഞ്ഞു. ശരി കണ്ടു കളയാം എന്നുള്ള എന്റെ മറുപടി അയാളെ സന്തോഷവാനാക്കി. സൂപ്രണ്ടിനെ അടുത്തേക്ക് വിളിച്ച് കാര്യം തിരക്കിയപ്പോൾ നമുക്ക് അയാളുടെ പ്രകടനം കാണാം എന്നായിരുന്നു സൂപ്രണ്ടിന്റെ മറുപടി. അപ്പോൾ തന്നെ അതിനുള്ള ഒരുക്കങ്ങൾ നടത്തി. അയാൾ അഭ്യാസം പ്രകടിപ്പിച്ചു. നല്ല മെയ് വഴക്കമുള്ള മനുഷ്യൻ. കൗതുകകരമായ പല പ്രകടനങ്ങളും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു.

സൂപ്രണ്ടിന്റെ മുഖത്തേക്ക് ഞാൻ നോക്കിയപ്പോൾ ചിലപ്പോൾ മാത്രമേ അയാൾക്ക് ഭാവപ്പകർച്ച ഉണ്ടാകാറുള്ളൂ. അല്ലാത്തപ്പോൾ വളരെ നോർമലാണ്. രോഗലക്ഷണം വന്നാൽ കൈകാര്യം ചെയ്യാൻ പ്രയാസമാണ്. ഞങ്ങൾ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യുന്ന ഒരു രോഗി ആണ് അയാൾ.

അക്രമാസക്തനാകുന്നവരെ ഒറ്റക്കൊറ്റയ്ക്ക് സെല്ലുകളിൽ അടച്ചിട്ടിരിക്കുകയാണ്. ആ ഭാഗത്ത് ചെന്നപ്പോൾ അട്ടഹാസങ്ങളും ആക്രോശങ്ങളും മുദ്രാവാക്യം വിളികളും ഭീഷിണികളും ഒക്കെ കേൾക്കാനിടയായി. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മുദ്രാവാക്യം വിളിക്കുമ്പോൾ അടുത്ത സെല്ലിൽ കോൺഗ്രസ് പതാക ഉയരട്ടെ എന്ന് ആക്രോശിക്കുന്നത് കേൾക്കാൻ കഴിഞ്ഞു. എല്ലാം ചുറ്റി നടന്നു കണ്ടതിനുശേഷം ആശുപത്രി ജീവനക്കാരെ വിളിക്കാൻ ഏർപ്പാടു ചെയ്തു. അവരോട് സംസാരിച്ചപ്പോൾ ബന്ധുക്കളും വീട്ടുകാരും പോലും ഉപേക്ഷിച്ച ഹതഭാഗ്യരായ രോഗികളെ ശുശ്രൂഷിച്ചും ആശ്വസിപ്പിച്ചും കൈകാര്യം ചെയ്യുന്ന ആശുപത്രി ജീവനക്കാരെ ഞാൻ മുക്തകണ്ഠം പ്രശംസിച്ചു. രോഗികളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടും വിഭവങ്ങൾ ആവശ്യത്തിനു തികയാത്ത സാഹചര്യത്തിലും പരാതിക്കിടവരാതെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാരെ ഞാൻ പ്രശംസിച്ചത് അവർക്ക് വളരെ സന്തോഷത്തിനിടയാക്കി.

നന്ദി പ്രകടിപ്പിക്കുന്ന അവസരത്തിൽ സൂപ്രണ്ടും ജീവിനക്കാരുടെ പ്രതിനിധിയും ആശുപത്രി സന്ദർശിച്ചതിന് മന്ത്രിക്ക് നന്ദി പ്രകടിപ്പിച്ചതോടൊപ്പം മന്ത്രി നേരിട്ടു കണ്ട ദയനീയാവസ്ഥക്കു പരിഹാരം കാണണേ എന്നഭ്യർത്ഥിക്കുകയും ചെയ്തു. എല്ലാവരേയും പിരിച്ചുവിട്ട് ഓഫീസിൽ കയറി ഓഫീസ് റിക്കാർഡുകൾ പരിശോധിക്കാൻ കൂടെയുള്ളവരെ ഏർപ്പാടു ചെയ്തിട്ട് നേരത്തേ എനിക്ക് ഭ്രാന്തില്ല എന്നു പറഞ്ഞ സ്ത്രീയെ കൊണ്ടുവരാൻ പറഞ്ഞു. അവരോട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്. എന്ന എന്റെ ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞ കാര്യം എന്നെ വേദനിപ്പിച്ചു. ഭ്രാന്താശുപത്രിയുടെ നിയമത്തിൽ ഒരാളുടെ രോഗം ഭേദമാ



malankaralibrary.com

യാലും അയാളെ പോകാൻ അനുവദിക്കണമെങ്കിൽ ബന്ധുക്കൾ വന്ന് കൊണ്ടു പോകണം. ബന്ധുക്കൾ വന്ന് കൊണ്ടുപോകാത്തതാണ് അവരെ ഡിസ്ചാർജ്ജ് ചെയ്യാത്തതിന് കാരണം എന്ന് സൂപ്രണ്ട് പറഞ്ഞു. സർ എന്റെ കഥ കേൾക്കണേ എന്ന ദയനീയമായി കരഞ്ഞുകൊണ്ടുള്ള അവരുടെ അഭ്യർത്ഥനയ്ക്ക്, പറയൂ എന്നായിരുന്നു എന്റെ മറുപടി. അവർ കണ്ണീരോടെ കഥ പറയാൻ തുടങ്ങി. ഞാൻ ഒരു അദ്ധ്യാപികയാണ്. അമ്മ നേരത്തെ മരിച്ചു. അവിവാഹിതയാണ്. വിവാഹം കഴിച്ച അനുജത്തിയോടൊപ്പം ഇവരും അച്ഛനും താമസിച്ചിരുന്നു. അടുത്ത കാലത്ത് അച്ഛൻ മരിച്ചപ്പോൾ ഉണ്ടായ മാനസിക വിഭ്രാന്തി മുതലെടുത്ത് അനുജത്തിയും മക്കളും കൂടി എന്നെ ഈ ആശുപത്രിയിൽ എത്തിച്ചു. ഞാൻ തിരികെ ചെന്നില്ലെങ്കിൽ കുടുംബസ്വത്ത് അനുജത്തിക്കും മക്കൾക്കും കിട്ടും. അതുകൊണ്ട് അവർ വന്ന് എന്നെ സ്വീകരിക്കുന്നില്ല. സാർ എന്നെ രക്ഷിക്കണേ എന്നെ പുറത്തുവിടണേ കണ്ണീരോടെയുള്ള അഭ്യർത്ഥനയായിരുന്നു. ഞാൻ സൂപ്രണ്ടിന്റെ മുഖത്തേക്കു നോക്കി. ഈ നിയമ തടസ്സമില്ലായിരുന്നെങ്കിൽ ഇന്നു തന്നെ ഇവരെ ഡിസ്ചാർജ്ജ് ചെയ്യാമായിരുന്നു എന്ന് സൂപ്രണ്ടിന്റെ മറുപടി. ഞാൻ കുറേനേരം ആലോചിച്ചു. അവരുടെ ദയനീയ ചിത്രവും നിയമത്തിന്റെ നൂലാമാലയും എന്നെ അസ്വസ്ഥനാക്കി. ആ രോഗിയെപ്പറ്റിയുള്ള വശദമായ റിപ്പോർട്ട് എന്റെ ആഫീസിൽ എത്തിക്കാൻ ഞാൻ സൂപ്രണ്ടിനോട് നിർദ്ദേശിച്ചു. നിങ്ങളുടെ കാര്യത്തിന് വേഗം പരിഹാരം ഉണ്ടാക്കാം. എന്ന് ആ സ്ത്രീയോടും മറുപടി പറഞ്ഞ് പുറത്തേക്ക് ഇറങ്ങുമ്പോൾ ആ സ്ത്രീയുടെ മുഖത്തുണ്ടായ ആനന്ദം വർണ്ണനാതീതമാണ്.

ഒരാഴ്ച കഴിഞ്ഞപ്പോൾ മെന്റൽ ഹോസ്പിറ്റലിൽ നിന്ന് സൂപ്രണ്ടിന്റെ റിപ്പോർട്ട് കിട്ടി. അതിൽ ആ സ്ത്രീ അവിടെ പ്രവേശിപ്പിക്കപ്പെട്ട സാഹചര്യവും കൂടെ കൊണ്ടുവന്ന ആളുകളുടെ വിവരവും ഉണ്ടായിരുന്നു. ചികിൽസയിൽ അവർക്ക് പരിപൂർണ്ണമായ ആശ്വാസം ലഭിച്ചുവെന്നും കൊണ്ടുപോകാൻ ബന്ധുക്കൾ വന്ന് ഏറ്റെടുക്കണമെന്ന വ്യവസ്ഥയാണ് ഡിസ്ചാർജ്ജ് ചെയ്യാതിരിക്കാൻ കാരണം എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. ആ റിപ്പോർട്ട് വച്ച് ഞാൻ താഴെ പറയുന്ന ഉത്തരവ് നൽകി. "രോഗം ഭേദമായി എന്ന് ഡോക്ടർക്ക് ഉത്തമബോദ്ധ്യം ഉണ്ടെങ്കിൽ, ഒരു പ്രത്യേക പരിഗണന നൽകി ഇവരെ വിടാവുന്നതാണ്." സൂപ്രണ്ട് ഇതനുസരിച്ച് അവരെ ഡിസ്ചാർജ്ജു ചെയ്തു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ കോട്ടയത്തു നിന്നിറങ്ങുന്ന ഒരു പത്രത്തിൽ വന്ന വാർത്തയുടെ കട്ടിംഗ് എന്റെ ശ്രദ്ധയിൽപട്ടു. അതിൽ ഇപ്രകാരം പറഞ്ഞിരുന്നു. "ആരോഗ്യമന്ത്രി മെന്റൽ ആശുപത്രി സന്ദർശിച്ചപ്പോൾ തന്റെ വീരസ്യം പ്രകടിപ്പിക്കാൻ രോഗം ഭേദമാകാത്ത മെന്റൽ ഹോസ്പിറ്റലിലെ രോഗികളെ തുറന്നുവിടാൻ കൽപ്പന കൊടുത്തു. തിരുവല്ലയിലും പരിസരപ്രദേശങ്ങളിലും അത്തരം തുറന്നുവിട്ട ആളുകൾ



malankaralibrary.com



ജനങ്ങൾക്ക് ശല്യമായിത്തീരുന്നു. "ഉടനെ തന്നെ ആ പത്രത്തിന്റെ പത്രാധിപരായിരുന്ന ശ്രീ. സി.എൻ.ശ്രീകണ്ഠൻ നായരോട് പത്രത്തിൽ വന്ന വാർത്ത സൂചിപ്പിക്കുന്ന സംഭവത്തിന്റെ വിശദവിവരം തന്നാൽ ഉടൻ തന്നെ അവരെ പിടിച്ച് മെന്റൽ ഹോസ്പിറ്റലിൽ ആക്കാം എന്നു പറഞ്ഞു. അതുപോലെ തന്നെ കോട്ടയം പോലീസ് സൂപ്രണ്ടിനെ വിളിച്ച് ഇത്തരം ഏതെങ്കിലും സംഭവം കോട്ടയത്തോ, തിരുവല്ലയിലോ പരിസരപ്രദേശത്തോ ഉണ്ടെന്നറിഞ്ഞാൽ ഉടനടി അവരെ കസ്റ്റഡിയിൽ എടുക്കണമെന്നും വിവരം എന്നെ അറിയിക്കണമെന്നും നിർദ്ദേശം കൊടുത്തു. പിറ്റേദിവസം പോലീസ് സൂപ്രണ്ട്, തന്റെ പരിശോധനയിൽ ഇത്തരം ഒരു സംഭവം പോലും ഉണ്ടായിട്ടില്ല എന്നറിയിച്ചു. പത്രാധിപർ ഒരു വിവരവും തന്നില്ല്. എന്റെ അന്വേഷണത്തിൽ ആ ടീച്ചറിന്റെ അനുജത്തിയും മക്കളും മറ്റുള്ളവരുമാണ് ഇത്തരം പ്രചരണം നടത്തുന്നതെന്നും അവരുടെ സമ്മർദ്ദം കൊണ്ടാണ് പത്രത്തിൽ ഈ വാർത്ത വന്നതെന്നും അറിഞ്ഞു.

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം"

എന്ന കവിവാക്യം എനിക്കോർമ്മ വന്നു. എന്റെ ഭ്രാന്താശുപത്രി സന്ദർശനത്തെക്കുറിച്ച് മലയാള മനോരമയിൽ 16-04-1969-ൽ ഒരു റിപ്പോർട്ട് വരികയും ചെയ്തു

## സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷന്റെ ആശുപത്രി

കേരളത്തിലെ സെക്രട്ടറിയേറ്റ് ജീവനക്കാർ വളരെക്കാലമായി അവർക്കുവേണ്ടിയൊരു ചികിത്സാ കേന്ദ്രം സെക്രട്ടറിയേറ്റിനോട് ചേർന്ന് സ്ഥാപിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അതിനു വേണ്ടി പല ആരോഗ്യമന്ത്രിമാരേയും മുഖ്യമന്ത്രിമാരേയും കണ്ട് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഞാൻ ആരോഗ്യമന്ത്രിയായപ്പോൾ എന്നെയും അവർ വന്നു കണ്ട് നിവേദനം തന്നു. കാര്യങ്ങൾ ചർച്ച ചെയ്തു. ഞാൻ അവരോട് മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഈ നിവേദനം നൽകാൻ ഉപദേശിച്ചു. കുറെ ദിവസം കഴിഞ്ഞപ്പോൾ ഇതു പരിഗണിക്കണമെന്ന കുറിപ്പോടെ മുഖ്യമന്ത്രിക്കു കൊടുത്ത നിവേദനം എന്റെ ഓഫീസിലെത്തി. തുടർന്ന് മറ്റ് മന്ത്രിമാരും അവർക്ക് കിട്ടിയ നിവേദനങ്ങൾ പരിഗണിനയ്ക്കായി എനിക്ക് അയച്ചു തന്നു. ചിലർ ഉടനടി നടപ്പിലാക്കണമെന്ന് പ്രത്യേകശുപാർശയും ചെയ്തിരുന്നു. അടുത്ത മന്ത്രിസഭായോഗത്തിൽ ഔദ്യോഗിക വിഷയങ്ങൾ തീർന്നപ്പോൾ സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷന്റെ നിവേദനം കിട്ടിയതും മറ്റ് മന്ത്രിമാർ ശുപാർശയോടെ എനിക്ക് അയച്ചുതന്നതുമായ കാര്യങ്ങൾ ഞാൻ അവതരിപ്പിച്ചു. അതു പരിഗണിക്കേണ്ടതാണെന്നായിരുന്നു. പല മന്ത്രിമാരുടെയും അഭിപ്രാ



malankaralibrary.com

യം. ഒടുവിൽ മുഖ്യമന്ത്രി ഇ.എം.എസ് "നമുക്കത് നടപ്പിലാക്കാം" അടുത്ത ക്യാബിനറ്റിൽ അതിനുള്ള രേഖകൾ കൊണ്ടുവരണം എന്നു നിർദ്ദേശിച്ചു. എനിക്കും സന്തോഷമായി.

സ്റ്റാഫ് അസോസിയേഷന്റെ സജീവ പ്രവർത്തകനും ഒരു നേതാവവുമായിരുന്ന എബ്രാഹം ഫിലിപ്പ് എന്റെ സ്റ്റാഫിലുണ്ടായിരുന്നത് നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ സഹായകരമായിരുന്നു. അതിന്റെ പദ്ധതി എഴുതി ഉണ്ടാക്കാൻ ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ നേതാക്കൾ തീരുമാനം അറിഞ്ഞപ്പോൾ മാറി മാറി വന്ന് അഭിനന്ദനവും നന്ദിയും പ്രകടിപ്പിച്ചു. ഉദ്ഘാടനതീയതി നിശ്ചയിച്ചു കഴിഞ്ഞാൽ ഗംഭീരമായി പരിപാടി നടത്തണമെന്ന് ഞാൻ അവരെ ഉപദേശിച്ചു. ഒരുക്കങ്ങൾ തിടുക്കത്തിൽ നടത്തപ്പെട്ടു. സെക്രട്ടറിയേറ്റിന്റെ വടക്കുവശത്തുള്ള കന്റോൺമെന്റ് പോലീസ് സ്റ്റേഷന്റെ പടിഞ്ഞാറേ കെട്ടിടമാണ് ഇതിനായി തിരഞ്ഞെടുത്തത്. ഉദ്ഘാടന ചടങ്ങ് അതിഗംഭീരമായിരുന്നു. സെക്രട്ടറിയേറ്റ് സ്റ്റാഫ് ചേരിതിരിവില്ലാതെ ആഹ്ലാദം പ്രകടിപ്പിച്ചു.

## ഡി.എച്ച്.എസ് ഓഫീസിലെ മിന്നൽ പരിശോധന

ഒരു ദിവസം രാത്രി പത്തരമണിയായിക്കാണും. ഞാൻ ഫയൽ നോക്കുകയാണ്. കട്ടൻ ചായയുമായി വന്ന ജോലിക്കാരൻ, താഴെ ഒരു തർക്കം നടക്കുന്നെന്നും മന്ത്രിയെക്കാണാൻ വന്ന ഒരാളിനെ പോലീസുകാർ തടഞ്ഞുവെച്ച് ചോദ്യം ചെയ്യുകയാണെന്നും പറഞ്ഞു. കെട്ടിടത്തിന്റെ ടെറസ്സിൽ നിന്നുകൊണ്ടു തന്നെ കാര്യം അന്വേഷിച്ചു. "ഒരു വിവരം സാറിനോട് പറയാനാണ്. വളരെ അത്യാവശ്യമാണ്.

ഞാൻ വേഗം താഴെയെത്തി അയാളെ കൊണ്ടുവരാൻ പറഞ്ഞു. രണ്ടു പോലീസുകാർ അയാളെ കൊണ്ടു വന്നു. പോലീസുകാർ രണ്ടുപേരും എന്റെ മുഖത്തേക്കു നിർദ്ദേശത്തിനുവേണ്ടി നോക്കുന്നതു കണ്ടു. അപരിചിതർ, ഉദ്ദേശ്യം മനസ്സിലാക്കിയെന്ന അർത്ഥത്തിൽ, അവർ നിന്നോട്ടെയെന്നും പറഞ്ഞു. എനിക്ക് പറയാനുള്ളത് രഹസ്യമൊന്നുമല്ല. ഇന്നു നാട്ടിലേയ്ക്കു പോകാൻ തീവണ്ടിയാപ്പീസിലെത്തിയപ്പോൾ, മൂന്നുപേർ സാറിനെപ്പറ്റി സംസാരിക്കുന്നതു കേട്ടു. അവരറിയാതെ ഞാൻ അവരെ ശ്രദ്ധിച്ചു. സാറിന്റെ ഒരു ഉത്തരവിനെതിരായി ഹൈക്കോടതിയിൽ കേസു കൊടുക്കാൻ പോവുകയാണെന്നും സ്റ്റേ ഉത്തരവ് ഉച്ചയ്ക്ക് മുമ്പ് അവർ വാങ്ങുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ വിവരം സാറിനെ അറിയിക്കാൻ വന്നപ്പോഴാണ് എന്നെ തടഞ്ഞു ചോദ്യം ചെയ്തത്. തനിക്ക് എന്തെങ്കിലും സഹായം വേണോ? ഒന്നും വേണ്ടെന്നും പോകാൻ പോലീസുകാർ അനുവദിച്ചാൽ മതിയെന്നുമുള്ള മറുപടി എന്നെ അത്ഭുതപ്പെടുത്തി.



malankaralibrary.com



"നമസ്ക്കാരം" എന്നു പറഞ്ഞ്, അയാളങ്ങു നടന്നു. പോലീസുകാരും ഞാനും അയാളുടെ പോക്ക് അത്ഭുതത്തോടെ നോക്കുന്നു. ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരാൾ, പിന്നീടും കണ്ടിട്ടില്ല, അത്ഭുതം തന്നെ.

രാവിലെ പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് 8 എ.എം.ന് ഡി.എച്ച്.എസ് ഓഫീസിൽ പരിശോധനക്കു പോകണമെന്നും ഡെപ്യൂട്ടി സെക്രട്ടറി നാഗരാജനെ കൂടി അവിടെ എത്താൽ നിർദ്ദേശം കൊടുക്കണമെന്ന് അറിയിച്ചു. 8 എ.എം ന് ഡി.എച്ച്.എസ്. ഓഫീസിലെത്തിയപ്പോൾ, ഓഫീസ് തുറക്കുന്നതേയുള്ളു. പ്രൈവറ്റ് സെക്രട്ടറിയോട് ഡെസ്പാച്ച് സെക്ഷനിൽ ചെന്ന് രജിസ്റ്ററും മറ്റ് രേഖകളും എടുത്തുകൊണ്ടുവരാൻ നിർദ്ദേശിച്ചു. അപ്പോഴേയ്ക്കും ഡി.എച്ച്.എസ്.ഡോ ഗോപാലകൃഷ്ണനും എത്തി അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുന്ന മന്ത്രിയെക്കണ്ട് അത്ഭുതപ്പെട്ടു. പ്രൈവറ്റ് സെക്രട്ടറി പരിശോധനയിൽ, തലേ ദിവസം തപാലിൽ അയക്കേണ്ട എല്ലാ കത്തുകളും അയച്ചിട്ടില്ലെന്നും, ഒരു ഓർഡർ അയയ്ക്കേണ്ട മേൽവിലാസം എഴുതിയെങ്കിലും അയക്കാതെ പുസ്തകത്തിനകത്തു തന്നെ വെച്ചിരിക്കുകയാണെന്നും പറഞ്ഞു. അത് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് വിഷമിച്ചു നിൽക്കുന്നു. എത്ര കോപ്പികളാണ് അയക്കാൻ കിട്ടിയതെന്ന് തിരക്കിയപ്പോൾ പതിനെട്ട് എന്ന് മറുപടി പറഞ്ഞു. പ്രൈവറ്റ് സെക്രട്ടറിയോട് എണ്ണി നോക്കാൻ പറഞ്ഞപ്പോൾ പതിനേഴെണ്ണമേ ഉണ്ടായിരുന്നുള്ളൂ. ഒരു കോപ്പി എവിടെ പോയി. മറുപടി ഇല്ല. വീണ്ടും ചോദിച്ചപ്പോൾ അറിയില്ലായെന്നു പറഞ്ഞു. കാര്യങ്ങളുടെ കിടപ്പിന്റെ ഗൗരവം മനസ്സിലാക്കിയ ഞാൻ ഈ കാണാതായ കോപ്പിയാണ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യാനായി കൊണ്ടുപോയതെന്നു മനസ്സിലാക്കിയിട്ടും ഇതിന്റെയെല്ലാം പിന്നിൽ പ്രധാനപ്പെട്ടവരുടെയെല്ലാം ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടൽ ഉണ്ടെന്നു മനസ്സിലാക്കിയിട്ടും ഇതൊന്നും അറിയാത്ത ഭാവത്തിൽ വേറെ വിഷയങ്ങളിലേക്ക് സംസാരം തിരിച്ചുവിട്ടു. ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റിൽ എനിക്കനുഭവപ്പെടാനിടയായ ചില രസകരമായ സംഭവങ്ങൾ പറഞ്ഞ് എല്ലാവരുടേയും ശ്രദ്ധ ഈ വിഷയത്തിൽ നിന്നകറ്റി. ഇടയ്ക്ക് ഹെൽത്ത് സർവ്വീസിലെ വണ്ടികൾ വഴിയിൽ കാണുമ്പോൾ ലോഗ് ബുക്ക് വാങ്ങിച്ച് പരിശോധിക്കുകയും വണ്ടിയിലുള്ള ആളുകളുടെ ടൂർ പ്രോഗ്രാം കൂടെ വാങ്ങി പരിശോധിക്കുമ്പോൾ പലരും ഒന്നുമെഴുതാതെയാണ് യാത്ര ചെയ്തിരുന്നതെന്നും മനസ്സിലാക്കി എന്നും മറ്റുമുള്ള കാര്യങ്ങൾ ഡ്.എച്ച്.എസ്സിനോട് പറഞ്ഞപ്പോൾ സാർ, അതിന്റെ ഫലമായി 25% ഇന്ധനം ഡിപ്പാർട്ടുമെന്റിന് ലാഭമുണ്ടായി എന്നറിയിച്ചു. പെട്ടെന്ന് വിഷയം മാറ്റി എന്റെ ഭാവവും മാറി. ക്ലാർക്കിന് നേരേ തിരിഞ്ഞ് ഷൂസ് തറയിൽ ഉറച്ചു ചവുട്ടി. എന്തുകൊണ്ട് നീ ലെറ്റേഴ്സ് പോസ്റ്റ് ചെയ്തില്ല എന്നു ചോദിച്ചപ്പോൾ വിറച്ചുകൊണ്ട് ചാടി എണ്ണീറ്റ് അയാൾ പറഞ്ഞു എ.ഒ പറഞ്ഞിട്ടാണ് അയക്കാതിരുന്നത്. അതേ



malankaralibrary.com

സ്വരത്തിലും ഭാവത്തിലും 'നിങ്ങൾ എന്തിനാണ് അങ്ങനെ പറഞ്ഞത് അയാളെ കൊണ്ട് കൃത്യമായി ജോലി ചെയ്യിക്കേണ്ട ആളല്ലേ നിങ്ങൾ. പ്രതീക്ഷിക്കാത്ത ചോദ്യം കേട്ട് പരിഭ്രമിച്ച് എ.ഒ.ഡെപ്യൂട്ടി സെക്രട്ടറി നടേശൻ പറഞ്ഞിട്ടാണ് പോസ്റ്റ് ചെയ്യേണ്ട എന്നു പറഞ്ഞത്. അതിനിടയിൽ ഞാൻ പ്രൈവറ്റ് സെക്രട്ടറിയോട് കോടതിയിൽ നിന്നും സ്റ്റേ വരുന്നതിന് മുമ്പ് സ്പെഷ്യൽ മെസഞ്ചർ വശം ഓർഡർ നടപ്പിലാക്കാൻ നിർദ്ദേശം കൊടുക്കാൻ പറഞ്ഞു. ഈ വിവരങ്ങളെല്ലാം ഡെപ്യൂട്ടി സെക്രട്ടറി നാഗരാജൻ ഐ.എ,എസ് രേഖപ്പെടുത്തുന്നതു കൊണ്ട് ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കേണ്ട ബാധ്യത ഒഴിവായി. സെക്രട്ടറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പാടില്ല എന്നു ഞാൻ വാണിംഗ് കൊടുത്തിരുന്നതാണ്. എന്നിട്ടും ഇതിലിടപെട്ട്.

1. ഓർഡർ പോസ്റ്റ് ചെയ്യിപ്പിക്കാതിരിക്കുകയും
2. കോടതിയിൽ കേസ്സ് കൊടുക്കാൻ ഒരു കോപ്പി തൽപ്പര കക്ഷികൾക്ക് ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വന്ന് ഓർഡർ നടപ്പിലാക്കാതിരിക്കാനുള്ള കുത്സിത മാർഗ്ഗങ്ങൾ കൈക്കൊള്ളുകയും ചെയ്ത കാര്യങ്ങൾ ഇൻസ്പെക്ഷൻ റിപ്പോർട്ട് ആയി എന്റെ വീട്ടിലെത്തിക്കാൻ ഏർപ്പാടു ചെയ്തു. നേരത്തെ ഏറ്റിരുന്ന ഒരു പരിപാടിക്ക് പോയി ഊണും കഴിഞ്ഞ് 3 മണിക്ക് ഓഫീസിലെത്തിയപ്പോൾ കേരളകൗമുദി പത്രാധിപർ കെ. സുകുമാരൻ എന്നെ വിളിച്ചിരുന്നുവെന്നും 3.30 ന് വീണ്ടും വിളിക്കാമെന്നുമുള്ള നോട്ട് മേശപ്പുറത്തു കണ്ടു. 3.30 ആയപ്പോൾ പത്രാധിപർ വിളിച്ചു. എനിക്കൊന്നു നേരിട്ടു കാണണം. വീട്ടിൽ ഞാനെപ്പോഴാണ് വരേണ്ടത്? വീട്ടിൽ വരുന്നതും കാണുന്നതും വളരെ സന്തോഷമുള്ള കാര്യമാണ്.

ഫോണിലൂടെ പറയാവുന്ന കാര്യമാണെങ്കിൽ അറിയാൻ ആഗ്രഹമുണ്ട്. ഞാൻ പറഞ്ഞു ക്ഷമിക്കണം. ഇന്ന് പോയ കാര്യം മുഴുവൻ ഞാൻ അറിഞ്ഞു. കർശനമായ നടപടി കൈക്കൊണ്ടാൽ (അയാൾ അതർഹിക്കുന്നുണ്ടെങ്കിലും) അയാളുടെ ജീവിതം തുലഞ്ഞുപോകും. എല്ലാ തെളിവുകളും പ്രകടമായി അയാൾക്കെതിരായി വന്നിരിക്കുന്ന സാഹചര്യത്തിൽ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിയാൽ റിട്ടയർ ചെയ്യാറായിരിക്കുന്ന അയാൾ ഡിസ്മിസ് ചെയ്യപ്പെടും. അതൊഴിവാക്കാൻ എന്താ മാർഗ്ഗമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്നാലോചിക്കണം. പ്രശ്നം ഞാനൊന്നു കൂടി വിശദമായി പഠിച്ചോട്ടെ? ഇപ്പോൾ ഞാനൊന്നും ചെയ്യില്ല. നമുക്ക് വീണ്ടും ബന്ധപ്പെടാം. 2 ദിവസത്തിനുശേഷം ഫയൽ എന്റെ മുമ്പിലെത്തിയപ്പോൾ നടേശനെ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശുപാർശകളാണ് കാണാൻ കഴിഞ്ഞത്. ഫയൽ ഞാനെടുത്തു മാറ്റിവച്ചു. പത്രാധിപരുമായി ബന്ധപ്പെട്ട് പല ചർച്ചകളും നടത്തിയതിന്റെ ഫലമായി ഡെപ്യൂട്ടി സെക്രട്ടറി നടേശൻ



malankaralibrary.com



വന്ന് തെറ്റ് സമ്മതിച്ച് മാപ്പു പറഞ്ഞാൽ ഹെൽത്ത് സർവ്വീസിൽ നിന്നു മാറ്റി ഫയൽ ക്ലോസ് ചെയ്യാം എന്ന ധാരണയിൽ ഞങ്ങളെത്തി. ഒരാഴ്ച കഴിഞ്ഞ് നടേശനെ ഹെൽത്ത് സർവ്വീസിൽ നിന്നു മാറ്റി ഫയൽ ക്ലോസ് ചെയ്തു.

ചീഫ് മിനിസ്റ്ററുടെ പ്രൈവറ്റ് സെക്രട്ടറി ആയ വർക്കല രാധാകൃഷ്ണന്റെ സഹായത്തോടുകൂടി ഡി.പി.ഐ ഓഫീസിലെ എ.ഒ. ആയി നടേശൻ നിയമനം നേടി. കുറേക്കഴിഞ്ഞ് എന്റെ ഭാര്യയുടെ ഫയലിൽ ആവശ്യമില്ലാത്ത ഒരു നോട്ട് എ.ഒ. എഴുതി ചേർത്തു. 1965-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് മുന്നണിയിൽ നിന്നു മത്സരിച്ചു ജയിച്ചു എന്ന വിവരം പുറത്തായപ്പോൾ ഒരു കാരണവും പറയാതെ കോൺവെന്റ് അധികൃതർ ഹെഡ്മിസ്ട്രിസ്സ് ആയിരുന്ന എന്റെ ഭാര്യയെ പിരിച്ചുവിട്ടു. ഹൈക്കോടതിയിൽ 3 കേസുകൾ അതേത്തുടർന്നുണ്ടായി. 67-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഞാൻ മന്ത്രിയായപ്പോൾ സഭാ അധികാരികൾ ഇടപെട്ട് എലിസബത്ത് ടീച്ചറിനെ വീണ്ടും അതേ സ്കൂളിൽ തന്നെ നിയമിച്ചു. നിയമവിരുദ്ധമായി പിരിച്ചുവിട്ടതിന്റെ ഫലമായി പുറത്തുനിന്ന 2 കൊല്ലത്തെ (ആർ.ഡി.ഡിയുടെ നിർദ്ദേശ പ്രകാരം ആ പോസ്റ്റ് ഒഴിച്ചിട്ടിരിക്കുകയായിരുന്നു.) ആ കാലത്തേക്കുള്ള ശമ്പളത്തിന്റെ ഫയലാണ് ഡി.പി.ഐയുടെ ഓഫീസിലെത്തിയപ്പോൾ എ.ഒ താഴെ പറയുന്ന നോട്ടേഴുതി. The teacher being the wife of hon. Health Minister, if such an amount is sanctioned it, may lead to unwanted criticism. ഫയൽ വന്നപ്പോൾ എഡ്യൂക്കേഷൻ മിനിസ്റ്റർ അതിനു താഴെ Health minister may kindly see എന്നെഴുതി ഫയൽ എന്റെ മുമ്പിൽ വന്നു. എന്തെഴുതണമെന്നു ഞാൻ വളരെ ആലോചിച്ചു. അർഹതപ്പെട്ട 2 കൊല്ലത്തെ ശമ്പളം കൊടുക്കണമെന്നെഴുതിയാൽ ജോലി ചെയ്യാതെ പുറത്തുനിന്ന ഭാര്യക്ക് അക്കാലത്തേയ്ക്ക് ശമ്പളം കൊടുക്കണമെന്ന് മന്ത്രി ഓർഡറിട്ടിരിക്കുന്നു എന്ന വിമർശനം ഉണ്ടാകും. ശമ്പളം കൊടക്കേണ്ട എന്നെഴുതിയാൽ സാമ്പത്തിക നഷ്ടവും അതിന് മുമ്പത്തെ ഒരു കൊല്ലവും ഉൾപ്പെടെ 3 കൊല്ലത്തെ സർവീസും സീനിയോറിറ്റിയും നഷ്ടപ്പെടും. വളരെ ആലോചിച്ചതിനുശേഷം വിദ്യാഭ്യാസമന്ത്രി സി.എച്ചിനോട് സംസാരിക്കാമെന്നു കരുതി. അദ്ദേഹം വേണ്ടതുപോലെ ചെയ്തുകൊള്ളും എന്ന പ്രതീക്ഷയിൽ "seen" എന്ന ഒറ്റവാക്കുമാത്രം എഴുതി ഫയൽ തിരിച്ചയച്ചു. വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ വിളിച്ചപ്പോൾ ഏതാനും ദിവസം കഴിഞ്ഞ് മന്ത്രി മടങ്ങിവരും എന്നറിഞ്ഞു. വരട്ടെ അപ്പോൾ സംസാരിക്കാം എന്നു കരുതി ഞാൻ ഇരുന്നു. അത്യാവശ്യമായ ഫയലുകൾ മന്ത്രിക്ക് അയച്ച കൂട്ടത്തിൽ പ്രസ്തുത ഫയലും ഉണ്ടായിരുന്നു. ഒന്നും എഴുതാതെ മന്ത്രി ഒപ്പിട്ടു. ഫലത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എഴുതിയ നോട്ട് പ്രാബല്യത്തിലായി. അങ്ങനെ നടേശൻ എന്നോട് പകരം വീട്ടി. ഞങ്ങൾക്ക് 2




malankaralibrary.com

കൊല്ലത്തെ ശമ്പളം നഷ്ടമായി.

നോട്ട് -അർഹതപ്പെട്ട ഒരു ലാ സെക്രട്ടറിക്ക് പ്രൊമോഷൻ നൽകാൻ വേണ്ട നടപടികൾ കൈക്കൊണ്ടപ്പോൾ ഞങ്ങൾക്ക് 2 കൊല്ലത്തെ ശമ്പളം നഷ്ടമായി.

## പുൽപ്പള്ളി കുടിയിറക്ക്

മലബാറിലെ പുൽപ്പള്ളി ദേവസ്വം വക ഭൂമിയിൽ ആയിരക്കണക്കിന് കുടുംബങ്ങൾ അനേകവർഷങ്ങളായി കൃഷിചെയ്ത് ജീവിക്കുന്നുണ്ട്. Malabar Private Forest Protection Act (MPFP Act) അനുസരിച്ച് കൈമാറ്റങ്ങൾ നടക്കണമെങ്കിൽ ജില്ലാ കളക്ടറുടെ അനുവാദം ആവശ്യമായിരുന്നു. 100 ഏക്കറിൽ കുറഞ്ഞ സ്ഥലത്തിന്റെ കൈമാറ്റങ്ങൾക്ക് കളക്ടർ അനുവാദം കൊടുത്തിരുന്നില്ല. കളക്ടറുടെ അനുവാദം കിട്ടാനുള്ള കാലതാമസവും പ്രയാസവും കൊണ്ട് "വാക്കാൽ ചാർത്ത്' (രേഖയില്ലാതെ) കൈമാറ്റങ്ങൾ നടന്നിരുന്നു. നല്ല പോലെ അദ്ധ്വാനിച്ച് കൃഷിക്കാർ കനകം വിളയുന്ന സ്ഥലമാക്കി മാറ്റിയിരുന്നു ഈ പ്രദേശം. ഞങ്ങളുടെ മന്ത്രിസഭയിൽ ദേവസ്വത്തിന്റെ മന്ത്രി ശ്രീ. പി.ആർ. കുറുപ്പ് ആയിരുന്നു. പുൽപ്പള്ളി ദേവസ്വം വക ഭൂമി വാക്കാൽ ചാർത്ത് പ്രകാരം സ്വന്തമാക്കിയ കൃഷിക്കാർ അവിടെയുണ്ടായിരുന്ന മരങ്ങൾ മുറിച്ചിരുന്നില്ല. 1 ലക്ഷം രൂപവരെ വിലവരുന്ന വളരെയധികം മരങ്ങൾ നിൽക്കുന്ന പുൽപ്പള്ളി ദേവസ്വം സ്ഥലത്തുനിന്ന് കൃഷിക്കാരെ ഒഴിവാക്കിയാലേ ആ മരങ്ങൾ മുറിച്ചുവിറ്റ് കാശാക്കാൻ ഈ ഗൂഢസംഘത്തിന് കഴിയൂ. അവർ മന്ത്രി പി.ആർ കുറിപ്പുമായി ആലോചിച്ച് അതിനുള്ള കരുക്കൾ നീക്കിയിരുന്നു. തന്ത്രശാലിയായിരുന്ന ശ്രീ.പി.ആർ. കുറിപ്പ് വളരെ രഹസ്യമായി കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതിനാൽ ഇതാരുടെയും ശ്രദ്ധയിൽ പെട്ടില്ല. മന്ത്രിയായ ശ്രീ.പി. ആർ കുറിപ്പ് കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ താമസിക്കുന്നതിന് പകരം സ്വകാര്യ ഹോട്ടലിൽ താമസിച്ചാണ് രഹസ്യമായി കാര്യങ്ങൾ കൈകാര്യം ചെയ്തത്. മുഖ്യമന്ത്രി ഇ.എം.എസ് ഒരാഴ്ചത്തെ യാത്രാ പരിപാടി പ്രസിദ്ധീകരിച്ചത് പി.ആർ.കുറിപ്പിന് സൗകര്യപ്രദമായി. അന്ന് രാവിലെ എം.എസ്.പി.യെ പുൽപ്പള്ളിയിലേക്ക് അയക്കാൻ പി.ആർ.കുറിപ്പ് ഏർപ്പാടു ചെയ്തിരുന്നു. കാറിൽ മധുരയ്ക്കു പോകുന്ന മുഖ്യമന്ത്രി മദ്രാസ്, കൽക്കട്ട, ഡൽഹി, ബോംബെ മുതലായ സ്ഥലങ്ങളിലെ പരിപാടികളും സന്ദർശനവും കഴിഞ്ഞ് 8-ാം ദിവസമേ സ്ഥലത്തെത്തൂ. വളരെ രഹസ്യമായി കാര്യങ്ങൾ മന്ത്രി കുറുപ്പ് കൈകാര്യം ചെയ്തിരുന്നതുകൊണ്ട്, സ്വായുധപോലീസ് വ്യൂഹത്തെ കുടിയിറക്കിന് വേണ്ടി നിയോഗിക്കാൻ കുറിപ്പിന് കഴിഞ്ഞു. സായുധസേനാവ്യൂഹ വാഹനങ്ങൾ നിരനിരയായി മനോരമ പത്രമാഫീസിന് മുന്നിലൂടെ നീങ്ങിയത് കണ്ട് പത്രപ്രവർത്ത



മന്ത്രി പി.ആർ. കുറുപ്പ്



malankaralibrary.com



കർ വിവരങ്ങൾ തിരക്കി. പോലീസ് എങ്ങോട്ടാണ് പോകുന്നതെന്നോ എന്തിന് വേണ്ടിയാണ് പോകുന്നതെന്നോ എത്ര ശ്രമിച്ചിട്ടും വിവരങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞില്ല. തിരുവനന്തപുരത്തെ ആഫീസുകളിൽ തിരക്കിയവർക്കും കാര്യമായ വിവരമൊന്നും കിട്ടിയില്ല. അതിനിടെ എനിക്ക് പരിചയമുള്ള തിരുവനന്തപുരത്തെ മനോരമ ഓഫീസിലുള്ള ഒരു പ്രതിനിധി കോഴിക്കോട് നിന്ന് കിട്ടിയ ഒരു ടെലിപ്രിന്റർ മെസേജ് എന്റെ കയ്യിൽ കൊണ്ടുതന്നു. അതിൽ മലബാർ സ്പെഷ്യൽ പോലീസ് വ്യൂഹം വയനാട് റോഡിലൂടെയാണ് നീങ്ങുന്നതെന്നും. കോഴിക്കോട് അന്വേഷിച്ച് യാതൊരു വിവരവും കിട്ടാത്തതുകൊണ്ട്, ആരോഗ്യമന്ത്രിയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മനസ്സിലാക്കണമെന്നായിരുന്നു. ഐ.ജി.ശ്രീ. ഗോപാലനോട് പോലീസ് നീക്കത്തെപ്പറ്റി ചോദിച്ചു അദ്ദേഹത്തിന് ഒരു അറിവും ഉണ്ടായിരുന്നില്ല. ഞാൻ ഉടൻ തന്നെ ഫോറസ്റ്റ് മിനിസ്റ്റർ എം.കെ കൃഷ്ണനോട് അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന് ഒന്നുമറിയില്ലെന്നായിരുന്നു മറുപടി. മലബാറിലെ മലയോരപ്രദേശങ്ങളിലെ പ്രശ്നങ്ങൾ അറിയാമായിരുന്ന എനിക്ക് എം.എസ്.പി.യുടെ സേനാവ്യൂഹത്തിന്റെ പോക്ക് പുൽപ്പള്ളിയിലെ ദേവസ്വം ഭൂമിയിലേക്കാണ് എന്ന നിഗമനത്തിലെത്താൻ അധികം പ്രയത്നിക്കേണ്ടി വന്നില്ല. ഞാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ വിളിച്ച് വിവരം തിരക്കിയപ്പോൾ മുഖ്യമന്ത്രി അപ്പോൾ വീട്ടിലുണ്ടെന്നും ആഹാരം കഴിച്ചു കഴിഞ്ഞാലുടനെ ഒരാഴ്ചത്തെ യാത്രയ്ക്ക് തിരിക്കുമെന്നും കാറിൽ മധുരക്ക് പോയി അവിടെ നിന്നും വിമാനമാർഗ്ഗം മദ്രാസ്, ഡൽഹി, ഹൈദ്രാബാദ്, ബോംബെ എന്നീ സ്ഥലങ്ങളിലെ പരിപാടികൾ കഴിഞ്ഞേ മടങ്ങിയെത്തു എന്നറിഞ്ഞു. ഉടനെ ഞാൻ മുഖ്യമന്ത്രിയുടെ വീട്ടിലേക്കു ഫോൺ ചെയ്തു. അദ്ദേഹം ഊണ് കഴിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ ഉടനെ ഞാൻ അവിടെ എത്തുന്നതാണെന്ന് അറിയിച്ച് ഫോൺ താഴെ വച്ചു. മിന്നൽ വേഗത്തിൽ മുഖ്യമന്ത്രിയുടെ വീട്ടിലെത്തി. അദ്ദേഹം യാത്രയ്ക്ക് തയ്യാറായി എന്നെ നോക്കി നിൽക്കുന്നു. വികാരാധീനനായി ഞാൻ ഇങ്ങനെ പറഞ്ഞു. പുൽപ്പള്ളി ദേവസ്വം ഭൂമിയിൽ നിന്ന് കുടിയിറക്കാൻ എം.എസ്.പി-യെ അയച്ചിട്ടാണല്ലോ അങ്ങ് യാത്ര പോകുന്നത്. കുടിയിറക്ക് നടന്നാൽ(കർഷകരെ കുടിയിറക്കിയാൽ) അങ്ങ് യാത്ര കഴിഞ്ഞ് വരുമ്പോൾ കുടിയിറക്ക് നടത്തിയ മന്ത്രിസഭയിൽ വെല്ലിംഗ്ടൺ ഉണ്ടാകില്ല. ഞാൻ തറപ്പിച്ചു പറഞ്ഞു. എനിക്കൊന്നും അറിയില്ല എന്ന് പറഞ്ഞ് അദ്ദേഹം നിസ്സഹായത പ്രകടിപ്പിച്ചു. കുടിയിറക്ക് നിർത്താൻ ആജ്ഞ കൊടുക്കൂ എന്ന് ഉറച്ച സ്വരത്തിൽ ഞാൻ പറഞ്ഞു. എന്റെ പരിഭ്രമം കണ്ട അദ്ദേഹം അമ്പരന്നു. ഐ.ജി.യെ വിളിച്ച് കുടിയിറക്ക് നിർത്തിവെയ്ക്കാൻ ഞാൻ നിർദ്ദേശിച്ചതായി പറഞ്ഞോളൂ. മുഖ്യമന്ത്രിയുടെ വകുപ്പ് ആയതുകൊണ്ട് ഞാൻ അങ്ങനെ ചെയ്യുന്നത് ശരിയാണോ എന്റെ ചോദ്യം? മുഖ്യമന്ത്രി അല്ലേ പറയുന്നത് ഇ.എം.എസ് തറപ്പിച്ചു പറഞ്ഞു.



malankaralibrary.com

യാത്ര പറഞ്ഞു പിരിഞ്ഞു. ഓഫീസിലെത്തിയ ഉടൻ ഐ.ജി.യെ വിളിച്ചു. ഇപ്പോഴും ഒരു വിവരവും ഇല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എന്നാൽ ഇതു കേൾക്കൂ ഞാൻ തുടർന്നു. കുടിയിറക്കാൻ പോലീസ് പോയിട്ടുണ്ടെങ്കിൽ അത് ഉടൻ നിർത്തി വയ്പ്പിക്കാൻ നിങ്ങൾക്ക് നിർദ്ദേശം തരണമെന്ന് മുഖ്യമന്ത്രി എന്നോടു പറഞ്ഞിട്ടുണ്ട്. ഞാൻ പറയുന്നതിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഉടൻ മുഖ്യമന്ത്രിയെ കണ്ട് സംസാരിച്ചോളൂ. അദ്ദേഹം യാത്രയ്ക്ക് പോകാൻ ഒരുങ്ങുകയാണ്. അതുവേണ്ട സാർ, ഞാൻ പോകുന്നില്ല. സാറിന്റെ വാക്ക് ഞങ്ങൾക്ക് ഓർഡർ ആണ്. വേണ്ടപോലെ ചെയ്യാം. ഉടനടി കുടിയിറക്ക് നിർത്തി വയ്ക്കാനുള്ള വ്യക്തമായി നിർദ്ദേശം ഐ. ജിയ്ക്ക് കൊടുത്തു. അന്ന് എസ്.ടി.ഡി.സംവിധാനം ഉണ്ടായിരുന്നില്ല. പോലീസ് വയർലെസ്, ജില്ലകൾക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഓർഡർ എത്തിക്കുന്നതിനുള്ള വ്യക്തമായി നിർദ്ദേശവും ഞാൻ കൊടുത്തു. വയർലെസ് വഴി സന്ദേശം കൊടുക്കാൻ കഴിയുന്നിടത്തോളം എത്തിച്ചിട്ട് അവിടെ നിന്ന് ജീപ്പിൽ പോയി ഓർഡർ നടപ്പാക്കണമെന്നായിരുന്നു എന്റെ നിർദ്ദേശം. അതേ രീതിയിൽ തന്നെ നടപടിയെപ്പറ്റിയുള്ള വിവരം എന്നെ അറിയിക്കുകയും വേണം. രാത്രി മുഖ്യമന്ത്രി എന്നെ വിളിക്കുമ്പോൾ എല്ലാ വിവരവും അദ്ദേഹത്തെ അറിയിക്കണമല്ലോ?

## എനിക്കു കിട്ടിയ വിവരം

കുടിയിറക്ക് നിർത്തിവയ്ക്കാനുള്ള ഓർഡറുമായി സൈറൺ മുഴക്കി ജീപ്പ് എത്തുമ്പോൾ 4 കുടിലുകൾ കത്തിച്ചാമ്പലായി. 5-ാമത്തെ കുടിൽ പെട്രോളൊഴിച്ച് തീ കത്തിക്കുന്നു. പോലീസുകാർ തന്നെ ആ തീ കെടുത്തി. പോലീസുകാരോട് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ അവിടെ തന്നെ ക്യാമ്പ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. നടന്ന സംഭവങ്ങൾ മുഖ്യമന്ത്രിയെ അറിയിക്കാൻ ഏർപ്പാടു ചെയ്തു. പിറ്റേന്നു രാവിലെ അഴീക്കോടൻ രാഘവൻ (കൺവീനർ) ഫോറസ്റ്റ് മിനിസ്റ്റർ എം.കെ. കൃഷ്ണനും എന്നെ വന്നു കണ്ടു ബുദ്ധിപരമായി കാര്യങ്ങൾ കൈകാര്യം ചെയ്തതിൽ അവർ അഭിനന്ദിച്ചു. പക്ഷേ പി.ആർ.കുറുപ്പിനു അയാളുടെ ഈ തന്ത്രം പൊളിഞ്ഞുപോയതിന് കാരണക്കാരനായ എന്നോട് അതിയായ അമർഷം തോന്നി. താമസിച്ചിരുന്ന സ്വകാര്യ ഹോട്ടലിൽ നിന്ന് പി.ആർ. കുറുപ്പ് ഐ.ജി-യെ വിളിച്ച് വളരെ ശകാരിച്ചു. ആരോഗ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് കുടിയിറക്ക് നിർത്തിവച്ചതെന്ന മറുപടി കുറിപ്പിനെ പ്രകോപിപ്പിച്ചു. കോടക്കണക്കിനു രൂപ വിലവരുന്ന തടി ഉൾപ്പെടെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഈ പരിപാടി പൊളിച്ചു കളഞ്ഞയാളോട് ദേഷ്യം തോന്നാതിരിക്കുമോ? നിരാശനായ കുറുപ്പ് മുഖ്യമന്ത്രി തിരിച്ചെത്തിയപ്പോൾ ആദ്യത്തെ സന്ദർശകനായിരുന്നു പരാതി, മുഖ്യമന്ത്രിയുടെ വകുപ്പിൽ ആരോഗ്യവകുപ്പു മന്ത്രി കൈകടത്തി. "ഞാൻ പറഞ്ഞിട്ടായിരുന്നു ആരോഗ്യവകുപ്പ് മന്ത്രി അങ്ങനെ



malankaralibrary.com



ചെയ്തത്" എന്ന മുഖ്യമന്ത്രിയുടെ വാക്ക് വിശ്വസിച്ചില്ല. മുഖ്യമന്ത്രി കള്ളം പറയുകയാണെന്ന് കുറിപ്പ് തറപ്പിച്ചു പറഞ്ഞു. പുൽപ്പള്ളിയിലേക്ക് നേതാക്കന്മാരുടെ പ്രവാഹമായി. കത്തിച്ച കുടിലുകൾ കണ്ട് നേതാക്കന്മാർ അമ്പരന്നു. വനം വകുപ്പ് മന്ത്രിയോ പോലീസ് ഐ.ജിയോ പോലും അറിയാതെയാണ് കുറിപ്പ് ഈ പണി പറ്റിച്ചതെന്നത് കുറുപ്പിന്റെ പേരിൽ വലിയ ആരോപണമായി. എന്നോട് തീർത്താൽ തീരാത്ത പക കുറുപ്പിനും കൂട്ടാളികൾക്കും ഉണ്ടായിയെങ്കിലും കൂട്ടത്തോടെയുള്ള കുടിയിറക്ക് നിർത്തി വയ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് ആശ്വാസം തോന്നി.

## ആലപ്പുഴ മെഡിക്കൽ കോളേജ് പുനരാരംഭിക്കൽ

ഞങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുക്കുമ്പോൾ ആലപ്പുഴ ടി.ഡി.എം.മെഡിക്കൽ കോളേജ് ഇല്ലാതെയായിരുന്നു. തിരുമല ദേവസ്വം പ്രവർത്തകർ വളരെ കഷ്ടപ്പെട്ടാണ് കേരളത്തിൽ സ്വകാര്യ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് ഉണ്ടാക്കിയത്. ഇന്ത്യയിൽ അന്നുണ്ടായിരുന്ന പല മെഡിക്കൽ കോളേജുകളേക്കാൾ സ്ഥലവും, കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഈ മെഡിക്കൽ കോളേജിനുണ്ടായിരുന്നു. ദുഷ്ടശക്തികൾ ഒറ്റയ്ക്കും കൂട്ടായും എതിർപ്രവർത്തനം നടത്തിയതിന്റെ ഫലമായിട്ടാണ് കേന്ദ്രസർക്കാർ, കോളേജിനെതിരായി നടപടി കൈക്കൊണ്ടത്. എം.ബി.ബി.എസിന് പുതിയതായി കുട്ടികളെ പ്രവേശിപ്പിക്കാൻ പാടില്ലെന്നും ഉയർന്ന ക്ലാസ്സിലെ കുട്ടികളെ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലേക്ക് മാറ്റണമെന്നുള്ള ഉത്തരവുകൾ അക്ഷരാർത്ഥത്തിൽ കോളേജ് ഇല്ലാതാക്കി. കളിസ്ഥലവും കെട്ടിടങ്ങളും മാത്രം അവിടെ അവശേഷിച്ചു. ഞാൻ ആരോഗ്യമന്ത്രിയായി കഴിഞ്ഞപ്പോൾ തിരുമല ദേവസ്വം ഭരണസമിതി(ഹിന്ദു പത്രത്തിന്റെ പ്രതിനിധി)ശ്രീ.പ്രഭുവിന്റെ നേതൃത്വത്തിൽ എന്നെ വന്നുകണ്ട് കോളേജിന്റെ അവസ്ഥയെപ്പറ്റി വിശദമായി വിവരിക്കുകയും എങ്ങനെയെങ്കിലും കോളേജ് പുനരാരംഭിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. എന്നെകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ഈ കോളേജ് പുനരുദ്ധരിക്കാൻ ചെയ്യാമെന്ന് ഞാൻ അവർക്ക് ഉറപ്പു കൊടുത്തു. അതിനു പുറമേ മറ്റു മന്ത്രിമാരെയും മുഖ്യമന്ത്രിയേയും കൂടി കണ്ട് ഈ കാര്യം അവരെ ബോധ്യപ്പെടുത്തണമെന്നും അവരെ ഉപദേശിച്ചു.

ഹെൽത്ത് സെക്രട്ടറി ശ്രീ. കൊച്ചുകോശി ഐ.എ.എസ്.മെഡിക്കൽ ഡീൻ ഡോ.സി.ഒ. കരുണാകരൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.തങ്കവേലു,ഡോ.പൈ മുതലായ പ്രമുഖരുമായി ആലപ്പുഴ മെഡിക്കൽ കോളേജ് പ്രശ്നം ചർച്ച ചെയ്തപ്പോൾ ആ കോളേജ് വീണ്ടും പ്രവർത്തനക്ഷമമാക്കുന്നത് നടക്കാത്ത കാര്യമാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. നിരാശനാകാതെ ഞാൻ എന്റെ പരിശ്രമം തുടർന്നു. കോളേജിന്റെ വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാ



malankaralibrary.com

റാക്കാൻ നിർദ്ദേശം കൊടുത്തു. അവർ തന്ന റിപ്പോർട്ടിൽ നിന്നും നല്ല ഒരു മെഡിക്കൽ കോളേജിനാവശ്യമായ സ്ഥലം അപ്പോൾ തന്നെ ഉണ്ടായിരുന്നു വെന്നറിഞ്ഞു. ഈ സ്ഥലം ഉപയോഗിക്കുകയാണെങ്കിൽ ആവശ്യമായ ആശുപത്രിയും സ്റ്റാഫ് ക്വാർട്ടേഴ്സും പണിയുന്നതിനും ഈ കോളേജ് വക സ്ഥലം ഉണ്ടായിരുന്നു. ദക്ഷിണേന്ത്യയിലെ ഏതാനും പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളെപ്പറ്റി ഉള്ള വിവരം ശേഖരിക്കുന്നുത് ആലപ്പുഴ മെഡിക്കൽ കോളേജ് പുനരാരംഭിക്കണം എന്ന എന്റെ വാദത്തിന് സഹായകകരമാവുമെന്നു പ്രതീക്ഷിച്ചു. ചില മെഡിക്കൽ കോളേജുകൾക്ക് തീരെ സൗകര്യമില്ലായെന്നും കാലിത്തൊഴുത്തു പോലുള്ള ചില ഷെഡ്ഢുകളിലാണ് ക്ലാസ്സുകൾ നടന്നിരുന്നത് എന്നും അറിഞ്ഞപ്പോൾ, അതിനെക്കാൾ എത്രയോ മെച്ചമാണ് ആലപ്പുഴ മെഡിക്കൽ കോളേജിലെ കെട്ടിടങ്ങളും സൗകര്യങ്ങളും എന്ന വസ്തുത, എന്റെ പരിശ്രമത്തിന് ഉത്തേജകമായി. അടുത്തുതന്നെ നടക്കാൻ പോകുന്ന അഖിലേന്ത്യാ ആരോഗ്യമന്ത്രിമാരുടെ സമ്മേളനത്തിനു സംബന്ധിക്കാൻ പോകുമ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വിശദമായ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടും അത് പുനരാരംഭിക്കുന്നതിനു വേണ്ടിയുള്ള നിവേദനവും തയ്യാറാക്കി കേന്ദ്ര ആരോഗ്യമന്ത്രിക്കും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചെയർമാനും കൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. കേന്ദ്ര ആരോഗ്യമന്ത്രി, ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചെയർമാൻ, മറ്റ് കേന്ദ്രത്തിലെ പ്രമുഖ (ആരോഗ്യവകുപ്പിലെ) വ്യക്തികൾ എന്നിവരെ ഒരുമിച്ച് കാണാൻ സൗകര്യപ്പെടുത്തണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര ആരോഗ്യമന്ത്രിയുടെ ഓഫീസിൽ വിളിച്ചുകൂട്ടിയ ആലോചനായോഗത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജ് പുനരാരംഭിക്കണം എന്ന നിർദ്ദേശം ഞാൻ ഉന്നയിച്ചു. തുടർന്നു നടന്ന ചർച്ചയിൽ സാധ്യമല്ല എന്ന അഭിപ്രായമാണ് പ്രകടമായത്.അങ്ങനെ വന്നപ്പോൾ ഇന്ത്യയിലെ ചില മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ മെച്ചപ്പെട്ടതാണെന്നും അതു താരതമ്യപഠനം നടത്താൻ ഒരു കമ്മറ്റിയെ നിയോഗിക്കണമെന്ന എന്റെ നിവേദനത്തിലെ ആവശ്യം ശക്തമായി ഉന്നയിച്ചു.

അതിനെ എതിർക്കാൻ ആർക്കും കഴിഞ്ഞില്ല. എന്തിനാണിങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ചോദിച്ചു. ഇന്ന് പ്രവർത്തിക്കുന്ന അരഡസൻ മെഡിക്കൽ കോളേജുകൾക്കെങ്കിലും ആലപ്പുഴ മെഡിക്കൽ കോളേജിനെക്കാൾ മോശപ്പെട്ട സംവിധാനങ്ങളെ ഉള്ളൂ എന്ന് പഠനത്തിൽ വ്യക്തമായാൽ ആലപ്പുഴ മെഡിക്കൽ കോളേജ് നിർത്താനുള്ള നടപടിക്ക് എന്തെങ്കിലും നീതികരണമുണ്ടോ? കേന്ദ്ര മന്ത്രി ആകെ പരുങ്ങലിലായി. ആലപ്പുഴ മെഡിക്കൽ കോളേജിന് വളരെ മെച്ചപ്പെട്ട സംവിധാനങ്ങളാണ് എന്ന റിപ്പോർട്ട് ഞങ്ങൾ കൊണ്ടുപോയിരുന്നു. കേരളത്തിലെ



malankaralibrary.com



പുതിയ ആരോഗ്യമന്ത്രി ആലപ്പുഴ മെഡിക്കൽ കോളേജിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്താമെന്ന് ഉറപ്പു നൽകിയാൽ അനുവാദം തരാമെന്ന മറുപടി കേട്ട് ഞാൻ പൊട്ടിത്തെറിച്ചു. അത് എന്റെ കടമയാണ്. അതിനു പ്രത്യേകിച്ച് ഉറപ്പിന്റെ ആവശ്യമില്ല. ചുരുക്കത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജ് പുനരാരംഭിക്കാനുള്ള വ്യക്തമായ ധാരണയോടെയാണ് ഞങ്ങൾ കേരളത്തിലേക്ക് മടങ്ങിയത്. തിരുവനന്തപുരത്തെത്തിയ ഞാൻ, മിസ്റ്റർ, പ്രഭൂവിനെ ഫോൺ ചെയ്ത് വരുത്തി വിവരങ്ങൾ അറിയിക്കുകയും ഭാവി പ്രവർത്തനങ്ങൾ എങ്ങനെ നടത്താൻ കഴിയും എന്നതിനെ കുറിച്ച് ചർച്ച ചെയ്തു. പ്രഭുവിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ ഞാൻ മനസ്സിലാക്കി.

1. കോളേജിന്റെ സാമ്പത്തികനില വളരെ പരിതാപകരമായിരുന്നു.
2. കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ മറ്റും വാങ്ങിയ ഇനത്തിൽ വമ്പിച്ച ബാധ്യത, സ്റ്റാഫിന്റെ ശമ്പളം, ഇലക്ട്രിസിറ്റി ചാർജ്ജ്, മുതലായവ കേട്ട് ഞാൻ അമ്പരന്ന് പോയി.

കോളേജിന്റെ ആസ്തി, ബാധ്യതകൾ തിട്ടപ്പെടുത്താതെ കോളേജിന്റെ ഭരണം ഏറ്റെടുത്താൽ അവർ ഉന്നയിക്കുന്ന എല്ലാ ബാദ്ധ്യതകളും ഏറ്റെടുക്കേണ്ടിവരുന്നത് അപകടകരമാണ്. ഗവണ്മെന്റ് ആലുപ്പുഴ മെഡിക്കൽ കോളേജിന്റെ കണക്ക് പരിശോധിച്ച് രേഖപ്പെടുത്താൻ തയ്യാറാവുമെന്നറിഞ്ഞാൽ അന്നത്തെ മാനേജ്മെന്റ് കണക്കിൽ കൃത്രിമം കാണിച്ച് ബാധ്യത പെരുപ്പിച്ചു കാണിച്ചു എന്നു വരാം. വളരെ ആലോചിച്ച ശേഷമാണ് അതിനുള്ള നടപടികളെപ്പറ്റി എനിക്കു വ്യക്തമായ രൂപം ഉണ്ടായത്. ചീഫ് സെക്രട്ടറി ജോർജ്ജ് തോമസിനെ വിളിച്ചു വരുത്തി. ഗുരുതരമായ ഈ അവസ്ഥ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ട് ഇത് നമുക്ക് എങ്ങനെ പരിഹരിക്കാം എന്ന് ചോദിച്ചു. ഇത് ഒരു കുഴഞ്ഞ പ്രശ്നമാണല്ലോ സാർ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എനിക്ക് ഒരു നിർദ്ദേശം തോന്നുന്നു. ശ്രദ്ധിച്ച് കേട്ട് അഭിപ്രായം പറയണം. "തന്റേടിയും വിശ്വസ്തനുമായ ഒരു ഐ.എ.എസ് ഓഫീസറെ സെക്രട്ടറിയേറ്റിൽ നിന്നും വളരെ രഹസ്യമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ അയച്ച് കൃത്രിമം കാണിക്കാൻ സാധ്യതയുള്ള–

1. എം.ബി.ബി.എസ് അഡ്വാൻസ് ബുക്കിങ്ങ് രജിസ്റ്ററുകൾ
2. വരവ് ചെലവ് കണക്കുകൾ
3. ആസ്തി, ബാധ്യതകൾ സൂചിപ്പിക്കുന്ന രേഖകൾ അവരെ കൊണ്ട് കൂടി ഒപ്പിടുവിച്ച് ഈ പോകുന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തണം.

അതിനുശേഷം മാനേജ്മെന്റ് കമ്മറ്റിയോട് കോളേജിനെ സംബന്ധിക്കുന്ന അവരുടേതായ ഒരു സ്റ്റേറ്റ്മെന്റ് തരാൻ ഏർപ്പാടു ചെയ്യണം. ഇതായിരുന്നു എന്റെ നിർദ്ദേശം." നല്ല നിർദ്ദേശം ആണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആരാണ് ഇതിനു പറ്റിയ ഐ.എ.എസ് ഓഫീസർ എന്റെ ചോദ്യം.



malankaralibrary.com

പത്മകുമാർ ഐ.എ.എസ് ഉടനെ മറുപടിയും കിട്ടി അദ്ദേഹത്തോട് എന്നെ വന്നു കാണാൻ നിർദ്ദേശിക്കണം. ചീഫ് സെക്രട്ടറി മടങ്ങിപ്പോയി. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ പത്മകുമാർ ഐ.എ,എസ് എന്റെ അടുത്തു വന്നു. ഏതോ ഒരു ഗൗരവമേറിയ ചുമതല നിർവ്വഹിക്കാൻ ഉണ്ടെന്ന് പറഞ്ഞാണ് എന്നെ ഇങ്ങോട്ട് അയച്ചത്. ഇരിക്കൂ ഞാൻ പറയാം. ആലുപ്പുഴ മെഡിക്കൽ കോളേജ് തുടങ്ങാൻ അനുവാദം ലഭിച്ചു. അതൊരു വലിയ നേട്ടമാണല്ലോ സാർ, പത്മകുമാർ പറഞ്ഞു. അത് ഏറ്റെടുക്കുന്നതിന് കോളേജിന്റെ ഇന്നത്തെ നിലയെപ്പറ്റി അതീവരഹസ്യമായി അവിടെയെത്തി വസ്തുനിഷ്ടമായ ഒരു റിപ്പോർട്ട് തയ്യാറാക്കണം. എം.ബി.ബി.എസിൽ അഡ്വാൻസ് ബുക്കിങ്ങ് ലിസ്റ്റ് വർദ്ധിപ്പിച്ചാൽ വലിയ അപകടമാവും, അതുപോലെതന്നെ ആസ്തി ബാധ്യതകളിൽ കൃത്രിമം കാട്ടാൻ അവസരം കൊടുക്കരുത്.ആലപ്പുഴയ്ക്കാണ് പോകുന്നതെന്ന് നിങ്ങളുടെ ഡ്രൈവർ പോലും അറിയരുത്. വണ്ടിയിൽ കയറിക്കഴിഞ്ഞേ നിർദ്ദേശം കൊടുക്കാവൂ. കോളേജിലെ ഓഫീസ് തുറക്കുന്ന സമയത്ത് നിങ്ങൾ അവിടെ എത്തിയിരിക്കണം. വേണ്ട സഹായങ്ങൾ ചെയ്തു തരാൻ ആലപ്പുഴ കളക്ടറെ ഞാൻ അവിടെ എത്തിക്കാം. പത്മകുമാറും കളക്ടറും അവിടെയെത്തിയപ്പോൾ ഓഫീസ് ജീവനക്കാർ ആദ്യം എതിർപ്പ് പ്രകടിപ്പിച്ചു. ഞാൻ നർദ്ദേശിച്ചതനുസരിച്ച് ഒന്നുരണ്ടു പോലീസ് ഓഫീസർമാരേയും കളക്ടർ കൊണ്ടുചെന്നിരുന്നു. സെക്രട്ടറി വരുന്നതുവരെ രേഖകൾ കൊടുക്കാൻ സമയം ആവശ്യപ്പെട്ടു. കളക്ടർ വഴങ്ങിയില്ല. അധികാരം ഉപയോഗിച്ച് രേഖകൾ പരിശോധിച്ച് കൊണ്ടിരിക്കുമ്പോൾ സെക്രട്ടറിയായ പ്രഭു അവിടെയെത്തി. തന്ത്രശാലിയായ പത്മകുമാർ പ്രഭുവിനോട് പറഞ്ഞു. കോളേജ് പുനരാരംഭിക്കാനുള്ള നടപടികളാണ് നടത്തുന്നത്. ഇതിൽ നിങ്ങളും സഹകരിക്കണം. നിസ്സഹായനായ പ്രഭു സമ്മതം മൂളി. പ്രധാനപ്പെട്ട രേഖകളിൽ പ്രഭുവും ഒപ്പുവെച്ചു. അഡ്വാൻസ് ബുക്കിംങ്ങ് രജിസ്റ്റർ എന്റെ അടുക്കൽ കൊണ്ടുവന്നു തന്നു എന്നാണ് എന്റെ ഓർമ്മ. രാത്രിയായപ്പോൾ പ്രഭുവും രണ്ടുമൂന്ന് ആളുകളും കൂടി എന്റെ വീട്ടിലെത്തി. കുറെ പരിഭവവും പരാതികളും പറഞ്ഞു. ശാന്തമായി എല്ലാം കേട്ടിട്ട് ഞാൻ പറഞ്ഞു. നിങ്ങൾ സഹകരിച്ചാൽ നമുക്ക് ഈ കോളേജ് പുനരാരംഭിക്കാം. ഇന്നു നിങ്ങൾ കൈകാര്യം ചെയ്യുന്നതുപോലെ ചുമതലയേറിയ ഒരു ഔദ്യോഗികസ്ഥാനം നിങ്ങൾക്കും ശരിപ്പെടുത്താം.

കോളേജ് ഭരണസമിതി അംഗങ്ങളും ഗുണകാക്ഷികളും വളരെ പണിപ്പെട്ട് അവരുടെ കയ്യിൽ നിന്ന് പണം ഇറക്കിയാണ് പല കാര്യങ്ങളും നടത്തിയിരുന്നത്. കുട്ടികൾക്ക് അഡ്മിഷൻ കൊടുത്തുകൊള്ളാം എന്ന വ്യവസ്ഥയിൽ വരും കൊല്ലങ്ങളിലേക്ക് ഒരു കുട്ടയിൽ നിന്നും 7500/- രൂപ വീതം അവർ വാങ്ങിയിരുന്നു. ഈ പ്രാരാബ്ധങ്ങൾ എല്ലാം ഉണ്ടെങ്കിലും കോളേജ് പുനരാരംഭിക്കാനുള്ള അനുവാദം കിട്ടിയപ്പോൾ എല്ലാവർക്കും സന്തോഷമായി.



malankaralibrary.com

ഹെൽത്ത് സെക്രട്ടറി, ആലപ്പുഴ ജില്ലാ കളക്ടർ, ആലപ്പുഴ ഡി.എം.ഒ എന്നിവരെക്കൂടി കോളേജ് ഭരണസമിതിയിൽ ഉൾപ്പെടുത്താൻ ഞാൻ നിർദ്ദേശം കൊടുത്തു. കോളേജിന് അനുവാദം കിട്ടിയ വിവരം കാണിച്ച് പത്രങ്ങളിലും മറ്റും പരസ്യം നടത്തി കുട്ടികളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഗവണ്മെന്റ് കോളേജുകളിൽ അഡ്മിഷൻ കഴിഞ്ഞ സാഹചര്യമായതിനാൽ അവിടെ അഡ്മിഷൻ കിട്ടാത്ത രക്ഷാകർത്താക്കൾ എങ്ങനെയെങ്കിലും കുട്ടികളെ പ്രവേശിപ്പിക്കാൻ എന്നിൽ സമ്മർദ്ദം ചെലുത്തി തുടങ്ങി. കോളേജിൽ തയ്യാറാക്കിയിരുന്ന ലിസ്റ്റിൽ–

A Moral Committment

B. Financial Committment

എന്ന തലക്കെട്ടുകളിൽ ആയിരുന്നു. അഡ്വാൻസ് റിസർവേഷൻ നടത്തിയിരുന്നത്. അഡ്മിഷൻ നടത്തിക്കൊള്ളാൻ ഞാൻ നിർദ്ദേശം കൊടുത്തു.

കോളേജ് പ്രവർത്തനം ആരംഭിച്ചപ്പോഴാണ് പ്രശ്നങ്ങളുടെ പരമ്പര ഒന്നിനു പുറകെ ഒന്നായി പൊന്തിവന്നത്.

1. പഠിപ്പിക്കാൻ ആവശ്യമായ സ്റ്റാഫിന്റെ അഭാവം
2. ഉപകരണങ്ങളുടെ അഭാവം
3. ലൈബ്രറിയുടെ പോരായ്മ

എല്ലാറ്റിനുമുപരി സാമ്പത്തിക പ്രതിസന്ധി. ഇതേപ്പറ്റി മുഖ്യമന്ത്രി ആലപ്പുഴയിൽ നിന്നുള്ള മന്ത്രിമാരായ ടി.വി.തോമസ്, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ഹെൽത്ത് സെക്രട്ടറി നിയമവകുപ്പ് സെക്രട്ടറി, ഡോ.കെ.എൻ. പൈ. മെഡിക്കൽ ഡീൻ സി.ഒ. കരുണാകരൻ എന്നിവരുമായി ചർച്ച നടത്തി. കേന്ദ്രഗവണ്മെന്റിന്റെ മുന്നിൽ വഴക്കിട്ട് അനുവാദം വാങ്ങിയ മെഡിക്കൽ കോളേജ് പ്രവർത്തിപ്പിക്കണമെന്ന വാശി എനിക്കുമുണ്ടായി. ചർച്ചയുടെ ഫലമായി കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി കോളേജിന്റെ ഭരണം താൽക്കാലികമായി (അഡ്മിനിസ്ട്രേഷൻ മാത്രം) ഗവണ്മെന്റ് ഏറ്റെടുക്കണമെന്നും ആവശ്യമായ പണം ഗവണ്മെന്റ് ചെലവാക്കുന്നത് മാനേജ്മെന്റ് തിരിച്ചുതന്നാൽ കോളേജ് അവർക്ക് വിട്ടുകൊടുക്കണമെന്നും ഗവണ്മെന്റും മാനേജ്മെന്റും തമ്മിൽ ഒരു കരാറിൽ ഏർപ്പെട്ടു. അപ്പോഴേയ്ക്കും ഹെൽത്ത് സെക്രട്ടറിയായിരുന്ന കൊച്ചുകോശി മാറി പകരം ശ്രീ. ചന്ദ്രഭാനു ഐ.എ,എസ് ചുമതലയേറ്റു. ഒരു ദിവസം ഹെൽത്ത് സെക്രട്ടറി ചന്ദ്രഭാനുവിനേയും ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി നിയമിച്ച ശ്രീധരനേയും ഓഫീസ് റൂമിൽ വിളിച്ചു വരുത്തി കോളേജിന്റെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. കോളേജിന്റെ നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ അത്യാവശ്യമാണെങ്കിൽ ചെയ്യാൻ പ്രിൻസിപ്പലിനും അത് അംഗീകരിക്കണമെന്ന് സെക്രട്ടറിയോടും ഞാൻ നിർദ്ദേശിച്ചു. അതനുസരിച്ച് കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ വാങ്ങൽ, പുതിയ നിയമനങ്ങൾ എന്നിവ



malankaralibrary.com

യ്ക്കുള്ള നടപടികൾ അതിവേഗത്തിൽ നടന്നു. ഒരു മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞല്ലോ എന്ന സന്തോഷം എനിക്കുണ്ടായി.

ഒരു ദിവസം ആലപ്പുഴ മെഡിക്കൽ കോളേജിലെ ഏതാനും കുട്ടികൾ എന്നെ കാണാൻ വന്നു. ഈ കോളേജ് പുനരാരംഭിക്കുന്നതിനും ഓരോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യമന്ത്രി കൈക്കൊള്ളുന്ന നടപടികൾ കുട്ടികൾ ഒന്നടങ്കം പ്രശംസയും നന്ദിയും പ്രകടിപ്പിച്ചു. കൂടെ ഒരു നിവേദനവും, ഞങ്ങൾക്ക് കളിക്കാനുള്ള പന്തെങ്കിലും തന്നിരുന്നുവെങ്കിൽ സമയം ചെലവഴിക്കാമായിരുന്നു. ഞാൻ ഉടൻ തിരക്കിയപ്പോൾ ഫിസിക്കൽ ഡയറക്ടർ ഇല്ല എന്നു പറഞ്ഞു.

I asked, Is there a post?

"Yes", he said, 'there is a post'

Is there any applicant?

His answer, 'there is one applicant'

'Is he qualified', I asked?

"Yes" he said

'Appoint him immediately and send it for ractification' that was my order.

കുട്ടികൾക്ക് സന്തോഷമായി. അവർ ഒരു രഹസ്യം എന്നോടു പറഞ്ഞു. പ്രിൻസിപ്പലിന്റെ ഒരു ബന്ധു മദ്രാസ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ പഠിച്ച് പരീക്ഷ കഴിഞ്ഞ് നിൽക്കുന്നുവെന്നും അയാളെ നിയമിക്കാൻ വേണ്ടിയാണ് പ്രിൻസിപ്പൽ ആ തസ്തികയിൽ നിയമനം നീട്ടിക്കൊണ്ടു പോകുന്നതെന്നും അറിയിച്ചു. അവരെ ആശ്വസിപ്പിച്ച് ഞാൻ വിട്ടു. അടുത്ത വെള്ളിയാഴ്ച എന്റെ വടക്കോട്ടുള്ള ടൂർ പ്രോഗ്രാം പ്രസിദ്ധീകരിച്ചു. അസംബ്ലി ഉള്ള സമയമായതിനാൽ തിങ്കളാഴ്ച തിരിച്ചെത്തേണ്ടിയിരുന്നു. എന്റെ യാത്ര പരിപാടി മനസ്സിലാക്കിയ കുട്ടികൾ ഞാൻ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മുന്നിലൂടെ കടന്നുപോകുന്ന സമയം മനസ്സിലാക്കി, ഞാൻ അതിലേ കടന്നു പോകുന്ന സമയത്ത് വിദ്യാർത്ഥികളെല്ലാം റോഡിന്റെ രണ്ട് സൈഡിലുമായി നിരന്നിരുന്നു. ഇതുകണ്ട ഡ്രൈവർ കുട്ടികൾ റോഡു നിറഞ്ഞു നിൽക്കുന്നു, അങ്ങോട്ട് പോകണോ? എന്നു ചോദിച്ചു. അവർ നമ്മുടെ കുട്ടികളല്ലേ കാർ അവരുടെ അടുക്കൽ നിർത്തൂ എന്നു ഞാൻ പറഞ്ഞതു കേട്ട ഡ്രൈവർ ആകെ അമ്പരുന്നു, എങ്കിലും അയാൾ അനുസരിച്ചു. കാർ നിർത്തി ഞാൻ വിദ്യാർത്ഥികളുടെ ഇടയിലേക്കിറങ്ങി ചെന്നു. ഫിസിക്കൽ ഡയറക്ടറെ നിയമിച്ചില്ല എന്നാണ് പ്രധാനമായും അന്ന് എന്റെ ശ്രദ്ധയിൽ പെടുത്തിയത്. എനിക്ക് പരിചയമുള്ള ഒരു കുട്ടിയോട് പ്രിൻസിപ്പലിനെ കണ്ട് ഉടൻ ആലപ്പുഴ റസ്റ്റ് ഹൗസിൽ എത്താൻ പറയണമെന്ന് ഞാൻ ചുമതലപ്പെടുത്തി. വിദ്യാർത്ഥികളുടെ പ്രതിനിധികളും റസ്റ്റ് ഹൗസിൽ വരാൻ പറഞ്ഞു. റസ്റ്റ്ഹൗസിൽ എത്തി കുറേക്കഴിഞ്ഞപ്പോൾ



malankaralibrary.com



വിദ്യാർത്ഥികളും, പ്രിൻസിപ്പലും എത്തി. എന്റെ നിർദ്ദേശം അനുസരിക്കാത്തതിന് വിദ്യാർത്ഥികളുടെ മുന്നിൽ വച്ച് ഞാൻ പ്രിൻസിപ്പലിനെ ശകാരിച്ചു.(പരസ്യമായി ശകാരിക്കേണ്ടിയിരുന്നില്ല എന്ന് ഇപ്പോൾ തോന്നുന്നു.)


## പ്രിൻസിപ്പലിന്റെ പകരം വീട്ടൽ

തന്റെ ബന്ധുവിനെ നിയമിക്കാൻ കഴിയാതെ പോയതിലും കുട്ടികളുടെ മുമ്പിൽ വച്ച് പരസ്യമായി ശകാരിച്ചതിലുള്ള പ്രതികാരം ഫിസിക്കൽ ഡയറക്ടറുടെ നിയമന ഉത്തരവിൽ പ്രതിഫലിച്ചു.

Appointment Order

Sri. Subramanyam is appointed as physical Director, TD Medical College, Alleppy with immediate effect as per the telephone instruction of the Hon. Health Minister Sri. B. Wellingdon.

ഉദ്യോഗാർത്ഥിക്ക് ഓർഡർ കൊടുത്തതിനോടൊപ്പം അതിന്റെ ഒരു പകർപ്പ് കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ. കെ.എം. മാണിക്ക് പ്രിൻസിപ്പൽ എത്തിച്ചു കൊടുത്തു എന്നാണ് ഞാനറിഞ്ഞത്. മദ്രാസ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ നിന്ന് 3 മാസം കഴിഞ്ഞ് വരുന്ന തന്റെ ബന്ധുവിനെ നിയമിക്കാൻ കാത്തിരുന്ന പ്രിൻസിപ്പലിന് അത് സാധിക്കാതെ വന്നതിലുള്ള ദേഷ്യം തീർക്കാനാണ് "മന്ത്രിയുടെ ഫോൺ നിർദ്ദേശപ്രകാരമാണ് നിയമനം" എന്ന് നിയമന ഉത്തരവിൽ എഴുതി ചേർത്തത്. പ്രിൻസിപ്പൽ ആഗ്രഹിച്ചതുപോലെ തന്നെ ശ്രീ. കെ.എം.മാണി അടുത്ത ദിവസം അസംബ്ലിയിൽ ഒരു ആരോപണമായി ഇത് ഉന്നയിച്ചു. അസംബ്ലിയിൽ ഇല്ലാതിരുന്ന എനിക്ക് സ്പീക്കർ ദൂതൻവശം ഈ മാണിയുടെ ആരോപണം എത്തിച്ചിട്ട് മറുപടി പറയാൻ ഉടനെ എത്തണമെന്നറിയിച്ചു. അസംബ്ലിയിൽ എത്തി സ്പീക്കറുടെ അനുവാദത്തോടുകൂടി ഞാൻ സംസാരിക്കാൻ എഴുന്നേറ്റു. സഭാംഗങ്ങൾ ഞാൻ ആരോപണം നിഷേധിക്കും എന്ന പ്രതീക്ഷയിൽ ശ്രദ്ധയോടെ ഇരിക്കുകയായിരുന്നു. അല്പസമയം ആഹ്ലാദിക്കാൻ അവസരം കൊടുത്തതിനുശേഷം ഞാൻ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ എന്നെ അനുകൂലിക്കുന്നവർ ആഹ്ലാദഭരിതരായി. സമരം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികൾ തിരുവനന്തപുരത്ത് മന്ത്രിയെ കണ്ട് നിവേദനം നടത്തിയപ്പോൾ കുട്ടികൾ കളിക്കാനുള്ള സാമഗ്രികളെങ്കിലും കിട്ടിയാൽ ഞങ്ങൾ സമരം പിൻവലിക്കാം എന്നാണ് പറഞ്ഞത്. മനഃപൂർവ്വം സമരം നീട്ടിക്കൊണ്ടുപോകുന്നു എന്ന കുട്ടികളുടെ പരാതി ആദ്യം ഞാൻ വിശ്വസിച്ചില്ല. അവരുടെ മുമ്പിൽ വച്ചു തന്നെ പ്രിൻസിപ്പലിനെ ഫോണിൽ വിളിച്ച് വിവരങ്ങൾ തിരക്കിയ കാര്യവും മറ്റും വിശദമാക്കിയ ശേഷം കുട്ടികളുടെ സമരം അവസാനിപ്പിക്കുവാനും കോളേജിന്റെ പ്രവർത്തനം സുഗമമാക്കു



കെ.എം.മാണി
എം.എൽ.എ.




malankaralibrary.com

ന്നതിന്റെ ഭാഗമായും വേണ്ടിയാണ് എനിക്ക് യാതൊരു പരിചയവുമില്ലാത്ത ആളിനെ നിയമിക്കാൻ പറഞ്ഞതെന്നും മന്ത്രി എന്ന നിലയിൽ അതെന്റെ കടമ നിർവ്വഹിക്കലാണെന്നും പറഞ്ഞപ്പോൾ എതിരാളികൾ നിശബ്ദരായി. ഈ വിഷയം തന്നെ അന്വേഷണ കമ്മീഷന്റെ മുമ്പിലും ശ്രീ. മാണി ഉന്ന യിച്ചിരുന്നു. നിയമന ഉത്തരവ് ഞാൻ ഉറക്കെ വായിച്ചു. എന്റെ അറിവിൽ ഞാൻ ഒരു നിയമന ഉത്തരവിലും ശുപാർശ ചെയ്തിട്ടുള്ള ആളിന്റെ പേര് കൂടി ചേർത്ത് കണ്ടിട്ടില്ല. ഈ ഓർഡർ ദുരുദ്ദേശത്തോടെ പുറപ്പെടുവിച്ചതാണ്. അപ്പോഴേക്കും ഒരാൾ മന്ത്രി ഫോണിൽ നിർദ്ദേശിച്ചിരുന്നവോ പുറകിൽ നിന്നൊരു ചോദ്യം. ക്ഷമിക്കൂ, ഞാൻ മറുപടി പറയട്ടെ. ഫിസിക്കൽ ഡയറക്ടറെ നിയമിക്കാൻ ഞാൻ ഫോണിൽ നിർദ്ദേശം കൊടുത്തു. എതിരാളികൾ ഡസ്ക്കിൽ അടിച്ച് വികാരം പ്രകടിപ്പിച്ചു.

## ഹോമിയോപ്പതിക്ക് പുതിയ ഡയറക്ടറേറ്റ്

എന്റെ വളരെയധികം സുഹൃത്തുക്കൾ ഹോമിയോപ്പൊതിചികിത്സ നടത്തുന്നവരായിട്ടുണ്ട്. തൃശൂരിലെ ഡോ.ഫിലിപ്പ് പൗലോസ്, എറണാകുളത്തെ ഡോ. പടിയാർ, ഡോ.കെ.ഇസ്ഡ്.ജോർജ്, കൊല്ലത്തെ ഡോ. പ്രഭാകരൻ നായർ, സ്വാമി ആതുരദാസ് (കോട്ടയത്തെ കുറിച്ചിയിൽ ഹോമിയോപ്പൊതി കോളേജ് തന്നെ നടത്തുന്നു) ഇവരൊക്കെ അവരിൽ ചിലരാണ്. ഹോമിയോപ്പതി സമ്പ്രദായത്തിന്റെ ഒരു പ്രത്യേകത രോഗിയെയാണ് അവർ ചികിത്സിക്കുന്നത്. അലോപ്പതിയെ പോലെ രോഗത്തെ അല്ല. അങ്ങനെയുള്ള നല്ല സമ്പ്രദായം വേണ്ട പോലെ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല എന്നെനിക്ക് ബോധ്യം വന്നു.


ഡോ. ഫിലിപ്പ് പൗലോസ്

ഹോമിയോ ചികിൽസയ്ക്ക് ചെലവ് കുറവുമാണ്. എന്തുകൊണ്ട് ഹോമിയോപ്പതിക്ക് പ്രോൽസാഹനം കിട്ടുന്നില്ല എന്നു പരിശോധിച്ചപ്പോൾ ആയുർവേദത്തിന്റെ ഉപവകുപ്പായി പരിഗണിച്ചിട്ട് ആ വകുപ്പിന് ഇൻഡിജെനസ് മെഡിസിൻ ഡിപ്പാർട്ടുമെന്റ് എന്നാണ് പേരിട്ടിരിക്കുന്നത്. സുഹൃത്തുക്കളായ ഹോമിയോ ഡോക്ടർമാരോട് അവരുടെ സംഘടന ഈ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്ന് ഞാൻ നിർദ്ദേശിച്ചിരുന്നു. പല കേന്ദ്രങ്ങളിൽ നിന്നും നിവേദനങ്ങൾ കിട്ടിയതെല്ലാം ഒരുമിച്ച് വച്ച് ഹോമിയോപ്പതിക്ക് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഹെൽത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം ആദ്യത്തെ നടപടി എന്ന നിലയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചു. ഇതിന് Law Department, Finance Department-ന്റെയും അംഗീകാരം കൂടിയേ തീരൂ. ഉടുക്ക് ഉണ്ടാക്കാൻ 2 ഡിപ്പാർട്ടുമെന്റും തുനിഞ്ഞെങ്കിലും അതിനെയെല്ലാം അതിജീ



malankaralibrary.com



വിച്ച് സർവ്വീസിലെ സീനിയർ ഡോക്ടർ ആയ ഡോ. K.Z. ജോർജ്ജിനെ ആദ്യത്തെ അസിസ്റ്റന്റ് ഡയറക്ടർ ആയി നിയമിച്ചു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന ഹോമിയോപ്പതി സംഘടനകൾ കേരളാ ആരോഗ്യമന്ത്രിയുടെ ധീരമായ നടപടികളെ മുക്തകണ്ഠം പ്രശംസിച്ചു. കൽക്കട്ടയിൽ നിന്നിറങ്ങുന്ന ഹോമിയോപ്പതിക്ക് ജേർണൽ കേരളാ ആരോഗ്യമന്ത്രിയെ പ്രശംസിച്ചുകൊണ്ട് ഒരു നല്ല ലേഖനം പ്രസിദ്ധീകരിച്ചു. അക്കൊല്ലം പുതുതായി 3 ഹോമിയോപ്പതി ഡിസ്പെൻസറികൾ മാത്രമാണ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നത്. അതിനുള്ള പണം മാത്രമേ വക കൊള്ളിച്ചിരുന്നുള്ളൂ. ഡിസ്പെൻസറികൾ ആരംഭിക്കുന്ന നടപടികൾ തന്ത്രപരമായി നീട്ടുക്കൊണ്ടു പോയി വർഷാവസാനത്തിൽ ആ പണം കൊണ്ടു തന്നെ 9 ഡിസ്പെൻസറികൾ ആരംഭിച്ചു. ഇതേപ്പറ്റി നിശിതമായ വിമർശനങ്ങൾ വന്നുവെങ്കിലും ഞാനത് വകവെച്ചില്ല. ഹോമിയോപ്പതിയെ പ്രോൽസാഹിപ്പിച്ചു എന്നതിൽ എനിക്ക് സംതൃപ്തി ഉണ്ടായി. അതുവരെ അവഗണിക്കപ്പെട്ടിരുന്ന ഹോമിയോപ്പതിക്ക് പ്രോൽസാഹനം കിട്ടിയതിൽ അവരും വളരെയേറെ സന്തോഷിച്ചു.

അതുപോലെ എറണാകുളത്ത് പടിയാർ ഹോമിയോപ്പതി കോളേജിനും എന്റെ നടപടി കൂടുതൽ ഉത്തേജകം പകരുന്നതായിരുന്നു. അവർ എതിർത്തു. മുഖ്യമന്ത്രിയുമായി ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. എന്റെ അഭിപ്രായം അദ്ദേഹവും ശരിവെച്ചു. ക്യാബിനറ്റിൽ അതിന്റെ പ്രൊപ്പോസൽ കൊണ്ടുവരാൻ നിർദ്ദേശിച്ചു. ധനകാര്യമന്ത്രി ശക്തമായി എതിർത്തു. ലാ മിനിസ്റ്റർ ആയ ഗൗരിയമ്മയുടെ എതിർപ്പുണ്ടായില്ല. വേറെ എതിർപ്പുകൾ ഉണ്ടാകുന്നതിനു മുമ്പ് തന്നെ മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ വിഷയത്തിലേക്ക് ക്ഷണിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം ഒരു പൂർണ്ണ ഡയറക്ടറേറ്റ് തുടങ്ങുന്നതിലും നല്ലത് ഹോമിയോപ്പതി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ആക്കി തലവനായി ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക സൃഷ്ടിച്ചാൽ മതിയെന്നായിരുന്നു. വകുപ്പ് വളരുന്നതിന് അനുസരിച്ച് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക അപ്ഗ്രേഡ് ചെയ്യാമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. പിന്നീടാരും എതിർപ്പ് പ്രകടിപ്പിച്ചില്ല. ഒരു പുതിയ വകുപ്പ് അംഗീകരിച്ചു തന്നതിൽ ഞാൻ നന്ദി പ്രകടിപ്പിച്ചു. പിറ്റേദിവസം ഹോമിയോപ്പതി അസോസിയേഷന്റെ ഭാരവാഹികളും പ്രമുഖ ഹോമിയോപ്പതി ഡോക്ടർമാരും എന്നെ വന്നു കണ്ട് അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. അലോപ്പതി ആയുർവേദ വകുപ്പുകളിലെ പ്രമാണിമാർ പ്രതിഷേധവും അറിയിച്ചു.

## ഐക്യമുന്നണി പ്രവർത്തനത്തിലെ കല്ലുകടി

ഐക്യമുന്നണി ഉണ്ടാവുമ്പോൾ ഘടകകക്ഷികൾ അതിൽ അംഗമായിത്തീരും. അങ്ങനെ ഘടകകക്ഷി ആയി വരുന്ന കൂട്ടത്തിൽ വലിപ്പ ചെറുപ്പം സഹജമാണ്. വലിയ കക്ഷിക്ക് ഒറ്റയ്ക്ക് ഭരിക്കാൻ അവസരം കിട്ടുമെന്ന്



malankaralibrary.com

വിശ്വാസമുണ്ടെങ്കിൽ ചെറിയ കക്ഷികളുടെ പുറകേ പോകാനോ അവയെ സഹകരിപ്പിക്കാനോ വലിയ കക്ഷി തയ്യാറാകില്ല. കേരളത്തിലെ 2 വലിയ കക്ഷികളാണ് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും ഇവ വിരുദ്ധചേരിയിലുമാണ്. 1965–ലെ തെരഞ്ഞെടുപ്പു ഫലം കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളേയും ഇരുത്തി ചിന്തിപ്പിച്ചു. അടുത്ത തെരഞ്ഞെടുപ്പിൽ ഭരണം പിടിച്ചെടുക്കാൻ എന്താ മാർഗ്ഗമെന്ന് നേതാക്കന്മാർ തലപുകഞ്ഞ് ആലോചിച്ചു. സി.പി.എമ്മിന് ഒറ്റയ്ക്ക് ഭരണം കിട്ടില്ലാ എന്നവർക്ക് ബോധ്യമായി. ഈ പശ്ചാത്തലത്തിൽ കൂടിച്ചേരാൻ കഴിയുന്ന കക്ഷികളുടെ ഒരു മുന്നണി ഉണ്ടാക്കുക മാത്രമേ കരണീയമായിട്ടുണ്ടായിരുന്നുള്ളൂ. വളരെക്കാലത്തെ ആലോചനയ്ക്കും ചർച്ചയ്ക്കും ശേഷമാണ് സപ്തകക്ഷി മുന്നണിരൂപം കൊണ്ടത്. എത്ര സീറ്റു വീതം ഓരോ ഘടക കക്ഷിയ്ക്കും കൊടുക്കണമെന്നതും അത് ഏതെല്ലാം മണ്ഡലം ആയിരിക്കണമെന്ന് നിശ്ചയിക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. കോൺഗ്രസ്സ് തകർന്നു കൊണ്ടിരിക്കുന്ന അന്നത്തെ സാഹചര്യത്തിൽ കോൺഗ്രസിതര മുന്നണിക്ക് അധികാരം ഉറപ്പാണ് എന്ന വസ്തുത എല്ലാവർക്കും ബോദ്ധ്യമായി. കോൺഗ്രസിതര മുന്നണി ജയിക്കും എന്നുറപ്പായപ്പോൾ ഓരോ കക്ഷിക്കും മൽസരിക്കാൻ പരമാവധി സീറ്റ് കിട്ടണമെന്നും കിട്ടുന്ന സീറ്റ് വിജയസാധ്യതയുള്ളതായിരിക്കണമെന്ന് ഓരോരുത്തർക്കും നിർബന്ധമുണ്ടായിരുന്നു. ആദ്യത്തെ ആലോചനായോഗത്തിൽ ഓരോ കക്ഷിയും ഉന്നയിച്ച സീറ്റുകളുടെ എണ്ണം പരിശോധിച്ചപ്പോൾ കേരളത്തിലെ ആകെ സീറ്റുകളുടെ എണ്ണം പരിശോധിച്ചപ്പോൾ കേരളത്തിലെ ആകെ സീറ്റിന്റെ നാലിരട്ടി സീറ്റ് ഉണ്ടായാലേ ഓരോ കക്ഷികളും ആവശ്യപ്പെട്ടത് കൊടുക്കാൻ പറ്റൂ. ഇത് ബോധ്യമായപ്പോൾ അവകാശ വാദത്തിന് അയവ് വന്നു. ഏതേതു മണ്ഡലങ്ങൾ ഏതേതു പാർട്ടിക്ക് നിശ്ചയിക്കണമെന്നതിനെ പറ്റി പരിഗണിക്കാൻ ചില മാനദ്ണ്ഡങ്ങൾ ഉന്നയിക്കപ്പെട്ടു.

1. ഒരോ കക്ഷിക്കും ഓരോ മണ്ഡലങ്ങളിലുള്ള ശക്തി
2. അവർക്ക് അവിടെ നിർത്താൻ സാധ്യതയുള്ള സ്ഥാനാർത്ഥി
3. വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ വിജയസാധ്യത.

എല്ലാ മണ്ഡലങ്ങളിലും ശക്തമായി പ്രവർത്തിക്കുന്ന ഘടകങ്ങൾ സി.പി. എമ്മിലാണ് ഉള്ളത്. രണ്ടാം സ്ഥാനം സി.പി. ഐയ്ക്കും മൂന്നാം സ്ഥാനം മുസ്ലീം ലീഗിനും അടുത്ത സ്ഥാനം സോഷ്യലിസ്റ്റ് പാർട്ടിക്കും (എസ്.എസ്.പി) ആണെന്നുള്ളത് വ്യക്തമായിരുന്നു. ആർ.എസ്.പി., കെ.ടി.പി, കെ.എസ്.പി. എന്നീ ഘടകകക്ഷികൾക്ക് പ്രാദേശികമായി ചില മേഖലകളിൽ മാത്രമേ ഘടകങ്ങൾ ഉണ്ടായിരുന്നുള്ളൂ. കെ.ടി.പിയ്ക്കും അതിന്റെ കർഷക സംഘടന മലനാട് കർഷക യൂണിയനും (എം.കെ.യു) മലയോര മേഖലകളിൽ അതിശക്തമായ സ്വാധീനമാണ് ഉണ്ടായിരുന്നത്.


malankaralibrary.com



# ഐക്യമുന്നണി സീറ്റ് നിശ്ചയിക്കുന്നതിൽ ഉണ്ടായ ഒരു അനുഭവം

തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലം എസ്.എസ്.പി.യ്ക്ക് നീക്കി വയ്ക്കുമെന്ന് ഏകദേശം ധാരണയായി. എസ്.എസ്.പിയ്ക്കാണ് നീക്കിവയ്ക്കുന്നതെങ്കിൽ അവിടെ മൽസരിക്കാൻ പറയപ്പെടുന്ന പേര് പ്രൊഫ. എൻ.കെ ശേഷന്റേതായിരുന്നു. ഈ വിവരം പുറത്തായതോടെ മാർക്സിസ്റ്റ് പാർട്ടിയിലെ പ്രാദേശിക ഘടകങ്ങളിൽ പ്രൊഫ. എൻ.കെ ശേഷനെ നിർത്തുന്നതിന് രൂക്ഷമായ എതിർപ്പ് പ്രകടമായി. ജില്ലാ നിലവാരത്തിലും സംസ്ഥാന നിലവാരത്തിലുമുള്ള ചില മുതിർന്ന നേതാക്കന്മാർ പരമാവധി പരിശ്രമിച്ചിട്ടും അണികളിലെ എതിർപ്പ് അടങ്ങിയില്ല. ഒടുവിൽ ഇ.എം.എസ് തന്നെ വടക്കാഞ്ചേരി മണ്ഡലത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ ജനറൽ ബോഡി വിളിച്ചു കൂട്ടി കാര്യങ്ങൾ വിശദീകരിക്കാൻ തീരുമാനിച്ചു. ഇ.എം.എസ് സംബന്ധിച്ചാൽ പ്രശ്നം തീരും.

വിയ്യൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന എ.കെ.ജി.യെ കണ്ടതിനുശേഷം വടക്കാഞ്ചേരിയിലെ പാർട്ടി സമ്മേളനത്തിൽ സംബന്ധിക്കാനായിരുന്നു ഇ.എം.എസിന്റെ പരിപാടി ഇതൊന്നുമറിയാത്ത എനിക്ക് അത്യാവശ്യമായി ഇ.എം.എസിനെ കാണേണ്ട കാര്യം ഉണ്ടായിരുന്നു. ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഇ.എം.എസിന്റെ പരിപാടി അറിഞ്ഞ ഞാൻ നേരെ വിയ്യൂർ സെൻട്രൽ ജയിലിൽ എത്തി. അപ്പോഴേക്കും ഇ.എം.എസ് വടക്കാഞ്ചേരിക്ക് പൊയ്ക്കഴിഞ്ഞിരുന്നു. ഞാൻ അങ്ങോട്ട് തിരിച്ചു. ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ ഹാളിലായിരുന്നു സമ്മേളനം. തെരഞ്ഞെടുപ്പ് കാര്യം ചർച്ച ചെയ്യുന്നതുകൊണ്ട് അവിടെ നടക്കുന്ന ചർച്ചയുടെ വിശദാംശങ്ങൾ പുറത്തുപോയാൽ ഉണ്ടാകാവുന്ന അപകടം ഒഴിവാക്കാൻ സന്നദ്ധഭടന്മാർ പരിസരമാകെ സംരക്ഷിച്ചുകൊണ്ട് കാവൽ നിൽക്കുന്നുണ്ടായിരുന്നു. എന്നെ എല്ലാവർക്കും അറിയാമായിരുന്നതുകൊണ്ടും ഐക്യമുന്നണി രൂപീകരണത്തിൽ സുപ്രധാനമായ പങ്കു വഹിക്കുന്ന ഒരാളായതുകൊണ്ടും എന്നെ മാത്രം (കൂടെ വന്ന മറ്റുള്ളവരെ തടഞ്ഞുനിർത്തി) പോകാൻ അനുവദിച്ചു. മുകളിൽ കയറിച്ചെന്ന ഞാൻ അടുത്തുള്ള ചെറിയ മുറിയിൽ ഇരിക്കാൻ ഇ.എം.എസ് ആംഗ്യം കാണിച്ചു. ഞാൻ ആ മുറിയിൽ കയറി കൊണ്ടു വന്ന ചായയും കുടിച്ച് വിശ്രമിച്ചപ്പോൾ നടപടി ക്രമങ്ങൾ മുഴുവൻ എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ആ നിയോജക മണ്ഡലത്തിന്റെ പ്രത്യേകതകൾ, വോട്ടിന്റെ എണ്ണം. 1956-ലെ തെരഞ്ഞെടുപ്പിൽ മൽസരിച്ച സ്ഥാനാർത്ഥികൾക്ക് കിട്ടിയ വോട്ട് മുതലായ കാര്യങ്ങൾ ലോക്കൽ സെക്രട്ടറി അവതരിപ്പിച്ചു. അതുകഴിഞ്ഞ് ഇ.എം.എസ് പ്രസംഗം ആരംഭിച്ചു.

"ഞാൻ ഇവിടെ വന്നത് നിങ്ങളിൽ നിന്നും ഈ മണ്ഡലത്തിലെ വിശേ



malankaralibrary.com

ഷങ്ങൾ പഠിക്കാനും നിങ്ങൾക്ക് പരിഹരിക്കാൻ വയ്യാത്ത പ്രശ്നങ്ങൾ ഉണ്ടെങ്കിൽ വഴി കണ്ടുപിടിക്കാനും വേണ്ടിയാണ്. അതുകൊണ്ട് നിങ്ങളുടെ അഭിപ്രായം എനിക്കറിയണം. ചുരുക്കി ആവർത്തനമില്ലാതെ അതു അവതരിപ്പിക്കണം" ഇ.എം.എസ്. നിർത്തി. ആദ്യമായി അഭിപ്രായം പറഞ്ഞ സഖാവ് വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനം പഞ്ചായത്തടിസ്ഥാനത്തിൽ വിശദീകരിച്ചു. അത് അൽപ്പം ദീർഘിച്ചതായിരുന്നു എങ്കിലും ആ പ്രസംഗത്തിൽ നിന്ന് വടക്കാഞ്ചേരി മണ്ഡലത്തിന്റെ യഥാർത്ഥ ചിത്രം കിട്ടി. ആ പ്രവർത്തകന്റെ പ്രസംഗം അവസാനിപ്പിച്ചത് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിനിധി അവിടെ മൽസരിക്കേണ്ടതിന്റെ ആവശ്യകതയെ തറപ്പിച്ചു പറഞ്ഞുകൊണ്ടാണ്. അടുത്ത ആൾ പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ ഇ.എം.എസ്. ഇടപെട്ടു. ഇപ്പോൾ അവതരിപ്പിച്ച വസ്തുതകൾക്കു പുറമെ എന്തെങ്കിലും വിട്ടുപോയതായി തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള കാര്യങ്ങൾ മാത്രം ചുരുക്കി അവതരിപ്പിക്കണം. സഭാതലം ശാന്തമായി. ഒരാൾ എഴുന്നേറ്റ് നേരത്തേ അവതരിപ്പിച്ച റിപ്പോർട്ടിൽ പരാമർശിക്കാത്ത കാര്യങ്ങൾ അവതരിപ്പിച്ചിട്ട്, മാർക്സിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയാണ് ഇവിടെ മൽസരിക്കേണ്ടതെന്നും തറപ്പിച്ചു പറഞ്ഞു.

സദസ്സ് ഗൗരവതരമായ മൗനത്തിലാണ്ടു. ആരും അഭിപ്രായം പറയുന്നില്ലായെന്നു കണ്ടപ്പോൾ ഇ.എം.എസ്. വിശദീകരിക്കാൻ തുടങ്ങി. നിങ്ങളുടെയെല്ലാം അഭിപ്രായം ഈ നിയോജകമണ്ഡലത്തിൽ നമ്മുടെ പാർട്ടിയുടെ പ്രതിനിധി തന്നെ മൽസരിക്കണം എന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു. (സന്തോഷപ്രകടനം). കേരളത്തിലെ ഓരോ നിയോജകമണ്ഡലത്തിലും സി.പി.എം.ന്റെ ജനറൽ ബോഡി കൂടി ഇതുപോലെ ചർച്ച ചെയ്താൽ നിങ്ങൾ ഇവിടെ പ്രകടിപ്പിച്ച വികാരം തന്നെയാണുണ്ടാവുക. അത് നടപ്പിലാക്കാൻ നമ്മുടെ സംഘടന തീരുമാനിച്ചാൽ അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ ഐക്യമുന്നണി ഉണ്ടാകുമോ? ഇ.എം.എസ്. നിർത്തിയപ്പോൾ സദസ്സ് ഗൗരവകരമായ നിശബ്ദതയിലാണ്ടു. ഒരാൾ എഴുന്നേറ്റ് അതിന് അങ്ങ് തന്നെ പരിഹാരം നിർദ്ദേശിക്കണം. സമ്മേളനത്തിലെ മറ്റു ഭാഗത്തുള്ള ആളുകളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് അദ്ദേഹം ഒരു സിംഹാവലോകനം നടത്തി. നേരത്തേ പ്രകടിപ്പിച്ച അഭിപ്രായം തന്നെയാണ് വീണ്ടുമുയർന്നു വന്നത്. ഇ.എം.എസ്. തുടർന്നു - ഐക്യമുന്നണി പ്രയോഗത്തിൽ വരാൻ വേണ്ടി സീറ്റുകൾ മറ്റു കക്ഷികൾക്കും കൂടി പങ്കുവയ്ക്കണമെന്നും ഏതേതു മണ്ഡലങ്ങളിൽ ഏതേതു സ്ഥാനാർത്ഥികളാണ് വേണ്ടതെന്നുള്ള കാര്യം ഐക്യമുന്നണി നിർവാഹകസമിതി കൈകാര്യം ചെയ്യണമെന്നുമാണ് നമ്മുടെ പാർട്ടിയുടെ തീരുമാനം. ഇക്കാര്യത്തിൽ ആർക്കെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടോ? സദസ്സ് അംഗീകരിക്കുന്നതായി പ്രകടമായി. അങ്ങനെയെങ്കിൽ തൃശൂർ ജില്ലയിൽ വടക്കാഞ്ചേരി



malankaralibrary.com



മണ്ഡലം എസ്.എസ്.പി.യ്ക്കാണ് നീക്കിവയ്ക്കുന്നതെങ്കിൽ, അവർ പ്രൊഫ, ശേഷനെ സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ചാൽ നാം അംഗീകരിക്കണ്ടേ? അംഗീകരിക്കണം. ഏകസ്വരത്തിലുള്ള മറുപടി. വേറെയും പല കാര്യങ്ങളും അവിടെ ചർച്ചചെയ്തു. യോഗം ആരംഭിച്ചപ്പോൾ സംഘർഷഭരിതമായിരുന്ന അന്തരീക്ഷം മാറി ആഹ്ലാദചിത്തരായിട്ടാണ് പ്രവർത്തകർ പുറത്തേക്കിറങ്ങിയത്. ഇ.എം.എസ്. എന്റെ അടുത്തു വന്ന് നമുക്ക് കാറിലിരുന്ന് സംസാരിക്കാം എന്നു പറഞ്ഞ് താഴേക്കിറങ്ങി. കാർ തൃശൂരിലെത്തുന്നതിനകം ഞങ്ങൾക്ക് കൈകാര്യം ചെയ്യേണ്ട വിഷയം ചർച്ച ചെയ്തു. ഞാൻ തൊഴിലാളി ആഫീസിൽ ഇറങ്ങുകയും അദ്ദേഹം യാത്ര തുടരുകയും ചെയ്തു.

## വല്യേട്ടൻ മനോഭാവം

ഐക്യമുന്നണി സംവിധാനത്തിൽ പങ്കാളികളാകുന്ന ഘടക കക്ഷികളിൽ വലിപ്പ ചെറുപ്പം സ്വാഭാവികമാണ്. വ്യത്യസ്തമായ ആശയഗതികളുള്ള സംഘടനകളാണ് ഐക്യമുന്നണിയിൽ ഒത്തുചേരുന്നത്. അവർക്കൊക്കെ അവരവരുടേതായ ഭരണഘടനയും നയപരിപാടികളും ഉണ്ട്. പ്രത്യയശാസ്ത്രപരമായി ചിലപ്പോൾ ഐക്യമുന്നണിയിലെ ഘടകകക്ഷികൾ തമ്മിൽ വൈരുദ്ധ്യമുണ്ടായിരുന്നു എന്നുവരും. ഉദാഹരണത്തിന് ഈശ്വരവിശ്വാസികളും, നിരീശ്വരവിശ്വാസികളും തോളോടു തോൾ ചേർന്ന് പ്രവർത്തിക്കേണ്ടി വന്നേക്കാം. 1967-ലെ സപ്തകക്ഷി മുന്നണിയിൽ ഘടകകക്ഷികളായിരുന്ന 7 കക്ഷികൾ ഉണ്ടായിരുന്നു. 2 കമ്മ്യൂണിസ്റ്റ് പാർട്ടികളും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി നേതാവായിരുന്ന ബി. വെല്ലിംഗ്ടണിന്റെ കെ.ടി.പി.യും അതിൽ ഉണ്ടായിരുന്നല്ലോ. ആ മുന്നണിയിലെ ഏറ്റവും വലിയ കക്ഷി സി.പി.എം. ആയിരുന്നു. ഈ മുന്നണിയെ ഇടതുപക്ഷമുന്നണി എന്നാണ് പറഞ്ഞിരുന്നത്. അതുപോലെ തന്നെ വലതുപക്ഷമുന്നണി എന്നറിയപ്പെടുന്ന സംവിധാനത്തിന് കോൺഗ്രസ് ആണ് നേതൃത്വം കൊടുക്കുന്നത്. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള മുന്നണിയിൽ ............. കക്ഷികളാണ് ഉള്ളത്. ആ മുന്നണിയിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ പൊന്തി വരും. വല്യേട്ടൻ മനോഭാവം കാണിക്കുന്നുവെന്ന് ചെറിയ കക്ഷികൾ പരാതിപ്പെടാറുണ്ട്. വലിയ കക്ഷിയിലെ ചില നേതാക്കൾ അവരുടെ ഔദാര്യത്തിലാണ് ചെറിയ കക്ഷികളുടെ നേതാക്കൾക്ക് ഭരണപങ്കാളിത്തം കിട്ടിയതെന്ന് ചിലപ്പോൾ ഭാവിക്കാറുണ്ട്.

## കീരിത്തോട്ടിലെ കുടിയിരുത്തൽ

ഞങ്ങളുടെ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത ശേഷം പഴയൊരു പ്രഖ്യാപനം നടപ്പിലാക്കേണ്ടിയിരുന്നു. (യാതൊരു കാരണവുമില്ലാതെയാ



malankaralibrary.com

യിരുന്നു കീരിത്തോട്ടിലെ കുടിയിറക്കൽ. ആയിരത്തിലേറെ കുടുംബങ്ങളെ അവരുടെ വീടുകൾ കത്തിയ്ക്കുകയും കാർഷിക വിളവുകൾ നശിപ്പിക്കുകയും ഒഴിപ്പിക്കൽ നടപടിയെ എതിർത്തവരെ ഭീകരമായി മർദ്ദിക്കുകയും ചെയ്തു. ജോൺ മാഞ്ഞരാൻ ഉൾപ്പെടെ പലരേയും അറസ്റ്റു ചെയ്യുകയും മർദ്ദിക്കുകയും ചെയ്തു. ഈ സമയത്ത് ഞാൻ മലബാർ മേഖലയിൽ പര്യടത്തിലായിരുന്നു. കണ്ണൂർ ജില്ലയിലെ കേളകത്ത് പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് കുട്ടി മുക്കാടന്റെ വീട്ടിലായിരുന്നു ഞാൻ തങ്ങിയത്. പത്രത്തിൽ കൂടിയിറക്ക് വാർത്ത വായിച്ച് ഞങ്ങളൊക്കെ ഞെട്ടിപ്പോയി. അതേ പത്രത്തിൽ തന്നെ കീരിത്തോട്ടിലേക്ക് ബി വെല്ലിംടണിന്റെ നേതൃത്വത്തിൽ കെ.ടിപി.ജാഥ നയിക്കുന്നുവെന്ന വടക്കനച്ചന്റ പ്രസ്താവനയും ഉണ്ടായിരുന്നു. ഒട്ടും വൈകാതെ തൃശൂർക്ക് തിരിച്ചു. വെളുപ്പിനാണ് തൃശൂരെത്തിയത്. അപ്പോഴേക്കും തീരുമാനങ്ങളുമായി സഹപ്രവർത്തകരെത്തി. കാൽനട യാത്രയ്ക്കുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിരുന്നു. കുളിച്ച് ആഹാരം കഴിച്ച് അൽപ്പം പോലും വിശ്രമിക്കാതെ തൊഴിലാളി ആഫീസിലെത്തി. അവിടെ നിന്നാണ് ജാഥ ആരംഭിക്കേണ്ടത്. രാവിലെ 8 മണിക്ക് വടക്കനച്ചൻ എത്തിയപ്പോൾ എട്ടു ദിക്കും പൊട്ടുമാറ് ഉച്ചത്തിൽ മുദ്രാവാക്യം മുഴങ്ങി.

മുദ്രാവാക്യം
"തീവെപ്പിച്ചും വെടിവയ്പ്പിച്ചും
നാടുമുടിക്കും സർക്കാരെ
കീരിത്തോട്ടിലെ ചാമ്പൽക്കൂനയിൽ
തകർക്കും ഞങ്ങളീ മന്ത്രിസഭ
പകരം കുടിലുകൾ കെട്ടും ഞങ്ങൾ
പകരം വീട്ടും കട്ടായം"

വടക്കനച്ചൻ മുന്നോട്ടു വന്ന് മുദ്രാവാക്യം നിർത്തിച്ചിട്ട് ഗംഭീരമായ ഒരു പ്രസംഗം നടത്തി. ജാഥാംഗങ്ങളും മറ്റു ശ്രോതാക്കളും ആവേശഭരിതരായി. പദയാത്ര വടക്കനച്ചൻ ഉദ്ഘാടനം ചെയ്തുകൊണ്ട്, "പകരം കുടിലുകൾ കെട്ടും ഞങ്ങൾ പകരം വീട്ടും കട്ടായം" എന്ന് മുദ്രാവാക്യം വടക്കനച്ചൻ വിളിച്ചു കൊടുത്തു. ആവേശഭരിതമായി മുദ്രാവാക്യം വിളികൾ മുഴങ്ങുമ്പോൾ കെ.ടിപി.യുടെ കൊടിയുമെടുത്ത് ഞാൻ മുമ്പേയും കുടിലുകെട്ടാൻ (പ്രതീകാത്മകമായി) ഓലയും മുളയുമായി മറ്റു ജാഥാംഗങ്ങളും മുന്നോട്ടു നീങ്ങി. ഒല്ലൂരിൽ ആയിരുന്നു ആദ്യത്തെ സ്വീകരണം ഏർപ്പാടു ചെയ്തിരുന്നത്. പക്ഷേ കുരിയച്ചിറയിൽ എത്തിയപ്പോൾ തന്നെ വലിയജനക്കൂട്ടം സ്വീകരിക്കാൻ തയ്യാറായി നിന്നിരുന്നു. പടക്കം പൊട്ടിച്ചും മുദ്രാവാക്യം വിളിച്ചും അവർ നൽകിയ സ്വീകരണത്തിന് ഒരു ചെറിയ പ്രസംഗം നടത്തി നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ട് നീങ്ങി. ഒല്ലൂർ ടൗണിൽ എത്തി



malankaralibrary.com



യപ്പോൾ ജനക്കൂട്ടം കാരണം റോഡ് ബ്ലോക്ക് ആയി. ആയിരങ്ങൾ തടിച്ചുകൂടിയ സ്വീകരണയോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ഞാൻ വിശദീകരിക്കേണ്ടി വന്നു. കീരിത്തോട്ടിൽ കേരളത്തിലെ സായുധപോലീസിനു പുറമേ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, മൈസൂർ എന്നിവിടങ്ങളിൽ നിന്ന് ആയിരം പേരെ വീതം (2000) സായുധ പോലീസും ഉണ്ടെന്ന വിവരം കിട്ടി. മുന്നോട്ട് നീങ്ങിയ ജാഥ പുതുക്കാട്, കൊടകര, ചാലക്കുടി, കൊരട്ടി മുതലായ സ്ഥലങ്ങളിലെ യോഗത്തിൽ സംബന്ധിച്ചും ആഹാരം കഴിച്ചും യാത്ര തുടർന്നു. ഇതിനിടയിൽ ഒരുപാടു ചെറിയ സ്വീകരണങ്ങളും ലഭിക്കുകയുണ്ടായി. സന്ധ്യയോടു കൂടിയാണ് ഞങ്ങൾ അങ്കമാലിയിലെത്തിയത്. തൃശൂർ മുതൽ അങ്കമാലി വരെ നടന്നതിനാലും ഇടയ്ക്ക് ചെറുതും വലുതുമായ അനേകം പ്രസംഗങ്ങൾ ചെയ്തതുകൊണ്ടും ഞാൻ ആകെ തളർന്ന വശനായി. ഞങ്ങളുടെ ക്ഷീണം മാറ്റാൻ കരിക്കിൻ വെള്ളത്തിൽ ഗ്ലൂക്കോസ് ചേർത്താണ് കുടിക്കാൻ തന്നത്. സ്വാഗതം, അധ്യക്ഷപ്രസംഗം മുതലായവ കഴിഞ്ഞപ്പോഴേക്കും എന്റെ ക്ഷീണം മാറി. അവിടെ പ്രശ്നങ്ങൾ വിശദീകരിച്ച് ഞാൻ ദീർഘമായി പ്രസംഗിച്ചു. വിഭവസമൃദ്ധമായ ഭക്ഷണമാണ് അങ്കമാലിയിലെ പ്രവർത്തകർ ഒരുക്കിയിരുന്നതെങ്കിലും ക്ഷീണം കൊണ്ട് ആഹാരം കഴിക്കാൻ പ്രയാസം തോന്നി. അടുത്ത ദിവസം അങ്കമാലിയിൽ നിന്ന് തിരിച്ച് കാലടി, പെരുമ്പാവൂർ കടന്ന് കോതമംഗലത്തെത്തി വിശ്രമിച്ചു. അടുത്ത ദിവസം നേര്യമംഗലം കഴിഞ്ഞ് വനപ്രദേശത്തു കൂടിയുള്ള യാത്ര വാഹനത്തിലാക്കി. അടിമാലിയിൽ നിന്നും വീണ്ടും നടപ്പാരംഭിച്ചു. കീരിത്തോട്ടിലെത്തിയപ്പോൾ സഖാവ് എ.കെ.ജി. വമ്പിച്ച ജനക്കൂട്ടത്തോട് മൈക്കില്ലാതെ പ്രസംഗിക്കുന്നതു കണ്ടു. അദ്ദേഹത്തിന്റെ മൈക്ക് പോലീസുകാർ എടുത്തു കൊണ്ടുപോയി. ഞാൻ എന്റെ വാഹനവും മൈക്കും അദ്ദേഹത്തിനു പ്രസംഗിക്കാൻ നൽകി. നടത്തക്ഷീണം തീർന്നപ്പോഴേക്കും മൈക്കു തിരിച്ചു കിട്ടി. അടുത്ത ദിവസത്തെ സമരരീതികളെ പറ്റി ഞാൻ വിശദീകരിച്ചു. കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലത്ത് പകരം കുടിലുകൾ കെട്ടാനാണ് ഞങ്ങളുടെ സംരംഭം എന്നു വിശദീകരിച്ചു. പിറ്റേന്നു രാവിലെ പ്രശ്നഭൂമിയിലേക്ക് ജാഥയായി ചെന്ന ഞങ്ങളെ റോഡിനു കുറുകെ മുള കെട്ടി തടഞ്ഞു. ആളുകളോട് പ്രസംഗിക്കുന്നതിന് മുമ്പ് " പകരം കുടിലുകൾ കെട്ടും ഞങ്ങൾ പകരം വീട്ടും കട്ടായം" എന്ന മുദ്രാവാക്യം ഞാൻ വിളിച്ചത് ആയിരക്കണക്കിന് കണ്ഠങ്ങൾ ഏറ്റുവിളിച്ചു. മുന്നോട്ടു നീങ്ങിയ ഞങ്ങളെ അറസ്റ്റു ചെയ്തു ദേവീകുളം കോടതിയിൽ ഹാജരാക്കി 3 ആഴ്ചത്തേക്ക് ശിക്ഷിച്ചു.) ഈ പ്രഖ്യാപനം നടപ്പിലാക്കേണ്ടത് മന്ത്രിസഭ രൂപീകരിച്ചു കഴിഞ്ഞപ്പോൾ കെ.ടി.പി-യുടെ പ്രതിനിധിയുടെ ബാധ്യതയായിരുന്നു.

ഞങ്ങളുടെ സപ്തകക്ഷിമുന്നണി സമിതിയിലും ഓരോ പാർട്ടികളിലും ഇത് സജീവ ചർച്ചയ്ക്കു വിഷയമായി. കെ.ടി.പി-യുടെ മാത്രം വിജയമായി വരരുത് എന്ന വ്യാജേന ചില കുബുദ്ധികൾ ഇടങ്കോലിടാൻ ശ്രമിച്ചു. ചർച്ച



malankaralibrary.com

കൾ പല കാരണങ്ങളാൽ നീണ്ടുപോയി. അവസാനം മന്ത്രിസഭ കീരിത്തോട്ടിലെ കുടിയിറക്കപ്പെട്ടവരെ അവിടെത്തന്നെ പുനരധിവസിപ്പിക്കാൻ റവന്യൂ മിനിസ്റ്റർ ഗൗരിയമ്മയേയും സമരം ചെയ്ത സമരനേതാവ് ബി. വെല്ലിംഗ്ടണിനേയും ചുമതലപ്പെടുത്തി. തീരുമാനം പുറത്തറിഞ്ഞ കൃഷിക്കാർ ആവേശം കൊണ്ടു. ലോകത്തിൽ ആദ്യത്തെ സംഭവമായിരുന്നു. കുടിയിറക്കപ്പെട്ടവരെ കുടിയിറക്കിയ സ്ഥലത്തു തന്നെ ഗവൺമെന്റ് പുനരധിവസിപ്പിക്കുക എന്നത്. സ്ഥലം മാറിപ്പോയഉദ്യോഗസ്ഥരെ വീണ്ടും ഇതേ സ്ഥലത്തു തിരികെ നിയമിച്ചു കൊണ്ടാണ് കുടിയിറക്കപ്പെട്ടവരെ വീണ്ടും കുടിയിരുത്തിയത്. വടക്കനച്ചനും ഞാനും ഉൾപ്പെടെയുള്ളവർ പുനരധിവസിപ്പിക്കുന്നതിന്റെ ഉദ്ഘാടന വേളയിൽ പങ്കെടുത്തു. ആദ്യത്തെ കുടിലിന്റെ തൂണ് സ്ഥാപിച്ചത് വടക്കനച്ചനായിരുന്നു. അവിടെ പ്രസംഗിക്കാൻ ബിഷപ്പ് വടക്കനച്ചനെ അനുവദിച്ചിരുന്നില്ല. മൗനമായി നിശബ്ദനായി കാൽ നാട്ടു കർമ്മം നടത്തിയ വടക്കനച്ചന്റെ മൗനം ഇടിവെട്ടിനേക്കാളും ശബ്ദായമാനമായിരുന്നു. ഞാൻ ദീർഘമായി പ്രസംഗിച്ചു. അങ്ങനെ ഒരു പ്രതിജ്ഞ നിറവേറ്റി.

അനർഹരായവർ ലിസ്റ്റിൽ കടന്നു കൂടിയതിനെപ്പറ്റി പരിശോധിച്ചപ്പോൾ കർഷകരംഗത്തു പ്രവർത്തിച്ചിരുന്ന കർഷക യൂണിയന്റെ രജിസ്റ്ററിൽ ഇല്ലാതിരുന്ന ആളുകളെ ഒഴിവാക്കാൻ സാധിച്ചു. ഇപ്പോൾ ഉണ്ടായ സുനാമി ഗുണഭോക്താക്കളിൽ കടന്നു കൂടിയ അനർഹമായ ആളുകളെ ഒഴിവാക്കാൻ എന്തേ ഇന്ന് കഴിയുന്നില്ല!.

## ട്രാൻസ്പോർട്ട് ബസ് വാടക കേസ്

കർഷക തൊഴിലാളി പാർട്ടിയുടെ ഒരു വാർഷിക കൺവെൻഷൻ തൃശൂരിൽ വെച്ച് നടത്താൻ കേന്ദ്ര കമ്മിറ്റി തീരുമാനിച്ചു. സമ്മേളന സ്ഥലം നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയ തൃശൂർ ജില്ലാ കമ്മിറ്റി തൃശൂർ ടൗൺ ഹാൾ ഏർപ്പാടു ചെയ്തു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സംബന്ധിക്കേണ്ട ആളുകളെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ ചെറുതും വലുതുമായ വാഹനങ്ങളിലെത്തിക്കണമെന്നാണ് തീരുമാനിച്ചത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നിന്നും സമ്മേളനത്തിൽ പങ്കെടുക്കാൻ വരേണ്ട ആളുകൾക്ക് വേണ്ടി 10 ട്രാൻസ്പോർട്ട് ബസ്സുകൾ ആരോഗ്യമന്ത്രി ഏർപ്പാട് ചെയ്യണമെന്ന് പാർട്ടിയിൽ തീരുമാനമുണ്ടായി. അതനുസരിച്ച് കെ. എസ്. ആർ. ടി.സി ജനറൽ മാനേജർക്ക് ഞങ്ങളുടെ ആവശ്യം വ്യക്തമാക്കി കൊണ്ട് ഒരു കത്തെഴുതി. ആ കത്തിൽ വാടക മുതലായ കാര്യങ്ങൾ വ്യക്തമായി അറിയിക്കണമെന്നാവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് കിട്ടിയ മറുപടിയിൽ.........



malankaralibrary.com



General Manager
K.S.R.T.C
Letter No. TTI. 30045/68. of 23/3/1968

കർഷകതൊഴിലാളി പാർട്ടിക്ക് ഒരു ദിവസം ഒരു ബസിന് 240/-രൂപ പ്രാകാരം വാടകക്ക് തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. (including fuel) അതനുസരിച്ച് 10 വണ്ടിക്ക് വേണ്ടിയുള്ള 2400/- രൂപയുടെ SBT Cheque No. 513/A 496599 Dt. 26-3-1968. പ്രകാരം അയച്ചു കൊടുത്തു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ഡിപ്പോകളിൽ നിന്നും പ്രാദേശിക നേതാക്കൾ ബസുകൾ ഏറ്റെടുക്കുകയും ആവശ്യം കഴിഞ്ഞ് തിരിച്ചേൽപ്പിക്കുകയും ചെയ്തു. മന്ത്രിസഭ രാജി വയ്ക്കുന്ന സന്ദർഭത്തിൽ കെ.എസ്. അർ. ടി.സി കൂടുതൽ തുക കെ.ടി.പി-യിൽ നിന്ന് ആവശ്യപ്പെട്ടു. കേന്ദ്ര ഇലക്ഷൻ കമ്മീഷൻ കെ.ടി.പി-യെ അംഗീകരിക്കാത്തതിനാലാണ് കൂടുതൽ തുക ആവശ്യപ്പെടുന്നത് എന്നായിരുന്നു അവരുടെ വിശദീകരണം. കേരളത്തിലെ ഭരണകക്ഷിയായ ഒരു ഭരണകക്ഷിയുടെ കൺവെൻഷന് കേരളാ ഗവൺമെന്റ് വക ബസ് വിട്ടു കൊടുത്തതിന് കൂടുതൽ തുക ഈടാക്കാൻ ഇലക്ഷൻ കമ്മീഷന്റെ പേര് വലിച്ചിഴയ്ക്കുന്നത് ശരിയല്ല എന്നു ഞാൻ അവരെ അറിയിച്ചു. ഒടുവിൽ മന്ത്രിസഭ രാജിവെച്ചു കഴിഞ്ഞപ്പോൾ കെ.ടി.പി-യുടെയും നേതാക്കളുടെയും പേരിൽ കെ.എസ്.ആർ.ടി.സി തിരുവനന്തപുരത്തെ കോടതിയിൽ കേസ് കൊടുത്തു. (Ca. No: 8-4-1971 -ൽ പതിവ് സിവിൽ നമ്പർ 47 TVM സബ്കോടതി) യിൽ കേസ് കൊടുത്തു. തിരുവനന്തപുരത്തെ ഒരു പ്രമുഖ അഭിഭാഷകനായ വിൽഫ്രഡ് സെബാസ്റ്റ്യന് വക്കാലത്ത് കൊടുത്ത് കേസിന്റെ പ്രത്യേകതകൾ പറഞ്ഞു മനസ്സിലാക്കി. പക്ഷേ അയാൾ കേസ് വേണ്ടപോലെ നടത്തുകയോ എന്റെ വാദഗതികൾ അവതരിപ്പിക്കുകയോ ചെയ്യാതിരുന്നതിനാൽ ഞങ്ങൾക്കെതിരെ വിധിച്ചു. ജപ്തിനടപടി നടത്തുന്നതിന് തൃശൂർ കോടതിയിലേക്ക് തിരുവനന്തപുരം കോടതി നിർദ്ദേശവും കൊടുത്തു. ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന ശ്രീ. കെ. എം. ജോർജ്ജിന് ഈ കാര്യങ്ങളെല്ലാം വിശദമായി ചൂണ്ടിക്കാട്ടി പണമീടാക്കാനുള്ള നടപടി നിർത്തിയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു ഫലവും ഉണ്ടായില്ല. പിന്നീട് ട്രാൻസ്പോർട്ട് മിനിസ്റ്ററായ ശ്രീ. എം. എൻ ഗോവിന്ദമേനോന് കത്തെഴുതി. അതിനും ഒരു ഫലവും ഉണ്ടായില്ല. അതിനുശേഷം മുഖ്യമന്ത്രി എ. കെ. ആന്റണിയെ കണ്ട് നിവേദനം കൊടുക്കകയും ചോദിച്ച പണം (കെ.എസ്. ആർ.ടി.സി യുടെ കത്ത് കാണിച്ച്) കൊടുത്തു എന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. കെ. എസ്. ആർ.ടി.സി ആവശ്യപ്പെട്ട തുക നിങ്ങൾ അടച്ചിരിക്കുന്നതിനാൽ ഇനിയും പണം ഈടാക്കൻ നടപടി നടത്തുന്നതിൽ ഒരു നീതീകരണവുമില്ല എന്ന് അദ്ദേഹം സമ്മതിച്ചു. പക്ഷേ മറുപടിയിൽ പണം ഈടാക്കാതിരിക്കാൻ നിവൃത്തിയില്ല എന്നാണു ഞങ്ങളെ അറിയിച്ചത്.



malankaralibrary.com


എം.എം. ഗോവിന്ദൻ നായർ

കാലം കുറെ കഴിഞ്ഞ് ശ്രീ. പി.കെ വാസുദേവൻ നായർ മുഖ്യമന്ത്രിയായപ്പോൾ എനിക്കുവേണ്ടി അരമണിക്കൂർ ഒരു മാസത്തിനകം നീക്കി വയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം കാരണം തിരക്കി. കെ. എസ്. ആർ.ടി സി-യും ഞങ്ങളും തമ്മിൽ ഒരു തർക്കം ഉണ്ടെന്നും അതേപ്പറ്റി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രാൻസ്പോർട്ട് മന്ത്രി, ട്രാൻസ്പോർട്ട് സെക്രട്ടറി, കെ. എസ്. അർ. ടി. സി ജനറൽ മാനേജർ എന്നിവരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനാണ് എന്നു പറഞ്ഞു. അദ്ദേഹം സമ്മതിച്ചു. ഞങ്ങൾക്കെല്ലാം നോട്ടീസ് അയച്ചു. അതനുസരിച്ച് കൃത്യസമയത്തു തന്നെ യോഗം ആരംഭിച്ചു. ഞാൻ വണ്ടി ആവശ്യപ്പെട്ട് വ്യവസ്ഥകൾക്ക് വേണ്ടി എഴുതിയ കത്തും അതിനു മറുപടിയായി കെ. എസ്. ആർ. ടി.സി വ്യവസ്ഥകൾ അടങ്ങുന്ന കത്തും വായിച്ച് എല്ലാവരേയും കാണിച്ചു.

ഞാൻ കൊടുത്ത ചെക്ക് നമ്പറും അവരെ ബോധ്യപ്പെടുത്തി. കത്തുകൾ രണ്ടും വാങ്ങിയ മുഖ്യമന്ത്രി പരിശോധിച്ചതിനു ശേഷം സ്വന്തമായി ഒരു വീടു പോലുമില്ലാത്ത ഒരാൾ ഈ കത്തുകൾ സൂക്ഷിച്ചതിൽ ഞാൻ അദ്ഭുതപ്പെടുന്നു എന്നു പറഞ്ഞു. ഈ രേഖകൾ അനുസരിച്ച് നിങ്ങൾ ഇനി പണമടയ്ക്കാൻ ബാദ്ധ്യസ്ഥനല്ലല്ലോ? മുഖ്യമന്ത്രിക്ക് ബോധ്യമായ കാര്യം


എ.കെ. ആന്റണി


പി.കെ. വാസുദേവൻ നായർ

ഫയലിൽ രേഖപ്പെടുത്തി. ഈടാക്കാനുള്ള നടപടികൾ നിർത്തി വയ്ക്കണമെന്ന എന്റെ അഭ്യർത്ഥന അദ്ദേഹം സ്വീകരിച്ച് തുടർ നടപടികൾ ഒക്കെ നിർത്തി വച്ച് ഫയൽ ക്ലോസ് ചെയ്ത് ഓർഡറിട്ടു. ട്രാൻസ്പോർട്ട് മന്ത്രിമാരും മുഖ്യമന്ത്രി എ. കെ. ആന്റണിയും നിസ്സഹായത പ്രകടിപ്പിച്ച സാഹചര്യത്തിൽ സഖാവ് പി.കെ. വിധീരമായി കൈക്കൊണ്ട നടപടിയെ പറ്റി കെ.ടി.പി. സെൻട്രൽ സെക്രട്ടറിയേറ്റ് അഭിനന്ദനങ്ങൾ അറിയിച്ചു.

## അരവിളപള്ളി തർക്കം

ഒരു ദിവസം മുഖ്യമന്ത്രി എന്നെ ഫോണിൽ വിളിച്ചു. നാട്ടിലെ വിശേഷങ്ങളൊന്നും അറിയാറില്ലേ എന്നു ചോദിച്ചു. നാട്ടിൽ പോയിട്ട് കുറെ നാളുകളായി. എന്റെ മറുപടി. അവിടെ ഒരു പള്ളിയിൽ വഴക്കു നടക്കുന്നുണ്ടല്ലോ?

അറിഞ്ഞു.

സി.എമ്മിന്റെ ഫോർട്ട് ഫോളിയോ അല്ലേ ഞാനിടപെടുന്നത് ശരിയോണോ?



malankaralibrary.com



നാട്ടിലെ പള്ളിയിലെ വഴക്കു തീർക്കാൻ നിങ്ങളേക്കാൾ യോജിച്ച വേറെയാരാണുള്ളത്?

മുഖ്യമന്ത്രി നിയോഗിച്ചാൽ ഞാനതു കൈകാര്യം ചെയ്യാം. ഉടനെ തന്നെ നാട്ടിൽ പോയി അതു പരിഹരിക്കണം. നിങ്ങൾക്കതിനു കഴിയും. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ, പ്രത്യേകിച്ചും എസ്. പി-യും കളക്ടറും സഹകരിക്കാൻ വേണ്ട ഏർപ്പാട് ചെയ്താൽ ഞാനതു പരിഹരിക്കാം. ചില അത്യാവശ്യ കാര്യങ്ങളുള്ളതിനാൽ അടുത്ത ദിവസം മാത്രമേ കൊല്ലത്തേക്ക് തിരിക്കാൻ സാധിച്ചുള്ളൂ. തിരിക്കുന്നതിന് മുമ്പ് കൊല്ലം ഡിസ്ട്രിക് കളക്ടറിനേയും പോലീസ് സൂപ്രണ്ടിനേയും വിളിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ആരോഗ്യമന്ത്രിയെ അരവിളപ്പള്ളി പ്രശ്നം കൈകാര്യം ചെയ്യാൻ നിയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും അവർക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നറിഞ്ഞു. ഞാൻ കൊല്ലം ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ എത്തിയപ്പോൾ 2 പേരും അവിടെ ഉണ്ടായിരുന്നു. കൂടുതൽ വിവരം എസ്.പി-യാണ് പറഞ്ഞത്. വളരെ സംഘർഷാത്മകമായ അന്തരീക്ഷമാണവിടെ ഉള്ളത്. കായലിന്റെ അക്കരേയും ഇക്കരേയും താമസിക്കുന്നവർ തമ്മിലാണ് വഴക്ക്. ദിവസേന 4-ഉം 5-ഉം സംഘട്ടനങ്ങൾ നടക്കുന്നുണ്ട്. ആരോഗ്യ മന്ത്രിയുടെ നാടായതു കൊണ്ട് ഞങ്ങൾ വളരെ ശ്രദ്ധയോടെ ആത്മസംയമനം പാലിക്കുന്നതിനാൽ പോലീസിനെ പറ്റി പരാതിയൊന്നുമില്ല. അങ്ങ് രംഗത്തു വന്നപ്പോൾ ഞങ്ങൾക്ക് ആശ്വാസമായി.

ഞാൻ വൈകിട്ട് 4 മണിക്ക് കാവനാട് എത്തുമ്പോൾ 2 പേരും യാത്ര പിരിയാൻ ഒരുങ്ങിയപ്പോൾ ഒരു കാര്യം കൂടി പറയാനുണ്ട് എന്നു പറഞ്ഞിട്ട് വഴക്കടിക്കുന്ന 2 വിഭാഗത്തിലും പെട്ട പ്രഗത്ഭ നേതാക്കൻമാരായ 15 ആളുകളുടെ എല്ലാ വിവരവും ഞാനാവശ്യപ്പെടുമ്പോൾ എനിക്കു തരണം. അവർ യാത്ര പറഞ്ഞു പോയി. എന്റെ ഓഫീസിൽ നിന്നും നിർദ്ദേശിച്ചതനുസരിച്ച് അനുജൻ അലക്സ് താമരശ്ശേരിയും ഏതാനും പൊതു പ്രവർത്തകരും എന്നെ കാണാനെത്തി. അന്തരീക്ഷം വളരെ സംഘർഷഭരിതമാണെന്നും പോലീസിനെ പ്രകോപിപ്പിക്കാൻ വരെ ചില കുബുദ്ധികൾ ശ്രമിക്കുന്നുണ്ടെന്നും കോൺഗ്രസ്സിലെ ചില ആളുകൾ അതിന് പ്രോൽസാഹനം നൽകുന്നുണ്ടെന്നും പറഞ്ഞു. നില വഷളാകുന്നതിനു മുൻപ് അത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഇടവക വിഭജിച്ച് കുരീപ്പുഴ ഭാഗത്തുള്ളവർക്ക് കായലിന്റെ മറുകര ഒരു പുതിയ ഇടവക വേണമെന്നുള്ളതാണ് പ്രശ്നങ്ങൾക്ക് കാരണം. അതിന്റെ സാദ്ധ്യഅസാദ്ധ്യതകളെപറ്റി വൈദികരിൽ നിന്നും വിവരങ്ങൾ മനസ്സിലാക്കൻ കഴിഞ്ഞു. ആരോഗ്യ മന്ത്രി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ട ആളായതുകൊണ്ട് ബിഷപ്പ്, പഴയ സൗഹൃദത്തോടെ പെരുമാറിയെന്നു വരില്ലായെന്നും അറിയിച്ചു. അവർ ഇരിക്കുമ്പോൾ തന്നെ പാല




malankaralibrary.com

സുമായി ബന്ധപ്പെട്ട് തിരുമേനിയെ ആരോഗ്യമന്ത്രിക്ക് സംസാരിക്കാൻ കിട്ടണം എന്നു പറഞ്ഞപ്പോൾ ഞാനാണ് സംസാരിക്കുന്നതെന്ന മറുപടി കിട്ടി.

ബിഷപ്പായിരുന്നു ഫോൺ എടുത്തത്.

എനിക്കൊന്നു കാണാൻ പറ്റുമോ? അദ്ദേഹത്തിന്റെ ചോദ്യം 15 മിനിട്ടിനകം എന്നു മറുപടി.

പള്ളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ അന്തിമതീരുമാനം ബിഷപ്പിനാണ്. അദ്ദേഹത്തിന്റെ അറിവോടുകൂടിയേ ഇതു കൈകാര്യം ചെയ്യാൻ പറ്റൂ. അതിനുള്ള വഴി ആലോചിച്ചിരിക്കുമ്പോഴാണ് അദ്ദേഹത്തെ ഫോണിൽ കിട്ടിയത്.



ബിഷപ് ജെറോം ഫെർണാണ്ടസ്

പാലസിൽ എത്തിയ എനിക്ക് ബിഷപ്പിന്റെ പരാതിയാണ് കേൾക്കേണ്ടി വന്നത്. എല്ലാം കേട്ടിരുന്ന ശേഷം ഞാൻ എന്തു ചെയ്യണമെന്നാണ് അങ്ങയുടെ നിർദ്ദേശം. തിരിച്ച് ഗസ്റ്റ് ഹൗസിൽ എത്തിയപ്പോഴേക്കും വളരെയധികം ആളുകൾ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവരെയൊക്കെ പറഞ്ഞയച്ചു കഴിഞ്ഞപ്പോൾ സമയം 2 മണി ആയി. ആഹാരം കഴിച്ച് അൽപ്പം വിശ്രമിച്ചതിനുശേഷം 4 മണിക്ക് കാവനാട്ടെത്തി. മന്ത്രിയുടെ വരവുണ്ടെന്നറിഞ്ഞു വമ്പിച്ച ജനക്കൂട്ടം ഉണ്ടായിരുന്നു. റോഡരികിൽ ഉണ്ടായിരുന്ന ഒരു ഗവൺമെന്റ് ഓഫീസിൽ ഞാൻ കയറി ഇരുന്നിട്ട് മന്ത്രിയെ കാണാൻ ആഗ്രഹിക്കുന്നവരുടെ പേര് കുറിച്ചു തരാൻ ഏർപ്പാടു ചെയ്തു. വളരെയധികം വലിയ ഒരു ലിസ്റ്റ് കിട്ടിയപ്പോൾ 2 വിഭാഗത്തിലും പെട്ട 3 ആളുകളുടെ പേര് വീതം നിശ്ചയിക്കാൻ അലക്സിനെ നിയോഗിച്ചു. അവരെ ഓരോരുത്തരെയായി വിളച്ചപ്പോൾ പ്രശ്നത്തിന്റെ ഗൗരവവും വിശദാംശങ്ങളും എനിക്കു മനസ്സിലായി. നാട്ടുകാരോട് ഞാൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് വിശദീകരിക്കാൻ തീരുമാനിച്ചു.

പ്രശ്നം പരിഹരിക്കാൻ ആരോഗ്യമന്ത്രി എത്തിയതിലുള്ള സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് മുദ്രാവാക്യം മുഴക്കി. അന്തരീക്ഷം ശാന്തമായപ്പോൾ ഞാൻ പ്രസംഗം ആരംഭിച്ചു. എന്റെ അറിവിൽ പെട്ട കാര്യങ്ങൾ വിശദീകരിച്ചിട്ട് ഞാൻ കൈകാര്യം ചെയ്യാൻ പോകുന്ന രീതികളും (പറയുന്നവ) കൈക്കൊള്ളാൻ പോകുന്ന മറ്റ് നടപടികളും വിശദീകരിച്ചു.

എന്റെ പ്രസംഗത്തിന് ശേഷം നേരത്തേ ഓഫീസിലിരുന്നു കൊണ്ട് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ കേൾക്കും. എന്റെ പരിശ്രമം വിജയപ്രദമല്ലെങ്കിൽ രണ്ട് വിഭാഗത്തിലുംപെട്ട 15 നേതാക്കൻമാരെ വീതം തന്റെ അതിഥിയായി തിരുവനന്തപുരത്ത് കൊണ്ടുപോകുമെന്നും 30 പേരേയും ഞാൻ താമസിക്കുന്ന കൽപ്പനാ ഹൗസിൽ അതിനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട് അതിനുള്ള സൗകര്യം ഉള്ള പൂജപ്പുരയിലെ മറ്റ് ഗവൺമെന്റ് സ്ഥാപനത്തിൽ



malankaralibrary.com



3 മാസത്തേക്ക് അവരം താമസിപ്പിക്കാൻ ഏർപ്പാട് ചെയ്യും. അങ്ങനെയുള്ള ചർച്ചയിലൂടെ തീർച്ചയായും പ്രശ്നം പരിഹരിക്കാമെന്ന് അറിയിച്ചു. "പൂജപ്പുര സെൻട്രൽ ജയിൽ ആണോ"? എന്നൊരാൾ ഉറക്കെ ചോദിച്ചു. അതെ എന്നായിരുന്നു എന്റെ മറുപടി,. ആവശ്യമില്ലാതെ സംഘർഷവും സംഘട്ടനവും ഉണ്ടാക്കുന്ന കുബുദ്ധികളെ കർശനമായി നേരിടാൻ ഏർപ്പാട് ചെയ്യുമെന്നും ഞാൻ മന്ത്രിയായിരിക്കുമ്പോൾ ഉള്ള ദേവാലയത്തിന്റെ പേരിൽ സംഘട്ടനവും ഉണ്ടാവാൻ ഇടയാക്കരുതെന്നും അഭ്യർത്ഥിച്ചു. നിവേദനം കേൾക്കാൻ തയ്യാറായി ആഫീസിൽ കയറിയ എനിക്ക് എല്ലാവരിൽ നിന്നും കിട്ടിയ നിർദ്ദേശം ഒന്നായിരുന്നു. പ്രശ്നങ്ങളെല്ലാം നന്നായി പഠിച്ച മന്ത്രി ഇതെല്ലാം അവസാനിപ്പിച്ചേ പോകാവൂ. മന്ത്രിയുടെ നിർദ്ദേശം ഞങ്ങൾ സ്വീകരിക്കുന്നു. ഈ അഭിപ്രായം വരാനുള്ള കാരണം 2 വിഭാഗത്തിന്റെയും നേതൃത്വത്തിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. (3 മാസം ജയിലിൽ കിടന്നാൽ ഗവൺമെന്റ് ജീവനക്കാർക്ക് ഉണ്ടാകാവുന്ന അപകടം അറിയാവുന്നവർ ഉടനെ തന്നെ അവസാനിപ്പിക്കണമെന്ന നിർബന്ധക്കാരായി മാറി).

പ്രശ്നത്തിന്റെ വേറൊരു കേന്ദ്രമായ കുരീപ്പുഴ കാണേണ്ടതാവശ്യമായതിനാൽ വീണ്ടും ടൗണിൽ വന്ന് കടവൂർ വഴി ഞാനവിടെ എത്തി. കാവനാട്ടെ യോഗസ്ഥലത്തുണ്ടായിരുന്നവർ കായലിലെ കടത്തുകഴിഞ്ഞ് എന്നേക്കാൾ മുമ്പേ അവിടെ എത്തിയിരുന്നു. അവിടേയും വമ്പിച്ച ജനക്കൂട്ടം. കാറിൽ നിന്നിറങ്ങിയ ഞാൻ ആളുകളെ തള്ളിമാറ്റി ചെറിയ പ്രാർത്ഥനാ ലയത്തിലേക്ക് കടന്ന് "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന ഉരുവിട്ടു. പുറത്തിറങ്ങിയ എന്നോട് സ്ത്രീകൾ കരഞ്ഞു കൊണ്ട് പറഞ്ഞത് എങ്ങനെയെങ്കിലും ഈ പ്രശ്നം അവസാനിപ്പിച്ചു തരണേ എന്നായിരുന്നു. എന്റെ പ്രസംഗം വികാരഭരിതമായിരുന്നു. ഉടനേ പരിഹരിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന അപകടങ്ങളെ പറ്റി പറഞ്ഞപ്പോൾ ചില സത്രീകൾ വാവിട്ടു കരഞ്ഞു. എല്ലാവരും കൂടി പ്രശ്നം തീർത്തിട്ടേ പോകാവൂ എന്നാണാവശ്യപ്പെട്ടത്.

ഗുരുതരമായ ഒരു പ്രശ്നം അവിടെ അവശേഷിച്ചിരുന്നു. പെരുന്നാളിന് വേണ്ടി ഇക്കരെ കൊണ്ടുവന്ന വിശുദ്ധ രൂപങ്ങൾ ഒന്നും തിരിച്ച് കൊടുക്കാതെ ഇവിടെ തന്നെയാണ് സൂക്ഷിച്ചിരുന്നത്. അതു തിരിച്ച് കൊടുത്തേ പ്രശ്നം പരിഹരിക്കാൻ പറ്റൂ. മന്ത്രിസാർ അതു കൊണ്ടു പൊയ്ക്കോളൂ സദസ്സിൽ നിന്നു വന്ന നിർദ്ദേശം.

തന്ത്രപരമായി ഞാൻ അവരോട് എനിക്കിതു കൊണ്ടു പോകാം, പോലീസുകാർ വേണമെങ്കിൽ കൊണ്ടുപോയി കൊടുക്കാം. രണ്ടായാലും കുറേക്കാലം കഴിയുമ്പോൾ പ്രശ്നം പരിഹരിക്കാൻ വേണ്ടി മന്ത്രി ആണ് അത് കൊണ്ടുപോയത് അല്ലെങ്കിൽ പോലീസുകാരാണ് രൂപം തിരിച്ചേൽപ്പിച്ചത് എന്നൊക്കെ പറയാനിടയാകുന്നത് നന്നായിയെന്ന് എനിക്കു തോന്നാ



malankaralibrary.com

ത്തതുകൊണ്ട് ഞാൻ തിരിച്ച് അരവിള പള്ളിയിൽ എത്തുമ്പോൾ നിങ്ങൾ തന്നെ അത് അവിടെ കൊണ്ട് വരുന്നതാണ് നല്ലതെന്ന എന്റെ അഭിപ്രായം ഹർഷാരവത്തോടെ സ്വീകരിച്ചു. (എന്റെ പ്രസംഗത്തിൽ ഞാൻ പറയുന്നത് അനുസരിച്ച കാര്യങ്ങൾ തീർക്കാനുള്ള അന്തരീക്ഷം തന്ത്രപരമായി ഞാൻ സജ്ജീകരിച്ചിരുന്നു). ഏറ്റുവാങ്ങാൻ മന്ത്രി സാർ എത്തുമെങ്കിൽ ഞങ്ങൾ രൂപങ്ങൾ അവിടെ കൊണ്ടു വരാം. ഏർപ്പാടുകൾ ചെയ്ത് ചുറ്റിക്കറങ്ങി ഞാൻ അരവിളയിലെത്തുമ്പോൾ രൂപങ്ങളുമായി ഒരു വലിയ ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു. തമ്മിൽ കണ്ടാൽ തല്ലി തല കീറുമായിരുന്നവർ എല്ലാം മറന്ന് കുശലപ്രശ്നങ്ങളിൽ ഏർപ്പെടുന്നത് കണ്ടപ്പോൾ വികാരയച്ചനും എനിക്കും സന്തോഷമായി. ഇടപെട്ട് വളരെ ലളിതമായി പ്രശ്നം പരിഹരിച്ചതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ചെറിയ പ്രസംഗം നടത്തി. ഒടുവിൽ ദൈവത്തിന് നന്ദി പറയുന്ന പ്രാർത്ഥനയിൽ ഞങ്ങളും പങ്കു ചേർന്നു. കുരീപ്പുഴ ഭാഗത്തെ നേതാക്കന്മാരോട് ബിഷപ്പ് ഹൗസിലെത്താൻ നിർദ്ദേശിച്ചു. ഞാൻ ബിഷപ്പ് ഹൗസിൽ എത്തുമ്പോൾ അവർ അവിടെ ഉണ്ടായിരുന്നു.

നേരേ മുകളിൽ കയറി ബിഷപ്പിന്റെ മുറിയിലെത്തി അദ്ദേഹം സന്തോഷവാനായി എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. എന്തും സംഭവിക്കാമായിരുന്ന ഗുരുതരമായിരുന്നു ഈ പ്രതിസന്ധി ആർക്കുമൊരു പ്രയാസവുമില്ലാതെ വളരെ ലളിതമായി പരിഹരിച്ചതിന് ഞാൻ എങ്ങനെയാണ് നന്ദി പ്രകടിപ്പിക്കേണ്ടത്. നിർത്തിയിട്ട് എന്റെ മുഖത്തേക്ക് നോക്കി. അങ്ങയുടെ അനുഗ്രഹമുണ്ടായിരുന്നാൽ മതി എന്റെ മറുപടി. അത്താഴം ഇവിടെ നിന്ന് കഴിച്ചിട്ട് പോയാൽ പോരേ. തിരുമേനി ചോദിച്ചു. പോരാ തിരുമേനി, കുരീപ്പുഴക്കാരെ ഞാൻ താഴെ വരുത്തിയിട്ടുണ്ട് അങ്ങയോട് മാപ്പു പറയാൻ.

"മാപ്പു പറയാൻ അവർ വന്നോ, എന്റെ കാൽ വെട്ടക്കളയും എന്നു പറഞ്ഞവരാണ്"

അവരെക്കൊണ്ട് മാപ്പുപറയിപ്പിക്കും ഞാൻ തറപ്പിച്ചു പറഞ്ഞു. അലക്സും കുരീപ്പുഴക്കാരും ഉൾപ്പെടെ വളരെയധികം ആളുകൾ താഴയുണ്ടായിരുന്നു. അലക്സിനേയും കുരിപ്പുഴയിലെ പ്രധാന പ്രവർത്തകരേയും മാത്രം മുറിയ്ക്ക് അകത്തേക്ക് കയറാൻ നിർദ്ദേശിച്ചിട്ട് തിരുമേനിയും ഞാനും പുറകെ വന്ന് 2 കസേരകളിൽ ഇരുന്നു. കുരീപ്പുഴക്കാരെ വട്ടമേശക്ക് ചുറ്റും മുട്ടുകുത്തി നിൽക്കാൻ ഞാൻ നിർദ്ദേശിച്ചു. ഓരോരുത്തരേയും പരിചയപ്പെടുത്താൻ വേണ്ടി ആദ്യത്തെ ആളിന്റെ പേര് പറഞ്ഞപ്പോൾ തിരുമേനി ഇടപെട്ടു. എല്ലാപേരേയും എനിക്കറിയാം. ഞാൻ കണ്ണുകൊണ്ട് അവരോട് നിർദ്ദേശിച്ചപ്പോൾ അവർ ഒന്നടങ്കം "തിരുമേനി ഞങ്ങൾ അറിയാതെ ചെയ്തു പോയ തെറ്റുകൾ അങ്ങ് ക്ഷമിക്കണേ" "Mr. Wellingdon, they are insulting me അറിഞ്ഞു കൊണ്ടു തന്നെയാണ് അവർ അതൊക്കെ ചെയ്തത്.



malankaralibrary.com



ഞാൻ ഞെട്ടിപ്പോയി. ഉറക്കെ അവരോട് "ഞങ്ങൾ അറിഞ്ഞുകൊണ്ടു തന്നെയാണ് ഇതൊക്കെ ചെയ്തത് എന്നാലും തിരുമേനി ക്ഷമിക്കണം" എന്നു പറയാൻ പറഞ്ഞു. കുരീപ്പുഴക്കാർ വളരെ ഉറക്കെ ഇതാവർത്തിച്ചു. തിരുമേനി ക്ഷമിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചു. നേരെ തിരുവനന്തപുരത്തെത്തി ഒരു പ്രയാസവുമില്ലാതെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പ്രശ്നങ്ങൾ തീർത്ത കാര്യം വിശദമായി മുഖ്യമന്ത്രിയെ അറിയിച്ചു. ഒരു കാര്യം കൂടി ചെയ്യേണ്ടതായിട്ടുണ്ട്. കേസുകളെല്ലാം അവസാനിപ്പിക്കാമെന്ന് ഞാൻ അവർക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അത് അങ്ങ് നടപ്പിലാക്കണം. അദ്ദേഹം വളരെ സന്തോഷവാനായി കണ്ടു. അടുത്ത ക്യാബിനറ്റിൽ ഇക്കാര്യം അറിയിച്ചുകൊണ്ട് എന്റെ പ്രവർത്തനങ്ങളെ മുഖ്യമന്ത്രി പ്രശംസിച്ചു.

## താസിലോപ്പതി സമരം

1956 നവംമ്പർ 1 തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ ചേർന്നാണ് കേരളസംസ്ഥാനം നിലവിൽ വന്നത്. തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് തിരുകൊച്ചി സംസ്ഥാനം നേരത്തേ രൂപീകരിച്ചിരുന്നു. മലബാർ പ്രദേശത്തേക്ക് ആതുരശുശ്രൂഷാ രംഗത്തെ നിയന്ത്രിക്കാനാവശ്യമായ നിയമം ഉണ്ടായിരുന്നില്ല. തിരുകൊച്ചി മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ് മലബാറിലേക്ക് കൂടി പ്രാബല്യത്തിൽ ഉള്ളതായി പരിഗണിച്ചു പോന്നു. മലബാറിലെ മലമ്പ്രദേശങ്ങളിൽ ആതുരശുശ്രൂഷ നടത്തിയിരുന്നത് വേണ്ടത്ര യോഗ്യതയില്ലാത്തവർ ആയിരുന്നു. ഞാൻ ആരോഗ്യമന്ത്രിയായി ചാർജ്ജെടുത്തു കഴിഞ്ഞപ്പോൾ ഇതൊരു ഗുരുതരമായ പ്രശ്നമായി എന്റെ മുന്നിൽ അവതരിപ്പിക്കപ്പെട്ടു. ഇത് പരിഹിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായാൻ പല കൂടിയാലോചനകളും നടത്തി. ലോ സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി, ഹെൽത്ത് സർവീസ് ഡയറക്ടർ മുതലായവരുടെ പല ചർച്ചായോഗങ്ങളും നടത്തി. പുതുതായൊരു ആരോഗ്യസംരക്ഷണനിയമം കൊണ്ടുവരണമെന്ന തീരുമാനമാണ് എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായത്. പരീക്ഷായോഗ്യതയുള്ളവരെ മാത്രം ചികിത്സിക്കാൻ അനുവദിച്ചാൽ മതിയെന്നും അല്ലാത്ത ആളുകളെ പ്രോസിക്യൂട്ട് ചെയ്യണമെന്നും ചിലർ നിർദ്ദേശിച്ചു. ശരിയായ യോഗ്യത ഇല്ലാത്ത ചില "ഡോക്ടർ" മാരുടെ പേരിലെടുത്ത കേസുകൾ നിയമത്തിന്റെ പോരായ്മ കൊണ്ട് വിട്ടുപോവുകയാണ് ഉണ്ടായത്. അതിൽ ഒരു കേസ് വിട്ടുപോകാൻ കാരണമായി കോടതി ചൂണ്ടിക്കാട്ടിയത് കഴിഞ്ഞ 20 കൊല്ലമായി അലോപ്പതി ചികിൽസ നടത്തുന്ന ആളായതുകൊണ്ടും അത് അയാളുടെ ഉപജീവനമാർഗ്ഗമായതിനാലും അയാളുടെ തൊഴിലിന് തടസ്സമുണ്ടാക്കാൻ കോടതി ഇഷ്ടപ്പെട്ടില്ല. പുതിയ നിയമനിർമാണത്തിന്റെ വാർത്ത പുറത്തായപ്പോൾ, Unqualified medical practitioners ന്റെ സംഘടന രംഗത്ത് എത്തി. അവർക്കും കൂടി ചികിത്സിക്കാൻ



malankaralibrary.com

അവസരം ലഭ്യമാക്കണമെന്ന ആവശ്യം ഉയർന്നു. ചില രാഷ്ട്രീയ കേന്ദ്രങ്ങളിൽനിന്നും ഇവർക്ക് അനുകൂലമായ അഭിപ്രായങ്ങൾ ഉയർന്നു വന്നു. Qualified medical practitioners ഒരുതരത്തിലും ആദ്യം പറഞ്ഞ വിഭാഗത്തെ ചികിൽസിക്കാൻ അനുവദിക്കാൻ പാടില്ല എന്ന് ശക്തിയായി വാദിച്ചു. ആയുർവേദ രംഗത്താണെങ്കിൽ പാരമ്പര്യ ചികിൽസ പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയുമാണ്. മെഡിക്കൽ കോളേജുകളും ആയുർവേദ കോളേജുകളും ഇല്ലാതിരുന്ന കാലത്ത് ചികിൽസ നടത്തിയിരുന്നവരുടെ കൂടെ നിന്ന് ചികിൽസ പഠിച്ചവരാണെന്നും അങ്ങനെയുള്ളവരുടെ പ്രായോഗിക അറിവും അനുഭവസമ്പത്തും നല്ല രീതിയിൽ രോഗികളെ ശുശ്രൂഷിക്കാൻ അവർക്ക് കഴിയുമെന്ന് അവകാശവാദവും ഉന്നയിച്ചു. ആയുർവേദരംഗത്ത് തലമുറകളായി വിജയകരമായി ചികിൽസ നടത്തിയിരുന്ന പാരമ്പര്യ വൈദ്യൻമാരും ഉണ്ടായിരുന്നു. അവരുടെ വൈദ്യശാലകൾ മെഡിക്കൽ കോളേജുകൾ പോലെ ആയിരുന്നു. അവിടെ സഹായികളായി വരുന്നവർക്ക് തിയററിയും പ്രാക്ടിക്കലും ഉൾപ്പെടെയുള്ള പഠന കളരികൾ അത്തരം സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നതായി ഇതേപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ടവർ വിവരം നൽകിയിട്ടുണ്ട്. അനുകൂലിച്ചും പ്രതികൂലിച്ചും മെമ്മോറാണ്ടങ്ങളും പ്രമേയങ്ങളും പ്രകടനങ്ങളും ഒരു നിത്യസംഭവമായി മാറി.ഒരു കരട് ബില്ല് എഴുതിയുണ്ടാക്കാൻ ചിലരെ ചുമതലപ്പെടുത്തി. ദീർഘനാളത്തെ പരിശ്രമത്തിന്റെ ഫലമായി ക്രോഡീകരിച്ച കരട് ബില്ല് പഠനത്തിനായി പ്രസിദ്ധീകരിച്ചു. അതിൽ ഉണ്ടായിരുന്ന ചില വകുപ്പുകൾ നിശിത വിമർശനത്തിന് ഇടയാക്കി. യോഗ്യത ഇല്ലാതെ ചികിൽസിച്ചിരുന്ന ആളുകളെ തുടർന്നും ചികിൽസിക്കാൻ അനുവദിക്കണമെന്ന് അപേക്ഷ നൽകുമ്പോൾ, കഴിഞ്ഞ 20 കൊല്ലക്കാലമായി ചികിൽസ നടത്തുന്നയാളാണ് അപേക്ഷകൻ എന്ന് തെളിയിക്കാൻ തഹസീൽദാരുടെ സർട്ടിഫിക്കറ്റുംകൂടി ഹാജരാക്കേണ്ടതാണ്. ഈ ബിൽ നിയമമാകുന്നതിന് തുരങ്കം വയ്ക്കാൻ ചില കുബുദ്ധികൾ ഒരു പ്രചരണം നടത്തി. ചികിൽസിക്കാൻ യോഗ്യതയില്ലാത്തവരും തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരായി അംഗീകരിച്ച് രേഖകളും കൊടുത്ത് ഗവൺമെന്റ് സർവീസിൽ അവർക്ക് പ്രവേശനം കൊടുക്കുമെന്നായിരുന്നു പ്രചരണം. മെഡിക്കൽ കോളേജിലേയും ആയുർവേദ കോളേജിലെയും വിദ്യാർത്ഥികൾക്കിടയിൽ ആ പ്രശ്നം ഒരു കൊടുങ്കാറ്റ് തന്നെ സൃഷ്ടിച്ചു. തെരുവീഥികൾ വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ കൊണ്ട് ശബ്ദായമാനമായി. രാവിലേയും വൈകുന്നേരവും മെഡിക്കൽ കോളേജിന്റേയും ആയുർവേദകോളേജിന്റേയും പരിസരങ്ങൾ പ്രകടനങ്ങളുടെ വേദിയായി മാറി. Qualified doctors Association, Kerala Government Medical Officers Association മുതലായ സംഘടനകൾ സമരരംഗത്ത് ഇറങ്ങിയതോടെ എനിക്ക് ഇരിക്കപ്പൊറുതിയില്ലാതെയായി. അപ്പോഴാണ് രസകരമായ ഒരു വാർത്ത അറിയുന്നത്. സംസ്ഥാനമാകെ നടക്കുന്ന സമരത്തിന്



malankaralibrary.com



ഒരു പേരുണ്ടായി. തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രോഗികളെ ചികിൽസിക്കാൻ യോഗ്യത നേടുന്ന സമ്പ്രദായത്തിന് താസി ലോപ്പതി എന്ന ഒരു പേരിട്ടു. ഞങ്ങളുടെ സമരം താസിലോപ്പതി സമരം എന്നാണ് വിദ്യാർത്ഥികൾ വിളിച്ചു പറയുന്നത്.

ഒരു ദിവസം ഞാൻ ഓഫീസിലെത്തിയപ്പോൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് വിദ്യാർത്ഥികൾ ആരോഗ്യമന്ത്രിക്കെതിരായി മുദ്രാവാക്യം വിളിച്ചുകൊണ്ടു പോകുന്നു എന്ന് ഒരാൾ പറഞ്ഞു. നേരത്തേ എന്റെ ഓഫീസിൽ കിട്ടിയ വിവരത്തിൽ (പോലീസ് റിപ്പോർട്ട്) കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജിലേയും വിദ്യാർത്ഥികൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രകടനമായി സെക്രട്ടറിയേറ്റിനു മുമ്പിൽ ധർണ്ണ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നായിരുന്നു. പ്രൈവറ്റ് സെക്രട്ടറി വന്ന് വിദ്യാർത്ഥികൾ മുഴക്കിയ മുദ്രാവാക്യങ്ങൾ ചിലത്

'താസിലോപ്പതി വേണ്ട വേണ്ട'
'Down down Wellingdon'
'Wellingdon മൂർദ്ദാബാദ്'
'വിദ്യാർത്ഥി ഐക്യം സിന്ദാബാദ്'
'തോറ്റിട്ടില്ല തോറ്റിട്ടില്ല'
'വിദ്യാർത്ഥി സമരം തോറ്റിട്ടില്ല'.....

സെക്രട്ടറിയേറ്റിന് വടക്കുപടിഞ്ഞാറേ ഗേറ്റിനു മുന്നിലാണ് അവർ ധർണ്ണ നടത്തുന്നതെന്ന് പ്രൈവറ്റ് സെക്രട്ടറി പറഞ്ഞു. മുദ്രാവാക്യം വിളികൾ എന്റെ ഓഫീസിലും കേൾക്കാമായിരുന്നു.

"സമരം ചെയ്യുന്ന നമ്മുടെ കുട്ടികളെ ഒന്ന് പോയി കാണണ്ടേ" എന്നു ഞാൻ ചോദിച്ചപ്പോൾ വേണ്ടെന്നായിരുന്നു പ്രൈവറ്റ് സെക്രട്ടറിയുടെ മറുപടി. " ഞാൻ സമരരംഗത്തേക്ക് പോവുകയാണ് തനിക്ക് പേടിയാണെങ്കിൽ വരണ്ട" ഞാൻ ലിഫ്റ്റിൽ കയറിയപ്പോൾ പ്രൈവറ്റ് സെക്രട്ടറി ഓടിവന്ന് കയറി. ഞാനും പ്രൈവറ്റ് സെക്രട്ടറിയും നടന്നുപോകുന്നത് കണ്ട് പലരും പിറകേ ഓടി. ആരോഗ്യമന്ത്രിയെക്കണ്ടപ്പോൾ വിദ്യാർത്ഥികളുടെ മുദ്രാവാക്യത്തിന് ശക്തി വർദ്ധിച്ചു. ഗേറ്റ് പൂട്ടി സായുധ പോലീസ് വരിവരിയായി നിൽക്കുകയായിരുന്നു. ആരോ ഒരു കസേര കൊണ്ടു വന്നു. ഗേറ്റിനടുത്തേക്ക് നടന്ന് ചെന്ന് ഗേറ്റ് തുറക്കാൻ ആവശ്യപ്പെട്ടു. പോലീസ് സൂപ്രണ്ട് അതിന്റെ അപകടം ചൂണ്ടിക്കാട്ടി. ഞാൻ തന്നെ ഗേറ്റ് പതുക്കെ തുറന്നു. അപ്പോഴേക്കും പോലീസുകാർ സഹായിച്ചു. ഗേറ്റിൽ തന്നെ കസേരയിട്ടിരുന്ന് മുദ്രാവാക്യം ശ്രദ്ധിച്ചു. മുദ്രാവാക്യങ്ങളുടെ ശക്തി കുറഞ്ഞപ്പോൾ ആരെങ്കിലും ഒരാൾ സമര കാരണങ്ങൾ വിശദീകരിക്കാൻ ഞാൻ ഉറക്കെ പറഞ്ഞു. സുന്ദരനായ ഒരു യുവാവ് മുന്നോട്ട് വന്നു. മെഡിക്കൽ കോളേജ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ പ്രസിഡന്റായിരുന്നു അത്. ആവേശകരമായ പ്രസംഗ



malankaralibrary.com

ത്തിൽ ഓരോ വാചകവും കഴിയുമ്പോഴും കുട്ടികളുടെ വികാരപ്രകടനങ്ങൾ ഉണ്ടായിരുന്നു. അടുത്തയാൾ പ്രസംഗിക്കാൻ തുടങ്ങയപ്പോൾ എന്റെ വിശദീകരണം കേൾക്കണോ ? എന്ന് ഞാൻ ചോദിച്ചു. കേൾക്കണം, കേൾക്കണം താസിലോപ്പതി വേണ്ടേ വേണ്ട. മുന്നോട്ട നീങ്ങി വിദ്യാർത്ഥി കളുടെ അടുത്തേക്ക് ചെന്നു. ഇരിക്കാൻ കൈകൊണ്ട് ആംഗ്യം കാണി ച്ചപ്പോൾ മുന്നിൽ നിന്നവരൊക്കെ ഇരുന്നു. (സദസ്സിന്റെ രീതി മന സ്സിലാക്കാൻ വേണ്ടിയാണ് ഞാൻ അങ്ങനെ ചെയ്തത്).

വിദ്യാർത്ഥികളുടെ വികാരം ഗവണ്മെന്റ് മനസ്സിലാക്കുന്നുണ്ടെന്നും ന്യായമായ കാര്യങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളോട് വ്യക്തിപരമായി എനി ക്കെതിർപ്പില്ലെന്നും ഒരുപാട് സമരം നയിച്ച ആൾ എന്ന നിലയിൽ വിദ്യാർത്ഥി കളുടെ ഈ സമരത്തോട് എനിക്ക് അനുഭാവമുണ്ടെന്നും പറഞ്ഞപ്പോൾ കുട്ടികൾക്ക് അത്ഭുതം തോന്നി. ഈ നിയമം നിർമ്മിക്കാനുണ്ടായ പശ്ചാ ത്തലം വിശദീകരിച്ചു പറഞ്ഞു. Kerala Government Medical Officers Association (K.G.M.O.A) പ്രമേയത്തിലൂടെയും നിവേദനത്തിലൂടെയും ആവ ശ്യപ്പെട്ടിരുന്നു എന്നു ചൂണ്ടിക്കാട്ടി നിയമത്തിന്റെ അഭാവത്തിൽ യോഗ്യത യില്ലാത്തവർ കൈകാര്യം ചെയ്ത പലരും മരിക്കാനിടയാക്കിയ കാര്യവും ഞാൻ സൂചിപ്പിച്ചു. ആരോഗ്യസംരക്ഷണ രംഗത്ത് ചികിത്സിച്ചിരുന്നവർ ഡിഗ്രി നേടിയവർ ആയിരുന്നില്ലല്ലോ? കോളേജുകളും ഡിഗ്രിയും ഒക്കെ വന്ന പ്പോൾ അത്തരം ആളുകളെ പാടെ നിരോധിക്കാതെ റഗുലറൈസ് ചെയ്യുക യാണുണ്ടായത്. ഇപ്പോൾ യോഗ്യതയില്ലാത്തവർ (Rural Medical Practioners (RMP) എന്നു പേരിനോടൊപ്പം എഴുതിവയ്ക്കുന്നുണ്ട്. വേറെ ചിലർ unregistered എന്നു ചെറിയ അക്ഷരത്തിലും Medical Practioner എന്നു വലിയ അക്ഷരത്തിൽ എഴുതി വച്ചുമാണ് സ്ഥാപനങ്ങൾ നടത്തുന്നത്. അത്തരം ചികിത്സ നടത്തുന്ന ആളുകളിൽ യോഗ്യതയില്ലാത്തവരെ നിരോ ധിക്കാൻ നിയമത്തിന് കഴിയില്ല. വളരെ പഠനങ്ങൾക്കും ആലോചനകൾക്കും ശേഷമാണ് കരട് ബില്ല് എഴുതിയുണ്ടാക്കിയത്. അതിലെ ഒരു ഭാഗം നിങ്ങൾ ശക്തമായി എതിർക്കുന്നുവെന്ന് എനിക്കറിയാം. ഇങ്ങനെ പ്രാക്ടീസ് ചെയ്യുന്ന യോഗ്യതയില്ലാത്ത ആളുകൾ ചികിത്സിക്കാൻ അനുവദിക്കണമെന്ന അപേക്ഷ നൽകിയാൽ പരിശോധിച്ച് യോഗ്യതയുണ്ടെന്നു കാണുന്നവരെ മാത്രം ചികിത്സിക്കാൻ അനുവദിക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്ന ത്. അങ്ങനെ അപേക്ഷിക്കുമ്പോൾ വളരെക്കാലമായി ചികിത്സ നടത്തുന്ന ആളാണ് എന്നു തെളിയിക്കാൻ ഏറ്റവും ചുരുങ്ങിയത് തഹസീൽദാറുടെ എങ്കിലും സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർദ്ദേശമുണ്ട്. ഇത്രയൊക്കെ വിശദീകരിച്ചിട്ടും കുട്ടികളുടെ മുഖത്തെ ഉൽക്കണ്ഠ മാറിയിരിന്നില്ല. ഇങ്ങനെ അപേക്ഷ സ്വീകരിച്ച് യോഗ്യരാണ് എന്നു കാണുന്നവർക്ക് ചികിത്സിക്കാൻ അനുവാദം കൊടുത്താൽ അവർ ഗവൺമെന്റ് സർവീസിൽ കയറും എന്ന



malankaralibrary.com



താണ് നിങ്ങളുടെ ഉൽക്കണ്ഠയ്ക്ക് കാരണമെന്നു ഞാൻ പറഞ്ഞപ്പോൾ "അതാണു കാര്യം, അതാണ് പ്രശ്നം" താസിലോപ്പതി വേണ്ടേ വേണ്ടേ മുദ്രാവാക്യങ്ങൾ ഉയർന്നു. അലോപ്പതി, ഹോമിയോപ്പതി എന്നൊക്കെ പറയും പോലെ തഹസിൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കാൻ യോഗ്യത തേടുന്നവരെ താസിലോപ്പതിക്കാർ എന്നല്ലേ നിങ്ങൾ പേരിട്ടിരിക്കുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ അതേ എന്നായിരുന്നു അവരുടെ മറുപടി. ഇനി ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കൂ. രംഗം നിശബ്ദമായി. നിങ്ങൾ ഭയക്കുന്നതു പോലെ ഇത്തരം യോഗ്യത നേടുന്ന ആളുകളെ ഒരിക്കലും ഗവൺമെന്റ് സർവീസിൽ പ്രവേശിപ്പിക്കില്ല എന്ന എന്റെ പ്രഖ്യാപനം വിദ്യാർത്ഥികൾ ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്. ചിലർ വെല്ലിംഗ്ടൺ സിന്ദാബാദ് എന്നു വിളിച്ചു. എന്റെ പ്രസംഗം തീർന്നപ്പോൾ വിദ്യാർത്ഥികളുടെ ഭീതിയും ഉൽക്കണ്ഠയും അവസാനിപ്പിക്കത്തക്ക രീതിയിൽ കാര്യങ്ങൾ വിശദീകരിച്ച് ധീരമായി പ്രഖ്യാപനം നടത്തിയ മന്ത്രിക്ക് നന്ദി രേഖപ്പെടുത്തി.

സംഘർഷാത്മകമായിരുന്ന അന്തരീക്ഷം സൗഹൃദരംഗമായി മാറി. വെയിലത്തു നിങ്ങൾ നടന്നു പോകണ്ട. മെഡിക്കൽ കോളേജിലെ 4 ബസ്സുകൾ നിങ്ങളെ കൊണ്ടുപോകാൻ എത്തുമെന്നറിഞ്ഞ കുട്ടികൾ തുള്ളിച്ചാടി. തടിച്ചു കൂടിയിരുന്ന ജനങ്ങളും പോലീസുകരും മന്ത്രിക്കെതിരായി മുദ്രാവാക്യം വിളിച്ച കുട്ടികൾ അതേ മന്ത്രിയെ അനുകൂലിച്ച് മുദ്രാവാക്യം വിളിക്കുന്നത് ആദ്യമായിട്ടാണ് കാണുന്നത്. ബസ്സുകൾ എത്തുന്നതുവരെ ഞാൻ അവിടെ ഇരുന്നു. സന്തോഷത്തോടെ അവർ ബസ്സിൽ കയറി കഴിഞ്ഞപ്പോൾ ഞാൻ തിരികെ എന്റെ ഓഫീസിലേക്ക് മടങ്ങി.

താസിലോപ്പതി രംഗത്ത് നേതൃത്വനിരയിലുണ്ടായിരുന്ന 2 പേരെ ഈയിടെ കാണാനും പരിചയം പുതുക്കാനും പരസ്പരം കൂടുതൽ മനസ്സിലാക്കാനും ഇടയായി. ഒരാൾ ഡോ. എസ്.ഡി.സിംഗ് ആണ്. അദ്ദേഹം എറണാകുളത്ത് വളരെ മഹനീയമായ ഒരു സേവനം നിർവ്വഹിക്കുന്നുണ്ട്. പോലീസ് ക്രൂരതകൾക്ക് വിധേയരാകുന്ന (പ്രത്യേകിച്ചും ലോക്കപ്പിൽ വച്ച്) ആളുകൾക്ക് സഹായം നൽകാനും കേസ് നടത്തുന്നതിന് നിയമോപദേശം ലഭ്യമാക്കുന്നതിനും വേണ്ട സഹായങ്ങൾ എത്തിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നു. അവരുടെ സംഘടനകളുടെ എറണാകുളം ജില്ലയിലെ ഡോക്ടർമാർക്ക് വേണ്ടിയുള്ള ഒരു ശിൽപ്പശാല ഉദ്ഘാടനം ചെയ്യുന്നതിന് എന്നെ ക്ഷണിക്കാൻ വന്നു. താസിലോപ്പതി സമരം നടത്തിയ സംഘടനയുടെ പ്രസിഡന്റായിരുന്നു അദ്ദേഹം. ബി. എ പാസായതിനുശേഷം എം.ബി.ബി എസിന് ചേർന്ന ആളെന്ന നിലയിൽ പ്രായവും പക്വതയും അറിവും സമരസംഘടനയെ നയിക്കാനുള്ള തന്റേടവും ഒത്തുചേർന്ന് ഒരാളിൽ കണ്ടപ്പോൾ വിദ്യാർത്ഥികൾ അദ്ദേഹത്തെ പ്രസിഡന്റാക്കുകയായിരുന്നു.



malankaralibrary.com

സെക്രട്ടറിയേറ്റ് നടയിൽ അദ്ദേഹത്തിന്റെ പ്രസംഗം ആവേശകരമായിരുന്നു. ഞങ്ങൾ തമ്മിൽ പരിചയക്കുറുണ്ടായിരുന്നതിനാൽ കേരളശബ്ദം, നാന മുതലായ പ്രസിദ്ധീകരണങ്ങൾ നടത്തുന്ന ഡോ. രാജാകൃഷ്ണനേയും കൂട്ടി കൊണ്ടു വന്നിരുന്നു. മെഡിക്കൽ കോളേജിൽ അവർ സഹപാഠികളായിരുന്നു. താസിലോപ്പതി രംഗത്ത് അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഡോ.സിംഗ്മായി വന്നപ്പോഴാണ് പഴയ കാര്യങ്ങൾ വിശദീകരിച്ചത്. കേരളശബ്ദത്തിൽ കുറെ കൊല്ലങ്ങൾക്കു മുമ്പ് എന്നെപ്പറ്റി മുഖചിത്രം ഉൾപ്പെടെ വലിയ ഒരു ലേഖനം ഫോട്ടോകൾ സഹിതം പ്രസിദ്ധീകരിച്ചത് ഞാനോർക്കുന്നു. അന്ന് പൊതുരംഗത്ത് സജീവമായിരുന്നതിനാൽ അച്ചടിച്ച കോപ്പികൾ മുഴുവൻ തികയാതെ വന്നു എന്നാണ് കേട്ടത്. എറണാകുളത്തെ സെമിനാറിന് ഞാൻ സംബന്ധിക്കാമെന്നേറ്റു. എറണാകുളം ജില്ലയിലെ ഗവൺമെന്റ് സർവീസിൽ ഉള്ള ഡോക്ടർമാരുടെ സംഘടന അക്രമവിധേയരാവുന്ന രോഗികളെ സഹായിക്കാൻ ചെയ്യുന്ന ഃസവനങ്ങളെ ഡോ. സിംഗ് ആ യോഗത്തിൽ പ്രശംസിച്ചു. കൂടുതൽ സാങ്കേതികജ്ഞാനം ഡോക്ടർമാർക്ക് പോസ്റ്റ്മാർട്ടം നടത്തുമ്പോഴും അതിന്റെ റിപ്പോർട്ട് തയ്യാറാക്കുമ്പോഴും പരുക്കേറ്റവരുടെ മുറിവുകൾ പരിശോധിച്ച് രേഖപ്പെടുത്തുമ്പോഴും കോടതിയിൽ മൊഴി നൽകുമ്പോഴും വ്യക്തമായ ധാരണകളുടേയും പരിചയത്തിന്റേയും അഭാവം പലപ്പോഴും കേസ് ശിക്ഷിക്കുന്നതിന് തടസ്സമായി വരാറുണ്ട്. 2 ദിവസം നീണ്ടുനിന്ന പഠനകളരിയിൽ ഉദ്ഘാടന സമ്മേളനവും അത്താഴവിരുന്നും കഴിഞ്ഞ് എനിക്ക് പോകേണ്ടി വന്നു. എറണാകുളത്തെ സുപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ ബോൾഗാട്ടി പാലസിൽ വച്ചായിരുന്നു ആ സമ്മേളനം. താസിലോപ്പതി സമരം ഞാൻ കൈകാര്യം ചെയ്തതിൽ 4 പതിറ്റാണ്ടുകൾക്ക് ശേഷമാണെങ്കിലും ഡോ. സിംഗ് എന്നെ പ്രശംസിച്ചു.

## നിയമലംഘകനായ മന്ത്രി

കൽപ്പറ്റ നിയോജക മണ്ഡലം മലയുടെ മുകളിലും താഴെയുമായിട്ടാണ്. 6 പഞ്ചായത്ത് മുകളിലും 5 പഞ്ചായത്ത് താഴെയും കാലിക്കട്ട്-വയനാട് റോഡ് എന്റെ നിയോജകമണ്ഡലത്തെ രണ്ടായി പങ്കിട്ടുകൊണ്ടാണ് കടന്നുപോകുന്നത്. താഴെയുള്ള പഞ്ചായത്തുകളിൽ പടിഞ്ഞാറേ അറ്റത്തു സ്ഥിതി ചെയ്യുന്ന തിരുവമ്പാടി പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി ഒരു പുഴയാണ്. പുഴ വരെ അവസാനിക്കുന്ന ഒരു ബസ് എന്റെ മണ്ഡലത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷമാണ്. അവിടേയ്ക്കുള്ള റോഡ് പി. ഡബ്ല്യു.ഡി. മന്ത്രി സഖാവ് ടി.കെ. ദിവാകരൻ ഉദ്ഘാടനം ചെയ്യപ്പെടേണ്ട റൂട്ടിലൂടെ ഓടേണ്ട ബസിന്റെ ഉദ്ഘാടനം ആരോഗ്യമന്ത്രിയുമാണ് നിർവഹിക്കുന്നത്. മലബാർ യാത്രയിൽ ടി.കെ. ദിവാകരൻ അദ്ദേഹത്തിന്റെ കുടുംബത്തേയും കൊണ്ടുവന്നിട്ടുണ്ട്. വമ്പിച്ച ജനാവലി സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയിട്ടുണ്ട്. റോഡിന്റെ ഉദ്ഘാടനം ടി.കെ.ദിവാകരൻ നാട മുറിച്ചു



malankaralibrary.com





മന്ത്രി
ടി.കെ. ദിവാകരൻ

നിർവഹിച്ചപ്പോൾ പടക്കവും വെടിക്കെട്ടും ഹർഷാരവും അന്തരീക്ഷത്തെ മുഖരിതമാക്കി. പുതിയ വണ്ടി അലങ്കരിച്ചു നിർത്തിയിരിക്കുന്നതിനരികിലേക്ക് ഞങ്ങൾ നീങ്ങി. ബസിന്റെ ആദ്യത്തെ യാത്രയിൽ പങ്കെടുക്കാൻ നാട്ടുകാർ നിർബന്ധിച്ചു. ബസ് റൂട്ട് ഉദ്ഘാടനം ചെയ്യുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാനും ആദ്യ യാത്രയിൽ ചേരും എന്നാണവർ പ്രതീക്ഷിച്ചത്. വണ്ടിയുടെ മുമ്പിൽ വന്ന് നിന്ന് ബസിന്റെ പേര് നമ്പർ, റൂട്ടിന്റെ പേര് എന്നിവ എഴുതിയെടുത്തു കൊണ്ടിരുന്ന പത്രപ്രവർത്തകരോട് ബസ് റൂട്ട് എങ്ങനെയാണ് ഉദ്ഘാടനം ചെയ്യേണ്ടതെന്ന് ഞാൻ ചോദിച്ചു. രണ്ട് മൂന്ന് ഫോട്ടോഗ്രാഫർമാർ രംഗം ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു. അതിൽ ഒരാൾ " ആരോഗ്യമന്ത്രി ബസ് ഓടിച്ചു വേണം ഉദ്ഘാടനം ചെയ്യേണ്ടത്" എന്ന് പറഞ്ഞു. എല്ലാവരേയും നോക്കി ഞാൻ ഒന്നു ചിരിച്ചു. ഞാൻ ഒഴിഞ്ഞുമാറുമെന്നാണ് അവർ പ്രതീക്ഷിച്ചത്. ആകെ ഒന്നു നോക്കിയിട്ട്, നിങ്ങളുടെയൊക്കെ അഭിപ്രായം അങ്ങനെയാണെങ്കിൽ വണ്ടി ഓടിച്ചു തന്നെ ഉദ്ഘാടനം നിർവഹിക്കാം. നീണ്ടുനിന്ന കരഘോഷവും ആഹ്ളാദപ്രകടനവും. ക്യാമറകൾ തുടരെ കണ്ണു ചിമ്മി. ഞാൻ നടന്നു ഡ്രൈവർ കയറേണ്ട വഴിയിലൂടെ കയറാൻ ഒരുങ്ങിയപ്പോൾ രണ്ടു കൈയ്യും ഉപയോഗിച്ചെങ്കിലേ കയറാൻ സാധിക്കൂ എന്നെനിക്ക് ബോദ്ധ്യമായി. ഇടത്തേ കൈയ്യിൽ "ഹാഫ് എ കൊറോണ" എന്ന ചുരുട്ട് കുറച്ച് പുകവലിച്ചതിന്റെ ബാക്കിയുണ്ടായിരുന്നു. അത് കടിച്ചുപിടിച്ചുകൊണ്ടാണ് ഞാൻ വണ്ടിയിലേക്ക് കയറിയത്. ഈ രംഗം ആളുകൾക്ക് രസം പകർന്നു. സരസ്സനായ ഒരു പത്രപ്രവർത്തകൻ "Minister on wheels" എന്ന തലക്കെട്ടോടെ ഞങ്ങൾ ഇത് പത്രത്തിൽ കൊടുക്കും എന്നു പറഞ്ഞു. വണ്ടിയുടെ ഡ്രൈവർ എന്റെ പുറകിൽ വന്നുനിന്ന് ഞാൻ എന്തുചെയ്യുന്നുവെന്ന് സൂക്ഷിക്കുകയായിരുന്നു. വണ്ടിയുടെ ഗീയർ ന്യൂട്ടർ ചെയ്തിട്ട് സ്വിച്ച് ഓൺ ചെയ്തു. കാറിലാണെങ്കിൽ സ്വിച്ച് തന്നെയാണ് സ്റ്റാർട്ടർ. ബസിന്റെ സ്റ്റാർട്ടർ എവിടെയാണെന്നെനിക്കു മനസ്സിലായില്ല. ഡ്രൈവറോടു ചോദിച്ചപ്പോൾ അയാൾ അതെനിക്കു കാണിച്ചു തന്നു. ഞാൻ വണ്ടി സ്റ്റാർട്ട് ചെയ്തു. ഫസ്റ്റ് ഗീയർ ഇട്ട് വണ്ടി നീങ്ങാൻ തുടങ്ങിയപ്പോൾ "ഞങ്ങൾ കുടുംബം മുഴുവൻ ഈ വണ്ടിയിലുണ്ട് ഉദ്ഘാടനം ചെയ്യുമെന്നല്ലാതെ മന്ത്രി വണ്ടി ഓടിക്കും എന്നു കരുതിയില്ല". അവരുടെ മുഖത്ത് ഉൽക്കണ്ഠ പ്രകടമായി. വണ്ടി നീങ്ങിയപ്പോൾ ഉണ്ടായിരുന്നവരെല്ലാം ആഹ്ളാദം പ്രകടിപ്പിച്ചു. സൂക്ഷിച്ചു നോക്കി നിന്ന ഡ്രൈവർ "സാറിന് വണ്ടി ഓടിക്കാനറിയാം പേടിക്കാനൊന്നുമില്ല" എന്ന് ഉറക്കെ പറഞ്ഞു. ദിവാകരന്റെ ഭാര്യയ്ക്ക് ആശ്വാസമായി. റോഡ് അവസാനിക്കുന്ന സ്ഥലത്ത് ഇറങ്ങിയ ഞങ്ങൾക്ക് ലഘുഭ



malankaralibrary.com

ക്ഷണത്തോടെയുള്ള സ്വീകരണമാണ് ലഭിച്ചത്.

കണ്ണൂർ ജില്ലയിലെ പരിപാടികളിൽ പങ്കെടുക്കാൻ ഞാൻ യാത്രയായി. പിറ്റേദിവസം രാത്രി കോഴിക്കോട്ട് ഗസ്റ്റ് ഹൗസിലെത്തിയപ്പോൾ പത്രക്കാർ എന്റെ വരവിനെപ്പറ്റി അന്വേഷിച്ചിരുന്നുവെന്നും രാവിലെ 9 മണിക്ക് കാണണമെന്നും അറിയിച്ചിട്ടുണ്ടെന്ന് അവരെന്നോടു പറഞ്ഞു. കുളിച്ച് ആഹാരം കഴിഞ്ഞ് എത്തിയപ്പോൾ അടിയന്തിരഫയലുകൾ കൊണ്ടുവന്ന സ്പെഷ്യൽ മെസഞ്ചർ അത്യാവശ്യ കാര്യങ്ങളാണ് ഇന്നു തന്നെ ഒപ്പിട്ടു തന്നാൽ രാത്രി വണ്ടിക്ക് എനിക്ക് മടങ്ങിയെത്താം. പ്രൈവറ്റ് സെക്രട്ടറി ഇല്ലാതിരുന്നതിനാൽ ഞാൻ തന്നെ ഫയലുകൾ വായിക്കേണ്ടി വന്നു. അത്യാവശ്യമുള്ള 4 ഫയലുകൾ ഒപ്പിട്ട് അയാളുടെ കൈയ്യിൽ കൊടുത്തു വിട്ടു. ബാക്കി പിന്നെ നോക്കാം. ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയി. പ്രഭാത ഭക്ഷണം കഴിഞ്ഞ് പത്രക്കാരെ കാണാൻ സ്വീകരണമുറിയിലെത്തി. പതിവിൽ കൂടുതൽ ആളുകളെ കണ്ടപ്പോൾ എനിക്കും അദ്ഭുതം തോന്നി. കുശലപ്രശ്നങ്ങളും, പരിചയം പുതുക്കലും കഴിഞ്ഞ് നിങ്ങൾക്കെന്താണ് എന്നിൽ നിന്ന് അറിയേണ്ടത് എന്ന എന്റെ ചോദ്യം അവരെ നിശബ്ദരാക്കി. അവർ പരസ്പരം നോക്കിയിട്ട് നേരത്തെ നിശ്ചയിച്ചിരുന്നതുപോലെ ഒരാൾ എഴുന്നേറ്റ്, "മന്ത്രിമാർ പരസ്യമായി നിയമലംഘനം നടത്താമോ. പ്രതീക്ഷിക്കാത്ത ചോദ്യം. ചോദ്യകർത്താവ് എന്താണിദ്ദേശിക്കുന്നതെന്ന് പിടികിട്ടാതെ ഞാനും ഒന്നമ്പരന്നു. അദ്ദേഹം വിടില്ല. മാതൃകാപരമായി ജീവിക്കേണ്ട മന്ത്രിമാർ പരസ്യമായി നിയമലംഘനം നടത്തുന്നത് അനുവദിക്കാൻ പറ്റില്ല. കാര്യമെന്തെന്നു മനസ്സിലാക്കാതെ അമ്പരന്നിരിക്കുന്ന എന്നോട് ഇതേ രീതിയിലുള്ള ചോദ്യങ്ങൾ മറ്റാളുകളും ചോദിച്ചു. വ്യക്തമായി ഒരു കാര്യം ഉന്നയിക്കാതെ അത്തരത്തിൽ സംസാരം തുടർന്നാൽ എന്റെ യാത്ര വൈകുമല്ലോ എന്നു കരുതി. കാര്യമെന്താണ് എന്നു ആരെങ്കിലും വ്യക്തമായി പറയൂ എന്നു ഞാൻ ആവശ്യപ്പെട്ടപ്പോൾ ആദ്യം സംസാരം തുടങ്ങിയ ആൾ ഘനഗംഭിരസ്വരത്തിൽ ആരോഗ്യ മന്ത്രി പരസ്യമായി നിയമലംഘനം നടത്തിയിരിക്കുന്നു. പരസ്യമായി തന്നെ മാപ്പു പറയണം. ഞാൻ ചിരിച്ചു കൊണ്ട് നിങ്ങൾക്ക് ആളിനെ തെറ്റായതാവാം, ഈ മന്ത്രി അറിഞ്ഞു കൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല ഇനിയൊട്ട് ചെയ്യുകയുമില്ല. ദയവായി കാര്യം വ്യക്തമായി പറയണം, അൽപ്പനേരത്തെ മൗനത്തിനുശേഷം എന്നോടു സംസാരിച്ച ആൾ സദസ്സിലേക്ക് നോക്കി ഒരാളിന് എന്തോ നിർദ്ദേശം കൊടുത്തു. ഒരു പത്രം ഉയർത്തിപ്പിടിച്ചു കൊണ്ട് ഇതിൽ കൂടുതൽ തെളിവു വേണോ എന്നു ചോദിച്ചു. ഇൻഡ്യൻ എക്സ്പ്രസ്സിന്റെ മുൻ പേജ് എന്നല്ലാതെ കാര്യം മനസ്സിലാക്കുന്നതിനായി ഞാൻ പത്രം ആവശ്യപ്പെട്ടു. കൈമാറി പത്രം എന്റെ കൈയ്യിൽ എത്തി. ഉദ്ഘാടനം നിർവഹിച്ച ബസിന്റെ ഡ്രൈവിംഗ് സീറ്റിൽ ചുരുട്ടും കടിച്ചു പിടിച്ചു രണ്ടു കൈയ്യും സ്റ്റീയറിംഗിൽ പിടിച്ചു കൊണ്ടിരിക്കുന്ന എന്റെ ഫോട്ടോയും താഴെ Minister on the wheels എന്ന



malankaralibrary.com



കുറിപ്പും. തെളിവു ഹാജരാക്കിയിട്ടും മന്ത്രി തെറ്റ് സമ്മതിക്കാതിരിക്കുന്നത് പ്രതിഷേധാർഹമാണ്. Motor Vehicles Act ഞാനും നോക്കിയിട്ടുണ്ട്. ആ നിയമത്തിൽ പുകവലി അരുതെന്നല്ലാതെ ചുരുട്ടു കടിച്ചു പിടിക്കാൻ പാടില്ല എന്നു പറഞ്ഞിട്ടില്ലല്ലോ? രണ്ടു കൈയ്യും വണ്ടി ഓടിക്കാൻ ഉപയോഗിക്കേണ്ടി വന്നപ്പോൾ വിലയുള്ള ഒരു ചുരുട്ട് പകുതി പോലും ഉപയോഗിക്കാതെ എറിഞ്ഞു കളയാൻ പറ്റുമോ. ചാരത്തോട് ഇത് പോക്കറ്റിലിടാൻ വയ്യ. പുകയില്ലാത്ത ചുരുട്ട് കടിച്ചു പിടിച്ചാൽ അതെങ്ങനെ പുകവലി ആകും. നിങ്ങൾ സിഗററ്റ് ഉപയോഗിക്കുന്നവരായതിനാൽ ചുരുട്ടിന്റെ പ്രത്യേകത അറിയില്ല. ചുരുട്ട് ഉപയോഗിക്കുമ്പോൾ ഓരോ പ്രവശ്യവും അതു കത്തിക്കേണ്ടി വരുന്നു. അതു കൊണ്ടാണ് ഞാൻ ഈ ലൈറ്റർ കൊണ്ടു നടക്കുന്നത്. അവരെ ലൈറ്റർ കാണിച്ചു കൊണ്ട് ഞാൻ പറഞ്ഞു. ഞാൻ നേരത്തേ പറഞ്ഞല്ലോ ഈ മന്ത്രി അറിഞ്ഞു കൊണ്ട് ഒരു തെറ്റും ചെയ്യില്ല. യാതൊരു കാര്യവുമില്ലാതെ എന്റെ പേരിൽ കുറ്റം ആരോപിച്ചിട്ട് ഞാൻ മാപ്പു പറയണം എന്നാവശ്യപ്പെട്ടത് ശരിയാണോ? ഞാൻ നിർത്തിയിട്ട് എല്ലാപേരേയും ഒന്നു നോക്കി. "ക്ഷമിക്കണം സർ ഞങ്ങൾക്കു തെറ്റുപറ്റി. അവരുടെ ഖേദപ്രകടനം. സംഘർഷാത്മകമായ അന്തരീക്ഷം ആഹ്ലാദപരമാക്കി മാറ്റി. പത്രപ്രവർത്തകരുമായി കൂടുതൽ ബന്ധപ്പെടുന്നതിനും എന്നെ കൂടുതൽ മനസ്സിലാക്കുവാനും ഈ സംഭവം ഇടയാക്കി.

## കഥയറിയാതെ ആട്ടം കാണൽ

ശ്രീ. വി.വി. ഗിരി വൈസ് പ്രസിഡന്റ് ആയിരുന്ന കാലത്ത് ആയൂർവേദ ചികിൽസയ്ക്കായി കേരളത്തിൽ വരുന്നുവെന്നറിഞ്ഞു. അതിപ്രശസ്തമായ കോട്ടയ്ക്കൽ ആയൂർവേദ ചികിൽസാകേന്ദ്രത്തിലാണ് വരാൻ നിശ്ചയിച്ചത്. അവരുടെ വിശദവിവരങ്ങൾ മനസ്സിലാക്കിയതിനാലാണ് ഇന്ത്യയുടെ ഉപരാഷ്ട്രപതി 1 മാസത്തോളം നീണ്ടുനിൽക്കുന്ന ചികിൽസ നടത്താൻ ആ സ്ഥാപനം തെരഞ്ഞെടുത്തത്. എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തുന്ന സ്ഥാപനമാണെങ്കിലും ആരോഗ്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ചികിൽസയ്ക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്ത് കൊടുക്കാൻ ആയൂർവേദ ഡയറക്ടറേയും ചുമതലപ്പെടുത്തി. ചികിൽസ നടക്കുന്ന ഓരോ ദിവസത്തേയും കാര്യങ്ങൾ അറിയിക്കാൻ ഏർപ്പാടു ചെയ്തിരുന്നു. ഒരു ദിവസം ആര്യവൈദ്യശാലയുടെ അധിപൻ കാര്യങ്ങൾ വിശദീകരിച്ചതിനു ശേഷം ഉപരാഷ്ട്രപതിയുടെ ചികിൽസ കഴിഞ്ഞുള്ള പോക്ക് ഒരു ചടങ്ങാക്കി മാറ്റണമെന്നും അന്നു നടക്കുന്ന യാത്രയയപ്പ് സമ്മേളനത്തിൽ ഞാനും കൂടി സംബന്ധിക്കണമെന്നും ആവശ്യപ്പെട്ടു. ക്ഷണിക്കാതെ തന്നെ ചടങ്ങിൽ സംബന്ധിക്കണമെന്ന് ആഗ്രഹിച്ചിരുന്ന എനിക്ക് വളരെ സന്തോഷമായി. സമ്മേളനദിവസം ഞാൻ നേരത്തേ എത്തി. മുമ്പൊരിക്കൽ അവിടെ സന്ദർശിച്ചപ്പോൾ കാണാനാൻ കഴിയാതിരുന്ന മറ്റു വിഭാഗങ്ങൾ ഉള്ള സമയം കൊണ്ട്



malankaralibrary.com

നോക്കി കണ്ടു. അവിടുത്തെ മരുന്നു നിർമ്മാണശാല പ്രത്യേകം എന്റെ ശ്രദ്ധ ആകർഷിച്ചു. കൈകൊണ്ട് അരച്ചും ഇടിച്ചും മരുന്നുണ്ടാക്കിയിരുന്ന ഓർമ്മകൾ ഉള്ള എനിക്ക് വളരെ കൂടുതൽ മരുന്ന് യന്ത്രങ്ങളിൽ പൊടിക്കാനും അരക്കാനും ഉപയോഗിക്കുന്നതു കണ്ടപ്പോൾ അദ്ഭുതം തോന്നി. ഒരു വലിയ വ്യവസായശാല കാണാനെത്തിയ പ്രതീതിയാണ് എനിക്കുണ്ടായത്. മരുന്നുണ്ടാക്കാൻ ആവശ്യമായ പച്ചമരുന്ന് അവരുടെ തോട്ടത്തിൽ തന്നെ കൃഷി ചെയ്യുന്നു എന്നത് ഒരു പ്രത്യേകതയായി വിശദീകരിക്കപ്പെട്ടു. ആയുർവേദമരുന്നുകളിൽ പലതിലും ഉപയോഗിക്കേണ്ട കുറുന്തോട്ടി പോലും ആവശ്യത്തിനു കിട്ടാനില്ലാത്ത അവസ്ഥായായിരുന്നു. തമിഴ്നാട്ടിൽ നിന്നു ഇറക്കുമതി ചെയ്യുമ്പോൾ കുറുന്തോട്ടി അല്ലാത്ത മറ്റുചെടികളും കലർത്തിവരുന്നത് മരുന്നിന്റെ ഫലം കുറയ്ക്കുകയോ വിപരീതഫലം ഉണ്ടാക്കുകയോ ചെയ്യുമെന്നതിനാലാണ് അവിടെ തന്നെ കൃഷി ചെയ്യാൻ തീരുമാനിച്ചത്. കേരളത്തിലെ കൂലിച്ചെലവ് കണക്കാക്കുമ്പോൾഅന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നത് ലാഭകരമാണെങ്കിലും മരുന്നിന്റെ ഗുണനിലവാരം ഓർത്ത് അങ്ങനെ ചെയ്യുന്നതിൽ ഞാൻ അവരെ പ്രശംസിച്ചു. കോട്ടയ്ക്കൽ സ്ഥാപന ഉടമകൾക്ക് ഇതൊരു വ്യവസായമല്ല മറിച്ച് ഇതൊരു മഹനീയ ജനസേവനമാണ്. ചായസൽക്കാരത്തിന്റെ സമയമായി എന്നറിയിച്ചപ്പോൾ വേഗം ഞാൻ അവിടെ എത്തി. പ്രമുഖരായ പലരേയും ചായസൽക്കാരത്തിനു ക്ഷണിച്ചിരുന്നു. പരിചയം പുതുക്കലിനും ശേഷം ചില പ്രമുഖ വ്യക്തികളെ ഉപരാഷ്ട്രപതിക്ക് പരിചയപ്പെടുത്തി. വിഭവസമൃദ്ധമായ ചായ സൽക്കാരം കഴിഞ്ഞ് ആയൂർവേദ വിദ്യാർത്ഥികളടക്കം വമ്പിച്ച സദസ്സ് ഹാളിൽ ഉണ്ടായിരുന്നു. ഉപരാഷ്ട്രപതിക്ക് മംഗളപത്രം സമർപ്പിക്കപ്പെട്ടു. എന്റെ പ്രസംഗത്തിൽ കോട്ടയ്ക്കൽ ആയൂർവേദസ്ഥാപനത്തിന്റെ ചരിത്രത്തിൽ വൈസ് പ്രസിഡന്റ് ചികിത്സയും അവിടുത്തെ താമസവും തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണെന്ന എന്റെ പ്രഖ്യാപനം സദസ്യർ ഹർഷാരവത്തോടെ സ്വീകരിച്ചു. സമ്മേളനത്തിനു ശേഷം ഉപരാഷ്ട്രപതിയുടെ ആഗ്രഹപ്രകാരം കേരളത്തിന്റെ അഭിമാനകലയായ കഥകളി ഉണ്ടെന്നറിയിച്ചു. കഥകളി ആരംഭിക്കാനുള്ള സജ്ജീകരണങ്ങൾ നടക്കുമ്പോൾ വൈസ് പ്രസിഡന്റും, ഞാനും മുൻനിരയിൽ ചെന്നിരുന്നു. ഞാൻ എഴുന്നേറ്റ് തിരിഞ്ഞു നോക്കിയപ്പോൾ ചെറിയൊരു സദസ്സേ ഉണ്ടായിരുന്നുള്ളു. രണ്ട് രംഗങ്ങളാണ് അവതരിപ്പിക്കുന്നതെന്ന് നേരത്തേ അറിഞ്ഞിരുന്നു. പരിചയസമ്പന്നരായ കലാകാരന്മാർ അവരുടെ പാടവം രംഗത്തവതരിപ്പിച്ചു. ഒന്നും മനസ്സിലാവാതെയാണ് ഞാൻ നോക്കിയിരുന്നത്. ആദ്യ രംഗം തീർന്നപ്പോൾ ഉപരാഷ്ട്രപതി ഹാ!ഹാ!ഹാ................ It is excellent എന്നുറക്കെ പ്രഖ്യാപിച്ചു. അദ്ദേഹത്തിനും ഒന്നും മനസ്സിലായിക്കാണാനിടയില്ല എന്ന ഊഹം വച്ചു കൊണ്ട് "could you follow what it was"ഞാൻ ചോദിച്ചു. "No, No, No Even then it was excellent'ഹാ!ഹാ!ഹാ! എന്നുറക്കെ ചിരി. ഞാൻ



malankaralibrary.com



പുറകോട്ട് തിരിഞ്ഞ് വാര്യരെ എന്നുറക്കെ വിളിച്ചു. പുറകിൽ നിന്ന് എന്താണ് സാർ എന്നദ്ദേഹം ചോദിച്ചു. "നമ്മുടെ V.V.I..P കഥയറിയാതെ ആട്ടം കാണുകയാണെന്ന് പറഞ്ഞുനിർത്തിയപ്പോൾ സദസ്സ് ഒന്നടങ്കം ചിരിക്കുകയും പ്രതികരിക്കുകയും ചെയ്തു. Vice President എന്റെ നേരെ തിരിഞ്ഞ് "How could you make them laugh with a single sentence"അദ്ദേഹത്തിന്റെ പ്രതികരണം. എന്റെ മറുപടി അപ്പോഴും അദ്ദേഹത്തിന്റെ ഹാ!ഹാ!ഹാ! ശബ്ദം മുഴങ്ങി. പുറകോട്ടു തിരഞ്ഞ് ഞാൻ വാര്യരെ വിളിച്ചു. എന്തു വേണം സാർ മറുപടി. ഒന്നിങ്ങു വരൂ. അടുത്തു വന്ന അദ്ദേഹത്തോട് ഞങ്ങളുടെ പുറകിൽ ഇരിക്കാൻ നിർദ്ദേശിച്ചു. കഴിഞ്ഞ രംഗം എന്തായിരുന്നു എന്നു ചോദിച്ചപ്പോൾ പൂതനാമോക്ഷം എന്നമറുപടി എന്നിൽ കൗതുകം ഉണർത്തി. അവതരിപ്പിച്ച ഓരോ രംഗങ്ങളുടെയും അർത്ഥം എന്റെ മുന്നിൽ തെളിഞ്ഞു വന്നു. അടുത്ത രംഗം കീചകവധമാണെന്ന് വാര്യർ വിശദീകരിച്ചു. അവിടെ ഇരുന്നു അപ്പോഴേക്കും കീചകൻ രംഗത്തെത്തി. അട്ടഹാസവും വേദി വിറപ്പിച്ചു കൊണ്ടുള്ള ചലനങ്ങളും വിസമയത്തോടെ ഞാൻ നോക്കിയിരുന്നു. വാര്യരുടെ വിശദീകരണം ആസ്വാദനം മധുരതരമാക്കി. എല്ലാം കഴിഞ്ഞ്. യാത്രാമംഗങ്ങളും നേർന്ന് കഥയറിയാതെ ആട്ടം കാണുക എന്ന പ്രയോഗത്തിന്റെ അർത്ഥവും രസവും ഞാൻ നല്ല പോലെ ആസ്വദിച്ചു.

## തേവര സമരം

മന്ത്രിയായിരിക്കുമ്പോൾ ഞാൻ പഠിച്ച തേവര കോളേജിൽ ഒരു സമരമുണ്ടായി. തേവര കോളേജിനെ പറ്റി എന്റെ കോളേജ് എന്നാണ് ഞാൻ പറയാറുള്ളത്. 2500 ഓളം കുട്ടികൾ പഠിക്കുന്ന ആ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പായിരുന്നു സമരത്തിനു പ്രധാന കാരണം. കോളേജ് യൂണിയനിലേക്ക് ഓരോ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് യൂണിയൻ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. ക്ലാസ്സ് പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം മാറ്റി നേരിട്ട് ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന രീതി വേണമെന്ന് വിദ്യാർത്ഥികളും, ഒരിക്കലും അതനുവദിച്ച് കൊടുക്കില്ലെന്ന് മാനേജ്മെന്റും കടുത്ത നിലപാടിലായി. പ്രശ്നം തീർക്കാനുള്ള വിദ്യാഭ്യാസമന്ത്രിയുടെ ശ്രമങ്ങൾ പൊളിഞ്ഞു. വ്യവസായ മന്ത്രി ശ്രീ. ടി.വി തോമസും പരിശ്രമിച്ചു നോക്കി ഫലമുണ്ടായില്ല. ആംഗ്ലോ ഇന്ത്യൻ എം.എൽ.എ എസ്.പി ലൂയിസ് (അദ്ദേഹം തേവരയാണ് താമസിച്ചിരുന്നത്) കോളേജുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ആളാണ്. അദ്ദേഹവും തന്റെ സ്വാധീനം ഉപയോഗിച്ച് വിദ്യാർത്ഥി നേതാക്കളുമായും, മാനേജുമെന്റു പ്രതിനിധികളുമായും പലവട്ടം ചർച്ച നടത്തി ഫലമുണ്ടായില്ല. സമരത്തിൽ നിന്ന് വിദ്യാർത്ഥികൾ പിന്മാറിയില്ലെങ്കിൽ കോളേജ് എന്നന്നേയ്ക്കുമായി അടയ്ക്കുമെന്നും അവിടെ ഒരു ആശുപത്രി ഉണ്ടാക്കുമെന്നും മാനേജ്മെന്റ് പ്രഖ്യാപിച്ചു. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ തേവര



malankaralibrary.com

കോളേജിലെ ഒരു പൂർവ വിദ്യാർത്ഥിയായ എന്റെയടുക്കൽ എന്നെ പഠിപ്പിച്ചിരുന്ന ചില പ്രൊഫസർമാരും, പ്രൊഫസ്സർ മാത്യു ഉലകംതറ ഉൾപ്പെടെയുള്ളവർ എറണാകുളം ഗസ്റ്റ്ഹൗസിൽ വന്ന് കാര്യങ്ങൾ വിശദമായി അവതരിപ്പിച്ച് സമരം തീർത്തു കൊടുക്കണമെന്നെന്നോട് അഭ്യർത്ഥിച്ചു. മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ ഞാൻ ഇടപെടാം എന്നു മറുപടി നൽകി അവരെ തിരിച്ചയച്ചു. അതോടൊപ്പം വിദ്യാർത്ഥിനേതാക്കളും എന്നെ വന്നു കണ്ടു. വളരെ ക്ഷമയോടു കൂടി അവർ പറയുന്നതെല്ലാം കേട്ടു. അവസാനം ഞാൻ അവരോടു ചോദിച്ചു. ഡയറക്ട് ഇലക്ഷൻ വേണമെന്ന നിങ്ങളുടെ നിലപാടാണല്ലോ പ്രശ്നം കീറാമുട്ടിയായിരിക്കുന്നത്. അക്കാര്യത്തിൽ വാശിപിടിക്കുന്നതിന് പിന്നിലുള്ള ലക്ഷ്യമെന്താണ്. ചോദ്യത്തിന്റെ ഗൗരവം അവർക്ക് മനസ്സിലായി. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തന്നാൽ അവർ വെട്ടിലായിപോകുമെന്ന ഭയം കൊണ്ട് ആക്ഷൻ കൗൺസിൽ മുഴുവനും കൂടി സാറിനെ വന്നു കണ്ട് ചർച്ച ചെയ്യാമെന്നടിസ്ഥാനത്തിൽ തിരുവന്തപുരത്ത് തീയതി നിശ്ചയിച്ച് അവരെ പറഞ്ഞയച്ചു. വിദ്യാർത്ഥി നേതാക്കളിൽ പ്രമുഖരായ 2 പേർ ഡോ. ഹെന്റി ഓസ്സിന്റെ മകൻ ബാബുവും ഷെവിലിയൻ ബി.എം. പീറ്ററിന്റെ മകനും ആയിരുന്നു. നേതാക്കന്മാർക്കും എന്നെ പരിചയമുണ്ടായിരുന്നതുകൊണ്ട് ആ പരിചയം പ്രയോജനപ്പെടുത്താൻ ഞാൻ തീരുമാനിച്ചു. ഇതിനകം രക്ഷാകർത്താക്കളുടെ പ്രതിനിധികളും എന്നെ സമീപിച്ച് കുട്ടികളുടെ ജീവിതം പാഴായി പോകുന്നതിലുള്ള ഉൽക്കണ്ഠ പ്രകടിപ്പിച്ചു. പല രക്ഷകർത്താക്കളും മാനേജ്മെന്റ് കോളേജ് തുറന്നാൽ രക്ഷകർത്താക്കൾ നേരിട്ട് കുട്ടികളെ കോളേജിൽ കൊണ്ടുവരാമെന്നും അതിന് പോലീസ് പ്രൊട്ടക്ഷൻ നേടി കൊടുക്കണമെന്നായിരുന്നു ചിലരുടെ അഭ്യർത്ഥന. ഇത്തരം കാര്യങ്ങൾ വ്യക്തമായി എഴുതി കഴിയുന്നത്ര രക്ഷകർത്താക്കൾ ഒപ്പിട്ട് തിരുവന്തപുരത്തെ എന്റെ ഓഫീസിലെത്തിക്കാൻ അവരോട് പറഞ്ഞു. എസ്. പി. ലൂയിസ്, ടി.വി തോമസ്, സി.എച്ച് മുഹമ്മദ്കോയ എന്നിവരുമായി ബന്ധപ്പെട്ടപ്പോൾ ആ പ്രശ്നം ഒരിക്കലും രമ്യമായി തീർക്കാൻ കഴിയില്ല. പരിശ്രമിച്ചാൽ ഫലമുണ്ടാകില്ല എന്നഭിപ്രായമാണ് എനിക്ക് ലഭിച്ചത്. പ്രയാസമുള്ളതെന്ന് പലരും പറയുന്ന കാര്യം കൈകാര്യം ചെയ്യുന്നത് എനിക്കൊരു ഹരമാണ്. തിരുവനന്തപുരത്ത് എത്തിയ രക്ഷകർത്താക്കളുടെ പ്രതിനിധികൾ സന്ദർശനാനുമതി ചോദിച്ചു. അടുത്ത ദിവസം വൈകുന്നേരം വീട്ടിൽ വച്ച് ചർച്ചയാകാം. രാവിലെ തന്നെ വിദ്യാർത്ഥി നേതാക്കന്മാർ എന്നെ കാണാൻ എത്തിയിരുന്നു. അവരുമായി വിശദമായ ചർച്ച നടത്തി. തുറന്ന ചർച്ചയും ദീർഘനേരത്തെ സൗമ്യമായ സംഭാഷണവും എന്നെക്കൊണ്ട് ഈ പ്രശ്നം തീർക്കാൻ കഴിയുമെന്ന പ്രതീക്ഷ വിദ്യാർത്ഥികൾക്കുണ്ടായി. രക്ഷകർത്താക്കളുടെ പ്രതിനിധികൾ എന്നെക്കണ്ട വിവരവും അവർ വീണ്ടും വൈകുന്നേരത്ത് വീട്ടിൽ



malankaralibrary.com



ചർച്ചയ്ക്ക് വരുമെന്നും കുട്ടികളെ അറിയിച്ചു. അവരിൽ ചിലരുടെ നിർദ്ദേശം മാനേജ്മെന്റ് കോളേജ് തുറക്കാൻ തയ്യാറായാൽ രക്ഷകർത്താക്കൾ കുട്ടികളുമായി കോളേജിൽ വരുമ്പോൾ പോലീസ് പ്രൊട്ടക്ഷൻ നേടിക്കൊടുക്കണമെന്നാണ് അവരിൽ ചിലരുടെ അഭ്യർത്ഥന. സമരം നീണ്ടു പോകുന്നതിലും കേളേജ് ശാശ്വതമായി പൂട്ടപ്പെടുന്നതിലും രക്ഷകർത്താക്കൾ അസ്വസ്ഥരാണെന്ന് ഞാൻ വിദ്യാർത്ഥി നേതാക്കളെ അറിയിച്ചു. അക്കാര്യത്തിൽ വിദ്യാർത്ഥി നേതാക്കൾക്കും ഉൽക്കണ്ഠയുണ്ടെന്ന് പ്രകടമായി. വിഷയം പഠിക്കാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനും ഏതാനും ദിവസം വേണ്ടി വരുമെന്ന് പറഞ്ഞാണ് വിദ്യാർത്ഥിനേതാക്കളെ യാത്രയാക്കിയത്. മാനേജ്മെന്റിന്റെ പ്രതിനിധികൾ ഔദ്യോഗികമായി എന്നെ വന്നു കണ്ട് ഈ പ്രശ്നം തീർത്തുകൊടുക്കണമെന്ന് തേവര കോളേജിലെ പൂർവവിദ്യാർത്ഥി കൂടിയായ മന്ത്രിയോട് അഭ്യർത്ഥിച്ചു.

രക്ഷകർത്താക്കളുടെ പ്രതിനിധികളും അവരുടെ നിർദ്ദേശങ്ങളും പരാതികളും എഴുതി തന്നു. അതെല്ലാം കൂടി വച്ച് വിദ്യാഭ്യാസമന്ത്രിയുമായി ദീർഘനേരം ചർച്ച നടത്തി. വീണ്ടും വിദ്യാർത്ഥി പ്രതിനിധികൾ എന്നെ വന്നു കണ്ടു. കഴിഞ്ഞ ചർച്ചയിൽ ഞാനുന്നയിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി അവർ തന്നിരുന്നില്ല. എന്തുകൊണ്ട് “ഡയറക്ട് ഇലക്ഷൻ” വേണമെന്ന് നിങ്ങൾ വാശിപിടിക്കുന്നു. അവരോട് തന്റെ പഴയ വിദ്യാർത്ഥി ജീവിതത്തിലെ സമരകഥകൾ പറഞ്ഞ കൂട്ടത്തിൽ തേവര കോളേജിലെ ഒരു സമരരംഗം ഞാൻ വിശദീകരിച്ചു. ഹോസ്റ്റലിലെ കണക്ക് വിദ്യാർത്ഥികൾക്ക് കാണണമെന്നും ഡിവൈഡിംഗ് സിസ്റ്റത്തിൽ ഓരോ കുട്ടിയും കൊടുക്കേണ്ട തുക കണക്കാക്കണമെന്നുമായിരുന്നു ഞങ്ങളുടെ ആവശ്യം. ഇതൊരഭിമാനത്തിന്റെ പ്രശ്നമായി മാനേജ്മെന്റ് എടുത്തു. ഒടുവിൽ മാനേജ്മെന്റ് തോറ്റിട്ട് മെസ് കുട്ടികൾ നടത്തിക്കോട്ടെ സ്ഥലവും സൗകര്യവും മാനേജ്മെന്റ് തരും. മറ്റുള്ള വിദ്യാർത്ഥികൾ ഏറ്റെടുക്കാതിരിക്കുന്നതു മൂലം മെസ്സിന്റെ ചുമതല എനിക്കായി. 300 ഓളം ആളുകളുടെ മെസ് ആണ് ഞാൻ നോക്കേണ്ടത്. ഒരു കുടുംബത്തിലെ കാര്യം പോലും നോക്കി പരിചയമില്ലാത്ത ഞാൻ വിറകുമുതൽ സകല കാര്യങ്ങളും വാങ്ങി പാചകം ചെയ്ത് മേശപ്പുറത്തെത്തിക്കുന്നതു വരെയുള്ള കാര്യങ്ങൾ ചെയ്യാൻ 24 മണിക്കൂർ പോരാതെ വന്നു. ഈശ്വരന്റെ കൃപ കൊണ്ട് ഒരു പരാതിയുമില്ലാതെ ആ കൊല്ലം മുന്നോട്ട് പോയി. വെക്കേഷന് വീട്ടിലെത്തിയപ്പോൾ ഹോസ്റ്റൽ വാർഡൻ ആയിരുന്ന വൈദികൻ സാധനങ്ങളുടെ സ്റ്റോക്ക് എടുത്ത് അതെന്റെ പേരിൽ ബാധ്യതയായി എഴുതിയിട്ടു. ടി.സി. വാങ്ങാൻ ചെന്നപ്പോൾ ഒരു വലിയ തുക ഞാൻ അടയ്ക്കേണ്ടി വന്നു. സമരനേതാവായിരുന്ന എന്റെ അനുഭവങ്ങൾ പറഞ്ഞിട്ട് നിങ്ങളോട് എനിക്കനുഭാവമുണ്ട്. അതേ സമയം ഈ പ്രശ്നം ഞാൻ തീർത്തിട്ടില്ലെങ്കിൽ ഇതു തീർക്കാൻ



malankaralibrary.com

വെറെ ആരുമുണ്ടാവില്ല. തേവര കോളേജ് ഇതോടെ ഇല്ലാതായിത്തീരും. അതു കൊണ്ട് നമുക്ക് ഒരു പരിഹാരം കാണേണ്ടിയിരിക്കുന്നു. മറുപടി പറ ഞ്ഞാൽ പരിഹാരം കണ്ടുപിടിക്കാൻ ശ്രമിക്കാം. ബാബു (ഡോ. ഹെൻട്രി ഓസ്സിന്റെ മകൻ) എന്നോടു വളരെ ആദരവുള്ള ഒരു കുട്ടിയായിരുന്നു. എന്താ ബാബുവിന് വല്ലതും പറയാനുണ്ടോ എന്നു ചോദിച്ചു. എന്നോടുള്ള ബാബു വിന്റെ അടുപ്പം മനസ്സിലാക്കിയ മറ്റു വിദ്യാർത്ഥികൾ ഞാനുമായി ബന്ധപ്പെ ടാൻ ബാബുവിനെ ഏർപ്പാട് ചെയ്തിരുന്നു. ഞാൻ ചോദിച്ച ചോദ്യത്തിന് ബാബു മറുപടി പറയാൻ തുടങ്ങി. നിലവിലിരിക്കുന്ന സമ്പ്രദായപ്രകാരം ഒരു ക്ലാസ്സിൽ നിന്ന് 1 പ്രതിനിധി വീതം വന്നാൽ നാനൂറോളം കുട്ടികൾ പഠിക്കുന്ന ഇന്റർമീഡിയറ്റ് ക്ലാസ്സിനും 50 പേർ വീതം മാത്രമുള്ള എം. എ ക്ലാസ്സിനും ഒരാൾ വീതം വന്നാൽ കൗൺസിലിൽ ഉയർന്ന ക്ലാസ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ കൂടി മാനേജ്മെന്റിന്റെ സ്വാധീനം ചെലുത്താൻ കഴിയുന്നു. ചുരുക്കത്തിലിപ്പോൾ യൂണിയന്റെ പ്രവർത്തനം മാനേജ്മെന്റിന്റെ ഇഷ്ടത്തിനനുസരിച്ചാണ് നടക്കുന്നത്. അതിനു ഒരു മാറ്റം വരുത്താനാണ് ഡയറക്ട് ഇലക്ഷൻ ആയാൽ ഇന്റർമീഡിയറ്റ് ക്ലാസ്സിലെ അംഗസംഖ്യയുടെ ബലത്തിൽ വിദ്യാർത്ഥികൾ നിശ്ചയിക്കുന്ന കൗൺസിലിലും ഭാരവാഹികൾ ഉണ്ടാവും. യൂണിയൻ കൗൺസിൽ വിദ്യാർത്ഥികളുടെ നിയന്ത്രണത്തിൽ ആകാനാണ് ഞങ്ങൾ ഡയറക്ട് ഇലക്ഷൻ വേണമെന്നു വാശിപിടിക്കുന്നത്. നിങ്ങളുടെ പ്രശ്നം എനിക്ക് മനസ്സി ലായി. ഇതുപോലെ മാനേജ്മെന്റുമായി സംസാരിച്ചതി നുശേഷം വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിന് ക്ഷതം തട്ടാത്ത രീതിയിൽ ഞാൻ പ്രശ്നം പരിഹരിക്കാമെന്നു പറഞ്ഞപ്പോൾ അവർക്കാശ്വാസമായി. അന്നു രാത്രി ആർച്ച് ബിഷപ്പിന്റെ പട്ടത്തുള്ള വസതിയിൽ വച്ച് തേവര കോളേജിന്റെ മാനേജർ റവ. ഫാദർ സാലസും ആർച്ച് ബിഷപ്പും കൂടി ദീർഘനേരം ഞാൻ ചർച്ച നടത്തി. അദ്ദേ ഹത്തിന്റെ വാക്കുകൾ "മിസ്റ്റർ വെല്ലിംഗ്ടണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഡയറക്ട് ഇലക്ഷൻ അനുവദിച്ച് ഒരു തീരുമാനത്തിനും ഞങ്ങൾ തയ്യാറല്ല. മറ്റ് ഏത് നിർദ്ദേശം വച്ചാലും ഞങ്ങളത് സ്വീക രിക്കാം" അദ്ദേഹം പറഞ്ഞു നിർത്തി. സമരം നീണ്ടുപോ കുന്നതിലുള്ള ഉൽക്കണ്ഠ അദ്ദേഹത്തിൽ പ്രകടമായി. പ്രിൻസിപ്പലിനെ പിറ്റേദിവസം എന്റെ വീട്ടിൽ എത്താൻ ഏർപ്പാട് ചെയ്തു. ഞങ്ങൾ പിരിഞ്ഞു. വീട്ടിലെത്തിയ ഞാൻ കാത്തുനിന്നിരുന്ന കുറെ ആളുകളെ വേഗം പറ ഞ്ഞുവിട്ടു. ഇനി ആരേയും കാണില്ല. ഞാൻ കിടപ്പിമുറി



ആർച്ച് ബിഷപ്
ബനഡിക്ട് മാർ
ഗ്രിഗോറിയോസ്



ഫാ. ഫ്രാൻസിസ്
സാലസ് CMI



malankaralibrary.com



യിലേക്ക് പോയി. ഈ വിഷയത്തെ കുറിച്ച് തലപുകഞ്ഞാലോചിച്ചു. "മനം നൊന്തു ഭക്തൻ വിളിക്കുന്ന നേരം അടുത്തെത്തിടുന്നൊരു കാരുണ്യമൂർത്തി യായ ദൈവത്തെ ഞാൻ ശരണം പ്രാപിച്ചു." തേവര കോളേജ് പ്രശ്നം ഇലയ്ക്കും മുള്ളിനും കേടില്ലാതെ തീർക്കാൻ അനുഗ്രഹിക്കണേ എന്നായി രുന്നു എന്റെ പ്രാർത്ഥനയുടെ ചുരുക്കം. എന്റെ പ്രാർത്ഥനയിൽ പ്രധാന മായ ഒന്ന് ഈശ്വരമാന സ്മരണയാണ് (നാമജപം) ആ പ്രാർത്ഥന ചൊല്ലിക്കൊണ്ട് തന്നെയാണ് ഉറങ്ങിയത്. തീർക്കാൻ കഴിയുമെന്ന ആത്മ വിശ്വാസത്തോടെയാണ് ഞാൻ ഉണർന്നത്. ആദ്യത്തെ സന്ദർശകൻ തേവര കോളേജ് പ്രിൻസിപ്പൽ ആയിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞേ മറ്റുള്ളവരെ കാണൂ എന്ന് പറഞ്ഞ് ഞങ്ങൾ മുകളിലത്തെ മുറിയിലേക്ക് പോയി. കോളേജ് ദീർഘകാലമായി പൂട്ടിയിട്ടിരിക്കുന്നതിലുള്ള ഉൽക്കണ്ഠ രേഖപ്പെ ടുത്തിക്കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ഡയറക്ട് ഇലക്ഷൻ മാനേ ജ്മെന്റിന്റെ അഭിമാന പ്രശ്നമായി മാറിയിരിക്കുന്നതിനാൽ അതൊഴിച്ച് മറ്റ് എന്ത് വിട്ടുവീഴ്ചയ്ക്കും ഞങ്ങൾ തയ്യാറാണ്. സാറിന് ഇത് തീർക്കാൻ കഴി യും. ഞങ്ങളുടെ അഭിമാനത്തിന് കോട്ടം തട്ടാതെ ഇത് തീർത്ത് തരണം. ഇന്നലെ മാനേജരച്ചനുമായി സംസാരിച്ച കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് മേശപ്പുറത്ത് നിന്നൊരു വെള്ളക്കടലാസ് എടുത്ത് അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുത്തു. പ്രശ്നം തീർക്കാനുള്ള ചുരുങ്ങിയ കാര്യങ്ങൾ ഞാൻ നിർദ്ദേ ശിച്ചതനുസരിച്ച് പ്രിൻസിപ്പൽ എഴുതി തുടങ്ങി. ഒപ്പിട്ട് അത് എന്റെ കൈയ്യിൽ തന്നു. ഒറ്റ വാചകത്തിലുള്ള ഒരു അഭ്യർത്ഥനയായിരുന്നു അത്. ഡയറക്ട് ഇലക്ഷൻ അംഗീകരിക്കാത്ത മറ്റ് ഏത് തീരുമാനത്തിനും കോളേജ് മാനേ ജ്മെന്റ് തയ്യാറാണെന്ന് പ്രിൻസിപ്പൽ രേഖാമൂലം അറിയിക്കുന്നു. 10 മണിക്ക് വിദ്യാർത്ഥി നേതാക്കൾ വരുമ്പോൾ അവരോടും ഞാൻ ഇതുപോലെ എഴുതി വാങ്ങും. എന്നിട്ട് ഞാൻ എന്റെ തീരുമാനം അറിയിക്കാം. പോകാനിറങ്ങിയ അദ്ദേഹം തിരിച്ചു വന്നിട്ട് സാറിന് ഇത് തീർക്കാൻ കഴിയുമെന്ന വിശ്വാസം പടർന്നിരിക്കുന്ന സാഹചര്യത്തിൽ മാനേജ്മെന്റിനെ വേദനിപ്പിക്കുന്ന തീരു മാനമാണ് ഉണ്ടാകുന്നതെങ്കിൽ ഞങ്ങൾ അത് സ്വീകരിക്കാൻ നിർബന്ധിത രാകും. വളരെ വിഷമിച്ചിട്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞ് അവസാനിപ്പിച്ച ത്. അദ്ദേഹത്തിന്റെ കരം ഗ്രഹിച്ചുകൊണ്ട് ഡയറക്ട് ഇലക്ഷൻ അംഗീകരി ക്കുന്ന ഒരു നിർദ്ദേശം എന്നിൽ നിന്നുണ്ടാവില്ല എന്ന് ഞാൻ തീർത്തു പറഞ്ഞ പ്പോൾ മറ്റ് എന്ത് വ്യവസ്ഥയായാലും ഞങ്ങൾ സ്വീകരിച്ചുകൊള്ളാം. അദ്ദേ ഹത്തെ യാത്രയാക്കി. പ്രബലമായ രണ്ട് ശക്തികൾ ഏറ്റുമുട്ടുന്നതിന്റെ സമ്മർദ്ദം ഞാൻ താങ്ങേണ്ടി വന്നു. 10 മണി ആയപ്പോൾ വിദ്യാർത്ഥി നേതാ ക്കൾ എത്തി. ഞങ്ങൾ വളരെ ചർച്ച ചെയ്തു സാർ അവരുടെ മറുപടി, അവർ തയ്യാറാക്കി കൊണ്ടു വന്ന ഒരു കടലാസ് എന്റെ കൈയ്യിൽ വരത്തക്ക വിധ മുള്ള ഒരു നിർദ്ദേശം അങ്ങിൽ നിന്ന് ഉണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥി



malankaralibrary.com

ക്കുന്നു. അതിൽ പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടിരുന്നു. തലേന്ന് മാനേജരുമായും അന്നേ ദിവസം രാവിലെ പ്രിൻസിപ്പലുമായും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പറയാവുന്ന കാര്യങ്ങൾ അവരെ അറിയിച്ചു. ഡയറക്ട് ഇലക്ഷൻ അനുവദിക്കാതെ വിദ്യാർത്ഥികളുടെ താല്പര്യം സംരക്ഷിക്കുന്നതിനെ പറ്റി ആയിരുന്നു ഞങ്ങളുടെ ചർച്ച. കുട്ടികളുടെ ഭാഗത്ത് നിന്ന് ഒരു നിർദ്ദേശവും ഉണ്ടായിരുന്നില്ല. സമയം പോകുന്നു എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിങ്ങൾക്ക് നിർദ്ദേശം ഒന്നുമില്ലെങ്കിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കാം. ഒരു ക്ലാസിലെ 100 വിദ്യാർത്ഥികൾക്ക് ഒരു പ്രതിനിധി വീതവും ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം 100-ൽ കുറവുള്ള ക്ലാസുകളിൽ ഒരു ക്ലാസിന് ഒരാൾ വീതവും ഉൾക്കൊള്ളുന്ന ഒരു കൗൺസിൽ രൂപീകരിച്ചാൽ നിങ്ങളുദ്ദേശിക്കുന്ന രീതിയിൽ കൗൺസിലിന്റെ ഭരണവും ഭാരവാഹികളും നിങ്ങളുടെ നിയന്ത്രണത്തിൽ വരുന്നതാണല്ലോ? സന്തോഷത്തോടെ അവർ അത് അംഗീകരിച്ചു. ഞങ്ങൾ പോയി ആക്ഷൻ കൗൺസിൽ വിളിച്ചു കൂട്ടി അംഗീകരിക്കുന്ന കത്ത് അങ്ങയെ ഏൽപ്പിക്കാം. പക്ഷേ വളരെ രഹസ്യമായി ഈ കാര്യം സൂക്ഷിക്കണം. മാനേജ്മെന്റ് ഈ വ്യവസ്ഥ അംഗീകരിക്കുമോ ഒരാളുടെ ചോദ്യം? സംശയമാണ് സാർ. എന്താണ് അങ്ങനെ ചോദിക്കാൻ കാരണം എന്റെ ചോദ്യം. യൂണിയന്റെ ഭരണം അവരുടെ കൈയ്യിൽ നിന്ന് പോകാൻ അവർ ആഗ്രഹിക്കുന്നില്ല. അതറിയാവുന്നത് കൊണ്ടാണ് ഞാൻ എന്റെ ഉൽക്കണ്ഠ പ്രകടിപ്പിച്ചത്. മൂന്ന് ദിവസത്തിനകം ഞാൻ എന്റെ തീരുമാനം അറിയിക്കാമെന്നും തുടർന്ന് കോളേജ് തുറക്കുമ്പോൾ നിങ്ങളൊക്കെ മര്യാദക്ക് പഠിക്കാൻ പോകണമെന്നും പറഞ്ഞ് അവരെ യാത്രയാക്കി. ഞാൻ വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ് കോയയെ വിളിച്ച് സമരം തീർക്കാനുള്ള സാധ്യത തെളിഞ്ഞു വരുന്നു എന്ന് അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹത്തിന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്ങനെ? എന്താണ് വ്യവസ്ഥകൾ സി.എച്ചിന്റെ ചോദ്യം. ഫോണിലൂടെ ഞാനത് പറയില്ല. ഞാനുടനെ വീട്ടിലേക്ക് വരികയാണ് സി. എച്ചിന്റെ മറുപടി. ഞാൻ ഫോൺ താഴെ വച്ചു. ഒട്ടും താമസിക്കാതെ വിദ്യാഭ്യാസമന്ത്രി കൽപ്പനാ ഹൗസിലെത്തി. എങ്ങനെയാണ് ഇതൊക്കെ സാധിച്ചത് എന്ന് ചോദിച്ചപ്പോൾ ഞാൻ നടന്ന ചർച്ചകളുടെ ഏകദേശം രൂപം വിവരിച്ചിട്ട് രണ്ട് കൂട്ടരിൽ നിന്നും കിട്ടിയ കുറിപ്പുകൾ അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുത്തു. സി. എച്ചിന്റെ അപ്പോഴത്തെ അവസ്ഥ വിവരിക്കാൻ തന്നെ പ്രയാസം. മൂന്ന് ദിവസം കഴിഞ്ഞു മാനേജ്മെന്റിന്റേയും വിദ്യാർത്ഥി പ്രതിനിധികളുടേയും ഒരു യോഗം എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ 3 മണിക്ക് കൂടാൻ തീരുമാനിച്ചു. ഞാൻ രാവിലെ ഗസ്റ്റ് ഹൗസിലെത്തി. ഒറ്റയ്ക്കൊറ്റക്ക് ഓരോ വിഭാഗക്കാരുമായി ചർച്ച നടത്തി. പ്രിൻസിപ്പൽ ഉൽക്കണ്ഠാകുലനായിരുന്നു. സാർ എന്താണ് ഉദ്ദേശിക്കുന്നത്.. ഡയറക്ട് ഇലക്ഷൻ ഇല്ലാത്ത ഒരു തീരുമാനം ഞാൻ പ്രഖ്യാപിക്കും. അദ്ദേഹത്തിന് സന്തോഷമായി. അച്ചൻ ചെന്ന് മാനേ



malankaralibrary.com



ജരോടും മറ്റ് വേണ്ടപ്പെട്ടവരോടും ഈ വിവരം അറിയിക്കൂ. അദ്ദേഹത്തെ യാത്രയാക്കിയശേഷം കാത്തുനിന്ന വിദ്യാർത്ഥി പ്രതിനിധികളെ വിളിച്ചു. പ്രധാനപ്പെട്ട 3 പേർ മാത്രമെ അപ്പോൾ വന്നിരുന്നുള്ളൂ. 3 മണിക്കുള്ള യോഗത്തിന് മറ്റുള്ളവർ എത്തുമെന്ന് വിദ്യാർത്ഥി പ്രതിനിധികൾ അറിയിച്ചു. സാറിന്റെ തീരുമാനം അറിഞ്ഞാൽ മനസ്സിന് സമാധാനമായി. കൂട്ടുകാരെ ആ തീരുമാനം അംഗീകരിക്കാൻ പ്രേരിപ്പിക്കാം. മൂന്നു പേരും എന്റെ മുഖത്തേക്ക് നോക്കിയിരിപ്പായി.ഞാൻ മുമ്പ് സംസാരിച്ചപ്പോൾ ഒരു സൂചന നിങ്ങൾക്ക് തന്നിരുന്നില്ലേ? മാനേജ്മെന്റ് ആ നിർദ്ദേശം അംഗീകരിക്കില്ല എന്നല്ലേ നിങ്ങളുടെ ഉൽക്കണ്ഠ. അതിനൊരു തന്ത്രം എന്റെ കൈയ്യിലുണ്ട്. ഞാനും വിദ്യാഭ്യാസമന്ത്രിയും കൂടി കോളേജ് തുറക്കണം എന്നൊരു അഭ്യർത്ഥന പുറപ്പെടുവിക്കും. അതനുസരിച്ച് മാനേജ്മെന്റ് കോളേജ് തുറക്കണം. അങ്ങനെ കോളേജ് തുറക്കുമ്പോൾ വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ ഹാജരാകണം. നിങ്ങൾ രണ്ട് കൂട്ടുരുടേയും പെരുമാറ്റം ഞങ്ങൾ സൂക്ഷിച്ച് വീക്ഷിക്കും. ഏതെങ്കിലും ഒരു കക്ഷി അതിരു കടന്നാൽ തീരുമാനം അവർക്ക് എതിരാകും. ഉദാഹരണത്തിന് കോളേജ് തുറക്കുമ്പോൾ നിങ്ങൾ സമരം ചെയ്താൽ മാനേജ്മെന്റിന്റെ അഭിപ്രായം അംഗീകരിച്ച് സുഗമമായി കോളേജ് തുറക്കാൻ പോലീസ് പ്രൊട്ടക്ഷൻ കൊടുക്കും. ഞങ്ങളുടെ സ്വാധീനം ഉപയോഗിച്ച് കോളേജ് നടത്തും. ഇന്നത്തെ അന്തരീക്ഷത്തിൽ വിദ്യാർത്ഥികളും രക്ഷകർത്താക്കളും എങ്ങനെയെങ്കിലും കോളേജ് തുറന്നാൽ മതി എന്ന നിലപാടിലാണ്. അതുപോലെ തന്നെ മാനേജ്മെന്റിന്റെ ഭാഗത്ത് നിന്ന് അതിരുകടന്ന നടപടി ഉണ്ടായാൽ നേതാക്കന്മാരുടെ പേരിൽ ശിക്ഷണനടപടി. ഡയറക്ട് ഇലക്ഷൻ പ്രഖ്യാപിച്ച് കോളേജ് തുറക്കാൻ ആവശ്യപ്പെടും. അനുസരിച്ചില്ലെങ്കിൽ ഓർഡിനൻസ് ഇറക്കി കോളേജ് ഗവൺമെന്റ് ഏറ്റെടുക്കും. ഞാൻ നിർദ്ദേശിക്കുന്ന ഏത് നടപടിയും കൈക്കൊള്ളാമെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും എനിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ഒരു മന്ത്രിയുടെ അധികാരത്തിലും സ്വരത്തിലും ഞാൻ ഉറപ്പിച്ച് പറഞ്ഞപ്പോൾ അവർ സ്തംഭിച്ചിരുന്നുപോയി. സംഘർഷാവസ്ഥ മാറ്റാൻ വേണ്ടി എല്ലാവർക്കും ചായ നൽകിയിട്ട് നിങ്ങളുടെ താല്പര്യം ഞാൻ സംരക്ഷിച്ചുകൊള്ളാം. മാനേജ്മെന്റ് അനുസരിച്ചില്ലെങ്കിൽ അധികാരം ഉപയോഗിച്ച് അനുസരിപ്പിക്കും. അതു കേട്ടപ്പോൾ വിദ്യാർത്ഥികൾക്ക് സന്തോഷമായി. സംഘർഷാത്മകമായ അന്തരീക്ഷം അയഞ്ഞു. സന്തോഷത്തോടെ വിദ്യാർത്ഥികൾ തിരിച്ചുപോയി. അന്ന് തന്നെ വിദ്യാഭ്യാസമന്ത്രിയും ഞാനും കൂടി ഒരു സംയുക്ത പ്രസ്താവന ഇറക്കി. ആ പ്രസ്സ് റിലീസ് താഴെ ചേർക്കുന്നു.



malankaralibrary.com

# പ്രസ്സ് റിലീസ്

തിരുവനന്തപുരം
10-09-68

**തേവര എസ്സ്.എച്ച്. കോളേജ് പ്രവർത്തനം പുനരാരംഭിക്കാൻ മന്ത്രിമാരുടെ അഭ്യർത്ഥന.**

അസ്വസ്ഥതകളെ തുടർന്ന് 1968 ആഗസ്റ്റ് 21-ാം തീയതി മുതൽ അടച്ചിട്ടിരിക്കുന്ന തേവര സേക്രട്ട് ഹാട്ട് കോളേജ് സെപ്തംബർ 16-ാം തീയതി മുതൽ തുറന്നു പ്രവർത്തനം നടത്തുന്നതിന് വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ് കോയയും ആരോഗ്യവകുപ്പ് മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടണും ചേർന്ന് പ്രസ്തുത കോളേജ് മാനേജ്മെന്റിനോടും വിദ്യാർത്ഥികളോടും അഭ്യർത്ഥിച്ചിരിക്കുന്നു. പ്രസ്തുത കോളേജിലെ അസ്വസ്ഥതകൾക്കിടയാക്കിയ പ്രശ്നങ്ങൾ നിഷ്പക്ഷവും അംഗീകാരയോഗ്യമാവുംവിധം പരിഹരിക്കുന്നതിന് ആവുന്നതൊക്കെ തങ്ങൾ ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച് മന്ത്രിമാർ പുറപ്പെടുവിച്ച അഭ്യർത്ഥനയിൽ പറഞ്ഞിട്ടുണ്ട്. പ്രസ്തുത അഭ്യർത്ഥനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

തേവര സേക്രട്ട് ഹാട്ട് കോളേജിലുണ്ടായ അസ്വസ്ഥതകളെയും തുടർന്ന് 1968 ആഗസ്റ്റ് 21-ാം തീയതി മുതൽ പ്രസ്തുത കോളേജ് അടച്ചിടാൻ ഇടയായ സാഹചര്യങ്ങളെയുംപറ്റി വിദ്യാർത്ഥി പ്രതിനിധികളുമായും കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായും ഞങ്ങൾ ചർച്ച നടത്തിയതിൽ കോളേജ് യൂണിയനിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന രീതി മുതലായവയാണ് കുഴപ്പങ്ങൾക്ക് ഇടയാക്കിയ പ്രശ്നങ്ങൾ എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇരുകൂട്ടരും അവരവരുടെ നിലപാടിൽ യാതൊരു നീക്കുപ്പോക്കും ഇല്ലാതെ ഉറച്ചു നിന്നതാണ് ഇക്കാര്യത്തിൽ സ്തംഭനത്തിന് ഇടയാക്കിയത്. എന്നാൽ വിദ്യാർത്ഥി പ്രതിനിധികളും കോളേജ് പ്രതിനിധികളുമായി ഞങ്ങൾ നടത്തിയ ചർച്ചകളുടെ ഫലമായിട്ടാണ് തങ്ങളുടെ അഭിപ്രായഭിന്നതകൾ ഒത്തുതീർപ്പിലെത്തിച്ചത്. കോളേജ് തുടർന്ന് പ്രവൃത്തിക്കാൻ ഇരുകൂട്ടരും ആഗ്രഹിക്കുന്നതായി കാണാൻ കഴിഞ്ഞു. ചർച്ചകളെതുടർന്ന് ഇരുകൂട്ടരും പ്രശ്നങ്ങൾ പരിഹരിക്കുന്ന ചുമതല ഞങ്ങളെ ഏല്പിക്കുകയും ഞങ്ങളുടെ തീരുമാനം സ്വീകരിക്കുന്നതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇത് സംബന്ധിച്ച പ്രശ്നങ്ങൾ വിശദമായി പഠിച്ച് തീരുമാനങ്ങൾ എടുക്കുന്നതിന് രണ്ടാഴ്ച സമയം ആവശ്യമായിരിക്കുകയാണ്. അതുകൊണ്ട് സ്ഥിതിഗതികൾ സാധാരണനിലയാകുന്നതിനുള്ള പ്രാരംഭപടിയായി കോളേജ് 1968 സെപ്തംബർ 16-ാം തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിക്കാൻ കോളേജ് അധികൃതരോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അന്ന് മുതൽ സമരപരിപാടികൾ ഉപേക്ഷിച്ച് ക്രമമായും സമാധാനപരമായും ക്ലാസ്സുകളിൽ ഹാജരാകുവാൻ വിദ്യാർത്ഥികളോടും ഞങ്ങൾ



malankaralibrary.com



അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്കും കോളേജ് അധി കാരികൾക്കും സ്വീകാര്യവും നിഷ്പക്ഷവുമായ ഒരു പരിഹാരം കണ്ടെത്തു വാൻ പരമാവധി ശ്രമിക്കുമെന്ന് ഉറപ്പുനല്കുവാനും ഞങ്ങൾ ആഗ്രഹിക്കു ന്നു. സ്ഥിതിഗതികൾ സാധാരണനിലയിലെത്താൻ അവരുടെ സഹകര ണവും സന്മനോഭാവവുമാണ് ആവശ്യം. ഈ പ്രശ്നം ഒരു ഒത്തുതീർപ്പി ലെത്തിക്കുവാൻ ഉതുകുന്ന തരത്തിൽ ക്രിയാത്മകവും സഹായകവുമായ നിലപാട് സ്വീകരിച്ചതിന് കോളേജ് അധികൃതരോടും വിദ്യാർത്ഥികളോടും അവരുടെ രക്ഷകർത്താക്കളോടും തങ്ങൾക്കുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു.

പി-എൻ.എക്സ്/1842/68.

എറണാകുളത്ത് ഗസ്റ്റ്ഹൗസിൽ കൂടിയ സംയുക്തയോഗത്തിൽ ഞാൻ മാത്രമാണ് സംബന്ധിച്ചിരുന്നതെന്നാണ് എന്റെ ഓർമ്മ. പ്രസ്സ് റിലീസ് വായി ച്ചിട്ടാണ് രണ്ട് കൂട്ടരും വന്നത്. മാനേജ്മെന്റ് കോളേജ് തുറക്കാമെന്ന് സമ്മ തിച്ചു. വിദ്യാർത്ഥി പ്രതിനിധികൾ കോളേജിൽ പോകാമെന്നും അറിയിച്ചു.

കോളേജ് തുറക്കേണ്ടതിന്റെ തലേദിവസം ഞാൻ എറണാകുളത്തെ ത്തി. തേവരയും പരിസരപ്രദേശത്തുമുള്ള വിശ്വസ്തരായ കുറെ ആളു കളെ ഏതു നടപടിയ്ക്കും തയ്യാറായിവരാൻ ഞാൻ ഏർപ്പാടുചെയ്തു. മാനേ ജ്മെന്റിന്റെ ശത്രുക്കൾ എന്തിന്റെയെങ്കിലും പേരിൽ പ്രശ്നങ്ങൾ സൃഷ്ടി ക്കാൻ ഇടയുണ്ട് എന്ന രഹസ്യറിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രത്യേക കരുതൽ നടപടി ഞാൻ സ്വീകരിച്ചത്. ഗവണ്മെന്റ് നിലവാര ത്തിൽ കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആലോചിക്കാൻ കളക്ടറെയും സൂപ്രണ്ട് ഓഫ് പോലീസിനെയും ഗസ്റ്റ് ഹൗസിൽ വിളിച്ചു വരുത്തി കാര്യ ങ്ങൾ വിശദീകരിച്ചതിനുശേഷം എന്തെല്ലാം നടപടികളാണ് നാളെ നിങ്ങൾ കൈക്കൊള്ളുന്നതെന്നു ചോദിച്ചു. അദ്ദേഹം വളരെ ആലോചിച്ചിട്ട് (1) പ്രിൻസിപ്പൽ രേഖാമൂലം ആവശ്യപ്പെട്ടാൽ കോളേജിനകത്ത് ആവശ്യമുള്ള പോലീസിനെ നിയോഗിക്കാം. (2) കുഴപ്പം ഉണ്ടാക്കുമെന്ന് സംശയമുള്ള വിദ്യാർത്ഥിനേതാക്കളുടെ പേര് പറഞ്ഞാൽ അവരെ നേരത്തെ കസ്റ്റഡിയിൽ എടുക്കാം. (3) വിദ്യാർത്ഥികൾ അല്ലാതെ കോളേജിൽ കലാപം സൃഷ്ടി ക്കാൻ ഇടയുള്ളവരുടെ വിവരം ഞങ്ങളുടെ കയ്യിലുണ്ട്. അവരെ പോലീസ് കൈകാര്യം ചെയ്തുകൊള്ളും.

ഇതിനുപുറമെ മറ്റെന്ത് നടപടികളാണ് ഞങ്ങൾ കൈക്കൊള്ളേണ്ട തെന്ന് കളക്ടറാണ് ചോദിച്ചത്. എന്റെ മറുപടി ആദ്യംപറഞ്ഞ ഒന്നും രണ്ടും കാര്യങ്ങൾ ഇപ്പോൾ ആവശ്യമില്ല. മൂന്നാമത് പറഞ്ഞ കാര്യങ്ങൾ കാര്യ ങ്ങൾ സംബന്ധിച്ച് എനിക്കും ചില വിവരങ്ങൾ കിട്ടിയിട്ടുള്ളതിനാൽ അതിന് ഞാനും ചില ഏർപ്പാടുകൾ കൈക്കൊണ്ടിട്ടുണ്ട്. നാളെ രാവിലെ 8 മണി മുതൽ 2 വലിയ പോലീസ് വണ്ടികൾ പോലീസുകാരേയും നിറച്ച് പെരുമാ



malankaralibrary.com

നൂർ ജംഗ്ഷനിൽ നിന്ന് തേവര ജെട്ടി വരെ അങ്ങോട്ടും ഇങ്ങോട്ടും ഓടി ക്കൊണ്ടിരിക്കണം. എല്ലാം ഭംഗിയായി അവസാനിപ്പിക്കാൻ ഞാനും പ്രാർത്ഥിക്കുന്നുണ്ട്. അപ്പോഴേക്കും പ്രിൻസിപ്പൽ കാണാൻ വരുന്നുണ്ടെന്ന് അറിയിച്ചു. പ്രിൻസിപ്പലിനെ മുറിയിലേക്ക് വിടാൻ നിർദ്ദേശിച്ചിട്ട് ഞാൻ പോയി കിടന്നു. അരമണിക്കൂർ കഴിഞ്ഞപ്പോൾ പ്രിൻസിപ്പൽ എന്റെ സുഹൃത്ത് ശ്രീ. മാത്യു ഉലകംതറയുമായി വന്നു. ഉലകംതറ വളരെ സന്തു ഷ്ടനായിരുന്നു. പ്രിൻസിപ്പാളിന്റെ ഉത്ക്കണ്ഠ മാറിയിരുന്നില്ല. ആരെങ്കിലും കുഴപ്പമുണ്ടാക്കുമോ സാറേ പ്രിൻസിപ്പലിന്റെ ചോദ്യം. സാർ നാളെ തേവ രയ്ക്ക് വരണം എന്നഭ്യർത്ഥിക്കാനാണ് ഞാൻ വന്നത്. "മൊണാസ്റ്ററിയിലെ ഗസ്റ്റ് റൂമിൽ ഇരിക്കാമല്ലോ ഞങ്ങൾക്ക് ഒരു ധൈര്യവുമാകും" പ്രതീക്ഷ യോടെ എന്റെ മുഖത്തേക്ക് നോക്കി. 'ഇറച്ചി തിന്നാൽ മതി എല്ല് കഴു ത്തേൽ കെട്ടേണ്ട' എന്ന ചൊല്ലാണ് എന്റെ വായിൽ നിന്ന് വന്നത്. പ്രൊഫ. ഉലകംതറ അൽപ്പനേരം മന്ത്രിയുടെ കൂടെ ഇരുന്നോട്ടെ എന്നുപറഞ്ഞ് പ്രിൻസിപ്പാളിനെ യാത്രയാക്കി. മന്ത്രിയെക്കാണാൻ കാത്തുനിന്ന ആളുകളെയൊക്കെ പറഞ്ഞയച്ചിട്ട് ഞങ്ങൾ സ്വകാര്യസംഭാഷണത്തിൽ ഏർപ്പെട്ടു. വളരെയധികം വിശേഷങ്ങൾ രാഷ്ട്രീയവും മതപരവുമായി ഉലകംതറ യിൽ നിന്ന് അറിഞ്ഞു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായ എന്നെപ്പറ്റി വളരെ വിമർശനങ്ങൾ നടക്കുന്നു ണ്ട്. വിദ്യാഭ്യാസമന്ത്രി അല്ലാതായിരുന്നിട്ട് പോലും അതെല്ലാം തീർക്കാൻ കഴിയാതെ പ്രതിസന്ധിയിൽ എത്തിയ തേവര സമരം ഞാൻ പരിഹരിക്കുന്നതിൽ


പ്രൊഫ. മാത്യു ഉലകംതറ

എന്റെ ശത്രുക്കളായവർപ്പോലും എന്നെ പ്രശംസിച്ച വിവരം ഉലകംതറ പറ ഞ്ഞു. നാളെയെല്ലാം ഭംഗിയായി പര്യവസാനിക്കാൻ പ്രാർത്ഥിക്കണെ എന്ന് പറഞ്ഞാണ് ഉലകംതറയെ യാത്രയാക്കിയത്. രാത്രി വിദ്യാഭ്യാസമന്ത്രി സി. എച്ചിനെ വിളിച്ച് വിവരങ്ങൾ അറിയിച്ചു. മുഖ്യമന്ത്രിയെയും കാര്യങ്ങൾ അറിയ്ക്കുവാൻ ഏർപ്പാട് ചെയ്തു.

നേരം വെളുത്തു. ചില സന്ദർശകർ ഉണ്ടായിരുന്നു. സുഹൃത്തു ക്കളായ രണ്ട് വൈദികർ വന്നു. അങ്കമാലിയിലെ അദ്ധ്യാപകനായ ശ്രീ. ടോം ജോസ് മാഷ് രാവിലെ എത്തി. അദ്ദേഹം തേവരയിലേയ്ക്കു പോകു കയാണെന്നും കോളേജ് തുറക്കുമ്പോഴുള്ള അന്തരീക്ഷം നേരിട്ട് കണ്ട് വിവരം അറിയ്ക്കാമെന്ന് പറഞ്ഞു പോയി. 9.50-ന് ഞാൻ പ്രിൻസിപ്പാളിനെ വിളിച്ചു. 'Upnormally Normal' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഫസ്റ്റ് ബെൽ അടിയ്ക്കുന്നു സാർ. കുട്ടികളൊക്കെ ക്ലാസ്സുകളിലേയ്ക്ക് പോകുന്നു. സാധാരണ ഫസ്റ്റ് ബെൽ അടിയ്ക്കുമ്പോഴുള്ള ബഹളങ്ങ ളൊന്നും ഇന്നില്ല. സെക്കന്റ് ബെൽ അടിച്ചുകഴിയുമ്പോൾ പ്രിൻസിപ്പാൾ



malankaralibrary.com



എന്നെ വിളിക്കണം. ഞാൻ ഫോൺ താഴെവെച്ചു. പല സുഹൃത്തുക്കളും തേവര കോളേജിന്റെ വിവരം തിരക്കി റൂമിലെത്തി. സംസാരിച്ചിരിയ്ക്കവെ ഫോൺ ബെല്ലടിച്ചു. പ്രിൻസിപ്പാളിന്റെ ഫോണായിരുന്നു അത്. ഫാദർ എങ്ങനെയുണ്ട് എന്ന ചോദ്യത്തിന് ഒരു പ്രശ്നവുമില്ല എന്നായിരുന്നു മറുപടി. അന്തരീക്ഷം പരിപൂർണ്ണ നിശബ്ദതയിലാണ്. പതിനൊന്ന് മണികഴിഞ്ഞപ്പോൾ കോളേജ് തുറന്ന് ശാന്തമായി പ്രവർത്തനം ആരംഭിച്ച വിവരം അറിഞ്ഞ ചില സുഹൃത്തുക്കൾ ഫോണിലൂടെയും നേരിട്ടുവന്നും എന്നെ അഭിനന്ദിച്ചു. തൃശ്ശൂരിൽ നിന്നും വടക്കനച്ചൻ ഇതെങ്ങനെ സാധിച്ചുവെന്ന് എന്നോട് ചോദിച്ചു. രാത്രിയിൽ ഞാൻ തൃശ്ശൂരിലെത്താം. എല്ലാം ഞാൻ പറയാം. തൃശ്ശൂരിലെത്തിയപ്പോൾ വളരെയധികം ആളുകൾ അച്ചന്റെ താമസസ്ഥലത്തെത്തിയിരുന്നു. തീരാത്ത പ്രശ്നമെന്ന് പരക്കെ അറിയപ്പെട്ടിരുന്ന തേവര കോളേജ് സമരം അവസാനിപ്പിച്ചതിൽ എല്ലാവരും എന്നെ മുക്തകണ്ഠം പ്രശംസിച്ചു. എന്റെ കോളേജ് എന്ന് തന്നത്താൻ വിശേഷിപ്പിക്കുന്ന തേവര കോളേജ് ഇല്ലാതാകുന്ന ഒരു സാഹചര്യം പരിഹരിക്കാൻ പൂർവ്വവിദ്യാർത്ഥിയായ എനിക്ക് സാധിച്ചതിൽ ഞാൻ ദൈവത്തിനു നന്ദി രേഖപ്പെടുത്തി.

## വിദൂരതയിൽ ഇരുന്നുള്ള മന്ത്രിയുടെ നടപടി

രാത്രി ആശുപത്രികളിൽ ഡോക്ടർമാർ ഉണ്ടാകാറില്ലെന്ന് പരാതികേട്ടു. നേരിട്ടു തന്നെ അന്വേഷിച്ചപ്പോൾ പല ആശുപത്രികളിലും രാത്രി ഒമ്പതുമണി കഴിഞ്ഞാൽ ഡോക്ടർമാർ ഉണ്ടാകാറില്ലെന്നത് ഒരു സത്യമാണെന്നു ബോദ്ധ്യം വന്നു. അടുത്ത് താമസിക്കുന്ന ഡോക്ടറോട് അത്യാവശ്യ കാര്യമാണെന്ന് ഡ്യൂട്ടി നേഴ്സ് അറിയിച്ചാലെ എത്താറുള്ളു.

രോഗികളെ കിടത്തി ചികിത്സിയ്ക്കുന്ന എല്ലാ (താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ്) സ്ഥാപനങ്ങളിലും രാത്രി ഡ്യൂട്ടിയ്ക്ക് ഡോക്ടറെ നിയോഗിക്കണമെന്ന് ഞാൻ നിർദ്ദേശം നൽകിയിരുന്നു.

നിർദ്ദേശം നൽകുന്നതുകൊണ്ടുമാത്രമായില്ലല്ലോ. ആ നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നുണ്ടോയെന്ന് ചിലപ്പോഴെങ്കിലും നിർദ്ദേശം നൽകിയ ഞങ്ങൾ തന്നെ പരിശോധിക്കുന്നത് നന്നായിരിയ്ക്കുമെന്ന് താഴെപറയുന്ന സംഭവം വ്യക്തമാക്കുന്നു.

തീയതി കൃത്യമായി ഓർമ്മയില്ല ഒരാഴ്ചത്തെ മലബാർ പര്യടനത്തിനിടയിലാണത്. കണ്ണൂർ ടൂറിസ്റ്റ് ബംഗ്ലാവിലാണ് രണ്ട് മൂന്ന് ദിവസത്തെ താമസം. ഒരു ദിവസത്തെ പരിപാടികൾ കഴിഞ്ഞെത്തിയപ്പോൾ പാതിരാത്രി ആയി. കുറേ പരാതിക്കാർ ഉണ്ടായിരുന്നു. അവരെയെല്ലാം കണ്ട് കുളികഴിഞ്ഞപ്പോൾ രാത്രി ഒരു മണി കഴിഞ്ഞിരുന്നെന്നാണെന്റെ ഓർമ്മ. അടുത്ത ദിവസം രാവിലെ ഏഴിനു വീണ്ടും പരിപാടി തുടങ്ങണം. (മന്ത്രി താമസിച്ചാൽ അത് അക്ഷന്ത്യവ്യമായ അപരാധമല്ലേ) ഉറങ്ങാൻ കിടന്നപ്പോൾ ഒരു ചിന്ത. തിരു



malankaralibrary.com

വനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ ഡ്യൂട്ടി ഡോക്ടർ ഉണ്ടാവുമോ? (മന്ത്രി തലസ്ഥാനം വിട്ടിരിക്കുകയാണല്ലോ) സംശയം വന്നാൽ പരിശോധിക്കണം. 350 മൈലകലെ! ഉറങ്ങാൻ കിടന്ന ഞാനെഴുന്നേറ്റു ചെന്ന് ഫോണിൽ (ട്രങ്കാൾ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിളിച്ചു. (അന്ന് എസ്.ടി.ഡി. ഏർപ്പാട് ഉണ്ടായിരുന്നില്ല.) കണ്ണൂരിലെ ടെലിഫോൺ എക്സ്ചേഞ്ചിൽ ഇരുന്ന ഒരു സ്ത്രീ നല്ല സ്വഭാവക്കാരിയായിരുന്നതുകൊണ്ടും, മന്ത്രിയാണ് സംസാരിക്കുന്നതെന്ന വിശദീകരണം നേരത്തെ തന്നെ നൽകിയിരുന്നതിനാലും വലിയ താമസമില്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഫോൺ കിട്ടി. ഫോണിൽ ഒരു സ്ത്രീ ശബ്ദം തന്നെയാണ്. "ആരാ സംസാരിക്കുന്നത്?" മൂന്നു പ്രാവശ്യം ഇതു തന്നെ ആവർത്തിച്ചു. "തിരുവനന്തപുരം മെഡിക്കൽ കോളേജ് അല്ലേ?" എന്റെ ശബ്ദം ഉയർന്നു. അപ്പോഴും അവിടെ നിന്ന് പഴയ ചോദ്യം തന്നെ. തിരുവനന്തപുരം എക്സ്ചേഞ്ചിൽ നിന്നും ഒരു മറുപടി, "സാർ, തിരുവനന്തപുരം തന്നെ കണക്ഷൻ കൊടുത്തിരിക്കുകയാണ് സംസാരിച്ചോളൂ" ഇടയിൽ ടെലിഫോൺ എക്സ്ചേഞ്ചിലെ ശബ്ദം കൂടിയപ്പോൾ, ഫോണിൽ സംസാരിച്ചിരുന്ന സ്ത്രീക്ക് ഏതോ വി.ഐ.പി. ട്രങ്ക് വിളിക്കുന്നു എന്നറിഞ്ഞതിനാവാം ഒരു പതർച്ച. സർ, സർ, മെഡിക്കൽ കോളേജ് ആണ്. ഇത് നിങ്ങളുടെ മന്ത്രി, വെല്ലിംഗ്ടൺ ആണ് സംസാരിക്കുന്നത്, കണ്ണൂരിൽ നിന്നാണ്. ഡ്യൂട്ടി ഡോക്ടറെ വിളിക്കൂ? എന്റെ ശബ്ദം. "സർ, സർ, ഡോക്ടർ വാർഡിൽ പോയിരിക്കുകയാണ്" ആ സ്ത്രീ തറപ്പിച്ചു പറഞ്ഞു. മറുപടി കേട്ടപ്പോൾ ആശ്വാസമായി. രാത്രിയിൽ ഡ്യൂട്ടിക്ക് ഡോക്ടറുണ്ടല്ലോ. കണ്ണൂരിൽ നിന്നും അത് പരിശോധിക്കാൻ കഴിഞ്ഞു എന്നതിൽ ഏറെ സന്തോഷം.

സാധാരണ രീതിയനുസരിച്ച് ഉടനെ ഫോണും താഴെ വച്ച് സംതൃപ്തിയോടെ ഉറങ്ങാം. പോരെങ്കിൽ രാവിലെ ഓട്ടം തുടങ്ങേണ്ടതല്ലേ? പക്ഷേ ഒരു സംശയം. കിട്ടിയ മറുപടി സത്യമാണോ?

"ആരാ സംസാരിക്കുന്നത്?" "സർ, ഡ്യൂട്ടി നേഴ്സ് ആണ്."

പേരെന്താ?

"ഒരു കാര്യം ചെയ്യൂ" ഞാൻ തുടർന്നു. "അവിടെ നിർദ്ദേശങ്ങൾ എഴുതിയെടുക്കാനുള്ള ബുക്കില്ലേ" ഉണ്ട് സാർ. "അതെടുക്കൂ" സമയമെന്തായി. "ഒന്നര" അതും എഴുതൂ. മന്ത്രി കണ്ണൂരിൽ നിന്നും വിളിച്ചിരുന്നു. തെറ്റാതെ എഴുതിയെടുക്കൂ. അവസാനം വായിച്ചാൽ മതി. ഡ്യൂട്ടി ഡോക്ടറിനെ ഫോണിൽ വിളിക്കാൻ പറഞ്ഞു. ഡോക്ടർ, വാർഡിൽ പോയിരിക്കുകയാണെന്നു പറഞ്ഞപ്പോൾ, അദ്ദേഹം മടങ്ങിവന്നാലുടനെ, കണ്ണൂർ ഗസ്റ്റ് ഹൗസിലേക്ക് അർജന്റ് കാൾ വിളിക്കാൻ പറഞ്ഞു. താഴെ പേരെഴുതി ഒപ്പിട്ടു വായിക്കൂ. വായിച്ചു കേട്ടു. 'ശരി നിർത്തട്ടെ' "ഗുഡ്നൈറ്റ് സാർ" ഫോൺ താഴെ വച്ച് ലക്ഷത്തിൽ പരം ആളുകൾ സംബന്ധിക്കുന്ന ഒരു യോഗ



malankaralibrary.com



ത്തിൽ, ആവശത്തോടെ രണ്ടു മണിക്കൂർ പ്രസംഗിച്ചാലുണ്ടാകുന്നതിനെക്കാൾ ക്ഷീണം തോന്നി ഫോണിൽ സംസാരിച്ചു കഴിഞ്ഞപ്പോൾ. ക്ഷീണിച്ച ശരീരം കട്ടിലിനരികിലേക്ക് കാലുകളെ നയിച്ചു. മനസ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിലും. ഡോക്ടറുടെ ടെലിഫോൺ വരുമല്ലോ. എങ്ങനെയാണ് ഉറങ്ങുക? ഫോൺ വരുമ്പോൾ വിളിക്കാനേർപ്പാടു ചെയ്തുറങ്ങുന്നതാണ് സൗകര്യപ്രദം. അതല്ലെങ്കിൽ അടുത്ത ദിവസത്തെ പരിപാടി വെള്ളത്തിലാവും. ഗസ്റ്റ് ഹൗസിലെ ജോലിക്കാരനെ വിളിച്ച്, ഫോൺ വന്നാൽ എന്നെ വിളിച്ചുണർത്തണമെന്ന് ഏർപ്പാടു ചെയ്തു. "സർ" അയാൾ തലചൊറിഞ്ഞു കൊണ്ട് തുടർന്നു. "നല്ല ഉറക്കമാണെങ്കിൽ ഞാനെന്തു ചെയ്യും?" "കതകു ഞാനടയ്ക്കുന്നില്ല. കുലുക്കി വിളിച്ചോളൂ."

വിളക്കണക്കാതെ തന്നെ കട്ടിലിലേക്കു വീണു. അരമണിക്കൂർ ഉറങ്ങിക്കളയാം. തീരുമാനിച്ചു. (മൂന്നുമണിക്കൂർ ഉറങ്ങാൻ കിടന്നിട്ട് അരമണിക്കൂർ കഴിഞ്ഞു വിളിച്ചാൽ എനിക്ക് ശുണ്ഠിവരും. സാധാരണ, ഉറങ്ങാൻ കിടന്നാൽ സ്വിച്ചിട്ടതുപോലെ ഉറങ്ങും എന്നാണ് വീട്ടുകാരിയുടെ അഭിപ്രായം. പക്ഷേ അന്ന് അതുണ്ടായില്ല. മറിച്ച് ഒരു സംശയം. തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ഡോക്ടർ ഡ്യൂട്ടിക്ക് ഇല്ലാതിരിക്കുകയും, നേഴ്സ് കണ്ണൂർക്ക് ഫോൺ ബുക്ക് ചെയ്ത് ആരെയെങ്കിലും കൊണ്ട് ഫോണിൽ സംസാരിപ്പിക്കുകയും ചെയ്താൽ, പരിഹാസ്യമായിത്തീരില്ലേ? (ഫോണിൽ പാശ്ചാത്യരാജ്യങ്ങളിലെ പോലെ സംസാരിക്കുന്ന ആളിന്റെ ചിത്രവും കൂടി കാണാനുള്ള ഏർപ്പാട് ഉണ്ടായിരുന്നെങ്കിലെന്ന് ഓർത്തുപോയി.) അതിനെന്താണ് പോംവഴി. കിടന്ന ഞാനെഴുന്നേറ്റു. നേരേ ഫോണിരിക്കുന്ന സ്ഥലത്തെത്തി. കണ്ണൂർ ടെലഫോൺ എക്സ്ചേഞ്ചിൽ വിളിച്ച് "ഇത് മന്ത്രി വെല്ലിംഗ്ടൺ ആണ്. എനിക്ക് അത്യാവശ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തങ്കവേലുവിനെ ഫോണിൽ കിട്ടണം. വീട്ടിൽ ഫോണുണ്ടോ."

"സാർ, രാത്രി വിളിച്ചുണർത്തണോ?"

ഞാൻ വിളിക്കുന്നെന്നു പറയൂ.

"എന്നാൽ, സാർ ഫോൺ താഴെ വയ്ക്കേണ്ട, ഒന്നു ട്രൈ ചെയ്യട്ടെ."

ഉടനെ തന്നെ തിരുവനന്തപുരത്തേയ്ക്കു വിളിക്കുന്നതും, ഉടനെ തന്നെ പ്രിൻസിപ്പാളിനെ കിട്ടണമെന്ന് തിരുവനന്തപുരത്തുകാരോട് പറയുന്നതുമെല്ലാം എനിക്കു കേൾക്കാമായിരുന്നു.

ഡോ. തങ്കവേലുവിന്റെ വീട്ടിൽ ബെൽ അടിക്കാൻ തുടങ്ങി. തിരുവനന്തപുരം എക്സ്ചേഞ്ചിലെ ആൾ എടുത്തു. സാർ, സാറുതന്നെ നേരിട്ടു സംസാരിച്ചാൽ മതി, രാത്രി ഞങ്ങൾ സംസാരിച്ചാൽ ദേഷ്യപ്പെടും.

"ശരി..."

അഞ്ച് മിനിട്ട് നേരം ബെല്ലടിച്ചുകൊണ്ടിരുന്നു.



malankaralibrary.com

"Yes, ഡോ. തങ്കവേലു, ഹലോ" പ്രിൻസിപ്പാളിന്റെ സ്വരം എനിക്കു നല്ല പോലെ അറിയാമായിരുന്നു.

"ഇതു വെല്ലിംഗ്ടൺ ആണ്"

നമസ്ക്കാരം സാർ.

ഞാൻ കണ്ണൂരിൽ നിന്നാണ്. നടന്ന കാര്യം മുഴുവനും വിശദീകരിച്ചു. ഉടനെ തന്നെ ഹോസ്പിറ്റലിൽ ചെന്ന് പരിശോധിക്കാനും ഏർപ്പാടു ചെയ്തു.

സാർ when shall I inform you the result?

രാവിലെ ആറുമണക്ക്.

മുൻസിപ്പൽ ഡോക്ടർ തങ്കവേലു ഉടൻ തന്നെ കാറോടിച്ച് മെഡിക്കൽ കോളേജിലെത്തി. അദ്ദേഹം ചെല്ലുമ്പോൾ നേഴ്സ് കണ്ണൂരിലേക്ക് ട്രങ്ക് ബുക്കു ചെയ്യുകയായിരുന്നു. സ്ത്രീയുടെ ഫോണിൽ കൂടിയുള്ള സംസാരം മുഴുവൻ കേട്ടു നിന്ന പ്രിൻസിപ്പൽ എന്തിനാണ് കണ്ണൂരിലേയ്ക്ക് ഫോൺ ചെയ്യുന്നതെന്ന് ചോദിച്ചു. നടന്ന കാര്യങ്ങളെല്ലാം ചുരുക്കി പറഞ്ഞു. ഇൻസ്ട്രക്ഷൻ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലേ എന്ന് പ്രിൻസിപ്പൽ ചോദിച്ചു. അതേ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പറഞ്ഞ് നേഴ്സ് ബുക്ക് എടുത്ത് കാണിച്ചു. ഡ്യൂട്ടി ഡോക്ടർ വന്നാൽ ഫോൺ ചെയ്യണം എന്ന് പറഞ്ഞത് അനുസരിക്കാതെ നിങ്ങൾ എന്തിന് ഫോൺ ബുക്ക് ചെയ്തു എന്ന് പ്രിൻസിപ്പലിന്റെ ചോദ്യത്തിന് മറുപടി ഉണ്ടായില്ല. ഡ്യൂട്ടി ഡോക്ടറെ തിരക്കിയ പ്രിൻസിപ്പലിന് അദ്ദേഹം വീട്ടിൽ പോയി എന്ന മറുപടിയാണ് കിട്ടിയത്. നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിച്ച നേഴ്സിന് കഠിനമായ ശിക്ഷ ഉണ്ടാകും എന്ന് പറഞ്ഞ് പ്രിൻസിപ്പൽ വീട്ടിലേക്ക് പോയി. രാവിലെ 6 മണിക്ക് പ്രിൻസിപ്പൽ എന്നെ വിളിച്ച് നടന്ന സംഭവങ്ങൾ എല്ലാം പറഞ്ഞിട്ട് എന്തു ചെയ്യണം എന്ന് ചോദിച്ചു. ഡ്യൂട്ടി സമയത്ത് ഹാജരാകാതെ വീട്ടിൽ പോയതിന് ഡോക്ടറേയും നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിച്ച നേഴ്സിനേയും സസ്പെന്റ് ചെയ്യാനുള്ള നിർദ്ദേശം കൊടുത്തു. ഈ സംഭവം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ആകമാനം സംസാരവിഷയമായി മാറി. ഏതോ പത്രം 'വിദൂരതയിൽ ഇരുന്നുള്ള മന്ത്രിയുടെ പരിശോധനയും ശിക്ഷണനടപടിയും' എന്ന തലക്കെട്ടിൽ മെഡിക്കൽ കോളേജിൽ നടന്ന സംഭവങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഡ്യൂട്ടിക്ക് ഹാജരാകാത്ത ഡോക്ടർമാർക്ക് അത് ഒരു ഉഗ്രൻ താക്കീതായി. ഇങ്ങനെയുള്ള പല നടപടികളിലൂടെയാണ് ആർക്കും വഴങ്ങാത്ത മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ ഡോക്ടർമാരെ ഞാൻ നിയന്ത്രണത്തിൽ കൊണ്ടുവന്നത്.

## ജനയുഗത്തിന്റെ പിണക്കത്തിനുകാരണം

ജനയുഗം പത്രം കൊല്ലത്തുനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രമുഖ ദിനപത്രമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടാകുന്നതിന് മുമ്പാണ് അത് ആരം



malankaralibrary.com



ഭിച്ചത്. പിളർപ്പിനുശേഷം അത് സി.പി.ഐ.യുടെതായി മാറി. അന്നു കൊല്ല ത്തുനിന്നും മലയാളരാജ്യം, പ്രഭാതം, ദിനമണി എന്നീ പത്രങ്ങളും പ്രസി ദ്ധീകരിച്ചിരുന്നു. ആദ്യകാലങ്ങളിൽ ജനയുഗത്തിന് വളരെ പ്രചാരവും ഉണ്ടാ യിരുന്നു. മന്ത്രിസഭ ഉണ്ടായകാലത്ത് കാമ്പിശ്ശേരി കരുണാകരനായിരുന്നു പത്രാധിപർ.

ഒരു ദിവസം കാമ്പിശ്ശേരി കരുണാകരൻ ഏതാനും സുഹൃത്തുക്കളു മായി എന്റെ ഓഫീസിൽ വന്നു. നേരത്തെ അറിഞ്ഞതുകൊണ്ട് പ്രൈവറ്റ് സെക്രട്ടറി അവർക്ക് ചായ ഏർപ്പാടു ചെയ്തിരുന്നു. ചായ സത്ക്കാരവും കുശലപ്രശ്നങ്ങളും കഴിഞ്ഞിട്ട് സന്ദർശനോദ്ദേശം എന്താണെന്ന് തിരക്കി. ഒരു ചെറിയകാര്യം എന്ന മുഖവുരയോടുകൂടി അദ്ദേഹം തുടങ്ങി. ഇക്കൊല്ലത്തെ ആയുർവ്വേദകോളേജിലെ ആദ്യവർഷപ്രവേശനത്തിൽ നമ്മുടെ ഒരു കുട്ടിയ്ക്ക് പ്രവേശനം കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു. കിട്ടി യില്ല. അവനെ നമുക്ക് പഠിപ്പിക്കണം. അഡ്മിഷന്റെ കാര്യത്തിൽ എനി ക്കൊന്നും ചെയ്യാനില്ലല്ലോ എന്നായിരുന്നു എന്റെ മറുപടി. അങ്ങനെ പറഞ്ഞു ഒഴിഞ്ഞാൽ പറ്റില്ല കാമ്പിശ്ശേരി തറപ്പിച്ചു പറഞ്ഞു. സപ്തകക്ഷി മുന്നണി യിലെ ഒരു പ്രമുഖ പത്രത്തിന്റെ പത്രാധിപർ എന്ന ധാർഷ്ട്യത്തോടെയായി രുന്നു കാമ്പിശ്ശേരിയുടെ സംസാരം. അത് എനിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. ആത്മസംയമനം പാലിച്ചുകൊണ്ട് കുട്ടിയുടെ പേരും ആപ്ലിക്കേഷൻ നമ്പരും കുറിച്ചെടുത്തു. ഫോണിൽകൂടി ആയുർവ്വേദകോളേജ് പ്രിൻസിപ്പാലിനോട് ഈ കുട്ടി തിരഞ്ഞെടുക്കപ്പെടാതിരിക്കാനുള്ള കാരണം എന്താണെന്ന് അമ്പേ ഷിച്ചു. അഡ്മിഷൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അയാൾക്ക് യോഗ്യതയില്ലാത്തതുകൊണ്ടാണ് കിട്ടാതിരുന്നതെന്നും കൂടുതൽ വിവര ങ്ങൾക്ക് ആപ്ലിക്കേഷൻ നോക്കി പരിശോധിച്ചാലെ പറയാൻ കഴിയു എന്നും പ്രിൻസിപ്പാൽ മറുപടി പറഞ്ഞു. എനിക്ക് കിട്ടിയ മറുപടി കാമ്പിശ്ശേരിയോട് വിശദീകരിച്ച ശേഷം വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ ഒരപേ ക്ഷതരാൻ നിർദ്ദേശിച്ചു. ഉടനെതന്നെ കാമ്പിശ്ശേരി പ്രൈവറ്റ് സെക്രട്ടറി യുടെ കയ്യിൽ നിന്നും ഒരു കടലാസ്സ് വാങ്ങി ഈ കാര്യം കാണിച്ചൊരു അപേക്ഷ എഴുതി എന്റെ കയ്യിൽ തന്നു. അതോടൊപ്പം ഒരു അഭിപ്രായപ്ര കടനവും നടത്തി. “സർക്കാർ കാര്യം മുറപോലെ നടക്കും.” എന്നരീതി യിൽ ഇത് കൈകാര്യം ചെയ്താൽ പറ്റില്ല. കുട്ടിയ്ക്ക് അഡ്മിഷൻ കിട്ട ണം. നമുക്ക് കാര്യം ശരിയാക്കാം എന്നായിരുന്നു എന്റെ മറുപടി. അവർ പിരിഞ്ഞതിനുശേഷം പ്രൈവറ്റ് സെക്രട്ടറി മിസ്റ്റർ ജോസഫ് എന്റെ അടു ത്തുവന്ന് സാറിന് ദേഷ്യം തോന്നരുത് എന്ന് മുഖവുരയോടെ, സപ്തകക്ഷി മുന്നണിയിലെ ഒരു ഘടകകക്ഷിയായ പ്രമുഖ കക്ഷിയുടെ ഉടമസ്ഥതയി ലുള്ള പത്രത്തിന്റെ പത്രാധിപരുടെ സംസാരരീതി ശരിയല്ലെങ്കിലും പിണ ക്കാതിരിക്കുന്നതാണ് നല്ലത്. ശരി അതിനുവഴി കണ്ടുപിടിക്കാം എന്നു ഞാൻ



malankaralibrary.com

പറഞ്ഞു. എന്താണ് സാർ വഴി എന്ന് പ്രൈവറ്റ് സെക്രട്ടറി ചോദിച്ചു. അത് പുറകെ പറയാം. നിങ്ങൾ ആയുർവേദകോളേജ് പ്രിൻസിപ്പാളിനോട് ഉടൻ തന്നെ വന്നു കാണാൻ നിർദ്ദേശിക്കു.

അന്ന് ഒരു തിരക്കുള്ള ദിവസമായിരുന്നു. നേരത്തെ നിശ്ചയിച്ച ചില കൂടി കാഴ്ചകളും ഒരു കോൺഫ്രൻസും ഉണ്ടായിരുന്നു. കോൺഫ്രൻസ് സമയത്ത് പ്രിൻസിപ്പൽ ഓഫീസിൽ വന്ന വിവരം എന്നെ അറിയിച്ചു. ഒരുപാട് സന്ദർശകർ ഉണ്ടായിരുന്നെങ്കിലും കോൺഫ്രൻസ് തീർന്ന ഉടൻ പ്രിൻസിപ്പാളിനെ വിളിച്ചു. മുമ്പ് ഞാൻ കണ്ട ഒരു ഫയലിൽ ആയുർവ്വേദ കോളേജിലെ അഡ്മിഷൻ ഇന്നുള്ളതിനേക്കാൾ 10 സീറ്റുകൂടി വർദ്ധിപ്പിക്കാ നുള്ള സൗകര്യം ഉണ്ടെന്നുള്ള റിപ്പോർട്ട് കണ്ടിരുന്ന കാര്യം ഓർമ്മവന്നു. 2 കോളേജിലായി 5 സീറ്റുവീതം വർദ്ധിപ്പിക്കാനായിരുന്നു നിർദ്ദേശം. ആ ഫയലിന്റെ നമ്പറും വിശദാംശങ്ങളും കണ്ടുപിടിച്ച് എന്നെ അറിയിക്കണം എന്ന് പറഞ്ഞ് പ്രിൻസിപ്പലിനെ യാത്രയാക്കി. അടുത്ത ദിവസം ആ ഫയൽ വരുത്തി അഞ്ച് സീറ്റ് വർദ്ധിപ്പിക്കാനുള്ള ഓഡർ ഇട്ടു. 5 സീറ്റ് വർദ്ധിപ്പി ക്കുമ്പോൾ വെയിറ്റിംഗ് ലിസ്റ്റിലെ മൂന്നാമനായ ഈ കുട്ടിയ്ക്കും അഡ്മി ഷൻ കിട്ടുമല്ലോ (കാമ്പിശ്ശേരി പറഞ്ഞകുട്ടി) പ്രത്യേക ഓഡറിന്റെ ആവശ്യ മില്ല. കാമ്പിശ്ശേരിയെ വിളിച്ച് കുട്ടിയ്ക്ക് അഡ്മിഷൻ ഏർപ്പാടാക്കിയിട്ടുണ്ട്. നിർദ്ദേശം കിട്ടുമ്പോൾ കോളേജിൽ ചേർന്നുകൊള്ളാൻ അറിയിച്ചു.

എങ്ങനെയാണ് അഡ്മിഷൻ ശരിപ്പെടുത്തിയതെന്ന് അദ്ദേഹത്തിന് ഇപ്പോൾ അറിയണം. "അപ്പം തിന്നാപ്പോരെ കുഴിയെണ്ണണ്ടാ" എന്ന എന്റെ മറുപടി അദ്ദേഹത്തിന് രസിച്ചില്ല. ഒരാഴ്ചകഴിഞ്ഞ് കാമ്പിശ്ശേരി കരുണാക രൻ എന്നെ കാണാൻ വന്നു. "നമ്മുടെ ഒരു കുട്ടിയ്ക്ക് അഡ്മിഷൻ കൊടു ക്കണമെന്നു മാത്രമല്ലേ ഞാൻ പറഞ്ഞത്. നിങ്ങൾ എന്തിനാണ് കോൺഗ്ര സ്സുകാരന്റെ മകന് അഡ്മിഷൻ കൊടുത്തത്. അത് ക്യാൻസൽ ചെയ്യണം." ധിക്കാര സ്വരത്തിലുള്ള നിർദ്ദേശമായിരുന്നു അത്. ഉള്ളിലുള്ള വികാരമട ക്കികൊണ്ട് അങ്ങനെ ചെയ്യാനുള്ള പ്രയാസം ഞാൻ വിശദീകരിച്ചു. അദ്ദേഹം തൃപ്തനായില്ല. എന്നുതന്നെയല്ല അത് ക്യാൻസൽ ചെയ്തില്ലെ ങ്കിൽ അതിന്റെ ഫലം അനുഭവിക്കേണ്ടിവരും എന്ന് ഭീഷണി മുഴക്കി.

കാമ്പിശ്ശേരിയോട് ഐക്യമുന്നണി സംവിധാനത്തിലെ ഒരു മന്ത്രിയുടെ പ്രവർത്തനത്തിലുള്ള എന്റെ കാഴ്ചപ്പാട് വിശദീകരിക്കാൻ പരമാവധി ശ്രമി ച്ചെങ്കിലും തൃപ്തനാവാതെ ഒടുവിൽ പിണങ്ങിയാണ് കാമ്പിശ്ശേരി എന്റെ ഓഫീസിൽ നിന്നും പോയത്. പത്രാധിപരുടെ പിണക്കം കുറേശ്ശെ പത്ര ത്തിലും പ്രകടമായി തുടങ്ങി. സി.പി.ഐ. സി.പി.എം. തമ്മിലുള്ള ഉരസൽ ചൂടുപിടിച്ചപ്പോൾ സി.പി.എം. പക്ഷക്കാരനായ എന്റെ നേരെയുള്ള ജനയു ഗത്തിന്റെ സമീപനവും പരുഷമായി. ചുരുക്കത്തിൽ ജനയുഗം എനിക്ക് എതിരായി. എഡിറ്റോറിയയിൽ വരെ എനിക്ക് എതിരായ പരാമർശങ്ങൾ



malankaralibrary.com



ജനയുഗത്തിൽ വന്നുകൊണ്ടിരുന്നു. ഒരു അഡ്മിഷൻ കാര്യത്തിൽ തുടങ്ങി, അതുചെയ്തു കൊടുത്തെങ്കിലും ആജ്ഞാനുവർത്തിയാകാതിരുന്നതുകൊണ്ട് ജനയുഗം എന്റെ ശത്രുവായി.

## ടി.കെ. ദിവാകരന്റെ പിണക്കം

പി.ഡബ്ല്യു.ഡി. മിനിസ്റ്റർ ദിവാകരന് എന്നോട് വിരോധമുണ്ട്. എനിക്കെതിരായി വിമർശിക്കാറുണ്ട് എന്നൊക്കെ ചില അടുത്ത സുഹൃത്തുക്കൾ എന്നോട് പറഞ്ഞിരുന്നു. ഞാൻ അതു കാര്യമാക്കിയതുമില്ല, വിശ്വസിച്ചതുമില്ല. എന്നോട് അപ്രിയം തോന്നേണ്ട ഒരു കാര്യവുമില്ലല്ലോ. കുറെ കഴിഞ്ഞപ്പോൾ എന്റെ നാട്ടിലെ ആർ.എസ്.പി. പ്രവർത്തകർ നിശിതമായി വിമർശിക്കുന്നു എന്നു കേട്ടു. എന്റെ അനുജൻ അലക്സ് താമരശ്ശേരിയുടെ ചെവിയിലും ഈ വാർത്ത എത്തി. ഇതേപ്പറ്റി അന്വേഷിച്ച് കാര്യം മനസ്സിലാക്കിയാൽ ജ്യേഷ്ഠന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ അതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു എന്നുള്ള ചിന്തയിൽ കാര്യം തിരക്കിയിട്ട് പിടികിട്ടിയില്ല. ഹൈവേയിൽ നിന്നും വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു ചെറിയ ചായക്കടയുണ്ട്. ഒരു ദിവസം ഞാൻ സ്റ്റേറ്റ് കാർ അവിടെ നിർത്തി. ശങ്കരപ്പിള്ള എന്ന കട ഉടമസ്ഥനോട് കുശല പ്രശ്നം നടത്തി. അപ്പോൾ അവിടെകൂടിയ ആൾക്കാർക്ക് ചായ കൊടുക്കാൻ ഏർപ്പാട് ചെയ്ത് ഞാനും ചായ കുടിച്ച് വണ്ടിയിൽ കയറാൻ ഒരുങ്ങിയപ്പോൾ പരിചയമുള്ള ഒരു ആർ.എസ്.പി.-ക്കാരൻ എന്റെ അടുത്ത് വന്ന് എന്തിനാണ് ഇങ്ങനെയുള്ള അലവലാതിക്കടയിൽ നിന്ന് മന്ത്രിചായ കുടിക്കുന്നതെന്ന് പരുഷമായി ചോദിച്ചു. ഞാൻ അയാളോട് മറുപടിയായി പറഞ്ഞു. മന്ത്രിയായതിനുശേഷമല്ല ഞാൻ ഈ കടയിൽ നിന്നു ചായ കുടിക്കാൻ തുടങ്ങിയത്. ബസ് യാത്രയിൽ അവിടെവന്നിറങ്ങിയാൽ കയ്യിലിരിക്കുന്ന ബാഗ് ശങ്കരപ്പിള്ളയെ ഏൽപ്പിച്ച് വിശേഷങ്ങൾ തിരക്കി ചായയും കുടിച്ച് ബാഗ് വീട്ടിലെത്തിക്കാൻ നിർദ്ദേശിച്ചിട്ടു പോകും. അയാൾ അതവിടെ എത്തിക്കും. അതുപോലെ തന്നെ യാത്രയ്ക്കു വരുമ്പോൾ ശങ്കരപ്പിള്ള ഒരു കസേര റോഡിനരുകിൽ ഇട്ടു തരും. എന്നെക്കണ്ട് ടൗൺ സർവീസുകാർ ബസ് നിർത്തും. അതിൽ കയറി ഞാൻ പോകും. അങ്ങനെ വളരെക്കാലമായി പരിചയമുള്ള ശങ്കരപ്പിള്ളയുടെ കടയിൽ നിന്ന് മന്ത്രിയായപ്പോൾ ശങ്കരപ്പിള്ളയെ കണ്ടാൽ ചായ കുടിക്കാതിരിക്കാതിരിക്കുന്നത് ശരിയാണോ? ഞാൻ പോയിക്കഴിഞ്ഞതിനുശേഷം അയാൾ നൽകിയ വിശദീകരണം മറ്റൊന്നായിരുന്നു. ആർ.എസ്.പി.-ക്കാരൻ പി.ഡബ്ല്യു.ഡി. മന്ത്രി ദിവാകരനെ ചെറുതാക്കാൻ ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടിയാണ് ആരോഗ്യമന്ത്രി ഇങ്ങനെ പ്രവർത്തിക്കുന്നത്. ഈ മണ്ഡലത്തിൽ മത്സരിച്ച ദിവാകരനുവേണ്ടി സജീവമായി പ്രവർത്തിച്ച കാര്യം എല്ലാവർക്കും അറിവുള്ളതാണ്. അങ്ങനെയുള്ള കൊല്ലം നിയോജകമണ്ഡ



malankaralibrary.com

ലത്തിലെ പ്രതിനിധിയായ പി.ഡബ്ല്യു.ഡി. മിനിസ്റ്റർ ദിവാകരൻ ഒരു പ്രാവശ്യം പോലും ആ പ്രദേശത്തേയ്ക്ക് പോകുകയോ സജീവ ഇലക്ഷൻ പ്രവർത്തനം നടത്തിയ ശങ്കരപ്പിള്ളയെ കാണുകയോ ചെയ്യാതിരുന്നത് നിശബ്ദവിമർശനത്തിന് ഇരയാക്കി. കൂട്ടത്തിൽ ആരോ ഒരാൾ വയനാട്ടിൽ നിന്നും ജയിച്ചു വന്ന ആരോഗ്യമന്ത്രി എത്രയോപ്രാവശ്യം ഇവിടെ വന്നുപോയിരിക്കുന്നു. ഇത് ആർ.എസ്.പി. കേന്ദ്രങ്ങളിൽ സജീവ ചർച്ചയ്ക്ക് വിധേയമായി. മന്ത്രി ദിവാകരൻ തന്നെ ഈ കാര്യം പറഞ്ഞതായി കേട്ടു. ഈ അകൽച്ച വിരോധമായി മാറി. സഖാവ് ദിവാകരൻ തന്നെപ്പറ്റി പരാതി പറഞ്ഞു. ഈ അകൽച്ച ഭരണമുന്നണി രണ്ടായി പിരിഞ്ഞപ്പോൾ എനിക്കെതിരായി ദിവാകരൻ പ്രചാരണം നടത്തുന്നതിന് ഇതും ഒരു കാരണമായി ചൂണ്ടികാട്ടപ്പെടുന്നു.


അഡ്വ.

## ലോട്ടറി തുടങ്ങാനുള്ള ശ്രമം

കേരളാ ഗവണ്മെന്റ് നടത്തുന്ന ലോട്ടറി ആരംഭിച്ചത് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. പി.കെ. കുഞ്ഞ് ആണെന്നാണ് അറിയപ്പെടുന്നത്. പലരും പല സന്ദർഭങ്ങളിലും പല ലേഖനങ്ങളിലും പരാമർശിക്കപ്പെടാറുണ്ട്. വി.ആർ.കൃഷ്ണയ്യർ അതിന്റെ പിന്നിലുള്ള കഥ പലർക്കും അറിയില്ല.

എറണാകുളം ഇന്റർനാഷണൽ ഹോട്ടലിൽ വച്ച് ഡോക്ടർമാരുടെ ഒരു സമ്മേളനം നടന്നു. അഡ്വ. ശ്രീ. വി.ആർ. കൃഷ്ണയ്യർ (മുൻമന്ത്രിയും സുപ്രീം കോടതി ജഡ്ജിയും) ആണ് ഉത്ഘാടനം ചെയ്തത്. സ്വാഗതപ്രസംഗം നടത്തിയ ഡോക്ടർ കേരളത്തിലെ ആരോഗ്യസംരക്ഷണത്തിന്റെ സാമ്പത്തിക പരാധീനത സവിസ്തരം പ്രതിപാദിച്ചിരുന്നു. വേണ്ടത്ര വിഭവങ്ങളുടെ അഭാവം കൊണ്ട് തൃപ്തിയായി സേവനം ചെയ്യാൻ കഴിയുന്നില്ല. ഈ പാരമർശം ഉത്ഘാടകപ്രസംഗകന്റെ ശ്രദ്ധയിൽപെട്ടു. ആരോഗ്യസംരക്ഷണരംഗം ക്രമീകരിക്കേണ്ടതിന്റെയും തൃപ്തികരമായി പ്രവൃത്തിക്കേണ്ടതിന്റെയും ആവശ്യകതയെ അദ്ദേഹം പരാമർശിച്ചു. സ്റ്റേജിൽ ഉണ്ടായിരുന്ന ആരോഗ്യമന്ത്രിയോട് പണം സ്വരൂപിക്കാൻ ഗോവാ ലോട്ടറിയുടെ മാതൃകയിൽ നിങ്ങൾക്കൊരു ലോട്ടറി തുടങ്ങിക്കൂടേ എന്നു ചോദിച്ചു. ഓരോ ലോട്ടറിയും ഓരോ പ്രത്യേക ലക്ഷ്യം ചൂണ്ടിക്കാട്ടിയാണ് നടത്തേണ്ടത് അദ്ദേഹം പറഞ്ഞു. ഉദാഹരണം


പി.കെ. കുഞ്ഞ്

1. സംസ്ഥാനത്തിന്റെ വിവധഭാഗങ്ങളിൽ
   Major Childrens Hospital (ശിശുചികിത്സാ കേന്ദ്രം)
2. Malaria, Eradication Programme



malankaralibrary.com



3. ക്ഷയരോഗ പ്രതിരോധ പ്രവർത്തനങ്ങൾ
4. കുഷ്ഠരോഗ ചികിത്സാ രംഗം

ഇത്തരം കാര്യങ്ങൾ അദ്ദേഹം വിശദീകരിച്ച് സംസാരിച്ചപ്പോൾ സദസ്യർക്ക് താൽപ്പര്യം തോന്നി. എന്റെ പ്രസംഗത്തിൽ കൃഷ്ണയ്യരുടെ ഈ നിർദ്ദേശം പ്രശംസനീയമാണെന്നും അതു പ്രവർത്തിയിൽ കൊണ്ടുവരാൻ ഞാൻ ശ്രമിക്കുമെന്നും പ്രഖ്യാപിച്ചത് ഹർഷാരവത്തോടെ സദസ്യർ സ്വീകരിച്ചു. അതിനായി ഒരു പ്രൊജക്ട് റിപ്പോർട്ട് ഞാൻ ക്യാബിനറ്റിൽ സമർപ്പിക്കുകയും ചെയ്തു. ഇതു കൈയ്യിൽ കിട്ടിയ ധനകാര്യമന്ത്രി പി.കെ. കുഞ്ഞ് അടുത്ത ക്യാബിനറ്റിൽ എന്റെ നിർദ്ദേശത്തിന് ഇടങ്കോലിട്ടു. ലോട്ടറി നടത്തിപ്പ് സാമ്പത്തിക വിഷയമാണെന്നും അത് ആരോഗ്യവകുപ്പ് കൈകാര്യം ചെയ്യാൻ പാടില്ലായെന്നും കൈകാര്യം ചെയ്യേണ്ടത് തന്റെ ധനകാര്യവകുപ്പ് ആയിരിക്കണമെന്നും പികെ. കുഞ്ഞ് അഭിപ്രായപ്പെട്ടു. ഞാൻ അതിനെയൊക്കെ ഖണ്ഡിച്ചു. ചർച്ച ചൂടുപിടിച്ചപ്പോൾ മുഖ്യമന്ത്രി ആ വിഷയം അടുത്ത ക്യാബിനറ്റിലേക്ക് മാറ്റിവെച്ചു. അടുത്ത ക്യാബിനറ്റ് യോഗത്തിൽ ധനകാര്യ വകുപ്പ് ലോട്ടറി നടത്തുന്നതിനുള്ള നോട്ടുമായാണ് ധനകാര്യ മന്ത്രി വന്നത്. തുടർന്നുള്ള 3 ക്യാബിനറ്റ് യോഗത്തിലും ലോട്ടറി ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്ക് വിഷയമായി. അവസാനം ഒരു യോഗത്തിൽ "എന്തിനാ എന്റെ വെല്ലിംഗ്ടൺ കുഞ്ഞാശാനെ എതിർക്കുന്നത്. അദ്ദേഹം ലോട്ടറി നടത്തിക്കൊള്ളട്ടെ" എന്ന് ശ്രീ. എം.എൻ. ഗോവിന്ദൻനായർ ഉറക്കെ പറഞ്ഞു. പിന്നെ ഞാൻ എതിർത്തില്ല. അങ്ങനെയാണ് പി.കെ. കുഞ്ഞ് ലോട്ടറി ആരംഭിച്ചത്. അദ്ദേഹം ലോട്ടറി നടത്തിയ കാലത്തെ ക്രമക്കേടിനെപറ്റി പത്രങ്ങളിൽ വന്ന വിമർശനങ്ങൾ ഞാൻ ഇന്നും ഓർക്കുന്നു.

## ശ്രീ. ആർ.ശങ്കർ മന്ത്രിയുടെ ഓഫീസിൽ

ഒരു ദിവസം മുൻമുഖ്യമന്ത്രി ശ്രീ. ആർ.ശങ്കർ എന്റെ ഓഫീസിൽ വിളിച്ച് ആരോഗ്യമന്ത്രി ഉണ്ടോ എന്നു ചോദിച്ചു. ഉണ്ടെന്നു മറുപടി പറയുമ്പോഴേയ്ക്കും ഫോൺ താഴെ വച്ചു.

(ഓഫീസിലെ ക്രമീകരണം:- മന്ത്രിമാരുടെ ഓഫീസിലെ ഫോൺ മറ്റുള്ളവർ ദുർവിനിയോഗം ചെയ്യുന്നുവെന്ന് പരാമർശം ചില പത്രങ്ങളിൽ വന്നു. എന്റെ ഓഫീസിലെ ഫോൺ ഉപയോഗം നിയന്ത്രിക്കാൻ ഞാൻ ഒരു നിർദ്ദേശം കൊടുത്തു. പ്രൈവറ്റ് സെക്രട്ടറി ഇല്ലാത്ത സമയത്ത് ഫോൺ എനിക്ക് കണക്ട് ചെയ്യണം. അങ്ങനെ കണക്ട് ചെയ്തിരുന്നപ്പോഴാണ് ശ്രീ. ആർ. ശങ്കറിന്റെ ഫോൺ വന്നത്.)

നല്ല പരിചയമുള്ള സ്വരം ആരാണെന്ന് പറഞ്ഞില്ലല്ലോ എന്ന ചിന്തയിൽ ഇരിക്കുമ്പോൾ ഓഫീസിലെ ശിപായി കതകുതുറന്ന് ശ്രീ. ശങ്കറിനെ മുറിയിലേക്കാനയിച്ചു. അദ്ഭുതത്തോടെ ഞാൻ എഴുന്നേറ്റ് സ്വീകരിച്ചിരുത്തി. "എന്തു വേലയായീചെയ്തത്." ഒന്നുപറഞ്ഞിരുന്നു എങ്കിൽ ഞാൻ അങ്ങുവ



malankaralibrary.com

രുമായിരുന്നല്ലോ പരിഭവ സ്വരത്തിൽ എന്റെ പരാതി!! താൻ ഇപ്പോൾ മന്ത്രിയാണ് ഞാൻ ഒരാവശ്യക്കാരനും. മന്ത്രിയെക്കൊണ്ട് എനിക്കൊരു കാര്യം സാധിക്കണം. നിവേദകൻ മന്ത്രിയെ വന്നു കാണുന്നതാണ് ഭംഗി. അതുകൊണ്ടാണ് അറിയിക്കാതെ ഞാൻ വന്നത്. കാര്യം പറയാം എന്ന മുഖവുരയോടെ അദ്ദേഹം തുടങ്ങി. ശിവഗിരിയിലെ ഗുരുദേവ പ്രതിമ ഇന്ത്യൻ പ്രസിഡന്റ് ഡോ. സക്കീർ ഹുസൈനാണ് ഉദ്ഘാടനം ചെയ്യുന്നത്. കേന്ദ്രമന്ത്രി ജഗജീവൻ റാം സമാധിമന്ദിരോദ്ഘാടനവും നിർവ്വഹിക്കും. ഈ പരിപാടികൾ ശിവഗിരിതീർത്ഥാടന സമയത്ത് നടക്കുന്നു എന്നുള്ളതിനാൽ വമ്പിച്ച ജനക്കൂട്ടം ഉണ്ടാകും. അവർക്ക് കുടിക്കാൻ വെള്ളം ആവശ്യത്തിന് കിട്ടണം. ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണം. അദ്ദേഹം പറഞ്ഞു നിർത്തി. ഇതു ചെയ്യിക്കാൻ എനിക്ക് എത്രസമയം തരും എന്നുഞാൻ ചോദിച്ചു. മൂന്നുമാസത്തിനകം നടപടി പൂർത്തിയാക്കണം. അദ്ദേഹം പോകാൻ എഴുന്നേറ്റു. അക്കാര്യം ഞാനേറ്റു. പുറത്തേയ്ക്ക് നടക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു. സർക്കാർ ഉദ്യോഗസ്ഥന്മാരെ എനിക്ക് നല്ലവണ്ണം അറിയാം. പ്രത്യേകം ശ്രദ്ധിക്കണേ എന്ന് പറഞ്ഞ് പിരിഞ്ഞു. പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് PHED ചീഫ് എഞ്ചിനീയറോട് രണ്ടുമണിയ്ക്ക് എന്നെ കാണാൻ ഏർപ്പാടു ചെയ്തു. ചീഫ് എഞ്ചിനീയർ വന്നപ്പോൾ ശിവഗിരിയിലെ കാര്യം വിശദമായി പറഞ്ഞു. ഒരു നോട്ട് അദ്ദേഹത്തിന് കൊടുത്തു. ആവശ്യമായ നടപടികൾ അടിയന്തിരമായി (Warfooting) കൈക്കൊള്ളാൻ ആവശ്യമായ പണം ചെലവാക്കാൻ മുൻകൂർ അനുവാദം കൊടുക്കുന്നതായിരുന്നു നോട്ട്. ഇതിന്റെ കോപ്പി Law Department-നും Finance Department-നും കൊടുക്കാൻ ഏർപ്പാടു ചെയ്തു. (അല്ലെങ്കിൽ അവർ ഇടങ്കോലിടും. കാലതാമസം ഉണ്ടാകും.) ചീഫ് എഞ്ചിനീയർ ധൃതിയിൽ വേണ്ട ഏർപ്പാടു ചെയ്തു. ഓരോ ആഴ്ചയിലും റിപ്പോർട്ട് കിട്ടിക്കൊണ്ടിരുന്നു. ഒരു മാസംകൊണ്ട് പണിപൂർത്തിയായ വിവരം റിപ്പോർട്ടു ചെയ്തു. ഞാൻ ശ്രീ. ആർ.ശങ്കറിനെ വിളിച്ച് ഇനി വർക്കല പോകുമ്പോൾ ഈ കാര്യം ഒന്നുനോക്കി വരാം. അറിയ്ക്കേണെ എന്ന് ഓർമ്മിപ്പിച്ചു. അടുത്ത ദിവസം അദ്ദേഹത്തിന്റെ ഫോൺ, ആഹ്ലാദപ്രകടനത്തോടെ അദ്ദേഹം എന്നെ അഭിനന്ദിച്ചു. ഉദ്യോഗസ്ഥന്മാരെ കൊണ്ട് എങ്ങനെ ഇത്ര വേഗം സാധിച്ചു എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം.

പ്രസിഡന്റ് സംബന്ധിക്കുന്ന പരിപാടികളിൽ സദസ്യർ 5 മിനിറ്റെങ്കിലും മുമ്പേ പന്തലിൽ കയറിയിരിക്കണം. സമ്മേളനദിവസം വലിയ ഒരു പന്തൽ ഇട്ടിരുന്നു. നിറച്ച് ആളുകൾ, പ്രമുഖ വ്യക്തികൾ മുന്നിലുണ്ടായിരുന്നു. മന്ത്രിമാരും അവരുടെ പത്നിമാരും സ്റ്റേജിലും. ഞാനും ടീച്ചറും നേരത്തെ എത്തി. ഞങ്ങളെ സ്വീകരിച്ചപ്പോൾ ടീച്ചറിനോട് "ആളു മിടുക്കനാ കാര്യങ്ങൾ ശരിക്ക് കൈകാര്യം ചെയ്യുന്നുണ്ട്" എന്ന് ശങ്കർ പറഞ്ഞതുകേട്ട് ടീച്ചറിനു സന്തോഷമായി. (പണ്ട് അഡ്മിഷനുവേണ്ടി ശങ്കറിനെ കാണാൻ പോയ കഥ ടീച്ചർ എന്നോടു പറഞ്ഞു.) സ്റ്റേജിൽ ഇരുന്നുകൊണ്ട്



malankaralibrary.com

നോക്കിയപ്പോൾ നിറഞ്ഞ സദസ്സിന്റെ മുൻനിരയിൽ കൊല്ലം ബിഷപ്പ് ജെറോം തിരുമേനി ഇരിക്കുന്നു. അദ്ദേഹത്തെ ഒന്നു സ്റ്റേജിലെത്തിച്ചാൽ കൊള്ളാമെന്ന് എനിക്ക് തോന്നി. ശ്രീ. ശങ്കറിനോട് അദ്ദേഹത്തെ സ്റ്റേജിൽ ക്ഷണിച്ചിരുത്തണമെന്ന് പറഞ്ഞാൽ അതുപോലെയുള്ള വേറെ പലരുമുണ്ട്. സാധ്യമല്ല എന്ന മറുപടിയേ കിട്ടൂ എന്നെനിക്കറിയാം. ഞാൻ ഒരു തന്ത്രം പ്രയോഗിച്ചു. ശ്രീ. ആർ.ശങ്കറിനെ വിളിച്ച് എന്റെ സീറ്റ് താഴെയാക്കിത്തരണം എന്നഭ്യർത്ഥിച്ചു. പറ്റില്ല താൻ സ്റ്റേജിൽ വേണം എന്ന് ഉറച്ച സ്വരത്തിൽ ശങ്കർ പറഞ്ഞു. എന്താ കാരണം. ഞാൻ ജെറോം തിരുമേനിയെ ചൂണ്ടിക്കാട്ടിയിട്ട് അദ്ദേഹം താഴെ ഇരിക്കുമ്പോൾ ഇവിടെ ഇരിക്കാൻ ഒരു പ്രയാസം. അതിനെന്താ അദ്ദേഹത്തെ നമുക്ക് മുകളിലേക്ക് ക്ഷണിക്കാം. അദ്ദേഹം സ്റ്റേജിന്റെ വലതുവശത്തു കൂടിയും ഞാൻ ഇടതുവശത്തുകൂടിയും സ്റ്റേജിൽ നിന്ന് ഇറങ്ങി രണ്ടുപേരും കൂടി ഒരുമിച്ച് ജെറോം തിരുമേനിയുടെ അടുത്തെത്തി. ഞങ്ങൾ രണ്ടുപേരും അടുത്തെത്തിയപ്പോൾ അദ്ദേഹം എഴുന്നേറ്റു. മൂന്ന്പേരും കൈകൂപ്പി നിൽക്കുന്ന ദൃശ്യം സദസ്യർക്ക് ഹൃദ്യമായി. രണ്ടുംപേരും കൂടി അദ്ദേഹത്തെ സ്റ്റേജിലേയ്ക്ക് ആനയിച്ചു. മുൻനിരയിൽ തന്നെ സജ്ജമാക്കിയ കസേരയിൽ അദ്ദേഹം ഇരുന്നു. സംതൃപ്തിയോടെ ഞാൻ എന്റെ സ്ഥാനത്തും.

പ്രസിഡന്റ് എത്തിയ വിവരം ഉച്ചഭാഷിണിയിലൂടെ പ്രഖ്യാപിതമായി. എല്ലാവരും ആദരപൂർവ്വം എഴുന്നേറ്റ് അദ്ദേഹത്തെ സ്വീകരിച്ചു. (മുസ്ലീം പണ്ഡിതന്മാർ, ഒരു പ്രതിമ അനാച്ഛാദനം ചെയ്യുന്ന ചടങ്ങ് മുസ്ലീമായ പ്രസിഡന്റ് നിർവഹിച്ചതിനെപ്പറ്റി വിമർശിച്ചിരുന്നു.) പ്രസിഡന്റിന്റെ പ്രസംഗത്തിൽ സർവ്വമതസമന്വയത്തിന്റെ പ്രവാചകനാണ് ഗുരുദേവനെന്ന് അദ്ദേഹം ചൂണ്ടികാട്ടി. കേന്ദ്രമന്ത്രി ജഗജീവൻ റാം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അധഃസ്ഥിതി ജനവിഭാഗത്തിന്റെ പുരോഗതിയ്ക്കും മുന്നേറ്റത്തിനും ഗുരുദേവൻ നൽകിയ സംഭാവനയെ മുക്തകണ്ഠം പ്രശംസിച്ചു. ഗുരുദേവ സാഹിത്യം ഇതരഭാഷകളിൽ പ്രസദ്ധീകരിക്കുന്നതിന് ശിവഗിരിമഠത്തോട് ആവശ്യപ്പെട്ടു. 1968 ജനുവരി 1–ാം തീയതിയായിരുന്നു ഈ മഹാസംഭവം.



ജോർജ്ജ് ഫെർണ്ണാണ്ടസ്



വീരേന്ദ്രകുമാർ

## ജോർജ്ജ് ഫെർണ്ണാണ്ടസ്സുമായുള്ള കൂടിക്കാഴ്ച

കേന്ദ്ര ബി.ജെ.പി. മന്ത്രിസഭയിലെ മന്ത്രിയും എൻ.ഡി.എ. കൺവീനറുമായിരുന്ന ജോർജ്ജ് ഫെർണാണ്ടസ് ഞങ്ങളുടെ മന്ത്രിസഭയുടെ കാലത്ത് എസ്.എസ്.പി.



malankaralibrary.com

(സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി) നേതാവായിരുന്നു. എം.പി. വിരേന്ദ്രകുമാറിന്റെ ഉറ്റ ചങ്ങാതിയും. ഒരു ദിവസം വീരേന്ദ്രകുമാർ എന്നെ ഫോണിൽ വിളിച്ചിട്ട് ജോർജ്ജ് ഫെർണാണ്ടസിന്, ആരോഗ്യമന്ത്രിയെ കാണണം എന്നു പറഞ്ഞു. കൊണ്ടുപോരൂ എന്നായിരുന്നു എന്റെ മറുപടി. നിങ്ങളുടെ ഔദ്യോഗികവസതിയിലോ ഓഫീസിലോ വച്ച് വേണ്ടാ കുറച്ച് സമയവും വേണ്ടിവരും. സമയവും സ്ഥലവും അറിയിച്ചാൽ മതിയെന്നുപറഞ്ഞ് ഞങ്ങളുടെ സംഭാഷണം അവസാനിപ്പിച്ചു. ഒരാഴ്ച കഴിഞ്ഞ് തിരുവനന്തപുരത്തെ ഒരു വി. ഐ.പി. ആയ ഇ.പി. ഈപ്പന്റെ (മുൻമേയർ) വസതിയിൽ വച്ച് കൂടിക്കാഴ്ചയാകാം എന്നറിയിച്ചു. സമയവും പറഞ്ഞു. കൃത്യസമയത്തുതന്നെ ഞാൻ അവിടെയെത്തി. അവിടെ അപ്പോഴുണ്ടായിരുന്ന ചില ആളുകളെ പറഞ്ഞയച്ചിട്ട് വീരേന്ദ്രകുമാർ, ജോർജ്ജ് ഫെർണാണ്ടസ്, ഇ.പി. ഈപ്പൻ എന്നിവരുമായി ഞാൻ സംഭാഷണം ആരംഭിച്ചു.

കുശലപ്രശ്നങ്ങൾക്കുശേഷം വളരെ ഗൗരവം ഭാവിച്ചുകൊണ്ട് എന്റെ മുഖത്തേക്ക് നോക്കി, ആരോഗ്യമന്ത്രിയ്ക്ക് എതിരായി ഇത്രവലിയ അഴിമതി ആരോപണങ്ങളും, എതിർപ്പും ഉണ്ടാകാൻ എന്താണ് കാരണം എന്ന് ഫെർണാണ്ടസ് ചോദിച്ചു. പ്രതീക്ഷിയ്ക്കാത്ത ചോദ്യം. സപ്തകക്ഷിമുന്നണിയിലെ ഘടകകക്ഷിയായ എസ്.എസ്.പി.യുടെ അഖിലേന്ത്യാ നേതാവാണ് ജോർജ്ജ് ഫെർണാണ്ടസ്. അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ പിന്നിൽ എസ്.എസ്.പി. യിലെ എന്റെ വിമർശകരാണ് എന്ന് ഞാൻ ഊഹിച്ചു. കൊടുക്കുന്ന മറുപടി തൃപ്തികരമാകണം. ഞാൻ അഴിമതിയ്ക്കൊന്നും ചെയ്തിട്ടില്ല എന്നുപറയുന്നതുകൊണ്ടുമാത്രം ഫെർണാണ്ടസ് തൃപ്തനാകുകയില്ല. അതുകൊണ്ട് ഞാൻ അല്പം വിശദീകരിക്കാൻ തുടങ്ങി. ഒരു പൊതുതത്വത്തിലാണ് എന്റെ ആരംഭം. ഒരാൾ (മന്ത്രിയായാലും പൊതുപ്രവർത്തകനായാലും എം.എൽ. എ.ആയാലും ഉദ്യോഗസ്ഥനായാലും) അഴിമതി ചെയ്യുന്നത് പണം ഉണ്ടാക്കാനാണല്ലോ? അയാൾക്ക് ഒന്നും ചെയ്യാൻ വയ്യാതെ തന്നെ പണം ഉണ്ടാക്കുവാൻ സൗകര്യമുണ്ടെങ്കിൽ പിന്നെ അഴിമതി ചെയ്യേണ്ട ആവശ്യമുണ്ടോ? "ഞാൻ ചോദിച്ച ചോദ്യത്തിനു വ്യക്തമായ മറുപടി പറയാതെ മറ്റു പൊതുതത്വങ്ങൾ പറഞ്ഞൊഴിയാനാണോ ഭാവം?" ഫെർണാണ്ടസ്സ് ചോദിച്ചു. ഒഴിഞ്ഞുമാറാനല്ല ഞാൻ പറയുന്നത്. ഒന്നു കേൾക്കൂ ശ്രീ. വീരേന്ദ്രകുമാർ താമസിക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള മണ്ഡലത്തിലാണ് (കല്പറ്റ) 1965-ലും 1967-ലും ഞാൻ മത്സരിച്ചത്. "വീരേന്ദ്രകുമാർ കോടിശ്വരനുമാണ്. എന്റെ ഇലക്ഷനുവേണ്ടി അദ്ദേഹത്തോട് അഞ്ചുരൂപയെങ്കിലും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് ചോദിക്കൂ. എന്റെ മറുപടി കേട്ട് ഫെർണാണ്ടസ് അദ്ഭുതപ്പെട്ടു. ഇതു ശരിയാണോ എന്ന് ചോദിച്ചപ്പോൾ ശരിയാണെന്നായിരുന്നു വീരന്റെ മറുപടി. മറ്റൊരു കാര്യം ശ്രീ. ഈപ്പൻ തിരുവനന്തപുരത്തെ ഒരു വലിയ വ്യവസായിയാണ്. വടക്കനച്ചനും ഞാനും ഈപ്പച്ചനുമായി വളരെക്കാലമായി സൗഹൃദത്തിലാണ്. എപ്പോഴെങ്കിലും എന്തിന്റെയെങ്കിലും പേരിൽ



malankaralibrary.com



ഞാൻ പണം ആവശ്യപ്പെടുകയോ അദ്ദേഹം തരുകയോ ഉണ്ടായിട്ടില്ലായെന്നു അദ്ദേഹത്തിന്റെ മുന്നിൽ വച്ച് ഞാൻ പറയുന്നു. ചോദിക്കൂ? ജോർജ്ജ് ഫെർണാണ്ടസ് അദ്ഭുതത്തോട് കൂടി ഈപ്പന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഈപ്പനു പറയാനുണ്ടായിരുന്നത് രസകരമായ ഒരു സംഭവമാണ്. "വടക്കനെച്ചനും ഇദ്ദേഹവും കൂടി വിമോചന സമരകാലത്ത് തിരുവനന്തപുരത്ത് വന്ന് മടങ്ങിപ്പോകുന്നതിന് സഹായം ആവശ്യപ്പെട്ടപ്പോൾ അംബാസിഡർ കാറിന് ഞാൻ ഫുൾ ടാങ്ക് പെട്രോൾ അടിച്ചു കൊടുത്തിട്ടുണ്ട്." ഈപ്പന്റെ മറുപടി കേട്ട് ഫെർണാണ്ടസ് അന്തംവിട്ടിരുന്നു. ഞാൻ അൽപ്പം ശബ്ദം ഉയർത്തി ഇങ്ങനെ പറഞ്ഞു. എനിക്ക് പണം ആവശ്യമുണ്ടെങ്കിൽ ഒരു കാര്യവുമില്ലാതെ എനിക്ക് ആയിരം രൂപ വേണം എന്നുപറഞ്ഞാൽ ഒരു പ്രയാസം കൂടാതെ അതുതരാൻ തയ്യാറുള്ള 1000 പേരെങ്കിലും ഈ കേരളത്തിൽ ഉണ്ട്. ഒറ്റ ഒരുത്തന്റെ കയ്യിൽ നിന്നും ഒരു പൈസയും വാങ്ങാത്ത ആളാണ് വെല്ലിംഗ്ടൺ. ഞങ്ങളുടെ സംഘടനാപ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് വടക്കനെച്ചനാണ്. നിങ്ങളുടെ പ്രവർത്തകരോട് ഏതെങ്കിലും കാര്യത്തിൽ ഞാൻ പണം വാങ്ങിച്ചതായി തെളിയിക്കാൻ കഴിയുമോ? ഈപ്പച്ചനോട് ചോദിക്കൂ ഏതെങ്കിലും സംഭവം പറയാനുണ്ടോ എന്ന എന്റെ ചോദ്യത്തിന് എനിക്കൊന്നും പറയാനില്ലായെന്നായിരുന്നു ഈപ്പന്റെ മറുപടി. നീണ്ട മൗനം. ശ്രീ. ഫെർണാണ്ടസിനോട് എന്റെയൊരു അഭ്യർത്ഥന "ഞാൻ ചെയ്ത ഏതെങ്കിലും ഒരു അഴിമതി ആരെങ്കിലും ചൂണ്ടിക്കാട്ടിയാൽ അന്വേഷിച്ച് ശരിയാണെന്നു കണ്ടാൽ പൊതുരംഗത്ത് നിന്ന് വെല്ലിംഗ്ടൺ മാറും." വികാരഭരിതനായിട്ടാണ് ഞാൻ പറഞ്ഞത്. ശബ്ദവും അല്പം ഉറക്കെയായിരുന്നു. കുറെ നേരത്തെ മൗനത്തിനു ശേഷം ഇത്രമാത്രം എതിർപ്പു വരാൻ എന്താണ് കാരണം? അൽപ്പം ക്ഷമിക്കൂ ഞാൻ വിശദീകരിക്കാം.

## കുറുപ്പിന്റെ വിരോധത്തിനു കാരണം


മന്ത്രി പി.ആർ. കുറുപ്പ് നിങ്ങളുടെ പാർട്ടിക്കാരനാണല്ലോ. അദ്ദേഹത്തിന് എന്നോട് വലിയ പകയുണ്ട്. പുൽപ്പള്ളി കുടിയിറക്ക് നടത്തുവാൻ ദേവസ്വംമന്ത്രി എന്ന നിലയിൽ അദ്ദേഹം കരുക്കൾ നീക്കി. മുഖ്യമന്ത്രി ഒരാഴ്ചത്തെ യാത്രയ്ക്ക് പുറപ്പെടുന്ന ദിവസം എം.എസ്.പി.-യെ കോൺവോയിയായി പുൽപ്പള്ളിയിലേയ്ക്ക് അയച്ച വിവരം അറിഞ്ഞ് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് കുടിയിറക്ക് ഞാൻ നിർത്തിവെപ്പിച്ചു. പോലീസുകാർ നാലു കുടിലുകൾ കത്തിച്ച് അഞ്ചാമത്തേതിന് പെട്രോൾ ഒഴിച്ച് കത്തിയ്ക്കുമ്പോഴാണ് നിർത്തിവെയ്ക്കാനുള്ള ഓഡറുമായി ജീപ്പ് എത്തിയത്. മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ഞാൻ അത് സ്റ്റേചെയ്തപ്പോൾ മന്ത്രികുറുപ്പിന്റെ പരിപാടി പൊളിഞ്ഞു. അവിടെയുള്ള കോടിക്കണക്കിന് രൂപ വിലമതിക്കുന്ന തടിവെട്ടി വില്ക്കുകയായിരുന്നു കുറുപ്പിന്റെയും കൂട്ടാളികളുടെയും ഉദ്ദേശ്യം. അത് തകർത്ത എന്നോട് വിരോധം തോന്നാതിരിക്കുമോ? മുഖ്യമന്ത്രി അറിയാതെ



malankaralibrary.com

യാണ് ഞാനിടപ്പെട്ടത്, ആരോഗ്യമന്ത്രി മുഖ്യമന്ത്രിയുടെ പോർട്ടഫോളിയോയിൽ കൈവെയ്ക്കുന്നു എന്നെല്ലാം ആക്ഷേപം പറയുകയും മുഖ്യമന്ത്രി യാത്ര കഴിഞ്ഞെത്തിയപ്പോൾ ഓടിച്ചെന്ന് പരാതി പറയുകയും ചെയ്തു. മുഖ്യമന്ത്രിയുടെ അനുവാദത്തോടുകൂടിയാണ് ആരോഗ്യമന്ത്രി കുടിയിറക്ക് നിർത്തിവെയ്ക്കാൻ ഐ.ജി.യ്ക്ക് ഓർഡർകൊടുത്തത് എന്ന് മുഖ്യമന്ത്രിയുടെ മറുപടിയിൽ തൃപ്തനാകാതെ ആശ്രിതനായ വെല്ലിംഗ്ടണിനെ രക്ഷിക്കാൻ മുഖ്യമന്ത്രി കള്ളം പറയുന്നു എന്നായിരുന്നു ആരോപണം. പിന്നീട് നടന്ന കാബിനറ്റിലും കുറുപ്പ് ഇതൊരു പരാതിയായി ഉന്നയിച്ചു. മുഖ്യമന്ത്രി വളരെ വിശദമായി നടന്ന കാര്യങ്ങളെല്ലാം പറഞ്ഞിട്ട് അദ്ദേഹം പറഞ്ഞിട്ടാണ് ആരോഗ്യമന്ത്രി സ്റ്റേചെയ്തതെന്ന് വിശദീകരണത്തോടെ കുറുപ്പൊഴികെ ബാക്കി എല്ലാവർക്കും ബോദ്ധ്യമായി. കുറുപ്പിന്റെ പദ്ധതി പൊളിച്ചതിലുള്ള വിരോധം അദ്ദേഹം ഇപ്പോഴും വെച്ചു പുലർത്തുന്നു.

## സി.പി.ഐ.യുടെ വിരോധത്തിന് കാരണം


റ്റി.വി. തോമസ്

വ്യവസായ മന്ത്രി ടി.വി. തോമസ് ചില വ്യവസായികളെ വഴിവിട്ടു സഹായിക്കുന്നു എന്ന ആരോപണം കോ-ഓർഡിനേഷൻ കമ്മറ്റിയിൽ ഉയർന്നു വന്നപ്പോൾ വക്കൻ & കോ എന്നൊരു കമ്പനിയ്ക്ക് ബാങ്കിൽ നിന്നും ഗവണ്മെന്റ് ഗ്യാരണ്ടിയോടുകൂടി വലിയ തുക കൊടുത്തതിനെ ഞാനും വിമർശിച്ചു. കൃഷിവകുപ്പ് മന്ത്രി എം. എൻ. ഗോവിന്ദൻ നായർ ഉടമസ്ഥാവകശം ഇല്ലാത്ത 100 ഏക്കർ ഭൂമി രേഖയില്ലാത്ത വെറും കൈവകാവകാശക്കാരനായിരുന്ന ആളിന് 50 ലക്ഷം രൂപ ബാങ്കിൽ നിന്ന് ഗവണ്മെന്റ് ഗ്യാരണ്ടിയോടു കൂടി എടുക്കാൻ ഏർപ്പാടു ചെയ്തുകൊടുത്തു. ഞാനിടപ്പെട്ട് കണ്ണൂർ കളക്ടറായിരുന്ന യേശുദാസ് ഐ.എ.എസ്സ്-നെ കണ്ട് ചർച്ച ചെയ്തതിന്റെയും മറ്റു ഫലമായി യഥാർത്ഥ അവകാശിയ്ക്ക് കിട്ടുകയും ആക്രമിച്ച് കൈയടക്കിയിരുന്ന ആളിനെ ഒഴിപ്പിക്കുകയും ചെയ്തു. ആ ആളിന് ഗവണ്മെന്റ് ഗ്യാരണ്ടിയിൽ നിന്ന് ബാങ്കിൽ നിന്നും പണം കൊടുപ്പിച്ച എം.എൻ-ന് എന്നോട് വിരോധം തോന്നിയിരിക്കുമോ?

## പി.കെ. കുഞ്ഞിന്റെ വിരോധം

ലോട്ടറി തുടങ്ങുവാനുള്ള ക്യാബിനറ്റ് നോട്ട് ഞാനാണ് മന്ത്രിസഭാ യോഗത്തിൽ അവതരിപ്പിച്ചത്. ധനകാര്യമന്ത്രിയായ പി.കെ.കുഞ്ഞ് അതിനെ എതിർത്തു. സാമ്പത്തികകാര്യമായതുകൊണ്ട് അത് ധനകാര്യവകുപ്പാണ് കൈകാര്യം ചെയ്യേണ്ടതെന്നു ശഠിക്കുകയും ചെയ്തിട്ട് വിഷയം മാറ്റി വയ്പിച്ചു. അടുത്ത ക്യാബിനറ്റിൽ ധനകാര്യവകുപ്പ് ലോട്ടറി നടത്തുന്നതിനുള്ള



malankaralibrary.com



ഒരു നിർദ്ദേശം കൊണ്ടുവന്നു. മൂന്ന് മന്ത്രിസഭായോഗങ്ങളിൽ ഇത് ചൂടുപിടിച്ച ചർച്ചയ്ക്ക് വിധേയമായി ചിലമന്ത്രിമാർ പി.കെ. കുഞ്ഞിനെ അനുകൂലിച്ചപ്പോൾ മറ്റുമന്ത്രിമാർ ഇതൊരു പ്രത്യേക വകുപ്പാക്കുന്നത് ശരിയല്ലായെന്നും സാമ്പത്തികമായി വിഷമിക്കുന്ന രണ്ടുവകുപ്പുകൾ (വിദ്യാഭ്യാസവും ആരോഗ്യവും) ഓരോ പ്രോജക്ടിന്റെ പേരിൽ (ഉദാഹരണത്തിന് കുട്ടികളുടെ ആരോഗ്യ സംരക്ഷണം വിദ്യാലയങ്ങളിൽ മൂത്രപ്പുരനിർമ്മിക്കൽ മുതലായവ)വകുപ്പുകൾ നടത്തുന്നതാണ് നല്ലതെന്നും. അഭിപ്രായപ്പെട്ടു. ഒടുവിൽ കൃഷിമന്ത്രി എം.എൻ. ഗോവിന്ദൻ നായർ കുഞ്ഞിന്റെ ഫൈനാൻസ് വകുപ്പ് നടത്തട്ടെയെന്നു പറഞ്ഞാണ് ആ വിഷയം അവസാനിപ്പിച്ചത്. പി. കെ. കുഞ്ഞിനും അദ്ദേഹവുമായി ബന്ധപ്പെട്ടവർക്കും എന്നോട് വിദ്വേഷമായി. അതിന്റെ ഫലമായി ആരോഗ്യവകുപ്പിന്റെ പ്രധാന ഫയലുകൾ പോലും ഫൈനാൻസ് മിനിസ്റ്റർ കുഞ്ഞ് പാര വച്ചതു കൊണ്ട് നടക്കാതെ പോയി.

എന്നെ എതിർക്കുന്നതിന് കാരണങ്ങൾ വിശദീകരിക്കാൻ വളരെയധികം ഉണ്ട്. ഒടുവിൽ എന്നെ കുറ്റക്കാരനാക്കാൻ ലക്ഷ്യമിട്ടു വന്ന ഫെർണാണ്ടസ് ക്ഷമാപണ സഹിതം എന്നെ പ്രശംസിച്ചുകൊണ്ടാണ് പിരിഞ്ഞത്.



സി.എച്ച്. മുഹമ്മദ് കോയ

## ബഫാക്കി തങ്ങളുടെ ദേഷ്യം

ഒരു ദിവസം വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ്കോയ ഒരു ഗൗരവമുള്ള കാര്യം പറയാൻ വീട്ടിലേയ്ക്ക് വരുമെന്ന് അറിയിച്ചു. താമസിക്കാതെ അദ്ദേഹം വീട്ടിലെത്തി. ഞങ്ങൾ അദ്ദേഹത്തെ സ്വീകരിച്ച് മുകളിലത്തെ മുറിയിലേയ്ക്ക് പോയി. "നമുക്ക് ഒരുവഴി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു." സി.എച്ച്. തുടങ്ങി. വലിയ തങ്ങൾ (സെയ്ത് അബ്ദുൾറഹ്മാൻ ബാഫക്കി തങ്ങൾ) ദേഷ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യമന്ത്രിയോടാണ് ദേഷ്യം. നേരിട്ട് ആരോഗ്യമന്ത്രിയോട് സംസാരിക്കാനാണ് വരുന്നതെന്നദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ പിണക്കാതെയിരിക്കുകയാണ് വേണ്ടത്. സി.എച്ച്. പറഞ്ഞു നിർത്തി.



ബാഫക്കി തങ്ങൾ

"എന്നെ ശകാരിയ്ക്കാൻ അയാൾ എന്റെ ആരാ? എന്താ കാര്യം"? എന്റെ ശബ്ദം അറിയാതെ ഉയർന്നു. ഞാൻ എല്ലാം പറയാം. സി.എച്ച്. തുടങ്ങി. ഒരു മുസ്ലിം പെൺകുട്ടിക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടിയില്ല. അവരെക്കാൾ മാർക്ക് കുറഞ്ഞ കുട്ടിയ്ക്ക് അഡ്മിഷൻ കിട്ടി. അതുമന്ത്രിയ്ക്ക് പണം നൽകിയതിനാലാണ്. 'ഇത്രയോ ഉള്ളോ' അതു നമുക്ക് അന്വേഷിയ്ക്കാമല്ലോ? ഞാൻ ശാന്തനായി പറഞ്ഞു. അദ്ദേഹത്തെ



malankaralibrary.com

പിണക്കിയാൽ പൊട്ടിത്തെറിയുണ്ടാകും. സി.എച്ച്. ഉത്കണ്ഠ പ്രകടിപ്പിച്ചു. അദ്ദേഹം എപ്പോഴാണ് എത്തുന്നത് എന്റെ ചോദ്യം? നാളെ രാവിലെ പത്തുമണിയ്ക്ക് എത്തും. സമയം ഉണ്ടല്ലോ എന്ന് പറഞ്ഞ് ഞാൻ സി.എച്ച്.-നെ യാത്രയാക്കി. ഉടനെതന്നെ പ്രിൻസിപ്പാളിനെ വിളിച്ച് റസീയാബീഗം എന്ന പെൺകുട്ടിയുടെ അഡ്മിഷൻ കിട്ടാതെ വന്ന കാരണം അറിയ്ക്കണമെന്നാവശ്യപ്പെട്ടു. ഒരു മണിക്കൂറിനകം പ്രിൻസിപ്പാൾ എന്റെ അടുത്തെത്തി. ആ കുട്ടിയുടെ പിതാവ് ഗസറ്റഡ് ഓഫീസർ ആയതിനാൽ സമുദായക പരിഗണന വച്ചുള്ള അഡ്മിഷന് അവൾ അർഹയല്ല. സമുദായിക പരിഗണനവെച്ച് മുസ്ലീം കുട്ടിയ്ക്ക് അഡ്മിഷൻ കിട്ടണമെങ്കിൽ രക്ഷകർത്താവിന്റെ വാർഷിക വരുമാനം 8000/- രൂപായിൽ കൂടുവാൻ പറ്റില്ല. ഡിവിഷണൽ ഫോറസ്റ്റർ ആയിരുന്ന കുട്ടിയുടെ രക്ഷകർത്താവിന് വാർഷികവരുമാനം 8000/- രൂപയിൽ കൂടുതലാണ്. അതുകൊണ്ട് ജനറൽ കാറ്റഗറിയിൽ ഈ കുട്ടിയുടെ അഡ്മിഷൻ പരിഗണിച്ചപ്പോൾ അവിടെ കൂടുതൽ മാർക്കുള്ളവർക്കേ കൊടുക്കുവാൻ കഴിഞ്ഞുള്ളു. റസീയബീഗത്തിന് അഡ്മിഷൻ കിട്ടിയില്ല. അഡ്മിഷൻ കിട്ടിയെന്നും തങ്ങൾ സൂചിപ്പിച്ച കുട്ടിയുടെ (മറ്റെകുട്ടി) രക്ഷകർത്താവിന് വാർഷിക വരുമാനം 8000/- രൂപായിൽ കുറവായിരുന്നതിനാൽ റിസർവേഷൻ കാറ്റഗറിയിൽ അവൾക്ക് അഡ്മിഷൻ കിട്ടി. റസീയബീഗത്തെക്കാളും ഈ കുട്ടിയ്ക്ക് മാർക്ക് കുറവായിരുന്നു. സമുദായ പരിഗണനകിട്ടണമെങ്കിൽ രക്ഷകർത്താവിന്റെ വാർഷിക വരുമാനം 8000/- രൂപയിൽ കവിയരുതെന്നും മാർക്ക് കുറവാണെങ്കിലും വാർഷിക വരുമാനം കുറഞ്ഞ കുട്ടിയ്ക്ക് അഡ്മിഷൻ കിട്ടാം. ഇക്കാര്യം വ്യക്തമായി തങ്ങൾക്ക് അറിയില്ലായിരുന്നു. ഇത് തങ്ങളെ പറഞ്ഞു മനസ്സിലാക്കണമെന്ന് വിദ്യാഭ്യാസമന്ത്രിയോട് ആവശ്യപ്പെട്ടു. വലിയ തങ്ങളോട് തർക്കിക്കാൻ സി.എച്ച്.-ന് കഴിയുകയില്ലെന്നും ആരും തന്നെ അദ്ദേഹത്തോട് വാദപ്രതിവാദം നടത്താറില്ലെന്നും ആ നിലയ്ക്ക് സി.എച്ച്. നിസ്സഹായനാണെന്നും പറഞ്ഞു. അതിനു ഞാൻ ഒരു പോംവഴി നിർദ്ദേശിച്ചു. അഡ്വക്കേറ്റ് ജനറൽ എം.എം. അബ്ദുൾ ഖാദർ (ആലുവ) വലിയ തങ്ങളുമായി നല്ല പരിചയത്തിലാണെന്നും തങ്ങൾ എത്തുമ്പോഴേയ്ക്കും അദ്ദേഹത്തെ തിരുവനന്തപുരത്തേയ്ക്ക് വരുത്തി പ്രശ്നം പഠിപ്പിച്ചിട്ട് വിദ്യാഭ്യാസമന്ത്രിയും ആരോഗ്യമന്ത്രിയും തങ്ങളും അഡ്വക്കേറ്റ് ജനറലുമായി ഒരു സംഭാഷണത്തിന് വേദിയൊരുക്കിയാൽ ഈ പ്രശ്നം സുഖമമായി കൈകാര്യം ചെയ്യാം. അദ്ദേഹത്തെ വരുത്താമെന്ന് സി.എച്ച്. ഏറ്റു. അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരത്തെത്തിയാൽ എന്നെ കാണാൻവേണ്ട ഏർപ്പാടു ചെയ്യാമെന്ന് സി.എച്ച്. എന്നെ അറിയിച്ചു. സംഭവ ദിവസം രാവിലെ വീട്ടിലെത്തിയ അഡ്വക്കേറ്റ് ജനറലിനോട് കാര്യങ്ങൾ വിശദീകരിച്ചതിനുശേഷം വിദ്യാഭ്യാസമന്ത്രിയും ആരോഗ്യമന്ത്രിയും തങ്ങളും അഡ്വക്കേറ്റ് ജനറലും കൂടി ചർച്ച്



malankaralibrary.com



ചെയ്യാനുള്ള രംഗം ഒരുക്കുമെന്നും ആ വേദിയിൽ ഈ വിഷയം ഞാൻ സംശയമായി ഉന്നയ്ക്കുമെന്നും അഡ്വക്കേറ്റ് ജനറൽ ആ അവസരത്തിൽ മെഡിക്കൽ കോളേജ് അഡ്മിഷന്റെ എല്ലാ വശങ്ങളും വളരെ ലളിതമായി വ്യക്തമായി വിശദീകരിക്കാമെന്നും സമ്മതിച്ച് അദ്ദേഹം പോയി. തങ്ങൾ വന്ന് ചായ കുടിച്ചുകൊണ്ടിരിയ്ക്കവെ തന്നെ ഞാൻ ഈ പ്രശ്നം അഡ്വക്കേറ്റ് ജനറലിന്റെ ശ്രദ്ധയിൽപെടുത്തി. ഒരു വിശദീകരണം ആവശ്യപ്പെട്ടു. ചായ സൽക്കാരം തീരുന്നതിനുമുമ്പുതന്നെ അഡ്വക്കേറ്റ് ജനറൽ മെഡിക്കൽ കോളേജ് അഡ്മിഷന്റെ കാര്യം വിശദീകരിച്ചു. ഞാൻ തങ്ങളുടെ മുഖഭാവം അറിയാതെ വീക്ഷിക്കുന്നുണ്ടായിരുന്നു. തങ്ങളുടെ മുഖത്തുനിന്ന് ഗൗരവഭാവം മങ്ങി മറഞ്ഞിരുന്നു. തങ്ങൾക്ക് എന്തോ കാര്യം ആരോഗ്യമന്ത്രിയോട് പറയാനുണ്ട് എന്ന് വിദ്യാഭ്യാസമന്ത്രി സൂചിപ്പിച്ച കാര്യം ഞാൻ പറഞ്ഞു. ചിരിച്ചുകൊണ്ട് തങ്ങൾ ചോദിക്കാൻ ഉദ്ദേശിച്ചിരുന്നത് റസീയ ബീഗത്തിന് അഡ്മിഷൻ കിട്ടാതിരുന്നത് ആരോഗ്യമന്ത്രി കൊടുക്കാതിരുന്നതുകൊണ്ടായിരുന്നു എന്നും അഡ്വക്കേറ്റ് ജനറലിന്റെ വിശദീകരണത്തിൽ കാര്യം ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ട് ഇനി ആ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നും പറഞ്ഞു. ഇനി എനിക്ക് പോകാമല്ലോ എന്നുപറഞ്ഞ് ഞാൻ എഴുന്നേറ്റു. എന്നെ യാത്രയാക്കാൻ കാറിനടുത്ത് എത്തിയ വിദ്യാഭ്യാസമന്ത്രി പൊട്ടിത്തെറിയുടെ വക്കിലെത്തിയ ഈ കാര്യം വളരെ ലളിതമായി സൗമ്യമായി പരിഹരിച്ചതിന് എന്നെ അഭിനന്ദിച്ചു.

ഇതുമായി ബന്ധപ്പെട്ട് രസകരമായ ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. തങ്ങളുടെ മന്ത്രിസഭയിലെ മുസ്ലീം ലീഗ് മന്ത്രിയായിരുന്ന കുരുക്കൾ സുഖമില്ലാതെ ആശുപത്രിയിൽ ആയി. രോഗം അപകടകരമാണെന്ന് റിപ്പോർട്ട് എനിക്ക് കിട്ടി. മറ്റു മന്ത്രിമാരെയും വിവരം അറിയിച്ച്, രോഗിയെ കാണാൻ ഞാൻ തിരുവനന്തപുരത്തേയ്ക്ക് തിരിച്ചു. കുരുക്കൾ കിടന്നിരുന്ന മുറിയിലേയ്ക്ക് കയറിയപ്പോൾ ചില സുഹൃത്തുക്കളും കൂടെ ഉണ്ടായിരുന്നു. രോഗി എന്നോട് അടുത്തേയ്ക്ക് നീങ്ങിയിരിക്കാൻ ആംഗ്യം കാണിച്ചു. പതിഞ്ഞ സ്വരത്തിൽ എന്നോട് രഹസ്യമായി ഒരു കാര്യം സംസാരിയ്ക്കാനുണ്ടെന്നും മറ്റുള്ളവരെയെല്ലാം ഒഴിവാക്കണമെന്നും രോഗി എന്നോട് ആവശ്യപ്പെട്ടു. (രോഗിയുടെ ഗുരുതരാവസ്ഥ അദ്ദേഹത്തെ അറിയ്ക്കാതിരിക്കണമെന്നും നിലവളരെ അപകടകരമായിരുന്നുവെന്നും എനിക്കറിയാമായിരുന്നതുകൊണ്ട് രഹസ്യ സംഭാഷണത്തിന് ഞാൻ തയ്യാറായിരുന്നില്ല.) അദ്ദേഹം എന്നോട് രോഗവിവരം ചോദിക്കാനാണ് രഹസ്യ സംഭാഷണത്തിനായി ആവശ്യപ്പെട്ടത്, രോഗം വിവരം ചോദിക്കാനാണെന്നും സംശയിച്ച് ഞാനത് പറഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെ ഓർത്ത് ഇനി വരുമ്പോൾ വിശദമായി ചർച്ച നടത്താം എന്നും പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ച എന്റെ കരം മുറുകെ പിടിച്ചുകൊണ്ട് ഞാൻ മരിക്കാറായിരിക്കുന്നു. മരണത്തിന്



malankaralibrary.com

മുമ്പ് എനിക്ക് സംസാരിക്കണം. മനസ്സില്ലാ മനസ്സോടെ യാത്ര പറഞ്ഞ എന്റെ മനസ്സിൽ രോഗവിവരം കുരുക്കൾ മനസ്സിലാക്കിയിരിക്കുന്നു എന്ന ദ്ദേഹം പറഞ്ഞപ്പോൾ വേറെഎന്തോ ഗൗരവമുള്ള വിഷയങ്ങളാണല്ലോ അദ്ദേ ഹത്തിനു സംസാരിക്കാനുള്ളത്. അതുകേൾക്കേണ്ട ബാദ്ധ്യത എനിക്കു ണ്ട്. തിരുവനന്തപുരത്തെത്തിയ ഞാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്ത് വീണ്ടും കോഴിക്കോട് രോഗിയെ കാണാനെത്തി, നേരെ കുരുക്കളുടെ മുറി യിൽ കയറിച്ചെന്ന് എല്ലാവരെയും പുറത്താക്കി. കട്ടിലിൽ രോഗി ചാരി ഇരി യ്ക്കുകയായിരുന്നു. അടുത്തുചെന്നിരുന്ന എന്റെ നെഞ്ചത്തേയ്ക്ക് ശിരസ്സ് ചേർത്തുവെച്ച് പൊട്ടിക്കരയാൻ തുടങ്ങി. "എന്താ കുരുക്കളെ നിങ്ങൾ ഇങ്ങനെ കരയുന്നത്. ഇപ്പോഴൊന്നും നിങ്ങളെ മരിക്കാൻ അനുവദിയ്ക്കു കയില്ല. ഞാൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. എന്നെ തടഞ്ഞുകൊണ്ട് രോഗി, മരണത്തെ എനിക്ക് ഭയമില്ല എന്റെ മരണത്തിനുമുമ്പ് നിങ്ങൾ എന്നോട് പൊറുത്തു എന്നു പറയുന്നത് എനിക്ക് കേൾക്കണം. നിങ്ങൾ എനിക്ക് മാപ്പു തന്നില്ലെങ്കിൽ അള്ളാ എന്നോട് പൊറുക്കില്ല." വളരെ പ്രയാസപ്പെട്ട് നിർത്തിനിർത്തിയാണ് രോഗി ഇത്രയും പറഞ്ഞ് അവസാനിപ്പിച്ചത്. അയാളെ ആശ്വസിപ്പിക്കാൻ വേണ്ടി "നിങ്ങൾ എന്നോടൊരു തെറ്റും ചെയ്തില്ല. പിന്നെ എന്തിനാണ് നിങ്ങൾ മാപ്പു പറയുന്നത്" എന്നു ഞാൻ അദ്ദേഹത്തോട് പറഞ്ഞു സമാധാനിപ്പിക്കാൻ ശ്രമിച്ചു. വികാരാധീനനായി കുരുക്കൾ, നിങ്ങൾക്ക് അറിയില്ല നിങ്ങൾക്കെതിരായി വലിയ തങ്ങൾ ഉൾപ്പെടെയുള്ള വരോട് ഞാൻ പറഞ്ഞു പോയിട്ടുണ്ട്. ഞാൻ ചുരുക്കി പറയാം. നിങ്ങളെ കാണാൻ കൽപ്പറ്റയിലെ പൊന്നൂസും ഡി.എഫ്.ഒ. മൂസയും കൂടി രാത്രി യിൽ വന്നത് എന്റെ വീട്ടിൽ നിന്നാണ്. റസിയാബീഗത്തിന് അഡ്മിഷൻ കിട്ടാൻ പണം കൊടുക്കട്ടേ എന്ന് അവൾ ചോദിച്ചു. അഡ്മിഷൻ കിട്ടാൻ പണം കൊടുത്തേ പറ്റൂ എങ്കിൽ കൊടുത്തോളൂ. പക്ഷേ ഒരു കാര്യം ഞാൻ ഇക്കാര്യം അറിഞ്ഞിരുന്നുവെന്ന് ആരോടും പറയരുത്. എന്റെ വീട്ടിൽ നിന്നാണ് അവർ വരുന്ന വിവരം നിങ്ങളെ അറിയിച്ചത്. അവർ രണ്ടുപേരും പോയി. യാതൊരു വിവരവും അവരെന്നെ അറിയിച്ചില്ല. കുട്ടിക്ക് അഡ്മി ഷൻ കിട്ടിയ വിവരം തങ്ങളാണ് എന്നോട് പറഞ്ഞത്.

പണം കൊടുത്തിട്ടാണെങ്കിലും അഡ്മിഷൻ കിട്ടിയതിൽ ഞങ്ങൾ സന്തോഷം പ്രകടിപ്പിച്ചു. രണ്ടുമാസം കഴിഞ്ഞാണ് അന്നു രാത്രി നിങ്ങ ളുടെ വീട്ടിൽ നടന്ന സംഭവം മൂസ എന്നോട് പറഞ്ഞത്. അയാൾ നീട്ടി ത്തന്നെ പാക്കറ്റ് ചുരുട്ടു പെട്ടിയാണെന്ന് ധരിച്ച് മന്ത്രി മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞെന്നും ഞങ്ങൾ യാത്ര പറഞ്ഞ് ഉറങ്ങാൻ നേരത്ത് എന്താ പൊതി എന്ന് മന്ത്രി ചോദിച്ചു. മറുപടിയായി കുറച്ച് പണമാണ് 5000/- രൂപയേ ഉള്ളൂ ബാക്കി പിന്നെ കൊണ്ടുവരാം എന്നു പറഞ്ഞ് അവർ നടക്കാൻതുട ങ്ങിയപ്പോൾ നിൽക്കൂ എന്നു മന്ത്രി ആജ്ഞാപിച്ചു. അവരെ മന്ത്രി തിരിച്ചു



malankaralibrary.com



വിളിച്ച് പൊതി എടുക്കാൻ അവശ്യപ്പെട്ടു. എടുക്കാൻ അറച്ചപ്പോൾ ഉച്ചത്തിലുള്ള ആജ്ഞ കേട്ട് പേടിച്ച് പൊതിയുമെടുത്ത് കാറിൽ കയറി, താമസിച്ച ഹോട്ടലിലെ റൂം പോലും ഒഴിയാതെ തിരുവനന്തപുരം വിട്ടു. പണം കൊടുത്തു എന്നു പറയുന്നതിലുള്ള മടി കൊണ്ടാണ് തിരിച്ചുവീട്ടിൽ വരാതിരുന്നതെന്നു ഞാൻ ധരിച്ചു. കുട്ടി മെഡിക്കൽ കോളേജിൽ ചേർന്നുകഴിഞ്ഞപ്പോൾ ആരോഗ്യമന്ത്രിയുടെ അഴിമതിയെപ്പറ്റി ഞാൻ പലരോടും പറഞ്ഞുപോയി. എന്നിൽ നിന്നറിഞ്ഞതു കൊണ്ടാണ് ശ്രീകണ്ഠൻ ചേട്ടൻ കോർഡിനേഷൻ കമ്മിറ്റിയിൽ നിങ്ങൾക്കെതിരായി ആരോപണം ഉന്നയിച്ചത്. എന്റെ ഈ തെറ്റ് നിങ്ങൾ മാപ്പാക്കിയില്ലെങ്കിൽ അള്ളാഹു എന്നോടു പൊറുക്കില്ല. എന്റെ രണ്ടുകൈയ്യും പിടിച്ച് കരഞ്ഞുകൊണ്ടാണ് നിർത്തി നിർത്തി കുരുക്കൾ പറഞ്ഞവസാനിപ്പിച്ചത്. കെട്ടിപ്പിടിച്ച് കുരുക്കളെ ഞാൻ ആശ്വസിപ്പിച്ചു. ഞാൻ ക്ഷമിച്ചിരിക്കുന്നു. ദൈവം നിങ്ങൾക്ക് മാപ്പു തരും. വലിയ ഒരു ഭാരം ഇറക്കി വച്ച അവസ്ഥയിലായിരുന്നു കുരുക്കൾ. 4 ദിവസം കഴിഞ്ഞ് അദ്ദേഹം മരിച്ചു മരണത്തിനുമുമ്പ് എന്നെപ്പറ്റി വളരെ പ്രശംസിച്ച് സംസാരിച്ചിരുന്നുവെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു.

## ഫാർമസിസ്റ്റുകളുടെ പ്രശ്നം

ഒരു ദിവസം രാവിലെ പ്രൈവറ്റ് സെക്രട്ടറി ഫാർമസിസ്റ്റുകളുടെ പ്രതിനിധികളോട് 11 മണിക്ക് വരാൻ അറിയിച്ചിട്ടുണ്ടെന്നു പറഞ്ഞു. വരട്ടെ എന്നു പറഞ്ഞ് ഞാൻ ഫയലുകൾ നോക്കാൻ തുടങ്ങി. 11 മണി ആയപ്പോൾ അവരെ എന്റെ മുറിയിൽ എത്തിച്ചു. ആളുകൾ കൂടുതലുണ്ടെന്നു കണ്ടപ്പോൾ ഒന്ന്, രണ്ട് എന്ന് എണ്ണാൻ അവരോട് പറഞ്ഞു. 12 പേരുണ്ടായിരുന്നു. ഞാൻ എല്ലാവരോടും ഇരിക്കാൻ പറഞ്ഞു. ആളുകളുടെ എണ്ണം കൂടിയാൽ കാര്യം സാധിക്കാൻ എളുപ്പമുണ്ടെന്നാണോ നിങ്ങളുടെ വിശ്വാസം. അൽപ്പം ദേഷ്യത്തിലായിരുന്നു എന്റെ ചോദ്യം.

"അല്ല സർ" ഒരാൾ എഴുന്നേറ്റ് നിന്ന് പറഞ്ഞു തുടങ്ങി. ഞങ്ങൾ 300 പേരുണ്ട്. ഏതാനും ദിവസത്തിനകം ഞങ്ങൾ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടും. പത്തും പതിനഞ്ചും വർഷത്തെ സർവ്വീസുള്ളവരാണ്. ബാക്കി ആളുകൾ താഴെ നിൽപ്പുണ്ട്. സർ, രക്ഷിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അയാൾ വേദനയോടെ പറഞ്ഞു. കസേരയിൽ ഇരുന്നു. എന്താണ് ഇവരുടെ പ്രശ്നം എന്ന് ഞാൻ പ്രൈവറ്റ് സെക്രട്ടറിയോട് ചോദിച്ചു. പ്രൈവറ്റ് സെക്രട്ടറി ഇങ്ങനെ പറഞ്ഞു. നമ്മുടെ ഗവണ്മെന്റ് സർവ്വീസിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നവരിൽ 2 തരം ആളുകൾ ഉണ്ട്. ഫാർമസി കോഴ്സ് പാസ്സായവരും പാസ്സാകാത്തവരും. യോഗ്യതയുള്ളവർ ആവശ്യത്തിനു തികയാതെയിരുന്നതുകൊണ്ട് ഇതിൽ പ്രവൃത്തി പരിചയമുള്ളവരേയും നിയമിച്ചിരുന്നു. ഗവണ്മെന്റിന്റെ പ്രത്യേകതീരുമാനപ്രകാരമാണ് അത്തരത്തിൽ നിയമനം കൊടുത്തത്. കേന്ദ്രഗവണ്മെന്റ് ഇന്ത്യയ്ക്കാ



malankaralibrary.com

കമാനം ബാധകമായ ഒരു ഫാർമസി നിയമം പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിൽ ഫാർമസി കോഴ്സ് പാസ്സായവർ മാത്രമേ നിയമം പ്രാബല്യത്തിൽ വന്നാൽ സർവീസിലുണ്ടാകാവൂ. ആ മാസാവസാനമാണ് നിയമം പ്രാബല്യത്തിൽ വരുന്നത്. ഇനി ഏതാനും ദിവസം മാത്രമേ ഉള്ളൂ. അപ്പോൾ സർവീസിലുള്ള മൂന്നുറോളം ആളുകൾ പുറത്താക്കപ്പെടും. പ്രൈവറ്റ് സെക്രട്ടറി പറഞ്ഞു നിർത്തി. എന്റെ മുഖത്തേക്ക് നോക്കി. നിവേദകർക്ക് ഈ വിശദീകരണം കേട്ട് അതെ സർ അതെ സർ എന്നുപറഞ്ഞു. അവരുടെ നിവേദനം വാങ്ങിയിട്ട് ഉച്ചകഴിഞ്ഞ് 3 മണിക്ക് വരൂ ഞാനൊന്ന് പഠിക്കട്ടെയെന്നു പറഞ്ഞ് യാത്രയാക്കി. ഡീൻ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ഡോ. സി.ഒ. കരുണാകരനെ വിളിച്ച് ഈ കാര്യം പറഞ്ഞിട്ട് ഇവരെ രക്ഷിക്കാൻ വല്ല വഴിയുമുണ്ടോയെന്നു ഞാൻ ആരാഞ്ഞു. “Even God cannot save them” ഡോ. സി.ഒ. കരുണാകരന്റെ പ്രഖ്യാപനം. ആ മറുപടി എന്നെ ചൊടിപ്പിച്ചു. ഈശ്വരവിശ്വാസിയായ എന്റെ ദൈവത്തിന് അസാദ്ധ്യമായ ഒന്നും ഇല്ല എന്നാണെന്റെ വിശ്വാസം. 3 മണിക്ക് അദ്ദേഹത്തെ തന്റെ ഓഫീസിലേക്ക് ക്ഷണിച്ചു. ആ സമയത്ത് ഹെൽത്ത് സെക്രട്ടറി, ലാ സെക്രട്ടറി, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, ഹെൽത്ത് സർവീസ് ഡയറക്ടർ, ഫാർമസി കോൺസിൽ സെക്രട്ടറി എന്നിവരേയും വരാൻ ഏർപ്പാടു ചെയ്തു. 3 മണിക്ക് യോഗം ആരംഭിച്ചു. ഞാൻ തന്നെ യോഗ ഉദ്ദേശം ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞിട്ട് കാരണമായ ആക്ടിലെ വ്യവസ്ഥകൾ വായിക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും കേൾക്കെയാണ് സെക്രട്ടറി കൊച്ചുകോശി വായിച്ചത്. ഒരു സെക്ഷൻ രണ്ടാമതും വായിക്കാൻ ആവശ്യപ്പെട്ടു. സംസ്ഥാന ഗവണ്മെന്റ് ഈ നിയമം ആ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരേണ്ട തീയതി നിശ്ചയിച്ചിട്ടില്ലെങ്കിൽ, ഏപ്രിൽ മാസം 1-ാം തീയതി നിയമം പ്രാബല്യത്തിൽ വരും അതനുസരിച്ച് ഇവരൊക്കെ പുറത്താകുമെന്നാണ് ഇവർ പറയുന്നത്. കേരളാ ഗവണ്മെന്റ് ഈ കാര്യത്തിൽ ഒരു തീയതി നിശ്ചയിച്ചിട്ടില്ല. ഞാൻ ഓരോരുത്തരുടേയും മുഖത്തേയ്ക്ക് മാറിമാറി നോക്കുന്നുണ്ടായിരുന്നു. ഡോ. സി.ഒ. കരുണാകരൻ ഗൗരവത്തിലാണിരുന്നത്. അദ്ദേഹം നേരത്തെ ഫോണിലൂടെ പറഞ്ഞ കാര്യങ്ങൾ ഓർത്തുകൊണ്ട് ഇവരെ രക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടോയെന്നു വീണ്ടും മെഡിക്കൽ ഡീൻ ഡോ. സി.ഒ. കരുണാകരനോട് ചോദിച്ചു. മുന്നിലിരിക്കുന്നവരോട് സംസാരിക്കുമ്പോഴും ഇതിന് പോംവഴി തേടുകയായിരുന്നു. ലാ സെക്രട്ടറിയോട് ഒരു ചോദ്യത്തിലൂടെ ഞാനൊരു വഴി തുറന്നു. സംസ്ഥാന ഗവണ്മെന്റ് ഈ നിയമം ആ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരേണ്ട തീയതി നിശ്ചയിക്കാൻ അവകാശം നൽകിയിട്ടുണ്ട്. ഏതു ദിവസത്തിനകം സംസ്ഥാനഗവണ്മെന്റ് തീയതി പ്രഖ്യാപിക്കണം എന്നു പറഞ്ഞിട്ടുണ്ടോ? എന്റെ ചോദ്യം. നാം എന്തിനാണ് അതു തിരക്കുന്നത് ലാ സെക്രട്ടറിയുടെ മറുപടി. എന്റെ



malankaralibrary.com



മറുപടി ഒരു വിശദീകരണമായിരുന്നു. ഈ നിയമത്തിൽ സംസ്ഥാനഗവണ്മെന്റുകൾക്ക് ഒരു അധികാരം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കേരള സംസ്ഥാനത്തിൽ ഈ നിയമം പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കാൻ കേരള ഗവണ്മെന്റിന് അവകാശമുണ്ട്. ആ അവകാശം ഉപയോഗിച്ച് ഈ നിയമം കേരളത്തിൽ അടുത്ത കൊല്ലം മാർച്ച് മാസം 31-ാം തീയതി മാത്രമേ പ്രാബല്യത്തിൽ വരൂ. നിങ്ങളുടെ അഭിപ്രായം എന്താണ്? അനുകൂലമായും പ്രതികൂലമായും ചൂടുപിടിച്ച ചർച്ച അങ്ങനെ ചെയ്യുന്നത് കേന്ദ്ര ഗവണ്മെന്റ് നിയമത്തിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുകയാണ് ചെയ്യുന്നതെന്നായിരുന്നു ഡോ. സി.ഒ. കരുണാകരന്റെ അഭിപ്രായം. ലാ സെക്രട്ടറി ഒന്നും തന്നെ പറഞ്ഞില്ല. ഹെൽത്ത് സെക്രട്ടറി കൊച്ചുകോശി എന്റെ അഭിപ്രായത്തോട് യോജിച്ചു എന്നാണെന്റെ ഓർമ്മ. ഉടൻ തന്നെ ഓർഡിനൻസ് ഇറക്കാൻ ഏർപ്പാട് ചെയ്തു. ഫാർമസിസ്റ്റ് പ്രതിനിധികളെ വിളിച്ച് ഞാൻ തന്നെ ഈ കാര്യം വിശദീകരിച്ചു. സന്തോഷം കൊണ്ട് ചിലരുടെ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു. എല്ലാവരും പൊയക്കഴിഞ്ഞശേഷം പ്രൈവറ്റ് സെക്രട്ടറി സി.ടി. ജോസഫ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തങ്കവേലു എന്നിവരുമായി ഉടനടി ഇതിനുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. സായാഹ്ന ക്ലാസ്സുകളിലൂടെ ഇവരെ പഠിപ്പിച്ച് പരീക്ഷ നടത്തി ഇവരെയൊക്കെ യോഗ്യരാക്കാം എന്നു തീരുമാനിച്ചു.

## തൃപ്പൂണിത്തറ ആയുർവ്വേദ കോളേജ്

തൃപ്പൂണിത്തറ ആയുർവ്വേദ കോളേജ് 1957-ലെ ഇ.എം.എസി.-ന്റെ ആദ്യമന്ത്രി സഭയിലെ ആരോഗ്യമന്ത്രിയായിരുന്ന ഡോ. എ.ആർ. മേനോനാണ് അനുമതി നൽകിയത്. കൊച്ചി മഹാരാജാവിന്റെ തൃപ്പൂണിത്തറ പാലസുമായി ചേർന്ന ഒരു കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷനും പണവും അനുവദിച്ചു. ഇ.എം.എസിന്റെ 2-ാമത്തെ മന്ത്രിസഭ അധികാരത്തിലെത്തിയിട്ടും പണി മുന്നോട്ട് നീങ്ങിയില്ല. ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾ തൃപ്പൂണിത്തറ എം.എൽ.എ. ആയിരുന്ന സഖാവ് ടി.കെ. രാമകൃഷ്ണനേയും കൊണ്ട് എന്നെ കാണാൻ വന്നു. എം.എൽ.എ. കാര്യങ്ങൾ വിശദീകരിച്ചു. അവരോട് 2 ആഴ്ചയ്ക്കകം ആലുവ പാലസിൽ വച്ച് ഒരു കോൺഫറൻസ് (ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ) കൂടുമെന്നും അന്ന് എം.എൽ.എ.-യും വിദ്യാർത്ഥി പ്രതിനിധികളും അവിടെ എത്തണമെന്നും ഏർപ്പാട് ചെയ്ത് പിരിഞ്ഞു. സംഭവദിവസം ആലുവായിൽ ഞാനെത്തുമ്പോൾ ആയുർവ്വേദ കോളേജിലെ വളരെയധികം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. വിദ്യാർത്ഥികളുടെ 3 പ്രതിനിധികളെ മാത്രമേ



ടി.കെ. രാമകൃഷ്ണൻ



malankaralibrary.com

യോഗത്തിൽ സംബന്ധിക്കാൻ അനുവദിക്കൂ എന്നും ആ 3 പേരുമായി എം. എൽ.എ. അകത്തേക്ക് വരൂ എന്നു പറഞ്ഞ് ഞാൻ സമ്മേളനസ്ഥലത്തേക്ക് പോയി. അന്നത്തെ P.W.D. സൂപ്രണ്ടിംഗ് എൻജിനീയർ പി.കെ. ത്രേസ്യ ആയിരുന്നു. ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണ ചുമതല എക്സി ക്യൂട്ടീവ് എൻജിനീയർക്കാണ്. യോഗം തുടങ്ങി പരസ്പരം പരിചയപ്പെട്ട തിനുശേഷം എം.എൽ.എ. കാര്യം അവതരിപ്പിച്ചു. അടുത്തതായി P.W.D. എക്സ്. എൻജിനീയരോട് കാലതാമസത്തിനുള്ള കാരണം ഞാൻ ആരാ ഞ്ഞു. എക്സ്. എൻജിനീയർ എഴുന്നേറ്റ് നിന്ന്, കോൺട്രാക്ടർ പണി ചെയ്യാ ത്തതു കൊണ്ടാണ് മുന്നോട്ട് പോകാത്തതെന്നും അയാളുടെ കരാർ റദ്ദ് ചെയ്ത് Risk And Cost വ്യവസ്ഥപ്രകാരം പുതിയ ടെൻഡർ വിളിച്ച് പണി ഏൽപ്പിക്കാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണെന്നുമായിരുന്നു മറു പടി. ആരാണ് കോൺട്രാക്ടർ എന്നു ഞാൻ ചോദിച്ചു. സദസ്സിൽ ഉണ്ടായി രുന്ന ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റ് സ്വയം പരിചയപ്പെടുത്തിയിട്ട് അയാൾ അയാളുടെ ഭാഗം വിശദീകരിച്ചു. എക്സ്. എൻജിനീയർ കരാർ വ്യവസ്ഥ കൾക്ക് വിപരീതമായി അഡീഷണൽ വർക്ക് ചെയ്യണമെന്ന് നിർദ്ദേശിച്ചതു കൊണ്ടാണ് ഞാൻ പണി നിർത്തിവെച്ചത്. അയാൾക്ക് നഷ്ടം വരുന്ന രീതി യിലുള്ള വ്യതിയാനമാണ് ഏകപക്ഷീയമായി എൻജിനീയർകൈക്കൊണ്ടിട്ടു ള്ളത്. അതിനുള്ള കാരണവും അയാൾ ചുരുക്കിപ്പറഞ്ഞു. ഗവണ്മെന്റ് എൻജി നീയർമാർ സമരം ചെയ്തപ്പോൾ എറണാകുളത്തെ കളക്ടർ ആയിരുന്ന ശ്രീ. കൃഷ്ണകുമാർ ഐ.എ.എസ്. (എൻജിനീയർ) ശക്തമായി സമരത്തെ നേരി ട്ടു. എൻജിനീയർ ഡിഗ്രി പാസ്സായിട്ടുള്ള കളക്ടർ സമരത്തെ നേരിട്ടപ്പോൾ ആയുർവ്വേദ കോളേജ് നിർമ്മാണ കോൺട്രാക്ട് എടുത്തിരുന്ന ആൾ എൻജി നീയർമാർക്കെതിരെ കളക്ടർക്കൊപ്പം നിന്നു. അതിനുള്ള പ്രതികാര നടപടി യായിട്ടാണ് അയാൾക്ക് നഷ്ടം വരുന്ന രീതിയിൽ വ്യവസ്ഥകൾ ഏകപക്ഷീ യമായി ഭേദഗതി ചെയ്തതെന്നും അതനുസരിച്ച് അയാളുടെ കോൺട്രാക്ട് ക്യാൻസൽ ചെയ്താൽ നഷ്ടപരിഹാരം തേടുമെന്നും അയാൾ പറഞ്ഞു. കൂടു തൽ നിയമവശം പറയാൻ എന്റെ വക്കീലിനെ അനുവദിക്കണമെന്ന് ഒരാളെ ചൂണ്ടിക്കാട്ടി കോൺട്രാക്ടർ പറഞ്ഞു. കാര്യങ്ങൾ ചുരുക്കി പറയാൻ അഭിഭാ ഷകനോട് ആവശ്യപ്പെട്ടു. അദ്ദേഹം എഴുന്നേറ്റ് നിന്ന്, വിനയത്തോടുകൂടി ദൃഢസ്വരത്തൽ P.W.D. code -ലെ ചില വകുപ്പുകൾ ഉദ്ധരിച്ച് എൻജിനീയർമാ രുടെ നിർദ്ദേശം തെറ്റാണെന്ന് സമർത്ഥിച്ചു. അതു നടപ്പിലാക്കിയാൽ ഗവ ണ്മെന്റിനു വലിയ നഷ്ടം വരുമെന്നും കോൺട്രാക്ടർക്ക് നഷ്ടപരിഹാരം നൽകാൻ ഗവണ്മെന്റ് ബാദ്ധ്യസ്ഥമാകുമെന്നും സമർത്ഥിച്ചു. അതേപ്പറ്റി വിശ ദീകരണം നൽകാൻ സൂപ്രണ്ടിംഗ് എൻജിനീയർ ത്രേസ്യയോടാവശ്യപ്പെട്ടു. കെട്ടിടനിർമ്മാണത്തിന്റെ Rate revise ചെയ്തിരിക്കുന്നതുകൊണ്ട് അടങ്കൽ തുക ഇരട്ടിയോളം ആകുമെന്ന് കോൺട്രാക്ടറുടെ വക്കീൽ ചൂണ്ടിക്കാണിച്ചത്. സൂപ്ര



malankaralibrary.com



ണ്ടിംഗ് എൻജിനീയർ ശരിവച്ചു. അങ്ങനെ വരുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്ന് Risk and Cost പ്രകാരം ഈടാക്കുമെന്നു തന്നെയായിരുന്നുഅവരുടേയും മറുപടി. പരസ്പര വിരുദ്ധമായ നിർദ്ദേശങ്ങൾ മുന്നിൽ വന്നപ്പോൾ പഠിക്കാതെ തീരുമാനമെടുക്കുന്നത് ബുദ്ധിപൂർവ്വമല്ലായെന്ന് ചിന്തിച്ച്, തിരുവനന്തപുരത്തെ എന്റെ ഓഫീസിൽ വച്ച് വീണ്ടും കൂടാനുള്ള തീയതിയും സമയവും നിശ്ച യിച്ച് പിരിഞ്ഞു. തിരുവനന്തപുരത്ത് എത്തി പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് ലാ സെക്രട്ടറിയോട് P.W.D. code-മായി എന്റെ മുറിയിൽ എത്താൻ ഏർപ്പാടു ചെയ്തു. ലാ സെക്രട്ടറി എല്ലാ വശങ്ങളും വിശദീകരിച്ചതിനുശേഷം എക്സ്. എൻജിനീയറുടെ നിർദ്ദേശം നടപ്പാക്കിയാൽ കോൺട്രാക്ടർക്ക് നഷ്ടപരിഹാരം നൽകേണ്ടി വരും എന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. P.W.D. code-ലെ പ്രസ ക്തഭാഗങ്ങൾ അടയാളപ്പെടുത്തി തരാൻ പ്രൈവറ്റ് സെക്രട്ടറിയെ ഏർപ്പാടു ചെയ്തു. രാത്രി വീട്ടിൽ കൊണ്ടുപോയി ഞാൻ വായിച്ചു പഠിച്ചു. സമ്മേ ളന ദിവസം എല്ലാവരും ഉണ്ടായിരുന്നു. കുറച്ചുനേരം സംസാരിക്കാൻ അവർക്ക് അനുവാദം കൊടുത്തു. ഓരോരുത്തർക്കും അവസരം കൊടു ത്തിട്ട് ഞാനെന്റെ അഭിപ്രായം പറയാൻ ഒരുങ്ങി. എല്ലാവരേയും നോക്കി യിട്ട് ഫയൽ എടുത്ത് എഴുതാൻ പേനയും പിടിച്ചുകൊണ്ട്, ഉദ്യോഗസ്ഥ ന്മാർ എടുക്കുന്ന നടപടികൾ ആത്മാർത്ഥവും സത്യസന്ധവുമാണെങ്കിൽ അതംഗീകരിക്കാൻ ഗവണ്മെന്റ് ബാധ്യസ്ഥമാണ്. ഇക്കാര്യത്തിൽ ഞാൻ എഴുതാൻ പോകുന്നത് ആദ്യം പറയാം. എഴുതിയതിനുശേഷം പിന്നീട് വെട്ടിതിരുത്താൻ കഴിയില്ല. I agree to the proposal of the Ex. Engineer to cancell the contract and to re-tender at the risk & cost of the contractor provided if the Government fails to realise the additional burden from the contract or the person responsible for re-tender has to bear it. Any way Government should not loose പറഞ്ഞുനിർത്തിയിട്ട് ഞാൻ എല്ലാവരെയും ഒന്ന് നോക്കി. സൂപ്ര ണ്ടിംഗ് എൻജിനീയർ പി.കെ. ത്രേസ്യ പരുങ്ങലിലായി. മറുപടി പറയാൻ എക്സിക്യൂട്ടീവ് എൻജിനീയറോട് നിർദ്ദേശിച്ചു. അയാൾ എഴുന്നേറ്റ് നിന്ന് ക്ഷമിക്കണം സാർ നമുക്ക് റീ ടെൻഡർ ചെയ്യാതെ ഞങ്ങൾ കൊടുത്ത പുതിയ നിർദ്ദേശം പിൻവലിച്ച് ഈ കോൺട്രാക്ടറെ കൊണ്ട് തന്നെ പണി പൂർത്തിയാക്കാം. അതുവരെ ശാന്തനായിരുന്ന ഞാൻ പൊട്ടിത്തെറിച്ചു. ഒരു ഉദ്യോഗസ്ഥൻ തെറ്റായ നടപടി നടത്തിയാൽ ഗവണ്മെന്റിനുണ്ടാകുന്ന നഷ്ടം ആ ആളിൽ നിന്നീടാക്കാനുള്ള വ്യവസ്ഥകൾ വന്നപ്പോൾ അഭിപ്രായം മാറ്റി യത് ശകാരത്തിന് കാരണമായി. ഏറ്റവും വേഗം പണി നടത്താമെന്ന ധാര ണയിലാണ് (പഴയവ്യവസ്ഥയിൽ) പിരിഞ്ഞത്. കെട്ടിടം പണി തീർന്നു. ഉദ്ഘാടന സമയമായപ്പോഴേക്കും ഞങ്ങളുടെ മന്ത്രിസഭ രാജിവെച്ച് കഴി ഞ്ഞിരുന്നു. ഉദ്ഘാടന ചടങ്ങിലേക്ക് എന്നെ ക്ഷണിക്കണമെന്ന് വിദ്യാർത്ഥി കളും അദ്ധ്യാപകരും ആവശ്യപ്പെട്ടെങ്കിലും അന്നത്തെ രാഷ്ട്രീയ സാഹച ര്യവും ആരോഗ്യമന്ത്രിയും അതനുവദിച്ചില്ല.



malankaralibrary.com

# കൊച്ചിൻ ബൈപാസ്

എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി, എറണാകുളം മുൻസിപ്പാലിറ്റികളുടെ കിഴക്കു ഭാഗത്തു കിടക്കുന്ന വളരെ അവികസിതമായ ഒരു പ്രദേശമാണ് കുമ്പളം, മരട് മുതലായവ. ചെറിയ തുരുത്തുകളും അവിടെയുണ്ട്. അരൂരിൽ നിന്നാരംഭിച്ച ഈ പ്രദേശങ്ങളിൽ കൂടി കടന്ന് വൈറ്റിലയിൽ ഇടപ്പള്ളിയിൽ എറണാകുളം - തൃശ്ശൂർ റൂട്ടിൽ സന്ധിക്കുന്ന രൂപരേഖയാണ് കൊച്ചിൻ ബൈപ്പാസിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളത്. ഇതു നടപ്പിലായാൽ എന്റെ നിയോജക മണ്ഡലമായ അന്നത്തെ പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ഏറ്റവും പിന്നോക്ക പ്രദേശങ്ങൾ രക്ഷപ്പെടും. ഇതു നടപ്പിലാക്കാതിരിക്കാൻ തൽപ്പര കക്ഷികൾ ഒളിഞ്ഞും തെളിഞ്ഞും പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ബൈപ്പാസ് വേണമെന്ന് പല സംഘടനകളെ കൊണ്ടും പ്രമുമഖ വ്യക്തികളെ കൊണ്ടും ഞാൻ നിവേദനങ്ങൾ അയയ്പ്പിക്കുകയും സമ്മർദ്ദം ചെലുത്താൻ പ്രേരിപ്പിക്കുകയും ചെയ്തു. ഏതാണ്ട് 6 കോടിയോളം രൂപ ചെലവു വരുന്ന ഭീമമായ ഒരു പദ്ധതി ആയതുകൊണ്ട് ഒഴിവാക്കാനായിരുന്നു കേന്ദ്രത്തിലെ ചില ഉദ്യോഗസ്ഥന്മാരുടെയും തീരുമാനം. അവരുടെ അഭിപ്രായത്തിന് അനുകൂലമായി ഇടക്കൊച്ചി മുതൽ തോപ്പുംപടി വരെയുള്ള റോഡു വീതി കൂട്ടിയാൽ മതിയെന്നും അതിനാവശ്യമായ സ്ഥലം സറണ്ടർ ചെയ്തുകൊള്ളാമെന്നുമായിരുന്നു ഒരു നിർദ്ദേശം. തോപ്പുംപടി മുതൽ (നിലവിലുള്ള റോഡിൽ) തേവര - പെരുമാനൂർ വരെ എത്തുന്നതുവരെയുള്ള സ്ഥലം റോഡിനിരുവശവും ഗവണ്മെന്റ് വകയാണ്. അതിനും പണം മുടക്കേണ്ടിവരില്ല. ഇതെല്ലാം ബൈപ്പാസ് നിർമ്മാണത്തെ തടസപ്പെടുത്തുന്നതായിരുന്നു. തടസ്സങ്ങളെപ്പറ്റി അറിഞ്ഞ് ഫാക്സ് നിവേദനങ്ങളും ടെലിഗ്രാഫ് നിവേദനങ്ങളും കേന്ദ്രമന്ത്രിമാർക്ക് കിട്ടികൊണ്ടിരുന്നതിനാൽ ഒരു വിദഗ്ധസംഘത്തെ പഠനത്തിനും പരിശോധനയ്ക്കും വേണ്ടി അയയ്ക്കണമെന്ന് കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചു. എനിക്കും വിവരം കിട്ടി.

വിദഗ്ധസംഘം എറണാകുളം ഗസ്റ്റ് ഹൗസിലെത്തി. നാഷണൽ ഹൈവേ ചീഫ് എൻജിനീയർ ആയിരുന്നു ചർച്ച തുടങ്ങിയത്. 6 കോടിയോളം രൂപ ചിലവ് വരുന്ന ഈ പദ്ധതിയ്ക്ക് അത് ഒഴിവാക്കാനുള്ള പകരം നിർദ്ദേശം വന്നാൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഗവണ്മെന്റ് അത് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സദസ്സ്യരെ പ്രകോപിപ്പിക്കരുതെന്ന് കരുതി അമർഷം അടക്കി ഞാൻ നിശബ്ദനായിരുന്നു. സമ്മേളിച്ചവരിൽ ചില പഞ്ചായത്തു പ്രസിഡന്റുമാർ ഒഴികെ മറ്റെല്ലാവരുംതന്നെ ബൈപ്പാസ് ഒഴിവാക്കണം എന്ന് അഭിപ്രായക്കാരായിരുന്നു. ക്ഷമകെട്ട് ഞാൻ എഴുന്നേറ്റു. ഞാൻ വളരെ ശക്തമായി റോഡിനെപ്പറ്റിയുള്ള സ്ഥിതി വിവരകണക്കുകൾ നിരത്തിവച്ചു. ഇങ്ങനെയൊരു റോഡ് ഉണ്ടായാൽ ഇടപ്പള്ളിമുതൽ അരൂർ വരെയുള്ള ദൂരം 8 കിലോമിറ്റർ കുറയും എന്ന വസ്തുത ഞാൻ



malankaralibrary.com



ചൂണ്ടിക്കാട്ടി. അന്നത്തെ നിലയ്ക്ക് ഇടപ്പള്ളിയിൽ നിന്നൊരു വാഹനം അരൂരിലെത്താൻ രണ്ടുമണിക്കൂർ വേണ്ടിവരും. വെല്ലിംഗ്ടൺ അയ്ലൻണ്ടിൽ എയ്റോഡ്രോം കവാടത്തിനു അടുത്തു ഒരു റെയിൽവേ ഗേയ്റ്റും ഉണ്ട്. അത് അടച്ചിട്ടാൽ ചിലപ്പോൾ അരമണിക്കൂറോളം ഗതാഗത തടസ്സം ഉണ്ടാകും. ഇതെല്ലാം ഒഴിവാക്കി ബൈപ്പാസ് വന്നാൽ കേവലം അരമണിക്കൂർകൊണ്ട് യാത്രചെയ്യാൻ കഴിയും. Time is money എന്ന തത്വം ഞാൻ എല്ലാവരെയും ഓർമ്മിപ്പിച്ചു. എന്റെ വിശദീകരണവും അവകാശവാദവും ശ്രദ്ധയോടെയാണ് കേൾക്കുന്നതെന്ന് കണ്ടപ്പോൾ കൂടുതൽ പറയണമെന്ന് എനിക്കും തോന്നി. പ്രമുഖനായ ശ്രീ. ആർ.ശങ്കറിന്റെ ഒരു തന്ത്രം (സ്റ്റാറ്റിസ്റ്റിക്സ് നിരത്തിവാദിക്കുന്ന കാര്യം സമർത്ഥിക്കുന്നത്) ഇവിടെ ആവശ്യമാണെന്ന് എനിക്കും തോന്നി. അന്ന് മൂന്ന് ടൺ ചരക്കുകൊണ്ട് ലോറിയിൽ പോകുന്നതിന് കിലോമീറ്ററിന് വാടക രണ്ടുരൂപയായിരുന്നു. യാത്രാദൂരം 8 കിലോമീറ്റർ കുറഞ്ഞാൽ 16 രൂപാ ദേശീയനഷ്ടം ഒഴിവാക്കാൻ കഴിയും. ഈ റോഡും പാലങ്ങളും തീരുമ്പോൾ ശരാശരി ഒരു ദിവസം 1000 ലോറികൾ ഓടുന്നെങ്കിൽ (16 x 2 x 1000 = 32000രൂപാ) പ്രതിദിനം ദേശീയ നഷ്ടം ഒഴിവാക്കാൻ കഴിയും. അത് ഒരു മാസത്തേയ്ക്ക്.കണക്കാക്കിയാൽ (32000 x 30 = 9,60,000) ഒരു കൊല്ലത്തേയ്ക്ക് കണക്കാക്കിയാൽ (9,60,000 x 12 = 1,15,20,000) ഇത് 25 കൊല്ലത്തേയ്ക്ക് കണക്കാക്കിയാൽ (1,15,20,000 x 25 = 28,8,000,000) കേവലം 6 കോടി രൂപാ മുടക്കിയാൽ 25 കൊല്ലം കൊണ്ട് 28,8,000,000 രൂപാ ദേശീയ നഷ്ടം ഒഴിവാക്കാൻ കഴിയും. ഇതിനുപുറമെയാണ് ബസ്സും കാറും, ബൈക്കും മറ്റും പോകുന്നതുകൊണ്ടുണ്ടാകുന്ന ആശ്വാസം. ഇതിനെല്ലാം പുറമെ യാതൊരു സഞ്ചാരസൗകര്യവുമില്ലാത്ത (തുരുത്തുകളും അവികസിതപ്രദേശങ്ങളും) രക്ഷപ്പെടാൻ ഇടയാകുന്നത് ഇത്രയും പറഞ്ഞു നിർത്തിയിട്ട് ഞാൻ ശബ്ദം ഉയർത്തി വികാരധീനനായി കാര്യങ്ങൾ വിശദമായി പരിഗണിക്കാതെയും, പഠിക്കാതെയും ബൈപ്പാസ് വേണ്ടായെന്ന് നിഗമനത്തിലെത്താൻ പ്രചരിപ്പിച്ചവരെ നിശിതമായും പരുഷമായും വിമർശിച്ചു. ഒനും രണ്ടും അവികസികത സ്ഥലങ്ങളെങ്കിലും കാണണമെന്ന് ഞാൻ അവരോട് ആവശ്യപ്പെട്ടു. ഒരു പ്രാദേശിക നേതാവ് ഈ വിദഗ്ധകമ്മിറ്റി പഠനത്തിനായി സ്ഥലം സന്ദർശിക്കരുതെന്ന് തറപ്പിച്ചു പറഞ്ഞു. എന്റെ സകല നിയന്ത്രണവും വിട്ട് ഞാൻ പൊട്ടിത്തെറിച്ചു, എന്തുകൊണ്ട് പോകരുതെന്നു ചോദിച്ചപ്പോൾ അദ്ദേഹം സമരക്കാരനാണ്. അവിടെ ചെന്നാൽ ആളുകളെ കൊണ്ട് നമ്മളെ വളഞ്ഞുവെയ്ക്കും. പോലീസ് വന്ന് മോചിപ്പിക്കാൻ ബലം പ്രയോഗിക്കുന്നത് പത്രവാർത്തകൾക്ക് ഇടയാകും എന്ന അദ്ദേഹത്തിന്റെ അഭിപ്രായം എല്ലാവർക്കും സ്വീകാര്യമായി. പഠനത്തിനുവേണ്ടി സ്ഥല സന്ദർശന പരിപാടി വേണ്ടായെന്നു വച്ചു. ഞാൻ വീണ്ടും ശാന്തനായി,. ബൈപ്പാസ് അംഗീകരിയ്ക്കുന്നു എന്നൊരു തീരുമാനം ഇപ്പോൾ ഉണ്ടാകുന്നതാണ് നല്ലതെന്ന് ഞാൻ അഭിപ്രായപ്പെട്ടു. What will happen if we don't



malankaralibrary.com

declare it now? ഇന്ത്യാ ഗവണ്മെന്റിന്റെ റോഡു വിഭാഗം ഡയറക്ടർ ആയിരുന്നു ആ ചോദ്യം ചോദിച്ചിരുന്നത്. ഞാനെഴുന്നേറ്റ് ഉറച്ച സ്വരത്തിൽ `You will not be able to go out of this guest house. Thousand are on the road ഡിസ്ട്രിക് കളക്ടർ സന്ദർഭത്തിന്റെ ഗൗരവവും മറ്റും പഠനസംഘം നേതാവിനെ അറിയിച്ചപ്പോൾ ബൈപ്പാസ് അംഗീകരിക്കാം എന്ന പ്രഖ്യാപനം ഉണ്ടായി. ഞാൻ ഓടി ചെന്ന് റോഡിൽ കാത്തു നിന്നവരോട് ഈ വിവരം അറിയിച്ചപ്പോൾ അവരുടെ ആഹ്ലാദപ്രകടനം കാണേണ്ടതായിരുന്നു. വന്ന സംഘത്തിലെ ആളുകളും ടെറസ്സിന്റെ മുകളിൽ നിന്ന് ഈ രംഗം വീക്ഷിച്ചു. അതിലൊരാൾ കാര്യങ്ങൾ ശരിക്ക് വിശദീകരിച്ച് അവരെ പഠിപ്പിച്ചതിനും സംഘർഷാത്മകമായ അന്തരീക്ഷം ഒഴിവാക്കാൻ ഞാൻ കൈക്കൊണ്ട നടപടിയെ വളരെ ശ്ലാഘിച്ചും സംസാരിച്ചു. പൊട്ടിത്തെറിയുടെ വക്കിൽ എത്തിയ സംഭവം ആഹ്ലാദകരമായി പര്യവസാനിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്കും സന്തോഷം തോന്നി. ഇപ്പോഴും ബൈപ്പാസിലൂടെ ഇടയ്ക്കിടെ കടന്നുപോകുമ്പോൾ ഞാൻ ഇതൊക്കെ ഓർക്കാറുണ്ട്.

## ദുഃഖ വെള്ളിയാഴ്ച മന്ത്രി ചന്ദനക്കാംപാറയിൽ

അന്നൊരു ദുഃഖ വെള്ളിയാഴ്ചയായിരുന്നു. തലേദിവസം തലശ്ശേരി പള്ളിയിലെ പെസഹാ ചടങ്ങുകളിൽ സംബന്ധിച്ച് തലശ്ശേരി ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുമൊത്ത് ചന്ദനക്കാംപാറ സന്ദർശിക്കാൻ പരിപാടിയിട്ടിരുന്നു. ചന്ദനക്കാംപാറയുടെ പ്രത്യേകത മൈസൂർ ഗവ, ഷിമോഗയിൽ നിന്ന് കുടിയിറക്കിയ കുറേ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 500 ഏക്കർ ഭൂമി ചന്ദനക്കാംപാറയിൽ തലശ്ശേരി ബിഷപ്പ് വാങ്ങി. ഒരു കുടുംബത്തിന് 2 ഏക്കർ വീതം കൊടുത്തു. കൃഷി ചെയ്ത് വല്ലതും ഉൽപ്പാദിപ്പിക്കുന്നതുവരെ അവരുടെ ആഹാരത്തിനുള്ള സജ്ജീകരണവും തലശ്ശേരി പിതാവ് ചെയ്തു. മൈസൂർ ഗവണ്മെന്റാണ് ഷിമോഗയിലെ കർഷകരെ അതിക്രൂരമാം വിധം കുടിയിറക്കിയത്. അതിനെതിരായി ചിറയത്തച്ചനും ഞാനും എം.എം. തോമസും മറ്റും നീണ്ടുനിന്ന സമരം അവിടെ നടത്തി. ആ ഓർമ്മകളാണ് കുടിയിരുത്തപ്പെട്ട സ്ഥലത്ത് പോകാൻ എന്നെ പ്രേരിപ്പിച്ചത്. ചന്ദനക്കാംപാറ എത്താൻ വളരെ പ്രയാസമായിരുന്നു. മലയുടെ താഴ്‌വാരത്ത് ഞങ്ങളുടെ കാർ ഇട്ടിട്ട് ജീപ്പിലാണ് യാത്ര. തലശ്ശേരി പിതാവിന്റെ ജീപ്പിൽ അദ്ദേഹവും ഹെൽത്ത് സർവീസിന്റെ ഒരു ജീപ്പിൽ ഞാനും ടീച്ചറും വളരെ പണിപ്പെട്ട് മലമുകളിലെത്തി. പള്ളിയിൽ എല്ലാ ജനങ്ങളും നേരത്തേ എത്തിയിരുന്നു. ദുഃഖവെള്ളിയാഴ്ച തിരുകർമ്മങ്ങളിൽ ഞങ്ങൾ എല്ലാം പങ്കെടുത്തു. അതു കഴിഞ്ഞ് പൊതുസമ്മേളനം ഉണ്ടായിരുന്നു. ബിഷ



ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി



malankaralibrary.com



പ്പിന്റെ പ്രസംഗത്തിൽ കർഷകരുടെ പ്രശ്നങ്ങൾ വിശദീകരിക്കുകയും മൈസൂർ ഗവണ്മെന്റ് നടപടിയെ നിശിതമായി വിമർശിക്കുകയും ചെയ്തു പുരധിവസി ക്കപ്പെട്ട അവരുടെ പ്രശ്നങ്ങൾ അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെ ന്നും, ആരോഗ്യപ്രശ്നം, വീട് നിർമ്മാണം മുതലായ കാര്യങ്ങൾക്ക് വേണ്ട പണം സ്വരൂപിക്കണമെന്നും അവരെ അറിയിച്ചു. ഞാനും ചിറയത്തച്ചനും നേതൃത്വം കൊടുത്ത കാര്യം വിശദമായി അദ്ദേഹം ജനങ്ങളെ അറിയിച്ചു. മൈസൂർ ഗവ ണ്മെന്റിന് എതിരായി ആ സംസ്ഥാനത്തു ചെന്ന് കൃഷിക്കാർക്കുവേണ്ടി ഗവ ണ്മെന്റിന് എതിരായി സമരം നയിച്ചതിലുള്ള എന്റെ ധൈര്യത്തെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. രാത്രി അവിടെ താമസിക്കാൻ നിവൃത്തിയില്ലാത്ത തിനാൽ ഞങ്ങൾ മടങ്ങി.

## തിരുവമ്പാടി ചാക്കോയുടെ മകളുടെ മെഡിക്കൽ കോളേജ് പ്രവേശനം

തിരുവമ്പാടി ചാക്കോ കെ.ടി.പി.-യിലെ ഒരു പ്രമുഖ പ്രവർത്തകനാ ണ്. മലനാട് കർഷകരൂപീകരണത്തിലും കർഷക പ്രക്ഷോഭങ്ങളിലും പ്രമുഖ പങ്ക് വഹിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചുമതലകൾ ചാക്കോ ച്ചനെയാണ് ഏൽപ്പിച്ചിരുന്നത്. ഒരു നിസ്വാർത്ഥ രാഷ്ട്രീയപ്ര വർത്തകനും ജനസേവകനു മാണ് ചാക്കോ. 1965 ലെയും 67 ലെയും തെരഞ്ഞെടുപ്പുക ളിൽ പ്രധാന പ്രവർത്തകനായി രുന്നു. കൊട്ടിയൂരിൽ ഞാൻ ഉപ വാസം നടത്തിയപ്പോൾ കോഴി ക്കോട് ജില്ലയിൽ അനുഭാവ ഉപവാസങ്ങളും സംഘടിപ്പിച്ചയാളാണ് ചാക്കോ. ഒരു ദിവസം എന്റെ വീട്ടിൽ കയറി വന്ന് രഹസ്യമായി കുറേക്കാര്യം സംസാ രിക്കണമെന്നു പറഞ്ഞു. ശ്രദ്ധയോടെ കേൾക്കാൻ ഞാൻ തയ്യാറായി. അയാ ളുടെ മകൾ മെഡിക്കൽ കോളേജിൽ അഡ്മിഷനുവേണ്ടി അപേക്ഷിച്ചിരു ന്നുവെന്നും അഡ്മിഷൻ കിട്ടുമെന്ന പ്രതീക്ഷയുണ്ടായിരുന്നുവെന്നും പറ ഞ്ഞു. മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിച്ചവരുടെ ലിസ്റ്റ് പ്രസിദ്ധീ കരിക്കാൻ ഏതാനും ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളു. തിരുവനന്തപു രത്തു നിന്നും ഒരാൾ അയാളുടെ നാട്ടിൽ ചെന്ന് അയാളെ കണ്ട് അയാ ളുടെ മകൾക്ക് അഡ്മിഷൻ ശരിപ്പെടുത്തികൊടുക്കാമെന്നും അതിന് 5000/ - രൂപയും അയാളുടെ യാത്രാ ചെലവു കൊടുക്കണമെന്നും പറഞ്ഞതനു സരിച്ച് അതിനുള്ള പണവുമായാണ് ചാക്കോച്ചൻ എത്തിയിരിക്കുന്നത്.



റ്റി.പി. ചാക്കോ തിരുവാമ്പാടി
സഹപ്രവർത്തകരോടൊപ്പം



malankaralibrary.com

എന്നോട് ആലോചിച്ച് തീരുമാനമെടുക്കാം എന്നു കരുതിയാണ് എന്നോട് ചോദിക്കുകയാണെന്ന് പറഞ്ഞു, എന്റെ മുഖത്തേക്ക് നോക്കി. മെഡിക്കൽ കോളേജ് അഡ്മിഷൻ കാര്യത്തിൽ മന്ത്രിക്ക് യാതൊരു കാര്യവുമില്ലല്ലോ എന്നായിരുന്നു എന്റെ മറുപടി. ചാക്കോച്ചൻ അതെനിക്കറിയാം പക്ഷേ എന്റടുക്കൽ മേൽപ്പറഞ്ഞ നിർദ്ദേശവുമായി ഒരാൾ വന്നപ്പോൾ അഡ്മിഷൻ കിട്ടുമെങ്കിൽ പണം കൊടുക്കാം എന്നുതന്നെയാണ് എന്റെ തീരുമാനം എന്നു പറഞ്ഞ് ചാക്കോച്ചൻ എന്റെ മുഖത്തേക്ക് നോക്കി. ഞാൻ ചിന്താക്കുഴപ്പത്തിലായി. എന്തെങ്കിലും കൃത്രിമ മാർഗ്ഗത്തിലൂടെ ആയിരിക്കാം അഡ്മിഷൻ ശരിപ്പെടുത്തി കൊടുക്കാമെന്നു പറഞ്ഞവർ പദ്ധതിയിട്ടിരിക്കുന്നത്. മന്ത്രിയെന്ന നിലയിൽ അന്വേഷണം നടത്തുകയോ നടപടി കൈക്കൊള്ളുകയോ ചെയ്യുന്നത് അപകടമായിരിക്കും എന്നാണ് ചാക്കോച്ചന്റെ അഭിപ്രായം. കൈക്കൂലി കൊടുക്കാൻ മന്ത്രിയുടെ അനുവാദം വേണമെന്നാണ് ചാക്കോച്ചൻ പറഞ്ഞതിന്റെ സാരം. ഞാൻ ആകെ കുഴങ്ങി. ഇക്കാര്യത്തിൽ വ്യക്തമായ ഒരു നിർദ്ദേശം കൊടുക്കാൻ എനിക്ക് വിഷമമുണ്ട് എന്ന വസ്തുത ഞാൻ ചാക്കോച്ചനെ ബോധ്യപ്പെടുത്തി. ദീർഘനേരത്തെ ഞങ്ങളുടെ സംഭാഷണത്തിനുശേഷം ചാക്കോച്ചന്റെ ഇഷ്ടംപോലെ പ്രവർത്തിക്കുകയെന്ന് പറഞ്ഞ് ഞാൻ അദ്ദേഹത്തെ യാത്രയാക്കി. ഒരാഴ്ച കഴിഞ്ഞ് കുട്ടിക്ക് അഡ്മിഷൻ കിട്ടി എന്ന സന്തോഷവാർത്തയുമായാണ് ചാക്കോച്ചൻ വീട്ടിലെത്തുന്നത്. ഈ വാർത്ത, മെഡിക്കൽ കോളേജ് അഡ്മിഷനെ പറ്റി പഠിക്കാൻ എന്നെ പ്രേരിപ്പിച്ചു. അന്നുതന്നെ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനെ ഓഫീസിൽ വിളിച്ചുവരുത്തി ഈ കുട്ടിയുടെ പേരും പറഞ്ഞ് അതിന്റെ അഡ്മിഷനെപ്പറ്റി പരിശോധിക്കാൻ നിർദ്ദേശിച്ചു. മെഡിക്കൽ കോളേജ് അഡ്മിഷനെ സംബന്ധിച്ച എല്ലാ നിയമങ്ങളും പ്രോസ്പെക്റ്റസും കൊണ്ടുവരണമെന്ന് പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചു. പ്രിൻസിപ്പൽ സകല രേഖകളും അക്കൊല്ലം സെലക്ഷൻ കിട്ടിയ കുട്ടികളുടെ പേരും ഓരോരുത്തരുടെയും മാർക്കും അദ്ദേഹം കൊണ്ടുവന്ന രേഖകളിൽ ഉണ്ടായിരുന്നു. മെഡിക്കൽ കോളേജ് അഡ്മിഷൻ പല രീതിയിലാണ് കണക്കാക്കുന്നത്.

1. ജനറൽ മെറിറ്റ്
2. റീജിയണൽ കൺസിഡറേഷൻ (മലബാർ ഏരിയാ, കൊച്ചി ഏരിയാ എന്നുഞാൻ രണ്ടായി തരംതിരിക്കും.)
3. പിന്നോക്ക വിഭാഗങ്ങൾക്ക് രക്ഷകർത്താവിന്റെ വരുമാനപരിധിക്കനുസരിച്ച് പ്രവേശനം കൊടുക്കുക.
4. ഹരിജന വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിഗണന.

ഇതിൽ ചാക്കോച്ചന്റെ മകൾ ജനറൽ മെറിറ്റ് ലിസ്റ്റിൽ ആണ് ഉണ്ടായിരുന്നത്. മാർക്കിന്റെ അടിസ്ഥാനത്തിൽ അവൾ അഡ്മിഷന് അർഹയായിരുന്നു. മെഡിക്കൽ കോളേജ് അഡ്മിഷൻ വളരെ രഹസ്യമായി



malankaralibrary.com



കൈകാര്യം ചെയ്യുന്നതുകൊണ്ട് അപേക്ഷ നൽകിയിട്ടുള്ളവരിൽ അഡ്മിഷൻ കിട്ടുമോ ഇല്ലയോയെന്നു വെളിയിൽ ഉള്ളവർക്ക് പറയാൻ പറ്റില്ല. ഓരോ വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് എത്രമാർക്ക് വരെ ഉള്ളവർക്ക് അഡ്മിഷൻ കിട്ടിയെന്നറിഞ്ഞാൽ അതിനു മുകളിലോട്ട് മാർക്കുള്ള കുട്ടിക്ക് വീട്ടിലിരുന്നാൽ പോലും അറിയാമല്ലോ? പ്രിൻസിപ്പാളുമായി സംസാരിച്ചതിൽ നിന്നും ഒരു കൃത്രിമവും ചാക്കോച്ചന്റെ മകളുടെ അഡ്മിഷൻ കാര്യത്തിൽ ഉണ്ടായിട്ടില്ലായെന്ന് എനിക്ക് ബോധ്യമായി. പക്ഷേ പണം പിടുങ്ങാൻ അഡ്മിഷന്റെ രഹസ്യ സ്വഭാവമാണ് അവർക്ക് സഹായകരമായത്. വിശദമായ അന്വേഷണത്തിനുശേഷം പ്രിൻസിപ്പൽ ഈ കാര്യം കൈകാര്യം ചെയ്തിരുന്ന ഒരു സൂപ്രണ്ടിനെയും 3 അനുയായികളെയും സ്ഥലം മാറ്റി.

അടുത്ത കൊല്ലത്തെ മെഡിക്കൽ അഡ്മിഷന്റെ സമയമായപ്പോൾ പ്രോസ്പെക്ടസ് പബ്ലിഷ് ചെയ്തതോടൊപ്പം അർഹരായവർക്ക് അഡ്മിഷൻ കിട്ടിയോ ഇല്ലയോയെന്നു മെഡിക്കൽ കോളേജ് ഓഫീസിൽ വരാതെ തന്നെ ഫലം പരസ്യപ്പെടുത്തുന്ന പത്രത്തിൽ തന്നെ ഓരോ വിഭാഗത്തിലും പെട്ട അവസാനത്തെ കുട്ടിയുടെ മാർക്കുംകൂടി പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശവുമുണ്ടായി. ഓരോ കൊല്ലവും വമ്പിച്ച തുക കൈക്കലാക്കാനുണ്ടായ അവസരം നഷ്ടപ്പെട്ടതിന് അവരെന്നോട് പകരം വീട്ടി. എല്ലാ മെഡിക്കൽ കോളേജിലും കൂടി ഒരു കൊല്ലം 485 കുട്ടികൾക്കാണ് പ്രവേശനം കിട്ടേണ്ടത്. ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ 480 കുട്ടികളുടെ റിസൾട്ട് മാത്രമേ പത്രത്തിൽ വരൂ. 5 സീറ്റ് കേരളവും കാശ്മീരും തമ്മിൽ കൈമാറാനുള്ളതാണ്. എന്റെ ഒരു സുഹൃത്ത് അയാളുടെ മകന് അഡ്മിഷനുവേണ്ടി വളരെ ആശിച്ചിരുന്നു. പണ്ട് ഈ രംഗം കൈകാര്യം ചെയ്തിരുന്ന ആളുകളുമായി ബന്ധപ്പെട്ടപ്പോൾ 5 സീറ്റ് മന്ത്രിക്ക് ഉണ്ടെന്നും അത് പണം കൊടുക്കുന്നവർക്കേ കിട്ടൂ എന്നും എന്റെ ഈ സുഹൃത്തിന് വിദഗ്ധോപദേശം കൊടുത്തു. ഇതൊന്നുമറിയാതിരുന്ന എന്റെ അടുക്കൽ ആ സുഹൃത്ത് വന്ന് ബാഗിൽ നിന്ന് ചെക്ക് ബുക്ക് എടുത്ത് ഒപ്പിട്ടിട്ട് എന്റെ മേശപ്പുറത്ത് വച്ച് “ആവശ്യമുള്ള തുക സാർ എഴുതിക്കോളൂ എനിക്ക് എന്റെ മകനെ മെഡിസിന് പഠിപ്പിക്കണം.” ഞാൻ അന്ധാളിച്ചിരുന്നുപോയി. അദ്ദേഹം 500/- രൂപാ നൽകിയാണ് മന്ത്രിക്ക് 5 സീറ്റുള്ള വിവരം അറിഞ്ഞതെന്നും അതിലൊന്ന് അയാളുടെ മകന് കിട്ടണമെന്നും അതിനുവേണ്ടി എത്രരൂപാ വേണമെങ്കിലും കൊടുക്കാൻ തയ്യാറാണെന്നും പറഞ്ഞ് കസേരയിൽ നേരെ ഇരുന്നു. എന്റെ വാദഗതി ഒഴിഞ്ഞുമാറലാണെന്നും ചെക്ക് ലീഫിനകത്ത് തുക എഴുതിയെടുത്ത് അഡ്മിഷൻ ഉറപ്പിച്ചാലെ അയാൾ പോകൂ എന്ന പിടിവാശിയിലായി. അയാളെ പറഞ്ഞയയ്ക്കാൻ സെക്യൂരിറ്റിക്കാരെയും റൺമാനേയും എനിക്ക് വിളിക്കേണ്ടിവന്നു. മെഡിക്കൽ കോളേജ് അഡ്മിഷൻ സുതാര്യമാക്കാനുള്ള എന്റെ ശ്രമത്തിന് ഒരു ആത്മാർത്ഥ സുഹൃത്തിനെ എനിക്ക് നഷ്ടമായി. തിരു



malankaralibrary.com

വമ്പാടി ചാക്കോച്ചൻ തന്റെ മകളുടെ അഡ്മിഷന് പിന്നിൽ നടന്ന കൈക്കൂലിയുടെ കാര്യം എന്നോട് പറഞ്ഞതിനാലാണ് ഇത്തരത്തിൽ ഒരു ക്രമീകരണം നടത്താൻ കഴിഞ്ഞത്. ഇന്ത്യയിലെ മെഡിക്കൽ കോളേജ് അഡ്മിഷനുമായി ബന്ധപ്പെട്ട മന്ത്രിമാരിൽ പലരും കേരളത്തിലെ ഈ സംവിധാനം പഠിക്കാൻ വരുകയും എന്നെ പ്രശംസിക്കുകയും ചെയ്തു.

## അനുജന്റെ ഗുരുവിന്റെ ചികിത്സയും ഡോക്ടർ വാര്യരുടെ ധിക്കാരവും

എന്റെ അനുജൻ ടി.എസ്. മൈക്കിൾ ഹൈസ്ക്കൂൾ അധ്യാപകനായിരുന്നു. ഒരു ദിവസം വടക്കനച്ചൻ തിരുവനന്തപുരത്ത് കൽപ്പനയിൽ (എന്റെ ഔദ്യോഗിക വസതിയിൽ) വന്നപ്പോൾ വീട്ടുകാരായിട്ട് ആരും ഉണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ ബന്ധത്തിന്റെ പേരിൽ ഹെഡ്മിസ്ട്രസ് സ്ഥാനത്തുനിന്ന് പിരിച്ചുവിടപ്പെട്ട എന്റെ ഭാര്യ എലിസബത്തിനെ അതേ സ്ഥാനത്തുതന്നെ നിയമിക്കാൻ മാനേജുമെന്റ് നിർബന്ധിതമായി. ക്ഷമാപണസഹിതം തിരിച്ചെടുത്തു. എന്നോട് വളരെ താൽപ്പര്യമുണ്ടായിരുന്ന ഫാദർ ജെറോമാണ് കാര്യങ്ങൾ ശരിയാക്കിയത്. ആന്റി കമ്മ്യൂണിസ്റ്റ് ഫ്രണ്ടിന്റെ പ്രവർത്തനരംഗങ്ങളിൽ വടക്കനച്ചനും എനിക്കും വളരെ പ്രോത്സാഹനങ്ങൾ നൽകിയിരുന്നു. എലിസബത്ത് ഹെഡ്മിസ്ട്രസ് ആയിരുന്ന സ്ഥാനത്ത് നിയമിച്ചിരുന്നത് വേറൊരു കന്യാസ്ത്രീയെയായിരുന്നു. എലിസബത്തിന്റെ പുനർനിയമനം പ്രാബല്യത്തിൽ വരണമെങ്കിൽ അവരെ പിരിച്ചുവിടുകയോ തരംതാഴ്ത്തുകയോ ചെയ്യണം. അതു പ്രശ്നങ്ങൾക്കിടയാക്കും എന്നെനിക്കറിയാം. അതുകൊണ്ട് ഒരു വിട്ടു വീഴ്ച എന്ന നിലയിൽ ഹെഡ്മിസ്ട്രസ് സ്ഥാനം വേണ്ടെന്നും സീനിയർ ടീച്ചറിനായി പരിഗണിച്ചാൽ മതിയെന്നും ഞാൻ ജെറോം അച്ചനെ അറിയിച്ചു. ജെറോം അച്ചനും കന്യാസ്ത്രീകൾക്കും വളരെ സന്തോഷമായി. അങ്ങനെയാണ് വീണ്ടും കുമ്പളങ്ങി കോൺവെന്റ് സ്ക്കൂൾ ഹോസ്റ്റലിൽ താമസാക്കിയത്. ആ അവസരത്തിൽ വടക്കനച്ചൻ തിരുവനന്തപുരത്തെത്തി. വടക്കനച്ചനെത്തുമ്പോൾ അവിടെയുണ്ടായിരുന്ന ജോലിക്കാരിലൊരാൾ എന്നെ വിവരമറിയിച്ചു. എന്നെ കണ്ടപ്പോൾ 'വെല്ലിംഗ്ടാ വീട്ടിൽ ആരെങ്കിലും വേണ്ടേ? മൈക്കിളിനെ സ്ക്കൂളിൽ നിന്നും ഇവിടെ വരുത്തി പ്രൈവറ്റ് അസിസ്റ്റന്റായി നിയമിക്കണം. കുടുംബസമേതം മൈക്കിളിവിടെ താമസിക്കട്ടെ. മന്ത്രിമന്ദിരം ആളില്ലാതിരുന്നാൽ അത് ദോഷം ചെയ്യും.' വടക്കനച്ചന്റെ നിർദ്ദേശം സ്വീകരിച്ച് മൈക്കിളിനെ പ്രൈവറ്റ് അസിസ്റ്റന്റ് ആയി നിയമിച്ചു. കുടുംബസമേതം അവിടെ താമസിക്കാൻ ഏർപ്പാടും ചെയ്തു. കുറെ കഴിഞ്ഞ് മൈക്കിൾ ഒരു ശുപാർശയുമായി എന്റെ അടുക്കലെത്തി. മൈക്കിളിനെ പഠിപ്പിച്ചിരുന്ന ഒരു യു.പി.എസ്. അധ്യാപകൻ തിരുവനന്തപുരം മെഡിക്കൽ



malankaralibrary.com



കോളേജിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹത്തെ പോയി കാണ മെന്നും ചികിത്സിക്കുന്ന ഡോക്ടറോട് രോഗിയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണമെന്ന് മന്ത്രിതന്നെ പറയണമെന്നും ആവശ്യപ്പെട്ടു. മൈക്കിൾ ആശുപത്രിയിൽ പോയി രോഗിയെ കണ്ട് അയാളുടെ ബെഡ് നമ്പറും, വാർഡും അറിയിക്കണമെന്ന് നിർദ്ദേശിച്ചു. പിറ്റേദിവസം മെഡിക്കൽ കോളേ ജാശുപത്രിയിൽ വിളിച്ച് രോഗിയെ ചികിത്സിക്കുന്ന ഡോ. വാര്യരോട് രോഗി യുടെ റിപ്പോർട്ട് ആവശ്യപ്പെടാൻ പ്രൈവറ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അന്നുച്ചയ്ക്ക് ഊണു കഴിഞ്ഞ് ഞാൻ ഓഫീസിൽ എത്തിയപ്പോൾ ഞാൻ വിവരം തിരക്കിയ രോഗി ഓഫീസ് റൂമിന്റെ വാതിൽക്കൽ കയ്യിൽ ഒരു പൊതി യുമായി ഇരിക്കുന്നു. കൂടെ ഒരു കുട്ടിയും ഉണ്ടായിരുന്നു. എന്നോടൊപ്പം ഉണ്ടായിരുന്ന മൈക്കിളാണ് രോഗിയെ തിരിച്ചറിഞ്ഞത്. രോഗി വളരെ സന്തോഷത്തോടെ മന്ത്രിയെ കണ്ട് നന്ദി പറഞ്ഞിട്ട് പോകാനാണിവിടെ ഇരു ന്നതെന്ന് അറിയിച്ചു. അവിടെതന്നെ ഇരിക്കൂ എന്നു പറഞ്ഞിട്ട് ഞാൻ ഓഫീ സിനകത്തേക്ക് കയറി. എന്താ സംഭവിച്ചതെന്ന് രോഗിയോട് തിരക്കി വിവരം പറയാൻ മൈക്കിളിന് നിർദ്ദേശം നൽകിയിട്ട് അത്യാവശ്യം ഫയലുകൾ നോക്കാൻ തുടങ്ങി. ഡോക്ടർ നന്നായിട്ട് പെരുമാറിയെന്നും ഒരാഴ്ചത്തേക്ക് കഴിക്കാനുള്ള മരുന്നും ഫ്രീയായി കൊടുത്തുവെന്നും ഈ മരുന്ന് കഴിക്കു മ്പോൾ രോഗം ഭേദമാകുമെന്നും ഭേദമാകുന്നില്ലെങ്കിൽ വിവരം പറഞ്ഞ് ഒരാ ളിനെ അയച്ചാൽ വീണ്ടും മരുന്നു കൊടുക്കാമെന്നും ഡോക്ടർ പറഞ്ഞിട്ടു ണ്ടെന്ന് രോഗി മൈക്കിളിനെ അറിയിച്ചു. രോഗി സന്തോഷവാനാണെന്ന് മൈക്കിൾ പ്രത്യേകം പറഞ്ഞു. രോഗി പോകാൻ അനുവാദം ചോദിക്കുന്നു വെന്നു പറഞ്ഞപ്പോൾ വരട്ടെ ഞാൻ പറഞ്ഞിട്ട് പോയാൽ മതി. പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ അമ്പാടിയെ ഫോണിൽ കണക്ട് ചെയ്യാൻ നിർദ്ദേശിച്ചു. ഞാൻ ഫോണെടുത്തപ്പോൾ അപ്പുറത്ത് മെഡിക്കൽ കോളേജിൽ ഓഫീസിൽ സൂപ്രണ്ട് ആയിരുന്നു. "ഡോ. അമ്പാടി, ബി. വെല്ലിംഗ്ടൺ ആരോഗ്യമന്ത്രിയല്ലാതിരുന്ന കാലത്ത് ആശുപത്രിയിലെ ഡോക്ടറെ വിളിച്ച് ഒരു രോഗിയുടെ വിവരം തിരക്കിയാൽ ഉടനെ ആ രോഗിയെ ഡിസ്ചാർജ്ജ് ചെയ്യുമായിരുന്നില്ല. ഇന്ന് ആരോഗ്യ മന്ത്രി ശ്രീ. വെല്ലിംഗ്ടൺ ഒരു രോഗിയുടെ വിവരം തിരക്കിയപ്പോൾ ഡോ. വാര്യർ രോഗിയെ ഡിസ്ചാർജ്ജ് ചെയ്തു. അതു ഞാൻ കൈകാര്യം ചെയ്തുകൊള്ളാം ഞാൻ എന്റെ സ്റ്റേറ്റു കാറിൽ രോഗിയെ ഹോസ്പിറ്റലി ലേക്ക് അയയ്ക്കുന്നു. പോർട്ടിക്കോയിൽ വന്ന് നിന്ന് രോഗിയെ സ്വീകരിച്ച് അയാൾ കിടന്ന വാർഡിൽ അതേ കട്ടിലിൽ കിടത്തി ഉടനെ തന്നെ റിപ്പോർട്ട് പ്രൈവറ്റ് സെക്രട്ടറിക്ക് എത്തിക്കണം. ഓഫീസിലെ എബ്രഹാം ഫിലി പ്പിനെ വിളിച്ച് രോഗിയേയും കൊണ്ട് സ്റ്റേറ്റു കാറിൽ ഹോസ്പിറ്റലിൽ പോകാൻ നിർദ്ദേശിച്ചു. അവരെത്തുമ്പോൾ സൂപ്രണ്ട് ഡോ. അമ്പാടി സ്വീക



malankaralibrary.com

രിക്കാൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. മൈക്കിൾ കാര്യങ്ങൾ വിശദീകരിക്കാൻ രോഗിയുടെ അടുക്കൽ നിന്നു. എബ്രഹാം ഫിലിപ്പ് വന്ന് അഡ്മിറ്റ് ചെയ്ത കാര്യം റിപ്പോർട്ട് ചെയ്തു. കുറേ കഴിഞ്ഞ് പ്രൈവറ്റ് സെക്രട്ടറി വന്ന്, മിനിസ്റ്ററെ കാണണമെന്ന് ഡോ. വാര്യർ ആവശ്യപ്പെടുന്നുവെന്നും എപ്പോൾ വരാൻ പറയണമെന്നും ചോദിച്ചു. 5 മണിക്ക് വരട്ടെ എന്നായിരുന്നു എന്റെ മറുപടി. ഡോക്ടറെ ഞാൻ കാണുമ്പോൾ ഹെൽത്ത് സെക്രട്ടറി കൊച്ചുകോശി ഐ.എ.എസ്. ഡെപ്യൂട്ടി സെക്രട്ടറി, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. തങ്കവേലു മുതലായവരേയും കൂടി ആ സമയത്തേക്ക് ക്ഷണിക്കാൻ നിർദ്ദേശിച്ചു. ആദ്യം കൊച്ചുകോശിയാണ് എന്റെ റൂമിലെത്തിയത്. അത്യാവശ്യമായ ചില കാര്യങ്ങളിൽ എന്റെ അഭിപ്രായം ആരാഞ്ഞു. ചർച്ചയ്ക്ക് ശേഷം ഡോ. വാര്യരുടെ കാര്യം ഞാൻ തന്നെ തുടങ്ങി. അപ്പോഴേക്കും പ്രിൻസിപ്പാൾ തങ്കവേലുവും ഡെപ്യൂട്ടി സെക്രട്ടറിയും എത്തി. ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ പൊതുവായ പ്രശ്നങ്ങളും ചർച്ചാവിഷയമായി. രോഗികൾക്കാവശ്യമുള്ള മരുന്ന് സാമ്പത്തികക്ലേശം കാരണം വേണ്ടപോലെ കൊടുക്കാൻ കഴിയുന്നില്ല. ഡോക്ടർമാർ കുറിപ്പ് എഴുതികൊടുക്കുകയാണ് പതിവ്. പ്രൈവറ്റ് സെക്രട്ടറി വന്ന് ഡോ. വാര്യർ വന്നു കാത്തുനിൽക്കുന്നു എന്നറിയിച്ചു. എന്റെ നേരെ മുന്നിലുള്ള കസേര ഒഴിവാക്കിയിട്ടിട്ട് ഡോ. വാര്യരെ കൊണ്ടുവരാൻ നിർദ്ദേശിച്ചു. ഒഴിഞ്ഞുകിടന്ന എന്റെ മുന്നിലുള്ള കസേരയിൽ ഇരിക്കാൻ നിർദ്ദേശിച്ചപ്പോൾ ഞാൻ നിന്നുകൊള്ളാം എന്നു പറഞ്ഞപ്പോൾ സിറ്റ് ഡൗൺ എന്ന് ഞാൻ ആജ്ഞാസ്വരത്തിൽ പറഞ്ഞു. അയാൾ കസേരയിൽ ഇരുന്നു, "സാറിന് എന്റെ പേരിലെന്തോ തെറ്റിദ്ധാരണയുള്ളത് തിരുത്തണമെന്ന് പറയാനാണ് ഞാൻ വന്നത്." എന്റെ ധാരണ തെറ്റോ ശരിയോ എന്നു താനല്ല നിശ്ചയിക്കേണ്ടത്. ആ രോഗിയെ എന്തിനു ഡിസ്ചാർജ്ജ് ചെയ്തു എന്ന് കേൾക്കട്ടെ. അയാൾക്കൊന്നും തന്നെ പറയാനുണ്ടായിരുന്നില്ല. കാര്യം ചുരുക്കത്തിൽ മറ്റുള്ളവരോട് ഉറക്കെ പറഞ്ഞിട്ട് ഞാൻ എഴുന്നേറ്റ് മുമ്പിലിരുന്ന ഡോക്ടറുടെ ഷർട്ടിനു കൂട്ടി കഴുത്തിൽ പിടിച്ച് മേലോട്ടുയർത്തി. വലതു കൈ ബലമായി ഉയർത്തി കാണിച്ചിട്ട് "ഇതു പേന പിടിക്കാൻ വേണ്ടി മാത്രമല്ല ബലമായി ഒരടി തന്നാൽ പല്ലു പലതും കൊഴിയും" മര്യാദയ്ക്ക് ജോലി ചെയ്യണം. അയാളെ കസേരയിലേയ്ക്ക് ഞാനിട്ടു. സെക്രട്ടറിയും പ്രിൻസിപ്പാളും സർ സർ എന്നു പറയുന്നുണ്ടായിരുന്നു. ഞാൻ മുഖം കഴുകി ചിരിച്ചുകൊണ്ടാണ് തിരിച്ചു വന്നത്. ഡോ. വാര്യർക്ക് എന്തെങ്കിലും പറയാനുണ്ടോ എന്ന എന്റെ ചോദ്യത്തിന് "ക്ഷമിക്കണം സർ എന്നു മാത്രമേ എനിക്കു പറയാനുള്ളൂ." ശരി മേലാൽ പരാതിക്കിടയാക്കാതെ ജോലി ചെയ്യണം എന്ന നിർദ്ദേശത്തോടെ അയാളെ യാത്രയാക്കി. ആരും ഒന്നും മിണ്ടുന്നില്ല. സെക്രട്ടറി പോകാനെഴുന്നേറ്റു. അവിടെയിരിക്കൂ എന്നു പറഞ്ഞിട്ട് എല്ലാവരോടുമായി, എനിക്ക് രണ്ട് പ്രകൃതമുണ്ടെന്നും മര്യാദക്കാരോട് മര്യാ



malankaralibrary.com



ദയായി പെരുമാറുമെന്നും മര്യാദകെട്ടവരോട് അവരർഹിക്കുന്ന രീതിയിലായിരിക്കും എന്റെ പെരുമാറ്റം എന്ന് വിശദീകരിച്ചു. സെക്രട്ടറിക്ക് വല്ലതും പറയാനുണ്ടോ എന്നമട്ടിൽ അയാളുടെ മുഖത്തേക്ക് ഞാൻ നോക്കി. "സാർ, എന്റെ ഔദ്യോഗിക ജീവിതത്തിലെ ആദ്യത്തെ അനുഭവമാണിത്. സാറിന്റെ അടി അയാളുടെ ഇടത്തേ ചെകിടത്ത് കൊള്ളുമോയെന്ന് ഞാൻ ഭയന്നു. ദൈവാനുഗ്രഹംകൊണ്ട് ഒന്നുമുണ്ടായില്ല." മറ്റുള്ളവരുടെ വികാരം ഏതാണ്ടതു തന്നെയായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. സെക്രട്ടറിയേറ്റിൽ ഈ സംഭവം കാട്ടുതീ പോലെ പരന്നു. ലേബർ മിനിസ്റ്റർ മത്തായി മാഞ്ഞൂരാനാണ് ആദ്യം ഈ വിവരം തിരക്കിയത്. ഞാൻ കാര്യങ്ങൾ വിശദീകരിച്ച്. ഒരു ജ്യേഷ്ഠസോഹദരന്റെ സ്ഥാനമാണ് ഞാൻ അദ്ദേഹത്തിനു കൊടുത്തിരുന്നത്. "ചിലപ്പോഴൊക്കെ ഇങ്ങനെ വേണ്ടിവരും, അതിരു കടക്കരുത്." മത്തായി മാഞ്ഞൂരാന്റെ ഉപദേശ രൂപേണയുള്ള നിർദ്ദേശം. ഡോ. വാര്യർ തിരിച്ചെത്തിയപ്പോൾ വളരെയധികം ഡോക്ടർമാർ കാത്തുനിൽക്കുന്നുണ്ടായിരുന്നു. നടന്നതെല്ലാം ഡോക്ടർ അവരോട് വിശദീകരിച്ചു. എന്നെ എതിർക്കുന്ന ചില ഡോക്ടർമാർ ഈ പ്രശ്നം ഊതി വീർപ്പിച്ച് മുതലെടുക്കാൻ ഈ അവസരം വിനിയോഗിച്ചു. മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അസോസിയേഷന്റെ അടിയന്തിര യോഗം വിളിച്ചു കൂട്ടി മന്ത്രിയെ കൊണ്ട് മാപ്പു പറയിക്കണം എന്നായിരുന്നു അവരുടെ നിർദ്ദേശം. ആളുകൾക്ക് ആവേശം പകരാൻ മന്ത്രി ഡോക്ടറെ തല്ലിഎന്നുവരെ പ്രചരണം നടത്തി. യോഗം കൂടിയപ്പോൾ ഡോ. വാര്യർതന്നെ എന്താണ് നടന്നതെന്ന് വിശദീകരിക്കുന്നത് നന്നായിരിക്കുമെന്ന് ഏറ്റവും സീനിയറും സർവ്വസമ്മതനുമായ ഡോക്ടർ പൈ അഭിപ്രായപ്പെട്ടു. വിശദീകരണം കഴിഞ്ഞപ്പോൾ ഇത്രയോ സംഭവിച്ചുള്ളോ എന്നാണ് ഒരു ഡോക്ടർ ചോദിച്ചത്. 'മന്ത്രി ഡോക്ടറെ തല്ലി' എന്ന പ്രചരണത്തിന്റെ കള്ളത്തരം പുറത്തായി. അന്തരീക്ഷത്തിന് അയവ് വന്നു. മന്ത്രിയ്ക്കെതിരായി പ്രചരണത്തിന് ഡോക്ടർമാർ ഇറങ്ങിയാലുണ്ടാകാവുന്ന അപകടം ഒരു ഡോക്ടർ ചൂണ്ടിക്കാട്ടി. ഡോക്ടർമാരുടെ സേവനം ബഹുജനങ്ങളുടെ ഇടയിലാണ്. മന്ത്രിയുടെ ആരാധകരിൽ ബഹുഭൂരിപക്ഷവും മലനാടൻമാരാണ്. അവരെ പ്രകോപിപ്പിക്കുന്നത് മൊത്തത്തിൽ ഡോക്ടർമാരുടെ സേവനരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ചർച്ച വളരെ സജീവമായിരുന്നു എന്നാണ് ഞാനറിഞ്ഞത്. ഒടുവിൽ പ്രിൻസിപ്പൽ ഡോ. തങ്കവേലു, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോക്ടർ അമ്പാടി സർവരാലും ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന ഡോ. പൈ എന്നിവർ ആരോഗ്യമന്ത്രിയെ കണ്ട് ഡോക്ടർമാരുടെ വികാരം അറിയിക്കുന്നത് നന്നായിരിക്കുമെന്ന നിർദ്ദേശം എല്ലാവരും സ്വീകരിച്ചു. അതനുസരിച്ച് ഈ മൂന്നുഡോക്ടർമാരും



മത്തായി മാഞ്ഞൂരാൻ



malankaralibrary.com

എന്നെ കാണാൻ വന്നു. ഞാൻ അവരെ സന്തോഷമായി സ്വീകരിച്ചു. വളരെ നേരത്തെ സൗഹൃദസംഭാഷണത്തിനുശേഷം അസോസിയേഷന്റെ എന്തെങ്കിലും നിർദ്ദേശം എന്നെ അറിയിക്കാനുണ്ടോ എന്നായി എന്റെ ചോദ്യം. മന്ത്രിയെ കാണേണ്ടി വന്നാൽ ഒരു ഡോക്ടർക്ക് ഭയപ്പെടാതെ വന്ന് കാര്യങ്ങൾ അറിയിക്കാൻ അവസരമുണ്ടാകണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. കുറേ മാസങ്ങൾക്കു ശേഷം മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അസോസിയേഷന്റെ വാർഷിക സമ്മേളനം ഉത്ഘാടനം ചെയ്യാൻ എന്നെ ക്ഷണിച്ചു. സ്വാഗതപ്രസംഗകൻ ഡോക്ടർമാരുടെ ഇടയിൽ ആരോഗ്യമന്ത്രിയെപറ്റി ചില ആശങ്ക ഉണ്ടെന്നു സൂചിപ്പിച്ചു. എന്റെ ഉത്ഘാടനപ്രസംഗത്തിൽ അലോപ്പതി ചികിത്സ സമ്പ്രദായത്തിന്റെ വിവിധ മേഖലകളെ പരാമർശിച്ചു. മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പി.എച്ച്. സെന്റർ എന്നീ പല തട്ടുകളായുള്ള ചികിത്സാ കേന്ദ്രങ്ങളിലെ അവസ്ഥയ്ക്ക് പുരോഗതി ഉണ്ടാക്കി കൂടുതൽ മെച്ചപ്പെട്ട സേവനം ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവർക്ക് നൽകുന്നതിൽ നാമെല്ലാം തുല്ല്യപങ്കാളികളാണെന്ന വസ്തുത അവരെ ഓർമ്മപ്പെടുത്തി. സാമ്പത്തിക പരാധീനത കൊണ്ട് ഉദ്ദേശിക്കുന്നതു പോലെ പ്രവർത്തിക്കാൻ നമ്മൾക്ക് കഴിയുന്നില്ലായെന്നുള്ള വസ്തുത ഞാൻ തുറന്നു സമ്മതിച്ചു. ചികിത്സിക്കുന്നതിന് രോഗികളിൽ നിന്നു കാശു വാങ്ങാത്ത പല നല്ല ഡോക്ടർമാർ ഉണ്ടെന്നു ഞാൻ പ്രശംസ രൂപേണ അവതരിപ്പിച്ചു, ഡോ. വാര്യർ അത്തരത്തിൽ ഒരാളാണെന്നത് ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപറ്റി പ്രശംസിച്ചിട്ട് വിവരം തിരക്കിയ ഒരു രോഗിയെ ഡിസ്ചാർജ്ജ് ചെയ്തതറിഞ്ഞ് അദ്ദേഹത്തോട് പരുഷമായി സംസാരിക്കേണ്ടിവന്നത് അനുസ്മരിച്ചു കൊണ്ട് എന്നെ പ്രകോപിപ്പിക്കുന്ന രീതിയിലുള്ള പെരുമാറ്റം ഉണ്ടാകാതിരുന്നാൽ കൊള്ളാമെന്നഭ്യർത്ഥിച്ചു. കൃതജ്ഞത പറഞ്ഞ സരസനായ ഒരു ഡോക്ടർ പുറം കഠോരം .... എന്നു തുടങ്ങുന്ന ഒരു കവിത ഉദ്ധരിച്ചുകൊണ്ട് ആരോഗ്യമന്ത്രിനാളികേരത്തെ പോലെയാണ്. പരുഷപ്രകൃതിയുള്ള ഈ വലിയ മനുഷ്യന്റെയുള്ളിൽ നാളികേരം പോലെ മധുരമായ ഹൃദയമാണുള്ളത്. ആളുകളുടെ ചിരിയിൽ ഞാനും പങ്കുചേർന്നു.

## മാരാമൺ കൺവെൻഷൻ

1968–ൽ ആണെന്നാണെന്റെ ഓർമ്മ. അക്കൊല്ലം മഴക്കാലം തെറ്റി വന്നതിനാൽ മാരാമൺ കൺവെൻഷൻ നടത്തുന്ന നദീതടമണൽപ്പരപ്പ് ആകെ (സമ്മേളന സ്ഥലം) 3 അടിയിലധികം വെള്ളത്തിലായി. കാലാവസ്ഥാ നിരീക്ഷകർ സമ്മേളന കാലഘട്ടം കഴിഞ്ഞാലും മഴ മാറില്ലെന്നാണ് പ്രവചിച്ചത്. ആകെ അങ്കലാപ്പിലായി. ലോക പ്രശസ്തമായ ഒരു അദ്ധ്യാത്മികസമ്മേളനമാണ് മാരാമൺ കൺവെൻഷൻ. പണ്ഡിത ശ്രേഷ്ഠൻമാരും ഗുരുക്കൻമാരും



malankaralibrary.com



മനുഷ്യനെ ഈശ്വരനിലേക്ക് എത്തിക്കുന്ന മഹനീയമായ പരിപാടികളാണ് അവിടെ അവതരിപ്പിക്കപ്പെടുന്നത്. അതിനു മുടക്കം വരുന്നുവെന്നറിഞ്ഞപ്പോൾ പരിഹാരമാർഗ്ഗം തേടി തിരവനന്തപുരത്തെത്തിയ പി.ഡബ്ല്യു.ഡി.-യിലേയും ഇറിഗേഷൻ വകുപ്പിലേയും ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും കുടിവെള്ള പദ്ധതി (പി.എച്ച്.ഇ.ഡി.) കൈകാര്യം ചെയ്തിരുന്ന അന്നത്തെ ആരോഗ്യമന്ത്രിയായ എന്റെ ഓഫീസിലെത്തി. ഒറ്റയ്ക്കും കൂട്ടായും ഉള്ള പഠനത്തിന്റെ ഫലമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കപ്പെട്ടു. 50 ലക്ഷം രൂപ മുടക്കി കരിങ്കല്ലുകൊണ്ട് ആവശ്യമായ വിസ്തീർണ്ണത്തിൽ 4 അടിയിലധികം ഉയരത്തിൽ കരിങ്കൽ കെട്ടി സ്ഥിരം സമ്മേളനവേദി ഉണ്ടാക്കുക. ചുരുങ്ങിയത് 2 കൊല്ലം കൊണ്ടുമാത്രമേ പൂർത്തിയാകൂ. (അക്കൊല്ലത്തെ പരിപാടി മാറ്റിവയ്ക്കേണ്ടിവരും) ഇറിഗേഷൻ ചീഫ് എൻജിനീയർ ഒരു സംശയം പ്രടിപ്പിച്ചു. മഴ ശക്തമായാൽ കുത്തിയൊലിച്ചു വരുന്ന മഴവെള്ളപ്പാച്ചിലിൽ കരിങ്കൽ പ്ലാറ്റ്ഫാറം പോലും കുത്തിയൊലിച്ചു പോയേക്കാം!! അടുത്ത ദിവസം സമ്മേളന സ്ഥലം സന്ദർശിക്കാം എന്ന് ഞാൻ അറിയിച്ചു.

അവിടെയെത്തുമ്പോൾ വമ്പിച്ച ജനാവലിയും നേതാക്കൻമാരും കൂടെയാണെന്നെ സ്വീകരിച്ചത്. ആകെ ചുറ്റി നടന്നു കണ്ട് ഞങ്ങൾ ഒരു ഹാളിൽ പ്രവേശിച്ചു. പലരുടേയും അഭിപ്രായ പ്രകടനങ്ങൾക്കുശേഷം എന്റെ അഭിപ്രായം കേൾക്കാൻ കാതോർത്തിരിക്കുന്നവരോട് വളരെ ശാന്തമായും നിർത്തിയും ദൃഢസ്വരത്തിലും പരിഹാര നിർദ്ദേശത്തിലേക്ക് ഞാൻ കടന്നു. നേരത്തെ കാണാൻ കഴിഞ്ഞ ഒരു രംഗം - ചവറ പ്രിമോ പൈപ്പ് ഫാക്ടറിയിലെ വലിയ പൈപ്പുകൾ കിലോമീറ്ററോളം നീളത്തിൽ നിരത്തിയിട്ടിരുന്നത് ചൂണ്ടിക്കാണിച്ചിട്ട് വളരെ ചുരുങ്ങിയ ചെലവിൽ നിങ്ങൾ സഹകരിക്കുമെങ്കിൽ ശ്രമദാനംകൊണ്ടും താൽക്കാലിക പ്ലാറ്റ് ഫാറം (പ്രസംഗവേദി) സജ്ജീകരിക്കണമെന്ന് പ്രഖ്യാപിച്ചപ്പോൾ നീണ്ടു നിന്ന കരഘോഷത്തോടെയാണ് അതു സ്വീകരിച്ചത്. ലോറികൾ, കാളവണ്ടികൾ, ആന മുതലായവയുടെ സഹകരണത്തോടെ നദീതടത്തിൽ 4 വരി പൈപ്പ് ഉയർത്തി. നദിയുടെ തെക്കേ കരയ്ക്ക് 20 അടി വീതിയിലും ആവശ്യമായ നീളത്തിലും താൽക്കാലിക കനാൽ (ചാൽ) നിർമ്മിച്ചു തുടങ്ങി. പൈപ്പുകൾ നിരത്തുമ്പോൾ തന്നെ ഇടയിലൂടെ വെള്ളം ഒഴുകിക്കൊണ്ടിരുന്നു. ഒരുപക്ഷേ അപ്രതീക്ഷിതമായി മഴ പെയ്താൽ അധികം വരുന്ന വെള്ളം താഴേക്ക് പമ്പ് ചെയ്ത് കളയാൻ ബൂസ്റ്റർ പമ്പുകളും ഏർപ്പാടു ചെയ്തിരുന്നു. പരിപാടിക്ക് ഒരാഴ്ച മുമ്പേ തന്നെ പ്രസംഗവേദി സജ്ജീകരിക്കുന്നതു കാണാൻ ആളുകൾ കൂട്ടത്തോടെ വന്നുകൊണ്ടിരുന്നു. അന്നത്തെ കൺവെൻഷനിൽ ഞാനും പ്രസംഗിച്ചു. എന്റെ പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു എന്നു പിന്നീട് ഞാൻ അറിഞ്ഞു.



malankaralibrary.com

# മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ - സ്വകാര്യമേഖല യിലെ ആരോഗ്യസംരക്ഷണ പ്രവർത്തനം

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ കേന്ദ്രമന്ത്രി ആയിരുന്ന കാലത്ത് കേരളത്തിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു സ്വകാര്യ ആശുപത്രിയുടെ വാഗ്ദാനവുമായി കേരളത്തിലെത്തി. അന്നത്തെ എഫ്.എ.സി.ടി.-യുടെ എം.ഡി. ആയിരുന്ന എം.കെ. കെ.നായർ ഐ.എ.എസും. എറണാകുളത്തെ ഒരു പ്രസിദ്ധ ഡോക്ടറുമായ വർഗീസ് പുളിക്കനുമായുള്ള ബന്ധം അവരുടെ പ്രവർത്തനത്തിന് സഹായകരമായി. എം.കെ. കെ.നായരാണ് എന്നെ വന്നു കണ്ടത്. അന്നത്തെ കേരളാ മന്ത്രിസഭ സപ്തകക്ഷി ഇടതുപക്ഷ മുന്നണി യുടേതായിരുന്നല്ലോ. സ്വാഭാവികമായും ഞങ്ങൾ കേന്ദ്രത്തിന്റെ നയങ്ങൾക്ക് എതിരായിരുന്നു. സ്വകാര്യമേഖലയുടെ പ്രവർത്തനത്തിനും, ആശയപരമായും പ്രവർത്തനപരമായും ഈ വൈതരണികൾ എല്ലാമുണ്ടെങ്കിലും സ്വകാര്യമേ ഖലയിൽ നല്ല ഒരു ആശുപത്രി വരാൻ വ്യക്തിപരമായി ഞാൻ ആഗ്രഹിച്ചു. എന്റെ വ്യക്തിപരമായ ആഗ്രഹം വിശദമായ പോജക്റ്റ് റിപ്പോർട്ട് ആയി മാറി. അത് മുളച്ച്, വളർന്ന്, പന്തലിച്ചു ഉയർന്നുവന്നു കൊണ്ടിരിക്കുന്നതാണ് എറ ണാകുളം എം.ജി. റോഡിലെ മഹനീയമായ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ.

## ബി.വെല്ലിംഗ്ടണ് സ്വീകരണം



തങ്കപ്പൻ തോമസ്

മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.ബി.വെല്ലിംഗ്ടന് നാടാകെ സ്വീകരണം ലഭിച്ചു. പ്രത്യേകിച്ചും കാർഷിക മേഖലയിൽ അങ്ങനെ ലഭിച്ച ഒരു സ്വീകരണത്തെപ്പറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. മലനാടു കർഷക യൂണിയന്റെയും കർഷക തൊഴിലാളി പാർട്ടിയുടെയും സമുന്നത നേതാവായ തങ്കപ്പൻ തോമസ് പെരുമ്പട്ടിക്കുന്നേൽ കരിക്കാട്ടൂർ മണിമല എന്നീ കേന്ദ്രങ്ങളിൽ എട്ടു സ്വീകരണം ഏർപ്പാടു ചെയ്തു. ഈ ലേഖകനും ആ സമ്മേളനങ്ങളിൽ പങ്കെടുത്തു. ആനയും അമ്പാരിയും താലപ്പൊലിയും എല്ലാമായി നടത്തിയ സ്വീകരണത്തിനിടയിൽ തങ്കപ്പൻ തോമസ് നടത്തിക്കൊണ്ടിരുന്ന ഒരു ട്യൂട്ടോറിയൽ കോളേജിൽ കയറി. കോളേജിലെ ക്ലാസ് റൂമിലെ ബോർഡിൽ പൈതഗോറസ് തിയറം എന്നെഴുതിയിട്ടുണ്ട്. പൈതഗോറിസ് നിയമത്തെ പ്പറ്റി പഠിപ്പുക്കുവാൻ തുടങ്ങിയപ്പോഴാണ് ഞങ്ങൾ അവിടെ ചെന്നത്. ഞങ്ങൾ ചെന്നതിനാൽ പഠിപ്പിക്കൽ നിറുത്തി അദ്ധ്യാപകനും കുട്ടികളും ഞങ്ങളോട് സംസാരിച്ചു ബോർഡിൽ എഴുതിയിരിക്കുന്നത് വെല്ലിംഗ്ടൺ ശ്രദ്ധിച്ചു. പൈതഗോറസ് തിയറിയെപ്പറ്റി പഠിച്ചുകഴിഞ്ഞോ? വെല്ലിംഗ്ടൺ ചോദിച്ചു. ഇല്ല പഠിപ്പിക്കാൻ തുടങ്ങുമ്പോഴാണ് അങ്ങ് വരുന്നത്. ശരി എന്നാൽ അരമണിക്കൂർ ഞാൻ ക്ലാസ്സെടുക്കാമെന്ന് പറഞ്ഞ് പൈതഗോറസ് തിയറിയെപ്പറ്റി വിശദീ കരിച്ചു. ഗണിതശാസ്ത്രത്തിൽ വെല്ലിംഗ്ടണുള്ള കഴിവ് പ്രകടിപ്പിക്കുന്നതായിരുന്നു ആ ക്ലാസ്സ്. പ്രക്ഷോ ഭകാരിയും ഭരണകർത്താവും ഒക്കെ ആയി നടക്കുന്ന ബി.വെല്ലിംഗ്ടൺ ഗണിതശാസ്ത്രത്തിൽ അപാര കഴിവുള്ളയാളായിരുന്നുവെന്നും ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് അദ്ധ്യാപകനായിട്ടായിരുന്നുവെന്നും ഉള്ള വസ്തുത അപ്പോഴാണ് ഞങ്ങളറിയുന്നത്.



malankaralibrary.com



# 12. തിരുവനന്തപുരത്തെ മാളിക

നിയമസഭയിൽ ആരോഗ്യമന്ത്രിയായിരുന്ന ബി. വെല്ലിംഗ്ടനെതിരെ ഒരു എം.എൽ.എ. നിയമസഭയിൽ ഒരു ആരോപണമുന്നയിച്ചു. മന്ത്രിയായിരിക്കെ തിരുവന്തപുരത്ത് ഒരു മൂന്നു നില മാളിക നിർമ്മിച്ചു എന്നായിരുന്നു ആരോപണം. ആ വാർത്ത അന്നുവൈകുന്നേരത്തെ റേഡിയോയിൽ കൂടി ഈ ലേഖകൻ കേട്ടു. വെല്ലിംഗ്ടന്റെ പല സുഹൃത്തുക്കളും ഈ വാർത്ത കേട്ടു ഞെട്ടി. അന്നു രാത്രി തന്നെ ഞാൻ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. തിരുവനന്തപുരത്തെത്തിയപ്പോൾ അടങ്ങാത്ത ദേഷ്യവുമായി പലരും അവിടെ എത്തിയിരിക്കുന്ന കാഴ്ചയാണ് കണ്ടത്. സ്റ്റാറ്റ്യൂ ജംഗ്ഷനിൽ നിന്നും കിട്ടാവുന്ന പത്രങ്ങളെല്ലാം വാങ്ങി. അഴിമതി വാർത്ത അറിയുവാൻ. അഴിമതി കഥ ഏറ്റവും ഭംഗിയായി റിപ്പോർട്ട് ചെയ്തത് ദീപിക പത്രമായിരുന്നു. മറ്റുള്ള പത്രങ്ങളിലും അഴിമതി കഥ വന്നെങ്കിലും വലിയ വാർത്തയായിരുന്നില്ല. ദീപികയുമായി വളരെയധികം അടുത്ത് പ്രവർത്തിക്കുന്നയാളായിരുന്നു ഞാൻ. പാർട്ടി പ്രവർത്തകർ രൂക്ഷമായി എന്നെ നോക്കി പറഞ്ഞു. “ഒരു കച്ചിറമറ്റത്തിന്റെ പത്രം കത്തോലിക്കാ പത്രം എന്താ എഴുതി വച്ചിരിക്കുന്നത്” ഞാൻ അവരോട് പറഞ്ഞു. “ദീപികക്ക് 8 ദശാബ്ദക്കാലത്തെ ചരിത്രം ഉണ്ട്. സത്യം പറയുകയാണ് ദീപികയുടെ ധർമ്മം. വെല്ലിംഗ്ടൺ അഴിമതി കാണിച്ചെങ്കിൽ അത് പത്രത്തിൽ വന്നെങ്കിൽ - അത് ദീപികയിൽ ഭംഗിയായി വന്നെങ്കിൽ ഞാൻ ദീപിക പത്രത്തെ അഭിനന്ദിക്കും. ദീപികയുടെ പാരമ്പര്യവും മറ്റും സത്യത്തെ മുറുകെ പിടിക്കുക എന്നതാണ്. വെല്ലിംഗ്ടൺ ചുരുങ്ങിയ കാലം കൊണ്ട് ലക്ഷക്കണക്കിന് രൂപാ സമ്പാദിച്ചെങ്കിൽ ദീപികയെ നാമെന്തിന് കുറ്റപ്പെടുത്തുന്നു. വെല്ലിംഗ്ടൺ ത്യാഗം അനുഭവിച്ച് നേടിയ മന്ത്രി സ്ഥാനം അഴിമതി നടത്താനാണ് വിനിയോഗിച്ചതെങ്കിൽ നമുക്ക് അതിനെ എങ്ങിനെ നീതികരിക്കാനാകും.” ഏതായാലും ഞങ്ങൾ സ്റ്റാറ്റ്യുവിൽ നിന്നും ഒരു ഓട്ടോറിക്ഷായിൽ കയറി വെല്ലിംഗ്ടന്റെ കൽപനയിൽ എത്തി.

പത്രം വായിച്ചു കൊണ്ടിരുന്ന മന്ത്രി വെല്ലിംഗ്ടൺ ഞങ്ങളെ കണ്ടപ്പോഴെ ചിരിച്ചു കൊണ്ട് ഇറങ്ങി വന്നു. “ഇന്നിവിടെ നിങ്ങൾ താമസിക്കണ്ട. ഞാൻ തിരുവന്തപുരത്ത് പണിത പുതിയ കെട്ടിടത്തിലാണ് നിങ്ങൾ താമസിക്കേണ്ടത്. നമുക്ക് ഇന്ന് അവിടെ താമസിക്കാം.” അടങ്ങാത്ത കോപത്തോടെ, അത് അറിയാനാണ് ഇന്ന് ഇവിടെ വന്നതെന്നു പറഞ്ഞു. ഞങ്ങളുടെ സ്വരത്തിലുള്ള വ്യത്യാസം മനസ്സിലാക്കിയ വെല്ലിംഗ്ടൺ പറഞ്ഞു. “എല്ലാ പത്രങ്ങളിലും എനിക്കെതിരെയുള്ള അഴിമതിയാരോപണം ഞാൻ വായിച്ചു. ദീപികയിൽ അതു വായിച്ചപ്പോൾ എനിക്കുണ്ടായ ദുഃഖം പറഞ്ഞറിയിക്കാൻ എന്റെ കച്ചിറമറ്റം



malankaralibrary.com

എനിക്കു വാക്കുകളില്ല. അഴിമതിയാരോപണം നിയമസഭയിൽ ഉന്നയിച്ചപ്പോൾ അത് ശരിയാണോ എന്ന് ഒന്ന് അന്വേഷിച്ചിട്ട് പത്രത്തിൽ ചേർക്കാമായിരുന്നു. അതല്ലേ പത്ര ധർമ്മം.? അപ്പോൾ കെട്ടിടം പണിതില്ലേ? ദ്വേഷ്യത്തോടെ ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു. "എന്നെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന വ്യഥ എനിക്കറിയാം. ഉടുമ്പൻചോലയിലും, അമരാവതിയിലും, കൊട്ടിയൂരിലും ചുരുളികിരിത്തോട്ടം നമ്മൾ അനുഭവിച്ച കഷ്ട പ്പാടുകൾ പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. നിങ്ങളോടൊപ്പം കഷ്ടപ്പെട്ട ഞാൻ അഴിമതി നടത്തിയെന്ന് ആളുകൾ വിശ്വാസിച്ചെങ്കിൽ എന്റെ മാനസി കാവസ്ഥ എന്താണെന്ന് നിങ്ങൾ ചിന്തിക്കുക. സത്യമെന്താണെന്ന് നിങ്ങൾക്ക റിയേണ്ടേ. സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിൽ നിന്നും ശാന്തിനഗറിൽ എനിക്കൊരു പ്ലോട്ട് അനുവദിച്ചുതന്നു. യാതൊരു വിധ ക്രമക്കേടുമില്ലാതെ ലഭിച്ച പ്ലോട്ട്, ഞാനവിടെ വീട് വയ്ക്കുവാൻ ഒരുങ്ങിയതു പോലുമില്ല. എന്നിട്ടാണ് ഞാൻ മാളിക പണിതെന്ന് നിയമസഭയിൽ പറഞ്ഞത്. അത് അതേപടി പത്രക്കാർ പ്രസിദ്ധീകരിച്ചു. അന്വേഷിക്കുക പോലും ചെയ്യാതെ. ആരോപണം ഉന്ന യിച്ചയാൾക്ക് ദീപികയുമായുള്ള ബന്ധം നോക്കുമ്പോൾ ഈ ആരോപണം ഒരു ഹിഡൻ അജൻണ്ടയുടെ ഭാഗമാണെന്ന് മനസ്സിലാക്കാൻ സാധിക്കും."

വെല്ലിംഗ്ടന്റെ സ്റ്റാഫിലെ ഒരു ആളിനെ കൂട്ടി ഈ സ്ഥലം കാണാൻ വിട്ടു. അസംബ്ലി കൂടാറായതിനാൽ നിറഞ്ഞ കണ്ണുകളോടെ വെല്ലിംഗ്ടൺ നിയമസഭ ഹാളിലേക്ക് പോയി. ഞങ്ങൾ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ സ്ഥലം പോയി കണ്ടു. സത്യം ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ ഗ്രഹിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു പ്രസ്താവന തയ്യാറാക്കി ദീപികയുടെ തിരു വനന്തപുരം ഓഫീസിൽ ചെന്ന് അവിടത്തെ പ്രതിനിധി കെ.സി. സെബാ സ്റ്റ്യനെ കണ്ടു. തെറ്റായ വാർത്തായണ് നിങ്ങൾ പത്രത്തിൽ കൊടുത്ത തെന്നും അത് അന്വേഷിച്ചു നാളത്തെ പത്രത്തിൽ സത്യസന്ധമായ ഒരു റിപ്പോർട്ട് വരുത്തണമെന്നും ഞങ്ങൾ അഭ്യർത്ഥിച്ചു. അതൊക്കെ അന്വേ ഷിച്ചു നടക്കുവാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല എന്ന് സെബാസ്റ്റ്യൻ ദാർഷ്ട്യ ത്തോടെ പറഞ്ഞു. മറ്റു പത്രത്തിൽ ഞങ്ങൾ സത്യം എഴുതി കൊടുത്തെ ങ്കിലും അവരും ആ പ്രസ്താവന പ്രസിദ്ധീകരിച്ചില്ല. ഞങ്ങൾ ദീപികയുടെ കോട്ടയം ഓഫീസിൽ ചെന്ന് മാനേജിംഗ് എഡിറ്ററെ കണ്ട് വിവരം ധരിപ്പി ച്ചു. സത്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണമെന്ന് അഭ്യർത്ഥി ച്ചു. ഇതൊക്കെ രാഷ്ട്രീയത്തിന്റെ ഭാഗമാണ് എന്ന പറഞ്ഞ് ഞങ്ങളെ കൈയൊഴിഞ്ഞു. സത്യം വെളിച്ചത്തു കൊണ്ടു വരികയെന്ന ലക്ഷ്യം പത്ര ക്കാർക്ക് ഇല്ലായെന്നതിൽ ഖേദിച്ചു. കെട്ടിടം പണിയാൻ ആലോചിക്കുക പോലും ചെയ്യാത്ത വെല്ലിംഗ്ടൺ ലക്ഷക്കണക്കിന് രൂപാ സമ്പാദിച്ചുവെന്ന് ജനങ്ങൾ വിശ്വസിക്കത്തക്ക രീതിയിൽ ആ വാർത്ത നില നിന്നു.

എന്റെ ഭവനത്തിലെ എല്ലാ പരിപാടികളിലും സംബന്ധിക്കുന്ന ഒരാ



malankaralibrary.com



ളായിരുന്നു ബി. വെല്ലിംഗ്ടൺ. എന്റെ പിതാവ് 2005 നവംബർ ഒന്നിന് മരിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ അന്ന് വീട്ടിൽ വരാൻ വെല്ലിംഗ്ടണ് സാധിച്ചില്ല. 2006 ജനുവരിയിലെ ഒരു ഞായറാഴ്ച വെല്ലിംഗ്ടന്റെ ഒരു ഫോൺ വന്നു. ഇന്ന് ഉച്ചയ്ക്ക് ഞാൻ കച്ചിറമറ്റത്തിന്റെ വീട്ടിൽ വരും, ഉച്ചഭക്ഷണം തരണം എന്നു പറഞ്ഞു. എന്റെ പൗത്രൻ ജോൺസ് ഉച്ച കുർബാന കഴിഞ്ഞ് വരുമ്പോൾ വഴിയിൽ വച്ച് അവനെയും കൂട്ടി കൊണ്ട് വെല്ലിംഗ്ടൺ, അരുണാട്ടുകര എ.ജെ. ബൻസുമായി ഒന്നിച്ച് വീട്ടിൽ വന്നു. മൂന്ന് നാല് മണിക്കൂർ വെല്ലിംഗ്ടൺ വീട്ടിൽ ചിലവഴിച്ചു. ദീപികാ പത്രത്തിൽ വന്ന അഴിമതി കഥയും സംസാര വിഷയമായി. വെല്ലിംഗ്ടൺ പറഞ്ഞു. "നമ്മൾ നടത്തിയ പ്രക്ഷോഭണങ്ങളിലെല്ലാം ദീപിക കലവറയില്ലാതെ നമ്മളെ സഹായിച്ചു. മറ്റാരും സഹായത്തിനില്ലായിരുന്നു. നമ്മളെ ഏറ്റം വേദനിപ്പിച്ചതും ദീപികയാണല്ലോ. അന്നത്തെ രാഷ്ട്രീയ സഹചര്യത്തിൽ അതു സംഭവിച്ചുവെന്ന് വിചാരിച്ചാൽ മതി. ഓർക്കുമ്പോൾ വേദനയുണ്ടെങ്കിലും അതെല്ലാം വിസ്മരിക്കുവാൻ ഞാൻ തയ്യാറാണ്. നിങ്ങളും അത് വിസ്മരിക്കണം. വെല്ലിംഗ്ടൺ എന്ന മനുഷ്യനെ അഴിമതിക്കാരനായി ലോകം മുഴുവൻ വിളംബരം ചെയ്ത ദീപികയോടോ മറ്റ് പത്രങ്ങളോടൊ എനിക്ക് ഒരു പരാതിയുമില്ല. അസത്യം പ്രചരിപ്പിച്ച് എന്നെ തേജോവധം ചെയ്തെങ്കിലും ഞാൻ അതെല്ലാം ക്ഷമിക്കുന്നു."

ആ വാക്ക് ഭംഗി വാക്കല്ലായിരുന്നു. അത് മനസിലാക്കുവാൻ ദീപികയ്ക്ക് സാധിച്ചുവെന്നതിൽ നമുക്ക് സന്തോഷിക്കാം. അതിനൊന്നാംതരം തെളിവാണ് വെല്ലിംഗ്ടന്റെ മരണശേഷം 11-ാം തീയതി ആർ. റിൻസ് ദീപികയിൽ എഴുതിയ ലേഖനം. ആ ലേഖനം പൂർണ്ണ രൂപത്തിൽ താഴെ ചേർക്കുന്നു.

## 'ദീപിക'യുമായി ശ്രേഷ്ഠ ബന്ധം പുലർത്തിയ വ്യക്തിത്വം

"ദീപിക'യെ സംബന്ധിച്ചിടത്തോളം ഒരു മുഖവുരയുടെയോ പരിചയപ്പെടുത്തലിന്റെയോ ആവശ്യമില്ലാത്ത വ്യക്തിത്വം. 'ദീപികയുടെ ഓരോ ചലനങ്ങളിലും ഭാഗഭാക്കായി, സ്വന്തം കുടുംബത്തിലെ ഒരംഗത്തെപ്പോലെ അദ്ദേഹം ദീപികയുമായുള്ള ഹൃദയബന്ധം കാത്തു സൂക്ഷിച്ചു.

ഈ പത്രവുമായി അഞ്ചു പതിറ്റാണ്ടുകൾക്കപ്പുറത്തെ ബന്ധം അവസാനകാലം വരെ തുടർന്നു കൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ദീപികയ്ക്കുവേണ്ടിയാണെങ്കിൽ മറ്റേതുകാര്യവും മാറ്റി വച്ച് അദ്ദേഹം മുന്നിട്ടിറങ്ങുമായിരുന്നു. കൊല്ലത്ത് സി.എം. സ്റ്റീഫനും അബുമുഹമ്മദിനുമൊപ്പം ഐ.എൻ.ടി.യു.സി. പ്രസ്ഥാനം സ്ഥാപിച്ചു കൊണ്ടാണ് വെല്ലിംഗ്ടൺ പൊതുപ്രവർത്തന രംഗത്തേക്കു കടക്കുന്നത്.

കമ്മ്യൂണിസ്റ്റ് വിരുദ്ധനായി രാഷ്ട്രീയ ജീവിതം ആരംഭിച്ച് ഇടയ്ക്കു



malankaralibrary.com

വച്ച് കമ്യൂണിസ്റ്റ് ചേരിയിൽ അകപ്പെടുകയും അവസാനകാലത്ത് ആത്മീയത യിലേക്കു പ്രവേശിക്കുകയും ചെയ്ത ജീവിതസമീപനമായിരുന്നു വെല്ലിം ഗ്ടണിന്റേത്.

പൊതുപ്രവർത്തന രംഗത്ത് വെല്ലിംഗ്ടണിന്റെ ഗുരു ഫാ. വടക്കനാ യിരുന്നു. അക്കാലത്താണ് ദീപികയുമായി അദ്ദേഹം അടുത്ത് പ്രവർത്തിച്ചി രുന്നത്. ഫാ. വടക്കന്റെ ആശയങ്ങളിൽ ആകൃഷ്ടനായി അദ്ദേഹത്തിന്റെ ഒപ്പം കൂടിയ വെല്ലിംഗ്ടൺ ഫാ. വടക്കന്റെ തൃശൂർ ആസ്ഥാനമായി പ്രവർത്തി ക്കുന്ന തൊഴിലാളി പത്രത്തിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചിരുന്നു.

ആയിടയ്ക്കാണ് അദ്ദേഹം ദീപികയുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നത്. കർഷകർക്കും തൊഴിലാളികൾക്കും താഴേത്തട്ടിലുള്ള വർക്കും വേണ്ടി നിലകൊണ്ട ദീപികയുടെ ആശയങ്ങളിലും നിലപാടുക ളിലും അദ്ദേഹത്തിന് തികഞ്ഞ മതിപ്പുണ്ടായിരുന്നു.

പിന്നീട് എക്കാലത്തും ദീപികയോട് വാൽസല്യം കലർന്ന സ്നേഹ മാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മന്ത്രിയാവുന്നതിന് മുൻപും മന്ത്രിയാ യതിനു ശേഷവും ഇതിന് ഒരു മാറ്റവും ഉണ്ടായില്ല.

2002-ൽ മഹാശിവരാത്രിയോടനുബന്ധിച്ച് ദീപിക പ്രസിദ്ധീകരിച്ച പ്രത്യേക പതിപ്പിനു വേണ്ടി ഊണും ഉറക്കവും ഉപേക്ഷിച്ച് അദ്ദേഹം പ്രവർത്തിച്ചു.

സ്വന്തം കുടുംബത്തിൽ നടക്കുന്ന ഒരു ചടങ്ങുപോലെയാണ് അതിനെ അദ്ദേഹം സ്വീകരിച്ചത്.

ആ പതിപ്പിൽ അദ്ദേഹം ഒരു ലേഖനവുമെഴുതിയിരുന്നു. പുറമെ അതിനു വേണ്ടി പലയിടത്തുനിന്നും ലേഖനങ്ങൾ ശേഖരിക്കാൻ അദ്ദേഹം ഓടി നടന്നു."

ദീപികയെ പറ്റി വെല്ലിംഗ്ടൺ പറഞ്ഞ വാക്കുകൾ നൂറുശതമാനവും ശരിയാണെന്ന് അംഗീകരിക്കുന്നതാണ് ദീപികയിൽ വന്ന ഈ ലേഖനം. എല്ലാ വേദനകളും കടിച്ചൊതുക്കി സഹിച്ച വെല്ലിംഗ്ടന്റെ വ്യക്തിത്വത്തിന് മാറ്റു വർദ്ധിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ പരാമർശനങ്ങൾ.



അഡ്വ. ഇ.കെ. ജോസഫ്

മലനാട് കർഷക യൂണിയന്റെയും കർഷകത്തൊഴി ലാളി പാർട്ടിയുടെയും സ്ഥാപക നേതാക്കളിൽ ഒരാളാണ് അഡ്വ. ഇ.കെ. ജോസഫ് തൊടുപുഴ. മലനാട് കർഷകയൂ ണിയൻ ജന. സെക്രട്ടറിയായി പ്രവർത്തിച്ച ജോസഫ് ചുരുളി- കീരിത്തോട് തീ വെയ്പ് കേസ് നടത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. കുടിയേറ്റ കർഷകരുടെ അവകാശ സംരക്ഷണ പോരാട്ടത്തിൽ സജീവമായി പങ്കെ ടുത്ത ജോസഫ് പല ഗവണ്മെന്റ് കമ്മറ്റികളിലും അംഗമാ യിരുന്നിട്ടുണ്ട്.



malankaralibrary.com



# 13. ജനസംഖ്യാ നിയന്ത്രണ നിയമവും ബി.വെല്ലിംഗ്ടണും

കേരളാ ആരോഗ്യമന്ത്രിയായി ശ്രീ.ബി.വെല്ലിംഗ്ടൺ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഉയർന്ന ഒരു ആരോപണം. കുടുംബാസൂത്രണ വകുപ്പ് കൈകാര്യം ചെയ്യാനുള്ള വകുപ്പ് ഏറ്റെടുത്തത് ശരിയായില്ലയെന്നുള്ളതാണ്. ഈ ആരോപണം കൂടുതൽ ഉന്നയിച്ചത് കേരളാ കോൺഗ്രസ്സ് നേതാക്കളായിരുന്നു. ക്രിത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കുടുംബാസൂത്രണം നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ കത്തോലിക്കർക്ക് എങ്ങനെ സാധിക്കും? സാധാരണ ജനങ്ങളിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ ആ പ്രചരണം ഭംഗിയായി അവർ നടത്തി. സ്വന്തം നിലപാട് വിശദീകരിക്കാൻ ഒരു പത്രവും തയ്യാറാവുകയില്ലാത്ത അവസ്ഥയായിരുന്നു വെല്ലിംഗ്ടണ്. രണ്ടു വർഷം കഴിഞ്ഞപ്പോൾ ആരോഗ്യമന്ത്രിയായി കേരളാ കോൺഗ്രസ്സ് നേതാവ് കെ.എം. ജോർജ് അധികാരമേറ്റു. ബി.വെല്ലിംഗ്ടന്റെ പേരിൽ ആരോപണമുന്നയിച്ചവർ കെ.എം. ജോർജ് കുടുംബാസൂത്രണ വകുപ്പ് കൈകാര്യം ചെയ്തതിൽ ഒരു തെറ്റും കണ്ടില്ല. പണ്ട് ഒരാൾ ചാക്കോയോട് ചോദിച്ചു ചാക്കോ നീ മനയ്ക്കലേ ചോറ് ഉണ്ണുവോ? ചാക്കോയുടെ മറുപടി ഇല്ലേ ഇല്ല എന്നായിരുന്നു. എന്താണ് നീ മനയ്ക്കലെ ചോറുണ്ണാത്തതെന്നായി അടുത്ത ചോദ്യം. ചാക്കോ വളരെ വിനയത്തോടെ പറഞ്ഞു. കിട്ടാഞ്ഞിട്ടാണ് എന്ന്. വെല്ലിംഗ്ടണെ ആരോഗ്യവകുപ്പ് കൈകാര്യം ചെയ്തപ്പോൾ വിമർശിച്ചത് അവർ ചാക്കോയുടെ സ്ഥിതിയിലെത്തിയതുകൊണ്ടാണ്.



കെ.എം. ജോർജ്ജ്

വെല്ലിംഗ്ടൺ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്നപ്പോൾ മുത്തോലി സെന്റ്. ആന്റണീസ് ഹൈസ്കൂളിന്റെ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്യുവാൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. കേരളാ കോൺഗ്രസ്സ് നേതാവ് കെ.എം. ജോർജും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. വെല്ലിംഗ്ടൺ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സി.എം.ഐക്കാരുടെ ബോർഡിംഗിൽ താമസിച്ചുകൊണ്ടാണ് ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയത് ആ ബോർഡിംഗിലെ ചിട്ടകളും ഉപദേശങ്ങളും ആശയടക്കം തുടങ്ങിയ പുണ്യപ്രവർത്തികൾ ചെയ്യാനുള്ള പ്രേരണയും എന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇഷ്ടപ്പെട്ട ഭക്ഷണം ഉപേക്ഷിക്കുവാനും ആശയടക്കാനും മറ്റൊരാൾക്ക്



malankaralibrary.com

കൊടുക്കുവാനും എന്നെ പ്രേരിപ്പിച്ചത് അവിടുത്തെ ജീവിതമാണ്. കർഷക രുടെ അവകാശ സംരക്ഷണ പോരാട്ടത്തിൽ പങ്കെടുത്ത് 21 ദിവസം ഉപവാസം അനുഷ്ഠിക്കാൻ എനിക്ക് ആത്മധൈര്യം നല്കിയതും മാന്നാനത്തെ ബോർഡിംഗ് ജീവിതമാണ്. വെല്ലിംഗ്ടൺ പ്രസംഗം ഏവർക്കും ഇഷ്ടപ്പെട്ടു. വെല്ലിംഗ്ടൺ ഉദ്ഘാടനം കഴിഞ്ഞ് മറ്റ് ഒരു പരിപാടിയിൽ പങ്കെടുക്കാനുണ്ടായിരുന്നതിനാൽ എല്ലാവരോടും യാത്രപറഞ്ഞ് പിരിഞ്ഞു.

തുടർന്ന് പ്രസംഗിച്ച കെ.എം. ജോർജ്, ബി.വെല്ലിംഗ്ടണെ കടന്നാക്രമിച്ചു. കെ.എം ജോർജിന്റെ പ്രസംഗത്തിന്റെ ചുരുക്കമിതായിരുന്നു. സി. എം.ഐ സഭയുടെ ബോർഡിംഗിൽ താമസിച്ച് പഠിച്ചതുകൊണ്ട് ആശയടക്കാൻ പഠിച്ചുവെന്നാണ് വെല്ലിംഗ്ടൺ പ്രസ്താവിച്ചത് ആശയടക്കം എന്ന പുണ്യം ശരിക്ക് അഭ്യസിക്കാൻ പഠിച്ചിരുന്നുവെങ്കിൽ കത്തോലിക്കർക്ക് നിഷിദ്ധമായ കുടുംബാസൂത്രണ വകുപ്പ് ഉൾപ്പെടുന്ന ആരോഗ്യവകുപ്പ് തനിക്കു വേണ്ടെന്ന് പറഞ്ഞ് വെല്ലിംഗ്ടൺ ഇറങ്ങിപ്പോരുമായിരുന്നു. മുത്തോലിയിൽ കേരളാ കോൺഗ്രസ്സുകാരായിരുന്നവല്ലോ കൂടുതൽ. അവരെല്ലാരും കയ്യടിച്ച് ജോർജിനെ പ്രോത്സാഹിപ്പിച്ചു. ബോർഡിംഗിൽ താമസിച്ച് അച്ചടക്കം എന്ന പുണ്യം ശീലിക്കാതിരുന്നതുകൊണ്ടാകാം കെ.എം. ജോർജ് പിന്നീട് ആരോഗ്യവകുപ്പ് കൈകാര്യം ചെയ്തത്. വെല്ലിംഗ്ടണെ ആശയടക്കം എന്ന പുണ്യം ഇല്ലെന്ന് പറഞ്ഞ് ആരോഗ്യവകുപ്പ് ഉപേക്ഷിക്കുവാൻ ആഹ്വാനം ചെ.യ്ത കെ.എം. ജോർജ് ആരോഗ്യവകുപ്പ് കൈകാര്യം ചെയ്യേണ്ടിവരുമെന്ന് പ്രതീക്ഷിക്കാതെയായിരിക്കും ഈ പ്രസംഗം നടത്തിയത്.

ഇനി വെല്ലിംഗ്ടന്റെ നിലപാട് എന്തെന്ന് ഒന്ന് പരിശോധിക്കാം. എല്ലാ വർഷവും ഡൽഹിയിൽ എല്ലാ സംസ്ഥാനങ്ങളിലെയും ആരോഗ്യമന്ത്രിമാരുടെയും ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം ചേരാറുണ്ട്. ആരോഗ്യരംഗത്തെ പല പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്തതിനുശേഷം ജനസംഖ്യ വർദ്ധനവിനെപ്പറ്റിയുള്ള ചർച്ച രണ്ടാം ദിവസമാണ് നടന്നത്. ഇന്ത്യയിൽ വികസനരംഗത്ത് – വളർച്ച നേടുന്നുണ്ടെങ്കിലും ജനസംഖ്യാ വർദ്ധനവ് അതിനെയെല്ലാം നിഷ്പ്രഭമാക്കികൊണ്ടിരിക്കുന്നുവെന്ന് യോഗം അഭിപ്രായപ്പെട്ടു ജനസംഖ്യാവർദ്ധനവ് തടയേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് എല്ലാവരും സംസാരിച്ചത്. ആ സമ്മേളനത്തിൽ കേരളത്തിന്റെ ആരോഗ്യമന്ത്രിയുടെ നിലപാട് എന്തായിരുന്നുവെന്ന് വെല്ലിംഗ്ടൺ തന്നെ മേരി വിജയം മാസികയുടെ 2005 നവംബർ ലക്കത്തിൽ എഴുതിയിട്ടുണ്ട്. ആ ഭാഗം താഴെ ഉദ്ധരിക്കുന്നു.

"എന്റെ പ്രസംഗത്തിൽ കേരളത്തിലെ ആരോഗ്യസംരക്ഷണ പ്രവർത്തനത്തിന് ഉന്നതമായ നിലവാരം നേടാൻ കഴിഞ്ഞത് മിഷനറിമാരുടെ സേവനവും ഉയർന്ന വിദ്യാഭ്യാസ നിലവാരവും കാരണമാണെന്നു വിശദീകരിച്ചിട്ട് ജനസംഖ്യാ നിയന്ത്രണത്തിന്റെ ആവശ്യകത ഒരു ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടി. തെരുവിലെ പൈപ്പിൽനിന്നും പലരും വെള്ളമെടു



malankaralibrary.com



ക്കാൻ ചെന്നു നിൽക്കുമ്പോൾ ഒരു സ്ത്രീ വളരെയധികം സമയമെടുക്കുന്നത് മറ്റു സ്ത്രീകളുടെ ശ്രദ്ധയിൽപ്പെട്ടു. അത് ഒരു വഴക്കിൽ കലാശിച്ചു. പാത്രം നിറയാതെ പോകില്ല എന്ന് ആ സ്ത്രീ ശഠിച്ചു. മറ്റൊരു സ്ത്രീ വന്ന് ഈ കുടം ഉയർത്തി നോക്കിയപ്പോൾ കുടത്തിനു താഴെയുള്ള ദ്വാരത്തിലൂടെ ജലം പുറത്തേയ്ക്കു പോകുന്നതിനാലാണ് പാത്രം നിറയാതിരുന്നത് എന്ന് മനസ്സിലാക്കി. ഇതുപോലെ വിവിധ മേഖലകളിൽ അത്ഭുതാവഹമായ നേട്ടം ഭാരതത്തിനു നേടാൻ കഴിഞ്ഞെങ്കിലും ജനങ്ങൾക്ക് സംതൃപ്തി ഉണ്ടാകാത്തത് ജനസംഖ്യാ വർദ്ധനവ് കൊണ്ടാണെന്ന് ഞാൻ വിശദീകരിച്ചു. വൈദ്യുതി, റെയിൽവേ, കെട്ടിടനിർമ്മാണം, ഭക്ഷ്യധാന്യങ്ങൾ എന്നീ മേഖലകളിൽ ഇന്ത്യ വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്.എന്നിട്ടും ആവശ്യത്തിനു തികയാതെ വരുന്നത് അമിതമായ ജനസംഖ്യാ വർദ്ധനവ് കൊണ്ടാണെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ ഹർഷാരവത്തോടെ സദസ്സ് അത് അംഗീകരിച്ചു. അതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നും അഭിപ്രായ സമന്വയത്തിന്റെ പാത സ്വീകരിക്കുകയാണ് വേണ്ടതെന്നും ഞാൻ നിർദ്ദേശിച്ചു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു അന്ന് ഇന്ത്യാ ഗവണ്മെന്റിന്റെ ലോ മിനിസ്റ്റർ. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സമ്മേളനത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളെയെല്ലാം ക്രോഡീകരിച്ചുകൊണ്ട് ജനസംഖ്യാ നിയന്ത്രണം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിയമനിർമ്മാണം ആവശ്യമാണെന്നും അതില്ലാതെ വെറും ധാർമ്മികമായ ഉപദേശം കൊണ്ടുമാത്രം ബലഹീനനായ മനുഷ്യൻ ജനന നിയന്ത്രണം ഫലപ്രദമാക്കുകയില്ലായെന്നും പ്രമുഖ അഭിഭാഷകൻ കൂടിയായ അദ്ദേഹം സമ്മേളനത്തിൽ സമർത്ഥിച്ചു. എന്താണ് നിങ്ങളുടെ നിർദ്ദേശം (What is your proposal?) സമ്മേളനത്തിൽ പല ഭാഗത്തുനിന്നുമുയർന്നു വന്ന ചോദ്യമായിരുന്നു അത്. അദ്ദേഹം എല്ലാവരെയും ഒന്നു നോക്കി വളരെ ശാന്തനായി നിർത്തി നിർത്തി വ്യക്തമായി ജനസംഖ്യാ നിയന്ത്രണത്തിന് ഗർഭഛിദ്രം നിയമവിധേയമാക്കൽ (Legalisation of Abortion of family planning) എന്ന നിയമം കൊണ്ടുവരാമെന്നു പറഞ്ഞു. ഞാൻ അതുകേട്ട് ഞെട്ടി. എന്റെ സഭ ഗർഭഛിദ്രത്തെ എതിർക്കുന്നു. ആയിടയ്ക്ക് റോമിൽനിന്നു ഗർഭഛിദ്രത്തെപ്പറ്റി നിശിതമായ വിമർശനവും ഉണ്ടായിരുന്നു. സമൂഹത്തിന്റെ നിർദ്ദേശത്തെ എതിർക്കാൻ തന്നെ ഞാൻ തീരുമാനിച്ചു. സമ്മേളനത്തിൽ പങ്കെടുക്കുന്ന മന്ത്രിമാരുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ കത്തോലിക്കനായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്റെ മതവിശ്വാസം കാരണം ഞാൻ ഈ നിയമനിർമ്മാണത്തെ എതിർക്കുന്നുവെന്നു പറഞ്ഞാൽ അക്രൈസ്തവരായ ബഹുഭൂരിപക്ഷം അംഗങ്ങളുംകൂടി ഈ നിർദ്ദേശം



പനമ്പിള്ളി ഗോവിന്ദ മേനോൻ



malankaralibrary.com

അംഗീകരിച്ചുവെന്നുവരാം. ഈ പ്രതിസന്ധി എങ്ങനെ തരണം ചെയ്യണമെന്നു ചിന്തിച്ച് ഈശ്വരനെ ശരണംപ്രാപിച്ചു.

"മനംനൊന്തു ഭക്തൻ വിളിക്കുന്ന നേരം

അടുത്തെത്തിടുന്നൊരു കാരുണ്യമൂർത്തി'യായ ദൈവം എനിക്കൊരു വഴി തുറന്നുതന്നു. ഞാനെഴുന്നേറ്റ് ഒരു സംശയം ഉന്നയിച്ചു. "എപ്പോഴാണ് മനുഷ്യവ്യക്തിത്വം (Human personality ) ആവിർഭവിക്കുന്നത്. എന്റെ ചോദ്യം കടന്നൽകൂട്ടിൽ കല്ലെറിഞ്ഞപോലെയായി. വ്യത്യാസ്തമായ പല മറുപടികളും ഉയർന്നുവന്നു. സായുധസേനയിലെ ഒരു ഡോക്ടർ (മേജർ ജനറൽ) പറഞ്ഞത് പ്രസവാനന്തരം കുട്ടി ആദ്യമായി ശ്വസിച്ചു കഴിയുമ്പോഴാണ് എന്ന്. അതിനെ എതിർത്തുകൊണ്ട് സ്ത്രീ പുരുഷസംയോഗം നടന്നു കഴിയുമ്പോഴാണ് എന്ന് ശക്തമായ ഭാഷയിൽ മറ്റൊരാൾ ചൂണ്ടിക്കാട്ടി. വ്യത്യസ്തമായ അഭിപ്രായ പ്രകടനങ്ങൾ ഒരു കോലാഹലം സൃഷ്ടിച്ചു. ഓരോരുത്തരും അവരവരുടെ വാദഗതികൾക്ക് ന്യായീകരണം നിരത്തി. ബഹളം മൂത്തപ്പോൾ അദ്ധ്യക്ഷനായ കേന്ദ്രമന്ത്രി ചന്ദ്രശേഖരൻ ഇതറിഞ്ഞിട്ട് എന്തു വേണമെന്നു ചോദിച്ചു. ഞാൻ മറുപടിക്കായി എഴുന്നേറ്റപ്പോൾ "Let us hear Kerala Health Minister'' എന്ന് അദ്ധ്യക്ഷന്റെ ഉച്ചത്തിലുള്ള നിർദേശം സദസ്യരെ എന്നിലേക്കാകർഷിച്ചു. ഞാനെഴുന്നേറ്റു നിന്ന് വളരെ വിനീതനായി, മനുഷ്യൻ ആയിക്കഴിഞ്ഞതിനുശേഷം അതിനെ നശിപ്പിക്കുന്നത് കൊലപാതകത്തിന് സമമാണ്. അതുകൊണ്ടാണ് എപ്പോഴാണ് പൂർണ്ണമനുഷ്യൻ ആകുന്നതെന്ന് അറിയണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. വാദഗതികൾ പല ഭാഗത്തുനിന്നും പിന്നെയും ഉയർന്നു. ഒരു മണിക്കൂറോളം വാദപ്രതിവാദങ്ങൾകൊണ്ടു നഷ്ടമായപ്പോൾ നിയമ മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എഴുന്നേറ്റ് ഈ ചർച്ച നീട്ടിവെയ്ക്കുന്നതിന് കേരളാ ആരോഗ്യമന്ത്രിക്ക് സമ്മതമാണോ എന്ന് ചോദിച്ചു. ഞാൻ കാരണം ഇത് മാറ്റിവയ്ക്കുന്നതിനോട് എനിക്ക് യോജിപ്പില്ല എന്ന് മറുപടി പറഞ്ഞു.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ സ്റ്റേജിൽ നിന്നിറങ്ങി എന്റെ അടുത്തു വന്നിരുന്നു. " അതെ നിങ്ങൾ എതിർത്താൽ എന്റെ മണ്ഡലത്തിൽ ഞാൻ പൊളിഞ്ഞു പോകും." വേറൊരു നിർദ്ദേശവുമായാണ് ഞാൻ വന്നിരിക്കുന്നത്. ഈ ബില്ലിനുപകരം "മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി" എന്ന നിയമം കൊണ്ടുവന്നാൽ നിങ്ങൾ അതിനെ എതിർക്കുമോ? പ്രതീക്ഷിക്കാത്ത നിർദ്ദേശമായിരുന്നു അത്. എന്റെ മൗനം കണ്ടിട്ട് ആലോചിച്ചിട്ട് മറുപടി പറഞ്ഞാൽ മതിയെന്നദ്ദേഹം പറഞ്ഞിട്ട് എഴുന്നേറ്റു. പ്രമുഖരായ ചില വൈദീക ശ്രേഷ്ഠന്മാരുമായി ഞാൻ ഈ കാര്യം ചർച്ച ചെയ്തു. പനമ്പിള്ളിയുമായി ഞാൻ ഈ കാര്യം ചർച്ച ചെയ്തു. പനമ്പിള്ളിയുമായി പല ചർച്ചകളും നടത്തിയതിനു ശേഷമാണ് അദ്ദേഹം ഈ ബിൽ (മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി) അവതരിപ്പിച്ച് നിയമമാക്കിയത്."




malankaralibrary.com



വെല്ലിംഗ്ടൺ ആരോഗ്യ വകുപ്പു കൈകാര്യം ചെയ്തത് ഏതു വിധത്തിലാണെന്ന് ആരും പരിശോധിച്ചില്ല. ആ വകുപ്പികൾ കൈകാര്യം ചെയ്തതിലായിരുന്ന എല്ലാവർക്കും പ്രതിഷേധം.ശ്രീ.കെ.എം. ജോർജ് ആ വകുപ്പു കൈകാര്യം ചെയ്തപ്പോൾ വെല്ലിംഗ്ടന് നേരെ ഉന്നയിച്ച ആരോപണങ്ങളുടെ മഞ്ഞ് ഉരുകുന്നതാണ് നാം കണ്ടത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വെല്ലിംഗ്ടന്റെ നിലപാടും പ്രവർത്തികളും ബഹു ജനങ്ങളിലെത്തിക്കാൻ ശ്രമിക്കാതെ വെല്ലിംഗ്ടനെ കുറ്റപ്പെടുത്തുവാനാണ് പലരും ശ്രമിക്കുന്നത്. വെല്ലിംഗ്ടന്റെ വിശദീകരണങ്ങൾക്ക് പത്രങ്ങൾ യാതൊരു പരിഗണനയും നൽകിയുമില്ല.

## അവിസ്മരണീയ പ്രസംഗം



പ്രഗല്ഭരായ ഒട്ടനവധി വ്യക്തികളുടെ പ്രസംഗം കേൾക്കാൻ ഇടവന്നിട്ടുണ്ട്. എന്നാൽ മനസ്സിൽ തങ്ങി നിൽക്കുന്ന ഏറ്റവും അവിസ്മരണീയമായ പ്രസംഗം ശ്രീ. ബി.വെല്ലിംഗ്ടൺ ചെയ്ത ഒരു മിനിട്ടു മാത്രം ദൈർഘ്യമുള്ള ഒരു രാഷ്ട്രീയ പ്രസംഗമായിരുന്നു. അടിയന്തരാവസ്ഥയ്ക്കു തൊട്ടു മുൻപ് കോട്ടയം തിരുനക്കര മൈതാനത്തു ആയിരുന്നു ആ പ്രസംഗം. വേദിയിൽ ഇൻഡ്യൻ രാഷ്ട്രീയത്തിലെ കുലപതിയായ സഖാവ് ഇ.എം.എസ് തുടങ്ങി വലിയ ഒരു താര നിര തന്നെ ഉണ്ട്. നിലവിലുള്ള സംസ്ഥാന ഗവണ്മെന്റിനെതിരായ പ്രതിഷേധ സമ്മേളനമായിരുന്നു അത്. അദ്ധ്യക്ഷ വേദിയിൽ നിന്നും അവസാനമായി അദ്ധ്യക്ഷന്റെ പ്രഖ്യാപനം. അടുത്തതായി കെ.ടി.പിയുടെ നേതാവ് ബി.വെല്ലിംഗ്ടൺ രണ്ടു മിനിറ്റിൽ സംസാരിക്കും ഘനഗാംഭിര്യത്തോടെ മൈക്കിന്റെ മുന്നിൽ എത്തിയ സ്മര്യപുരുഷൻ പ്രിയ തൊഴിലാളി സുഹൃത്തുക്കളെ സഹപ്രവർത്തകരെ എനിക്കു ഒന്നേ പറയാനുള്ളു അതായിരിക്കണം ഇനിയത്തെ നമ്മുടെ മുദ്രാവാക്യം "മാറണം മാറ്റണം, മാറ്റിപ്പണിയണം അഴിമതി ചൂടിയ ഇന്നത്തെ ഭരണസിഹാസനം"

മൈതാനത്തു തിങ്ങിക്കൂടിയ ജനങ്ങളുടെ എല്ലാം മുഖത്തു ഒരേ വികാരമേ ഉണ്ടായിരുന്നുള്ളൂ. എത്ര "അവിസ്മരണീമായ പ്രസംഗം."

**അഡ്വ: സി. ജോസ് ഫിലിപ്പ്**
ചെങ്ങളവൻ




malankaralibrary.com

# 14. കുറുമുന്നണിയും അഴിമതിയാരോപണവും മന്ത്രിസഭാപതനവും

സപ്തകക്ഷിമുന്നണിയിലെ ഘടകകക്ഷികൾ തമ്മിൽത്തമ്മിൽ സ്വരച്ചേർച്ചയില്ലാതായി. സി.പി.ഐ.യും സി.പി.എമ്മും തമ്മിലായിരുന്നു പ്രധാന വഴക്ക്. എന്നാൽ സി.പി.ഐയുടെ നേതൃത്വത്തിൽ ഒരു കുറുമുന്നണി രൂപം കൊണ്ടു. ആ കുറുമുന്നണിയിൽ ചേർന്ന് സി.പി.എം.ന് എതിരായി പ്രവർത്തിക്കണമെന്നായിരുന്നു ബി. വെല്ലിംഗ്ടണോടവർ ആവശ്യപ്പെട്ടത്. അതിന് വെല്ലിംഗ്ടൺ തയ്യാറായില്ല. അതിനെത്തുടർന്ന് വെല്ലിംഗ്ടണെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നതിൽ ഏവരും ഉത്സുകരായി. അണക്കെട്ടിന് തുളയിടുന്നതുപോലെ അഴിമതിയാരോപണങ്ങളും വിവാദങ്ങളും തകർത്താടിയ ഒരു നാടകമായിരുന്നു പിന്നീട് നടമാടിയത്. വെല്ലിംഗ്ടന്റെ പേരിൽ ആദ്യം സാമ്പത്തിക അഴിമതിയാരോപിച്ചത് ദേശാഭിമാനി പത്രമായിരുന്നു. ഇ.എം.എസ്., അഴീക്കോടൻ തുടങ്ങിയ ഒരു വിഭാഗം വെല്ലിംഗ്ടണോട് നല്ല ബന്ധം പുലർത്തിയപ്പോൾ മറ്റൊരു വിഭാഗം അസന്തുഷ്ടരായി. എന്നാൽ ആ അസംതൃപ്തിയൊക്കെ പെട്ടെന്ന് തീർന്നു.

സി.പി.ഐ., സി.പി.എം. വഴക്ക് മൂർച്ഛിക്കുകയും കുറുമുന്നണി രൂപം കൊള്ളുകയും ചെയ്തപ്പോൾ മന്ത്രിസഭയെ തകർക്കുന്നതിനാണ് സി.പി.ഐ. നേതൃത്വം നൽകിയ കുറുമുന്നണി ശ്രമിച്ചത്. ഒരു മന്ത്രിയെ ഒറ്റയ്ക്ക് എതിർത്ത്, അദ്ദേഹത്തെ തേജോവധം ചെയ്താണെങ്കിലും ഇ.എം.എസിന്റെ മന്ത്രിസഭയെ പൊളിക്കണമെന്നാണ് കുറുമുന്നണി ആഗ്രഹിച്ചത്. ഇത് നല്ല ഒരു അവസരമായി പത്രങ്ങളും കണക്കാക്കി. മാർക്സിസ്റ്റ് പാർട്ടിയുമായി ചേർന്നുനിന്നതിൽ രോഷാകുലരായ കുറുമുന്നണിക്കാരും പത്രക്കാരും പ്രതിപക്ഷ നേതാക്കളും എല്ലാ വെല്ലിംഗ്ടണെ ഒറ്റപ്പെടുത്തുവാനാണ് ശ്രമിച്ചത്. ലീഗ് സി.പി.ഐ.യ്ക്ക് ഒപ്പം നിന്ന് വെല്ലിംഗ്ടണെ തേജോവധം ചെയ്യാൻ ശ്രമിച്ചു.


ഇ.എം.എസ്.

ലീഗിന്റെ നിലപാടുകൾക്കെതിരെ ബി.വെല്ലിംഗ്ടനും മത്തായി മാഞ്ഞൂരാനും പുറത്തിറക്കിയ പ്രസ്താവന അവരെ പ്രകോപിതരാക്കി. ലീഗ് ഏകോപനസമിതി യോഗം ബഹിഷ്കരിച്ചു.

ഈ ഘട്ടത്തിലാണ് മുഖ്യമന്ത്രി ഇ.എം.എസ്. ചികിത്സയ്ക്കായി കിഴക്കൻ ജർമ്മനിയിലേയ്ക്ക് പോയത്. ഇതിനിടെ ഭരണകക്ഷിയിലെ 47 എം.



malankaralibrary.com



എൽ.എ. മാർ ചേർന്ന് ഒരു മെമ്മോറാണ്ടം തയ്യാറാക്കി. മുന്നണിയിൽ തുടരണമെങ്കിൽ വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതിയാരോപണങ്ങൾ അന്വേഷിക്കണമെന്നായിരുന്നു മെമ്മോറാണ്ടത്തിലെ ഉള്ളടക്കം. നിയമസഭാകക്ഷി യോഗത്തിൽ എം.എൻ. ഗോവിന്ദൻ നായർ അഴിമതി പ്രശ്നം എടുത്തിടുകയും വെല്ലിംഗ്ടണ് എതിരായ ആക്ഷേപങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അപ്പോൾ സി.പി.എം. മന്ത്രിമാർ ഇറങ്ങിപ്പോയി. തുടർന്ന് മന്ത്രിസഭായോഗം നടന്നു. മന്ത്രിസഭായോഗത്തിലും തീരുമാനമൊന്നുമായില്ല. ഒക്ടോബർ മൂന്നിന് അസംബ്ലിയിൽ സി.പി.ഐ.യിലെ ഇ. ചന്ദ്രശേഖരൻ നായർ ഒരു അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചു. ഒക്ടോബർ 18-ന് മുമ്പ് ബി. വെല്ലിംഗ്ടണ് എതിരായ അഴിമതി ആരോപണം ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണമെന്നായിരുന്നു പ്രമേയത്തിലെ ആവശ്യം. പ്രമേയത്തിനെതിരായി സി.പി.എം. അംഗങ്ങൾ ഉറച്ച നിലപാട് എടുത്തു. ഈ കാലഘട്ടത്തിൽ പ്രമേയം വോട്ടിനിടാൻ സ്പീക്കർ തീരുമാനിച്ചതിനെതിരെ മാർക്സിസ്റ്റ് അംഗങ്ങൾ ഉറച്ച നിലപാട് എടുത്തു. സഭയിൽനിന്നും ഇറങ്ങിപ്പോയ സ്പീക്കർ പിന്നീട് ശബ്ദവോട്ടോടെ അംഗീകരിച്ചതായി പ്രഖ്യാപിക്കുകയാണ് ചെയ്തത്.

ഈ ഘട്ടത്തിൽ കുറുമുന്നണിയും പ്രതിപക്ഷവും ഒരു ടീമായി നിന്നു. എല്ലാവരും പ്രതീക്ഷിച്ചതുപോലെ വരാൻ പോകുന്ന ഒരു നവസഖ്യത്തിന്റെ തുടക്കമായി ഇതിനെ ജനം കണ്ടു. സി.പി.എം. ഇതരമന്ത്രിസഭയ്ക്ക് കോൺഗ്രസ് പിന്തുണ നൽകുമെന്നുള്ള കെ.പി.സി.സി. പ്രസിഡണ്ട് ബാവായുടെ പ്രസ്താവനയും ഇതിനിടെ പുറത്തുവന്നു.

നാലഞ്ചു ദിവസത്തിനുശേഷം നിയമസഭ ചേർന്നപ്പോൾ ബഹളത്തിന് യാതൊരു കുറവും ഉണ്ടായില്ല. ബി. വെല്ലിംഗ്ടണ് മറുപടി പറയുവാൻപോലും അനുമതി നൽകിയില്ല.

കേരള നിയമസഭയിൽ ആരോഗ്യമന്ത്രി ബി. വെല്ലിംഗ്ടണെതിരെ എതിർമുന്നണി 1969 ഒക്ടോബർ മൂന്നിന് കൊണ്ടുവന്ന പ്രമേയം പാസ്സായതായുള്ള നിയമസഭാരേഖ തെറ്റാണെന്നാണ് ബി. വെല്ലിംഗ്ടൺ വെളിപ്പെടുത്തുന്നത്. ഇതേ തുടർന്നുള്ള വിവാദങ്ങളാണ് പിന്നീട് ഇ.എം.എസ്. മന്ത്രിസഭയുടെ രാജിയിലെത്തിയത്. സഭാ നടപടിപ്രകാരം വെല്ലിംഗ്ടണെതിരെയുള്ള പ്രമേയം പാസ്സായിട്ടില്ല. സ്പീക്കർ ഡി. ദാമോദരൻപോറ്റി പ്രമേയം പാസ്സായതായി എഴുതിച്ചേർക്കുകയായിരുന്നു. ചതുർമുന്നണിയും കോൺഗ്രസ്സും ചേർന്നുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിസ്ഥാനം ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് സ്പീക്കർ ഡി. ദാമോദരൻ പോറ്റി ഈ കളിക്ക് നേതൃത്വം നൽകിയത്. പക്ഷെ ഫലം കണ്ടില്ല.

ഈ അഴിമതി ആരോപണപ്രമേയത്തെപ്പറ്റി ശ്രീ. ബി. വെല്ലിംഗ്ടൺ അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ്.

എനിയ്ക്കെതിരെ നിയമസഭയ്ക്കകത്തും പുറത്തുമുണ്ടായ അഴിമ



malankaralibrary.com

തിയാരോപണങ്ങൾ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് ഒരു ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് സി.പി.ഐ. അംഗം ഇ. ചന്ദ്രശേഖൻനായരായിരുന്നു അനൗദ്യോഗിക പ്രമേയത്തിന് നോട്ടീസ് നൽകിയത്. പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് റസല്യൂഷൻ (വെള്ളിയാഴ്ച പ്രമേയം) നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങളൊന്നും എനിക്കെതിരെയുള്ള പ്രമേയത്തിൽ പാലിച്ചില്ല. പ്രമേയത്തെക്കുറിച്ചുള്ള ചർച്ചകൾ പൂർത്തിയാക്കാതെയും നിശ്ചിത സമയമായ പന്ത്രണ്ടര മണിക്കുശേഷവും ക്രമവിരുദ്ധമായ രീതിയിൽ സഭാനടപടികൾ തുടർന്ന് വോട്ടിനിടാനായിരുന്നു ശ്രമം. എന്നാൽ ശക്തമായ എതിർപ്പുമൂലം ഇത് വിജയിച്ചില്ല.

ബി. വെല്ലിംഗ്ടണെതിരെ ബേബി ജോൺ നടത്തിയ പ്രസംഗം ജനയുഗം പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ഇതു സംബന്ധിച്ച് എറണാകുളം മജിസ്ട്രേട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. കോടതിയിൽ കേസ് നിലനിൽക്കുന്ന ഒരു വിഷയത്തിൽ സഭയിൽ പ്രമേയാനുമതി നൽകിയ സ്പീക്കറുടെ നടപടി തെറ്റായിരുന്നു.

എനിക്കെതിരെ പ്രമേയം ചർച്ചയ്ക്കുവന്നപ്പോൾ മറുപടി പറയാൻ അവസരം തന്നില്ല. മറുപടി പറഞ്ഞാൽ ആരോപണത്തിനാധാരമായി കുറുമുന്നണിക്കാർ ഉന്നയിക്കുന്ന സ്ഥലംമാറ്റവും നിയമനങ്ങളും സംബന്ധിച്ച് അവർതന്നെ ആരോഗ്യമന്ത്രിയ്ക്ക് സമർപ്പിച്ച ശുപാർകത്തുകളുടെ കോപ്പി സഭയിൽ ഹാജരാക്കാൻ എനിക്ക് കഴിയുമായിരുന്നു. മനഃപൂർവ്വം എനിക്കെതിരെ തിരിഞ്ഞ സ്പീക്കറുടെ നടപടി ചോദ്യം ചെയ്ത ചേംബറിലേയ്ക്ക് ചെന്നതിനെ സ്പീക്കർ കയ്യേറ്റമായി ചിത്രീകരിച്ചു. തല്ലാൻവരുന്നേയെന്ന് പറഞ്ഞ് സഭയിൽനിന്നിറങ്ങിയോടിയ സ്പീക്കർ പിന്നീട് സ്വന്തം ചേംബറിൽ ചെന്നിരുന്ന് ശബ്ദവോട്ടുകൊണ്ട് പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയായിരുന്നു.

ഒക്ടോബർ ആറിന് വീണ്ടും സഭ ചേർന്നപ്പോൾ ഡെപ്യൂട്ടി സ്പീക്കറായിരുന്നു അദ്ധ്യക്ഷൻ. പ്രമേയക്കമ്മറ്റി കൺവീനറായ കെ.കെ. അബു. അന്ന് നടത്തിയ പ്രഖ്യാപനത്തിൽ ഒക്ടോബർ മൂന്നിലെ പ്രമേയം പാസ്സാകാത്ത കാര്യം വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യം 1969 ഒക്ടോബർ ആറിലെ നിയമസഭാ റിപ്പോർട്ടിംഗ് നടപടിക്രമങ്ങളിൽ കാണാൻ കഴിയും.

ചില രാഷ്ട്രീയപാർട്ടികളുമായി ചേർന്ന് സ്പീക്കർ ഡി. ദാമോദരൻ പോറ്റി അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കിയതായി ബോദ്ധ്യപ്പെട്ടതിനാൽ സ്പീക്കർക്കെതിരെ പി. ഗോവിന്ദപ്പിള്ള ഒക്ടോബർ മൂന്നിന് അവിശ്വാസപ്രമേയം കൊണ്ടുവന്നിരുന്നു. പൂർവ്വ ജർമ്മനിയിലെ സന്ദർശനത്തിനുശേഷം മടങ്ങിയെത്തിയ മുഖ്യമന്ത്രി ഇ.എം.എസ്. എനിയ്ക്കെതിരെ അന്വേഷണത്തിന് ഉത്തരവിടാൻ ആദ്യം വിസമ്മതിച്ചു. തുടർന്ന് വിവിധ കക്ഷികളുമായി നടന്ന കൂടിയാലോചനകളിലാണ് ഇതുസംബന്ധിച്ച് ധാരാണയുണ്ടാകുന്നത്. എനിക്കൊപ്പം എം.എൻ. ഗോവിന്ദൻ നായർ, ടി.വി. തോമസ്, പി.



malankaralibrary.com




ആർ. കുറുപ്പ് എന്നിവരുടെ പേരിൽ ഉയർന്നുവന്ന ആരോപണങ്ങളും അന്വേഷിക്കുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ് പിന്നീടുണ്ടായത്. സ്പീക്കർക്കെതിരെയുള്ള അവിശ്വാസപ്രമേയം പിൻവലിക്കുകയും ചെയ്തു. ഇതിനാധാരമായ കൂടിയാലോചനയുടെ വിശദാംശങ്ങൾ എനിക്ക് ഇന്നും അജ്ഞാതമാണ്.

കുറുമുന്നണിയുടെ കുതന്ത്രങ്ങൾ ഒക്ടോബർ 24-ന് ഇ.എം.എസ്. മന്ത്രിസഭയുടെ രാജിയിലാണ് അവസാനിച്ചത്. സ്പീക്കർക്കെതിരെയുള്ള അവിശ്വാസം പിൻവലിച്ചതായുള്ള പ്രഖ്യാപനത്തിനുശേഷമാണ് എനിക്കെതിരെയുള്ള അന്വേഷണം ആവശ്യപ്പെടുന്ന പ്രമേയം പാസ്സായതായി സ്പീക്കർ എഴുതിച്ചേർത്തത്. മുഖ്യമന്ത്രിപദം നൽകാമെന്ന എം.എൻ. ഗോവന്ദൻനായരുടെ മോഹത്തിൽ വീണ് സഭാനടപടിച്ചട്ടം ലംഘിച്ച സ്പീക്കർ ദാമോദരൻ പോറ്റിയുടെ സ്വപ്നങ്ങളും പിന്നീട് പാതിവഴിയിലാകുകയായിരുന്നു- വെല്ലിംഗ്ടൺ വെളിപ്പെടുത്തി.

വെല്ലിംഗ്ടൺ മന്ത്രിസ്ഥാനം ഏറ്റപ്പോൾ തുടങ്ങി വെല്ലിംഗ്ടനെ തകർക്കണമെന്ന ചിന്തയോടെ ഒരു കൂട്ടം പ്രവർത്തകർ ഇറങ്ങി തിരിച്ചിരുന്നു. അതിനുള്ള ഒന്നാംതരം തെളിവാണ് നിയമസഭയിൽ മന്ത്രി വെല്ലിംഗ്ടൺ തിരുവനന്തപുരത്ത് ഒരു ബഹുനിലമാളിക പണിയിച്ചുവെന്ന ആരോപണവും ദീപികയുൾപ്പെടെയുള്ള പത്രങ്ങൾ അതിനു നൽകിയ പ്രാധാന്യവും. സത്യമെന്തെന്നറിഞ്ഞിട്ടും സത്യം വെളിച്ചത്തുകൊണ്ടുവരുവാൻ ആഗ്രഹിക്കാതെ സപ്തകക്ഷി മന്ത്രിസഭയെ തകർക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാട്ടിൽ പിന്നീട് നടന്നത്.

## കൊട്ടാരം കാണാൻ പോയി കുടിലുപോലുള്ള വീടു കണ്ടു - ജോസ് കാട്ടൂക്കാരൻ

"അഴിമതി ആരോപണവിധേയനായ മുൻമന്ത്രി ശ്രീ. ബി, വെല്ലിംഗ്ടന്റെ കൊട്ടാരം കാണാനാണ് ഞാൻ കൊല്ലത്ത് വെല്ലിംഗ്ടന്റെ വീട്ടിൽ പോയത്. ഞാനവിടെ കണ്ടത് കുടിലുപോലുള്ള ചെറിയ വീടാണ്." ഫാ. വടക്കൻ ബി. വെല്ലിംഗ്ടൺ ഫൗണ്ടേഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ടു സാഹിത്യ അക്കാദമി ഹാളിൽ ചേർന്ന യോഗത്തിൽ വച്ച് തൃശൂർ മേയർ ജോസ് കാട്ടുക്കാരൻ ആണ് ഈ പ്രസ്താവന നടത്തിയത്. എലിസബത്ത് വെല്ലിംഗ്ടന്റെ ചരമത്തിൽ അനുശോചനം അറിയാക്കാനാണ് ജോസ് കാട്ടുക്കാരൻ വെല്ലിംഗ്ടന്റെ വസതിയിൽ എത്തിയത്.





malankaralibrary.com

# 15. മുഖ്യമന്ത്രിയുടെ കത്ത്

തിരുവനന്തപുരം
20-12-69

**സി.അച്ചുതമേനോൻ**
**മുഖ്യമന്ത്രി**



പ്രിയപ്പെട്ട ഫാദർ വടക്കൻ,

ആണ്ടു തോറും നിങ്ങൾ നടത്തി വരുന്ന സമൂഹവിവാഹ സമ്മേളനത്തിനു നിങ്ങൾ സദയം അയച്ചു തന്ന ക്ഷണത്തിനു നന്ദി പറയുന്നു. ഇത്തരം സംരംഭങ്ങളോട് എനിക്കുള്ള അനുഭാവം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. എന്നാൽ എന്റെ ഇന്നത്തെ സാഹചര്യത്തിൽ തദവസരത്തിൽ അവിടെ എത്തിച്ചേരാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുന്നതിൽ വ്യസനിക്കുന്നു. അതു കൊണ്ടു ചടങ്ങിനു മംഗളമാശംസിച്ചുകൊണ്ടു തൽക്കാലം തൃപ്തിപ്പെട്ടു കൊള്ളട്ടെ.

ഈ സന്ദർഭത്തിൽ മേൽപ്പറഞ്ഞ കാര്യവുമായി ബന്ധപ്പെടാത്ത ചില രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ചു കൂടി ഞാൻ നിങ്ങളോടു ചിലതു പറയാൻ ആഗ്രഹിക്കുന്നു. എന്റെ പാർട്ടിയും നിങ്ങളുടെ ഉപദേശത്തിനനുസൃതമായി പ്രവർത്തിക്കുന്ന കർഷക തൊഴിലാളി പാർട്ടിയും തമ്മിൽ നിർഭാഗ്യവശാൽ ഉണ്ടായിതീർന്നിട്ടുള്ള അകൽച്ച അവസാനിപ്പിക്കുന്നതിനു സാദ്ധ്യമാവില്ലെ എന്നു നമ്മൾ ഇരുകൂട്ടരും ആലോചിക്കേണ്ടതുണ്ട് എന്ന് എനിക്കു തോന്നുന്നു. ഈ അകൽച്ചയ്ക്ക് ഇടയായിട്ടുള്ള കാരണം ഞങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ.വെല്ലിംഗ്ടന്റെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ചു ഞങ്ങൾ അവലംബിക്കാൻ നിർബന്ധിതമായിത്തീർന്ന നിലപാടിനെക്കുറിച്ചു നിങ്ങൾക്കു പരാതി ഉണ്ടായതു മനസ്സിലാക്കുവാൻ സാധിക്കുന്നതേയുള്ളൂ. എന്നാൽ ശ്രീ. വെല്ലിംഗ്ടൺ ഇത്രമാത്രം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാളയത്തിൽ ദൃഢമായി നിലയുറപ്പിച്ചുകൊണ്ട് അവർ ചെയ്തിരുന്ന എല്ലാ താന്തോന്നിത്തത്തിനും ഹീനകൃത്യത്തിനും അരുനിന്നുകൊണ്ട് കേവലം അവരുടെ ഒരു ദാസൻ എന്നപോലെ പെരുമാറിയതു കൊണ്ട് ഞങ്ങൾക്കു അവസാനം മറ്റൊരു പോംവഴിയുമില്ലാതെ വന്നുപോയി എന്നു ഞാൻ പറഞ്ഞാൽ നിങ്ങൾ അതു വിശ്വസിക്കുമോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ അതു സത്യമാണ്. എന്നാൽ ഈ മാർക്സിസ്റ്റ് കമ്മ്യൂ



malankaralibrary.com



ണിസ്റ്റു പാർട്ടി അവസാനം വെല്ലിംഗ്ടനോടു തന്നെ എങ്ങനെ പെരുമാറി എന്നുള്ളതു നിങ്ങൾ ആലോചിച്ചു നോക്കൂ. നമ്പൂതിരിപ്പാടു, പാസ്സാക്കിയ അന്വേഷണ ഉത്തരവിന്മേൽ രാജിവെക്കേണ്ടതായി വരികയില്ലെന്നാദ്യം അദ്ദേഹത്തെ പറഞ്ഞു വിശ്വസിപ്പിക്കുകയും, എന്നാൽ ഞങ്ങളുടെ മറ്റു നാലു പാർട്ടികളുടെ മന്ത്രിമാർ രാജിവെച്ച ഉടനെ തിരിഞ്ഞു നിന്നു ശ്രീ. വെല്ലിംഗ്ടനോടു നിർബന്ധപൂർവ്വം രാജിവയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതു നിങ്ങൾ അറിഞ്ഞു കാണുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്തരം പ്രവൃത്തികളെ ന്യായീകരിക്കേണ്ട കാര്യം നിങ്ങൾക്കു എന്താണെന്നു എനിക്കു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

അതെല്ലാം പോകട്ടെ. ഇപ്പോൾ നിങ്ങളുടെ പാർട്ടി എടുക്കുന്ന നിലപാടിനെക്കുറിച്ചു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ജനുവരി ഒന്നാം തീയതി മുതൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റും പാർട്ടി ഈ രാജ്യത്തുടനീളം അഴിച്ചുവിടുമെന്നു പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള സാമൂഹ്യദ്രോഹപ്രവർത്തനങ്ങൾക്കു നിങ്ങളുടെ പാർട്ടിയും ശ്രീ. വെല്ലിംഗ്ടനും കൂട്ടുനിൽക്കാൻ പോകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിന്റെ അർത്ഥം ആ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുമായി നിങ്ങൾ യോജിക്കുന്നുവെന്നല്ലേ? അതാണോ നിങ്ങളുടെ യഥാർത്ഥമായ നിലപാട്?

ഒരു തത്വശാസ്ത്രമെന്ന നിലയ്ക്കു കമ്മ്യൂണിസത്തോടു നിങ്ങൾക്കു എതിർപ്പുണ്ടായിരുന്നിട്ടുകൂടി മാർക്സിസ്റ്റു പാർട്ടിക്കുകൂടി പങ്കാളിത്തമുള്ളതായ ഒരു ഗവൺമെന്റിൽ പങ്കുകൊള്ളുവാൻ ശ്രീ. വെല്ലിംഗ്ടനെ നിങ്ങൾ അനുവദിച്ചത് എന്തടിസ്ഥാനത്തിലാണ്? പ്രത്യയശാസ്ത്രങ്ങൾ എന്തായിരുന്നാലും അവയ്ക്കു ഉപരിയായി മനുഷ്യസേവനമാണ് ഏറ്റവും മുഖ്യമായ കാര്യം എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ആ മനുഷ്യസേവനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു എങ്ങനെ നിർവ്വഹിക്കപ്പെട്ടു എന്നതിനെപ്പറ്റി നിങ്ങൾ സ്വയം ഒന്നു വിലയിരുത്തി നോക്കണം. അതു നിർവ്വഹിക്കപ്പെട്ടില്ല എന്നുള്ളതായിരുന്നു കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ചുള്ള ഞങ്ങളുടെ പരാതി.

നിങ്ങൾക്കു പ്രത്യേക താല്പര്യമുള്ള ഒരു വിഷയത്തിൽ കഴിഞ്ഞ ഗവൺമെന്റ് എടുത്ത നിലപാടും , ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഞങ്ങളുടെ ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുള്ള നടപടികളും ഒന്നു തട്ടിച്ചു നോക്കുവാൻ ഞാൻ നിങ്ങളോടു സവിനയം അഭ്യർത്ഥിക്കുന്നു. മലയോര കർഷകരുടെ പട്ടയപ്രശ്നം നിങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു പരിപാടിയായിരുന്നുവല്ലോ. അതു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു അശേഷം മുന്നോട്ടുപോയില്ല എന്നുള്ളത് ഞങ്ങളുടെ പാർട്ടിയുടെ ഏറ്റവും പ്രധാനമായ ഒരു വിമർശനമായിരുന്നു. ഒന്നുരണ്ടു ലക്ഷത്തോളം മലയോര കർഷകർക്കു ഉടമാവകാശം നല്കുവാൻ ഒരു മന്ത്രിസഭയ്ക്കു രണ്ടരക്കൊല്ലംകൊണ്ടു കഴിഞ്ഞില്ലെന്നു പറഞ്ഞാൽ അതിനു പറയുന്ന കാര



malankaralibrary.com

ണങ്ങൾ ഇന്നാട്ടിൽ ആരും വിശ്വസിക്കുവാൻ പോകുന്നില്ല. എന്താണ് പറഞ്ഞിരുന്ന കാരണങ്ങൾ? ഉടമാവകാശം കൊടുക്കുവാൻ സാദ്ധ്യമല്ല: താല്കാലിക ഉടമാവകാശം മാത്രമേ ഇപ്പോൾ കൊടുക്കുവാൻ പറ്റുകയുള്ളു; പിന്നീടു സർവ്വേ മുഴുവൻ പൂർത്തിയായി റിക്കാർഡും ശരിപ്പെടുത്തിയാൽ മാത്രമെ ഉടമാവകാശം കൊടുക്കാൻ പറ്റുകയുള്ളു എന്നായിരുന്നു മുൻ റവന്യൂമന്ത്രി ശ്രീമതി ഗൗരിയമ്മയുടെ നിലപാട്. ഇതു തെറ്റാണെന്നു ഞങ്ങളുടെ പാർട്ടി, വിശേഷിച്ച് ഇന്നത്തെ റവന്യൂമന്ത്രി ശ്രീ. കെ.ടി. ജേക്കബ് ഒരു നൂറുവട്ടം ശ്രീമതി ഗൗരിയോടു പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ ഒരിഞ്ചുപോലും അവരുടെ പഴയനിലപാടിൽ നിന്നു മാറിയില്ല. ഇന്ന് എന്താണ് സ്ഥിതി? ഉടമാവകാശം നൽകാൻ തടസ്സമായി നിന്നിരുന്നതു ഭൂമി പതിവുചട്ടങ്ങളിലെ 8-ാം ചട്ടം ആയിരുന്നതിനാൽ അതൊന്നു ഭേദഗതി ചെയ്യുക മാത്രമെ വേണ്ടിയിരുന്നുള്ളു. നിയമസഭയിൽ അവതരിപ്പിക്കുകപോലും ചെയ്യാതെ ഗവണ്മെന്റ് ഗസറ്റിൽ പരസ്യം ചെയ്തു നടപ്പിൽ വരുത്താവുന്ന ഒരു കാര്യമായിരുന്നു ചട്ടം ഭേദഗതി ചെയ്യൽ. ശ്രീ. ജേക്കബ്ബ് അധികാരമേറ്റെടുത്ത ശേഷം അദ്ദേഹം ഉടനടി അതു ചെയ്തു. അതിന്റെ ഫലമായി ഇന്ന് ഉടമാവകാശം കൊടുക്കുക എന്ന കാര്യം സുസാധ്യമായിതീർന്നിരിക്കുന്നു.

സർവ്വേ പ്രവൃത്തിയുടെ കാര്യം എടുക്കുകയാണെങ്കിൽ പരിപൂർണ്ണമായും ഉള്ള സർവ്വേ കഴിഞ്ഞു മാത്രമേ ഭൂമി വിതരണം സാദ്ധ്യമാകുകയുള്ളു എന്നു കരുതിയാൽ, അതിനു ചുരുങ്ങിയപക്ഷം ഒരു പന്തീരാണ്ടെങ്കിലും വേണ്ടിവരുമായിരുന്നു. ഗൗരിയമ്മ എടുത്ത നിലപാട് ഇതിലേയ്ക്കാണ് വാസ്തവത്തിൽ നയിച്ചിരുന്നത്. അതിനുപകരം പെരിഫറി സർവ്വേ കഴിച്ചു അളന്നുതിരിച്ചു കല്ലിട്ടുകൊടുത്താൽ മതി എന്ന നിലപാടാണ് ശ്രീ. ജേക്കബ് എടുത്തത്. അതനുസരിച്ചാണ് ഇന്നു പ്രവർത്തിക്കുന്നത്.

മേല്പറഞ്ഞ രണ്ടു നടപടികളുടെ മാത്രം ഫലമായി ഉടമാവകാശ ദാനവും ഭൂവിതരണവും എത്രമാത്രം ത്വരിതപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നുനിങ്ങൾ അനുമാനിച്ചാൽ മതി. അതുകൊണ്ടു 3 മാസം കൊണ്ടു ഉടമാവകാശം നൽകുന്ന പ്രവർത്തനം മുഴുവനായി അവസാനിപ്പിക്കുമെന്നും ഭൂവിതരണം കഴിഞ്ഞ ഗവണ്മെന്റിനേക്കാൾ പത്തിരട്ടി വേഗതയിൽ മുന്നോട്ടു നീക്കുമെന്നും ശ്രീ. ജേക്കബ് പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിന്റെ അവകാശവാദം വെറും വാചകമടിയോ തട്ടിപ്പോ മാത്രമല്ലെന്നു നിങ്ങൾക്കു ബോദ്ധ്യമാകേണ്ടതാണ്.

ഞാൻ ചോദിക്കട്ടെ, ഈ പ്രവർത്തനത്തെ കർഷക തൊഴിലാളി പാർട്ടിയും നിങ്ങളും എങ്ങനെ നോക്കിക്കാണുന്നു? കഴിഞ്ഞ ഗവണ്മെന്റിനു 31 മാസക്കാലംകൊണ്ടു ചെയ്തുതീർക്കാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങൾ കേവലം 3 മാസംകൊണ്ടു ചെയ്തുതീർക്കും എന്നു പറയുമ്പോൾ അതിൽ അശേഷം അതിശയോക്തി ഇല്ലെന്നു നിങ്ങൾ മനസ്സിലാക്കണം.



malankaralibrary.com



ഇത്തരം പ്രവർത്തനങ്ങളിൽ ഗവണ്മെന്റുമായി സഹകരിക്കുന്നതിന് നിങ്ങളുടെ പാർട്ടിക്ക് ഒരു വിരോധവും ഉണ്ടാകേണ്ടതില്ല. അതേ സമയം വേണമെങ്കിൽ ഈ ഗവണ്മെന്റിനെ ഒരു പ്രതിപക്ഷ പാർട്ടി എന്ന നിലയ്ക്കു അസംബ്ലിക്കകത്ത് ഇരുന്നുകൊണ്ട് വിമർശിക്കുന്നതിനും എതിർക്കുന്നതിനും വിരോധമില്ല. ഞാൻ അഭ്യർത്ഥിക്കുന്നതു ഞങ്ങളുടെ പാളയത്തിലേക്കു വരാനോ ഞങ്ങളുടെ ഗവണ്മെണ്ടിനെ പിന്താങ്ങുവാനോ പോലുമല്ല. അന്തസ്സുള്ള ഒരു പ്രതിപക്ഷ പാർട്ടിക്കു ചേർന്നവിധം ഒരു ക്രിയാത്മകസഹകരണമനോഭാവം പ്രദർശിപ്പിക്കണമെന്നു മാത്രമാണ്. ഞങ്ങൾ തെറ്റു ചെയ്യുമ്പോൾ വിമർശിച്ചുകൊള്ളുക. നിർദ്ദാക്ഷിണ്യം വിമർശിച്ചുകൊള്ളുക. എന്നാൽ നല്ലതു ചെയ്യുമ്പോൾ, സഹകരിക്കുന്നതിനു എന്താണ് വിരോധം.? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നു വ്യത്യസ്തമായ ഇങ്ങനെ ഒരു നിലപാടു സ്വീകരിക്കുന്നതല്ലേ നിങ്ങളുടെ പാർട്ടിയുടെ സ്വാതന്ത്ര്യവും അന്തസ്സത്തയും നിലനിർത്തുന്നതിനു സഹായിക്കുക എന്നു അവധാനപൂർവ്വം ആലോചിക്കണമെന്നഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ വിശ്വസ്തതൻ

(ഒപ്പ്)

സി. അച്ചുതമേനോൻ

## ചേർപ്പുകാർ വെല്ലിംഗ്ടണെ എന്നും ഓർമ്മിക്കും

ബി. വെല്ലിംഗ്ടൺ ആരോഗ്യമന്ത്രിയായിരുന്ന കാലത്താണ് ചേർപ്പുകാരുടെ ചിരകാലാഭിലാഷമായിരുന്ന വാട്ടർ സപ്ലൈ സ്കീമും ചേർപ്പ് സർക്കാർ ആശുപത്രി വികസനവും നടപ്പിലാക്കാൻ ഉത്തരവിട്ടത്. ഇതു നടപ്പിലാക്കാൻ സർവ്വകക്ഷിയോഗം ചേരുകയും ഒരു വികസന സമതി രൂപീകരിക്കുകയും ചെയ്തു. ആശുപത്രി വികസനത്തിന് ബ്രഹ്മശ്രീ ചിറ്റൂർമനയ്ക്കൽ കുഞ്ഞൻ നമ്പൂതിരപ്പാട് ആണ് ആശുപത്രി വികസനത്തിനായി സ്ഥലവും കെട്ടിവയ്ക്കേണ്ട 50,000/- രൂപയും നൽകിയത്. ആശുപത്രി ഉദ്ഘാടന ചടങ്ങിൽ കുഞ്ഞൻ നമ്പൂതിരിപ്പാട് പറഞ്ഞു." വെള്ളത്തിന്റെയും ആശുപത്രിയുടെയും കാര്യത്തിൽ ചേർപ്പുകാർ ശ്രീ വെല്ലിംഗ്ടനെ മറക്കുകയില്ല."



**ബ്രഹ്മശ്രീ ചിറ്റൂർമനയ്ക്കൽ**
**കുഞ്ഞൻ നമ്പൂതിരിപ്പാട്**



malankaralibrary.com

# 16. ഫാ. വടക്കന്റെ മറുപടി

കുരിയച്ചിറ, തൃശൂർ - 6
14.04.1970

പ്രിയ മി. അച്ചുതമേനോൻ,



കുരിയച്ചിറയിലെ സമൂഹവിവാഹത്തിനു മംഗളങ്ങളാശംസിച്ചുകൊണ്ട് അയച്ചിരുന്ന കത്തിൽ ചില രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ച് കൂടി പ്രസ്താവിച്ചിരുന്നല്ലോ. സമൂഹവിവാഹം സംബന്ധിച്ച തിരക്കുകളാലും അതു കഴിഞ്ഞയുടനെ ചില സെമിനാറുകളിൽ സംബന്ധിക്കുന്നതിന് എനിക്ക് ബാംഗ്ലൂർക്കും ന്യൂഡൽഹിക്കും പോകേണ്ടിവന്നതിനാലും അതിനു ഉടനടി മറുപടി അയക്കുന്നതിനു സാധിച്ചില്ല. എഴുത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ സ്വഭാവത്തിൽനിന്ന്, നിങ്ങളുടെ ഭരണം ഏതാനും മാസം വീക്ഷിച്ചിട്ടു മറുപടി എഴുതുകയായിരിക്കും ഉചിതമെന്നു തോന്നി. നിങ്ങൾ ഭരണമേറ്റെടുത്തിട്ട് ഇതാ 6 മാസം തികയാൻ പോകുന്നു. ഇനി മറുപടി നീട്ടിക്കൊണ്ടു പോകുന്നതു ശരിയല്ലെന്നു തോന്നുന്നു. നിങ്ങളുടെ കത്തിനുമറുപടി അയക്കുവാൻ ഇത്ര വൈകിയതിന്റെ കാരണം മുകളിൽ സൂചിപ്പിച്ചതു മാത്രമാണെന്നു പറഞ്ഞുകൊള്ളട്ടെ.

നിങ്ങളുടെ പാർട്ടിയും കർഷകതൊഴിലാളി പാർട്ടിയും തമ്മിലുണ്ടായിട്ടുള്ള അകൽച്ച അവസാനിപ്പിക്കുന്നതിന് സാദ്ധ്യമല്ലേയെന്നു ചോദിച്ചുകൊണ്ട് ആ അകൽച്ചക്കു കാരണം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതല്ലായെന്നു സമർത്ഥിക്കുകയാണല്ലോ നിങ്ങൾ ചെയ്തിരിക്കുന്നത്. എന്നു പറഞ്ഞാൽ ആ കാരണം കർഷകതൊഴിലാളി പാർട്ടിയുടെ ഭാഗത്തുനിന്നുള്ളതാണെന്നാണല്ലോ ധ്വനി. കർഷകതൊഴിലാളി പാർട്ടിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ആ കാരണം ഏന്തെന്നു നിങ്ങൾ വ്യക്തമാക്കുന്നില്ല. നിങ്ങളുടെ നേതൃത്വതത്തിലുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയും കർഷകതൊഴിലാളി പാർട്ടിയും, മറ്റു ചില പാർട്ടികളോടു യോജിച്ച്, ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ, ഐക്യമുന്നണിയുടെ തീരുമാനങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുകയോ, പ്രതിപക്ഷങ്ങളുമായി രഹസ്യബന്ധം പുലർത്തുകയോ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇല്ലെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇതേവരെ ആരും അങ്ങനെയൊരു ആരോപണം ഉന്നയിച്ചിട്ടില്ല. ഐക്യമുന്നണിയെ തകർക്കുന്നതിനു ശ്രമിച്ചവരല്ലേ അകൽച്ചക്കു കാരണമുണ്ടാക്കിയത്.?



malankaralibrary.com

നിങ്ങളുടെ പാർട്ടിയല്ലാ അകൽച്ചക്കു കാരണമുണ്ടാക്കിയതെന്നു പറയുന്ന നിങ്ങൾതന്നെ അടുത്ത വാചകത്തിൽ, ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ നിങ്ങളുടെ പാർട്ടി ഉന്നയിച്ച ആരോപണങ്ങളെപ്പറ്റി പരാമർശിക്കുന്നു. ശ്രീ. വെല്ലിംഗ്ടൺ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പാളയത്തിൽ ദൃഢമായി നിലയുറപ്പിച്ചുകൊണ്ട് അവരുടെ ഒരു ദാസൻ എന്നതുപോലെ പെരുമാറിയതിനാൽ, മറ്റൊരു പോംവഴിയുമില്ലാതെ, നിങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ആരോപണമുന്നയിക്കുകയായിരുന്നുവെന്നാണല്ലോ പറയുന്നത്. എന്നു പറഞ്ഞാൽ ശ്രീ. വെല്ലിംഗ്ടൺ യഥാർത്ഥത്തിൽ അഴിമതി കാണിച്ചിട്ടില്ലെന്നും മാർക്സിസ്റ്റു പാളയത്തിൽ നിന്ന് അദ്ദേഹത്തെ മാറ്റുവാൻ മറ്റൊരു പോംവഴിയും കാണാത്തതുകൊണ്ട്, ഒരു പ്രതികാര നടപടിയെന്ന നിലയിൽ ആരോപണമുന്നയിക്കുകയായിരുന്നുവെന്നുമാണല്ലോ മനസ്സിലാക്കേണ്ടത്. ഒരു വ്യക്തിയുടെ രാഷ്ട്രീയബന്ധം മാറ്റുന്നതിനുവേണ്ടി നീചമായ വിധം അദ്ദേഹത്തിന്റെ സ്വഭാവഹത്യ നടത്തുവാൻ നിങ്ങളുടെ പാർട്ടി അരുനിന്നുവെന്നല്ലേ ഇതിന്റെ അർത്ഥം. ഇത്ര ഹീനമായ ഒരു നിലയിലേയ്ക്ക് നിങ്ങളുടെ നേതൃത്വത്തിലുള്ള പാർട്ടി അധഃപതിച്ചതിൽ, നിങ്ങളെപ്പോലെ സംസ്കാരസമ്പന്നനായ ഒരു രാഷ്ട്രീയപ്രവർത്തകനു കുണ്ഠിതം തോന്നാത്തതാണ് അത്ഭുതകരമായിരിക്കുന്നത്.

എന്നാൽ ശ്രീ. വെല്ലിംഗ്ടൺ മാർക്സിസ്റ്റു പാർട്ടിയുടെ പാളയത്തിൽ നിലയുറപ്പിച്ചതുകൊണ്ടാണ് നിങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ആരോപണങ്ങൾ കൊണ്ടുവന്നതെന്നു വിശ്വസിക്കുക വിഷമമായിരിക്കുന്നു. കാരണം വെല്ലിംഗ്ടനോടൊപ്പം മാർക്സിസ്റ്റുപാർട്ടി മന്ത്രിയായിരുന്ന ശ്രീ. കൃഷ്ണന്റെ പേരിലും നിങ്ങൾ ആരോപണങ്ങൾ ഉന്നയിച്ചിരുന്നല്ലോ. ഒടുവിൽ ശ്രീ. കൃഷ്ണന്റെ പേരിലുള്ള ആരോപണം നിങ്ങൾ പിൻവലിച്ചതു കൃഷ്ണൻ മാർക്സിസ്റ്റു പാളയത്തിൽനിന്നു പിൻമാറിയതുകൊണ്ടാണോ? ഐക്യമുന്നണിയിലെ ഏതെങ്കിലും ഘടകപാർട്ടികളോടു കർഷകതൊഴിലാളി പാർട്ടിക്കു പ്രത്യേകമായ യാതൊരു കടപ്പാടും ഉണ്ടായിരുന്നില്ലല്ലോ. ആ സ്ഥിതിക്കു ആ പാർട്ടിയുടെ രാഷ്ട്രീയനയം രൂപവൽക്കരിക്കുവാൻ അതിനെ സ്വതന്ത്രമായി വിടുകയല്ലയോ വേണ്ടിയിരുന്നത്? മാർക്സിസ്റ്റു പാളയത്തിൽ നില ഉറപ്പിക്കാൻ കെ.ടി.പി. തീരുമാനിച്ചാൽ തന്നെ (അങ്ങനെ ഉണ്ടായിട്ടില്ല) ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി എന്തിനുക്ഷോഭിക്കണം.? ചുരുക്കത്തിൽ ശ്രീ. വെല്ലിംഗ്ടന്റെ നിലപാടാണ് ആരോപണമുന്നയിക്കുവാൻ പ്രേരകമെന്നു വിശ്വസിക്കുക വിഷമം. വാസ്തവത്തിൽ, ഐക്യമുന്നണിയെ തകർത്ത് സ്ഥാപിതതാല്പര്യക്കാരോടു കൂട്ടുചേർന്ന് ഒരു പുതിയ മന്ത്രിസഭ ഉണ്ടാക്കാനുള്ള നിങ്ങളുടെ പാർട്ടിയുടെ ഗൂഢാലോചനയ്ക്കു കെ.ടി.പി.യെ കൂട്ടിനു കിട്ടിയില്ലായെന്നതല്ലേ ശ്രീ. വെല്ലിംഗ്ടന്റെ സ്വഭാവഹത്യയ്ക്കു നിങ്ങളെ പ്രേരിപ്പിച്ച യഥാർത്ഥ കാരണം!



malankaralibrary.com

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ശ്രീ. വെല്ലിംഗ്ടനോടു പെരുമാറിയതായി നിങ്ങൾ വരച്ചു കാണിക്കുന്ന ചിത്രം യഥാർത്ഥമല്ലെന്നു പറഞ്ഞുകൊള്ളട്ടെ. അന്വേഷണ ഉത്തരവിന്മേൽ രാജിവെക്കേണ്ടി വരില്ലെന്നു നമ്പൂതിരിപ്പാടു പറഞ്ഞു വിശ്വസിപ്പിച്ചുവെന്നും പിന്നീട് നിർബ്ബപൂർവ്വം രാജിവെയ്ക്കുവാൻ ആവശ്യപ്പെട്ടുവെന്നും നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ അതു തെറ്റാണ്. ശ്രീ. വെല്ലിംഗ്ടന്റെമേൽ അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപു ശ്രീ. നമ്പൂതിരിപ്പാട് കർഷതൊഴിലാളി പാർട്ടി നേതാക്കളുമായി അതേപ്പറ്റി ആലോചിച്ചുവെന്നും, അതിന്റെ ഭവിഷ്യത്തുക്കളെപ്പറ്റി ചർച്ച നടത്തിയെന്നും, അതിന്റെ അടിസ്ഥാനത്തിൽ മറ്റു പാർട്ടികളിലെ മന്ത്രിമാർ രാജിവെച്ചാൽ ഉടൻ രാജി സമർപ്പിച്ചുകൊള്ളാമെന്നു ശ്രീ. വെല്ലിംഗ്ടന്റെ പാർട്ടി അദ്ദേഹത്തിനു നിർദ്ദേശം നൽകിയിരുന്നുവെന്നുള്ള യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ, നിർബന്ധിച്ചു രാജിവെപ്പിച്ചുവെന്നുള്ള നിങ്ങളുടെ വിശ്വാസം കേവലം ഭാവന മാത്രമാണെന്നു വ്യക്തമാണല്ലോ. വെല്ലിംഗ്ടൺ പ്രശ്നത്തിൽ പരമാവധി ഉത്തമവിശ്വാസത്തോടെയാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും, അക്കാര്യത്തിൽ കെ.ടി.പി.ക്കു അവരോടു അല്പംപോലും പരാതി ഇല്ലെന്നും നിങ്ങൾ വിശ്വസിക്കുണമെന്നു ഞാൻ താല്പര്യപ്പെടുന്നു. തന്മൂലം അവരുടെ പ്രവൃത്തികളെ ന്യായീകരിക്കേണ്ട പ്രശ്നമേ ഉദിക്കുന്നില്ല.

കർഷകതൊഴിലാളി പാർട്ടിയുടെ ഇപ്പോഴത്തെ നിലപാടിനെക്കുറിച്ചാണല്ലോ നിങ്ങളുടെ അടുത്ത പരാമർശം. മാർക്സിസ്റ്റു പാർട്ടി ജനുവരി ഒന്നിനുശേഷം ഈ രാജ്യത്തുടനീളം അഴിച്ചുവിടുമെന്നു പ്രഖ്യാപിച്ച "സാമൂഹ്യദ്രോഹപ്രവർത്തന"ങ്ങൾക്കു കെ.ടി.പി. കൂട്ടുനില്ക്കുന്നുവെന്നും, അതിന്റെ അർത്ഥം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുമായി കെ.ടി.പി. യോജിക്കുന്നുവെന്നല്ലേയെന്നും നിങ്ങൾ ചോദിക്കുന്നു. ഒന്നാമത് മാർക്സിസ്റ്റു പാർട്ടി എന്തെങ്കിലും "സാമൂഹ്യദ്രോഹപ്രവർത്തന"ങ്ങളിൽ ഏർപ്പെടുവാൻ പോകുന്നുവെന്നു പ്രഖ്യാപിച്ചതായി ഞങ്ങൾക്കറിവില്ല. അവരുടെ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു കെ.ടി.പി.യോ ശ്രീ. വെല്ലിംഗ്ടനോ കൂട്ടുനിൽക്കുമെന്നു പറഞ്ഞിട്ടുമില്ല.

70 ജനുവരി ഒന്നിനുശേഷം കുടികിടപ്പുകാരൻ, ഭൂപരിഷ്കരണനിയമം അവനു അനുവദിച്ചിട്ടുള്ള പത്തുസെന്റു സ്ഥലം വളച്ചുകെട്ടിയെടുക്കുമെന്നു മാർക്സിസ്റ്റു പാർട്ടി ആഹ്വാനം നൽകിയിരുന്നു. ഇതാണോ നിങ്ങൾ ഉദ്ദേശിക്കുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനം? അങ്ങനെയെങ്കിൽ, അക്കാര്യത്തിനു ആദ്യം ആഹ്വാനം നൽകിയതു ഞാനാണെന്ന് സവിനയം അറിയിച്ചുകൊള്ളട്ടെ. നിങ്ങൾ നേതൃത്വം വഹിക്കുന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വം ഗവൺമെണ്ടിന്റെയും ഭൂസ്വാമികളുടെയും കൈവശമിരിക്കുന്ന ലക്ഷക്കണക്കിനു ഹെക്ടർ തരിശുനിലങ്ങൾ ബലമായി പിടിച്ചെടുത്തു ഭൂമിയില്ലാത്ത കർഷകർക്കും കർഷകതൊഴിലാളികൾക്കും വിത



malankaralibrary.com



രണം ചെയ്യുമെന്നു പ്രഖ്യാപിച്ചിട്ടില്ലേ? ഈ അടുത്ത അവസരത്തിൽ കൽക്കട്ടായിക്കു സമീപം സമ്മേളിച്ച അഖിലേന്ത്യാ കിസാൻസഭയുടെ തീരുമാനവും മറിച്ചല്ലല്ലോ. ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഈ ആഹ്വാനം സാമൂഹ്യവിരുദ്ധമാകുകയില്ലേ? കേരളത്തിനുപുറത്തു ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ബലമായി ഭൂമി പിടിച്ചെടുത്തു വിതരണം ചെയ്താൽ അതു സാമൂഹ്യവിരുദ്ധമാകുകയില്ലെന്നും, കേരളത്തിൽ നിയമം അനുവദിക്കുന്ന പത്തു സെന്റു സ്ഥലം കുടികിടപ്പുകാരൻ വളച്ചുകെട്ടിയെടുത്താൽ അതു സാമൂഹ്യവിരുദ്ധപ്രവർത്തനമാകുമെന്നും വിശ്വസിക്കുന്നതിന് നിങ്ങളുടെ വാക്കുമാത്രം പോരല്ലോ.

ഒരു തത്വശാസ്ത്രമെന്ന നിലയ്ക്കു കമ്മ്യൂണിസത്തോടു എതിർപ്പുണ്ടായിരുന്നിട്ടുകൂടി, മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ളതും, മാർക്സിസത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന താങ്കളുടെ പാർട്ടിക്കു കൂടി പങ്കാളിത്തമുള്ളതുമായ ഒരു ഗവൺമെന്റിൽ പങ്കുകൊള്ളുവാൻ ശ്രീ. വെല്ലിംഗ്ടനെ അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്നു നിങ്ങൾ ചോദിക്കുന്നു. അതേ ശ്വാസത്തിൽതന്നെ മാർക്സിസത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന താങ്കളുടെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ ഭരണത്തിൽ പങ്കുചേരുവാൻ കെ.ടി.പി.യെ താങ്കൾ ക്ഷണിക്കുകയും ചെയ്യുന്നു. ആ ഗവൺമെന്റിന്റെ ജോലി തത്വശാസ്ത്രപ്രചരണമല്ലെന്നുള്ള ബോദ്ധ്യംകൊണ്ടാണ് അന്നു അങ്ങനെ ചെയ്തത്. പ്രത്യയശാസ്ത്രങ്ങളെന്തുതന്നെയായാലും കൂട്ടായ പ്രവർത്തനംകൊണ്ട് കൂടുതൽ മെച്ചമായ മനുഷ്യസേവനം നിർവഹിക്കാമെന്നുള്ള ബോദ്ധ്യമായിരുന്നു ഞങ്ങളുടെ നയത്തിന്നാധാരം. ഐക്യമുന്നണി ഗവൺമെന്റുണ്ടാകുന്നതിന് എത്രയോ മുൻപു ഞങ്ങൾ ഈ തത്വം ആവിഷ്കരിക്കുകയും, മലയോര കർഷകരുടെയും മലബാറിലെ കുടിയേറ്റക്കാരുടെയും കാര്യത്തിൽ അതു വിജയകരമായി പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ പാർട്ടിക്കാരനായ റവന്യൂമന്ത്രി ശ്രീ. കെ.ടി. ജേക്കബുപോലും അന്നു ഞങ്ങളുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നു. അന്നെങ്ങും പ്രത്യയശാസ്ത്രപരമായ വൈരുദ്ധ്യത്തപ്പറ്റി നിങ്ങൾ ചിന്തിക്കാതിരുന്നതെന്തുകൊണ്ടാണ്? ഞങ്ങളെപ്പോലെതന്നെ പ്രത്യയശാസ്ത്പരമായ എതിർപ്പുള്ള കേരളകോൺഗ്രസ്സുകാരെ മാർക്സിസത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന നിങ്ങൾ ക്ഷണിച്ചുവരുത്തി മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്തുകൊണ്ടാണ്?

കഴിഞ്ഞ ഗവണ്മന്റിന്റെ കാലത്തു മനുഷ്യസേവനം ശരിക്കു നിർവഹിക്കപ്പെട്ടിട്ടില്ലായെന്നതാണ് ആ ഗവണ്മെന്റിനെപ്പറ്റി നിങ്ങൾക്കുള്ള പരാതിയെന്നു നിങ്ങൾ പറയുന്നു. ആ ഗവണ്മെന്റിനെപ്പറ്റി ഞങ്ങൾക്കുള്ള പരാതി അതു തന്നെയാണ്. കോർഡിനേഷൻ കമ്മിറ്റിയിലും മറ്റും ഈ പരാതി ഞങ്ങൾ ഉന്നയിച്ചിരുന്നതുമാണ്. പക്ഷേ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത്



malankaralibrary.com

മനുഷ്യസേവനം ശരിക്ക് നിർവഹിക്കപ്പെടാത്തതിന് ഉത്തരവാദി മാർക്സിസ്റ്റ് പാർട്ടി മാത്രമാണോ? ഐക്യമുന്നണിയിലെ ഇതരപാർട്ടികൾക്കൊപ്പം നിങ്ങളുടെ പാർട്ടിക്കും അതിൽ ഉത്തരവാദിത്വമില്ലേ? കോർഡിനേഷൻ കമ്മറ്റിയിലും മന്ത്രിസഭയിലും നിങ്ങളുടെ പാർട്ടി അവലംബിച്ച യാഥാസ്ഥിക മനോഭാവമല്ലെ പലകാര്യങ്ങളും യഥാവസരം ചെയ്യപ്പെടാതിരിക്കുവാനുള്ള കാരണം? ഒരുദാഹരണം പറഞ്ഞാൽ, മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടു കുടിയേറ്റക്കാർക്കു ദോഷകരമായവിധം ഭേദപ്പെടുത്തി പാസ്സാക്കുവാൻ കാരണം ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലേ? ഒരു കോർഡിനേഷൻ കമ്മറ്റി യോഗത്തിൽവച്ച് ശ്രീ. ടി.വി. തോമസുതന്നെ അതു സമ്മതിക്കാൻ നിർബ്ബന്ധിതനായതാണല്ലൊ. പ്രധാനമായും മുസ്ലീംലീഗിന്റെ എതിർപ്പുകൊണ്ടല്ലേ സ്വകാര്യവനദേശസാൽക്കാരണ ബിൽ ഇനിയും നിയമമാകാത്തത്.?

നിങ്ങൾ ചൂണ്ടിക്കാണിക്കുന്നതുപോലെ മലയോര കർഷകരുടെ പട്ടയ പ്രശ്നം ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു പരിപാടിയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അതു വേണ്ടത്ര ത്വരിതഗതിയിൽ മുന്നോട്ടു പോയില്ലായെന്നതും ശരിയാണ്. മലയോരകർഷകർക്കു പട്ടയം കൊടുക്കുവാൻ ഒരു മന്ത്രിസഭക്കു രണ്ടരക്കൊല്ലം കൊണ്ട് കഴിഞ്ഞില്ലായെന്നു പറയേണ്ടിവരുന്നതിൽ ഞങ്ങൾക്കും കുണ്ഠിതമുണ്ട്. കഴിഞ്ഞ മന്ത്രിസഭയെപ്പറ്റി ഞങ്ങൾക്കുള്ള ഏറ്റവും വലിയ പരാതികളിൽ ഒന്ന് അതാണുതാനും. മലയോര കർഷകർക്ക് പട്ടയം കിട്ടണമെന്നല്ലാതെ, അത് ആരു കൊടുക്കുന്നുവെന്നതു ഞങ്ങൾക്ക് ഒരു പ്രശ്നമല്ല. ഇപ്പോഴത്തെ ഗവണ്മെന്റ് അതു ചെയ്യുന്നുവെങ്കിൽ, ആ നല്ല കാര്യത്തിൽ ആ ഗവണ്മെന്റിനെ അഭിനന്ദിക്കുവാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളുടെ മന്ത്രിസഭയ്ക്ക് അതു സാധിച്ചിട്ടുണ്ടോയെന്നതാണ് യഥാർത്ഥത്തിൽ അറിയേണ്ടത്.

ഭൂപതിവു ചട്ടങ്ങളിലെ ഭേദഗതിമൂലം ഉടമാവകാശം കൊടുക്കുകയെന്നകാര്യം സുസാധമായിതീർന്നിരിക്കുന്നുവെന്നു നിങ്ങൾതന്നെ സമ്മതിക്കുന്നുണ്ടല്ലോ. 'മൂന്നുമാസം കൊണ്ട് ഉടമാവകാശം നൽകുന്ന പ്രവർത്തനം മുഴുവനായി അവസാനിക്കുമെന്നും, ഭൂവിതരണം കഴിഞ്ഞ ഗവണ്മെന്റിനേക്കാൾ പത്തിരട്ടി വേഗതയിൽ മുന്നോട്ടു നീക്കുമെന്നും' ശ്രീ. ജേക്കബ് പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിന്റെ അവകാശവാദം വെറും വാചകമടിയോ തട്ടിപ്പോ മാത്രമല്ലെന്നു ബോദ്ധ്യമാകേണ്ടതാണ് എന്നു നിങ്ങൾ പറയുന്നു. നിങ്ങൾ ഭരണമേറ്റിട്ട് ഇതാ ആറുമാസം തികയാൻ പോകുന്നു. ഹൈറേഞ്ചിൽ, മലബാറിൽ, എത്രപേർക്കു നിങ്ങൾ ഇതിനകം സ്ഥിരം പട്ടയം നൽകി?പുറമ്പോക്കുഭൂമികളിൽ താമസിച്ചിരുന്നവർക്കും, ജന്മിമാർ, സൗമനസ്യപൂർവ്വം പത്തു സെന്റ് സ്ഥലം നൽകിയ കുടികിടപ്പുകാർക്കും, പട്ടയം കൊടുക്കുന്നതിന് അപ്പുറത്ത് മലയോരങ്ങളിലെ കുടിയേറ്റക്കാരിൽ എത്രപേർക്ക് സ്ഥിരം പട്ടയം കൊടുക്കുവാൻ കഴിഞ്ഞു. വില്ലേജ് തിരിച്ച് ആ കണ



malankaralibrary.com



ക്കൊന്നു പ്രസിദ്ധപ്പെടുത്താമോ? വാസ്തവത്തിൽ റവന്യൂ മന്ത്രിയുടെ അവകാശവാദം വെറും വാചകമടിമാത്രമായിരുന്നെന്നാണ് ആറുമാസത്തെ അനുഭവം തെളിയിക്കുന്നത്. ഇക്കാര്യത്തിൽ കഴിഞ്ഞ മന്ത്രിസഭയേക്കാൾ മെച്ചമായ നേട്ടമൊന്നും നിങ്ങൾക്കുണ്ടായിട്ടില്ലായെന്നതാണ് വസ്തുത.

കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് തീരുമാനിക്കപ്പെട്ടതാണല്ലോ ചുരുളി- കീരിത്തോട്ടിൽ നിന്നു കുടിയിറക്കിയവരെ അവിടെത്തന്നെ പുനരധിവസിപ്പിക്കുമെന്നുള്ളത്. ആ മന്ത്രിസഭയുടെ കാലത്തുതന്നെ ആ പ്രദേശത്തെ മരങ്ങൾ വെട്ടിമാറ്റി സ്ഥലം റവന്യൂവകുപ്പിനെ ഏല്പിക്കുകയും ചെയ്തിരുന്നു. ഒരൊറ്റ ദിവസംകൊണ്ട് സാധിക്കാമായിരുന്ന ആ പുനരധിവാസം ആറുമാസമായിട്ടും നിങ്ങൾക്കു സാധിച്ചില്ലല്ലോ. ഇടുക്കി ആസ്ഥാനമാക്കി ഒരു മലനാടു ജില്ല രൂപവത്കരിക്കുന്നതിന്, അതിലേക്കു നിയുക്തമായിരുന്ന കമ്മീഷൻ, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തുതന്നെ റിപ്പോർട്ടു സമർപ്പിച്ചിരുന്നതാണ്. ആറുമാസം അധികാരത്തിലിരുന്നിട്ടും അതേപ്പറ്റി ഒരുത്തരവു പുറപ്പെടുവിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ലല്ലോ. റിസർവു ഫോറസ്റ്റിൽ കൃഷിക്കും കുടിപാർപ്പിനും വിട്ടുകൊടുക്കാവുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി ചൂണ്ടിക്കാണിച്ചുകൊണ്ട്, ഗവണ്മെന്റുതന്നെ നിയോഗിച്ചിരുന്ന ഒരു കമ്മീഷൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും ഈ ഗവണ്മെന്റിന്റെ മുൻപാകെയുണ്ടല്ലോ. മനുഷ്യസേവനവ്യഗ്രരായ നിങ്ങൾ ആറുമാസം ഭരിച്ചിട്ടും ആ റിപ്പോർട്ടിനെപ്പറ്റി ഒരുത്തരവുപാസാക്കുവാൻ തരപ്പെട്ടില്ലല്ലോ. കഴിഞ്ഞ ഗവണ്മെന്റുമായി താരതമ്യപ്പെടുത്തുമ്പോൾ "വാവിൽകഷ്ടം പതിന്നായങ്ക്" എന്നുമാത്രമേ നിങ്ങളെപ്പറ്റി പറയുവാൻ കാണുന്നുള്ളു. 'കഴിഞ്ഞ ഗവണ്മെന്റിനു 31 മാസക്കാലം കൊണ്ടു ചെയ്തുതീർക്കുവാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങൾ കേവലം 3 മാസം കൊണ്ട് ചെയ്തുതീർക്കും, എന്നുള്ള നിങ്ങളുടെ വാദം കേവലം ഒരു അതിശയോക്തിയായി ചരിത്രത്തിൽ അവശേഷിച്ചിരിക്കുന്നു.

ഈ ഗവണ്മന്റിന്റെ മനുഷ്യസേവനപരമായ പ്രവർത്തനങ്ങളിൽ നിങ്ങളുമായി സഹകരിക്കുന്നതിനു കെ.ടി.പി.ക്കു യാതൊരു വിരോധവുമില്ല. അന്തസ്സുള്ള ഒരു പ്രതിപക്ഷ പാർട്ടിക്കു ചേർന്നവിധം ക്രിയാത്മക സഹകരണം പ്രദർശിപ്പിക്കുന്നതിലും ഞങ്ങൾ എതിരല്ല. പക്ഷെ ഒന്നു ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ അധികാരമേറ്റെടുത്ത ശേഷം കെ.ടി.പി.യോട് ഇതേവരെ അനുവർത്തിച്ച നയം അത്തരമൊരു സഹകരണം അർഹിക്കുന്ന തരത്തിലുള്ളതായിരുന്നോ? രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി അനേകം അനുദ്യോഗസ്ഥകമ്മിറ്റികളെ നിങ്ങൾ സംഘടിപ്പിച്ചല്ലോ! അതിൽ ഒന്നിലെങ്കിലും കെ.ടി.പി.ക്കു പ്രാതിനിധ്യം നൽകിയോ? നിങ്ങൾതന്നെ സമ്മതിക്കുന്നതുപോലെ, ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഭൂവിതരണ കാര്യത്തിന് സംഘടിപ്പിക്കപ്പെട്ട കമ്മിറ്റികളിലെങ്കിലും കെ.ടി.പി.യുടെ പ്രതിനിധികളെ ഉൾപ്പെടുത്തുവാനുള്ള സൗമനസ്യം



malankaralibrary.com

നിങ്ങൾക്കുണ്ടായില്ലല്ലോ. ഗവണ്മെന്റിനോട് ഞങ്ങൾ സഹകരിക്കായ്കയാണോ, ഗവണ്മെന്റു ഞങ്ങളെ മനഃപൂർവ്വം അകറ്റി നിർത്തുകയായിരുന്നോ എന്നു നിങ്ങൾ തന്നെ ഒന്ന് ആലോചിച്ചു നോക്കുന്നതു നന്നായിരിക്കും.

നിങ്ങളുടെ പാർട്ടിയുമായി സഹകരിക്കുന്നതിന് കെ.ടി.പി.ക്കു പ്രതിബന്ധമായിരിക്കുന്നതു നിങ്ങളുടെ ഈ അവഗണനയല്ലെന്നു ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. നിങ്ങളുടെ ഭരണനയം തന്നെയാണ് അതിനു പ്രതിബന്ധമായിരിക്കുന്നത്. നിങ്ങൾ അധികാരമേറ്റെടുത്തതുതന്നെ സി.ആർ.പി.യെ പ്രധാനനഗരങ്ങളിൽ പരേഡു നടത്തിച്ചുകൊണ്ടല്ലേ? ഒരു പോലീസ് ഭരണമാണ് നിങ്ങൾ നടത്തുവാൻ പോകുന്നതെന്നു അതുമൂലം നിങ്ങൾ വ്യകതമാക്കി. നിങ്ങളുടെ കഴിഞ്ഞ 6 മാസത്തെ ഭരണം അതിനെ സാധൂകരിക്കുകയും ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നത്തേതുപോലെ ഇത്രയധികം ഭീകരമായ പോലീസു മർദ്ദനം നടന്നിട്ടുള്ള ഒരു ഭരണം വേറെ കേരളത്തിലുണ്ടായിട്ടില്ലല്ലോ. സർ സി.പി.യുടെ കിരാതഭരണത്തേയും നാണിപ്പിക്കുന്ന തരത്തിലുള്ള പോലീസുമർദ്ദനമാണു നിങ്ങൾ നാട്ടിലുടനീളം അഴിച്ചുവിട്ടത്. മാർക്സിസ്റ്റു പാർട്ടി നിങ്ങളുടെ ഭരണത്തെ എതിർക്കുന്നുവെന്ന കാരണത്തിന് എത്ര മ്ലേച്ഛമായ പോലീസ് ഗുണ്ടയിസമാണ് നിങ്ങൾ നാട്ടിലെങ്ങും കയറൂരി വിട്ടത്.

നിങ്ങളുടെ സഹപ്രവർത്തകനും നിങ്ങൾ ഒളിവിലായിരുന്ന കാലത്ത് നിങ്ങളുടെ ഉപകർത്താവുമായിരുന്ന ശ്രീ നമ്പീശൻ എം.എൽ.എക്കു തൃശൂർ അനുഭവപ്പെട്ട തിക്താനുഭവങ്ങൾ ഞാൻ ഓർമ്മിപ്പിക്കേണ്ടല്ലോ. ഒരു എം. എൽ.എ.യെ നിങ്ങളുടെ പോലീസ് ഊടുപാടു ചതച്ചിട്ടും, അതേപ്പറ്റി ഒരു സഹതാപം പ്രകടിപ്പിക്കുന്നതിന് പോലും നിങ്ങൾ മനസ്സായില്ല. ഇക്കഴിഞ്ഞ ദിവസവും ന്യൂഡൽഹിയിൽ ചില പാർലമെന്റംഗങ്ങളുടെ നേരെ പോലീസ് ലാത്തിച്ചാർജ് നടത്തുകയുണ്ടായി. പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ആശുപത്രിയിൽചെന്നു മർദ്ദനവിധേയരായവരെ സന്ദർശിച്ചതും, ആ മർദ്ദനത്തെ അപലപിച്ചതും, അതു പാർലമെന്റിന്റെ ചർച്ചക്കു വിധേയമാക്കിയതും നിങ്ങൾ അറിഞ്ഞുകാണുമല്ലോ. മാർക്സിസ്റ്റ് പാർട്ടിയോടുള്ള എതിർപ്പിന്റെ പേരിൽ മൃഗീയമായ ഈ നരവേട്ടകളെ നിങ്ങൾ മൂടിപ്പൊതിഞ്ഞു വെക്കുകയാണ് ചെയ്തത്.

നക്സലേറ്റു നേതാവായ വർഗ്ഗീസിന്റെ വധവും ഇതുപോലെആക്ഷേപാർഹമായ ഒരു നടപടിയായിപ്പോയി. വർഗ്ഗീസുകാണിച്ചുവെന്നു പറയപ്പെടുന്ന അക്രമപ്രവർത്തനങ്ങളോടു ഞങ്ങൾക്കു യാതൊരു അനുഭാവവുമില്ലെന്നും, അതിൽ ഞങ്ങൾക്കു അങ്ങേയറ്റത്തെ പ്രതിഷേധമുണ്ടെന്നും ആദ്യമെ പറഞ്ഞുകൊള്ളട്ടെ. പക്ഷെ അതുകൊണ്ടു പോലീസിനു പിടികിട്ടിയ അദ്ദേഹത്തെ ഒരു കുറ്റിയിൽ കെട്ടിയിട്ടു വെടിവെച്ചു കൊല്ലാമെന്ന് അർത്ഥമില്ല. അയാൾ വധശിക്ഷ അർഹിക്കുന്നുവെങ്കിൽ അതു



malankaralibrary.com



വിധിക്കേണ്ടിയിരുന്നതു ഒരു നീതിന്യായക്കോടതിയാണ്. ആഭ്യന്തരമന്ത്രിയല്ല. വർഗ്ഗീസിന്റെ കൊലയെപ്പററി ഒരന്വേഷണം നടത്തണമെന്ന വാദത്തോടു നിങ്ങൾ യോജിച്ചിട്ടില്ല. ഒടുവിൽ നിങ്ങളുടെ മുഖ്യമന്ത്രിസ്ഥാനത്തിന് ഇളക്കം നേരിട്ടപ്പോൾ അന്വേഷണം നടത്താമെന്ന് നിങ്ങൾ സമ്മതിച്ചു. വിശ്വാസവോട്ടു പാസ്സായിക്കഴിഞ്ഞപ്പോഴോ അക്കാര്യം പൂഴ്ത്തിവെക്കുകയും ചെയ്തിരിക്കുന്നു. ഒരു പൗരന്റെ ജീവനേക്കാൾ മുഖ്യമന്ത്രിസ്ഥാനമാണു വലുതെന്നു കരുതുന്നവരുമായി സഹകരിക്കുവാൻ അന്തസ്സുള്ള ഒരു പാർട്ടിക്കു സാധിക്കുന്നതാണൊ?

1967-ൽ നാം ഐക്യമുന്നണി ഉണ്ടാക്കിയത് കോൺഗ്രസ്സിനെ ഇനി അധികാരത്തിൽ കയറ്റുകയില്ലായെന്നു പ്രതിജ്ഞചെയ്തുകൊണ്ടായിരുന്നല്ലൊ. നിങ്ങളുടെ പാർട്ടിയുടെ നേതാക്കന്മാർ എത്രയെത്ര പ്ലാറ്റുഫോറങ്ങളിൽ നിന്ന് ഈ വസ്തുത ജനങ്ങളോടു വിളിച്ചു പറഞ്ഞിട്ടുള്ളതാണ്. എന്നിട്ടു നിങ്ങളെന്താണ് ചെയ്തത്? അന്നു നിങ്ങളടക്കമുള്ള ഐക്യമുന്നണി ശക്തിയായി എതിർത്ത കേരള കോൺഗ്രസ്സിനെ കൂട്ടുപിടിച്ചു നിങ്ങൾ ഒരു മന്ത്രിസഭ ഉണ്ടാക്കിയിരിക്കുന്നു. മാത്രമല്ല ആ മന്ത്രിസഭയുടെ നിലനില്പിനു നാഷണൽ കോൺഗ്രസ്സിന്റെ താങ്ങ് ആവശ്യമായിരിക്കുകയും ചെയ്യുന്നു. ഛർദ്ദിച്ചത് ഭക്ഷിക്കുന്ന ഈ പ്രക്രിയയിൽ കെ.ടി.പി. എങ്ങനെ ക്രിയാത്മക സഹകരണം നൽകാനാണ്! അന്നത്തെ ഐക്യമുന്നണി ഘടന പ്രാവർത്തികമല്ലെന്നു തോന്നിയാൽ വീണ്ടും വോട്ടർന്മാരെ സമീപിച്ച് അവരുടെ വിധി സ്വീകരിക്കുകയല്ലേ മാന്യമായ പ്രവർത്തി? ആ തിരഞ്ഞെടുപ്പിൽ ജനങ്ങളോടു നൽകിയ വാഗ്ദാനത്തിൽ കെ.ടി.പി. ഉറച്ചുനിൽക്കുന്നു. ആ വാഗ്ദാനം പാലിക്കുക സാദ്ധ്യമല്ലെന്നു കണ്ടാൽ രാജിവെച്ചു വീണ്ടും വോട്ടറന്മാരെ സമീപിക്കുകയല്ലാതെ, സ്ഥാപിതതാല്പര്യങ്ങളുമായുള്ള അവിശുദ്ധ കൂട്ടുകെട്ടിന് കെ.ടി.പി. തയ്യാറില്ല.

അധികാരത്തിൽ കടിച്ചുതൂങ്ങുന്നതിനുവേണ്ടി അടുത്ത കാലത്തു നിങ്ങൾ അവലംബിക്കേണ്ടിവന്ന നില എത്ര ജുഗുപ്സാവഹമായിരിക്കുന്നുവെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ആർ.എസ്.പി. മന്ത്രിസഭയിൽ ഭാഗഭാക്കാതെ മന്ത്രിസഭ വികസിപ്പിക്കുന്നതല്ലായെന്നു നിങ്ങൾ പ്രഖ്യാപിച്ചതിന്റെ മാറ്റൊലി കെട്ടടങ്ങുന്നതിനുമുമ്പുതന്നെ, വിശ്വാസവോട്ടു പാസാക്കിയെടുക്കുന്നതിനുവേണ്ടി കർണ്ണാടകസമിതിക്കും കെ.കെ.പി.ക്കും മറ്റും നിങ്ങൾ മന്ത്രിസ്ഥാനം വാഗ്ദാനം ചെയ്തില്ലേ? ആർ.എസ്.പി. മന്ത്രിസഭയിൽ ചേരുന്നതല്ലെന്നു വീണ്ടും തീരുമാനിച്ചിരിക്കുന്നു. നിങ്ങൾ നൽകിയ ധാർമ്മികമായ ഉറപ്പിനു ഇപ്പോൾ എന്തു വിലയാണുള്ളത്?

ഇപ്പോഴും കമ്മ്യൂണിസ്റ്റു വിരുദ്ധരായ ഞങ്ങൾ എങ്ങനെ മാർക്സിറ്റ് പാർട്ടിയുമായി സഹകരിക്കുന്നുവെന്നാണല്ലോ നിങ്ങൾ ചോദിക്കുന്നത്. ഞങ്ങളുടെ പാർട്ടിയുടെ അന്തസ്സത്തയും സ്വാതന്ത്ര്യവും നിലനിർത്തുന്ന



malankaralibrary.com

തിനു മാർക്സിറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് നിസ്സഹകരിച്ചുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിക്കുവാനുള്ള നിങ്ങളുടെ ഗുണദോഷത്തിനു നന്ദി. പക്ഷേ പ്രത്യയശാസ്ത്രപരമായി നിങ്ങളും മാർക്സിറ്റു പാർട്ടിയും തമ്മിൽ എന്താണ് വ്യത്യാസം? നിങ്ങളുടെ പാർട്ടി രണ്ടായി പിളർന്നപ്പോൾ മാർക്സിറ്റ് എന്ന പേര് അവർ സ്വീകരിച്ചുവെന്നതല്ലാതെ. സൈദ്ധാന്തികമായി നിങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? മറിച്ചു ഞങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും അപകടകാരികൾ നിങ്ങളാണുതാനും.

സർവ്വരാജ്യകമ്മ്യൂണിസം ഇന്നു രണ്ടു ചേരികളിലാണ്. മോസ്കോയുടെ നിയന്ത്രണത്തിലുള്ളതും, പീക്കിങ്ങിന്റെ നിയന്ത്രണത്തിലുള്ളതും മോസ്കോയുടെ ചരടുവലിക്കൊപ്പം തുള്ളുന്നവരാണല്ലോ നിങ്ങൾ ഉൾപ്പെടുന്ന ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി. പീക്കിങ്ങിന്റെ താളത്തിനു നില്ക്കുന്നവരാണ് നക്സലൈറ്റുകൾ എന്നു പറയപ്പെടുന്നു. ഏതായാലും ഏതെങ്കിലും വിദേശ കമ്മ്യുണിസ്റ്റ് പാർട്ടിയുമായി ബന്ധമില്ലാത്ത ഒരു ദേശീയകമ്മ്യൂണിസ്റ്റ് പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. മോസ്കോ ബന്ധത്തിൽ നിന്നും ഭിന്നമായ ഒരു നയം രൂപവൽക്കരിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. മാർക്സ്ററ് പാർട്ടിക്കു വിദേശസമ്മർദ്ദംകൂടാതെ സ്വന്തമായ നയരുപവല്ക്കരണത്തിനു സാധിക്കുന്നു. ഇൻഡ്യയുടെ രാജ്യരക്ഷയെ സംബന്ധിച്ചിടത്തോളം കൂടുതൽ ഭീഷണി മോസ്കോ ബന്ധമുള്ള ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയാണെന്ന് ഞാൻ പറയേണ്ടല്ലോ. മാർക്സിറ്റ് ആദർശം സ്വീകരിക്കുന്ന രണ്ടു പാർട്ടികളിൽ കുറഞ്ഞ തിന്മയെന്ന നിലയിലാണ് മാർക്സിസ്റ്റു പാർട്ടിയുമായി ഞങ്ങൾ സഹകരിക്കുന്നത്.

ഭരണം നിലനിർത്താൻ കേരള കോൺഗ്രസ്സിന്റെയും ഇന്ദിരകോൺഗ്രസ്സിന്റെയും പിന്തുണ നേടിയതുമൂലം നിങ്ങൾ അറിയാതെ തന്നെ പ്രതിലോമകാരികളുടെയും യാഥാസ്ഥിതികരുടേയും പാളയത്തിൽ ചെന്നു ചേരുകയാണ് ചെയ്തത്. നിങ്ങളുടെ 6 മാസത്തെ ഭരണത്തിന്റെ ഫലം തന്നെ അതു വ്യക്തമാക്കുന്നു. നിങ്ങളുടെ ഭരണത്തിൽ സമ്പന്നരും ഭൂസ്വാമികളും സുരക്ഷിതത്വ ബോധമുള്ളവരായി മാറിയപ്പോൾ ഇല്ലാത്തവരും ദരിദ്രരും നിസ്സഹായരും അരക്ഷിതരുമായിത്തീർന്നിരിക്കുന്നു. ഇന്നത്തെപ്പോലെയുള്ള ഒരു നിസ്സഹായാവസ്ഥ പാവങ്ങൾക്ക് ഇതിനുമുമ്പ് അനുഭവപ്പെട്ടിട്ടില്ല. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സംഘട്ടനത്തിൽ ഇല്ലാത്തവരുടെ ഭാഗത്ത് അല്പം കടന്ന കൈ ഉണ്ടായെന്നുവരാം. അതു സ്വാഭാവികമാണല്ലോ. അതിനെ അടിച്ചമർത്തുവാൻ സി.ആർ.പി.യെ ഉപയോഗിക്കുന്നതു എങ്ങനെ നീതീകരിക്കാനാകും. ഉള്ളവരെ താങ്ങിനിർത്തുവാനല്ലേ നിങ്ങൾ ഇതേവരെ പോലീസിനെ ഉപയോഗിച്ചത്. പ്രതിലോമകാരികളെ കൂട്ട് പിടിച്ചുകൊണ്ട് വന്ന ഒരു ഗതികേടാണിത്.

മുസ്ലിംലീഗ് ഐക്യമുന്നണിയിൽ വരുന്നതിനെ 1965-ൽ കട്ടായം



malankaralibrary.com



എതിർത്തവരാണല്ലോ നിങ്ങൾ. മാർക്സിസ്റ്റുകാരെ അധികാര ഭ്രഷ്ടരാക്കുവാൻ ആ മുസ്ലിംലീഗിനെ നിങ്ങൾ ആയുധമാക്കി. അതിന്റെ ഫലമെന്തായി. മുസ്ളിംലീഗില്ലാതെ ഒരു മന്ത്രിസഭ ഉണ്ടാക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു നില വന്നുചേർന്നിരിക്കുന്നു. ഇന്നു നിങ്ങളെ നയിക്കുന്നതും നിയന്ത്രിക്കുന്നതും മുസ്ളിംലീഗല്ലേ? അവർ പുറത്തുപോയാൽ അന്നു നിങ്ങളുടെ മന്ത്രിസഭ തകരുമല്ലോ. ഒരു വർഗ്ഗീയപാർട്ടിയുടെ പിടിയിലേക്ക് ഭരണത്തെ നയിച്ചുവെന്നതല്ലെ നിങ്ങളുടെ മാർക്സിസ്റ്റ് വിരോധംകൊണ്ടുണ്ടായ നേട്ടം. കുടികിടപ്പുകാർക്ക് 10 സെന്റു സ്ഥലം നിയമം അനുവദിച്ചിട്ടുള്ളതാണല്ലോ. ആയിരക്കണക്കിനു കുടികിടപ്പുകാരുള്ള മുസ്ളീംലീഗുനേതാക്കളിൽ ആരെങ്കിലും സ്വമനസാ ആ 10 സെന്റ് സ്ഥലം അവരുടെ കുടികിടപ്പുകാർക്ക് നൽകിയിട്ടുണ്ടോ? കേരളത്തിലെ ദേവാലയങ്ങളുടെയും മതസ്ഥാപനങ്ങളുടേയും വക ഭൂമികളിൽ പതിനായിരക്കണക്കിനു കുടികിടപ്പുകാരുണ്ടല്ലോ. എത്ര പേർക്ക് 10 സെന്റ് സ്ഥലംവീതം കൊടുക്കുവാൻ നിങ്ങളുടെ കൂട്ടുകാരനായ ആരോഗ്യമന്ത്രി കെ.എം. ജോർജ്ജിന് ഇതിനകം സാധിച്ചു. ഗവർമ്മെന്റ് പാസ്സാക്കിയ നിയമം തന്നെ നടപ്പാക്കുന്നതിൽ അത്ര തല്പരനല്ലന്നല്ലേ ഇതു വ്യക്തമാക്കുന്നത്. നിങ്ങളുടെ ഈ കൂട്ടുബന്ധം രാഷ്ട്രീയ നഭസ്സിലെ ഒരു ധൂമകേതുവായി ചരിത്രം രേഖപ്പെടുത്താതിരിക്കുകയില്ല.

കഴിഞ്ഞ മന്ത്രിസഭയെ മറിച്ചിടുന്നതിനു നിങ്ങൾ ഉയർത്തിപ്പിടിച്ചത് അഴിമതി ആരോപണമായിരുന്നല്ലോ. നിങ്ങളുടെ മന്ത്രിസഭയിലെ ഒരംഗം പരസ്യമായി പ്രഖ്യാപിച്ച് അഴിമതി കാണിക്കുവാൻ തന്റെ പാർട്ടി നേതാവ് തന്നെ പ്രലോഭിപ്പിച്ചെന്നും താൻ അതിനു വഴങ്ങാത്തതുകൊണ്ടാണ് തന്നെ മന്ത്രിസഭയിൽനിന്നു നീക്കുന്നതെന്നും, ഇതേപ്പറ്റി ഒരു അന്വേഷണം നടത്തുന്നതിനു പകരം ആ മന്ത്രിയോട് രാജിവെക്കുവാനാണ് നിങ്ങൾ ആവശ്യപ്പെട്ടത്. ഇതെന്തൊരു രാഷ്ട്രീയ നീതിയാണ്? അഴമതിയെപ്പറ്റിയുള്ള നിങ്ങളുടെ പേടിസ്വപ്നം എവിടെപ്പോയി? അഴിമതിക്കു പ്രേരിപ്പിച്ചുവെന്നു ഒരു മന്ത്രിയാണ് പരസ്യമായി പ്രസ്താവിക്കുന്നത്. എന്നിട്ടും അതേപ്പറ്റി അന്വേഷണം നടത്തുവാൻ നിങ്ങൾ തയ്യാറില്ല. അന്വഷണം നടത്തിയാൽ നിങ്ങളുടെ കൃത്രിമഭൂരിപക്ഷം പിന്നെയും നഷ്ടപ്പെട്ടെങ്കിലോയെന്നു നിങ്ങൾ ഭയപ്പെടുന്നു.

ഏതെങ്കിലും തത്വദീക്ഷയുടെ അടിസ്ഥാനത്തിലല്ലാ, അധികാരത്തിൽ കടിച്ചുതുങ്ങുവാൻ മാത്രമാണ്, നിങ്ങൾ ഭരണം മുന്നോട്ടുകൊണ്ടുപോകുന്നതെന്നു വ്യക്തമാണ്. ഈ ഭരണത്തിൽ ഉള്ളവനു കുടുതൽ പ്രയോജനമുണ്ടാകുന്നുവെന്നല്ലാതെ, പാവപ്പെട്ടവന് യാതൊരുരക്ഷയും ഉണ്ടായിരിക്കുന്നതല്ല. ഇത്തരമൊരു ഭരണത്തെ നിലനിർത്തുവാൻ സഹായിക്കുന്നതിനു മനസ്സാക്ഷിയുള്ളവർക്ക് സാധിക്കുന്നതല്ല, എന്ന വസ്തുത ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇതാ ഇപ്പോൾ കൊട്ടാരക്കര, നിലമ്പൂർ നിയോജകമണ്ഡലങ്ങളിൽ



malankaralibrary.com

ഓരോ ഉപതിരഞ്ഞെടുപ്പുകൾ വന്നിരിക്കുന്നു. ഭരണകക്ഷിയെന്ന നിലയിൽ നിങ്ങളെങ്ങനെയാണ് ആ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. കൊട്ടാരക്കരയിൽ നിങ്ങൾ സ്ഥാനാർത്ഥിയായി നിൽക്കുന്നത് ഇന്ദിരാകോൺഗ്രസ്സിന്റെ പിന്തുണയെ ആശ്രയിച്ചാണല്ലോ. നിലമ്പൂരിലാണെങ്കിൽ ഭരണകക്ഷിക്കു സ്ഥാനാർത്ഥിയേ ഇല്ല. മറിച്ചു ഒരു ഇന്ദിരാകോൺഗ്രസ്സ് സ്ഥാനാർത്ഥിയെ പിന്താങ്ങുവാൻ നിങ്ങൾ തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ പോക്ക് എങ്ങോട്ടെന്നുള്ളതിനു മതിയായ ഒരു തെളിവാണത്. കർഷക തൊഴിലാളിപാർട്ടി നിങ്ങളുമായി സഹകരിക്കുകയെന്നു വന്നാൽ അതിന്റെ അർത്ഥം ഇന്ദിരാ കോൺഗ്രസ് സ്ഥാനാർത്ഥിക്ക് വോട്ടു നൽകുകയെന്നാണ്. കർഷകതൊഴിലാളി പാർട്ടി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സമ്മതിദായകർക്ക് നൽകിയിരുന്ന ഉറപ്പിനു ഘടകവിരുദ്ധമായ ഒരു പ്രവർത്തിയായിരിക്കും ഇത്. അല്ലെങ്കിൽതന്നെ സ്ഥാപിത താല്പര്യക്കാരുടെയും ബൂർഷ്വാസികളുടെയും താവളമായ കോൺഗ്രസ്സിനെ അനുകൂലിക്കുകയെന്നതു ഇന്നത്തെ നിലയിൽ ചിന്തിക്കുവാൻപോലും സാദ്ധ്യമല്ല. കർഷകതൊഴിലാളി പാർട്ടിയുടെ ഈ നിലപാടിന്റെ യുക്തിയുക്തത താങ്കളും സമ്മതിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

അരിവാളും നെൽക്കതിരും ചിഹ്നത്തിൽ വോട്ടുരേഖപ്പെടുത്തരുതെന്നായിരുന്നു ഇന്നലെവരെ കേരളത്തിലെ ക്രൈസ്തവനേതൃത്വം അനുയായികളെ ഉദ്ബോധിപ്പിച്ചിരുന്നത്. യാതൊരു രാഷ്ട്രീയബന്ധവുമില്ലാതിരുന്ന കാലത്ത് കമ്മ്യൂണിസ്റ്റുകാർ സ്വമേധയാ നൽകിയ സഹായത്തെ സ്വീകരിച്ചുവെന്നതിനു കൊട്ടിയൂർ ജാഥയെ മുടക്കുവാൻ ചില ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ ഒരുക്കിയ കഥ നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. 1965-ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ സ്വമേധയാ നൽകിയ വോട്ടുകൾ സ്വീകരിച്ചതിനും ഞങ്ങളെ കുറ്റപ്പെടുത്തിയവരാണ് ഇവിടുത്തെ ക്രൈസ്തവനേതൃത്വം. അങ്ങനെയുള്ള ക്രൈസ്തവനേതൃത്വം കൊട്ടാരക്കരയിൽ നിങ്ങൾക്കുവേണ്ടി വോട്ടുപിടിക്കുന്നതിന്റെ രഹസ്യമെന്താണ്? നിങ്ങൾ കമ്മ്യൂണിസം ഉപേക്ഷിക്കുകയോ, ക്രൈസ്തവർ കമ്മ്യൂണിസം സ്വീകരിക്കുകയോ ചെയ്തിട്ടില്ലല്ലോ. ഈ വോട്ടു പിടിത്തത്തിൽ നിന്ന് ഒന്നേ അനുമാനിക്കുവാനുള്ളു. തങ്ങളുടെ സ്ഥാപിത താല്പര്യങ്ങളുടെ യഥാർത്ഥ രക്ഷകനാണ് താങ്കളെന്നു അവർക്കു ബോദ്ധ്യമായിരിക്കുന്നു. അഥവാ അവരുടെ വോട്ടിനുവേണ്ടി സ്ഥാപിത താല്പര്യങ്ങളെ പുലർത്തിക്കൊള്ളാമെന്നു നിങ്ങൾ അവർക്ക് ഉറപ്പു കൊടുത്തിട്ടുണ്ടായിരിക്കണം. അല്ലാതെ കമ്മ്യൂണിസ്റ്റ് വിരുദ്ധരായ ക്രൈസ്തവർ നിങ്ങൾക്കുവേണ്ടി വോട്ട് പിടിക്കുകയില്ല. എന്തൊരു കെണിയിലാണ് നിങ്ങൾ ചെന്നുചാടിയിരിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

നിങ്ങളുടെ മന്ത്രിസഭ നിലനിർത്തുവാൻ വേണ്ടിയുള്ള അടവുകളുടെ ഒരു ഭാഗം മാത്രമാണിതു. കഴിഞ്ഞ നിയമസഭാക്കാലത്ത് അതിലേക്ക്



malankaralibrary.com



നിങ്ങൾ സ്വീകരിച്ച നടപടികൾ എത്ര ലജ്ജാവഹങ്ങളായിരുന്നു. മന്ത്രി സ്ഥാനം വാഗ്ദാനം ചെയ്തും മറ്റും മന്ത്രിസ്ഥാനം നിലനിർത്തുന്ന പ്രക്രിയ നിങ്ങളെക്കാൾ എളുപ്പം രാജിവെക്കുന്നതിനു മുൻപ് ശ്രീ. ഇ.എം.എസ്സിനു സാധിക്കുമായിരുന്നല്ലോ. അന്ന് പല എം.എൽ.എ.മാരും അതിനു തയ്യാറാ യിരുന്നുവെന്ന് എനിക്കു നേരിട്ടറിയാവുന്നതുമാണ്. പക്ഷേ അങ്ങനെയൊരു വൃത്തികെട്ട നിലയിലേക്കിറങ്ങി അധികാരത്തിൽ തുടരുവാൻ ശ്രീ. ഇ.എം. എസ്സ്. തയ്യാറായിരുന്നില്ല. ഇക്കാര്യത്തിൽ വ്യക്തിപരമായി ശ്രീ. ഇ.എം.എസ്. കൂടുതൽ മാന്യനായി നിലകൊള്ളുന്നുവെന്നാണ് എന്റെ അഭി പ്രായം. പ്രത്യയശാസ്ത്രപരമായി അദ്ദേഹത്തോട് എത്രതന്നെ വിയോജി ച്ചാലും ഇക്കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച തത്വദീക്ഷയിൽ അദ്ദേഹത്തെ അഭിനന്ദിച്ചേ മതിയാവൂ.

ഒരു കാലത്ത് 'കൊച്ചിൻസ്റ്റാലിൻ' എന്ന ഓമനപ്പേരാൽ പ്രകീർത്തി തനായിരുന്നല്ലൊ നിങ്ങൾ. ആദർശപരമായി നിങ്ങളോടു യോജിക്കാതിരുന്ന ആ ഘട്ടത്തിലും, നിങ്ങളുടെ തത്വദീക്ഷയിലും, സംസ്കാരസമ്പത്തിലും, പുരോഗമന വാഞ്ഛയിലും നിങ്ങളെ മാനിച്ചിരുന്നവരാണ് ഞങ്ങൾ. പക്ഷേ നിങ്ങളുടെ ആ തത്വദീക്ഷയും പുരോഗമന വാഞ്ഛയുമൊക്കെ ഇന്നു എവി ടെപ്പോയി? കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടി ഭരിക്കുകയില്ലെന്നു നിങ്ങൾ ഒരിക്കൽ പറഞ്ഞു. ഇന്ദിരാകോൺഗ്രസ് സഹായിച്ചാൽ അതിനെ നിഷേധിക്കുകയില്ലെന്നു പിന്നൊരിക്കൽ പറഞ്ഞു. ഇപ്പോൾ യഥാർത്ഥ ത്തിൽ സിൻഡിക്കേറ്റു കോൺഗ്രസ്സിന്റെ പിന്തുണയിലല്ലേ നിങ്ങളുടെ മന്തിസഭ നിലനിൽക്കുന്നത്. ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി പഴയ കൊച്ചിസ്റ്റാലിൽ ഇത്രമാത്രം അധഃപതിക്കുമെന്ന് ആരെങ്കിലും കരുതിയിരുന്നോ. ഇനി എത്രമാതം അധഃപതിച്ചാലാണ് നിങ്ങൾക്ക് ഈ മന്ത്രിസഭ നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കുക!

ഈ ചുറ്റുപാടിൽ, വ്യക്തിപരമായി നിങ്ങളോട് എനിക്കുള്ള ബഹുമാ നവും എന്തുതന്നെയായിരുന്നാലും, നിങ്ങളുടെ ഗവണ്മെന്റുമായി സഹകരി ക്കുവാൻ സാദ്ധ്യമല്ലാതെയാണു വന്നിരിക്കുന്നത്. അവശരായ ജനലക്ഷങ്ങ ളുടെ മോചനത്തിനുവേണ്ടിയുള്ള ജനകീയമുന്നേറ്റത്തിൽ നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ ഭരണവും ദുഷ്കരമായ ഒരു വിലങ്ങുതടിയായിരിക്കു ന്നുവെന്നാണ് കഴിഞ്ഞ 6 മാസത്തെ ഭരണംതെളിയിക്കുന്നത്. ജനദ്രോഹപ രമായ നിങ്ങളുടെ നീക്കങ്ങളിൽ കർഷകതൊഴിലാളി പാർട്ടിക്കു പങ്കുണ്ടായി രിക്കുകയില്ലെന്നു തറപ്പിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യ ത്തിലുള്ള ഞങ്ങളുടെ നിലപാടിന്റെ ആത്മാർത്ഥത നിങ്ങൾ ശരിക്കും മന സ്സിലാക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

എന്ന് നിങ്ങളുടെ വിശ്വസ്തൻ,
ഫാദർ ജോസഫ് വടക്കൻ




malankaralibrary.com


# 17. 1970-ലെ തിരഞ്ഞെടുപ്പ് കെ.ടി.പി.ക്ക് രണ്ട് എം.എൽ.എ.മാർ

1970-ൽ നടന്ന തിരഞ്ഞെടുപ്പിൽ കെ.ടി.പി.യ്ക്ക് മത്സരിക്കാൻ ഇടതു മുന്നണി നാലു സീറ്റു നല്കി. ബി. വെല്ലിംഗ്ടൺ പള്ളുരുത്തിയിലും വർക്കി വടക്കൻ ഗുരുവായൂരിലും എം.ഒ. ജോസഫ് നെടുങ്കുന്നം വാഴൂർ നിയോജക മണ്ഡലത്തിലും മത്സരിച്ചു. കെ.ടി.പി.യ്ക്ക് അനുവദിച്ച നാലാമത്തെ സീറ്റ് കരിമണ്ണൂർ ആയിരുന്നു. ഈ ലേഖകൻ പ്രസ്തുതമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശ പത്രിക സമർപ്പിച്ചുവെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ സ്ഥാനാർത്ഥിത്വം പിൻവലിക്കുകയാണ് ചെയ്തത്. ശ്രീ. ബി. വെല്ലിംഗ്ടൺ പള്ളുരുത്തിയിൽ നിന്നും വർക്കി വടക്കൻ ഗുരുവായൂരിൽ നിന്നും വൻഭൂരിപക്ഷത്തോടെ വിജയിച്ചു ശ്രീ.എം.ഒ. ജോസഫ് നെടുംങ്കുന്നം വാഴൂരിൽ പരാജയപ്പെട്ടു.


നിയമസഭയിൽ വെല്ലിംഗ്ടണും വർക്കി വടക്കനും നല്ല പ്രകടനം കാഴ്ച വച്ചു. കെ.ടി.പി. ജനറൽ സെക്രട്ടറിയായിരുന്ന വർക്കി വടക്കൻ സ്വാതന്ത്ര്യ സമരത്തിലും വിമോചന സമരത്തിലും സജീവമായി പങ്കെടുത്തിരുന്നു. ഫാ. വടക്കന്റെ ഇളയ സഹോദരനായിരുന്ന വർക്കി വടക്കൻ അദ്ധ്യാപകനും അദ്ധ്യാപകസംഘടനാപ്രവർത്തകനും ആയി പ്രവർത്തിച്ചു വരവേ ആണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 1925 ഡിസംബർ 31-ന് ജനിച്ച വർക്കി വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തു ചാടി. ഫാ. വടക്കൻ ജോലി ചെയ്തിരുന്ന സ്കൂളിൽ വർക്കിയെ അദ്ധ്യാപകനായി നിയമിച്ചതിനുശേഷമാണ് വടക്കനച്ചൻ സെമിനാരിയിലേക്ക് പോയത്.



വർക്കി വടക്കനും ഭാര്യയും



ബാബു ജോസഫ് വടക്കൻ



സുഭാഷ് വടക്കൻ



malankaralibrary.com



കുടിയിറക്കുകൾക്കും മേൽച്ചാർത്തിനുമെതിരായി നടന്ന പ്രക്ഷോഭണ ങ്ങളിലും കൊട്ടിയൂർ ജാഥയുടെ ക്രമീകരണങ്ങളിലും വർക്കി നിർണ്ണായക പങ്കുവഹിച്ചു. മലനാട് കർഷക യൂണിയന്റെയും കർഷക തൊഴിലാളി പാർട്ടി യുടെയും സ്ഥാപകാംഗവുമായിരുന്നു അദ്ദേഹം.

വർക്കി വടക്കന്റെ നിയമസഭാപ്രവർത്തനങ്ങളെപ്പറ്റി കേരളസഭാ രത്ന ങ്ങൾ രണ്ടാംഭാഗത്ത് (പേജ് 110-111) ഇപ്രകാരം എഴുതിയിരിക്കുന്നു.

നിയമസഭയിൽ അദ്ധ്യാപകരെ ആക്ഷേപിച്ചുകൊണ്ട് ഒരു മെമ്പർ പ്രസംഗിച്ചപ്പോൾ അദ്ധ്യാപകൻ കൂടിയായ വർക്കി വടക്കൻ ക്ഷുഭിതനായി. "ഈ സെക്രട്ടറിയേറ്റിൽ ഉള്ളവരേക്കാൾ പതിനാറിരട്ടി ജോലി ചെയ്യുന്നവ രാണ് അദ്ധ്യാപകർ" എന്നു പറഞ്ഞു. അദ്ധ്യാപക സംഘടനയായ കെ. എ.പി.ടി. യൂണിയന്റെ സജീവപ്രവർത്തകനുമായിരുന്നു വർക്കി വടക്കൻ.

കേരളസർക്കാർ അവതരിപ്പിച്ച ധനവിനിയോഗബില്ലിനെപ്പറ്റിയുള്ള ചർച്ച യിൽ പങ്കെടുത്തുകൊണ്ട് 1976 ഒക്ടോബർ 19-ാം തീയതി വർക്കി വടക്കൻ നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"ഞങ്ങൾ ഒരു പരിപാടിയെ സ്വാഗതം ചെയ്യുന്നതും എതിർക്കുന്നതും അതിന്റെ ഏറ്റം മികച്ച നേട്ടങ്ങളെയും മൂല്യങ്ങളെയും വിലയിരുത്തിക്കൊ ണ്ടാണ്. വിമോചനസമരം എന്നറിയപ്പെടുന്ന ആ ഐതിഹാസിക സംഭവം ആരുംതന്നെ മറന്നിട്ടില്ല. ആ സമരത്തിനു ശേഷം ഈ രാജ്യത്ത് അധികാ രത്തിൽവന്ന കോൺഗ്രസ്സ്, പി.എസ്സ്.പി. ഗവണ്മെന്റ് ഈ രാജ്യത്തെ പാവ പ്പെട്ടവരുടെ നേരെ നിറതോക്ക് ഒഴിക്കുകയും അവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കാൻ മുന്നോട്ടു വരികയും ചെയ്തപ്പോൾ ഞങ്ങൾ സഹിച്ച ത്യാഗങ്ങളും ഞങ്ങൾ സഹിച്ച വേദനകളും എല്ലാം വിസ്മരിച്ചുകൊണ്ട് ആ ഗവൺമെന്റിനെ ചോദ്യം ചെയ്യാൻവേണ്ടി മുന്നോട്ടുവന്ന ഒരു കക്ഷിയെ പ്രതി നിധീകരിക്കുന്ന ഒരു വിനീതപ്രവർത്തകനാണ് ഞാൻ. നിങ്ങൾക്കറിയാമെന്നു വിചാരിക്കുന്നു. 1960-ൽ അധികാരത്തിൽവന്ന പട്ടം മന്ത്രിസഭയ്ക്കെതിരായി ധീരമായി ഈ രാജ്യത്തെ ജനലക്ഷങ്ങൾക്കുവേണ്ടി, ഹൈറേഞ്ചിലെ പാവ പ്പെട്ട കൃഷിക്കാർക്കുവേണ്ടി ശബ്ദിക്കുകയും അതിന്റെ പേരിൽ ധാരാളം ശത്രുക്കളെ നേടിയെടുക്കുകയും ചെയ്ത ഒരു വിനീത കക്ഷിയായിരുന്നു ഞാൻ പ്രതിനിധാനം ചെയ്യുന്ന കർഷക തൊഴിലാളി പാർട്ടി. ഞങ്ങൾ കോൺഗ്രസ്സിന്റെ മിത്രങ്ങളായിരുന്നു. കോൺഗ്രസ്സിന്റെ വക്താക്കളായിരുന്നു. കോൺഗ്രസ്സിലെ പ്രമുഖ പ്രവർത്തകരായിരുന്നു. കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചുകൊണ്ട് അനവരതം അടരാടിയ ധീരദേശാഭിമാനികളായിരുന്നു പക്ഷെ, ഈ രാജ്യത്തെ കർഷകന്റെ നേരെ ഈ രാജ്യത്തെ മണ്ണിന്റെ മക്ക ളുടെ നേരെ, ഈ രാജ്യത്തെ പാവപ്പെട്ട 25 ലക്ഷത്തോളം വരുന്ന കുടിയേറ്റ ക്കാരുടെ നേരെ ഈ രാജ്യത്തെ ഗവണ്മെന്റ് നീങ്ങുന്നുവെന്നു കണ്ടപ്പോൾ ഞങ്ങൾ അവർക്കെതിരായി അട്ടഹസിക്കുകയും ആ ധീരത ഞങ്ങൾ കെടു



malankaralibrary.com

ത്തുവാൻ വേണ്ടി ശ്രമിക്കുകയും ചെയ്തു. പക്ഷെ, ഞങ്ങൾ ഇന്ന് സന്തോഷിക്കുകയാണ്. ഞങ്ങളുടെ ആദ്യത്തെ ചിന്താഗതികളും ഞങ്ങളുടെ അന്നത്തെ വിചാരഗതികളും ഈ രാജ്യത്തെ എല്ലാകക്ഷികളും ഇന്ന് അംഗീകരിച്ച് കാണുന്നതിൽ, ഞങ്ങൾക്കതിൽ സന്തോഷമുണ്ട്, ആനന്ദമുണ്ട്. ഇന്ന് ഈ രാജ്യത്ത് കുടിയേറ്റക്കാരുടെ പ്രശ്നങ്ങളെ ചൊല്ലി കണ്ണീരൊഴുക്കുന്ന എത്രയോ വക്താക്കളെയും നേതാക്കളെയും പ്രസ്ഥാനങ്ങളെയും നാം കാണുന്നു. അക്കാലത്ത് ഞങ്ങൾക്കെതിരായി ശബ്ദിച്ച ആളുകൾപോലും ധീരമായി ചെറുക്കുവാൻ കോപ്പുകൂട്ടിയ ആളുകൾപോലും അന്നു ഞങ്ങളുടെ പാവപ്പെട്ട പ്രവർത്തകരെ ലോക്കപ്പിലിട്ട് മർദ്ദിക്കുവാൻ വേണ്ടി കളമൊരുക്കിയ ആളുകൾപോലും ഇന്ന് അവർക്കുവേണ്ടി വാദിക്കുകയും ശക്തിയായി ശബ്ദിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഞാൻ സന്തോഷിക്കുന്നു. അവർക്ക് ഞങ്ങൾ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു. ഞാൻ ഈ പറയുന്നതിന്റെ അർത്ഥം ഞങ്ങൾ ശ്രംഗീകരിക്കുന്ന പരിപാടികൾ ഈ രാജ്യത്തെ പതിതവർഗ്ഗത്തിന്റെ ഉദ്ധാരണമാണ്. അതിന് ഞങ്ങൾക്ക് ശത്രുക്കളില്ല. മിത്രങ്ങളില്ല. മിത്രങ്ങളായിരിക്കുന്നവർ പോലും ഈ രാജ്യത്തിന് അനുഗുണമല്ലാത്ത, ഒരു പന്ഥാവ് വെട്ടിത്തുറന്നാൽ ഞങ്ങൾ എതിർക്കും ആ പരിപാടിയെ ഞങ്ങൾ ചോദ്യം ചെയ്യും. അതിന് ഞങ്ങളുടെ അശക്തിയും കണക്കെടുക്കുന്നില്ല. ഞാനിത്രയും പറയുവാൻ കാരണം ഈ രാജ്യത്ത് ഒരു പന്ഥാവ് വെട്ടിത്തുറക്കണമെന്നയാഗ്രഹത്തോടെയാണ്.

ഏഴുവർഷക്കാലം നിയമസഭാംഗമായിരുന്ന വർക്കി വടക്കൻ 1986 ജൂൺ പതിനൊന്നാംതീയതി നിര്യാതനായി. തൊയ്ക്കാവിൽ വർക്കി വടക്കൻ മെമ്മോറിയൽ ട്രസ്റ്റും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. വർക്കി വടക്കന്റെ ഭാര്യ ഏനാമാക്കൽ ചെറുവത്തൂർ മേച്ചേരി തോമുണ്ണി-ത്രേസ്യാ മകൾ മർഗ്ഗിലി.

ജോസഫ് ബാബു, സുഭാഷ് വടക്കൻ, വടക്കൻ, എലിസബത്ത് ജോസ്, മേരി ജോസഫീനാ ജോർജ്ജ് എന്നിവർ മക്കളാണ്.

## സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ



കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിലും വളർത്തുന്നതിലും വലിയ സംഭാവന ചെയ്ത ആളാണ് സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ. എന്നാൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി തെറ്റിപ്പിരിഞ്ഞു. 1957-ൽ ഇ.എം.എസ്. മന്ത്രിസഭയ്ക്കെതിരായി നടന്ന സമരത്തിൽ സജീവമായ നേതൃത്വം നല്കി. തൃശൂരിൽ ഫാ. വടക്കൻ രൂപീകരിച്ച സോഷ്യൽ സ്കൗട്ടിന്റെ പരിശീലകനായി ശ്രീ. ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ സേവനം അനുഷ്ഠിച്ചു.



malankaralibrary.com



# 18. മിച്ചഭൂമി സമരവും കെ.ടി.പി.യും

കേരളാ കാർഷിക ബന്ധബില്ലും കേരള ഭൂപരിഷ്കരണ ബില്ലും പാസ്സാക്കിയെങ്കിലും മിച്ചഭൂമി പിടിച്ചെടുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യുന്നതിൽ എല്ലാ സർക്കാരും പരാജയപ്പെട്ടു. മുന്നണി ഭരണത്തിലെ ചില ഘടകകക്ഷികൾ മിച്ചഭൂമി പിടിച്ചെടുക്കുന്നതിന് യഥാർത്ഥത്തിൽ എതിരായിരുന്നു. 1967-ലെ മന്ത്രിസഭയുടെ ഭരണകാലത്ത് ഭൂപരിഷ്ക്കരണത്തിനായി ഗവണ്മെന്റ് നിയമിച്ച പ്രത്യേക സമിതിയിൽ ഫാ. വടക്കൻ അംഗമായിരുന്നു. കെ. ആർ. ഗൗരിയമ്മ (റവന്യൂമന്ത്രി) ആയിരുന്നു സമതിയുടെ ചെയർമാൻ. കൈവശഭൂമിക്ക് പരിധിവച്ച് മിച്ചഭൂമി ഭൂരഹിതർക്കും പാവങ്ങളായ ഹരിജനങ്ങൾക്കും അവശക്രൈസ്തവർക്കും കർഷകതൊഴിലാളികൾക്കും വിഭജിച്ചു കൊടുക്കാനുള്ള വ്യവസ്ഥകളായിരുന്നു ഭൂനിയമത്തിലെ പ്രധാന ഇനം. 5 ലക്ഷം ഏക്കർ മിച്ചഭൂമി കിട്ടുമെന്നായിരുന്നു കണക്ക്. വിപ്ലവകരമായ ഈ ഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കുന്നതിനുവേണ്ടിയാണ് സപ്തകക്ഷിയിൽ കുറു മുന്നണിയുണ്ടാക്കി മന്ത്രിസഭയെത്തന്നെ തകർത്തത്. മന്ത്രിമാരുടെ മേൽ അഴിമതിയാരോപണം ഉന്നയിച്ചത്.

നിയമം നടപ്പിൽ വരുത്താനായി 1970-ൽ നടന്ന കുടികിടപ്പു സമരത്തിന് കെ.ടി.പി.യും ഫാ. വടക്കനും ബി.വെല്ലിംഗ്ടണും പൂർണ്ണ പിന്തുണ നൽകിയിരുന്നു. പതിനായിരക്കണക്കിന് വോളണ്ടിയർമാർ സമരത്തിൽ പങ്കെടുത്ത് പോലീസിന്റെയും ഗുണ്ടകളുടെയും മർദ്ദനത്തിന് വിധേയരായി. ഈ സമരത്തിന്റെ ഫലമായി 5 ലക്ഷം കുടികിടപ്പുകാർക്ക് ഭൂമി ലഭിച്ചു.

പ്രതിഫലം കൊടുക്കാതെ ജന്മിത്തം അവസാനിപ്പിക്കുക, കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുക, പാട്ടബാക്കി റദ്ദു ചെയ്യുക, മിച്ചഭൂമി വിതരണം ചെയ്യുക, കർഷകത്തൊഴിലാളി നിയമം പാസ്സാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് സമരം ചെയ്യാൻ പ്രതിപക്ഷകക്ഷികൾ 1972 മാർച്ച് 1-ന് യോഗം ചേർന്ന് തീരുമാനിച്ചു. സമര നടത്തിപ്പിലേക്ക് ഫാ. വടക്കൻ പ്രസിഡന്റും പി.വി.കുഞ്ഞിക്കണ്ണൻ സെക്രട്ടറിയുമായി ഒരു സമരസമതി രൂപീകരിച്ചു.

മേയ് 25 ന് സമരത്തിന്റെ ആദ്യപടിയായി കേരളത്തിലെ 11 കേന്ദ്രങ്ങളിൽ 13000-ത്തിൽ പരം ഏക്കർ ഭൂമി പിടിച്ചെടുക്കുന്നതിനായുള്ള സമര പരിപാടിക്ക് തുടക്കം കുറിച്ചു. എറണാകുളത്ത് പറവൂർ താലൂക്കിൽ നടന്ന മിച്ചഭൂമി പിടിച്ചെടുക്കൽ സമരത്തിൽ പങ്കെടുത്ത് ഫാ. വടക്കനും സി.എച്ച്. കണാരനും, ഇ. ബലാനന്ദനും , എം.എം. ലോറൻസും അറസ്റ്റ് വരിച്ചു. ചരി



malankaralibrary.com

ത്രപ്രസിദ്ധമായ ഈ സമരത്തിൽ പങ്കെടുത്ത് രണ്ടു ലക്ഷം പേർ അറസ്റ്റു വരിക്കുകയും പതിനായിരത്തിലധികം ആളുകൾ ജയിലിൽ അടക്കപ്പെടുകയും ചെയ്തു.

ജൂലൈ 15 -ന് മിച്ചഭൂമി വിതരണം ചെയ്യുക എന്ന ആവശ്യമുന്നയിച്ച് കർഷക-കർഷക തെഴിലാളി സമരത്തിന്റെ പ്രചരണാർത്ഥം മഞ്ചേശ്വരത്തു നിന്നും തിരുവനന്തപുരത്തേക്ക് യാത്ര പുറപ്പെട്ടു. കേരളത്തിലെ ഓരോ ജില്ലയിലും ഈരണ്ട് ദിവസം വീതം സഞ്ചരിച്ച് ഓരോ ദിവസവും ഇരുപതും മുപ്പതും യോഗങ്ങളിൽ പ്രസംഗിച്ച് തിരുവനന്തപുരത്ത് 23-ാം ദിവസം എത്തിച്ചേർന്ന ആ ജാഥ നയിച്ചത് എ.കെ.ജിയും ഫാ. വടക്കനും, ജോൺ മാഞ്ഞൂരാനുമായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം നടന്ന ഈ സമര പ്രചരണജാഥയുടെ ക്രമീകരണങ്ങൾ നടത്തിയത് ബി. വെല്ലിംഗ്ടണും കുഞ്ഞിക്കണ്ണനും ആയിരുന്നു.

ആഗസ്റ്റ് 11-ന് മുമ്പ് മിച്ചഭൂമിയുള്ളവർ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ലാൻഡ് ബോർഡിന് മിച്ചഭൂമി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിച്ചില്ലെങ്കിൽ ഒരു കൊല്ലത്തെ തടവോ 1000 രൂപ പിഴയോ രണ്ടുംകൂടിയുള്ള ശിക്ഷയോ വിധേയമാകുമെന്ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചു. സമരവും താൽക്കാലികമായി നിറുത്തിവച്ചു.

നവംബർ 15-ന് സി.പി.എം, കെ.എസ്സ്.പി., കെ.ടി.പി കർഷകർ മിച്ചഭൂമി സമരം പുനരാരംഭിച്ചു.

## കെ.ടി.പി. ജനറൽ സെക്രട്ടറി സ്ഥാനം

കെ.ടി.പി.യുടെ പ്രഥമ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീ. ബി. വെല്ലിംഗ്ടണായിരുന്നു. എം.എൽ.എ.യും മന്ത്രിയുമൊക്കെയായപ്പോൾ ആ സ്ഥാനം കൂടുതൽ സൗകര്യാർത്ഥം മറ്റുള്ളവരെ ഏല്പിക്കുവാൻ ബി. വെല്ലിംഗ്ടൺ തയ്യാറായി. വർഗീസ് മേച്ചേരിയും വർക്കി വടക്കനും പിന്നീട് ജനറൽ സെക്രട്ടറിമാരായി. മന്ത്രിസ്ഥാനത്തുനിന്നും മാറിയതിനുശേഷം വീണ്ടും ജനറൽ സെക്രട്ടറി സ്ഥാനം വെല്ലിംഗ്ടണു തന്നെ നൽകി. 1971-ലെ തൃശൂർ തേക്കുംകാട് മൈതാനിയിലെ വി. ദിവ്യബലിയർപ്പണത്തെത്തുടർന്ന് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം ഫാ. വടക്കനെ പള്ളിഭരണത്തിൽനിന്നും കൂദാശകൾ അനുഷ്ഠിക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തു. കേരളത്തിലെ കാർഷിക രംഗം ഇളകി മറിഞ്ഞ കാലമായിരുന്നു അത്. 1969-ലെ സർക്കാരിന്റെ ഭരണകാലത്ത് കൊണ്ടുവന്ന കാർഷികനിയമം ഭേദഗതി ചെയ്തത് ഒരു വലിയ പ്രശ്നമായി തീർന്നു. ഈ സന്ദർഭത്തിൽ ഫാ. വടക്കനെ കെ.ടി.പി. ജനറൽ സെക്രട്ടറിയായി നിയമിക്കണമെന്ന് ബി. വെല്ലിംഗ്ടൺ നിർദ്ദേശിച്ചു. വെല്ലിംഗ്ടണെ ചെയർമാനാക്കണമെന്ന് ഒരു നിർദ്ദേശം വന്നു. ഫാ. വടക്കന്റെ ജോയിന്റ് സെക്രട്ടറിയായിരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട് - അഭിമാനവുമുണ്ട്. ഒരു



malankaralibrary.com



പുതിയ തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമില്ല എന്നു പറഞ്ഞ് ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുകയാണ് ചെയ്തത്.

കർഷക നിയമം ഭേദഗതി ചെയ്തതിനെതിരായി കേരളത്തിൽനടന്ന ജീപ്പു ജാഥയ്ക്ക് ബി. വെല്ലിംഗ്ടൺ ആയിരുന്നു നേതൃത്വം നൽകിയത്.

മിച്ചഭൂമി സമരത്തോടനുബന്ധിച്ച് ഫാ. വടക്കൻ, എ.കെ.ജി., ജോൺ മാഞ്ഞൂരാൻ എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിന്റെ വടക്കുമുതൽ തെക്കുവരെ നടന്ന ജാഥയുടെ എല്ലാ ക്രമീകരണങ്ങളും നടത്തിയത് വെല്ലിംഗ്ടണായിരുന്നു. മിച്ചഭൂമി സമരത്തോടനുബന്ധിച്ച് ഫാ. വടക്കനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചപ്പോൾ ബി. വെല്ലിംഗ്ടൺ ആയിരുന്നു സമരത്തിന് നേതൃത്വം നൽകിയത്.

## അടിയന്തിരാവസ്ഥയും വെല്ലിംഗ്ടണും

ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനോട് എങ്ങനെ പ്രതികരിക്കണമെന്നുള്ള പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യാൻ ഇടതു കക്ഷികളുടെ യോഗം കോഴിക്കോട്ടു ചേർന്നു. ഫാ. വടക്കനെ പ്രഥമ ആലോചനായോഗത്തിൽനിന്നും ഒഴിവാക്കി അതിൽ വടക്കനച്ചൻ ക്ഷുഭിതനായി തീർന്നു. വടക്കനച്ചൻ കാത്തിരുന്നു കാണുക എന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിൽ വെല്ലിംഗ്ടണ് പ്രതിഷേധമുണ്ടായിരുന്നു. എങ്കിലും ഫാ. വടക്കന്റെ നിലപാടിനെ പരസ്യമായി ബി. വെല്ലിംഗ്ടൺ എതിർത്തില്ല. ഈ ലേഖകനും ഫാ. വടക്കന്റെ നിലപാടിനോട് യോജിപ്പില്ലായിരുന്നു. 1972-ലെ കോളേജ് സർവ്വകലാശാല നിയമത്തെ ഫാ. വടക്കൻ അനുകൂലിച്ചപ്പോൾ അതിനെതിരായ നിലപാടാണ് ഈ ലേഖകൻ സ്വീകരിച്ചത്. അടിയന്തിരാവസ്ഥക്കെതിരായ പോരാട്ടത്തിൽ എളിയ പങ്കു വഹിക്കുവാൻ ഈ ലേഖകന് സാധിച്ചു. എന്റെ നിലപാട് ഫാ. വടക്കനെയും വെല്ലിംഗ്ടണെയും യഥാസമയം ഞാൻ അറിയിച്ചുകൊണ്ടിരുന്നു. എന്റെ നിലപാടിനെ അവർ ഒരിക്കൽപ്പോലും എതിർത്തിട്ടില്ല. ചില നടപടികളിൽ പൂർണ്ണ പിന്തുണ നൽകുകയും ചെയ്തിരുന്നു.

## അടിയന്തിരാവസ്ഥയ്ക്കു ശേഷം

അടിയന്തിരാവസ്ഥയ്ക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽനിന്നും മത്സരിക്കാൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചെങ്കിലും ഇടതുപക്ഷ മുന്നണി പിന്തുണച്ചില്ല. ഈ സമയത്ത് സ്ഥാനാർത്ഥിത്വം പിൻവലിച്ചാൽ പല ആരോപണങ്ങളും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് വെല്ലിംഗ്ടൺ മനസ്സിലാക്കി. വെല്ലിംഗ്ടൺ ജീപ്പിൽ മൈക്ക് വച്ചുകെട്ടി താൻ സ്ഥാനാർത്ഥിത്വം പിൻവലിച്ചതായി ജനങ്ങളെ അറിയിക്കുകയാണ് ചെയ്തത്.



malankaralibrary.com

ആ തിരഞ്ഞെടുപ്പിനുശേഷം കെ.ടി.പിയുടെ സജീവത നഷ്ടപ്പെടുകയും കേരളാ കോൺഗ്രസ്സ് ആ വിടവിലൂടെ പ്രവർത്തനിരതമാകുകയും ചെയ്തു. സാമൂഹ്യ പ്രവർത്തനം ജീവകാരുണ്യപ്രവർത്തനം, മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനം തുടങ്ങിയവയിൽ വെല്ലിംഗ്ടൺ വ്യാപൃതനായി.

## നടക്കാതെ പോയ സിനിമാ മോഹം

ഏതു രംഗത്തും പ്രവർത്തിച്ച് മുന്നേറാനുള്ള ഇച്ഛാശക്തി വെല്ലിംഗ്ടണുണ്ടായിരുന്നു. മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിൽ നിരന്തരം ഏർപ്പെട്ടകൊണ്ടായിരുന്നു ബി.വെല്ലിംഗ്ടണ് സിനിമാരംഗത്തേക്ക് പ്രവേശിക്കുവാൻ താല്പര്യമുണ്ടെന്ന് അധികമാരും വിചിരിച്ചു കാണുകയില്ല. എന്നാൽ സിനിമയിൽ സജീവമാകുവാൻ വെല്ലിംഗ്ടണ് ആഗ്രഹമുണ്ടായിരുന്നുവെന്നത് ഒരു പരമാർത്ഥം. സഹകരിണാടിസ്ഥാനത്തിൽ സിനിമ നിർമ്മിക്കാൻ വെല്ലിംഗ്ടണും മറ്റു ചിലരും ചേർന്ന് പ്ലാനിട്ടു. കെ.സി. സേതുനാഥനെകൊണ്ട് തരക്കഥയും ഒ.എൻ. വിയെക്കൊണ്ട് ഗാനങ്ങളുമെഴതിച്ചു. എന്നാൽ സഹകരണ സംഘത്തിന് ഗവണ്മെന്റ് അനുവാദം കൊടുത്തില്ല. അതിനാൽ തുടർപ്രവർത്തനം നടത്താൻ സാധിച്ചില്ല. തന്റെ സഹപാഠികൂടിയായ ബേബി ജോണായിരുന്നു അതിന് കാരണക്കാരനെന്ന് വെല്ലിംഗ്ടൺ വിശ്വസിച്ചിരുന്നു.



ഒ.എൻവി. കുറുപ്പ്



സിനിമാതാരം മീരാ ജാസ്മിൻ, മുൻ തെരഞ്ഞെടുപ്പ് കമ്മീഷണർ ടി.എൻ. ശേഷൻ, ഡോ. സുനിൽദാസ് എന്നിവർ വെല്ലിംഗ്ടണോടൊപ്പം



malankaralibrary.com



# 19. മൗനവാല്മീകം ഭേദിച്ചിതാ വെല്ലിംഗ്ടൺ

## (1989 സെപ്റ്റംബർ 14 – മലയാളമനോരമയിൽ ആർ. രാജീവ് എഴുതിയ ലേഖനത്തിലെ പ്രസക്തഭാഗങ്ങൾ)

ശക്തികുളങ്ങരയിൽ പോലീസ് വെടിവച്ചു രണ്ടു യുവാക്കൾ കൊല്ലപ്പെട്ടു. മിക്ക രാഷ്ട്രീയക്കാരുടെയും പ്രതിഷേധം പത്രത്താളുകളിൽ ഒതുങ്ങിയപ്പോൾ അതാ ഇടിമുഴക്കംപോലെ ഉപവാസപ്രഖ്യാപനവുമായി ഒരു അറുപത്തിയൊന്നുകാരൻ- ബി.വെല്ലിംഗ്ടൺ എന്ന മുൻമന്ത്രി.

ഇവിടെ ഒരു ഫ്ളാഷ്ബാക്കാവാം. ഓർമ്മകൾ ദശകങ്ങൾക്കപ്പുറത്തേക്ക് പിന്നെ പതുക്കെ മുന്നോട്ട് സമരചരിത്രങ്ങളുടെ വെള്ളിത്തിരയിലിതാ വെല്ലിംഗ്ടന്റെ വിവിധ രൂപങ്ങൾ- തേവരയിൽ പഠിച്ചുകൊണ്ടിരിക്കെ സി.പി.ക്കെതിരെ കരിങ്കൊടി കാട്ടി പോലീസ് മർദ്ദനമേറ്റ വെല്ലിംഗ്ടൺ. കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ വിദ്യാഭ്യാസബിൽ പ്രക്ഷോഭണത്തിൽ മുന്നണിയിൽ നിന്ന വെല്ലിംഗ്ടൺ. 1957-ൽ തിരുവന്തപുരത്തേക്കു പുറപ്പെട്ട വിമോചനസമരജാഥയ്ക്കു ഫാ. വടക്കനൊപ്പം നേതൃത്വം നൽകിയ വെല്ലിംഗ്ടൺ.

ഉടുമ്പൻചോലയിൽ കർഷകരെ കുടിയിറക്കിയപ്പോൾ പല്ലും നഖവും ഉപയോഗിച്ചെതിർത്ത വെല്ലിംഗ്ടൺ, കൊട്ടിയൂർ പ്രശ്നത്തെത്തുടർന്നു 46 ദിവസംകൊണ്ട് 500 മൈൽ പിന്നിട്ട് ചരിത്രം സൃഷ്ടിച്ച കാൽനടജാഥയെ നയിച്ചു തിരുവനന്തപുരത്തെത്തിയ വെല്ലിംഗ്ടൺ. തൃശൂരിൽ പട്ടം താണുപിള്ളയ്ക്കെതിരെ കരിങ്കൊടി കാട്ടിയതിന്റെ പേരിലും 1964-ൽ കീരിത്തോട്ടു കുടിയിറക്ക് സമരത്തിലും അറസ്റ്റ് ചെയ്യപ്പെട്ട വെല്ലിംഗ്ടൺ, കൊട്ടിയൂരിൽ കർഷകരെ കുടിയിറക്കാനുള്ള നീക്കത്തിനെതിരെ 21 ദിവസം ഉപവസിച്ച വെല്ലിംഗ്ടൺ. ലാത്തിച്ചാർജുണ്ടായ സ്ഥലത്തുകൂടി പോയ പോലീസ് ജീപ്പുകളിൽ പോലും കരിങ്കൊടി കെട്ടിച്ച വെല്ലിംഗ്ടൺ.

കുമ്പളത്തു ശങ്കുപ്പിള്ളയെപ്പോലെ തെരഞ്ഞെടുപ്പിൽ മൽസരിക്കാതെ രാഷ്ട്രീയ പ്രവർത്തനം നടത്തണമെന്നായിരുന്നു തന്റെ ആഗ്രഹമെന്നു പറഞ്ഞ ബി.വെല്ലിംഗ്ടൻ പക്ഷേ സജീവ രാഷ്ട്രീയത്തിലിറങ്ങുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്യേണ്ടിവന്നു 1965-ൽ കർഷകത്തൊഴിലാളി പാർട്ടിയുടെ ബാനറിൽ കല്പറ്റയിലും മണലൂരിലും മൽസരിച്ചു. കല്പറ്റയിൽ ജേതാവായി അന്നു കെ.ടി.പി ഒറ്റയ്ക്കാണു മൽസരിച്ചത്. അതൊരു തന്ത്രപരമായ മൽസരമായിരുന്നുവെന്നാണ് വെല്ലിംഗ്ടൺ പറയുന്നത്. കെ.ടി.പി. ഒറ്റയ്ക്കു നിന്നു സഹായിക്കാൻ സന്മനസ്സുള്ളവർ ഞങ്ങളെ സഹായിച്ചു. ഞങ്ങളവരെയും. ചില മണ്ഡലങ്ങളിൽ ഞങ്ങൾ സ്ഥാനാർത്ഥികളെ നിർത്തി വോട്ടു ഭിന്നിപ്പിക്കുകവരെ ചെയ്തു.



malankaralibrary.com


പിന്നെ അദ്ദേഹം സജീവരാഷ്ട്രീയത്തിൽ നിന്നു പതുക്കെ പിന്മാറുകയായിരുന്നു. കെ.ടി.പി.യുടെ ജനറൽ സെക്രട്ടറിയായിരുന്ന വെല്ലിംഗ്ടൺ കെ.ടി.പിയുടെ പ്രവർത്തനത്തിൽനിന്നു വിട്ടുനിന്നു. ആ പാർട്ടിയിലെ പ്രവർത്തകർ മറ്റു രാഷ്ട്രീയകക്ഷികളിൽ ചേർന്നു. വെല്ലിംഗ്ടൺ കൂടുതൽ പഠനത്തിലും വായനയിലും ആഴ്ന്നു. ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ഏറെ വായിച്ചു. അതു മറ്റൊരു പ്രവർത്തനമേഖലയുടെ തുടക്കമായി.

വെല്ലിംഗ്ടനോളം തന്നെ പ്രസിദ്ധമായിരുന്നു അദ്ദേഹത്തിന്റെ ചുരുട്ടും കാറും. കെ.എൽ.വി. 3006 എന്ന ആ അംബാസിഡർ കാർ ഇന്നു വർക്ക് ഷോപ്പിലാണ്. കേരളത്തിലെ പഴയ മിക്ക രാഷ്ട്രീയനേതാക്കളും അതിൽ സഞ്ചരിച്ചിട്ടുണ്ട്. സമരരംഗങ്ങളിൽ പോലീസ് കസ്റ്റഡിയിലും പെട്ടിട്ടുണ്ട്. "ഞാനാണെങ്കിൽ കിടക്കയിലേക്കാളേറെ ആ കാറിലാണ് ഉറങ്ങിയിട്ടുള്ളത്." മന്ത്രിയും എം.എൽ.എയുമൊക്കെ ആയിട്ടും സ്വയം കാറും ബോട്ടുമൊക്കെയോടിച്ചു ശ്രദ്ധപിടിച്ചു പറ്റിയ വെല്ലിംഗ്ടൺ ഓർമ്മിക്കുന്നു.


ഇന്നു വെല്ലിംഗ്ടൺ സാമ്പത്തിക പ്രയാസത്തിലാണെന്നതു സത്യം മാത്രം." എനിക്കു സ്വന്തം വീടില്ല. ഭാര്യയുടെ വീടിന്റെ ഒരു ഭാഗത്തു താമസിക്കുന്നു. ഹൈസ്കൂളുദ്ധ്യാപകയായിരുന്ന ഭാര്യ എലിസബത്ത് റിട്ടയർ ചെയ്തു. രോഗി കൂടിയായ അവരുടെ കാര്യമോർക്കുമ്പോഴേ എനിക്കു മനപ്രയാസമുള്ളൂ. മുമ്പു ഞാൻ സ്വതന്ത്രനായിരുന്നു. ഇന്ന് എന്നെയും കാത്തു പ്രാർത്ഥിച്ചു കഴിയുന്ന ഭാര്യയുടെയടുത്ത് എത്തേണ്ട ബാധ്യതയെനിക്കുണ്ട്." വെല്ലിംഗ്ടന്റെ വാക്കുകളിൽ ആർദ്രത.

ഇന്നു വെല്ലിംഗ്ടൺ സാമൂഹിക പ്രവർത്തനങ്ങൾക്കൊപ്പം ശിവഗിരിയിലെ ശ്രീനാരായണ ട്രസ്റ്റിന്റെ സ്കൂളുകളുടെ മാനേജരായും പ്രവർത്തിക്കുന്നു. അരുവിപ്പുറം പ്രതിഷ്ഠാശതാബ്ദിയാഘോഷങ്ങളോടെയാണ് വെല്ലിംഗ്ടണും ശ്രീനാരായണ പ്രസ്ഥാനവുമായി അടുത്തത്.

**മാർഗ്ഗദർശികൾ** | **സഹപ്രവർത്തകർ**


ബിഷപ്പ് മാർ അപ്രേം


ബ്ര. ളൂയീസ് മഞ്ഞളി


ജോസഫ് വട്ടോലി


ടോം ജോസ്



malankaralibrary.com



# 20. ഫാ. വടക്കന്റെയും വെല്ലിംഗ്ടന്റെയും ജന്മദിനാഘോഷം

## വടക്കനച്ചന്റെ നിഴലായിട്ടാണ് ഞാൻ പ്രവർത്തിച്ചിട്ടുള്ളത് - ബി.വെല്ലിംഗ്ടൻ

ഫാ. വടക്കന്റെയും ബി. വെല്ലിംഗ്ടന്റെയും ജന്മദിനത്തോടനുബന്ധിച്ച് നടന്ന അനുമോദന സമ്മേളനത്തിൽ ബി. വെല്ലിംഗ്ടൺ നടത്തിയ അനുമോദന പ്രസംഗത്തിലെ ഏതാനും ഭാഗം ആണ് താഴെ ചേർത്തിരിക്കുന്നത്.

"When heart is full words are few"എന്ന ഇംഗ്ലീഷ് വാചകം എനിക്ക് ഓർമ്മ വരുകയാണ്. ഒരുപാട് സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി സ്നേഹംകൊണ്ട് ശ്വാസം മുട്ടുന്ന അനുഭൂതിയാണ് ഇവിടെ ഇരുന്നപ്പോൾ എനിക്ക് അനുഭവപ്പെട്ടത്. ഹൃദയംഗമമായ നന്ദി. വടക്കനച്ചന്റെ നിഴലായിട്ടാണ് ഞാൻ പ്രവർത്തിച്ചിട്ടുള്ളത്. എവിടെ വടക്കനച്ചനുണ്ടോ അവിടെ വെല്ലിംഗ്ടനുണ്ട്. എന്തെല്ലാം കാര്യങ്ങൾ അച്ചൻ ഏല്പിച്ചിട്ടുണ്ടോ ഞങ്ങൾ കൂടിയാലോചിച്ചശേഷം അതിനെ നടപ്പിൽ വരുത്തുവാൻ വെല്ലിംഗ്ടൺ ഉണ്ട്.


ഒരിക്കൽ ഉദയാ സ്റ്റുഡിയോയുടെ കുഞ്ചാക്കോ ഞങ്ങളെകണ്ടപ്പോൾ പറഞ്ഞു. മാർക്സും ലെനിനും പോലെയാ, താടിമാത്രം മാറിപ്പോയിയെന്നേയുള്ളൂ. മാർക്സിന് താടിയുണ്ടായിരുന്നു. ലെനിന് താടിയില്ല. ആ താടി മാത്രം മാറി. മാർക്സിന്റെ ആശയങ്ങൾ പ്രയോഗത്തിൽ വരുത്തിയ ലെനിനെപ്പോലെ വടക്കനച്ചന്റെ ആശയങ്ങൾ പ്രവർത്തിയിൽ വരുത്തുന്ന ആളാണ് വെല്ലിംഗ്ടൺ. ഇങ്ങോട്ട് വിട്ടു തരുന്നോയെന്ന് കുഞ്ചാക്കോ വടക്കനച്ചനോട് ചോദിച്ചു.

അച്ചനുമായി കൂടിയശേഷം ദൂരെയായിരുന്നുവെങ്കിലും ചിന്ത ഞങ്ങളുടേത് ഒന്നായിരുന്നു. കൊട്ടിയൂർ മേഖലയിൽ പ്രവർത്തിക്കുമ്പോഴാണ് ചുരുളികീരിത്തോട് കുടിയിറക്കിനെപ്പറ്റി വാർത്ത വന്നത്. കമ്മിറ്റി വിളിച്ചു കൂട്ടി അച്ചൻ പറഞ്ഞു "വെല്ലിംഗ്ടൺ കീരിത്തോട്ടിലേക്ക് ജാഥനയിക്കും." ഞാൻ എവിടെയാണെന്ന്പോലും അച്ചനറിയില്ല. ഞാനീവിവരം പത്രത്തിൽ നിന്നാണ് അറിയുന്നത്. മലബാർ എക്സ്പ്രസിനു ഞാനെത്തി. മൂന്നു മണിക്ക് തൃശൂരിലും. മുളയം ഓലയുമെടുത്ത് തോളത്തുവച്ച് "പകരം ഞങ്ങൾ കുടിലുകൾ കെട്ടും ഞങ്ങൾ പകരംവീട്ടും കട്ടായം എന്ന് ആർത്ത് വിളിച്ച് ചുരുളികീരിത്തോട്ടിലേക്ക് നീങ്ങി.



malankaralibrary.com

അതിനുമുൻപ് കൊട്ടിയൂർ ജാഥ നിയിക്കാൻ എന്നെ ഏല്പിച്ചു. ഇടയ്ക്ക് അച്ചൻ ബോംബെയ്ക്ക് പോയി. മകാരം മാത്യുവിന്റെ ഒരു ഗാനം, ആർത്തി രമ്പി വരുന്നുണ്ടേ, കാടും മേടും വിളനിലമാക്കി കർഷകരൊത്തുവരുന്നുണ്ടേ, ഈ ഗാനം പാടി. കൊട്ടിയൂർ നിന്നും തിരുവനന്തപുരത്തേക്ക് 46 ദിവസം നട ന്നാണ് തിരുവനന്തപുരത്തെത്തിയത്. അങ്ങനെ അഗ്നി പരീക്ഷണങ്ങൾ നേരി ടേണ്ടി വരുന്ന സന്ദർഭങ്ങളിലൊക്കെ വടക്കനച്ചന്റെ ശക്തമായ നേതൃത്വം താങ്ങും തണലുമായിനിന്ന് ഈ 75 വയസുവരെ എത്താൻ കഴിഞ്ഞു.



ഫാ. വടക്കനും വെല്ലിംഗ്ടണും ജന്മദിനാഘോഷ വേളയിൽ

ഒരിക്കൽ കെ. കെ. രാഹുലൻ വടക്കനച്ചനെ സന്ദർശിച്ച് ശിവഗിരി പ്രശ്നത്തിൽ അച്ചന്റെ അഭിപ്രായം പറയണം എന്ന് ആവശ്യപ്പെട്ടു അച്ചൻ പറഞ്ഞ വാക്കുകൾ ശ്രവിക്കുക. "എനിക്കുവേണ്ടപോലെ പഠിക്കാൻ കഴി ഞ്ഞില്ല നിങ്ങൾ വെല്ലിംഗ്ടനെ കണ്ട് സംസാരിച്ചോളൂ വെല്ലിംഗ്ടന്റെ അഭി പ്രായമാണ് എന്റെ അഭിപ്രായം. എന്നെ സന്തോഷിപ്പിക്കുകയും ആനന്ദി പ്പിക്കുകയും ചെയ്ത വാക്കുകളായിരുന്നു അത്.

ഇതുപോലൊരു സ്നേഹസദസ് സംഘടിപ്പിച്ച പ്രവർത്തകർക്ക് എന്റെ നന്ദി അറിയിക്കുന്നു.

**വർഗീസ് മേച്ചേരി**



കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെയും വിമോചനസമര ത്തിന്റെയും പ്രധാന പ്രവർത്തകൻ കമ്മ്യൂണിസ്റ്റുകാരുടെ ആക്രമ ണത്തിന് വിധേയനായവൻ - തൊഴിലാളി പത്രത്തിന്റെ ചീഫ് എഡി റ്റർ, കെ.ടി.പിയുടെ ജനറൽ സെക്രട്ടറി, പട്ടം കല്ലേറുകേസിലെ പ്രതി എന്നിങ്ങനെ വിവിധതലങ്ങളിൽ അറിയപ്പെടുന്നു.



malankaralibrary.com



# 21. വിതുമ്പുന്ന മനസ്സുമായി വടക്കനെച്ചനരികെ വെല്ലിംഗ്ടൺ

സാമൂഹ്യനീതിക്കുവേണ്ടി ഫാ.വടക്കൻ നടത്തിയ സമരങ്ങളിലെല്ലാം വടക്കനച്ചന്റെ വലം കൈയ്യായി നിന്നു പ്രവർത്തിച്ച വെല്ലിംഗ്ടൺ ഫാ. വടക്കന്റെ മരണവാർത്തയറിഞ്ഞ് തൊയ്ക്കാവിലേക്ക് ഓടിയെത്തി. വടക്കന്റെ മരണം ഇത്രപെട്ടെന്ന് സംഭവിക്കുമെന്ന് ആരും തന്നെ കരുതിയിരുന്നില്ല. പലപ്പോഴും ഫോണിൽ വടക്കനെച്ചനും വെല്ലിംഗ്ടണും പരസ്പരം ബന്ധപ്പെട്ടാണിരുന്നത്.

വടക്കനെച്ചന്റെ മരണവാർത്തയറിഞ്ഞ് തൊയ്ക്കാവിലെത്തിയ വെല്ലിംഗ്ടന്റെ വരവിനെപ്പറ്റി 2002 ഡിസംബർ 30-ലെ മനോരമ പത്രത്തിൽ വന്ന വാർത്ത താഴെ ചേർക്കുന്നു."ഊന്നുവടിയിൽ ശരീരം താങ്ങി, സഹായിയുടെ കൈപിടിച്ച് പരവശമായ മുഖത്തോടെ വെല്ലിംഗ്ടൺ എത്തി. ഫാ. വടക്കന്റെ സന്തത സഹചാരിയായിരുന്ന മുൻമന്ത്രി വെല്ലിംഗ്ടൺ എത്തിയതോടെ ഫാ. വടക്കന്റെ മൃതദേഹം കിടത്തിയ മുറ്റത്ത് ജനക്കൂട്ടം വഴിയൊരുക്കി.ശവമഞ്ചത്തിൽ തലചേർത്ത്, കണ്ണടച്ച്, നിശ്ശബ്ദ പ്രാർത്ഥനയിലെന്നപോലെ അൽപനേരം. പിന്നീട് വെല്ലിംഗ്ടൺ തലയുയർത്തി ഒരു നിമിഷം സഹപ്രവർത്തകന്റെ മുഖത്തേക്ക് നോക്കി, ചുണ്ടുകൾ വിറച്ചു. കുരിശു വരച്ച് കസേരയിൽ ഇരുന്നു.

ചില്ലുപാളികൾക്കപ്പുറത്ത് ശാന്തനായി ഉറങ്ങുന്ന വടക്കനെച്ചനെ തേങ്ങലടക്കാൻ ബുദ്ധിമുട്ടുന്ന മുഖത്തോടെ ഇടയ്ക്കിടെ നോക്കി. ഊന്നുവടിയ്ൽ ഇരുകരങ്ങളും വച്ച് അതിൽ മുഖമൂന്നി കുറെ നേരം ഒറ്റയിരിപ്പ്. പഴയ പരിചയക്കാർ പലരും  അടുത്തുവന്ന് വെല്ലിംഗ്ടന്റെ കരം ഗ്രഹിച്ചു. ഇടയ്ക്കിടെ കണ്ണടയെടുത്ത് കണ്ണിലെ നനവു തുടച്ചു. അരനൂറ്റാണ്ടു കാലത്തെ ഊഷ്മളബന്ധം മുറിഞ്ഞതിന്റെ നഷ്ടബോധത്തിൽ സ്വയം നഷ്ടപ്പെട്ട് അങ്ങനെ കുറേ നേരം.


ഇത്രപെട്ടന്ന് ഇങ്ങനെയൊക്കെ വരുമെന്ന് കരുതിയില്ല... അരികെ കൂടിയവരോട് ചുരുക്കം വാക്കുകളിൽ വെല്ലിംഗ്ടൺ പറഞ്ഞു. ആര നൂറ്റാണ്ടിനിടയിൽ പരസ്പരം ഒരിക്കലും പിണങ്ങാത്ത ബന്ധത്തെക്കുറിച്ചായിരുന്നു അദ്ദേഹം ഓർമ്മിച്ചത്. വ്യക്തി ബന്ധമോ, അരനൂറ്റാണ്ടിന്റെ രാഷ്ട്രീയ-സാമൂഹ്യ സാഹോദര്യമാണ് തീർന്നത്.

അച്ചൻ പറഞ്ഞത് ശിഷ്യന്മാരായ ഞങ്ങൾ എല്ലാം അനുസരിച്ചു. മല



malankaralibrary.com

യോര മേഖലയിലായാലും കുടിയിറക്കപ്പെട്ട കർഷകരുടെ കാര്യമായാലും എവിടെ വേദനിക്കുന്നവരുണ്ടോ അച്ചൻ എത്തുമായിരുന്നു. പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് രാഷ്ട്രീയമോ മതമോ തടസമായില്ല. വടക്കനച്ചൻ എപ്പോഴും മുന്നിലുണ്ടായിരുന്നു, ഭയം ഒരിക്കലും അദ്ദേഹത്തെ ബാധിച്ചില്ല. അച്ചന്റെ നേതൃത്വം എന്നത്തേക്കാളും സമൂഹത്തിന് ആവശ്യമായ കാലമാണിതെന്ന് ഏതാനും നാൾ മുമ്പ് അദ്ദേഹത്തെ ആദരിച്ച ചടങ്ങിൽ എല്ലാ നേതാക്കളും അഭിപ്രായപ്പെട്ടിരുന്നു. അടുത്ത ദിവസംവരെ ഫോണിൽ സംസാരിച്ചിരുന്നു. പക്ഷെ ഇത്രപെട്ടെന്ന്... വെല്ലിംഗ്ടന്റെ ശബ്ദം ഇടറി. ഒന്നുംമിണ്ടാനാകാതെ




ദിവംഗതനായ ഫാ. വടക്കന്റെ മൃതദേഹത്തിനരികിൽ ബി. വെല്ലിംഗ്ടൺ

ഊന്നുവടിയിൽ കൈകൾ ചേർത്ത് മുഖം കുനിച്ച് വീണ്ടും കുറെനേരം.!!

വടക്കനച്ചന്റെ മൃതദേഹ സംസ്കാരവും അനുശോചനയോഗവും എല്ലാം കഴിഞ്ഞ് വെല്ലിംഗ്ടൺ ദുഃഖഭാരവും പേറി കൊല്ലത്തേക്ക് മടങ്ങി. ഫാ. വടക്കന്റെ വിശ്വസ്ത മിത്രവും മലയോര കർഷക പ്രക്ഷോഭണങ്ങളിൽ എ.കെ.ജിയോടും ഫാ. വടക്കനോടും ബി.വെല്ലിംഗ്ടണോടും ഒപ്പം പ്രവർത്തിച്ച എ.ക.സി.സി പ്രസിഡന്റ് ജോൺ കച്ചിറമറ്റവും വെല്ലിംഗ്ടണോടൊപ്പം ഫാ. വടക്കന്റെ മൃതദേഹ സംസ്കാരങ്ങളിൽ പങ്കെടുത്തിരുന്നു.

### ആന്റണി വാഴപ്പള്ളി



ഫാ. വടക്കന്റെയും, വെല്ലിംഗ്ടന്റെയും പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്ന ആന്റണി വാഴപ്പള്ളി ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ ഫൗണ്ടേഷന്റെ വൈസ് പ്രസിഡന്റാണ്. മലയോര കർഷക ഫെഡറേഷന്റെ ട്രഷറർ, സമഗ്രസേനയുടെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു



malankaralibrary.com



# 22. ഗോവിന്ദപ്പിള്ളയുടെ കാഴ്ചപ്പാടിനെപ്പറ്റി

ബി. വെല്ലിംഗ്ടന്റെ നിര്യാണശേഷം കൗമുദി പത്രത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സൈദ്ധാന്തികനായ പി. ഗോവിന്ദപ്പിള്ള എഴുതിയ ലേഖനം ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ വെല്ലിംഗ്ടനെപ്പറ്റിയുള്ള ശരിയായ ഒരു കാഴ്ചപ്പാടാണ് ആ ലേഖനം. എന്നാൽ 2003 ജൂണിൽ ഗോവിന്ദപ്പിള്ള ഭാഷാപോഷണി പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിൽ 1967-ലെ മന്ത്രിസഭയുടെ അവസാനകാലത്തെപ്പറ്റി പ്രസ്താവിച്ചത് വിവാദപരമായിതീർന്നു. ഗോവിന്ദപ്പിള്ളയുടെ നിലപാട് ശരിയല്ലെന്ന് സി.പി.എം സംസ്ഥാന കമ്മറ്റി അഭിപ്രായപ്പെടുകയും പി.ജി നൽകിയ വിശദീകരണം മുഖവിലക്കെടുക്കാനാവില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഗോവിന്ദപ്പിള്ളയുടെ വിവാദ പ്രസ്താവന മനോരമ പത്രത്തിൽ ചേർത്തിരുന്നത് താഴെ ചേർക്കുന്നു.

"സി.പി.എം. നേതൃത്വത്തിലുള്ള മന്ത്രിസഭ 1969ൽ നേരിട്ട പ്രതിസന്ധിക്കു കാരണം കോൺഗ്രസിന് ഒപ്പം ചേർന്ന സി.പി.ഐ. നിലപാടായിരുന്നുവെന്ന് അന്നത്തെ ആരോഗ്യ മന്ത്രി ബി.വെല്ലിംഗ്ടൺ പറഞ്ഞു. ബി. വെല്ലിംഗ്ടണെ മാറ്റി നിർത്തി സർക്കാരിനെയും മുന്നണിയെയും രക്ഷിക്കുകയാണ് ഇ.എം.എസ്. ചെയ്യേണ്ടിയിരുന്നതെന്ന പി. ഗോവിന്ദപ്പിള്ളയുടെ പരാമർശത്തോടു പ്രതികരിക്കുകയായിരുന്നു മുൻ മന്ത്രി.

"ഇ.എം.എസിന് വഴിതെറ്റി എന്നു തെളിയിക്കാൻ ഉന്നയിക്കുന്ന കാര്യങ്ങളിൽ എന്റെ കാര്യം കൂടി പരാമർശിച്ച പി. ഗോവിന്ദപ്പിള്ളയുടെ കാഴ്ചപ്പാട് ശരിയല്ല. അന്നത്തെ സംഭവ വികാസങ്ങളിൽ ഗോവിന്ദപ്പിള്ള വേണ്ട പോലെ ഇടപെട്ടിരുന്നില്ല. രാഷ്ട്രീയ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് സി.എച്ച്. കണാരനും അഴീക്കോടൻ രാഘവനും ഇ.എം.എസും ആയിരുന്നു. മാർക്സിസ്റ്റ് വിരോധികൾ എന്നെ എതിർക്കാൻ തയ്യാറായത് മാർക്സിസ്റ്റ് പാർട്ടിയുമായി ചേർന്നു നിന്നാൽ ഭവിഷ്യത്ത് ഗുരുതരമാകുമെന്നും തന്റെ പോക്കു ശരിയല്ലെന്നും ടി.വി. തോമസ് ഭീഷണിസ്വരത്തിൽ പറഞ്ഞപ്പോഴും ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞത് ഇങ്ങനെയായിരുന്നു. നിങ്ങൾ ഒന്നായി നിന്ന കാലത്ത് എതിർത്തവനാണ് ഞാൻ. എന്റെ നിലപാടിന് എപ്പോഴും എനിക്ക് നീതികരണമുണ്ട്. നിലപാട് തെറ്റാണെന്നു ബോധ്യപ്പെടുത്തിയാൽ തിരുത്താനും തയ്യാറാണ്. സി.പി.എമ്മിനെ എതിർക്കേണ്ട കാര്യങ്ങൾ ഉണ്ടായിട്ടില്ല. എനിക്കെതിരായി നിരന്തരം വന്ന ആരോപണങ്ങളെ ചെറുക്കാൻ വേണ്ട കരുത്ത് എന്റെ പാർട്ടിക്കില്ലായിരുന്നു. വടക്കനച്ചനുമായി ആലോചിച്ചു മന്ത്രി സ്ഥാനവും എം.എൽ.എ സ്ഥാനവും രാജിവയ്ക്കാനും



malankaralibrary.com

തീരുമാനിച്ചിരുന്നു. ഈ വിവരം ഐക്യമുന്നണി കൺവീനറായിരുന്ന അഴീക്കോടൻ രാഘവനെ അറിയിക്കുകയും ചെയ്തു. എടുത്തു ചാടി ഒന്നും ചെയ്യരുതെന്നായിരുന്നു അഴീക്കോടന്റെ മറുപടി. രണ്ടു ദിവസത്തിനുശേഷം അന്നത്തെ സി.പി.എം. അഖിലേന്ത്യാ സെക്രട്ടറി സുന്ദരയ്യ കേരളത്തിലെത്തിയപ്പോൾ അഴീക്കോടന്റെ നിർദ്ദേശങ്ങൾ വടക്കൻ അച്ചനുമൊത്ത് അദ്ദേഹത്തെ കണ്ടു വിഷയം അവതരിപ്പിച്ചു.

രാഷ്ട്രീയത്തിന്റെ അന്നത്തെ പോക്ക് മന്ത്രിസഭയുടെ പതനത്തിൽ എത്തി എന്നുവരും എന്നതിനാൽ രാജിവയ്ക്കാമെന്നും പറഞ്ഞു. അപ്പോൾ സുന്ദരയ്യയുടെ മറുപടി ഇങ്ങനെയായിരുന്നു.

"If Wellington surrenders they will catch Mathai(മത്തായി മാഞ്ഞൂരാൻ), if Mathai also surrenders they will catch Impichi. If Impichi surrenders they will catch Krishna, if Krishna surrenders they will catch Gouri. So it isa political fight, let us fight".

(മത്തായി മാഞ്ഞൂരാൻ), ഇതിന്റെ ഭവിഷ്യത്തിനു ഞാൻ ഉത്തരവാദി അല്ലെന്ന് സുന്ദരയ്യ പറഞ്ഞു. ഇ.എം.എസ്. ആവർത്തിച്ചു. സി.പി.ഐ. കോൺഗ്രസിന് ഒപ്പം പോകില്ലെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. ഇതിനിടയിൽ വടക്കനച്ചൻ പുതിയ നിർദ്ദേശം വച്ചു. ആരോപണ വിധേയരായ എല്ലാ മന്ത്രിമാരേയും മാറ്റി നിർത്തി ഇ.എം.എസ് പുതിയ മന്ത്രിസഭ രൂപീകരിക്കണം, അന്വേഷണവും നടത്തണം.

1969 ഒക്ടോബർ മൂന്നിലെ അസംബ്ലി നടപടി ക്രമങ്ങളെപ്പറ്റി നന്നായി ഗോവിന്ദപ്പിള്ളയ്ക്ക് അറിയാം. എനിക്ക് എതിരായ പ്രമേയം നിയമസഭയിൽ വോട്ടിന് ഇട്ടില്ല. മറുപടി പറയാൻ സ്പീക്കർ അവസരം തന്നിരുന്നില്ല. അവസരം ആവശ്യപ്പെട്ടു മുന്നോട്ടു ചെന്നതിനു തല്ലാൻ ചെല്ലുന്നു എന്നു പറഞ്ഞ് പിറകോട്ട് ഓടുകയായിരുന്നു സ്പീക്കർ; ചേംബറിൽ ചെന്നിരുന്ന് പത്രക്കാരെ വിളിച്ചു വോയ്സ് വോട്ടിൽ പ്രമേയം പാസായതായി അറിയിക്കുകകയായിരുന്നു. ഇതിൽ ക്ഷുഭിതനായ ഗോവിന്ദപ്പിള്ളി സ്പീക്കർക്കെതിരായ അവിശ്വാസ പ്രമേയം പ്രഖ്യാപിച്ചു. പിന്നീട് നടന്ന കൂടിയാലോചനയുടെ ഫലമായിട്ടാണ് സ്പീക്കർക്കെതിരായി അവിശ്വാസ പ്രമേയം ഗോവിന്ദപ്പിള്ള പിൻവലിച്ചത്.

ഇ.എം.എസ്. പ്രായോഗിക രാഷട്രീയം കൈകാര്യം ചെയ്യുന്ന നേതാവായിരുന്നു. സന്ദർഭത്തിനൊത്ത് അത് ഉപയോഗിക്കാൻ അദ്ദേഹത്തിനറിയാം. തത്വവും പ്രയോഗവും ഒരുമിച്ചു കൈകാര്യം ചെയ്യുന്ന രാഷ്ട്ര തന്ത്രജ്ഞനായിരുന്ന അദ്ദേഹത്തെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നതു നല്ലതല്ല. ഗോവിന്ദപ്പിള്ള താത്വികാചാര്യനാണ്. അറിവിനായി ദാഹിക്കുന്നയാളുമാണ്. ഇപ്പോൾ ഇ.എം. എസിനെതിരെ തിരിഞ്ഞതെന്താണെന്ന് അറിയില്ല. ഗോവിന്ദപ്പിള്ളയെ നേരിൽ കണ്ടാൽ അതേപ്പറ്റി ചോദിക്കുമെന്നു ബി. വെല്ലിംഗ്ടൺ പറഞ്ഞു.



malankaralibrary.com

## ഗോവിന്ദപ്പിള്ളയുടെ വാദങ്ങൾ സി.പി.എം. പരസ്യമായി ഖണ്ഡിക്കുന്നു - (മനോരമയിൽ വന്ന റിപ്പോർട്ട് 25-06-2003)

ഭാഷാപോഷിണി അഭിമുഖത്തിൽ പി. ഗോവിന്ദപ്പിള്ള നടത്തിയ വിവാദപരാമർശങ്ങൾ സി.പി.എം. നേതൃത്വം അപ്പാടെ തള്ളി. പി.ജി.നൽകിയ വിശദീകരണം മുഖവിലയ്ക്കെടുക്കാനാവില്ലെന്നും സംസ്ഥാന കമ്മിറ്റി പറയുന്നു. പി.ജി.യുടെ പരാമർശങ്ങളെ അതിനിശിതമായി വിമർശിച്ചുകൊണ്ടുള്ള കുറിപ്പിലാണ് പാർട്ടിയുടെ കാഴ്ചപ്പാടുകൾ വിശദീകരിച്ചിട്ടുള്ളത്.

ഇ.എം.എസിനെതിരെ പി.ജി. ഉന്നയിച്ച വിമർശനങ്ങൾ സംസ്ഥാന കമ്മിറ്റി അക്കമിട്ട് ഖണ്ഡിക്കുന്നു. 1969-ലെ ഐക്യമുന്നണി സർക്കാരിന്റെ പ്രതിസന്ധി അതിജീവിക്കാൻ ഇ.എം.എസ്. വിചാരിച്ചാൽ കഴിയുമായിരുന്നു എന്നാണ് അഭിമുഖത്തിൽ. കേന്ദ്ര നേതൃത്വത്തിന് വഴങ്ങി ഇ.എം.എസ്. ഇവിടെയുള്ള ഘടകകക്ഷികളെ എതിരാക്കുകയാണ് ചെയ്തതെന്ന പി.ജി.യുടെ പുതിയ ബോധോദയത്തിന് ഒരുവിധ അടിസ്ഥാനവുമില്ലെന്ന് കമ്മറ്റി പറയുന്നു. കോൺഗ്രസുമായി കൂട്ടുചേർന്ന് ഐക്യമുന്നണിയെ തകർക്കാൻ സി.പി.ഐ.യുടെ നേതൃത്വത്തിൽ അന്നത്തെ മുന്നണി ഘടകകക്ഷികൾ നടത്തിയ ശ്രമത്തെപ്പറ്റി നേരിട്ടറിയാവുന്ന പി.ജി. ഇവിടെ വസ്തുതകൾ മറച്ചു വയ്ക്കുകയും വളച്ചൊടിക്കുകയും ചെയ്ത് ഇ.എം.എസിനെ അനാവശ്യമായി കുറ്റപ്പെടുത്തുകയാണ്. അന്നത്തെ കുഴപ്പത്തിനു വെല്ലിംഗ്ടണൊന്നുമല്ല കാരണമെന്നറിയാവുന്ന പി.ജി. വെല്ലിംഗ്ടണെ പതിക്കെയൊന്നു മാറ്റി അഡ്ജസ്റ്റ് ചെയ്തു കൂടായിരുന്നോ എന്ന നിരർത്ഥകമായ ചോദ്യം ഇന്നയിക്കുന്നതിൽ പ്രസക്തിയില്ല.

അമരാവതി സമരത്തെയും എ.കെ.ജിയുടെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധ ജാഥകളെയും പ്രക്ഷോഭങ്ങളെയും തള്ളിപ്പറയുന്ന പരാമർശങ്ങളാണ് അഭിമുഖത്തിലുള്ളത്. അച്യുതാനന്ദനൊക്കെ 63-64 ൽ സാധാരണ മെംബറായിരുന്നു. സാധാരണ കൗൺസിലർ എന്ന് പി.ജി. പറയുമ്പോൾ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽ കൗൺസിലിൽ നിന്ന് ഇറങ്ങി വന്ന 32 പേരിൽ ഒരാളായിരുന്നു വി.എസ്, എന്നത് അദ്ദേഹം മറന്നു പോകാനിടയില്ല. അത്തരത്തിൽ സി.പി.എം സ്ഥാപകാംഗങ്ങൾ എന്നതിലേക്ക് പരിഗണിക്കേണ്ട ഗണത്തിലാണ് വി.എസ്.പെടുന്നത്.

സ്റ്റാലിനുമായി താരതമ്യം ചെയ്തുകൊണ്ട് ഇ.എം.എസ്. സഖാക്കളെ നിസ്തേജരാക്കിയെന്ന ആക്ഷേപവും അടിസ്ഥാനരഹിതമാണെന്നു പാർട്ടി പറയുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അടിസ്ഥാന കാര്യങ്ങളിൽ ആശയപരമായ ഭിന്നത ശക്തിപ്പെടുന്നതു നാലാം പാർട്ടി കോൺഗ്രസ് മുതലാണ്.പി.ജി. പറയുന്ന സി.പി.ഐ. നേതാക്കൾ ആ കാലം മുതൽ റിവിഷനിസത്തിന്റെ ആശാന്മാരായി അവിഭക്ത പാർട്ടിയിൽ പ്രവർത്തിക്കുകയായിരുന്നു. അവരെ സി.പി.ഐയിലേക്കു തള്ളിവിട്ടതിന്റെ ഉത്തരവാദിത്തം ഇ.എം.എസിന്റെ ചുമലിലിടുന്നത് യാഥാർത്ഥ്യങ്ങൾക്കെതിരാണ്.



malankaralibrary.com

# 23. വെല്ലിംഗ്ടണും സമുദായ പ്രവർത്തനവും

വിദ്യാർത്ഥി ജീവിതകാലത്ത് സഭാ പ്രവർത്തനങ്ങളിൽ താല്പര്യ പൂർവ്വം പങ്കെടുത്തിരുന്നുവെന്ന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

സജീവ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനായിരുന്നപ്പോഴും സമുദായ പ്രവർത്തനങ്ങളിൽ വെല്ലിംഗ്ടൺ ഏർപ്പെട്ടിരുന്നു. സമുദായ സംവരണത്തിനെതിരായ നീക്കങ്ങൾ ഉണ്ടായപ്പോഴെല്ലാം പിന്നോക്ക വിഭാഗങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളിൽ വെല്ലിംഗ്ടൺ തന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. 1967 കാലങ്ങളിൽ വെല്ലിംഗ്ടൺ മന്ത്രിയായിരുന്ന കാലത്താണ് കർദ്ദിനാൾ ഫ്രസ്റ്റം ബർഗ് കേരളം സന്ദർശിക്കുന്നത്. കേരള സർക്കാരിന്റെ പ്രതിനിധിയായി കർദ്ദിനാളിനെ സ്വീകരിക്കുവാൻ മന്ത്രി വെല്ലിംഗ്ടനെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ തീരുമാനങ്ങൾ ഭാരതസഭയിൽ എങ്ങനെ നടപ്പാക്കാമെന്നതിനെപ്പറ്റി ചർച്ച ചെയ്യുവാൻ ദേശീയ തലത്തിലും റീജിയണൽ തലത്തിലും ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ കേന്ദ്രീകരിച്ച് സെമിനാറുകൾ എല്ലാ രൂപതകളുടെയും പ്രാതിനിദ്ധ്യ സ്വഭാവത്തോടുകൂടി വിളിച്ചു കൂട്ടുകയുണ്ടായല്ലോ. കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ 1968 ഡിസംബറിൽ ആലുവാ സെമിനാരിയിൽ നടന്ന പഞ്ചദിന സെമിനാറിൽ മന്ത്രി ബി.വെല്ലിംഗ്ടൺ പങ്കെടുക്കുകയുണ്ടായി. സെമിനാറിൽ നടന്ന ഗ്രൂപ്പ് ചർച്ചകളിലും പൊതുസമ്മേളനങ്ങളിലും വെല്ലിംഗ്ടൺ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. കേരളസഭയുടെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമായിന്നു റീജിയണൽ സെമിനാർ. 1969 മെയ് മാസത്തിൽ സി.ബി.സി ഐയുടെ ആഭിമുഖ്യത്തിൽ ബാംഗ്ളൂർ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന ദേശീയ സെമിനാറിലും വെല്ലിംഗ്ടൺ പങ്കെടുത്ത് സമ്മേളനത്തിന് നേതൃത്വം നൽകുകയുണ്ടായി.

60 കളിൽ സംസ്ഥാന തലത്തിൽ ഭക്തസംഘടനകളുടെ യോഗങ്ങളിലെ മുഖ്യ പ്രഭാഷകനായിരുന്നു വെല്ലിംഗ്ടൺ. സത്യസായി--- കൺവെൻഷനുകളിലെ വെല്ലിംഗ്ടന്റെ പ്രസംഗം വി. യോഹന്നാന്റെ സുവിശേഷത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. അങ്ങനെ സുവിശേഷത്തെ കേന്ദ്രീകരിച്ചുള്ള പ്രസംഗങ്ങളായിരുന്നു സത്യസായി ബാബായ്ക്കും ഇഷ്ടം.


ആളൂർ ബറ്റർ ലൈഫ് സെന്റർ സ്ഥാപകൻ ഫാ. ജോസ് അക്കരക്കാരനായിരുന്നുവല്ലോ. അദ്ദേഹമാണ് കേരളത്തിൽ റീത്തുകൾക്കും രൂപത



malankaralibrary.com



കൾക്കും അതീതമായി ക്രൈസ്തവ ജനതയുടെ കൂട്ടായ്മ കെട്ടിപ്പെടുക്കുവാൻ ആദ്യമായി ശ്രമിച്ചത്. ആശ്രമങ്ങളുടെ പിന്നിൽ ബി.വെല്ലിംഗ്ടൺ സജീവമായി പങ്കു ചേർന്നിരുന്നു. ഫ. അക്കരക്കാരൻ കേരള ക്രൈസ്തവരുടെ മുഴുവൻ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് വർഷം തോറും നടത്തി വന്നിരുന്ന കേരള സഭാസെമിനാറിൽ ആദ്യന്തം പങ്കെടുത്തുകൊണ്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചും ചർച്ചകൾക്ക് നേതൃത്വം നൽകിയും ചെയ്ത പ്രവർത്തനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല.



ഫാ. ജോസ്
അക്കരക്കാരൻ

കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ കീഴിൽ രൂപംകൊണ്ട ഒരു പ്രസ്ഥാനമായിരുന്നു കേരളാ എക്യുമിനിക്കൽ യൂത്ത് മൂവ്മെന്റ്. ഈ ഗ്രന്ഥകാരൻ അതിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും പിന്നീട് ചെയർമാനുമായിരുന്നു. എക്യുമിനിക്കൽ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദിവാസികളെപ്പറ്റി ഒരു സമഗ്രപഠനം നടത്തുകയുണ്ടായി. ആ പഠന റിപ്പോർട്ട് കേന്ദ്രമന്ത്രി ഗുരുപാദസ്വാമിക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. എറണാകുളത്ത് ഗസ്റ്റ് ഹൗസിൽ എത്തിയപ്പോൾ ഞങ്ങളുടെ സംഘത്തിൽ വെല്ലിംഗ്ടണും കൂടി ഉൾപ്പെടണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. ഞങ്ങളുടെ പഠനറിപ്പോർട്ട് വായിച്ചതിനുശേഷം അദ്ദേഹം വലിയ മൂന്നു പുസ്തകങ്ങൾ എടുത്ത് ഞങ്ങളെ കാണിച്ചു. ലോകത്തെങ്ങുമുള്ള ആദിവാസികളെപ്പറ്റിയുള്ള വിവരങ്ങളടങ്ങിയ പുസ്തകത്തിന്റെ മൂന്നു വാല്യങ്ങളായിരുന്നു അത്. കേന്ദ്രമന്ത്രി ഗുരുപാദസ്വാമിയുടെ മുൻപിൽ ഞങ്ങൾ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ലോകത്തെങ്ങുമുള്ള ആദിവാസികളുടെ ചരിത്രം വെല്ലിംഗ്ടൺ കേന്ദ്രമന്ത്രിക്ക് വിശദീകരിച്ചുകൊടുത്തു. ഓരോ പ്രദേശത്തെയും ആദിവാസികളുടെ സമഗ്ര പുരോഗതിക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളെപ്പറ്റിയും അദ്ദേഹം വിവരിച്ചു. കേരളത്തിലെ ആദിവാസികളുടെ സമഗ്ര പുരോഗതിക്കുവേണ്ടി ക്രൈസ്തവ സമൂഹം അനുഷ്ഠിച്ച സേവനങ്ങളെപ്പറ്റി വിശദീകരിച്ച ബി.വെല്ലിംഗ്ടൺ മറ്റാർക്കും ചെയ്യാൻ സാധിക്കാത്ത കാര്യങ്ങളാണിവയെന്നും സൂചിപ്പിച്ചു.

കേന്ദ്ര മന്ത്രി ഗുരുപാദ സ്വാമി വെല്ലിംഗ്ടന്റെ വിശദീകരണം വളരെ ശ്രദ്ധിച്ചു കേട്ടതിനുശേഷം നിങ്ങൾക്ക് ഇനി തുടർന്ന് പ്രവർത്തിക്കാൻ സാധിക്കുമെങ്കിൽ മൂന്നു കോടിരൂപായുടെ ഒരു പദ്ധതി തയ്യാറാക്കാൻ പറഞ്ഞു. ആ പദ്ധതി ഏറ്റെടുക്കാൻ എക്യുമിനിക്കൽ യൂത്ത് മൂവ്മെന്റിന് സാധിച്ചില്ലെന്നതാണ് പരമാർത്ഥം. ഏതു വിഷയത്തെപ്പറ്റിയും അഗാധമായ അറിവ് വെല്ലിംഗ്ടണ് ഉണ്ടെന്നുള്ളതിന് ഒരു തെളിവായിരുന്നു ഈ നിവേദന സമർപ്പണവേദി. ഈ രംഗത്ത് വെല്ലിംഗ്ടന്റെ പാണ്ഡിത്യത്തെ കേന്ദ്രമന്ത്രി ഗുരുപാദസ്വാമി പ്രശംസിച്ചത് ഇന്നും ഓർമ്മിക്കുകയാണ്.



malankaralibrary.com

എൽത്തുരുത്ത് സെന്റ് ആലോഷ്യസ് കോളേജ് ഉൾപ്പെടെ അനവധി സ്ഥാപനങ്ങൾ കത്തോലിക്കാ സമുദായത്തിന് നേടിക്കൊടുക്കുവാൻ വെല്ലിംഗ്ടണ് സാധിച്ചു.

## മറിയക്കുട്ടി കൊലക്കേസ്

ശ്രീ.ബി. വെല്ലിംഗ്ടൺ മന്ത്രിയായിരുന്ന കാലത്താണ് മറിയക്കുട്ടികൊലക്കേസു നടന്നത്. ഫാ. ബനഡിക്ട് ആയിരുന്നു പ്രധാന പ്രതി. കേസ് വിചാരണയിൽ ഫാ. ബനഡിക്ട് ശിക്ഷിക്കപ്പെട്ടു. ഹൈക്കോടതിയിൽ അപ്പീൽപോയി. ഫാ. ബനഡിക്ട് നിരപരാധിയാണെന്ന് ഹൈക്കോടതി കണ്ടെത്തി. ശിക്ഷ തള്ളിക്കളഞ്ഞു. ആ കേസിൽ സർക്കാർ സുപ്രീം കോടതിയിൽ പോകണമെന്ന വാദമുയർന്നു. ബി. വെല്ലിംഗ്ടന്റെ കല്പനാമന്ദിരത്തിൽ ചേർന്ന ലയ്സൺ— കമ്മറ്റിയോഗത്തിൽ രണ്ടു മന്ത്രിമാർ അപ്പീൽ പോകണമെന്ന് വാദിച്ചു. ചർച്ച ഗുരുതരമായി മന്ത്രി ടി വി. തോമസ്, വെല്ലിംഗ്ടണെ അകത്തെ മുറിയിലേക്ക് വിളിച്ചു ഇത് സംബന്ധിച്ച് ഇന്ന് ഒരു തീരുമാനമെടുപ്പിക്കരുതെന്നും നാളെത്തെ യോഗത്തിലേക്ക് ഫാ. വടക്കനെ കൊണ്ടുവരണമെന്നും മന്ത്രി ടി.വി. തോമസ് പറഞ്ഞു. അപ്പോൾ കല്പന മന്ദിരിത്തിൽ ഉണ്ടായിരുന്ന എന്നെ ഇതു സംബന്ധിച്ചു ചില ക്രമീകരണങ്ങൾ നടത്തുവാൻ മന്ത്രി തോമസും വെല്ലിംഗ്ടണും ചുമതലപ്പെടുത്തി.


ഫാ. ബനഡിക്ട് ഓണംകുളം

കേസ് സുപ്രീം കോടതിയിലേക്കയക്കുകയാണെങ്കിൽ മന്ത്രിസ്ഥാനം രാജിവയ്ക്കുവാൻ വടക്കനച്ചൻ വെല്ലിംഗ്ടന് നിർദ്ദേശം കൊടുക്കുകയും മുഖ്യമന്ത്രിക്ക് വെല്ലിംഗ്ടൺ രാജികത്ത് നൽകുകയും ചെയ്തു. പിറ്റേന്നു നടന്ന യോഗത്തിൽ ഫാ.വടക്കനും സന്നിഹിതനായിരുന്നു. കേസ് സുപ്രീം കോടതിയില്ക്കയെക്കണമെന്ന് യോഗത്തിൽ രണ്ടുപേർ അഭിപ്രായപ്പെട്ടു. ഫാ. വടക്കൻ ഇരുന്ന കസേര പുറകോട്ട് തള്ളിമാറ്റി എഴുന്നേറ്റു. ഈ മന്ത്രിസഭയിൽ ഇനി വെല്ലിംഗ്ടൺ ഉണ്ടാവുകയില്ലെന്ന് മാത്രം പറഞ്ഞ് സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോയി. അന്തരീക്ഷം നിശബ്ദമായി. എല്ലാവരും ഇനി എന്ത്? എന്ന ചിന്തയിലായി. ഏതായാലും കേസ് സുപ്രീംകോടതിക്ക് വിടണ്ടായെന്ന് തീരുമാനിച്ചു. മന്ത്രി ടി. വി. തോമസിന്റെ സന്ദർഭോചിതമായ ഇടപെടലും വെല്ലിംഗ്ടന്റെ രാജിയും ഫാ. വടക്കന്റെ ധീരമായ നിലപാടും പ്രശ്നം അവിടംകൊണ്ട് അവസാനിപ്പിച്ചു. ഫാ. ബനഡിക്ട് നിരപരാധിയാണെന്ന ഉത്തമബോദ്ധ്യം ഫാ. വടക്കനും വെല്ലിംഗ്ടണമുണ്ടായിരുന്നു. പിൽക്കാലത്ത് സത്യം തിരിച്ചറിയുകയും ചെയ്തുവല്ലോ.



malankaralibrary.com



# ശ്രീ നാരായണ ദർശനാചാര്യൻ

മന്ത്രിസ്ഥാനവും എം.എൽ.എ. സ്ഥാനവും കഴിഞ്ഞതിനുശേഷം വെല്ലിംഗ്ടൺ സാമൂഹ്യപ്രവർത്തനങ്ങളിൽ ശ്രദ്ധാലുവായി. അരുവിപ്പുറം പ്രതിഷ്ഠാശതാബ്ദിയാഘോഷങ്ങളിൽ പ്രധാനപങ്കുവഹിച്ച വെല്ലിംഗ്ടൺ പിന്നീട് ശ്രീനാരായണ പ്രസ്ഥാനവുമായി അടുത്ത് പ്രവർത്തിക്കുകയുണ്ടായി. ശിവഗിരിയിലെ ശ്രീനാരായണ ട്രസ്റ്റിന്റെ സ്കൂളുകളുടെ മാനേജരായി എട്ടുവർഷക്കാലം അദ്ദേഹം പ്രവർത്തിച്ചു. 2000-ലെ വിനോദകൗമുദി ഓണം വിശേഷാൽ പതിപ്പിൽ ബാബുരാജ് ഇപ്രകാരം എഴുതിയിരിക്കുന്നു.

"മുൻമന്ത്രി ബി. വെല്ലിംഗ്ടൺ ശ്രീനാരായണഗുരുവിനെപ്പറ്റി പഠിക്കുകയും ഗുരുവിന്റെ ദർശനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഒരു തപസ്യയായി സ്വീകരിച്ചിരിക്കുന്നു. ഗുരുദേവദർശനങ്ങൾ സമുദായനേതാക്കളിലും ജനങ്ങളിലും വേണ്ടപോലെ എത്തിയിട്ടില്ല എന്നതിൽ അദ്ദേഹത്തിന് ഖേദമുണ്ട്. ഭാരതത്തിന്റെ ഭാവിക്ക് ഗുരുദേവ ദർശനങ്ങൾ വഴികാട്ടി ആകണമെങ്കിൽ ഇതരഭാഷകളിലേക്ക് ഗുരുദേവദർശനങ്ങൾ വിവർത്തനം ചെയ്യപ്പെടേണ്ടതുണ്ട്. കേരളത്തിന് വെളിയിൽ ഗുരുദ്ദേവദർശനങ്ങളെപ്പറ്റി കേൾക്കാൻ കഴിഞ്ഞപ്പോൾ പിന്നോക്ക വിഭാഗക്കാർ വളരെ ആവേശത്തോടുകൂടിയാണ് അവയെ സ്വീകരിച്ചത്. മതത്തിന്റെ പേരിലും, ജാതിയുടെ പേരിലും, കെട്ടി ഉയർത്തപ്പെട്ടിട്ടുള്ള വൻമതിലുകളെ തട്ടിത്തകർക്കാൻ ഗുരുദേവദർശനങ്ങൾക്കു കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇന്ത്യയെ കാർന്നു തിന്നുന്ന ക്യാൻസർപോലെ, ജാതിയും പ്രാദേശികത്വവും ഭീകരരൂപം കൊള്ളുന്ന പ്രതിസന്ധികളെ, ഗുരുദേവദർശനങ്ങൾക്ക് സൗമ്യമായി നേരിടാൻ കഴിയും "ദൈവശതകം" എന്ന സർവ്വമത പ്രാർത്ഥന എല്ലാ മതസ്ഥർക്കും ഒരുമിച്ചിരുന്നു ചൊല്ലാൻ പറ്റിയതാണ്. അത് വേദാന്തസാര സംഗ്രഹമാണ്. ശ്രീനാരായണ കൃതികളെപ്പറ്റി ഇത്രത്തോളം അറിവു പകരാൻ കഴിവുള്ളവരിൽ ശ്രീ. വെല്ലിംഗ്ടൺ വേറിട്ടു നിൽക്കുന്നു. ക്രിസ്തീയ സമുദായത്തിൽ ജനിച്ച് കേരള രാഷ്ട്രീയത്തിലും സാമൂഹിക സാംസ്കാരിക രംഗത്തും തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചയാളാണ് ബി. വെല്ലിംഗ്ടൺ. ഇ.എം. എസ്. മന്ത്രിസഭയിൽ ആരോഗ്യവകുപ്പു മന്ത്രിയായിരുന്നു. എതിരാളിയെ നിരായുധനാക്കാൻ പര്യാപ്തമായ വാക്ചാതുര്യം അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ശ്രീനാരായണ കൃതികൾക്കു പുറമെ ഹിന്ദുപുരാണങ്ങൾ, ഭഗവത്ഗീത, ഖുറാൻ, ബൈബിൾ എന്നിവയിൽ വളരെ അധികം അറിവു നേടിയിട്ടുള്ള അദ്ദേഹം മുണ്ടയ്ക്കലുള്ള വസതിയിൽ ഭാര്യ എലിസബത്ത് ടീച്ചറുമൊത്ത് ജീവിതത്തിന്റെ സായം സന്ധ്യയിൽ ജീവിതം നയിക്കുന്നു.

ഗാന്ധിയൻ ആദർശങ്ങളിലും വിശ്വാസപ്രമാണങ്ങളിലും അടിയുറച്ച് വിശ്വസിക്കുന്ന വെല്ലിംഗ്ടൺ ഇന്നത്തെ ധാർമ്മികത്തകർച്ചയിൽ അസ്വസ്ഥനാണ്."



malankaralibrary.com

# സത്യസായി ബാബാ

വെല്ലിംഗ്ടൺ സത്യസായി ബാബായെ ആദ്യം കാണുന്നത് ആരോഗ്യമന്ത്രിയായിരുന്നപ്പോഴാണ്. ബാബായുമായി ബന്ധപ്പെടുവാൻ ആദ്യം വെല്ലിംഗ്ടൺ ഇഷ്ടപ്പെട്ടിരുന്നില്ല. ബാബാ ഒരു തട്ടിപ്പുകാരനാണെന്നായിരുന്നു വെല്ലിംഗ്ടന്റെ അഭിപ്രായം. 1967-ൽ സായി ഭക്തർ തൃപ്പൂണിത്തറ ആശുപത്രിയിൽ നിർമ്മിച്ച വാർഡ് ഉദ്ഘാടനം ചെയ്യാൻ ബാബ എത്തിയപ്പോൾ ആരോഗ്യ മന്ത്രി വെല്ലിംഗ്ടണോട് ചടങ്ങിൽ പങ്കെടുക്കാൻ ഇ.എം.എസ് നിർദ്ദേശിച്ചു. എന്നാൽ ആദ്യം അദ്ദേഹം പോകാൻ തയ്യാറായില്ല. പിന്നീട് ടി.കെ. രാമകൃഷ്ണനൊപ്പമാണ് വെല്ലിംഗ്ടൺ ചടങ്ങിനെത്തിയത്. അവിടെവച്ചാണ് ബാബയെ ആദ്യമായി പരിചയപ്പെടുന്നത്.

എന്നാൽ പിന്നീട് സായിബാബയുടെ സാമൂഹ്യ പ്രവർത്തനങ്ങളിൽ വെല്ലിംഗ്ടണ് താല്പര്യമായി. പിന്നീട് കേരളത്തിലെ സായി ഭക്തരിൽ ഒന്നാമനായിതീർന്നു. ബാബയ്ക്കൊപ്പം പ്രസംഗിക്കുവാൻ കിട്ടിയ നിമിഷങ്ങൾ അയവ് ഇറക്കുമ്പോഴും 53 മണികളുള്ള ജപമാല ഈ മനുഷ്യൻ കൈയൊഴിയുന്നില്ല. ഇ.എം.എസിനെയും അഴീക്കോടൻ രാഘവനെയും മത്തായി മാഞ്ഞൂരാനെയും ഇഷ്ടപ്പെടുന്നതുപോലെ ശാശ്വതീകാനന്ദസ്വാമിയേയും ആർ.എസ്.എസ് മേധാവി സുദർശനെയും വെല്ലിംഗ്ടൺ സ്നേഹിച്ചിരുന്നു. ക്ഷേത്രങ്ങളിൽ ആദ്ധ്യാത്മിക പ്രഭാഷണത്തിനുള്ള അവസരങ്ങളൊന്നും ഒരിക്കലും പാഴാക്കിയിരുന്നില്ല.

ഗുരുദേവന്റെയും സായിബാബയുടെയും ആദർശങ്ങൾ സമന്വയിപ്പിച്ച് പുതിയൊരു സന്ദേശവുമായി 2004 -ലെ ഗുരുദേവജയന്തി ദിവസം വർക്കല



ഹിന്ദുസന്യാസിയുമായി വേദി പങ്കിടില്ല എന്നു പ്രഖ്യാപിച്ച മന്ത്രി വെല്ലിംഗ്ടൺ സത്യസായിസംഘടന നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ച തൃപ്പൂണിത്തുറ ഗവ. ആശുപത്രിയുടെ വാർഡിന്റെ തറക്കല്ല് ഇടീൽ ചടങ്ങിൽ ബാബായോടും, എം.എൽ.എ. ടി.കെ. രാമകൃഷ്ണനോടും കൂടി പങ്കെടുക്കേണ്ടിവന്നപ്പോൾ



malankaralibrary.com



യിൽ നിന്നും ഒരു പര്യടനം നടത്തി. 35 വർഷം പഴക്കമുള്ള തന്റെ കെ.എൽ.വി. 3006 അംബാസിഡർ കാറിലാണ് ആ യാത്ര നടത്തിയത്. അശാന്തമായ കാലത്തിന്റെ ഇരുൾ നീക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം നടത്തിയ സായി സന്ദേശയാത്രയിൽ 1008 ഓളം പ്രഭാഷണങ്ങൾ നടത്തിയിരുന്നു.(മന്ത്രിയായിരിക്കുമ്പോൾ തിരുവനന്തപുരത്തുള്ള വെല്ലിംഗ്ടന്റെ വസതിയിൽ എത്തി ബാബ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു.)

സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ സുനിൽദാസും വെല്ലിംഗ്ടണും ജസ്റ്റീസ് ചന്ദ്രശേഖര മേനോനും പുട്ടപർത്തിയിൽ എത്തി 1996-ൽ ബാബയെ സന്ദർശിച്ചിരുന്നു. വെല്ലിംഗ്ടനെ നോക്കി കൊള്ളണമെന്ന് അന്ന് ബാബ നിർദ്ദേശിച്ചത് സുനിൽദാസ് ഓർക്കുന്നു. 2005-ൽ കൊടൈകാനാലിൽ എത്തിയ ബാബാ ലഡുവും മിട്ടായിയും ആശുപത്രിൽ കഴിയുന്ന വെല്ലിംഗ്ടന് നൽകാനായി കൊടുത്തയച്ചിരുന്നു.

ഹിന്ദുക്കളുടെയും സായി വിശ്വാസികളുടെയും വിവിധ യോഗങ്ങളിൽ പ്രഭാഷണം നടത്താൻ പോകുമ്പോഴും യേശു ദേവന്റെ സന്ദേശം തന്നെയാണ് എല്ലാ മതങ്ങളുടെയും സന്ദേശങ്ങൾ എന്ന് അദ്ദേഹം ഉൽബോധിപ്പിക്കുമായിരുന്നു. വെല്ലിംഗ്ടന്റെ സേവനം മതേതര സമൂഹത്തിന് ഒരു മുതൽക്കൂട്ടാണ്. എവിടെ പ്രഭാഷണത്തിന് എത്തുമ്പോഴും അവിടെ ബൈബിളിന്റെ ഒരു കോപ്പി ഏൽപ്പിക്കാൻ അദ്ദേഹം മറക്കാറില്ല. എല്ലാ ജീവജാലങ്ങളിലും യേശുദേവനെ ദർശിക്കാനും അദ്ദേഹത്തിന്റെ ജീവിതം യഥാർത്ഥ ക്രിസ്തുവിശ്വാസിയുടേതാണ്.

## നെഹ്റു പ്രാർത്ഥിച്ചോ!

പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് അത്യാസന്ന നിലയിൽ ആശുപത്രിയിലുള്ള സന്ദർഭത്തിൽ പ്രധാന മന്ത്രി ശ്രീ. നെഹ്റു ഡോ. രാജേന്ദ്രപ്രസാദിന്റെ ആരോഗ്യനില മെച്ചപ്പെട്ട് സുഖം പ്രാപിക്കുവാൻ വേണ്ടി ജനങ്ങളോട് പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തു. ഫാ. വടക്കന്റെ തൊഴിലാളിയിൽ ഒരു മുഖപ്രസംഗം എഴുതി അതിന്റെ തലക്കെട്ട് 'നെഹ്റു പ്രാർത്ഥിച്ചോ' എന്നായിരുന്നു. നിരീശ്വരവാദിയായ നെഹ്റു പ്രാർത്ഥിക്കുമോ എന്ന് വടക്കനച്ചൻ ആ ലേഖനത്തിൽ സംശയം പ്രകടിപ്പിച്ചു. ഈ പ്രശ്നം വലിയ ചർച്ചാവിഷയമായി. ജനങ്ങളോട് ആഹ്വാനം ചെയ്ത താൻ പ്രാർത്ഥിച്ചില്ല എന്നു പറഞ്ഞാലും, നിരീശ്വരവാദിയായ താൻ പ്രാർത്ഥിച്ചുവെന്നു പറഞ്ഞാലും പ്രശ്നം.

ഈ വിഷയം കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കരുതെന്ന് ഡൽഹി ആഗ്രഹിച്ചു. ഡൽഹിയിൽ നിന്നും ഒരു പ്രതിനിധി തൃശൂരെത്തി വെല്ലിംഗ്ടണെ വിവരം ധരിപ്പിച്ചു. വെല്ലിംഗ്ടൺ ഫാ. വടക്കനെയും. മുഖപ്രസംഗ വിവാദം അതോടെ അവസാനിച്ചു. എ.ഐ.സി.സി., കെ.പി.സി.സി. യോഗങ്ങളിൽ ഫാ. വടക്കൻ ക്ഷണിതാവായിരുന്ന കാലഘട്ടമായിരുന്നു.



malankaralibrary.com

# 24. എലിസബത്ത് വെല്ലിംഗ്ടൺ

കൊല്ലത്ത് മുണ്ടയ്ക്കൽ അമൃതകുളം വീട്ടിൽ എലിസബത്തിനെ വെല്ലിംഗ്ടൺ 1956 ഏപ്രിൽ 25-ാം തീയതിയാണ് വിവാഹം ചെയ്തത്. അന്നു മുതൽ മരണം വരെ വെല്ലിംഗ്ടന്റെ ദുഃഖത്തിലും സന്തോഷത്തിലും പൂർണ്ണ മനസ്സോടെ പങ്കുചേർന്ന ഒരു മഹതിയായിരുന്നു എലിസബത്ത്. 1930ലാണ് എലിസബത്തിന്റെ ജനനം. കൊല്ലത്തെ തൂയ്യം സെന്റ് ജോസഫ് കോൺവെന്റ് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കൊല്ലത്തെ ശ്രീനാരായണാ കോളേജിൽ ചേർന്ന് ചരിത്രത്തിൽ ബിരുദം നേടി. വിവാഹാനന്തരം മംഗലാപുരത്ത് കോളേജിൽ ചേർന്ന് ബി.എഡ് പരീക്ഷ പാസ്സായി.


എലിസബത്ത് വെല്ലിംഗ്ടൺ

ഇതിനിടയിൽ തക്കല അമല ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഏതാനുംനാൾ അദ്ധ്യാപികയായി ജോലി നോക്കി. പിന്നീട് കുമ്പളങ്ങി ഔർ ലേഡി ഓഫ് ഫാത്തിമ കോൺവെന്റ് ഹൈസ്കുളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. പ്രധാനാദ്ധ്യാപികയുടെ ജോലിയും എലിസബത്തിനായിരുന്നു. എന്നാൽ പൊടുന്നനവെ എലിസബത്തിനെ സ്കൂളിൽ നിന്നും പിരിച്ചു വിട്ടു. 1965-ൽ ഇടതുപക്ഷ മുന്നണിയോട് സഹകരിച്ച് എം.എൽ.എ. ആയി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് ഈ പിരിച്ചുവിടൽ നാടകം നടന്നത്. അതിനെതിരെ കേസ് കൊടുത്തു. കേസ് കോടതിയിൽ നിൽക്കുമ്പോഴാണ് 1967-ൽ വെല്ലിംഗ്ടൺ മന്ത്രിയാകുന്നത്. അതോടെ കേസ് വിധിയാകുന്നതിന് മുൻപേ എലിസബത്തിനെ മാനേജ്മെന്റ് തിരിച്ചെടുത്തു. ഹെഡ്മിസ്റ്റ്രസ് ആയി നിയമനം ലഭിക്കേണ്ടതായിരുന്നു. അതുപോലെതന്നെ പിരിച്ചവിട്ടതിനുശേഷമുള്ള കാലത്തെ ശമ്പളവും ലഭിക്കാൻ അവകാശമുണ്ടായിരുന്നു. എന്നാൽ അതുരണ്ടും ഉപേക്ഷിച്ച് ജോലിയിൽ പ്രവേശിച്ചു. പിന്നീട് എലിസബത്ത് റിട്ടയർ ചെയ്യുന്നതിന് രണ്ടു വർഷം മുൻപ് പ്രധാനാദ്ധ്യാപികയുടെ തസ്തിക ഒഴിവു വന്നു. എലിസബത്തിന് ആ സ്ഥാനം നൽകാതിരുന്നു. അവസാനം ഹെഡ്മിസ്ട്രസ് പദവി നൽകി. ആ സ്ഥാനത്തിരിക്കവേ സർവ്വിസീൽ നിന്നും വിരമിച്ചു. എലിസബത്തിന് ഗംഭീരമായ ഒരു യാത്രയയിപ്പാണ് നൽകിയത്. ചന്ദനമാലയിട്ട് യാത്രയാക്കി. ഭർത്താവിന് എന്നും ഒരു താങ്ങായി റിട്ടയർമെന്റിനുശേഷം കൊല്ലത്ത് ജീവിച്ചു.

2004 മാർച്ച് 7-ാം തീയതി എലിസബത്ത് നിര്യാതയായി



malankaralibrary.com



ശ്രീ. ബി. വെല്ലിംഗ്ടന്റെ ഭാര്യയുടെ നിരാണം അവരുമായി പരിചയപ്പെട്ട എല്ലാവരെയും ദുഃഖിപ്പിച്ചു. ആ സന്ദർഭത്തിൽ ജസ്റ്റീസ് കെ.പി. രാധാകൃഷ്ണമേനോൻ ചെയർമാനായുള്ള തിരുവനന്തപുരത്തെ സായി ഓർഫനേജ് ട്രസ്റ്റ് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രസ്താവന താഴെ ചേർക്കുന്നു.

## പരിഭവമോ പരാതിയോ ഇല്ലാതെ...

ഏകദേശം അരനൂറ്റാണ്ടുകാലത്തെ ത്യാഗപൂർണ്ണവും സന്തോഷപ്രദവുമായ ദാമ്പത്യജീവിതത്തിനുശേഷം ശ്രീമതി എലിസബത്ത് വെല്ലിംഗ്ടൺ 07/03/04 ഞായറാഴ്ച ദിവംഗതയായ വിവരം അറിഞ്ഞിരിക്കുമല്ലോ. സാംസ്കാരിക-സാമൂഹിക-ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ തിരക്കാർന്ന ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന മുൻമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടണിന് തന്റെ പത്നിയുടെ വേർപാട് ഏൽപ്പിച്ച ആഘാതവും ദുഃഖവും പറഞ്ഞറിയിക്കുവാൻ സാധിക്കുന്നതല്ല. അദ്ദേഹത്തിന്റെ ധർമ്മിഷ്ടമായ ജീവിതത്തിന് അവർ എന്നും ആവേശമായിരുന്നു എന്ന് പറയുന്നത് ഒട്ടും അതിശയോക്തിയല്ല. തന്റെ ഭർത്താവ് സാമൂഹിക ആവശ്യവുമായി ആഴ്ചകളോളം വീട് വിട്ട് നിൽക്കേണ്ടി വന്നിട്ടുള്ളപ്പോഴും സന്താനഭാഗ്യം ലഭിച്ചിട്ടില്ലാത്ത ശ്രീമതി എലിസബത്ത് തന്റെ ഭർത്താവിനോട് യാതൊരുവിധ പരാതിയോ പരിഭവമോ പുലർത്തിയിരുന്നില്ല എന്ന വസ്തുത ഇന്നത്തെ ഭാര്യ-ഭർത്താക്കന്മാർക്ക് എന്നും മാതൃകയാണ്. ഒരു പുരുഷന്റെ ശ്രേയസിന് ഭാര്യയുടെ സ്ഥാനം വിലപ്പെട്ടതാണ് എന്ന് വെല്ലിംഗ്ടൺ-എലിസബത്ത് ദമ്പതികളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

രോഗബാധിതയായ തന്റെ അവസാന കാലഘട്ടത്തിൽ ഒരു പരിചാരകനെപ്പോലെ മുൻമന്ത്രിയായ ഭർത്താവ് നിലകൊണ്ടു. മരിക്കുന്നതിന് നിമിഷങ്ങൾക്കു മുമ്പ് ഭർത്താവിൽ നിന്നും വെള്ളം വാങ്ങിക്കുടിച്ചിട്ട് സംതൃപ്തയായി ഈ ലോകത്തോട് വിടപറഞ്ഞ ശ്രീമതി എലിസബത്തിന്റെ ജീവിതം എത്ര ധന്യം!

നിസ്വാർത്ഥ രാഷ്ട്രീയ-സാമൂഹിക പ്രവർത്തനങ്ങൾ കാഴ്ചവച്ച വെല്ലിംഗ്ടൺ സാറിന്റെ മഹത്വം കണ്ടറിഞ്ഞ വിവിധ മണ്ഡലങ്ങളിലെ വ്യക്തികൾ, സംഘടനകൾ തന്റെ ഭാര്യയ്ക്ക് അർപ്പിച്ച അന്തിമോപചാരങ്ങൾ മറ്റ് ഏത് രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാർക്ക് കിട്ടിയിട്ടുള്ളതിൽവച്ചും ഉന്നതമായിരുന്നു. രാജകീയമായ അന്തിമോപചാരങ്ങളോടെ കാവനാട് മുക്കാട് പള്ളിയിൽ അന്ത്യപ്രാർത്ഥനയ്ക്കായി കൊണ്ടുവന്നപ്പോൾ അതിൽ മുഖ്യകാർമ്മികത്വം വഹിക്കാൻ ബഹു. മുൻ ബിഷപ്പ് എത്തിയതും ദൈവനിശ്ചയം തന്നെയാണ്.

സായി ഓർഫനേജ് ട്രസ്റ്റിന്റെ വിജയത്തിന് ശ്രീ. വെല്ലിംഗ്ടൺ



malankaralibrary.com

നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. ശ്രീമതി. എലിസബത്തിന്റെ 7-ാം ചരമദിനം പ്രമാണിച്ചും 30-ാം ചരമദിനം പ്രമാണിച്ചും സായി ഓർഫനേജ് ട്രസ്റ്റിൽ നിർധനനരും അനാഥരുമായ കുട്ടികളുടെ സൗജന്യകേന്ദ്രമായ സായി നികേതൻ യൂണിറ്റുകളിലും, നിരാലംബരായ അമ്മമാർക്കുള്ള സൗജന്യകേന്ദ്രമായ സായൂജ്യത്തിലും, ആറ്റിങ്ങൽ കേന്ദ്രമായി പ്രവർത്തിക്കുന്ന പാവപ്പെട്ട ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സൗജന്യകേന്ദ്രമായ സാന്ത്വനത്തിലും പ്രത്യേക പ്രാർത്ഥനയും അന്നദാനവും ഉണ്ടായിരിക്കുന്നതാണ്. പരേതയുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാൻ പ്രാർത്ഥിക്കുന്നതോടൊപ്പം ശ്രീമതി എലിസബത്തിന് ഏവരുടെയും പേരിൽ അശ്രുപൂർണ്ണമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു."

എലിസബത്തിന്റെ നിര്യാണത്തിൽ വർക്കി വടക്കൻ ട്രസ്റ്റ് ചെയർമാൻ ഫാ. വടക്കന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് അനുശോചനം രേഖപ്പെടുത്തി. മന്ത്രിമാരായ കടവൂർ ശിവദാസൻ, ബാബു ദിവാകരൻ, കെ.വി. തോമസ്, സി.പി.എം. നേതാക്കരായ പി.ഗോവിന്ദപിള്ള, എം. എ. ബേബി എന്നിവരടക്കം കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും അനേകം നേതാക്കൾ പങ്കെടുത്തു.


ബിഷപ് ജോസഫ് ഫെർണാണ്ടസ്


കൊല്ലം രൂപതയുടെ മുൻ ബിഷപ്പു ജോർജ്ജ് ഫെർണാണ്ടസ് ആണ് ശവസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. കൊല്ലം അമൃതകുളത്ത് കുടുംബാഗമാണ് എലിസബത്ത്.

## എലിസബത്തിന്റെ ഒന്നാം ചരമവാർഷികം

എലിസബത്തിന്റെ ഒന്നാം ചരമവാർഷികം കുമ്പളങ്ങിസ്കൂളിൽവച്ച് വിപുലമായ തോതിൽ നടത്തി മന്ത്രി ഡൊമനിക് പ്രസന്റേഷൻ അദ്ധ്യക്ഷം വഹിച്ചു. കൊച്ചി ബിഷപ്പ് ഡോ. ജോൺ തട്ടുങ്കൽ യോഗം ഉദ്ഘാടനം ചെയ്തു. എലിസബത്തിന്റെപേരിൽ ഒരു എൻഡോവ്മെന്റ് സ്കൂളിൽ ഏർപ്പെടുത്തുകയും ചെയ്തു. 10,000 രൂപാ എൻഡോവ്മെന്റിനായി മാനേജരെ വെല്ലിംഗ്ടൺ ഏല്പിച്ചു. പ്രൊഫ. മാത്യു ഉലകംതറ, ഹെന്റി ഓസ്റ്റിൻ, ടോം ജോസ്-ശ്രീമതി തങ്കം ജേക്കബ്, ജോൺ കച്ചിറമറ്റം തുടങ്ങി നിരവധിയാളുകൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ഡേവിഡ് ആവോക്കാരൻ**

തൃശൂർ ലോക്കപ്പ് മർദ്ദനത്തിൽ കഠിനമായ മർദ്ദനമേറ്റയാൾ. ഈ രക്തത്തിൽ തീയുണ്ട് എന്ന നാടകത്തിൽ അഭിനയിച്ചു. തൊഴിലാളി പത്രത്തിന്റെ സർക്കുലേഷൻ ഡിപ്പാർട്ട്മെന്റിന്റെ മേധാവിയായിരുന്നു





malankaralibrary.com



# 25. വെല്ലിംഗ്ടൺ രോഗി

ഒരു കാലത്ത് കേരളത്തിന്റെ വിപ്ലവവഴികളിൽ യുവത്വത്തിന്റെ പ്രസരിപ്പോടെ തിളച്ചുപൊന്തിയിരുന്ന ബി. വെല്ലിംഗ്ടൺ പിന്നീട് വിപ്ലവവഴികൾ വെടിഞ്ഞ് ആത്മീയതയിൽ എല്ലാ അർത്ഥത്തിലും അഭയം തേടുകയായിരുന്നു. മൂന്നരപതിറ്റാണ്ട് മുമ്പത്തെ കേരളം ഏറെനാൾ സഞ്ചരിച്ചത് ബി. വെല്ലിംഗ്ടൺ എന്ന പേരിനൊപ്പമായിരുന്നു. വെല്ലിംഗ്ടണ് മുമ്പേ നടന്നത് വിവാദങ്ങൾ മാത്രം. ഒരുമിച്ചുള്ള യാത്രയുടെ ഒടുവിൽ ചരിത്രംപോലും ചലനമറ്റുപോയ ഒരു ഭരണകൂടത്തിന്റെ അന്ത്യം. തന്റെ ആറടിപൊക്കത്തിന് മീതെ വളർന്ന വിവാദങ്ങളിൽ പോലും വളയാതെ നിന്ന ഈ മുൻആരോഗ്യമന്ത്രിയെ വല്ലാതെ രോഗങ്ങൾ പിടിപെട്ടിരുന്നു.

സ്വതവേ ആരോഗ്യവാനായിരുന്ന ബി.വെല്ലിംഗ്ടൺ അവസാനനാളുകളിൽ ആരുടെയും തുണയില്ലാതെ ഏകനായി കഴിയുകയായിരുന്നു. ഏതെങ്കിലുമൊരു കാലത്ത് ഒരു എം.എൽ.എ.യെങ്കിലും ആയിട്ടുള്ള ഇന്നത്തെ രാഷ്ട്രീയക്കാർ സുഖസൗഭാഗ്യങ്ങളുടെ സമൃദ്ധിയിൽ കഴിയുമ്പോൾ മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് കേരളത്തെ സ്വന്തം വാക്കിലും നോട്ടത്തിലും നയിച്ചു നടന്നിരുന്ന ഈ മനുഷ്യൻ ജീവിതസായാഹ്നത്തിലെ കഷ്ടപ്പാടുകളോട് ഒറ്റയ്ക്ക് പൊരുതുകയായിരുന്നു. തനിക്ക് കൂട്ടായി അര നൂറ്റാണ്ടുകാലത്തെ പത്രങ്ങളും വാരികകളും മാത്രം. 2004-ൽ ഭാര്യ എലിസബത്തിന്റെ മരണത്തിനുശേഷം മക്കളില്ലാത്ത ബി.വെല്ലിംഗ്ടൺ തന്റെ അന്ത്യകാലം തള്ളിനീക്കിയത് ഏറെ ക്ലേശിച്ചാണ്.



സ്വാമി
പി. സുനിൽദാസ്

ബി.വെല്ലിംഗ്ടന്റെ നട്ടെല്ലിന് ക്യാൻസർരോഗം പിടിപെട്ടു. വിദഗ്ദ്ധ ചികിത്സയ്ക്കായി കൊല്ലത്തെ ബൻസിഗർ ആശുപത്രി, എറണാകുളത്തെ ലേക്ക്ഷോർ ആശുപത്രി, കൊട്ടിയം ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിക്കപ്പെട്ടു. 2006 ഏപ്രിൽ 17-ന് കൊട്ടിയം ഹോളിക്രോസ് ആശുപത്രിയിൽ എത്തി സ്വാമി പി. സുനിൽദാസ് വെല്ലിംഗ്ടനെ ആലത്തൂർ സ്നേഹം ചാരിറ്റബിൾ ആശുപത്രിയിലേക്ക് കൊണ്ടുപോയി. സായാഹ്നത്തിൽ ആത്മീയതയുടെ വെളിച്ചത്തെ ആശ്ലേഷിച്ച ബി.വെല്ലിംഗ്ടണ് സുനിൽദാസിന്റെ സാന്നിദ്ധ്യം ആഹ്ലാദം പകർന്നു. 15 വർഷം മുൻപ് പുട്ടപർത്തിയിൽ വച്ചാണ് സുനിൽദാസും വെല്ലിംഗ്ടണും കണ്ടുമുട്ടുന്നത്. വെല്ലിംഗ്ടൺ സ്നേഹം ട്രസ്റ്റിന്റെ പരിപാടികളിൽ പങ്കെടുക്കാൻ പലപ്രാവശ്യം



malankaralibrary.com

അവിടെയെത്തിയിട്ടുണ്ട്. 10 വർഷം മുൻപ് സ്വാമി സുനിൽദാസ്, സത്യസായിബാവായെ കണ്ടപ്പോൾ വെല്ലിംഗ്ടനെ നോക്കണമെന്ന് പ്രത്യേകം പറഞ്ഞിരുന്നതായി അദ്ദേഹം ഓർക്കുന്നു.

## എന്നും കൂട്ടിന് കറുത്ത കാർ

കൊല്ലം: അധികാര വഴിയിൽ തന്റെ ഒപ്പമുണ്ടായിരുന്ന കെ.എൽ. വി. 3006 എന്ന കറുത്ത അംബാസിഡർ കാറുമായി വെല്ലിംഗ്ടണ് ആത്മബന്ധമാണുണ്ടായിരുന്നത്.

സ്നേഹം ചാരിറ്റബിൾ ട്രസ്റ്റിന്റെ ആതുരാലയത്തിൽ കഴിയുമ്പോഴും കാർ തന്നോടൊപ്പം ഉണ്ടായിരിക്കണമെന്ന് വെല്ലിംഗ്ടൺ ആഗ്രഹിച്ചിരുന്നു.

പാലക്കാട്ടേക്ക് കാർ കൊണ്ടുചെല്ലണമെന്ന് വെല്ലിംഗ്ടൺ ആവശ്യപ്പെട്ടതു പ്രകാരം സഹോദരൻ ബേബി താമരശേരിയുടെ മകൻ കഴിഞ്ഞ ദിവസം കാറുമായി പാലക്കാട്ട് എത്തി. കാറിന്റെ സ്വിച്ച് കീ കൈയ്യിൽ പിടിച്ച് ഏറെനേരം വെല്ലിംഗ്ടൺ ഇരുന്നതായി ബേബി താമരശേരി ഓർമ്മിച്ചു.

മുണ്ടയ്ക്കലെ വീടിനു മുന്നിലെ കാർ ഷെഡിൽ ചരിത്രത്തിന്റെ കാവലാളായി കെ.എൽ. വി. 3006 അംബാസിഡർ കാറുണ്ട്. 1970-ൽ സി.പി.എം. പിന്തുണയോടെ പള്ളുരുത്തിയിൽ നിന്നും വീണ്ടും വെല്ലിംഗ്ടൺ നിയമസഭയിലെത്തി. 77-ൽ സി.പി.എം. പിന്തുണ പിൻവലിച്ചതിനാൽ സ്വതന്ത്രനായി മത്സരിച്ചു അദ്ദേഹം പള്ളുരുത്തിയിൽ പരാജയപ്പെട്ടു. ഇതോടെ അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ നിന്നുതന്നെ പിന്മാറി.

സത്യസായി ബാബയുടെ ആത്മീയ ബോധനങ്ങൾ അദ്ദേഹത്തെ ആകർഷിച്ചിരുന്നു. രാഷ്ട്രീയത്തിൽ നിന്ന് പിന്മാറിയശേഷം സായി ഭക്തനായും പ്രചാരകനായും മാറിയ വെല്ലിംഗ്ടൺ പിന്നീട് ശിവഗിരിയുടെ ആത്മീയതേജസ്സിലും ആകൃഷ്ടനായി ഗുരുദേവദർശനങ്ങളുടെ പ്രചാരകനായും മാറി.

ഭാരതീയ തത്വചിന്തയായിരുന്നു വെല്ലിംഗ്ടണിന്റെ ശക്തി സ്രോതസ്സ്. കമ്മ്യൂണിസ്റ്റ് വിരുദ്ധതയിൽ തുടങ്ങിയ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം എത്തിച്ചേർന്നതും കമ്മ്യൂണിസ്റ്റ് വിരുദ്ധതയിലായിരുന്നു. അവസാനകാലത്ത് രാഷ്ട്രീയമായി ഏറെ അവഗണിക്കപ്പെട്ടിരുന്ന വെല്ലിംഗ്ടൺ തന്നെ ചുറ്റിപ്പറ്റി ഉയർന്ന അപവാദങ്ങളെക്കുറിച്ച് മനസ് തുറന്നപ്പോഴൊക്കെ ഏറെ വാർത്താ പ്രാധാന്യവും നേടി.

## വികാരഭരിതനായി വി.എസ്. അച്യുതാനന്ദൻ വെല്ലിംഗ്ടണെ സന്ദർശിച്ചു


ഇപ്പോഴത്തെ മുഖ്യമന്ത്രിയും മുൻപ്രതിപക്ഷ നേതാവും സി.പി.എം. (എം.)-ന്റെ പ്രധാനനേതാവുമായ വി.എസ്. അച്ചുതാനന്ദന് ആലത്തൂരിൽ



malankaralibrary.com



സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലിരുന്ന മുൻമന്ത്രി വെല്ലിംഗ്ടണെ സന്ദർശിച്ചു. ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന്റെ തലേ ദിവസമായിരുന്നു വി.എസ്സ്; വെല്ലിംഗ്ടനെ സന്ദർശിച്ചത്. പാർട്ടിക്കാരോ അനുയായികളോ ഇല്ലാതെ രണ്ടു സഹായികളോടൊപ്പം എത്തിയ വി.എസ്. 15 മിനിട്ടോളം ആശുപത്രിയിൽ ചിലവഴിച്ചു. വി.എസ്. ആണ് വന്നിരിക്കുന്നതെന്നറിഞ്ഞപ്പോൾ വെല്ലിംഗ്ടന്റെ കൺമിടറി. കണ്ണുകളിൽ ആഹ്ലാദം വിരിഞ്ഞു. വി.എസ്.നോട് പലതും പറയാനായി കർഷകജനതയുടെ പഴയ പോരാളിയുടെ ചുണ്ടുകൾ മന്ത്രിച്ചു. രോഗപീഢകളുടെ കഠിനവേദനകൾ അദ്ദേഹത്തിന്റെ വാക്കുകളെ മുറിച്ചു കളഞ്ഞപ്പോൾ വൃദ്ധമനുഷ്യന്റെ കണ്ണുകൾ ഈറനണിഞ്ഞു. വി.എസ്. പഴയ സഹപ്രവർത്തകന്റെ കൈകൾ ചേർത്തു പിടിച്ച് സാന്ത്വനമേകി ഒരു നിമിഷത്തെ മൗനത്തിനുശേഷം സ്വയം പരിചയപ്പെടുത്തിയപ്പോൾ വെല്ലിംഗ്ടന്റെ ചുണ്ടിൽ മന്ദഹാസം വിരിഞ്ഞു.



മുഖ്യമന്ത്രി
വി.എസ്. അച്ചുതാനന്ദൻ

## വെല്ലിംഗ്ടൺ നിത്യതയിലേക്ക്

ഈശ്വരസന്നിധിയിലെത്താൻ സമയമായി എന്ന് വെല്ലിംഗ്ടൺ മനസ്സിലാക്കി. രോഗപീഢയുടെ ക്ഷതമേറ്റ മനസ്സിൽ നിറയെ വെളിച്ചവുമായി വെല്ലിംഗ്ടൺ മരണത്തെ വരിക്കാൻ തയ്യാറാവുകയായിരുന്നു. മേയ് 8-ാം തീയതി ചൊവ്വാഴ്ച ഉച്ചയോടെ ഇടവക വികാരിയെ വിളിക്കണമെന്ന് സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ സുനിൽ ദാസിനോട് വെല്ലിംഗ്ടൺ പറഞ്ഞു. ലിറ്റിൽഫ്ളവർ പള്ളി വികാരി ഫാ. ജോസ് അങ്ങേവീട്ടിൽ എത്തി പ്രാർത്ഥന നടത്തുകയും അന്ത്യകൂദാശകൾ നൽകുകയും ചെയ്തു.



ബിഷപ് ജോഷ്വാ
മാർ ഇഗ്നാത്തിയോസ്

കടുത്ത വേദന സഹിച്ചുകൊണ്ടിരുന്ന വെല്ലിംഗ്ടൺ 2006 മെയ് 10-ാം തീയതി ബുധനാഴ്ച രാവിലെ 7.45ന് അന്തരിച്ചു. 24 ദിവസം കണ്ണിൽ എണ്ണയൊഴിച്ച് വെല്ലിംഗ്ടണെ പരിചരിച്ച റജി, ശാന്തൻ, രഞ്ജിത് എന്നിവരെ അടുത്തിരുത്തി കൈകൂപ്പി നന്മകൾ ആശംസിച്ചതിനുശേഷമാണ് മരണമടഞ്ഞത്.

ആലത്തൂരിൽ സ്നേഹം ട്രസ്റ്റ് ആശുപത്രിയിൽ പൊതുദർശനത്തിന് വച്ച മൃതദേഹം സർവ്വമത പ്രാർത്ഥനക്കുശേഷം കൊട്ടിയത്തേക്കു കൊണ്ടുപോയി. കൊട്ടിയത്ത് ഹോളിക്രോസ് ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം 12-ാം തീയതി രാവിലെ 10-ന് കൊല്ലത്തെ




മോൺ. ഫെർഡി
നാന്റ് കായാവിൽ



malankaralibrary.com


ഉമ്മൻ ചാണ്ടി


രമേശ് ചെന്നിത്തല

അമൃതകുളം വീട്ടിലും പിന്നീട് കാവനാട്ടെ താമരശ്ശേരി വീട്ടിലും പൊതുദർശനത്തിന് വച്ചു. ശനിയാഴ്ച 13-ാം തീയതി വൈകിട്ട് 4 മണിക്ക് കാവനാട്ടെ ഹോളിഫാമിലി പള്ളിയിൽ ഔദ്യോഗിക പോലീസ് ബഹുമതികളോടെ ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ മൃതദേഹം സംസ്കരിച്ചു.

തിരുവനന്തപുരം അതിരൂപതാസഹായ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് കാവനാട്ട് താമരശ്ശേരി കുടുംബത്തിൽ എത്തി മൃതദേഹം സന്ദർശിച്ച് പ്രാർത്ഥന നടത്തി. മോൺ. ഫെർഡിനാന്റ് കായാവിൽ, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മേയർ എൻ പത്മലോചനൻ, പി. രാജേന്ദ്രൻ എം.പി., കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല, ജനറൽ സെക്രട്ടറി പി.പി. ജോർജ്ജ് എം.എൽ.എ., വിജയിച്ച സ്ഥാനാർത്ഥികളായ പി.കെ. ഗുരുദാസ്, എം.എ. ബേബി, മുൻമന്തി എൻ.എം. ജോസഫ്, കൃഷ്ണകുമാർ (മുൻമന്ത്രി) കളക്ടർ കെ. അജയ് കുമാർ, തെങ്ങമം ബാലകൃഷ്ണൻ തുടങ്ങിയവർ മൃതദേഹം സന്ദർശിച്ചു അന്ത്യോപചാരം അർപ്പിച്ചു. മലനാട് കർഷക യൂണിയനും കെ.ടി.പി.യുമായി ബന്ധപ്പെട്ട നേതാക്കൾ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നിരുന്നു.

## സർക്കാർ ആനുകൂല്യത്തിന് കാത്തുനിൽക്കാതെ

മുൻമന്ത്രിയും എം.എൽ.എ.യും പോരാളിയുമായ ബി. വെല്ലിംഗ്ടണ് പ്രത്യേകമായ യാതൊരു സമ്പാദ്യവുമില്ലായിരുന്നു. ചികിത്സയ്ക്കുവേണ്ട പണംപോലും കൈവശമുണ്ടായിരുന്നില്ല. കൊല്ലത്തും എറണാകുളത്ത് ലെയ്ക്ക് ഷോറിലും കൊല്ലത്തും ആയിരുന്നു ചികിത്സിച്ചത്. സാമ്പത്തിമായി തകർന്നു കഴിഞ്ഞിരുന്നു. വി.എസ്. ആലത്തൂരിൽ എത്തിയപ്പോൾ വെല്ലിംഗ്ടന്റെ ബന്ധുക്കൾ വെല്ലിംഗ്ടണോടുള്ള സർക്കാർ അവഗണനയെപ്പറ്റി പരിതപിച്ചു വെല്ലിംഗ്ടന്റെ ചികിത്സയ്ക്ക് സംസ്ഥാനസർക്കാർ ഒരു സഹായവും ചെയ്തില്ല. ഇവർ സങ്കടത്തോടെ പറഞ്ഞു. അപ്പോൾ ഉടൻ വേണ്ടത് ചെയ്യാമെന്ന് വി. എസ്. ഉറപ്പുനല്കുകയും ചെയ്തു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തിന് കാത്തുനില്ക്കാതെ വെല്ലിംഗ്ടനെന്ന മുൻ ആരോഗ്യമന്ത്രി-പോരാളി യാത്ര പറഞ്ഞു.



malankaralibrary.com



# 26. വെല്ലിംഗ്ടൺ-മരണാനന്തരം

ലോകത്തിലെ ഏറ്റം വലിയ അഴിമതിക്കാരനെന്ന് മാധ്യമങ്ങളും രാഷ്ട്രീയക്കാരും വിശേഷിപ്പിച്ച വെല്ലിംഗ്ടൺ മരണമടഞ്ഞു. എല്ലാ മാധ്യമങ്ങളും അദ്ദേഹത്തെ എങ്ങനെ വിലയിരുത്തുമെന്ന് പലരും കൗതുകപൂർവ്വം വീക്ഷിച്ചു. വെല്ലിംഗ്ടൺ തിരുവനന്തപുരത്ത് ബഹുനിലക്കെട്ടിടം പണിയിച്ചുവെന്ന് വെണ്ടക്കാ അക്ഷരത്തിൽ അച്ചുനിരത്തിയവർ അക്കാര്യമെല്ലാം വിസ്മരിച്ചതുപോലെ തോന്നി. ആ ആരോപണം പത്രത്തിൽകൂടി അച്ചടിച്ചുവിട്ടവർക്കും അങ്ങനെയൊരു കെട്ടിടം പണിതിട്ടില്ലെന്നറിയാമായിരുന്നു. എങ്കിലും സത്യം തുറന്നു പറയുവാൻ അവർ തയ്യാറായില്ല. മരണത്തിനുശേഷം ഒരു പത്രക്കാരും അതാവർത്തിച്ചില്ല. ഒന്നും സമ്പാദിക്കാതെ നിർദ്ധനനായി ഇടിഞ്ഞുവീഴാറായ ഒരു കെട്ടിടത്തിൽ അത്താഴത്തിനും മരുന്നിനും വകയില്ലാതെ കഴിഞ്ഞു കൂടിയ വെല്ലിംഗ്ടന്റെ ചിത്രം വരച്ചുകാണിച്ച് അദ്ദേഹത്തെ ആരോപണങ്ങളിൽ നിന്നും മോചിപ്പിക്കുകയാണ് ചെയ്തതും. വെല്ലിംഗ്ടന്റെ മരണശേഷം പത്രങ്ങളിൽ വന്ന ലേഖനങ്ങളിൽ ചിലതുമാത്രം താഴെ ചേർക്കുന്നു.

## മാതൃഭൂമി മുഖപ്രസംഗം

സവിശേഷമായ വ്യക്തിത്വംകൊണ്ട് ഒറ്റയാന്റെ തലയെടുപ്പോടെ ഒരു കാലഘട്ടത്തിൽ കേരളമെങ്ങും നിറഞ്ഞുനിന്ന നേതാവാണ് ബുധനാഴ്ച അന്തരിച്ച ബി. വെല്ലിംഗ്ടൺ. വിദ്യാർഥിയായിരിക്കെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അദ്ദേഹം പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രമുഖപ്രവർത്തകരിലൊരാളായി. ട്രേഡ് യൂണിയൻ രംഗത്താണ് അദ്ദേഹം കൂടുതലായും ശ്രദ്ധിച്ചിരുന്നത്. താമസിയാതെ ഫാദർ വടക്കന്റെ പരിപാടികളിലും പ്രചാരണങ്ങളിലും ആകൃഷ്ടനായ വെല്ലിംങ്ടൺ തന്റെ പ്രവർത്തനകേന്ദ്രം തൃശ്ശൂരാക്കി. കുടിയേറ്റ കർഷകർക്കുവേണ്ടി നടത്തിയ സമരങ്ങളിലൂടെയാണ് അദ്ദേഹം ജനശ്രദ്ധയാകർഷിക്കുന്നത്. ഫാദർ വടക്കനൊപ്പം കർഷക തൊഴിലാളി പാർട്ടിയെ (കെ.ടി.പി.) ദീർഘകാലം അദ്ദേഹം നയിച്ചു.

നേതാവിനുണ്ടായിരിക്കേണ്ട പല സദ്ഗുണങ്ങളും വെല്ലിങ്ടണിൽ സമ്മേളിച്ചിരുന്നു. ആർജവത്തോടെ പ്രവർത്തിക്കാനും ക്ലേശങ്ങൾ സഹിക്കാനും അഭിപ്രായങ്ങൾ ധീരതയോടെ തുറന്നുപറയാനും അദ്ദേഹം മടിച്ചില്ല. ഭീഷണികളും എതിർപ്പുകളും മർദ്ദനങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ആവേശം വർധിപ്പിച്ചതേയുള്ളു. മൂന്നുതവണ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിയായ വെല്ലിങ്ടൺ എം.എൽ.എ., മന്ത്രി എന്നീ നിലകളിലും



malankaralibrary.com

മികവു തെളിയിച്ചു. പേരെടുത്ത വാഗ്മിയും സംഘാടകനും പത്രാധിപരു മായിരുന്ന അദ്ദേഹം സമസ്തകേരള സാഹിത്യപരിഷത്തിന്റെ ഭാരവാഹി യായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജീവിതത്തിലും രാഷ്ട്രീയത്തിലും വിശ്വാ സത്തിലുമെല്ലാം വെല്ലിങ്ടൺ സ്വന്തം വഴി തുറന്നു. അദ്ദേഹത്തിന്റെ സേവ നങ്ങൾ എക്കാലവും ഓർമിക്കപ്പെടും.

## എന്നും സാഹസികൻ - അനിൽ മംഗലത്ത്

മനസ്സാക്ഷിയെയും ദൈവത്തെയും മാത്രമേ ബി.വെല്ലിംഗ്ടൺ കൂസാ റുള്ളൂ.ജീവിതത്തിലും രാഷ്ട്രീയത്തിലും പ്രവചനാതീതമായ സാഹസികത പ്രകടിപ്പിച്ച ബി.വെല്ലിംഗ്ടന്റെ ജീവിതത്തിൽ ഒരു ഒറ്റയാന്റെ തലയെടുപ്പും ഉൾക്കനവുമുണ്ട്. തീവ്ര കമ്മ്യൂണിസ്റ്റ് വിരുദ്ധനായ ക്രിസ്ത്യൻ യാഥാസ്ഥി തികനിൽ നിന്ന് കമ്മ്യൂണിസ്റ്റ് സഹയാത്രികനായും മന്ത്രിയായും സായി ബാബ ഭക്തനായും ശിവഗിരിസ്ഥാപനങ്ങളുടെ മാനേജരായും അമ്പലപ്രഭാ ഷകനായുമൊക്കെ മാറിയത് മനസ്സാക്ഷിയുടെ ഉൾവിളികൾക്ക് മാത്രം ഒപ്പം നടന്നതുകൊണ്ടാണ്.

67-ലെ ഇ.എം.എസ് മന്ത്രിസഭയെ തകർത്തെറിഞ്ഞത് കെ.ടി.പി. മന്ത്രി യായ വെല്ലിംഗ്ടണ് നേർക്കുണ്ടായ അഴിമതി ആരോപണങ്ങളുടെ അനുരണ നമായിരുന്നു. ആരോഗ്യമന്ത്രി, നിയമനങ്ങളിലും സ്ഥലംമാറ്റങ്ങളിലും പണം വാങ്ങുന്നുവെന്നും പേവാർഡ് അനുവദിക്കുന്നതിൽ അപാകതയുണ്ടെന്നുമായി രുന്നു ആരോപണങ്ങൾ. ഒരു പ്രമുഖ പത്രസ്ഥാപന മുതലാളിയുടെ അന്യായ മായ ആവശ്യങ്ങൾക്ക് കൂട്ടിനിൽക്കാത്തതിന് അവർ കൊണ്ടുവന്ന ആരോപ ണങ്ങൾ സപ്തകക്ഷി മുന്നണിയിലെ കുറു മുന്നണി ഏറ്റെടുക്കുകയായിരു ന്നു. ശാന്തി നഗറിൽ മൂന്നുനിലമാളിക പണിതെന്നും പി.ടി.പി. നഗറിൽ സ്ഥലം വാങ്ങിയെന്നുമൊക്കെ അന്ന് ആരോപണങ്ങളുണ്ടായിരുന്നു. ആരോപണങ്ങൾ അന്വേഷിച്ച പി.ഗോവിന്ദമേനോൻ, മന്ത്രി അഴിമതി നടത്തിയില്ലെങ്കിലും ഇടപെ ടാൻ ശ്രമം നടത്തിയെന്ന് കണ്ടെത്തിയപ്പോൾ വെല്ലിംഗ്ടൺ പറഞ്ഞു. “ശരി യാണ് ഞാൻ ഇടപെടും ഇടപെട്ടില്ലെങ്കിൽ പിന്നെ മന്ത്രിയായി ഞാനിരിക്കുന്ന തെന്തിന്? ഒരു നോക്കുകുത്തിയാകാനോ?” അന്ന് രാജിവയ്ക്കാൻ വെല്ലിംഗ്ടൺ തയ്യാറായതാണ്. പക്ഷേ ഇ.എം.എസും. സുന്ദരയ്യയും, എ.കെ.ജിയും പിന്തിരി പ്പിക്കുകയായിരുന്നു. 69 ഒക്ടോബർ 3 ന് അവിശ്വാസപ്രമേയം പാസ്സായതായി സ്പീക്കർ ദാമോദരൻ പോറ്റി പ്രഖ്യാപിച്ചതോടെ ഒക്ടോബർ 24 ന് മന്ത്രിസഭ തന്നെ രാജിവച്ചു. തനിക്ക് മറുപടി പറയാൻ സമയം കിട്ടിയില്ലെന്നും പ്രതിപ ക്ഷനേതാവായിരുന്ന കെ.കരുണാകരൻ വാക്കൗട്ട് നടത്തിയതിനാലാണതെന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. കരുണാകരനെ അന്ന് താൻ മനസ്സുരുകി ശപിച്ചിട്ടുണ്ടെന്ന് വെല്ലിംഗ്ടൺ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. തനിക്കുനേരെ ഉയർന്ന അഴിമതി ആരോപണങ്ങളെ ഗാന്ധിമാർഗ്ഗത്തിൽ ജീവിതം കൊണ്ടു തന്നെ വെല്ലിംഗ്ടൺ നേരിട്ടു. ഭാര്യയ്ക്ക് ഓഹരിയായി കിട്ടിയ കൊല്ലം അമൃത



malankaralibrary.com

കുളം ആർ.ജെ നഗറിലെ 16–ാം നമ്പർ കൊച്ചുവീട്ടിൽ പടരുന്ന മാറാലകൾക്കും പുസ്തക കൂമ്പാരങ്ങൾക്കുമപ്പുറം ഒരു ചാരുകസേരയിൽ നിസ്വനായി ഈ മുൻമന്ത്രി ജീവിച്ചു. എം.എൽ.എ. പെൻഷൻ മാത്രമായിരുന്നു ഏക വരുമാന മാർഗ്ഗം. ഭാര്യ എലിസബത്ത് (കുമ്പളങ്ങി ഫാത്തിമ കോൺവെന്റ് അദ്ധ്യാപികയായിരുന്നു.) 2004 മാർച്ച് 7 ന് ലോകത്തോട് വിടവാങ്ങിയപ്പോൾ മക്കളില്ലാത്ത വയോധികന് കൂട്ട് വല്ലപ്പോഴുമെത്തുന്ന ബന്ധുക്കളും സുഹൃത്തുക്കളും മാത്രം. ഓട്സ് സ്വയം പാകം ചെയ്ത് കഴിച്ച് വായനയും ജപവുമായി ഒരു ജീവിതം. ബൈബിളും ഭഗവദ് ഗീതയും ഉപനിഷത്തുക്കളും വെല്ലിംഗ്ടന്റെ വിരൽത്തുമ്പിലുണ്ടായിരുന്നു. അപാരമായ ഓർമ്മശക്തിയും ആജ്ഞാശക്തിയും പ്രായോഗികപടുത്വവും പ്രകടിപ്പിച്ച വെല്ലിംഗ്ടൺ മലയാളത്തിലും ഇംഗ്ലീഷിലും സംസ്കൃതത്തിലും ഒന്നാന്തരമായി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുമായിരുന്നു. വിമോചനസമരത്തിലും കുടിയിറക്കു പ്രക്ഷോഭത്തിലും ജനസാഗരങ്ങളെ ഈ മനുഷ്യൻ വിറകൊള്ളിച്ചിട്ടുണ്ട്.

അടിയറവയ്ക്കാത്ത ആത്മധൈര്യമായിരുന്ന വെല്ലിംഗ്ടന്റെ ഏറ്റവും വലിയ കൈമുതൽ 35 വർഷമായി കൂടെയുള്ള തന്റെ പ്രിയപ്പെട്ട കെ.എൽ.വി. 3006 എന്ന അംബാസിഡർ കാറിൽ ചാരിനിൽക്കുമ്പോഴൊക്കെ ആ മനസ്സിൽ ഒരു മോഹം ഉണ്ടായിരുന്നു. വീണ്ടും അതേ കാറിൽ തന്റെ പുസ്കങ്ങളുമായി കൽപ്പറ്റ മുതൽ തിരുവനന്തപുരം വരെ സ്വയം ഡ്രൈവ് ചെയ്തൊരു യാത്ര പക്ഷേ കാലം ആ ആഗ്രഹം പാഴാക്കി കളഞ്ഞു.

## ഈ നൂറ്റാണ്ടിലെ കുതിരസവാരിക്കാരനായ മന്ത്രി

അശ്വാരൂഢനായ മന്ത്രി രാജഭരണകാലത്തിന്റെ മാത്രം സംഭാവനയാണെന്ന പൊതുധാരണ വെല്ലിംഗ്ടൺ തിരുത്തി. രണ്ടാം ഇ.എം.എസ്. മന്ത്രി സഭയിലെ ആരോഗ്യമന്ത്രിയായിരിക്കെ തലസ്ഥാന നഗരിയിലൂടെയുള്ള അദ്ദേഹത്തിന്റെ കുതിരസവാരി ചൂടുള്ള ചർച്ചകൾക്ക് വഴിവച്ചിരുന്നു.

മന്ത്രിമാരുടെ യോഗത്തിന് നൈനിറ്റാളിൽ പോയപ്പോഴുണ്ടായ കുതിരസവാരിഭ്രമം സാധൂകരിക്കാൻ വെല്ലിംഗ്ടൺ അശേഷം മടികാണിച്ചില്ല. ഔദ്യോഗിക വസതിയായ ജഗതിയിലെ കൽപ്പനയിൽ നിന്നും എല്ലാ ദിവസവും രാവിലെ അദ്ദേഹം തമ്പാന്നൂരിലെ കുതിരാലയത്തിലെത്തും. അവിടുന്ന് ആരംഭിക്കുന്ന കുതിര സവാരിക്ക് അകമ്പടി സേവിക്കാൻ ഒരു സി.ഐ.യും പോലീസുകാരും ഉണ്ടാവും. ഏവരിലും കൗതുകവും വിസ്മയവും ഉണർത്തിയിരുന്നു ഈ യാത്ര.

ഔദ്യോഗിക വസതിയായ റോസ് ഹൗസിന് മുന്നിലേക്ക് ഗ്യാലപ്പ് നടത്തിയെത്തിയ കുതിരസേനയെക്കണ്ട് കോംഗോ പട്ടാളം ഇവിടെയുമെത്തിയോ എന്ന് മന്ത്രി.റ്റി. വി. തോമസ് ഒരിക്കൽ പ്രതികരിക്കുകയുണ്ടായി. ഗേറ്റ് കടന്ന് വന്ന സേനാധിപനെക്കണ്ട് റ്റി.വി. ആദ്യം പകച്ചുപോയെങ്കിലും കാക്കിവേഷക്കാരൻ തൊപ്പിയഴിച്ചപ്പോൾ റ്റി.വിയുടെ അമ്പരപ്പിൽ നർമ്മം



malankaralibrary.com

കലരുകയായിരുന്നു. കാരണം കോംഗോയിൽ പട്ടാളമിറങ്ങി എന്നതായിരുന്നു അന്നത്തെ പത്രങ്ങളിലെ പ്രധാന തലക്കെട്ട്

(2006 മേയ് 11-ന് വീക്ഷണത്തിൽ വന്ന വാർത്ത)

## വിസ്മയിപ്പിച്ച ജീവിതം

തീവ്രവാദിയായ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധനായും അതേ പാടവത്തോടെ കമ്മ്യൂണിസ്റ്റുകാരുടെ പരിചയായും മാറുന്ന വെല്ലിംഗ്ടന്റെ രാഷ്ട്രീയ കൗശലം കണ്ട് കേരളം വിസ്മയം കൊണ്ടിട്ടുണ്ട്.

ഇത്തരം വൈചിത്ര്യങ്ങളായ നിലപാടുകളും, അതിലൂടെയുള്ള വിവാദങ്ങളും കൊണ്ട് അദ്ദേഹത്തിന്റെ പ്രഭാവകാലം എന്നും ചലനാത്മകമായിരുന്നുവെന്ന് പറയാം.

പിൽക്കാലത്ത് ഫാദർ വടക്കനായി അറിയപ്പെട്ട ബ്രദർ വടക്കന്റെ വിശ്വസ്തനായ അനുയായി എന്ന നിലയിലാണ് വെല്ലിംഗ്ടന്റെ വരവ്. കത്തോലിക്കരേയും കർഷകരേയും സംഘടിപ്പിച്ചുകൊണ്ട് 57-ലെ ഇ.എം.എസ്. ഗവണ്മെന്റിനെതിരെയുള്ള പോരാട്ടത്തിനു വടക്കൻ തിരികൊളുത്തിയപ്പോൾ അത് പടർത്തി കത്തിക്കാൻ ഓടി നടന്നത് വെല്ലിംഗ്ടൺ ആയിരുന്നു. വിദ്യാഭ്യാസബില്ലിന് എതിരെയുള്ള വിമോചനസമരത്തിൽ നിരവധി തവണതല്ലു കൊണ്ടു. ജയിലിൽ കിടന്നു.

പത്തുകൊല്ലം കഴിഞ്ഞപ്പോൾ അതേ ഇ.എം.എസ് അദ്ദേഹത്തെ മന്ത്രിയാക്കി. മാത്രമല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും അടുത്ത മിത്രമായി മാറാനും അദ്ദേഹത്തിന് കഴിഞ്ഞു. പിന്നെ പത്തുകൊല്ലം കഴിഞ്ഞപ്പോൾ മാർക്സിസ്റ്റ് പാർട്ടി അദ്ദേഹത്തെ കയ്യൊഴിഞ്ഞുയെന്നത് മറ്റൊരു കാര്യം.

അടിഉറച്ച കത്തോലിക്കനായിരുന്നു വെല്ലിംഗ്ടൺ. പൂർണ്ണ വിശ്വാസിയായിരുന്നു. പള്ളിയും പാതിരിയുമായി ഉറ്റചങ്ങാത്തവും പുലർത്തിയിരുന്നു. അതേ വെല്ലിംഗ്ടൺ ശ്രീനാരായണ ഗുരുവിന്റെ ഭക്തനുമായിരുന്നു. കുറേ നാൾ അവിടുത്തെ അന്തേവാസിയായി കഴിയുകയും ചെയ്തു. സ്വാമി ശാശ്വതികാനന്ദയുടെ കാലത്ത് ശിവഗിരി മഠത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലകൂടി നടത്തിയിരുന്നു. ശ്രീനാരായണ ദർശനങ്ങളെക്കുറിച്ചും, ഗീതോപദേശങ്ങളെക്കുറിച്ചും മണിക്കൂറുകളോളം അദ്ദേഹം പ്രഭാഷണങ്ങൾ നടത്തിയിരുന്നു. പുട്ടവർത്തിയിലെത്തി സായിബാബയെ സന്ദർശിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തി.

മയക്കുമരുന്നു വിരുദ്ധപ്രവർത്തനങ്ങളുടെ ശക്തനായ വക്താവായിരുന്നു വെല്ലിംഗ്ടൺ. എന്നാൽ ചുരുട്ട് അദ്ദേഹത്തിന് ഒരു ദൗർബല്യമായിരുന്നു. എവിടെപോയാലും മേത്തരം ചുരുട്ടുകളുടെ പായക്കറ്റ് അദ്ദേഹം സംഭരിക്കും. അത് കത്തിച്ചു വലിക്കുന്നതിനേക്കാൾ ഇഷ്ടം അതുകൊണ്ടു നടക്കുന്നതിലായിരുന്നു.

(മേയ് 11 വീക്ഷണം)



malankaralibrary.com



# വടക്കനെച്ചന്റെ ഇഷ്ടതോഴൻ -വർഗീസ് മേച്ചേരി

കെ.ടി.പിയുടെ ജനറൽ സെക്രട്ടറിയും തൊഴിലാളി പത്രത്തിന്റെ പത്രാധിപരും മനോരമയിൽ പത്രപ്രവർത്തകനുമായിരുന്ന വർഗ്ഗീസ് മേച്ചേരി തന്റെ സഹപ്രവർത്തകനായിരുന്ന വെല്ലിംഗ്ടണെ അനുസ്മരിക്കുന്നു.



വർഗ്ഗീസ് മേച്ചേരി

"സത്യത്തിൽ ബി വെല്ലിംഗ്ടൺ ഒരു പാവമായിരുന്നു. അദ്ദേഹം അറിയാതെ അദ്ദേഹത്തിനുമേൽ അഴിമതി ചുമത്തുകയായിരുന്നു. അതൊക്കെ രാഷ്ട്രീയം. ഇന്നലെ അന്തരിച്ച എന്റെ സുഹൃതത് വെല്ലിംഗ്ടൺ മനുഷ്യസ്നേഹിയായിരുന്നു. കേരളം അദ്ദേഹത്തെ കണ്ടത് അഴിമതിക്കാരനായിട്ടാണ്. എന്നാൽ ഒരു തുണ്ടു ഭൂമി പോലും ഇല്ലാതെയാണ് ഈ മനുഷ്യൻ മരിച്ചത്. ഒരിക്കൽ മന്ത്രിയായിരുന്ന ആൾ അഴിമതിക്കാരനായിരുന്നുവെങ്കിൽ കയറികിടക്കാൻ ഒരു കൂരയെങ്കിലും ഉണ്ടാക്കുമായിരുന്നില്ലേ.

ഞാനും വെല്ലിംഗ്ടണും സഹപ്രവർത്തകരായിരുന്നു. അദ്ദേഹം കർഷക തൊഴിലളി പാർട്ടിയുടെ (കെടി.പി.) സംസ്ഥാന ജനറൽ സെക്രട്ടറിയായതിനുശേഷമായിരുന്നു ഞാൻ ആ സ്ഥാനത്തെത്തിയത്. വടക്കനെച്ചന്റെ തൊഴിലാളി പത്രത്തിൽ കുറേക്കാലം വെല്ലിംഗ്ടൺ പത്രാധിപരായിരുന്നു. മന്ത്രിയായപ്പോൾ ആ സ്ഥാനത്ത് ഞാൻ നിയമിതനായി. അച്ചന്റെ ആന്റി കമ്മ്യൂണിസ്റ്റ് ഫ്രണ്ടിൽ കൂടിയാണ് വെല്ലിംഗ്ടൺ കെ.ടി.പിയിൽ എത്തിയത്. 57-ൽ ഇ.എം.എസ് മന്ത്രിസഭക്കെതിരെ വിമോചന സമരം നടത്തി തല്ല് കൊണ്ട് തിരുവനന്തപുരത്ത് തെരുവിൽ കിടന്ന വെല്ലിംഗ്ടണെ ആരോ ആശുപത്രിയിൽ എത്തിച്ചു. ഒരു വഴിപോക്കനെന്ന നിലയ്ക്കാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയതത്. പിന്നീടാണ് വെല്ലിംഗ്ടനാണെന്ന് തിരിച്ചറിഞ്ഞത്.

67-ൽ അദ്ദേഹം ഇ.എം.എസ് മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായി. അക്കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിലെ നിയമനവുമായി ബന്ധപ്പെട്ട് മണലൂർ എം.എൽ.എയായിരുന്ന എൻ.എ. ദേവസ്സിക്കുട്ടിയാണ് വെല്ലിംഗ്ടനെതിരെ അഴിമതി ആരോപിച്ചത്. തൃശൂരിലെ കച്ചവടക്കാരനായ ടി.എ. ആന്റണി വടക്കനെച്ചന്റെ സുഹൃത്തായിരുന്നു. തൊഴിലാളി പത്രം നടത്താൻ ഇടയ്ക്കിടെ ആന്റണിയിൽ നിന്നും പണം ചെക്കായി വാങ്ങിക്കുമായിരുന്നു. ഇങ്ങനെതന്ന രണ്ട് ചെക്കുകളുടെ രേഖ കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും സമ്പാദിച്ചാണ് വെല്ലിംഗ്ടനെതിരെ ദേവസ്സിക്കുട്ടി അഴിമതി ഉന്നയിച്ചത്. പത്രത്തിന് വേണ്ടി നൽകിയ ചെക്ക് കൈക്കൂലിയാക്കി മാറ്റുകയായിരുന്നു. വെല്ലിംഗ്ടൺ മരിക്കുന്നത് വരെ ഈ ഇല്ലാത്ത അഴിമതി അദ്ദേഹത്തെ വേട്ടയാടി.



malankaralibrary.com

വെല്ലിംഗ്ടണ് ആകപ്പാടെ ഉണ്ടായിരുന്ന ഒരു ദുഃശ്ശീലം ചുരുട്ട് വലിച്ചിരുന്നു എന്നുള്ളതാണ്. വടക്കനച്ചനൊപ്പം കൊട്ടിയൂരിൽ കുടിയേറ്റക്കാരുടെ അവകാശസംരക്ഷണത്തിന് മൂന്നാഴ്ചയോളം നിരാഹാരം കിടന്നതും ചുരുളി, കീരിത്തോട് ജാഥ നയിച്ചതും ജയിൽ വാസം അനുഭവിച്ചതും ഒക്കെ വെല്ലിംഗ്ടണിന്റെ ത്യാഗനിർഭരമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. ഫാ. ജോസഫ് വടക്കന്റെ മനസ്സിൽ എന്നും വെല്ലിംഗ്ടണ് ഒരിടമുണ്ടായിരുന്നു. പ്രസംഗകൻ, മനുഷ്യസ്നേഹി, സംഘാടകൻ, ലക്ഷ്യത്തിലെത്താൻ എന്ത് ത്യാഗവും സഹിക്കുന്ന ഭടൻ, എന്നിങ്ങനെയൊക്കെ വെല്ലിംഗ്ടൺ അനുസ്മരിക്കപ്പെടും. ധാരാളം പുസ്തകങ്ങൾ വെല്ലിംഗ്ടൺ വായിക്കുമായിരുന്നു. അദ്ദേഹം എവിടെ താമസിച്ചാലും പുസ്തകം കൂടപ്പിറപ്പായിരുന്നു. വെല്ലിംഗ്ടണ് ഒരു കുഴുപ്പമുണ്ടായിരുന്നു. എടുത്തുചാട്ടം. അത് അദ്ദേഹം അറിയാതെ പല കുഴപ്പങ്ങൾക്കും വഴിവെച്ചു എന്നതാണ് സത്യം."

## ആദർശത്തിന്റെ ആൾരൂപം - കെ. ഭാസ്കരൻ

വലിയ അഴിമതിക്കാരനായിട്ടാണല്ലോ വെല്ലിംഗ്ടണെ മാധ്യമങ്ങളും രാഷ്ട്രീയക്കാരും വിശേഷിപ്പിച്ചത്. ഒരു വ്യക്തിയെ നശിപ്പിച്ചാണെങ്കിലും സപ്തകക്ഷി ഗവണ്മെന്റിനെ തകർക്കണമെന്ന ലക്ഷ്യത്തോടെയാണ് ഈ പ്രചരണം അവർ നടത്തിയത്. വെല്ലിംഗ്ടണെപ്പറ്റി 2006 മേയ് 11-ന് കേരള കൗമുദിയിൽ വെല്ലിംഗ്ടന്റെ രാഷ്ട്രീയ സഹയാത്രികനും പി.ടി.ഐ. ലേഖകനുമായിരുന്ന കെ. എസ്സ്.ഭാസ്കരൻ എഴുതിയ ഒരു ലേഖനം താഴെ ചേർക്കുന്നു

ജീവിതസായാഹ്നത്തിൽ കയറിക്കിടക്കാൻ ഒരു തുണ്ടുഭൂമി പോലും സ്വന്തമായില്ലാതെ അന്യരുടെ കനിവിന്റെ തിണ്ണയിൽ പായയിട്ടു കിടന്ന ബി,വെല്ലിംഗ്ടൺ ആദർശത്തിന്റെ കാര്യത്തിൽ ഒട്ടും വിട്ടു വീഴ്ചക്കു തയ്യാറല്ലായിരുന്നു.

കുട്ടിക്കാലം മുതൽ കുടുംബ സുഹൃത്തുക്കളും സഹപ്രവർത്തകരും എന്നതിലുപരി ജ്യേഷ്ഠാനുജന്മാരുടെ ഭാവേന ഇടപഴകുകയും ചെയ്ത ഞാൻ ഒരു ചെറിയ ശുപാർശയ്ക്കായി മന്ത്രിയായിരുന്ന വെല്ലിംഗ്ടനെ സമീപിച്ച അനുഭവത്തിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ആദർശധീരത പ്രകടമാണ് എന്റെ ഭാര്യയുടെ ജോലി സംബന്ധമായ ഒരു ചെറിയ പ്രശ്നം ഡി. ഇ.ഒ ഇടപെട്ടാൽ തീരുന്നതായിരുന്നു. സുഹൃത്ത് മന്ത്രിയായിരിക്കെ ശുപാർശയ്ക്കു വേറെയാരെയും സമീപിക്കേണ്ടെന്ന ധൈര്യത്തോടെ തിരുവനന്തപുരത്ത് ജഗതിയിലുള്ള മന്ത്രി വസതിയായ കൽപ്പനയിൽ എത്തി, സ്വീകരണമെല്ലാം ഗംഭീരമായിരുന്നു. പക്ഷെ വന്നതിന്റെ ഉദ്ദേശ്യം പറഞ്ഞപ്പോൾ മട്ടു മാറി. ഒരു കൂട്ടുകെട്ടു മന്ത്രിസഭയ്ക്ക് പല പരിമിതികളുണ്ടെന്നും മറ്റൊരു മന്ത്രിയുടെ വകുപ്പിൽ തലയിടുന്നത് അനൗചിത്യമാണെന്നും പറഞ്ഞ് ഉച്ചയ്ക്ക് ഊണു കഴിഞ്ഞു പോയാൽ മതിയെന്ന നിർദ്ദേശത്തോടെ



malankaralibrary.com



ഓഫീസിലേക്കു പോയ വെല്ലിംഗ്ടനെ ഇന്നും മനസ്സിൽ കാണുന്നു. ഇങ്ങനെയുള്ള വെല്ലിംഗ്ടൺ അഴിമതി കാണിച്ചു എന്ന ആരോപണം അദ്ദേഹത്തിന്റെ മനസ്സിനെ എന്തു മാത്രം മുറിപ്പെടുത്തി കാണണം!

ആരോഗ്യ മന്ത്രിയായിരിക്കെ മെഡിസിൻ പ്രവേശനം ഇന്റർവ്യൂ വേണ്ടെന്നു വച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ നടത്താൻ തന്റേടം കാണിച്ചു വെല്ലിംഗ്ടൺ. അന്നത്തെ മെഡിസൻ പ്രവേശന കുംഭകോണക്കാർക്കു കനത്ത തിരിച്ചടിയായിരുന്നു ഈ തീരുമാനം.

അതേ സമയം സുഹൃത്തുക്കൾക്കു വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത സ്വഭാവമായിരുന്നു വെല്ലിംഗ്ടന്റേത്. ഈ സ്വഭാവ മഹിമ ചൂഷണം ചെയ്തു പലരും ലക്ഷങ്ങൾ വാരിക്കൂട്ടി. ഇക്കൂട്ടത്തിലൊരാളെക്കുറിച്ചു പല തവണ ഞാൻ മുന്നറിയിപ്പു നൽകിയിരുന്നുവെങ്കിലും അതൊന്നും കാര്യമായെടുത്തില്ല. വെല്ലിംഗ്ടന്റെ വിലാസത്തിൽ തലസ്ഥാന നഗരിയിൽ റേഷൻ കടകളും ടൂറിസ്റ്റ് കാറുകളും സ്വന്തമാക്കിയ ഈ മാന്യനെപ്പറ്റി ഒരിക്കൽ ഇയാളുടെ സാന്നിദ്ധ്യത്തിൽത്തന്നെ മന്ത്രിയായിരിക്കുന്ന വെല്ലിംഗ്ടനോട് അഭിപ്രായം പ്രകടമാക്കി. ഇത്തരക്കാരാണ് മന്ത്രിയുടെ സൽക്കീർത്തിക്ക് കളങ്കം വരുത്തുന്നതെന്ന് ഞാൻ പറഞ്ഞപ്പോൾ ആ വ്യക്തി കോപിച്ച് തന്നെ ഇപ്രകാരം അപമാനിക്കുന്ന ഇയാളെ പിടിച്ചു പുറത്താക്കിയില്ലെങ്കിൽ താൻ ഇറങ്ങിപ്പോകുമെന്നു ഭീഷണിപ്പെടുത്തി. എങ്കിൽ അങ്ങനെയാവട്ടെ എന്നായി മന്ത്രി. ആ മനുഷ്യൻ ഇറങ്ങിപ്പോവുകയും ചെയ്തു. ശബ്ദ- ഭാവ ഗാംഭീര്യത്താൽ ആർക്കും സമീപിക്കാനൻ മടി തോന്നുന്ന വ്യക്തിത്വമായിരുന്നുവെങ്കിലും കുട്ടിയുടെ നിഷ്കളങ്കത്വമായിരുന്നു അദ്ദേഹത്തിന്.

## വിവാദങ്ങൾ നെഞ്ചിലേറ്റിയ അപൂർവ്വ പ്രതിഭാസം- കല്ലട ഷണ്മുഖൻ

എന്നും വിവാദങ്ങൾ മാത്രം നെഞ്ചിലേറ്റിയിട്ടുള്ള അപൂർവ്വ പ്രതിഭാസമായിരുന്നു അന്തരിച്ച മുൻ മന്ത്രി ബി. വെല്ലിംഗ്ടൺ. അവസാനനാളുകളിൽ ആരുടെയും തുണയില്ലാതെ അദ്ദേഹം ഏകനായി കഴിയുകയായിരുന്നു. എതെങ്കിലുമൊരുകാലത്ത് ഒരു എം.എൽ.എയെങ്കിലും ആയിട്ടുള്ള ഇന്നത്തെ രാഷ്ട്രീയക്കാർ സുഖസൗഭാഗ്യങ്ങളുടെ സമൃദ്ധിയിൽ കഴിയുമ്പോൾ മുന്നുപതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തെ സ്വന്തം വാക്കിലും നോട്ടത്തിലും നയിച്ചു നടന്നിരുന്ന ഈ മനുഷ്യൻ ജീവിത സായാഹ്നത്തിലെ കഷ്ടപ്പാടുകളോട് ഒറ്റയ്ക്ക് പൊരുതുകയായിരുന്നു. 48 വർഷം ഒപ്പമുണ്ടായിരുന്ന ഭാര്യ എലിസബത്ത്2004 മാർച്ച് 7 ന് അന്തരിച്ചതോടെ ഈ 80 കാരൻ ഏകാന്തവാസിയായി. എലിസബത്ത് - വെല്ലിംഗ്ടൺ ദമ്പതികൾക്ക് മക്കളില്ല. മിത്രങ്ങൾ പോലും അപൂർവ്വമായിട്ടുള്ള നരച്ച താടിരോമങ്ങൾ നീട്ടിവളർത്തിയ ഈ ആറടിപൊക്കക്കാരൻ നഷ്ടപ്രതാപങ്ങളുടെ ലോകത്ത് തികച്ചും ഏകനായിരുന്നു.



malankaralibrary.com

രോഗബാധിതനായി 2006 ഫെബ്രുവരി 15 ന് കൊട്ടിയം ഹോളിക്രോസ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുംവരെ കൊല്ലം അമൃതകുളം ആർ. ജെ. നഗറിലെ 16-ാം നമ്പർ വീടിന്റെ ഒരുഭാഗത്ത് പത്രക്കെട്ടുകൾക്കും പുസ്തക കൂമ്പാരങ്ങൾക്കും നടുവിൽ, ഒരു കാലത്ത് കേരളത്തിന്റെ ചലനമായിരുന്ന ഇദ്ദേഹം ഒതുങ്ങിക്കൂടി കഴിയുകയായിരുന്നു. ഭാര്യബന്ധുക്കളോട് പടപൊരുതി നേടിയ വീട്ടിൽ അധികാര കേന്ദ്രങ്ങളിൽ പരിചിതമായിരുന്ന ഒരു കാലത്ത് കേരളത്തിന്റെ വിപ്ലവ വഴികളിൽ യുവത്വത്തിന്റെ പ്രസരിപ്പോടെ തിളച്ചു പൊന്തിയിരുന്ന ബി. വെല്ലിംഗ്ടൺ പിന്നീട് വിപ്ലവ വഴികൾ വെടിഞ്ഞ് ആത്മീയതയിൽ അഭയം തേടുകയായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. ഹിന്ദുത്വത്തിൽ അസാമാന്യമായ അഭിമാനം പുലർത്തിയിരുന്നു. മത സമ്മേളനങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള പണ്ഡിതോചിതമായ പ്രസംഗങ്ങൾ അതിന് തെളിവാണ്. ശങ്കരാചാര്യ സ്വാമികളുടെ അന്നപൂർണ്ണേശ്വരിസ്തവം, ഭജഗോവിന്ദം തുടങ്ങിയവ അദ്ദേഹത്തിന് ഹൃദിസ്തമായിരുന്നു. ശിവഗിരി മഠത്തിന്റെ അധീനതയിലുള്ള പബ്ലിക് സ്കൂളുകളുടെ അധികാരിയുമായിരുന്നു വെല്ലിംഗ്ടൺ. അന്തരിച്ച മുസ്ലീം സംസ്കൃത പണ്ഡിതൻ എം.ഇസഹാക്ക് ഗുരുക്കൾ എഴുതിയ ഭഗവത്ഗീതാ വിവർത്തനം ആയിരം തവണ വായിച്ച ആളാണ് വെല്ലിംഗ്ടൺ. ഗീതയിലെ ഓരോ ശ്ലോകവും മനഃപാഠമാണ്.

അതുപോലെ തന്നെ ആർ.എസ്.എസ് സർസംഘചാലക് കെ.എസ് സുദർശൻജിയുമായിട്ടുള്ള സൗഹൃദം മറക്കാനാവില്ലെന്ന് അദ്ദേഹം തന്നെ ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹവും ഒന്നിച്ചുള്ള ചിത്രം നിധിപോലെ സൂക്ഷിച്ചിരിക്കുകയായിരുന്നു വെല്ലിംഗ്ടൺ. പാലായിൽ ഹിന്ദു-ക്രസ്ത്യൻ സംഘർഷത്തെ തുടർന്നുണ്ടായ പരിചയമാണ് വെല്ലിംഗ്ടനെ ആർ.എസ്.എസുമായി കൂടുതൽ അടുപ്പത്തിലാക്കിയത്. ആർ.എസ്.എസിന്റെ നാഗ്പൂർ കേന്ദ്രം സന്ദർശിക്കണമെന്ന ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. കെ. എസ്. സുദർശൻ കേരളത്തിൽ എന്ന പേരിൽ ഒരു പുസ്തകവും എഴുതാൻ വെല്ലിംഗ്ടൺ പദ്ധതിയിട്ടിരുന്നു.

കത്തു മുഖേനെയും മറ്റും സുദർശൻജിയുമായി പുലർത്തിയിരുന്ന സൗഹൃദത്തെതുടർന്ന് 2004-ൽ കൊല്ലത്തു നടന്ന ആർ.എസ്.എസ് പ്രാന്തീയ കാര്യകർത്തൃ ശിബിരത്തിൽ പങ്കെടുക്കാനെത്തിയ സുദർശൻജി വെല്ലിംഗ്ടനെ സന്ദർശിച്ചിരുന്നു. ഗുരുജി ജന്മശതാബ്ദി ആഘോഷത്തിന്റെ സംസ്ഥാന സമിതി അംഗവുമായിരുന്നു അദ്ദേഹം. (ജന്മഭൂമി - 2006 മെയ് 11)

## വെല്ലിംഗ്ടണെപ്പറ്റി - എ.ജെ. ബെൻസ്

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. കൊല്ലത്ത് ഐ.എൻ.ടി.യു.സി.യുടെ സംഘാടകനായി. ആർ. ശങ്കർ, സി.എം. സ്റ്റീഫൻ, ടി.എസ്. ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിൽ 1954-ൽ



malankaralibrary.com



കൊല്ലത്തു നടന്ന തിരുകൊച്ചി കോൺഗ്രസ്സു സമ്മേളനത്തിന്റെ വാളന്റിയർക്യാപ്റ്റനായിരുന്നു. തുടർന്ന് ഫാദർ വടക്കന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും, 1956-ൽ എ.സി.എഫിന്റെ സംസ്ഥാന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എ.സി. എഫ്. പ്രവർത്തനത്തിന്റെ ഭാഗമായി തൊഴിലാളികളെ സംഘടിപ്പിക്കുവാനും "തൊഴിലാളി" ദിനപത്രത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും അവസരമുണ്ടായി. പ്രവർത്തനരംഗം പ്രധാനമായും തൃശൂരായി.

വിദ്യാഭ്യാസബില്ലിനെതിരായ സമരത്തിന്റെയും, വിമോചനസമരത്തിന്റെയും മിച്ചഭൂമി സമരത്തിന്റെയും, കേരളമെമ്പാടും നടന്ന കുടിയിറക്കുവിരുദ്ധ സമരങ്ങളുടെയും നേതൃനിരയിൽ ഫാദർ വടക്കനോടൊപ്പം നിന്നു വെല്ലിംഗ്ടന്റെ പ്രവർത്തനം, ആവേശോജ്ജ്വലമായിരുന്നു. വെല്ലിംഗ്ടന്റെ തീപ്പൊരി പ്രസംഗങ്ങളുടെ തിരമാലകൾ, വിദ്യാഭ്യാസസമരത്തിന്റെയും വിമോചനസമരത്തിന്റെയും, കുടിയിറക്കുവിരുദ്ധ സമരത്തിന്റെയും പടക്കളത്തിലേക്ക് കുതിച്ചു ചാടാൻ പതിനായിരങ്ങൾക്ക് പ്രേരണ നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസബില്ലിനെതിരായി തിരുവനന്തപുരത്ത്, വെല്ലിംഗ്ടൺ പതിനായിരങ്ങൾ പങ്കെടുത്ത പ്രകടനത്തെ നയിച്ചു. ഈ പ്രകടനത്തെ തടയാൻ അക്രമികൾ വഴിയിൽ കാത്തുനിന്നു. ഈ സമയത്ത് വെല്ലിംഗ്ടൺ അവിടെ എത്തി, നടത്തിയ ആവേശം നിറഞ്ഞ പ്രസംഗത്തിൽ " ഈ അക്രമികളെ വേണ്ടിവന്നാൽ രക്തം ചൊരിഞ്ഞും തകർത്തുമാറ്റിക്കൊണ്ട് പതിനായിരങ്ങളുടെ പ്രകടനം ഈ വഴിയിൽക്കൂടിത്തന്നെ മുന്നോട്ടുപോകുമെന്ന്" ഉച്ചഭാഷിണിയിൽ കൂടി പ്രഖ്യാപിച്ചു. ഗത്യന്തരമില്ലാതെ അക്രമികൾ അവിടെ നിന്ന് പിന്മാറുകയും, പ്രകടനം മുന്നോട്ടു പോവുകയും ചെയ്തു. ഇതിന്റെ പ്രതികാരം അക്രമികൾ തീർത്തത്, അന്ന് വൈകുന്നേരം പ്രകടനത്തിനു ശേഷം വഴിയെനടന്നുപോയ വെല്ലിംഗ്ടണെ വെട്ടിയിട്ടായിരുന്നു. മുഖത്തും, കണ്ണിനും മാരകമായ മുറിവേറ്റ് ആശുപത്രിയിൽ കഴിയേണ്ടിവന്നു. ഇത്തരത്തിൽ വലുതും ചെറുതുമായ അനേകം അക്രമണങ്ങളെ അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടുണ്ട്; ഒളിവിൽ കഴിയേണ്ടതായും വന്നിട്ടുണ്ട്.

തങ്ങളുടെ കൂടി ത്യാഗത്തിന്റെയും, സമരത്തിന്റെയും പ്രവർത്തനങ്ങളുടെയും ഫലമായി, അധികാരത്തിൽ വന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി സർക്കാർ, ഉടുമ്പുഞ്ചോലയിൽ നിന്ന് രണ്ടായിരത്തിൽപരം കർഷകകുടുംബങ്ങളെ കുടിയിറക്കി, അമരാവതിയിലെ ചതുപ്പുനിലക്കാട്ടിൽ തള്ളി. അവരിൽ നൂറോളം പേർ മഴക്കാലത്ത് അവിടെവച്ച് മരണമടഞ്ഞു. അവരെ സഹായിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ മാത്രം മുന്നോട്ടു വന്നു. ഈ അവസരത്തിൽ ഐക്യമുന്നണി സർക്കാരിന്റെ മനുഷ്യത്വരഹിതമായ കുടിയിറക്കിനെതിരായി ഫാദർ വടക്കന്റെയും വെല്ലിംഗ്ടന്റെയും നേതൃത്വത്തിൽ വമ്പിച്ച കർഷക മുന്നേറ്റം ഉണ്ടായി. (ഈ സന്ദർഭത്തിലായിരുന്നു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ സ്ഥാപകനും പോരാളിയുമായ ഫാദർ വട



malankaralibrary.com

ക്കന്റെ "നല്ല കാര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ചു പ്രവർത്തിക്കാമെന്ന' പ്രഖ്യാപനം ഉണ്ടായതും. ഈ പ്രഖ്യാപനം വമ്പിച്ച വിവാദവും ചലനവും ഉണ്ടാക്കി. ഈ പ്രഖ്യാപനം കേരളത്തിലെ രാഷ്ട്രീയ-മതമേഖലകളിൽ വമ്പിച്ച കൊടുങ്കാറ്റായി ആഞ്ഞുവീശി. മന്ത്രിസഭകൾ തകരുകയും പുതിയ രാഷ്ട്രീയബന്ധങ്ങൾ, കടുതലമാറി രൂപപ്പെടുകയും ചെയ്തു.)

വിമോചനസമരം രാജ്യത്തിന്റെ രക്ഷയ്ക്ക് അത്യാവശ്യമായിരുന്നുവെന്ന് വിശ്വസിക്കുന്ന വെല്ലിംഗ്ടൺ, ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട്, സാഹിത്യ-സാംസ്കാരിക-മതസൗഹാർദ്ദ മേഖലകളിൽ പ്രവർത്തിക്കാനാണ് താല്പര്യപ്പെട്ടത്. മതസൗഹാർദ്ദപ്രഭാഷണങ്ങളും പ്രവർത്തനങ്ങളും അദ്ദേഹം തുടർന്നു കൊണ്ടിരുന്നു. ഇതിന്നായി ബൈബിൾ, ഖുറാൻ, ഗീത, ഉപനിഷത്തുകൾ എന്നീ ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിച്ചുകൊണ്ടിരുന്നു.

## സമരങ്ങളിൽ മുന്നണിപ്പോരാളി ജോയ് ശാസ്താംപടിക്കൽ

വെല്ലിംഗ്ടൺ ഒരു നിമിത്തമായിരുന്നു. കേരള രഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതി ആരോപണങ്ങളിൽ ഒന്ന് സ്വയമറിയാതെ ഏറ്റെടുക്കേണ്ടി വന്ന നിമിത്തം. ഈ അഴിമതി ആരോപണമാണ് 1967 -ലെ രണ്ടാം ഇ.എം.എസ്. മന്ത്രിസഭയുടെ പതനത്തിനു വഴിയൊരുക്കിയത്. പക്ഷേ, വെല്ലിംഗ്ടൺ നിരപരാധിയാണെന്നു പൂർണമായി അറിയാമായിരുന്ന മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് തന്റെ മുഴുവൻ അധികാരവും സ്നേഹവും ഉപയോഗിച്ചു സഹമന്ത്രിയെ ന്യായീകരിച്ചു. എങ്കിലും വെല്ലിംഗ്ടണിന്റെ രാഷ്ട്രീയ ഭാവിക്ക് അത് ഏറെക്കുറെ വിലങ്ങുതടിയായി


ജോയ് ശാസ്താംപടിക്കൽ

മിച്ചഭൂമി സമരത്തിന്റെയും കുടിയിറക്കു വിരുദ്ധസമരങ്ങളുടെയും നേതൃനിരയിൽ വെല്ലിംഗ്ടൺ അവിഭാജ്യ ഘടകമായി. കുടിയിറക്കു വിരുദ്ധ സമരക്കാലത്താണു ഫാ.വടക്കൻ ആന്റി കമ്മ്യൂണിസ്റ്റ് ഫ്രണ്ടിനെ ആന്റി ക്യാപ്പിറ്റലിസ്റ്റ് ഫ്രണ്ടെന്നു പേരും നയവും മാറ്റിയെടുക്കുന്നത്. അവിടെയും ഫാ. വടക്കന്റെ ദളപതി വെല്ലിംഗ്ടൺ തന്നെയായിരുന്നു.

ഭൗതികസ്വത്ത് പുസ്തകങ്ങളാണെന്ന് ഓർമ്മപ്പെടുത്തും വിധം അവയുടെ ശേഖരം നേർക്കാഴ്ചയായി.

ഒരു മുറിയിൽ ആളിനു കടക്കാനാവാത്ത വിധം പുസ്തകങ്ങളാണ്. തൊട്ടടുത്ത മുറിയിലെ പുസ്തക ശേഖരം പുറത്തുനിന്നു കാണാം.

ചികിൽസാർത്ഥം കൊല്ലം വിടുന്നതുവരെ വാങ്ങിക്കൂട്ടിയ ദിനപത്രങ്ങൾ പോലും വെല്ലിംഗ്ടൺ തൂക്കി വിറ്റിരുന്നില്ല. അക്ഷരങ്ങളോടുള്ള സ്നേഹം അത്ര വലുതായിരുന്നു.



malankaralibrary.com



# അനുശോചനങ്ങൾ

## വെല്ലിംഗ്ടൺ മികച്ച സാമാജികനും മന്ത്രിയും : കൃഷ്ണയ്യർ

കൊച്ചി: മുൻ മന്ത്രി ബി.വെല്ലിംഗ്ടന്റെ മരണത്തിലൂടെ നമുക്ക് നഷ്ട മായത് നിസ്വർത്ഥനായ ഒരു വ്യക്തിയെയാണെന്ന് റിട്ട. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ. മികച്ച സാമാജികനും മന്ത്രിയുമായിരുന്നു അദ്ദേഹം. മികച്ച പെരുമാറ്റവും വ്യക്തി ബന്ധങ്ങൾ നിലനിർത്തുന്നതിലുള്ള താൽപര്യവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് മാറ്റി നിർത്തുന്നു.

മന്ത്രിയായിരുന്ന കാലത്ത് ഹൈക്കോടതി ജഡ്ജിയായിരുന്ന തന്നെ കാണാൻ അദ്ദേഹം വന്നിട്ടുണ്ട്. എന്നാൽ നീതിപൂർവമായ പ്രവർത്തന ങ്ങളിൽ ഇടപെട്ടിരുന്നില്ല.

മികച്ച വ്യക്തിത്വമുള്ള ഇത്തരം മന്ത്രിമാരെ സാധാരണനിലിയിൽ കാണുക അപൂർവമാണ്. രോഗബാധിതനായ ശേഷം വെല്ലിംഗ്ടണെ ഒരി ക്കൽ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ.

സുഹൃത്തുക്കളോട് രോഗവിവരം തിരക്കാറുണ്ട്. വ്യക്തിപരമായി നല്ലൊരു സുഹൃത്തിനെക്കൂടിയാണ് നഷ്ടമായതെന്ന് കൃഷ്ണയ്യർ പറഞ്ഞു.

## നഷ്ടമായത് മികച്ച ഭരണാധികാരി: വി.എസ്.

തിരു: മുൻ മന്ത്രി ബി. വെല്ലിംഗ്ടണിന്റെ നിര്യാണത്തിൽ പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ അനുശോചിച്ചു. നന്നെ ചെറുപ്പ ത്തിൽതന്നെ രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് ആകൃഷ്ടനായ വെല്ലിംഗ്ടൺ 1967-ലെ ഇ.എം.എസ് മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായിരുന്നു. ആ മന്ത്രി സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ വെല്ലിംഗ്ടൺ ഒരു നല്ല ഭരണാധികാരി എന്ന ഖ്യാതി നേടി. 1965,67,70 എന്നീ കാലയളവിൽ നിയമസഭാംഗമായിരു ന്നപ്പോഴും ജനകീയ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ബി.വെല്ലിംഗ്ടണിന്റെ നിര്യാണത്തിൽ സന്തപ്ത കുടുംബാംഗങ്ങൾക്കൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നതിനായി വി.എസ്. അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## സമർത്ഥനായ സംഘാടകൻ : തേറമ്പിൽ രാമകൃ ഷ്ണൻ

മുൻ മന്ത്രിയും നിയമസഭാംഗവും ഉജ്വല വാഗ്മിയും സമർത്ഥനായ സംഘാടകനുമായിരുന്ന ബി.വെല്ലിംഗ്ടണിന്റെ നിര്യണത്തിൽ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ അനുശോചിച്ചു.



malankaralibrary.com

## ശ്രദ്ധേയ വ്യക്തിത്വം : പിണറായി

തിരു: കേരള രാഷ്ട്രീയത്തിലെ ശ്രദ്ധേയ വ്യക്തിത്വമായിരുന്നു ബി.വെല്ലിംഗ്ടണെന്ന് സി.പി.ഐ.എം സെക്രട്ടറി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ന്യൂന പക്ഷ വിഭാഗങ്ങളിലും മലയോര കർഷകരിലും കമ്മ്യൂണിസ്റ്റുകാരെപ്പറ്റിയുള്ള തെറ്റായ ധാരണകൾ നീക്കുന്നതിൽ ഒരു ഘട്ടത്തിൽ വലിയസംഭാവന നൽകിയ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. കേരള കർഷകത്തൊഴിലാളി പാർട്ടിയുടെ പ്രതിനിധിയായി രണ്ടാം ഇ.എം.എസ് സർക്കാരിൽ ആരോഗ്യമന്ത്രിയായപ്പോഴും പിന്നീട് ഇടതുപക്ഷ നേതൃമുന്നണിയുടെ എം.എൽ.എ ആയപ്പോഴും തൊഴിലാളിവർഗ രാഷ്ട്രീയത്തോട് ഉറച്ച സഹകരണം പ്രവർത്തിയിലൂടെ തെളിയിച്ചു. കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന് പ്രസക്തി നഷ്ടപ്പെട്ടതായി 1960 കൾ മുതൽ പരസ്യമായി പ്രഖ്യാപിച്ച വെല്ലിംഗ്ടണിനെപ്പോലുള്ളവരുടെ ശബ്ദം കേരളം വലിയ തോതിൽ ഏറ്റെടുത്ത ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ വിയോഗം. ഒരു ഘട്ടത്തിൽ കേരളത്തിൽ നിറഞ്ഞുനിന്ന നല്ലൊരു പൊതുപ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നതെന്നും അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചിക്കുന്നതായും പിണറായി സന്ദേശത്തിൽ പറഞ്ഞു.

## പ്രഗത്ഭനായ വാഗ്മി, സംഘാടകൻ : പി.പി. ജോർജ്

തൃശൂർ: മുൻ ആരോഗ്യ മന്ത്രി വെല്ലിംഗ്ടന്റെ നിര്യാണത്തിൽ കെ.പി.സി.സി. വൈസ് പ്രസിഡന്റ് പി.പി. ജോർജ് അഗാധമായ ദുഃഖം രേഖപ്പെടുത്തി. മൂന്ന് മാസങ്ങൾക്ക് മുമ്പ് കൊല്ലത്ത് അദ്ദേഹത്തിന്റെ വസതിയിൽ വച്ച് കാണാനിടയായി. വിമോചന സമരകാല രാഷ്ട്രീയത്തെക്കുറിച്ചും ഇപ്പോഴത്തെ സംഭവ വികാസത്തെക്കുറിച്ചും ദീർഘനേരം അദ്ദേഹവുമായി സംസാരിക്കാൻ ഇടയായി. അന്ന് കാണുമ്പോൾ അത്രയധികം അസുഖം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിപുലമായ പുസ്തകശേഖരവും പത്രക്കെട്ടുകളും ലേഖന സമാഹാരവും കാണുവാനിടയായി. അദ്ദേഹം പ്രഗത്ഭനായ ഒരു പ്രാസംഗികനും പ്രശസ്തനായ സംഘാടകനും ആയിരുന്നു. ദീർഘനാളായി അദ്ദേഹവുമായുള്ള സുഹൃദ് ബന്ധം പി.പി. ജോർജ് അനുസ്മരിച്ചു.

## കേരള രാഷ്ട്രീയത്തിന് നഷ്ടം: ബാലാനന്ദൻ

കൊച്ചി: വെല്ലിംഗ്ടണിന്റെ വേർപാട് കേരള രാഷ്ട്രീയത്തിനു നഷ്ടമാണെന്ന് സി.പി.ഐ.എം. കേന്ദ്രകമ്മറ്റി അംഗം ഇ ബാലാനന്ദൻ പറഞ്ഞു. അദ്ദേഹം പല നിലപാടുകൾ സ്വീകരിച്ചുവെങ്കിലും അവസാനം ഇടതുപക്ഷ



malankaralibrary.com



രാഷ്ട്രീയവുമായും കമ്മ്യൂണിസ്റ്റുകാരുമായും സഹകരിക്കാൻ തയ്യാറായെന്ന് ബാലാനന്ദൻ ചൂണ്ടിക്കാട്ടി. വെല്ലിംഗ്ടണിന്റെ നിര്യാണത്തിൽ ബാലാനന്ദൻ കടുത്ത ദുഃഖം രേഖപ്പെടുത്തി.

## തൊഴിലാളികളുടെ സുഹൃത്ത്: പി.കെ. ഗുരുദാസൻ

കൊല്ലം: മുൻ മന്ത്രി ബി.വെല്ലിംഗ്ടണിന്റെ നിര്യാണത്തിൽ സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഗുരുദാസൻ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി. തൊഴിലാളി പ്രസ്ഥാനങ്ങളോട് എപ്പോഴും കൂറു പുലർത്തിയിരുന്ന വെല്ലിംഗ്ടൺ മതസൗഹാർദത്തിനുവേണ്ടിയും പ്രവർത്തിച്ചു.


1967-69-ൽ ഇ.എം.എസ് മന്ത്രി സഭയിൽ അംഗമായിരിക്കെ കാർഷിക പരിഷ്കാരനിയമം പാസാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. മിച്ചഭൂമി സമരത്തിലേക്ക് വഴിതെളിച്ച കർഷകത്തൊഴിലാളി സമരങ്ങൾക്ക് എ.കെ. ജിയോടൊപ്പം പ്രധാന നേതൃത്വം നൽകി. ഇ.കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് കൊല്ലത്തെ കരബലപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അന്തരിച്ച കേന്ദ്ര മന്ത്രി എ.എ. റഹീമും ബി.വെല്ലിംഗ്ടണും നിർണായക ചുമതല വഹിച്ച കാര്യം പ്രത്യേകം സ്മരണീയമാണെന്ന് പി.കെ. ഗുരുദാസൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### ഫിലിപ്പ് പൗലോസ്



ഫാ. വടക്കന്റെയും വെല്ലിംഗ്ടന്റെയും വിശ്വസ്തനായ അനുയായി. മലയോര കർഷക പ്രക്ഷോഭണത്തിലെ മുഖ്യപങ്കാളി. ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. പട്ടം കല്ലേറുകേസിലെ പ്രതിയുമായിരുന്നു.

### മാത്യുകണ്ടം



വിമോചന സമരത്തിലും കൊട്ടിയൂർ മേൽചാർത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിലും സുപ്രധാന പങ്ക് വഹിച്ച നേതാവാണ് മാത്യു കണ്ടം. ബി.വെല്ലിംഗ്ടന്റെ നേതൃത്വത്തിൽ കൊട്ടിയൂർ നിന്നും തിരുവനന്തപുരത്തേക്ക് നടന്ന കാൽനട ജാഥയിലും മാത്യു പങ്കു ചേർന്നു. ഈ ജാഥയിൽ പങ്കെടുത്തതിന്റെ പേരിൽ ഡി.സി.സി. മെമ്പറായിരുന്ന മാത്യുവിനെ കോൺഗ്രസിൽ നിന്നും സസ്പെൻഡു ചെയ്തു.



malankaralibrary.com

## അനുശോചനം

# പന്ത്രണ്ടാം കേരള നിയമസഭ

### (2006 ജൂൺ 29-ാം തീയതിയിലെ നിയമസഭാ നടപടികളിൽ നിന്ന്)

### ശ്രീ. കെ. രാധാകൃഷ്ണൻ (സ്പീക്കർ)

ജീവിതത്തിലും രാഷ്ട്രീയത്തിലും വേറിട്ട ശൈലിക്കുടമയും തീവ്ര കമ്മ്യൂണിസ്റ്റ് വിരുദ്ധ യാഥാസ്ഥിതികതയിൽ നിന്നും കമ്മ്യൂണിസ്റ്റ് സഹയാത്രികനും മന്ത്രിയുമായി മാറിയ ബി.വെല്ലിംഗ്ടൺ 1928 ആഗസ്റ്റ് 28-ന് എസ്. ബാസ്റ്റ്യന്റെയും എൽസി ബാസ്റ്റ്യന്റെയും മകനായി കൊല്ലം കാവനാട് ജനിച്ചു. തേവര സേക്രഡ് ഹാർട്ട്, തൃശൂർ കേരള വർമ്മ കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിനാൽ തേവര സേക്രഡ് ഹാർട്ട് കോളേജിൽ നിന്നും പുറത്താക്കപ്പെട്ടു. സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ ഗണിത ശാസ്ത്ര അദ്ധ്യാപകനായരിക്കെ കോൺഗ്രസ് രാഷ്ട്രീയത്തിൽ പ്രവേശിച്ചു.

ഫാദർ വടക്കന്റെ പ്രവർത്തന ശൈലിയിൽ ആകൃഷ്ടനായ ബി. വെല്ലിംഗ്ടൺ തന്റെ പ്രവർത്തനം കുടിയേറ്റ കർഷകർക്കുവേണ്ടി മാറ്റിവച്ചു. വിദ്യാഭ്യാസ ബില്ലിനെതിരായ സമരത്തിലും വിമോചന സമരത്തിലും മിച്ചഭൂമി സമരത്തിലും കുടിയിറക്ക് സമരത്തിലും പ്രമുഖ പങ്ക് വഹിച്ചിരുന്നു. അന്നത്തെ ഐക്യമുന്നണി സർക്കാർ ഉടുമ്പഞ്ചോലയിൽ നിന്ന് രണ്ടായിരത്തിൽ പരം കർഷകരെ അമരാവതിയിലേക്ക് കുടിയിറക്കിയപ്പോൾ അതിനെതിരെ സമരം ചെയ്ത വെല്ലിംഗ്ടന് എ.കെ.ജിയിൽ നിന്നും ശക്തമായ പിന്തുണ ലഭിച്ചു. ഈ പിന്തുണ കേരള രാഷ്ട്രീയത്തിൽ തന്നെ വലിയ മാറ്റം വരുത്തി.

1961-ൽ മലനാട് കർഷക യൂണിയന്റെ സെക്രട്ടറിയായും 1962-ൽ കർഷകത്തൊഴിലാളി പാർട്ടിയുടെ ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ചു. മൂന്നാം കേരള നിയമസഭയിൽ 'കൽപറ്റ' നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിൽ 'പള്ളുരുത്തി' നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. 1967 മുതൽ 1969 വരെ ഇ.എം.എസ് മന്ത്രിസഭയിലെ ആരോഗ്യ വകുപ്പു മന്ത്രിയായിരുന്നു. ഗ്രാമീണ കുടിവെള്ള പദ്ധതികൾ, ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റ് രൂപീകരണം മെഡിക്കൽ കോളേജ് പ്രവേശനത്തിന് മാർക്ക് മാനദണ്ഡമാക്കിയത്, സർക്കാർ ലോട്ടറി ഏർപ്പെടുത്തിയത് എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ ബി.വെല്ലിംഗ്ടന്റെ ഭരണ നൈപുണ്യത്തിന് നിദാനങ്ങളാണ്.

തികഞ്ഞ വാഗ്മിയും സംഘാടകനുമായിരുന്ന ബി.വെല്ലിംഗ്ടൺ 'തൊഴിലാളി' ദിനപത്രത്തിന്റെ ചീഫ് എഡിറ്റർ, സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ ജോയിന്റ് സെക്രട്ടറി എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജീവിതത്തിലും രാഷ്ട്രീയത്തിലും എന്നും തന്റേതായ കാഴ്ചപ്പാട് പുലർത്തിയിരുന്ന ബി.വെല്ലിംഗ്ടൺ 10/05/2006-ൽ നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ പഴയ തലമുറയിലെ ആദർശശാലികളായ നേതാക്കളിൽ ഒരാളെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.



malankaralibrary.com



# 27. ഫാ. വടക്കൻ - ബി.വെല്ലിംഗ്ടൺ ഫൗണ്ടേഷൻ

ഫാ. വടക്കന്റെയും ബി.വെല്ലിംഗ്ടന്റെയും സുഹൃത്തുക്കളും ആരാധകരും ചേർന്ന് ഫാ. വടക്കൻ ബി.വെല്ലിംഗ്ടൺ ഫൗണ്ടേഷൻ രൂപീകരിച്ചു. തൃശൂർ ചേർന്ന സമ്മേളനമാണ് ഈ തീരുമാനമെടുത്തത് ജോൺ കച്ചിറമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പ്രൊഫ. മാത്യു ഉലകംതറ ഉദ്ഘാടനം ചെയ്തു. ശ്രീ പോൾ വളിപ്പല, തോമസ് പാറന്നൂർ, തുടങ്ങിയവർ പ്രസംഗിച്ചു. മലനാട് കർഷക യൂണിയന്റെ മുൻ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം ഫൗണ്ടേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

ഫാ. വടക്കന്റെയും ബി.വെല്ലിംഗ്ടന്റെയും സഹപ്രവർത്തകനും സാംസ്കാരിക പ്രവർത്തകനുമായ ആന്റണി വാഴപ്പള്ളി വൈസ്പ്രസിഡണ്ടായി. ചരിത്രകാരനും കെ.ടി.പിയുടെ മുൻ എറണാകുളം ജില്ലാ സെക്രട്ടറിയുമായ ശ്രീ. എ.ജെ. ബൻസ് ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറി. റ്റി. ഐ.ആന്റോ തലക്കോട്ടൂർ ആണ് ട്രഷറർ. ജോയിന്റ് സെക്രട്ടറിയായി ബേബി മൂക്കനും കമ്മറ്റിയംഗങ്ങളായി ടോം ജോസ്, ജോർജുകുട്ടി മുക്കാടൻ, അഡ്വ. ജോസഫ് ബാബു വടക്കൻ, എം.ഡി. ഗ്രേസ്, റ്റി.സി. റഫേൽ, അലക്സ് താമരശ്ശേരി എന്നിവരെയും തിരഞ്ഞെടുത്തു. ഫൗണ്ടേഷന്റെ ഉദ്ഘാടനം 2007 മെയ് 10 ന് തൃശൂർ സാഹിത്യ അക്കാഡമി ഹാളിൽ വച്ച് പ്രസിഡന്റ് ജോൺ കച്ചിറമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് തൃശൂർ മുൻ മുൻസിപ്പൽ ചെയർമാൻ ജോസ് കാട്ടുക്കാരൻ നിർവ്വഹിച്ചു.



ജെ.സി. ദേവ്


ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ അവാർഡിന് ജെ.സി. ദേവാണ് അർഹനായത്. ജെ.സി. ദേവ് ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ ചെയർമാനാണ്. കമ്മ്യൂണിസം അന്നും ഇന്നും എന്ന ഗ്രന്ഥമുൾപ്പെടെ ഒരു ഡസനിലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഫൗണ്ടേഷന്റെ ഒന്നാം വാർഷികം തൃശൂർ സാഹിത്യ അക്കാഡമി ഹാളിൽ പ്രസിഡന്റ് ജോൺ കച്ചിറമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ബിഷപ് മാർ പാസ്റ്റർ നിലങ്കാവിൽ അവാർഡ് സമ്മാനിച്ചു.





malankaralibrary.com

# ഫാ. വടക്കൻ - ബി.വെല്ലിംഗ്ടൺ ഫൗണ്ടേഷൻ ഭാരവാഹികൾ


പ്രസിഡന്റ്
ജോൺ കച്ചിറമറ്റം


വൈസ് പ്രസിഡന്റ്
ആന്റണി വാഴപ്പള്ളി


ജന. സെക്രട്ടറി
എ.ജെ. ബെൻസ്



ട്രഷറർ
റ്റി.ഐ. ആന്റോ


ജോയിന്റ് സെക്രട്ടറി
ബേബി മൂക്കൻ



കമ്മറ്റിയംഗം
ടോം ജോസ്


കമ്മറ്റിയംഗം
ജോർജ്ജുകുട്ടി
മുക്കാടൻ


കമ്മറ്റിയംഗം
ജോസഫ് ബാബു
വടക്കൻ


കമ്മറ്റിയംഗം
അലക്സ് താമരശ്ശേരി


കമ്മറ്റിയംഗം
എം.ഡി. ഗ്രേസ്


കമ്മറ്റിയംഗം
റ്റി.സി. റാഫേൽ




malankaralibrary.com

# ഫാ. വടക്കൻ - ബി.വെല്ലിംഗ്ടൺ സാംസ്കാരിക സമിതി


കൊല്ലം കേന്ദ്രമാക്കി ഫാ. വടക്കൻ -ബി.വെല്ലിംഗ്ടൺ സാസ്കാരിക സമിതി രൂപീകരിച്ചു. സമിതിയുടെ പ്രസിഡന്റ് അലക്സ് താമരശ്ശേരിയും ജനറൽ സെക്രട്ടറി ജോസഫ് അരവിളയും ട്രഷറർ ബി. ശങ്കരനാരായണനും, വൈസ് പ്രസിഡന്റുമാർ ഡോ. ബി. അനിൽകുമാർ, പ്രദീപ് മാർട്ടിൻ എന്നിവരാണ്. ജോയിന്റ് സെക്രട്ടറിമാർ രഞ്ജിത് ഡി.എൻ., തോമസ് കെ.സി. എന്നിവരുമാണ്. സാംസ്കാരിക സമതിയുടെ ആഭിമുഖ്യത്തിൽ ചർച്ചാ ക്യാമ്പുകളും സെമിനാറുകളും അനുസ്മരണ സമ്മേളനങ്ങളും നടത്താറുണ്ട്. പ്രഗത്ഭരായ ജീവകാരുണ്യ പ്രവർത്തകർക്ക് ആവാർഡുകളും പഠനത്തിൽ സമൃദ്ധരായ കുട്ടികൾക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകിവരുന്നു.

സാംസ്കാരിക സമതിയുടെ പ്രഥമ അവാർഡ് പ്രമുഖ ജീവകാരുണ്യ പ്രവർത്തകനായ പത്മനാപുരം സോമരാജന് നൽകി. എ. പ്ലസ് മാർക്കു നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി. മലനാട് കർഷക യൂണിയൻ മുൻ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റത്തിന് 2009 മാർച്ച് 10 ന് കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് (തെള്ളകം) കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കലിന്റെ സാന്നിദ്ധ്യത്തിൽ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരം നൽകിയാദരിച്ചു.

സാംസ്കാരിക സമിതിയുടെ തൃതീയ അവാർഡു തിരുവനന്തപു


അലക്സ് താമരശ്ശേരി



ജോസഫ് അരവിള


ബി. ശങ്കരനാരായണൻ


ഡോ. ബി. അനിൽകുമാർ


പ്രദീപ് മാർട്ടിൻ


ഡി.എൻ. രഞ്ജിത്ത്


തോമസ് കെ.സി.



malankaralibrary.com


രത്തെ പ്രുമുഖ ജീവകാരുണ്യ പ്രവർത്തകനും മലങ്കര കാത്തലിക് അസോസിയേഷൻ നേതാവുമായ വൈ രാജുവിന് ആണ് നൽകിയത്. അവാർഡ് ദാനം നിർവ്വഹിച്ചത് കെ.സി.ബി.സി. പ്രസിഡന്റ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയാണ്.

**പോൾ വളപ്പില**




കമ്മ്യുണിസ്റ്റ് വരുദ്ധ മുന്നണിയുടെ ആദ്യത്തെ ജനറൽ സെക്രട്ടറിയെന്ന നിലയിലും മലനാടു കർഷക യൂണിയന്റെയും കെ.ടി.പിയുടെയും സ്ഥാപകനേതാവെന്ന നിലയിലും ദീർഘകാലം പ്രവർത്തിച്ചു. ബാങ്ക് ജോലി രാജിവച്ചതിനുശേഷം ഒരു മുഴുവൻ സമയ സാമൂഹ്യ പ്രവർത്തകനായി മാറിയ പോൾ വളപ്പില തൊഴിലാളി പത്രത്തിന്റെ നിലനിൽപ്പിനുവേണ്ടി കഠിനമായി യത്നിച്ചിട്ടുണ്ട്.

**ജോസഫ് മുഞ്ഞേലി**




കെ.ടി. പിയുടെ ആരംഭകാലം മുതൽ ജോയന്റ് സെക്രട്ടറിയായും 1967-ലെ സപ്ത കക്ഷി മുന്നണിയിൽ ലെയ്സൺ കമ്മറ്റി മെമ്പറായും പ്രവർത്തിച്ചു. നല്ല പ്രഭാഷകനും സാമൂഹ്യ പ്രവർത്തകനുമായ ജോസഫ് മുഞ്ഞേലി കടുത്ത സാമ്പത്തിക നഷ്ടം സഹിച്ചുകൊണ്ടാണ് കെ.ടി.പിക്ക് നേതൃത്വം നൽകിയത്.

**ജോർജുകുട്ടി മുക്കാടൻ**



ഫാ. വടക്കന്റെയും വെല്ലിംഗ്ടന്റെയും സഹപ്രവർത്തകൻ - കൊട്ടിയൂർ ജാഥ - കൊട്ടിയൂർ നിരാഹാര സമരം മുതൽ വെല്ലിംഗ്ടന്റെ ശവക്കല്ലറവരെ വെല്ലിംഗ്ടനെ അനുഗമിച്ച കർഷകനേതാവ്. കൊട്ടിയൂർ സമരത്തിന്റെ കനക ജൂബിലിയാഘോഷകമ്മറ്റി ചെയർമാനുമാണ് മുക്കാടൻ.

**ഫാ. ജേക്കബ്ബ് ചിറയത്ത്**



കൊട്ടിയൂർ കർഷക പ്രക്ഷോഭണത്തിലെ ശക്തനായ പടയാളി. ഉജ്വലവാഗ്മി സംഘാടകൻ പതിനായിരങ്ങളെ ആകർഷിച്ച പ്രഭാഷകൻ. വൈദിക വൃത്തിയുപേക്ഷിച്ച് അവസാനം കുടുംബ ജീവതത്തിലേക്ക് പ്രവേശിച്ചു. എന്നും കൊട്ടിയൂർകാരുടെ പ്രിയങ്കരനായ "കൊട്ടിയൂരിലച്ചൻ."




malankaralibrary.com




# 28. കൊട്ടിയൂർ കർഷക സമര കനകജൂബിലി

മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിൽ അധിവസിക്കുന്ന മലയോര കർഷകരുടെ മേൽ അടിച്ചേൽപ്പിച്ച മേൽച്ചാർത്തിനെതിരായി നടന്ന സമരത്തിന്റെ കനക ജൂബിലി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടെ ആഘോഷിക്കുവാൻ കൊട്ടിയൂരിലെയും സമീപ പ്രദേശങ്ങളിലെയും കർഷകർ യോഗം ചേർന്ന് തീരുമാനമെടുത്തു. പ്രസ്തുത ആഘോഷ പരിപാടികളുടെ നടത്തിപ്പിനായി ശ്രീ ജോർജ്ജുകുട്ടി മുക്കാടൻ പ്രസിഡന്റായും പൗലോസ് കെച്ചുവേലിൽ വർക്കിംഗ് ചെയർമാനായും ജോസഫ് നമ്പുടാകം, തോമസ് കളപ്പുര, ടോമി വാളുവെട്ടിക്കൽ, പാന്നൂസ് ചീരമറ്റം, റ്റി.എസ്സ്. സ്കറിയാ തുരുത്തിയിൽ വ്യാസൻ പി.പി. എന്നിവർ വൈസ് ചെയർമാൻമാരായും വിപുലമായ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. അഡ്വ. പി.വി. ജോസ് പാറയിൽ ആണ് ജനറൽ കൺവീനർ. ജോയി ചെരുവുപുരയിടം, പൈലി വാദ്ധ്യാത്ത്. ജോയി ജോസഫ് കുമ്പളുങ്കൽ, ജോയി സെബാസ്റ്റ്യൻ ഓരത്തേൽ, ബേബി ഏന്തിയേക്കാട്ട്, പി. എസ്സ്. ജോർജ് തുരുത്തിയിൽ, അസീസ് അടയ്ക്കാത്തോട്ട് എന്നിവർ കൺവീനർമാരായും തിരഞ്ഞെടുത്തു.



ചെയർമാൻ
ജോർജ്ജുകുട്ടി
മുക്കാടൻ



ജന. കൺവീനർ
അഡ്വ. ജോസ്
പാറയിൽ

എസ് പി, രാജേന്ദ്രൻ മാസ്റ്റർ ചെയർമാനും, സോജൻ വർഗീസ് കൺവീനറുമായി പ്രോഗ്രം കമ്മറ്റിയും വി.പി. ജോയി ചെയർമാനും ജോപ്പച്ചൻ തുണ്ടിയിൽ കൺവീനറുമായി പബ്ലിസിറ്റി കമ്മറ്റിയും രൂപീകരിച്ചു. കനക ജൂബിലി സ്മാരകമായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിക്കുകയും സമരണികയുടെ ചീഫ് എഡിറ്ററായി എം. വി. മാത്യു മനയ്ക്കലിനെയും എഡിറ്റേഴ്സ് ആയി അസീസ് അടയ്ക്കാത്തോട്, ജോയി ജോസഫ് കൊട്ടിയൂർ, പി.റ്റി. സണ്ണി. കൊട്ടിയൂർ, റ്റി.കെ. ബാഹുലേയൻ, എസ് റ്റി. രാജേന്ദ്രനെയും നിശ്ചയിച്ചു.

സമരണികയുടെ അഡ്വൈസറി കമ്മറ്റിയിലേക്ക് ജോൺ കച്ചിറമറ്റം, മാത്യു എം. കണ്ടം. ജോർജ് കുട്ടി മുക്കാടൻ, തോമസ് കളപ്പുര, അഡ്വ. പി.



malankaralibrary.com

വി. ജോസ് പാറയിൽ സി.എ. ജോയി, ജോസഫ് നമ്പൂടാകം എന്നിവരെയും തിരഞ്ഞെടുത്തു. കൊട്ടിയൂർ സമരജാഥ ആരംഭിച്ചതിന്റെ 49-ാം വാർഷികദിനമായ ആഗസ്റ്റ് 9-ന് കനകജൂബിലിയാഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം നടത്തുന്നതിനും കർഷക പ്രതിനിധി സമ്മേളനം തീരുമാനിച്ചു. കൊട്ടിയൂർ സമരത്തിന്റെ ശാശ്വത സ്മരണ നിലനിർത്തുന്നതിനായി വിവിധ പരിപാടികൾ ജൂബിലിയാഘോഷകമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ഫാ. വടക്കന്റെയും, ബി. വെല്ലിംഗ്ടന്റെയും പേരിൽ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം നടത്തുക, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക, വർഷംതോറും മികച്ച സാമൂഹ്യ പ്രവർത്തകന് അവാർഡ് നല്കുക, കണ്ണൂർ ജില്ലയിലെ മികച്ച കർഷകനെ വർഷംതോറും ആദരിക്കുക തുടങ്ങിയ പരിപാടികളാണ് കമ്മറ്റി ആസൂത്രണം ചെയ്തിരിക്കുന്നത്.

## കൊട്ടിയൂർ കർഷക വിരുദ്ധസമരം കനക ജൂബിലിക്ക് തുടക്കമായി - (മനോരമ റിപ്പോർട്ട്)

## പൊതു പ്രവർത്തനം പണം കൊയ്യാനുള്ള വഴിയായി - ജോൺ കച്ചിമറ്റം

പൊതു പ്രവർത്തനം പണം കൊയ്യാനുള്ള വഴിയാണെന്ന് കരുതുന്നവരുടെ എണ്ണം കൂടി വരുകയാണെന്ന് മലനാട് കർഷക യൂണിയൻ മുൻ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം. കേളകത്ത് കൊട്ടിയൂർ കുടിയിറക്കു വിരുദ്ധ സമരത്തിലെ കാൽനട ജാഥയുടെ സ്മരണ പുതുക്കിക്കൊണ്ട് ആരംഭിക്കുന്ന സമര സുവർണ്ണ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കച്ചിറമറ്റം. അഭിപ്രായ സ്വാതന്ത്ര്യവും പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്ന കാലത്താണ് കൊട്ടിയൂർ ജാഥ നടന്നത്. ഭരണ കക്ഷിയുടെ ഓഫീസിന് മുൻപിൽ സത്യാഗ്രഹം ഇരുന്നിട്ടും ഫലമുണ്ടാകാഞ്ഞതിനാൽ ആണ് കർഷക സമരം ശക്തിപ്പെടുത്തേണ്ടിവന്നത്. കൊട്ടിയൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് 46 ദിവസംകൊണ്ട് 450 - മൈൽ കിലോമീറ്റർ നടന്ന് നടത്തിയ ഐതിഹാസികമായ സമരം ചരിത്രത്തിലെ ഒരു മഹാസംഭവമാണ്.

അമരാവതിയിൽ ആരംഭിച്ച കർഷക സമരം കൊട്ടിയൂർ പ്രക്ഷോഭണത്തോടെ കേരളവ്യാപകമായി. എ.കെ.ജിയുടെ സമര പന്തലിൽ നിന്നും എണീറ്റ് പള്ളിയിൽ പോയി കുർബ്ബാന കാണുകയും അതേ പന്തലിൽ കൊന്തയും ചൊല്ലി ഇരിക്കുകയും ചെയ്ത കാലം ചരിത്രത്തിൽ പോലും ഉണ്ടെന്ന് വിശ്വസിക്കാൻ കഴിയാത്തവിധം പുതിയ തലമുറയുടെ ചിന്തമാറിപ്പോയി. തങ്ങൾ അനുഭവിക്കുന്ന അവകാശങ്ങളും സുഖസൗകര്യങ്ങളും മഴയും വെയിലും അടിയും പീഡനവും ഏറ്റ് ഒരു തലമുറ നടത്തിയ ത്യാഗ



malankaralibrary.com




ങ്ങളുടെ ഫലമാണെന്ന് ചിന്തിച്ച് ജീവിക്കാത്തത് പൂർവ്വീകരോട് കാട്ടുന്ന നന്ദി കേടാണെന്നും കച്ചിറമറ്റം തുടർന്നു പറഞ്ഞു. അവഗണിക്കപ്പെട്ടും അജ്ഞാതമായും കിടന്ന കൊട്ടിയൂർ സമരത്തിന്റെ അരനൂറ്റാണ്ട് ആഘോഷിക്കുന്നത് ചരിത്രത്തിന്റെ ഏടുകളിലേക്ക് കടന്നു ചെല്ലാനാണ്-അദ്ദേഹം പറഞ്ഞു.



കൊട്ടിയൂർ കർഷകസമരത്തിന്റെ കനകജൂബിലി ആഘോഷം മലനാട് കർഷക യൂണിയന്റെ മുൻ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം കൊട്ടിയൂരിൽ ഉദ്ഘാടനം ചെയ്യുന്നു. ജോർജ്ജുകുട്ടി മുക്കാടൻ, പി.വി. ജോസ്, മാത്യു എം.കണ്ടം, ജോസഫ് മഞ്ഞപ്പുഴ, ജോസഫ് പൊൻമലക്കുന്നേൽ എന്നിവർ സമീപം

സംഘാടക സമിതി ചെയർമാൻ ജോർജ്കുട്ടി മുക്കാടൻ അദ്ധ്യക്ഷ്യം വഹിച്ചു. മാത്യു എം. കണ്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. അഡ്വ. പി.വി. ജോസ്, ജോസഫ് മഞ്ഞപ്പുഴ തുണ്ടിയിൽ, ജോസഫ് പൊൻമലക്കുന്നേൽ, വർഗ്ഗീസ് ജോസഫ് , സി.ടി. അനീഷ്, ജോസഫ് പൂക്കൊടിയിൽ, ജോയി ചെലുവുപുരയിടം, ജോസഫ് നമ്പൂടാകം, പൗലോസ് കൊച്ചുവേലിൽ, എസ്. ഡി. രാജേന്ദ്രൻ, ടി.കെ. ബാഹുലേയൻ, റോയി കുളത്തിനാമറ്റം, പത്രോസ് ചീരമറ്റം എന്നിവർ പ്രസംഗിച്ചു.

### ബി.സി. വർഗീസ്



കൊട്ടിയൂർ ജാഥയിൽ പങ്കെടുക്കരുതെന്ന് കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റി കോൺഗ്രസുകാർക്ക് നിർദ്ദേശം നല്കുകയുണ്ടായി. എങ്കിലും ജാഥയിൽ പങ്കെടുക്കാൻ അനേകായിരങ്ങൾ സന്നദ്ധരായി മുന്നോട്ടുവന്നു. ജാഥ, തിരുവനന്തപുരത്ത് പഴവങ്ങാടി മൈതാനിയിൽ സമാപിച്ചപ്പോൾ ഫാ. വടക്കനോടും, എ.കെ.ജി.യോടുമൊപ്പം വി.സി. വർഗ്ഗീസും പ്രസംഗിക്കുകയുണ്ടായി.



malankaralibrary.com

# 29. ഉപസംഹാരം

ആദർശശാലികളായ പൊതു പ്രവർത്തകരെ സംഭാവന ചെയ്ത സമുദായമാണ് നമ്മുടേത്. നിരവധി കഷ്ടപ്പാടുകൾ സഹിച്ച് ആരെയും വേദനിപ്പിക്കാതെ - ആരെയും ആക്ഷേപിക്കാതെ സത്യസന്ധമായി പ്രവർത്തിക്കുന്നതിൽ ക്രൈസ്തവർ എന്നും മുൻപന്തിയിൽ നിന്നിരുന്നു. സ്വാതന്ത്ര്യ സമരകാലത്ത് സർ.സി.പി. വച്ചു നീട്ടിയ ഉന്നത ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും ത്യജിച്ചുകൊണ്ട് കാരാഗ്രഹത്തിൽ കിടന്ന് കഠിനയാതനയനുഭവിച്ച നിരവധി നേതാക്കൾ മുൻകാലങ്ങളിൽ നമുക്കുണ്ടായിരുന്നു. ഉന്നതമായ സ്കൂൾ ഹെഡ്മിസ്റ്റററസ് പദവി രാജിവച്ചുകൊണ്ട് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചുളയിലേക്ക് എടുത്തുചാടിയ അക്കാമ്മ ചെറിയാൻ, തനിക്കും തന്റെ കുടുംബത്തിനും വച്ചു നീട്ടിയ ഉന്നത ഉദ്യോഗങ്ങൾ ത്യജിച്ചുകൊണ്ട് കാരാഗ്രഹത്തിൽ കിടന്നു നരകയാതന അനുഭവിച്ച ആനിമസ്ക്രീൻ തുടങ്ങിയവർ നമ്മുടെ അഭിമാനഭാജനങ്ങളായിരുന്നു. മറ്റൊരാളെ തേജോവധം ചെയ്തുകൊണ്ട് സ്വന്തം നേട്ടമുണ്ടാക്കാൻ ശ്രമിച്ചവരാരും ക്രൈസ്തവസമുദായത്തിലുണ്ടായിരുന്നില്ല. മന്ത്രിയായിരുന്ന എ.ജെ.ജോൺ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ അതിനെതിരെ ബഹളം ഉണ്ടാക്കിയവരെ നോക്കി പ്രതിപക്ഷനേതാവ് കമ്മ്യൂണിസ്റ്റുകാരനായ എം.എൻ. ഗോവിന്ദൻ നായർ പറഞ്ഞു "എ.ജെ. ജോൺ പറഞ്ഞത് നാം വിശ്വസിക്കണം. ജോൺ സാർ ഒരിക്കലും കള്ളം പറയുകയില്ല. നിയമസഭസഭാംഗങ്ങൾ നിശബ്ദരായി." ജോൺസാറിന് കമ്മ്യൂണിസ്റ്റുകാർ നൽകിയ ആ സർട്ടിഫിക്കേറ്റ് ക്രൈസ്തവർക്കെല്ലാം അഭിമാനത്തിന് വക നൽകുന്നതായിരുന്നു. നമ്മുടെ പഴയ നേതാക്കന്മാർ ആരും സ്വന്തം പ്രശസ്തിക്കുവേണ്ടി മറ്റുള്ളവരെ ആക്ഷേപിക്കാനോ സത്യവിരുദ്ധമായി പ്രവർത്തിക്കുവാനോ തയ്യാറായിട്ടില്ല.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഭരണത്തിന്റെസുഖം അനുഭവിച്ച് സ്വന്തമായ നേട്ടങ്ങൾ കൊയ്യാൻ ശ്രമിച്ചവരുടെ എണ്ണം വർദ്ധിക്കുകയാണ് ചെയ്തത്. ആദർശശാലികളായ പൊതു പ്രവർത്തകരുടെ എണ്ണം അനുദിനം കുറഞ്ഞു കൊണ്ടിരിക്കുന്നു. എങ്കിലും സ്വാതന്ത്ര്യത്തിനുശേഷവും സ്വന്തമായി ഒന്നും നേടാനാഗ്രഹിക്കാതെ സമൂഹത്തിനുവേണ്ടി സ്വയം സമർപ്പിച്ച നിരവധി വ്യക്തികൾ ഇവിടെ ജീവിച്ചിരുന്നു. അവരെയാരെയും നാം അംഗീകരിക്കുവാൻ തയ്യാറായില്ല എന്നു മാത്രമല്ല അവരെയൊക്കെ വ്യക്തിപരമായി തേജോവധം ചെയ്ത് നശിപ്പിക്കുവാൻ നമ്മളിൽ പലരും ശ്രമിച്ചു. അക്കൂട്ടത്തിലൊരാളാണ് നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ശ്രീ.



malankaralibrary.com



ബി. വെല്ലിംഗ്ടൺ. കഴിഞ്ഞ നാല്പത്തിയഞ്ചു വർഷക്കാലം ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ കഷ്ടപ്പാടുകൾ നേരിട്ടു മനസിലാക്കിയ എനിക്ക് തറപ്പിച്ചു പറയാൻ സാധിക്കും വെല്ലിംഗ്ടൺ അഴിമതിക്കാരനല്ലെന്ന്. വിദ്യാർത്ഥിയായിരുന്നപ്പോൾ സർ. സി.പി.യുടെ സേഛാധിപത്യത്തിനെതിരെ സമരം ചെയ്ത് മർദ്ദനം ഏറ്റുവാങ്ങിയവനാണ് വെല്ലിംഗ്ടൺ. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായി മാറി. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നിണിയുടെ നേതാവായി. ആ രംഗത്തേക്ക് തിരിയാതെ രാഷ്ട്രീയം മാത്രം കൈകാര്യം ചെയ്തിരുന്നുവെങ്കിൽ എം. എൽ.എ. ആകാമായിരുന്നു. എം.പിയാകാമായിരുന്നു, മന്ത്രിയാകാമായിരുന്നു. ആദർശം അല്പം ഒന്നു മാറ്റിവച്ചാൽ കെയ്റോണിനെയും സുഖറാമിനെയും പോലെ കോടികൾ സമ്പാദിക്കാമായിരുന്നു. അതിനദ്ദേഹം ആഗ്രഹിച്ചില്ല. ഫാ. വടക്കന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ ചേർന്ന് പ്രവർത്തിച്ച് കല്ലേറും മർദ്ദനങ്ങളും ഏൽക്കുവാനാണ് തയ്യാറായത്. വിമോചന സമരകാലത്ത് തിരുവനന്തപുരത്ത് വച്ച് വെട്ടേറ്റു. എന്നിട്ടും അദ്ദേഹം കുലുങ്ങിയില്ല, ഉറച്ചു നിന്നു. വിമോചനസമരത്തിന് നേതൃത്വം നൽകി വിജയിപ്പിച്ചു. പുതിയ ഒരു മന്ത്രിസഭയെ അധികാരത്തിലേറ്റുന്നതിന് ശ്രമിച്ചു. അതും വിജയകരമായി പര്യവസാനിച്ചു.

ആ മന്ത്രിസഭയോട് ഒത്തുനിന്ന് അധികാരത്തിൽ പങ്കുചേർന്ന് കൈയിട്ട്വാരാനല്ല വെല്ലിംഗ്ടൺ ശ്രമിച്ചത്. കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ നിന്ന് 25 ലക്ഷം കുടിയേറ്റകർഷകരെ കുടിയിറക്കാനുള്ള നീക്കത്തെ എതിർക്കുവാനാണ് തയ്യാറായത്. മലബാറിലെ കൊട്ടിയൂരിലും മറ്റു സ്വകാര്യ വനപ്രദേശങ്ങളിലും കുടിയേറിപാർത്ത കർഷകരെ മേൽച്ചാർത്തിന് വിധേയരാക്കിയപ്പോൾ അതിനെതിരെ പടപൊരുതാനാണ് വടക്കനച്ചനോടൊത്ത് വെല്ലിംഗ്ടൺ ശ്രമിച്ചത്. കുടിയേറ്റ കർഷകരുടെ വോട്ടു വാങ്ങി അധികാരത്തിലേറിയ ഗവണ്മെന്റ് അവരോട് യാതൊരു നീതിയും കാണിച്ചില്ല. വിമോചന സമരത്തിന് നേതൃത്വം നൽകിയവർ - തങ്ങൾ അധികാരത്തിലേറ്റിയവരെ സ്വാധീനിച്ച് വിമോചനസമരത്തിന്റെ പ്രതിഫലം പറ്റാനാണ് തയ്യാറായത്. മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിൽ നിന്നും ആയിരക്കണക്കിന് മലയോരകർഷകരെ ഇറക്കിവിട്ട് അവിടെ വലിയ തോട്ടങ്ങൾ സ്ഥാപിച്ച് വിമോചനസമരത്തിൽ പങ്കെടുത്തതിന്റെ പ്രതിഫലം പറ്റാൻ ശ്രമിച്ചപ്പോൾ - ആ കൂട്ടത്തിൽകൂടി സാമ്പത്തികനേട്ടം കൈവരിക്കാൻവെല്ലിംഗ്ടൺ ശ്രമിച്ചില്ല. ഫാ. വടക്കനും വെല്ലിംഗ്ടണും മലയോരകർഷകരെ സംരക്ഷിക്കാൻ നേതൃത്വം നൽകിയില്ലായി രുന്നുവെങ്കിൽ നിഷ്പ്രയാസം അവരെ കുടിയിറക്കുമായിരുന്നു. മലയോര കർഷകരുടെ വോട്ടു വാങ്ങി എം.എൽ.എ ആയവർപോലും കർഷക താല്പര്യത്തിനെതിരായി പ്രവർത്തിച്ചു. വെല്ലിംഗ്ടണും ഫാ.വടക്കനും പാവങ്ങളുടെ പക്ഷം ചേർന്ന് പ്രവർത്തിച്ചു.



malankaralibrary.com

മഹാത്മജിയുടെ ദണ്ഡിയാത്രയെ അനുസ്മരിപ്പിക്കുംവിധം കൊട്ടിയൂർ നിന്നും 450 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് 46 ദിവസംകൊണ്ട് തിരുവനന്തപുരത്തെത്തി നിവേദനം സമർപ്പിക്കാൻ ശ്രമിച്ചു. നിവേദനം വാങ്ങാൻ തയ്യാറാകാതിരുന്ന മുഖ്യമന്ത്രിക്ക് നിവേദനം തപാൽമാർഗ്ഗം അയച്ചു കൊടുത്തു. തുടർന്ന് മലനാട് കർഷകയൂണിയൻ രൂപീകരിച്ചു.

സർക്കാർ കുടിയേറ്റക്കാർക്കനുകൂലമായ സംസാരിച്ചില്ല. ഭരണകക്ഷികളിൽ സമ്മർദ്ദം ചെലുത്താനായി ഭരണകക്ഷികളുടെ സംസ്ഥാന ഓഫീസുകളുടെ മുൻപിൽ സമരം നടത്തി, ഭരണകക്ഷികൾ അനങ്ങിയില്ല.

കൊട്ടിയൂർ കേളകത്ത് വെല്ലിംഗ്ടണും, അയ്യപ്പൻ കോവിലിൽ ജെ. സി. പെരുമനയും, എറണാകുളത്ത് കുട്ടിശങ്കരൻ നായരും ഉപവാസം ആരംഭിച്ചു. പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കുന്ന സമയമായതിനാൽ വെല്ലിംഗ്ടണെയും കൂട്ടരെയും അനുനയിപ്പിച്ചും സ്വാധീനിച്ചും ഉപവാസത്തിൽ നിന്നും പിൻവലിപ്പിക്കുവാൻ ശ്രമിച്ചു. വിലപേശൽ നടത്തി കൃഷിക്കാരെ കൈയൊഴിയാൻ അദ്ദേഹം തയ്യാറായില്ല. 21 ദിവസം ഉപവാസം അനുഷ്ഠിച്ചു. ആയിരക്കണക്കിനാളുകൾ നാടാകെ അനുഭാവ ഉപവാസസമരങ്ങൾ നടത്തി. സർക്കാർ അനങ്ങിയില്ല.

1962 മാർച്ച് 4 ന് ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ചുകൊണ്ട് രാഷ്ട്രീയമായി കുടിയിറക്കു പ്രശ്നം കൈകാര്യം ചെയ്യാൻ ശ്രമിച്ചു. അന്നേദിവസം 36 സന്നദ്ധഭടന്മാരെ തൃശൂർ ലോക്കപ്പിലിട്ട് മർദ്ദിച്ചു. ചുരുളികീരിത്തോട്ടിൽ ഭീകരമായ കർഷകമർദ്ദനവും കുടിയിറക്കം നടന്നു. കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുമെന്ന് ഫാ. വടക്കൻ പ്രസ്താവിച്ചു. ആ വാക്കു പാലിക്കാൻ വേണ്ടി കെ.ടിപി. നിയമസഭയിലേക്ക് മത്സരിച്ചു. 1967-ൽ രണ്ട് എം. എൽ. എ മാർ ഉണ്ടായി. വെല്ലിംഗ്ടൺ മന്ത്രിയും. വെല്ലിംഗ്ടണെ ഒറ്റപ്പെടുത്തി മന്ത്രിസഭയെ തകർക്കാനാണ് പിന്നീട് ശ്രമം നടന്നത്. വെല്ലിംഗ്ടണെതിരെ ഒന്നിനുപുറകേ ഒന്നായി അഴിമതിയാരോപണം ഉന്നയിച്ചു. പത്രങ്ങൾ അത് ഏറ്റുപാടി. വ്യക്തിപരമായി വെല്ലിംഗ്ടണെ നശിപ്പിച്ചിട്ടായാലും ഇ.എം.എസ്സ് മന്ത്രിസഭയെ തകർക്കാനാണ് ശ്രമിച്ചത്.

ഫാ. വടക്കന്റെ സമൂഹവിവാഹ സ്മരണികയ്ക്ക് മെഡിക്കൽ കമ്പനികളിൽനിന്നും പരസ്യം പിടിച്ചുവെന്നായിരുന്നു ഒരരോപണം. ഫാ. വടക്കന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഉദാരമായി സംഭാവന ചെയ്യുന്നവരായിരുന്നു അവർ. മന്ത്രി വെല്ലിംഗ്ടൺ അതിൽ ഇടപെടേണ്ട ആവശ്യമില്ലായിരുന്നു. എങ്കിലും ക്രൈസ്തവ എം.എൽ. എമാരും പത്രങ്ങളും കൂടി വെല്ലിംഗ്ടണെ അഴിമതിക്കാരനായി വാഴിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു കായകാദ്ധ്യാപകനെ നിയമിക്കാതെയിരുന്നു. തന്റെ ഒരു ബന്ധു പാസ്സായി വരുന്നതുവരെ നിയമനം നീട്ടികൊണ്ടുപോകുവാനാണ് പ്രിൻസിപ്പാൾ ശ്രമിച്ചത്. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ നടത്തിയ



malankaralibrary.com



സമരത്തെ തുടർന്ന് ഉടൻതന്നെ നിയമനം നടത്താൻ വെല്ലിംഗ്ടൺ ഉത്തര വിട്ടു. പ്രിൻസിപ്പൽ "വെല്ലിംഗ്ടന്റെ നിർദ്ദേശാനുസരണം" എന്ന് കാണിച്ചു കൊണ്ട് നിയമന ഉത്തരവ് ഇറക്കി. അതിന്റെ കോപ്പി കെ. എം.മാണി എം. എൽ.എക്കു നൽകി. നിയമസഭയിൽ ആ നിയമനത്തിൽ അഴിമതി നടന്നു വെന്ന് നിയമന ഉത്തരവ് ഉയർത്തികാണിച്ചുകൊണ്ട് എം.എൽ.എ ഒച്ചപ്പാടു ണ്ടാക്കി. പത്രങ്ങൾ ഏറ്റുചൊല്ലി. ഇങ്ങനെ തുടരെതുടരെ അഴിമതിയാരോ പണം ഉന്നയിച്ച് വെല്ലിംഗ്ടണെ സമൂഹമദ്ധ്യത്തിൽ അപഹാസ്യനാക്കാനാണ് ശ്രമിച്ചത്. സാധാരണ ജനങ്ങൾ അത് വിശ്വസിച്ചുവെങ്കിൽ അവരെ കുറ്റപ്പെ ടുത്തുവാൻ സാദ്ധ്യമല്ല.

നിയമസഭയിൽ അഴിമതിയാരോപണം ഉന്നയിച്ചാൽ ആർക്കും ചോദ്യം ചെയ്യാനാവില്ലല്ലോ. അഴിമതിയാരോപണം നിയമസഭയ്ക്ക് പുറത്ത് ഉന്നയിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അത് ഒരു വലിയ അടവായിരുന്നു.

വെല്ലിംഗ്ടന്റെ പേരിൽ വലിയ ഒരു ആരോപണം കൂടി നിയമസഭ യിൽ ഉന്നയിച്ചു. വെല്ലിംഗ്ടൺ തിരുവനന്തപുരത്ത് ഒരു വലിയ വീട് നിർമ്മി ച്ചുവെന്നായിരുന്നു ആ ആരോപണം. ആ ആരോപണവും നിയമസഭയ്ക്ക് പുറത്ത് ഉന്നയിക്കാൻ ധൈര്യപ്പെട്ടില്ല. ആരോപണം ഉന്നയിച്ച ആൾക്കും, അത് പ്രസിദ്ധീകരിച്ച പത്രക്കാർക്കും വീട് പണിതില്ലന്നറിയാമായിരുന്നു. എങ്കിലും വെല്ലിംഗ്ടണെ തേജോവധം ചെയ്ത് പുറത്താക്കി ഇ.എം.എസ് മന്ത്രിസഭയെ തകർക്കുകയെന്നതായിരുന്നു അവരുടെ പ്ലാൻ.

എ.ജെ.ജോൺ സത്യം മാത്രമേ പറയുകയുള്ളൂ കള്ളം പറയുകയില്ല എന്ന് പണ്ടു നിയമസഭയിൽ പറഞ്ഞു. എന്നാൽ ഇന്ന് ഏതെങ്കിലും ഒരു കത്തോലിക്കാ എം.എൽ.എയെപ്പറ്റി അങ്ങനെ പറയുമോ? എന്ന് സമുദായം ചിന്തിച്ചു നോക്കണം, ഉറക്കെ ചിന്തിക്കണം.

എത്ര വിശദീകരിച്ചാലും ആരും വിശ്വസിക്കുകയില്ലാത്തവിധം വെല്ലിം ഗ്ടൺ ഒരു അഴിമതിക്കാരനായി ജനം കണക്കാക്കുന്നുവെങ്കിൽ അതിന് ഉത്ത രവാദിയാരാണ്? വെല്ലിംഗ്ടൺ പണിത കെട്ടിടം എവിടെ? അതു ചൂണ്ടി കാണിക്കാൻ ആർക്കു സാധിക്കും! ഇല്ലാത്ത ആരോപണം ഉന്നയിച്ച് അദ്ദേ ഹത്തെ അഴിമതിക്കാരനായി ചിത്രീകരിച്ച ആ എം.എൽ.എയോട് വെല്ലിം ഗ്ടൺ പൊറുത്താലും ഈ സമൂഹം പൊറുക്കുകയില്ല. അദ്ദേഹത്തിന്റെ കബി റടത്തുങ്കൽ പോയി കരഞ്ഞ് കണ്ണീര് ഒഴുക്കി ക്ഷമചോദിക്കാനും സമൂഹ ത്തിന് മുൻപിൽ ഉണ്ടായ തെറ്റിദ്ധാരണ മാറ്റാനും ആ എം.എൽ.എ തയ്യാറാ കുന്നുവെങ്കിൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സന്തതികൾക്കും നല്ലത്. ഇങ്ങനെ ഇല്ലാത്ത ആരോപണം ഉന്നയിച്ചവരെ ശിക്ഷിക്കാൻ ദൈവമുണ്ടോ യെന്ന പി.ഗോവിന്ദപ്പിള്ളയുടെ ചോദ്യം ...............

വെല്ലിംഗ്ടണെ തേജോവധം ചെയ്യുകയെന്ന ദുഷ്ടലക്ഷ്യത്തോട അദ്ദേ ഹത്തെ അഴിമതിക്കാരനായി പ്രചരിപ്പിച്ചവരെ സങ്കീർത്തനം 52: 1-7 വരെ




malankaralibrary.com

യുള്ള വാക്യങ്ങൾ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"ശക്തനായ മനുഷ്യാ,
ദൈവഭക്തർക്കെതിരെ ചെയ്ത ദുഷ്ടതയിൽ
നീ എന്തിനഹങ്കരിക്കുന്നു?
ദിവസം മുഴുവൻ നി വിനാശം നിരൂപിക്കുന്നു
വഞ്ചകാ, നിന്റെ നാവ്
മൂർച്ചയേറിയ ക്ഷൗരക്കത്തിപോലെയാണ്
നന്മയേക്കാൾ തിന്മയും
സത്യത്തേക്കാൾ വ്യാജവും
നീ ഇഷ്ടപ്പെടുന്നു.
വഞ്ചന നിറഞ്ഞ നാവേ,
വിനാശകരമായ വാക്കുകളാണ് നിനക്ക് ഇഷ്ടം
ദൈവം നിന്നെ എന്നന്നേക്കുമായി തകർക്കും
നിന്റെ കൂടാരത്തിൽ നിന്ന്
അവിടുന്ന് നിന്നെ
വലിച്ചെടുത്ത് ചീന്തിക്കളയും
ജീവിക്കുന്നവരുടെ നാട്ടിൽ നിന്ന്
നിന്നെ അവിടുന്ന് വേരോടെ പിഴുതുകളയും
നീതിമാന്മാർ അതു കണ്ടു ഭയപ്പെടും
അവനെ അവർ പരിഹസിക്കും.

ഒരു നിരപരാധിയുടെ മേൽ ആരോപണ മുന്നയിച്ചവരും അതിന് പ്രചരണം നൽകിയവരും സങ്കീർത്തകന്റെ ഈ വാക്കുകൾ ഓർമ്മിക്കുന്നതു കൊള്ളാം. ചിലർ സ്വാർത്ഥ താല്പര്യം വച്ച് സത്യത്തെ കുഴിച്ചു മൂടപ്പെടുകയാണ്. സത്യം ഗ്രഹിക്കുന്നതിന് ഈ ഗ്രന്ഥം സഹായകരമാകുമെങ്കിൽ ഞാൻ സംതൃപ്തനാണ്. ഫാ. വടക്കനും ബി. വെല്ലിംഗ്ടണുംകൂടി ഉഴുതുമറിച്ചിട്ട മണ്ണിൽ കയറിനിന്നാണ് ഈ അവസരവാദികൾ അധികാരത്തിൽ ഏറിയതെന്ന സത്യം അവർ മനസ്സിലാക്കുന്നത് നന്ന്.

**അലക്സ് താമരശ്ശേരി**



ബി. വെല്ലിംഗ്ടന്റെ ഇളയ സഹോദരനായ അലക്സ് കൊട്ടിയൂർ ജാഥയിലും, കൊട്ടിയൂരിലെ നിരാഹാര സമയത്തും വെല്ലിംഗ്ടന്റെ സംരക്ഷകനായി നിലകൊണ്ടു. നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന അലക്സ് കെ.ടി.പി. യുടെ പ്രവർത്തനങ്ങളിൽ ആദ്യവസാനം സഹകരിക്കുകയുണ്ടായി. സെക്രട്ടറിയേറ്റ് അംഗവുമായിരുന്നു അദ്ദേഹം. ഫാ. വടക്കൻ - വെല്ലിംഗ്ടൺ സാംസ്കാരിക സമിതിയുടെ ചെയർമാനുമാണിദ്ദേഹം.



malankaralibrary.com



അനുബന്ധം 1

# ബി. വെല്ലിംഗ്ടൺ

## (പവനൻ)

ബ്രദർ വടക്കൻ വർഷങ്ങൾക്കുമുമ്പ് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുണ്ടാക്കിയപ്പോൾ ഒരു കാലം അവർ കമ്മ്യൂണിസ്റ്റ് പാർട്ടികളുമായി സഹകരിച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് ആരും കരുതിയിരിക്കുകയില്ല. പക്ഷേ, അതു സംഭവിച്ചു. കമ്മ്യൂണിസ്റ്റ് നേതാക്കന്മാരും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി നേതാവും യോജിച്ചു കേരളം ഭരിക്കുന്ന കാഴ്ച നമ്മൾ കണ്ടു. ചരിത്രത്തിന്റെ അപ്രതിഹതമായ പ്രവാഹത്തിനിടയ്ക്ക് എന്തൊക്കെ സംഭവിച്ചുകൂടാ! ബ്രദർ വടക്കൻ ഇന്നു ഫാദർ വടക്കനാണ്. അദ്ദേഹം കമ്യൂണിസ്റ്റ് വിരോധം മാത്രമാണ് പ്രസംഗിച്ചിരുന്നതെങ്കിൽ, അദ്ദേഹത്തിന് ഇന്നും രാഷ്ട്രീയ പ്രവർത്തനം നടത്താൻ സ്വാതന്ത്ര്യമുണ്ടാകുമായിരുന്നു. പക്ഷേ, അദ്ദേഹം അന്നും ഇന്നും കമ്യൂണിസ്റ്റ് വിരോധം മാത്രമായിരുന്നില്ല പ്രസംഗിച്ചത്. സമുദായത്തിലെ ഉച്ചനീചത്വങ്ങളെ അദ്ദേഹം കമ്യൂണിസ്റ്റ് വിരോധപ്രചാരകനായിരുന്ന കാലത്തും ശക്തിയായെതിർത്തിരുന്നു. കോൺഗ്രസ്സിനെ പിന്താങ്ങിക്കൊണ്ട് ഉച്ചനിചാവസ്ഥ അവസാനിപ്പിക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹം അനുഭവത്തിലൂടെ പഠിച്ചു. കമ്യൂണിസ്റ്റ് പാർട്ടിക്ക് മറ്റെന്തെല്ലാം ദൂഷ്യങ്ങളുണ്ടായിരുന്നാലും കമ്യുണിസ്റ്റുകാർ പാവങ്ങളുടെ പടത്തലവന്മാരാണെന്ന് അദ്ദേഹം മനസ്സിലാക്കി. ലോകവ്യാപകമായ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കുന്നതിനേക്കാൾ പ്രധാനവും അടിയന്തിരവുമായ കാര്യം അവരുമായി കൂട്ടുചേർന്ന് പാവങ്ങൽക്ക് എന്തെങ്കിലും പൊറുതിയുണ്ടാക്കാൻ കഴിയുമെങ്കിൽ അതാണെന്ന് അദ്ദേഹം കരുതി. അങ്ങനെയാണു ചരിത്രപ്രധാനമെന്നു വിവരിക്കാവുന്ന കമ്യൂണിസ്റ്റ്- കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി കൂട്ടുകെട്ട് കേരളത്തിലുണ്ടായത്. ഈ കൂട്ടുകെട്ടിന്റെ പ്രതീകമായിട്ടാണ് സെബാസ്റ്റ്യൻ വില്ലിംഗ്ടൺ കേരളമന്ത്രിസഭയിൽ അംഗമായത്.

എന്തുകൊണ്ട് വെല്ലിംഗ്ടൺ, എന്നൊരു ചോദ്യം ഈ ഘട്ടത്തിൽ ഉത്ഭവിച്ചേയ്ക്കാം,. ഫാ. വടക്കനു രാഷ്ട്രീയരംഗത്തു പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും വെല്ലിംഗ്ടന്റെ സ്ഥാനത്ത് അദ്ദേഹമായിരുന്നു ഇരിക്കുക എന്നു കരുതുന്നതിൽ തെറ്റില്ല. പക്ഷേ, അദ്ദേഹത്തിനു രാഷ്ട്രീയരംഗം ബാലികേറാമലയാക്കിയിരിക്കുകയാണ്. കത്തോലിക്കാപ്പള്ളി മേധാവിത്വം. കോൺഗ്രസ്സിനെ അനുകൂലിക്കുന്നിടത്തോളം രാഷ്ട്രീയമാകാം. അല്ലെങ്കിൽ പുരോഹിതർ പൗരോഹിത്യത്തിൽ മാത്രം ശ്രദ്ധിക്കണം എന്നതാണ് പള്ളിമേധാവിത്വത്തിന്റെ നിലപാട്. ഈ നിലാപാടിൽ കുറെശ്ശെക്കുറേശ്ശെയായെങ്കിലും മാറ്റം വരുന്നുണ്ട്. അടുത്ത തെരഞ്ഞെ



malankaralibrary.com

ടുപ്പിൽ ഫാദർ വടക്കൻ ഒരു സ്ഥാനാർത്ഥിയായിക്കൂടെന്നില്ല. അദ്ദേഹത്തിനു മന്ത്രിസഭയിൽ കയറിക്കൂടെന്നുമില്ല.

ഇപ്പോൾ അതല്ലല്ലോ നില. ഫാദർ വടക്കന്റെ അനുഗ്രഹാശിസ്സുകൾ ഏറെയുള്ളത് വെല്ലിംഗ്ടനാണ്. വെല്ലിംഗ്ടൺ ഒരു തരത്തിൽ പറഞ്ഞാൽ വടക്കന്റെ പ്രതിപുരുഷനാണ്. അവർ തമ്മിലുള്ള ബന്ധം അത്രമാത്രം അടുത്തതും പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതവുമാണ്. ഒരു സുഹൃത് സംഭാഷണ വേളയിൽ ശ്രീ. വെല്ലിംഗ്ടൺ ഈ ലേഖകനോട് ഇങ്ങനെ പറയുകയുണ്ടായി:

"സാമൂഹ്യ രംഗത്തുള്ള അനീതി അവസാനിപ്പിക്കുവാനും അസമത്യങ്ങൾക്കു വിരാമിടുവാനുമുള്ള എന്റെ ദാഹത്തിന് ആവേശകരമായ പ്രചോദനം കിട്ടിയത് ഫാദർ വടക്കനുമായി ബന്ധപ്പെട്ടതിനുശേഷമാണ്. അന്നു ഞങ്ങൾ നടത്താറുള്ള പൊതുയോഗങ്ങളിലും സ്റ്റഡിക്ലാസുകളിലും കമ്യൂണിസത്തിനെതിരായി സംസാരിക്കുന്നതിൽ നിന്ന് ഒട്ടും കുറവല്ലാത്ത തോതിൽ മുതലാളിത്ത ദുഷ്പ്രഭുത്വത്തിനെതിരായും സംസാരിച്ചിരുന്നു. പ്രസംഗിക്കുക മാത്രമല്ല. അത്തരം കാര്യങ്ങൾക്കു വേണ്ടി പ്രവർത്തിച്ചിട്ടുമുണ്ട്.

"ഫാദർ വടക്കന്റേത് കർമ്മോന്മുഖമായ ഒരുജ്ജ്വല വ്യക്തിത്വമാണ്. നിസ്സ്വാർത്ഥത. എതിർപ്പുകളെ നേരിടാനുള്ള സന്നദ്ധത, ആത്മാർപ്പണ ബോധം എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ ഗുണങ്ങൾ എന്നെ വല്ലാതെയാകർഷിച്ചിട്ടുണ്ട്.

ഫാദർ വടക്കനെപ്പറ്റി ശ്രീ. വെല്ലിംഗ്ടനുള്ള ഈ അഭിമാനം മാത്രമാണ് അദ്ദേഹത്തെ കമ്യൂണിസ്റ്റ് വരുദ്ധമുന്നണി, മലനാടുകർഷക യൂണിയൻ, കർഷകത്തൊഴിലാളിപ്പാർട്ടി എന്നിവയുടെ സമുന്നത നേതൃത്വത്തിലെത്തിച്ചതെന്ന് ആരും കരുതരുത്. സ്വന്തമായ ഒരു സേവനപാരമ്പര്യവും വ്യക്തിത്വവുംയുവാവായ വെല്ലിംഗ്ടൺ ചുരുങ്ങിയ കാലംകൊണ്ട് വളർത്തിയെടുത്തിട്ടുണ്ട്. "യുവാവായ വെല്ലിംഗ്ടൺ " എന്നു ഞാൻ പറയുന്നത് കരുതിക്കൂട്ടിത്തന്നെയാണ്. 1928 ആഗസ്റ്റിലാണ് വെല്ലിംഗ്ടൺ ജനിച്ചത്. ശബരിമലക്കാരനെപ്പോലെ അദ്ദേഹം താടിമീശകൾ വളർത്തുന്നതും രണ്ടാംമുണ്ട് തോളിലിടുന്നതും ഈ യുവത്വത്തെ മറച്ചുവെയ്ക്കാനല്ലേ, എന്നാണെന്റ ശങ്ക.

അദ്ദേഹം എല്ലാ അർത്ഥത്തിലും ഒരു സത്യക്രിസ്ത്യാനിയാണ്. മുന്നണി മന്ത്രിസഭയിലംഗമായതിനുശേഷവും അദ്ദേഹത്തിന്റെ മാനസികഘടനയിലോ, പെരുമാറ്റത്തിലോ കാര്യമായ വ്യത്യാസമൊന്നും വന്നിട്ടില്ല. വ്യക്തികളുടെ തെറ്റുകളെ കണ്ടുപിടിച്ച് അവർക്ക് മാനസികമാറ്റം ഉണ്ടാക്കി കാര്യങ്ങൾ നേരെയാക്കാൻ കഴിയുമെന്ന് അദ്ദേഹം കരുതുന്നു. തെറ്റുചെയ്യുന്ന വ്യക്തി ആരാണെന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അപ്രധാനമാണ്. തെറ്റേതെന്ന് നോക്കി, അത്തരം തെറ്റുകൾക്കെതിരെ പ്രചാരണം നടത്തി സമുദായത്തെക്കൊണ്ട് ശരി അംഗീകരിപ്പിക്കുക എന്നതാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രധാനം.



malankaralibrary.com



വെല്ലിംഗ്ടൺ ഒരു സത്യക്രിസ്ത്യാനി ആണെന്നു പറഞ്ഞുവല്ലോ. എന്നാൽ, പള്ളിയിൽ നിന്ന് അദ്ദേഹത്തിനുണ്ടായ അനുഭവം അത്ര തൃപ്തികരമല്ല, വിദ്യാഭ്യാസബില്ലിനെതിരായ വിമോചനസമരം നടത്താൻ നേതൃത്വം കൊടുത്ത വ്യക്തികളിലൊരാളാണ് വെല്ലിംഗ്ടൺ എന്നത് സുവിദിതമാണല്ലോ. അതിന്റെ പേരിൽ അദ്ദേഹത്തിനു ജയിൽവാസവും ജനങ്ങളിൽ നിന്നുള്ള ആക്രമണവും സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ആർക്കുവേണ്ടിയാണോ, വിദ്യാഭ്യാസബില്ലിനെതതിരായി അദ്ദേഹം പ്രക്ഷോഭണം നടത്തിയത്. ആ പള്ളിക്കുതന്നെ അദ്ദേഹത്തിന്റെ ഭാര്യയെ, പള്ളിവകയായുള്ള ഒരു സ്കൂളിന്റെ ഹെഡ്മിസ്ട്രസ് സ്ഥാനത്തുനിന്ന് ഡിസ്മിസ് ചെയ്തു. ഭർത്താവിന്റെ രാഷട്രീയത്തിന്റെ പേരിലാണ്, പള്ളി, ഭാര്യയ്ക്കു ശിക്ഷ നൽകിയത് എന്നത് പരസ്യമായ രഹസ്യമാണ്. ഇതിനെപ്പറ്റി ചോദിച്ചപ്പോൾ വെല്ലിംഗ്ടൺ ഒരിക്കൽ പറഞ്ഞത് ഇങ്ങനെയാണ്.

"എനിക്കിതു മനസ്സിലാകുന്നില്ല. ഒരു പുറത്തുനിന്നു സർക്കാരിന്റെ ഇടപെടലിൽ നിന്നും തങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു പറയുന്ന പള്ളിതന്നെ, മറുപുറത്തു നിന്നു വ്യക്തികളുടെ സ്വാതന്ത്ര്യത്തിന്മേൽ കൈവയ്ക്കുകയും നിരപരാധികളെ ശിക്ഷിക്കുകയും ചെയ്യുന്നത് വല്ലാത്ത ഒരു പൊരുത്തക്കേടാണ്."

വെല്ലിംഗ്ടന്റെ പത്നി ശ്രീമതി എലിസബത്ത് ബിഎ.ബിഎഡ്ഡ് ബിരുദധാരിണിയാണ്. അവരെ കൊച്ചിയിലെ കുമ്പളങ്ങി കോൺവെന്റുകാർ ക്ഷണിച്ചുകൊണ്ടുപോയി പ്രധാന അദ്ധ്യാപികയാക്കിയതായിരുന്നു. വെല്ലിംഗ്ടൺ മന്ത്രിയായതിനുശേഷം അവരെ തിരിച്ചെടുത്തുവെന്നാണറിയുന്നത്.

പള്ളിയിൽ നിന്നു മാത്രമല്ല; രാഷ്ട്രീയരംഗത്തു നിന്നുമുണ്ടായിട്ടുണ്ട്. വെല്ലിംഗ്ടന് ഇത്തരം ഒരു തിരിച്ചടി 1960-ലെ ത്രികക്ഷിമുന്നണി ഗവണ്മെന്റിന്റെ അധികാരത്തിലെത്തിക്കാനും അതുവഴി പട്ടം താണുപിള്ളയെ മുഖ്യമന്ത്രിയാക്കുവാനും സഹായിച്ച പ്രമുഖ പ്രവർത്തകരിൽ ഒരാളാണ് വെല്ലിംഗ്ടൺ . എന്നാൽ പട്ടം താണുപിള്ള തന്നെ, അദ്ദേഹത്തെ അകാരണമായി കേസിൽ അകപ്പെടുത്തി, എന്നു മാത്രമല്ല അന്ത്യശ്വാസം വലിക്കുകയായിരുന്ന സ്വന്തം പിതാവിനെ ഒരു നോക്കു കാണുവാൻ പോലുമനുവദിച്ചില്ല.

ബോർഡിങ്ങിൽ ചേർത്തു പഠിപ്പിച്ചാൽ കുട്ടികളുടെ സ്വഭാവസംസ്കരണത്തിനു കൂടുതൽ സൗകര്യമുണ്ടാകും എന്നു പിതാവുകരുതി. അതുകൊണ്ടു പ്രാഥമിക വിദ്യാഭ്യാസഘട്ടം ഒഴിച്ചു ബാക്കി പഠിപ്പെല്ലാം ബോർഡിങ്ങിൽ ചേർന്നായിരുന്നു. ആദ്യം മാന്നാനത്തും പിന്നെ തേവരയിലും അതിൽ പിന്നെ തൃശൂരിലെ കേരളവർമ്മ കോളേജിലുമാണ് അദ്ദേഹം പഠിച്ചത്. മകനെ ഒരു ഇഞ്ചിനീയറാക്കണമെന്നായിരുന്നു അച്ഛന്റെ മോഹം. പക്ഷേ, മോഹം നടപ്പാക്കുന്ന ലക്ഷണം ആദ്യമുതൽക്കേ ഇല്ലായിരുന്നു. മാത്ത്മാറ്റിക്സ് പ്രധാന വിഷയമായി എടുത്തു പഠിച്ചു എന്നതു നേരുതന്നെ. എന്നാൽ വിദ്യാർത്ഥി പ്രക്ഷോഭണത്തിൽ തുടക്കം മുതൽക്കേ അദ്ദേഹം



malankaralibrary.com

പങ്കെടുത്തു. തേവരകോളേജിൽ സർ. സി.പി. വന്നപ്പോൾ വിദ്യാർത്ഥികൾ നടത്തിയ കരിങ്കൊടി പ്രകടനത്തിനു നേതൃത്വം കൊടുത്തത് അദ്ദേഹവും അന്നവിടെ പഠിക്കുകയായിരുന്ന ഇപ്പോഴത്തെ ആർ.എസ്.പി. നേതാവു ബേബി ജോണുമായിരുന്നു. പോലീസ് വെല്ലിംഗ്ടനെ പൊതിരെതല്ലി. തല്ലാനുപയോഗിച്ച ലാത്തി പൊട്ടിപ്പോയി. തല്ലുകൊണ്ട വെല്ലിംഗ്ടന്റെ കാൽമുട്ടിനു താഴെ ഇപ്പോഴും അതിന്റെ കലമായാതെ കിടക്കുന്നു.

ബോർഡിങ്ങിൽ ചേർന്നു പഠിച്ചതുകൊണ്ട് വല്ല നേട്ടവുമുണ്ടായിട്ടുണ്ടോ? എന്നു ഞാൻ വെല്ലിംഗ്ടനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്.

"തനിക്കേറ്റവും ഇഷ്ടപ്പെട്ട സാധനങ്ങൾ മറ്റൊരാൾക്കു കൊടുക്കുന്നതിലും താൻ അനുഭവിക്കാതിരിക്കുന്നതിലും ആനന്ദം കണ്ടെത്താൻ ബോർഡിങ്ങ് സ്കൂളുകളിലെ ചില പുരോഹിതർ എന്നെ പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും ആ സ്വഭാവം എന്നിൽ അവശേഷിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു.

പഠിപ്പുകഴിഞ്ഞ വെല്ലിംഗ്ടൺ അല്പകാലം അദ്ധ്യാപകനായി ജോലി നോക്കി. പക്ഷേ, ആ ജോലിയിൽ അധികം നിന്നില്ല. അദ്ദേഹം രാഷ്ട്രീയത്തിലേയ്ക്കു കടന്നു. തൊഴിലാളി യൂണിയനുകൾ സംഘടിപ്പിക്കുന്നതിനാണ് ആദ്യമദ്ദേഹം ശ്രമിച്ചത്. ഇന്നു കൊല്ലത്തുള്ള ഐ.എൻ.ടി.യു.സി. യൂണിയനുകളിൽ ഏറിയകൂറും രജിസ്റ്റർ ചെയ്തത് വെല്ലിംഗ്ടന്റെ നേതൃത്വത്തിലാണ്. പിന്നീടദ്ദേഹം കൊല്ലത്ത് കോൺഗ്രസ്സിന്റെ ജില്ലാ ഓർഗനൈസറായി.

അപ്പോഴേയ്ക്കും ഫാദർ വടക്കൺ കമ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുമായി പുറപ്പെട്ടുകഴിഞ്ഞിരുന്നു. വെല്ലിംഗ്ടൺ വടക്കനിൽ ആകൃഷ്ടനായി അങ്ങോട്ടേയ്ക്കു തിരിച്ചു. 1956 മുതൽ വെല്ലിംഗ്ടന്റെ പേരുകേട്ടു തുടങ്ങിയത് വിരുദ്ധമുന്നണി നേതാവെന്ന നിലയിലാണ്. ആ വർഷം തന്നെ അദ്ദേഹം ആ സംഘടനയുടെ പ്രസിഡന്റായി.

1961-ലെ അമരാവതി പ്രക്ഷോഭമാണ് വെല്ലിംഗ്ടന്റെ ജീവിതത്തിലും വരുദ്ധമുന്നണിയുടെ പ്രവർത്തനത്തിലും വഴിത്തിരുവുണ്ടാക്കിയത്. മനുഷ്യത്വപരമായ ഒരു പ്രശ്നത്തെ മുൻനിറുത്തി കമ്യൂണിസ്റ്റ് നേതാവായ സഖാവ് എ.കെ. ഗോപാലൻ നിരാഹാരവ്രതമാരംഭിച്ചപ്പോൾ അതു തെറ്റാണെന്നു പറയുവാൻ ആർത്തത്രാണപരായണർത്ഥമെത്തിയ വടക്കനോ, വെല്ലിംഗ്ടനോ കഴിഞ്ഞില്ല. അവർ സത്യാഗ്രഹത്തിനു പിന്തുണ നൽകി. ഉപവാസം വിജയകരമായി പര്യവസാനിക്കുമ്പോഴേയ്ക്കും മലയോര കുടിയേറ്റ കൃഷിക്കാരുടെ പ്രശ്നം കൊടുമ്പിരികൊണ്ടു കഴിഞ്ഞിരുന്നു.

16 ലക്ഷത്തോളം മലയോര കുടിയേറ്റ കൃഷിക്കാരാണ് കേരളത്തിലുള്ളത്. ഇവർ കുടിയേറ്റക്കാരയത് അവരുടെ കുറ്റം കൊണ്ടല്ല. നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദത്തിനു വഴങ്ങി സർക്കാർ തന്നെയാണ് വനം കൊള്ളയ്ക്കു വഴിവെച്ചത്. നാട്ടിലുള്ളതെല്ലാം വിറ്റു വിലവാങ്ങിയാണ്, മദ്ധ്യ



malankaralibrary.com



വർത്തികളുടെ പ്രലോഭനങ്ങൾക്കു വിധേയരായി, അവർക്കും അവരുടെ മേലാളന്മാർക്കും കൂലിയും കൈക്കൂലിയും വിലയും വിലയിന്മേൽ വിലയും കൊടുത്ത്. കൃഷിക്കാർ വനത്തിൽ പ്രവേശിച്ചത്. ഒരു പുറത്തു നിന്നു കൃഷിക്കാരെ ഒഴിപ്പിക്കുവാൻ സ്റ്റേറ്റിന്റെ അധികാരശക്തി നിഷ്കരുണം പ്രയോഗിച്ച ഗവണ്മെന്റ് മറുഭാഗത്തു നിക്ഷിപ്ത താല്പര്യക്കാർക്ക് വനംകൊള്ള നടത്താൻ കരാറും കൊടുത്തുകൊണ്ടിരുന്നു. അമരാവതി, കൊട്ടിയൂർ, കീരിത്തോട്, പുൽപ്പള്ളി, മാനന്തവാടി, ആലക്കോട്, ചെമ്പേരി, കുടിയാന്മല, ഇരിട്ടി, ഇരിക്കൂർ, നീലമ്പുരിനും, മണ്ണാർക്കാടിനും ചുറ്റുമുള്ള പ്രദേശങ്ങൾ- ഉടുമ്പുച്ചോലത്താലൂക്ക്, റാന്നിയ്ക്കു കിഴക്കുള്ള പ്രദേശങ്ങൾ എല്ലാമെല്ലാം മനുഷ്യൻ ജീവിക്കാൻ വേണ്ടി പ്രകൃതിയോടും വന്യ ജന്തുക്കളോടും രോഗത്തോടും പടവെട്ടിയതിന്റെ വേദനാപൂർണ്ണവും പുളകോൽഗമകരവും ധീരോദാത്തവുമായ പുതിയ കഥകൾ പറയുന്നു.

കുടിയേറ്റക്കാരിൽ ഒരു വലിയ വിഭാഗം കത്തോലിക്കരായിരുന്നു. മതവിശ്വാസപരമായ വികാരവൈഷമ്യംകൊണ്ട് അവരിലധികം പേർക്കും കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള കർഷക സംഘത്തിലേയ്ക്ക് നേരിട്ടു കടന്നുചെല്ലുക പ്രയാസമായിരുന്നു. കോൺഗ്രസ്സിന്റെ കർഷക സംഘടന "ചത്തതിനൊക്കുമോ ജീവിച്ചിരിക്കിലും" എന്ന മട്ടിലുമായിരുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന കൃഷിക്കാരെ സംഘടിപ്പിക്കുവാനും അവരുടെ ആവശ്യങ്ങൾക്കു രൂപം കൊടുക്കുവാനും അവരുടെ നിലനിൽപ്പിനുവേണ്ടി സമരം ചെയ്യുവാനും വടക്കനും വെല്ലിംഗ്ടണും നിശ്ചയിച്ചു. അതിനുള്ള ഗണപതിക്കൈ കുറിച്ചത് കൊട്ടിയൂരാണ്. 1961-ൽ വെല്ലിംഗ്ടന്റെ നേതൃത്വത്തിൽ കൊട്ടിയൂർ കൃഷിക്കാരുടെ ഒരു കാൽനടജാഥ തിരുവനന്തപുരത്തേയക്ക് മാർച്ചുചെയ്തു. 1961 ആഗസ്റ്റ് 9-ാം തീയതി പുറപ്പെട്ട ആ ജാഥ സെപ്റ്റംബർ 24-ാം തീയതി തിരുവനന്തപുരത്തെത്തി.

തീയതി എടുത്തുപറഞ്ഞതു വെറുതെയല്ല. പല അത്ഭുതസംഭവങ്ങളും കണ്ട കേരളത്തിന്റെ തലസ്ഥാനനഗരം അന്നു പുതിയൊരത്ഭുതം കണ്ടു! കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി നേതാവായ ഫാദർ വടക്കനും കമ്യൂണിസ്റ്റ് നേതാവായ എ.കെ. ഗോപാലനും തിരുവനന്തപുരത്തെ പഴവങ്ങാടി മൈതാനത്തിൽ അന്ന് ഒരേ വേദിയിൽ നിന്നുകൊണ്ടു പ്രസംഗിച്ചു. കത്തോലിക്കാ ജനവിഭാഗങ്ങൾക്ക് കമ്യൂണിസ്റ്റുകാരുടെ നേരെയുള്ള അയിത്തമനോഭാവം അവസാനിപ്പിക്കുവാൻ ഒട്ടൊന്നുമല്ല ആ സംഭവം സഹായിച്ചത്. കേരളത്തിന്റെ രാഷ്ട്രീയഗതിക്ക് അതു പുതിയൊരു ചാലുകീറി.

മലയോര കൃഷിക്കാരെ സംഘടിപ്പിക്കുവാനുള്ള പരിപാടിയുമായി വെല്ലിംഗ്ടൺ മുന്നോട്ടുനീങ്ങി. മലനാടു കർഷകയൂണിയൻ രൂപംകൊണ്ടത് അങ്ങനെയാണ്. 1961 ഡിസംബർ 10-ന് കോട്ടയം മാമ്മൻമാപ്പിള ഹാളിൽ ച്ചേർന്ന യോഗത്തിൽ വെച്ച് "എം.കെ.യു." ജനിച്ചു. ഡിസംബർ 29-ന് മുഖ്യ



malankaralibrary.com

മന്ത്രി താണുപിള്ള തൃശൂരിലെത്തിയപ്പോൾ മലനാടു കർഷകർ കരിങ്കൊടി കാണിച്ചു. അതിന്റെ ഫലമായിട്ടാണ് കുപ്രസിദ്ധമായ തൃശൂർ ലോക്കപ്പു മർദ്ദനമുണ്ടായത്. 1962-ൽ ലോകസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പു നടക്കുമ്പോഴും വെല്ലിംഗ്ടണും കൂട്ടുകാരും ഭരണകക്ഷിയുടെ ശക്തരായ എതിരാളികളായി മാറിക്കഴിഞ്ഞിരുന്നു. അക്കാലത്താണ് കോൺഗ്രസ്സ്-പി.എസ്സ്.പി. കക്ഷികളുടെ ആഫീസുപടിക്കൽ അവർ സത്യാഗ്രഹമാരംഭിച്ചത്.

കൊട്ടിയൂർ പ്രശ്നം അപ്പോഴും പരിഹരിക്കപ്പെട്ടിരുന്നില്ല. ഗതിമുട്ടിയ വെല്ലിംഗ്ടൺ കൊട്ടിയൂരിൽ ഉപവാസം തുടങ്ങി. ഉപവാസത്തിന്റെ 16-ാം ദിവസം അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് തലശ്ശേരി ആശുപത്രിയിൽ കൊണ്ടുവന്നു. പ്രതിപക്ഷ കക്ഷികളും മറ്റുപല സംഘടനകളും വ്യക്തികളും നൽകിയ ഉറപ്പിന്മേൽ ഉപവാസമവസാനിപ്പിച്ചു. തൃശ്ശൂരേയ്ക്കു പുറപ്പെട്ട വെല്ലിംഗ്ടൺ തൃശൂരെത്തിയപ്പോൾ കണ്ടതു പുതുതായി രൂപീകരിച്ച കർഷകത്തൊഴിലാളിപ്പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി തന്നെ തെരഞ്ഞെടുക്കുന്നതാണ്. 1962 മാർച്ച് 4-ാം തീയതിയാണ് കെ.ടി.പി.രൂപം കൊണ്ടത്.

പിന്നീടു നടന്നത് കൃഷിക്കാരുടെ സംയുക്ത സമരങ്ങളുടെ ഒരു വേലിയേറ്റമായിരുന്നു. ചാക്കോവിന്റെ കർഷകനിയമ ഭേദഗതിക്കെതിരായി വെല്ലിംഗ്ടണും കർഷക സംഘം നേതാക്കളായിരുന്ന പന്തളം പി.ആറും വിഷ്ണുഭാരതീയനും (ശ്രീ. ഭാരതീയൻ ഇന്നു ജനസംഘത്തിലാണ്) കൂടി നടത്തിയ ജീപ്പുജാഥയും ഡൽഹിയാത്രയും മറ്റും ഇപ്പോഴും നമ്മുടെ സ്മരണയിൽ പച്ചപിടിച്ചുകിടപ്പുള്ള സംഭവങ്ങളാണല്ലോ.

മലയോരകൃഷിക്കാരാണ് യഥാർത്ഥത്തിൽ കോൺഗ്രസ്സ് ഭരണത്തിന്റെ കട പുഴക്കിയത്. കീരിത്തോട്ടിലെ കുടിയൊഴിപ്പിക്കലോടെ ശങ്കർമന്ത്രി സഭയുടെ മരണമണി മുഴങ്ങിത്തുടങ്ങിയിരുന്നു. ഒടുവിൽ കോൺഗ്രസ്സിനെ ഭരണത്തിലെത്തിച്ച ആ കൈകൾ തന്നെ അതിനെ ഭരണത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു. അങ്ങനെ ചോറൂണും ഉദകക്രിയയും ഒരേ കൈകൊണ്ടുതന്നെ നടന്നു. ഇതിൻ വെല്ലിംഗ്ടണും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘടനകളും വഹിച്ച പങ്ക് കുറച്ചു കാണുന്നതു തെറ്റായിരിക്കും. കെ.ടി.പി. യേയും, ആ അർത്ഥത്തിൽ പറഞ്ഞാൽ കെ.എസ്.പി. യേയും നോക്കിക്കാണേണ്ടത് ആ സംഘടനകളുടെ വലുപ്പം നോക്കിയല്ല. നമ്മുടെ നാട്ടിലെ ഒരു ചിന്താഗതിയുടെ പ്രാതിനിദ്ധ്യമവർക്കുണ്ട്. ആ ചിന്താഗതിയാകട്ടെ ഇതിനുമുമ്പു പുരോഗമനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിട്ടില്ലാത്ത ഒരു വിഭാഗം ജനങ്ങളെ അതുമായി കൂട്ടിയിണക്കുന്നു!

1965-ലും 1967-ലും ശ്രീ. വെല്ലിംഗ്ടൺ ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടെ കല്പറ്റയിൽ നിന്നും ജയിച്ചു. 1965-ലെ ജയംകൊണ്ട് ഗുണമൊന്നുമുണ്ടായില്ല. എന്നാൽ 1967-ൽ ജയിച്ചപ്പോൾ വെല്ലിംഗ്ടൺ മന്ത്രിയായി.

(പവനൻ രചിച്ച "പരിചയം" എന്ന ഗ്രന്ഥത്തിൽ നിന്നും)



malankaralibrary.com



അനുബന്ധം 2

# ലാൻഡ് ട്രൈബ്യൂണലിന്റെ രണ്ടു വിധികൾ

**(1) F.Dis. 813/69**

**PROCEEDINGS OF THE TAHSILDAR, PRR No. II MANATHANA, DATED :26-12-1969; PRESENT: SRI: P.V. KUNHI RAMAN**

**JENMAM REGIDTRATION- Tellicherry Taluk- Kottiyoor Village-Sy, No. 401/1- Unassessed and unregistred Registration under M.L.R.Act-Orders Passed. S.R.I Kottiyoor Ref. 10/69 dated 31.05/199969**

Survey No. 401/1 of Kottiyoor Village in Tellicherry Taluk is an unassessed and unregistered land. An enquiry under section 6 of the M.L.R.Act, 1895 was conducted on 20-08-69, 09-10-69 and 28/10/69 after publication in the Cannanore district Gazette dated 25/07/1969 and after service of notice on all persons known to be interested on the land.

2. Enquiry reveals that the Jenmam right over the land belongs to the Akkal tharavad of Manathana as evidenced by a registered document No. 2152 dated 23.11.1881 of S.R.O Kuthuparamba and admitted by the chairman Board of Trustees and the Executive Officer of Kottiyoor Devaswom. Sri. Kottiyoor Devaswom is an intermediary having perpetual lease hold right derived by it in court sale dated 15.3.1906 of the District Court, Tellicherry as per the sale sanad issued by the Court on 30.07.1906 in CMP. 85/1904 and is paying annual jenmabhogam to Akkal tharavad. The person actually enjoying the land at present is Sri. George Kutty Mukkadan S/o Joseph, Kelakam of Kottiyoor Village and his possession is undisputed.

3. Under Section 7 of the M.L. R Act, 1895, I therefore order that Survey No. 401/1 of Kottiyoor Village in Tellicherry Taluk measuring 0.8800 hectre be registered in the name of Sri,.Akkal Govindan Nair, Manathana, the Karanavar of the Akkal tharavad. The land will also be registered in the name of the Managing Trustee, Kottiyoor Devaswom, Manathana as an intermediary and sri Georgekutty Mukkadan, S/o



malankaralibrary.com

Joseph, Kelakam as tenant jointly with the Jenmi under section 14 of the M.L.R. Act, 1895.

(Sd)
Tahsildar

To.

Sri.Akkal Govindan Nair Manathana,
2. The Managing Trustee Kottiyoor Devaswom (Thro E.O)
3. Sri. Georgekutty Mukkadan, S/o Joseph, Kelakam
4. Copy submitted to the Asst.Directior of Sy.and Land Records, Quilon for favour of information and necessary Action.

**(2) MLR No. 839/69**

**PROCEEDINGS OF THE TAHSILDAR, PRR No. II MANATHANA, DATED :30-4-1970; PRESENT: SRI: P.V. KUNHI RAMAN**

**JENMAM REGISTRATION- Tellicherry Taluk- Kottiyoor Village-Sy, No. 409/5- Unassessed and unregistered Registration under M.L.R.act-Orders Passed.**

Survey No. 409/5 of Kottiyoor Village Tellichery Taluk is an unassessed and unregistered land. The jenmam right over the land belongs to the Akkal tharavad of Manathana as evidenced by registered registere document No. 2152 dated 23/11/1881 of S.R.O Kuthuparamba and admitted by the Chairman, Board of Trustees and the Executive Officer of Kottiyoor Devaswom. Sri. Kottiyoor Devaswom is an intermediary having perpetual lease hold right derived by it in court sale dated 15.3.1906 of the District court, Tellicherry as per the sale sanad issued by the court on 30.07.1906 in CMP. 85/1904 and is paying annual jenmabhogam to Akkal tharavad. As per the doc. No. 2868 dated 1.0.51 Sri. Kulangarath Kunhikannan Nair is a lessee under the Devaswom.

An enquiry under section 6 of the ML.R Act 1895 was conducted on 13.03.1970 after publication in the Cannanore District Gazette on 25.02.1970 and after service of notice on all persons known to be interested on the land. The person actually enjoying the land at present nmukkadu Vettil — Mariamma W/o George Kutty, Perumdanam of Kottiyoor Village and her possession in undisputed.



malankaralibrary.com



Under section 7 of the M.L.R Act, 1895, I therefor order that Sy. No. 409/ 5 of Kottiyoor Village in Tellicherry Taluk measuring 0.0530 hectare be registered in the name of Sri Akkal Govindan Nair, Manathana, the karnavar of the Akkal tharavad. The land will also be registered in the names of the Managing Trustee, Kottiyoor Devaswom Manathana and Smt. Thittayil Madhavi Amma and 4 others, the legal heir of — Deceased Kolangarath Kunhi Kannan Nair, Anathana as intermediaries and in the name of Smt. Mukkadu Veettil Mariam W/o George Kutty Perumadnam as tenant jointly with the semmi under section 14 of the M.L.R. Act., 1895.

(Sd)
Tahsildar


To

Sri. Akkal Govindan Nair Manathana,
Smt. Thittayil Madhavi Amma Manathana,
The Managing Trustee, Kottiyoor Devaswom Manathana
Smt. Mukkadu Veettil Mariam, Perumdnam

Copy to the Asst. Directior of Sy.and Land Records, Quilon for favor of information and necessary Action

GS/30

**അഡ്വ. പി.വി. ജോസ്**



ബി. വെല്ലിംഗ്ടൺ കൊട്ടിയൂർ നിരാഹാരമനുഷ്ഠിക്കുമ്പോൾ പ്രൈമറി സ്കൂൾ വിദ്യാർത്ഥിയായിരുന്നു ജോസ്. ദിവസും സമരപന്തലിൽ എത്തിയതിനുശേഷമായിരുന്നു സ്കൂളിലേക്ക് പോയിരുന്നത്. അന്നത്തെ ഓർമ്മകൾ ഇന്നും ജോസ് ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്നു. കൊട്ടിയൂരിലെ കുടിയേറ്റ കർഷകരുടെ ജീവൻമരണ പോരാട്ടത്തിന് നേതൃത്വം നല്കിയ വടക്കനെച്ചനെയും ബി. വെല്ലിംഗ്ടണെയും ഇന്നത്തെ തലമുറക്ക് പരിചയപ്പെടുത്തുവാനുള്ള ശ്രമത്തിലാണ് ജോസ്. ആ ലക്ഷ്യം വച്ചുകൊണ്ടാണ് കൊട്ടിയൂർ കർഷക സമര കനകജൂബിലിയാഘോഷങ്ങൾക്ക് രൂപം കൊടുത്തത്.



malankaralibrary.com

അനുബന്ധം 3

# മലനാട് കർഷക യൂണിയൻ കുടുംബയോഗം

പ്രിയ സുഹൃത്തേ,

1981 ഡിസംബർ 10-ാം തീയതി മലനാടു കർഷകയൂണിയന്റെ 20-ാം വാർഷിക ദിനമാണ്. ആ ദിവസം മലനാടു കർഷക യൂണിയന്റെ മുൻകാല പ്രവർത്തകരുടെ ഒരു കൺവെൻഷൻ വിളിച്ചു കൂട്ടുന്നത് സമുചിതമായിരിക്കുമെന്ന് നമ്മുടെ പല പ്രവർത്തകരും അഭിപ്രായപ്പെടുകയുണ്ടായി. ഈ പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി നമ്മുടെ സുഹൃത്തുക്കളുടെ ഒരു സമ്മേളനം **1981 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയത്ത്** പ്രസ്ക്ലബ് ഹാളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ താങ്കൾ തീർച്ചയായും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

മലനാടു കർഷക യൂണിയൻ പ്രവർത്തനം നിശേഷം സ്തംഭിച്ചിരിക്കുകയാണല്ലോ. അതു പുനരുദ്ധരിക്കുന്നതിനോ പുതിയ സംഘടന കെട്ടിപ്പടുക്കുന്നതിനോ യാതൊരു ഉദ്ദേശവുമില്ല. നമ്മുടെ പ്രവർത്തകർ ഇന്ന് പല രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. ആ സന്ദർഭത്തിൽ നമ്മുടെ യൂണിയൻ പുനരുദ്ധരിക്കുന്നതിന് യാതൊരു പ്രസക്തിയുമില്ലാതാനും. തെറ്റിദ്ധാരണകൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ് ഇത്രയും ആദ്യമേ പ്രസ്താവിച്ചത്.

മലനാടു കർഷക യൂണിയനും യൂണിയൻ നടത്തിയ പ്രക്ഷോഭണങ്ങളും ഈ രാജ്യത്തെ കർഷക വർഗ്ഗത്തിന്റെ അവകാശ സമ്പാദനങ്ങളുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടുമെന്നതിൽ സംശയമില്ല. നമ്മുടെ സമരം ഐതിഹാസികമായിരുന്നു. ഉടുമ്പൻചോലയിലും അമരാവതിയിലും ചുരുളികീരിത്തോട്ടിലും കൊട്ടിയൂരിലും നാം നടത്തിയ മഹത്തായ സേവനങ്ങൾ ആർക്കാണ് വിസ്മരിക്കുവാൻ സാധിക്കുക? കേരളത്തിന്റെ ചരിത്രം തിരുത്തി കുറിച്ചത് മലനാട് കർഷക യൂണിയനാണ്. വെറും സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി നാം കമ്യൂണിസ്റ്റുകളുമായി സഹകരിച്ചപ്പോൾ നമ്മെ എതിർത്ത രാഷ്ട്രീയ പ്രമാണികൾ കഴിഞ്ഞ പത്തു വർഷമായി അധികാരം കയ്യടക്കുന്നതിനു വേണ്ടി കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കുന്നതും കമ്മ്യൂണിസ്റ്റു ബന്ധം ആരോപിച്ചു



malankaralibrary.com



കൊണ്ട് നമ്മെ എതിർത്ത സമുദായ നേതാക്കന്മാർ ഈ മുന്നണികളെ താലോലിക്കുന്നതും നാം കണ്ടു കഴിഞ്ഞിരിക്കുന്നു. നമ്മെ സംബന്ധിച്ചിട ത്തോളം രസകരവും ചിന്താർഹവുമാണ് ഇവയെല്ലാം.

മലനാട് കർഷകയൂണിയനിലെ കുടുംബാംഗങ്ങൾ ഒന്നിച്ചു കൂടുമ്പോ ഴെല്ലാം കക്ഷി രാഷ്ട്രീയത്തിനതീതമായി ഈ വക കാര്യങ്ങളെ പറ്റി ചർച്ച ചെയ്യുക സാധാരണമാണ്. മലനാടു കർഷക യൂണിയൻ കുടുംബാംഗങ്ങൾ ഒന്ന്, ഒന്നിച്ചു കൂടി നാം ഈ രാജ്യത്തിന്റെ പരിവർത്തനത്തിന് നല്കിയ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് സന്തോഷകരവും അഭിമാനകരവും ആണ്.

ഈ വക കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനാണ് ആലോചനാ യോഗം അടുത്ത ഞായറാഴ്ച കൂടുന്നത്. താങ്കൾ തീർച്ചയായും വരണം. കഴിയുന്നി ടത്തോളം സുഹൃത്തുക്കളെ കൂടി കൊണ്ടുവരികയും വേണം.

എന്ന് വിധേയർ

ബി. വെല്ലിംഗ്ടൺ

ജോൺ കച്ചിറമറ്റം

പിഴക്
25/09/81

(മേൽപ്പറഞ്ഞ നോട്ടീസിന്റെ അടിസ്ഥാനത്തിൽ പ്രസ്ക്ലബ്ബ് ഹാളിൽ യോഗം ചേർന്നു. മുൻ മന്ത്രി ബി. വെല്ലിംഗ്ടൺ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുൻ. എം. എൽ. എയും മലനാട് കർഷക യൂണിയന്റെ മുൻ പ്രസി ഡണ്ടുമായ എം. എം. തോമസ് മുഖ്യ പ്രഭാഷണം നടത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 60–ൽ പരം പ്രതിനിധികൾ യോഗത്തിൽ പങ്കെ ടുത്തു. മലനാട് കർഷക യൂണിയന്റെയും കർഷകത്തൊഴിലാളി പാർട്ടിയു ടെയും ഒരു സമ്പൂർണ്ണ ചരിത്രം രചിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. കേരള രാഷ്ട്രീയത്തിൽ വലുതായ ചലനങ്ങൾ സൃഷ്ടിക്കുകയും ചരിത്രം തിരുത്തി കുറിക്കുകയും ചെയ്ത മലനാടുകാർ കർഷകയൂണിയന്റെ സേ വനം വരും തലമുറകൾക്ക് കൈമാറുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തി ക്കാൻ യോഗം തീരുമാനമെടുത്തു. യോഗത്തിന് ശ്രീ ജോൺ കച്ചിറമറ്റം സ്വാഗതവും പൈക ജോസഫ് നന്ദിയും പറഞ്ഞു.

യോഗതീരുമാനം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചില്ലെന്നത് ഒരു സത്യം.)



malankaralibrary.com

അനുബന്ധം 4

# മലനാട് കർഷക യൂണിയൻ -കെ.ടി.പി. ജൂബിലി സമ്മേളനങ്ങൾ

കേരളത്തിന്റെ ചരിത്രഗതിയെ തിരിച്ചുവിട്ട സംഭപരമ്പരകളാണല്ലോ, 1960-കളിൽ കേരളത്തിൽ നടന്നത്. ഇടുക്കി അണക്കെട്ടിന്റെ പേരിൽ 2200-പരം കർഷക കുടുംബങ്ങളെ യാതൊരു പുനരധിവാസ സൗകര്യവും നൽകാതെ അമരാവതിയിൽ കുടിയിരുത്തിയത്, കൊട്ടിയൂരിലെ 33000 ഏക്കർ സ്ഥലം എൻ.എസ്സ്.എസ്-ന് മൽച്ചാർത്ത് കൊടുത്തത്, ചുരുളികീരിത്തോട്ടിൽ 1000-ത്തിൽ പരം കുടുംബങ്ങളെ വെടിവച്ചും മർദ്ദിച്ചും കുടിയിറക്കിയത്, പുൽപ്പള്ളി അമ്പലവയൽ തുടങ്ങിയ പ്രദേശങ്ങളിലെ കുടിയിറക്ക് നടപടികൾ, എല്ലാം ഒരു തുടർക്കഥയായിരുന്നു. ഈ കർഷക ദ്രോഹനടപടികൾ എല്ലാം നടന്നത് വിമോചനസമരത്തിനു ശേഷം അധികാരമേറ്റെടുത്ത ഐക്യമുന്നണി സർക്കാരിന്റെ ഭരണകാലത്തായിരുന്നു. എ.കെ.ജി- ഫാ. വടക്കൻ -ബി. വെല്ലിംഗ്ടൺ-ചിറയത്ത് അച്ചൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ കേരളത്തെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് നടത്തിയ പ്രക്ഷോഭണങ്ങൾ കേരളത്തിന്റെ ചരിത്രഗതിയെ തിരിച്ചുവിടുകയുണ്ടായി. പ്രക്ഷോഭണത്തിന്റെ ഫലമായി 25 ലക്ഷം മലയോര കർഷകരെ കുടിയിറക്കുവാനുള്ള നീക്കം ഉപേക്ഷിപ്പിക്കാനും, മേൽച്ചാർത്തുകൾ റദ്ദ് ചെയ്യിക്കാനും കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുവാനും സാധിച്ചു.

കേരളത്തിലെ ഇടനാട്ടിലെയും മലനാട്ടിലെയും തീരപ്രദേശങ്ങളിലെയും ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന് പോരാടിയതിന്റെ ഫലമായാണ് പ്രക്ഷോഭണം വിജയിച്ചത്. കൊട്ടിയൂരിൽ നിന്നും തിരുവനന്തപുരം വരെ 450 നാഴിക 46 ദിവസംകൊണ്ട് സഞ്ചരിച്ചു നടത്തിയ കർഷക കാൽനടജാഥ- മലനാട് കർഷക യൂണിയൻ രൂപീകരണം- ഉപവാസ സമരങ്ങൾ- കർഷകത്തൊഴിലാളി പാർട്ടീ രൂപീകരണം തുടങ്ങിയവ കേരളജനതയുടെ ഒരു ഉയർത്തെഴുന്നേൽപ്പിന്റെ ഫലമായിരുന്നു. ആ പ്രത്യുത്ഥാനത്തെ തകർക്കാനാണ് 1962- മാർച്ച് നാലിന് 36 മലനാട് കർഷക യൂണിയൻ പ്രവർത്തകരെ തൃശൂർ ലോക്കപ്പിലിട്ട് അതികഠിനമായി മർദ്ദിച്ചത്. ആ മഹാസംഭവങ്ങളുടെ തുടക്കം കുറിച്ചതിന്റെ കനക ജൂബിലി വർഷമാണ് 2010 - 2011.

ഈ മഹാസമരങ്ങളിൽ പങ്കെടുത്തവരിൽ 80 ശതമാനം ആളുകളും മൺമറഞ്ഞു. ഒരു നല്ലവിഭാഗം ആളുകൾ വാർദ്ധക്യത്തിന്റെ അവശതയിൽ കഴിഞ്ഞുകൂടുകയാണ്. വളരെക്കുറിച്ച് ആളുകൾ മാത്രമേ സാമാന്യാരോ



malankaralibrary.com






ഗ്യമുള്ളവരായി ജീവിക്കുന്നുള്ളൂ. ഈ കനകജൂബിലി വർഷത്തിൽ മലനാട് കർഷകയൂണിയൻ കർഷക തൊഴിലാളി പാർട്ടി എന്നീ സംഘടനകളിലെ പ്രവർത്തകരുടെ ഒരു **കുടുംബസമ്മേളനം അമരാവതി, അയ്യപ്പൻകോവിൽ, ചുരുളികീരിത്തോട്, കൊട്ടിയൂർ(കേളകം), പുൽപ്പള്ളി** എന്നീ അഞ്ചുകേന്ദ്രങ്ങളിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ സംഘടനകളിലെ പ്രവർത്തകർ ഇന്ന് പല പ്രദേശങ്ങളിലായി ചിതറിക്കിടക്കുകയാണ്. അവരുടെ പേരും വിലാസവും ഫോൺ നമ്പരും എത്രയും വേഗം **ജോൺ കച്ചിറമറ്റം പിഴക് പി. ഒ. 686655, കോട്ടയം** എന്ന വിലാസത്തിൽ എഴുതി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സംഘടനകളിലെ മൺമറഞ്ഞ നേതാക്കളെ പറ്റിയുള്ള പൂർണ്ണ വിവരങ്ങളും അവരുടെ ഫോട്ടോയും കൂടി അയച്ചു തരേണ്ടതാണ്. നമ്മുടെ പ്രക്ഷോഭണപരിപാടികളുമായി ബന്ധപ്പെട്ട വാർത്തകളും ഫോട്ടോകളും ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അതുംകൂടി വാങ്ങി അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

സമ്മേളനങ്ങളുടെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.







ഫാ. വടക്കൻ ചിയ്യാരത്ത് ആരംഭിച്ച ഹെൽത്ത് ഹൗസ് ഉദ്ഘാടനത്തിൽ ബിഷപ് മാർ ജോർജ്ജ് ആലപ്പാട്ട്, മന്ത്രി വെല്ലിംഗ്ടൺ തുടങ്ങിയവർ വേദിയിൽ



malankaralibrary.com



ജോൺ കച്ചിറമറ്റം ബി. വെല്ലിംഗ്ടൺ, ഫാ.വടക്കൻ എന്നിവരോടൊപ്പം



ബി. വെല്ലിംഗ്ടണും എലിസബത്തും



malankaralibrary.com



## എ.കെ.ജിയുടെ സഞ്ചാരപഥത്തിൽ സുശീല ഗോപാലൻ അമരാവതിയിലെ കാഴ്ചകൾ വിവരിക്കുന്നു:-

തകർത്തു പെയുന്ന മഴയിൽ നിന്ന് തെറിച്ചുവീഴുന്ന മഴത്തുള്ളികൾ ആ ഷെഡ്ഡുകളിൽ നിരവധി നീർച്ചാലുകൾ സൃഷ്ടിച്ചിരുന്നു. ചട്ടിയുടെയും പെട്ടിയുടെയും പശുവിന്റെയും കോഴികളുടെയും എല്ലാം ഇടയിൽ വെള്ളം വീഴാത്ത സ്ഥലം നോക്കി പായും ചാക്കും വിരിച്ച് കിടക്കുന്ന ഹതഭാഗ്യരായ ആയിരക്കണക്കിനാളുകൾ. പനിയും ഛർദ്ദിയും വയറിളക്കവും വ്യാപകമായി പടർന്നു പിടിച്ചിരുന്നു. പൂർണ്ണഗർഭിണികളായ അമ്മമാർ, പ്രസവിച്ച് ദിവസം കഴിയാത്ത പിഞ്ചുകുഞ്ഞുങ്ങൾ. ഒരു സ്ഥലത്ത് ഞാൻ ചെന്നപ്പോൾ ഒരു പിഞ്ചുകുഞ്ഞ് ചോരയും ചളിയും മലത്തിൽക്കൂടി വിസർജ്ജിക്കുന്നു. തലേദിവസം ഒരുകുട്ടി മരിച്ചിരുന്നു. ഞെട്ടിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. എ.കെ.ജി.യുടെ ആരോഗ്യനില വഷളായിരുന്നു എങ്കിലും സുശീല ഗോപാലൻ പറഞ്ഞു എ.കെ.ജി. ശരിയായ തീരുമാനമാണ് എടുത്തത്. നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയല്ലാതെ മറ്റ് ഒരു മാർഗ്ഗവും എ.കെ.ജി.യുടെ മുൻപിലുണ്ടായിരുന്നില്ല.

അമരാവതിയിൽ സത്യാഗ്രഹമിരുന്ന എ.കെ.ജി.യുടെ ഷെഡ് ഒരു തീർത്ഥാടന കേന്ദ്രമായി മാറിക്കൊണ്ടിരുന്നു. സുശീല എഴുതുന്നു "വിശ്വസിക്കാനാവാത്ത ഒരു കാഴ്ചയായിരുന്നു അത്. കമ്മ്യൂണിസ്റ്റുകാരെ ഭയാശങ്കകളോടെ മാത്രം നോക്കിക്കൊണ്ടിരുന്ന ഒരു ജനവിഭാഗം തങ്ങളുടെ രക്ഷകനായി, ദൈവദൂതനെപ്പോലെ വന്നെത്തിയ ഒരാളായി എ.കെ.ജി.യെ കണക്കാക്കുന്നു. അദ്ദേഹത്തിന്റെ ജീവനുവേണ്ടി പ്രാർത്ഥിക്കുന്നു. നിൽക്കുന്ന നിലയിൽ കുരിശു വരയ്ക്കുന്നു. ദൈവത്തെ വിളിക്കുന്നു. വിവിധമതസ്ഥരായ ജനങ്ങൾ തങ്ങളുടെ ജീവിതാവശ്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ മതവും ജാതിയും കമ്മ്യൂണിസ്റ്റ് വിരോധവും എല്ലാം മറന്നവർ. കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ കനത്ത ഭിത്തികൾ കോടമഞ്ഞുപോലെ അലിഞ്ഞ് ഇല്ലാതാകുന്നത് ഞാൻ കണ്ടു. അതൊരു പുതിയ ആനന്ദവും അനുഭൂതിയും ആയിത്തീർന്നു.

ഇതിനിടയിൽ ഫാ. വടക്കനും പ്രമുഖരായ മറ്റു നേതാക്കന്മാരും സത്യാഗ്രഹപന്തൽ സന്ദർശിച്ചു. ക്രിസ്തുദേവന്റെ ആത്മത്യാഗമാണ് താൻ അമരാവതിയിൽ കണ്ടതെന്ന് ഫാ. വടക്കൻ പ്രസ്താവിച്ചു. സമരത്തെ അദ്ദേഹം അനുകൂലിക്കുന്നുവെന്ന് പ്രസ്താവനയിറക്കി.



malankaralibrary.com

## മലനാട് കർഷക യൂണിയൻ ഭാരവാഹികൾ

### പ്രസിഡന്റുമാർ

ജോൺ മാഞ്ഞൂരാൻ
എം.എം. തോമസ്
എം.ഒ. ജോസഫ് നെടുംകുന്നും

### ആക്ടിംഗ് പ്രസിഡന്റ്

(1964-ൽ)
അഡ്വ. ജോസഫ് തെള്ളി

### വൈസ് പ്രസിഡന്റുമാർ

നാരായണൻ നായർ
വരകിപ്പള്ളിൽ
കുട്ടിശങ്കരൻ നായർ
എറണാകുളം

### ജനറൽ സെക്രട്ടറിമാർ

ബി.വെല്ലിംഗ്ടൺ
അഡ്വ. റ്റി.എ. സ്കറിയ
അഡ്വ. ഇ.കെ. ജോസഫ്
ജോൺ കച്ചിറമറ്റം

### ജോയിന്റ് സെക്രട്ടറി

ബേബൻ വെട്ടിക്കാടൻ

### ട്രഷറർ

സ്കറിയ പറയരുതോട്ടം

### ഓർഗനൈസർമാർ

എൻ. എം. വർഗീസ്
പി.സി. ജോസഫ്

## കർഷക തൊഴിലാളി പാർട്ടി ഭാരവാഹികൾ

### ജനറൽ സെക്രട്ടറിമാർ

ബി. വെല്ലിംഗ്ടൺ
വർഗീസ് മേച്ചേരി
വർക്കി വടക്കൻ
ബി. വെല്ലിംഗ്ടൺ
ഫാ. ജോസഫ് വടക്കൻ

### ജോയിന്റ് സെക്രട്ടറി

ജോസഫ് മൂഞ്ഞേലി
ബി. വെല്ലിംഗ്ടൺ.



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ബി. വെല്ലിംഗ്ടൺ

## ഒരു സഹനസമരഗാഥ



ഈ സാമൂഹിക വിപ്ലവകാരിക്ക് രാഷ്ട്രീയം പ്രതിബദ്ധതയും സേവനം ആദർശവുമായിരുന്നതുകൊണ്ട് രാഷ്ട്രീയം വിട്ടപ്പോൾ സാധാരണക്കാരനായ ഒരു മനുഷ്യന് പ്രാപ്യമായ ജീവിതസൗകര്യങ്ങൾ പോലുമില്ലാതെ ജീവിക്കേണ്ടിവന്നു. അപ്പോഴും വെല്ലിംഗ്ടൺ സന്തോഷവാനായിരുന്നു... യേശു, നാഥനും കർത്താവുമാണെന്ന് അടിയുറച്ച് വിശ്വസിച്ചയാൾ. ക്രൈസ്തവവിശ്വാസപ്രമാണങ്ങളെ പൊതുവേദികളിൽ, യാഥാസ്ഥിതികനായ ഒരു ദൈവശാസ്ത്ര പണ്ഡിതനുപോലും ഭിന്നാഭിപ്രായം പറയാൻ സാധിക്കാത്ത വിധം അദ്ദേഹം വിശദീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു... വെല്ലിംഗ്ടന്റെ പ്രഭാഷണം ഒരിക്കൽ കേട്ടാൽ പിന്നെയും കേൾക്കാൻ ആഗ്രഹിക്കാത്തവർ ഉണ്ടാവില്ല. ആശയധന്യത, പ്രസംഗകല, ഭാഷാസ്വാധീനം, ശബ്ദഭംഗി, ആരെയും പിടിച്ചുനിർത്തുന്ന വാഗ്ധോരണി എന്നീ ഗുണവിശേഷങ്ങൾ അദ്ദേഹത്തെ നാട്ടിലെ ശ്രദ്ധിക്കപ്പെട്ട പ്രഭാഷകരിൽ ഒരാളാക്കി മാറ്റി.

മോൺ. ഫെർഡിനാന്റ് കായാവിൽ

ഒരിക്കലും തെളിയിച്ചിട്ടില്ലാത്തതും തെളിയിക്കാനാവാത്തതുമായ അഴിമതി ആരോപണങ്ങൾ വെല്ലിംഗ്ടണെതിരെ അവർ ഉയർത്തി. പത്രങ്ങൾ ഏറ്റു പിടിച്ചു. അവസാനകാലത്ത് മുണ്ടയ്ക്കലെ പൊളിഞ്ഞുവീഴാറായ ചായ്പിൽ ഓടാത്ത ക്ലോക്കിനേയും കർണ്ണശൂലയായ ഫാനിനേയും നോക്കി, അന്നത്തെ പത്രങ്ങളിൽ വന്ന വെണ്ടയ്ക്കാ വലിപ്പത്തിലുള്ള അഴിമതിയാരോപണങ്ങൾ വലിച്ചിളക്കി കാണിക്കുമ്പോൾ കണ്ണിൽ നിന്ന് നീരൊഴുകുന്നുണ്ടായിരുന്നു. ആറുമാസത്തെ മന്ത്രിസ്ഥാനം കൊണ്ട് കോടീശ്വരന്മാരായി വിരാജിക്കുന്നവർ വാഴുന്ന ഈ നാട്ടിൽ ഭാര്യയ്ക്ക് മരുന്നിനും അത്താഴത്തിന് കഞ്ഞിക്കും സുരക്ഷിതമല്ലാത്ത ഒരു മുൻമന്ത്രി – ഒരു പത്തുരൂപാ നോട്ടുപോലും അവിഹിതമായി വാങ്ങാൻ കഴിവില്ലാതിരുന്ന ശുദ്ധഹൃദയനും ദൈവഭയക്കാരനുമായ – വെല്ലിംഗ്ടണെപ്പറ്റി അപവാദം പറഞ്ഞവരെ ശിക്ഷിക്കാൻ ദൈവം ഉണ്ടോ എന്തോ?

പി. ഗോവിന്ദപ്പിള്ള



കൊട്ടിയത്ത് നടന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗത്തിൽ വച്ചാണ് വെല്ലിംഗ്ടണെ ഞാൻ ആദ്യമായി കാണുന്നത്. ആദർശദാർഢ്യത്തിന്റെയും നട്ടെല്ലുനിവർന്നുനിന്നു പോരാടാനുള്ള തയ്യാറെടുപ്പിന്റെയും ലക്ഷണങ്ങൾ വെല്ലിംഗ്ടന്റെ മുഖത്ത് ഞാൻ തെളിഞ്ഞു കണ്ടു. ഞാൻ ഏതെല്ലാം പ്രസ്ഥാനങ്ങൾക്കും സംരംഭങ്ങൾക്കും രൂപം കൊടുത്തുവോ അവയുടെയെല്ലാം സാരഥിയായി ഞാൻ വെല്ലിംഗ്ടണിനെയാണ് കണ്ടെത്താറ്.

ഫാ. ജോസഫ് വടക്കൻ

**ജോൺ കച്ചിറമറ്റം**

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655 കോട്ടയം

Design : Joseph Francis Pala 9447137342

malankaralibrary.com